N12<529071116 021
LS
ubTÜBINGEN

Crown 8vo.

THE
NEW TESTAMENT
OF
OUR LORD AND SAVIOUR
JESUS CHRIST.

നമ്മുടെ

കൎത്താവും രക്ഷിതാവും

ആയ

യേശുക്രിസ്തുവിന്റെ

പുതിയനിയമം.

MADRAS AUXILIARY
TO THE
BRITISH & FOREIGN BIBLE SOCIETY.
1899.

Crown 8vo. Small Pica.

PRINTED AT THE C. M. S PRESS, COTTAYAM—1899.

UNIV. BIBL. TÜBINGEN

Ga XXXIV 7

THE GOSPEL ACCORDING TO

MATTHEW.

മത്തായി എഴുതിയ സുവിശേഷം.

൧ാം അദ്ധ്യായം.

അബ്രഹാമിൻെറ പുത്ര
നായ ദാവീദിൻെറ
പുത്രനാകുന്ന യേശു
ക്രിസ്തുവിൻെറ വംശാ
വലിപ്പുസ്തകം.

൨ ¶ അബ്രഹാം ഇസ്സാക്കിനെ ജനി
പ്പിച്ചു; ഇസ്സാക്ക് യാക്കോബിനെ ജനിപ്പി
ച്ചു; യാക്കോബ് യഹൂദാവെയും അവ
ൻെറ സഹോദരന്മാരെയും ജനിപ്പിച്ചു.

൩ യഹൂദാ താമാരിൽ പറേസിനെ
യും സാറഹിനെയും ജനിപ്പിച്ചു; പറേ
സ് ഹെസ്രോനെ ജനിപ്പിച്ചു; ഹെസ്രോ
ൻ ആരാമിനെ ജനിപ്പിച്ചു.

൪ ആരാം അമ്മിനദാബിനെ ജനി
പ്പിച്ചു; അമ്മിനദാബ് നഹശോനെ ജ
നിപ്പിച്ചു; നഹശോൻ ശല്മോനെ ജനി
പ്പിച്ചു.

൫ ശല്മോൻ രാഹാബിൽ ബൊവാസി
നെ ജനിപ്പിച്ചു; ബൊവാസ് രൂഥിൽ ഒ
ബേദിനെ ജനിപ്പിച്ചു; ഒബേദ് യിശ്ശാ
യിയെ ജനിപ്പിച്ചു.

൬ യിശ്ശായി ദാവീദ് രാജാവിനെ
ജനിപ്പിച്ചു; ദാവീദ് ഉറിയാവിൻെറ ഭാ
ൎയ്യയായിരുന്നവളിൽ ശലൊമോനെ ജനി
പ്പിച്ചു.

൭ ശലൊമോൻ രഹബ്യാമെ ജനിപ്പി
ച്ചു; രഹബ്യാം അബിയാവെ ജനിപ്പിച്ചു;
അബിയാ ആസാവെ ജനിപ്പിച്ചു.

൮ ആസാ യോശഫാത്തിനെ ജനിപ്പി
ച്ചു; യോശഫാത്ത് യോരാമിനെ ജനി
പ്പിച്ചു; യോരാം ഉസിയാവെ ജനിപ്പിച്ചു.

൯ ഉസിയാ യോഥാമിനെ ജനിപ്പി
ച്ചു; യോഥാം അഹാസിനെ ജനിപ്പിച്ചു;
അഹാസ് ഹെസക്കിയാവെ ജനിപ്പിച്ചു.

൰ ഹെസക്കിയാ മനശ്ശെയെ ജനിപ്പി
ച്ചു; മനശ്ശെ ആമോസിനെ ജനിപ്പിച്ചു;
ആമോസ് യോശിയാവെ ജനിപ്പിച്ചു.

൰൧ യോശിയാ യക്കോന്യാവെയും അ
വൻെറ സഹോദരന്മാരെയും ബാബേൽ
പ്രവാസത്തിങ്കൽ ജനിപ്പിച്ചു.

൰൨ ¶ ബാബേൽ പ്രവാസത്തിൻെറ
ശേഷം യക്കോന്യാ ശലതിയേലിനെ ജ
നിപ്പിച്ചു; ശലതിയേൽ സരുബാബലി
നെ ജനിപ്പിച്ചു.

൰൩ സരുബാബൽ അബിഹൂദിനെ
ജനിപ്പിച്ചു; അബിഹൂദ് എല്യക്കീമിനെ
ജനിപ്പിച്ചു; എല്യക്കീം ആസോരിനെ ജ
നിപ്പിച്ചു.

൰൪ ആസോർ സാദോക്കിനെ ജനി
പ്പിച്ചു; സാദോക്ക് ആഖീമിനെ ജനിപ്പി
ച്ചു; ആഖീം എലിഹൂദിനെ ജനിപ്പിച്ചു.

൰൫ എലിഹൂദ് എലിയാസരെ ജനി
പ്പിച്ചു; എലിയാസർ മത്താനെ ജനിപ്പി
ച്ചു; മത്താൻ യാക്കോബിനെ ജനിപ്പിച്ചു.

൰൬ യാക്കോബ് മറിയയുടെ ഭൎത്താ
വായ യോസേഫിനെ ജനിപ്പിച്ചു. ഇവ
ളിൽനിന്നു ക്രിസ്തു എന്നു പറയപ്പെടുന്ന
യേശു ജനിച്ചു.

൰൭ ¶ ആകയാൽ തലമുറകൾ ഒക്കെ
യും അബ്രഹാം മുതൽ ദാവീദ് വരെ പ
തിന്നാലു തലമുറകളും ദാവീദ് മുതൽ
ബാബേൽ പ്രവാസത്തോളം പതിന്നാ
ലു തലമുറകളും ബാബേൽ പ്രവാസം മു
തൽ ക്രിസ്തുവിനോളം പതിന്നാലു തലമു
റകളും ആകുന്നു.

൰൮ ¶ എന്നാൽ യേശുക്രിസ്തുവിൻെറ
ജനനം ഈവണ്ണം ആയിരുന്നു. അവ
ൻെറ അമ്മയായ മറിയ യോസേഫിന്നു
വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവ
ർ കൂടിവരുമ്മുമ്പെ പരിശുദ്ധാത്മാവിനാ
ൽ ഗൎഭിണിയായി എന്നു കണ്ടു.

൧൯ അവളുടെ ഭൎത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു.

൨൦ ഇങ്ങിനെ നിനച്ചിരിക്കുമ്പോൾ ഇതാ, കൎത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: ദാവീദിന്റെ പുത്രനായ യോസേഫേ, നിന്റെ ഭാൎയ്യയായ മറിയയെ ചേൎത്തുകൊൾവാൻ ഭയപ്പെടേണ്ടാ; എന്തുകൊണ്ടെന്നാൽ അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിൽനിന്നു ആകുന്നു.

൨൧ അവൾ ഒരു പുത്രനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പതാകകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം.

൨൨ കൎത്താവു പ്രവാചകൻ മൂലം പറഞ്ഞതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു; അതാവിതു:

൨൩ ഇതാ കന്യക ഗൎഭിണിയായി ഒരു പുത്രനെ പ്രസവിക്കും; അവന്നു ദൈവം നമ്മോടുകൂടെ എന്നൎത്ഥമുള്ള ഇമ്മാനുവേൽ എന്നു അവർ പേരിടുകയും ചെയ്യും.

൨൪ ¶ എന്നാറെ യോസേഫ് നിദ്രയിൽനിന്നു ഉണൎന്നു കൎത്താവിന്റെ ദൂതൻ കല്പിച്ചപ്രകാരം ചെയ്തു, തന്റെ ഭാൎയ്യയെ ചേൎത്തുകൊണ്ടു.

൨൫ അവൾ മകനെ പ്രസവിക്കുംവരെ അവൻ അവളെ അറിയാതിരുന്നു; അവന്നു യേശു എന്നു പേർ ഇടുകയും ചെയ്തു.

൨ാം അദ്ധ്യായം.

എന്നാൽ ഹെരോദാരാജാവിന്റെ നാളുകളിൽ യേശു യഹൂദിയയിലെ ബെത്ലഹേമിൽ ജനിച്ച ശേഷം, ഇതാ കിഴക്കുനിന്നു വിദ്വാന്മാർ യരുശലേമിൽ എത്തി.

൨ യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടിട്ടു അവനെ കുമ്പിടുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

൩ എന്നതു ഹെരോദാരാജാവു കേട്ടിട്ടു അവനും അവനോടുകൂടെ യരുശലേം ഒക്കെയും കലങ്ങി.

൪ ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രികളെയും എല്ലാം കൂട്ടി വരുത്തി: ക്രിസ്തു എവിടെ ജനിക്കും എന്നു അവരോടു ചോദിച്ചു.

൫ അവർ അവനോടു പറഞ്ഞു: യഹൂദിയയിലെ ബെത്ലഹേമിൽ; എന്തുകൊണ്ടെന്നാൽ ഇപ്രകാരം പ്രവാചകനാൽ എഴുതപ്പെട്ടിരിക്കുന്നു,

൬ യഹൂദിയദേശത്തിലെ ബെത്ലഹേമേ, എന്റെ ജനമാകുന്ന ഇസ്രയേലിനെ മേയ്പാനുള്ള തലവൻ നിങ്കൽനിന്നു പുറപ്പെട്ടു വരുന്നതുകൊണ്ടു നീ യഹൂദിയപ്രഭുക്കളിൽ ഒട്ടും ചെറുതല്ല.

൭ ¶ എന്നാറെ ഹെരോദാ വിദ്വാന്മാരെ രഹസ്യമായി വിളിച്ചു, നക്ഷത്രം വെളിവായ സമയം അവരോടു ആരാഞ്ഞറിഞ്ഞു.

൮ അവരെ ബെത്ലഹേമിലേക്കു അയച്ചു പറഞ്ഞു: നിങ്ങൾ ചെന്നു ശിശുവിനെ കുറിച്ചു സൂക്ഷ്മമായി ആരാഞ്ഞുകൊൾവിൻ; കണ്ടെത്തിയാലുടനെ ഞാനും ചെന്നു അവനെ കുമ്പിടേണ്ടതിന്നു, വന്നു എന്നെ അറിയിപ്പിൻ.

൯ ഇങ്ങനെ രാജാവു പറഞ്ഞതു കേട്ടു, അവർ യാത്ര പുറപ്പെട്ടു; ഇതാ അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിന്നു മീതെ വന്നു നില്ക്കുവോളം അവൎക്കു മുൻപായി പൊയ്ക്കൊണ്ടിരുന്നു.

൧൦ നക്ഷത്രത്തെ അവർ കണ്ടിട്ടു ഏററവും മഹാ സന്തോഷത്തോടെ സന്തോഷിച്ചു.

൧൧ ആ വീട്ടിൽ ചെന്നു, ശിശുവിനെ അവന്റെ അമ്മയായ മറിയയോടുംകൂടെ കണ്ടു, വീണു അവനെ കുമ്പിട്ടു; തങ്ങളുടെ നിക്ഷേപപാത്രങ്ങളെ തുറന്നു, അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വെക്കുകയും ചെയ്തു.

൧൨ പിന്നെ ഹെരോദാവിന്റെ അ

ട്ടക്കു മടങ്ങിപ്പോകരുതു എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു, അവർ വേറെ വഴിയായി തങ്ങളുടെ ദേശത്തിലേക്കു തിരിച്ചുപോകയും ചെയ്തു.

൧൩ ¶ അവർ പോയ ശേഷം, ഇതാ കൎത്താവിന്റെ ദൂതൻ യോസേഫിന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി പറയുന്നു: നീ എഴുനീറ്റു ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ടു മിസ്രയിമിലേക്കു ഓടിപ്പോയി, ഞാൻ നിന്നോടു പറയുംവരെ അവിടെ പാൎക്ക; എന്തുകൊണ്ടെന്നാൽ ഹെരോദാ ശിശുവിനെ നശിപ്പിക്കേണം എന്നു വെച്ചു അവനെ അന്വേഷിപ്പാൻ ഭാവിച്ചിരിക്കുന്നു.

൧൪ അവൻ എഴുനീറ്റു, ശിശുവിനെയും അവന്റെ അമ്മയെയും രാത്രിയിൽ തന്നേ കൂട്ടിക്കൊണ്ടു മിസ്രയിമിലേക്കു പുറപ്പെട്ടുപോയി.

൧൫ ഹെരോദാവിന്റെ മരണത്തോളം അവൻ അവിടെ പാൎത്തു മിസ്രയിമിൽനിന്നു എന്റെ മകനെ ഞാൻ വിളിച്ചു വരുത്തി എന്നു കൎത്താവു പ്രവാചകൻ മൂലം പറഞ്ഞതു നിവൃത്തിയാകുവാൻ തന്നേ.

൧൬ ¶ എന്നാറെ വിദ്വാന്മാർ തന്നെ കളിയാക്കി എന്നു ഹെരോദാ കണ്ടു വളരെ കോപിച്ചു, വിദ്വാന്മാരോടു ആരാഞ്ഞറിഞ്ഞ കാലപ്രകാരം രണ്ടു വയസ്സും താഴെയുമുള്ള ആണ്കുട്ടികളെ ഒക്കെയും ബെത്ലഹേമിലും അതിന്റെ സകല അതിരുകളിലും ആളയച്ചു കൊല്ലിക്കയും ചെയ്തു.

൧൭ യറമിയാ പ്രവാചകനാൽ പറയപ്പെട്ടതു അന്നു നിവൃത്തിയായി; അതെന്തെന്നാൽ,

൧൮ റാമായിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും വലിയ നിലവിളിയും തന്നേ; റാഹേൽ തന്റെ മക്കളെച്ചൊല്ലി കരഞ്ഞു; അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെയുമിരുന്നു.

൧൯ ¶ എന്നാൽ ഹെരോദാ കഴിഞ്ഞപ്പോൾ ഇതാ, കൎത്താവിന്റെ ദൂതൻ മിസ്രയിമിൽവെച്ചു യോസേഫിന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി;

൨൦ ശിശുവിന്റെ പ്രാണനെ അന്വേഷിച്ചവർ മരിച്ചുപോയതുകൊണ്ടു, നീ എഴുനീറ്റു ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ടു ഇസ്രയേൽ ദേശത്തേക്കു പോക എന്നു പറഞ്ഞു.

൨൧ അവനും എഴുനീറ്റു ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ടു ഇസ്രയേൽ ദേശത്തിൽ വന്നു.

൨൨ എന്നാൽ യഹൂദിയയിൽ അൎക്കെലയൊസ് തന്റെ പിതാവായ ഹെരോദാവിന്റെ സ്ഥാനത്തിൽ വാഴുന്നു എന്നു കേട്ടിട്ടു അവിടെ പോകുവാൻ ഭയപ്പെട്ടു, സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു ഗലീലപ്രദേശങ്ങളിലേക്കു മാറിപ്പോയി.

൨൩ അവൻ നസറായൻ എന്നു വിളിക്കപ്പെടും എന്നു പ്രവാചകന്മാരാൽ പറയപ്പെട്ടതു നിവൃത്തിയാവാൻ തക്കവണ്ണം നസറേത്ത് എന്ന ഊരിൽ ചെന്നു പാൎത്തു.

൩ാം അദ്ധ്യായം.

ആ നാളുകളിൽ യോഹന്നാൻ സ്നാപകൻ വന്നു, യഹൂദിയമരുഭൂമിയിൽ പ്രസംഗിച്ചു പറഞ്ഞു:

൨ സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ.

൩ മരുഭൂമിയിൽ വിളിക്കുന്നവന്റെ ശബ്ദമാവിതു: കൎത്താവിന്റെ വഴിയെ ഒരുക്കി അവന്റെ പാതകളെ നേരെ ആക്കുവിൻ എന്നിപ്രകാരം യശയ്യാ പ്രവാചകനാൽ പറയപ്പെട്ടവൻ ഇവൻ തന്നേ.

൪ എന്നാൽ ഈ യോഹന്നാന്നു ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ഉണ്ടായിരുന്നു; അവന്റെ ആഹാരമോ വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു.

൫ എന്നാറെ യരുശലേമും യഹൂദിയ ദേശം ഒക്കെയും യോൎദ്ദാന്റെ ഇരുകരെയുമുള്ള എല്ലാ നാടും അവന്റെ അടുക്കലേക്കു പുറപ്പെട്ടു ചെന്നു.

൬ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ടു യോൎദ്ദാൻ നദിയിൽ അവനാൽ സ്നാനപ്പെടുകയും ചെയ്തു.

൭ തന്റെ സ്നാനത്തിന്നായി പറീശരിലും സദൂക്യരിലും പലർ വരുന്നതു കണ്ടാറെ അവൻ അവരോടു പറഞ്ഞു: അണലിസ്സന്തതികളേ, വരുവാനുള്ള കോപത്തിൽനിന്നു ഓടിപ്പോകുവാൻ ആർ നിങ്ങൾക്കു വക കാണിച്ചു തന്നു?

൮ ആകയാൽ മാനസാന്തരത്തിന്നു യോഗ്യമായ ഫലം കൊടുപ്പിൻ.

൯ അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടു ഉണ്ടു എന്നു ഉള്ളംകൊണ്ടു പറവാൻ നിനെക്കരുതു; ഈ കല്ലുകളിൽനിന്നു അബ്രഹാമിന്നു മക്കളെ പുറപ്പെടുവിപ്പാൻ ദൈവത്തിന്നു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൧൦ ഇപ്പോൾ തന്നേ കോടാലി മരങ്ങളുടെ ചുവട്ടിന്നു വെച്ചിരിക്കുന്നു; നല്ല ഫലം കൊടുക്കാത്ത മരം എല്ലാം വെട്ടി തീയിൽ ഇടുന്നു.

൧൧ ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനപ്പെടുത്തുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു, അവന്റെ ചെരിപ്പുകളെ ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനപ്പെടുത്തും.

൧൨ അവന്റെ വീശുമുറം അവന്റെ കയ്യിൽ ഉണ്ടു, അവൻ തന്റെ കളത്തെ മുററും വെടിപ്പാക്കും, തന്റെ കോതമ്പിനെ കളപ്പുരയിൽ കൂട്ടിവെക്കയും പതിരിനെയോ കെടാത്ത തീയിൽ ചുട്ടുകളകയും ചെയ്യും.

൧൩ ¶ അപ്പോൾ യേശു യോഹന്നാനാൽ സ്നാനപ്പെടുവാൻ ഗലീലയിൽനിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വരുന്നു.

൧൪ എന്നാൽ യോഹന്നാൻ അവനെ വിലക്കി: നിന്നാൽ സ്നാനപ്പെടുവാൻ എനിക്കു ആവശ്യം ഉണ്ടു; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു.

൧൫ എന്നാൽ യേശു അവനോടു: ഇപ്പോൾ സമ്മതിക്ക, ഇപ്രകാരം സകല നീതിയെയും പൂർത്തിയാക്കുന്നതു നമുക്കു ഉചിതം ആകുന്നു എന്നു ഉത്തരം പറഞ്ഞു; എന്നാറെ അവൻ അവനെ സമ്മതിച്ചു.

൧൬ യേശു സ്നാനം ഏററ ഉടനെ വെള്ളത്തിൽനിന്നു കരേറി; അപ്പോൾ ഇതാ സ്വൎഗ്ഗം അവന്നു തുറന്നു ദൈവാത്മാവു പ്രാവുപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു.

൧൭ അപ്പോൾ ഇതാ: ഇവൻ എന്റെ പ്രിയപുത്രൻ ആകുന്നു, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടാകയും ചെയ്തു.

൪ാം അദ്ധ്യായം.

അപ്പോൾ യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായി ആത്മാവിനാൽ മരുഭൂമിയിലേക്കു നടത്തപ്പെട്ടു.

൨ അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ചശേഷം അവന്നു വിശന്നു.

൩ അപ്പോൾ പരീക്ഷകൻ അടുത്തുവന്നു: നീ ദൈവപുത്രൻ ആകുന്നു എങ്കിൽ ഈ കല്ലുകൾ അപ്പങ്ങളായി തീരുവാൻ കല്പിക്ക എന്നു പറഞ്ഞു.

൪ അവൻ ഉത്തരമായിട്ടു: മനുഷ്യൻ അപ്പത്താൽ തന്നേ അല്ല, ദൈവത്തിന്റെ വായിൽ കൂടെ വരുന്ന സകല വചനത്താലും ജീവിക്കും എന്നു എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.

൫ പിന്നെ പിശാചു അവനെ വിശുദ്ധനഗരത്തിൽ കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോടു പറഞ്ഞു:

൬ നീ ദൈവപുത്രൻ ആകുന്നു എങ്കിൽ താഴത്തോട്ടു ചാടുക; നിന്നെ കുറിച്ചു അവൻ തന്റെ ദൂതന്മാരോടു കല്പിക്കയും, അവർ നിന്റെ കാൽ കല്ലിന്മേൽ തട്ടാതവണ്ണം നിന്നെ കൈകളിൽ താങ്ങിക്കൊള്ളുകയും ചെയ്യും എന്നു എഴുതിയിരിക്കുന്നുവല്ലോ.

൭ യേശു അവനോടു പറഞ്ഞു: നിന്റെ ദൈവമായ കൎത്താവിനെ പരീക്ഷിക്കരുതു എന്നും കൂടെ എഴുതിയിരിക്കുന്നു.

൮ പിന്നെയും പിശാച അവനെ ഏ
ററവും ഉയൎന്നോരു മലമേൽ കൂട്ടിക്കൊ
ണ്ടുപോയി ലോകത്തിലുള്ള എല്ലാ രാജ്യ
ങ്ങളെയും അവയുടെ മഹത്വത്തെയും കാ
ണിച്ചു:
൯ നീ വീണു എന്നെ കുമ്പിട്ടാൽ ഇ
വ ഒക്കെയും നിനക്കു തരാം എന്നു അവ
നോടു പറയുന്നു.
൧൦ എന്നാറെ യേശു അവനോടു പ
റയുന്നു: എന്നെ വിട്ടു മാറിപ്പോ, സാ
ത്താനേ; നിന്റെ ദൈവമായ കൎത്താവി
നെ കുമ്പിട്ടു അവനെ മാത്രമേ ആരാധി
ക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലൊ.
൧൧ അപ്പോൾ പിശാച അവനെ വി
ട്ടുപോയി; ഇതാ ദൂതന്മാർ അണഞ്ഞു അ
വനെ ശുശ്രൂഷിക്കയും ചെയ്തു.
൧൨ ¶ യോഹന്നാൻ തടവിൽ ഏല്പി
ക്കപ്പെട്ടു എന്നു അവൻ കേട്ടാറെ ഗലീ
ലെക്കു വാങ്ങിപ്പോയി,
൧൩ നസറേത്തെ വിട്ടു സബുലോ
ന്റെയും നപ്തലിയുടെയും അതിരുകളി
ൽ കടല്ക്കരെയുള്ള കപ്പൎന്നഹൂമിൽ വന്നു
പാൎത്തു.
൧൫ സബുലോൻ ദേശവും നപ്തലി
ദേശവും യോൎദാന്നക്കരെ കടല്ക്കരവഴി
യിൽ ജാതികളുടെ ഗലീല തന്നേ.
൧൬ ഇരുട്ടിൽ ഇരിക്കുന്ന ജനം മഹാ
പ്രകാശത്തെ കണ്ടു, മരണത്തിന്റെ ദേ
ശത്തിലും നിഴലിലും ഇരിക്കുന്നവൎക്കു വെ
ളിച്ചം ഉദിക്കയും ചെയ്തു.
൧൪ എന്നു യശയ്യാ പ്രവാചകനാൽ
പറയപ്പെട്ടതു നിവൃത്തിയാകേണ്ടതിന്നു
തന്നേ.
൧൭ ¶ അന്നു മുതൽ യേശു: സ്വൎഗ്ഗ
രാജ്യം സമീപിച്ചിരിക്കയാൽ മാനസാന്ത
രപ്പെടുവിൻ എന്നു പ്രസംഗിച്ചു പറഞ്ഞു
തുടങ്ങി.
൧൮ ¶ പിന്നെ അവൻ ഗലീലക്കട
ല്പുറത്തു നടക്കുമ്പോൾ പത്രോസ് എന്നു
പേരുള്ള ശിമോൻ, അവന്റെ സഹോദ
രനായ അന്ത്രെയോസ്, എന്നിങ്ങനെ മീ
ൻപിടിക്കാരായ രണ്ടു സഹോദരന്മാർ
കടലിൽ വല വീശുന്നതു കണ്ടു:
൧൯ എന്റെ പിന്നാലെ വരുവിൻ
ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവ
രാക്കും എന്നു അവരോടു പറയുന്നു.
൨൦ ഉടനെ അവർ വലകളെ വിട്ടേ
ച്ചു അവന്റെ പിന്നാലെ ചെന്നു.
൨൧ അവിടെനിന്നു മുമ്പോട്ടു ചെന്നാ
റെ സബദിയുടെ മകനായ യാക്കോബും
അവന്റെ സഹോദരനായ യോഹന്നാ
നും എന്ന വേറെ രണ്ടു സഹോദരന്മാർ
പടകിൽ ഇരുന്നു തങ്ങളുടെ അപ്പനായ
സബദിയോടു കൂടെ വലകളെ നന്നാ
ക്കുന്നതു കണ്ടു അവരെയും വിളിച്ചു.
൨൨ അവരും ഉടനെ പടകിനെയും
തങ്ങളുടെ അപ്പനെയും വിട്ടു അവനെ
പിന്തുടൎന്നു.
൨൩ ¶ പിന്നെ യേശു ഗലീലയിൽ
ഒക്കെയും ചുററിസഞ്ചരിച്ചുകൊണ്ടു അവ
രുടെ പള്ളികളിൽ ഉപദേശിക്കയും രാ
ജ്യത്തിന്റെ സുവിശേഷത്തെ പ്രസംഗി
ക്കയും ജനത്തിലുള്ള സകല ദീനത്തെയും
സകല വ്യാധിയെയും സൌഖ്യമാക്കുക
യും ചെയ്തു.
൨൪ അവന്റെ ശ്രുതി സുറിയയിൽ
ഒക്കെയും പരന്നു. നാനാവ്യാധികളാലും
ബാധകളാലും വലഞ്ഞവർ, ഭൂതബാധി
തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ
ഇങ്ങിനെ ദീനക്കാരായ എല്ലാവരെയും
അവന്റെ അടുക്കൽ കൊണ്ടുവന്നു.
൨൫ അവൻ അവരെ സൌഖ്യമാക്കി
ഗലീല, ദക്കപ്പോലീസ്, യരുശലേം, യ
ഹൂദിയ, യോൎദാന്നക്കരെ എന്നുള്ള ഇട
ങ്ങളിൽനിന്നു വളരെ പുരുഷാരങ്ങൾ അ
വനെ പിന്തുടരുകയും ചെയ്തു.

൫ാം അദ്ധ്യായം.

പിന്നെ അവൻ പുരുഷാരങ്ങളെ കണ്ടാ
റെ മലമേൽ കരേറി. അവൻ ഇരുന്ന
ശേഷം അവന്റെ ശിഷ്യന്മാർ അടുക്കൽ
വന്നു.
൨ അപ്പോൾ അവൻ വായ് തുറന്നു
അവൎക്കു ഉപദേശിച്ചു പറഞ്ഞതു:
൩ ¶ ആത്മാവിൽ ദരിദ്രരായവർ ഭാ
ഗ്യവാന്മാർ; സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാ
കുന്നു.

൪ ¶ ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിക്കപ്പെടും.

൫ ¶ സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.

൬ ¶ നീതിക്കു വിശക്കയും ദാഹിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ തൃപ്തന്മാർ ആകും.

൭ ¶ കരുണയുള്ളവർ ഭാഗ്യവാന്മാർ; അവൎക്കു കരുണ ലഭിക്കും.

൮ ¶ ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.

൯ ¶ സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

൧൦ ¶ നീതി നിമിത്തം ഉപദ്രവിക്കപ്പെട്ടവർ ഭാഗ്യവാന്മാർ; സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാകുന്നു.

൧൧ എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ ആകുന്നു.

൧൨ സ്വൎഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചു ഉല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുള്ള പ്രവാചകന്മാരെയും അവർ അപ്രകാരം തന്നേ ഉപദ്രവിച്ചുവല്ലോ.

൧൩ ¶ നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; എന്നാൽ ഉപ്പു കാരമില്ലാതെ പോയാൽ അതിന്നു എന്തൊന്നു കൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യരാൽ ചവിട്ടപ്പെടുവാൻ അല്ലാതെ അതു മറെറാന്നിന്നും പിന്നെ കൊള്ളുന്നതല്ല.

൧൪ നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ കഴിയുന്നതല്ല.

൧൫ വിളക്കു കത്തിച്ചു പറയിൻ കീഴെ വെക്കമാറില്ല. വിളക്കുതണ്ടിന്മേലത്രേ; അപ്പോൾ അതു വീട്ടിലുള്ള എല്ലാവൎക്കും പ്രകാശിക്കുന്നു.

൧൬ അപ്രകാരം തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

൧൭ ¶ ഞാൻ ന്യായപ്രമാണത്തെ എങ്കിലും പ്രവാചകന്മാരെ എങ്കിലും നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കേണ്ടാ; നീക്കുവാൻ അല്ല പൂൎത്തി വരുത്തുവാനത്രേ ഞാൻ വന്നതു.

൧൮ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു പ്രകാരത്തിലും ഒഴിഞ്ഞുപോകയില്ല.

൧൯ ആകയാൽ ഈ ഏററവും ചെറുതായ കല്പനകളിൽ ഒന്നിനെ ആരെങ്കിലും അഴിക്കയും അപ്രകാരം മനുഷ്യരെ പഠിപ്പിക്കയും ചെയ്താൽ അവൻ സ്വൎഗ്ഗരാജ്യത്തിൽ ഏററവും ചെറിയവൻ എന്നു വിളിക്കപ്പെടും; എന്നാൽ ആരെങ്കിലും അവ ആചരിക്കയും പഠിപ്പിക്കയും ചെയ്താൽ സ്വൎഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും.

൨൦ എങ്ങനെയെന്നാൽ നിങ്ങളുടെ നീതി, ശാസ്ത്രികൾ പറീശർ എന്നവരുടെ നീതിയെ കവിയുന്നില്ല എങ്കിൽ നിങ്ങൾ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല നിശ്ചയം, എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൨൧ ¶ നീ കുല ചെയ്യരുതു എന്നും ആരെങ്കിലും കുല ചെയ്താൽ ന്യായവിധിക്കു അൎഹനാകും എന്നും പൂൎവ്വന്മാരോടു പറഞ്ഞപ്രകാരം നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

൨൨ ഞാനോ നിങ്ങളോടു പറയുന്നു: തന്റെ സഹോദരനോടു സംഗതി കൂടാതെ കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു അൎഹനാകും; തന്റെ സഹോദരനോടു റക്കാ* എന്നു പറഞ്ഞാലോ ന്യായാധിപസംഘത്തിന്നു അൎഹനാകും; മൂഢാ എന്നു പറഞ്ഞു എങ്കിലോ അഗ്നിനരകത്തിന്നു അൎഹനാകും.

* നിസ്സാരൻ

൨൩ ആകയാൽ നിന്റെ വഴിപാടിനെ ബലിപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ നിന്റെ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓൎമ്മ വന്നാൽ,

൨൪ നിന്റെ വഴിപാടിനെ അവിടെ ബലിപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു പോയി നിന്റെ സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക.

൨൫ നീ നിന്റെ പ്രതിയോഗിയോടു കൂടെ വഴിയിൽ ആയിരിക്കുമ്പോൾ തന്നേ വേഗത്തിൽ അവനോടു ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപന്നും, ന്യായാധിപൻ ചേവകന്നും ഏല്പിച്ചുകൊടുത്തിട്ടു നീ തടവിൽ ആക്കപ്പെടും.

൨൬ സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു, ഒടുവിലത്തേ കാശുവരെയും കൊടുത്തുതീരുവോളം നീ അവിടെനിന്നു ഒരുപ്രകാരത്തിലും പുറത്തുവരികയില്ല.

൨൭ ¶ നീ വ്യഭിചാരം ചെയ്യരുതു എന്നു പറയപ്പെട്ടതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

൨൮ ഞാനോ നിങ്ങളോടു പറയുന്നു: സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി.

൨൯ എന്നാൽ നിന്റെ വലത്തുകണ്ണു നിനക്കു ഇടൎച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ തള്ളപ്പെടാതെ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ.

൩൦ നിന്റെ വലത്തുകൈ നിനക്കു ഇടൎച്ചവരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിലേക്കു പോകാതെ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ.

൩൧ ആരെങ്കിലും തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചാൽ അവൾക്കു ഉപേക്ഷണച്ചീട്ടു കൊടുക്കട്ടെ എന്നും പറഞ്ഞിട്ടുണ്ടല്ലോ.

൩൨ ഞാനോ നിങ്ങളോടു പറയുന്നു: വേശ്യാദോഷം ഹേതുവായിട്ടല്ലാതെ തന്റെ ഭാൎയ്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിക്കപ്പെട്ടവളെ ആരെങ്കിലും വിവാഹം ചെയ്താൽ വ്യഭിചാരം ചെയ്യുന്നു.

൩൩ ¶ പിന്നെയും നീ കള്ളസ്സത്യം ചെയ്യരുതു എന്നും സത്യം ചെയ്തവയെ നീ കൎത്താവിന്നു നിവൃത്തിക്കേണം എന്നും പൂൎവ്വന്മാരോടു പറയപ്പെട്ടപ്രകാരം നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

൩൪ ഞാനോ നിങ്ങളോടു പറയുന്നു: അശേഷം ആണയിടരുതു, സ്വൎഗ്ഗത്തെക്കൊണ്ടു അരുതു, അതു ദൈവത്തിന്റെ സിംഹാസനമല്ലോ;

൩൫ ഭൂമിയെകൊണ്ടും അരുതു, അതു അവന്റെ പാദപീഠമല്ലോ; യരുശലേമിനെകൊണ്ടും അരുതു, അതു മഹാരാജാവിന്റെ നഗരമല്ലോ.

൩൬ നിന്റെ തലയെകൊണ്ടും ആണയിടരുതു, ഒരു രോമത്തെയും വെളുപ്പിപ്പാനോ കറുപ്പിപ്പാനോ നിനക്കു കഴികയില്ലല്ലോ.

൩൭ എന്നാൽ നിങ്ങളുടെ വാക്കു അതേ അതേ എന്നും അല്ല അല്ല എന്നും ആയിരിക്കട്ടെ; ഇവയിൽ അധികമായതു ദുഷ്ടനിൽനിന്നു ആകുന്നു.

൩൮ ¶ കണ്ണിന്നു പകരം കണ്ണും പല്ലിന്നു പകരം പല്ലും, എന്നു പറയപ്പെട്ടപ്രകാരം നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

൩൯ ഞാനോ നിങ്ങളോടു പറയുന്നു: ദുഷ്ടനോടു എതിൎക്കരുതു; നിന്നെ വലത്തേ കവിൾക്കു അടിക്കുന്നവന്നു മറ്റേതിനെയും തിരിച്ചുകാണിക്ക.

൪൦ നിന്നോടു വ്യവഹരിപ്പാനും നിന്റെ വസ്ത്രത്തെ എടുപ്പാനും ഇച്ഛിക്കുന്നവന്നു നിന്റെ പുതപ്പിനെയും വിട്ടുകൊടുക്ക.

൪൧ യാതൊരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിൎബ്ബന്ധിച്ചാൽ രണ്ടു അവനോടു കൂടെ പോക.

൪൨ നിന്നോടു യാചിക്കുന്നവന്നു കൊ

ട്ടക്ക: വായിപ്പ വാങ്ങുവാൻ ഇച്ശിക്കുന്നവ
നിൽനിന്ന തിരിഞ്ഞുകളയരുതു.
൪൩ ¶ നിന്റെ അയല്ക്കാരനെ സ്നേ
ഹിക്ക എന്നും നിന്റെ ശത്രുവിനെ പകെ
ക്ക എന്നും പറയപ്പെട്ടപ്രകാരം നിങ്ങൾ
കേട്ടിട്ടുണ്ടല്ലോ.
൪൪ ഞാനോ നിങ്ങളോട പറയുന്നു:
നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നി
ങ്ങളെ പകെക്കുന്നവൎക്കവേണ്ടി പ്രാൎത്ഥി
ക്കയും ചെയ്യിൻ.
൪൫ സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പി
താവിന്ന പുത്രരായി വരേണ്ടതിന്ന ത
ന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവ
രുടെമേലും തന്റെ സൂൎയ്യനെ ഉദിപ്പിക്ക
യും നീതിമാന്മാരുടെമേലും നീതികെട്ടവ
രുടെമേലും മഴ പെയ്യിക്കയും ചെയ്യുന്ന
വല്ലോ.
൪൬ എങ്ങനെയെന്നാൽ നിങ്ങളെ
സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങ
ൾക്ക എന്തു പ്രതിഫലം ഉള്ളു? ചുങ്കക്കാരും
അങ്ങനെ തന്നേ ചെയ്യുന്നില്ലയോ?
൪൭ നിങ്ങളുടെ സഹോദരന്മാരെ മാ
ത്രം വന്ദനം ചെയ്താൽ എന്തു വിശേഷം
ചെയ്യുന്നു? ജാതികളും അങ്ങനെ തന്നേ
ചെയ്യുന്നില്ലയോ?
൪൮ ആകയാൽ നിങ്ങളുടെ സ്വൎഗ്ഗീ
യപിതാവ പരിപൂൎണ്ണൻ ആയിരിക്കുന്ന
തുപോലെ നിങ്ങളും പരിപൂൎണ്ണന്മാരാക
വിൻ.

൬ാം അദ്ധ്യായം.

മനുഷ്യരാൽ കാണപ്പെടേണ്ടതിന്ന നി
ങ്ങളുടെ നീതിയെ അവൎക്ക മുമ്പാകെ ചെ
യ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ
സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവി
ന്റെ പക്കൽ നിങ്ങൾക്ക പ്രതിഫലമില്ല.
൨ ¶ ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ
മനുഷ്യരിൽനിന്ന മാനം ലഭിപ്പാൻ പ
ള്ളികളിലും വീഥികളിലും കപടഭക്തിക്കാ
ർ ചെയ്യുന്നതു പോലെ നിന്റെ മുമ്പി
ൽ കാഹളം ഊതരുതു; സത്യമായിട്ടു ഞാ
ൻ നിങ്ങളോട പറയുന്നു: അവൎക്ക പ്രതി
ഫലം കിട്ടിപ്പോയി.
൩ നീയോ ഭിക്ഷ കൊടുക്കുമ്പോൾ നി
ന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ട
തിന്ന നിന്റെ വലങ്കൈ ചെയ്യുന്നതു എ
ന്തു എന്ന നിന്റെ ഇടങ്കൈ അറിയ
രുതു.
൪ രഹസ്യത്തിൽ കാണുന്ന നിന്റെ
പിതാവ നിനക്ക പ്രതിഫലം തരും.
൫ ¶ നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ കപ
ടഭക്തിക്കാരെപോലെ ആകരുതു; അവർ
മനുഷ്യൎക്ക വിളങ്ങേണ്ടതിന്ന പള്ളികളി
ലും തെരുക്കളുടെ കോണുകളിലും നിന്ന
കൊണ്ട പ്രാൎത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; സ
ത്യമായിട്ടു ഞാൻ നിങ്ങളോട പറയുന്നു:
അവൎക്ക പ്രതിഫലം കിട്ടിപ്പോയി.
൬ നീയോ പ്രാൎത്ഥിക്കുമ്പോൾ നിന്റെ
അറയിൽ കടന്ന വാതിൽ അടെച്ചു ര
ഹസ്യത്തിലുള്ള നിന്റെ പിതാവിനോട
പ്രാൎത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നി
ന്റെ പിതാവ നിനക്ക പ്രതിഫലം ത
രും.
൭ പിന്നെ നിങ്ങൾ പ്രാൎത്ഥിക്കയിൽ
ജാതികളെ പോലെ ജല്പനം ചെയ്യരുതു;
തങ്ങളുടെ അതിഭാഷണത്താൽ കേൾക്ക
പ്പെടും എന്നല്ലോ അവർ നിനെക്കുന്നു.
൮ ആകയാൽ അവരോട തുല്യരാക
രുതു; നിങ്ങൾക്ക ആവശ്യമുള്ളതു ഇന്നതെ
ന്ന നിങ്ങൾ യാചിക്കുമ്മുമ്പെ നിങ്ങളുടെ
പിതാവ അറിയുന്നുവല്ലോ.
൯ ആകയാൽ നിങ്ങൾ ഈവണ്ണം
പ്രാൎത്ഥിപ്പിൻ: സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ
പിതാവേ, നിന്റെ നാമം പരിശുദ്ധമാ
ക്കപ്പെടേണമേ.
൧൦ നിന്റെ രാജ്യം വരേണമേ, നി
ന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമി
യിലും ആകേണമേ.
൧൧ ഞങ്ങൾക്ക ആവശ്യമുള്ള അപ്പം ഇ
ന്ന ഞങ്ങൾക്ക തരേണമേ.
൧൨ ഞങ്ങളുടെ കടക്കാരോട ഞങ്ങൾ
ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടേ
കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ.
൧൩ ഞങ്ങളെ പരീക്ഷയിലേക്ക കട
ത്താതെ, ദോഷത്തിൽനിന്ന ഞങ്ങളെ വി
ടുവിക്കേണമേ. (രാജ്യവും ശക്തിയും മഹ

താവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമെൻ).

൧൪ എന്തുകൊണ്ടെന്നാൽ നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും.

൧൫ നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.

൧൬ ¶ നിങ്ങൾ ഉപവസിക്കുമ്പോൾ കപടഭക്തിക്കാരെ പോലെ മുഷിഞ്ഞ മുഖത്തോടിരിക്കരുതു; അവർ ഉപവസിക്കുന്നവർ എന്നു മനുഷ്യൎക്കു വിളങ്ങേണ്ടതിന്നു തങ്ങളുടെ മുഖങ്ങളെ വിരൂപമാക്കുന്നു; സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: അവൎക്കു പ്രതിഫലം കിട്ടിപ്പോയി.

൧൭ നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യൎക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു തെളിയേണ്ടതിന്നു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക.

൧൮ എന്നാൽ രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നല്കും.

൧൯ ¶ പുഴവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിക്കരുതു.

൨൰ പുഴവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വൎഗ്ഗത്തിൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിച്ചുകൊൾവിൻ.

൨൧ എന്തുകൊണ്ടെന്നാൽ നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും ഇരിക്കും.

൨൨ ശരീരത്തിന്റെ വിളക്കു കണ്ണു ആകുന്നു; എന്നാൽ നിന്റെ കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം എല്ലാം പ്രകാശിതമായിരിക്കും.

൨൩ നിന്റെ കണ്ണു ദോഷമുള്ളതാകിലോ നിന്റെ ശരീരം എല്ലാം ഇരുണ്ടതായിരിക്കും, എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ നിന്റെ ഇരുട്ടു എത്ര വലിയതു!

൨൪ രണ്ടു യജമാനന്മാരെ സേവിപ്പാൻ ആൎക്കും കഴികയില്ല; അങ്ങിനെ ചെയ്താലോ അവൻ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനെ പറ്റിപ്പിടിച്ചു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.

൨൫ അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്തു തിന്നും, എന്തു കുടിക്കും, എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും, എന്തു ഉടുക്കും, എന്നു ശരീരത്തിന്നായും വിചാരപ്പെടരുതു; ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ?

൨൬ ആകാശത്തിലെ പറവജാതികളെ നോക്കുവിൻ; അവ വിതെക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരകളിൽ കൂട്ടിവെക്കുന്നതുമില്ല, എങ്കിലും സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലൎത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?

൨൭ വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുളം കൂട്ടുവാൻ നിങ്ങളിൽ ആൎക്കു കഴിയും?

൨൮ ഉടുപ്പിനെ കുറിച്ചു വിചാരപ്പെടുന്നതും എന്തിനു? വയലിലേ താമരകൾ എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല നൂല്ക്കുന്നതുമില്ല.

൨൯ എന്നാൽ ശലോമോൻ തന്നെയും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല, എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൩൰ ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലേ പുല്ലിനെ ദൈവം ഇപ്രകാരം ചമെയിക്കുന്നെങ്കിൽ അല്പവിശ്വാസികളെ നിങ്ങളെ എത്ര അധികം.

൩൧ ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങിനെ നിങ്ങൾ വിചാരപ്പെടരുതു.

൩൨ ഈ വക ഒക്കെയും ജാതികൾ അ-

ന്വേഷിക്കുന്നു; സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇവ എല്ലാം നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ.

൩൩ മുമ്പെ അവന്റെ രാജ്യത്തെയും നീതിയെയും അന്വേഷിപ്പിൻ; എന്നാൽ ഇവയും എല്ലാം നിങ്ങൾക്കു കിട്ടും.

൩൪ അതുകൊണ്ടു നാളേക്കായി വിചാരപ്പെടേണ്ടാ; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമെല്ലോ; അതാതു ദിവസത്തിന്നു അതാതിന്റെ ദോഷം മതി.

൭ാം അദ്ധ്യായം.

നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു.

൨ എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളും വിധിക്കപ്പെടും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളക്കപ്പെടും.

൩ എന്നാൽ നിന്റെ കണ്ണിലുള്ള കോലിനെ ഓൎക്കാതെ നിന്റെ സഹോദരന്റെ കണ്ണിലേ കരടിനെ നോക്കുന്നതു എന്തു?

൪ അല്ല, നിന്റെ കണ്ണിൽ കോൽ ഇരിക്കേ നീ സഹോദരനോടു: നില്ല, നിന്റെ കണ്ണിൽനിന്നു കരടിനെ എടുത്തുകളയട്ടെ എന്നു എങ്ങനെ പറയും?

൫ കപടഭക്തിക്കാരാ, മുമ്പെ നിന്റെ കണ്ണിൽനിന്നു കോലിനെ എടുത്തുകളക; അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരടിനെ എടുത്തുകളവാൻ വെടിപ്പായി കാണാമല്ലോ.

൬ ¶ വിശുദ്ധമായുള്ളതിനെ നായ്ക്കൾക്കു കൊടുക്കരുതു, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുതു; അവ കാലുകൾകൊണ്ടു അവയെ ചവിട്ടാതെയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളയാതെയും ഇരിപ്പാൻ തന്നേ.

൭ ¶ യാചിപ്പിൻ എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും.

൮ എന്തുകൊണ്ടെന്നാൽ യാചിക്കുന്ന എല്ലാവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന്നു തുറക്കപ്പെടും.

൯ അല്ല, മകൻ അപ്പം യാചിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു?

൰ മീൻ യാചിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ?

൰൧ ആകയാൽ ദോഷികളാകുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവൎക്കു നന്മകളെ എത്ര അധികം കൊടുക്കും!

൰൨ ആകയാൽ മനുഷ്യർ നിങ്ങൾക്കു എന്തെല്ലാം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നുവോ അപ്രകാരം നിങ്ങൾ അവൎക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതല്ലോ ആകുന്നു.

൰൩ ¶ ഇടുക്കുവാതിലൂടെ അകത്തു പ്രവേശിപ്പിൻ; എന്തുകൊണ്ടെന്നാൽ നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും ആകുന്നു; അതിൽ കൂടി കടക്കുന്നവരും അനേകർ ആകുന്നു.

൰൪ ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാകുന്നു; അതിനെ കണ്ടെത്തുന്നവർ ചുരുക്കമത്രേ.

൰൫ ¶ കള്ളപ്രവാചകന്മാരിൽനിന്നു സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ ബുഭുക്ഷയുള്ള ചെന്നായ്ക്കൾ ആകുന്നു.

൰൬ നിങ്ങൾക്കു അവരുടെ ഫലങ്ങളാൽ അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്നു മുന്തിരിങ്ങയും ഞെരിഞ്ഞില്കളിൽനിന്നു അത്തിപ്പഴങ്ങളും പറിക്കുമാറുണ്ടോ?

൰൭ അപ്രകാരം നല്ല വൃക്ഷം ഒക്കെയും നല്ല ഫലങ്ങളെ കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലങ്ങളെ കായ്ക്കുന്നു.

൰൮ നല്ല വൃക്ഷത്തിന്നു ആകാത്ത ഫ

ലങ്ങളെയും ആകാത്ത വൃക്ഷത്തിന്ന നല്ല ഫലങ്ങളെയും കായ്പാൻ കഴികയില്ല.

൧൯ നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു.

൨൦ ആകയാൽ നിങ്ങൾ അവരുടെ ഫലങ്ങളാൽ അവരെ തിരിച്ചറിയും.

൨൧ എന്നോടു കൎത്താവേ, കൎത്താവേ എന്നു പറയുന്നവൻ എവനുമല്ല സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു; സ്വൎഗ്ഗസ്ഥനായ എൻ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രെ.

൨൨ കൎത്താവേ, കൎത്താവേ, നിൻെറ നാമത്താൽ ഞങ്ങൾ പ്രവചിക്കയും നിൻെറ നാമത്താൽ ഭൂതങ്ങളെ പുറത്താക്കുകയും നിൻെറ നാമത്താൽ വളരെ ശക്തികളെ പ്രവൃത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും.

൨൩ അപ്പോൾ ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധൎമ്മം പ്രവൃത്തിക്കുന്നവരേ, എന്നെ വിട്ടകന്നു പോകുവിൻ എന്നു തീൎത്തു പറയും.

൨൪ ആകയാൽ എൻെറ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനെ ഒക്കെയും തൻെറ ഭവനത്തെ പാറമേൽ പണിത ബുദ്ധിയുള്ള മനുഷ്യനോടു ഞാൻ തുല്യനാക്കും.

൨൫ വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററുകൾ അടിച്ചു ആ ഭവനത്തിന്മേൽ അലെച്ചു; എന്നാറെ, അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല.

൨൬ ഈ എൻെറ വചനങ്ങളെ കേട്ടിട്ടു ചെയ്യാത്തവൻ ഒക്കെയും തൻെറ ഭവനത്തെ മണലിന്മേൽ പണിത മൂഢമനുഷ്യനോടു തുല്യനാകും.

൨൭ വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററുകൾ അടിച്ചു ആ ഭവനത്തിന്മേൽ അലെച്ചു, എന്നാറെ അതു വീണു; അതിൻെറ വീഴ്ച വലിയതുമായിരുന്നു.

൨൮ ¶ ഈ വചനങ്ങളെ യേശു പറഞ്ഞു തീൎന്നപ്പോൾ പുരുഷാരങ്ങൾ അവൻെറ ഉപദേശത്തിൽ വിസ്മയിച്ചു.

൨൯ എന്തുകൊണ്ടെന്നാൽ അവരുടെ ശാസ്ത്രികളെ പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചതു.

൮ാം അദ്ധ്യായം.

അവൻ മലയിൽനിന്നു ഇറങ്ങിയാറെ വളരെ പുരുഷാരങ്ങൾ അവൻെറ പിന്നാലെ ചെന്നു.

൨ അപ്പോൾ ഇതാ, ഒരു കുഷ്ഠരോഗി വന്നു അവനെ കുമ്പിട്ടു, കൎത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു.

൩ എന്നാറെ അവൻ കൈ നീട്ടി അവനെ തൊട്ടു: എനിക്കു മനസ്സുണ്ടു, നീ ശുദ്ധമാക എന്നു പറഞ്ഞു; ഉടനെ അവൻെറ കുഷ്ഠം ശുദ്ധമാകയും ചെയ്തു.

൪ യേശു അവനോടു പറഞ്ഞതു: നോക്കു, ആരോടും പറയരുതു; അവൎക്കു സാക്ഷ്യത്തിന്നായി നീ പോയി, നിന്നെത്തന്നെ പുരോഹിതന്നു കാണിച്ചു, മോശ കല്പിച്ച വഴിപാടു കഴിക്ക.

൫ ¶ അവൻ കപ്പൎന്നഹൂമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അടുക്കെ വന്നു, അവനോടു അപേക്ഷിച്ചു പറഞ്ഞതു:

൬ കൎത്താവേ, എൻെറ ബാല്യക്കാരൻ പക്ഷവാതം പിടിച്ചു കഠിനമായി വേദനപ്പെട്ടു വീട്ടിൽ കിടക്കുന്നു.

൭ അവൻ അവനോടു: ഞാൻ വന്നു അവനെ സൌഖ്യമാക്കും എന്നു പറയുന്നു.

൮ അതിന്നു ശതാധിപൻ ഉത്തരം പറഞ്ഞതു: കൎത്താവേ, നീ എൻെറ പുരെക്കകത്തു വരുവാൻ ഞാൻ മതിയായവനല്ല, ഒരു വാക്കു മാത്രം കല്പിക്ക, എന്നാൽ എൻെറ ബാല്യക്കാരന്നു സൌഖ്യം വരും.

൯ ഞാനും അധികാരത്തിൻ കീഴുള്ള മനുഷ്യൻ ആകുന്നുവല്ലോ; എൻെറ കീഴിൽ പടയാളികൾ ഉണ്ടു; ഇവനോടു: പോക എന്നു ഞാൻ പറഞ്ഞാൽ പോകുന്നു, മററവനോടു: വരിക എന്നാൽ വ

രുന്നു; എന്റെ ദാസനോടു: ഇതു ചെ
യ്യു, എന്നാൽ അവൻ ചെയ്യുന്നു.
൰ എന്നതു കേട്ടാറെ യേശു അത്ഭുത
പ്പെട്ടു, പിൻ ചെല്ലുന്നവരോടു പറഞ്ഞു:
സത്യമായിട്ടു ഞാൻ നിങ്ങളോടു പറയു
ന്നു, ഇസ്രായേലിൽ കൂടെ ഇത്ര വലിയ
വിശ്വാസത്തെ ഞാൻ കണ്ടിട്ടില്ല.
൰൧ ഞാൻ നിങ്ങളോടു പറയുന്നു:
കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേ
കർ വന്നു, അബ്രഹാമിനോടും ഇസ്സാക്കി
നോടും യാക്കോബിനോടും കൂടെ സ്വൎഗ്ഗ
രാജ്യത്തിൽ ഭക്ഷണത്തിന്നിരിക്കും.
൰൨ രാജ്യത്തിന്റെ പുത്രന്മാരോ ഏ
റ്റം പുറത്തുള്ള ഇരുളിലേക്കു തള്ളപ്പെ
ടും; അവിടെ കരച്ചലും പല്ലുകടിയും
ഉണ്ടാകും.
൰൩ പിന്നെ യേശു ശതാധിപനോ
ടു: പോക, നീ വിശ്വസിച്ചപ്രകാരം
നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ
നാഴികയിൽ തന്നേ അവന്റെ ബാല്യ
ക്കാരൻ സൌഖ്യമാകയും ചെയ്തു.
൰൪ ¶ യേശു പത്രോസിന്റെ വീട്ടിൽ
വന്നാറെ അവന്റെ അമ്മാവിയമ്മ പ
നി പിടിച്ചു കിടക്കുന്നതു കണ്ടു.
൰൫ അവൻ അവളുടെ കൈയ്യെ തൊ
ട്ടു, പനിയും അവളെ വിട്ടു; അവൾ എ
ഴുനീറ്റു അവൎക്കു ശുശ്രൂഷിക്കയും ചെയ്തു.
൰൬ വൈകുന്നേരം ആയപ്പോൾ പ
ല ഭൂതബാധിതരെയും അവന്റെ അടു
ക്കൽ കൊണ്ടുവന്നു; അവൻ വാക്കുകൊ
ണ്ടു ദുരാത്മാക്കളെ പുറത്താക്കി സകല
ദീനക്കാരെയും സൌഖ്യമാക്കി.
൰൭ അവൻ നമ്മുടെ ബലഹീനതക
ളെ എടുത്തു വ്യാധികളെ ചുമന്നു, എന്നു
യശയ്യാ പ്രവാചകനാൽ പറയപ്പെട്ടതു
നിവൃത്തിയാകുവാൻ തന്നേ.
൰൮ ¶ എന്നാൽ യേശു തന്റെ ചു
റ്റും വളരെ പുരുഷാരങ്ങളെ കണ്ടാറെ
അക്കരെക്കു പോകുവാൻ കല്പിച്ചു.
൰൯ അപ്പോൾ ഒരു ശാസ്ത്രി അവന്റെ
അടുക്കൽ വന്നു: ഗുരോ, നീ എവിടെ
പോയാലും ഞാൻ നിന്നെ അനുഗമിക്കാം
എന്നു പറഞ്ഞു.
൨൰ യേശു അവനോടു പറയുന്നു: കു
റുനരികൾക്കു കുഴികളും ആകാശത്തിലെ
പറവജാതികൾക്കു കൂടുകളും ഉണ്ടു; മനു
ഷ്യപുത്രന്നോ തല ചായിപ്പാൻ ഇടം
ഇല്ല.
൨൧ ശിഷ്യന്മാരിൽ വേറൊരുത്തൻ അ
വനോടു: കൎത്താവേ, ഞാൻ മുമ്പെ പോ
യി എന്റെ അപ്പനെ അടക്കം ചെയ്വാ
ൻ അനുവാദം തരേണം എന്നു പറഞ്ഞു.
൨൨ യേശു അവനോടു: നീ എന്റെ
പിന്നാലെ വരിക; മരിച്ചവർ തങ്ങളു
ടെ മരിച്ചവരെ അടക്കം ചെയ്യട്ടെ എ
ന്നു പറഞ്ഞു.
൨൩ ¶ അവൻ ഒരു പടകിൽ കയ
റിയപ്പോൾ അവന്റെ ശിഷ്യന്മാർ കൂടെ
ചെന്നു.
൨൪ പിന്നെ ഇതാ കടലിൽ വലിയ
ഓളം ഉണ്ടായിട്ടു പടകു തിരകളാൽ മൂടു
വാറായി; അവനോ ഉറങ്ങുകയായിരു
ന്നു.
൨൫ അവർ അടുത്തു ചെന്നു: കൎത്താ
വേ, രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചു
പോകുന്നു എന്നു പറഞ്ഞു അവനെ ഉ
ണൎത്തി.
൨൬ അവൻ അവരോടു: അല്പവി
ശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകു
വാൻ എന്തു? എന്നു പറഞ്ഞശേഷം എഴു
നീറ്റു കാറ്റുകളെയും കടലിനെയും
ശാസിച്ചു; വലിയ ശാന്തതയുണ്ടാകയും
ചെയ്തു.
൨൭ എന്നാറെ ആ മനുഷ്യർ അതിശ
യിച്ചു: ഇവൻ എങ്ങനെയുള്ളവൻ! കാ
റ്റുകളും കടലും കൂടെ അവനെ അനു
സരിക്കുന്നുവല്ലോ എന്നു പറഞ്ഞു.
൨൮ ¶ അവൻ അക്കരെ എത്തി ഗദ
രേനരുടെ ദേശത്തിൽ വന്നാറെ, രണ്ടു
ഭൂതബാധിതർ ശവക്കല്ലറകളിൽനിന്നു
പുറപ്പെട്ടു അവന്നു എതിരെ വന്നു; അ
വർ മഹാ ഉഗ്രന്മാർ ആയിരുന്നതുകൊ
ണ്ടു ആൎക്കും ആ വഴി നടന്നുകൂടാഞ്ഞു.
൨൯ ഇതാ അവർ നിലവിളിച്ചു പ
റഞ്ഞു: ദൈവപുത്രാ, ഞങ്ങൾക്കും നിന
ക്കും തമ്മിൽ എന്തു? സമയത്തിന്നു മുമ്പെ

ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ?

൩൦ എന്നാൽ അവരിൽനിന്ന അകലെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.

൩൧ ഭൂതങ്ങൾ അവനോട: ഞങ്ങളെ പുറത്താക്കുന്ന എങ്കിൽ പന്നിക്കൂട്ടത്തിലേക്ക ഞങ്ങളെ അയക്കേണം എന്ന അപേക്ഷിച്ചു.

൩൨ പൊയ്ക്കൊൾവിൻ എന്ന അവൻ അവരോട പറഞ്ഞു; അവർ പുറപ്പെട്ട പന്നികളിലേക്ക ചെന്നു; ഇതാ ആ കൂട്ടം എല്ലാം കടന്തൂക്കത്തൂടെ കടലിലേക്ക പാഞ്ഞു വെള്ളത്തിൽ ചാകയും ചെയ്തു,

൩൩ മേയ്ക്കുന്നവർ ഓടി പട്ടണത്തിൽ ചെന്ന സകലവും, ഭൂതബാധിതരുടെ വസ്തുതയും അറിയിച്ചു.

൩൪ പിന്നെ ഇതാ പട്ടണം എല്ലാം യേശുവിന്ന എതിരേ ചെല്ലുവാൻ പുറപ്പെട്ടു; അവനെ കണ്ടാറെ തങ്ങളുടെ അതിരുകളിൽനിന്ന വാങ്ങിപ്പോകേണമെന്ന അപേക്ഷിക്കയും ചെയ്തു.

൯ാം അദ്ധ്യായം.

പിന്നെ അവൻ പടകിൽ കയറി ഇക്കരെക്ക കടന്ന സ്വന്തപട്ടണത്തിൽ വന്നു.

൨ അവിടെ ഇതാ, കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; അവരുടെ വിശ്വാസത്തെ യേശു കണ്ട പക്ഷവാതക്കാരനോട: മകനേ, ധൈര്യമായിരിക്ക, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന പറഞ്ഞു.

൩ എന്നാൽ ഇതാ, ശാസ്ത്രികളിൽ ചിലർ: ഇവൻ ദൈവദൂഷണം പറയുന്നു എന്ന ഉള്ളംകൊണ്ട പറഞ്ഞു.

൪ യേശുവോ അവരുടെ നിരൂപണങ്ങളെ ഗ്രഹിച്ചു പറഞ്ഞു: നിങ്ങളുടെ ഹൃദയങ്ങളിൽ ദോഷങ്ങളെ നിരൂപിക്കുന്നതു എന്തുകൊണ്ട?

൫ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന പറയുന്നതോ, എഴുനീറ്റു നടക്ക എന്ന പറയുന്നതോ, ഏതു എളുപ്പം?

൬ എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്ന അധികാരം ഉണ്ട എന്ന നിങ്ങൾ അറിയേണ്ടതിന്ന—അവൻ അപ്പോൾ പക്ഷവാതക്കാരനോട പറഞ്ഞു: എഴുനീറ്റു, നിന്റെ കിടക്ക എടുത്തു നിന്റെ വീട്ടിലേക്ക പോക.

൭ അവൻ എഴുനീറ്റു തന്റെ വീട്ടിലേക്ക പോയി.

൮ ആയതു പുരുഷാരങ്ങൾ കണ്ട ഭയപ്പെട്ട മനുഷ്യൎക്ക ഇപ്രകാരമുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

൯ ¶ യേശു അവിടെ നിന്ന കടന്ന പോകുമ്പോൾ മത്തായി എന്ന പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ട: എന്റെ പിന്നാലെ വരിക, എന്ന അവനോട പറഞ്ഞു; അവൻ എഴുനീറ്റു അവന്റെ പിന്നാലെ പോയി.

൧൦ ¶ പിന്നെ അവൻ വീട്ടിൽ ഭക്ഷണത്തിന്ന ഇരിക്കുമ്പോൾ ഇതാ, വളരെ ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടി പന്തിയിൽ ഇരുന്നു.

൧൧ പരീശന്മാർ അതു കണ്ട അവന്റെ ശിഷ്യന്മാരോട പറഞ്ഞു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നതു എന്തുകൊണ്ട?

൧൨ യേശു അതു കേട്ടാറെ പറഞ്ഞതു: സൌഖ്യമുള്ളവൎക്ക വൈദ്യനെക്കൊണ്ട ആവശ്യമില്ല ദീനക്കാൎക്കേയുള്ളു.

൧൩ ബലിയിൽ അല്ല കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നു എന്നുള്ളതു എന്തു എന്ന നിങ്ങൾ പോയി പഠിപ്പിൻ. ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു.

൧൪ ¶ അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്ന പറഞ്ഞു: ഞങ്ങളും പരീശരും വളരെ ഉപവസിക്കുന്നതും നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതും എന്തുകൊണ്ട?

൧൫ യേശു അവരോട പറഞ്ഞു: മണവാളൻ തങ്ങളോട കൂടെയുള്ളപ്പോൾ തോഴ്മക്കാൎക്ക ദുഃഖിപ്പാൻ കഴികയില്ല; മ

ണവാളൻ അവരിൽനിന്നു എടുക്കപ്പെടു
ന്ന നാളുകൾ വരും, അപ്പോൾ അവർ
ഉപവസിക്കും.
൰൬ കോടിത്തുണിക്കണ്ടം ആരും പ
ഴയ വസ്ത്രത്തിൽ ചേൎത്തു തുന്നമാറില്ല; തു
ന്നിയാൽ നിറപ്പിന്നായി ചേൎത്തതു വ
സ്ത്രത്തെ കീറുന്നു, ചീന്തൽ ഏററം വല്ലാ
തെയായി തീരുന്നു.
൰൭ പുതിയ വീഞ്ഞു പഴയ തോല്ക്കുട
ങ്ങളിൽ പകരുമാറില്ല; പകൎന്നാൽ തോ
ല്ക്കുടങ്ങൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോ
കുന്നു; തോല്ക്കുടങ്ങളും കെട്ടുപോകുന്നു.
പുതിയ വീഞ്ഞു പുതിയ തോല്ക്കുടങ്ങളി
ലെ പകൎന്നു വെക്കയുള്ളു; അപ്പോൾ ര
ണ്ടും ഭദ്രമായിരിക്കും.
൰൮ ¶ അവൻ അവരോടു ഇവ പ
റയുമ്പോൾ ഇതാ, ഒരു പ്രമാണി വന്നു
അവനെ കുമ്പിട്ടു പറഞ്ഞു: എന്റെ മക
ൾ ഇപ്പോൾ തന്നെ കഴിഞ്ഞുപോയി, എ
ങ്കിലും നീ വന്നു അവളുടെമേൽ കൈ
വെക്കേണമേ എന്നാൽ അവൾ ജീവി
ക്കും.
൰൯ എന്നാറെ യേശു എഴുനീററു ത
ന്റെ ശിഷ്യന്മാരുമായി അവന്റെ പി
ന്നാലെ ചെന്നു.
൨൰ അപ്പോൾ ഇതാ, പന്ത്രണ്ടു സംവ
ത്സരമായിട്ടു രക്തവാൎച്ചയുള്ള ഒരു സ്ത്രീ:
൨൰൧ ഞാൻ അവന്റെ വസ്ത്രം മാത്രം
തൊട്ടു എങ്കിൽ രക്ഷപെടും എന്നു ഉള്ളം
കൊണ്ടു പറഞ്ഞു, പിന്നിൽ വന്നു അവ
ന്റെ വസ്ത്രത്തിന്റെ തൊങ്ങലെ തൊട്ടു.
൨൰൨ യേശു തിരിഞ്ഞു അവളെ കണ്ട
പ്പോൾ: മകളേ, ധൈൎയ്യപ്പെടുക നിന്റെ
വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറ
ഞ്ഞു; ആ നാഴിക മുതൽ സ്ത്രീ രക്ഷപെട്ടു.
൨൰൩ പിന്നെ യേശു പ്രമാണിയുടെ
വീട്ടിൽ കടന്നു, കുഴൽ ഊതുന്നവരെയും
ആരവാരക്കൂട്ടത്തെയും കണ്ടിട്ടു:
൨൰൪ വാങ്ങിപ്പോകുവിൻ, ബാല മരി
ച്ചില്ലല്ലോ ഉറങ്ങുന്നത്രേ എന്നു പറഞ്ഞു;
എന്നാറെ അവർ അവനെ പരിഹസി
ച്ചു.
൨൰൫ പുരുഷാരത്തെ പുറത്താക്കിയ ശേ
ഷം അവൻ അകത്തു കടന്നു അവളുടെ
കൈയെ പിടിച്ചു; ബാല എഴുനീല്ക്കയും
ചെയ്തു.
൨൰൬ ഇതിന്റെ ശ്രുതി ആ ദേശത്തി
ൽ ഒക്കെയും പരന്നു.
൨൰൭ ¶ യേശു അവിടെനിന്നു കട
ന്നുപോകുമ്പോൾ രണ്ടു കുരുടന്മാർ: ദാ
വീദ് പുത്രാ, ഞങ്ങളോടു കരുണ തോ
ന്നേണമേ, എന്നു നിലവിളിച്ചുംകൊണ്ടു
പിന്തുടൎന്നു.
൨൰൮ അവൻ വീട്ടിൽ ചെന്നാറെ കു
രുടന്മാർ അവന്റെ അടുക്കൽ വന്നു· ഇ
തിനെ ചെയ്വാൻ എനിക്കു കഴിയും എന്നു
വിശ്വസിക്കുന്നുവോ? എന്നു യേശു ചോ
ദിച്ചതിന്നു: ഉവ്വ, കൎത്താവേ, എന്നു അ
വർ പറഞ്ഞു.
൨൰൯ അപ്പോൾ അവൻ അവരുടെ ക
ണ്ണുകളെ തൊട്ടു: നിങ്ങളുടെ വിശ്വാസം
പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പ
റഞ്ഞു; ഉടനെ അവരുടെ കണ്ണുകൾ തു
റക്കയും ചെയ്തു.
൩൰ പിന്നെ യേശു: നോക്കുവിൻ,
ആരും അറിയരുതു എന്നു അമൎച്ചയായി
അവരെ വിലക്കി.
൩൰൧ അവരോ പുറപ്പെട്ടു ആ ദേശ
ത്തിലൊക്കെയും അവന്റെ ശ്രുതിയെ പ
രത്തി.
൩൰൨ ¶ അവർ പുറപ്പെടുമ്പോൾ ഇ
താ, ഭൂതബാധിതനായ ഒരു ഊമനെ അ
വന്റെ അടുക്കൽ കൊണ്ടുവരുന്നു.
൩൰൩ അവൻ ഭൂതത്തെ പുറത്താക്കി
യാറെ ഊമൻ സംസാരിച്ചു; ഇസ്രയേലി
ൽ ഇങ്ങിനെ ഒരുനാളും കണ്ടിട്ടില്ല എന്നു
പുരുഷാരങ്ങൾ പറഞ്ഞു അതിശയിക്കയും
ചെയ്തു.
൩൰൪ പറീശരോ: ഇവൻ ഭൂതങ്ങളുടെ
തലവനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കു
ന്നു· എന്നു പറഞ്ഞു
൩൰൫ ¶ യേശു പട്ടണംതോറും ഊർ
തോറും സഞ്ചരിച്ചു അവരുടെ പള്ളിക
ളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവി
ശേഷത്തെ പ്രസംഗിക്കയും സകല ദീന
ത്തെയും സകല വ്യാധിയെയും സൌഖ്യ
മാക്കുകയും ചെയ്തു.
൩൰൬ എന്നാൽ പുരുഷാരങ്ങളെ ഇട

യനില്ലാത്ത ആട്ടകളെ പോലെ കുഴഞ്ഞ
വരും ചിന്നിയവരുമായി കണ്ടിട്ടു അവ
രെ കുറിച്ചു മനസ്സലിഞ്ഞു.
൩൭ അന്നു തന്റെ ശിഷ്യന്മാരോട്ടു പ
റഞ്ഞു: കൊയിത്തു വളരെ ഉണ്ടു സത്യം,
വേലക്കാരോ ചുരുക്കം.
൩൮ ആകയാൽ കൊയിത്തിന്റെ യ
ജമാനനോട്ടു തന്റെ കൊയിത്തിലേക്കു
വേലക്കാരെ അയക്കേണ്ടതിന്നു യാചി
പ്പിൻ.

൧൦ാം അദ്ധ്യായം.

പിന്നെ അവൻ തന്റെ പന്ത്രണ്ടു ശി
ഷ്യന്മാരെയും അട്ടക്കൽ വിളിച്ചു, അശു
ദ്ധാത്മാക്കളെ പുറത്താക്കുവാൻ അവയി
ന്മേലും സകല ദീനത്തെയും സകല വ്യാ
ധിയെയും പൊറുപ്പിപ്പാനും അവൎക്ക അ
ധികാരം കൊടുത്തു.
൨ ¶ പന്ത്രണ്ടു അപ്പോസ്തലന്മാരുടെ
പേരുകൾ ഇവ: ഒന്നാമൻ പത്രോസ്
എന്നു വിളിക്കപ്പെട്ടുന്ന ശിമോനും, അവ
ന്റെ സഹോദരൻ അന്ത്രയോസും, സ
ബദിയുടെ മകൻ യാക്കോബും, അവ
ന്റെ സഹോദരൻ യോഹന്നാനും,
൩ ഫീലിപ്പോസും, ബൎത്തൊലൊമാ
യിം, തോമാസും, ചുങ്കക്കാരൻ മത്തായി
യും, അല്പായിയുടെ പുത്രൻ യാക്കോബും,
തദ്ദായിയും,
൪ ശിമോനും, യേശുവിനെ കാണി
ച്ചുകൊടുത്ത ഇഷ്കൎയ്യോത്താ യൂദാവും ത
ന്നേ.
൫ ¶ ഈ പന്ത്രണ്ടു പേരെയും യേ
ശു അയക്കുമ്പോൾ അവരോട്ടു ആജ്ഞാ
പിച്ചു പറഞ്ഞതു: ജാതികളിലേക്കുള്ള വ
ഴിയിൽ പോകാതെയും ശമൎയ്യരുടെ പട്ട
ണത്തിൽ കടക്കാതെയും,
൬ ഇസ്രയേൽ ഗൃഹത്തിലെ കാണാ
തെ പോയ ആട്ടകളുടെ അട്ടക്കൽ പ്ര
ത്യേകം ചെല്ലുവിൻ.
൭ എന്നാൽ നിങ്ങൾ പോകുമ്പോൾ,
സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, എന്നു
ഘോഷിച്ചു പറവിൻ.
൮ രോഗികളെ സൌഖ്യമാക്കുവിൻ,
മരിച്ചവരെ ഉയിൎപ്പിപ്പിൻ, കുഷ്ഠരോഗി
കളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറ
ത്താക്കുവിൻ; സൌജന്യമായി നിങ്ങൾക്കു
ലഭിച്ചു സൌജന്യമായി കൊടുപ്പിൻ.
൯ നിങ്ങളുടെ മടിശ്ശീലകളിൽ പൊ
ന്നും വെള്ളിയും ചെമ്പും സമ്പാദിക്കരുതു.
൧൦ വഴിക്കു പൊക്കണവും രണ്ടു ഉടു
പ്പും ചെരിപ്പുകളും വടിയും അരുതു; വേ
ലക്കാരൻ തന്റെ ആഹാരത്തിന്നു യോ
ഗ്യനല്ലോ ആകുന്നതു.
൧൧ ഏതു പട്ടണത്തിലോ ഊരിലോ
പ്രവേശിക്കുമ്പോൾ അതിൽ ആർ യോ
ഗ്യൻ ആകുന്നു എന്നു അന്വേഷിപ്പിൻ;
പുറപ്പെട്ടുവോളത്തിന്നു അവിടെ തന്നേ
പാൎപ്പിൻ.
൧൨ ആ വീട്ടിൽ ചെല്ലുമ്പോൾ അതി
ന്നു വന്ദനം ചൊല്ലുവിൻ.
൧൩ വീട്ടിന്നു യോഗ്യതയുണ്ടെങ്കിൽ
നിങ്ങളുടെ സമാധാനം അതിന്മേൽ വ
രട്ടെ: യോഗ്യതയില്ല എന്നു വരികിലോ
ആ സമാധാനം നിങ്ങളിലേക്കു തിരികെ
പോരട്ടെ.
൧൪ ആരെങ്കിലും നിങ്ങളെ കൈക്കൊ
ള്ളാതെയും നിങ്ങളുടെ വചനങ്ങളെ കേ
ൾക്കാതെയുമിരുന്നാൽ, ആ വീടു താൻ
നഗരം താൻ വിട്ടുപോകുമ്പോൾ നിങ്ങ
ളുടെ പാദങ്ങളിലെ പൊടിയെ തട്ടിക്ക
ളവിൻ.
൧൫ സത്യമായിട്ടു ഞാൻ നിങ്ങളോട്ടു
പറയുന്നു: ന്യായവിധിനാളിൽ ആ പട്ട
ണത്തെക്കാൾ സോദോമ്യരുടെയും ഗമോ
ൎയ്യരുടെയും ദേശത്തിന്നു സഹിക്കാവ
താകും.
൧൬ ¶ ഇതാ ചെന്നായ്ക്കളുടെ നടു
വിൽ ആട്ടകൾ കണക്കെ ഞാൻ നിങ്ങ
ളെ അയക്കുന്നു. ആകയാൽ പാമ്പുകളെ
പോലെ ബുദ്ധിയുള്ളവരും പ്രാവുകളെ
പോലെ കളങ്കമില്ലാത്തവരും ആകുവിൻ.
൧൭ എന്നാൽ മനുഷ്യരിൽനിന്നു സൂ
ക്ഷിച്ചുകൊൾവിൻ; അവർ നിങ്ങളെ
ന്യായാധിപസംഘങ്ങളിൽ ഏല്പിക്കയും ത
ങ്ങളുടെ പള്ളികളിൽവെച്ചു ചമ്മട്ടികൊ
ണ്ടു അടിക്കയും;
൧൮ എന്റെ നിമിത്തം നാടുവാഴിക
ൾക്കും രാജാക്കൾക്കും മുമ്പിൽ കൊണ്ടുപോ

കയും ചെയ്യും, അവൎക്കും ജാതികൾക്കും സാക്ഷ്യത്തിന്നായി തന്നേ.

൧൯ എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ടാ; എന്തുകൊണ്ടെന്നാൽ പറവാനുള്ളതു ആ നാഴികയിൽ തന്നെ നിങ്ങൾക്കു തരപ്പെടും.

൨൦ പറയുന്നതു നിങ്ങൾ അല്ലല്ലോ, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിൻ ആത്മാവത്രെ ആകുന്നതു.

൨൧ എന്നാൽ സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന്നു ഏല്പിക്കും; അമ്മയപ്പന്മാൎക്കു എതിരായി മക്കൾ എഴുനീറ്റു അവരെ കൊല്ലിക്കും.

൨൨ എന്റെ നാമം നിമിത്തം നിങ്ങൾ എല്ലാവരാലും പകെക്കപ്പെട്ടവർ ആകും; അവസാനം വരെ സഹിച്ചു നില്ക്കുന്നവനോ അവൻ രക്ഷിക്കപ്പെടും.

൨൩ എന്നാൽ ഈ പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറേറതിലേക്കു ഓടിപ്പോകുവിൻ. മനുഷ്യപുത്രൻ വരുവോളം നിങ്ങൾ ഇസ്രയേൽ പട്ടണങ്ങളെ സഞ്ചരിച്ചു തികെക്കയില്ല, എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു.

൨൪ ¶ ശിഷ്യൻ ഗുരുവിന്മീതെയല്ല; ദാസൻ തന്റെ കൎത്താവിൻ മീതെയുമല്ല.

൨൫ തന്റെ ഗുരുവിനെ പോലെയാകുന്നതു ശിഷ്യന്നു മതി; കൎത്താവിനെ പോലെയാകുന്നതു ദാസന്നും മതി. അവർ വീട്ടുടയവനെ ബെയത്സബൂൽ എന്നു വിളിച്ചു എങ്കിൽ അവന്റെ വീട്ടുകാരെ എത്ര അധികം?

൨൬ അതുകൊണ്ടു അവരെ ഭയപ്പെടരുതു; മൂടിവെച്ചതു ഒന്നും വെളിപ്പെടാതെയും ഗൂഢമായതു ഒന്നും അറിഞ്ഞുവരാതെയും ഇരിക്കയില്ല.

൨൭ ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറവിൻ; നിങ്ങൾ ചെവിയിൽ കേൾക്കുന്നതു പുരമുകളിൽനിന്നു ഘോഷിപ്പിൻ.

൨൮ ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ.

൨൯ കാശിന്നു രണ്ടു കുരികിൽ വില്ക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു കൂടാതെ നിലത്തു വീഴുകയില്ല.

൩൦ എന്നാൽ നിങ്ങളുടെ തലയിലെ രോമങ്ങളും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു.

൩൧ ആകയാൽ ഭയപ്പെടേണ്ടാ; ഏറിയ കുരികില്കളെക്കാളും നിങ്ങൾ വിശേഷതയുള്ളവർ ആകുന്നു.

൩൨ എന്നാൽ ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറഞ്ഞാൽ, അവനെ ഞാനും സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ മുമ്പിൽ ഏറ്റു പറയും.

൩൩ ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറഞ്ഞാൽ, അവനെ ഞാനും എന്റെ പിതാവിന്റെ മുമ്പിൽ തള്ളിപ്പറയും.

൩൪ ¶ ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കേണ്ടാ, സമാധാനം അല്ല വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു.

൩൫ മനുഷ്യനെ തന്റെ അപ്പനോടും മകളെ തന്റെ അമ്മയോടും മരുമകളെ തന്റെ അമ്മാവിയോടും വേറാക്കുവാനത്രേ ഞാൻ വന്നതു.

൩൬ മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും.

൩൭ എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യൻ അല്ല; എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല.

൩൮ തന്റെ ക്രൂശു എടുത്തു എന്റെ പിന്നാലെ വരാത്തവനും എനിക്കു യോഗ്യനല്ല.

൩൯ തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും.

൪൦ ¶ നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈ

കൊള്ളുന്നവൻ എന്നെ അയച്ചവനെ
കൈക്കൊള്ളുന്നു.

൪൧ പ്രവാചകൻ എന്നു വെച്ചു പ്ര
വാചകനെ കൈക്കൊള്ളുന്നവന്നു പ്രവാ
ചകന്റെ പ്രതിഫലം ലഭിക്കും; നീതിമാ
ൻ എന്നു വെച്ചു നീതിമാനെ കൈക്കൊ
ള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ല
ഭിക്കും.

൪൨ ആരെങ്കിലും ശിഷ്യൻ എന്നു വെ
ച്ചു ഈ ചെറിയവരിൽ ഒരുത്തന്നു ഒരു
പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ
കൊടുത്താൽ സത്യമായിട്ടു ഞാൻ നിങ്ങ
ളോടു പറയുന്നു: അവന്നു തന്റെ പ്ര
തിഫലം കിട്ടാതെ പോകയില്ല.

൧൧ാം അദ്ധ്യായം.

പിന്നെ യേശു തന്റെ പന്ത്രണ്ടു ശിഷ്യ
ന്മാരോടു കല്പിച്ചു തീൎന്നശേഷം അവരു
ടെ പട്ടണങ്ങളിൽ പഠിപ്പിപ്പാനും പ്രസം
ഗിപ്പാനും അവിടെനിന്നു പുറപ്പെട്ടുപോ
യി.

൨ ¶ എന്നാൽ യോഹന്നാൻ കാരാ
ഗൃഹത്തിൽ വെച്ചു ക്രിസ്തുവിന്റെ പ്രവൃ
ത്തികളെ കുറിച്ചു കേട്ടിട്ടു തന്റെ ശിഷ്യ
ന്മാരെ അയച്ചു:

൩ വരുവാനുള്ളവൻ നീയോ ഞങ്ങൾ
മറ്റൊരുവനെ കാത്തിരിക്കയോ എന്നു
അവർ മുഖാന്തരം അവനോടു പറ
യിച്ചു.

൪ യേശു അവരോടു ഉത്തരം പറ
ഞ്ഞതു: നിങ്ങൾ കേൾക്കയും കാണ്കയും
ചെയ്യുന്നവ യോഹന്നാനോടു ചെന്നു
അറിയിപ്പിൻ.

൫ കുരുടർ കാണുന്നു, മുടന്തർ നടക്കു
ന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരു
ന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ
ഉയിൎക്കുന്നു, ദരിദ്രൎക്കു സുവിശേഷം അറി
യിക്കപ്പെടുന്നു.

൬ എന്നാൽ എങ്കൽ ഇടറിപ്പോകാത്ത
വൻ എല്ലാം ഭാഗ്യവാൻ.

൭ അവർ പോയശേഷം യേശു യോ
ഹന്നാനെ കുറിച്ചു പുരുഷാരങ്ങളോടു
പറഞ്ഞു തുടങ്ങി: നിങ്ങൾ എന്തു കാണ്മാ
ൻ മരുഭൂമിയിലേക്കു പുറപ്പെട്ടുപോയി?
കാറ്റിനാൽ ഉലയുന്ന ഓടയോ?

൮ അല്ല, എന്തു കാണ്മാൻ പുറപ്പെട്ടു?
മാൎദ്ദവവസ്ത്രങ്ങൾ ധരിച്ച മനുഷ്യനെ
യോ? ഇതാ മാൎദ്ദവവസ്ത്രം ധരിക്കുന്നവർ
രാജഗൃഹങ്ങളിൽ അത്രേ ആകുന്നു.

൯ അല്ല, എന്തിന്നായിട്ടു പുറപ്പെട്ടു?
ഒരു പ്രവാചകനെ കാണ്മാനോ? അതേ,
ഞാൻ നിങ്ങളോടു പറയുന്നു: പ്രവാച
കനിലും മികെച്ചവനെ തന്നേ.

൧൦ ഇതാ ഞാൻ എന്റെ ദൂതനെ നി
ന്റെ മുഖത്തിന്നു മുമ്പാകെ അയക്കുന്നു;
അവൻ നിന്റെ മുമ്പിൽ നിനക്കു വഴി
ഒരുക്കും എന്നു ആരെ കുറിച്ചു എഴുതപ്പെ
ട്ടിരിക്കുന്നുവോ അവൻ തന്നേ ഇവൻ
ആകുന്നു.

൧൧ സത്യമായിട്ടു ഞാൻ നിങ്ങളോടു
പറയുന്നു: സ്ത്രീകളിൽനിന്നു ജനിച്ചവ
രിൽ യോഹന്നാൻ സ്നാപകനെക്കാൾ വ
ലിയവൻ ആരും എഴുനീറ്റിട്ടില്ല; എ
ന്നാൽ സ്വൎഗ്ഗരാജ്യത്തിൽ ഏറ്റം ചെറി
യവൻ അവനിലും വലിയവൻ ആകു
ന്നു.

൧൨ എന്നാൽ യോഹന്നാൻ സ്നാപക
ന്റെ നാളുകൾ മുതൽ ഇന്നേവരെയും
സ്വൎഗ്ഗരാജ്യം ആക്രമിക്കപ്പെടുന്നു; ആക്ര
മികൾ അതിനെ പിടിച്ചടക്കുകയും ചെ
യ്യുന്നു.

൧൩ എന്തുകൊണ്ടെന്നാൽ സകല പ്ര
വാചകന്മാരും ന്യായപ്രമാണവും യോഹ
ന്നാൻ വരെ പ്രവചിച്ചു.

൧൪ നിങ്ങൾക്കു പരിഗ്രഹിപ്പാൻ മന
സ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവു അ
വൻ തന്നേ ആകുന്നു.

൧൫ കേൾപ്പാൻ ചെവിയുള്ളവൻ കേ
ൾക്കട്ടെ.

൧൬ എന്നാൽ ഈ തലമുറയെ ഏതി
നോടു ഉപമിക്കേണ്ടു? ചന്തസ്ഥലങ്ങളിൽ
ഇരുന്നു, തങ്ങളുടെ തോഴന്മാരോടു:

൧൭ ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി,
നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ വി
ലാപം പാടി, നിങ്ങൾ മാറടിച്ചതുമില്ല;
എന്നു വിളിച്ചു പറയുന്ന കുട്ടികളോടു
അതു ഒക്കുന്നു:

൧൮ എങ്ങനെയെന്നാൽ യോഹന്നാൻ ഭക്ഷിക്കയും കുടിക്കയും ചെയ്യാത്തവനായി വന്നു അവന്നു ഭൂതമുണ്ടെന്നു അവർ പറയുന്നു.

൧൯ മനുഷ്യപുത്രൻ ഭക്ഷിച്ചും കുടിച്ചുംകൊണ്ടു വന്നു, ഇതാ തിന്നിയും കുടിയനുമാകുന്ന മനുഷ്യൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നു അവർ പറയുന്നു; ജ്ഞാനമോ തന്റെ പ്രവൃത്തികളാൽ* നീതികരിക്കപ്പെട്ടിരിക്കുന്നു.

൨൦ ¶ അപ്പോൾ അവൻ തന്റെ ശക്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചു തുടങ്ങി.

൨൧ കോറസിനെ നിനക്കു ഹാ കഷ്ടം, ബെത്തസയിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന ശക്തികൾ തുരോസിലും സിദോനിലും നടന്നിരുന്നു എങ്കിൽ അവ പണ്ടേ തന്നേ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെട്ടമായിരുന്നു.

൨൨ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ന്യായവിധിനാളിൽ നിങ്ങളെക്കാൾ തുരോസിന്നും സീദോന്നും സഹിക്കാവതാകും.

൨൩ നീയോ കപ്പർന്നഹൂമേ, സ്വൎഗ്ഗത്തോളം ഉയൎന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും; നിന്നിൽ നടന്ന ശക്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നേവരെയും നില്ക്കുമായിരുന്നു.

൨൪ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ന്യായവിധിനാളിൽ നിന്നെക്കാൾ സൊദോമ്യരുടെ നാട്ടിന്നു സഹിക്കാവതാകും.

൨൫ ¶ ആ സമയത്തു തന്നേ യേശു ഉത്തരമായിട്ടു പറഞ്ഞു: പിതാവേ, സ്വൎഗ്ഗത്തിന്നും ഭൂമിക്കും കൎത്താവായുള്ളോവേ, നീ ഇവയെ ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു.

൨൬ അങ്ങനെ തന്നേ പിതാവേ, ഇപ്രകാരമല്ലോ നിനക്കു പ്രസാദം തോന്നിയതു.

൨൭ സകലവും എന്റെ പിതാവിനാൽ എങ്കൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു; പിതാവല്ലാതെ ആരും പുത്രനെ തിരിച്ചറിയുന്നില്ല; പുത്രനും പുത്രൻ ആൎക്കു വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നുവോ അവനും അല്ലാതെ ആരും പിതാവിനെ തിരിച്ചറിയുന്നതുമില്ല.

൨൮ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.

൨൯ ഞാൻ സൌമ്യതയും ഹൃദയതാഴ്മയും ഉള്ളവൻ ആകകൊണ്ടു എന്റെ നുകം നിങ്ങളിൽ ഏറ്റുകൊണ്ടു എങ്കൽനിന്നു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും.

൩൦ എന്തുകൊണ്ടെന്നാൽ എന്റെ നുകം ഗുണമുള്ളതും എന്റെ ചുമടു ലഘുവും ആകുന്നു.

൧൨ാം അദ്ധ്യായം.

ആ സമയത്തു യേശു ശബ്ബത്തുനാളിൽ വിളഭൂമിയിൽ കൂടെ കടന്നുപോയി; അവന്റെ ശിഷ്യന്മാർ വിശന്നിട്ടു കതിരുകളെ പറിച്ചു തിന്നുതുടങ്ങി.

൨ പരിശർ അതു കണ്ടിട്ടു ഇതാ, ശബ്ബത്തുനാളിൽ ചെയ്യാൻ വിഹിതമല്ലാത്തതു നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്നു അവനോടു പറഞ്ഞു.

൩ അവൻ അവരോടു പറഞ്ഞു: ദാവീദ് തനിക്കും കൂടെയുള്ളവൎക്കും വിശന്നപ്പോൾ ചെയ്തതു എന്തു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ?

൪ അവൻ ദൈവാലയത്തിൽ ചെന്നു, പുരോഹിതന്മാൎക്കു മാത്രമല്ലാതെ തനിക്കും കൂടെയുള്ളവൎക്കും ഭക്ഷിപ്പാൻ വിഹിതമല്ലാത്ത കാഴ്ചയപ്പങ്ങളെ ഭക്ഷിച്ചു എന്നതു തന്നേ.

---

* ചില പുരാതന ലിഖകളിൽ മക്കളാൽ എന്നു കാണുന്നു.

൫ അല്ല ശബ്ബത്തുനാളിൽ പുരോഹിത
ന്മാർ ദൈവാലയത്തിൽവെച്ച സ്വസ്ഥ
നാളിനെ ലംഘിക്കുന്നു എങ്കിലും കുററമി
ല്ലാതെ ഇരിക്കുന്നു, എന്നുള്ളതു ന്യായപ്ര
മാണത്തിൽ വായിച്ചിട്ടില്ലയോ?
൬ എന്നാൽ ഞാൻ നിങ്ങളോട പറ
യുന്നു: ദൈവാലയത്തെക്കാൾ വലിയവ
ൻ ഇവിടെ ഉണ്ട.
൭ പിന്നെ ബലിയിൽ അല്ല കരുണ
യിൽ അത്രെ ഞാൻ പ്രസാദിക്കുന്നു, എ
ന്നുള്ളതു എന്തു എന്നു നിങ്ങൾ അറിഞ്ഞി
രുന്നു എങ്കിൽ കുററമില്ലാത്തവരെ കു
ററം വിധിക്കയില്ലായിരുന്നു.
൮ മനുഷ്യപുത്രനോ ശബ്ബത്തുനാളിന്നു
കൎത്താവാകുന്നു.
൯ ¶ അവൻ അവിടെനിന്നു മാറി
അവരുടെ പള്ളിയിൽ ചെന്നു.
൧൦ അപ്പോൾ ഇതാ കൈ വരണ്ട ഒ
രു മനുഷ്യൻ. അവർ അവനിൽ കുററം
ചുമത്തേണ്ടതിന്നു ശബ്ബത്തുനാളിൽ സൌ
ഖ്യമാക്കുന്നതു വിഹിതമോ എന്നു അവ
നോട ചോദിച്ചു.
൧൧ അവൻ അവരോട പറഞ്ഞു: നി
ങ്ങളിൽ യാതൊരു മനുഷ്യന്നും ഒരു ആ
ട്ടുണ്ടായിട്ടു അതു ശബ്ബത്തു ദിവസത്തിൽ
കുഴിയിൽ വീണാൽ അവൻ അതിനെ
പിടിച്ചു കയററുകയില്ലയോ?
൧൨ എന്നാൽ മനുഷ്യൻ ആടിനെക്കാ
ൾ എത്ര വിശേഷതയുള്ളവൻ! ആകയാ
ൽ ശബ്ബത്തുനാളിൽ നന്മ ചെയ്യുന്നതു വി
ഹിതം തന്നേ.
൧൩ എന്നാറെ ആ മനുഷ്യനോട:
നിന്റെ കൈ നീട്ടുക എന്നു പറഞ്ഞു; അ
വൻ നീട്ടി, അതു മറേറതുപോലെ സൌ
ഖ്യമാകയും ചെയ്തു.
൧൪ പരീശരോ പുറപ്പെട്ടു അവനെ
നശിപ്പിപ്പാൻ വേണ്ടി അവന്നു വിരോധ
മായി തങ്ങളിൽ ആലോചിക്കയും ചെയ്തു.
൧൫ യേശു അതു അറിഞ്ഞിട്ടു അവി
ടെനിന്നു വാങ്ങിപ്പോയി, വളരെ പേർ
അവന്റെ പിന്നാലേ ചെന്നു; അവൻ
അവരെ ഒക്കയും സൌഖ്യമാക്കി.
൧൬ തന്നെ പ്രസിദ്ധമാക്കരുതു എന്നു
അവൻ അവരോട ആജ്ഞാപിച്ചു.

൧൭ ഇങ്ങനെ യശയ്യാ പ്രവാചകനാ
ൽ പറയപ്പെട്ടതു നിവൃത്തിയാകുവാൻ
സംഗതി വരികയും ചെയ്തു.
൧൮ അതാവിതു: ഇതാ ഞാൻ തെരി
ഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉ
ള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ,
ഞാൻ എന്റെ ആത്മാവിനെ അവന്റെ
മേൽ വെക്കും, അവൻ ജാതികൾക്കു ന്യാ
യവിധിയെ അറിയിക്കും.
൧൯ അവൻ കലഹിക്കയില്ല നിലവി
ളിക്കയുമില്ല; ആരും തെരുക്കളിൽ അവ
ന്റെ ശബ്ദത്തെ കേൾക്കയുമില്ല.
൨൦ ചതഞ്ഞ ഓടയെ അവൻ ഒടിക്കാ
തെയും, പുകയുന്ന തിരിയെ കെടുത്താ
തെയും ഇരിക്കും; ന്യായവിധിയെ ജയ
ത്തോളം നടത്തും വരെ തന്നേ.
൨൧ അവന്റെ നാമത്തിൽ ജാതിക
ൾ ആശ വെക്കുകയും ചെയ്യും.
൨൨ ¶ അപ്പോൾ കുരുടനും ഊമനു
മായോരു ഭൂതബാധിതനെ അവർ അവ
ന്റെ അടുക്കൽ കൊണ്ടുവന്നു; ഊമൻ
സംസാരിക്കയും കാണ്കയും ചെയ്വാൻ തക്ക
വണ്ണം അവൻ അവനെ സൌഖ്യമാക്കി.
൨൩ എന്നാറെ പുരുഷാരങ്ങൾ ഒക്കെ
യും വിസ്മയിച്ചു: എന്തോ ഇവൻ ദാവീദ
പുത്രൻ തന്നേയോ എന്നു പറഞ്ഞു.
൨൪ ആതു കേട്ടിട്ടു പരീശർ പറഞ്ഞു:
ഇവൻ ഭൂതങ്ങളുടെ തലവനായ ബെയ
ത്സബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ
പുറത്താക്കുന്നില്ല.
൨൫ അവരുടെ നിരൂപണങ്ങളെ അ
വൻ അറിഞ്ഞു, അവരോട പറഞ്ഞു: യാ
തൊരു രാജ്യവും തന്നിൽ തന്നേ ഛിദ്രിച്ചു
എങ്കിൽ ശൂന്യമാകും; യാതൊരു പട്ടണ
മോ ഗൃഹമോ തന്നിൽ തന്നെ ഛിദ്രിച്ചു
എങ്കിൽ നില നില്ക്കയില്ല.
൨൬ സാത്താൻ സാത്താനെ പുറത്താ
ക്കുന്നുവെങ്കിൽ അവൻ തന്നിൽ തന്നെ
ഛിദ്രിച്ചുപോയല്ലോ; പിന്നെ അവന്റെ
രാജ്യം എങ്ങനെ നിലനില്ക്കും?
൨൭ ഞാൻ ബെയത്സബൂലിനെ കൊ
ണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ,
നിങ്ങളുടെ മക്കൾ ആരെക്കൊണ്ടു പുറ

ത്താക്കുന്നു? അതുകൊണ്ട അവർ നിങ്ങൾക്ക ന്യായാധിപന്മാർ ആകും.

൨൮ എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം.

൨൯ അല്ലായ്കിൽ മുമ്പെ ബലവാനെ കെട്ടീട്ടല്ലാതെ ഒരുത്തന്നു ബലവാന്റെ വീട്ടിൽ കടന്നു, അവന്റെ കോപ്പുകളെ കവൎന്നുകളവാൻ എങ്ങിനെ കഴിയും? കെട്ടിയാൽ പിന്നെ അവന്റെ വീടു കവൎച്ച ചെയ്യാം.

൩൦ എന്നോടു കൂടെ അല്ലാത്തവൻ എനിക്കു എതിർ ആകുന്നു; എന്നോടുകൂടെ ചേൎക്കാത്തവൻ ചിതറിക്കുന്നു,

൩൧ ആകയാൽ ഞാൻ നിങ്ങളോടു പറയുന്നു: എല്ലാ പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കപ്പെടും; ആത്മാവിന്നു വിരോധമായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല താനും.

൩൨ ആരെങ്കിലും മനുഷ്യപുത്രന്നു വിരോധമായി ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കപ്പെടും; പരിശുദ്ധാത്മാവിന്നു വിരോധമായി പറഞ്ഞാലോ, ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കപ്പെടുകയില്ല.

൩൩ ഒന്നുകിൽ വൃക്ഷം നല്ലതു, അതിന്റെ ഫലവും നല്ലതു, എന്നു വെപ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, അതിന്റെ ഫലവും ചീത്ത, എന്നു വെപ്പിൻ; ഫലംകൊണ്ടല്ലോ വൃക്ഷം അറിയുന്നതു.

൩൪ അണലിസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കേ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായി സംസാരിക്കുന്നതു.

൩൫ നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലവയെ പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുൎന്നിക്ഷേപത്തിൽനിന്നു തീയവ പുറപ്പെടുവിക്കുന്നു.

൩൬ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധി നാളിൽ കണക്ക ബോധിപ്പിക്കേണ്ടി വരും.

൩൭ എന്തുകൊണ്ടെന്നാൽ നിന്റെ വാക്കുകളാൽ നീ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.

൩൮ ¶ അപ്പോൾ ശാസ്ത്രികളിലും പരീശരിലും ചിലർ അവനോടു ഉത്തരമായിട്ടു: ഗുരോ, നിങ്കൽനിന്നു ഒരു അടയാളം കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു, എന്നു പറഞ്ഞു.

൩൯ അവൻ അവരോടു ഉത്തരം പറഞ്ഞതു: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളം ഒഴികെ അതിന്നു അടയാളം കൊടുക്കപ്പെടുകയില്ല.

൪൦ യോനാ കടലാനയുടെ വയറ്റിൽ മൂന്നു പകലും മൂന്നു രാവും ഇരുന്നപ്രകാരം തന്നേ മനുഷ്യപുത്രൻ മൂന്നുപകലും മൂന്നു രാവും ഭൂമിയുടെ ഹൃദയത്തിൽ ഇരിക്കും.

൪൧ നിനവെക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുനീറ്റു അതിനെ കുറ്റം വിധിക്കും; എന്തുകൊണ്ടെന്നാൽ അവർ യോനാവിന്റെ പ്രസംഗത്താൽ മാനസാന്തരപ്പെട്ടു; ഇവിടെ ഇതാ യോനാവിലും വലിയവൻ.

൪൨ തെക്കേ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു ഉയിൎത്തെഴുനീറ്റു അതിനെ കുറ്റം വിധിക്കും; എന്തുകൊണ്ടെന്നാൽ അവൾ ശലോമോന്റെ ജ്ഞാനത്തെ കേൾപ്പാൻ ഭൂമിയുടെ അറുതികളിൽനിന്നു വന്നു; ഇവിടെ ഇതാ ശലോമോനിലും വലിയവൻ.

൪൩ അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ട ശേഷം, നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പു അന്വേഷിച്ചുകൊണ്ട സഞ്ചരിക്കുന്നു കാണ്ടെത്തുന്നതുമില്ല.

൪൪ പിന്നെ: ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്നു പറയുന്നു; ഉടനെ വന്നു, അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു.

൪൫ അപ്പോൾ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴ ആ

ത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു; അവയും അവിടെ പ്രവേശിച്ചു കുടിയിരിക്കുന്നു; ആ മനുഷ്യന്റെ ഒടുവിലത്തവ മുമ്പിലത്തവയെക്കാൾ വല്ലാതെ ആയിത്തീരുന്നു; ഈ ദുഷ്ടതലമുറെക്കും അപ്രകാരം ഭവിക്കും.

൪൬ ¶ അവൻ പുരുഷാരങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കയിൽ തന്നേ ഇതാ, അവന്റെ അമ്മയും സഹോദരന്മാരും അവനോടു സംസാരിപ്പാൻ അന്വേഷിച്ചുകൊണ്ടു പുറത്തു നിന്നു.

൪൭ ഒരുത്തൻ അവനോടു: ഇതാ, നിന്റെ അമ്മയും സഹോദരന്മാരും നിന്നോടു സംസാരിപ്പാൻ അന്വേഷിച്ചുകൊണ്ടു പുറത്തു നില്ക്കുന്നു, എന്നു പറഞ്ഞു.

൪൮ ആ പറഞ്ഞവനോടു അവൻ ഉത്തരം പറഞ്ഞതു: എന്റെ അമ്മ ആരാകുന്നു? എന്റെ സഹോദരന്മാരും ആരാകുന്നു?

൪൯ പിന്നെ തന്റെ ശിഷ്യന്മാരുടെ നേരെ കൈ നീട്ടി: ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും.

൫൦ എന്തുകൊണ്ടെന്നാൽ ആരെങ്കിലും സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ ഇഷ്ടം ചെയ്താൽ അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.

൧൩ാം അദ്ധ്യായം

ആ ദിവസം യേശു വീട്ടിൽനിന്നു പുറപ്പെട്ടു കടലരികേ ഇരുന്നു.

൨ വളരെ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടുകകൊണ്ടു അവൻ പടകിൽ കയറി ഇരുന്നു; പുരുഷാരം എല്ലാം കരയിൽ നിന്നു.

൩ അവൻ അവരോടു പലതും ഉപമകളാൽ സംസാരിച്ചു പറഞ്ഞതെന്തെന്നാൽ: ഇതാ വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു.

൪ വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു, അതിനെ തിന്നുകളഞ്ഞു.

൫ ചിലതു പാറസ്ഥലത്തിൽ ഏറെ മണ്ണില്ലാത്ത ഇടത്തു വീണു; മണ്ണിന്നു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചു വന്നു:

൬ ആദിത്യൻ ഉദിച്ചാറെ ചൂടു തട്ടി. വേർ ഇല്ലായ്കയാൽ അതു ഉണങ്ങിപ്പോയി.

൭ മറ്റു ചിലതു മുള്ളുകളിൽ വീണു; മുള്ളുകൾ മുളെച്ചു വളൎന്നു അതിനെ ഞെരുക്കിക്കളഞ്ഞു.

൮ മറ്റു ചിലതു നല്ല നിലത്തിൽ വീണു: ഒന്നു നൂറും ഒന്നു അറുപതും ഒന്നു മുപ്പതുമായി ഫലം കൊടുക്കയും ചെയ്തു.

൯ ചെവിയുള്ളവൻ കേൾക്കട്ടെ.

൧൦ ¶ എന്നാറെ ശിഷ്യന്മാർ അടുക്കേ വന്നു: അവരോടു ഉപമകളിൽ പറയുന്നതു എന്തുകൊണ്ടു എന്നു അവനോടു ചോദിച്ചു.

൧൧ അവൻ അവരോടു ഉത്തരം പറഞ്ഞതു: സ്വൎഗ്ഗരാജ്യത്തിന്റെ മൎമ്മങ്ങളെ അറിക എന്നതു നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു, അവൎക്കോ നല്കപ്പെട്ടിട്ടില്ല.

൧൨ എന്തുകൊണ്ടെന്നാൽ ഉള്ളവന്നു കൊടുക്കപ്പെടും, അവന്നു സമൃദ്ധി ഉണ്ടാകയും ചെയ്യും. ഇല്ലാത്തവനാൽ നിന്നോ അവന്നുള്ളതും കൂടെ എടുത്തുകൊള്ളപ്പെടും.

൧൩ അതുകൊണ്ടു അവർ കണ്ടിട്ടു കാണാതെയും, കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളാൽ അവരോടു സംസാരിക്കുന്നു.

൧൪ യശയ്യാവിന്റെ പ്രവചനത്തിന്നു അവരിൽ നിവൃത്തി വരുന്നു. അതാവിതു: നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും, കണ്ണാൽ കാണും ദൎശിക്കയില്ല താനും.

൧൫ എന്തുകൊണ്ടെന്നാൽ ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു, കണ്ണുകളും അടെച്ചിരിക്കുന്നു; അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നേ.

൧൬ എന്നാൽ നിങ്ങളുടെ കണ്ണുകൾ കാണുന്നതുകൊണ്ടും നിങ്ങളുടെ ചെവികൾ കേൾക്കുന്നതുകൊണ്ടും ഭാഗ്യമുള്ളവ ആകുന്നു.

൧൭ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഏറിയ പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നവയെ കാണ്മാൻ ആഗ്രഹിച്ചിട്ടു കണ്ടില്ല, നിങ്ങൾ കേൾക്കുന്നവയെ കേൾപ്പാൻ ആഗ്രഹിച്ചിട്ടു കേട്ടതുമില്ല.

൧൮ എന്നാൽ വിതെക്കുന്നവന്റെ ഉപമയെ കേട്ടുകൊൾവിൻ.

൧൯ ആരെങ്കിലും രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതിനെ എടുത്തുകളയുന്നു; ഇവൻ വഴിയരികെ വിതെക്കപ്പെട്ടവൻ.

൨൦ പാറസ്ഥലത്തിൽ വിതെക്കപ്പെട്ടവനോ, വചനത്തെ കേട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവൻ ആകുന്നു; എങ്കിലും തന്നിൽ വേരില്ലാതിരിക്കയാൽ തല്ക്കാലക്കാരനത്രേ.

൨൧ വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ ഉണ്ടായെന്നാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു.

൨൨ മുള്ളുകളിൽ വിതെക്കപ്പെട്ടവനോ, വചനത്തെ കേൾക്കുന്നവൻ എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നു.

൨൩ നല്ല നിലത്തിൽ വിതെക്കപ്പെട്ടവനോ വചനം കേട്ടു ഗ്രഹിക്കുന്നവൻ ആകുന്നു: അവൻ ഫലം കായിച്ചു ഒരുവൻ നൂറും ഒരുവൻ അറുപതും, ഒരുവൻ മുപ്പതും നല്കുന്നു.

൨൪ ¶ അവൻ അവൎക്കു മറെറാരു ഉപമ പറഞ്ഞുകൊടുത്തു: സ്വൎഗ്ഗരാജ്യം തന്റെ നിലത്തിൽ നല്ല വിത്തു വിതെച്ച ഒരു മനുഷ്യനോടു സദൃശമാകുന്നു.

൨൫ എന്നാൽ മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു, കോതമ്പിന്റെ ഇടയിൽ കള വിതെച്ചുംവെച്ചു പൊയ്ക്കളഞ്ഞു.

൨൬ ഞാറു വളൎന്നു കതിരായപ്പോൾ കളയും കാണപ്പെട്ടു.

൨൭ അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്നു പറഞ്ഞതു: യജമാനനേ, നിന്റെ വയലിൽ നല്ല വിത്തല്ലയോ വിതെച്ചതു? പിന്നെ അതിൽ കള എവിടെനിന്നു വന്നു?

൨൮ ഇതു ശത്രുവായവൻ ചെയ്തു എന്നു അവൻ അവരോടു പറഞ്ഞു. എന്നാൽ ഞങ്ങൾ പോയി അതു പറിച്ചുകൂട്ടുവാൻ മനസ്സോ എന്നു ദാസന്മാർ അവനോടു ചോദിക്കുന്നു.

൨൯ എന്നതിന്നു അവൻ പറഞ്ഞു: ഇല്ല; പക്ഷേ കള പറിക്കുമ്പോൾ അതോടു കൂടെ കോതമ്പും പിഴുതു പോകുമല്ലോ.

൩൦ രണ്ടുംകൂടെ കൊയിത്തോളം വളരട്ടെ; കൊയിത്തുകാലത്തു ഞാൻ കൊയ്യുന്നവരോടു: നിങ്ങൾ മുമ്പെ കള പറിച്ചുകൂട്ടി അതു ചുട്ടുകളവാൻ കെട്ടുകളായി കെട്ടുവിൻ; കോതമ്പോ എന്റെ കളപ്പുരയിൽ കൂട്ടിവെപ്പിൻ എന്നു പറയും.

൩൧ ¶ മറെറാരു ഉപമ അവൻ അവൎക്കു പറഞ്ഞുകൊടുത്തതാവിതു: സ്വൎഗ്ഗരാജ്യം കടുകുമണിയോടു സദൃശം ആകുന്നു; അതു ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു.

൩൨ അതു എല്ലാ വിത്തുകളിലും ചെറിയതെങ്കിലും വളൎന്നശേഷം സസ്യങ്ങളിൽ ഏററം വലുതായി, ആകാശത്തിലെ പറവകളും വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു.

൩൩ ¶ അവൻ മറെറാരു ഉപമ അവരോടു പറഞ്ഞു: സ്വൎഗ്ഗരാജ്യം പുളിച്ച മാവിനോടു സദൃശം ആകുന്നു; അതു ഒരു സ്ത്രീ എടുത്തു മൂന്നു പറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവെച്ചു.

൩൪ ¶ ഇവ ഒക്കെയും യേശു പുരുഷാരങ്ങളോടു ഉപമകളാൽ പറഞ്ഞു; ഉപമ കൂടാതെ അവരോടു ഒന്നും പറഞ്ഞതുമില്ല.

൩൫ ഞാൻ ഉപമകളാൽ എന്റെ വായ് തുറക്കും; ലോകസ്ഥാപനം മുതൽ ഗൂഢമായവയെ ഉച്ചരിക്കും എന്നു പ്രവാച

കനാൽ പറയപ്പെട്ടതു നിവൃത്തിയാകുവാൻ തന്നെ.

൩൬ ¶ അപ്പോൾ യേശു പുരുഷാരങ്ങളെ അയച്ചിട്ടു വീട്ടിൽ വന്നു, ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: വയലിലെ കളുയുടെ ഉപമയെ ഞങ്ങൾക്കു തെളിയിച്ചു തരേണം എന്നു പറഞ്ഞു.

൩൭ അതിന്നു അവൻ ഉത്തരം പറഞ്ഞതു: നല്ല വിത്തു വിതെക്കുന്നവൻ മനുഷ്യപുത്രൻ ആകുന്നു.

൩൮ വയൽ ലോകം ആകുന്നു; നല്ല വിത്തായതു രാജ്യത്തിന്റെ പുത്രന്മാർ; കളുകൾ ദുഷ്ടന്റെ പുത്രന്മാർ.

൩൯ അവയെ വിതെച്ച ശത്രു പിശാചു അത്രെ; കൊയിത്തോ ലോകാവസാനവും കൊയ്യുന്നവർ ദൂതന്മാരും ആകുന്നു.

൪൦ കളുകളെ കൂട്ടി തീയിൽ ചുടുംപോലെ തന്നേ, ലോകാവസാനത്തിൽ സംഭവിക്കും.

൪൧ മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും, അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടൎച്ചകളെയും അധൎമ്മം പ്രവൃത്തിക്കുന്നവരെയും കൂട്ടിച്ചേൎത്തു,

൪൨ തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

൪൩ അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂൎയ്യനെ പോലെ പ്രകാശിക്കും, ചെവിയുള്ളവൻ കേൾക്കട്ടെ.

൪൪ ¶ സ്വൎഗ്ഗരാജ്യം വയലിൽ ഒളിച്ചു വെച്ച നിധിയോടു സദൃശമാകുന്നു. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു, തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങുന്നു.

൪൫ ¶ പിന്നെയും സ്വൎഗ്ഗരാജ്യം നല്ല മുത്തുകളെ അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശമാകുന്നു.

൪൬ അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു, തനിക്കുള്ളതു ഒക്കെയും വിറ്റു അതിനെ വാങ്ങി.

൪൭ ¶ പിന്നെയും സ്വൎഗ്ഗരാജ്യം കടലിൽ ഇട്ടതും എല്ലാ വക മീനുകളെയും ചേൎക്കുന്നതുമായ ഒരു വലയോടു സദൃശമാകുന്നു.

൪൮ വല നിറഞ്ഞപ്പോൾ അവർ അതിനെ വലിച്ചു കരെക്കു കയററി, ഇരുന്നുകൊണ്ടു നല്ലവയെ പാത്രങ്ങളിൽ കൂട്ടിവെച്ചു ചീത്തയായവയെ എറിഞ്ഞുകളഞ്ഞു.

൪൯ അപ്രകാരം തന്നേ ലോകാവസാനത്തിൽ ഉണ്ടാകും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേൎതിരിച്ചു,

൫൦ തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

൫൧ ¶ ഇവ ഒക്കെയും ഗ്രഹിച്ചുവോ? ഉവ്വു എന്നു അവർ അവനോടു പറയുന്നു.

൫൨ അവൻ അവരോടു പറഞ്ഞു: അതുകൊണ്ടു സ്വൎഗ്ഗരാജ്യത്തിന്നായി ശിഷ്യനാക്കപ്പെട്ട ശാസ്ത്രി എല്ലാം തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതുമായവയെ എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശനാകുന്നു.

൫൩ ¶ യേശു ഈ ഉപമകളെ പറഞ്ഞു തീൎന്നശേഷം അവൻ അവിടെനിന്നു വാങ്ങി തന്റെ പിതൃനഗരത്തിൽ വന്നു, അവരുടെ പള്ളിയിൽ അവൎക്കു ഉപദേശിച്ചു.

൫൪ അതുകൊണ്ടു അവർ വിസ്മയിച്ചു: ഇവന്നു ഈ ജ്ഞാനവും ശക്തികളും എവിടെനിന്നു?

൫൫ ഇവൻ തച്ചന്റെ മകൻ അല്ലയോ? അവന്റെ അമ്മ മറിയ എന്നവളല്ലയോ? അവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നവർ അല്ലയോ?

൫൬ അവന്റെ സഹോദരികളും എല്ലാം നമ്മോടു കൂടെയല്ലയോ? പിന്നെ ഇവന്നു ഇതു ഒക്കെയും എവിടെനിന്നു എന്നു പറഞ്ഞു അവനാൽ ഇടറിപ്പോയി.

൫൭ എന്നാൽ യേശു അവരോടു: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും തന്റെ ഭവനത്തിലും ഒഴികെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു.

൫൮ അവരുടെ അവിശ്വാസം നിമി

ത്തം അവിടെ വളരെ ശക്തികളെ പ്രവൃത്തിച്ചതുമില്ല.

൰൪ാം അദ്ധ്യായം.

ആ സമയത്തു ഇടപ്രഭുവായ ഹെരോദാ യേശുവിന്റെ ശ്രുതിയെ കേട്ടിട്ടു:

൨ ഇവൻ യോഹന്നാൻ സ്നാപകൻ ആകുന്നു; അവൻ മരിച്ചവരിൽനിന്നു ഉയിൎത്തു; അതുകൊണ്ടു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നു എന്നു തന്റെ ഭൃത്യന്മാരോടു പറഞ്ഞു.

൩ എന്തുകൊണ്ടെന്നാൽ ഹെരോദാ തന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാൎയ്യ ഹെരോദ്യ നിമിത്തം യോഹന്നാനെ പിടിച്ചുകെട്ടി തടവിൽ ആക്കിയിരുന്നു.

൪ എന്തുകൊണ്ടെന്നാൽ അവളെ പരിഗ്രഹിക്കുന്നതു നിനക്കു വിഹിതമല്ല എന്നു യോഹന്നാൻ അവനോടു പറഞ്ഞിരുന്നു.

൫ അവനെ കൊല്ലുവാൻ മനസ്സുണ്ടായിട്ടും, പുരുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകയാൽ അവരെ ഭയപ്പെട്ടു.

൬ എന്നാൽ ഹെരോദാവിന്റെ ജനനദിവസം ആയപ്പോൾ, ഹെരോദ്യയുടെ മകൾ നടുവിൽ നൃത്തം ചെയ്തു ഹെരോദാവിനെ പ്രസാദിപ്പിച്ചു.

൭ അതുകൊണ്ടു എന്തു ചോദിച്ചാലും അവൾക്കു കൊടുക്കും എന്നു അവൻ ആണയിട്ടു വാഗ്ദത്തം ചെയ്തു.

൮ അവൾ അമ്മയുടെ ചൊല്പടിക്കു: യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ എനിക്കു ഇങ്ങു തരേണം എന്നു പറഞ്ഞു.

൯ എന്നാറെ രാജാവു ദുഃഖിച്ചു, എങ്കിലും ആണകളെയും വിരുന്നുകാരെയും വിചാരിച്ചു, അതു കൊടുപ്പാൻ കല്പിച്ചു.

൰ പിന്നെ ആളയച്ചു തടവിൽ യോഹന്നാനെ ശിരഃഛേദം ചെയ്യിച്ചു.

൰൧ അവന്റെ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലെക്കു കൊടുക്കപ്പെട്ടു; അവളും തന്റെ അമ്മെക്കു കൊണ്ടുപോയി കൊടുത്തു.

൰൨ അവന്റെ ശിഷ്യന്മാർ ചെന്നു ഉടൽ എടുത്തു കുഴിച്ചിട്ടു; പിന്നെ വന്നു യേശുവിനെ അറിയിക്കയും ചെയ്തു.

൰൩ ¶ അതു കേട്ടിട്ടു യേശു അവിടെനിന്നു പടകിൽ കയറി നിൎജ്ജനമായോരു സ്ഥലത്തിലേക്കു വേറിട്ടു വാങ്ങിപ്പോയി; പുരുഷാരങ്ങൾ അതു കേട്ടു പട്ടണങ്ങളിൽനിന്നു കാൽനടയായി അവന്റെ പിന്നാലെ ചെന്നു.

൰൪ അവൻ പുറപ്പെട്ടു വന്നു; വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൌഖ്യമാക്കി.

൰൫ വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: ഈ സ്ഥലം മരുഭൂമി ആകുന്നുവല്ലോ, നേരവും വൈകി; പുരുഷാരങ്ങൾ ഗ്രാമങ്ങളിൽ ചെന്നു തങ്ങൾക്കു ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന്നു അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു.

൰൬ യേശു അവരോടു പറഞ്ഞു: അവർ പോകുവാൻ ആവശ്യമില്ല; നിങ്ങൾ അവൎക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ.

൰൭ അവർ അവനോടു: അഞ്ചു അപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു.

൰൮ അവ ഇങ്ങു കൊണ്ടുവരുവിൻ എന്നു അവൻ പറഞ്ഞു.

൰൯ പിന്നെ പുരുഷാരങ്ങൾ പുല്ലിന്മേൽ ഇരിപ്പാൻ കല്പിച്ചു, ആ അഞ്ചു അപ്പവും രണ്ടു ചെറിയ മീനും എടുത്തു, സ്വൎഗ്ഗത്തിലേക്കു നോക്കി വാഴ്ത്തി, അപ്പങ്ങളെ നുറുക്കി, ശിഷ്യന്മാരുടെ പക്കൽ കൊടുത്തു; ശിഷ്യന്മാർ ജനക്കൂട്ടങ്ങൾക്കും കൊടുത്തു.

൨൰ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി, ശേഷിച്ച കഷണങ്ങൾകൊണ്ടു പന്ത്രണ്ടു കൊട്ട നിറച്ചെടുക്കയും ചെയ്തു.

൨൰൧ എന്നാൽ ഭക്ഷിച്ചവർ സ്ത്രീകളും പൈതങ്ങളും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

൨൰൨ ¶ ഉടനെ യേശു താൻ പുരുഷാരങ്ങളെ പറഞ്ഞയക്കും വരെ ശിഷ്യന്മാർ പടകിൽ കയറി, തനിക്കു മുമ്പെ അക്ക

രെക്ക പോകുവാൻ അവൻ അവരെ നിർബ്ബന്ധിച്ചു.

൨൩ പുരുഷാരങ്ങളെ അയച്ചിട്ടു; അവൻ മലമേൽ പ്രാൎത്ഥിപ്പാൻ തനിയേ കരേറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു.

൨൪ അപ്പോൾ പടക് കടലിന്റെ നടുവിൽ ആയി, കാററു വിരോധമാക കൊണ്ടു തിരകളാൽ വലഞ്ഞിരുന്നു.

൨൫ രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്നു അവരുടെ അടുക്കെ ചെന്നു.

൨൬ അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു ശിഷ്യന്മാർ കലങ്ങി: ഇതു മായക്കാഴ്ച എന്നു പറഞ്ഞു, ഭയംകൊണ്ടു നിലവിളിച്ചു.

൨൭ ഉടനെ യേശു അവരോടു: ധൈൎയ്യപ്പെടുവിൻ ഞാൻ തന്നേ ആകുന്നു; ഭയപ്പെടേണ്ടാ എന്നു പറഞ്ഞു.

൨൮ അതിന്നു പത്രൊസ് ഉത്തരം പറഞ്ഞതു: കൎത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കേ വരേണ്ടതിന്നു കല്പിക്കേണം.

൨൯ വരിക എന്നു അവൻ പറഞ്ഞു, പത്രൊസ് പടകിൽനിന്നു ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മീതേ നടന്നു.

൩൦ എന്നാൽ അവൻ കാററു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങുകയാൽ: കൎത്താവേ, എന്നെ രക്ഷിക്കേണമേ, എന്നു നിലവിളിച്ചു.

൩൧ യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു: അല്പവിശ്വാസി നീ എന്തുകൊണ്ടു സംശയിച്ചു എന്നു പറഞ്ഞു.

൩൨ അവർ പടകിൽ കയറിയപ്പോൾ കാററു അമൎന്നു.

൩൩ എന്നാറെ പടകിലുള്ളവർ നീ ദൈവപുത്രനാകുന്നു സത്യം എന്നു പറഞ്ഞു അവനെ കുമ്പിട്ടു.

൩൪ ¶ എന്നാറെ അവർ അക്കരെയെത്തി; ഗനസരേത്ത് എന്ന ദേശത്തിൽ വന്നു.

൩൫ അവിടത്തെ ജനങ്ങൾ അവൻ ആരെന്നു അറിഞ്ഞു, ചുററുമുള്ള നാട്ടിൽ ഒക്കെയും ആളയച്ചു ദീനക്കാരെ എല്ലാം അവന്റെ അടുക്കൽ കൊണ്ടുവന്നു.

൩൬ അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തങ്ങൾ തൊടേണ്ടതിന്നു അപേക്ഷിച്ചു; തൊട്ടവർ ഒക്കെയും രക്ഷപെടുകയും ചെയ്തു.

൧൫ാം അദ്ധ്യായം.

അപ്പോൾ യരുശലേമിൽനിന്നു പരീശന്മാരും ശാസ്ത്രികളും യേശുവിന്റെ അടുക്കൽ വന്നു,

൨ നിന്റെ ശിഷ്യന്മാർ പൂൎവ്വന്മാരുടെ സമ്പ്രദായചട്ടം ലംഘിക്കുന്നതു എന്തു? അവർ അപ്പം ഭക്ഷിക്കുമ്പോൾ കൈകളെ കഴകുന്നില്ലല്ലോ എന്നു പറഞ്ഞു.

൩ അവൻ അവരോടു ഉത്തരം പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായചട്ടംകൊണ്ടു നിങ്ങളും ദൈവകല്പന ലംഘിക്കുന്നതു എന്തു?

൪ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കേണം നിശ്ചയം എന്നും ദൈവം കല്പിച്ചുവല്ലോ.

൫ നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും നിനക്കു എന്നിൽനിന്നു ഉപകാരമായി വരേണ്ടതു വഴിപാടു എന്നു പറഞ്ഞാൽ,

൬ അവൻ തന്റെ അപ്പനെ ബഹുമാനിക്കേണ്ടാ എന്നു പറയുന്നു; ഇപ്രകാരം നിങ്ങളുടെ സമ്പ്രദായചട്ടത്താൽ ദൈവവചനത്തെ ദുൎബ്ബലമാക്കിയിരിക്കുന്നു.

൭ കപടഭക്തിക്കാരേ, നിങ്ങളെ കുറിച്ചു യശയ്യാശരിയായി പ്രവചിച്ചിരിക്കുന്നു. അതാവിതു:

൮ ഈ ജനം അധരങ്ങൾകൊണ്ടു എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നിൽനിന്നു അകന്നിരിക്കുന്നു.

൯ മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിച്ചുകൊണ്ടു, എന്നെ വ്യൎത്ഥമായി ഭജിക്കുന്നു.

൧൦ പിന്നെ അവൻ പുരുഷാരത്തെ

അരികെ വിളിച്ചു, അവരോടു പറഞ്ഞു:
കേട്ടു ഗ്രഹിച്ചുകൊൾവിൻ.
൧൧ മനുഷ്യന്നു അശുദ്ധി വരുത്തുന്ന
തു വായിക്കകത്തു ചെല്ലുന്നതു അല്ല, വാ
യിൽനിന്നു പുറപ്പെടുന്നതത്രേ; ഇതു മ
നുഷ്യനെ അശുദ്ധിയാക്കുന്നു.
൧൨ എന്നാറെ ശിഷ്യന്മാർ അടുക്കേ
വന്നു പറഞ്ഞു: പരീശന്മാർ ഈ വാക്കു
കേട്ടിട്ടു ഇടറിപ്പോയി എന്നു നീ അറിയു
ന്നുവോ?
൧൩ അവൻ ഉത്തരമായിട്ടു പറഞ്ഞ
തു: സ്വൎഗ്ഗസ്ഥനായ എൻ പിതാവു നട്ടി
ട്ടില്ലാത്ത ഏതു തൈയും വേരോടെ പറി
ക്കപ്പെടും.
൧൪ അവരെ വിടുവിൻ; അവർ കുരു
ടന്മാരായ വഴികാട്ടികൾ അത്രേ; എന്നാ
ൽ കുരുടൻ കുരുടനെ വഴി നടത്തിയാ
ൽ ഇരുവരും കുഴിയിൽ വീഴും.
൧൫ പത്രോസ് ഉത്തരമായിട്ടു അവ
നോടു: ആ ഉപമയെ ഞങ്ങൾക്കു തെളി
യിച്ചുതരേണം എന്നു പറഞ്ഞു.
൧൬ എന്നാറെ അവൻ പറഞ്ഞതു:
നിങ്ങളും ഇന്നേവരെ ബോധമില്ലാത്തവ
രാകുന്നുവോ?
൧൭ വായിക്കകത്തു ചെല്ലുന്നതു എ
ല്ലാം വയററിൽ ചെന്നിട്ടു മറപ്പുരയി
ലേക്കു തള്ളപ്പെടുന്നു എന്നു ഗ്രഹിക്കുന്നി
ല്ലയോ?
൧൮ വായിൽനിന്നു പുറപ്പെടുന്നവ
യോ ഹൃദയത്തിൽനിന്നു വരുന്നു; അവ
മനുഷ്യനെ അശുദ്ധിയാക്കുന്നു.
൧൯ എങ്ങനെയെന്നാൽ, ദുശ്ചിന്തകൾ
കുലകൾ, വ്യഭിചാരങ്ങൾ, വേശ്യാദോ
ഷങ്ങൾ, മോഷണങ്ങൾ, കള്ളസ്സാക്ഷിക
ൾ, ദൂഷണങ്ങൾ ഇവ ഹൃദയത്തിൽനിന്നു
പുറപ്പെട്ടു വരുന്നു.
൨൦ മനുഷ്യനെ അശുദ്ധിയാക്കുന്നതു
ഇവയത്രേ; കഴുകാത്ത കൈകൾകൊണ്ടു
ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധിയാ
ക്കുന്നില്ല.
൨൧ ¶ അവിടെനിന്നു യേശു പുറ
പ്പെട്ടു, തുറോസ് സീദോൻ എന്നു അംശ
ങ്ങളിലേക്കു വാങ്ങിപ്പോയി.
൨൨ ആ ദിക്കുകളിൽനിന്നു ഇതാ ഒരു
കനാന്യസ്ത്രീ പുറപ്പെട്ടുവന്നു, അവനോടു:
കൎത്താവേ, ദാവീദ് പുത്രാ, എന്നോടു ക
രുണ തോന്നേണമേ; എന്റെ മകൾക്കു
ഭൂതോപദ്രവം കഠിനമായിരിക്കുന്നു എ
ന്നു നിലവിളിച്ചു പറഞ്ഞു.
൨൩ അവളോടു അവൻ ഒരു വാക്കും
ഉത്തരം പറഞ്ഞില്ല; എന്നാറെ അവ
ന്റെ ശിഷ്യന്മാർ അടുക്കേ വന്നു: അവ
ൾ നമ്മുടെ പിന്നാലെ നിലവിളിക്കുന്ന
തുകൊണ്ടു അവളെ പറഞ്ഞയക്കേണമേ,
എന്നു അവനോടു യാചിച്ചു.
൨൪ അവൻ ഉത്തരം പറഞ്ഞതു: ഇ
സ്രയേൽ ഗൃഹത്തിലെ കാണാതെ പോ
യ ആടുകളുടെ അടുക്കലേക്കു അല്ലാതെ
ഞാൻ അയക്കപ്പെട്ടില്ല.
൨൫ എന്നാറെ അവൾ വന്നു: കൎത്താ
വേ എന്നെ സഹായിക്കേണമേ, എന്നു
പറഞ്ഞു അവനെ കുമ്പിട്ടു.
൨൬ അവൻ ഉത്തരമായിട്ടു: മക്കളുടെ
അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊ
ടുക്കുന്നതു നന്നല്ല എന്നു പറഞ്ഞു.
൨൭ അതിന്നു അവൾ: അതേ കൎത്താ
വേ, നായ്ക്കുട്ടികളും ഉടയവരുടെ മേ
ശയിൽനിന്നു വീഴുന്ന നുറുക്കുകളിൽനി
ന്നു തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു.
൨൮ അപ്പോൾ യേശു ഉത്തരമായിട്ടു:
സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു,
നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്ക
ട്ടെ എന്നു അവളോടു പറഞ്ഞു. ആ നാ
ഴിക മുതൽ അവളുടെ മകൾ സ്വസ്ഥയാ
കയും ചെയ്തു.
൨൯ ¶ യേശു അവിടെനിന്നു യാത്ര
യായി ഗലീലക്കടലരികെ വന്നു, മലയി
ൽ കയറി അവിടെ ഇരുന്നു.
൩൦ അനേകം പുരുഷാരങ്ങളും, മുട
ന്തർ, കുരുടർ, ഊമർ, കൂനർ മുതലായ
പലരെയും കൂട്ടിക്കൊണ്ടു അവന്റെ അ
ടുക്കൽ വന്നു, അവരെ അവന്റെ കാ
ല്ക്കൽ വെച്ചു; അവൻ അവരെ സൌഖ്യ
മാക്കി.
൩൧ ഊമർ സംസാരിക്കുന്നതും, കൂന
ർ സ്വസ്ഥരാകുന്നതും, മുടന്തർ നടക്കുന്ന
തും, കുരുടർ കാണുന്നതും പുരുഷാരങ്ങ
ൾ കണ്ടിട്ടു ആശ്ചൎയ്യപ്പെട്ടു, ഇസ്രയേലി

ന്റെ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

൩൨ ¶ എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു പറഞ്ഞു: ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടു കൂടെ പാൎക്കുന്നു; അവൎക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു അവരെക്കുറിച്ചു എനിക്കു മനസ്സലിവു തോന്നുന്നു; അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല; അവർ വഴിയിൽ വെച്ചു തളൎന്നുപോയേക്കും.

൩൩ ശിഷ്യന്മാർ അവനോടു: ഇത്ര വലിയ പുരുഷാരത്തിന്നു തൃപ്തി വരുത്തുവാൻ മതിയാകുന്ന അപ്പം ഈ കാട്ടിൽ നമുക്കു എവിടെനിന്നു എന്നു പറഞ്ഞു.

൩൪ എന്നാറെ നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു യേശു ചോദിച്ചു; ഏഴുണ്ടു കുറെ ചെറുമീനും എന്നു അവർ പറഞ്ഞു.

൩൫ അവൻ പുരുഷാരത്തോടു നിലത്തു ഇരിപ്പാൻ കല്പിച്ചു.

൩൬ പിന്നെ ആ ഏഴു അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിന്നും കൊടുത്തു.

൩൭ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി, ശേഷിച്ച കഷണങ്ങൾകൊണ്ടു അവർ ഏഴു വട്ടികൾ നിറെച്ചെടുക്കയും ചെയ്തു.

൩൮ ഭക്ഷിച്ചവരോ സ്ത്രീകളും പൈതങ്ങളും കൂടാതെ നാലായിരം പുരുഷന്മാർ ആയിരുന്നു.

൩൯ പിന്നെ അവൻ പുരുഷാരങ്ങളെ പറഞ്ഞയച്ചിട്ടു പടകിൽ കയറി മഗദലിക്കുകളിൽ ചെന്നു ചേരുകയും ചെയ്തു.

൧൬ാം അദ്ധ്യായം.

പിന്നെ പരീശരും സദ്ദൂക്യരും അടുക്കെ വന്നു, തങ്ങൾക്കു ആകാശത്തിൽനിന്നു ഒരു അടയാളം കാണിക്കേണമെന്നു അവനെ പരീക്ഷിച്ചു ചോദിച്ചു.

൨ അവരോടു അവൻ ഉത്തരം പറഞ്ഞതു: സന്ധ്യ ആകുമ്പോൾ നല്ല തെളിവാകും ആകാശം ചുവന്നിരിക്കുന്നുവല്ലോ എന്നും,

൩ ഉഷസ്സിൽ ഇന്നു മഴക്കോൾ ഉണ്ടാകും ആകാശം മൂടിച്ചുവന്നിരിക്കുന്നുവല്ലോ എന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ മുഖത്തെ വിവേചിപ്പാൻ നിങ്ങൾ അറിയുന്നു; എന്നാൽ സമയങ്ങളുടെ അടയാളങ്ങളെ വിവേചിപ്പാൻ കഴികയില്ലയോ?

൪ ദോഷവും വ്യഭിചാരവുമുള്ള തലമുറ ഒരു അടയാളം തിരയുന്നു; യോനാവിന്റെ അടയാളം ഒഴികെ അതിന്നു അടയാളം കൊടുക്കപ്പെടുകയില്ല; പിന്നെ അവൻ അവരെ വിട്ടു വാങ്ങിപ്പോയി.

൫ ¶ ശിഷ്യന്മാർ അക്കരെ എത്തിയപ്പോൾ അപ്പം കൊണ്ടുപോരുവാൻ മറന്നുപോയിരുന്നു.

൬ എന്നാൽ യേശു അവരോടു: നോക്കുവിൻ, പരീശരുടെയും സദ്ദൂക്യരുടെയും പുളിച്ച മാവിൽനിന്നു സൂക്ഷിച്ചുകൊൾവിൻ എന്നു പറഞ്ഞു.

൭ എന്നാറെ അപ്പം കൊണ്ടുപോരായ്കയാൽ, എന്നു അവർ തങ്ങളിൽ നിരൂപിച്ചു.

൮ അതു അറിഞ്ഞിട്ടു യേശു പറഞ്ഞു അല്പവിശ്വാസികളേ, നിങ്ങൾ അപ്പം കൊണ്ടുപോരായ്കയാൽ തമ്മിൽ നിരൂപിക്കുന്നതു എന്തു?

൯ ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? ആ അയ്യായിരങ്ങളുടെ അഞ്ചു അപ്പവും എത്ര കൊട്ടകൾ എടുത്തു എന്നുള്ളതും,

൧൦ ആ നാലായിരങ്ങളുടെ ഏഴു അപ്പവും എത്ര വട്ടികൾ എടുത്തു എന്നുള്ളതും ഓൎക്കുന്നതുമില്ലയോ?

൧൧ പരീശരുടെയും സദ്ദൂക്യരുടെയും പുളിച്ചമാവിൽനിന്നു സൂക്ഷിച്ചുകൊള്ളേണം എന്നു പറഞ്ഞതു അപ്പത്തെ കുറിച്ചല്ല, എന്നു തിരിച്ചറിയാത്തതു എന്തു?

൧൨ എന്നാറെ അവൻ അപ്പത്തിന്റെ പുളിച്ച മാവിൽ നിന്നല്ല, പരീശരുടെയും സദ്ദൂക്യരുടെയും ഉപദേശത്തിൽ നിന്നത്രെ സൂക്ഷിച്ചുകൊള്ളേണ്ടതിന്നു പറഞ്ഞു എന്നു അവർ ഗ്രഹിച്ചു.

൧൩ ¶ യേശു ഫിലിപ്പുകൈസയ്യയു
ടെ അംശങ്ങളിൽ വന്നശേഷം താൻ
ശിഷ്യന്മാരോടു ജനങ്ങൾ മനുഷ്യപുത്ര
നെ ആർ എന്നു പറയുന്നു എന്നു ചോ
ദിച്ചു.
൧൪ എന്നാറെ അവർ പറഞ്ഞു: ചി
ലർ യോഹന്നാൻ സ്നാപകൻ എന്നും മ
റ്റു ചിലർ എലീയാവെന്നും വേറെ ചി
ലർ യറമിയാവോ പ്രവാചകന്മാരിൽ ഒ
രുത്തനോ എന്നും പറയുന്നു.
൧൫ അവൻ അവരോടു: എന്നാൽ
നിങ്ങൾ എന്നെ ആർ എന്നു പറയുന്നു
എന്നു ചോദിച്ചു.
൧൬ അതിന്നു ശിമോൻ പേത്രൊസ്
ഉത്തരമായിട്ടു: നീ ജീവനുള്ള ദൈവത്തി
ന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്നു
പറഞ്ഞു.
൧൭ യേശു അവനോടു ഉത്തരം പറ
ഞ്ഞതു: ബർയോനാ ശിമോനേ നീ ഭാ
ഗ്യവാനാകുന്നു; എന്തുകൊണ്ടെന്നാൽ ജ
ഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എ
ന്റെ പിതാവത്രേ നിനക്കു ഇതു വെളി
പ്പെടുത്തിയതു.
൧൮ വിശേഷിച്ചു ഞാൻ നിന്നോടു പ
റയുന്നു: നീ പേത്രൊസ് ആകുന്നു: ഈ
പാറമേൽ ഞാൻ എന്റെ സഭയെ പണി
യിക്കും, അതിനോടു പാതാളവാതിലുകൾ
പ്രബലപ്പെടുകയില്ല.
൧൯ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലു
കളെയും ഞാൻ നിനക്കു തരും, നീ ഭൂമി
യിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ
കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴി
ക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്ക
പ്പെട്ടിരിക്കും.
൨൦ അപ്പോൾ താൻ ക്രിസ്തു ആകുന്നു
എന്നു ആരോടും പറയാതിരിപ്പാൻ ശി
ഷ്യന്മാരോടു കല്പിച്ചു.
൨൧ ¶ അന്നുമുതൽ യേശു താൻ യ
രുശലേമിലേക്കു പോയി, മൂപ്പന്മാർ, മ
ഹാപുരോഹിതന്മാർ, ശാസ്ത്രികൾ എന്നി
വരാൽ പലതും സഹിച്ചു കൊല്ലപ്പെടു
കയും മൂന്നാം നാൾ ഉയിർത്തെഴുനീല്ക്കയും
വേണ്ടതു എന്നു ശിഷ്യന്മാൎക്കു കാണിച്ചു
തുടങ്ങി.
൨൨ എന്നാറെ പേത്രൊസ് അവനെ
കൂട്ടിക്കൊണ്ടു: കൎത്താവേ, അതു അരു
തേ, നിനക്കു ഇങ്ങനെ ഭവിക്കരുതേ എ
ന്നു ശാസിച്ചു തുടങ്ങി.
൨൩ എന്നാൽ അവൻ തിരിഞ്ഞു പ
ത്രോസിനോടു: എന്റെ പിന്നിൽ പോ,
സാത്താനേ; നീ എനക്കു ഇടൎച്ചയാകു
ന്നു; നീ ദൈവത്തിന്റെ അല്ല മനുഷ്യ
രുടേവ അത്രേ കരുതുന്നു എന്നു പറഞ്ഞു.
൨൪ അപ്പോൾ യേശു തന്റെ ശിഷ്യ
ന്മരോടു പറഞ്ഞു: ഒരുത്തൻ എന്റെ
പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെ
ത്താനേ ത്യജിച്ചു തന്റെ ക്രൂശിനെ എ
ടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ.
൨൫ ആരെങ്കിലും തന്റെ ജീവനെ ര
ക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും;
എന്റെ നിമിത്തം ആരെങ്കിലും തന്റെ
ജീവനെ കളഞ്ഞാൽ അതിനെ കണ്ടെ
ത്തും.
൨൬ എന്തുകൊണ്ടെന്നാൽ ഒരു മനു
ഷ്യൻ സൎവ്വലോകം നേടീട്ടു തന്റെ ജീവ
നെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു
പ്രയോജനം ഉള്ളു? അല്ല, തന്റെ ജീവ
നെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തൊ
രു മറുവില കൊടുക്കും?
൨൭ എന്തുകൊണ്ടെന്നാൽ മനുഷ്യപു
ത്രൻ തന്റെ പിതാവിന്റെ മഹത്വത്തി
ൽ തന്റെ ദൂതന്മാരുമായി വരും; അ
പ്പോൾ അവൻ ഏവന്നും അവനവന്റെ
പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും.
൨൮ സത്യമായിട്ടു ഞാൻ നിങ്ങളോടു
പറയുന്നു: മനുഷ്യപുത്രൻ തന്റെ രാജ്യ
ത്തിൽ വരുന്നതു കാണുവോളം മരണ
ത്തെ ആസ്വദിക്കാത്തവർ ചിലർ ഇവി
ടെ നില്ക്കുന്നവരിൽ ഉണ്ടു.

൧൭ാം അദ്ധ്യായം.

ആറു ദിവസം കഴിഞ്ഞശേഷം യേശു
പത്രോസിനെയും യാക്കോബിനെയും അ
വന്റെ സഹോദരനായ യോഹന്നാ
നെയും കൂട്ടി അവരെ തനിച്ചു ഒരു ഉ
യൎന്ന മലയിലേക്കു കൊണ്ടുപോയി.
൨ പിന്നെ അവരുടെ മുമ്പാകെ രൂ
പാന്തരപ്പെട്ടു, അവന്റെ മുഖം സൂൎയ്യനെ

പോലെ വിളങ്ങുകയും, അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായി തീരുകയും ചെയ്തു.

൩ ഇതാ മോശയും ഏലീയാവും അവനോടു സംഭാഷിക്കുന്നവരായി അവൎക്കു കാണപ്പെട്ടു.

൪ അപ്പോൾ പത്രോസ് യേശുവിനോടു: കൎത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതു; നിനക്കു മനസ്സുണ്ടെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിലുകളെ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിന്നും എന്നു പറഞ്ഞു.

൫ അവൻ പറയുമ്പോൾ തന്നെ അതാ, പ്രകാശമുള്ള ഒരു മേഘം അവരുടെ മേൽ നിഴലിട്ടു; അതാ, മേഘത്തിൽനിന്നു: ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു, ഇവനെ ചെവിക്കൊൾവിൻ എന്നു ഒരു ശബ്ദവും ഉണ്ടായി.

൬ ശിഷ്യന്മാർ അതു കേട്ടിട്ടു കവിണ്ണുവീണു ഏറ്റവും ഭയപ്പെട്ടു.

൭ യേശു അടുത്തു ചെന്നു അവരെ തൊട്ടു: എഴുനീല്പിൻ, ഭയപ്പെടേണ്ടാ എന്നു പറഞ്ഞു.

൮ അവർ തങ്ങളുടെ കണ്ണുകളെ ഉയൎത്തിയാറെ യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

൯ ¶ അവർ മലയിൽനിന്നു ഇറങ്ങുമ്പോൾ യേശു അവരോടു: മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കുംവരെ ഈ ദൎശനം ആരോടും പറയരുതു എന്നു കല്പിച്ചു.

൧൦ അവന്റെ ശിഷ്യന്മാർ അവനോടു: എന്നാൽ ഏലീയാ മുമ്പെ വരേണ്ടതു എന്നു ശാസ്ത്രികൾ പറയുന്നതു എന്തു? എന്നു ചോദിച്ചു.

൧൧ അതിന്നു അവൻ ഉത്തരം പറഞ്ഞതു: ഏലീയാ വരുന്നു സത്യം; അവൻ സകലവും യഥാസ്ഥാനത്താക്കും.

൧൨ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ഏലീയാ വന്നു കഴിഞ്ഞു, എങ്കിലും അവർ അവനെ അറിഞ്ഞുകൊള്ളാതെ, തങ്ങൾക്കു തോന്നിയതു എല്ലാം അവനോടു ചെയ്തു. അവ്വണ്ണം മനുഷ്യപുത്രനും അവരാൽ കഷ്ടപ്പെടുവാനുണ്ടു.

൧൩ എന്നാറെ അവൻ യോഹന്നാൻ സ്നാപകനെ കുറിച്ചു തങ്ങളോടു പറഞ്ഞു, എന്നു ശിഷ്യന്മാർ ഗ്രഹിച്ചു.

൧൪ ¶ അവർ പുരുഷാരത്തിന്റെ അരികെ വന്നാറെ ഒരു മനുഷ്യൻ അവന്റെ അടുക്കൽ വന്നു അവന്റെ മുമ്പാകെ മുട്ടുകുത്തി:

൧൫ കൎത്താവേ എന്റെ മകനോടു കരുണയുണ്ടാകേണമേ; അവൻ ചന്ദ്രരോഗം പിടിച്ചു പലപ്പോഴും തീയിലും പലപ്പോഴും വെള്ളത്തിലും വീണു വല്ലാതെ കഷ്ടപ്പെടുന്നു.

൧൬ ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു, എന്നാൽ സൌഖ്യം വരുത്തുവാൻ അവൎക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു.

൧൭ യേശു ഉത്തരം പറഞ്ഞതു: അവിശ്വാസവും കോട്ടവുമുള്ള തലമുറയെ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ.

൧൮ എന്നാറെ യേശു അവനെ ശാസിച്ചു, ഭൂതം അവനിൽനിന്നു പുറപ്പെട്ടുപോയി, ബാലൻ ആ നാഴികമുതൽ സൌഖ്യമാകയും ചെയ്തു.

൧൯ അപ്പോൾ ശിഷ്യന്മാർ തനിയേ യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്കു അതിനെ പുറത്താക്കിക്കൂടാഞ്ഞതു എന്തു എന്നു ചോദിച്ചു.

൨൦ അവൻ അവരോടു പറയുന്നു: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെനിന്നു അങ്ങോട്ടു നീങ്ങുക, എന്നു പറഞ്ഞാൽ അതു നീങ്ങും, നിങ്ങൾക്കു ഒന്നും അസാദ്ധ്യമാകയുമില്ല.

൨൧ [എങ്കിലും പ്രാൎത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല.]*

൨൨ ¶ അവർ ഗലീലയിൽ സഞ്ചരിക്കുമ്പോൾ യേശു അവരോടു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുവാറായിരിക്കുന്നു.

൨൩ അവർ അവനെ കൊല്ലുകയും മൂന്നാംനാൾ അവൻ ഉയിൎത്തെഴുനീല്ക്കയും ചെയ്യും എന്നു പറഞ്ഞു; എന്നാറെ അവർ ഏററവും ദുഃഖിച്ചു.

൨൪ ¶ അവർ കപ്പൎന്നഹൂമിൽ വന്നാറെ ദ്വിദ്രഹ്മ (എന്ന തലപ്പണം) വാങ്ങുന്നവർ പത്രോസിന്റെ അടുക്കൽ വന്നു: നിങ്ങളുടെ ഉപദേഷ്ടാവു ദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഉവ്വ, എന്നു അവൻ പറഞ്ഞു.

൨൫ അവൻ വീട്ടിൽ പ്രവേശിച്ചപ്പോൾ യേശു അവനെ മുന്നിട്ടു പറഞ്ഞു: ശിമോനേ, നിനക്കു എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? തങ്ങളുടെ പുത്രന്മാരോടോ അന്യരോടോ?

൨൬ അന്യരോടു, എന്നു അവൻ പറഞ്ഞു. യേശു അവനോടു പറഞ്ഞതു: എന്നാൽ പുത്രന്മാർ വിട്ടുതലുള്ളവർ ആകുന്നവല്ലോ.

൨൭ എങ്കിലും നാം അവൎക്കു ഇടൎച്ച വരുത്താതിരിക്കേണ്ടതിന്നു നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു മുമ്പെ കയറിവരുന്ന മീനിനെ പിടിക്ക; അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുൎദ്രഹ്മപ്പണം കാണും; അതു എടുത്തു എനിക്കും നിനക്കും വേണ്ടി അവൎക്കു കൊടുക്ക.

൧൮ാം അദ്ധ്യായം.

൧ ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു: സ്വൎഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആർ എന്നു ചോദിച്ചു.

* ഏററവും പുരാതന ഗ്രന്ഥങ്ങളിൽ ഈ വാക്യം കാണുന്നില്ല.

൨ എന്നാറെ അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി പറഞ്ഞതു:

൩ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ തിരിഞ്ഞു ശിശുക്കളെപോലെ ആയ്തീരുന്നില്ല എങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ കടക്കയില്ല.

൪ ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ ആരോ അവൻ സ്വൎഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആകുന്നു.

൫ ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്താൽ ആരെങ്കിലും കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു.

൬ എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടൎച്ച വരുത്തുകിലോ അവന്റെ കഴുത്തിൽ ഒരു തിരികല്ലു കെട്ടിത്തൂക്കി അവനെ സമുദ്രത്തിന്റെ അഗാധത്തിൽ താഴ്ത്തിക്കളയുന്നതു അവന്നു നന്നു.

൭ ഇടൎച്ചകൾ ഹേതുവായിട്ടു ലോകത്തിന്നു ഹാ കഷ്ടം; ഇടൎച്ചകൾ വരുന്നതു ആവശ്യംതന്നേ സത്യം; എങ്കിലും ഇടൎച്ച വരുത്തുന്ന മനുഷ്യന്നു ഹാ കഷ്ടം.

൮ എന്നാൽ നിന്റെ കൈയോ കാലോ നിനക്കു ഇടൎച്ചവരുത്തിയാൽ അതിനെ വെട്ടി തള്ളിക്കളക; രണ്ടു കൈയും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ തള്ളപ്പെടുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ പ്രവേശിക്കുന്നതു നിനക്കു നല്ലു.

൯ നിന്റെ കണ്ണു നിനക്കു ഇടൎച്ച വരുത്തിയാൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക; രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ തള്ളപ്പെടുന്നതിനെക്കാൾ ഒററക്കണ്ണനായി ജീവനിൽ പ്രവേശിക്കുന്നതു നിനക്കു നല്ലു.

൧൦ ഈ ചെറിയവരിൽ ഒന്നിനെ നിസ്സാരമാക്കാതിരിപ്പാൻ നോക്കിക്കൊൾവിൻ; എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ മുഖത്തെ സദാ കാണുന്നു, എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൧൧ [നഷ്ടമായതിനെ രക്ഷിപ്പാൻ അല്ലോ മനുഷ്യപുത്രൻ വന്നതു.]*

൧൨ നിങ്ങൾക്കു എന്തു തോന്നുന്നു? ഒരു മനുഷ്യന്നു നൂറു ആടു ഉണ്ടായിരിക്കേ അവയിൽ ഒന്നു തെറ്റി ഉഴന്നുപോയാൽ തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു ആ തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ?

൧൩ അതിനെ കണ്ടെത്തി എന്നു വരികിലോ, സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിലും അധികം അതിനെക്കുറിച്ചു സന്തോഷിക്കുന്നു.

൧൪ ഇപ്രകാരം തന്നേ ഈ ചെറിയവരിൽ ഒന്നു നശിച്ചുപോകുന്നതു സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല.

൧൫ ¶ എന്നാൽ നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റത്തെ അവന്നു കാണിച്ചുകൊടുക്ക; അവൻ നിന്നെ ചെവിക്കൊണ്ടാൽ നീ നിന്റെ സഹോദരനെ നേടി.

൧൬ ചെവിക്കൊള്ളാഞ്ഞാലോ രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകല വാക്കും സ്ഥിരപ്പെടേണ്ടതിന്നു ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക.

൧൭ അവരെ കൂട്ടാക്കാതെ ഇരുന്നാൽ സഭയോടു അറിയിക്ക; സഭയെയും കൂട്ടാക്കാതെ ഇരുന്നാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ.

൧൮ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടുമോ അതു സ്വൎഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ എന്തെല്ലാം അഴിക്കുമോ അതു സ്വൎഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും.

൧൯ പിന്നെയും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാൎയ്യത്തെക്കുറിച്ചും ഐകമത്യപ്പെട്ടാൽ അതു സ്വൎഗ്ഗസ്ഥനായ എൻ പിതാവിൽനിന്നു അവൎക്കു ലഭിക്കും.

൨൦ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെയെങ്കിലും ഒരുമിച്ചു കൂടിയാൽ അവിടെ ഞാൻ അവരുടെ നടുവിൽ ഉണ്ടു.

൨൧ ¶ അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു: കൎത്താവേ എന്റെ സഹോദരൻ എന്നോടു എത്ര വട്ടം പിഴെച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴോളമോ എന്നു ചോദിച്ചു.

൨൨ യേശു അവനോടു പറയുന്നു: ഏഴോളമല്ല, ഏഴ് എഴുപതോളം; എന്നു ഞാൻ നിന്നോടു പറയുന്നു.

൨൩ അതുകൊണ്ടു സ്വൎഗ്ഗരാജ്യം തന്റെ ദാസന്മാരോടു കണക്കു തീൎപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം ആകുന്നു.

൨൪ അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടംപെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

൨൫ അവന്നു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ കൎത്താവു അവനെയും ഭാൎയ്യയെയും മക്കളെയും അവന്നുള്ളതു ഒക്കെയും വിറ്റു കടം തീൎപ്പാൻ കല്പിച്ചു.

൨൬ അതുകൊണ്ടു ആ ദാസൻ വീണു അവനെ കുമ്പിട്ടു: കൎത്താവേ, എന്നോടു ദീൎഘക്ഷമ തോന്നേണമേ, ഞാൻ നിനക്കു സകലവും തന്നു തീൎക്കാം, എന്നു പറഞ്ഞു.

൨൭ അപ്പോൾ ആ ദാസന്റെ കൎത്താവു മനസ്സലിഞ്ഞു അവനെ വിടുവിച്ചു, കടവും അവന്നു ഇളെച്ചു കൊടുത്തു.

൨൮ ആ ദാസൻ പുറപ്പെട്ടാറെ തന്റെ കൂട്ടുദാസന്മാരിൽ വെച്ചു തന്നോടു നൂറു ദ്രഹ്മപ്പണം കടംപെട്ട ഒരുത്തനെ കണ്ടു അവനെ തൊണ്ടെക്കു പിടിച്ചു ഞെക്കി, നീ കടംപെട്ടതു തന്നു തീൎക്ക എന്നു പറഞ്ഞു.

൨൯ ആകയാൽ അവന്റെ കൂട്ടുദാസൻ: എന്നോടു ദീൎഘക്ഷമ തോന്നേണമേ,

*ഏറ്റവും പുരാതന ഗ്രന്ഥങ്ങളിൽ ഈ വാക്യം കാണുന്നില്ല.

ഞാൻ നിനക്കു തന്നു തീക്കാം എന്നു പറ
ഞ്ഞു അവനോടു അപേക്ഷിച്ചു.
൩൦ എന്നാൽ അവൻ മനസ്സില്ലാതെ
ഉടനെ ചെന്നു, കടമുള്ളതു വീട്ടുവോളം
അവനെ തടവിൽ ആക്കിച്ചു.
൩൧ ഈ ഉണ്ടായവ അവന്റെ കൂട്ടു
ദാസന്മാർ കണ്ടിട്ടു വളരെ ദുഃഖിച്ചു, ചെ
ന്നു സംഭവിച്ചതു ഒക്കെയും തങ്ങളുടെ ക
ൎത്താവിനെ ബോധിപ്പിച്ചു.
൩൨ അപ്പോൾ അവന്റെ കൎത്താവു
അവനെ വിളിച്ചു: ദുഷ്ടദാസനേ, നീ എ
ന്നോടു അപേക്ഷിക്കയാൽ ആ കടം എ
ല്ലാം ഞാൻ നിനക്കു ഇളെച്ചുതന്നുവല്ലോ.
൩൩ എനിക്കു നിന്നോടു കരുണ തോ
ന്നിയ പ്രകാരം തന്നേ നിന്റെ കൂട്ടുദാ
സനോടു നിനക്കും കരുണയുണ്ടാകേണ്ട
തായിരുന്നില്ലയോ എന്നു പറഞ്ഞു.
൩൪ എന്നിട്ടു അവന്റെ കൎത്താവു
കോപിച്ചു, അവൻ കടംപെട്ടതു എല്ലാം
കൊടുത്തു തീക്കുവോളം അവനെ ദണ്ഡി
പ്പിക്കുന്നവരുടെ കൈയിൽ ഏല്പിച്ചു.
൩൫ നിങ്ങൾ ഓരോരുത്തൻ താന്താ
ന്റെ സഹോദരനോടു ഹൃദയപൂൎവ്വം ക്ഷ
മിക്കാഞ്ഞാൽ സ്വൎഗ്ഗസ്ഥനായ എൻ പിതാ
വു ഇപ്രകാരം തന്നേ നിങ്ങളോടും ചെ
യ്യും.

൧൯ാം അദ്ധ്യായം.

യേശു ഈ വചനങ്ങളെ പറഞ്ഞു തീൎന്ന
പ്പോൾ ഉണ്ടായതെന്തെന്നാൽ:
൨ അവൻ ഗലീലയിൽനിന്നു പുറപ്പെ
ട്ടു, യോൎദ്ദാന്നക്കരയിൽ യഹൂദ്യദേശ
ത്തിന്റെ അതിരോളം വന്നു; അനേകം
പുരുഷാരങ്ങളും അവനെ പിൻചെന്നു,
അവൻ അവിടെ അവരെ സൌഖ്യമാക്ക
കയും ചെയ്തു.
൩ ¶ പരീശന്മാർ അവന്റെ അടു
ക്കൽ വന്നു: ഏതു കാരണം ചൊല്ലിയും
ഭാൎയ്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ
എന്നു അവനെ പരീക്ഷിച്ചുകൊണ്ടു ചോ
ദിച്ചു.
൪ അവൻ ഉത്തരം പറഞ്ഞതു: ആദി
യിൽ സൃഷ്ടിച്ചവൻ അവരെ ആണും പെ
ണ്ണുമായി സൃഷ്ടിച്ചു എന്നും,
൫ അതു നിമിത്തം മനുഷ്യൻ പിതാ
വിനെയും മാതാവിനെയും വിട്ടു തന്റെ
ഭാൎയ്യയോടു പററിച്ചേരും, ഇരുവരും ഒ
രു ജഡമായി തീരും എന്നു അവൻ പറ
ഞ്ഞു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ?
൬ അതുകൊണ്ടു അവർ മേലാൽ ര
ണ്ടല്ല, ഒരു ജഡമത്രേ ആകുന്നു; ആക
യാൽ ദൈവം യോജിപ്പിച്ചതിനെ മനു
ഷ്യൻ വേർപിരിക്കരുതു.
൭ അവർ അവനോടു: എന്നാൽ ഉ
പേക്ഷണച്ചീട്ടു കൊടുത്തിട്ടു അവളെ ഉ
പേക്ഷിപ്പാൻ മോശെ കല്പിച്ചതു എന്തു
എന്നു ചോദിച്ചു.
൮ അവൻ അവരോടു പറഞ്ഞതു: നി
ങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ
നിങ്ങളുടെ ഭാൎയ്യമാരെ ഉപേക്ഷിപ്പാൻ
മോശെ അനുവദിച്ചതു; ആദിയിൽ അ
പ്രകാരം ആയിരുന്നില്ല താനും.
൯ ഞാനോ നിങ്ങളോടു പറയുന്നു:
വേശ്യാദോഷം നിമിത്തമല്ലാതെ ആരെ
ങ്കിലും തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചു മ
റെറാരുത്തിയെ വിവാഹം ചെയ്താൽ വ്യ
ഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവ
ളെ വിവാഹം ചെയ്യുന്നവനും വ്യഭിചാ
രം ചെയ്യുന്നു.
൧൦ ശിഷ്യന്മാർ അവനോടു: സ്ത്രീയെ
സംബന്ധിച്ചു മനുഷ്യന്റെ അവസ്ഥ ഇ
ങ്ങനെ എങ്കിൽ വിവാഹം ചെയ്യുന്നതു ന
ന്നല്ല എന്നു പറഞ്ഞു.
൧൧ അവൻ അവരോടു പറഞ്ഞു: വ
രം കിട്ടിയവർ അല്ലാതെ എല്ലാവരും
ഈ വചനം ഗ്രഹിക്കുന്നില്ല.
൧൨ എന്തുകൊണ്ടെന്നാൽ അമ്മയുടെ
ഗൎഭത്തിൽനിന്നു ഷണ്ഡന്മാരായിട്ടു ജനി
ച്ചവർ ഉണ്ടു; മനുഷ്യർ ഷണ്ഡന്മാരാക്കി
യ ഷണ്ഡന്മാരും ഉണ്ടു; സ്വൎഗ്ഗരാജ്യം നി
മിത്തം തങ്ങളെ തന്നേ ഷണ്ഡന്മാരാക്കി
യ ഷണ്ഡന്മാരും ഉണ്ടു; ഗ്രഹിപ്പാൻ കഴി
യുന്നവൻ ഗ്രഹിക്കട്ടെ.
൧൩ ¶ അപ്പോൾ അവൻ ശിശുക്കളു
ടെ മേൽ കൈകളെ വെച്ചു പ്രാൎത്ഥിക്കേ
ണ്ടതിന്നു ചിലർ അവരെ അവന്റെ അ
ടുക്കൽ കൊണ്ടുവന്നു; എന്നാൽ ശിഷ്യന്മാ
ർ അവരെ വിലക്കി.

൧൪ യേശുവോ: ശിശുക്കളെ വിടുവിൻ, അവർ എന്റെ അടുക്കൽ വരുന്നതു തടുക്കരുതു; സ്വർഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടെ അല്ലോ ആകുന്നു എന്നു പറഞ്ഞു.

൧൫ പിന്നെ അവൻ അവരുടെമേൽ കൈകളെ വെച്ചിട്ടു, അവിടെനിന്നു പോകയും ചെയ്തു.

൧൬ ¶ പിന്നെ ഇതാ, ഒരുത്തൻ വന്നു അവനോടു പറഞ്ഞു: ഗുരോ, നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം?

൧൭ അവനോടു അവൻ പറഞ്ഞു: എന്നോടു നന്മയെ കുറിച്ചു ചോദിക്കുന്നതു എന്തു? നല്ലവൻ ഒരുത്തനേ ഉള്ളൂ. ജീവനിൽ പ്രവേശിപ്പാൻ ഇച്ശിക്കുന്നു എങ്കിൽ കല്പനകളെ കാക്കുക.

൧൮ ഏവ? എന്നു അവൻ ചോദിച്ചതിന്നു യേശു പറഞ്ഞു: നീ കുല ചെയ്യരുതു, വ്യഭിചാരം ചെയ്യരുതു, മോഷ്ടിക്കരുതു, കള്ളസ്സാക്ഷി പറയരുതു;

൧൯ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്ക; നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്ക എന്നുള്ളവ തന്നേ.

൨൦ യൌവനക്കാരൻ അവനോടു പറയുന്നു: ഇവ ഒക്കെയും ഞാൻ കാത്തുകൊണ്ടിരിക്കുന്നു; ഇനി കുറവുള്ളതു എന്തു?

൨൧ യേശു അവനോടു പറഞ്ഞു: പരിപൂൎണ്ണൻ ആകുവാൻ ഇച്ശിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളവയെ വിററു ദരിദ്രൎക്കു കൊടുക്ക എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു, എന്നെ അനുഗമിക്ക.

൨൨ യൌവനക്കാരൻ വളരെ സമ്പത്തുള്ളവനാകയാൽ അവൻ ഈ വചനം കേട്ടപ്പോൾ ദുഃഖിച്ചു.

൨൩ ¶ അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു പ്രയാസം തന്നേ.

൨൪ പിന്നെയും ഞാൻ നിങ്ങളോടു പറയുന്നു: ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു എളുപ്പം ആകുന്നു.

൨൫ എന്നതു കേട്ടു ശിഷ്യന്മാർ ഏററം വിസ്മയിച്ചു: എന്നാൽ രക്ഷിക്കപ്പെടുവാൻ ആൎക്കു കഴിയും എന്നു പറഞ്ഞു.

൨൬ യേശു അവരെ നോക്കി: ഇതു മനുഷ്യൎക്കു അസാദ്ധ്യം തന്നേ, എങ്കിലും ദൈവത്തിന്നു സകലവും സാദ്ധ്യം ആകുന്നു എന്നു പറഞ്ഞു.

൨൭ അപ്പോൾ പത്രൊസ് അവനോടു ഉത്തരമായിട്ടു പറഞ്ഞു: ഇതാ, ഞങ്ങൾ സകലവും വിട്ടു, നിന്റെ പിന്നാലെ വന്നു; എന്നാൽ ഞങ്ങൾക്കു എന്തു ഉണ്ടാകും?

൨൮ യേശു അവരോടു പറഞ്ഞതു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്നെ അനുഗമിച്ചിട്ടുള്ള നിങ്ങൾ പുനൎജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു ഇസ്രയേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിക്കും.

൨൯ എന്റെ നാമം നിമിത്തം വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനെയോ, അമ്മയെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടുകളഞ്ഞവനു എല്ലാം നൂറു മടങ്ങു ലഭിക്കും, അവൻ നിത്യജീവനെയും അവകാശമാക്കും.

൩൦ എങ്കിലും മുമ്പന്മാർ പലർ പിമ്പരും, പിമ്പന്മാർ മുമ്പരും ആകും.

൨൦ാം അദ്ധ്യായം.

എങ്ങനെയെന്നാൽ സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിലേക്കു വേലക്കാരെ വിളിച്ചാക്കേണ്ടതിന്നു പുലർകാലേ പുറപ്പെട്ടു വീട്ടുടയവനോടു സദൃശമാകുന്നു.

൨ ആ വേലക്കാരോടു അവൻ ദിവസത്തേക്കു ഓരോ ദ്രഹ്മപ്പണം പറഞ്ഞൊത്തിട്ടു, അവരെ തന്റെ മുന്തിരിത്തോട്ടത്തിൽ അയച്ചു.

൩ മൂന്നാംമണിനേരത്തും പുറപ്പെട്ടു, മററു ചിലർ ചന്തയിൽ മിനക്കെട്ടു നില്ക്കുന്നതു കണ്ടു:

൪ നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു

പോകുവിൻ; ന്യായമുള്ളതിനെ ഞാൻ ത
രികയുമാം എന്നു അവരോടു പറഞ്ഞു;
അവർ പോകയും ചെയ്തു.

൫ പിന്നെയും ആറാം മണിനേരത്തും
ഒമ്പതാം മണി നേരത്തും പുറപ്പെട്ടു, അ
പ്രകാരം തന്നേ ചെയ്തു.

൬ പതിനൊന്നാം മണിനേരത്തും പു
റപ്പെട്ടു ചെന്നു, മററു ചിലർ നില്ക്കുന്ന
തു കണ്ടാറെ: നിങ്ങൾ ഇവിടെ പകൽ
എല്ലാം മിനക്കെട്ടു നില്ക്കുന്നതു എന്തു? എ
ന്നു പറഞ്ഞു.

൭ ഞങ്ങളെ ആരും കൂലിക്കു വിളിക്കാ
യ്കകൊണ്ടത്രേ, എന്നു അവർ പറഞ്ഞ
പ്പോൾ: നിങ്ങളും മുന്തിരിത്തോട്ടത്തിലേ
ക്കു ചെല്ലുവിൻ എന്നു അവരോടു പറ
ഞ്ഞു.

൮ സന്ധ്യയായപ്പോൾ മുന്തിരിത്തോട്ട
ത്തിൻെറ ഉടയവൻ തൻെറ വിചാരക
നോടു പറയുന്നു: വേലക്കാരെ വിളിച്ചു,
പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെ അവ
ൎക്കു കൂലി കൊടുക്ക.

൯ അങ്ങനെ പതിനൊന്നാം മണി
നേരത്തു വന്നവർ ചെന്നു, ഓരോ ദ്രമ്മ
പ്പണം വാങ്ങി.

൧൦ മുമ്പന്മാർ വന്നപ്പോൾ തങ്ങൾക്കു
അധികം കിട്ടും എന്നു നിരൂപിച്ചു; അ
വൎക്കും ഓരോ ദ്രമ്മപ്പണം ലഭിച്ചു.

൧൧ അതു വാങ്ങീട്ടു അവർ വീട്ടുടയ
വൻെറ നേരെ പിറുപിറുത്തു പറഞ്ഞതു:

൧൨ ഈ പിമ്പന്മാർ ഒരു മണിനേരം
മാത്രം കഴിച്ചിട്ടും പകലിൻെറ ഭാരവും
വെയിലും സഹിച്ച ഞങ്ങളോടു നീ അവ
രെ സമമാക്കിയല്ലോ.

൧൩ അവരിൽ ഒരുത്തനോടു അവൻ
ഉത്തരം പറഞ്ഞതു: സ്നേഹിതാ! ഞാൻ
നിന്നോടു അന്യായം ചെയ്യുന്നില്ല; നീ
എന്നോടു ഒരു പണം പറഞ്ഞൊത്തില്ല
യോ?

൧൪ നിൻേറതു വാങ്ങി പൊയ്ക്കൊൾക;
നിനക്കു എന്നപോലെ ഈ പിമ്പനും
കൊടുപ്പാൻ എനിക്കു മനസ്സുണ്ടു.

൧൫ എനിക്കുള്ളവയെക്കൊണ്ടു എൻെറ
മനസ്സുപോലെ ചെയ്വാൻ എനിക്കു ന്യായ
മില്ലയോ? ഞാൻ നല്ലവൻ ആകകൊണ്ടു
നിൻെറ കണ്ണു കടിക്കുന്നുവോ?

൧൬ ഇപ്രകാരം തന്നേ പിമ്പന്മാർ
മുമ്പരും മുമ്പന്മാർ പിമ്പരും ആകും.

൧൭ ¶ യേശു യരുശലേമിലേക്കു ക
രേറിപ്പോകുമ്പോൾ പന്ത്രണ്ടു ശിഷ്യന്മാ
രെയും വേറിട്ടു കൂട്ടിക്കൊണ്ടു വഴിയിൽ
വെച്ചു അവരോടു പറഞ്ഞു:

൧൮ ഇതാ നാം യരുശലേമിലേക്കു ക
രേറിപ്പോകുന്നു; അവിടെ മനുഷ്യപുത്ര
ൻ മഹാപുരോഹിതന്മാൎക്കും ശാസ്ത്രികൾക്കും
ഏല്പിക്കപ്പെടും; അവർ അവനെ മരണ
ത്തിന്നു വിധിച്ചു,

൧൯ പരിഹസിപ്പാനും തല്ലുവാനും ക്രൂ
ശിപ്പാനും അവനെ ജാതികൾക്കു ഏല്പി
ക്കും, മൂന്നാംനാൾ അവൻ ഉയിൎത്തെഴുനീ
ല്ക്കയും ചെയ്യും.

൨൦ ¶ അപ്പോൾ സബദിപുത്രന്മാരു
ടെ അമ്മ തൻെറ പുത്രന്മാരുമായി അവ
ൻെറ അടുക്കെ വന്നു കുമ്പിട്ടു അവനോ
ടു ഒരു കാൎയ്യം യാചിച്ചു.

൨൧ നിനക്കു എന്തു വേണം എന്നു അ
വൻ അവളോടു ചോദിച്ചു. അവൾ അ
വനോടു പറയുന്നു: ഈ എൻെറ പുത്ര
ന്മാർ ഇരുവരും നിൻെറ രാജ്യത്തിൽ ഒരു
ത്തൻ നിൻെറ വലത്തും ഒരുത്തൻ ഇട
ത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ.

൨൨ അതിന്നു യേശു ഉത്തരം പറ
ഞ്ഞതു: നിങ്ങൾ യാചിക്കുന്നതു ഇന്നതു
എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കു
ടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ
നിങ്ങൾക്കു കഴിയുമൊ? കഴിയും,എന്നു
അവർ പറഞ്ഞു.

൨൩ അവൻ അവരോടു പറഞ്ഞു: എ
ൻെറ പാനപാത്രം നിങ്ങൾ കുടിക്കും നി
ശ്ചയം; എങ്കിലും എൻെറ വലത്തും ഇട
ത്തും ഇരിക്ക എന്നതു നല്കുവാൻ എൻേറ
തല്ല; എൻെറ പിതാവിനാൽ ആൎക്കു ഒരു
ക്കപ്പെട്ടിരിക്കുന്നുവോ അവൎക്കു കിട്ടും.

൨൪ ശേഷം പത്തു പേർ അതു കേട്ടി
ട്ടു ആ രണ്ടു സഹോദരന്മാരുടെ നേരെ
നീരസപ്പെട്ടു; യേശുവോ അവരെ അടു
ക്കെ വിളിച്ചു പറഞ്ഞു:

൨൫ ജാതികളുടെ അധിപതിമാർ അ

വരിൽ കൎത്തൃത്വം ചെയ്യുന്നു എന്നും, മ
ഹത്തുക്കൾ അവരുടെമേൽ അധികാരം
നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു.
൨൬ നിങ്ങളിൽ ഇപ്രകാരം അരുതു;
നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കു
ന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ
ആകേണം.
൨൭ നിങ്ങളിൽ ഒന്നാമൻ ആകുവാൻ
ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ
ആകേണം.
൨൮ മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യി
പ്പാനല്ല, ശുശ്രൂഷിപ്പാനും അനേകൎക്കു വേ
ണ്ടി തന്റെ ജീവനെ വീണ്ടെടുപ്പിന്നാ
യി കൊടുപ്പാനും വന്നപ്രകാരം തന്നേ.
൨൯ ¶ അവർ യറിഹോവിൽനിന്നു
പുറപ്പെട്ടപ്പോൾ വലിയോരു പുരുഷാരം
അവന്റെ പിന്നാലെ ചെന്നു.
൩൦ അപ്പോൾ ഇതാ, വഴിയരികേ ഇ
രിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നു
പോകുന്നപ്രകാരം കേട്ടു: കൎത്താവേ, ദാ
വീദ് പുത്രാ, ഞങ്ങളോടു കരുണ തോ
ന്നേണമേ എന്നു നിലവിളിച്ചു.
൩൧ മിണ്ടാതിരിപ്പാൻ പുരുഷാരം അ
വരെ ശാസിച്ചപ്പോൾ അവർ: കൎത്താ
വേ, ദാവീദ്പുത്രാ, ഞങ്ങളോടു കരുണ
തോന്നേണമേ എന്നു അധികം നിലവി
ളിച്ചു.
൩൨ യേശു നിന്നു അവരെ വിളിച്ചു:
ഞാൻ നിങ്ങൾക്കു എന്തു ചെയ്യേണമെന്നു
നിങ്ങൾ ഇച്ഛിക്കുന്നു എന്നു ചോദിച്ചു.
൩൩ കൎത്താവേ ഞങ്ങൾക്കു കണ്ണു തുറ
ന്നു കിട്ടേണം, എന്നു അവർ പറഞ്ഞു.
൩൪ യേശു മനസ്സലിഞ്ഞു അവരുടെ
കണ്ണുകളെ തൊട്ടു; ഉടനെ അവർ കാഴ്ച
പ്രാപിച്ചു, അവനെ പിന്തുടരുകയും
ചെയ്തു.

൨൧ാം അദ്ധ്യായം.

അനന്തരം അവർ യരുശലേമിനോടു സ
മീപിച്ചു ഒലീവ്മലയരികെ ബെത്ത്ഫാഗ
യിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യ
ന്മാരെ അയച്ചു:
൨ നിങ്ങൾക്കു എതിരേയുള്ള ഗ്രാമത്തിൽ
ചെല്ലുവിൻ; ഉടനെ നിങ്ങൾ കെട്ടപ്പെട്ടി
രിക്കുന്ന ഒരു പെണ്കഴുതയെയും അതി
നോടുകൂടെ കുട്ടിയെയും കാണും; അവ
യെ അഴിച്ചു കൊണ്ടുവരുവിൻ.
൩ നിങ്ങളോടു ആരാനും വല്ലതും പ
റഞ്ഞാൽ: കൎത്താവിന്നു ഇവകൊണ്ടു ആ
വശ്യം ഉണ്ടു; എന്നു ചൊല്ലുവിൻ; തൽക്ഷ
ണം അവൻ അവയെ അയക്കും എന്നു പ
റഞ്ഞു.
൪ പ്രവാചകൻ മുഖാന്തരം പറയ
പ്പെട്ടതിന്നു നിവൃത്തി വരുവാൻ ഇതു സം
ഭവിച്ചു; അതാവിതു:
൫ സീയോൻ പുത്രിയോടു പറവിൻ:
ഇതാ നിന്റെ രാജാവു സൌമ്യനായി ക
ഴുതപ്പുറത്തും വാഹനമാകുന്ന കഴുതയുടെ
കുട്ടിപ്പുറത്തും കയറിക്കൊണ്ടു നിന്റെ അ
ടുക്കൽ വരുന്നു.
൬ എന്നാറെ ശിഷ്യന്മാർ പുറപ്പെട്ടു
യേശു കല്പിച്ചപ്രകാരം ചെയ്തു;
൭ കഴുതയെയും കുട്ടിയെയും കൊണ്ടുവ
ന്നു, തങ്ങളുടെ വസ്ത്രങ്ങളെ അവയുടെ മേ
ൽ ഇട്ടു; അവൻ അവയുടെമേൽ ഇരുന്നു.
൮ പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്ര
ങ്ങളെ വഴിയിൽ വിരിച്ചു; മറ്റു ചിലർ
മരങ്ങളിൽനിന്നു കൊമ്പുകളെ വെട്ടി വ
ഴിയിൽ വിതറി.
൯ മുന്നും പിന്നും നടന്ന പുരുഷാരങ്ങ
ൾ: ദാവീദ്പുത്രന്നു ഹോശന്നാ, കൎത്താ
വിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്ത
പ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശ
ന്നാ എന്നു ആൎത്തുകൊണ്ടിരുന്നു.
൧൦ അവൻ യറുശലേമിൽ പ്രവേശി
ച്ചപ്പോൾ നഗരം എല്ലാം ഇളകി, ഇവൻ
ആർ എന്നു പറഞ്ഞു.
൧൧ ഇവൻ ഗലീലയിലേ നസറേത്തി
ൽനിന്നുള്ള പ്രവാചകനായ യേശു എന്നു
പുരുഷാരങ്ങൾ പറഞ്ഞു.
൧൨ ¶ യേശു ദൈവാലയത്തിൽ പ്ര
വേശിച്ചു, ദൈവാലയത്തിൽ വില്ക്കുന്നവ
രെയും കൊള്ളുന്നവരെയും എല്ലാം പുറ
ത്താക്കി പൊൻവാണിഭക്കാരുടെ മേശക
ളെയും പ്രാവുകളെ വില്ക്കുന്നവരുടെ പീ
ഠങ്ങളെയും മറിച്ചുകളഞ്ഞു അവരോടു പ
റഞ്ഞു:
൧൩ എന്റെ ഭവനം പ്രാൎത്ഥനാഭവ

ന്നം എന്നു വിളിക്കപ്പെടും എന്നു എഴുതി
യിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാ
രുടെ ഗുഹ ആക്കിതീൎക്കുന്നു.

൧൪ കുരുടന്മാരും മുടന്തന്മാരും ദൈ
വാലയത്തിൽ അവന്റെ അടുക്കൽ വന്നു;
അവൻ അവരെ സൌഖ്യമാക്കി.

൧൫ എന്നാൽ മഹാപുരോഹിതന്മാരും
ശാസ്ത്രികളും അവൻ ചെയ്ത അതിശയങ്ങ
ളെയും, ദാവീദ്പുത്രന്നു ഹോശന്നാ എ
ന്നു ദൈവാലയത്തിൽ ആൎക്കുന്ന ബാല
ന്മാരെയും കണ്ടിട്ടു നീരസപ്പെട്ടു.

൧൬ ഇവർ പറയുന്നതു കേൾക്കുന്നു
വോ എന്നു അവനോടു ചോദിച്ചു; യേശു
അവരോടു: ഉവ്വ, ശിശുക്കളുടെയും മുല
കുടിക്കുന്നവരുടെയും വായിൽനിന്നു നീ
പുകഴ്ചയെ ഒരുക്കി, എന്നുള്ളതു നിങ്ങൾ
ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു ചോ
ദിച്ചു.

൧൭ പിന്നെ അവരെ വിട്ടു പട്ടണ
ത്തിൽനിന്നു പുറപ്പെട്ടു ബെത്താന്യയിൽ
ചെന്നു അവിടെ രാത്രി പാൎത്തു.

൧൮ ¶ പുലർകാലേ അവൻ നഗരത്തി
ലേക്കു മടങ്ങിപ്പോകുന്ന സമയം വിശ
ന്നിട്ടു വഴിയരികേ ഒരു അത്തിവൃക്ഷം
കണ്ടു.

൧൯ അതിന്റെ അടുക്കേ ചെന്നു അ
തിൽ ഇലകൾ അല്ലാതെ ഒന്നും കാണായ്ക
യാൽ: ഇനി നിന്നിൽ എന്നേക്കും ഫലം
ഉണ്ടാകാതിരിക്കട്ടെ, എന്നു അതിനോടു
പറഞ്ഞു; ക്ഷണത്തിൽ അത്തി ഉണങ്ങുക
യും ചെയ്തു.

൨൦ ശിഷ്യന്മാർ അതു കണ്ടാറെ: അ
ത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോയതു
എങ്ങനേ? എന്നു പറഞ്ഞു ആശ്ചൎയ്യപ്പെട്ടു.

൨൧ അതിന്നു യേശു ഉത്തരം പറഞ്ഞ
തു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറ
യുന്നു: നിങ്ങൾ സംശയിക്കാതെ വിശ്വാ
സമുള്ളവരായാൽ ഈ അത്തിയോടു ചെയ്ത
തു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല,
ഈ മലയോടു നീ നീങ്ങി കടലിലേക്കു
ചാടിപ്പോക എന്നു പറഞ്ഞാൽ അതും സം
ഭവിക്കും.

൨൨ നിങ്ങൾ വിശ്വസിച്ചുകൊണ്ടു
പ്രാൎത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങ
ൾക്കു ലഭിക്കും.

൨൩ ¶ അവൻ ദൈവാലയത്തിൽ
ചെന്നു ഉപദേശിക്കുമ്പോൾ മഹാപുരോ
ഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അ
വന്റെ അടുക്കൽ വന്നു: നീ എന്തു അധി
കാരംകൊണ്ടു ഇവറ്റെ ചെയ്യുന്നു? ഈ
അധികാരം നിനക്കു തന്നതു ആർ എന്നു
ചോദിച്ചു.

൨൪ യേശു അവരോടു ഉത്തരം പറ
ഞ്ഞതു: ഞാനും നിങ്ങളോടു ഒരു വാക്കു
ചോദിക്കും; അതു നിങ്ങൾ എന്നോടു പറ
ഞ്ഞാൽ എന്തു അധികാരംകൊണ്ടു ഞാൻ
ഇവ ചെയ്യുന്നു എന്നുള്ളതു ഞാനും നിങ്ങ
ളോടു പറയും.

൨൫ യോഹന്നാന്റെ സ്നാനം എവി
ടെനിന്നു ആയിരുന്നു? സ്വൎഗ്ഗത്തിൽനി
ന്നോ മനുഷ്യരിൽനിന്നോ? എന്നാറെ
അവർ തങ്ങളിൽ നിരൂപിച്ചു പറഞ്ഞതു:
സ്വൎഗ്ഗത്തിൽനിന്നു എന്നു പറഞ്ഞാൽ, പി
ന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞ
തു എന്തു എന്നു അവൻ നമ്മോടു പറയും.

൨൬ മനുഷ്യരിൽനിന്നു എന്നു പറ
ഞ്ഞാലോ, നാം പുരുഷാരത്തെ ഭയപ്പെടു
ന്നു; എല്ലാവരും യോഹന്നാനെ പ്രവാച
കൻ എന്നല്ലോ എണ്ണുന്നതു.

൨൭ പിന്നെ അവർ യേശുവിനോടു:
ഞങ്ങൾക്കു അറിഞ്ഞുകൂടാ എന്നു ഉത്തരം
പറഞ്ഞു; അവനും അവരോടു പറഞ്ഞു:
എന്നാൽ ഞാൻ ഇവ ചെയ്യുന്നതു എന്തു
അധികാരം കൊണ്ടു ആകുന്നു എന്നുള്ളതു
ഞാനും നിങ്ങളോടു പറയുന്നില്ല.

൨൮ എങ്കിലും നിങ്ങൾക്കു എന്തു തോ
ന്നുന്നു? ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉ
ണ്ടായിരുന്നതിൽ അവൻ ഒന്നാമത്തവ
ന്റെ അടുക്കൽ ചെന്നു: മകനേ, ഇന്നു എ
ന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല
ചെയ്ക എന്നു പറഞ്ഞു.

൨൯ എനിക്കു മനസ്സില്ല, എന്നു അവ
ൻ ഉത്തരം പറഞ്ഞു, എങ്കിലും പിന്നത്തേ
തിൽ അനുതാപപ്പെട്ടു പോകയും ചെയ്തു.

൩൦ രണ്ടാമത്തവന്റെ അടുക്കൽ ചെ
ന്നു, അപ്രകാരം തന്നേ പറഞ്ഞപ്പോൾ:

ഞാൻ പോകാം കൎത്താവേ, എന്നു അവ
ൻ ഉത്തരം പറഞ്ഞു എങ്കിലും പോയില്ല.

൩൧ ഈ രണ്ടുപേരിൽ ഏവൻ അപ്പ
ൻെറ ഇഷ്ടം ചെയ്തു? ഒന്നാമത്തവൻ, എ
ന്നു അവർ പറഞ്ഞു. യേശു അവരോടു
പറയുന്നു: ചുങ്കക്കാരും വേശ്യമാരും നി
ങ്ങൾക്കു മുമ്പെ ദൈവരാജ്യത്തിൽ പോകു
ന്നു എന്നു സത്യമായിട്ടു ഞാൻ നിങ്ങളോ
ടു പറയുന്നു.

൩൨ എന്തുകൊണ്ടെന്നാൽ യോഹന്നാ
ൻ നീതിയുടെ വഴിയിൽ നിങ്ങളുടെ അ
ടുക്കെ വന്നു; നിങ്ങൾ അവനെ വിശ്വ
സിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യമാ
രും അവനെ വിശ്വസിച്ചു; അതു നിങ്ങ
ൾ കണ്ടിട്ടും അവനെ വിശ്വസിപ്പാൻ ത
ക്കവണ്ണം പിന്നത്തേതിൽ അനുതപിച്ച
തുമില്ല.

൩൩ ¶ മറെറാരു ഉപമ കേൾപ്പിൻ:
വീട്ടുടയവനായ ഒരു മനുഷ്യൻ ഉണ്ടായി
രുന്നു; അവൻ ഒരു മുന്തിരിത്തോട്ടം നട്ടു
ണ്ടാക്കി, അതിന്നു വേലികെട്ടി, അതിൽ
ഒരു ചക്കു കുഴിച്ചുനാട്ടി, ഒരു ഗോപുര
വും പണിതു; പിന്നെ കുടിയാന്മാരെ പാ
ട്ടത്തിന്നു ഏല്പിച്ചുംവെച്ചു പരദേശത്തു
പോയി.

൩൪ ഫലങ്ങളുടെ കാലം സമീപിച്ച
പ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ട
തിന്നു അവൻ തൻെറ ദാസന്മാരെ കുടി
യാന്മാരുടെ അടുക്കൽ അയച്ചു.

൩൫ കുടിയാന്മാരോ അവൻെറ ദാസ
ന്മാരെ പിടിച്ചു, ഒരുവനെ തല്ലി, ഒരുവ
നെ കൊന്നു, മറെറാരുവനെ കല്ലെറി
ഞ്ഞു.

൩൬ പിന്നെയും മുമ്പിലത്തവരെക്കാ
ൾ അധികം ദാസന്മാരെ അയച്ചു; അവ
രോടും അവർ അപ്രകാരം തന്നേ ചെ
യ്തു.

൩൭ ഒടുവിൽ അവൻ: എൻെറ മക
നെ അവർ ശങ്കിക്കും എന്നു പറഞ്ഞു, ത
ൻെറ മകനെ അവരുടെ അടുക്കൽ അ
യച്ചു.

൩൮ മകനെ കണ്ടപ്പോൾ: ഇവൻ അ
വകാശി ആകുന്നു; വരുവിൻ, നാം അവ
നേ കൊന്നു, അവൻെറ അവകാശത്തെ
അടക്കിക്കൊൾക എന്നു കുടിയാന്മാർ ത
ങ്ങളിൽ പറഞ്ഞു.

൩൯ അവർ അവനെ പിടിച്ചു തോട്ട
ത്തിൽനിന്നു പുറത്താക്കി കൊന്നുകളഞ്ഞു.

൪൦ ആകയാൽ മുന്തിരിത്തോട്ടത്തി
ൻെറ ഉടയവൻ വരുമ്പോൾ ആ കുടിയാ
ന്മാരോടു എന്തു ചെയ്യും?

൪൧ ആ വല്ലാത്തവരെ അവൻ വല്ലാ
തെ നിഗ്രഹിച്ചു തോട്ടത്തെ തല്കാലത്തു
ഫലങ്ങളെ കൊടുക്കുന്ന വേറെ കുടിയാ
ന്മാൎക്കു ഏല്പിച്ചുകൊടുക്കുംഎന്നു അവർ അ
വനോടു പറഞ്ഞു.

൪൨ യേശു അവരോടു പറയുന്നു: വീ
ടുപണിയുന്നവർ ആകാ എന്നു തള്ളിയ
കല്ലു തന്നേ കോണിൻെറ തലയായി തീ
ൎന്നു; കൎത്താവിൽനിന്നു ഇതു ഉണ്ടായി ന
മ്മുടെ കണ്ണുകൾക്കു ആശ്ചൎയ്യമായിരിക്കു
ന്നു എന്നു തിരുവെഴുത്തുകളിൽ ഒരിക്ക
ലും വായിച്ചിട്ടില്ലയോ?

൪൩ അതുകൊണ്ടു ദൈവരാജ്യം നി
ങ്ങളിൽനിന്നു എടുക്കപ്പെട്ടു അതിൻെറ
ഫലങ്ങളെ കൊടുക്കുന്ന ജാതിക്കു കൊടു
ക്കപ്പെടും എന്നു ഞാൻ നിങ്ങളോടു പറ
യുന്നു.

൪൪ ഈ കല്ലിന്മേൽ വീഴുന്നവൻ നു
റുങ്ങിപ്പോകും: അതു ആരുടെമേൽ എങ്കി
ലും വീണാൽ അവനെ ധൂളിപ്പിക്കും.

൪൫ അവൻെറ ഉപമകളെ മഹാപു
രോഹിതന്മാരും പരീശരും കേട്ടിട്ടു, ത
ങ്ങളെക്കൊണ്ടു പറയുന്നു എന്നു അറിഞ്ഞു,

൪൬ അവനെ പിടിപ്പാൻ അന്വേഷി
ച്ചു എന്നാൽ പുരുഷാരങ്ങൾ അവനെ
പ്രവാചകൻ എന്നു എണ്ണുകകൊണ്ടു, അ
വരെ ഭയപ്പെട്ടു.

൨൨ാം അദ്ധ്യായം

യേശു പിന്നെയും അവരോടു ഉപമക
ളാൽ ഉരചെയ്തു പറഞ്ഞതെന്തെന്നാൽ:

൨ സ്വൎഗ്ഗരാജ്യം തൻെറ പുത്രന്നു വേ
ണ്ടി കല്യാണവിരുന്നു കഴിച്ച രാജാവി
ന്നു സദൃശം ആകുന്നു.

൩ അവൻ കല്യാണത്തിന്നു ക്ഷണിക്ക
പ്പെട്ടവരെ വിളിക്കേണ്ടതിന്നു തൻെറ ദാ

സന്മാരെ പറഞ്ഞയച്ചു; എന്നാൽ അവ
ൎക്ക വരുവാൻ മനസ്സില്ലാഞ്ഞു.

൪ പിന്നെയും അവൻ മറ്റു ദാസ
ന്മാരെ അയച്ചു: ഇതാ എന്റെ മുത്താഴം
ഒരുക്കി തീൎന്നു, എന്റെ കാളകളെയും ത
ടിപ്പിച്ച മൃഗങ്ങളെയും അറുത്തു, എല്ലാം
ഒരുങ്ങിയുമിരിക്കുന്നു, കല്യാണത്തിന്നു വ
രുവിൻ, എന്നു ക്ഷണിക്കപ്പെട്ടവരോടു പ
റയിച്ചു.

൫ അവർ അതു കൂട്ടാക്കാതെ ഒരുത്ത
ൻ തന്റെ നിലത്തിലേക്കും മറ്റൊരുത്ത
ൻ തന്റെ വ്യാപാരത്തിന്നും പൊയ്ക്കള
ഞ്ഞു.

൬ ശേഷമുള്ളവർ അവന്റെ ദാസന്മാ
രെ പിടിച്ചു അപമാനിക്കയും കൊന്നുക
ളകയും ചെയ്തു.

൭ എന്നാൽ രാജാവു കോപിച്ചു ത
ന്റെ സൈന്യങ്ങളെ അയച്ചു, ആ കുല
പാതകന്മാരെ മുടിച്ചു അവരുടെ പട്ടണ
വും ചുട്ടുകളഞ്ഞു.

൮ അപ്പോൾ അവൻ തന്റെ ദാസ
ന്മാരോടു: കല്യാണം ഒരുങ്ങിയിരിക്കുന്നു;
ക്ഷണിക്കപ്പെട്ടവരോ യോഗ്യരായിരുന്നി
ല്ല.

൯ ആകയാൽ വഴിത്തലകളിൽ ചെ
ന്നു നിങ്ങൾ കാണുന്നവരെ ഒക്കെയും ക
ല്യാണത്തിന്നു വിളിപ്പിൻ, എന്നു പറഞ്ഞു.

൰ ആ ദാസന്മാർ പെരുവഴികളിൽ
പോയി, കണ്ട ദുഷ്ടന്മാരെയും നല്ലവരെ
യും എല്ലാം കൂട്ടിക്കൊണ്ടു വന്നു, കല്യാണ
ശാല വിരുന്നുകാരെക്കൊണ്ടു നിറകയും
ചെയ്തു.

൰൧ എന്നാൽ വിരുന്നുകാരെ നോക്കു
വാൻ രാജാവു പ്രവേശിച്ചപ്പോൾ കല്യാ
ണവസ്ത്രം ഉടുക്കാതിരുന്ന ഒരു മനുഷ്യനെ
അവിടെ കണ്ടു.

൰൨ സ്നേഹിതാ, നീ കല്യാണവസ്ത്രം
ഇല്ലാതെ ഇവിടെ അകത്തു വന്നതു എ
ങ്ങനെ? എന്നു പറഞ്ഞു; എന്നാൽ അവ
ന്നു വാക്കില്ലാതെ പോയി.

൰൩ അപ്പോൾ രാജാവു ശുശ്രൂഷക്കാ
രോടു: ഇവനെ കൈയും കാലും കെട്ടി
ഏറ്റം പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവി
ൻ; അവിടെ കരച്ചലും പല്ലുകടിയും ഉ
ണ്ടാകും എന്നു പറഞ്ഞു.

൰൪ എന്തുകൊണ്ടെന്നാൽ വിളിക്കപ്പെ
ട്ടവർ അനേകർ, തെരിഞ്ഞെടുക്കപ്പെട്ടവ
രോ ചുരുക്കമത്രേ.

൰൫ ¶ അപ്പോൾ പറീശർ പോയി
അവനെ വാക്കിൽ കുടുക്കേണ്ടതിന്നു ആ
ലോചിച്ചുകൊണ്ടു,

൰൬ തങ്ങളുടെ ശിഷ്യന്മാരെ ഹെരോ
ദ്യരോടു കൂടെ അവന്റെ അടുക്കൽ അയ
ച്ചു: ഗുരോ, നീ സത്യവാനും, ദൈവത്തി
ന്റെ വഴിയെ നേരായി പഠിപ്പിക്കുന്നവ
നും മനുഷ്യരുടെ മുഖം നോക്കാത്തവൻ
ആകയാൽ ആരെയും ഗണ്യമാക്കാത്തവ
നും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു.

൰൭ ആകയാൽ നിനക്കു എന്തു തോ
ന്നുന്നു? കൈസൎക്കു കരം കൊടുക്കുന്നതു
വിഹിതമോ അല്ലയോ? ഞങ്ങളോടു പറ
ക എന്നു പറയിച്ചു.

൰൮ യേശു അവരുടെ ദുഷ്ടത അറി
ഞ്ഞു: കപടഭക്തിക്കാരേ, എന്നെ പരീ
ക്ഷിക്കുന്നതു എന്തു?

൰൯ കരത്തിന്നുള്ള നാണയം എന്നെ
കാണിപ്പിൻ എന്നു പറഞ്ഞു: അവർ അ
വന്റെ അടുക്കൽ ഒരു ദ്രമപ്പണം കൊ
ണ്ടുവന്നു.

൨൰ അവൻ അവരോടു പറഞ്ഞു: ഈ
സ്വരൂപവും മേലെഴുത്തും ആരുടേതു?

൨൰൧ കൈസരുടേതു, എന്നു അവർ
പറഞ്ഞപ്പോൾ: ആകയാൽ കൈസൎക്കുള്ള
വ കൈസൎക്കും ദൈവത്തിന്നുള്ളവ ദൈവ
ത്തിന്നും കൊടുപ്പിൻ, എന്നു അവൻ അ
വരോടു പറയുന്നു.

൨൰൨ അവർ കേട്ടു ആശ്ചൎയ്യപ്പെട്ടു അ
വനെ വിട്ടു പൊയ്ക്കളകയും ചെയ്തു.

൨൰൩ ¶ പുനരുത്ഥാനം ഇല്ല എന്നു പ
റയുന്ന സദൂക്യരും ആ ദിവസം അവ
ന്റെ അടുക്കെ വന്നു ചോദിച്ചതു:

൨൰൪ ഗുരോ, ഒരുത്തൻ മക്കൾ ഇല്ലാ
തെ മരിച്ചാൽ അവന്റെ സഹോദരൻ
അവന്റെ ഭാൎയ്യയെ ദേവരവിവാഹം ക
ഴിച്ചു തന്റെ സഹോദരന്നു സന്തതി ജ
നിപ്പിക്കേണം എന്നു മോശെ കല്പിച്ചുവ
ല്ലോ.

൨൫ എന്നാൽ ഞങ്ങളോടു കൂടെ ഏഴ
സഹോദരന്മാർ ഉണ്ടായിരുന്നു. അവരി
ൽ ഒന്നാമത്തവൻ വിവാഹം ചെയ്തശേ
ഷം മരിച്ചു, സന്തതി ഇല്ലായ്കയാൽ ത
ന്റെ ഭാൎയ്യയെ സഹോദരന്നു വിട്ടേച്ചു.
൨൬ രണ്ടാമത്തവനും മൂന്നാമത്തവ
നും ഏഴാമത്തവൻ വരെക്കും അപ്രകാരം
തന്നേ.
൨൭ എല്ലാവരുടെയും ഒടുവിൽ സ്ത്രീയും
മരിച്ചു.
൨൮ എന്നാൽ പുനരുത്ഥാനത്തിൽ അ
വൾ ഏഴവരിൽ ആൎക്കു ഭാൎയ്യ ആകും? എ
ല്ലാവൎക്കും ആയിരുന്നുവല്ലോ.
൨൯ എന്നതിന്നു യേശു ഉത്തരം പറ
ഞ്ഞതു: നിങ്ങൾ തിരുവെഴുത്തുകളെയും
ദൈവശക്തിയെയും അറിയായ്കകൊണ്ടു
തെററിപ്പോകുന്നു.
൩൦ പുനരുത്ഥാനത്തിൽ അവർ വി
വാഹം കഴിക്കുന്നില്ല വിവാഹം കഴിക്ക
പ്പെടുന്നതുമില്ല സ്വൎഗ്ഗത്തിലെ ദൂതന്മാരെ
പോലെ അത്രേ ആകുന്നു.
൩൧ മരിച്ചവരുടെ പുനരുത്ഥാനത്തെ
കുറിച്ചോ ദൈവത്താൽ നിങ്ങളോടു പറ
യപ്പെട്ടതു നിങ്ങൾ വായിച്ചിട്ടില്ലയോ?
൩൨ ഞാൻ അബ്രഹാമിന്റെ ദൈവ
വും ഇസ്സാക്കിന്റെ ദൈവവും യാക്കോബി
ന്റെ ദൈവവും ആകുന്നു, എന്നു അവൻ
പറയുന്നു; എന്നാൽ ദൈവം മരിച്ചവരു
ടെ അല്ല ജീവനുള്ളവരുടെ അത്രേ ആകു
ന്നു.
൩൩ പുരുഷാരങ്ങൾ ഇതു കേട്ടിട്ടു അ
വന്റെ ഉപദേശത്തിൽ വിസ്മയിച്ചു.
൩൪ ¶ സദൂക്യരെ അവൻ മിണ്ടാതാ
ക്കിയ പ്രകാരം പറീശർ കേട്ടാറെ അവ
ർ ഒന്നിച്ചു കൂടി.
൩൫ അവരിൽ ഒരു വൈദികൻ അ
വനെ പരീക്ഷിച്ചു:
൩൬ ഗുരോ ന്യായപ്രമാണത്തിൽ ഏ
തു കല്പന വലിയതു എന്നു ചോദിച്ചു.
൩൭ യേശു അവനോടു പറഞ്ഞു: നി
ന്റെ ദൈവമായ കൎത്താവിനെ നിന്റെ
പൂൎണ്ണഹൃദയത്തോടും, പൂൎണ്ണാത്മാവോ
ടും, പൂൎണ്ണമനസ്സോടും കൂടെ സ്നേഹിക്കേ
ണം.
൩൮ ഇതു വലിയതും ഒന്നാമത്തേതു
മായ കല്പന ആകുന്നു.
൩൯ ഇതിനോടു സമമായ രണ്ടാമ
ത്തേതു ഇതാകുന്നു: നിന്റെ അയല്ക്കാര
നെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേ
ണം.
൪൦ ഈ രണ്ടു കല്പനകളിൽ സകല
ന്യായപ്രമാണവും പ്രവാചകന്മാരും അട
ങ്ങിയിരിക്കുന്നു.
൪൧ ¶ എന്നാൽ പറീശർ ഒരുമിച്ചു
കൂടിയപ്പോൾ യേശു അവരോടു:
൪൨ ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്കു
എന്തു തോന്നുന്നു? അവൻ ആരുടെ പുത്ര
ൻ? എന്നു ചോദിച്ചു. ദാവീദിന്റെ എന്നു
അവർ പറഞ്ഞു.
൪൩ അവൻ അവരോടു പറയുന്നു:
എന്നാൽ ദാവീദ് ആത്മാവിൽ അവനെ
കൎത്താവു, എന്നു വിളിക്കുന്നതു എങ്ങനെ?
൪൪ ഞാൻ നിന്റെ ശത്രുക്കളെ നി
ന്റെ പാദപീഠം ആക്കുവോളത്തിന്നു എ
ന്റെ വലത്തു ഭാഗത്തു ഇരിക്ക എന്നു ക
ൎത്താവു എന്റെ കൎത്താവിനോടു അരുളി
ച്ചെയ്തു എന്നു അവൻ പറയുന്നുവല്ലോ.
൪൫ ആകയാൽ ദാവീദ് അവനെ ക
ൎത്താവു എന്നു പറയുന്നു എങ്കിൽ അവ
ന്റെ പുത്രൻ ആകുന്നതു എങ്ങനെ?
൪൬ എന്നാൽ അവനോടു ഉത്തരം പ
റവാൻ ആൎക്കും കഴിഞ്ഞില്ല; ആ ദിവസം
മുതല്ക്കു ആരും അവനോടു ചോദിപ്പാൻ
തുനിഞ്ഞതുമില്ല.

൨൩ാം അദ്ധ്യായം.

അനന്തരം യേശു പുരുഷാരങ്ങളോടും ത
ന്റെ ശിഷ്യന്മാരോടും പറഞ്ഞതു:
൨ ശാസ്ത്രികളും പറീശരും മോശെയു
ടെ പീഠത്തിന്മേൽ ഇരിക്കുന്നു.
൩ ആകയാൽ അവർ നിങ്ങളോടു പ
റയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്വിൻ
അവരുടെ പ്രവൃത്തികളിൻപ്രകാരം ചെ
യ്യരുതു താനും. അവർ പറയുന്നതല്ലാ
തെ ചെയ്യുന്നില്ലല്ലോ.
൪ എടുപ്പാൻ ഞെരുക്കമായ ഘനമുള്ള
ചുമടുകളെ അവർ കെട്ടി മനുഷ്യരുടെ
തോളുകളിൽ വെക്കുന്നു; തങ്ങളുടെ വി

രൽ കൊണ്ടെങ്കിലും അവയെ ഇളക്കുവാൻ അവൎക്ക മനസ്സുമില്ല.

൫ എന്നാൽ അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യരാൽ കാണപ്പെടേണ്ടതിന്നത്രേ ചെയ്യുന്നതു; തങ്ങളുടെ മന്ത്രപ്പട്ടകളെ വീതിയാക്കി തൊങ്ങലുകളെ വലുതാക്കുന്നു.

൬ അത്താഴങ്ങളിൽ പ്രധാന സ്ഥലങ്ങളെയും പള്ളികളിൽ മുഖ്യാസനങ്ങളെയും,

൭ അങ്ങാടികളിൽ വന്ദനങ്ങളെയും മനുഷ്യരാൽ റബ്ബീ എന്നു വിളിക്കപ്പെടുന്നതിനെയും അവർ പ്രിയപ്പെടുന്നു.

൮ നിങ്ങളോ റബ്ബീ എന്നു വിളിക്കപ്പെടരുതു; എന്തുകൊണ്ടെന്നാൽ ഒരുത്തൻ നിങ്ങളുടെ ഗുരു; എന്നാൽ നിങ്ങൾ എല്ലാവരും സഹോദരന്മാർ ആകുന്നു.

൯ ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവു എന്നു വിളിക്കരുതു; ഒരുത്തൻ അല്ലോ നിങ്ങളുടെ പിതാവു, സ്വൎഗ്ഗസ്ഥൻ തന്നേ.

൰ നിങ്ങൾ നായകന്മാർ എന്നും വിളിക്കപ്പെടരുതു; ഒരുത്തൻ അല്ലോ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നേ.

൰൧ നിങ്ങളിൽ ഏററം വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.

൰൨ എന്നാൽ തന്നെത്താൻ ഉയൎത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയൎത്തപ്പെടും.

൰൩ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ നിങ്ങൾ മനുഷ്യൎക്കു മുമ്പാകെ സ്വൎഗ്ഗരാജ്യം അടെച്ചുകളയുന്നു; നിങ്ങൾ പ്രവേശിക്കുന്നില്ല, പ്രവേശിക്കുന്നവരെ അകത്തുപോകുവാൻ സമ്മതിക്കുന്നതുമില്ല.

൰൪ [കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായത്താൽ നീണ്ട പ്രാൎത്ഥന കഴിക്കയും ചെയ്യുന്നു; ഇതു ഹേതുവായി നിങ്ങൾക്കു കടുമയേറിയ ശിക്ഷാവിധി ലഭിക്കും]*

൰൫ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ ഒരുത്തനെ മതത്തിൽ ചേൎക്കുവാൻ നിങ്ങൾ കടലും കരയും ചുററി നടക്കുന്നു; അങ്ങനെ ആയശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകപുത്രൻ ആക്കുന്നു.

൰൬ ¶ ആരെങ്കിലും ദൈവമന്ദിരത്തെക്കൊണ്ടു ആണയിട്ടാൽ ഏതുമില്ല എന്നും; ദൈവമന്ദിരത്തിലെ സ്വൎണ്ണത്തെക്കൊണ്ടു ആണയിട്ടാൽ അവൻ കടക്കാരൻ ആകുന്നു എന്നും പറയുന്ന കുരുടരായ വഴികാട്ടികളേ, നിങ്ങൾക്കു ഹാ കഷ്ടം.

൰൭ മൂഢരും കുരുടരും ആയുള്ളോരേ, ഏതു വലിയതു? സ്വൎണ്ണമോ സ്വൎണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ?

൰൮ ബലിപീഠത്തെക്കൊണ്ടു ആണയിട്ടാൽ ഏതുമില്ല; അതിന്മേലുള്ള വഴിപാടുകൊണ്ടു ആണയിട്ടാൽ അവൻ കടക്കാരൻ ആകുന്നു എന്നു പറയുന്നു.

൰൯ കുരുടരായുള്ളോരേ, ഏതു വലിയതു? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന പീഠമോ?

൨൰ ആകയാൽ ബലിപീഠത്തെക്കൊണ്ടു ആരെങ്കിലും ആണയിട്ടാൽ, അതിനെയും അതിന്മേലുള്ള സകലത്തെയും കൊണ്ടു ആണയിടുന്നു.

൨൰൧ ദൈവമന്ദിരത്തെക്കൊണ്ടു ആരെങ്കിലും ആണയിട്ടാൽ, അതിനെയും അതിൽ വസിക്കുന്നവനെയും കൊണ്ടു ആണയിടുന്നു.

൨൰൨ സ്വൎഗ്ഗത്തെക്കൊണ്ടു ആരെങ്കിലും ആണയിട്ടാൽ, ദൈവത്തിന്റെ സിംഹാസനത്തെയും അതിന്മേൽ ഇരിക്കുന്നവനെയും കൊണ്ടു ആണയിടുന്നു.

൨൰൩ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവ

* ഏററവും പുരാതനലിഖിതങ്ങളിൽ ഈ വാക്യം കാണുന്നില്ല

യിൽ പതാരം കൊടുക്കയും ന്യായം കരുണ വിശ്വാസം ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവയെ ത്യജിച്ചുകളകയും ചെയ്യുന്നു. ഇവ ചെയ്കയും അവ ത്യജിക്കാതിരിക്കയും അല്ലോ വേണ്ടിയതു.

൨൪ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്ന കുരുടരായ വഴികാട്ടികളേ!

൨൫ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകമോ കവൎച്ചയും അതിക്രമവും കൊണ്ടു നിറഞ്ഞിരിക്കുന്നു.

൨൬ കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാകേണ്ടതിന്നു മുമ്പെ അവയുടെ അകം വെടിപ്പാക്കുക.

൨൭ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ വെള്ള തേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമേ അഴകായി ശോഭിക്കുന്നെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകല അശുദ്ധിയും നിറഞ്ഞിരിക്കുന്നു.

൨൮ അപ്രകാരം തന്നേ പുറമേ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യൎക്കു തോന്നുന്നു; അകമേയോ കപടഭക്തിയും അധൎമ്മവും നിറഞ്ഞവർ അത്രേ.

൨൯ ¶ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; എന്തുകൊണ്ടെന്നാൽ നിങ്ങൾ പ്രവാചകന്മാരുടെ ശവക്കല്ലറകളെ പണിചെയ്യും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചുംകൊണ്ടു:

൩൦ ഞങ്ങൾ പിതാക്കന്മാരുടെ നാളുകളിൽ ഉണ്ടായിരുന്നു എങ്കിൽ പ്രവാചകന്മാരുടെ രക്തത്തിൽ അവരോടുകൂടെ കൂട്ടാളികൾ ആകയില്ലായിരുന്നു എന്നു പറയുന്നു.

൩൧ എന്നതിനാൽ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്നു നിങ്ങൾക്കു നിങ്ങൾ തന്നേ സാക്ഷ്യം പറയുന്നുവല്ലോ.

൩൨ നിങ്ങളുടെ പിതാക്കന്മാരുടെ അളവിനെ നിങ്ങൾ പൂരിപ്പിച്ചുകൊൾവിൻ.

൩൩ പാമ്പുകളേ, അണലിസ്സന്തതികളേ, നരകവിധിയിൽനിന്നു നിങ്ങൾ എങ്ങനെ തെറ്റിപ്പോകും?

൩൪ അതുകൊണ്ടു ഇതാ, ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രികളെയും നിങ്ങളുടെ അടുക്കേ അയക്കുന്നു: അവരിൽ ചിലരെ നിങ്ങൾ കൊല്ലുകയും ക്രൂശിക്കയും ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ടു അടിക്കയും പട്ടണത്തിൽനിന്നു പട്ടണത്തിലേക്കു ഓടിക്കയും ചെയ്യും.

൩൫ നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ ദൈവമന്ദിരത്തിന്നും ബലിപീഠത്തിന്നും നടുവിൽ വെച്ചു കൊന്നവനായി ബരക്യാസിന്റെ പുത്രനായ സക്കരിയാവിന്റെ രക്തംവരെ ഭൂമിയുടെമേൽ ചൊരിയപ്പെട്ടു നീതിയുള്ള രക്തം എല്ലാം നിങ്ങളുടെമേൽ വരുവാനായിട്ടു തന്നേ.

൩൬ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഇതൊക്കെയും ഈ തലമുറമേൽ വരും.

൩൭ ¶ യരുശലേമേ, യരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കലേക്കു അയക്കപ്പെട്ടവരെ കല്ലെറികയും ചെയ്യുന്നവളേ: കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകുകളിൻ കീഴിൽ ചേൎത്തുകൊള്ളുന്നപ്രകാരം തന്നേ നിന്റെ മക്കളെ എത്രവട്ടം ചേൎത്തുകൊൾവാൻ എനിക്കു മനസ്സുണ്ടായിരുന്നു, എങ്കിലും നിങ്ങൾക്കു മനസ്സായില്ല.

൩൮ ഇതാ നിങ്ങളുടെ ഭവനം നിങ്ങൾക്കു പാഴായി വിടപ്പെടുന്നു.

൩൯ എങ്ങനെയെന്നാൽ കൎത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറവോളത്തേക്കു നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൨൪ാം അദ്ധ്യായം.

പിന്നെ യേശു പുറപ്പെട്ടു ദൈവാലയത്തിൽനിന്നു പോകുമ്പോൾ അവന്റെ ശിഷ്യന്മാർ അവന്നു ദൈവാലയത്തിന്റെ പണികളെ കാണിക്കേണ്ടതിന്നു അവന്റെ അടുക്കെ വന്നു.

൨ അവൻ അവരോടു: ഇവയെല്ലാം കാണുന്നില്ലയോ? സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഇടിക്കാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു പറഞ്ഞു.

൩ ¶ അവൻ ഒലീവുമലയിൽ ഇരിക്കുമ്പോൾ അവന്റെ ശിഷ്യന്മാർ തനിച്ചു അവന്റെ അടുക്കൽ വന്നു: ഇതു എപ്പോൾ ഉണ്ടാകും എന്നും നിന്റെ വരവിന്നും ലോകാവസാനത്തിന്നും അടയാളം എന്തു എന്നും ഞങ്ങളോടു പറയേണം എന്നു പറഞ്ഞു.

൪ അതിന്നു യേശു ഉത്തരം പറഞ്ഞതു: ആരും നിങ്ങളെ തെററിക്കാതിരിപ്പാൻ നോക്കുവിൻ.

൫ എന്തുകൊണ്ടെന്നാൽ ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ നാമത്തിൽ വന്നു പലരെയും തെററിക്കും.

൬ നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ നോക്കുവിൻ; അതു ഉണ്ടാകേണ്ടതു തന്നേ; അവസാനം ആയില്ല താനും.

൭ ജാതി ജാതിക്കും രാജ്യം രാജ്യത്തിന്നും വിരോധമായി എഴുനീല്ക്കും. ക്ഷാമങ്ങളും ഭൂകമ്പങ്ങളും അവിടവിടെ ഉണ്ടാകും.

൮ എങ്കിലും ഇവ ഒക്കെയും പ്രസവവേദനകളുടെ ആരംഭമത്രേ.

൯ അപ്പോൾ അവർ നിങ്ങളെ ഉപദ്രവത്തിന്നു ഏല്പിക്കയും കൊല്ലുകയും ചെയ്യും; നിങ്ങൾ എന്റെ നാമം നിമിത്തം എല്ലാ ജാതികളാലും പകെക്കപ്പെട്ടവർ ആകും.

൧൦ അപ്പോൾ പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകെക്കയും ചെയ്യും.

൧൧ കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെററിക്കും.

൧൨ അധൎമ്മം പെരുകുന്നതുകൊണ്ടു അനേകരുടെ സ്നേഹം തണുത്തുപോകും.

൧൩ എന്നാൽ അവസാനം വരെ സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും.

൧൪ രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

൧൫ ¶ ആകയാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം പറയപ്പെട്ടപ്രകാരം പാഴാക്കുന്നതിന്റെ അറെപ്പു വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ—വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ—

൧൬ അന്നു യഹൂദിയയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ.

൧൭ വീട്ടിന്മേൽ ഇരിക്കുന്നവൻ തന്റെ ഭവനത്തിലുള്ളതു എടുക്കേണ്ടതിന്നു ഇറങ്ങരുതു;

൧൮ വയലിലുള്ളവൻ തന്റെ വസ്ത്രം എടുപ്പാൻ പിറകോട്ടു തിരികയുമരുതു.

൧൯ ആ നാളുകളിൽ ഗൎഭിണികൾക്കും മുല കുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം!

൨൦ എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തിലോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ.

൨൧ എന്തുകൊണ്ടെന്നാൽ ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയുള്ള വലിയ ഞെരുക്കം അന്നു ഉണ്ടാകും.

൨൨ ആ നാളുകൾ ചുരുക്കപ്പെടാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; എന്നാൽ തെരിഞ്ഞെടുക്കപ്പെട്ടവർ നിമിത്തം ആ നാളുകൾ ചുരുക്കപ്പെടും.

൨൩ അപ്പോൾ ആരാനും നിങ്ങളോടു ഇതാ, ക്രിസ്തു ഇവിടെ, അല്ല ഇവിടെ, എന്നു പറഞ്ഞാൽ വിശ്വസിക്കരുതു.

൨൪ എന്തുകൊണ്ടെന്നാൽ കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുനീററു കഴിയും എങ്കിൽ തെരിഞ്ഞെടുക്കപ്പെട്ടവരെയും തെററിപ്പാനായി വലിയ അട

യാളങ്ങളെയും അത്ഭുതങ്ങളെയും കാണിക്കും.

൨൫ നോക്കുവിൻ, ഞാൻ നിങ്ങളോട മുമ്പുകൂട്ടി പറഞ്ഞിരിക്കുന്നു.

൨൬ ആകയാൽ നിങ്ങളോട: അതാ, അവൻ മരുഭൂമിയിൽ ഉണ്ട എന്നു പറഞ്ഞാൽ പുറപ്പെടരുതു; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുതു.

൨൭ എന്തുകൊണ്ടെന്നാൽ മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ തന്നേ മനുഷ്യപുത്രന്റെ വരവു ആകും.

൨൮ ശവം എവിടെയോ അവിടെ കഴുക്കൾ കൂടും.

൨൯ ¶ എന്നാൽ ആ നാളുകളിലെ ഞെരുക്കത്തിന്റെ ശേഷം, ഉടനേ സൂൎയ്യൻ ഇരുണ്ടുപോകും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു വീഴും ആകാശത്തിലേ ശക്തികൾ ഇളകിപ്പോകയും ചെയ്യും.

൩൦ അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ വിളങ്ങും; അപ്പോൾ ഭൂമിയിലേ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലേ മേഘങ്ങളിന്മേൽ വലിയ ശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും.

൩൧ അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയക്കും; അവർ അവന്റെ തെരിഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു കാറ്റുകളിൽനിന്നും കൂട്ടിച്ചേൎക്കും.

൩൨ ¶ എന്നാൽ അത്തിയിൽനിന്നുള്ള ഉപമയെ ഗ്രഹിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇലകൾ തളിൎക്കുമ്പോൾ വേനൽ അടുത്തു എന്നു അറിയുന്നുവല്ലോ.

൩൩ അപ്രകാരം നിങ്ങൾ ഇവ ഒക്കെയും കാണുമ്പോൾ, അവൻ അടുക്കേ വാതില്ക്കൽ തന്നേ ആകുന്നു എന്നു അറിഞ്ഞുകൊൾവിൻ.

൩൪ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഇവയൊക്കെയും ഉണ്ടാകുവോളത്തിന്നു ഈ തലമുറ ഒഴിഞ്ഞുപോകയില്ല.

൩൫ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.

൩൬ എന്നാൽ ആ നാളിനെയും നാഴികയെയും കുറിച്ചു എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വൎഗ്ഗത്തിലേ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.

൩൭ എങ്കിലോ നോഹയുടെ ദിവസങ്ങൾ ഏതുപ്രകാരമോ അപ്രകാരം തന്നേ മനുഷ്യപുത്രന്റെ വരവും ആകും.

൩൮ എങ്ങനെയെന്നാൽ ജലപ്രളയത്തിന്നു മുമ്പേയുള്ള നാളുകളിൽ നോഹ പെട്ടകത്തിൽ പ്രവേശിച്ച നാൾവരെ അവർ ഭക്ഷിച്ചും കുടിച്ചും വിവാഹം കഴിച്ചും കഴിക്കപ്പെട്ടും പോന്നു.

൩൯ ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളത്തോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അപ്രകാരം തന്നേ ആകും.

൪൦ അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തൻ എടുക്കപ്പെടും ഒരുത്തൻ വിടപ്പെടും.

൪൧ രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തി എടുക്കപ്പെടും ഒരുത്തി വിടപ്പെടും.

൪൨ ആകയാൽ നിങ്ങളുടെ കൎത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണൎന്നിരിപ്പിൻ.

൪൩ കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ, അവൻ ഉണൎന്നിരിക്കയും തന്റെ വീടു തുരക്കുന്നതിന്നു സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിവിൻ.

൪൪ ആകയാൽ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.

൪൫ എന്നാൽ യജമാനൻ തന്റെ വീട്ടുകാൎക്കു തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന്നു അവരുടെമേൽ ആക്കിവെച്ചു വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ ആകുന്നു?

൪൬ യജമാനൻ വരുമ്പോൾ ഇപ്രകാ

രം ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ.

൪൭ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും ആക്കിവെക്കും.

൪൮ എന്നാൽ ആ ദുഷ്ടദാസൻ: എന്റെ കൎത്താവു വരുവാൻ താമസിക്കുന്നു എന്നു ഹൃദയംകൊണ്ടു പറഞ്ഞു,

൪൯ തന്റെ കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടു കൂടി തിന്നു കുടിപ്പാനും തുടങ്ങിയാൽ

൫൦ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും അവന്റെ യജമാനൻ വന്നു,

൫൧ അവനെ ഖണ്ഡിച്ചു അവന്നു കപടഭക്തിക്കാരോടു കൂടെ പങ്കു കല്പിക്കും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.

൨൫ാം അദ്ധ്യായം.

അപ്പോൾ സ്വൎഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ തങ്ങളുടെ ദീപങ്ങളെ എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും.

൨ അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു.

൩ ബുദ്ധിയില്ലാത്തവർ തങ്ങളുടെ ദീപങ്ങളെ എടുത്തപ്പോൾ തങ്ങളുടെ പക്കൽ എണ്ണ എടുത്തില്ല.

൪ ബുദ്ധിയുള്ളവരോ തങ്ങളുടെ ദീപങ്ങളോടുകൂടെ പാത്രങ്ങളിൽ എണ്ണ എടുത്തു.

൫ പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറങ്ങി.

൬ എന്നാൽ പാതിരാത്രിയിൽ: ഇതാ മണവാളൻ! അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നു ആൎപ്പുവിളി ഉണ്ടായി.

൭ അപ്പോൾ ആ കന്യകമാർ എല്ലാവരും എഴുനീററു തങ്ങളുടെ ദീപങ്ങളെ തെളിയിച്ചു.

൮ എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ ദീപങ്ങൾ കെട്ടുപോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽനിന്നു ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു.

൯ ബുദ്ധിയുള്ളവർ ഉത്തരമായിട്ടു ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായി കൊള്ളുവിൻ എന്നു പറഞ്ഞു. അവർ കൊള്ളുവാൻ പോയപ്പോൾ മണവാളൻ വന്നു;

൧൦ ഒരുങ്ങിയിരുന്നവർ അവനോടു കൂടെ കല്യാണത്തിലേക്കു പ്രവേശിച്ചു; വാതിൽ അടെക്കപ്പെടുകയും ചെയ്തു.

൧൧ അതിന്റെ ശേഷം മറേറ കന്യകമാരും വന്നു: കൎത്താവേ, കൎത്താവേ, ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു.

൧൨ അതിന്നു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല! എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

൧൩ ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണൎന്നിരിപ്പിൻ.

൧൪ ¶ എങ്ങനെയെന്നാൽ ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ തന്റെ ദാസന്മാരേ വിളിച്ചു തന്റെ സമ്പത്തു അവരെ ഏല്പിച്ചു.

൧൫ ഒരുവന്നു അഞ്ചു താലന്തു, ഒരുവന്നു രണ്ടു, ഒരുവന്നു ഒന്നു, ഇങ്ങിനെ ഓരോരുത്തന്നു അവനവന്റെ പ്രാപ്തിപോലേ കൊടുത്തു യാത്ര പോകയും ചെയ്തു.

൧൬ അഞ്ചു താലന്തു ലഭിച്ചവൻ ഉടനെ ചെന്നു അവകൊണ്ടു വ്യാപാരം ചെയ്തു വേറെ അഞ്ചു താലന്തു സമ്പാദിച്ചു.

൧൭ അപ്രകാരം തന്നേ രണ്ടു താലന്തുകാരനും വേറെ രണ്ടു നേടി.

൧൮ ഒന്നു ലഭിച്ചവനോ പോയി ഭൂമിയിൽ കുഴിച്ചു തന്റെ കൎത്താവിന്റെ ദ്രവ്യം മറെച്ചുവെച്ചു.

൧൯ വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ കൎത്താവു വന്നു അവരുടെ കണക്കു വാങ്ങി.

൨൦ എന്നാറെ അഞ്ചു താലന്തു ലഭിച്ചവൻ അടുക്കേ വന്നു, വേറെ അഞ്ചു കൂടെ കൊണ്ടുവന്നു: കൎത്താവേ, അഞ്ചു താലന്തു എന്നെ ഏല്പിച്ചുവല്ലോ. ഇതാ, ഞാൻ

വേറെ അഞ്ചു താലന്തു നേടി എന്നു പറഞ്ഞു.

൨൧ അവന്റെ കൎത്താവു: നന്നു നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ പലതിന്മേൽ ആക്കിവെക്കും; നിന്റെ കൎത്താവിന്റെ സന്തോഷത്തിലേക്ക പ്രവേശിക്ക എന്നു അവനോടു പറഞ്ഞു.

൨൨ രണ്ടു താലന്തുകാരനും അടുക്കേ വന്നു: കൎത്താവേ, രണ്ടു താലന്തു എന്നെ ഏല്പിച്ചുവല്ലോ; ഇതാ വേറെ രണ്ടു താലന്തു നേടി എന്നു പറഞ്ഞു.

൨൩ അവന്റെ കൎത്താവു: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ പലതിന്മേൽ ആക്കിവെക്കും; നിന്റെ കൎത്താവിന്റെ സന്തോഷത്തിലേക്ക പ്രവേശിക്ക എന്നു അവനോടു പറഞ്ഞു.

൨൪ അപ്പോൾ ഒരു താലന്തു ലഭിച്ചവനും അടുക്കേ വന്നു പറഞ്ഞു: കൎത്താവേ, നീ വിതെക്കാത്ത ഇടത്തിൽ കൊയ്യുന്നവനും വിതറാത്ത ഇടത്തിൽനിന്നു ചേൎക്കുന്നവനുമായ കഠിനമനുഷ്യൻ എന്നു ഞാൻ നിന്നെ അറിഞ്ഞു.

൨൫ ആകയാൽ ഞാൻ ഭയപ്പെട്ടു നിന്റെ താലന്തു ഭൂമിയിൽ മറെച്ചുവെച്ചു; ഇതാ നിന്റേതു നിനക്കു ഉണ്ടു.

൨൬ എന്നതിന്നു അവന്റെ കൎത്താവു ഉത്തരം പറഞ്ഞതു: ദുഷ്ടനും മടിയനും ആയ ദാസനേ, ഞാൻ വിതെക്കാത്ത ഇടത്തിൽ കൊയ്യുന്നവനും വിതറാത്ത ഇടത്തിൽനിന്നു ചേൎക്കുന്നവനും എന്നു നീ അറിഞ്ഞിരുന്നുവല്ലോ.

൨൭ ആകയാൽ നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാരെ ഏല്പിക്കേണ്ടിയിരുന്നു; എന്നാൽ ഞാൻ വന്നു എന്റേതിനെ പലിശയോടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു.

൨൮ ആകയാൽ ആ താലന്തു അവനിൽനിന്നു എടുത്തു പത്തു താലന്തുള്ളവന്നു കൊടുപ്പിൻ.

൨൯ എന്തുകൊണ്ടെന്നാൽ ഉള്ളവന്നു ഒക്കെയും കൊടുക്കപ്പെടും, അവന്നു സമൃദ്ധി ഉണ്ടാകയും ചെയ്യും; ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകൊള്ളപ്പെടും.

൩൦ എന്നാൽ പ്രയോജനമില്ലാത്ത ദാസനെ ഏററം പുറത്തുള്ള ഇരുട്ടിലേക്ക കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.

൩൧ ¶ മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും.

൩൨ സകല ജാതികളും അവന്റെ മുമ്പാകെ കൂട്ടപ്പെടും; അവൻ അവരെ ഇടയൻ കോലാടുകളിൽനിന്നു ചെമ്മരിയാടുകളെ വേൎതിരിക്കുന്നതുപോലെ തമ്മിൽ വേൎതിരിച്ചു,

൩൩ ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും.

൩൪ അപ്പോൾ രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കുവിൻ.

൩൫ എന്തുകൊണ്ടെന്നാൽ എനിക്ക വിശന്നു, നിങ്ങൾ എനിക്ക ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ എനിക്ക കുടിപ്പാൻ തന്നു; അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേൎത്തുകൊണ്ടു;

൩൬ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നുനോക്കി; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു.

൩൭ അപ്പോൾ നീതിമാന്മാർ ഉത്തരമായിട്ടു അവനോടു പറയും: കൎത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു?

൩൮ ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടു ചേൎത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു?

൩൯ നിന്നെ രോഗിയായിട്ടോ തട

വിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു?

൪൦ എന്നതിന്നു ഉത്തരമായിട്ടു രാജാവു അവരോടു അരുളിച്ചെയ്യും: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഈ ഏററം ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു.

൪൧ പിന്നെ അവൻ ഇടത്തുള്ളവരോടു അരുളിച്ചെയ്യും: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.

൪൨ എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ എനിക്കു കുടിപ്പാൻ തന്നില്ല.

൪൩ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേൎത്തുകൊണ്ടില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയിരുന്നു: നിങ്ങൾ എന്നെ വന്നു നോക്കിയില്ല.

൪൪ അതിന്നു ഉത്തരമായിട്ടു അവർ പറയും: കൎത്താവേ; ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു?

൪൫ അപ്പോൾ അവൻ അവരോടു: സത്യമായിട്ടു ഞാൻ നിങ്ങളോടുപറയുന്നു, ഈ ഏററം ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാംഎനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഉത്തരം പറയും.

൪൬ ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും.

൨൬ാം അദ്ധ്യായം.

യേശു ഈ വചനങ്ങളെ ഒക്കെയും തികെച്ചതിന്റെ ശേഷം അവൻ തന്റെ ശിഷ്യന്മാരോടു:

൨ രണ്ടുദിവസം കഴിഞ്ഞിട്ടു പെസഹ ആകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ; അപ്പോൾ മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ ഏല്പിക്കപ്പെടുന്നു എന്നു പറഞ്ഞു.

൩ അന്നു മഹാ പുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും കയ്യഫാ എന്ന മഹാപുരോഹിതന്റെ മണ്ഡപത്തിൽ വന്നു കൂടി,

൪ യേശുവിനെ ഉപായത്താൽ പിടിച്ചുകൊല്ലുവാൻ ആലോചിച്ചു.

൫ എങ്കിലും ജനത്തിൽ കലഹമുണ്ടാകാതിരിപ്പാൻ പെരുനാളിൽ അരുതു എന്നു പറഞ്ഞു.

൬ ¶ യേശു ബെതാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശിമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ

൭ ഒരു സ്ത്രീ വിലയേറിയ *പരിമളതൈലം നിറഞ്ഞ ഒരു വെണ്കൽഭരണി എടുത്തുംകൊണ്ടു അവന്റെ അടുക്കേ വന്നു, അവൻ ഭക്ഷണത്തിന്നിരിക്കുമ്പോൾ അതു അവന്റെ തലയിൽ ഒഴിച്ചു.

൮ ശിഷ്യന്മാർ അതു കണ്ടിട്ടു മുഷിഞ്ഞു: ഈ വെറുംചെലവു എന്തിന്നു?

൯ ഇതു വളരെ വിലെക്കു വിററു ദരിദ്രൎക്കു കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ എന്നു പറഞ്ഞു.

൧൦ യേശു അതു അറിഞ്ഞു അവരോടു പറഞ്ഞു: സ്ത്രീയെ അസഹ്യപ്പെടുത്തുന്നതു എന്തു? അവൾ എന്നിൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു.

൧൧ ദരിദ്രർ നിങ്ങൾക്കു എല്ലാപ്പോഴും അടുക്കേ ഉണ്ടല്ലോ; ഞാൻ നിങ്ങൾക്കു എല്ലാപ്പോഴും ഇല്ല താനും.

൧൨ ഇവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചതു എന്റെ ശവമടക്കത്തിന്നായി ചെയ്തതാകുന്നു.

൧൩ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കപ്പെടുന്നേടത്തെല്ലാം ഇവൾ ചെയ്തതും ഇവളുടെ ഓൎമ്മെക്കായി പറയപ്പെടും.

൧൪ ¶ അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഇഷ്കരിയോത്താ എന്നവൻ മഹാ പുരോഹിതന്മാരുടെ അടുക്കൽ ചെന്നു:

൧൫ നിങ്ങൾ എനിക്കു എന്തു തരും?
ഞാൻ അവനെ നിങ്ങൾക്കു കാണിച്ചുത
രാം എന്നു പറഞ്ഞു; അവർ അവന്നു മു
പ്പതു വെള്ളിക്കാശു തൂക്കിക്കൊടുത്തു.

൧൬ അന്നുമുതൽ അവനെ കാണിച്ചു
കൊടുപ്പാൻ അവൻ തക്കം അന്വേഷിക്ക
യും ചെയ്തു.

൧൭ ¶ പുളിപ്പില്ലാത്ത അപ്പങ്ങളുടെ
ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവി
ന്റെ അടുക്കെ വന്നു: നിനക്കു പെസഹ
ഭക്ഷിപ്പാൻ ഞങ്ങൾ ഒരുക്കേണ്ടതു എവി
ടെ എന്നു ചോദിച്ചു.

൧൮ എന്നതിന്നു അവൻ പറഞ്ഞു: നി
ങ്ങൾ നഗരത്തിൽ ഇന്നവന്റെ അടുക്കൽ
ചെന്നു പറവിൻ: എന്റെ സമയം അടു
ത്തിരിക്കുന്നു, ഞാൻ എന്റെ ശിഷ്യന്മാരു
മായി നിന്റെ അടുക്കെ പെസഹ കഴി
ക്കുന്നു എന്നു ഗുരു പറയുന്നു.

൧൯ ശിഷ്യന്മാർ യേശു നിയോഗിച്ച
പ്രകാരം ചെയ്തു പെസഹ ഒരുക്കി.

൨൦ സന്ധ്യയായപ്പോൾ അവൻ പന്ത്ര
ണ്ടു ശിഷ്യന്മാരോടുംകൂടെ ഭക്ഷണത്തി
ന്നിരുന്നു.

൨൧ അവർ ഭക്ഷിക്കുമ്പോൾ അവൻ:
സത്യമായിട്ടു ഞാൻ നിങ്ങളോടു പറയു
ന്നു: നിങ്ങളിൽ ഒരുവൻ എന്നെ കാണി
ച്ചുകൊടുക്കും എന്നു പറഞ്ഞു.

൨൨ അപ്പോൾ അവർ അത്യന്തം ദുഃ
ഖിച്ചു: ഞാനല്ലല്ലോ കർത്താവേ, എന്നു
ഓരോരുത്തൻ പറഞ്ഞു തുടങ്ങി.

൨൩ അവൻ ഉത്തരം പറഞ്ഞതു: എ
ന്നോടുകൂടെ കൈ താലത്തിൽ മുക്കുന്നവ
ൻ തന്നേ എന്നെ കാണിച്ചുകൊടുക്കും.

൨൪ തന്നെക്കുറിച്ചു എഴുതിയിരിക്കു
ന്നപ്രകാരം മനുഷ്യപുത്രൻ പോകുന്നു
സത്യം; എന്നാൽ മനുഷ്യപുത്രനെ കാണി
ച്ചുകൊടുക്കുന്ന മനുഷ്യന്നു ഹാ കഷ്ടം!
ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ
അവന്നു കൊള്ളായിരുന്നു.

൨൫ എന്നാറെ അവനെ കാണിച്ചു
കൊടുക്കുന്ന യൂദാ ഉത്തരമായി ഞാനല്ല
ല്ലോ, റബ്ബീ, എന്നു പറഞ്ഞതിന്നു: നീ
പറഞ്ഞുവല്ലോ എന്നു അവൻ പറയുന്നു.

൨൬ അവർ ഭക്ഷിക്കുമ്പോൾ യേശു
അപ്പം എടുത്തു അനുഗ്രഹം ചൊല്ലി നുറു
ക്കി ശിഷ്യന്മാൎക്കു കൊടുത്തു പറഞ്ഞു: വാ
ങ്ങി ഭക്ഷിപ്പിൻ, ഇതു എന്റെ ശരീരം
ആകുന്നു.

൨൭ പിന്നെ പാനപാത്രം എടുത്തു
സ്തോത്രം ചൊല്ലി അവൎക്കു കൊടുത്തു പ
റഞ്ഞു: എല്ലാവരും ഇതിൽനിന്നു കുടിപ്പി
ൻ.

൨൮ എന്തുകൊണ്ടെന്നാൽ ഇതു അ
നേകൎക്കു വേണ്ടി പാപമോചനത്തിന്നാ
യി ചൊരിയപ്പെടുന്ന പുതിയ നിയമ
ത്തിന്നുള്ള എന്റെ രക്തം ആകുന്നു.

൨൯ വിശേഷിച്ചു ഞാൻ നിങ്ങളോടു
പറയുന്നു: എന്റെ പിതാവിന്റെ രാ
ജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി
കുടിക്കുംനാൾവരെ ഞാൻ മുന്തിരിവള്ളി
യുടെ ഈ അനുഭവത്തിൽനിന്നു ഇനി കു
ടിക്കയില്ല.

൩൦ ¶ പിന്നെ അവർ സ്തോത്രം പാ
ടിയശേഷം ഒലീവ് മലെക്കു പുറപ്പെട്ടു
പോയി.

൩൧ ¶ അപ്പോൾ യേശു അവരോ
ടു പറഞ്ഞു; ഈ രാത്രിയിൽ നിങ്ങൾ എ
ല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയ
നെ വെട്ടും കൂട്ടത്തിലെ ആടുകൾ ചിത
റിപ്പോകും, എന്നു എഴുതിയിരിക്കുന്നുവ
ല്ലോ.

൩൨ എന്നാൽ ഞാൻ ഉയിൎത്തെഴുനീ
റ്റ ശേഷം നിങ്ങൾക്കു മുമ്പെ ഗലീലെക്കു
പോകും.

൩൩ എന്നതിന്നു പത്രോസ് ഉത്തരം
പറഞ്ഞതു: എല്ലാവരും നിങ്കൽ ഇടറിയാ
ലും ഞാൻ ഒരുനാളും ഇടറുകയില്ല.

൩൪ യേശു അവനോടു: സത്യമായി
ട്ടു ഞാൻ നിന്നോടു പറയുന്നു: ഈ
രാത്രിയിൽ കോഴി കൂകും മുമ്പെ നീ മൂന്നു
വട്ടം എന്നെ തള്ളിപ്പറയും എന്നു പറ
ഞ്ഞു.

൩൫ അവനോടു പത്രോസ് പറയു
ന്നു: നിന്നോടു കൂടെ മരിക്കേണ്ടി വന്നാ
ലും ഞാൻ നിന്നെ തള്ളിപ്പറകയില്ല; ഇ
തിൻവണ്ണം തന്നേ ശിഷ്യന്മാർ എല്ലാവ
രും പറഞ്ഞു.

൩൬ ¶ അപ്പോൾ യേശു അവരുമാ

യി ഗത്ശമന എന്നു പറയുന്ന തോട്ട
ത്തിൽ വന്നു ശിഷ്യന്മാരോടു: ഞാൻ പോ
യി അവിടെ പ്രാൎത്ഥിച്ചു തീരുവോളം ഇ
വിടെ ഇരിപ്പിൻ എന്നു പറഞ്ഞു.
൩൭ പിന്നെ അവൻ പത്രോസിനെ
യും സബെദിപുത്രന്മാർ ഇരുവരെയും കൂട്ടി
ക്കൊണ്ടു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുട
ങ്ങി.
൩൮ അപ്പോൾ അവൻ: എന്റെ ദേ
ഹി മരണത്തോളം അതിദുഃഖപ്പെട്ടിരിക്കു
ന്നു; ഇവിടെ താമസിച്ചു എന്നോടു കൂ
ടെ ഉണൎന്നിരിപ്പിൻ എന്നു അവരോടു
പറഞ്ഞു.
൩൯ പിന്നെ അവൻ അല്പം മുമ്പോട്ടു
ചെന്നു മുഖം കവിണ്ണുവീണു: എന്റെ
പിതാവേ, കഴിയുന്നതാകുന്നു എങ്കിൽ
ഈ പാനപാത്രം എന്നിൽനിന്നു നീങ്ങി
പ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും
പോലെ അല്ല, നീ ഇച്ഛിക്കും പോലെ
അത്രെ എന്നു പ്രാൎത്ഥിച്ചു.
൪൰ പിന്നെ അവൻ ശിഷ്യന്മാരുടെ
അടുക്കേ വന്നു, അവർ ഉറങ്ങുന്നതു ക
ണ്ടു, പത്രോസിനോടു പറയുന്നു: ഇങ്ങ
നെ എന്നോടുകൂടെ ഒരു നാഴികപോലും
ഉണൎന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ല
യോ?
൪൧ പരീക്ഷയിൽ അകപ്പെടാതിരി
പ്പാൻ ഉണൎന്നിരിപ്പിൻ, പ്രാൎത്ഥിപ്പിൻ;
ആത്മാവു മനസ്സൊരുക്കമുള്ളതു തന്നേ, ജ
ഡമോ ബലഹീനമാകുന്നു.
൪൨ പിന്നെ രണ്ടാമതും പോയി: എ
ന്റെ പിതാവേ, ഇതു ഞാൻ കുടിക്കാതെ
നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആ
കട്ടെ എന്നു പ്രാൎത്ഥിച്ചു.
൪൩ അനന്തരം അവൻ വന്നു അവ
രുടെ കണ്ണുകൾക്കു ഭാരം ഏറുകയാൽ
പിന്നെയും അവർ ഉറങ്ങുന്നതു കണ്ടു.
൪൪ അവരെ വിട്ടു മൂന്നാമതും പോ
യി ആ വചനം തന്നേ ചൊല്ലി പ്രാൎത്ഥി
ച്ചു.
൪൫ പിന്നെ ശിഷ്യന്മാരുടെ അടുക്കൽ
വന്നു പറയുന്നു: ഇനി ഉറങ്ങി ആശ്വ
സിച്ചുകൊൾവിൻ! ഇതാ, നാഴിക അടു
ത്തു, മനുഷ്യപുത്രൻ പാപികളുടെ കൈ
കളിൽ ഏല്പിക്കപ്പെടുന്നു.
൪൬ എഴുനീല്പിൻ, നാം പോക; ഇ
താ എന്നെ കാണിച്ചുകൊടുക്കുന്നവൻ അ
ടുത്തിരിക്കുന്നു.
൪൭ ¶ അവൻ സംസാരിക്കുമ്പോൾ ത
ന്നേ ഇതാ പന്തിരുവരിൽ ഒരുത്തനായ
യൂദാവും അവനോടു കൂടെ മഹാപുരോ
ഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അ
യച്ച വലിയോരു കൂട്ടവും വാളുകളോടും
വടികളോടും കൂടെ വന്നു.
൪൮ അവനെ കാണിച്ചുകൊടുക്കുന്ന
വൻ: ഞാൻ ഏവനെ ചുംബിക്കുമോ അവ
ൻ തന്നേ ആകുന്നു; അവനെ പിടിച്ചു
കൊൾവിൻ എന്നു അവൎക്കു ലക്ഷ്യം കൊ
ടുത്തിരുന്നു.
൪൯ ഉടനെ അവൻ യേശുവിന്റെ
അടുക്കേ വന്നു: റബ്ബീ, വാഴുക എന്നു പ
റഞ്ഞു അവനെ ചുംബിച്ചു.
൫൰ യേശു അവനോടു: സ്നേഹിതാ,
നീ വന്ന കാൎയ്യം എന്തു? എന്നു പറ
ഞ്ഞപ്പോൾ, അവർ അടുത്തു യേശുവി
ന്മേൽ കൈകളെ വെച്ചു അവനെ പിടി
ച്ചു.
൫൧ അപ്പോൾ ഇതാ യേശുവിനോടു
കൂടെയുള്ളവരിൽ ഒരുവൻ കൈ നീട്ടി
തന്റെ വാൾ ഊരി, മഹാപുരോഹിത
ന്റെ ദാസനെ വെട്ടി അവന്റെ കാതു
അറുത്തു.
൫൨ അപ്പോൾ യേശു അവനോടു പ
റഞ്ഞു: നിന്റെ വാൾ അതിന്റെ സ്ഥല
ത്തേക്കു തിരിച്ചിടുക; വാൾ എടുക്കുന്നവ
ർ ഒക്കെയും വാളാൽ നശിച്ചുപോകും സ
ത്യം.
൫൩ അല്ല, ഇപ്പോൾ തന്നേ എന്റെ
പിതാവിനോടു പന്ത്രണ്ടു ലഗ്യോനിലും
അധികം ദൂതന്മാരെ എന്റെ അരികേ
നിറുത്തേണ്ടതിന്നു എനിക്കു അപേക്ഷി
ച്ചുകൂടാ എന്നു തോന്നുന്നുവോ?
൫൪ എന്നാൽ ഇപ്രകാരം സംഭവിക്കേ
ണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തുകൾ
ക്കു എങ്ങനെ നിവൃത്തിവരും?
൫൫ ആ നാഴികയിൽ തന്നേ യേശു
കൂട്ടങ്ങളോടു: ഒരു കള്ളന്റെ നേരേ എ

ന്നപോലെ നിങ്ങൾ എന്നെ പിടിപ്പാൻ
വാളുകളും വടികളുമായി പുറപ്പെട്ടു;
ഞാൻ ദിവസേന ഉപദേശിച്ചുകൊണ്ടു
ദൈവാലയത്തിൽ ഇരുന്നാറെ നിങ്ങൾ
എന്നെ പിടിച്ചില്ല.
൫൬ എന്നാൽ ഇതു ഒക്കെയും പ്രവാച
കന്മാരുടെ എഴുത്തുകൾ നിവൃത്തിയാകേ
ണ്ടതിന്നു സംഭവിച്ചതത്രെ എന്നു പറഞ്ഞു.
അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവ
നെ വിട്ടു ഓടിപ്പോയി.
൫൭ ¶ യേശുവിനെ പിടിച്ചവരോ
മഹാപുരോഹിതനായ കയ്യഫാവിന്റെ
അടുക്കൽ ശാസ്ത്രികളും മൂപ്പന്മാരും വന്നിരു
ന്നേടത്തു അവനെ കൊണ്ടുപോയി.
൫൮ എന്നാൽ പത്രോസ് ദൂരവേ മ
ഹാപുരോഹിതന്റെ അരമനയോളം പി
ൻചെന്നു, അകത്തു കടന്നു അവസാനം
കാണ്മാൻ സേവകന്മാരോടു കൂടി ഇരുന്നു.
൫൯ മഹാപുരോഹിതന്മാരും ന്യായാ
ധിപസംഘം ഒക്കെയും യേശുവിനെ കൊ
ല്ലേണ്ടതിന്നു അവന്റെ നേരെ കള്ളസ്സാ
ക്ഷ്യം അന്വേഷിച്ചു;
൬൦ കള്ളസ്സാക്ഷിക്കാർ പലരും വന്നി
ട്ടും കണ്ടില്ല: പിന്നീടു രണ്ടുപേർ വന്നു
പറഞ്ഞതു:
൬൧ ദൈവമന്ദിരത്തെ പൊളിച്ചു മൂ
ന്നു ദിവസംകൊണ്ടു അതിനെ പണിവാ
ൻ എനിക്കു കഴിയും എന്നു ഇവൻ പറ
ഞ്ഞു.
൬൨ എന്നിട്ടു മഹാപുരോഹിതൻ എ
ഴുനീറ്റു അവനോടു: നീ ഒരു ഉത്തരവും
പറയുന്നില്ലയോ? ഇവർ നിന്റെ നേ
രെ സാക്ഷ്യം പറയുന്നതു എന്താകുന്നു എ
ന്നു ചോദിച്ചു.
൬൩ എന്നാൽ യേശു മിണ്ടാതിരുന്നു.
മഹാപുരോഹിതൻ അവനോടു പിന്നെ
യും പറഞ്ഞതു: ഞാൻ ജീവനുള്ള ദൈവ
ത്തെക്കൊണ്ടു നിന്നോടു ആണയിട്ടു ചോ
ദിക്കുന്നു, നീ ദൈവപുത്രനായ ക്രിസ്തു ത
ന്നേയോ? ഞങ്ങളോടു പറക.
൬൪ അവനോടു യേശു: നീ പറഞ്ഞു
വല്ലോ. വിശേഷിച്ചും ഞാൻ നിങ്ങളോടു
പറയുന്നു: ഇനിമേൽ മനുഷ്യപുത്രൻ സ
ൎവ്വശക്തിയുടെ വലഭാഗത്തു ഇരിക്കുന്നതും
ആകാശത്തിന്റെ മേഘങ്ങളിന്മേൽ വ
രുന്നതും നിങ്ങൾ കാണും എന്നു പറ
ഞ്ഞു.
൬൫ ഉടനെ മഹാപുരോഹിതൻ ത
ന്റെ വസ്ത്രങ്ങളെ കീറി: ഇവൻ ദൈവ
ദൂഷണം പറഞ്ഞു; ഇനി സാക്ഷി കൊണ്ടു
നമുക്കു എന്തു ആവശ്യം? ഇതാ, ദൈവദൂ
ഷണം ഇപ്പോൾ നിങ്ങൾ കേട്ടുവല്ലോ.
൬൬ നിങ്ങൾക്കു എന്തു തോന്നുന്നു? എ
ന്നു ചോദിച്ചതിന്നു: അവൻ മരണത്തി
ന്നു യോഗ്യൻ ആകുന്നു എന്നു അവർ ഉ
ത്തരം പറഞ്ഞു.
൬൭ അപ്പോൾ അവർ അവന്റെ മു
ഖത്തു തുപ്പി, അവനെ മുഷ്ടികൊണ്ടു കു
ത്തി, ചിലർ അവനെ കന്നത്തടിച്ചു:
൬൮ ഹേ ക്രിസ്തുവേ, നിന്നെ തല്ലിയ
തു ആർ എന്നു ഞങ്ങളോടു പ്രവചിക്ക
എന്നു പറഞ്ഞു.
൬൯ ¶ എന്നാൽ പത്രോസ് പുറത്തു
നടുമുറ്റത്തു ഇരുന്നു. അവന്റെ അടുക്ക
ൽ ഒരു വേലക്കാരത്തി വന്നു: നീയും ഗ
ലീലക്കാരനായ യേശുവിനോടു കൂടെ ആ
യിരുന്നുവല്ലോ എന്നു പറഞ്ഞു.
൭൦ എന്നാറെ അവൻ: നീ പറയുന്ന
തു ഞാൻ അറിയുന്നില്ല, എന്നു എല്ലാവ
ൎക്കും മുമ്പാകെ തള്ളിപ്പറഞ്ഞു.
൭൧ പിന്നെ അവൻ പടിപ്പുരയിലേ
ക്കു പുറപ്പെടുമ്പോൾ മറെറാരുത്തി അവ
നെ കണ്ടു അവിടെയുള്ളവരോടു: ഇവ
നും നസറായനായ യേശുവിനോടു കൂ
ടെയായിരുന്നു എന്നു പറഞ്ഞു.
൭൨ ആ മനുഷ്യനെ ഞാൻ അറിയു
ന്നില്ല എന്നു അവൻ രണ്ടാമതും ആണ
യോടെ തള്ളിപ്പറഞ്ഞു.
൭൩ അല്പനേരം കഴിഞ്ഞിട്ടു അവി
ടെ നിന്നവർ അടുത്തുവന്നു പത്രോസി
നോടു: നീയും അവരുടെ കൂട്ടത്തിൽ ഉ
ള്ളവൻ ആകുന്നു സത്യം; നിന്റെ ഉച്ചാ
രണവും നിന്നെ വെളിവാക്കുന്നുവല്ലോ
എന്നു പറഞ്ഞു.
൭൪ അപ്പോൾ അവൻ: ആ മനുഷ്യ
നെ ഞാൻ അറിയുന്നില്ല എന്നു പ്രാകു
വാനും ആണയിടുവാനും തുടങ്ങി; ഉട
നെ പൂവൻകോഴി കൂകി.

൭൫ എന്നാറെ: കോഴി കൂകുംമുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു യേശു പറഞ്ഞ മൊഴി പത്രോസ് ഓൎത്തു പുറപ്പെട്ടു പോയി കൈക്ലേശത്തോടെ കരകയും ചെയ്തു.

൨൭ാം അദ്ധ്യായം.

ഉഷസ്സായപ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു.

൨ അവർ അവനെ കെട്ടിക്കൊണ്ടു പോയി നാടുവാഴിയായ പിലാത്തോസിനെ ഏല്പിച്ചു.

൩ ¶ അപ്പോൾ അവൻ ശിക്ഷെക്കു വിധിക്കപ്പെട്ടു എന്നു അവനെ കാണിച്ചു കൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ തിരികെ കൊണ്ടുവന്നു.

൪ ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുക്കയാൽ പിഴെച്ചു എന്നു പറഞ്ഞു; അതു ഞങ്ങൾക്കു എന്തു? നീ തന്നെ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു.

൫ എന്നാറെ അവൻ ആ വെള്ളിക്കാശ് ദൈവമന്ദിരത്തിലേക്കു എറിഞ്ഞുംകളഞ്ഞു, വാങ്ങിപ്പോയി കെട്ടിഞാന്നു ചത്തു.

൬ മഹാപുരോഹിതന്മാർ ആ വെള്ളിക്കാശ് എടുത്തു: ഇതു രക്തവിലയാകയാൽ ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു.

൭ പിന്നെ കൂടിനിരൂപിച്ചു, അതിനെക്കൊണ്ടു പരദേശികളെ കുഴിച്ചിടുവാൻ കുശവന്റെ നിലം വാങ്ങി.

൮ ആകയാൽ ആ നിലത്തിന്നു ഇന്നേവരെ രക്തനിലം എന്നു പേർ പറയുന്നു.

൯ യറമിയാ പ്രവാചകൻ മുഖാന്തരം പറയപ്പെട്ടതിന്നു അന്നു നിവൃത്തിവന്നു; അതാവിതു: ഇസ്രയേൽ പുത്രന്മാരിൽ ചിലർ വില മതിച്ചവനായി വിലമതിക്കപ്പെട്ടവന്റെ വിലയാകുന്ന മുപ്പതു വെള്ളിക്കാശു അവർ എടുത്തു,

൰ കൎത്താവു എന്നോടു നിയോഗിച്ച പ്രകാരം കുശവനിലത്തിന്നു വേണ്ടി കൊടുത്തു.

൰൧ ¶ എന്നാൽ യേശു നാടുവാഴിയുടെ മുമ്പാകെ നിന്നു. നീ യഹൂദന്മാരുടെ രാജാവോ എന്നു നാടുവാഴി ചോദിച്ചു; നീ പറയുന്നുവല്ലോ എന്നു യേശു അവനോടു പറഞ്ഞു.

൰൨ മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല.

൰൩ അപ്പോൾ പിലാത്തോസ് അവനോടു പറയുന്നു: ഇവർ നിന്റെ നേരെ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ?

൰൪ എന്നാറെ അവൻ ഒരു വാക്കിന്നും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചൎയ്യപ്പെട്ടു.

൰൫ എന്നാൽ ഉത്സവന്തോറും പുരുഷാരം ഇച്ഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി വിട്ടയക്ക പതിവായിരുന്നു.

൰൬ അന്നു ബറബ്ബാസ് എന്ന ശ്രുതിപ്പെട്ടോരു തടവുകാരൻ അവൎക്കു ഉണ്ടായിരുന്നു.

൰൭ ആകയാൽ അവർ കൂടിവന്നപ്പോൾ പിലാത്തോസ് അവരോടു: ബറബ്ബാസിനെയോ, ക്രിസ്തു എന്നു പറയുന്ന യേശുവിനെയോ, ആരെ നിങ്ങൾക്കു വിട്ടുതരേണം എന്നു ചോദിച്ചു.

൰൮ എന്തുകൊണ്ടെന്നാൽ അവർ അവനെ ഏല്പിച്ചതു അസൂയ കൊണ്ടാകുന്നു എന്നു അവൻ ഗ്രഹിച്ചു.

൰൯ അവൻ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാൎയ്യ ആളയച്ചു: നീ ആ നീതിമാന്റെ കാൎയ്യത്തിൽ ഇടപെടരുതു; അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു.

൨൰ എന്നാറെ ബറബ്ബാസിനെ ചോദിപ്പാനും യേശുവിനെ നശിപ്പിപ്പാനും മഹാ പുരോഹിതന്മാരും മൂപ്പന്മാരും പുരുഷാരങ്ങളെ സമ്മതിപ്പിച്ചു.

൨൰൧ നാടുവാഴി അവരോടു ഉത്തരമായിട്ടു: ഈ ഇരുവരിൽ ഏവനെ വിട്ടുതരേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നു എന്നു

ചോദിച്ചാറെ, ബറബ്ബാസിനെ എന്നു അ
വർ പറഞ്ഞു.
൨൨ പിലാത്തോസ് അവരോടു: എ
ന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു
ചെയ്യേണ്ടു എന്നു ചോദിച്ചതിന്നു: അ
വൻ ക്രൂശിക്കപ്പെടേണം, എന്നു എല്ലാവ
രും പറഞ്ഞു.
൨൩ അവൻ ചെയ്തു ദോഷം എന്തു എ
ന്നു അവൻ ചോദിച്ചു. അവൻ ക്രൂശിക്ക
പ്പെടേണം എന്നു അവർ ഏററവും നി
ലവിളിച്ചു പറഞ്ഞു.
൨൪ ആരവാരം അധികമാകുന്നത
ല്ലാതെ ഒന്നും സാധിക്കുന്നില്ല എന്നു പി
ലാത്തോസ് കണ്ടിട്ടു, വെള്ളം എടുത്തു പു
രുഷാരത്തിന്റെ മുൻപാകെ തന്റെ
കൈകളെ കഴുകി: ഈ നീതിമാന്റെ ര
ക്തത്തിൽ എനിക്കു കുററം ഇല്ല; നിങ്ങ
ൾ തന്നേ നോക്കിക്കൊൾവിൻ എന്നു പ
റഞ്ഞു.
൨൫ ജനം ഒക്കെയും ഉത്തരമായിട്ടു
അവന്റെ രക്തം ഞങ്ങളുടെ മേലും ഞ
ങ്ങളുടെ മക്കളുടെമേലും വരട്ടെ എന്നു പ
റഞ്ഞു.
൨൬ അപ്പോൾ അവൻ ബറബ്ബാസി
നെ അവൎക്കു വിട്ടുകൊടുത്തു, യേശുവി
നെ ചമ്മട്ടികൊണ്ടു അടിപ്പിച്ചു ക്രൂശിക്കേ
ണ്ടതിന്നു ഏല്പിക്കയും ചെയ്തു.
൨൭ ¶ അപ്പോൾ നാടുവാഴിയുടെ പ
ടയാളികൾ യേശുവിനെ ആസ്ഥാനത്തി
ലേക്കു കൊണ്ടുപോയി പട്ടാളത്തെ എ
ല്ലാം അവന്റെ നേരെ വരുത്തി,
൨൮ അവന്റെ വസ്ത്രം അഴിച്ചു ഒരു
ചുവന്ന മേലങ്കി ധരിപ്പിച്ചു.
൨൯ മുള്ളുകൾകൊണ്ടു ഒരു കിരീടം
മെടഞ്ഞു അവന്റെ തലയിൽ വെച്ചു, വ
ലത്തേ കയ്യിൽ ഒരു കോലും കൊടുത്തു അ
വന്റെ മുൻപിൽ മുട്ടുകുത്തി: യഹൂദന്മാ
രുടെ രാജാവേ വാഴുക എന്നു പരിഹ
സിച്ചു പറഞ്ഞു.
൩൦ പിന്നെ അവന്റെ മേൽ തുപ്പി,
കോൽ എടുത്തു അവന്റെ തലയിൽ അ
ടിച്ചു.
൩൧ അവനെ പരിഹസിച്ചു തീൎന്ന
പ്പോൾ മേലങ്കിയെ നീക്കി, അവന്റെ
സ്വന്ത വസ്ത്രങ്ങളെ ഉടുപ്പിച്ചു, അവനെ
ക്രൂശിപ്പാൻ കൊണ്ടുപോയി.
൩൨ ¶ അവർ പുറപ്പെട്ടു പോകു
മ്പോൾ ശിമോൻ എന്നു പേരുള്ള കുറേന
ക്കാരനായ ഒരു മനുഷ്യനെ കണ്ടു, അവ
ന്റെ ക്രൂശിനെ ചുമപ്പാൻ നിൎബ്ബന്ധിച്ചു.
൩൩ പിന്നെ തലയോടിടം എന്നൎത്ഥ
മുള്ള ഗൊല്ഗോത്താ എന്ന സ്ഥലത്തു എ
ത്തിയപ്പോൾ,
൩൪ അവന്നു കൈപ്പു കലക്കിയ വീ
ഞ്ഞു കുടിപ്പാൻ കൊടുത്തു; അതു രുചി
നോക്കിയാറെ കുടിപ്പാൻ മനസ്സില്ലാഞ്ഞു.
൩൫ അവനെ ക്രൂശിൽ തറെച്ച ശേ
ഷം, അവർ ചീട്ടിട്ടു അവന്റെ വസ്ത്രങ്ങ
ളെ തങ്ങളിൽ പകുതി ചെയ്തു;
൩൬ അവർ അവിടെ ഇരുന്നുകൊ
ണ്ടു അവനെ കാത്തു.
൩൭ ഇവൻ യഹൂദന്മാരുടെ രാജാവാ
യ യേശു എന്നു അവന്റെ കുററ സംഗ
തി എഴുതി അവന്റെ തലെക്കു മീതെ
വെച്ചു.
൩൮ രണ്ടു കള്ളന്മാരും ഒരുത്തൻ അ
വന്റെ വലത്തും ഒരുത്തൻ ഇടത്തുമായി
അവനോടു കൂടെ ക്രൂശിക്കപ്പെട്ടു.
൩൯ എന്നാൽ കടന്നുപോകുന്നവർ
തങ്ങളുടെ തലകളെ കുലുക്കിക്കൊണ്ടു അ
വനെ ദുഷിച്ചു:
൪൦ ഹേ ദൈവമന്ദിരത്തെ പൊളിച്ചു
മൂന്നുനാൾകൊണ്ടു പണിയുന്നവനേ, നി
ന്നെ തന്നേ രക്ഷിക്ക; നീ ദൈവപുത്രൻ
എങ്കിൽ ക്രൂശിൽനിന്നു ഇറങ്ങിവാ എന്നു
പറഞ്ഞു.
൪൧ അപ്രകാരം തന്നേ മഹാപുരോ
ഹിതന്മാരും ശാസ്ത്രികളോടും മൂപ്പന്മാരോ
ടും കൂടെ പരിഹസിച്ചു പറഞ്ഞതു:
൪൨ ഇവൻ മററുള്ളവരെ രക്ഷിച്ചു
തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല;
അവൻ ഇസ്രയേലിന്റെ രാജാവു ആകു
ന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽനിന്നു ഇറ
ങ്ങിവരട്ടെ, എന്നാൽ ഞങ്ങൾ അവനിൽ
വിശ്വസിക്കും.
൪൩ ഇവൻ ദൈവത്തിൽ ആശ്രയിക്കു
ന്നു; അവന്നു ഇവനെ വേണമെങ്കിൽ ഇ

പ്പോൾ വിടുവിക്കട്ടെ, ഞാൻ ദൈവപുത്രൻ എന്നു അവൻ പറഞ്ഞുവല്ലോ.

൪൪ അപ്രകാരം തന്നെ അവനോടു കൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരും അവനെ നിന്ദിച്ചു.

൪൫ ¶ ആറാം മണിനേരം മുതൽ ഒമ്പതാം മണിനേരം വരെയും ദേശത്തിൽ എല്ലാം ഇരുട്ടുണ്ടായി.

൪൬ ഏകദേശം ഒമ്പതാം മണി നേരത്തു യേശു: ഏലി, ഏലി, ലമാ ശബക്താനി? എന്നു മഹാ ശബ്ദത്തോടെ നിലവിളിച്ചു; അതു എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈ വിട്ടതു എന്തു? എന്നാകുന്നു.

൪൭ അവിടെ നിന്നവരിൽ ചിലർ അതു കേട്ടിട്ടു ഇവൻ ഏലീയാവെ വിളിക്കുന്നു എന്നു പറഞ്ഞു.

൪൮ ഉടനെ അവരിൽ ഒരുത്തൻ ഓടി ഒരു സ്പോംഗു എടുത്തു പുളിച്ച വീഞ്ഞു കൊണ്ടു നിറെച്ചു ഓടത്തണ്ടിന്മേൽ ആക്കി അവന്നു കുടിപ്പാൻ കൊടുത്തു.

൪൯ ശേഷമുള്ളവർ: നില്ക്ക, ഏലീയാ അവനെ രക്ഷിപ്പാൻ വരുമോ എന്നു നാം നോക്കുക, എന്നു പറഞ്ഞു.

൫൦ യേശു പിന്നെയും മഹാ ശബ്ദത്തോടെ നിലവിളിച്ചു ആത്മാവിനെ വിട്ടുകയും ചെയ്തു.

൫൧ അപ്പോൾ ഇതാ ദൈവമന്ദിരത്തിലെ തിരശ്ശീല മേലിൽനിന്നു അടിയോളവും രണ്ടായി ചീന്തിപ്പോയി.

൫൨ ഭൂമി കുലുങ്ങി, പാറകൾ പിളൎന്നു, കല്ലറകളും തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിൎത്തെഴുനീല്ക്കയും,

൫൩ അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ പ്രവേശിച്ചു, പലൎക്കും പ്രത്യക്ഷമാകയും ചെയ്തു.

൫൪ ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തുനിന്നവരും ഭൂകമ്പം മുതലായി സംഭവിച്ചവ കണ്ടിട്ടു: ഇവൻ ദൈവപുത്രൻ ആയിരുന്നു സത്യം, എന്നു പറഞ്ഞു ഏററവും ഭയപ്പെട്ടു.

൫൫ ഗലീലയിൽനിന്നു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു പിൻചെന്ന പല സ്ത്രീകളും ദൂരേനിന്നു നോക്കിക്കൊണ്ടു അവിടെ നിന്നിരുന്നു.

൫൬ അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെയും യോസെയുടെയും അമ്മയായ മറിയയും സബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു.

൫൭ ¶ സന്ധ്യയായപ്പോൾ അറിമത്ഥ്യക്കാരനായ യോസേഫ എന്ന ഒരു ധനവാൻ താനും യേശുവിന്നു ശിഷ്യനാകയാൽ വന്നു,

൫൮ പിലാത്തോസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു, അപ്പോൾ അതു ഏല്പിച്ചുകൊടുപ്പാൻ പിലാത്തോസ് കല്പിച്ചു.

൫൯ യോസേഫ് ശരീരം എടുത്തു അതിനെ നിൎമ്മലശീലയിൽ പൊതിഞ്ഞു,

൬൦ താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ ശവക്കല്ലറയിൽ അതിനെ വെച്ചു കല്ലറയുടെ വാതില്ക്കു ഒരു വലിയ കല്ലു ഉരുട്ടി വെച്ചിട്ടു പോകയും ചെയ്തു.

൬൧ അവിടെ കല്ലറെക്കു എതിരേ മഗ്ദലക്കാരത്തി മറിയയും മറേറ മറിയയും ഇരുന്നിരുന്നു.

൬൨ ¶ ഒരുക്കനാളിന്റെ ശേഷമാകുന്ന പിറേറ ദിവസം മഹാ പുരോഹിതന്മാരും പറീശരും പിലാത്തോസിന്റെ അടുക്കേ വന്നു കൂടി പറഞ്ഞു:

൬൩ യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ തന്നേ മൂന്നു നാൾ കഴിഞ്ഞിട്ടു ഞാൻ ഉയിൎത്തെഴുനീല്ക്കും എന്നു പറഞ്ഞപ്രകാരം ഞങ്ങൾക്കു ഓൎമ്മ വന്നു.

൬൪ അതുകൊണ്ടു അവന്റെ ശിഷ്യന്മാർ വന്നു അവനെ മോഷ്ടിച്ചിട്ടു, അവൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീററു, എന്നു ജനങ്ങളോടു പറകയും ഒടുവിലത്തെ ചതി മുമ്പിലത്തേതിനെക്കാൾ വിഷമമായി തീരുകയും ചെയ്യാതിരിക്കേണ്ടതിന്നു മൂന്നാം നാൾവരെ കല്ലറയെ ഉറപ്പാക്കുവാൻ കല്പിക്ക.

൬൫ പിലാത്തോസ് അവരോടു: നിങ്ങൾക്കു കാവൽക്കൂട്ടം ഉണ്ടല്ലോ; പോയി

നിങ്ങളാൽ ആകുന്നെടത്തോളം ഉറപ്പു വ
രുത്തുവിൻ എന്നു പറഞ്ഞു.
൬൬ അവർ ചെന്നു കല്ലിന്നു മുദ്ര വെ
ച്ചു കാവൽക്കൂട്ടംകൊണ്ടു കല്ലറ ഉറപ്പാക്ക
കയും ചെയ്തു.

൨൮ാം അദ്ധ്യായം.

ശബ്ബത്തു നാൾ കഴിഞ്ഞു ഒന്നാം ആഴ്ച
വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും
മറ്റെ മറിയയും കല്ലറ കാണ്മാൻ ചെ
ന്നു.
൨ ഇതാ, വലിയോരു ഭൂകമ്പം ഉണ്ടാ
യി; എന്തുകൊണ്ടെന്നാൽ കൎത്താവിന്റെ
ദൂതൻ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങി വന്നു,
കല്ലിനെ ഉരുട്ടി നീക്കി അതിന്മേൽ ഇരു
ന്നിരുന്നു.
൩ അവന്റെ രൂപം മിന്നലിന്നു ഒ
ത്തതും അവന്റെ ഉടുപ്പു ഹിമം പോലെ
വെളുത്തതും ആയിരുന്നു.
൪ കാവല്ക്കാർ അവനെയുള്ള ഭയം
കൊണ്ടു വിറെച്ചു മരിച്ചവരെ പോലെ
ആയി.
൫ ദൂതൻ സ്ത്രീകളോടു ഉത്തരം പറഞ്ഞ
തു: നിങ്ങൾ ഭയപ്പെടേണ്ടാ, ക്രൂശിക്കപ്പെ
ട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കു
ന്നു എന്നു ഞാൻ അറിയുന്നു.
൬ അവൻ ഇവിടെ ഇല്ല; താൻ പറ
ഞ്ഞപ്രകാരം ഉയിൎത്തെഴുനീറ്റു അവൻ
കിടന്ന സ്ഥലം വന്നു കാണ്മിൻ.
൭ വേഗത്തിൽ പോയി, അവൻ മരി
ച്ചവരിൽനിന്നു ഉയിൎത്തെഴുനീറ്റു എന്നു
അവന്റെ ശിഷ്യന്മാരോടു പറവിൻ; ഇ
താ, അവൻ നിങ്ങൾക്കു മുമ്പേ ഗലീലെക്കു
പോകുന്നു, അവിടെ നിങ്ങൾ അവനെ
കാണും; ഇതാ ഞാൻ നിങ്ങളോടു പറ
ഞ്ഞിരിക്കുന്നു.
൮ എന്നാറെ അവർ വേഗത്തിൽ ഭ
യത്തോടും മഹാ സന്തോഷത്തോടും കൂടി
കല്ലറയെ വിട്ടു അവന്റെ ശിഷ്യന്മാരോ
ടു അറിയിപ്പാൻ ഓടിപ്പോയി.
൯ എന്നാൽ ഇതാ യേശു അവരെ എ
തിരേറ്റു: വാഴുവിൻ, എന്നു പറഞ്ഞു;
അവർ അടുത്തു വന്നു അവന്റെ കാലുക
ളെ പിടിച്ചു അവനെ കുമ്പിട്ടു.
൰ അപ്പോൾ യേശു അവരോടു: ഭയ
പ്പെടാഴ്കിൻ, നിങ്ങൾ പോയി എന്റെ
സഹോദരന്മാരോടു ഗലീലെക്കു പോകു
വാൻ അറിയിപ്പിൻ, അവിടെ അവർ
എന്നെ കാണും എന്നു പറയുന്നു.
൰൧ ¶ അവർ പോകുമ്പോൾ ഇതാ,
കാവൽക്കൂട്ടത്തിൽ ചിലർ നഗരത്തിൽ
ചെന്നു ഉണ്ടായതു എല്ലാം മഹാപുരോഹി
തന്മാരോടു അറിയിച്ചു.
൰൨ അവർ മൂപ്പന്മാരുമായി ഒന്നിച്ചു
കൂടി നിരൂപിച്ചിട്ടു പടയാളികൾക്കു വേ
ണ്ടുവോളം പണം കൊടുത്തു പറഞ്ഞു:
൰൩ അവന്റെ ശിഷ്യന്മാർ രാത്രിയിൽ
വന്നു ഞങ്ങൾ ഉറങ്ങിയിരിക്കയിൽ അവ
നെ കട്ടുകൊണ്ടു പോയി എന്നു പറവി
ൻ.
൰൪ അതു നാടുവാഴിയുടെ സന്നിധാ
നത്തിൽ കേൾവിപ്പെട്ടു എങ്കിലോ ഞങ്ങ
ൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ നി
ൎഭയരാക്കിക്കൊള്ളാം.
൰൫ അവർ പണം വാങ്ങിക്കൊണ്ടു ഉ
പദേശപ്രകാരം ചെയ്തു; ഈ വാക്കു ഇന്നു
വരെ യഹൂദന്മാരുടെ ഇടയിൽ പരക്കേ
ശ്രുതിയായിരിക്കുന്നു.
൰൬ ¶ എന്നാൽ ശിഷ്യന്മാർ പതി
നൊന്നും ഗലീലയിൽ യേശു അവരോടു
കല്പിച്ച മലെക്കു പോയി.
൰൭ അവനെ കണ്ടപ്പോൾ അവർ കു
മ്പിട്ടു; എന്നാൽ ചിലർ സംശയിച്ചു.
൰൮ യേശുവോ അവരുടെ അടുക്കൽ
വന്നു അരുളിച്ചെയ്തതു: സ്വൎഗ്ഗത്തിലും ഭൂ
മിയിലും സകല അധികാരവും എനിക്കു
നല്കപ്പെട്ടിരിക്കുന്നു.
൰൯ ആകയാൽ നിങ്ങൾ പുറപ്പെട്ടു,
പിതാവിന്റെയും പുത്രന്റെയും പരിശു
ദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാന
പ്പെടുത്തിയും,
൨൰ ഞാൻ നിങ്ങളോടു കല്പിച്ചവ ഒ
ക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപ
ദേശിച്ചുംകൊണ്ടു സകല ജാതികളെയും
ശിഷ്യരാക്കിക്കൊൾവിൻ; ഇതാ ഞാൻ
ലോകാവസാനത്തോളം എല്ലാ നാളും നി
ങ്ങളോടു കൂടെ ഉണ്ടു.

THE GOSPEL ACCORDING TO

MARK.

മൎക്കൊസ് എഴുതിയ സുവിശേഷം.

൧ാം അദ്ധ്യായം.

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ
സുവിശേഷത്തിന്റെ ആരംഭം.
൨ ¶ ഇതാ ഞാൻ എന്റെ ദൂതനെ
നിന്റെ മുഖത്തിന്നു മുമ്പാകെ അയക്കുന്നു
അവൻ നിന്റെ വഴിയെ ഒരുക്കും.
൩ മരുഭൂമിയിൽ വിളിച്ചു പറയുന്ന
വന്റെ ശബ്ദമാവിതു: കൎത്താവിന്റെ വ
ഴിയെ ഒരുക്കുവിൻ അവന്റെ പാതക
ളെ നേരെ ആക്കുവിൻ എന്നു യശയ്യാ പ്ര
വാചകന്റെ പുസ്തകത്തിൽ എഴുതിയിരി
ക്കുന്ന പ്രകാരം തന്നേ.
൪ യോഹന്നാൻ വന്നു മരുഭൂമിയിൽ
സ്നാനപ്പെടുത്തിയും പാപമോചനത്തി
ന്നായുള്ള മാനസാന്തര സ്നാനത്തെ പ്രസം
ഗിച്ചുംകൊണ്ടിരുന്നു.
൫ അവന്റെ അടുക്കലേക്കു യഹൂദിയ
ദേശം ഒക്കെയും യരുശലേമ്യർ എല്ലാവ
രും പുറപ്പെട്ടു തങ്ങളുടെ പാപങ്ങളെ ഏ
റ്റുപറഞ്ഞുകൊണ്ടു യോൎദ്ദാൻനദിയിൽ
അവനാൽ സ്നാനപ്പെടുകയും ചെയ്തു.
൬ എന്നാൽ യോഹന്നാൻ ഒട്ടകരോ
മംകൊണ്ടുള്ള ഉടുപ്പും അരയിൽ തോൽ
വാറും ധരിച്ചവനും, വെട്ടുക്കിളിയും കാ
ട്ടുതേനും ഭുജിക്കുന്നവനുമായിരുന്നു.
൭ അവൻ പ്രസംഗിച്ചു പറഞ്ഞതു:
എന്നെക്കാൾ ബലമേറിയവൻ എന്റെ
പിന്നാലെ വരുന്നു; അവന്റെ ചെരിപ്പു
കളുടെ വാറു കുനിഞ്ഞഴിപ്പാൻ ഞാൻ
യോഗ്യനല്ല.
൮ ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാ
നപ്പെടുത്തി, അവനോ നിങ്ങളെ പരി
ശുദ്ധാത്മാവിൽ സ്നാനപ്പെടുത്തും.
൯ ¶ ആ നാളുകളിൽ സംഭവിച്ചതു:
യേശു ഗലീലയിലേ നസറേത്തിൽനിന്നു
വന്നു യോഹന്നാനാൽ യോൎദ്ദാനിൽ സ്നാ
നപ്പെട്ടു.
൰ ഉടനെ വെള്ളത്തിൽനിന്നു കരേ
റിയപ്പോൾ ആകാശം പിളരുന്നതും ആ
ത്മാവു പ്രാവുപോലെ തന്റെ മേൽ വരു
ന്നതും അവൻ കണ്ടു.
൰൧ നീ എന്റെ പ്രിയ പുത്രൻ ആകു
ന്നു, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു
എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉ
ണ്ടാകയും ചെയ്തു.
൰൨ ¶ അനന്തരം ആത്മാവു അവ
നെ മരുഭൂമിയിലേക്കു പ്രേരിച്ചു.
൰൩ അവിടെ അവൻ സാത്താനാൽ
പരീക്ഷിക്കപ്പെട്ടു നാല്പതു ദിവസം മരുഭൂ
മിയിൽ കാട്ടുമൃഗങ്ങളോടുകൂടെ ആയിരു
ന്നു; പിന്നെ ദൈവദൂതന്മാർ അവനെ
ശുശ്രൂഷിച്ചു.
൰൪ ¶ എന്നാൽ യോഹന്നാൻ തട
വിൽ ഏല്പിക്കപ്പെട്ട ശേഷം യേശു ഗലീ
ലയിൽ വന്നു ദൈവരാജ്യത്തിന്റെ സു
വിശേഷം പ്രസംഗിച്ചു:
൰൫ കാലം തികഞ്ഞു, ദൈവരാജ്യം
സമീപിച്ചുമിരിക്കുന്നു; മാനസാന്തരപ്പെ
ട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എ
ന്നു പറഞ്ഞു.
൰൬ ¶ പിന്നെ അവൻ ഗലീലക്കടല്പു
റത്തു നടക്കുമ്പോൾ ശിമോനും അവന്റെ
സഹോദരനായ അന്ത്രെയോസും കടലിൽ
വല വീശുന്നതു കണ്ടു; അവർ മീൻ പി
ടിക്കുന്നവർ ആയിരുന്നു.
൰൭ യേശു അവരോടു: എന്റെ പി
ന്നാലെ വരുവിൻ എന്നാൽ ഞാൻ നിങ്ങ
ളെ മനുഷ്യരെ പിടിക്കുന്നവരാക്കും, എ
ന്നു പറഞ്ഞു.
൰൮ ഉടനെ അവർ വലകളെ വിട്ടു
അവനെ അനുഗമിച്ചു.
൰൯ അവിടെനിന്നു അല്പം മുന്നോട്ടു

ചെന്നപ്പോൾ സബദിയുടെ മകനായ യാക്കോബ്ബും അവൻെറ സഹോദരനായ യോഹന്നാനും കൂടെ പടകിൽ ഇരുന്നു വലകളെ നന്നാക്കുന്നതു കണ്ടു.

൨൦ ഉടനെ അവരെയും വിളിച്ചു; അവർ തങ്ങളുടെ അപ്പനായ സബദിയെ കൂലിക്കാരോടു കൂടെ പടകിൽ വിട്ടു അവൻെറ പിന്നാലെ പോകയും ചെയ്തു.

൨൧ ¶ അവർ കഫൎന്നഹൂമിൽ പ്രവേശിച്ചു, ഉടനെ അവൻ ശബ്ബത് ദിവസത്തിൽ പള്ളിയിൽ ചെന്നു ഉപദേശിച്ചു.

൨൨ അവൻെറ ഉപദേശത്തിങ്കൽ അവർ വിസ്മയിച്ചു; എന്തുകൊണ്ടെന്നാൽ ശാസ്ത്രികളെ പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവൎക്കു ഉപദേശിച്ചതു.

൨൩ അവരുടെ പള്ളിയിൽ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ നിലവിളിച്ചു:

൨൪ നസറായനായ യേശുവേ വിടു; ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു? ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ ആർ ആകുന്നു എന്നു ഞാൻ അറിയുന്നു, ദൈവത്തിൻെറ പരിശുദ്ധൻ തന്നേ, എന്നു പറഞ്ഞു.

൨൫ എന്നാൽ യേശു അതിനെ ശാസിച്ചു: മിണ്ടരുതു, അവനെ വിട്ടു പുറപ്പെട്ടു പോ! എന്നു പറഞ്ഞു.

൨൬ അപ്പോൾ അശുദ്ധാത്മാവു അവനെ ഇഴെച്ചു, മഹാശബ്ദത്തോടെ നിലവിളിച്ചിട്ടു അവനെ വിട്ടുപോയി.

൨൭ എല്ലാവരും ആശ്ചൎയ്യപ്പെട്ടു: ഇതെന്തു? ഒരു പുതിയ ഉപദേശം! അവൻ അധികാരത്തോടെ അശുദ്ധാത്മാക്കളോടും കല്പിക്കുന്നു; അവ അവനെ അനുസരിക്കയും ചെയ്യുന്നു എന്നു പറഞ്ഞു തങ്ങളിൽ വാദിച്ചുകൊണ്ടിരുന്നു.

൨൮ ഉടനെ അവൻെറ ശ്രുതി ഗലീലനാടു എങ്ങും പരന്നു.

൨൯ ¶ അപ്പോൾ തന്നേ അവർ പള്ളിയിൽനിന്നു പുറപ്പെട്ടു യാക്കോബ്ബും യോഹന്നാനുമായി ശിമോൻെറയും അന്ത്രെയോസിൻെറയും വീട്ടിൽ വന്നു.

൩൦ അവിടെ ശിമോൻെറ അമ്മാവിയമ്മ പനി പിടിച്ചു കിടന്നിരുന്നു, ഉടനേ അവർ അവളെ കുറിച്ചു അവനോടു പറഞ്ഞു.

൩൧ എന്നാറെ അവൻ അടുത്തുചെന്നു അവളുടെ കൈക്കു പിടിച്ചു അവളെ എഴനീല്പിച്ചു; ഉടനേ പനി അവളെ വിട്ടുമാറി; അവൾ അവരെ ശുശ്രൂഷിക്കയും ചെയ്തു.

൩൨ ¶ വൈകുന്നേരമായപ്പോൾ സൂൎയ്യൻ അസ്തമിച്ചശേഷം അവർ അവൻെറ അടുക്കേ സകല ദീനക്കാരെയും ഭൂതബാധിതരെയും കൊണ്ടുവന്നു.

൩൩ പട്ടണം എല്ലാം വാതില്ക്കൽ വന്നു കൂടിയിരുന്നു.

൩൪ എന്നാറെ അവൻ നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരേ സൌഖ്യമാക്കി, അനേകം ഭൂതങ്ങളെയും പുറത്താക്കി; ഭൂതങ്ങൾ അവനെ അറികകൊണ്ടു അവ സംസാരിപ്പാൻ അവൻ സമ്മതിച്ചതുമില്ല.

൩൫ ¶ അതികാലത്തു ഇരുട്ടോടെ അവൻ എഴനീററു പുറപ്പെട്ടു ഒരു നിൎജ്ജനസ്ഥലത്തിൽ ചെന്നു പ്രാൎത്ഥിച്ചു.

൩൬ ശിമോനും കൂടെയുള്ളവരും അവനെ പിന്തുടൎന്നു ചെന്നു.

൩൭ അവർ അവനെ കണ്ടെത്തിയപ്പോൾ: എല്ലാവരും നിന്നെ അന്വേഷിക്കുന്നു എന്നു പറയുന്നു.

൩൮ അവരോടു അവൻ: ഞാൻ അടുത്ത ഊരുകളിൽ പ്രസംഗിക്കേണ്ടതിന്നു നാം അവിടേക്കും പോക; ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കുന്നു എന്നു പറഞ്ഞു.

൩൯ ഗലീലയിൽ ഒക്കെയും അവരുടെ പള്ളികളിൽ ചെന്നു പ്രസംഗിക്കയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു.

൪൦ ¶ പിന്നെ ഒരു കുഷ്ഠരോഗി അവൻെറ അടുക്കൽ വന്നു മുട്ടുകുത്തി അപേക്ഷിച്ചു: നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു.

൪൧ യേശു മനസ്സലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു പറയുന്നു: എനിക്കു മനസ്സുണ്ടു, ശുദ്ധമാക.

൪൨ എന്നു പറഞ്ഞ ഉടനെ കുഷ്ഠം വി
ട്ടുമാറി അവന്നു ശുദ്ധിവരികയും ചെയ്തു.
൪൩ യേശു അവനെ അമൎച്ചയായി
ശാസിച്ചു ഉടനെ വിട്ടയച്ചു.
൪൪ നോക്കു, ആരോടും ഒന്നും പറയ
രുതു; എന്നാൽ നീ പോയി പുരോഹിത
ന്നു നിന്നെത്തന്നേ കാണിച്ചു, നിന്റെ
ശുദ്ധീകരണത്തിന്നുവേണ്ടി മോശെ കല്പി
ച്ചവയെ അവൎക്കു സാക്ഷ്യത്തിന്നായി ബ
ലികഴിച്ചുകൊൾക എന്നു പറഞ്ഞു.
൪൫ എന്നാറെ അവൻ പുറപ്പെട്ടു വ
ളരേ ഘോഷിപ്പാനും വസ്തുത പ്രസിദ്ധപ്പെ
ടുത്തുവാനും തുടങ്ങി; അതിനാൽ യേശു
വിന്നു പരസ്യമായി പട്ടണത്തിൽ കട
പ്പാൻ കഴിയായ്കകൊണ്ടു അവൻ പുറത്തു
നിൎജ്ജനസ്ഥലങ്ങളിൽ പാൎത്തു; എല്ലാടത്തു
നിന്നും ആളുകൾ അവന്റെ അടുക്കൽ വ
ന്നുകൂടുകയും ചെയ്തു.

൨ാം അദ്ധ്യായം.

ചില ദിവസങ്ങൾ കഴിഞ്ഞശേഷം അവ
ൻ പിന്നെയും കപ്പൎന്നഹൂമിൽ ചെന്നു;
അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി.
൨ ഉടനേ വാതില്ക്കൽ പോലും ഇടമി
ല്ലാതവണ്ണം പലരും വന്നുകൂടി, അവൻ
അവരോടു വചനത്തെ പറഞ്ഞു.
൩ അപ്പോൾ നാലാളുകളാൽ ചുമക്ക
പ്പെട്ടു ഒരു പക്ഷവാതക്കാരനെ അവന്റെ
അടുക്കൽ കൊണ്ടുവന്നു
൪ പുരുഷാരം നിമിത്തം അവനോടു
സമീപിച്ചുകൂടായ്കയാൽ അവൻ ഇരുന്ന
സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറ
ന്നു, പക്ഷവാതക്കാരൻ കിടക്കുന്ന കിട
ക്ക ഇറക്കി വെച്ചു.
൫ യേശു അവരുടെ വിശ്വാസത്തെ
കണ്ടിട്ടു പക്ഷവാതക്കാരനോടു: മകനേ,
നിന്റെ പാപങ്ങൾ നിനക്കു മോചിക്ക
പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു.
൬ അവിടെ ശാസ്ത്രികളിൽ ചിലർ ഇ
രുന്നിരുന്നു: ഇവൻ ഇങ്ങനെ ദൈവദൂഷ
ണം ചൊല്ലുന്നതു എന്തു?
൭ ദൈവം ഒരുവൻ അല്ലാതെ പാപ
ങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ
എന്നു അവർ തങ്ങളുടെ ഹൃദയങ്ങളിൽ
ചിന്തിച്ചുകൊണ്ടിരുന്നു.
൮ ഇങ്ങനെ അവർ തങ്ങളുടെ ഉള്ളി
ൽ ചിന്തിക്കുന്നതു യേശു ഉടനെ തന്റെ
ആത്മാവിൽ ഗ്രഹിച്ചിട്ടു അവരോടു പറ
ഞ്ഞു: നിങ്ങളുടെ ഹൃദയങ്ങളിൽ ഇവ ചി
ന്തിക്കുന്നതു എന്തു?
൯ പക്ഷവാതക്കാരനോടു നിന്റെ
പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എ
ന്നു പറയുന്നതോ, എഴുനീറ്റു നിന്റെ
കിടക്ക എടുത്തു നടക്ക എന്നു പറയുന്ന
തോ, ഏതാകുന്നു എളുപ്പം?
൧൦ എന്നാൽ ഭൂമിയിൽ പാപങ്ങളെ
മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം
ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു
—അവൻ പക്ഷവാതക്കാരനോടു പറയു
ന്നു:—
൧൧ നീ എഴുനീറ്റു നിന്റെ കിടക്ക
എടുത്തു നിന്റെ വീട്ടിലേക്കു പോക എ
ന്നു ഞാൻ നിന്നോടു പറയുന്നു.
൧൨ ഉടനേ അവൻ എഴുനീറ്റു, ത
ന്റെ കിടക്ക എടുത്തു എല്ലാവരുടെയും മു
മ്പാകെ പുറപ്പെട്ടു; അതുകൊണ്ടു എല്ലാവ
രും വിസ്മയിച്ചു: ഇപ്രകാരം നാം ഒരുനാ
ളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവ
ത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.
൧൩ ¶ അവൻ പിന്നെയും കടല്ക്ക
രെ ചെന്നു; പുരുഷാരം എല്ലാം അവ
ന്റെ അടുക്കൽ വന്നു, അവൻ അവൎക്കു
ഉപദേശിക്കയും ചെയ്തു.
൧൪ പിന്നെ അവൻ കടന്നുപോകു
മ്പോൾ അല്ഫായുടെ പുത്രനായ ലേവി ചു
ങ്കസ്ഥലത്തിൽ ഇരിക്കുന്നതു കണ്ടു: എ
ന്റെ പിന്നാലെ വരിക എന്നു പറയു
ന്നു; അവൻ എഴുനീറ്റു അവന്റെ പി
ന്നാലെ ചെന്നു.
൧൫ പിന്നെ അവൻ വീട്ടിൽ ഭക്ഷ
ണത്തിന്നു ഇരിക്കുമ്പോൾ സംഭവിച്ചതു
പല ചുങ്കക്കാരും പാപികളും യേശുവി
നോടും അവന്റെ ശിഷ്യന്മാരോടുംകൂടി
ഭക്ഷണത്തിന്നു ഇരുന്നു; എന്തുകൊണ്ടെ
ന്നാൽ അവർ അനേകർ ആയിരുന്നു
അവനെ അനുഗമിച്ചുമിരുന്നു.
൧൬ അവൻ ചുങ്കക്കാരോടും പാപിക

ളോടും കൂടെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നതു പരീശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രികൾ കണ്ടിട്ടു, അവന്റെ ശിഷ്യന്മാരോടു പറഞ്ഞു: ഇവൻ ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചു കുടിക്കുന്നതു എന്തു?

൧൭ എന്നതു യേശു കേട്ടു അവരോടു പറയുന്നു: സൌഖ്യമുള്ളവൎക്കു വൈദ്യനെകൊണ്ടു ആവശ്യമില്ല ദീനക്കാൎക്കേയുള്ളു; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു.

൧൮ ¶ യോഹന്നാന്റെ ശിഷ്യന്മാരും പരീശരും ഉപവസിക്കുന്നവർ ആയിരുന്നു; അവർ വന്നു അവനോടു പറയുന്നു: യോഹന്നാന്റെയും പരീശരുടെയും ശിഷ്യന്മാർ ഉപവസിക്കുന്നതും നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതും എന്തുകൊണ്ടു?

൧൯ അവരോടു യേശു പറഞ്ഞു: മണവാളൻ കൂടെ ഉള്ളപ്പോൾ തോഴ്മക്കാൎക്കു ഉപവസിപ്പാൻ കഴിയുമോ? മണവാളൻ തങ്ങളോടു കൂടെ ഇരിക്കും കാലത്തോളം അവൎക്കു ഉപവസിപ്പാൻ കഴികയില്ല.

൨൦ എന്നാൽ മണവാളൻ അവരിൽനിന്നു എടുക്കപ്പെടുന്നാളുകൾ വരും; അപ്പോൾ ആ നാളിൽ അവർ ഉപവസിക്കും.

൨൧ പഴയ വസ്ത്രത്തിൽ കോടിത്തുണിക്കണ്ടം ഒരുത്തരും ചേൎത്തു തുന്നുമാറില്ല; തുന്നിയാൽ നിറപ്പിന്നായി ചേൎത്ത പുതുക്കണ്ടം പഴയതിൽനിന്നു വലിഞ്ഞിട്ടു ചീന്തൽ ഏററം വല്ലാതെ ആകും.

൨൨ ആരും പുതിയ വീഞ്ഞു പഴയ തോല്ക്കുടങ്ങളിൽ പകൎന്നു വെക്കുമാറില്ല; വെച്ചാൽ പുതുവീഞ്ഞു തോല്ക്കുടങ്ങളെ പൊളിക്കും, വീഞ്ഞു ഒഴുകിപ്പോകും, തോല്ക്കുടങ്ങളും കെട്ടുപോകും; പുതിയ വീഞ്ഞു പുതിയ തോല്ക്കുടങ്ങളിൽ അത്രേ പകൎന്നു വെക്കേണ്ടതു.

൨൩ ¶ അവൻ ശബ്ബത്ദിവസത്തിൽ വിളഭൂമിയൂടെ കടന്നുപോകുമ്പോൾ അവന്റെ ശിഷ്യന്മാർ വഴിനടക്കയിൽ കതിരുകളെ പറിച്ചു തുടങ്ങി.

൨൪ പരീശർ അവനോടു: നോക്കു, ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തതു ചെയ്യുന്നതു എന്തു? എന്നു പറഞ്ഞു.

൨൫ അവൻ അവരോടു പറഞ്ഞു: ദാവീദു, തനിക്കും കൂടെയുള്ളവൎക്കും മുട്ടുണ്ടായി വിശന്നപ്പോൾ ചെയ്തതു എന്തു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?

൨൬ അവൻ അബ്യ്യതാർ എന്ന മഹാപുരോഹിതന്റെ കാലത്തു ദൈവഭവനത്തിൽ ചെന്നു, പുരോഹിതന്മാൎക്കല്ലാതെ ഭക്ഷിപ്പാൻ വിഹിതമല്ലാത്ത കാഴ്ചയപ്പങ്ങളെ ഭക്ഷിച്ചു കൂടെയുള്ളവൎക്കും കൊടുത്തു എന്നുള്ളതു തന്നേ.

൨൭ പിന്നെ അവൻ അവരോടു പറഞ്ഞു: ശബ്ബതു മനുഷ്യന്റെ നിമിത്തം ഉണ്ടായി, മനുഷ്യൻ ശബ്ബതിന്റെ നിമിത്തമായിട്ടല്ല; അതുകൊണ്ടു മനുഷ്യപുത്രൻ ശബ്ബതിന്നും കൎത്താവു ആകുന്നു.

൩ാം അദ്ധ്യായം.

അവൻ പിന്നെയും പള്ളിയിൽ ചെന്നു അവിടെ വരണ്ട കൈയുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു.

൨ അവനെ ശബ്ബത് ദിവസത്തിൽ സൌഖ്യമാക്കുമോ എന്നു അവനെ കുററം ചുമത്തേണ്ടതിന്നു അവർ ഒററുനോക്കി നിന്നു.

൩ വരണ്ട കൈയുള്ള മനുഷ്യനോടു അവൻ: നടുവിൽ എഴുനീററു നില്ക്ക എന്നു പറയുന്നു.

൪ പിന്നെ അവരോടു പറയുന്നു: ശബ്ബത്ദിവസത്തിൽ നന്മചെയ്കയോ തിന്മചെയ്കയോ, ജീവനെ രക്ഷിക്കയോ കൊല്ലുകയോ, ഏതു വിഹിതം? എന്നാറെ അവർ മിണ്ടാതിരുന്നു.

൫ അവരുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ദുഃഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുററും നോക്കി, ആ മനുഷ്യനോടു: നിന്റെ കൈ നീട്ടുക എന്നു പറഞ്ഞു; അവൻ നീട്ടി, അവന്റെ കൈ സൌഖ്യമാകയും ചെയ്തു.

൬ പരീശർ പുറപ്പെട്ടു, അവനെ നശിപ്പിക്കേണ്ടതിന്നു ഉടനെ ഹെരോദ്യരുമായി അവന്റെ നേരെ ആലോചന ചെയ്തു.

൭ ¶ പിന്നെ യേശു തന്റെ ശിഷ്യന്മാരോടു കൂടെ കടല്ക്കരെക്കു വാങ്ങിപ്പോയി; ഗലീലയിൽനിന്നു വലിയോരു പുരുഷാരവും അവനെ അനുഗമിച്ചു;

൮ യഹൂദിയയിൽനിന്നും, യരുശലേമിൽനിന്നും ഏദോമിൽനിന്നും യോൎദ്ദാന്നക്കരയിൽനിന്നും, തുരൊസിന്റെയും സിദോന്റെയും ചുററുപാട്ടിൽനിന്നും വലിയോരു കൂട്ടം അവൻ ചെയ്തതു ഒക്കെയും കേട്ടിട്ടു അവന്റെ അടുക്കൽ വന്നു.

൯ പിന്നെ പുരുഷാരം തന്നെ ഞെരുക്കാതിരിക്കേണ്ടതിന്നു അവരുടെ നിമിത്തം ഒരു ചെറുപടകു തനിക്കായി ഒരുങ്ങി നില്ക്കേണം എന്നു അവൻ ശിഷ്യന്മാരോടു പറഞ്ഞു.

൧൦ എന്തുകൊണ്ടെന്നാൽ അവൻ അനേകരെ സൌഖ്യമാക്കുകയാൽ ബാധകൾ ഉള്ളവർ ഒക്കെയും അവനെ തൊടേണ്ടതിന്നു അവന്റെമേൽ തിക്കിവീണു.

൧൧ അശുദ്ധാത്മാക്കളും അവനെ കാണുമ്പോൾ ഒക്കെയും അവന്റെ മുമ്പിൽ വീണു: നീ ദൈവപുത്രൻ ആകുന്നു എന്നു നിലവിളിച്ചു പറയും.

൧൨ തന്നെ പ്രസിദ്ധനാക്കാതിരിക്കേണ്ടതിന്നു അവൻ അവരെ വളരെ ശാസിച്ചുപോരികയും ചെയ്തു.

൧൩ ¶ പിന്നെ അവൻ മലമേൽ കരേറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു; അവർ അവന്റെ അരികെ ചെന്നു.

൧൪ അപ്പോൾ അവൻ പന്തിരുവരെ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അവരെ അയപ്പാനും,

൧൫ ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നു അവൎക്കു അധികാരം ഉണ്ടാകുവാനും നിയമിച്ചു.

൧൬ അവൻ ശിമോന്നു പത്രൊസ് എന്നു പേർ ഇട്ടു.

൧൭ സബദിയുടെ പുത്രനായ യാക്കോബു യാക്കോബിന്റെ സഹോദരനായ യോഹന്നാൻ,—ഇവൎക്കു ഇടിമക്കൾ എന്നൎത്ഥമുള്ള ബൊവനൎഗ്ഗെസ്, എന്നു പേരും ഇട്ടു.—

൧൮ അന്ത്രെയോസു, ഫിലിപ്പോസു, ബൎത്തൊലോമായി, മത്തായി, തോമാസു, അല്പായിയുടെ പുത്രനായ യാക്കോബു, തദ്ദായി, കനാന്യനായ ശിമോൻ,

൧൯ അവനെ കാണിച്ചുകൊടുത്ത ഇസ്കൎയ്യോത്തായ യൂദാവു എന്നിവരെ തന്നേ.

൨൦ ¶ അവൻ വീട്ടിൽ വന്നു; അവൎക്കു ഭക്ഷണം കഴിപ്പാൻ പോലും വഹിയാതവണ്ണം പുരുഷാരം പിന്നെയും തിങ്ങിക്കൂടി വന്നു.

൨൧ അവന്റെ ചാൎച്ചക്കാർ അതു കേട്ടു, അവന്നു ബുദ്ധിഭ്രമം ഉണ്ടു എന്നു പറഞ്ഞു അവനെ പിടിപ്പാൻ പുറപ്പെട്ടു.

൨൨ യരുശലേമിൽനിന്നു ഇറങ്ങിവന്ന ശാസ്ത്രികളും: ഇവന്നു ബെയെത്സബൂൽ ഉണ്ടു, ഭൂതങ്ങളുടെ തലവനെക്കൊണ്ടു ഇവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു.

൨൩ അവൻ അവരെ അടുക്കേ വിളിച്ചു ഉപമകളാൽ അവരോടു പറഞ്ഞതു: സാത്താന്നു സാത്താനെ എങ്ങനെ പുറത്താക്കുവാൻ കഴിയും?

൨൪ ഒരു രാജ്യം തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ആ രാജ്യത്തിന്നു നില്പാൻ കഴികയില്ല.

൨൫ ഒരു വീടു തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ആ വീട്ടിന്നു നിലനില്പാൻ കഴികയില്ല.

൨൬ സാത്താൻ തനിക്കു താൻ വിരോധമായി എഴുനീററു ഛിദ്രിച്ചു എങ്കിൽ അവന്നു നിലനില്പാൻ കഴിവില്ല അവന്റെ അവസാനം വന്നു.

൨൭ ബലവാനെ മുമ്പേ കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽ കടന്നു ബലവാന്റെ കോപ്പുകളെ കവൎന്നുകളവാൻ ആൎക്കും കഴികയില്ല; കെട്ടിയാൽ അവന്റെ വീടു കവൎച്ച ചെയ്യാം.

൨൮ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യപുത്രന്മാരോടു എല്ലാ പാപങ്ങളും അവർ ദുഷിച്ചു പറയുന്ന ഏതു ദൂഷണങ്ങളും ക്ഷമിക്കപ്പെടും,

൨൯ പരിശുദ്ധാത്മാവിന്റെ നേരെ ആരാനും ദൂഷണം പറഞ്ഞു എങ്കിലോ അ

വന്നു ഒരുനാളും ക്ഷമ കിട്ടാതെ നിത്യ പാപത്തിന്നു കുററക്കാരനാകും.

൩൦ എന്തുകൊണ്ടെന്നാൽ അവന്നു ഒരു അശുദ്ധാത്മാവു ഉണ്ടു എന്നു അവർ പറഞ്ഞിരുന്നു.

൩൧ ¶ അനന്തരം അവന്റെ അമ്മയും സഹോദരന്മാരും വന്നു പുറത്തുനിന്നു അവനെ വിളിപ്പാൻ ആളയച്ചു.

൩൨ അപ്പോൾ പുരുഷാരം അവന്റെ ചുററും ഇരുന്നിരുന്നു; അവർ അവനോടു ഇതാ, നിന്റെ അമ്മയും നിന്റെ സഹോദരന്മാരും പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു.

൩൩ അവരോടു അവൻ: എന്റെ അമ്മയും എന്റെസഹോദരന്മാരും ആർ ആകുന്നു? എന്നു പറഞ്ഞിട്ടു,

൩൪ തന്റെ ചുററിലും ഇരിക്കുന്നവരെ ചുററും നോക്കിക്കൊണ്ടു ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും.

൩൫ എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ ആരോ, അവൻ തന്നേ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.

൪ാം അദ്ധ്യായം.

അവൻ പിന്നെയും കടല്ക്കരെ ഉപദേശിപ്പാൻ തുടങ്ങി. അപ്പോൾ ഏററവും വലിയപുരുഷാരം അവന്റെ അടുക്കൽ വന്നു കൂട്ടുകകൊണ്ടു അവൻ പടകിൽ കയറി കടലിൽ ഇരുന്നു; പുരുഷാരം എല്ലാം കടലരികേ കരമേൽ ആയിരുന്നു.

൨ അവൻ ഉപമകളാൽ അവൎക്കു പലതും ഉപദേശിച്ചു, തന്റെ ഉപദേശത്തിൽ അവരോടു പറഞ്ഞു.

൩ കേൾപ്പിൻ, ഇതാ വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു.

൪ വിതെക്കുമ്പോൾ സംഭവിച്ചതു എന്തെന്നാൽ, ചിലതു വഴിയരികേ വീണു; പറവജാതികൾ വന്നു അതിനെ തിന്നുകളഞ്ഞു.

൫ മററു ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്ത ഇടത്തു വീണു; മണ്ണിന്നു താഴ്ച ഇല്ലായ്കയാൽ, ക്ഷണത്തിൽ മുളെച്ചു വന്നു.

൬ ആദിത്യൻ ഉദിച്ചാറെ, ചൂടു തട്ടി, വേർ ഇല്ലായ്കകൊണ്ടു ഉണങ്ങിപ്പോയി.

൭ മററു ചിലതു മുള്ളുകളുടെ ഇടയിൽ വീണു, മുള്ളുകൾ മുളെച്ചു വളൎന്നു അതിനെ ഞെരുക്കിക്കളഞ്ഞു; അതു ഫലം കൊടുത്തതുമില്ല.

൮ മററു ചിലതു നല്ല മണ്ണിൽ വീണിട്ടു വാച്ചു വൎദ്ധിക്കുന്ന ഫലം നല്കി; ഒന്നു മുപ്പതു മേനിയും ഒന്നു അറുപതും ഒന്നു നൂറുമായി വിളയുകയും ചെയ്തു.

൯ പിന്നെ അവൻ: കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടേ എന്നു പറഞ്ഞു.

൧൦ ¶ അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോടു കൂടെയുള്ളവർ പന്തിരുവരുമായി ആ ഉപമകളെ കുറിച്ചു ചോദിച്ചു.

൧൧ അവരോടു അവൻ പറഞ്ഞു: ദൈവരാജ്യത്തിന്റെ രഹസ്യം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു; ആ പുറത്തുള്ളവൎക്കോ സകലവും ഉപമകളിൽ ഭവിക്കുന്നു.

൧൨ അവർ മനം തിരിയാതെയും അവരോടു ക്ഷമിക്കപ്പെടാതെയും ഇരിക്കത്തക്കവണ്ണം കണ്ടിട്ടും കണ്ടു അറിയായ്വാനും കേട്ടിട്ടും കേട്ടു ഗ്രഹിക്കായ്വാനും തന്നേ.

൧൩ അനന്തരം അവൻ അവരോടു പറയുന്നു: ഈ ഉപമ അറിയുന്നില്ലയോ? പിന്നെ എല്ലാ ഉപമകളെയും എങ്ങനെ ഗ്രഹിക്കും?

൧൪ വിതെക്കുന്നവൻ വചനം വിതെക്കുന്നു.

൧൫ വചനം വിതെക്കപ്പെടുന്ന വഴിയരികത്തുള്ളവർ ആരെന്നാൽ, അവർ കേട്ടയുടനെ സാത്താൻ വന്നു അവരുടെ ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തുകളയുന്നു.

൧൬ അപ്രകാരം തന്നേ പാറസ്ഥലത്തു വിതെക്കപ്പെടുന്നവർ ആർ എന്നാൽ, വചനം കേട്ടു ഉടനേ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ.

൧൭ എങ്കിലും ഉള്ളിൽ വേരില്ലാതെ തല്ക്കാലക്കാർ ആകുന്നു; പിന്നെ വചനം

നിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടാ
യാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു.
൧൮ മുള്ളുകളിൽ വിതെക്കപ്പെട്ടന്നവ
രോ വചനം കേൾക്കുന്നവർ തന്നേ.
൧൯ എങ്കിലും ഇഹലോകത്തിന്റെ
ചിന്തകളും ധനത്തിന്റെ വഞ്ചനയും മ
റ്റു വിഷയമോഹങ്ങളും അകത്തു കട
ന്നു, വചനത്തെ ഞെരുക്കീട്ടു, അതു നി
ഷ്ഫലമായി തീരുന്നു.
൨൦ നല്ല മണ്ണിൽ വിതെക്കപ്പെട്ടവ
രോ വചനം കേൾക്കയും അംഗീകരിക്ക
യും ചെയ്യുന്നവർ ആകുന്നു; അവർ ഒന്നു
മുപ്പതും, ഒന്നു അറുപതും, ഒന്നു നൂറുമാ
യി ഫലം കൊടുക്കുന്നു.
൨൧ ¶ പിന്നെ അവൻ അവരോടു
പറഞ്ഞു: വിളക്കു വരുന്നതു പറയിൻ കീ
ഴിലോ കട്ടില്ക്കീഴിലോ വെക്കേണ്ടതിന്നാ
കുന്നുവോ? വിളക്കുതണ്ടിന്മേൽ ഇടേണ്ട
തിന്നല്ലയോ?
൨൨ എന്തുകൊണ്ടെന്നാൽ വെളിപ്പെ
ടേണ്ടതല്ലാതെ ഗുഢമായതു ഒന്നും ഇല്ല;
വെളിച്ചത്തു വരേണ്ടതല്ലാതെ ഒന്നും മ
റവായതും ഇല്ല.
൨൩ കേൾപ്പാൻ ഒരുവന്നു ചെവി ഉ
ണ്ടെങ്കിൽ അവൻ കേൾക്കട്ടെ.
൨൪ പിന്നെ അവരോടു പറഞ്ഞു: നി
ങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷി
ച്ചുകൊൾവിൻ; നിങ്ങൾ ഏതു അളവു
കൊണ്ടു അളക്കുന്നുവോ അതിനാൽ നി
ങ്ങൾക്കു അളക്കപ്പെടും; നിങ്ങൾക്കു അധി
കമായി നല്കപ്പെടുകയും ചെയ്യും.
൨൫ എങ്ങനെയെന്നാൽ ഉള്ളവൻ ആ
രോ അവന്നു കൊടുക്കപ്പെടും; ഇല്ലാത്ത
വൻ ആരോ അവനിൽനിന്നു ഉള്ളതും
കൂടെ എടുക്കപ്പെടും.
൨൬ ¶ അനന്തരം അവൻ പറഞ്ഞു:
ദൈവരാജ്യം ഇപ്രകാരം ആകുന്നു; ഒരു
മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞതി
ന്റെ ശേഷം,
൨൭ രാവും പകലും ഉറങ്ങിയും എഴു
നീറ്റും ഇരിക്കേ അവൻ അറിയാതവ
ണ്ണം വിത്തു മുളെച്ചു വളരുന്നതുപോ
ലെ തന്നേ.
൨൮ എങ്ങനെയെന്നാൽ ഭൂമി സ്വയ
മായി ഫലം കൊടുക്കുന്നു. മുമ്പെ ഞാറും
പിന്നെ കതിരും പിന്നെ കതിരിൽ നി
റഞ്ഞ മണിയും:
൨൯ ധാന്യം വിളയുമ്പോൾ കൊയ്ത്തു
യതുകൊണ്ടു അവൻ ഉടനേ അരിവാൾ
അയക്കുന്നു.
൩൦ ¶ പിന്നെ അവൻ പറഞ്ഞു:
ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേ
ണ്ടു? ഏതു ഉപമയാൽ അതിനെ വൎണ്ണി
ക്കേണ്ടു?
൩൧ അതു കടുകിന്മണിപോലെ ആ
കുന്നു, ആയതു മണ്ണിൽ വിതെക്കപ്പെടു
മ്പോൾ ഭൂമിയിലെ എല്ലാ വിത്തുകളിലും
ചെറിയതു ആകുന്നു.
൩൨ എങ്കിലും വിതെച്ച ശേഷം വളു
ന്നു, സകലസസ്യങ്ങളിലും വലുതായി
തീൎന്നു, ആകാശപക്ഷികൾ അതിന്റെ
നിഴലിൽ കുടി പാൎപ്പാൻ തക്കവണ്ണം വ
ലുതായ കൊമ്പുകളെ വിടുന്നു.
൩൩ ¶ അവൻ ഇങ്ങനെയുള്ള പല ഉ
പമകളിൽ അവൎക്കു കേൾപ്പാൻ കഴിയു
ന്നപ്രകാരം അവരോടു വചനം പറഞ്ഞു
പോന്നു.
൩൪ ഉപമ കൂടാതെ അവൻ അവ
രോടു പറഞ്ഞതുമില്ല; തനിച്ചിരിക്കുമ്പോ
ൾ തന്റെ ശിഷ്യന്മാരോടു സകലവും വ്യാ
ഖ്യാനിക്കയും ചെയ്യും.
൩൫ ¶ അന്നു സന്ധ്യയായപ്പോൾ:
നാം അക്കരെക്കു പോക എന്നു അവൻ
അവരോടു പറഞ്ഞു.
൩൬ അവർ പുരുഷാരത്തെ വിട്ടു,
താൻ പടകിൽ ഇരുന്നപ്രകാരം തന്നേ
അവനെ കൊണ്ടുപോയി; മറ്റു ചെറു
പടകുകളും അവനോടു കൂടെ ഉണ്ടാ
യിരുന്നു.
൩൭ അപ്പോൾ വലിയ ചുഴലിക്കാറ്റു
ഉണ്ടായി: തിരകൾ പടകിൽ തള്ളിക്കയ
റുകകൊണ്ടു അതു നിറവാറായി.
൩൮ അവൻ അമരത്തു തലയിണമേ
ൽ ഉറങ്ങുകയായിരുന്നു; അവർ അവ
നെ ഉണൎത്തി: ഗുരോ, ഞങ്ങൾ നശിച്ചു
പോകുന്നതിൽ നിനക്കു വിചാരം ഇല്ല
യോ? എന്നു പറഞ്ഞു.
൩൯ അവനും എഴുനീറ്റു കാറ്റിനെ

ശാസിച്ചു, കടലിനോടു: അനങ്ങാതിരി
ക്ക, അടങ്ങുക എന്നു പറഞ്ഞു; കാററു അ
മൎന്നു, വലിയ ശാന്തത ഉണ്ടാകയും
ചെയ്തു.
൪൰ പിന്നെ അവൻ അവരോടു; നി
ങ്ങൾ ഇങ്ങനെ ഭീരുക്കൾ ആവാൻ എന്തു?
നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ല
യോ? എന്നു പറഞ്ഞു.
൪൰൧ എന്നാൽ അവർ വളരെ ഭയ
പ്പെട്ടു; കാററുംകടലും കൂടെ ഇവനെ അ
നുസരിക്കുന്നുവല്ലോ, ഇവൻ ആർ? എന്നു
തങ്ങളിൽ പറകയും ചെയ്തു.

൫ാം അദ്ധ്യായം.

അവർ കടലിൻെറ അക്കരെ ഗദരദേശ
ത്തിൽ എത്തി.
൨ പടകിൽനിന്നു ഇറങ്ങിയ ഉടനേ
അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറ
കളിൽനിന്നു അവനെ എതിരേററു.
൩ ആയവൻെറ പാൎപ്പു കല്ലറകളിൽ
ആയിരുന്നു; ആൎക്കും അവനെ ചങ്ങല
കൊണ്ടുപോലും ബന്ധിച്ചുകൂടാഞ്ഞു.
൪ പലപ്പോഴും അവനെ വിലങ്ങുക
ളും ചങ്ങലകളുംകൊണ്ടു ബന്ധിച്ചാറെ
യും അവൻ ചങ്ങലകളെ വലിച്ചു പൊ
ട്ടിച്ചും വിലങ്ങുകളെ ഉരുമ്മി ഒടിച്ചുംകള
ഞ്ഞു: ആൎക്കും അവനെ അടക്കുവാൻ കഴി
വുണ്ടായില്ല.
൫ അവൻ രാവും പകലും കല്ലറകളി
ലും മലകളിലും എല്ലായ്പോഴും നിലവിളി
ച്ചും തന്നെത്താൻ കല്ലുകളാൽ ചതെച്ചും
കൊണ്ടിരുന്നു.
൬ അവൻ യേശുവിനെ ദൂരത്തുനിന്നു
കണ്ടിട്ടു ഓടിച്ചെന്നു അവനെ കുമ്പിട്ടു.
൭ അവൻ വലിയ ശബ്ദത്തോടെ നി
ലവിളിച്ചു പറഞ്ഞു: യേശുവേ, മഹോ
ന്നതനായ ദൈവത്തിൻെറ പുത്രാ, എ
നിക്കും നിനക്കും തമ്മിൽ എന്തു? ദൈവ
ത്താണ എന്നെ ദണ്ഡിപ്പിക്കരുതേ എന്നു
അപേക്ഷിക്കുന്നു.
൮ എന്തുകൊണ്ടെന്നാൽ അശുദ്ധാത്മാ
വേ, ഈ മനുഷ്യനിൽനിന്നു പുറപ്പെട്ടു
പോക എന്നു യേശു പറഞ്ഞിരുന്നു.
൯ പിന്നെ അവനോടു: നിൻെറ
പേർ എന്തു എന്നു ചോദിച്ചു; ഞങ്ങൾ
പലർ ആകയാൽ എൻെറ പേർ ലെ
ഗ്യോൻ എന്നു അവൻ ഉത്തരം പറഞ്ഞു.
൰ ദേശത്തിൽനിന്നു തങ്ങളെ അയ
ച്ചുകളയാതിരിപ്പാൻ ഏറിയോന്നു അ
പേക്ഷിക്കയും ചെയ്തു.
൰൧ എന്നാൽ അവിടെ മലയരികേ
ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടി
രുന്നു.
൰൨ ആ പന്നികളിൽ പ്രവേശിച്ചു
കൊള്ളേണ്ടതിന്നു ഞങ്ങളെ അവററിലേ
ക്കു അയക്കേണം, എന്നു അവർ അവ
നോടു അപേക്ഷിച്ചു.
൰൩ അവൻ അവൎക്കു അനുവാദം
കൊടുത്തു അശുദ്ധാത്മാക്കൾ പുറപ്പെട്ടു പ
ന്നികളിൽ പ്രവേശിച്ചു, രണ്ടായിരത്തോ
ളം ആയിരുന്ന ആ കൂട്ടം കടുന്തൂക്കത്തൂടെ
കടലിലേക്കു പാഞ്ഞു കടലിൽ വീണു മുട്ടി
ചാകയും ചെയ്തു.
൰൪ പിന്നെ പന്നികളെ മേയ്ക്കുന്നവ
ർ ഓടിപ്പോയി പട്ടണത്തിലും നാട്ടിലും
അറിയിച്ചു; സംഭവിച്ചതു എന്തു എന്നു
കാണ്മാൻ പലരും പുറപ്പെട്ടു.
൰൫ യേശുവിൻെറ അടുക്കെ വന്നു,
ലെഗ്യോൻ ഉണ്ടായിരുന്ന ഭൂതബാധിത
ൻ വസ്ത്രം ഉടുത്തും സുബോധത്തോടും ഇ
രിക്കുന്നതു കണ്ടു ഭയപ്പെട്ടു.
൰൬ കണ്ടവർ ഭൂതബാധിതന്നു ഉണ്ടാ
യതും പന്നികളുടെ കാൎയ്യവും അവരോടു
അറിയിക്കയും ചെയ്തു.
൰൭ അപ്പോൾ തങ്ങളുടെ അതിരുക
ളെ വിട്ടുപോകുവാൻ അവർ അവനോ
ടു അപേക്ഷിച്ചു തുടങ്ങി.
൰൮ അവൻ പടകു ഏറുമ്പോൾ താ
നും കൂടെ പോരട്ടെ എന്നു ഭൂതബാധിത
ൻ അവനോടു അപേക്ഷിച്ചു.
൰൯ യേശു അവനെ സമ്മതിക്കാതെ
നിൻെറ വീട്ടിൽ നിനക്കുള്ളവരുടെ അടു
ക്കൽ ചെന്നു, കൎത്താവു നിനക്കു ചെയ്തിട്ടു
ള്ളതു ഒക്കെയും നിന്നോടു കരുണ കാണി
ച്ചപ്രകാരവും പ്രസ്താവിക്ക എന്നു അവ
നോടു പറയുന്നു.
൨൰ അവൻ പോയി യേശു തനിക്കു
ചെയ്തതു ഒക്കെയും ദെക്കപ്പോലീസുനാട്ടി

ൽ ഘോഷിച്ചു തുടങ്ങി; എല്ലാവരും ആശ്ചൎയ്യപ്പെടുകയും ചെയ്തു.

൨൧ ¶ യേശു പടകിൽ പിന്നെയും ഇക്കരെ കടന്നശേഷം കടലരികെ ഇരിക്കുമ്പോൾ വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നു കൂടി.

൨൨ അപ്പോൾ പള്ളിപ്രമാണികളിൽ യായിരോസ് എന്നു പേരുള്ള ഒരുത്തൻ വന്നു, അവനെ കണ്ടു കാക്കൽ വീണു:

൨൩ എന്റെ കുഞ്ഞുമകൾ അത്യാസന്നത്തിൽ ഇരിക്കുന്നു അവൾ രക്ഷപെട്ടു ജീവിക്കേണ്ടതിന്നു നീ വന്നു അവളുടെ മേൽ കൈകളെ വെക്കേണമേ എന്നു വളരെ അപേക്ഷിച്ചു പറഞ്ഞു.

൨൪ അവൻ അവനോടു കൂടെ പോയി, വലിയ പുരുഷാരവും പിൻ ചെന്നു അവനെ തിക്കികൊണ്ടിരുന്നു.

൨൫ ¶ അപ്പോൾ പന്ത്രണ്ടു സംവത്സരമായിട്ടു രക്തവാൎച്ചയുള്ളവളായി,

൨൬ പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ഏറ്റം പരവശയായി പോയിരുന്ന ഒരു സ്ത്രീ,

൨൭ യേശുവിന്റെ വൎത്തമാനം കേട്ടിട്ടു, അവൾ പുരുഷാരത്തിൽ കൂടി പിറകിൽ വന്നു, അവന്റെ വസ്ത്രത്തെ തൊട്ടു.

൨൮ എന്തുകൊണ്ടെന്നാൽ അവന്റെ വസ്ത്രങ്ങളെ എങ്കിലും തൊട്ടാൽ ഞാൻ രക്ഷപെടും, എന്നു അവൾ പറഞ്ഞിരുന്നു.

൨൯ ക്ഷണത്തിൽ അവളുടെ രക്തത്തിന്റെ ഉറവു വറ്റി, ആ ബാധയിൽനിന്നു താൻ സ്വസ്ഥയായി, എന്നു അവൾ ശരീരത്തിൽ അറികയും ചെയ്തു.

൩൦ യേശു തങ്കൽനിന്നു ശക്തി പുറപ്പെട്ടതു ഉടനെ ഉള്ളിൽ അറിഞ്ഞിട്ടു, പുരുഷാരത്തിൽ തിരിഞ്ഞു എന്റെ വസ്ത്രങ്ങളെ തൊട്ടതു ആർ? എന്നു പറഞ്ഞു.

൩൧ അവനോടു ശിഷ്യന്മാർ പറഞ്ഞു: പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും എന്നെ തൊട്ടതു ആർ, എന്നു പറയുന്നുവോ?

൩൨ അവനോ ഇതു ചെയ്തവളെ കാണ്മാൻ ചുറ്റും നോക്കി.

൩൩ അപ്പോൾ സ്ത്രീ തനിക്കു ഉണ്ടായതു അറിഞ്ഞിട്ടു ഭയപ്പെട്ടും വിറെച്ചുംകൊണ്ടു വന്നു, അവന്റെ മുൻപിൽ വീണു, വസ്തുത ഒക്കെയും അവനോടു പറഞ്ഞു.

൩൪ പിന്നെ അവൻ അവളോടു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു: സമാധാനത്തോടെ പോയി നിന്റെ ബാധയിൽനിന്നു സ്വസ്ഥയായിരിക്ക, എന്നു പറഞ്ഞു.

൩൫ ¶ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ വീട്ടിൽനിന്നു ആളുകൾ വന്നു, നിന്റെ മകൾ മരിച്ചുപോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു എന്തിന്നു എന്നു പറഞ്ഞു.

൩൬ യേശു ആ വാക്കു കാൎയ്യമാക്കാതെ പള്ളിപ്രമാണിയോടു ഭയപ്പെടേണ്ടാ, വിശ്വസിക്ക മാത്രം ചെയ്ക, എന്നു പറഞ്ഞു.

൩൭ പത്രോസും യാക്കോബും യാക്കോബിന്റെ സഹോദരനായ യോഹന്നാനും ഒഴികെ മറ്റാരും തന്നോടു കൂടെ ചെല്ലുവാൻ സമ്മതിച്ചില്ല.

൩൮ പിന്നെ പള്ളിപ്രമാണിയുടെ വീട്ടിൽ വന്നു, ആരവാരത്തെയും വളരെ കരഞ്ഞു വിലാപിക്കുന്നവരെയും കണ്ടു;

൩൯ അകത്തു കടന്നു: നിങ്ങളുടെ ആരവാരവും കരച്ചലും എന്തിന്നു? കുട്ടി മരിച്ചിട്ടില്ല ഉറങ്ങുന്നത്രേ, എന്നു അവരോടു പറഞ്ഞു; എന്നാറെ അവർ അവനെ പരിഹസിച്ചു.

൪൦ അവനോ എല്ലാവരെയും പുറത്താക്കി കുട്ടിയുടെ അപ്പനെയും അമ്മയെയും തന്നോടു കൂടെയുള്ളവരെയും കൂട്ടികൊണ്ടു കുട്ടി കിടക്കുന്ന ഇടത്തു കടന്നു,

൪൧ കുട്ടിയുടെ കൈയെ പിടിച്ചു: ബാലേ, ഞാൻ നിന്നോടു കല്പിക്കുന്നു എഴുനീല്ക്ക, എന്ന അൎത്ഥത്തോടെ തലീഥാക്കൂമി, എന്നു അവളോടു പറയുന്നു.

൪൨ ബാല ഉടനെ എഴുനീറ്റു നടന്നു; എന്തുകൊണ്ടെന്നാൽ അവൾക്കു പ

ന്നുണ്ട വയസ്സുണ്ടായിരുന്നു; അവരും മ
ഹാ വിസ്മയത്തോടെ വിസ്മയിച്ചു.
൪൩ ഇതു ആരും അറിയരുതു എന്നു
അവൻ അവരോടു ഏറിയോന്നു കല്പി
ച്ചു. അവൾക്കു ഭക്ഷിപ്പാൻ കൊടുക്കേണം
എന്നു പറകയും ചെയ്തു.

൬ാം അദ്ധ്യായം.

അവൻ അവിടെനിന്നു പുറപ്പെട്ടു, ത
ന്റെ പിതൃനഗരത്തിൽ ചെല്ലുന്നു; അവ
ന്റെ ശിഷ്യന്മാരും പിൻചെന്നു.
൨ ശബ്ബതായപ്പോൾ അവൻ പള്ളിയി
ൽ ഉപദേശിച്ചു തുടങ്ങി; പലരും കേട്ടു
വിസ്മയിച്ചു: ഇവന്നു ഇവ എവിടെനി
ന്നു? ഇവന്നു കൊടുക്കപ്പെട്ട ഈ ജ്ഞാന
വും ഇവന്റെ കൈകളാൽ നടക്കുന്ന ശ
ക്തികളും എന്തു?
൩ ഇവൻ മറിയയുടെ മകനും യാ
ക്കോബ്, യോസെ, യൂദാ, ശിമോൻ എ
ന്നവരുടെ സഹോദരനുമായ തച്ചനല്ല
യോ? അവന്റെ സഹോദരികളും ഇവി
ടെ നമ്മോടു കൂടെ ഇല്ലയോ? എന്നു പറ
ഞ്ഞു അവങ്കൽ ഇടറിപ്പോയി.
൪ എന്നാറെ യേശു അവരോടു: ഒരു
പ്രവാചകൻ തന്റെ പിതൃനഗരത്തിലും
ചാൎച്ചക്കാരുടെ ഇടയിലും സ്വന്ത ഭവന
ത്തിലും ഒഴികെ ബഹുമാനമില്ലാത്തവൻ
അല്ല എന്നു പറഞ്ഞു.
൫ ഏതാനും ചില രോഗികളുടെ മേ
ൽ കൈകളെ വെച്ചു സൌഖ്യം വരുത്തി
യതു അല്ലാതെ അവിടെ ശക്തി ഒന്നും
പ്രവൃത്തിപ്പാൻ കഴിഞ്ഞില്ല.
൬ അവരുടെ അവിശ്വാസം ഹേതു
വായി അവൻ ആശ്ചൎയ്യപ്പെട്ടു. അവൻ
ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചു
കൊണ്ടു സഞ്ചരിക്കയും ചെയ്തു.
൭ ¶ പിന്നെ അവൻ പന്തിരുവരെ
അടുക്കേ വിളിച്ചു, അവരെ ഈരണ്ടായി
അയച്ചു തുടങ്ങി, അവൎക്കു അശുദ്ധാത്മാക്ക
ളുടെമേൽ അധികാരം കൊടുത്തു.
൮ അവർ വഴിക്കു വടി അല്ലാതെ ഒ
ന്നും എടുക്കരുതു; അപ്പവും പൊക്കണവും
മടിശ്ശീലയിൽ കാശും അരുതെന്നും,
൯ ചെരിപ്പു ഇട്ടുകൊൾവിൻ, രണ്ടു വ
സ്ത്രം ധരിക്കയും അരുതെന്നും അവരോടു
കല്പിച്ചു.
൧൦ പിന്നെ അവരോടു പറഞ്ഞതു:
നിങ്ങൾ എവിടെയെങ്കിലും ഒരു വീട്ടിൽ
ചെന്നാൽ അവിടം വിട്ടു പുറപ്പെടുവോ
ളം അതിൽ തന്നേ പാൎപ്പിൻ.
൧൧ ആരെങ്കിലും നിങ്ങളെ കൈക്കൊ
ള്ളാതെയും നിങ്ങളെ ചെവിക്കൊള്ളാതെ
യും ഇരുന്നാൽ അവിടം വിട്ടു പോകു
മ്പോൾ നിങ്ങളുടെ പാദങ്ങളിലെ പൊ
ടി അവൎക്കു സാക്ഷ്യത്തിന്നായി കുടഞ്ഞുക
ളവിൻ.
൧൨ പിന്നെ അവർ പുറപ്പെട്ടു മാന
സാന്തരപ്പെടേണം എന്നു പ്രസംഗിച്ചു.
൧൩ വളരെ ഭൂതങ്ങളെയും പുറത്താ
ക്കി; അനേകം രോഗികളെ എണ്ണതേച്ചു
സൌഖ്യമാക്കുകയും ചെയ്തു.
൧൪ ¶ ഇങ്ങനെ അവന്റെ നാമം
പ്രസിദ്ധമായി വരികയാൽ ഹെരോദാ
രാജാവു കേട്ടിട്ടു: യോഹന്നാൻ സ്നാപക
ൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീ
റ്റു, അതുകൊണ്ടു ഈ ശക്തികൾ അവ
നിൽ വ്യാപരിക്കുന്നു എന്നു പറഞ്ഞു.
൧൫ അവൻ എലീയാവാകുന്നു എന്നു
മറ്റു ചിലർ പറഞ്ഞു. വേറെ ചിലർ:
അവൻ പ്രവാചകന്മാരിൽ ഒരുത്തനെ
പോലെ ഒരു പ്രവാചകൻ ആകുന്നു എ
ന്നു പറഞ്ഞു.
൧൬ അതു ഹെരോദാ കേട്ടാറെ: ഞാ
ൻ തല വെട്ടിച്ചു യോഹന്നാൻ തന്നേ
ആകുന്നു; അവൻ മരിച്ചവരിൽനിന്നു ഉ
യിൎത്തെഴുനീറ്റു എന്നു പറഞ്ഞു.
൧൭ എന്നാൽ ഹെരോദാ തന്റെ സ
ഹോദരനായ ഫീലിപ്പോസിന്റെ ഭാൎയ്യ
ഹെരോദ്യയെ പരിഗ്രഹിച്ചതുകൊണ്ടു
അവൾ നിമിത്തം ആളയച്ചു, യോഹ
ന്നാനെ പിടിച്ചു തടവിൽ ആക്കി ബ
ന്ധിച്ചിരുന്നു.
൧൮ എന്തുകൊണ്ടെന്നാൽ: നിന്റെ
സഹോദരന്റെ ഭാൎയ്യയെ പരിഗ്രഹിക്കു
ന്നതു നിനക്കു വിഹിതമല്ല എന്നു യോഹ
ന്നാൻ ഹെരോദാവോടു പറഞ്ഞിരുന്നു.
൧൯ എന്നാറെ ഹെരോദ്യ അവന്റെ

നേരെ പക വെച്ചു അവനെ കൊല്ലുവാനും ഇച്ഛിച്ചു; കഴിഞ്ഞില്ല താനും.

൨൦ എന്തുകൊണ്ടെന്നാൽ യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നു ഹെരോദാ അറിഞ്ഞു, അവനെ ഭയപ്പെടുകയും അവനെ കാത്തുകൊൾകയും ചെയ്തു; അവന്റെ വചനം കേട്ടിട്ടു വളരെ കലങ്ങിയെങ്കിലും അവനെ സന്തോഷത്തോടെ കേട്ടുപോന്നു.

൨൧ എന്നാൽ ഹെരോദാ തന്റെ ജനനോത്സവത്തിൽ തന്റെ മഹത്തുക്കൾക്കും സഹസ്രാധിപന്മാൎക്കും ഗലീലയിലെ പ്രമാണികൾക്കും ഒരു അത്താഴം കഴിക്കയിൽ തരമായോരു ദിവസം വന്നു.

൨൨ അപ്പോൾ ഹെരോദ്യയുടെ മകൾ അകത്തു ചെന്നു നൃത്തം ചെയ്തു ഹെരോദാവിനെയും വിരുന്നുകാരെയും പ്രസാദിപ്പിച്ച സമയം: നിനക്കു മനസ്സുള്ളതു എന്തെങ്കിലും എന്നോടു ചോദിച്ചുകൊൾക, നിനക്കു തരാം എന്നു രാജാവു ബാലയോടു പറഞ്ഞു.

൨൩ നീ എന്തു ചോദിച്ചാലും, രാജ്യത്തിൽ പാതിയോളവും നിനക്കു തരാം എന്നു സത്യവും ചെയ്തു.

൨൪ എന്നാറെ അവൾ പുറത്തിറങ്ങി തന്റെ അമ്മയോടു പറഞ്ഞു: ഞാൻ എന്തു ചോദിക്കേണം? യോഹന്നാൻ സ്നാപകന്റെ തല എന്നു അവൾ പറഞ്ഞു.

൨൫ ഉടനെ അവൾ വേഗത്തിൽ രാജാവിന്റെ അടുക്കൽ ചെന്നു: എനിക്കു ഇപ്പോൾ തന്നേ യോഹന്നാൻ സ്നാപകന്റെ തല ഒരു തളികയിൽ തരേണം എന്നു പറഞ്ഞു.

൨൬ രാജാവു അതിദുഃഖിതനായി എങ്കിലും ആണകളെയും വിരുന്നുകാരെയും വിചാരിച്ചു അവളെ നിരസിപ്പാൻ മനസ്സില്ലാഞ്ഞു.

൨൭ ഉടനേ രാജാവു ഒരു അകമ്പടിക്കാരനെ അയച്ചു, അവന്റെ തല കൊണ്ടുവരുവാൻ കല്പിച്ചു.

൨൮ ആയവൻ പോയി തടവിൽ അവനെ ശിരഃഛേദം ചെയ്തു; അവന്റെ തല ഒരു തളികയിൽ കൊണ്ടുവന്നു ബാലെക്കു കൊടുത്തു; ബാല തന്റെ അമ്മെക്കു കൊടുക്കയും ചെയ്തു.

൨൯ അവന്റെ ശിഷ്യന്മാർ അതു കേട്ടിട്ടു വന്നു, അവന്റെ ശവം എടുത്തു അതിനെ ഒരു കല്ലറയിൽ വെച്ചു.

൩൦ ¶ പിന്നെ അപ്പോസ്തോലന്മാർ യേശുവിന്റെ അടുക്കെ വന്നുകൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അറിയിച്ചു.

൩൧ വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവൎക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ടു അവൻ അവരോടു: നിങ്ങൾ തനിച്ചു ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു.

൩൨ എന്നാറെ അവർ തനിച്ചു പടകിൽ കയറി ഒരു ഏകാന്തസ്ഥലത്തു വേറിട്ടുപോയി.

൩൩ അവർ പോകുന്നതു കണ്ടു പലരും അറിഞ്ഞു, എല്ലാപട്ടണങ്ങളിൽനിന്നും കാൽനടയായി അവിടേക്കു ഓടി, അവൎക്കു മുമ്പെ എത്തുകയും ചെയ്തു.

൩൪ അവൻ പുറപ്പെട്ടു വന്നു, വലിയ പുരുഷാരത്തെ കണ്ടു, അവർ ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ടു അവരിൽ മനസ്സലിഞ്ഞു പലതും ഉപദേശിച്ചു തുടങ്ങി.

൩൫ പിന്നെ നേരം നന്ന വൈകീട്ടു ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു: ഇതു വനപ്രദേശം അല്ലോ, നേരവും നന്നേ വൈകി,

൩൬ ഭക്ഷിപ്പാൻ ഇവൎക്കു ഇല്ലായ്കയാൽ ഇവർ ചുററുമുള്ള ഊരുകളിലും ദേശങ്ങളിലും പോയി, തങ്ങൾക്കു ഭക്ഷിപ്പാൻ വല്ലതും കൊള്ളേണ്ടതിന്നു അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു.

൩൭ അവൻ അവരോടു നിങ്ങൾ അവൎക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു ഉത്തരം പറഞ്ഞതിന്നു: ഞങ്ങൾ പോയി ഇരുനൂറു ദ്രമപ്പണത്തിന്നു അപ്പങ്ങൾ കൊണ്ടിട്ടു അവൎക്കു ഭക്ഷിപ്പാൻ കൊടുക്കയോ? എന്നു അവനോടു പറഞ്ഞു.

൩൮ അവൻ അവരോടു: നിങ്ങൾക്കു

എത്ര അപ്പം ഉണ്ടു? പോയി നോക്കുവിൻ എന്നു പറഞ്ഞു; അവർ അറിഞ്ഞിട്ടു അഞ്ചുണ്ടു രണ്ടു മീനും എന്നു പറഞ്ഞു.

൩൯ പിന്നെ അവൻ അവരോടു എല്ലാവരെയും പച്ചപ്പുല്ലിൽ പന്തിപന്തിയായി ഇരുത്തുവാൻ കല്പിച്ചു.

൪൦ അവർ നൂറും അമ്പതും ആയിട്ടു നിരനിരയായി ഇരുന്നു.

൪൧ അതിന്റെശേഷം അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്വൎഗ്ഗത്തിലേക്കു നോക്കി വാഴ്ത്തി, അപ്പങ്ങളെ നുറുക്കി, അവൎക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാൎക്കു കൊടുത്തു; ആ രണ്ടു മീനും എല്ലാവൎക്കും പകുതി ചെയ്തു.

൪൨ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി.

൪൩ കഷണങ്ങളും മീൻനുറുക്കും കൊണ്ടു പന്ത്രണ്ടു കൊട്ട നിറെച്ചെടുക്കയും ചെയ്തു.

൪൪ അപ്പം ഭക്ഷിച്ചവരോ അയ്യായിരം പുരുഷന്മാർ ആയിരുന്നു.

൪൫ ¶ ഉടനെ താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിന്നിടയിൽ തന്റെ ശിഷ്യന്മാർ പടകിൽ കയറി ബെത്ഥസയിദെക്കു നേരെ അക്കരെക്കു മുന്നോടുവാൻ നിൎബ്ബന്ധിച്ചു.

൪൬ താൻ അവരെ അയച്ചു വിട്ടശേഷം പ്രാൎത്ഥിപ്പാൻ മലയിൽ പോയി.

൪൭ പിന്നെ വൈകുന്നേരം ആയപ്പോൾ പടകു കടലിന്റെ നടുവിലും താൻ ഏകനായി കരയിലും ആയിരുന്നു.

൪൮ കാറ്റു വിരോധം ആകകൊണ്ടു അവർ വലിക്കുന്നതിൽ വലയുന്നതു അവൻ കണ്ടു ഏകദേശം രാത്രിയുടെ നാലാം യാമത്തിൽ കടലിന്മേൽ നടന്നു അവരുടെ അടുക്കെ ചെന്നു അവരെ കടന്നു പോകുവാൻ ഭാവിച്ചു.

൪൯ എന്നാറെ അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു, മായക്കാഴ്ച എന്നു അവർ നിരൂപിച്ചു നിലവിളിച്ചു.

൫൦ എന്തുകൊണ്ടെന്നാൽ എല്ലാവരും അവനെ കണ്ടു കലങ്ങി; ഉടനെ അവൻ അവരോടു സംസാരിച്ചു: ധൈൎയ്യപ്പെടുവിൻ, ഞാൻ തന്നേ ആകുന്നു; ഭയപ്പെടേണ്ടാ എന്നു പറഞ്ഞു.

൫൧ പിന്നെ അവൻ പടകിൽ അവരുടെ അടുക്കെ കയറി ചെന്നു, കാറ്റും അമൎന്നു; അവർ തങ്ങളുടെ ഉള്ളിൽ അത്യന്തം ഭ്രമിച്ചാശ്ചൎയ്യപ്പെടുകയും ചെയ്തു.

൫൨ എന്തുകൊണ്ടെന്നാൽ അവരുടെ ഹൃദയം കടുത്തിരുന്നതുകൊണ്ടു അപ്പങ്ങളുടെ സംഗതി അവർ ഗ്രഹിച്ചില്ല.

൫൩ ¶ അവർ അക്കരെക്കു എത്തി ഗനെസരത്ത് എന്ന ദേശത്തിൽ വന്നു അണകയും ചെയ്തു.

൫൪ അവർ പടകിൽനിന്നു ഇറങ്ങിയ ഉടനെ ജനങ്ങൾ അവനെ അറിഞ്ഞു.

൫൫ ആ നാട്ടിൽ ഒക്കെയും അവർ ചുറ്റി ഓടി, അവൻ ഉണ്ടു എന്നു കേൾക്കുന്ന ഇടത്തേക്കു ദീനക്കാരെ കിടക്കകളിൽ എടുത്തുംകൊണ്ടു വന്നു തുടങ്ങി.

൫൬ ഊരുകളിലോ പട്ടണങ്ങളിലോ ദേശങ്ങളിലോ അവൻ ചെന്നടത്തൊക്കെയും അവർ ചന്തകളിൽ രോഗികളെ വെച്ചു, അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന്നു അവർ അപേക്ഷിക്കയും അവനെ തൊട്ടവർ ഒക്കെയും രക്ഷപെടുകയും ചെയ്തു.

൭ാം അദ്ധ്യായം.

യരുശലേമിൽനിന്നു വന്ന പരീശരും ചില ശാസ്ത്രികളും അവന്റെ അടുക്കൽ വന്നു കൂടി.

൨ അവന്റെ ശിഷ്യന്മാരിൽ ചിലർ അശുദ്ധമുള്ള എന്നു വെച്ചാൽ കഴുകാത്ത കൈകളാൽ ആഹാരം ഭക്ഷിക്കുന്നതു അവർ കണ്ടു.

൩ എന്തുകൊണ്ടെന്നാൽ പരീശരും യഹൂദന്മാർ ഒക്കെയും പൂൎവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ചു കൈകളെ മുട്ടോളം കഴുകീട്ടല്ലാതെ ഭക്ഷിക്കുന്നില്ല.

൪ ചന്തയിൽനിന്നു വരുമ്പോഴും കുളിച്ചിട്ടല്ലാതെ ഭക്ഷിക്കുന്നില്ല. പാനപാത്രം ഭരണി, ചെമ്പു എന്നിവ കഴുകുക മുതലായി പലതും പ്രമാണിപ്പാൻ അവർ കൈക്കൊണ്ടിട്ടുണ്ടു.

൫ അപ്പോൾ പരീശരും ശാസ്ത്രികളും നിന്റെ ശിഷ്യന്മാർ പൂൎവ്വന്മാരുടെ സമ്പ്രദായപ്രകാരം നടക്കാതെ അശുദ്ധകൈക്കൊ

ളാൽ അപ്പം ഭക്ഷിക്കുന്നതു എന്തു? എന്നു അവനോടു ചോദിക്കുന്നു.

൬ അവൻ അവരോടു ഉത്തരം പറഞ്ഞതു: കപടഭക്തിക്കാരായ നിങ്ങളെ കുറിച്ചു യശയ്യാ ശരിയായിപ്രവചിച്ചു: ഈ ജനം അധരങ്ങൾ കൊണ്ടു എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്നു ദൂരത്തു അകന്നിരിക്കുന്നു.

൭ മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിച്ചുകൊണ്ടു എന്നെ വ്യൎത്ഥമായി ഭജിക്കുന്നു എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നേ.

൮ എങ്ങനെയെന്നാൽ ദൈവകല്പന വിട്ടുംകളഞ്ഞു, മനുഷ്യരുടെ സമ്പ്രദായങ്ങളെ നിങ്ങൾ പ്രമാണിക്കുന്നു.

൯ പിന്നെ അവരോടു പറഞ്ഞു: നിങ്ങളുടെ സമ്പ്രദായത്തെ കാപ്പാൻ വേണ്ടി നിങ്ങൾ ദൈവകല്പനയെ ശരിയായി തള്ളിക്കളയുന്നു.

൧൦ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും, അപ്പനെ എങ്കിലും അമ്മയെ എങ്കിലും പ്രാകുന്നവൻ മരിക്കേണം നിശ്ചയം എന്നും മോശെ പറഞ്ഞുവല്ലോ.

൧൧ നിങ്ങളോ ഒരു മനുഷ്യൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും: നിനക്കു എന്നിൽനിന്നു ഉപകാരമായി വരേണ്ടതു വഴിപാട് എന്നൎത്ഥമുള്ള കൊൎബ്ബാൻ എന്നു ചൊല്ലിയാൽ മതി എന്നു പറയുന്നു.

൧൨ പിന്നെ അവൻ തന്റെ അപ്പന്നു ആകട്ടെ അമ്മെക്കു ആകട്ടെ മേലാൽ ഒന്നും ചെയ്വാൻ സമ്മതിക്കുന്നില്ല.

൧൩ ഇങ്ങനെ നിങ്ങൾ നടത്തുന്ന സമ്പ്രദായത്താൽ ദൈവകല്പനയെ ദുൎബ്ബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു.

൧൪ പിന്നെ അവൻ പുരുഷാരത്തെ അരികെ വിളിച്ചു അവരോടു പറഞ്ഞു: എല്ലാവരും കേട്ടു ഗ്രഹിച്ചുകൊൾവിൻ.

൧൫ പുറത്തുനിന്നു മനുഷ്യനിൽ ചെല്ലുന്ന യാതൊന്നിന്നും അവനെ അശുദ്ധിയാക്കുവാൻ കഴികയില്ല; അവനിൽ നിന്നു പുറപ്പെടുന്നവയത്രേ മനുഷ്യനെ അശുദ്ധിയാക്കുന്നു.

൧൬ [ഒരുത്തന്നു കേൾപ്പാൻ ചെവി ഉണ്ടെങ്കിൽ അവൻ കേൾക്കട്ടെ.*]

൧൭ അവൻ പുരുഷാരത്തെ വിട്ടു വീട്ടിൽ ചെന്ന ശേഷം ശിഷ്യന്മാർ ആ ഉപമയെ കുറിച്ചു അവനോടു ചോദിച്ചു.

൧൮ അവൻ അവരോടു പറഞ്ഞു: ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിന്നും അവനെ അശുദ്ധിയാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ?

൧൯ അതു അവന്റെ ഹൃദയത്തിൽ അല്ല, വയററിലത്രേ ചെല്ലുന്നു; പിന്നെ മറപ്പുരയിലേക്കു പോകുന്നു; ഇങ്ങനെ എല്ലാ ഭോജ്യങ്ങൾക്കും ശുദ്ധി വരുത്തുന്നു.

൨൦ പിന്നെ അവൻ പറഞ്ഞു: മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധിയാക്കുന്നതു;

൨൧ എങ്ങനെയെന്നാൽ അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നേ ദുശ്ചിന്തകൾ,

൨൨ വ്യഭിചാരങ്ങൾ, വേശ്യാദോഷങ്ങൾ, കുലപാതകങ്ങൾ, മോഷണങ്ങൾ, അത്യാഗ്രഹങ്ങൾ, ദുഷ്ടതകൾ, ചതി, ദുഷ്കാമം, വിടക്കുകണ്ണു, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു.

൨൩ ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു.

൨൪ ¶ അവിടെനിന്നു എഴുനീററു അവൻ സിദോന്റെയും തൂരോസിന്റെയും അതിർനാട്ടിൽ പോയി ഒരു വീട്ടിൽ കടന്നു; ആരും അറിയരുതു എന്നു ഇച്ഛിച്ചു, എങ്കിലും മറഞ്ഞിരിപ്പാൻ കഴിഞ്ഞില്ല.

൨൫ എങ്ങനെയെന്നാൽ, അശുദ്ധാത്മാവു ബാധിച്ച ചെറിയ മകൾ ഉള്ളോരു സ്ത്രീ അവന്റെ വസ്തുത കേട്ടിട്ടു, വന്നു അവന്റെ കാല്ക്കൽ വീണു.

* ചില പുരാതനലിഖിതങ്ങളിൽ ഈ വാക്യം ഇല്ല.

൨൬ അവൾ സുറഫൊയ്നീക്യ ജാതിയിലുള്ള ഒരു യവനസ്ത്രീ ആയിരുന്നു; തന്റെ മകളിൽനിന്നു ഭൂതത്തെ പുറത്താക്കുവാൻ അവൾ അവനോടു അപേക്ഷിച്ചു.

൨൭ യേശു അവളോടു: മുമ്പേ മക്കൾക്കു തൃപ്തി വരുവാൻ സമ്മതിക്ക, മക്കളുടെ അപ്പത്തെ എടുത്തു ചെറുനായ്ക്കൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ലല്ലോ എന്നു പറഞ്ഞു.

൨൮ അവൾ അവനോടു ഉത്തരം പറഞ്ഞതു: അതേ കൎത്താവേ, ചെറുനായ്ക്കളും മേശെക്കു കീഴെ കുട്ടികളുടെ അപ്പനുറുക്കുകളെകൊണ്ടു ഉപജീവിക്കുന്നുവല്ലോ.

൨൯ അവൻ അവളോടു: ഈ വാക്കു നിമിത്തം പൊയ്ക്കൊൾക; ഭൂതം നിന്റെ മകളെ വിട്ടുപോയിരിക്കുന്നു എന്നു പറഞ്ഞു.

൩൦ അവൾ തന്റെ വീട്ടിൽ വന്നാറെ, മകൾ കിടക്കമേൽ കിടക്കുന്നതും ഭൂതം പുറപ്പെട്ടതായും കണ്ടു.

൩൧ ¶ അവൻ വീണ്ടും തുരോസിന്റെ അതിരുകളെ വിട്ടു, സിദോൻവഴിയായി ദെക്കപ്പോലിസിന്റെ അതിരുകളുടെ നടുവിൽ കൂടി ഗലീലക്കടല്പുറത്തു വന്നു.

൩൨ അവിടെ അവർ വിക്കനായ ഒരു ചെകിടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു, അവന്റെമേൽ കൈ വെക്കേണം എന്നു അപേക്ഷിക്കുന്നു.

൩൩ ആയവനെ അവൻ പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടു, തന്റെ വിരല്കളെ അവന്റെ ചെവികളിൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു.

൩൪ പിന്നെ സ്വൎഗ്ഗത്തിലേക്കു നോക്കി നെടുവീൎപ്പിട്ടു അവനോടു: തുറക്കപ്പെടുക എന്നു അൎത്ഥമുള്ള എഫഥാ എന്നു പറഞ്ഞു.

൩൫ ഉടനെ അവന്റെ ചെവികൾ തുറന്നു നാവിന്റെ കെട്ടും അഴിഞ്ഞിട്ടു അവൻ ശരിയായി സംസാരിച്ചു.

൩൬ ഇതു ആരോടും പറയരുതു എന്നു അവരോടു കല്പിച്ചു എങ്കിലും അവൻ എത്ര അധികം കല്പിച്ചുവോ അത്രയും അധികമായി അവർ പ്രസിദ്ധമാക്കി.

൩൭ അവൻ സകലവും നന്നായി ചെയ്തു; ചെകിടരെ കേൾക്കുമാറാക്കുന്നു, ഊമരെ സംസാരിക്കുമാറാക്കുന്നു എന്നു ചൊല്ലി അവർ അത്യന്തം വിസ്മയിച്ചു.

൮ാം അദ്ധ്യായം.

ആ ദിവസങ്ങളിൽ ഏററവും വലിയ പുരുഷാരം ഉണ്ടായിരിക്കേ അവൎക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു യേശു തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു അവരോടു പറഞ്ഞു:

൨ ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാൎക്കുന്നു, അവൎക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു എനിക്കു അവരോടു അലിവു തോന്നുന്നു;

൩ ഞാൻ അവരെ പട്ടിണിയായി അവരുടെ വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളൎന്നുപോകും; അവരിൽ ചിലർ ദൂരത്തുനിന്നു വന്നവരല്ലോ.

൪ എന്നതിന്നു അവന്റെ ശിഷ്യന്മാർ ഉത്തരം പറഞ്ഞതു: ഇവൎക്കു ഇവിടെ മരുഭൂമിയിൽ അപ്പംകൊണ്ടു തൃപ്തിവരുത്തുവാൻ ഒരുവന്നു എവിടെനിന്നു കഴിവുണ്ടാകും?

൫ എന്നാറെ അവൻ അവരോടു: നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു ചോദിച്ചു. ഏഴു എന്നു അവർ പറഞ്ഞു.

൬ അപ്പോൾ അവൻ പുരുഷാരത്തോടു നിലത്തു ഇരിപ്പാൻ കല്പിച്ചു; പിന്നെ ആ ഏഴപ്പം എടുത്തു സ്തോത്രം ചെയ്തു നുറുക്കി, തന്റെ ശിഷ്യന്മാരുടെ പക്കൽ വിളമ്പുവാൻ കൊടുത്തു; അവർ പുരുഷാരത്തിന്നു വിളമ്പുകയും ചെയ്തു.

൭ ചെറിയ മീനും ചിലതു ഉണ്ടായിരുന്നു; അതും അവൻ അനുഗ്രഹിച്ചിട്ടു, വിളമ്പുവാൻ പറഞ്ഞു.

൮ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി കഷണങ്ങൾ ശേഷിച്ചതുകൊണ്ടു ഏഴു വട്ടി നിറെച്ചെടുത്തു.

൯ അവരോ ഏകദേശം നാലായിരം

പേർ ആയിരുന്നു; പിന്നെ അവൻ അവരെ പറഞ്ഞയച്ചു.

൧൦ ഉടനെ തന്റെ ശിഷ്യന്മാരോടുകൂടെ പടകിൽ കയറി ദല്മനൂഥ അംശങ്ങളിൽ എത്തുകയും ചെയ്തു.

൧൧ ¶ അനന്തരം പരീശന്മാർ പുറപ്പെട്ടു അവനെ പരീക്ഷിച്ചുകൊണ്ടു ആകാശത്തിൽനിന്നു ഒരു അടയാളം അന്വേഷിച്ചു അവനുമായി തൎക്കിച്ചു തുടങ്ങി.

൧൨ അവൻ തന്റെ ആത്മാവിൽ ദീൎഘശ്വാസം ഇട്ടു: ഈ തലമുറ അടയാളം അന്വേഷിക്കുന്നതു എന്തു? സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഈ തലമുറെക്കു അടയാളം കൊടുക്കപ്പെടുകയില്ല എന്നു പറഞ്ഞു.

൧൩ അവരെ വിട്ടു പിന്നെയും പടകിൽ കയറി അക്കരെക്കു കടന്നു.

൧൪ ¶ അവർ അപ്പങ്ങൾ കൊണ്ടുപോകുവാൻ മറന്നുപോയിരുന്നു; പടകിൽ അവരുടെ പക്കൽ ഒരു അപ്പം മാത്രമേ ഉണ്ടായിരുന്നുള്ളു.

൧൫ അവൻ അവരോടു: നോക്കുവിൻ, പരീശരുടെ പുളിച്ചമാവിൽനിന്നും ഹെരോദാവിന്റെ പുളിച്ചമാവിൽനിന്നും ഒഴിഞ്ഞിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ എന്നു കല്പിച്ചു.

൧൬ എന്നാറെ നമുക്കു അപ്പം ഇല്ലായ്കയാൽ എന്നു അവർ തമ്മിൽ നിരൂപിച്ചു പറഞ്ഞു.

൧൭ അതു യേശു അറിഞ്ഞു, അവരോടു പറഞ്ഞതു: അപ്പം ഇല്ലായ്കയാൽ നിങ്ങൾ നിരൂപിക്കുന്നതു എന്തു? ഇന്നും തിരിച്ചറിയുന്നില്ലയോ? ഗ്രഹിക്കുന്നില്ലയോ? ഇന്നും നിങ്ങളുടെ ഹൃദയം തടിച്ചിരിക്കുന്നുവോ?

൧൮ കണ്ണുകൾ ഉണ്ടായിട്ടു കാണുന്നില്ലയോ? ചെവികൾ ഉണ്ടായിട്ടു കേൾക്കുന്നില്ലയോ? ഓൎക്കുന്നതുമില്ലയോ?

൧൯ അയ്യായിരം പേൎക്കു ഞാൻ അഞ്ചു അപ്പം നുറുക്കിയപ്പോൾ എത്ര കൊട്ട കഷണങ്ങൾ നിറെച്ചെടുത്തു? പന്ത്രണ്ടു എന്നു അവർ അവനോടു പറഞ്ഞു.

൨൦ നാലായിരം പേൎക്കു ഏഴു നുറുക്കിയപ്പോൾ എത്ര വട്ടി കഷണങ്ങൾ നിറെച്ചെടുത്തു? ഏഴു എന്നു അവർ അവനോടു പറഞ്ഞു.

൨൧ പിന്നെ അവൻ അവരോടു: ഇന്നും നിങ്ങൾ ഗ്രഹിക്കുന്നില്ലയോ? എന്നു പറഞ്ഞു.

൨൨ ¶ അവർ ബെത്ത്സയിദയിൽ വന്നപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു, താൻ അവനെ തൊടേണമെന്നു അപേക്ഷിക്കുന്നു.

൨൩ എന്നാറെ അവൻ കുരുടന്റെ കൈയെ പിടിച്ചു, അവനെ ഊരിന്നു പുറത്തുകൊണ്ടുപോയി, അവന്റെ കണ്ണുകളിൽ തുപ്പി, തന്റെ കൈകളെ അവന്റെമേൽ വെച്ചു: നീ വല്ലതും കാണുന്നുണ്ടോ? എന്നു ചോദിച്ചു.

൨൪ അവൻ മേല്പെട്ടു നോക്കി: ഞാൻ മനുഷ്യരെ കാണുന്നു; അവർ നടക്കുന്നതു മരങ്ങൾ പോലെയത്രെ കാണുന്നതു എന്നു പറഞ്ഞു.

൨൫ അതിന്റെ ശേഷം പിന്നെയും കൈകളെ അവന്റെ കണ്ണുകളിന്മേൽ വെച്ചു; അവൻ സുഖപ്പെട്ടു മിഴിച്ചു നോക്കി എല്ലാം സ്പഷ്ടമായി കാണുകയും ചെയ്തു.

൨൬ നീ ഊരിൽ കടക്കപോലും അരുതു എന്നു പറഞ്ഞു അവന്റെ ഭവനത്തിലേക്കു അവനെ അയച്ചു.

൨൭ ¶ അനന്തരം യേശു ശിഷ്യന്മാരുമായി ഫിലിപ്പുകൈസൎയ്യെക്കു അടുത്ത ഊരുകളിലേക്കു പോയി; വഴിയിൽ വെച്ചു തന്റെ ശിഷ്യന്മാരോടു: ജനങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു.

൨൮ യോഹന്നാൻ സ്നാപകനെന്നു ചിലർ, എലീയാവെന്നു ചിലർ, പ്രവാചകന്മാരിൽ ഒരുത്തൻ എന്നു മറ്റു ചിലർ എന്നു അവർ ഉത്തരം പറഞ്ഞു.

൨൯ അവൻ അവരോടു: എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? എന്നു ചോദിച്ചതിന്നു: നീ ക്രിസ്തു ആകുന്നു എന്നു പത്രൊസ് ഉത്തരം പറഞ്ഞു.

൩൦ പിന്നെ തന്നെ കുറിച്ചു ആരോ

ട്ടും പറയരുതെന്നു അവൻ അവരെ ശാസിച്ചു.

൩൧ മനുഷ്യപുത്രൻ പലതും സഹിച്ചു, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രികൾ എന്നവരാൽ നിസ്സാരൻ എന്നു തള്ളപ്പെട്ടു കൊല്ലപ്പെടുകയും മൂന്നുനാൾ കഴിഞ്ഞിട്ടു ഉയിൎത്തെഴുനീല്ക്കയും വേണം എന്നു അവൎക്കു ഉപദേശിച്ചു തുടങ്ങി.

൩൨ അവൻ ഈ വാക്കു തുറന്നു പറഞ്ഞു; അപ്പോൾ പത്രൊസ് അവനെ വേറിട്ടു കൂട്ടിക്കൊണ്ടു ശാസിച്ചു തുടങ്ങി.

൩൩ അവനോ തിരിഞ്ഞു നോക്കി തന്റെ ശിഷ്യന്മാരെ കണ്ടിട്ടു പത്രൊസിനെ ശാസിച്ചു: എന്റെ പിന്നിൽ പോ സാത്താനേ; നീ ദൈവത്തിന്നുള്ളവ അല്ല മനുഷ്യൎക്കുള്ളവ അത്രേ കരുതുന്നതു എന്നു പറഞ്ഞു.

൩൪ പിന്നെ തന്റെ ശിഷ്യന്മാരോടു കൂടെ പുരുഷാരത്തെ അരികേ വിളിച്ചു അവരോടു പറഞ്ഞു: എന്റെ പിന്നാലെ വരുവാൻ ഒരുവൻ ഇച്ഛിക്കുന്നു എങ്കിൽ അവൻ തന്നെത്താൻ തള്ളി തന്റെ ക്രൂശിനെ എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ.

൩൫ ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, അതിനെ കളയും, ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും.

൩൬ എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ സൎവ്വലോകം നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന്നു എന്തു പ്രയോജനം ഉള്ളൂ?

൩൭ അല്ല തന്റെ ജീവന്നു വേണ്ടി മനുഷ്യൻ എന്തൊരു മറുവില കൊടുക്കും;

൩൮ വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെ കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും.

൯ാം അദ്ധ്യായം.

പിന്നെ അവൻ അവരോടു പറഞ്ഞു: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണത്തെ ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

൨ ¶ ആറു ദിവസം കഴിഞ്ഞശേഷം യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഒരു ഉയൎന്ന മലയിലേക്കു അവരെ തനിച്ചു കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു.

൩ അവന്റെ വസ്ത്രങ്ങൾ ഭൂമിയിൽ ഒരു അലക്കുകാരന്നും അങ്ങനെ വെളുപ്പിപ്പാൻ കഴിയാതവണ്ണം അത്യന്തം വെള്ളയായി തിളങ്ങി.

൪ അപ്പോൾ എലീയാ മോശെയോടുകൂടെ അവൎക്കു പ്രത്യക്ഷമായി, ആയവർ യേശുവിനോടു സംഭാഷിച്ചുകൊണ്ടിരുന്നു.

൫ പിന്നെ പത്രൊസ് യേശുവിനോടു: റബ്ബീ, നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിലുകളെ ഉണ്ടാക്കട്ടെ, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു എലീയാവിന്നും എന്നു പറഞ്ഞു.

൬ എന്തുകൊണ്ടെന്നാൽ അവർ ഭയപരവശരാകകൊണ്ടു എന്തു പറയേണ്ടു എന്നു അവൻ അറിഞ്ഞില്ല.

൭ പിന്നെ ഒരു മേഘം വന്നു അവരുടെമേൽ നിഴലിട്ടു: ഇവൻ എന്റെ പ്രിയപുത്രൻ ആകുന്നു, ഇവനെ ചെവിക്കൊൾവിൻ എന്നു മേഘത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി.

൮ പെട്ടെന്നു അവർ ചുറ്റും നോക്കിയാറെ, തങ്ങളോടു കൂടെ യേശുവിനെ മാത്രം അല്ലാതെ മറ്റാരെയും കണ്ടില്ല.

൯ ¶ അവർ മലയിൽനിന്നു ഇറങ്ങുമ്പോൾ, മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു എഴുനീറ്റിട്ടല്ലാതെ ഈ കണ്ടതു ആരോടും അറിയിക്കരുതു എന്നു അവൻ അവരോടു കല്പിച്ചു.

൰ മരിച്ചവരിൽനിന്നു എഴുനീല്ക്ക എ

ന്നുള്ളതു എന്തു എന്നു തങ്ങളിൽ തൎക്കിച്ചുംകൊണ്ടു അവർ ആ വാക്കിനെ ഉള്ളിൽ സംഗ്രഹിച്ചു.

൧൧ പിന്നെ എലീയാ മുമ്പെ വരേണ്ടതു എന്നു ശാസ്ത്രികൾ വാദിക്കുന്നതു എന്തു? എന്നു അവർ ചോദിച്ചു.

൧൨ യേശു ഉത്തരം പറഞ്ഞതു: എലീയാ മുമ്പെ വന്നു സകലവും യഥാസ്ഥാനപ്പെടുത്തുന്നു സത്യം തന്നേ; എന്നാൽ മനുഷ്യപുത്രനെ കുറിച്ചു: അവൻ വളരെ കഷ്ടപ്പെടുകയും ധിക്കരിക്കപ്പെടുകയും ചെയ്യേണ്ടി വരും എന്നു എഴുതിയിരിക്കുന്നതു എങ്ങനെ?

൧൩ ഞാനോ നിങ്ങളോടു പറയുന്നു: എലീയാവു വന്നു; അവനെ കുറിച്ചു എഴുതിയിരിക്കുന്നപ്രകാരം തന്നേ അവർ തങ്ങൾക്കു തോന്നിയതു എല്ലാം അവനോടു ചെയ്തു.

൧൪ ¶ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നാറെ വലിയ പുരുഷാരം അവരെ ചുററി നില്ക്കുന്നതും ശാസ്ത്രികൾ അവരോടു തൎക്കിക്കുന്നതും കണ്ടു.

൧൫ പുരുഷാരം അവനെ കണ്ട ഉടനെ ഭ്രമിച്ചു ഓടിവന്നു അവനെ വന്ദിച്ചു.

൧൬ അവൻ അവരോടു: നിങ്ങൾ അവരുമായി തൎക്കിക്കുന്നതു എന്തു? എന്നു ചോദിച്ചു.

൧൭ അതിന്നു പുരുഷാരത്തിൽ ഒരുത്തൻ ഉത്തരം പറഞ്ഞതു: ഗുരോ, ഊമയായ ആത്മാവുള്ള എൻ മകനെ നിന്റെ അടുക്കൽ കൊണ്ടുവന്നു.

൧൮ അതു അവനെ എവിടെവെച്ചു പിടിച്ചാലും അവനെ തള്ളിയിടുന്നു; പിന്നെ അവൻ നുരെക്കയും പല്ലുകടിക്കയും വരണ്ടു പോകയും ചെയ്യുന്നു; അതിനെ പുറത്താക്കേണ്ടതിന്നു നിന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടു അവൎക്കു കഴിഞ്ഞില്ല.

൧൯ എന്നാറെ അവൻ അവരോടു: അവിശ്വാസമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളുരികേ ഇരിക്കും? എത്രത്തോളം നിങ്ങളെ പൊറുക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു ഉത്തരം പറഞ്ഞു.

൨൦ അവർ അവനെ അവന്റെ അടുക്കേ കൊണ്ടുവന്നു; അവനെ കണ്ട ഉടനേ ആത്മാവു അവനെ ഇഴെച്ചു, അവൻ നിലത്തു വീണു നുരെച്ചുരുണ്ടു.

൨൧ ഇതു അവന്നു സംഭവിച്ചിട്ടു എത്ര കാലമായി? എന്നു അവന്റെ അപ്പനോടു ചോദിച്ചാറെ അവൻ പറഞ്ഞു: ചെറുപ്പം മുതൽ തന്നേ.

൨൨ അതു അവനെ നശിപ്പിക്കേണ്ടതിന്നു പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ടു; നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ.

൨൩ യേശു അവനോടു പറഞ്ഞു: നിന്നാൽ കഴിയും എങ്കിൽ എന്നോ! വിശ്വസിക്കുന്നവന്നു സകലവും കഴിയും.

൨൪ ബാലന്റെ അപ്പൻ ഉടനേ നിലവിളിച്ചു: കൎത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ എന്നു പറഞ്ഞു.

൨൫ എന്നാറെ പുരുഷാരം ഓടിക്കൂടുന്നതു യേശു കണ്ടിട്ടു അശുദ്ധാത്മാവിനെ ശാസിച്ചു: ഊമനും ചെകിടനുമായ ആത്മാവേ, ഞാൻ നിന്നോടു കല്പിക്കുന്നു: ഇവനെ വിട്ടു പോ, ഇനി ഇവനിൽ പ്രവേശിക്കയുമരുതു എന്നു പറഞ്ഞു.

൨൬ ആയതു നിലവിളിച്ചും അവനെ വളരെ ഇഴച്ചുംകൊണ്ടു പുറപ്പെട്ടു പോയി; അവൻ മരിച്ചുപോയി എന്നു പലരും പറവാൻ തക്കവണ്ണം മരിച്ചവനെപോലെ ആയി.

൨൭ അപ്പോൾ യേശു അവനെ കൈക്കു പിടിച്ചു ഉയൎത്തി, അവൻ എഴുനീല്ക്കയും ചെയ്തു.

൨൮ വീട്ടിൽ ചെന്നപ്പോൾ ശിഷ്യന്മാർ സ്വകാൎയ്യമായി അവനോടു: ഞങ്ങൾക്കു അതിനെ പുറത്താക്കുവാൻ കഴിയാഞ്ഞതു എന്തു? എന്നു ചോദിച്ചു.

൨൯ പ്രാൎത്ഥനകൊണ്ടു അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെടുവാൻ കഴികയില്ല എന്നു അവൻ പറഞ്ഞു.

൩൦ ¶ അവിടെനിന്നു അവർ പുറപ്പെട്ടു ഗലീലയിൽ കൂടി കടന്നു പോയി;

അതു ആരും അറിവാൻ അവന്നു മന
സ്സില്ലാഞ്ഞു.
൩൧ എന്തുകൊണ്ടെന്നാൽ അവൻ ത
ന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു അവരോ
ടു പറഞ്ഞതു: മനുഷ്യപുത്രൻ മനുഷ്യരുടെ
കൈകളിൽ ഏല്പിക്കപ്പെടുന്നു; അവർ അ
വനെ കൊല്ലും; കൊന്നിട്ടു മൂന്നു നാൾ
കഴിഞ്ഞശേഷം അവൻ ഉയിൎത്തെഴുനീ
ല്ക്കയും ചെയ്യും.
൩൨ ആ വാക്കു അവർ ഗ്രഹിച്ചില്ല,
അവനോടു ചോദിപ്പാൻ ഭയപ്പെട്ടുമിരു
ന്നു.
൩൩ ¶ പിന്നെ അവൻ കഫൎന്നഹൂ
മിൽ വന്നു. അവൻ വീട്ടിൽ ഇരിക്കുമ്പോ
ൾ, നിങ്ങൾ വഴിയിൽവെച്ചു തമ്മിൽ വാ
ദിച്ചതു എന്തു? എന്നു അവരോടു ചോദി
ച്ചു.
൩൪ എന്നാൽ തങ്ങളുടെ ഇടയിൽ വ
ലിയവൻ ആർ എന്നു അവർ വഴിയിൽ
വെച്ചു തമ്മിൽ വാദിക്കകൊണ്ടു മിണ്ടാതി
രുന്നു.
൩൫ അപ്പോൾ അവൻ ഇരുന്നു പ
ന്തിരുവരെയും വിളിച്ചു: ഒരുവൻ മുമ്പൻ
ആകുവൻ ഇച്ശിക്കുന്നു എങ്കിൽ അവൻ
എല്ലാവരിലും ഒടുക്കത്തവനും എല്ലാവൎക്കും
ശുശ്രൂഷക്കാരനും ആകെണം എന്നു പറ
ഞ്ഞു.
൩൬ പിന്നെ ഒരു ശിശുവിനെ എടു
ത്തു അവരുടെ നടുവിൽ നിറുത്തി, അ
തിനെ അണെച്ചുകൊണ്ടു അവരോടു
പറഞ്ഞു:
൩൭ ഇങ്ങനെയുള്ള ശിശുക്കളിൽ ഒ
ന്നിനെ എന്റെ നാമത്തിൽ ആരെങ്കിലും
കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു;
എന്നെ കൈക്കൊള്ളുന്നവനോ എന്നെ
അല്ല എന്നെ അയച്ചവനെ കൈക്കൊ
ള്ളുന്നു.
൩൮ ¶ യോഹന്നാൻ അവനോടു:
ഗുരോ, ഒരുവൻ നിന്റെ നാമത്തിൽ ഭൂ
തങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു;
അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞ
ങ്ങൾ അവനെ വിരോധിച്ചു എന്നു പറ
ഞ്ഞു.
൩൯ യേശു പറഞ്ഞു: അവനെ വി
രോധിക്കരുതു; എന്തുകൊണ്ടെന്നാൽ എ
ന്റെ നാമത്തിൽ ശക്തി പ്രവൃത്തിച്ചിട്ടു
വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ
കഴിയുന്നവൻ ആരും ഇല്ല.
൪൦ നമുക്കു എതിരല്ലാത്തവൻ നമുക്കു
വേണ്ടിയുള്ളവൻ ആകുന്നുവല്ലോ.
൪൧ എന്തുകൊണ്ടെന്നാൽ നിങ്ങൾ ക്രി
സ്തുവിന്നുള്ളവർ എന്നീ നാമത്തിൽ ആ
രെങ്കിലും ഒരു പാനപാത്രം വെള്ളം നി
ങ്ങൾക്കു കുടിപ്പാൻ തന്നാൽ അവന്നു ത
ന്റെ പ്രതിഫലം കിട്ടാതിരിക്കയില്ല എ
ന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറ
യുന്നു.
൪൨ എങ്കൽ വിശ്വസിക്കുന്ന ഈ ചെ
റിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇട
ൎച്ച വരുത്തുകിൽ ഒരു കഴുതത്തിരികല്ലു
അവന്റെ കഴുത്തിൽ കെട്ടി അവനെ
കടലിൽ ഇട്ടുകളഞ്ഞാൽ അവന്നു ഏറെ
നല്ലു.
൪൩ നിന്റെ കൈ നിനക്കു ഇടൎച്ച
വരുത്തിയാൽ അതിനെ വെട്ടിക്കളക.
ഊനനായി ജീവനിൽ കടക്കുന്നതു രണ്ടു
കൈയ്യുമുള്ളവൻ ആയി കെടാത്ത അഗ്നി
യാകുന്ന നരകത്തിൽ പോകുന്നതിനെ
ക്കാൾ നിനക്കു നല്ലു.
൪൪ [അവിടെ അവരുടെ പുഴ ചാ
കുന്നില്ല തീ കെടുന്നതുമില്ല*]
൪൫ നിന്റെ കാൽ നിനക്കു ഇടൎച്ച വ
രുത്തിയാൽ അതിനെ വെട്ടിക്കളക: മുട
ന്തനായി ജീവനിൽ കടക്കുന്നതു രണ്ടു
കാലുമുള്ളവൻ ആയി കെടാത്ത അഗ്നി
യാകുന്ന നരകത്തിൽ തള്ളപ്പെടുന്നതി
നെക്കാൾ നിനക്കു നല്ലു.
൪൬ [അവിടെ അവരുടെ പുഴ ചാ
കുന്നില്ല തീ കെടുന്നതുമില്ല*].
൪൭ നിന്റെ കണ്ണു നിനക്കു ഇടൎച്ച
വരുത്തിയാൽ അതിനെ ചൂന്നുകളക: ഒ
റ്റക്കണ്ണനായി ദൈവരാജ്യത്തിൽ കട
ക്കുന്നതു രണ്ടു കണ്ണുമുള്ളവൻ ആയി അ
ഗ്നിനരകത്തിൽ തള്ളപ്പെടുന്നതിനെക്കാ
ൾ നിനക്കു നല്ലു.

* ഏറ്റവും പുരാതനലിഖിതങ്ങളിൽ ഈ
വാക്യം കാണുന്നില്ല.

൪൮ അവിടെ അവരുടെ പുഴ ചാകു
ന്നില്ല തീ കെടുന്നതുമില്ല.

൪൯ എല്ലാവനും തീ കൊണ്ടു ഉപ്പിടും.

൫൦ ഉപ്പു നല്ലതു തന്നേ; ഉപ്പു കാരമി
ല്ലാതെ പോകിലോ നിങ്ങൾ എന്തൊന്നി
നാൽ അതിന്നു രസം വരുത്തും? നിങ്ങളി
ൽ തന്നേ ഉപ്പുള്ളവരും അന്യോന്യം സ
മാധാനമുള്ളവരും ആയിരിപ്പിൻ.

൧൦ാം അദ്ധ്യായം.

അവിടെനിന്നു അവൻ എഴുനീററു യോ
ൎദ്ദാന്നക്കരെ യഹൂദിയദേശത്തിന്റെ അ
തിരോളം വന്നു; പുരുഷാരങ്ങൾ പിന്നെ
യും അവന്റെ അടുക്കൽ വന്നുകൂടി, ത
ന്റെ പതിവിൻപ്രകാരം അവൻ അവ
ൎക്കു പിന്നെയും ഉപദേശിച്ചു.

൨ അപ്പോൾ പരീശർ അടുക്കേ വ
ന്നു: ഭാൎയ്യയെ ഉപേക്ഷിക്കുന്നതു പുരുഷ
ന്നു വിഹിതമോ? എന്നു അവനെ പരീ
ക്ഷിച്ചുകൊണ്ടു അവനോടു ചോദിച്ചു.

൩ അവൻ അവരോടു ഉത്തരമായിട്ടു
പറഞ്ഞു: മോശെ നിങ്ങൾക്കു എന്തു കല്പ
ന തന്നു?

൪ ഉപേക്ഷണച്ചീട്ടു എഴുതികൊടുത്തു
അവളെ ഉപേക്ഷിപ്പാൻ മോശെ അനു
വദിച്ചു എന്നു അവർ പറഞ്ഞു.

൫ യേശു അവരോടു ഉത്തരം പറഞ്ഞ
തു: നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ട
ത്രേ അവൻ നിങ്ങൾക്കു ഈ കല്പന എഴു
തിയതു.

൬ സൃഷ്ടിയുടെ ആരംഭത്തിങ്കലോ ദൈ
വം അവരെ ആണും പെണ്ണുമായി ഉ
ണ്ടാക്കി.

൭ അതു നിമിത്തം മനുഷ്യൻ തന്റെ
പിതാവിനെയും മാതാവിനെയും വിട്ടു ത
ന്റെ ഭാൎയ്യയോടു പററിച്ചേരും.

൮ ഇരുവരും ഒരു ജഡമായി തീരും;
അതുകൊണ്ടു പിന്നെ അവർ രണ്ടല്ല
ഒരു ജഡമത്രേ ആകുന്നു.

൯ ആകയാൽ ദൈവം യോജിപ്പിച്ച
തിനെ മനുഷ്യൻ വേർപിരിക്കരുതു.

൧൦ വീട്ടിൽവെച്ചു അവന്റെ ശിഷ്യ
ന്മാർ പിന്നെയും അതിനെക്കുറിച്ചു ത
ന്നേ അവനോടു ചോദിച്ചു.

൧൧ അവൻ അവരോടു പറഞ്ഞു: ആ
രെങ്കിലും തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചു
മറെറാരുത്തിയെ വിവാഹം ചെയ്താൽ
അവൾക്കു വിരോധമായി വ്യഭിചാരം
ചെയ്യുന്നു.

൧൨ സ്ത്രീയും തന്റെ ഭൎത്താവിനെ ഉ
പേക്ഷിച്ചു മറെറാരുത്തനുമായി വിവാ
ഹം കഴിഞ്ഞാൽ വ്യഭിചാരം ചെയ്യുന്നു.

൧൩ ¶ അവൻ തൊടേണ്ടതിന്നു അ
വർ ശിശുക്കളെ അവന്റെ അടുക്കൽ
കൊണ്ടുവന്നു: എന്നാൽ കൊണ്ടുവന്നവ
രെ ശിഷ്യന്മാർ ശാസിച്ചു.

൧൪ യേശുവോ അതു കണ്ടാറെ മുഷി
ഞ്ഞു അവരോടു പറഞ്ഞു: ശിശുക്കളെ എ
ന്റെ അടുക്കൽ വരുവാൻ വിടുവിൻ, അ
വരെ തടുക്കരുതു; ദൈവരാജ്യം ഇപ്രകാ
രമുള്ളവൎക്കല്ലോ ആകുന്നു.

൧൫ സത്യമായിട്ടു ഞാൻ നിങ്ങളോടു
പറയുന്നു: ദൈവരാജ്യത്തെ ശിശു എന്ന
പോലെ കൈക്കൊള്ളാത്തവൻ ആരും ഒ
രുനാളും അതിൽ പ്രവേശിക്കയില്ല.

൧൬ പിന്നെ അവൻ അവരെ അ
ണെച്ചിട്ടു അവരുടെമേൽ കൈകളെ
വെച്ചു, അവരെ അനുഗ്രഹിക്കയും ചെ
യ്തു.

൧൭ ¶ അവൻ പുറപ്പെട്ടു വഴിയിൽ
കൂടി പോകുമ്പോൾ, ഒരുവൻ ഓടിവന്നു
അവന്റെ മുമ്പിൽ മുട്ടുകുത്തി: നല്ല ഗു
രോ, നിത്യജീവനെ അവകാശം ആക്കു
വാൻ ഞാൻ എന്തു ചെയ്യേണം? എന്നു അ
വനോടു ചോദിച്ചു.

൧൮ അതിന്നു യേശു പറഞ്ഞു: എ
ന്നെ നല്ലവൻ എന്നു പറയുന്നതു എന്തു?
ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആ
രുമില്ല.

൧൯ കുലചെയ്യരുതു, വ്യഭിചാരം ചെ
യ്യരുതു, മോഷ്ടിക്കരുതു, കള്ളസ്സാക്ഷി പറ
യരുതു, ചതിക്കരുതു, നിന്റെ പിതാവി
നെയും മാതാവിനെയും ബഹുമാനിക്ക
എന്നീ കല്പനകളെ നീ അറിയുന്നുവ
ല്ലോ.

൨൦ അവൻ അവനോടു: ഗുരോ, ഇവ
ഒക്കെയും ചെറുപ്പം മുതൽ ഞാൻ കാത്തു
കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു.

൨൧ യേശു അവനെ നോക്കി അവനെ സ്നേഹിച്ചു: ഒന്ന നിനക്കു കുറവുണ്ടു; നീ പോയി നിനക്കുള്ളതു എല്ലാം വിററു ദരിദ്രൎക്കു കൊടുക്ക, എന്നാൽ നിനക്കു സ്വൎഗ്ഗത്തിൽ നിക്ഷേപമുണ്ടാകും; പിന്നെ വന്ന എന്നെ അനുഗമിക്ക എന്നു പറഞ്ഞു.

൨൨ അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ആ വചനത്തിങ്കൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു.

൨൩ ¶ യേശു ചുററും നോക്കി തന്റെ ശിഷ്യന്മാരോടു പറയുന്നു: ദ്രവ്യം ഉള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതു എത്ര പ്രയാസം!

൨൪ അവന്റെ ഈ വാക്കുകളാൽ ശിഷ്യന്മാർ വിസ്മയിച്ചു; എന്നാൽ യേശു പിന്നെയും ഉത്തരം പറഞ്ഞതു: മക്കളേ, ദ്രവ്യത്തിൽ ആശ്രയിച്ചിരിക്കുന്നവർ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ എത്ര പ്രയാസം!

൨൫ ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു എളുപ്പം ആകുന്നു.

൨൬ അവർ ഏററവും അതിശയിച്ചു: എന്നാൽ രക്ഷിക്കപ്പെടുവാൻ ആൎക്കു കഴിയും? എന്നു തങ്ങളിൽ പറഞ്ഞു.

൨൭ യേശു അവരെ നോക്കി: മനുഷ്യൎക്കു അസാദ്ധ്യം തന്നേ, ദൈവത്തിന്നു അല്ല താനും; ദൈവത്തിന്നു സകലവും സാദ്ധ്യമാകുന്നുവല്ലോ എന്നു പറഞ്ഞു.

൨൮ പത്രൊസ് അവനോടു: ഇതാ, ഞങ്ങൾ സകലവും വിട്ടു നിന്റെ പിന്നാലെ വന്നിരിക്കുന്നു എന്നു പറഞ്ഞുതുടങ്ങി.

൨൯ അതിന്നു യേശു ഉത്തരം പറഞ്ഞതു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ,

൩൦ ഈ ലോകത്തിൽ തന്നേ ഉപദ്രവങ്ങളോടും കൂടെ നൂറു മടങ്ങു വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരും ഇല്ല:

൩൧ എങ്കിലും മുമ്പന്മാർ പലരും പിമ്പരും പിമ്പന്മാർ മുമ്പരും ആകും.

൩൨ ¶ പിന്നെ അവർ യരുശലേമിലേക്കു കയറിപ്പോകുന്ന യാത്രയിൽ ആയിരുന്നു; യേശു അവൎക്കു മുമ്പായി നടന്നു; അവർ വിസ്മയിച്ചു; പിൻ ചെല്ലുന്നവരോ ഭയപ്പെട്ടു; അവൻ പിന്നെയും പന്തിരുവരെ കൂട്ടിക്കൊണ്ടു തനിക്കു സംഭവിപ്പാനുള്ളവ അവരോടു പറഞ്ഞു തുടങ്ങിയതു:

൩൩ ഇതാ, നാം യരുശലേമിലേക്കു കരേറിപ്പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രികളുടെയും കൈയ്യിൽ ഏല്പിക്കപ്പെടും; അവർ അവനെ മരണത്തിന്നു വിധിച്ചു ജാതികൾക്കു ഏല്പിക്കും.

൩൪ ഇവർ അവനെ പരിഹസിക്കയും തുപ്പുകയും തല്ലുകയും കൊല്ലുകയും, മൂന്നു നാൾ കഴിഞ്ഞിട്ടു അവൻ ഉയിൎത്തെഴുനീല്ക്കയും ചെയ്യും.

൩൫ ¶ അപ്പോൾ സബദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും അവന്റെ അടുക്കൽ വന്നു അവനോടു പറഞ്ഞു: ഗുരോ ഞങ്ങൾ നിന്നോടു യാചിപ്പാൻ പോകുന്നതു ഞങ്ങൾക്കു ചെയ്തു തരേണം എന്നു ഇച്ഛിക്കുന്നു.

൩൬ അവൻ അവരോടു പറഞ്ഞു: നിങ്ങൾക്കു ഞാൻ എന്തു ചെയ്യേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നു?

൩൭ നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ നല്കേണം എന്നു അവർ പറഞ്ഞു.

൩൮ യേശു അവരോടു പറഞ്ഞതു: നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്പാനും നിങ്ങൾക്കു കഴിയുമോ?

൩൯ കഴിയും എന്നു അവർ പറഞ്ഞു. യേശു അവരോടു: ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കയും ചെയ്യും നിശ്ചയം:

൪൰ എങ്കിലും എന്റെ വലത്തോ ഇട
ത്തോ ഇരിക്ക എന്നതു ആൎക്ക ഒരുക്കപ്പെ
ട്ടിരിക്കുന്നുവോ അവൎക്കല്ലാതെ നല്കുവാ
ൻ എന്റേതല്ല എന്നു പറഞ്ഞു.
൪൧ അതു ശേഷം പത്തുപേരും കേ
ട്ടിട്ടു യാക്കോബിനോടും യോഹന്നാനോ
ടും നീരസപ്പെട്ടു തുടങ്ങി.
൪൨ എന്നാൽ യേശു അവരെ അടു
ക്കെ വിളിച്ചു അവരോടു പറഞ്ഞു: ജാതി
കളിൽ വാഴുന്നവരായി എണ്ണപ്പെടുന്നവ
ർ അവരിൽ കൎത്തൃത്വം ചെയ്യുന്നു, അവ
രിൽ മഹത്തുക്കളായവർ അവരുടെമേൽ
അധികാരം നടത്തുന്നു എന്നു നിങ്ങൾ
അറിയുന്നു.
൪൩ നിങ്ങളുടെ ഇടയിൽ അപ്രകാ
രം അരുതു; നിങ്ങളിൽ മഹാൻ ആകുവാ
ൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശു
ശ്രൂഷക്കാരൻ ആകെണം;
൪൪ നിങ്ങളിൽ ഒന്നാമൻ ആകുവാ
ൻ ഇച്ഛിക്കുന്നവൻ എല്ലാവൎക്കും ദാസനാ
കെണം.
൪൫ എന്തുകൊണ്ടെന്നാൽ മനുഷ്യപു
ത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, താൻ ശു
ശ്രൂഷിപ്പാനും അനേകൎക്ക വേണ്ടി തന്റെ
ജീവനെ വീണ്ടെടുപ്പിന്നായി കൊടുപ്പാ
നും അത്രേ വന്നതു.
൪൬ ¶ അവർ യറിഹോവിൽ എ
ത്തി; പിന്നെ അവൻ തന്റെ ശിഷ്യന്മാ
രോടും വലിയ പുരുഷാരത്തോടും ഒന്നി
ച്ചു യറിഹോവിൽനിന്നു പുറപ്പെടുമ്പോ
ൾ തിമായിയുടെ പുത്രനായ ബൎത്തിമായി
എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വ
ഴിയരികെ ഇരുന്നിരുന്നു.
൪൭ നസറായനായ യേശു ആകുന്നു
എന്നു കേട്ടിട്ടു അവൻ: ദാവീദ്പുത്രാ,
യേശുവേ, എന്നോടു കരുണ തോന്നേ
ണമേ എന്നു നിലവിളിച്ചു തുടങ്ങി.
൪൮ മിണ്ടാതിരിപ്പാൻ പലരും അവ
നെ ശാസിച്ചാറെയും: ദാവീദ്പുത്രാ, എ
ന്നോടു കരുണ തോന്നേണമേ എന്നു അ
വൻ ഏററവും അധികം നിലവിളിച്ചു
പറഞ്ഞു.
൪൯ അപ്പോൾ യേശു നിന്നു, അവ
നെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈൎയ്യ
പ്പെടുക, എഴുനീല്ക്ക, നിന്നെ വിളിക്കുന്നു
എന്നു അവർ പറഞ്ഞു കുരുടനെ വിളി
ച്ചു.
൫൰ അവൻ തന്റെ പുതെപ്പു ഇട്ടുംക
ളഞ്ഞു ചാടിയെഴുനീററു യേശുവിന്റെ
അടുക്കൽ വന്നു.
൫൧ അവനോടു യേശു: ഞാൻ നിന
ക്കു എന്തു ചെയ്യേണമെന്നു നീ ഇച്ഛിക്കുന്നു?
എന്നു പറഞ്ഞതിന്നു: റബ്ബൂനി, എനിക്കു
കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ അ
വനോടു പറഞ്ഞു.
൫൨ യേശു അവനോടു: പോക, നി
ന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കു
ന്നു എന്നു പറഞ്ഞു; ഉടനെ അവൻ കാ
ഴ്ച പ്രാപിച്ചു, വഴിയിൽ അവനെ പിന്തു
ടരുകയും ചെയ്തു.

൧൧ാം അദ്ധ്യായം.

അവർ യരുശലേമിനോടു സമീപിച്ചു
ഒലീവ് മലയരികെ ബെത്ഫാഗയിലും
ബെതാന്യയിലും എത്തിയപ്പോൾ, അവ
ൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ
അയച്ചു;
൨ അവരോടു പറയുന്നു: നിങ്ങൾക്കു
എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ;
അതിൽ പ്രവേശിച്ചാൽ ഉടനെ മനുഷ്യ
രിൽ ആരും ഒരിക്കലും കയറീട്ടില്ലാത്ത
ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു
കാണും; അതിനെ അഴിച്ചുകൊണ്ടുവരു
വിൻ.
൩ വല്ലവനും: ഇതു ചെയ്യുന്നതു എ
ന്തു എന്നു നിങ്ങളോടു ചോദിച്ചാൽ, ക
ൎത്താവിന്നു ഇതുകൊണ്ടു ആവശ്യം ഉണ്ടു
എന്നു പറവിൻ; അവൻ ക്ഷണത്തിൽ
അതിനെ ഇങ്ങോട്ടു അയക്കും.
൪ അവർ പോയി തെരുവിൽ പുറ
ത്തു വാതില്ക്കൽ കഴുതക്കുട്ടിയെ കെട്ടിയി
രിക്കുന്നതു കണ്ടു, അതിനെ അഴിക്കുന്നു.
൫ അവിടെ നിന്നവരിൽ ചിലർ അ
വരോടു: നിങ്ങൾ കഴുതക്കുട്ടിയെ അഴി
ക്കുന്നതു എന്തു എന്നു ചോദിച്ചു.
൬ ആയവർ യേശു കല്പിച്ചപ്രകാരം
അവരോടു പറഞ്ഞു; അവർ അവരെ വി
ട്ടയക്കയും ചെയ്തു.

൭ അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു, തങ്ങളുടെ വസ്ത്രങ്ങളെ അതിന്മേൽ ഇട്ടു. അവൻ അതിന്മേൽ കയറി ഇരുന്നു.

൮ അനേകർ തങ്ങളുടെ വസ്ത്രങ്ങളെ വഴിയിൽ വിരിച്ചു; മറ്റുള്ളവർ പറമ്പുകളിൽനിന്നു ചില്ലിക്കൊമ്പുകൾ വെട്ടി വഴിയിൽ വിതറി.

൯ മുമ്പെ പോകുന്നവരും പിന്നാലെ ചെല്ലുന്നവരും: ഹോശന്നാ കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ;

൧൦ വരുന്നതായ രാജ്യം, നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെട്ടതു; അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊണ്ടിരുന്നു.

൧൧ ¶ അവൻ യരുശലേമിൽ ദൈവാലയത്തിലേക്കു ചെന്നു സകലവും ചുറ്റും നോക്കിയ ശേഷം നേരം വൈകിയതുകൊണ്ടു പന്തിരുവരോടും കൂടെ ബെതാന്യയിലേക്കു പുറപ്പെട്ടുപോയി.

൧൨ ¶ പിറ്റെന്നാൾ അവർ ബെതാന്യയിൽനിന്നു പുറപ്പെട്ടു പോരികയിൽ അവന്നു വിശന്നു.

൧൩ അവൻ ഇലകളുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, പക്ഷെ അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നുവെച്ചു ചെന്നു; അതിന്നരികെ എത്തിയപ്പോൾ ഇലകൾ അല്ലാതെ ഒന്നും കണ്ടില്ല; എന്തുകൊണ്ടെന്നാൽ അത്തിപ്പഴങ്ങളുടെ സമയം അല്ലാഞ്ഞു.

൧൪ അവൻ അതിനോടു ഉരചെയ്തു: ഇനി നിങ്കൽനിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു; അതു അവന്റെ ശിഷ്യന്മാർ കേട്ടു:

൧൫ ¶ അനന്തരം അവർ യരുശലേമിൽ ചെന്നപ്പോൾ അവൻ ദൈവാലയത്തിൽ കടന്നു, ദൈവാലയത്തിൽ വില്ക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കിത്തുടങ്ങി, പൊൻവാണിഭക്കാരുടെ മേശകളെയും പ്രാക്കളെ വില്ക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു.

൧൬ ആരും ദൈവാലയത്തൂടെ ഒരു പാത്രവും കൊണ്ടുപോകുവാൻ സമ്മതിച്ചതുമില്ല.

൧൭ പിന്നെ അവർക്കു ഉപദേശിച്ചു പറഞ്ഞു: എന്റെ ഭവനം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു.

൧൮ അതു കേട്ടിട്ടു മഹാപുരോഹിതന്മാരും ശാസ്ത്രികളും അവനെ നശിപ്പിപ്പാൻ വഴി അന്വേഷിച്ചു. എന്തുകൊണ്ടെന്നാൽ പുരുഷാരം എല്ലാം അവന്റെ ഉപദേശത്തിൽ അതിശയിക്കയാൽ അവർ അവനെ ഭയപ്പെട്ടിരുന്നു.

൧൯ ¶ സന്ധ്യയാകുമ്പോൾ അവൻ നഗരത്തെ വിട്ടു പുറപ്പെട്ടുപോകും.

൨൦ ¶ പിന്നെ രാവിലെ അവർ കടന്നുപോകുമ്പോൾ അത്തിവൃക്ഷം വേരോടെ ഉണങ്ങിപ്പോയതു കണ്ടു.

൨൧ എന്നാറെ പത്രൊസിന്നു ഓർമ്മവന്നു: റബ്ബീ, നീ ശപിച്ച അത്തി ഇതാ, ഉണങ്ങിപ്പോയി എന്നു അവനോടു പറഞ്ഞു.

൨൨ യേശു അവരോടു ഉത്തരം പറഞ്ഞതു: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ.

൨൩ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുംകൊണ്ടു ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ, അവൻ പറഞ്ഞപ്രകാരം തന്നേ സംഭവിക്കും.

൨൪ അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും.

൨൫ പിന്നെ നിങ്ങൾ പ്രാർത്ഥിച്ചു നില്ക്കുമ്പോൾ യാതൊരുത്തന്റെ നേരെ വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെ ക്ഷമിക്കേണ്ടതിന്നു തന്നേ.

൨൬ [എന്നാൽ നിങ്ങൾ ക്ഷമിക്കാഞ്ഞാൽ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.*]

൨൭ ¶ അവർ പിന്നെയും യരുശലേമിൽ വരുന്നു. അവൻ ദൈവാലയത്തിൽ ചുറ്റി നടക്കുമ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രികളും മൂപ്പന്മാരും അവന്റെ അടുക്കൽ വന്നു.

൨൮ നീ എന്തു അധികാരം കൊണ്ടു ഇവയെ ചെയ്യുന്നു എന്നും ഇവ ചെയ്വാനുള്ള ഈ അധികാരം നിനക്കു തന്നതു ആർ എന്നും അവനോടു ചോദിക്കുന്നു.

൨൯ യേശു അവരോടു പറഞ്ഞതു: ഞാൻ നിങ്ങളോടു ഒരു വാക്കു ചോദിക്കും; അതിന്നു ഉത്തരം പറവിൻ; എന്നാൽ ഇന്ന അധികാരംകൊണ്ടു ഇവ ചെയ്യുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയും.

൩൦ യോഹന്നാന്റെ സ്നാനം ഉണ്ടായതു സ്വൎഗ്ഗത്തിൽനിന്നോ? മനുഷ്യരിൽനിന്നോ? എന്നോടു ഉത്തരം പറവിൻ.

൩൧ എന്നാറെ അവർ തങ്ങളിൽ നിരൂപിച്ചു: സ്വൎഗ്ഗത്തിൽനിന്നു എന്നു പറഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞതു എന്തു എന്നു അവൻ പറയും.

൩൨ അല്ല, മനുഷ്യരിൽനിന്നു എന്നു പറഞ്ഞാൽ—എല്ലാവരും യോഹന്നാനെ സാക്ഷാൽ പ്രവാചകൻ എന്നു എണ്ണുക കൊണ്ടു അവർ ജനത്തെ ഭയപ്പെട്ടു.

൩൩ പിന്നെ അവർ യേശുവിനോടു: ഞങ്ങൾക്കു അറിഞ്ഞുകൂടാ എന്നു ഉത്തരം പറഞ്ഞു. എന്നാൽ ഇവ ചെയ്യുന്നതു ഇന്ന അധികാരം കൊണ്ടാകുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയുന്നില്ല എന്നു യേശു അവരോടു പറകയും ചെയ്തു.

൧൨ാം അദ്ധ്യായം.

പിന്നെ അവൻ ഉപമകളിൽ അവരോടു പറഞ്ഞു തുടങ്ങി: ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി ചുറ്റും വേലി കെട്ടി, ചക്കും കുഴിച്ചു നാട്ടി, ഗോപുരവും പണിതു, കുടിയാന്മാരെ ഏല്പിച്ചിട്ടു പരദേശത്തു പോയി.

൨ സമയം ആയപ്പോൾ കുടിയാന്മാരോടു തോട്ടത്തിന്റെ ഫലങ്ങളിൽനിന്നു വാങ്ങേണ്ടതിന്നു അവൻ ഒരു ദാസനെ കുടിയാന്മാരുടെ അടുക്കെ പറഞ്ഞയച്ചു.

൩ അവർ അവനെ പിടിച്ചു, തല്ലി, വെറുതെ അയച്ചുകളഞ്ഞു.

൪ പിന്നെയും അവരുടെ അടുക്കൽ മറ്റൊരു ദാസനെ പറഞ്ഞയച്ചു; അവനെ അവർ തലയിൽ മുറിവേല്പിക്കയും അവമാനിക്കയും ചെയ്തു.

൫ അവൻ മറ്റൊരുവനെ പറഞ്ഞയച്ചു; അവനെ അവർ കൊന്നു; മറ്റു പലരെയും ചിലരെ അടിക്കയും ചിലരെ കൊല്ലുകയും ചെയ്തു.

൬ ഇനി തനിക്കു ഒരുത്തൻ ഒരു പ്രിയപുത്രൻ ഉണ്ടായിരുന്നു; എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞു ഒടുക്കം അവനെ അവരുടെ അടുക്കൽ പറഞ്ഞയച്ചു.

൭ ആ കുടിയാന്മാരോ: ഇവൻ അവകാശി ആകുന്നു; വരുവിൻ, നാം ഇവനെ കൊല്ലുക, എന്നാൽ അവകാശം നമുക്കാകും എന്നു തമ്മിൽ പറഞ്ഞു.

൮ അവർ അവനെ പിടിച്ചു കൊന്നു തോട്ടത്തിൽനിന്നു എറിഞ്ഞുകളഞ്ഞു.

൯ എന്നാൽ തോട്ടത്തിന്റെ ഉടയവൻ എന്തു ചെയ്യും? അവൻ വന്നു ആ കുടിയാന്മാരെ നിഗ്രഹിച്ചു തോട്ടം മറ്റുള്ളവൎക്കു കൊടുക്കും.

൧൦ വീടു പണിയുന്നവർ ആകാ എന്നു തള്ളിയ കല്ലു തന്നേ കോണിന്റെ തലയായി ഭവിച്ചു.

൧൧ കൎത്താവിൽനിന്നു ഇതു ഉണ്ടായി, നമ്മുടെ കണ്ണുകൾക്കു ആശ്ചൎയ്യവുമായിരിക്കുന്നു എന്നുള്ള തിരുവെഴുത്തു നിങ്ങൾ വായിച്ചിട്ടില്ലയോ?

* ഏറ്റവും പുരാതനലിഖിതങ്ങളിൽ ഈ വാക്യം കാണുന്നില്ല.

൧൨ ഈ ഉപമ തങ്ങളെക്കുറിച്ചു പറഞ്ഞു എന്നു അറികയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു; എന്നാൽ പുരുഷാരത്തെ ഭയപ്പെട്ടു അവനെ വിട്ടു പോകയും ചെയ്തു.

൧൩ ¶ അനന്തരം അവനെ വാക്കിൽ കുടുക്കുവാൻവേണ്ടി അവർ പരീശരിലും ഹെരോദ്യരിലും ചിലരെ അവൻെറ അടുക്കൽ അയക്കുന്നു.

൧൪ ആയവർ വന്നു: ഗുരോ, നീ മനുഷ്യരുടെ മുഖം നോക്കാതെ ദൈവത്തിൻെറ വഴി നേരായി പഠിപ്പിക്കുന്നതുകൊണ്ടു നീ സത്യവാനും ആരെയും ഗണ്യമാക്കാത്തവനും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു; കൈസൎക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ? ഞങ്ങൾ കൊടുക്കയോ കൊടുക്കാതിരിക്കയോ വേണ്ടതു? എന്നു അവനോടു ചോദിക്കുന്നു.

൧൫ എന്നാൽ അവൻ അവരുടെ കപടം അറിഞ്ഞു: നിങ്ങൾ എന്നെ പരീക്ഷിക്കുന്നതു എന്തു? എനിക്കു കാണേണ്ടതിന്നു ഒരു ദ്രഹ്മപ്പണം കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

൧൬ അവർ കൊണ്ടുവന്നു. ഈ സ്വരൂപവും മേലെഴുത്തും ആരുടേതു? എന്നു അവരോടു ചോദിച്ചതിന്നു: കൈസരുടേതു എന്നു അവർ പറഞ്ഞു.

൧൭ അപ്പോൾ യേശു അവരോടു: കൈസൎക്കുള്ളവ കൈസൎക്കും ദൈവത്തിന്നുള്ളവ ദൈവത്തിന്നും കൊടുപ്പിൻ എന്നു പറഞ്ഞു; അവർ അവങ്കൽ വളരെ ആശ്ചൎയ്യപ്പെടുകയും ചെയ്തു.

൧൮ ¶ പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദൂക്യർ അവൻെറ അടുക്കെ വന്നു ചോദിച്ചതെന്തെന്നാൽ:

൧൯ ഗുരോ, ഒരുത്തൻെറ സഹോദരൻ മക്കളില്ലാതെ മരിച്ചു ഭാൎയ്യ ശേഷിച്ചാൽ ആ ഭാൎയ്യയെ അവൻെറ സഹോദരൻ എടുത്തു തൻെറ സഹോദരന്നു സന്തതി ജനിപ്പിക്കേണം എന്നു മോശെ ഞങ്ങൾക്കു എഴുതിയിരിക്കുന്നു.

൨൦ എന്നാൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു; അവരിൽ മൂത്തവൻ ഒരു ഭാൎയ്യയെ എടുത്തു, സന്തതിയില്ലാതെ മരിച്ചുപോയി.

൨൧ രണ്ടാമത്തവൻ അവളെ എടുത്തു, സന്തതിയില്ലാതെ മരിച്ചു; മൂന്നാമത്തവനും അപ്രകാരം തന്നേ.

൨൨ ഏഴുവരും സന്തതിയില്ലാതെ പോയി; എല്ലാവൎക്കും ഒടുവിൽ സ്ത്രീയും മരിച്ചു.

൨൩ ആകയാൽ പുനരുത്ഥാനത്തിൽ അവൾ അവരിൽ ഏവന്നു ഭാൎയ്യയാകും? അവൾ എഴുവൎക്കും ഭാൎയ്യ ആയിരുന്നുവല്ലോ.

൨൪ യേശു അവരോടു പറഞ്ഞതു: നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നതു?

൨൫ എങ്ങനെയെന്നാൽ അവർ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കുമ്പോൾ വിവാഹം കഴിക്കുന്നില്ല, വിവാഹം കഴിക്കപ്പെടുന്നതുമില്ല, സ്വൎഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു.

൨൬ എന്നാൽ മരിച്ചവർ ഉയിൎത്തെഴുനീല്ക്കുന്നു എന്നതിനെക്കുറിച്ചു മോശെയുടെ പുസ്തകത്തിൽ മുൾപടൎപ്പുഭാഗത്തു ദൈവം അവനോടു: ഞാൻ അബ്രഹാമിൻെറ ദൈവവും, ഇസ്സാക്കിൻെറ ദൈവവും, യാക്കോബിൻെറ ദൈവവും ആകുന്നു എന്നു പറഞ്ഞപ്രകാരം വായിച്ചിട്ടില്ലയോ?

൨൭ അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെയത്രേ ആകുന്നു; നിങ്ങൾ വളരെ തെറ്റിപ്പോകുന്നു.

൨൮ ¶ പിന്നെ ശാസ്ത്രികളിൽ ഒരുത്തൻ അടുത്തുവന്നു അവർ തമ്മിൽ തൎക്കിക്കുന്നതു കേട്ടു അവൻ അവരോടു നല്ലവണ്ണം ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ടു: എല്ലാററിലും മുഖ്യകല്പന ഏതാകുന്നു എന്നു അവനോടു ചോദിച്ചു.

൨൯ യേശു ഉത്തരം പറഞ്ഞതു: എല്ലാററിലും മുഖ്യകല്പനയാവിതു: ഇസ്രയേലേ, കേൾക്ക, നമ്മുടെ ദൈവമായ കൎത്താവു ഏക കൎത്താവാകുന്നു.

൩൦ നിൻെറ ദൈവമായ കൎത്താവിനെ നിൻെറ പൂൎണ്ണഹൃദയത്തോടും, പൂൎണ്ണാത്മാവോടും, നിൻെറ പൂൎണ്ണമന

ശ്ശോടും, പൂൎണ്ണശക്തിയോടും കൂടെ സ്നേ
ഹിക്കേണം;
൩൧ രണ്ടാമത്തേതു ഇതാകുന്നു: നി
ന്റെ അയല്ക്കാരനെ നിന്നെ പോലെ
തന്നേ സ്നേഹിക്കേണം; ഇവയിൽ വലു
തായിട്ടു മറെറാരു കല്പനയും ഇല്ല.
൩൨ ശാസ്ത്രി അവനോടു പറഞ്ഞു: ന
ന്നു, ഗുരോ, നീ പറഞ്ഞതു സത്യംതന്നേ,
ഏകനേയുള്ളു, അവൻ ഒഴികെ മറെറാ
രുത്തനുമില്ല.
൩൩ അവനെ പൂൎണ്ണഹൃദയത്തോടും
പൂൎണ്ണബുദ്ധിയോടും, പൂൎണ്ണശക്തിയോടും
കൂടെ സ്നേഹിക്കുന്നതും തന്നെപോലെ
അയല്ക്കാരനെ സ്നേഹിക്കുന്നതും എല്ലാ
സൎവ്വാംഗഹോമങ്ങളെക്കാളും ബലികളെ
ക്കാളും സാരമേറിയതാകുന്നു.
൩൪ അവൻ ബുദ്ധിയോടെ ഉത്തരം
പറഞ്ഞു എന്നു യേശു കണ്ടു: നീ ദൈവ
രാജ്യത്തിൽനിന്നു ദൂരത്തല്ല എന്നു പറ
ഞ്ഞു. അതിന്റെ ശേഷം അവനോടു ആ
രും ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല.
൩൫ ¶ യേശു ദൈവാലയത്തിൽ ഉ
പദേശിച്ചുകൊണ്ടു പറഞ്ഞു തുടങ്ങിയതു:
ക്രിസ്തു ദാവീദിന്റെ പുത്രൻ ആകുന്നു എ
ന്നു ശാസ്ത്രികൾ പറയുന്നതു എങ്ങനെ?
൩൬ കൎത്താവു എന്റെ കൎത്താവി
നോടു: ഞാൻ നിന്റെ ശത്രുക്കളെ നി
ന്റെ പാദപീഠം ആക്കുവോളത്തിന്നു എ
ന്റെ വലത്തുഭാഗത്തിരിക്ക എന്നു അരു
ളിയപ്രകാരം ദാവീദ് താൻ പരിശുദ്ധാ
ത്മാവിലായി പറയുന്നു.
൩൭ ദാവീദ് തന്നേ അവനെ കൎത്താ
വു എന്നു പറയുന്നുവല്ലോ, പിന്നെ അ
വന്റെ പുത്രൻ ആകുന്നതു എങ്ങനെ?
എന്നാൽ വലിയ പുരുഷാരം അവനെ
സന്തോഷത്തോടെ കേട്ടുപോന്നു.
൩൮ ¶ അവൻ തന്റെ ഉപദേശ
ത്തിൽ അവരോടു പറഞ്ഞു: അങ്കികളോ
ടെ നടക്കുന്നതും അങ്ങാടികളിൽ വന്ദന
ങ്ങളും,
൩൯ പള്ളികളിൽ മുഖ്യാസനങ്ങളും
അത്താഴങ്ങളിൽ പ്രധാനസ്ഥലങ്ങളും ഇ
ച്ഛിക്കുന്ന ശാസ്ത്രികളെ സൂക്ഷിച്ചുകൊൾ
വിൻ.
൪൦ അവർ വിധവമാരുടെ വീടുകളെ
വിഴുങ്ങുകയും ഉപായത്താൽ നീണ്ടപ്രാ
ൎത്ഥനകളെ കഴിക്കയും ചെയ്യുന്നവർ; ഇ
വൎക്കു ഏററം വലിയശിക്ഷാവിധി വരും.
൪൧ ¶ പിന്നെ യേശു ശ്രീഭണ്ഡാര
ത്തിന്നു നേരെ ഇരിക്കയിൽ പുരുഷാരം
ഭണ്ഡാരത്തിൽ പണം ഇടുന്നപ്രകാരം
നോക്കിക്കൊണ്ടിരുന്നു; ധനവാന്മാർ പല
രും വളരെ ഇട്ടു.
൪൨ ദരിദ്രയായ ഒരു വിധവ വന്നു
ഒരു പൈസെക്കു ശരിയായ രണ്ടു കാശു
ഇട്ടു.
൪൩ അപ്പോൾ അവൻ തന്റെ ശി
ഷ്യന്മാരെ അടുക്കൽ വിളിച്ചു: ഭണ്ഡാര
ത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്ര
യായ വിധവ അധികം ഇട്ടിരിക്കുന്നു
എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പ
റയുന്നു.
൪൪ എന്തുകൊണ്ടെന്നാൽ എല്ലാവരും
തങ്ങളുടെ സമൃദ്ധിയിൽനിന്നു ഇട്ടു, ഇവ
ളോ തന്റെ ഇല്ലായ്മയിൽനിന്നു തനിക്കു
ള്ളതു ഒക്കെയും തന്റെ ഉപജീവനം മുഴു
വനും ഇട്ടു എന്നു അവരോടു പറഞ്ഞു.

൧൩ാം അദ്ധ്യായം.

അവൻ ദൈവാലയത്തെ വിട്ടു പോകു
മ്പോൾ ശിഷ്യന്മാരിൽ ഒരുത്തൻ: ഗുരോ,
ഇതാ, എങ്ങനെയുള്ള കല്ലുകളും എങ്ങനെ
യുള്ള പണികളും! എന്നു അവനോടു പ
റയുന്നു.
൨ യേശു അവനോടു: നീ ഈ വലി
യ പണികളെ കാണുന്നുവോ? ഇടിക്കാ
തെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്ക
യില്ല എന്നു പറഞ്ഞു.
൩ ¶ പിന്നെ അവൻ ഒലീവ്മല
യിൽ ദൈവാലയത്തിന്നു നേരെ ഇരിക്ക
യിൽ പത്രൊസും യാക്കോബും യോഹന്നാ
നും അന്ത്രെയോസും അവനോടു തനിച്ചു
ചോദിച്ചതു:
൪ ഇവ എപ്പോൾ ഉണ്ടാകും? ഇവററി
ന്നു എല്ലാം നിവൃത്തി വരുമ്പോഴെക്കുള്ള
ലക്ഷണം എന്തു? എന്നു ഞങ്ങളോടു പറ
ഞ്ഞാലും.

൫ യേശു അവരോടു പറഞ്ഞു തുടങ്ങിയതു: ആരും നിങ്ങളെ തെററിക്കാതിരിപ്പാൻ നോക്കിക്കൊൾവിൻ.

൬ ഞാൻ ആകുന്നു എന്നു പറഞ്ഞുകൊണ്ടു അനേകർ എന്റെ നാമത്തിൽ വന്നു പലരെയും തെററിക്കും.

൭ എന്നാൽ നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കുമ്പോൾ കലങ്ങാതിരിപ്പിൻ. അതു സംഭവിക്കേണ്ടതത്രേ; അവസാനം ഉടനെ അല്ല താനും.

൮ എന്തുകൊണ്ടെന്നാൽ ജനത്തിന്നു എതിരേ ജനവും രാജ്യത്തിന്നു എതിരേ രാജ്യവും എഴുനീല്ക്കും; അവിടവിടെ ഭൂകമ്പങ്ങളും ഉണ്ടാകും; ക്ഷാമങ്ങളും ഉണ്ടാകും; ഇവ വേദനകളുടെ ആരംഭമത്രേ.

൯ ¶ എന്നാൽ നിങ്ങളെ തന്നേ സൂക്ഷിച്ചുകൊൾവിൻ; അവർ നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പിക്കയും പള്ളികളിൽവെച്ചു തല്ലുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാൎക്കും മുമ്പാകെ അവൎക്കു സാക്ഷ്യത്തിന്നായി നിറുത്തുകയും ചെയ്യും.

൧൦ എന്നാൽ സുവിശേഷം മുമ്പെ സകലജാതികൾക്കും പ്രസംഗിക്കപ്പെടേണം.

൧൧ അവർ നിങ്ങളെ കൊണ്ടുപോയി ഏല്പിക്കുമ്പോൾ, എന്തു പറവു എന്നു മുൻകൂട്ടി വിചാരപ്പെടരുതു. ആ നാഴികയിൽ തന്നേ നിങ്ങൾക്കു എന്തു തരപ്പെടുന്നുവോ അതു പറവിൻ; എന്തുകൊണ്ടെന്നാൽ പറയുന്നതു നിങ്ങൾ അല്ല, പരിശുദ്ധാത്മാവത്രേ.

൧൨ സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന്നായി ഏല്പിക്കും; മക്കളും അമ്മയപ്പന്മാരുടെ നേരെ എഴുനീററു അവരെ കൊല്ലിക്കും.

൧൩ എന്റെ നാമം നിമിത്തം നിങ്ങൾ എല്ലാവരാലും പകെക്കപ്പെട്ടവരാകും; അവസാനം വരെ നിലനില്ക്കുന്നവൻ രക്ഷിക്കപ്പെടും താനും.

൧൪ ¶ എന്നാൽ പാഴാക്കുന്നതിന്റെ അറെപ്പു നില്ക്കരുതാത്ത സ്ഥലത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ,—വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ—അന്നു യഹൂദിയദേശത്തിൽ ഉള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ.

൧൫ വീട്ടിന്മേൽ ഇരിക്കുന്നവൻ അകത്തേക്കു ഇറങ്ങിപ്പോകയോ തന്റെ വീട്ടിൽനിന്നു വല്ലതും എടുപ്പാൻ പ്രവേശിക്കയോ അരുതു.

൧൬ വയലിൽ ഇരിക്കുന്നവൻ തന്റെ വസ്ത്രം എടുപ്പാൻ പിറകോട്ടു തിരിയരുതു.

൧൭ ആ നാളുകളിൽ ഗൎഭിണികൾക്കും മുല കുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം!

൧൮ എന്നാൽ അതു ശീതകാലത്തിൽ സംഭവിക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ.

൧൯ എന്തുകൊണ്ടെന്നാൽ ആ നാളുകൾ ദൈവം സൃഷ്ടിച്ച സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നേവരെ ഭവിച്ചിട്ടില്ലാത്തതും ഇനിമേൽ ഭവിക്കാത്തതും ആയുള്ള സങ്കടം ആകും.

൨൦ കൎത്താവു ആ നാളുകളെ ചുരുക്കീട്ടില്ല എങ്കിൽ ഒരു ജഡവും രക്ഷപെടുകയില്ല. എന്നാൽ താൻ തെരിഞ്ഞെടുത്തവരായ തന്റെ വൃതന്മാരുടെ നിമിത്തം ആ നാളുകളെ ചുരുക്കിയിരിക്കുന്നു.

൨൧ അപ്പോൾ ആരെങ്കിലും നിങ്ങളോടു: ഇതാ ക്രിസ്തു ഇവിടെ എന്നും അതാ അവിടെ എന്നും പറഞ്ഞാൽ വിശ്വസിക്കരുതു.

൨൨ എന്തുകൊണ്ടെന്നാൽ കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുനീററു, കഴിയും എങ്കിൽ തെരിഞ്ഞെടുക്കപ്പെട്ടവരെയും തെററിച്ചുകളവാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.

൨൩ നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ; ഇതാ ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ.

൨൪ ¶ എങ്കിലോ ആ നാളുകളിലേ സങ്കടത്തിന്റെ ശേഷം സൂൎയ്യൻ ഇരുണ്ടുപോകയും ചന്ദ്രൻ തന്റെ പ്രകാശം കൊടുക്കാതിരിക്കയും,

൨൫ ആകാശത്തിൽനിന്നു നക്ഷത്രങ്ങൾ വീണു വീണിരിക്കയും ആകാശത്തിലേ സൈന്യങ്ങൾ കുലുങ്ങിപ്പോകയും ചെയ്യും.

൨൬ അപ്പോൾ മനുഷ്യപുത്രൻ വലിയ

ശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നതു അവർ കാണും.

൨൭ അന്നു അവൻ തന്റെ ദൂതന്മാരെ അയച്ചു, തന്റെ തെരിഞ്ഞെടുക്കപ്പെട്ടവരെ ഭൂമിയുടെ അറുതിമുതൽ ആകാശത്തിന്റെ അറുതിവരെയും നാലു കാറ്റുകളിൽനിന്നും കൂട്ടിച്ചേൎക്കും.

൨൮ ¶ എന്നാൽ അത്തിയിൽനിന്നു ഉപമയെ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇലകളെ തളിൎപ്പിക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ.

൨൯ അപ്രകാരം നിങ്ങളും ഇവ സംഭവിക്കുന്നതു കാണുമ്പോൾ അടുക്കെ വാതില്ക്കൽ തന്നേ ആകുന്നു എന്നു അറിവിൻ.

൩൦ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഇവ ഒക്കെയും സംഭവിക്കുവോളത്തിന്നു ഈ തലമുറ ഒഴിഞ്ഞുപോകയില്ല.

൩൧ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എങ്കിലും എന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ല.

൩൨ ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വൎഗ്ഗത്തിലേ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.

൩൩ ആ സമയം എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ, ഉണൎന്നും പ്രാൎത്ഥിച്ചുംകൊണ്ടിരിപ്പിൻ.

൩൪ പരദേശത്തു പോകുന്ന മനുഷ്യൻ തന്റെ വീടു വിട്ടു ദാസന്മാൎക്കു അധികാരവും അവനവന്നു തന്റെ തന്റെ വേലയും കൊടുത്തിട്ടു, വാതിൽ കാവല്ക്കാരനോടു ഉണൎന്നിരിപ്പാൻ കല്പിക്കയും ചെയ്തതുപോലെ തന്നേ.

൩൫ നിങ്ങളും വീട്ടുടയവൻ എപ്പോൾ വരും സന്ധ്യെക്കോ പാതിരാത്രിക്കോ പൂവങ്കോഴി കൂകുന്ന നേരത്തോ രാവിലേയോ എന്നു അറിയായ്കകൊണ്ടു,

൩൬ അവൻ പെട്ടെന്നു വന്നു, നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന്നു ഉണൎന്നിരിപ്പിൻ.

൩൭ ഞാൻ നിങ്ങളോടു പറയുന്നതോ എല്ലാവരോടും പറയുന്നു: ഉണൎന്നിരിപ്പിൻ.

൧൪ാം അദ്ധ്യായം.

രണ്ടു നാൾ കഴിഞ്ഞശേഷം പെസഹയുടെയും പുളിപ്പില്ലാത്ത അപ്പങ്ങളുടെയും ഉത്സവം ആയിരുന്നു. അപ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രികളും അവനെ ഉപായത്താൽ പിടിച്ചു കൊല്ലുവാൻ വഴി അന്വേഷിച്ചു.

൨ എന്നുകൊണ്ടെന്നാൽ ജനത്തിൽ കലഹം ഉണ്ടാകായ്വാൻ ഉത്സവത്തിൽ അരുതു എന്നു അവർ പറഞ്ഞു.

൩ ¶ അവൻ ബെഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ ഭക്ഷണത്തിന്നു ഇരിക്കുമ്പോൾ ഒരു സ്ത്രീ ഒരു വെങ്കൽഭരണി വിലയേറിയ സ്വച്ഛജടാമാംസി തൈലവുമായി വന്നു, ഭരണി പൊട്ടിച്ചു അവന്റെ തലയിൽ ഒഴിച്ചു.

൪ അവിടെ ചിലർ: തൈലത്തിന്റെ ഈ വെറുംചെലവു എന്തിന്നു?

൫ ഇതു മുന്നൂററിൽ അധികം ദ്രമ്മപ്പണത്തിന്നു വിററു ദരിദ്രൎക്കു കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ, എന്നിങ്ങനെ ഉള്ളിൽ നീരസപ്പെട്ടു അവളുടെ നേരെ പരിഭവിച്ചു.

൬ എന്നാറെ യേശു: ഇവളെ വിടുവിൻ, അവളെ അസഹ്യപ്പെടുത്തുന്നതു എന്തു? അവൾ എന്നിൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു.

൭ എന്നുകൊണ്ടെന്നാൽ ദരിദ്രർ നിങ്ങൾക്കു എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ; ഇച്ശിക്കുമ്പോൾ അവൎക്കു നന്മ ചെയ്വാൻ നിങ്ങൾക്കു കഴിയും; ഞാനോ എല്ലായ്പോഴും നിങ്ങളോടുകൂടെ ഇരിക്കയില്ല.

൮ ഇവൾ തന്നാൽ ആവതു ചെയ്തു; കല്ലറയിലേ അടക്കത്തിന്നായി എന്റെ ദേഹത്തിന്നു മുമ്പുകൂട്ടി തൈലം തേച്ചു.

൯ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: സുവിശേഷം ലോകത്തിൽ ഒക്കെയും എവിടെ എല്ലാം പ്രസംഗിക്കപ്പെടുമോ അവിടെ ഇവൾ ചെയ്തതും ഇവളുടെ ഓൎമ്മെക്കായി പറയപ്പെടും.

൧൦ ¶ പിന്നെ പന്തിരുവരിൽ ഒരു

ത്തനായി ഇഷ്കൎയ്യോത്താവായ യൂദാ അവനെ മഹാപുരോഹിതന്മാൎക്ക് കാണിച്ചുകൊടുക്കേണ്ടതിന്നു അവരുടെ അടുക്കലേക്കു ചെന്നു.

൧൧ അവർ അതു കേട്ടു സന്തോഷിച്ചു അവന്നു ദ്രവ്യം കൊടുക്കാം എന്നു വാഗ്ദത്തം ചെയ്തു; അവനും തക്കത്തിൽ അവനെ എങ്ങനെ കാണിച്ചുകൊടുക്കാം എന്നു അന്വേഷിച്ചുകൊണ്ടിരുന്നു.

൧൨ ¶ പെസഹബലി കഴിക്കുന്നതായ പുളിപ്പില്ലാത്തതിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ അവനോടു: നീ പെസഹ ഭക്ഷിക്കേണ്ടതിന്നു ഞങ്ങൾ എവിടെ ഒരുക്കേണം എന്നു പറയുന്നു.

൧൩ അപ്പോൾ അവൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ചു: നിങ്ങൾ പട്ടണത്തിൽ ചെല്ലുവിൻ; അവിടെ ഒരു കുടം വെള്ളം ചുമന്നുകൊണ്ടു ഒരു മനുഷ്യൻ നിങ്ങളെ എതിൎപെടും.

൧൪ അവന്റെ പിന്നാലെ ചെന്നു, അവൻ പ്രവേശിക്കുന്നെടത്തു ആ വീട്ടുടയവനോടു: ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ ഭക്ഷിപ്പാനുള്ള ശാല എവിടെ? എന്നു ഗുരു പറയുന്നു എന്നു ചൊല്ലുവിൻ.

൧൫ എന്നാൽ അവൻ വിരിച്ചൊരുക്കിയ ഒരു വന്മാളിക നിങ്ങൾക്കു കാണിക്കും; അവിടെ നമുക്കായി ഒരുക്കുവിൻ എന്നു പറഞ്ഞു.

൧൬ ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്നു അവൻ തങ്ങളോടു പറഞ്ഞപ്രകാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു.

൧൭ ¶ സന്ധ്യയായപ്പോൾ അവൻ പന്തിരുവരോടും കൂടെ വരുന്നു.

൧൮ അവർ ഇരുന്നു ഭക്ഷിക്കുമ്പോൾ യേശു പറഞ്ഞു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുവൻ, എന്നോടുകൂടെ ഭക്ഷിക്കുന്നവൻ തന്നേ, എന്നെ കാണിച്ചുകൊടുക്കും.

൧൯ അവർ ദുഃഖിച്ചു: അതു പക്ഷേ ഞാനോ? എന്നു ഓരോരുത്തനായി അവനോടു പറഞ്ഞു തുടങ്ങി.

൨൦ അവൻ അവരോടു പറഞ്ഞു: പന്തിരുവരിൽ ഒരുവൻ, എന്നോടുകൂടെ താലത്തിൽ കൈ മുക്കുന്നവൻ തന്നേ.

൨൧ മനുഷ്യപുത്രൻ പോകുന്നതു തന്നെക്കുറിച്ചു എഴുതിയിരിക്കുന്നപ്രകാരം തന്നേ ആകുന്നു സത്യം, എന്നാലും മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യന്നു ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു.

൨൨ ¶ അവർ ഭക്ഷിക്കുമ്പോൾ അവൻ അപ്പത്തെ എടുത്തു സ്തോത്രം ചൊല്ലി നുറുക്കി അവൎക്ക് കൊടുത്തു പറഞ്ഞു: വാങ്ങുവിൻ, ഇതു എന്റെ ശരീരം ആകുന്നു.

൨൩ പിന്നെ പാനപാത്രം എടുത്തു വാഴ്ത്തി അവൎക്ക് കൊടുത്തു; എല്ലാവരും അതിൽനിന്നു കുടിച്ചു:

൨൪ ഇതു അനേകൎക്ക് വേണ്ടി ഒഴിക്കപ്പെടുന്നതായി നിയമത്തിനുള്ള എന്റെ രക്തം ആകുന്നു:

൨൫ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: മുന്തിരിവള്ളിയുടെ അനുഭവത്തെ ദൈവരാജ്യത്തിൽ പുതുതായി കുടിക്കും നാൾവരെ ഞാൻ ഇതിൽനിന്നു ഇനി കുടിക്കയില്ല എന്നു അവരോടു പറകയും ചെയ്തു.

൨൬ ¶ പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലീവ്മലെക്കു പുറപ്പെട്ടു പോയി.

൨൭ ¶ യേശു അവരോടു പറഞ്ഞു: നിങ്ങൾ എല്ലാവരും ഇടറിപ്പോകും; എന്തുകൊണ്ടെന്നാൽ: ഞാൻ ഇടയനെ വെട്ടും, ആടുകൾ ചിതറിപ്പോകയും ചെയ്യും എന്നു എഴുതിയിരിക്കുന്നു.

൨൮ എന്നാൽ ഞാൻ ഉയിൎത്തെഴുനീറ്റ ശേഷം നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകും.

൨൯ പത്രൊസ് അവനോടു: എല്ലാവരും ഇടറിയാലും ഞാൻ ഇടറുക ഇല്ല എന്നു പറഞ്ഞു.

൩൦ യേശു അവനോടു: സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു: ഇന്നു ഈ രാത്രിയിൽ തന്നേ കോഴി രണ്ടു വട്ടം കൂകും മുമ്പേ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു പറഞ്ഞു.

൩൧ അവനോ: നിന്നോടു കൂടെ ഞാൻ മരിക്കേണ്ടി വന്നാലും നിന്നെ തള്ളിപ്പറകയില്ല എന്നു അധികമായി പറഞ്ഞു; അപ്രകാരം തന്നേ എല്ലാവരും പറഞ്ഞു.

൩൨ ¶ അവർ ഗതശമന എന്നു പേരുള്ള തോട്ടത്തിൽ വന്നാറെ അവൻ തന്റെ ശിഷ്യന്മാരോടു: ഞാൻ പ്രാൎത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു.

൩൩ പിന്നെ അവൻ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി:

൩൪ എന്റെ ദേഹി മരണത്തോളം അതിദുഃഖപ്പെട്ടിരിക്കുന്നു; ഇവിടെ പാൎത്തു ഉണൎന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു.

൩൫ പിന്നെ അല്പം മുന്നോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാൎത്ഥിച്ചു:

൩൬ അബ്ബാ പിതാവേ, നിന്നാൽ എല്ലാം കഴിയും; ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടേ എന്നു പറഞ്ഞു.

൩൭ പിന്നെ അവൻ വന്നു അവർ ഉറങ്ങുന്നതു കണ്ടു, പത്രൊസിനോടു പറയുന്നു: ശിമോനേ, നീ ഉറങ്ങുന്നുവോ? ഒരു നാഴിക ഉണൎന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലയോ?

൩൮ പരീക്ഷയിൽ അകപ്പെടായ്വാൻ ഉണൎന്നിരുന്നു പ്രാൎത്ഥിപ്പിൻ; ആത്മാവു മനസ്സൊരുക്കമുള്ളതു തന്നേ, ജഡമോ ബലഹീനമത്രേ.

൩൯ അവൻ പിന്നെയും പോയി ആ വാക്കുതന്നേ ചൊല്ലി പ്രാൎത്ഥിച്ചു.

൪൦ മടങ്ങി വന്നാറെ അവരുടെ കണ്ണുകൾക്കു ഭാരമേറിയിരുന്നതുകൊണ്ടു അവർ ഉറങ്ങുന്നതു കണ്ടു; അവർ അവനോടു എന്തു ഉത്തരം പറയേണം എന്നു അറിഞ്ഞതുമില്ല.

൪൧ പിന്നെ അവൻ മൂന്നാമതു വന്നു അവരോടു പറയുന്നു: ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; മതി, നാഴിക വന്നു; ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു.

൪൨ എഴുനീല്പിൻ നാം പോക, ഇതാ എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു.

൪൩ ¶ ഉടനേ അവൻ പറഞ്ഞുകൊണ്ടിരിക്കയിൽ തന്നേ, പന്തിരുവരിൽ ഒരുത്തനായ യൂദാവും അവനോടുകൂടെ മഹാപുരോഹിതന്മാർ, ശാസ്ത്രികൾ, മൂപ്പന്മാർ എന്നവരിൽനിന്നു ഒരു പുരുഷാരവും വാളുകളും വടികളുമായി വന്നു.

൪൪ അവനെ കാണിച്ചുകൊടുത്തവൻ: ഞാൻ ഏവനെ ചുംബിക്കുന്നുവോ അവൻ തന്നേ ആകുന്നു, അവനെ പിടിച്ചു സൂക്ഷ്മത്തോടെ കൊണ്ടുപോകുവിൻ എന്നു അവൎക്കു ഒരു അടയാളം പറഞ്ഞുകൊടുത്തിരുന്നു.

൪൫ പിന്നെ വന്നു ഉടനേ അവന്റെ അടുക്കൽ ചെന്നു: റബ്ബീ എന്നു പറഞ്ഞു അവനെ ചുംബിച്ചു.

൪൬ അവർ അവന്റെമേൽ കൈകളെ വെച്ചു അവനെ പിടിക്കയും ചെയ്തു.

൪൭ അരികേ നില്ക്കുന്നവരിൽ ഒരുവൻ വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാതു അറുത്തു.

൪൮ യേശു അവരോടു പറഞ്ഞു തുടങ്ങിയതു: ഒരു കള്ളന്റെ നേരെ എന്നു പോലെ നിങ്ങൾ എന്നെ പിടിപ്പാൻ വാളുകളും വടികളുമായി പുറപ്പെട്ടുവന്നുവോ?

൪൯ ഞാൻ ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടു ഇരുന്നു, നിങ്ങൾ എന്നെ പിടിച്ചില്ല; എങ്കിലും തിരുവെഴുത്തുകൾക്കു നിവൃത്തി വരേണ്ടതിന്നു ഇങ്ങനെ സംഭവിക്കുന്നു.

൫൦ അപ്പോൾ എല്ലാവരും അവനെ വിട്ടു ഓടിപ്പോയി.

൫൧ ¶ ഒരു ബാല്യക്കാരൻ വെറും ശരീരത്തിന്മേൽ പുതപ്പു പുതച്ചുംകൊണ്ടു അവനെ അനുഗമിച്ചു; ആയവനെ അവർ പിടിക്കൂടി.

൫൨ എന്നാൽ അവൻ പുതപ്പു വിട്ടു നഗ്നനായി ഓടിപ്പോകയും ചെയ്തു.

൫൩ ¶ അവർ യേശുവിനെ മഹാപുരോഹിതന്റെ അടുക്കൽ കൊണ്ടുപോയി. അവന്റെ അടുക്കൽ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രികളും എല്ലാവരും വന്നുകൂടിയിരുന്നു.

൫൪ പത്രൊസ് മഹാപുരോഹിതന്റെ അരമനെക്കകത്തോളവും അവനെ ദൂരവേ പിൻ ചെന്നു; ഭൃത്യന്മാരോടു ചേൎന്നു തീ കാഞ്ഞുകൊണ്ടിരുന്നു.

൫൫ മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിന്നു അവന്റെ നേരെ സാക്ഷ്യം അന്വേഷിച്ചു, കണ്ടില്ല താനും.

൫൬ അനേകർ അവന്റെ നേരെ കള്ളസ്സാക്ഷ്യം പറഞ്ഞിട്ടും സാക്ഷ്യങ്ങൾ ഒത്തുവന്നില്ല.

൫൭ ചിലർ എഴുനീറ്റു അവന്റെ നേരെ കള്ളസ്സാക്ഷ്യമായി പറഞ്ഞതു:

൫൮ കൈപ്പണിയായ ഈ ദൈവമന്ദിരത്തെ ഞാൻ പൊളിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാത്ത മറ്റൊന്നിനെ പണിയും എന്നു ഇവൻ പറഞ്ഞതു ഞങ്ങൾ കേട്ടു.

൫൯ എന്നിട്ടും അവരുടെ സാക്ഷ്യം ഒത്തുവന്നില്ല.

൬൦ എന്നാറെ മഹാപുരോഹിതൻ നടുവിൽ നിന്നുകൊണ്ടു യേശുവിനോടു: നീ ഒന്നും ഉത്തരം പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നതു എന്തു എന്നു ചോദിച്ചു.

൬൧ എന്നാൽ അവൻ മിണ്ടാതെയും ഉത്തരം പറയാതെയും ഇരുന്നു; മഹാപുരോഹിതൻ പിന്നെയും അവനോടു: നീ വാഴ്ത്തപ്പെട്ടവന്റെ പുത്രനായ ക്രിസ്തു ആകുന്നുവോ? എന്നു ചോദിച്ചു.

൬൨ ഞാൻ ആകുന്നു; മനുഷ്യപുത്രൻ സൎവ്വശക്തിയുടെ വലഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും എന്നു യേശു പറഞ്ഞു.

൬൩ അപ്പോൾ മഹാപുരോഹിതൻ തന്റെ വസ്ത്രങ്ങളെ കീറിക്കൊണ്ടു പറഞ്ഞു: ഇനി സാക്ഷികളെ കൊണ്ടു നമുക്കു എന്തു ആവശ്യം?

൬൪ ദൈവദൂഷണത്തെ നിങ്ങൾ കേട്ടുവല്ലോ; നിങ്ങൾക്കു എന്തു തോന്നുന്നു? അപ്പോൾ എല്ലാവരും അവനെ മരണയോഗ്യൻ എന്നു വിധിച്ചു.

൬൫ ചിലർ അവനെ തുപ്പുകയും അവന്റെ മുഖം മൂടി അവനെ മുഷ്ടികൊണ്ടു കുത്തുകയും പ്രവചിക്ക എന്നു അവനോടു പറകയും ചെയ്തുതുടങ്ങി; ചേവകർ അവനെ അടിച്ചുംകൊണ്ടു കയ്യേറ്റു.

൬൬ ¶ പത്രൊസ് താഴെ നടുമുറ്റത്തു ഇരിക്കുമ്പോൾ മഹാപുരോഹിതന്റെ ബാല്യക്കാരത്തികളിൽ ഒരുത്തി വന്നു.

൬൭ പത്രൊസ് തീ കായുന്നതു കണ്ടു അവനെ നോക്കിക്കൊണ്ടു: നീയും ആ നസറായനായ യേശുവിനോടുകൂടെ ആയിരുന്നു എന്നു പറയുന്നു.

൬൮ നീ പറയുന്നതു തിരിയുന്നില്ല ബോധ്യമാകുന്നതുമില്ല എന്നു ചൊല്ലി അവൻ തള്ളിപ്പറഞ്ഞു; പടിപ്പുരയിലേക്കു പുറപ്പെട്ടപ്പോൾ കോഴി കൂകി.

൬൯ ആ ബാല്യക്കാരത്തി അവനെ പിന്നെയും കണ്ടു, സമീപത്തു നില്ക്കുന്നവരോടു: ഇവൻ ആ കൂട്ടരിൽ ഉള്ളവൻ തന്നേ എന്നു പറഞ്ഞു തുടങ്ങി.

൭൦ അവൻ പിന്നെയും തള്ളിപ്പറഞ്ഞു. കുറയ നേരം കഴിഞ്ഞിട്ടു അരികേ നിന്നവർ പത്രൊസിനോടു: നീ ആ കൂട്ടരിൽ ഉള്ളവൻ ആകുന്നു സത്യം; നീ ഗലീലക്കാരനല്ലയോ? എന്നു പറഞ്ഞു:

൭൧ നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ പ്രാകുവാനും ആണയിടുവാനും തുടങ്ങി.

൭൨ ഉടനേ കോഴി രണ്ടാമതും കൂകി; കോഴി രണ്ടു വട്ടം കൂകും മുമ്പേ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു യേശു തന്നോടു പറഞ്ഞ മൊഴി പത്രൊസ് ഓൎത്തു അതിനെ കുറിച്ചു നിരൂപിച്ചുകൊണ്ടു കരകയും ചെയ്തു.

൧൫ാം അദ്ധ്യായം.

ഉടനെ അതികാലത്തു തന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രികളുമായി ന്യായാധിപസംഘം ഒക്കെയും കൂടി ആലോചിച്ചു, യേശുവിനെ കെട്ടി കൊണ്ടുപോയി പിലാത്തോസിനെ ഏല്പിച്ചു.

൨ പിലാത്തോസ് അവനോടു: നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്നു: നീ പറയുന്നുവല്ലോ എന്നു അവൻ ഉത്തരം പറഞ്ഞു.

൩ മഹാപുരോഹിതന്മാർ അവനെ ഏറിയൊന്നു കുററം ചുമത്തി.

൪ എന്നാൽ പിലാത്തോസ് പിന്നെയും അവനോടു ചോദിച്ചു: നീ ഒരുത്തരവും പറയുന്നില്ലയോ? ഇതാ, ഇവർ നിന്നെ എന്തെല്ലാം കുററം ചുമത്തുന്നു എന്നു പറഞ്ഞു.

൫ യേശു പിന്നെയും ഉത്തരം ഒന്നും പറയായ്കയാൽ പിലാത്തോസ് ആശ്ചൎയ്യപ്പെട്ടു.

൬ ¶ അവൻ ഉത്സവംതോറും അവർ ചോദിക്കുന്ന ഒരു തടവുകാരനെ അവൎക്കു വിട്ടുകൊടുക്ക പതിവായിരുന്നു.

൭ എന്നാൽ ഒരു കലഹത്തിൽ കുല ചെയ്തവരായ കലഹക്കാരോടുകൂടെ ബന്ധിക്കപ്പെട്ടിരുന്ന ബറബ്ബാസ് എന്നു പേരുള്ള ഒരുത്തൻ ഉണ്ടായിരുന്നു.

൮ പിന്നെ പുരുഷാരം കയറി വന്നു, അവൻ തങ്ങൾക്കു ചെയ്തുവരുന്ന പതിവു പോലെ ചെയ്യേണം എന്നു അപേക്ഷിച്ചു തുടങ്ങി.

൯ പിലാത്തോസ് അവരോടു ഉത്തരം പറഞ്ഞു: യഹൂദന്മാരുടെ രാജാവിനെ നിങ്ങൾക്കു വിട്ടുതരേണം എന്നു ഇച്ഛിക്കുന്നുവോ?

൰ എന്തുകൊണ്ടെന്നാൽ മഹാപുരോഹിതന്മാർ അവനെ അസൂയകൊണ്ടു ഏല്പിച്ചു എന്നു അവൻ അറിഞ്ഞു.

൰൧ എന്നാൽ അവൻ ബറബ്ബാസിനെ അവൎക്കു വിട്ടുകൊടുക്കേണ്ടതിന്നു മഹാപുരോഹിതന്മാർ പുരുഷാരത്തെ ഇളക്കിക്കൊണ്ടിരുന്നു.

൰൨ പിന്നെയും പിലാത്തോസ് അവരോടു ഉത്തരം പറഞ്ഞതു: എന്നാൽ* യഹൂദന്മാരുടെ രാജാവു എന്നു നിങ്ങൾ പറയുന്നവനെ ഞാൻ എന്തു ചെയ്യേണം?

൰൩ അവനെ ക്രൂശിക്ക എന്നു അവർ വീണ്ടും നിലവിളിച്ചു.

൰൪ പിലാത്തോസ് അവരോടു: അവൻ എന്തു ദോഷം ചെയ്തു എന്നു പറഞ്ഞാറെ, അവനെ ക്രൂശിക്ക എന്നു അധികമായി നിലവിളിച്ചു.

൰൫ പിലാത്തോസ് പുരുഷാരത്തിന്നു തൃപ്തി വരുത്തുവാൻ ഇച്ഛിച്ചു ബറബ്ബാസിനെ അവൎക്കു വിട്ടുകൊടുത്തു യേശുവിനെ ചമ്മട്ടികൊണ്ടു അടിപ്പിച്ചു ക്രൂശിപ്പാൻ ഏല്പിക്കയും ചെയ്തു.

൰൬ ¶ പടയാളികൾ അവനെ ആസ്ഥാനം ആകുന്ന മണ്ഡപത്തിന്നകത്തു കൊണ്ടുപോയി പട്ടാളത്തെ എല്ലാം വിളിച്ചു കൂട്ടി.

൰൭ അവനെ രക്താംബരം ഉടുപ്പിച്ചു മുള്ളുകൊണ്ടു ഒരു കിരീടവും മെടഞ്ഞിട്ടു അവനെ ധരിപ്പിച്ചു.

൰൮ യഹൂദന്മാരുടെ രാജാവേ, വാഴ്ക എന്നു വന്ദിച്ചു തുടങ്ങി.

൰൯ കോൽകൊണ്ടു അവന്റെ തലയിൽ അടിച്ചു, അവനെ തുപ്പി, മുട്ടുകുത്തി അവനെ നമസ്കരിക്കയും ചെയ്തു.

൨൰ അവനെ പരിഹസിച്ചശേഷം അവർ രക്താംബരം നീക്കി സ്വന്തവസ്ത്രങ്ങൾ ഉടുപ്പിച്ചു അവനെ ക്രൂശിപ്പാൻ കൊണ്ടുപോയി.

൨൰൧ ¶ ആലക്സന്തരിന്റെയും രൂഫോസിന്റെയും അപ്പനായി കുറേനക്കാരനായ ശിമോൻ നാട്ടിൽനിന്നു വന്നു കടന്നുപോകുമ്പോൾ അവന്റെ ക്രൂശിനെ ചുമപ്പാൻ അവർ അവനെ നിൎബ്ബന്ധിച്ചു.

൨൰൨ അവനെ തലയോടിടം എന്നൎത്ഥമുള്ള ഗോല്ഗോത്താ എന്ന സ്ഥലത്തേക്കു കൊണ്ടുപോയി.

൨൰൩ കണ്ടിവെണ്ണ കലൎത്തിയ വീഞ്ഞു അവന്നു കൊടുത്തു; എന്നാൽ അവൻ വാങ്ങിയില്ല.

൨൰൪ അവനെ ക്രൂശിച്ച ശേഷം അവന്റെ വസ്ത്രങ്ങളിൽ ഇന്നവൻ ഇന്നതു എ

ട്ടുകേണ്ടതു എന്നു ചീട്ടിട്ടു പകുതി ചെ
യ്തു.
൨൫ മൂന്നാം മണിനേരമായപ്പോൾ
അവനെ ക്രൂശിച്ചു.
൨൬ അവന്റെ കുറ്റത്തിന്റെ സം
ഗതിയായി: യഹൂദന്മാരുടെ രാജാവു എ
ന്നതു മീതെ എഴുതിയിരുന്നു.
൨൭ അവനോടുകൂടെ അവർ രണ്ടു
കള്ളന്മാരെ ഒരുത്തനെ വലത്തും ഒരുത്ത
നെ ഇടത്തുമായി ക്രൂശിച്ചു.
൨൮ [അധൎമ്മികളോടു കൂടെ എണ്ണ
പ്പെട്ടു എന്നുള്ള തിരുവെഴുത്തു നിവൃത്തി
യാകയും ചെയ്തു.*]
൨൯ കടന്നുപോകുന്നവർ തങ്ങളുടെ
തലകളെ കുലുക്കിക്കൊണ്ടു: ഹാ, ഹാ,
ദൈവമന്ദിരത്തെ പൊളിച്ചു മൂന്നുനാളു
കൊണ്ടു പണിയുന്നവനേ,
൩൦ നിന്നെത്തന്നേ രക്ഷിച്ചു ക്രൂശിൽ
നിന്നു ഇറങ്ങിവാ എന്നു പറഞ്ഞു അവ
നെ ദുഷിച്ചു.
൩൧ അപ്രകാരം തന്നേ മഹാപുരോ
ഹിതന്മാരും മൂപ്പന്മാരോടു കൂടെ അവനെ
പരിഹസിച്ചു: ഇവൻ മറ്റുള്ളവരെ ര
ക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ വഹിയാ.
൩൨ നാം കണ്ടു വിശ്വസിക്കേണ്ടതി
ന്നു ക്രിസ്തു എന്ന ഇസ്രയേൽ രാജാവു ഇ
പ്പോൾ ക്രൂശിൽനിന്നു ഇറങ്ങി വരട്ടെ എ
ന്നു തങ്ങളിൽ പറഞ്ഞു; അവനോടുകൂടെ
ക്രൂശിക്കപ്പെട്ടവരും അവനെ പഴിച്ചു.
൩൩ ¶ ആറാം മണിനേരമായപ്പോ
ൾ ഒമ്പതാം മണിനേരത്തോളം ദേശത്തി
ൽ എല്ലാം ഇരുട്ടു ഉണ്ടായി.
൩൪ ഒമ്പതാം മണിനേരത്തു യേശു:
എന്റെ ദൈവമേ, എന്റെ ദൈവമേ,
നീ എന്നെ കൈവിട്ടതു എന്തു എന്നു അ
ൎത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശ
ബക്താനി? എന്നു മഹാശബ്ദത്തോടെ നി
ലവിളിച്ചു.
൩൫ അരികേ നിന്നവരിൽ ചിലർ
കേട്ടിട്ടു: ഇതാ, അവൻ എലീയാവെ വി
ളിക്കുന്നു എന്നു പറഞ്ഞു.

* ചില പുരാതനലിഖിതങ്ങളിൽ ൨൮ാം
വാക്യം ഇല്ല.

൩൬ ഒരുത്തൻ ഓടി ഒരു സ്പോങ്ങിൽ
പുളിച്ച വീഞ്ഞു നിറെച്ചു ഒരു ഓടക്കോ
ലിന്മേലാക്കി: നില്പിൻ, എലീയാ അവ
നെ ഇറക്കുവാൻ വരുമോ എന്നു നമുക്കു
കാണാം എന്നു പറഞ്ഞു അവന്നു കുടിപ്പാ
ൻ കൊടുത്തു.
൩൭ യേശു മഹാശബ്ദം ഇട്ടു പ്രാണ
നെ വിടുകയും ചെയ്തു.
൩൮ ഉടനേ ദൈവമന്ദിരത്തിലെ
തിരശ്ശീല മേലിൽനിന്നു അടിയോളവും
രണ്ടായി ചീന്തിപ്പോയി.
൩൯ അവന്റെ എതിരേ നിന്നിരു
ന്ന ശതാധിപൻ അവൻ ഇങ്ങനെ പ്രാ
ണനെ വിട്ടതു കണ്ടിട്ടു; ഈ മനുഷ്യൻ
ദൈവപുത്രൻ ആയിരുന്നു സത്യം എന്നു
പറഞ്ഞു.
൪൦ സ്ത്രീകളും ദൂരത്തുനിന്നു നോക്കി
ക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി
മറിയയും ചെറിയ യാക്കോബിന്റെയും
യോസെയുടെയും അമ്മ മറിയയും ശ
ലോമയും ഉണ്ടായിരുന്നു.
൪൧ അവൻ ഗലീലയിൽ ഇരിക്കുമ്പോ
ൾ ഇവർ അവനെ അനുഗമിച്ചും ശുശ്രൂ
ഷിച്ചും കൊണ്ടിരുന്നു; അവനോടുകൂടെ
യരുശലേമിലേക്കു കരേറി വന്ന മറ്റു
അനേകം സ്ത്രീകളും ഉണ്ടായിരുന്നു.
൪൨ ¶ വൈകുന്നേരമായപ്പോൾ ശ
ബ്ബത്തിൻ തലനാളായ ഒരുക്കദിവസം ആ
കകൊണ്ടു,
൪൩ ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യ
ത്തെ കാത്തിരുന്നവനുമായ അരിമത്ഥ്യയി
ലേ യോസേഫ് വന്നു, പിലാത്തോസി
ന്റെ അടുക്കൽ ധൈൎയ്യത്തോടെ കടന്നു
ചെന്നു, യേശുവിന്റെ ശരീരം ചോദി
ച്ചു.
൪൪ അവൻ മരിച്ചുകഴിഞ്ഞുവോ എ
ന്നു പിലാത്തോസ് ആശ്ചൎയ്യപ്പെട്ടു ശതാ
ധിപനെ വിളിച്ചു: അവൻ മരിച്ചിട്ടു
ഒട്ടുനേരമായോ എന്നു ചോദിച്ചു,
൪൫ ശതാധിപനോടു വസ്തുത അറി
ഞ്ഞിട്ടു ഉടൽ യോസേഫിന്നു നല്കി.
൪൬ അവൻ ഒരു ശീല വാങ്ങീട്ടു അ
വനെ ഇറക്കി ശീലയിൽ ചുറ്റി പൊതി
ഞ്ഞു, പാറയിൽ വെട്ടീട്ടുള്ള കല്ലറയിൽ

വെച്ചു, കല്ലറവാതില്ക്കൽ ഒരു കല്ലു ഉരുട്ടി വെക്കയും ചെയ്തു.

൪൭ അവൻ വെക്കപ്പെട്ട ഇടം മഗ്ദലക്കാരത്തി മറിയയും യോസെയുടെ അമ്മ മറിയയും നോക്കിക്കണ്ടു.

൧൬ാം അദ്ധ്യായം.

ശബ്ബത്ത കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്നു അവനെ ലേപനം ചെയ്യേണ്ടതിന്നു സുഗന്ധവൎഗ്ഗങ്ങളെ വാങ്ങി.

൨ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്തു സൂൎയ്യൻ ഉദിച്ചപ്പോൾ അവർ കല്ലറെക്കൽ വന്നു:

൩ കല്ലറയുടെ വാതില്ക്കൽനിന്നു നമുക്ക വേണ്ടി ആർ കല്ലു ഉരുട്ടിക്കളയും എന്നു തങ്ങളിൽ പറഞ്ഞു.

൪ അവർ നോക്കിയാറെ കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു; അതു ഏററവും വലുതായിരുന്നു.

൫ അവർ കല്ലറെക്കകത്തു കടന്നപ്പോൾ വെള്ളനിലയങ്കി ഉടുത്ത ഒരു ബാല്യക്കാരൻ വലത്തുഭാഗത്തു ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.

൬ അവരോടു അവൻ പറയുന്നു: ഭ്രമിക്കേണ്ടാ, ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയിൎത്തെഴുനീററു, ഇവിടെ ഇല്ല; ഇതാ അവനെ വെച്ച സ്ഥലം.

൭ എന്നാൽ നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും: അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോടു പറഞ്ഞപ്രകാരം അവിടെ നിങ്ങൾ അവനെ കാണും.

൮ എന്നാറെ അവർ കല്ലറയ്ക്കൽനിന്നു പുറപ്പെട്ടു ഓടിപ്പോയി; അവൎക്കു വിറയലും ഭ്രമവും പിടിച്ചു; അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞതുമില്ല.

൯ ¶ എന്നാൽ അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ രാവിലേ ഉയിൎത്തെഴുനീററിട്ടു താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയെക്കു മുമ്പേ പ്രത്യക്ഷനായി.

൧൦ അവൾ ചെന്നു അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞുംകൊണ്ടിരിക്കുന്നവരോടു അറിയിച്ചു.

൧൧ അവൻ ജീവനോടിരിക്കുന്നു എന്നും ഇവളാൽ കാണപ്പെട്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല.

൧൨ ¶ പിന്നെ അവരിൽനിന്നു രണ്ടുപേർ നാട്ടിലേക്കു നടന്നുപോകുമ്പോൾ മറെറാരു രൂപത്തിൽ അവൻ അവൎക്കു പ്രത്യക്ഷനായി.

൧൩ ആയവർ പോയി ശേഷമുള്ളവരോടു അറിയിച്ചു; അവരെയും അവർ വിശ്വസിച്ചില്ല.

൧൪ ¶ പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിന്നിരിക്കയിൽ അവൻ അവൎക്കു പ്രത്യക്ഷനായി, തന്നെ ഉയിൎത്തെഴുനീററവനായി കണ്ടവരെ വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിച്ചു.

൧൫ പിന്നെ അവൻ അവരോടു പറഞ്ഞതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിക്കും സുവിശേഷത്തെ പ്രസംഗിപ്പിൻ.

൧൬ വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

൧൭ എന്നാൽ വിശ്വസിച്ചവരെ ഈ അടയാളങ്ങൾ പിന്തുടരും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും.

൧൮ സൎപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കുടിച്ചാലും അവൎക്കു ഹാനി വരികയില്ല, രോഗികളുടെമേൽ കൈകളെ വെക്കും അവർ സൌഖ്യപ്പെടുകയും ചെയ്യും.

൧൯ ¶ ഇങ്ങനെ കൎത്താവായ യേശു

അവരോടു അരുളിച്ചെയ്ത ശേഷം സ്വൎഗ്ഗത്തിലേക്കു എടുക്കപ്പെട്ടു, ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു.

൨൦ അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കൎത്താവു അവരോടുകൂടെ പ്രവൃത്തിച്ചും പിന്തുടരുന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചുംകൊണ്ടിരിക്കയും ചെയ്തു. ആമേൻ.

THE GOSPEL ACCORDING TO LUKE.

ലൂക്കോസ് എഴുതിയ സുവിശേഷം.

൧ാം അദ്ധ്യായം.

ആദിമുതൽ കണ്ട സാക്ഷിക്കാരും വചനത്തിന്റെ ഭൃത്യന്മാരുമായവർ നമ്മെ ഭരമേല്പിച്ചപ്രകാരം,

൨ നമ്മുടെ ഇടയിൽ പൂൎണ്ണമായി പ്രമാണിച്ചുവരുന്ന കാൎയ്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ടു,

൩ ശ്രേഷ്ഠനായ തെയൊഫിലോസേ, നീ ഉപദേശിക്കപ്പെട്ട വചനങ്ങളുടെ നിൎണ്ണയം നീ അറിയേണ്ടതിന്നു

൪ അവയെ ക്രമമായി എഴുതുക നന്നെന്നു ആരംഭം മുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചശേഷം എനിക്കും തോന്നിയിരിക്കുന്നു.

൫ ¶ യഹൂദീയരാജാവായ ഹെരോദാവിന്റെ നാളുകളിൽ അബിയാക്കൂറിൽ സക്കരിയാവു എന്നു പേരുള്ളോരു പുരോഹിതൻ ഉണ്ടായിരുന്നു; അവന്റെ ഭാൎയ്യ അഹറോന്റെ പുത്രിമാരിൽനിന്നു ആയിരുന്നു; എലിശബേത്ത് എന്നു അവളുടെ പേർ.

൬ ഇരുവരും ദൈവമുമ്പാകെ നീതിയുള്ളവരും കൎത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു.

൭ എലിശബേത്ത് മച്ചിയാകകൊണ്ടു അവൎക്കു സന്തതി ഇല്ലാഞ്ഞു. ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു.

൮ ¶ അവൻ തന്റെ കൂറിൻ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി സേവിക്കയിൽ സംഭവിച്ചതു:

൯ അവൻ കൎത്താവിന്റെ മന്ദിരത്തിൽ കടന്നു ചെല്കയിൽ ധൂപം കാട്ടുവാൻ പൌരോഹിത്യമൎയ്യാദപ്രകാരം അവന്നു നറുക്കു വന്നു.

൧൦ ധൂപം കാട്ടുന്ന നാഴികയിൽ ജനക്കൂട്ടം ഒക്കെയും പുറത്തു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

൧൧ അപ്പോൾ കൎത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നവനായിട്ടു അവന്നു പ്രത്യക്ഷനായി.

൧൨ സക്കരിയാവു അവനെ കണ്ടു ഭ്രമിച്ചു അവന്നു ഭയം പിടിക്കയും ചെയ്തു.

൧൩ അവനോടു ദൂതൻ പറഞ്ഞു: സക്കരിയാവേ ഭയപ്പെടേണ്ടാ, നിന്റെ യാചന കേൾക്കപ്പെട്ടു; നിന്റെ ഭാൎയ്യ എലിശബേത്ത് നിനക്കു ഒരു പുത്രനെ പ്രസവിക്കും; അവന്നു യോഹന്നാൻ എന്നു പേർ ഇടേണം.

൧൪ നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും.

൧൫ എന്തുകൊണ്ടെന്നാൽ അവൻ കൎത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും; വീഞ്ഞും മദ്യവും കുടിക്കയില്ല; തന്റെ അമ്മയുടെ ഗൎഭത്തിൽവെച്ചു തന്നേ പരിശുദ്ധാത്മാവുകൊണ്ടു നിറയും.

൰൬ ഇസ്രയേൽ പുത്രന്മാരിൽ പലരെയും അവരുടെ ദൈവമായ കൎത്താവിങ്കലേക്ക അവൻ തിരിക്കയും ചെയ്യും.

൰൭ അവൻ പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിയിച്ചുംകൊണ്ട ഒരുമ്പെട്ടുള്ളോരു ജനത്തെ കൎത്താവിന്ന വേണ്ടി ഒരുക്കുവാൻ അവൻറ മുമ്പാകെ എലീയാവിൻറ ആത്മാവിലും ശക്തിയിലും നടക്കും.

൰൮ സക്കരിയാ ദൂതനോട്ട പറഞ്ഞു: ഇതു ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എൻറ ഭാൎയ്യ വയസ്സു ചെന്നവളും ആകുന്നുവല്ലൊ.

൰൯ ദൂതൻ അവനോട്ട ഉത്തരം പറഞ്ഞതു: ഞാൻ ദൈവമുമ്പിൽ നില്ക്കുന്ന ഗബ്രിയേൽ ആകുന്നു; നിന്നോട്ട സംസാരിപ്പാനും ഇവ നിന്നോട്ട സുവിശേഷിപ്പാനും ഞാൻ അയക്കപ്പെട്ടു.

൨൰ തത്സമയത്തു നിവൃത്തിവരുവാനുള്ള എൻറ ഈ വാക്കുകളെ നീ വിശ്വസിക്കായ്കകൊണ്ട ഇതാ, ഇവ സംഭവിക്കും നാൾ വരെയും നീ സംസാരിപ്പാൻ കഴിയാത്തവനായി മൌനമായി ഇരിക്കും.

൨൰൧ എന്നാൽ ജനം സക്കരിയാവിന്നായി കാത്തിരുന്നു, അവൻ മന്ദിരത്തിൽ താമസിച്ചതിനാൽ ആശ്ചൎയ്യപ്പെട്ടു.

൨൰൨ അവൻ പുറത്തു വന്നാറെ അവരോട്ട സംസാരിപ്പാൻ കഴിഞ്ഞില്ല; അതിനാൽ അവൻ മന്ദിരത്തിൽ ഒരു ദൎശനം കണ്ട എന്ന അവർ അറിഞ്ഞു; അവൻ അവൎക്ക ആംഗ്യം കാട്ടി ഊമനായി പാൎത്തു.

൨൰൩ അവൻറ സേവാദിവസങ്ങൾ തികഞ്ഞശേഷം അവൻ തൻറ ഭവനത്തിലേക്ക പോയി.

൨൰൪ ¶ ആ നാളുകൾക്കു പിമ്പു അവൻറ ഭാൎയ്യ എലിശബേത്ത് ഗൎഭംധരിച്ചു:

൨൰൫ മനുഷ്യരുടെ ഇടയിൽ എൻറ നിന്ദയെ നീക്കുവാൻ കൎത്താവു എന്നെ കടാക്ഷിച്ച നാളുകളിൽ ഇപ്രകാരം എനിക്ക ചെയ്തിരിക്കുന്നു എന്ന പറഞ്ഞു അഞ്ചു മാസം ഒളിച്ചു പാൎത്തു.

൨൰൬ ¶ പിന്നെ ആറാംമാസത്തിൽ ഗബ്രിയേൽദൂതൻ നസറേത്ത് എന്ന ഗലീല പട്ടണത്തിൽ,

൨൰൭ ദാവീദ്ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്ന വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയുടെ അടുക്കലേക്ക ദൈവത്താൽ അയക്കപ്പെട്ടു; ആ കന്യകയുടെ പേർ മറിയ എന്ന ആയിരുന്നു.

൨൰൮ ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപ ലഭിച്ചവളേ, വാഴ്ക, കൎത്താവു നിന്നോടുകൂടെ ഉണ്ട എന്ന പറഞ്ഞു.

൨൰൯ എന്നാൽ അവൾ ആ വചനത്തിങ്കൽ ഭ്രമിച്ചു, ഇതു എങ്ങിനെയുള്ള വന്ദനം എന്ന വിചാരിച്ചു.

൩൰ അപ്പോൾ ദൂതൻ അവളോട്ട പറഞ്ഞു: മറിയേ, ഭയപ്പെടേണ്ടാ, നിനക്ക ദൈവത്തിൽനിന്ന കൃപ ലഭിച്ചു.

൩൰൧ ഇതാ നീ ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും; അവന്നു യേശു എന്ന പേർ വിളിക്കേണം.

൩൰൨ അവൻ വലിയവൻ ആകും; അത്യുന്നതൻറ പുത്രൻ എന്ന വിളിക്കപ്പെടും; കൎത്താവായ ദൈവം അവൻറ പിതാവായ ദാവീദിൻറ സിംഹാസനത്തെ അവന്നു കൊടുക്കും.

൩൰൩ യാക്കോബ്യഗൃഹത്തിന്മേൽ അവൻ എന്നേക്കും വാഴും; അവൻറ രാജ്യത്തിന്നു അവസാനം ഉണ്ടാകയുമില്ല.

൩൰൪ മറിയ ദൂതനോട്ട: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങിനെ ഉണ്ടാകും എന്ന പറഞ്ഞു.

൩൰൫ ദൂതൻ ഉത്തരം പറഞ്ഞതു: പരിശുദ്ധാത്മാവു നിൻറമേൽ വരും, അത്യുന്നതൻറ ശക്തി നിൻറമേൽ നിഴലിക്കും; അതുകൊണ്ട ഉത്ഭവിക്കുന്ന ആ പരിശുദ്ധമായതു ദൈവപുത്രൻ എന്ന വിളിക്കപ്പെടും.

൩൰൬ ഇതാ നിൻറ ചാൎച്ചക്കാരത്തി എലിശബേത്ത് താനും തൻറ വാൎദ്ധക്യത്തിൽ ഒരു പുത്രനെ ഗൎഭം ധരിച്ചു; മച്ചി എന്ന വിളിക്കപ്പെട്ട അവൾക്കു ഇതു ആറാംമാസം ആകുന്നു.

൩൭ ദൈവത്തിൽനിന്നുള്ള ഏതു മൊഴിയും അസാദ്ധ്യമല്ലല്ലോ.

൩൮ എന്നാറെ മറിയ: ഇതാ, ഞാൻ കൎത്താവിന്റെ ദാസി, നിന്റെ മൊഴിപ്രകാരം എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു; ദൈവദൂതൻ അവളെ വിട്ടു പോകയും ചെയ്തു.

൩൯ ¶ ആ നാളുകളിൽ മറിയ എഴുനീറ്റു മലപ്രദേശത്തിലേക്കു ഒരു യഹൂദീയ പട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു,

൪൦ സക്കരിയാവിന്റെ ഭവനത്തിൽ പ്രവേശിച്ചു എലിശബേത്തിനെ വന്ദനം ചെയ്തു.

൪൧ മറിയയുടെ വന്ദനം എലിശബേത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗൎഭത്തിൽ തുള്ളി; എലിശബേത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി,

൪൨ മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു: സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗൎഭഫലവും അനുഗ്രഹിക്കപ്പെട്ടതു.

൪൩ എന്റെ കൎത്താവിന്റെ അമ്മ എന്റെ അടുക്കെ വരുന്നതു എനിക്കു എവിടെനിന്നു?

൪൪ എന്തുകൊണ്ടെന്നാൽ നിന്റെ വന്ദനശബ്ദം എന്റെ ചെവികളിൽ വീണപ്പോൾ ഇതാ, പിള്ള എന്റെ ഗൎഭത്തിൽ ആനന്ദംകൊണ്ടു തുള്ളി.

൪൫ കൎത്താവിൽനിന്നു തന്നോടു പറയപ്പെട്ടവെക്കു നിവൃത്തി ഉണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി.

൪൬ എന്നാറെ മറിയ പറഞ്ഞു: എന്റെ ദേഹി കൎത്താവിനെ മഹിമപ്പെടുത്തുന്നു.

൪൭ എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിച്ചിരിക്കുന്നു.

൪൮ അവൻ തന്റെ ദാസിയുടെ താഴ്ചയെ നോക്കി കണ്ട ഹേതുവാലത്രെ; ഇതാ, ഇതുമുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

൪൯ എന്തുകൊണ്ടെന്നാൽ ശക്തനായവൻ എനിക്കു വലിയവ ചെയ്തു; അവന്റെ നാമം പരിശുദ്ധം.

൫൦ അവന്റെ കരുണ അവനെ ഭയപ്പെടുന്നവരിൽ തലമുറ തലമുറകളോളവും ഇരിക്കുന്നു.

൫൧ തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവൃത്തിച്ചു, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.

൫൨ പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നു ഇറക്കി താണവരെ ഉയൎത്തി.

൫൩ വിശന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞു.

൫൪ നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തപ്രകാരം അബ്രഹാമിലും അവന്റെ സന്തതിയിലും എന്നേക്കും കരുണ ഓൎക്കേണ്ടതിന്നു,

൫൫ തന്റെ ദാസനായ ഇസ്രായേലിനെ തുണെക്കയും ചെയ്തു.

൫൬ ¶ മറിയ ഏകദേശം മൂന്നു മാസം അവളോടുകൂടെ പാൎത്തു, തന്റെ വീട്ടിലേക്കു മടങ്ങിപ്പോയി.

൫൭ ¶ എലിശബേത്തിന്നു പ്രസവിപ്പാനുള്ള കാലം തികഞ്ഞപ്പോൾ അവൾ ഒരു പുത്രനെ പ്രസവിച്ചു.

൫൮ കൎത്താവു അവളിൽ തന്റെ കരുണ മഹിമപ്പെടുത്തി എന്നു അയല്ക്കാരും ചാൎച്ചക്കാരും കേട്ടിട്ടു അവളോടുകൂടെ സന്തോഷിച്ചു.

൫൯ എട്ടാം നാളിൽ സംഭവിച്ചതു: അവർ പൈതലിനെ പരിച്ഛേദന ചെയ്വാൻ വന്നു; അവന്റെ അപ്പന്റെ പേരിൻപ്രകാരം അവന്നു സക്കരിയാ എന്നു പേർ വിളിപ്പാൻ ഭാവിച്ചു.

൬൦ എന്നാറെ അവന്റെ അമ്മ ഉത്തരം പറഞ്ഞതു: അല്ല, അവന്നു യോഹന്നാൻ എന്നു പേരിടേണം.

൬൧ അവർ അവളോടു: നിന്റെ ചാൎച്ചയിൽ ഈ പേരുള്ളവർ ആരും ഇല്ലല്ലോ എന്നു പറഞ്ഞു.

൬൨ പിന്നെ അവന്നു എന്തു പേർ വിളിപ്പാൻ മനസ്സു എന്നു അവന്റെ അപ്പനോടു ആംഗ്യം കാട്ടി.

൬൩ അവൻ ഒരു എഴുത്തുപലക ചോദിച്ചു; അവന്റെ പേർ യോഹന്നാ

ൻ എന്നു എഴുതി; എല്ലാവരും ആശ്ചൎയ്യപ്പെടുകയും ചെയ്തു.

൬൪ തൽക്ഷണം അവന്റെ വായും നാവും തുറക്കപ്പെട്ടു, അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ടു സംസാരിച്ചു.

൬൫ ചുററും വസിക്കുന്നവൎക്ക് എല്ലാം ഭയം ഉണ്ടായി, യഹൂദ്യ മലപ്രദേശത്തെങ്ങും ഈ വാൎത്തകൾ എല്ലാം ശ്രുതിപ്പെടുകയും ചെയ്തു.

൬൬ കേട്ടവർ എല്ലാവരും അതു ഹൃദയത്തിൽ നിക്ഷേപിച്ചു: ഈ പൈതൽ എന്തു ആകും എന്നു പറഞ്ഞു; എന്തുകൊണ്ടെന്നാൽ കൎത്താവിന്റെ കൈ അവനോടുകൂടെ ഉണ്ടായിരുന്നു.

൬൭ ¶ പിന്നെ അവന്റെ പിതാവായ സഖറിയാവു പരിശുദ്ധാത്മാവു നിറഞ്ഞവനായി പ്രവചിച്ചു പറഞ്ഞതു:

൬൮ ഇസ്രയേലിന്റെ ദൈവമായ കൎത്താവു അനുഗ്രഹിക്കപ്പെട്ടവൻ. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ജനത്തെ സന്ദൎശിച്ചു ഉദ്ധാരണം ചെയ്തു,

൬൯ ആദിമുതൽ തന്റെ വിശുദ്ധപ്രവാചകന്മാരുടെ വായികൊണ്ടു അരുളിച്ചെയ്തപ്രകാരം,

൭൦ നമ്മുടെ ശത്രുക്കളിൽനിന്നും നമ്മെ പകെക്കുന്ന സകലരുടെ കൈയ്യിൽനിന്നും നമ്മെ രക്ഷിപ്പാൻ,

൭൧ തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പിനെ ഉയൎത്തുകയും ചെയ്തിരിക്കുന്നു.

൭൨ ആയതു നമ്മുടെ പിതാക്കന്മാരോടു കരുണ പ്രവൃത്തിക്കേണ്ടതിന്നും,

൭൩ നാം നമ്മുടെ ശത്രുക്കളുടെ കൈയ്യിൽനിന്നു രക്ഷിക്കപ്പെട്ടു,

൭൪ നമ്മുടെ നാൾ ഒക്കെയും ഭയം കൂടാതെ തന്റെ മുമ്പാകെ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു നല്കുമെന്നു

൭൫ അവൻ നമ്മുടെ പിതാവായ അബ്രഹാമിനോടു ആണയിട്ട സത്യവും തന്റെ വിശുദ്ധ നിയമവും ഓൎത്തുകൊണ്ടും ആകുന്നു.

൭൬ നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. എന്തുകൊണ്ടെന്നാൽ കൎത്താവിന്റെ വഴികളെ ഒരുക്കുവാനും,

൭൭ നമ്മുടെ ദൈവത്തിന്റെ മനസ്സലിവുകളാൽ അവന്റെ ജനത്തിന്നു പാപമോചനത്തിൽ രക്ഷയുടെ അറിവു കൊടുപ്പാനുമായി നീ അവന്റെ മുഖത്തിന്നു മുമ്പാകെ നടക്കും.

൭൮ ഇരുളിലും മരണനിഴലിലും ഇരിക്കുന്നവൎക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനവഴിയിൽ നടത്തേണ്ടതിന്നു,

൭൯ ആ മനസ്സലിവുകളാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദൎശിച്ചിരിക്കുന്നു.

൮൦ ¶ എന്നാൽ പൈതൽ വളൎന്നു ആത്മാവിൽ ബലപ്പെട്ടു; അവൻ ഇസ്രയേലിന്നു തന്നെത്താൻ കാണിക്കുംനാൾവരെ മരുഭൂമിയിൽ ആയിരുന്നു.

൨ാം അദ്ധ്യായം.

ആ നാളുകളിൽ സംഭവിച്ചതു, ലോകം ഒക്കെയും പേർവഴി ചാൎത്തേണം എന്നു ഔഗുസ്തോസ് കൈസരിൽനിന്നു ഒരു കല്പന പുറപ്പെട്ടു.

൨ കുറെന്യോസ് സുറിയനാടു വാഴുമ്പോൾ ഈ ഒന്നാമത്തെ ചാൎത്തൽ ഉണ്ടായി.

൩ എല്ലാവരും ചാൎത്തപ്പെടേണ്ടതിന്നു അവനവന്റെ നഗരത്തിലേക്കു യാത്രയായി.

൪ അപ്പോൾ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ടു ഗലീലയിൽ നസറേത്ത് എന്ന നഗരത്തെ വിട്ടു,

൫ തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ടു മറിയ എന്ന ഗൎഭിണിയായ ഭാൎയ്യയോടുംകൂടെ ചാൎത്തപ്പെടേണ്ടതിന്നു യഹൂദ്യയിൽ ബെത്ത്ലെഹേം എന്നുള്ള ദാവീദിൻ നഗരത്തിലേക്കു കരേറിപ്പോയി.

൬ അവർ അവിടെ ഇരിക്കുമ്പോൾ അവൾക്കു പ്രസവത്തിന്നുള്ള നാളുകൾ തികഞ്ഞു.

൭ അവൾ തന്റെ ആദ്യജാതനായ പുത്രനെ പ്രസവിച്ചു, ശീലകൾ ചുററി

വഴിയമ്പലത്തിൽ അവൎക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തുകയും ചെയ്തു.

൮ ¶ അന്നു ആ പ്രദേശത്തിൽ ഇടയന്മാർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രിയിൽ കാവൽ കാത്തു വെളിയിൽ പാൎത്തിരുന്നു.

൯ അപ്പോൾ കൎത്താവിന്റെ ദൂതൻ അവരുടെ അരികേ നിന്നു; കൎത്താവിന്റെ തേജസ്സ് അവരെ ചുററി മിന്നി, അവർ മഹാഭയത്തിൽ ആകയും ചെയ്തു.

൰ ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടായ്വിൻ; ഇതാ ജനത്തിന്നു എല്ലാം ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.

൰൧ എന്തുകൊണ്ടെന്നാൽ ഇന്നു കൎത്താവാകുന്ന ക്രിസ്തു എന്ന രക്ഷിതാവു ദാവീദിന്റെ നഗരത്തിൽ നിങ്ങൾക്കായി ജനിച്ചു.

൰൨ ശീലകൾ ചുററീട്ടുള്ളോരു ശിശു പശുത്തൊട്ടിയിൽ കിടക്കുന്നതു നിങ്ങൾ കണ്ടെത്തും; അതു നിങ്ങൾക്കു അടയാളമാകും.

൰൩ പെട്ടെന്നു സ്വൎഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ആ ദൂതനോടു ചേൎന്നു ദൈവത്തെ പുകഴ്ത്തി ചൊല്ലിയതു:

൰൪ അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടാകട്ടെ.

൰൫ ¶ ദൂതന്മാർ അവരെ വിട്ടു സ്വൎഗ്ഗത്തിൽ പോയശേഷം ഇടയന്മാർ: നാം ബെത്ലെഹേമിലോളം പോയി കൎത്താവു നമ്മോടു അറിയിച്ച ഈ ഉണ്ടായ കാൎയ്യം കാണേണം എന്നു തങ്ങളിൽ പറഞ്ഞു.

൰൬ അവർ ബദ്ധപ്പെട്ടു ചെന്നു, മറിയയെയും യോസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടെത്തി.

൰൭ കണ്ടശേഷം ഈ പൈതലിനെ കുറിച്ചു തങ്ങളോടു പറഞ്ഞ മൊഴിയെ അറിയിച്ചു:

൰൮ കേട്ടവർ എല്ലാവരും ഇടയന്മാർ തങ്ങളോടു പറഞ്ഞവയെ കുറിച്ചു ആശ്ചൎയ്യപ്പെട്ടു.

൰൯ മറിയ ഈ വാൎത്തകളെ ഒക്കെയും സംഗ്രഹിച്ചു ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നു.

൨൰ ഇടയന്മാർ തങ്ങളോടു പറയപ്പെട്ടപ്രകാരം കേട്ടതും കണ്ടതുമായ എല്ലാററിനെയും കുറിച്ചു ദൈവത്തെ മഹത്വപ്പെടുത്തിയും പുകഴ്ത്തിയുംകൊണ്ടു മടങ്ങിപ്പോയി.

൨൰൧ ¶ പൈതലിനെ പരിച്ഛേദന ചെയ്വാൻ എട്ടു ദിവസം തികഞ്ഞപ്പോൾ അവൻ ഗൎഭത്തിൽ ഉല്പാദിക്കും മുമ്പേ ദൂതൻ വിളിച്ചപ്രകാരം അവന്നു യേശു എന്നു പേർ വിളിക്കപ്പെട്ടു.

൨൰൨ ¶ മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണദിവസങ്ങൾ തികഞ്ഞപ്പോൾ,

൨൰൩ ഗൎഭപാത്രം തുറക്കുന്ന ആൺ എല്ലാം കൎത്താവിന്നു വിശുദ്ധം എന്നു വിളിക്കപ്പെടേണം എന്നു കൎത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നപ്രകാരം,

൨൰൪ അവനെ കൎത്താവിന്നു അൎപ്പിപ്പാനും ഒരു ഇണ കുറുപ്രാവാകട്ടെ രണ്ടു പ്രാക്കുഞ്ഞുങ്ങൾ ആകട്ടെ, എന്നു കൎത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചപ്രകാരം ബലി കഴിപ്പാനും അവർ അവനെ യരുശലേമിലേക്കു കൊണ്ടുപോയി.

൨൰൫ യരുശലേമിൽ അതാ ശിമ്യോൻ എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു; ഈ മനുഷ്യൻ നീതിമാനും ഇസ്രയേലിന്റെ ആശ്വാസത്തെ കാത്തിരിക്കുന്നവനും ആയിരുന്നു; പരിശുദ്ധാത്മാവും അവന്റെമേൽ ഉണ്ടായിരുന്നു.

൨൰൬ കൎത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പേ മരണം കാണ്കയില്ല എന്നു പരിശുദ്ധാത്മാവിനാൽ അവന്നു അരുളപ്പാടു ഉണ്ടായിരുന്നു.

൨൰൭ അവൻ ആത്മാവിനാൽ ദൈവാലയത്തിലേക്കു വന്നു. യേശു എന്ന പൈതലിന്നു വേണ്ടി ന്യായപ്രമാണത്തിന്റെ മൎയ്യാദപ്രകാരം ചെയ്വാൻ മാതാപിതാക്കന്മാർ അവനെ അകത്തു കൊണ്ടുവന്നപ്പോൾ,

൨൮ അവൻ അതിനെ കൈകളിൽ ഏന്തി ദൈവത്തെ പുകഴ്ത്തികൊണ്ട പറഞ്ഞു:

൨൯ ഇപ്പോൾ നാഥാ, നിന്റെ മൊഴിപ്രകാരം നീ നിന്റെ ദാസനെ സമാധാനത്തോടെ വിട്ടയക്കുന്നു.

൩൦ എന്തുകൊണ്ടെന്നാൽ ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രയേലിന്റെ മഹത്വവുമായിട്ടു,

൩൧ നീ സകലജനങ്ങളുടെയും മുഖത്തിന്നു മുമ്പാകെ ഒരുക്കീട്ടുള്ള

൩൨ നിന്റെ രക്ഷയെ എന്റെ കണ്ണുകൾ കണ്ടുവല്ലോ.

൩൩ ഇങ്ങനെ അവനെ കുറിച്ചു പറയുന്നവയിൽ അവന്റെ അപ്പനും അവന്റെ അമ്മയും ആശ്ചൎയ്യപ്പെട്ടു.

൩൪ പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചു അവന്റെ അമ്മയായ മറിയയോടു പറഞ്ഞു: ഇതാ, അനേകഹൃദയങ്ങളിലേ വിചാരങ്ങൾ വെളിപ്പെടേണ്ടതിന്നു ഇവൻ ഇസ്രയേലിൽ പലരുടെയും വീഴ്ചെക്കും എഴുനീല്പിന്നും മറുത്തുപറയപ്പെടുന്ന അടയാളത്തിന്നുമായി വെക്കപ്പെട്ടിരിക്കുന്നു.

൩൫ നിന്റെ സ്വന്തദേഹിയിൽ കൂടി ഒരു വാൾ കടക്കയും ചെയ്യും.

൩൬ അശേർ ഗോത്രത്തിൽ ഫനുവേലിന്റെ പുത്രിയായ അന്നാ എന്നു ഒരു പ്രവാചകി ഉണ്ടായിരുന്നു; അവൾ തന്റെ കന്യാകാലം മുതൽ ഭൎത്താവിനോടു കൂടെ ഏഴുവൎഷം കഴിച്ചു വളരെ വയസ്സു ചെന്നവളും എണ്പത്തുനാലു വൎഷത്തോളം വിധവയായി,

൩൭ രാവും പകലും ഉപവാസങ്ങളോടും പ്രാൎത്ഥനകളോടുംകൂടെ ആരാധന ചെയ്തുകൊണ്ടു ദൈവാലയത്തെ വിട്ടുപിരിയാതിരുന്നവളും ആയിരുന്നു.

൩൮ ആ നാഴികയിൽ തന്നേ അവളും അടുത്തുനിന്നു ദൈവത്തെ സ്തുതിച്ചു, യരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ചു പറകയും ചെയ്തു.

൩൯ പിന്നെ കൎത്താവിന്റെ ന്യായപ്രമാണത്തിലുള്ളപ്രകാരം എല്ലാം നിവൃത്തിച്ച ശേഷം അവർ ഗലീലയിൽ തങ്ങളുടെ നഗരമായ നസറേത്തിലേക്കു മടങ്ങിപ്പോയി.

൪൦ ¶ പൈതൽ വളൎന്നു ജ്ഞാനത്താൽ നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടുപോന്നു; ദൈവകൃപയും അവന്മേൽ ഇരുന്നു.

൪൧ ¶ അവന്റെ മാതാപിതാക്കന്മാർ ആണ്ടുതോറും പെസഹ പെരുനാളിന്നു യരുശലേമിലേക്കു പോകും.

൪൨ അവന്നു പന്ത്രണ്ടു വയസ്സായപ്പോൾ അവർ പെരുനാളിന്റെ മൎയ്യാദപ്രകാരം കരേറിപ്പോയി.

൪൩ ആ ദിവസങ്ങളെ കഴിച്ചശേഷം മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യരുശലേമിൽ താമസിച്ചു; അവന്റെ മാതാപിതാക്കന്മാർ അറിഞ്ഞതും ഇല്ല.

൪൪ യാത്രക്കൂട്ടത്തിൽ ഉണ്ടായിരിക്കും എന്നു അവർ ഊഹിച്ചിട്ടു ഒരു ദിവസത്തേ വഴി പോന്നു; പിന്നെ അവനെ ബന്ധുക്കളുടെയും അറിമുഖമുള്ളവരുടെയും ഇടയിൽ തിരഞ്ഞു.

൪൫ കാണാഞ്ഞിട്ടു അവനെ അന്വേഷിച്ചുകൊണ്ടു യരുശലേമിലേക്കു തിരിച്ചുപോയി.

൪൬ മൂന്നുനാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെ നടുവിൽ ഇരിക്കുന്നതും അവരിൽനിന്നു കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു.

൪൭ അവന്റെ വാക്കു കേട്ടവൎക്കെല്ലാവൎക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി.

൪൮ അവനെ കണ്ടിട്ടു അവർ അതിശയിച്ചു; അവന്റെ അമ്മ അവനോടു: മകനേ, ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്തു? ഇതാ, നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ടു നിന്നെ തിരഞ്ഞു എന്നു പറഞ്ഞു.

൪൯ അവരോടു അവൻ പറഞ്ഞു: എന്നെ തിരഞ്ഞതു എന്തുകൊണ്ടു? എന്റെ പിതാവിന്നുള്ളവയിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിഞ്ഞില്ലയോ?

൫൦ അവൻ തങ്ങളോട പറഞ്ഞ മൊ
ഴി അവർ ഗ്രഹിച്ചില്ല.
൫൧ പിന്നെ അവൻ അവരോടുകൂടെ
ഇറങ്ങി, നസറെത്തിൽ വന്നു അവൎക്കു
കീഴടങ്ങിയിരുന്നു. ഈ കാൎയ്യങ്ങൾ എല്ലാം
അവന്റെ അമ്മ തന്റെ ഹൃദയത്തിൽ
സംഗ്രഹിച്ചു.
൫൨ ¶ വിശേഷിച്ചു യേശു ജ്ഞാന
ത്തിലും വളൎച്ചയിലും ദൈവത്തിന്റെയും
മനുഷ്യരുടെയും കൃപയിലും മുതിൎന്നുവ
ന്നു.

൩ാം അദ്ധ്യായം.

തീബെൎയ്യൊസ് കൈസറിന്റെ വാഴ്ചയു
യുടെ പതിനഞ്ചാം ആണ്ടിൽ പൊന്തി
യോസ് പിലാത്തോസ് യഹൂദിയനാട്ട
വാഴുമ്പോൾ, ഹെരോദാ ഗലീലയിലും
അവന്റെ സഹോദരനായ ഫിലിപ്പോ
സ് ഇതുൎയ്യ ത്രഖോനിതി ദേശങ്ങളിലും,
ലുസാന്യാസ് അബിലേനയിലും ഇടപ്ര
ഭുക്കളായും,
൨ അന്നാസും കയ്യഫാവും മഹാപു
രോഹിതന്മാരായും ഇരിക്കുംകാലം, സഖ
രിയാവിന്റെ പുത്രനായ യോഹന്നാന്നു
മരുഭൂമിയിൽ വെച്ചു ദൈവത്തിന്റെ അ
രുളപ്പാടു ഉണ്ടായി.
൩ അവൻ യോൎദാന്നു അരികിലുള്ള
നാട്ടിൽ ഒക്കെയും വന്നു പാപമോചന
ത്തിന്നായുള്ള മാനസാന്തരസ്നാനത്തെ പ്ര
സംഗിച്ചു.
൪ മരുഭൂമിയിൽ വിളിച്ചുപറയുന്നവ
ന്റെ ശബ്ദമാവിതു: കൎത്താവിന്റെ വഴി
യെ ഒരുക്കുവിൻ, അവന്റെ പാതകളെ
നേരെ ആക്കുവിൻ.
൫ എല്ലാതാഴ്വരയും നികത്തപ്പെടും,
എല്ലാ മലയും കുന്നും താഴ്ത്തപ്പെടും, വളൎ
ഞ്ഞവ ചൊവ്വായും ദുൎഘടമായവ സമവഴി
കളായും തീരുകയും.
൬ സകലജഡവും ദൈവത്തിന്റെ
രക്ഷയെ കാണുകയും ചെയ്യും എന്നു പ്ര
വാചകനായ യശയ്യാവിന്റെ വചനപു
സ്തകത്തിൽ എഴുതിയിരിക്കുന്നപ്രകാരം
തന്നേ.
൭ ¶ അവനാൽ സ്നാനപ്പെടുവാൻ പുറ
പ്പെട്ടു വന്ന പുരുഷാരങ്ങളോടു അവൻ
പറഞ്ഞു: അണലിസന്തതികളേ, വരുവാ
നുള്ള കോപത്തിൽനിന്നു ഓടിപ്പോകുവാ
ൻ നിങ്ങൾക്കു ഉപദേശിച്ചുതന്നതു ആർ?
൮ ആകയാൽ മാനസാന്തരത്തിന്നു
യോഗ്യമായ ഫലങ്ങളെ കൊടുപ്പിൻ. അ
ബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടു എ
ന്നു ഉള്ളംകൊണ്ടു പറവാൻ തുടങ്ങരുതു;
അബ്രഹാമിന്നു ഈ കല്ലുകളിൽനിന്നു മ
ക്കളെ എഴുന്നീല്പിപ്പാൻ ദൈവത്തിന്നു കഴി
യും എന്നു ഞാൻ നിങ്ങളോടു പറയുന്നു.
൯ എങ്കിലോ ഇപ്പോൾ തന്നേ കോ
ടാലി മരങ്ങളുടെ ചുവട്ടിന്നു വെച്ചിരി
ക്കുന്നു; നല്ലഫലം കായ്ക്കാത്ത മരം എല്ലാം
വെട്ടി തീയിൽ ഇടുന്നു.
൧൦ എന്നാൽ ഞങ്ങൾ എന്തു ചെയ്യേ
ണം എന്നു പുരുഷാരങ്ങൾ അവനോടു
ചോദിച്ചു.
൧൧ എന്നതിന്നു അവൻ: രണ്ടു വസ്ത്ര
മുള്ളവൻ ഇല്ലാത്തവന്നു കൊടുക്കട്ടെ: ഭ
ക്ഷണസാധനങ്ങൾ ഉള്ളവനും അപ്രകാ
രം ചെയ്യട്ടെ എന്നു ഉത്തരം പറഞ്ഞു.
൧൨ ചുങ്കക്കാരും സ്നാനപ്പെടുവാൻ വ
ന്നു: ഗുരോ, ഞങ്ങൾ എന്തു ചെയ്യേണം എ
ന്നു അവനോടു ചോദിച്ചു.
൧൩ നിങ്ങളോടു കല്പിക്കപ്പെട്ടതിൽ അ
ധികം ഒന്നും പിരിക്കരുതു എന്നു അവൻ
പറഞ്ഞു.
൧൪ പടജ്ജനങ്ങളും അവനോടു: ഞ
ങ്ങളും എന്തു ചെയ്യേണം എന്നു ചോദിച്ച
പ്പോൾ: ആരെയും ബലാല്ക്കാരം ചെയ്യാ
തെയും ചതിയായി ഒന്നും വാങ്ങാതെയും
നിങ്ങളുടെ ശമ്പളം മതി എന്നു വെപ്പിൻ
എന്നു അവരോടു പറഞ്ഞു.
൧൫ ¶ ജനം കാത്തുനിന്നു: ഇവൻ ക്രി
സ്തുവോ എന്നു എല്ലാവരും ഹൃദയങ്ങളിൽ
യോഹന്നാനെ കുറിച്ചു വിചാരിക്കയിൽ,
൧൬ യോഹന്നാൻ എല്ലാവരോടും ഉ
ത്തരം പറഞ്ഞതു: ഞാൻ നിങ്ങളെ വെ
ള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു; എന്നാൽ
എന്നെക്കാൾ ബലവാനായവൻ വരുന്നു;
അവന്റെ ചെരിപ്പുകളുടെ വാറു അഴി
പ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങ

ളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നി
കൊണ്ടും സ്നാനപ്പെടുത്തും.
൧൭ അവന്നു വീശുമുറം തൻെറ കൈ
യ്യിൽ ഉണ്ടു; അവൻ തൻെറ കളത്തെ മു
ററും വെടിപ്പാക്കി, കോതമ്പു തൻെറ ക
ളപ്പുരയിൽ കൂട്ടിവെക്കയും പതിരിനെ
കെടാത്ത തീയിൽ ചുട്ടുകളകയും ചെയ്യും.
൧൮ ¶ മററു പലതും അവൻ പ്ര
ബോധിപ്പിച്ചുകൊണ്ടു ജനത്തോടു സുവി
ശേഷിച്ചു.
൧൯ എന്നാൽ ഇടപ്രഭുവായ ഹെരോ
ദാ തൻെറ സഹോദരൻെറ ഭാൎയ്യ ഹെ
രോദ്യ നിമിത്തവും ഹെരോദാ ചെയ്തു സ
കലദോഷങ്ങൾ നിമിത്തവും അവനാൽ
ആക്ഷേപിക്കപ്പെട്ടുകയാൽ,
൨൦ അതെല്ലാം ചെയ്തുകൂടാതെ അ
വൻ യോഹന്നാനെ തടവിൽ ആക്കുക
യും ചെയ്തു.
൨൧ ¶ ജനം എല്ലാം സ്നാനപ്പെട്ടുകയി
ൽ യേശുവും സ്നാനപ്പെട്ടു പ്രാൎത്ഥിക്കുമ്പോ
ൾ സ്വൎഗ്ഗം തുറന്നു,
൨൨ പരിശുദ്ധാത്മാവു ദേഹരൂപത്തി
ൽ പ്രാവുപോലെ അവൻെറമേൽ ഇറ
ങ്ങിവന്നു. നീ എൻെറ പ്രിയപുത്രൻ ആ
കുന്നു, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കു
ന്നു എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം
ഉണ്ടാകയും ചെയ്തു.
൨൩ ¶ യേശു താൻ പ്രവൃത്തി ആ
രംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സു
ള്ളവനായിരുന്നു. അവൻ പരബോധപ്ര
കാരം യോസേഫിൻെറ മകൻ;
൨൪ യോസേഫ് ഹേലിയുടെയും, ഹേ
ലി മത്ഥാത്തിൻെറയും, മത്ഥാത്ത് ലേവി
യുടെയും, ലേവി മെല്ക്കിയുടെയും, മെ
ല്ക്കി യന്നായിയുടെയും, യന്നായി യോ
സേഫിൻെറയും,
൨൫ യോസേഫ് മത്തത്ഥ്യാസിൻെറ
യും, മത്തത്ഥ്യാസ് ആമോസിൻെറയും,
ആമോസ് നാഹൂമിൻെറയും, നാഹൂം എ
സ്ലിയുടെയും, എസ്ലി നഗ്ഗായിയുടെയും,
൨൬ നഗ്ഗായി മയാത്ഥിൻെറയും, മയാ
ത്ഥ് മത്തത്ഥ്യാസിൻെറയും, മത്തത്ഥ്യാസ്
ശെമയിയുടെയും, ശെമയി യോസേഫി
ൻെറയും, യോസേഫ് യോദാവിൻെറ
യും,
൨൭ യോദാ യോഹന്നാൻെറയും, യോ
ഹന്നാൻ രേസാവിൻെറയും, രേസാ സ
രുബാബെലിൻെറയും, സരുബാബെൽ ശല
ഥിയേലിൻെറയും, ശലഥിയേൽ നേരി
യുടെയും,
൨൮ നേരി മെല്ക്കിയുടെയും, മെല്ക്കി
അദ്ദിയുടെയും, അദ്ദി കോസാമിൻെറ
യും, കോസാം എല്മാദാമിൻെറയും, എ
ല്മാദാം ഏരിൻെറയും,
൨൯ ഏർ യേശുവിൻെറയും, യേശു
എലിയേസരിൻെറയും, എലിയേസർ
യോറീമിൻെറയും, യോറീം മത്ഥാത്തി
ൻെറയും, മത്ഥാത്ത് ലേവിയുടെയും,
൩൦ ലേവി ശിമ്യോൻെറയും, ശിമ്യോ
ൻ യഹൂദാവിൻെറയും, യഹൂദാ യോസേ
ഫിൻെറയും, യോസേഫ് യോനാമിൻെറ
യും, യോനാം എല്യക്കീമിൻെറയും, എല്യ
ക്കീം മെല്യാവിൻെറയും,
൩൧ മെല്യാ മെന്നാവിൻെറയും, മെ
ന്നാവു മത്തഥാവിൻെറയും, മത്തഥാ നാ
ഥാൻെറയും, നാഥാൻ ദാവീദിൻെറയും,
൩൨ ദാവീദ് യിശ്ശായിയുടെയും, യി
ശ്ശായി ഓബേദിൻെറയും, ഓബേദ്
ബൊവാസിൻെറയും, ബൊവാസ് സ
ല്മോൻെറയും, സല്മോൻ നഹശോൻെറ
യും,
൩൩ നഹശോൻ അമ്മിനദാബിൻെറ
യും, അമ്മിനദാബ് അരാമിൻെറയും,
അരാം എസ്രോൻെറയും, എസ്രോൻ ഫ
രേസിൻെറയും, ഫരേസ് യഹൂദാവി
ൻെറയും,
൩൪ യഹൂദാ യാക്കോബിൻെറയും,
യാക്കോബ് ഇസ്ഹാക്കിൻെറയും, ഇസ്ഹാക്ക്
അബ്രഹാമിൻെറയും, അബ്രഹാം തേറ
ഹിൻെറയും, തേറഹ് നാഹോരിൻെറ
യും,
൩൫ നാഹോർ സരൂഗിൻെറയും, സ
രൂഗ് റഗൂവിൻെറയും, റഗൂ ഫാലെഗി
ൻെറയും, ഫാലെഗ് ഏബരിൻെറയും,
ഏബർ ശലാമിൻെറയും,
൩൬ ശലാം കയിനാൻെറയും, കയി
നാൻ അൎഫക്സാദിൻെറയും, അൎഫക്സാദ്

ശേമിന്റെയും, ശേം നോഹയുടെയും,
നോഹ ലാമേക്കിന്റെയും,
൩൭ ലാമേക്ക് മത്തുശലാവിന്റെയും,
മത്തുശലാ ഹാനോക്കിന്റെയും, ഹാനോ
ക്ക് യാരെദിന്റെയും, യാരെദ് മലല്യേ
ലിന്റെയും, മലല്യേൽ കയിനാന്റെയും,
൩൮ കയിനാൻ എനോശിന്റെയും,
എനോശ് ശേഥിന്റെയും, ശേഥ് ആ
ദാമിന്റെയും, ആദാം ദൈവത്തിന്റെ
യും (മകൻ) ആയിരുന്നു.

൪ാം അദ്ധ്യായം.

പിന്നെ യേശു പരിശുദ്ധാത്മാവു നിറ
ഞ്ഞവനായി യോർദ്ദാനിൽനിന്നു മടങ്ങി
ആത്മാവിനാൽ മരുഭൂമിയിൽ നടത്തപ്പെ
ട്ടു, നാല്പതു ദിവസം പിശാചിനാൽ പരീ
ക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു. ആ ദിവസ
ങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല.
൨ അവ കഴിഞ്ഞപ്പോൾ അവന്നു വി
ശന്നു.
൩ അപ്പോൾ പിശാചു അവനോടു:
നീ ദൈവപുത്രൻ ആകുന്നു എങ്കിൽ ഈ
കല്ലിനോടു അപ്പമായി തീരുവാൻ കല്പി
ക്ക എന്നു പറഞ്ഞു.
൪ യേശു അവനോടു ഉത്തരം പറ
ഞ്ഞതു: മനുഷ്യൻ അപ്പത്താൽ മാത്രമല്ല
ജീവിക്കുന്നതു എന്നു എഴുതിയിരിക്കുന്നു.
൫ അപ്പോൾ അവൻ അവനെ മേ
ലോട്ടു നടത്തിക്കൊണ്ടുപോയി ലോക
ത്തിലുള്ള രാജ്യങ്ങളെ ഒക്കെയും ക്ഷണ
നേരത്തിൽ അവന്നു കാണിച്ചു:
൬ ഈ അധികാരം മുഴുവനും ഇവയി
ലേ മഹത്വവും നിനക്കു തരാം; എന്തു
കൊണ്ടെന്നാൽ അതു എങ്കൽ ഏല്പിച്ചിരി
ക്കുന്നു, എനിക്കു മനസ്സുള്ളവന്നു ഞാൻ
കൊടുക്കയും ചെയ്യുന്നു.
൭ ആകയാൽ നീ എന്റെ മുമ്പിൽ കു
മ്പിട്ടാൽ ഇതെല്ലാം നിന്റേതാകും എന്നു
പിശാചു അവനോടു പറഞ്ഞു.
൮ യേശു അവനോടു ഉത്തരം പറ
ഞ്ഞതു: നിന്റെ ദൈവമായ കർത്താവി
നെ കുമ്പിട്ടു അവനെ മാത്രമേ ആരാധി
ക്കാവു എന്നു എഴുതിയിരിക്കുന്നു.
൯ പിന്നെ അവനെ യരുശലേമിലേ
ക്കു നടത്തിക്കൊണ്ടുപോയി ദൈവാലയ
ത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി, അ
വനോടു പറഞ്ഞു: നീ ദൈവപുത്രൻ ആ
കുന്നു എങ്കിൽ, ഇവിടെനിന്നു താഴത്തോ
ട്ടു ചാടുക.
൧൦ നിന്നെ കാപ്പാനായിട്ടു അവൻ
തന്റെ ദൂതന്മാരോടു നിന്നെക്കുറിച്ചു ക
ല്പിക്കയും,
൧൧ നിന്റെ കാലു കല്ലിന്മേൽ തട്ടാ
തവണ്ണം അവർ നിന്നെ കൈകളിൽ
താങ്ങിക്കൊള്ളുകയും ചെയ്യും എന്നു എഴു
തിയിരിക്കുന്നുവല്ലോ.
൧൨ യേശു അവനോടു ഉത്തരം പറ
ഞ്ഞതു: നിന്റെ ദൈവമായ കർത്താവിനെ
പരീക്ഷിക്കരുതു എന്നു പറഞ്ഞിരിക്കുന്നു.
൧൩ ¶ പിന്നെ പിശാചു സകല പ
രീക്ഷയും തികെച്ചശേഷം ഒരു സമയ
ത്തേക്കു അവനെ വിട്ടുമാറി.
൧൪ ¶ യേശു ആത്മാവിന്റെ ശ
ക്തിയിൽ ഗലീലെക്കു മടങ്ങിച്ചെന്നു; അ
വനെ കുറിച്ചുള്ള ശ്രുതി ചുറ്റുമുള്ള നാട്ടി
ൽ ഒക്കെയും പരന്നു.
൧൫ അവൻ അവരുടെ പള്ളികളിൽ
ഉപദേശിച്ചു എല്ലാവരാലും പുകഴ്ത്തപ്പെ
ട്ടു.
൧൬ ¶ പിന്നെ അവൻ വളൎന്ന ന
സറെത്തിൽ വന്നു: തന്റെ മൎയ്യാദപ്രകാ
രം ശബ്ബതുനാളിൽ പള്ളിയിൽ ചെന്നു
വായിപ്പാൻ എഴുനീറ്റുനിന്നു.
൧൭ യശയ്യാ പ്രവാചകന്റെ പുസ്തകം
അവന്നു കൊടുക്കപ്പെട്ടു; അവനും പുസ്ത
കം വിടൎത്തി:
൧൮ ദരിദ്രരോടു സുവിശേഷിപ്പാൻ ക
ൎത്താവു എന്നെ അഭിഷേകം ചെയ്കയാൽ
അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു;
അടിമപ്പെട്ടവൎക്കു വിടുതലും കുരുടൎക്കു കാ
ഴ്ചയും പ്രസംഗിപ്പാനും ഞെരുങ്ങിയിരിക്കു
ന്നവരെ വിട്ടയപ്പാനും,
൧൯ കൎത്താവിന്റെ പ്രസാദവൎഷം പ്ര
സംഗിപ്പാനും അവൻ എന്നെ അയച്ചു
എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു.
൨൦ പിന്നെ പുസ്തകം മടക്കി ശുശ്രൂഷ
ക്കാരന്നു തിരികെ കൊടുത്തിട്ടു അവൻ
ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും

കണ്ണുകൾ അവനെ ഉററുനോക്കുകയും
ചെയ്തു.
൨൧ അവൻ അവരോടു: ഈ തിരു
വെഴുത്തിന്നു ഇന്നു നിങ്ങളുടെ ചെവിക
ളിൽ നിവൃത്തി വന്നു എന്നു പറഞ്ഞു തു
ടങ്ങി.
൨൨ എല്ലാവരും അവന്നു സാക്ഷ്യം
കൊടുത്തു, അവൻെറ വായിൽനിന്നു പു
റപ്പെടുന്ന കാരുണ്യവാക്കുകൾ നിമിത്തം
ആശ്ചൎയ്യപ്പെട്ടു: ഇവൻ യോസേഫിൻെറ
മകൻ അല്ലയോ എന്നു പറഞ്ഞു.
൨൩ അവൻ അവരോടു പറഞ്ഞു:
വൈദ്യാ, നിന്നെത്തന്നേ സൌഖ്യമാക്കു
ക എന്നുള്ള പഴഞ്ചൊല്ലും, കപ്പൎന്നഹൂമി
ൽ ഉണ്ടായി കേട്ടതു എല്ലാം ഈ നിൻെറ
പിതൃനഗരത്തിലും ചെയ്ക എന്നും നിങ്ങ
ൾ എന്നോടു പറയും നിശ്ചയം.
൨൪ സത്യമായിട്ടു ഞാൻ നിങ്ങളോടു
പറയുന്നു: ഒരു പ്രവാചകനും തൻെറ
പിതൃനഗരത്തിൽ സമ്മതനാകുന്നില്ല.
൨൫ ഞാൻ യഥാൎത്ഥമായി നിങ്ങളോടു
പറയുന്നു: എലീയാവിൻെറ നാളുകളിൽ
ആകാശം മൂവാണ്ടും ആറു മാസവും അ
ടെക്കപ്പെട്ടിട്ടു, ദേശത്തിൽ എങ്ങും മഹാ
ക്ഷാമം ഉണ്ടായപ്പോൾ ഇസ്രയേലിൽ പ
ല വിധവമാർ ഉണ്ടായിരുന്നു.
൨൬ എന്നാൽ സിദോനിലെ സറെ
പ്തയിൽ ഒരു വിധവസ്ത്രീയുടെ അടുക്കലേ
ക്കല്ലാതെ അവരിൽ ആരുടെ അടുക്കലേ
ക്കും എലീയാ അയക്കപ്പെട്ടില്ല.
൨൭ എലീശാ പ്രവാചകൻെറ കാല
ത്തു ഇസ്രയേലിൽ പല കുഷ്ഠരോഗികൾ
ഉണ്ടായിരുന്നു. സുറിയക്കാരനായ നയമാ
ൻ അല്ലാതെ അവരാരും ശുദ്ധമാക്കപ്പെട്ട
തുമില്ല എന്നു പറഞ്ഞു.
൨൮ പള്ളിയിലുള്ളവർ ഇതു കേട്ടാറെ
എല്ലാവരും ക്രോധംകൊണ്ടു നിറഞ്ഞു.
൨൯ അവർ എഴുനീററു അവനെ ന
ഗരത്തിന്നു പുറത്താക്കി അവരുടെ നഗ
രം പണിയിച്ചിട്ടുള്ള മലയുടെ വക്കോളം
കൊണ്ടുപോയി, അവനെ തലകീഴായി
തള്ളിയിടുവാൻ ഭാവിച്ചു.
൩൦ എങ്കിലും അവൻ അവരുടെ നടു
വിൽക്കൂടി കടന്നുപോയി.

൩൧ ¶ പിന്നെ അവൻ ഗലീലയി
ലേ ഒരു നഗരമായ കപ്പൎന്നഹൂമിലേക്കു
ഇറങ്ങി, ശബ്ബതുനാളുകളിൽ അവൎക്കു ഉ
പദേശിച്ചു പോന്നു.
൩൨ അവൻെറ വചനം അധികാര
ത്തോടെ ആകയാൽ അവൻെറ ഉപദേ
ശത്തിൽ അവർ വിസ്മയിച്ചു.
൩൩ അവിടെ പള്ളിയിൽ അശുദ്ധ
ഭൂതത്തിൻെറ ആത്മാവുള്ളോരു മനുഷ്യൻ
ഉണ്ടായിരുന്നു.
൩൪ ആയവൻ നസറായനായ യേ
ശുവേ, വിടു, ഞങ്ങൾക്കും നിനക്കും ത
മ്മിൽ എന്തു? ഞങ്ങളെ നശിപ്പിപ്പാൻ വ
ന്നുവോ! നീ ആർ ആകുന്നു എന്നു ഞാൻ
അറിയുന്നു: ദൈവത്തിൻെറ പരിശുദ്ധ
ൻ തന്നേ എന്നു മഹാശബ്ദത്തോടെ നി
ലവിളിച്ചു.
൩൫ മിണ്ടരുതു, അവനെ വിട്ടു പുറ
പ്പെടുക എന്നു യേശു അതിനെ ശാസിച്ച
പ്പോൾ, ഭൂതം അവനെ നടുവിൽ തള്ളി
യിട്ടു കേടു ഒന്നും വരുത്താതെ അവനിൽ
നിന്നു പുറപ്പെട്ടുപോയി.
൩൬ എല്ലാവൎക്കും വിസ്മയം ഉണ്ടായി:
ഈ വചനം എന്തു? അധികാരത്തോടും
ശക്തിയോടുംകൂടെ അവൻ അശുദ്ധാത്മാ
ക്കളോടു കല്പിക്കുന്നു, അവ പുറപ്പെട്ടു
പോകയും ചെയ്യുന്നുവല്ലോ എന്നു തമ്മി
ൽ സംസാരിച്ചുകൊണ്ടിരുന്നു.
൩൭ അവനെ കുറിച്ചുള്ള ശ്രുതി ചു
ററുമുള്ള നാടെങ്ങും പരന്നു.
൩൮ ¶ അവൻ പള്ളിയിൽനിന്നു എ
ഴുനീററു, ശിമോൻെറ വീട്ടിൽ ചെന്നു.
ശിമോൻെറ അമ്മാവിയമ്മ കഠിനജ്വരം
കൊണ്ടു വലഞ്ഞിരിക്കയാൽ അവർ അവ
ൾക്കുവേണ്ടി അവനോടു അപേക്ഷിച്ചു.
൩൯ അവൻ അവളുടെ മീതെ കുനി
ഞ്ഞു നിന്നു, ജ്വരത്തെ ശാസിച്ചു; അതു
അവളെ വിട്ടുമാറി; അവൾ ഉടനേ എഴു
നീററു അവരെ ശുശ്രൂഷിക്കയും ചെയ്തു.
൪൦ ¶ സൂൎയ്യൻ അസ്തമിക്കുമ്പോൾ നാ
നാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ള
വർ ഒക്കെയും അവരെ അവൻെറ അടു
ക്കൽ കൊണ്ടുവന്നു; അവൻ ഓരോരുത്ത

ൻറമേൽ കൈകളെ വെച്ചു അവരെ സൌഖ്യമാക്കി.

൪൧ പലരിൽനിന്നും ഭൂതങ്ങൾ: നീ ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു പുറപ്പെട്ടു പോയി; താൻ ക്രിസ്തു തന്നേ എന്നു അവ അറികകൊണ്ടു അവ ഉരിയാടുവാൻ അവൻ സമ്മതിക്കാതെ ശാസിച്ചു.

൪൨ ¶ നേരം വെളുത്തപ്പോൾ അവൻ പുറപ്പെട്ടു ഒരു നിൎജ്ജനസ്ഥലത്തേക്കു പോയി. പുരുഷാരങ്ങൾ അവനെ തിരഞ്ഞു അവൻെറ അരികത്തു വന്നു തങ്ങളെ വിട്ടു പോകാതിരിപ്പാൻ അവനെ തടുത്തു.

൪൩ അവൻ അവരോടു: ഞാൻ മററുള്ള നഗരങ്ങളിലും ദൈവരാജ്യത്തെ സുവിശേഷിക്കേണ്ടതാകുന്നു. ഇതിന്നായിട്ടല്ലൊ ഞാൻ അയക്കപ്പെട്ടതു എന്നു പറഞ്ഞു.

൪൪ ¶ ഗലീല പള്ളികളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു.

൫ാം അദ്ധ്യായം.

൧ ദൈവവചനം കേൾക്കേണ്ടതിന്നു പുരുഷാരം അവനെ തിക്കുകയിൽ ഗന്നേസരേത്ത് എന്ന തടാകത്തിൻെറ കരയിൽ അവൻ നിന്നിരുന്നു.

൨ അപ്പോൾ രണ്ടു പടകു കരെക്കു അടുത്തു നില്ക്കുന്നതു കണ്ടു; എന്നാൽ അവയിൽനിന്നു മീൻപിടിക്കാർ ഇറങ്ങി വലകളെ കഴുകുകയായിരുന്നു.

൩ ആ പടകുകളിൽ ശിമോന്നുള്ളതായ ഒന്നിൽ അവൻ കരേറി കരയിൽനിന്നു അല്പം നീക്കേണം എന്നു അവനോടു അപേക്ഷിച്ചു; പിന്നെ അവൻ പടകിൽ ഇരുന്നു പുരുഷാരങ്ങൾക്കു ഉപദേശിച്ചു.

൪ സംസാരിച്ചു തീൎന്നപ്പോൾ അവൻ ശിമോനോടു: ആഴത്തിലേക്കു നീക്കി നിങ്ങളുടെ വലകളെ മീൻപിടിത്തത്തിന്നു ഇറക്കുവിൻ എന്നു പറഞ്ഞു.

൫ അതിന്നു ശിമോൻ ഉത്തരം പറഞ്ഞതു: യജമാനനേ, രാത്രി മുഴുവനും ഞങ്ങൾ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ല, എങ്കിലും നിൻെറ മൊഴിക്കു ഞാൻ വലകളെ ഇറക്കാം.

൬ ഇതു അവർ ചെയ്തപ്പോൾ പെരുത്തു മീൻകൂട്ടം അകപ്പെട്ടു അവരുടെ വലകളും കീറാറായി.

൭ അപ്പോൾ അവർ മററെ പടകിലുള്ള കൂട്ടാളികൾ വന്നു തങ്ങൾക്കു സഹായിപ്പാൻ അവരെ മാടി വിളിച്ചു. അവർ വന്നു പടകു രണ്ടും മുങ്ങുമാറു നിറെക്കയും ചെയ്തു.

൮ ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിൻെറ മുഴങ്കാല്ക്കൽ വീണു: കൎത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടുപോക എന്നു പറഞ്ഞു.

൯ എന്തുകൊണ്ടെന്നാൽ അവൎക്കു ലഭിച്ച മീൻപിടിത്തത്തിങ്കൽ അവന്നും അവനോടു കൂടെയുള്ളവൎക്കു എല്ലാവൎക്കും സംഭ്രമം പിടിച്ചിരുന്നു.

൰ ശിമോന്നു കൂട്ടാളികളായ യാക്കോബ് യോഹന്നാൻ എന്ന സബദിപുത്രന്മാൎക്കും അവണ്ണം തന്നേ. യേശു ശിമോനോടു: ഭയപ്പെടേണ്ടാ, ഇതു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു.

൰൧ പിന്നെ അവർ പടകുകളെ കരെക്കു അടുപ്പിച്ചിട്ടു, സകലവും വിട്ടു അവനെ അനുഗമിക്കയും ചെയ്തു.

൰൨ ¶ അവൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ അതാ, കുഷ്ഠം നിറഞ്ഞോരു മനുഷ്യൻ; ആയവൻ യേശുവിനെ കണ്ടു കവിണ്ണു വീണു: കൎത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു അവനോടു അപേക്ഷിച്ചു.

൰൩ യേശു കൈ നീട്ടി അവനെ തൊട്ടു: എനിക്കു മനസ്സുണ്ടു ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം അവനെ വിട്ടുമാറുകയും ചെയ്തു.

൰൪ പിന്നെ അവൻ അവനോടു: ഇതു ആരോടും പറയരുതു; എങ്കിലോ നീ പോയി, നിന്നെത്തന്നേ പുരോഹിതന്നു കാണിച്ചു, അവൎക്കു സാക്ഷ്യത്തിന്നായി മോശെ കല്പിച്ചപ്രകാരം നിൻെറ ശുദ്ധീ

കരണത്തിന്നുള്ള ബലി കഴിക്ക എന്നു അ
വനോടു കല്പിച്ചു.

൧൫ എന്നാൽ അവനെ കുറിച്ചുള്ള വാ
ൎത്ത അധികം പരന്നു. വളരെ പുരുഷാര
ങ്ങൾ കേൾക്കേണ്ടതിന്നും തങ്ങളുടെ വ്യാ
ധികൾ സൌഖ്യപ്പെടേണ്ടതിന്നും കൂടി
വന്നു.

൧൬ എന്നാൽ അവൻ മരുഭൂമികളിൽ
വാങ്ങിപ്പോയി പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

൧൭ ¶ പിന്നെ ഒരു ദിവസം അവ
ൻ ഉപദേശിക്കുമ്പോൾ ഗലീലയിലും യ
ഹൂദിയയിലുമുള്ള എല്ലാ ഗ്രാമത്തിൽനി
ന്നും യരുശലേമിൽനിന്നും വന്നിട്ടുള്ള പ
രീശരും വൈദികന്മാരും ഇരുന്നിരുന്നു.
സൌഖ്യമാക്കുവാൻ കൎത്താവിന്റെ ശക്തി
അവനോടുകൂടെ ഉണ്ടായിരുന്നു.

൧൮ ഇതാ, ചില ആളുകൾ പക്ഷവാ
തം പിടിച്ചവനായ ഒരു മനുഷ്യനെ കി
ടക്കയിൽ എടുത്തു കൊണ്ടുവന്നു, ആയവ
നെ അകത്താക്കുവാനും അവന്റെ മുമ്പി
ൽ വെപ്പാനും ശ്രമിച്ചു.

൧൯ പുരുഷാരം ഹേതുവായി അവനെ
കടത്തുവാൻ വഴി കാണാഞ്ഞു, പുരമേൽ
കരേറി ഓടുകളിൽകൂടി അവനെ കിടക്ക
യോടുംകൂടെ നടുവിലേക്കു ഇറക്കി യേശു
വിന്റെ മുമ്പിൽ വെക്കുകയും ചെയ്തു.

൨൦ അവരുടെ വിശ്വാസം കണ്ടിട്ടു
അവൻ പറഞ്ഞു: മനുഷ്യാ, നിന്റെ പാ
പങ്ങൾ നിനക്കു മോചിക്കപ്പെട്ടിരിക്കുന്നു.

൨൧ എന്നാറെ ശാസ്ത്രികളും പരീശരും
ദൈവദൂഷണങ്ങൾ പറയുന്ന ഇവൻ ആ
ർ? ദൈവം ഒരുവൻ അല്ലാതെ പാപങ്ങ
ളെ മോചിപ്പാൻ കഴിയുന്നവൻ ആർ എ
ന്നു ചിന്തിച്ചു തുടങ്ങി.

൨൨ അവരുടെ ചിന്തകളെ യേശു അ
റിഞ്ഞു അവരോടു ഉത്തരം പറഞ്ഞതു: നി
ങ്ങളുടെ ഹൃദയങ്ങളിൽ ചിന്തിക്കുന്നതു എ
ന്തു?

൨൩ നിന്റെ പാപങ്ങൾ മോചിച്ചി
രിക്കുന്നു എന്നു പറയുന്നതോ എഴുനീററു
നടക്ക എന്നു പറയുന്നതോ ഏതാകുന്നു
എളുപ്പം?

൨൪ എങ്കിലും ഭൂമിയിൽ പാപങ്ങളെ
മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം
ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു—
അവൻ പക്ഷവാതക്കാരനോടു പറഞ്ഞു:
എഴുനീററു നിന്റെ കിടക്ക എടുത്തുംകൊ
ണ്ടു, നിന്റെ വീട്ടിലേക്കു പോക എന്നു
ഞാൻ നിന്നോടു പറയുന്നു.

൨൫ തൽക്ഷണം അവൻ അവരുടെ മു
മ്പാകെ എഴുനീററു, താൻ കിടന്നതിനെ
എടുത്തു ദൈവത്തെ മഹത്വീകരിച്ചും
കൊണ്ടു, തന്റെ വീട്ടിലേക്കു പോയി.

൨൬ എല്ലാവരും വിസ്മയം പൂണ്ടു: ഇ
ന്നു നാം അപൂൎവ്വകാൎയ്യങ്ങളെ കണ്ടു എന്നു
പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി ഭ
യംകൊണ്ടു നിറകയും ചെയ്തു.

൨൭ ¶ അതിന്റെശേഷം അവൻ പു
റപ്പെട്ടു, ലേവി എന്നു പേരുള്ളോരു ചുങ്ക
ക്കാരൻ ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു:
എന്റെ പിന്നാലെ വരിക എന്നു അവ
നോടു പറഞ്ഞു.

൨൮ അവൻ സകലവും വിട്ടു, എഴുനീ
ററു, അവന്റെ പിന്നാലെ പോയി.

൨൯ ലേവി തന്റെ വീട്ടിൽ അവന്നു
ഒരു വലിയ വിരുന്നു ഒരുക്കി, ചുങ്കക്കാരും
മററുള്ളവരുമായി വലിയോരു പുരുഷാ
രം അവരോടുകൂടെ ഭക്ഷണത്തിന്നിരു
ന്നു.

൩൦ പരീശന്മാരും അവരുടെ ശാസ്ത്രി
കളും അവന്റെ ശിഷ്യന്മാരോടു: നിങ്ങ
ൾ ചുങ്കക്കാരോടും പാപികളോടുംകൂടെ ഭ
ക്ഷിച്ചു കുടിക്കുന്നതു എന്തുകൊണ്ടു എന്നു
പറഞ്ഞു പിറുപിറുത്തു.

൩൧ യേശു അവരോടു ഉത്തരം പറ
ഞ്ഞതു: സൌഖ്യമുള്ളവൎക്കു വൈദ്യനെക്കൊ
ണ്ടു ആവശ്യമില്ല, ദീനക്കാൎക്കേ ഉള്ളു.

൩൨ ഞാൻ നീതിമാന്മാരെ അല്ല പാ
പികളെ അത്രെ മാനസാന്തരത്തിലേക്കു
വിളിപ്പാൻ വന്നിരിക്കുന്നു.

൩൩ അവർ അവനോടു പറഞ്ഞതു:
യോഹന്നാന്റെ ശിഷ്യന്മാർ കൂടക്കൂടെ
ഉപവസിച്ചു പ്രാൎത്ഥനകൾ ചെയ്യുവരു
ന്നു; പരീശക്കാരുള്ളവരും അപ്രകാരംതെ
ന്നേ; നിനക്കുള്ളവരോ ഭക്ഷിച്ചു കുടിക്കു
ന്നു.

൩൪ യേശു അവരോടു പറഞ്ഞതു: മ
ണവാളൻ തോഴക്കാരോടുകൂടെ ഉള്ളപ്പോ

ൽ നിങ്ങൾക്കു അവരെ ഉപവസിപ്പിപ്പാൻ കഴിയുമോ?

൩൫ എന്നാൽ മണവാളൻ അവരിൽനിന്നു എടുക്കപ്പെടും നാളുകൾ വരും; അപ്പോൾ, ആ നാളുകളിൽ, അവർ ഉപവസിക്കും.

൩൬ ഒരു ഉപമയും അവരോടു പറഞ്ഞു: ആരും പുതിയവസ്ത്രത്തിൽനിന്നു ഒരു കണ്ടം കീറി എടുത്തു പഴയ വസ്ത്രത്തോടു ചേൎത്തു തുന്നുമാറില്ല. തുന്നിയാലോ അവൻ പുതിയതു കീറുകയും പുതിയതിൽനിന്നുള്ള കണ്ടം പഴയതിനോടു ചേരാതിരിക്കയും ചെയ്യും.

൩൭ ആരും പുതിയ വീഞ്ഞു പഴയ തോല്ക്കുടങ്ങളിൽ പകരുന്നില്ല; പകൎന്നാൽ പുതിയ വീഞ്ഞു തോല്ക്കുടങ്ങളെ പൊളിച്ചു ഒഴുകിപ്പോകും, തോല്ക്കുടങ്ങളും കെട്ടുപോകും.

൩൮ പുതുവീഞ്ഞു പുതിയ തോല്ക്കുടങ്ങളിൽ അത്രേ പകൎന്നു വെക്കേണ്ടതു.

൩൯ പിന്നെ പഴയതു കുടിച്ചിട്ടു ഒരുത്തനും പുതിയതു ഉടനേ ആഗ്രഹിക്കുന്നില്ല; പഴയതു ഏറെ നല്ലതു എന്നു അവൻ പറയും.

൬ാം അദ്ധ്യായം.

ഒരു ശബ്ബത്ദിവസത്തിൽ അവൻ വിളഭൂമിയൂടെ കടന്നുപോകയിൽ, അവന്റെ ശിഷ്യന്മാർ കതിരുകളെ പറിച്ചു കൈകൾകൊണ്ടു തിരുമ്മി തിന്നു.

൨ അപ്പോൾ പരീശരിൽ ചിലർ ശബ്ബതുകളിൽ വിഹിതമല്ലാത്തതു നിങ്ങൾ ചെയ്യുന്നതു എന്തു എന്നു പറഞ്ഞു

൩ അവരോടു യേശു ഉത്തരം പറഞ്ഞതു: ദാവീദ് തനിക്കും കൂടെയുള്ളവൎക്കും വിശന്നപ്പോൾ ചെയ്തതു എന്തു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ?

൪ അവൻ ദൈവാലയത്തിൽ പ്രവേശിച്ചു പുരോഹിതന്മാർ മാത്രമല്ലാതെ ആരും ഭക്ഷിക്കരുതാത്തയുള്ള കാഴ്ചയപ്പങ്ങളെ വാങ്ങി ഭക്ഷിച്ചു, കൂടെയുള്ളവൎക്കും കൊടുത്തു എന്നുള്ളതു തന്നേ.

൫ പിന്നെ അവരോടു പറഞ്ഞു: മനുഷ്യപുത്രൻ ശബ്ബതിന്നും കൎത്താവു ആകുന്നു.

൬ ¶ മറ്റൊരു ശബ്ബതിൽ അവൻ പള്ളിൽ ചെന്നു ഉപദേശിച്ചപ്പോൾ വലക്കൈ വരണ്ടുള്ളോരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു.

൭ അവനെ കുററം ചുമത്തുവാനുള്ള സംഗതി കണ്ടെത്തേണ്ടതിന്നു ശാസ്ത്രികളും പരീശരും അവൻ ശബ്ബതിൽ സൌഖ്യമാക്കുമോ എന്നു ഒററുനോക്കി നിന്നു.

൮ അവരുടെ വിചാരങ്ങളെ അറിഞ്ഞിട്ടു, അവൻ വരണ്ട കൈയ്യുള്ള മനുഷ്യനോടു: എഴുനീററു നടുവിൽ നില്ക്ക എന്നു പറഞ്ഞു; അവൻ എഴുനീററുനിന്നു

൯ യേശു അവരോടു പറഞ്ഞു: ഞാൻ നിങ്ങളോടു ഒന്നു ചോദിക്കട്ടെ: ശബ്ബതുകളിൽ നന്മ ചെയ്കയോ തിന്മ ചെയ്കയോ ജീവനെ രക്ഷിക്കയോ നശിപ്പിക്കയോ, ഏതു വിഹിതം?

൰ പിന്നെ അവരെ എല്ലാം ചുററും നോക്കീട്ടു: നിന്റെ കൈ നീട്ടുക എന്നു ആ മനുഷ്യനോടു പറഞ്ഞു; അവൻ അപ്രകാരം ചെയ്തു, അവന്റെ കൈ സൌഖ്യമാകയും ചെയ്തു.

൰൧ അവരോ ഭ്രാന്തുകൊണ്ടു നിറഞ്ഞു യേശുവിനെ എന്തു ചെയ്യേണ്ടു എന്നു തങ്ങളിൽ സംവാദിച്ചുകൊണ്ടിരുന്നു.

൰൨ ¶ ആ നാളുകളിൽ അവൻ പ്രാൎത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാൎത്ഥനയിൽ രാത്രി കഴിച്ചു.

൰൩ നേരം വെളുത്തപ്പോൾ അവൻ തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു, അവരിൽനിന്നു പന്ത്രണ്ടുപേരെ തെരിഞ്ഞെടുത്തു, അവൎക്കു അപ്പോസ്തലന്മാർ എന്നും പേർ വിളിച്ചു.

൰൪ അവൻ പത്രോസ് എന്നും പേർ വിളിച്ച ശിമോനും, അവന്റെ സഹോദരനായ അന്ത്രയോസും, യാക്കോബും യോഹന്നാനും ഫിലിപ്പോസും ബൎത്തൊലൊമായിയും,

൰൫ മത്തായിയും തോമാസും, അല്പായുടെ പുത്രനായ യാക്കോബും എരിവുകാരനായ ശിമോനും,

൰൬ യാക്കോബിന്റെ സഹോദരനായ

യൂദാവും ദ്രോഹിയായി തീൎന്ന ഇസ്കൎയ്യോ
ത്താ യൂദാവും തന്നേ.
൧൭ പിന്നെ അവരോടുകൂടെ ഇറങ്ങി
സമഭൂമിയിൽ നിന്നു; അവന്റെ ശിഷ്യ
ന്മാരുടെ കൂട്ടവും യഹൂദിയയിൽ എല്ലാട
ത്തുനിന്നും യരുശലേമിൽനിന്നും തൂരോ
സ് സിദോൻ എന്ന കടൽതിരങ്ങളിൽനി
ന്നും അവന്റെ വചനം കേൾപ്പാനും ത
ങ്ങൾക്കു രോഗശാന്തി ഉണ്ടാകുവാനും വ
ന്നിട്ടുള്ള ബഹു പുരുഷാരവും ഉണ്ടായിരു
ന്നു.
൧൮ അശുദ്ധാത്മാക്കളാൽ പീഡിപ്പിക്ക
പ്പെട്ടവരും സ്വസ്ഥരായി തീൎന്നു.
൧൯ ശക്തി അവനിൽനിന്നു പുറപ്പെ
ട്ടു എല്ലാവരെയും സൌഖ്യമാക്കുകകൊണ്ടു
പുരുഷാരം ഒക്കെയും അവനെ തൊടുവാ
ൻ ശ്രമിച്ചു.
൨൦ ¶ പിന്നെ അവൻ ശിഷ്യന്മാരു
ടെമേൽ കണ്ണുകളെ ഉയൎത്തി പറഞ്ഞു: ദ
രിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ, ദൈ
വരാജ്യം നിങ്ങൾക്കുള്ളതാകുന്നു.
൨൧ ഇപ്പോൾ വിശക്കുന്നവരായ നി
ങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ തൃപ്തരാകും;
ഇപ്പോൾ കരയുന്നവരായ നിങ്ങൾ ഭാഗ്യ
വാന്മാർ, നിങ്ങൾ ചിരിക്കും.
൨൨ മനുഷ്യപുത്രൻ നിമിത്തം മനുഷ്യ
ർ നിങ്ങളെ ദ്വേഷിച്ചു നിങ്ങളെ ഭ്രഷ്ടാ
ക്കി നിന്ദിച്ചു നിങ്ങളുടെ നാമം വിടക്കു എ
ന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.
൨൩ ആ നാളിൽ സന്തോഷിച്ചു തുള്ളു
വിൻ; എന്തുകൊണ്ടെന്നാൽ ഇതാ, നി
ങ്ങളുടെ പ്രതിഫലം സ്വൎഗ്ഗത്തിൽ വലിയ
തു; ഇപ്രകാരം അവരുടെ പിതാക്കന്മാർ
പ്രവാചകന്മാരോടു ചെയ്തുവല്ലോ.
൨൪ എങ്കിലോ സമ്പന്നരായ നിങ്ങൾ
ക്കു ഹാ കഷ്ടം! നിങ്ങളുടെ ആശ്വാസം
നിങ്ങൾക്കു ലഭിച്ചിരിക്കുന്നു.
൨൫ ഇപ്പോൾ നിറഞ്ഞിരിക്കുന്നവരാ
യ നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾക്കു വി
ശക്കും. ഇപ്പോൾ ചിരിക്കുന്നവരേ, നിങ്ങ
ൾക്കു ഹാ കഷ്ടം! നിങ്ങൾ ദുഃഖിച്ചു കര
യും.
൨൬ എല്ലാ മനുഷ്യരും നിങ്ങളെ കുറി
ച്ചു നന്മ പറയുമ്പോൾ നിങ്ങൾക്കു ഹാ
കഷ്ടം! ഇപ്രകാരം അവരുടെ പിതാക്ക
ന്മാർ കള്ളപ്രവാചകന്മാരോടു ചെയ്തുവ
ല്ലോ.
൨൭ ¶ എന്നാൽ കേൾക്കുന്നവരായ
നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങളുടെ
ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെ
ക്കുന്നവൎക്കു ഗുണം ചെയ്വിൻ.
൨൮ നിങ്ങളെ ശപിക്കുന്നവരെ അ
നുഗ്രഹിപ്പിൻ, നിങ്ങളെ വലെക്കുന്നവ
ൎക്കായി പ്രാൎത്ഥിപ്പിൻ.
൨൯ നിന്നെ ഒരു കവിൾക്കു അടിക്കു
ന്നവന്നു മറ്റേതും കാണിച്ചുകൊടുക്ക,
നിന്റെ പുതപ്പു എടുത്തുകൊള്ളുന്നവ
നോടു വസ്ത്രവും വിലക്കരുതു.
൩൦ നിന്നോടു ചോദിക്കുന്ന എല്ലാവ
ന്നും കൊടുക്ക, നിനക്കുള്ളവ എടുത്തുകൊ
ള്ളുന്നവനോടു തിരികേ ചോദിക്കരുതു.
൩൧ മനുഷ്യർ നിങ്ങൾക്കു ഏതുപ്രകാ
രം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കു
ന്നുവോ അപ്രകാരം അവൎക്കും ചെയ്വിൻ.
൩൨ നിങ്ങളെ സ്നേഹിക്കുന്നവരെ
സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു ഉപചാ
രം ഉള്ളൂ? പാപികളും തങ്ങളെ സ്നേഹിക്കു
ന്നവരെ സ്നേഹിക്കുന്നുവല്ലോ.
൩൩ നിങ്ങൾക്കു നന്മ ചെയ്യുന്നവൎക്കു
നന്മ ചെയ്താൽ നിങ്ങൾക്കു എന്തു ഉപചാ
രം ഉള്ളൂ? പാപികളും അങ്ങനെ തന്നേ
ചെയ്യുന്നുവല്ലോ.
൩൪ തിരികേ വാങ്ങിക്കൊള്ളാം എന്നു
നിങ്ങൾ ആശിക്കുന്നവൎക്കു കടം കൊടു
ത്താൽ നിങ്ങൾക്കു എന്തു ഉപചാരം ഉള്ളൂ?
പാപികളും ശരിവരെ തിരികേ വാങ്ങി
ക്കൊള്ളേണ്ടതിന്നു പാപികൾക്കു കടം
കൊടുക്കുന്നുവല്ലോ.
൩൫ എങ്കിലോ നിങ്ങളുടെ ശത്രുക്ക
ളെ സ്നേഹിപ്പിൻ, അവൎക്കു നന്മ ചെയ്വി
ൻ; ഒന്നും പകരം ഇച്ഛിക്കാതെ കടംകൊ
ടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം
വളരെ ആകും; നിങ്ങൾ അത്യുന്നത
ന്റെ മക്കൾ ആകയും ചെയ്യും. അവൻ
നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയ
വാൻ ആകുന്നുവല്ലോ.
൩൬ അതുകൊണ്ടു നിങ്ങളുടെ പിതാ
വു മനസ്സലിവുള്ളവൻ ആകുന്നതുപോ

ലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ.

൩൭ വിധിക്കരുതു, എന്നാൽ നിങ്ങൾ വിധിക്കപ്പെടുകയില്ല; ശിക്ഷെക്ക വിധിക്കരുതു; എന്നാൽ നിങ്ങൾക്ക ശിക്ഷാവിധി ഉണ്ടാകയില്ല; വിടുവിപ്പിൻ, എന്നാൽ നിങ്ങൾ വിടുവിക്കപ്പെടും.

൩൮ കൊടുപ്പിൻ, എന്നാൽ നിങ്ങൾക്ക തരപ്പെടും; അമൎത്തി കുലുക്കി കവിയുന്നോരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; എന്തുകൊണ്ടെന്നാൽ നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളക്കപ്പെടും.

൩൯ ¶ അവൻ ഒരുപമയും അവരോടു പറഞ്ഞു: കുരുടൻ കുരുടന്നു വഴി കാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ?

൪൦ ശിഷ്യൻ തന്റെ ഗുരുവിന്നു മീതെയല്ല, തികഞ്ഞവൻ എല്ലാം ഗുരുവിനെ പോലെ ആകും.

൪൧ എന്നാൽ നിന്റെ സഹോദരന്റെ കണ്ണിലേ കരടു നോക്കുകയും, സ്വന്ത കണ്ണിലേ കോൽ വിചാരിക്കാതിരിക്കയും ചെയ്യുന്നതു എന്തു?

൪൨ അല്ല നിന്റെ കണ്ണിലേ കോൽ നോക്കാതെ: സഹോദരാ, നില്ല, നിന്റെ കണ്ണിലേ കരടു എടുത്തുകളയട്ടെ എന്നു നിന്റെ സഹോദരനോടു എങ്ങനെ പറവാൻ കഴിയും; കപടഭക്തിക്കാരാ, മുമ്പേ നിന്റെ കണ്ണിൽനിന്നു കോൽ എടുത്തുകളക; അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലേ കരടു എടുത്തുകളവാൻ വെടിപ്പായി കാണുമല്ലോ.

൪൩ എന്തുകൊണ്ടെന്നാൽ ആകാത്ത ഫലം കായ്ക്കുന്ന നല്ല മരം ഇല്ല, നല്ല ഫലം കായ്ക്കുന്ന ആകാത്ത മരവുമില്ല.

൪൪ എല്ലാ മരവും അതാതിന്റെ ഫലംകൊണ്ടു അറിയപ്പെടുന്നു; മുള്ളുകളിൽനിന്നു അത്തിപ്പഴങ്ങൾ ശേഖരിക്കുകയും ഞെരിഞ്ഞില്കളിൽനിന്നു മുന്തിരിങ്ങ പറിക്കയും ചെയ്യുന്നില്ലല്ലോ;

൪൫ നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലേ നല്ല നിക്ഷേപത്തിൽനിന്നു നല്ലതിനെ പുറപ്പെടുവിക്കുന്നു, ദുഷ്ടൻ ദോഷമായതിൽനിന്നു ദോഷത്തെ പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ അവന്റെ വായി സംസാരിക്കുന്നതു.

൪൬ ¶ എന്നാൽ നിങ്ങൾ എന്നെ കൎത്താവേ, കൎത്താവേ, എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്തു?

൪൭ എന്റെ അടുക്കേ വന്നു, എന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്നവനോടു തുല്യൻ എന്നു ഞാൻ കാണിക്കാം.

൪൮ വീടു പണിയുന്നതിൽ ആഴക്കുഴിച്ചു പാറമേൽ അടിസ്ഥാനം ഇട്ട മനുഷ്യനോടു അവൻ തുല്യൻ ആകുന്നു. പിന്നെ വെള്ളപ്പൊക്കം ഉണ്ടായിട്ടു ഒഴുക്കു ആ വീട്ടിനോടു അടിച്ചു; എന്നാൽ അതു നല്ലവണ്ണം പണിയിച്ചതാകകൊണ്ടു അതിനെ ഇളക്കുവാൻ കഴിഞ്ഞില്ല.

൪൯ കേട്ടിട്ടു ചെയ്യാത്തവനോ അടിസ്ഥാനം കൂടാതെ മണ്ണിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനത്രേ. ഒഴുക്കു അടിച്ച ഉടനേ അതു വീണു, ആ വീട്ടിന്റെ ഇടിവു വലിയതുമായിരുന്നു.

൭ാം അദ്ധ്യായം.

ജനങ്ങൾ കേൾക്കേ തന്റെ മൊഴികളെ ഒക്കെയും തികെച്ചശേഷം അവൻ കപ്പൎന്നഹൂമിൽ കടന്നു.

൨ ¶ അവിടെ ഒരു ശതാധിപന്നു പ്രിയനായ ദാസൻ ദീനംപിടിച്ചു മരിപ്പാറായിരുന്നു.

൩ അവൻ യേശുവിന്റെ വസ്തുത കേട്ടിട്ടു തന്റെ ദാസനെ വന്നു രക്ഷിക്കേണ്ടതിന്നു അവനോടു യാചിപ്പാനായി യഹൂദന്മാരുടെ മൂപ്പന്മാരെ അവന്റെ അടുക്കൽ അയച്ചു.

൪ അവർ യേശുവിന്റെ അടുക്കൽ വന്നു അവനോടു താല്പൎയ്യമായി അപേക്ഷിച്ചു പറഞ്ഞതു:

൫ അവൻ നമ്മുടെ ജനത്തെ സ്നേഹിച്ചു ഞങ്ങൾക്കു ഒരു പള്ളിയും തീൎപ്പിച്ചതു കൊണ്ടു നീ ഇതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ ആകുന്നു.

൬ യേശു അവരോടുകൂടെ പോയി,
വീട്ടിൽനിന്നു ഏറെ ദൂരമല്ലാതായപ്പോൾ
ശതാധിപൻ അവന്റെ അടുക്കൽ ചങ്ങാ
തികളെ അയച്ചു പറഞ്ഞതു: കൎത്താവേ,
അസഹ്യപ്പെടേണ്ടാ, എന്തുകൊണ്ടെന്നാ
ൽ നീ എന്റെ പുരെക്കകത്തു വരുവാൻ
ഞാൻ യോഗ്യനല്ല.
൭ അതുകൊണ്ടു നിന്റെ അടുക്കൽ വ
രുവാൻ ഞാൻ മതിയായവൻ എന്നു എനി
ക്കു തോന്നീട്ടുമില്ല. ഒരു വാക്കു കല്പിക്ക എ
ന്നാൽ എന്റെ ബാല്യക്കാരൻ സ്വസ്ഥനാ
കും.
൮ ഞാനും അധികാരത്തിന്നു കീഴ്പെട്ട
മനുഷ്യൻ ആകുന്നുവല്ലോ; എന്റെ കീഴി
ൽ പടയാളികൾ ഉണ്ടു; ഇവനോടു: പോ
ക എന്നു പറഞ്ഞാൽ അവൻ പോകുന്നു;
മറ്റവനോടു: വരിക എന്നാൽ അവൻ
വരുന്നു; എന്റെ ദാസനോടു: ഇതു ചെ
യ്ക എന്നാൽ അവൻ ചെയ്യുന്നു.
൯ എന്നതു യേശു കേട്ടിട്ടു അവങ്കൽ
ആശ്ചൎയ്യപ്പെട്ടു തിരിഞ്ഞുകൊണ്ടു തന്റെ
പിന്നാലേ വരുന്ന കൂട്ടത്തോടു: ഞാൻ
നിങ്ങളോടു പറയുന്നു: ഇസ്രയേലിൽ കൂ
ടെ ഇങ്ങനെയുള്ള വിശ്വാസത്തെ ഞാൻ
കണ്ടിട്ടില്ല എന്നു പറഞ്ഞു.
൰ അയക്കപ്പെട്ടവർ വീട്ടിൽ മടങ്ങി
വന്നപ്പോൾ ദാസനെ സൌഖ്യവാനായി
കണ്ടു.
൰൧ ¶ പിറ്റേനാൾ അവൻ നയി
ൻ എന്ന നഗരത്തിലേക്കു പോകുമ്പോൾ
അവന്റെ ശിഷ്യന്മാരും വളരെ പുരുഷാ
രവും കൂടെ പോയി.
൰൨ നഗരത്തിന്റെ വാതിലോടു അ
ടുത്തപ്പോൾ അതാ, തന്റെ അമ്മെക്കു ഏ
കജാതനായ മകൻ മരിച്ചിട്ടു പുറത്തു
കൊണ്ടുപോകപ്പെടുന്നു; അവളോ വിധ
വ ആയിരുന്നു. നഗരത്തിലേ ഒരു വലി
യ പുരുഷാരവും അവളോടുകൂടെ ഉണ്ടാ
യിരുന്നു.
൰൩ അവളെ കണ്ടിട്ടു കൎത്താവു മന
സ്സലിഞ്ഞു അവളോടു: കരയേണ്ടാ എന്നു
പറഞ്ഞു; അവൻ അടുത്തുചെന്നു മഞ്ച
ത്തെ തൊട്ടു, ചുമക്കുന്നവരും നിന്നു.
൰൪ അപ്പോൾ അവൻ പറഞ്ഞു: ബാ
ല്യക്കാരാ, ഞാൻ നിന്നോടു പറയുന്നു: എ
ഴുനീല്ക്ക.
൰൫ എന്നാറെ മരിച്ചവൻ എഴുനീ
റ്റിരുന്നുകൊണ്ടു സംസാരിച്ചു തുടങ്ങി;
അവനെ അവന്റെ അമ്മെക്കു ഏല്പിച്ചു
കൊടുക്കയും ചെയ്തു.
൰൬ എല്ലാവൎക്കും ഭയം പിടിച്ചു ഒരു
വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ
എഴുനീറ്റിരിക്കുന്നു, ദൈവം തന്റെ ജ
നത്തെ സന്ദൎശിച്ചു എന്നു പറഞ്ഞു, ദൈ
വത്തെ മഹത്വീകരിച്ചു.
൰൭ അവനെ കുറിച്ചുള്ള ഈ വൎത്ത
യഹൂദ്യയിൽ ഒക്കെയും ചുററുമുള്ള നാ
ടെങ്ങും പരക്കയും ചെയ്തു.
൰൮ ¶ ഇവ ഒക്കെയും യോഹന്നാ
ന്റെ ശിഷ്യന്മാർ അവനോടു അറിയി
ച്ചു.
൰൯ എന്നാറെ യോഹന്നാൻ തന്റെ
ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ചു ക
ൎത്താവിന്റെ അടുക്കൽ അയച്ചു: വരുന്ന
വൻ നീയോ, ഞങ്ങൾ മറെറാരുത്തനെ
കാത്തിരിക്കയോ എന്നു പറയിച്ചു.
൨൰ ആ പുരുഷന്മാർ അവന്റെ അടു
ക്കൽ വന്നു: വരുന്നവൻ നീയോ, ഞങ്ങൾ
മറെറാരുത്തനെ കാത്തിരിക്കയോ എന്നു
ചോദിപ്പാനായിട്ടു യോഹന്നാൻ സ്നാപക
ൻ ഞങ്ങളെ നിന്റെ അടുക്കൽ അയച്ചു
എന്നു പറഞ്ഞു.
൨൰൧ ആ നാഴികയിൽ അവൻ വ്യാധി
കളും ബാധകളും ദുരാത്മാക്കളും പിടിച്ചി
ട്ടുള്ള പലരെയും സൌഖ്യമാക്കി, പല കു
രുടന്മാൎക്കും കാഴ്ച നല്കി.
൨൰൨ പിന്നെ അവരോടു ഉത്തരം പ
റഞ്ഞതു: നിങ്ങൾ കാണുകയും കേൾക്കയും
ചെയ്യുവ യോഹന്നാനോടു ചെന്നു അറി
യിപ്പിൻ. കുരുടർ കാണുന്നു, മുടന്തർ നട
ക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരു
ന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉ
യിൎത്തെഴുനീല്ക്കുന്നു, ദരിദ്രന്മാൎക്കു സുവി
ശേഷം അറിയിക്കപ്പെടുന്നു.
൨൰൩ എന്നാൽ എങ്കൽ ഇടറിപ്പോകാ
ത്തവൻ ഭാഗ്യവാൻ ആകുന്നു.
൨൰൪ ¶ യോഹന്നാന്റെ ദൂതന്മാർ
പോയശേഷം അവൻ പുരുഷാരങ്ങളോ

ട യോഹന്നാനെ കുറിച്ചു പറഞ്ഞു തുടങ്ങിയതു: നിങ്ങൾ എന്തു നോക്കുവാൻ മരുഭൂമിയിലേക്കു പുറപ്പെട്ടു പോയി? കാററിനാൽ ഉലയുന്ന ഓടയോ?

൨൫ അല്ല, എന്തു കാണ്മാൻ പുറപ്പെട്ടു? മാർദ്ദവമായ വസ്ത്രങ്ങൾ ഉടുത്ത മനുഷ്യനെയോ? ഇതാ, മോടിയുള്ള വസ്ത്രത്തോടും സുഖഭോഗമായും നടക്കുന്നവർ രാജധാനികളിൽ അത്രേ ആകുന്നു.

൨൬ അല്ല, എന്തു കാണ്മാൻ പുറപ്പെട്ടു? പ്രവാചകനെയോ? അതേ ഞാൻ നിങ്ങളോടു പറയുന്നു, പ്രവാചകനിലും മികെച്ചവനെ തന്നേ.

൨൭ ഇതാ, നിൻെറ മുമ്പിൽ നിനക്കു വഴി ഒരുക്കുവാനായി ഞാൻ എൻെറ ദൂതനെ നിൻെറ മുഖത്തിൻ മുമ്പാകേ അയക്കുന്നു എന്നു എഴുതിയിരിക്കുന്നതു ഇവനെ കുറിച്ചു ആകുന്നു.

൨൮ ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല; ദൈവരാജ്യത്തിൽ ഏററം ചെറിയവൻ അവനിലും വലിയവനാകുന്നു താനും.

൨൯ എന്നാൽ കേട്ട ജനം ഒക്കെയും ചുങ്കക്കാരും യോഹന്നാൻെറ സ്നാനം ഏററതിനാൽ ദൈവത്തെ നീതീകരിച്ചു.

൩൰ എങ്കിലും പരീശരും വൈദികരും അവനാൽ സ്നാനം ഏല്ക്കാതെ ദൈവത്തിൻെറ ആലോചനയെ തങ്ങൾക്കു തന്നേ വ്യർത്ഥമാക്കിക്കളഞ്ഞു.

൩൧ പിന്നെ കർത്താവു പറഞ്ഞു: ഈ തലമുറയുടെ മനുഷ്യരെ ഏതിനോടു ഉപമിക്കേണ്ടു? അവർ ഏതിനോടു ഒക്കുന്നു?

൩൨ ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി നിങ്ങൾ നൃത്തം ചെയ്തില്ല, ഞങ്ങൾ നിങ്ങൾക്കായി വിലാപം പാടി നിങ്ങൾ കരഞ്ഞതുമില്ല എന്നു ചന്തസ്ഥലത്തു ഇരുന്നുകൊണ്ടു അന്യോന്യം വിളിച്ചു പറയുന്ന കുട്ടികളോടു അവർ ഒക്കുന്നു.

൩൩ എങ്ങനെ എന്നാൽ യോഹന്നാൻ സ്നാപകൻ അപ്പം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും വന്നിരിക്കേ: അവന്നു ഭൂതം ഉണ്ടു എന്നു നിങ്ങൾ പറയുന്നു.

൩൪ മനുഷ്യപുത്രൻ തിന്നും കുടിച്ചുംകൊണ്ടു വന്നിരിക്കേ: ഇതാ, തിന്നിയും കുടിയനും ആയ മനുഷ്യൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നു പറയുന്നു.

൩൫ ജ്ഞാനമോ തൻെറ എല്ലാ മക്കളാലും നീതീകരിക്കപ്പെട്ടിരിക്കുന്നു.

൩൬ ¶ പരീശന്മാരിൽ ഒരുത്തൻ, തന്നോടുകൂടെ ഭക്ഷിപ്പാൻ അവനെ ക്ഷണിച്ചു; എന്നാറെ അവൻ ആ പരീശൻെറ വീട്ടിൽ ചെന്നു ഭക്ഷണത്തിന്നിരുന്നു.

൩൭ ആ നഗരത്തിൽ പാപിയായ ഒരു സ്ത്രീ അവൻ പരീശൻെറ വീട്ടിൽ ഭക്ഷണത്തിന്നിരിക്കുന്നതു അറിഞ്ഞു ഒരു വെങ്കൽഭരണി പരിമളതൈലം കൊണ്ടുവന്നു,

൩൮ പിറകിൽ അവൻെറ കാല്ക്കൽ കരഞ്ഞുകൊണ്ടു നിന്നു കണ്ണുനീർകൊണ്ടു അവൻെറ കാലുകളെ നനെച്ചു തുടങ്ങി; പിന്നെ തൻെറ തലമുടികൊണ്ടു തുടെച്ചു കാലുകളെ ചുംബിച്ചു തൈലംകൊണ്ടു പൂശി.

൩൯ അവനെ ക്ഷണിച്ച പരീശൻ അതു കണ്ടിട്ടു: ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആർ എന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു: അവൾ പാപി ആകുന്നുവല്ലോ എന്നു തന്നിൽ തന്നേ പറഞ്ഞു.

൪൰ അതിന്നു യേശു: ശിമോനേ, നിന്നോടു ഒന്നു പറവാൻ ഉണ്ടു എന്നു പറഞ്ഞപ്പോൾ: ഗുരോ പറഞ്ഞാലും എന്നു അവൻ പറഞ്ഞു.

൪൧ കടം കൊടുക്കുന്ന ഒരുത്തന്നു രണ്ടു കടക്കാർ ഉണ്ടായിരുന്നു; ഒരുത്തൻ അഞ്ഞൂറു പണവും മററവൻ അമ്പതു പണവും കൊടുപ്പാനുണ്ടു.

൪൨ വീട്ടുവാൻ അവൎക്കു വക ഇല്ലായ്കയാൽ അവൻ ഇരുവൎക്കും ഇളെച്ചുകൊടുത്തു; എന്നാൽ ഇവരിൽ ആർ അവനെ അധികം സ്നേഹിക്കും?

൪൩ അധികം ഇളെച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു എന്നു ശിമോൻ

പറഞ്ഞു. എന്നാറെ അവൻ അവനോട്ടു: നീ നേരായി വിധിച്ചു എന്നു പറഞ്ഞു.

൪൪ പിന്നെ സ്ത്രീയുടെ നേരേ തിരിഞ്ഞു ശിമോനോട്ടു പറഞ്ഞു: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിൻെറ വീട്ടിൽ വന്നു നീ എൻെറ കാല്കൾക്കു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ടു എൻെറ കാല്കളെ നനെച്ചു, തൻെറ മുടികൊണ്ടു തുടെച്ചു.

൪൫ നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ പ്രവേശിച്ചതു മുതൽ ഇടവിടാതെ എൻെറ കാല്കളെ ചുംബിച്ചു.

൪൬ നീ എൻെറ തലയിൽ എണ്ണ പൂശിയില്ല; ഇവളോ പരിമളതൈലംകൊണ്ടു എൻെറ കാല്കളെ പൂശി.

൪൭ ആകയാൽ ഞാൻ നിന്നോട്ടു പറയുന്നു: ഇവളുടെ അനേക പാപങ്ങൾ മോചിക്കപ്പെട്ടു; ഇവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിക്കപ്പെട്ടവൻ അല്പം സ്നേഹിക്കുന്നു.

൪൮ പിന്നെ അവളോട്ടു: നിൻെറ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു.

൪൯ കൂടെ ഭക്ഷണത്തിന്നിരുന്നവർ: പാപങ്ങൾ മോചിക്ക കൂടെ ചെയ്യുന്ന ഇവൻ ആർ എന്നു തങ്ങളിൽ പറഞ്ഞു തുടങ്ങി.

൫൦ അവനോ സ്ത്രീയോട്ടു: നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോക എന്നു പറഞ്ഞു.

൮ാം അദ്ധ്യായം.

അതിൻെറശേഷം അവൻ ദൈവരാജ്യത്തെ പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ടു പട്ടണംതോറും സഞ്ചരിച്ചു.

൨ അവനോട്ടുകൂടെ പന്തിരുവരും, അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൌഖ്യം വരുത്തിയ ചില സ്ത്രീകളും, ഏഴ ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി എന്നു വിളിക്കപ്പെടുന്ന മറിയയും,

൩ ഹെരോദാവിൻെറ കാര്യവിചാരകനായ കൂസാവിൻ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങൾക്കുള്ളതിൽനിന്നു അവന്നു ശുശ്രൂഷ ചെയ്തു മററു പല സ്ത്രീകളും ഉണ്ടായിരുന്നു.

൪ ¶ പിന്നെ വലിയോരു പുരുഷാരവും ഓരോരോ നഗരത്തിൽനിന്നു അവൻെറ അടുക്കേ വരുന്നവരും ഒരുമിച്ചു കൂടിയപ്പോൾ അവൻ ഉപമയാൽ പറഞ്ഞതു:

൫ വിതെക്കുന്നവൻ തൻെറ വിത്തു വിതെപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വഴിയരികേ വീണു ചവിട്ടപ്പെട്ടു, ആകാശത്തിലേ പറവജാതികൾ അതിനെ തിന്നുകളഞ്ഞു.

൬ മററു ചിലതു പാറമേൽ വീണു, മുളെച്ചിട്ടു നനവില്ലായ്കയാൽ ഉണങ്ങിപ്പോയി.

൭ മററു ചിലതു മുള്ളുകളുടെ ഇടയിൽ വീണു, മുള്ളുകളും കൂടെ മുളെച്ചു അതിനെ ഞെരുക്കിക്കളഞ്ഞു.

൮ മററു ചിലതു നല്ല നിലത്തിൽ വീണു മുളെച്ചു നൂറു വീതം ഫലം വിളകയും ചെയ്തു; ഇവ പറഞ്ഞിട്ടു: കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടേ എന്നു വിളിച്ചു പറഞ്ഞു.

൯ ¶ പിന്നെ അവൻെറ ശിഷ്യന്മാർ: ഈ ഉപമ എന്തു എന്നു അവനോട്ടു ചോദിച്ചു.

൧൦ അവൻ പറഞ്ഞു: ദൈവരാജ്യത്തിൻെറ രഹസ്യങ്ങളെ അറിവാൻ നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു, ശേഷമുള്ളവർക്കു കണ്ടിട്ടു കാണായ്വാനും കേട്ടിട്ടു ഗ്രഹിക്കായ്വാനും ഉപമകളിലത്രേ.

൧൧ ഉപമയോ എന്തെന്നാൽ, വിത്തു ദൈവവചനം ആകുന്നു

൧൨ വഴിയരികേയുള്ളവർ കേൾക്കുന്നവർ തന്നേ; പിന്നെ അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിക്കേണ്ടതിന്നു പിശാചു വന്നു അവരുടെ ഹൃദയത്തിൽനിന്നു വചനം എടുത്തുകളയുന്നു.

൧൩ പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ ആകുന്നു എങ്കിലും അവർക്കു വേരില്ല, അവർ തല്ക്കാലം വിശ്വസിക്കുന്നു, പരീക്ഷാസമയത്തു പിൻവാങ്ങിപ്പോകയും ചെയ്യുന്നു.

൧൪ മുള്ളുകളിൽ വീണതോ കേട്ടശേഷം പോയിട്ടു ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂൎണ്ണഫലം കായ്ക്കാതിരിക്കുന്നവർ.

൧൫ നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ മുറുകെ പിടിച്ചു ക്ഷമയോടെ ഫലം കായ്ക്കുന്നവർ ആകുന്നു.

൧൬ ¶ വിളക്കു കൊളുത്തിട്ടു ആരും അതിനെ പാത്രംകൊണ്ടു മൂടുകയോ കട്ടിലിൻകീഴെ വെക്കയോ ചെയ്യാതെ, പ്രവേശിക്കുന്നവർ വെളിച്ചം കാണേണ്ടതിന്നു വിളക്കുതണ്ടിന്മേൽ അത്രേ ഇടുന്നു.

൧൭ എന്തുകൊണ്ടെന്നാൽ വെളിപ്പെടുന്നതല്ലാതെ ഗുപ്തമായതു ഒന്നുമില്ല; അറിയപ്പെട്ടു വെളിച്ചത്താകാതെ മറവായിരിക്കുന്നതും ഒന്നും ഇല്ല.

൧൮ ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്നു സൂക്ഷിപ്പിൻ. ഉള്ളവൻ ആരോ അവന്നു കൊടുക്കപ്പെടും; ഇല്ലാത്തവൻ ആരോ അവന്നു ഉണ്ടു എന്നു തോന്നുന്നതും കൂടെ അവങ്കൽനിന്നു എടുക്കപ്പെടും.

൧൯ ¶ പിന്നെ അവന്റെ അമ്മയും സഹോദരന്മാരും അവന്റെ അടുക്കൽ വന്നു, പുരുഷാരം നിമിത്തം അവനോടു ചേരുവാൻ കഴിഞ്ഞില്ല.

൨൦ അപ്പോൾ: നിന്റെ അമ്മയും സഹോദരന്മാരും നിന്നെ കാണ്മാൻ ഇച്ഛിച്ചുകൊണ്ടു പുറത്തു നില്ക്കുന്നു എന്നു അവർ അവനോടു അറിയിച്ചു.

൨൧ അവരോടു അവൻ: എന്റെ അമ്മയും എന്റെ സഹോദരന്മാരും ദൈവവചനത്തെ കേട്ടു ചെയ്യുന്നവരത്രേ എന്നു ഉത്തരം പറഞ്ഞു.

൨൨ ¶ ആ ദിവസങ്ങളിൽ ഒന്നിൽ അവൻ തന്റെ ശിഷ്യന്മാരുമായി പടകിൽ കയറി: നാം തടാകത്തിന്റെ അക്കരേ കടന്നുപോക എന്നു അവരോടു പറഞ്ഞു.

൨൩ അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. പിന്നെ തടാകത്തിൽ ഒരു ചുഴലിക്കാററു ഉണ്ടായി.

൨൪ വെള്ളം നിറഞ്ഞിട്ടു അവർ പ്രാണഭയത്തിലായി അടുക്കേ ചെന്നു: നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞു അവനെ ഉണൎത്തി; അവൻ എഴുനീററു കാററിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമൎന്നു, ശാന്തത ഉണ്ടാകയും ചെയ്തു.

൨൫ പിന്നെ അവരോടു: നിങ്ങളുടെ വിശ്വാസം എവിടെ എന്നു പറഞ്ഞു; എന്നാൽ അവർ ഭയപ്പെട്ടു: ഇവൻ ആർ? അവൻ കാററുകളോടും വെള്ളത്തോടും കല്പിക്കുന്നു, അവ അനുസരിക്കയും ചെയ്യുന്നു എന്നു തങ്ങളിൽ പറഞ്ഞു ആശ്ചൎയ്യപ്പെട്ടു.

൨൬ ¶ അവർ ഗലീലെക്കു നേരെയുള്ള ഗദരദേശത്തിൽ അണഞ്ഞു.

൨൭ അവൻ കരെക്കു ഇറങ്ങിയപ്പോൾ ബഹു കാലമായി ഭൂതങ്ങൾ ബാധിച്ചോരു മനുഷ്യൻ പട്ടണത്തിൽനിന്നു എതിർപെട്ടു; അവൻ ബഹുകാലമായി വസ്ത്രം ഉടുക്കാതെയും വീട്ടിൽ പാൎക്കാതെയും ശവക്കല്ലറകളിൽ അത്രേ ആയിരുന്നു.

൨൮ അവൻ യേശുവിനെ കണ്ടിട്ടു നിലവിളിച്ചു അവന്റെ മുമ്പിൽ വീണു: യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്തു? എന്നെ പീഡിപ്പിക്കരുതു എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു മഹാശബ്ദത്തോടെ പറഞ്ഞു.

൨൯ എന്തുകൊണ്ടെന്നാൽ അവൻ അശുദ്ധാത്മാവിനോടു ആ മനുഷ്യനിൽനിന്നു പുറപ്പെട്ടുപോകുവാൻ കല്പിച്ചു; അതു വളരെ കാലമായി അവനെ പിടിച്ചിരുന്നു; അവനെ ചങ്ങലകളാലും വിലങ്ങുകളാലും ബന്ധിച്ചു സൂക്ഷിച്ചിരുന്നു; എന്നാൽ അവൻ ബന്ധനങ്ങളെ തകൎത്തു, ഭൂതത്താൽ കാടുകളിലേക്കു ഓടിക്കപ്പെട്ടു വന്നു.

൩൦ യേശു അവനോടു: നിന്റെ പേർ എന്തു എന്നു ചോദിച്ചു. അനേകം ഭൂതങ്ങൾ അവനിൽ പ്രവേശിച്ചിരുന്നതുകൊണ്ടു: ലെഗ്യോൻ എന്നു അവൻ പറഞ്ഞു.

൩൧ തങ്ങളെ അഗാധത്തിലേക്കു പോകുവാൻ നിയോഗിക്കരുതു എന്നു അവർ അവനോടു അപേക്ഷിച്ചു.

൩൨ അവിടെ മലയിൽ വലിയോരു പന്നിക്കൂട്ടം മേയുന്നുണ്ടു. അവയിൽ പ്രവേശിപ്പാൻ തങ്ങൾക്കു അനുവാദം തരേണ്ടതിന്നു അവനോടു അപേക്ഷിച്ചു; അവൻ അനുവാദം കൊടുത്തു.

൩൩ ഭൂതങ്ങൾ മനുഷ്യനിൽനിന്നു പുറപ്പെട്ടു പന്നികളിൽ കടന്നപ്പോൾ കൂട്ടം കടുന്തൂക്കത്തൂടെ തടാകത്തിലേക്കു പാഞ്ഞു വീണു മുങ്ങി ചാകയും ചെയ്തു.

൩൪ ഈ ഉണ്ടായതു മേയ്ക്കുന്നവർ കണ്ടിട്ടു ഓടിപ്പോയി പട്ടണത്തിലും നാട്ടിലും അറിയിച്ചു.

൩൫ ഉണ്ടായതു കാണ്മാൻ അവർ പുറപ്പെട്ടു യേശുവിന്റെ അടുക്കൽ വന്നു, ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ വസ്ത്രം ഉടുത്തും സുബോധത്തോടും യേശുവിന്റെ കാല്ക്കൽ ഇരിക്കുന്നതു കണ്ടു ഭയപ്പെട്ടു.

൩൬ ഭൂതബാധിതൻ രക്ഷപെട്ടതു ഇന്നപ്രകാരം എന്നു കണ്ടവർ അവരോടു അറിയിച്ചു.

൩൭ അപ്പോൾ ഗദരദേശത്തിലേ ജനക്കൂട്ടത്തിന്നു എല്ലാം വലിയ ഭയം പിടിക്കകൊണ്ടു തങ്ങളെ വിട്ടുപോകുവാൻ അവർ അവനോടു അപേക്ഷിച്ചു; അവൻ പടകിൽ കയറി മടങ്ങിപ്പോന്നു.

൩൮ ഭൂതങ്ങൾ പുറപ്പെട്ടു പോയ ആൾ അവനോടുകൂടെ ഇരിക്കേണ്ടതിന്നു യാചിച്ചു.

൩൯ എന്നാൽ അവൻ നീ നിന്റെ വീട്ടിൽ തിരികേ ചെന്നു ദൈവം നിനക്കു ചെയ്തതു എല്ലാം അറിയിക്ക എന്നു പറഞ്ഞു അവനെ അയച്ചു. അവൻ പോയി യേശു തനിക്കു ചെയ്തതു ഒക്കെയും പട്ടണത്തിൽ എല്ലാടവും അറിയിച്ചു.

൪൦ ¶ യേശു മടങ്ങി വന്നപ്പോൾ പുരുഷാരം അവനെ സന്തോഷത്തോടെ കൈക്കൊണ്ടു; എന്തുകൊണ്ടെന്നാൽ അവർ എല്ലാവരും അവന്നായിട്ടു കാത്തിരിക്കയായിരുന്നു.

൪൧ അപ്പോൾ ഇതാ പള്ളിപ്രമാണിയായ യായിറോസ് എന്നു പേരുള്ളോരു മനുഷ്യൻ വന്നു യേശുവിന്റെ കാല്ക്കൽ വീണു.

൪൨ അവന്നു ഏകദേശം പന്ത്രണ്ടു വയസ്സുള്ള ഏകജാതയായോരു പുത്രി ഉണ്ടായിരുന്നു; അവൾ മരിപ്പാറായതുകൊണ്ടു തന്റെ വീട്ടിൽ വരേണം എന്നു അവനോടു അപേക്ഷിച്ചു: അവൻ പോകുമ്പോൾ പുരുഷാരങ്ങൾ അവനെ തിക്കി.

൪൩ ¶ അപ്പോൾ പന്തിരാണ്ടായിട്ടു രക്തവാച്ചയുള്ളവളും മുതൽ എല്ലാം വൈദ്യന്മാക്കായി ചെലവഴിച്ചിട്ടും ആരാലും സൌഖ്യപ്പെടുത്തുവാൻ കഴിയാഞ്ഞവളുമായോരു സ്ത്രീ

൪൪ പിറകിൽ അടുത്തു ചെന്നു, അവന്റെ വസ്ത്രത്തിന്റെ തൊങ്ങലെ തൊട്ടു, അവളുടെ രക്തവാച്ച തൽക്ഷണം നിന്നുപോകയും ചെയ്തു.

൪൫ യേശു: എന്നെ തൊട്ടതു ആർ എന്നു ചോദിച്ചതിന്നു എല്ലാവരും മറുത്തു പറഞ്ഞപ്പോൾ, ഗുരോ, പുരുഷാരങ്ങൾ നിന്നെ തിക്കിത്തിരക്കുന്നു എന്നു പത്രൊസും അവനോടു കൂടെയുള്ളവരും പറഞ്ഞു.

൪൬ എന്നാൽ യേശു: എന്നെ ഒരാൾ തൊട്ടു, എങ്കൽനിന്നു ശക്തി പുറപ്പെട്ടതു ഞാൻ അറിഞ്ഞുവല്ലോ എന്നു പറഞ്ഞു.

൪൭ സ്ത്രീ താൻ മറവായിരിക്കുന്നില്ല എന്നു കണ്ടു വിറെച്ചുംകൊണ്ടു വന്നു അവന്റെ മുമ്പിൽ വീണു, അവനെ തൊട്ട സംഗതിയും തൽക്ഷണം സൌഖ്യമായതും സകലജനത്തിന്നും മുമ്പാകെ അറിയിച്ചു.

൪൮ അവളോടു അവൻ പറഞ്ഞു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തോടെ പോക.

൪൯ ¶ ഇങ്ങനെ പറയുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ ഒരാൾ വന്നു: നിന്റെ മകൾ മരിച്ചുപോയി, ഗുരുവിനെ അസഹ്യപ്പെടുത്തേണ്ടാ എന്നു പറഞ്ഞു.

൫൦ യേശു അതു കേട്ടാറെ: ഭയപ്പെടേണ്ടാ, വിശ്വസിക്കമാത്രം ചെയ്ക; എന്നാൽ അവൾ രക്ഷപെടും എന്നു അവനോടു ഉത്തരം പറഞ്ഞു.

൫൧ വീട്ടിൽ എത്തിയാറെ പത്രൊസ് യോഹന്നാൻ, യാക്കോബ് എന്നവരെയും ബാലയുടെ അപ്പനെയും അമ്മയെയും അല്ലാതെ ആരെയും അവൻ തന്നോടു കൂടെ അകത്തു വരുവാൻ സമ്മതിച്ചില്ല.

൫൨ എല്ലാവരും അവളെ ചൊല്ലി ക
രകയും മുറയിടുകയും ചെയ്യുമ്പോൾ: ക
രയേണ്ടാ, അവൾ മരിച്ചില്ല, ഉറങ്ങുന്ന
ത്രേ എന്നു അവൻ പറഞ്ഞു.
൫൩ അവൾ മരിച്ചുപോയി എന്നു
അവർ അറികകൊണ്ടു അവനെ പരി
ഹസിച്ചു.
൫൪ എന്നാൽ അവൻ അവളുടെ
കൈ പിടിച്ചു: ബാലേ, എഴുനീല്ക്ക എ
ന്നു അവളോടു ഉറക്കെ പറഞ്ഞു.
൫൫ അവളുടെ ആത്മാവു തിരികേ വ
ന്നു. അവൾ ഉടനേ എഴുനീററു; എന്നാ
റെ അവൾക്കു ഭക്ഷണം കൊടുപ്പാൻ അ
വൻ കല്പിച്ചു.
൫൬ അവളുടെ അമ്മയപ്പന്മാർ വിസ്മ
യിച്ചു. ഉണ്ടായതു ആരോടും പറയരുതു
എന്നു അവൻ അവരോടു കല്പിക്കയും
ചെയ്തു.

൯ാം അദ്ധ്യായം.

അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു
എല്ലാ ഭൂതങ്ങളുടെമേലും, വ്യാധികളെ
സൌഖ്യമാക്കുവാനും അവൎക്കു ശക്തിയും
അധികാരവും കൊടുത്തു;
൨ ദൈവരാജ്യത്തെ പ്രസംഗിപ്പാനും
രോഗികളെ സ്വസ്ഥമാക്കുവാനും അവ
രെ അയച്ചു പറഞ്ഞതു:
൩ വഴിക്കു വടിയും പൊക്കണവും
അപ്പവും പണവും ഒന്നും എടുക്കരുതു, ര
ണ്ടു ഉടുപ്പുകളും അരുതു.
൪ നിങ്ങൾ ഏതു വീട്ടിൽ എങ്കിലും പ്ര
വേശിച്ചാൽ അവിടെ പാൎപ്പിൻ, അവി
ടെനിന്നു തന്നേ യാത്ര പുറപ്പെടുകയും
ചെയ്വിൻ.
൫ ആരെങ്കിലും നിങ്ങളെ കൈക്കൊ
ള്ളാതിരുന്നാൽ ആ പട്ടണത്തിൽനിന്നു
പുറപ്പെട്ടു, അവരുടെനേരേ സാക്ഷ്യത്തി
ന്നായി നിങ്ങളുടെ പാദങ്ങളിൽനിന്നു
പൊടി തട്ടിക്കളവിൻ.
൬ അവർ പുറപ്പെട്ടു എങ്ങും സുവിശേ
ഷിച്ചും സൌഖ്യമാക്കിക്കൊണ്ടും ഊർതോ
റും സഞ്ചരിച്ചു.
൭ ¶ അവനാൽ ഉണ്ടാകുന്നവ എ
ല്ലാം ഇടപ്രഭുവായ ഹെരോദാ കേട്ടു.
൮ യോഹന്നാൻ മരിച്ചവരിൽനിന്നു
ഉയിൎത്തെഴുനീററു എന്നു ചിലരും എലീ
യാ പ്രത്യക്ഷനായി എന്നു ചിലരും പുരാ
തന പ്രവാചകന്മാരിൽ ഒരുത്തൻ ഉയി
ൎത്തെഴുനീററു എന്നു മററു ചിലരും പറ
കകൊണ്ടു,
൯ ഹെരോദാ ചഞ്ചലിച്ചു: യോഹന്നാ
നെ ഞാൻ ശിരഃഛേദം ചെയ്തു, എന്നാൽ
ഞാൻ ഇപ്രകാരമുള്ളവ കേൾക്കുന്ന ഇവ
ൻ ആർ ആകുന്നു എന്നു പറഞ്ഞു അവ
നെ കാണ്മാൻ അന്വേഷിച്ചു.
൧൦ ¶ അപ്പൊസ്തലന്മാർ മടങ്ങി വന്ന
പ്പോൾ തങ്ങൾ ചെയ്തതു ഒക്കെയും അവ
നോടു അറിയിച്ചു. അവൻ അവരെ കൂ
ട്ടിക്കൊണ്ടു ബെഥ്സയിദ എന്നു പേരു
ള്ള പട്ടണത്തിലേക്കു വേറിട്ടു വാങ്ങി
പ്പോയി.
൧൧ അതു പുരുഷാരങ്ങൾ അറിഞ്ഞു
അവനെ പിന്തുടൎന്നു. അവൻ അവരെ
കൈക്കൊണ്ടു ദൈവരാജ്യത്തെ കുറിച്ചു
അവരോടു സംസാരിച്ചു, രോഗശാന്തി
വേണ്ടിയവരെ സൌഖ്യമാക്കുകയും ചെ
യ്തു.
൧൨ പകൽ കഴിവാറായപ്പോൾ പ
ന്തിരുവർ അടുത്തു വന്നു അവനോടു: ഇ
വിടെ നാം മരുഭൂമിയിൽ ആയിരിക്കകൊ
ണ്ടു അവർ ചുററുമുള്ള ഊരുകളിലും നാ
ട്ടുപുറങ്ങളിലും പോയി രാത്രി പാൎപ്പാനും
തങ്ങൾക്കു ആഹാരം കിട്ടുവാനും വേണ്ടി
പുരുഷാരത്തെ പറഞ്ഞയക്കേണം എന്നു
പറഞ്ഞു.
൧൩ അവൻ അവരോടു: നിങ്ങൾ ത
ന്നേ അവൎക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എ
ന്നു പറഞ്ഞതിന്നു: അഞ്ചപ്പവും രണ്ടു മീ
നും അല്ലാതെ അധികം ഞങ്ങളുടെ പക്ക
ൽ ഇല്ല; അല്ലെങ്കിൽ ഞങ്ങൾ പോയി
ഈ സകല ജനത്തിന്നും ഭോജ്യങ്ങൾ
കൊള്ളേണ്ടി വരും എന്നു അവർ പറ
ഞ്ഞു.
൧൪ എന്തുകൊണ്ടെന്നാൽ ഏകദേശം
അയ്യായിരം പുരുഷന്മാർ ഉണ്ടായിരുന്നു.
പിന്നെ അവൻ തന്റെ ശിഷ്യന്മാരോടു:
അവരെ പന്തികളിൽ അമ്പതു അമ്പതു
പേരായി ഇരുത്തുവിൻ എന്നു പറഞ്ഞു.

൧൫ അപ്രകാരം അവർ ചെയ്തു എല്ലാവരെയും ഇരുത്തി.

൧൬ അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തുകൊണ്ടു സ്വൎഗ്ഗത്തേക്കു നോക്കി അവയെ അനുഗ്രഹിച്ചു നുറുക്കി പുരുഷാരത്തിന്റെ മുമ്പിൽ വെപ്പാൻ ശിഷ്യന്മാൎക്കു കൊടുത്തു.

൧൭ എല്ലാവരും തിന്നു തൃപ്തരായി, കഷണങ്ങൾ അവൎക്കു ശേഷിച്ചതു പന്ത്രണ്ടു കൊട്ട എടുക്കപ്പെട്ടു.

൧൮ ¶ അവൻ തനിച്ചു പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ശിഷ്യന്മാർ കൂടെ ഉണ്ടായിരുന്നു; അവൻ അവരോടു: പുരുഷാരങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു.

൧൯ അവർ ഉത്തരം പറഞ്ഞതു: യോഹന്നാൻ സ്നാപകൻ എന്നും, ചിലർ എലീയാ എന്നും, മററു ചിലർ പുരാതന പ്രവാചകന്മാരിൽ ഒരുത്തൻ ഉയിൎത്തെഴുനീററു എന്നും പറയുന്നു.

൨൦ അവൻ അവരോടു പറഞ്ഞു: എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? ദൈവത്തിന്റെ ക്രിസ്തു എന്നു പത്രൊസ് ഉത്തരം പറഞ്ഞു.

൨൧ അപ്പോൾ ഇതു ആരോടും പറയരുതെന്നു അവരോടു അമൎച്ചയായിട്ടു കല്പിച്ചു.

൨൨ മനുഷ്യപുത്രൻ പലതും സഹിച്ചു മൂപ്പന്മാർ മഹാപുരോഹിതന്മാർ ശാസ്ത്രികൾ എന്നിവരാൽ നിസ്സാരൻ എന്നു തള്ളപ്പെട്ടു കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിൎത്തെഴുനീല്ക്കയും വേണം എന്നു പറഞ്ഞു.

൨൩ പിന്നെ അവൻ എല്ലാവരോടും പറഞ്ഞു: എന്റെ പിന്നാലേ വരുവാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശു എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ.

൨൪ ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും.

൨൫ എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ സൎവ്വലോകവും നേടീട്ടു തന്നെത്താൻ കളകയോ നഷ്ടം വരുത്തുകയോ ചെയ്താൽ അവന്നു എന്തു പ്രയോജനം ഉള്ളു?

൨൬ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെ കുറിച്ചു മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും.

൨൭ എന്നാൽ ദൈവരാജ്യത്തെ കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഇവിടെ നില്ക്കുന്നവരിൽ ഉണ്ടു സത്യം എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൨൮ ¶ ഈ വാക്കുകളുടെ ശേഷം ഏകദേശം എട്ടുനാൾ കഴിഞ്ഞപ്പോൾ അവൻ പത്രൊസിനെയും, യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു പ്രാൎത്ഥിപ്പാൻ മലമേൽ കരേറിപ്പോയി.

൨൯ അവൻ പ്രാൎത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പു മിന്നുന്ന വെള്ളയായും തീൎന്നു.

൩൦ ഇതാ, രണ്ടു പുരുഷന്മാർ അവനോടു സംഭാഷിച്ചു; അവർ മോശെയും എലീയാവും ആയിരുന്നു.

൩൧ ഇവർ തേജസ്സിൽ പ്രത്യക്ഷരായി അവൻ യരുശലേമിൽ നിവൃത്തിപ്പാറായ നിൎയ്യാണത്തെക്കുറിച്ചു സംസാരിച്ചു.

൩൨ പത്രൊസും അവനോടു കൂടെയുള്ളവരും ഉറക്കത്താൽ ഭാരപ്പെട്ടിരുന്നു; ഉണൎന്നശേഷം അവന്റെ തേജസ്സിനെയും അവനോടുകൂടെ നില്ക്കുന്ന രണ്ടു പുരുഷന്മാരെയും കണ്ടു.

൩൩ അവർ അവനെ വിട്ടുപിരിയുമ്പോൾ പത്രൊസ് യേശുവിനോടു: ഗുരോ, നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിലുകളെ ഉണ്ടാക്കട്ടെ, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു എലീയാവിന്നും എന്നു താൻ പറയുന്നതു ഇന്നതു എന്നു അറിയാതെ പറഞ്ഞു.

൩൪ ഇതു പറയുമ്പോൾ ഒരു മേഘം വന്നു അവരുടെമേൽ നിഴലിട്ടു. എന്നാൽ അവർ മേഘത്തിൽ പ്രവേശിക്കയിൽ ഇവർ പേടിച്ചു.

൩൫ മേഘത്തിൽനിന്നു: ഇവൻ എ
ൻെറ പ്രിയ പുത്രൻ ആകുന്നു, ഇവനെ
ചെവിക്കൊൾവിൻ എന്നു ഒരു ശബ്ദം ഉ
ണ്ടായി.
൩൬ ശബ്ദം ഉണ്ടായ നേരത്തു യേശു
തനിയേ കാണപ്പെട്ടു; അവർ കണ്ടതു ഒ
ന്നും ആ നാളുകളിൽ ആരോടും അറിയി
ക്കാതെ മൌനമായിരുന്നു.
൩൭ ¶ പിറെറന്നാൾ അവർ മല
യിൽനിന്നു ഇറങ്ങി വന്നപ്പോൾ ബഹു
പുരുഷാരം അവനെ എതിരേററു.
൩൮ കൂട്ടത്തിൽനിന്നു ഒരാൾ നിലവി
ളിച്ചു: ഗുരോ, എൻെറ മകൻ എനിക്കു ഏ
കജാതൻ ആകകൊണ്ടു അവനെ നോ
ക്കേണമെന്നു ഞാൻ നിന്നോടു അപേക്ഷി
ക്കുന്നു.
൩൯ ഇതാ ഒരാത്മാവു അവനെ പിടി
ച്ചിട്ടു അവൻ പൊടുന്നനവേ നിലവിളി
ക്കുന്നു; അതു അവനെ നുരപ്പിച്ചു ഇഴെ
ക്കുന്നു; പിന്നെ അവനെ ഞെരിച്ചിട്ടു പ്ര
യാസത്തോടെ വിട്ടുമാറുന്നു.
൪൦ അതിനെ പുറത്താക്കുവാൻ നി
ൻെറ ശിഷ്യന്മാരോടു അപേക്ഷിച്ചാറെ
അവൎക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു.
൪൧ യേശു ഉത്തരം പറഞ്ഞതു: അവി
ശ്വാസവും കോട്ടവുമുള്ള തലമുറയേ, എ
ത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരു
ന്നു നിങ്ങളെ സഹിക്കും? നിൻെറ മക
നെ ഇവിടെ കൊണ്ടുവരിക.
൪൨ അവൻ വരുമ്പോൾ തന്നേ ഭൂതം
അവനെ വലിച്ചിഴെച്ചു. എന്നാറെ യേ
ശു അശുദ്ധാത്മാവിനെ ശാസിച്ചു പൈ
തലിനെ സൌഖ്യമാക്കി അവൻെറ അപ്പ
നെ ഏല്പിച്ചു.
൪൩ എല്ലാവരും ദൈവത്തിൻെറ മ
ഹിമയിങ്കൽ വിസ്മയിക്കയും ചെയ്തു. യേ
ശു ചെയ്യുന്നതിൽ ഒക്കെയും എല്ലാവരും
ആശ്ചൎയ്യപ്പെടുമ്പോൾ അവൻ തൻെറ ശി
ഷ്യന്മാരോടു:
൪൪ നിങ്ങൾ ഈ വാക്കുകളെ ചെവി
കളിൽ വെച്ചുകൊൾവിൻ. എന്തുകൊ
ണ്ടെന്നാൽ മനുഷ്യപുത്രൻ മനുഷ്യരുടെ
കൈകളിൽ ഏല്പിക്കപ്പെടുവാൻ പോകു
ന്നു എന്നു പറഞ്ഞു.
൪൫ ആ മൊഴി അവർ ഗ്രഹിച്ചില്ല;
അതു തിരിച്ചറിയാതവണ്ണം അവരിൽ
നിന്നു മറഞ്ഞിരുന്നു; ആ മൊഴി സംബ
ന്ധിച്ചു അവനോടു ചോദിപ്പാൻ ഭയപ്പെ
ടുകയും ചെയ്തു.
൪൬ ¶ അനന്തരം തങ്ങളിൽ ആർ
വലിയവനാകും എന്നു ഒരു വാദം അവ
രുടെ ഇടയിൽ കടന്നു.
൪൭ എന്നാൽ യേശു അവരുടെ ഹൃ
ദയവിചാരം കണ്ടു, ഒരു ശിശുവിനെ എടു
ത്തു തൻെറ അരികേ നിറുത്തി:
൪൮ ഈ ശിശുവിനെ എൻെറ നാമ
ത്തിൽ ആരെങ്കിലും കൈക്കൊണ്ടാൽ എ
ന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊ
ള്ളുന്നവനോ എന്നെ അയച്ചവനെ കൈ
ക്കൊള്ളുന്നു; എന്തുകൊണ്ടെന്നാൽ നിങ്ങ
ളെല്ലാവരിലും ചെറിയവൻ വലിയവൻ
ആകും എന്നു അവരോടു പറഞ്ഞു.
൪൯ ¶ യോഹന്നാൻ ഉത്തരം പറ
ഞ്ഞതു: ഗുരോ, ഒരുത്തൻ നിൻെറ നാമ
ത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങ
ൾ കണ്ടു, ഞങ്ങളോടുകൂടെ അനുഗമിക്കാ
യ്കയാൽ അവനെ വിരോധിച്ചു.
൫൦ യേശു അവനോടു പറഞ്ഞു: വി
രോധിക്കരുതു; എന്തുകൊണ്ടെന്നാൽ നി
ങ്ങൾക്കു എതിരല്ലാത്തവൻ നിങ്ങൾക്കു
വേണ്ടിയവൻ ആകുന്നു.
൫൧ ¶ അവൻ മേലോട്ടു എടുത്തുകൊ
ള്ളപ്പെടുന്നതിനുള്ള നാളുകൾ തികയാറാ
യപ്പോൾ അവൻ യരുശലേമിലേക്കു യാ
ത്രയാവാൻ തൻെറ മുഖം ഉറപ്പിച്ചു.
൫൨ തൻെറ മുഖത്തിന്നു മുമ്പാകെ ദൂത
ന്മാരെ അയച്ചു. അവർ പോയി ശമൎയ്യ
ക്കാരുടെ ഒരു ഗ്രാമത്തിൽ അവന്നായി ഒ
രുക്കേണ്ടതിന്നു പ്രവേശിച്ചു.
൫൩ എന്നാൽ അവൻെറ മുഖം യരു
ശലേമിലേക്കു പോകുംവണ്ണം ആകകൊ
ണ്ടു, അവർ അവനെ കൈക്കൊണ്ടില്ല.
൫൪ അതു അവൻെറ ശിഷ്യന്മാരായ
യാക്കോബും യോഹന്നാനും കണ്ടിട്ടു പറ
ഞ്ഞതു: കൎത്താവേ, ആകാശത്തിൽനിന്നു
തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങ
ൾ പറയുന്നതിന്നു നിനക്കു മനസ്സുണ്ടോ?

൫൫ എന്നാൽ അവൻ തിരിഞ്ഞു അവരെ ശാസിച്ചു.

൫൬ അവർ വേറൊരു ഗ്രാമത്തിൽ പോകയും ചെയ്തു.

൫൭ ¶ അവർ വഴിയിൽ കൂടി പോകുമ്പോൾ ഒരുത്തൻ അവനോടു: നീ എവിടെ പോയാലും ഞാൻ പിന്തുടരാം എന്നു പറഞ്ഞു.

൫൮ യേശു അവനോടു പറഞ്ഞു: കുറുനരികൾക്കു കുഴികളും ആകാശത്തിലേ പറവജാതികൾക്കു കൂടുകളും ഉണ്ടു, മനുഷ്യപുത്രന്നോ തല ചായിപ്പാൻ സ്ഥലമില്ല.

൫൯ വേറൊരുത്തനോടു: എന്നെ അനുഗമിക്ക എന്നു പറഞ്ഞാറെ, അവൻ: കർത്താവേ, ഞാൻ മുമ്പേ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു.

൬൦ എന്നാൽ അവൻ അവനോടു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിട്ടുകൊള്ളട്ടേ; നീയോ പോയി ദൈവരാജ്യത്തെ അറിയിക്ക എന്നു പറഞ്ഞു.

൬൧ മറ്റൊരുത്തൻ പറഞ്ഞു: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ മാത്രം എനിക്കു മുമ്പേ അനുവാദം തരേണം.

൬൨ എന്നാൽ യേശു അവനോടു: കലപ്പെക്കു കൈവെച്ച ശേഷം പിറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന്നു കൊള്ളാകുന്നവൻ അല്ല എന്നു പറഞ്ഞു.

൧൦ാം അദ്ധ്യായം.

അനന്തരം കർത്താവു വേറെ എഴുപതു ആളുകളെ നിയമിച്ചു, താൻ ചെല്ലുവാനുള്ള ഓരോ നഗരത്തിലേക്കും സ്ഥലത്തിലേക്കും അവരെ തന്റെ മുഖത്തിൻ മുമ്പാകെ ഈരണ്ടായി അയച്ചു.

൨ അവരോടു പറഞ്ഞു: കൊയിത്തു വളരെ ഉണ്ടു സത്യം, വേലക്കാരൊ ചുരുക്കം; ആകയാൽ കൊയിത്തിന്റെ യജമാനനോടു തന്റെ കൊയിത്തിന്നായി വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ.

൩ പോകുവിൻ, ഇതാ ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെ പോലെ ഞാൻ നിങ്ങളെ അയക്കുന്നു.

൪ സഞ്ചിയും പൊക്കണവും ചെരിപ്പും എടുക്കരുതു, വഴിയിൽ വെച്ചു ആരെയും വന്ദനം ചെയ്കയുമരുതു.

൫ ഏതു വീട്ടിൽ എങ്കിലും പ്രവേശിച്ചാൽ: ഈ വീട്ടിന്നു സമാധാനം എന്നു ആദ്യം പറവിൻ.

൬ അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ ആവസിക്കും, ഇല്ലെന്നുവരികിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും.

൭ അവരുടെ പക്കലുള്ളതു ഭക്ഷിച്ചും കുടിച്ചുംകൊണ്ടു ആ വീട്ടിൽ തന്നേ പാൎപ്പിൻ; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനാകുന്നുവല്ലോ; വീട്ടിൽനിന്നു വീട്ടിലേക്കു മാറിപ്പോകരുതു.

൮ ഏതു നഗരത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നു എങ്കിൽ നിങ്ങളുടെ മുമ്പിൽ വെക്കുന്നതു ഭക്ഷിപ്പിൻ.

൯ അതിലേ രോഗികളെ സൌഖ്യമാക്കി, ദൈവരാജ്യം നിങ്ങൾക്കു സമീപമായി വന്നു എന്നു അവരോടു പറവിൻ.

൧൦ ഏതു നഗരത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ അതിന്റെ തെരുക്കളിൽ പോയി:

൧൧ നിങ്ങളുടെ പട്ടണത്തിൽനിന്നു ഞങ്ങളുടെ പാദങ്ങളിൽ പറ്റിയ പൊടിയും ഞങ്ങൾ നിങ്ങൾക്കു കുടഞ്ഞേച്ചുപോകുന്നു; എന്നാലും ദൈവരാജ്യം സമീപിച്ചു വന്നിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ എന്നു പറവിൻ.

൧൨ ആ നഗരത്തേക്കാൾ സോദോമ്യെക്കു ആ നാളിൽ സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൧൩ കോരസിനേ, നിനക്കു ഹാ കഷ്ടം! ബെഥ്സയിദേ, നിനക്കു ഹാ കഷ്ടം! നിങ്ങളിൽ സംഭവിച്ച ശക്തികൾ തുരോസിലും സിദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടേ തന്നേ രട്ടിലും വെണ്ണീറിലും ഇരുന്നു മാനസാന്തരപ്പെട്ടു മായിരുന്നു.

൧൪ എന്നാലോ ന്യായവിധിയിൽ നിങ്ങളെക്കാൾ തുരോസിന്നും സിദോന്നും സഹിക്കാവതാകും.

൧൫ നീയോ കപ്പൎന്നഹൂമേ, സ്വൎഗ്ഗത്തോളം ഉയൎന്നിരിക്കുമോ? നീ പാതാളംവരെ താഴ്ത്തപ്പെടും

൧൬ നിങ്ങളെ ചെവിക്കൊള്ളുന്നവൻ എന്നെ ചെവിക്കൊള്ളുന്നു, നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു, എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു.

൧൭ ¶ ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങി വന്നു: കൎത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു.

൧൮ അവരോടു അവൻ പറഞ്ഞതു: സാത്താൻ മിന്നൽപോലെ ആകാശത്തിൽനിന്നു വീഴുന്നതു ഞാൻ കണ്ടു.

൧൯ ഇതാ, പാമ്പുകളെയും തേളുകളെയും മെതിപ്പാനും ശത്രുവിന്റെ സകല ബലത്തിന്മേലും ഞാൻ നിങ്ങൾക്കു അധികാരം തരുന്നു, ഒന്നും നിങ്ങൾക്കു ഒരു പ്രകാരത്തിലും ദോഷം വരുത്തുകയും ഇല്ല.

൨൦ എന്നാലോ ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിൽ സന്തോഷിക്കാതെ നിങ്ങളുടെ നാമങ്ങൾ സ്വൎഗ്ഗത്തിൽ എഴുതിയിരിക്കകൊണ്ടു തന്നേ സന്തോഷിപ്പിൻ.

൨൧ ¶ ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞതു: പിതാവേ, സ്വൎഗ്ഗത്തിന്നും ഭൂമിക്കും കൎത്താവായുള്ളോവേ, നീ ഇവ ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ പിതാവേ, ഇപ്രകാരം നിനക്കു പ്രസാദം തോന്നിയല്ലോ.

൨൨ സകലവും എന്റെ പിതാവിനാൽ എങ്കൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. പുത്രൻ ആർ എന്നു പിതാവല്ലാതെ ആരും അറിയുന്നില്ല; പിതാവു ആർ എന്നു പുത്രനും പുത്രൻ ആൎക്കു വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നുവോ ആയവനും അല്ലാതെ ഒരുത്തനും അറിയുന്നതുമില്ല.

൨൩ പിന്നെ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു പ്രത്യേകം പറഞ്ഞതു: നിങ്ങൾ കാണുന്നതിനെ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ.

൨൪ എന്തുകൊണ്ടെന്നാൽ നിങ്ങൾ കാണുന്നതിനെ കാണ്മാൻ ഏറിയ പ്രവാചകന്മാരും രാജാക്കന്മാരും ഇച്ഛിച്ചിട്ടു കണ്ടില്ല, നിങ്ങൾ കേൾക്കുന്നതിനെ കേൾപ്പാൻ ഇച്ഛിച്ചിട്ടു കേട്ടതുമില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൨൫ ¶ അനന്തരം ഇതാ, ഒരു വൈദികൻ എഴുനീറ്റു: ഗുരോ, ഞാൻ നിത്യജീവന്നു അവകാശി ആകുവാൻ എന്തു ചെയ്യേണം എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു.

൨൬ അവനോടു അവൻ പറഞ്ഞു: ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു?

൨൭ അവൻ ഉത്തരം പറഞ്ഞതു: നിന്റെ ദൈവമായ കൎത്താവിനെ നിന്റെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണാത്മാവോടും പൂൎണ്ണശക്തിയോടും പൂൎണ്ണബുദ്ധിയോടും കൂടെ സ്നേഹിക്കേണം എന്നും, നിന്റെ അയല്ക്കാരനെ നിന്നെ പോലെ തന്നേ സ്നേഹിക്കേണം എന്നും തന്നേ.

൨൮ അവൻ അവനോടു പറഞ്ഞു: നീ ശരിയായി ഉത്തരം പറഞ്ഞു: ഇപ്രകാരം ചെയ്ക, എന്നാൽ നീ ജീവിക്കും.

൨൯ എന്നാറെ അവൻ തന്നെത്താൻ നീതീകരിപ്പാൻ ഇച്ഛിച്ചിട്ടു യേശുവിനോടു പറഞ്ഞു: എന്നാൽ എന്റെ അയല്ക്കാരൻ ആർ?

൩൦ അതിന്നു യേശു ഉത്തരം പറഞ്ഞതു: ഒരു മനുഷ്യൻ യരുശലേമിൽനിന്നു യറിഹോവിലേക്കു ഇറങ്ങിപ്പോകുമ്പോൾ കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു മുറിവും ഏല്പിച്ചു അൎദ്ധപ്രാണനായി വിട്ടേച്ചു പോയി.

൩൧ ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ ഇറങ്ങിവന്നു അവനെ കണ്ടിട്ടു ഒഴിഞ്ഞുമാറി പോയി.

൩൨ അപ്രകാരം ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ടു ഒഴിഞ്ഞു മാറിപ്പോയി.

൩൩ എന്നാൽ വഴിപോക്കനായ ഒരു
ശമൎയ്യക്കാരൻ അവന്റെ അടുക്കൽ വന്നു
അവനെ കണ്ടിട്ടു മനസ്സലിഞ്ഞു.
൩൪ പിന്നെ അവൻ അരികെ ചെ
ന്നു എണ്ണയും വീഞ്ഞും പകൎന്നു അവ
ന്റെ മുറിവുകളെ കെട്ടി അവനെ ത
ന്റെ വാഹനത്തിൽ കയററി വഴിയമ്പ
ലത്തിലേക്കു കൊണ്ടുപോയി അവനെ
ശുശ്രൂഷിച്ചു.
൩൫ പിറേറന്നാൾ അവൻ പുറപ്പെ
ടുമ്പോൾ രണ്ടു പണം എടുത്തു വഴിയമ്പ
ലക്കാരന്നു കൊടുത്തു: ഇവനെ നോക്കി
ക്കൊൾക, നീ അധികമായി എന്തെങ്കി
ലും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോ
ൾ നിനക്കു തന്നുകൊള്ളാം എന്നു അവ
നോടു പറകയും ചെയ്തു.
൩൬ എന്നാൽ കള്ളന്മാരുടെ ഇടയി
ൽ അകപ്പെട്ടവന്നു ഈ മൂവരിൽ ഏവൻ
അയല്ക്കാരനായി തീൎന്നു എന്നു നിനക്കു
തോന്നുന്നു?
൩൭ അവനോടു കരുണ കാണിച്ച
വൻ എന്നു അവൻ പറഞ്ഞു. യേശു അ
വനോടു: നീയും പോയി അപ്രകാരം ത
ന്നേ ചെയ്ക എന്നു പറഞ്ഞു.
൩൮ ¶ പിന്നെ അവർ യാത്ര പോ
കയിൽ അവൻ ഒരു ഗ്രാമത്തിൽ പ്രവേ
ശിച്ചാറെ മാൎത്ഥാ എന്നു പേരുള്ള ഒരു
സ്ത്രീ തന്റെ വീട്ടിൽ അവനെ കൈക്കൊ
ണ്ടു.
൩൯ അവൾക്കു മറിയ എന്ന ഒരു സ
ഹോദരി ഉണ്ടു. ആയവൾ കൎത്താവി
ന്റെ കാല്ക്കൽ ഇരുന്നുകൊണ്ടു അവന്റെ
വചനം കേട്ടു.
൪൦ മാൎത്ഥയോ പല ശുശ്രൂഷയാൽ
കുഴങ്ങിട്ടു അടുക്കെ വന്നു: കൎത്താവേ, ശു
ശ്രൂഷ ചെയ്വാൻ എന്റെ സഹോദരി എ
ന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു
വിചാരമില്ലയോ? അതുകൊണ്ടു എന്നെ
സഹായിപ്പാൻ അവളോടു കല്പിച്ചാലും
എന്നു പറഞ്ഞു.
൪൧ കൎത്താവു അവളോടു ഉത്തരം പ
റഞ്ഞതു: മാൎത്ഥയേ, മാൎത്ഥയേ, നീ പല
തിനെ ചൊല്ലി വിചാരപ്പെട്ടും മനം ക
ലങ്ങിയുമിരിക്കുന്നു.
൪൨ എന്നാൽ ആവശ്യമായിട്ടു ഒന്നേ
യുള്ളു. മറിയ നല്ല അംശം തെരിഞ്ഞെടു
ത്തു; ആയതു അവളിൽനിന്നു എടുക്ക
പ്പെടുകയില്ല.

൧൧ാം അദ്ധ്യായം.

അവൻ ഒരു സ്ഥലത്തിൽ പ്രാൎത്ഥിച്ചിരി
ക്കുമ്പോൾ സംഭവിച്ചതു, പ്രാൎത്ഥന തീൎന്ന
ശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവ
നോടു: കൎത്താവേ, യോഹന്നാൻ തന്റെ
ശിഷ്യന്മാൎക്കു ഉപദേശിച്ചതുപോലെ പ്രാ
ൎത്ഥിപ്പാൻ ഞങ്ങൾക്കും ഉപദേശിക്കേണ
മേ എന്നു പറഞ്ഞു.
൨ അവൻ അവരോടു പറഞ്ഞു: നി
ങ്ങൾ പ്രാൎത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയതു:
സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണ
മേ. നിന്റെ രാജ്യം വരേണമേ. നി
ന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂ
മിയിലും ആകേണമേ.
൩ ഞങ്ങൾക്കു ആവശ്യമുള്ള അപ്പം
ഞങ്ങൾക്കു ദിനംപ്രതി തരേണമേ.
൪ ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു
ക്ഷമിക്കേണമേ. ഞങ്ങൾക്കു കടംപെട്ടിരി
ക്കുന്ന എല്ലാവനോടും ഞങ്ങളും ക്ഷമിക്കു
ന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ;
ദോഷത്തിൽനിന്നു ഞങ്ങളെ വിടുവിക്കേ
ണമേ.
൫ ¶ പിന്നെ അവൻ അവരോടു
പറഞ്ഞു: നിങ്ങളിൽ ആൎക്കെങ്കിലും ഒരു
സ്നേഹിതൻ ഉണ്ടായിരിക്കേ പാതിരാത്രി
യിൽ അവന്റെ അടുക്കൽ ചെന്നു: സ്നേ
ഹിതാ, എനിക്കു മൂന്നപ്പം വായ്പ തരേണ
മേ;
൬ എന്റെ ഒരു സ്നേഹിതൻ വഴിയാ
ത്രയിൽനിന്നു എന്റെ അടുക്കൽ വന്നു;
അവന്റെ മുമ്പിൽ വെപ്പാൻ എന്റെ പ
ക്കൽ ഏതും ഇല്ല എന്നു അവനോടു പറ
ഞ്ഞാൽ:
൭ എന്നെ പ്രയാസപ്പെടുത്തരുതു, ക
തകു അടെച്ചിരിക്കുന്നു; എന്റെ പൈത
ങ്ങളും കിടക്കയിൽ എന്നോടുകൂടെ ഉണ്ടു;
എഴുനീററു നിനക്കു തരുവാൻ എനിക്കു

കഴികയില്ല എന്നു അകത്തുനിന്നു ഉത്തരം പറഞ്ഞാലും,

൮ അവൻ സ്നേഹിതനാകകൊണ്ടു എഴുനീററു അവന്നു കൊടുക്കുമെന്നില്ലെങ്കിലും, അവൻ ലജ്ജ കൂടാതെ മുട്ടിക്ക നിമിത്തം എഴുനീററു അവന്നു വേണ്ടുന്നെടത്തോളം കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൯ ഞാൻ വിശേഷിച്ചും നിങ്ങളോടു പറയുന്നു: ചോദിപ്പിൻ, എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ, എന്നാൽ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും.

൧൦ എന്തുകൊണ്ടെന്നാൽ ചോദിക്കുന്നവന്നു എല്ലാവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കപ്പെടും.

൧൧ എന്നാൽ നിങ്ങളിൽ ഒരു അപ്പനോടു മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുമോ? അല്ല മീൻ ചോദിച്ചാൽ മീനിന്നു പകരം പാമ്പിനെ കൊടുക്കുമോ?

൧൨ മുട്ട യാചിച്ചു എങ്കിൽ തേളിനെ കൊടുക്കുമോ?

൧൩ ആകയാൽ നിങ്ങൾ ദുഷ്ടരായിരിക്കേ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വൎഗ്ഗത്തിലുള്ള പിതാവു തന്നോടു യാചിക്കുന്നവൎക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.

൧൪ ¶ പിന്നെ അവൻ ഊമയായ ഒരു ഭൂതത്തെ പുറത്താക്കി. ഭൂതം പുറപ്പെട്ടപ്പോൾ ഊമൻ സംസാരിച്ചു, പുരുഷാരങ്ങൾ ആശ്ചൎയ്യപ്പെടുകയും ചെയ്തു.

൧൫ എന്നാൽ അവരിൽ ചിലർ: ഭൂതങ്ങളുടെ തലവനായ ബെയെത്സബൂലെ കൊണ്ടാകുന്നു ഇവൻ ഭൂതങ്ങളെ പുറത്താക്കുന്നതു എന്നു പറഞ്ഞു.

൧൬ വേറെ ചിലർ പരീക്ഷിച്ചുകൊണ്ടു ആകാശത്തിൽനിന്നു ഒരടയാളം അവനോടു ചോദിച്ചു.

൧൭ എന്നാറെ അവൻ അവരുടെ വിചാരങ്ങളെ അറിഞ്ഞു അവരോടു പറഞ്ഞതു: തന്നിൽ തന്നേ ഛിദ്രിച്ച രാജ്യം എല്ലാം പാഴായിപോകും, വീടോടെ വീടു വീഴും.

൧൮ സാത്താനും തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ, അവന്റെ രാജ്യം എങ്ങനെ നിലനില്ക്കും? ബെയെത്സബൂലെ കൊണ്ടു ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു നിങ്ങൾ പറയുന്നുവല്ലോ.

൧൯ ഞാൻ ബെയെത്സബൂലെ കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ നിങ്ങളുടെ മക്കൾ ആരെ കൊണ്ടു പുറത്താക്കുന്നു? അതുകൊണ്ടു അവർ നിങ്ങൾക്കു ന്യായാധിപതികൾ ആകും.

൨൦ എന്നാൽ ദൈവത്തിന്റെ വിരൽ കൊണ്ടു ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം.

൨൧ ബലവാൻ ആയുധം ധരിച്ചു തന്റെ അരമനയെ കാക്കുമ്പോൾ അവന്റെ വസ്തുക്കൾ സമാധാനത്തോടെ ഇരിക്കുന്നു.

൨൨ അവനെക്കാൾ ബലവാനായവൻ നേരിട്ടു വന്നു അവനെ ജയിച്ചു എങ്കിലോ അവൻ ആശ്രയിച്ചിരുന്ന സൎവ്വായുധവൎഗ്ഗത്തെ പിടിച്ചു പറിച്ചുകൊണ്ടു, അവന്റെ കൊള്ളയെ പകുതി ചെയ്യുന്നു.

൨൩ എന്നോടുകൂടെ അല്ലാത്തവൻ എനിക്കു എതിർ ആകുന്നു; എന്നോടു കൂടെ ചേൎക്കാത്തവൻ ചിതറിക്കുന്നു.

൨൪ അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടിട്ടു പിന്നെ നീരില്ലാത്ത സ്ഥലങ്ങളൂടെ തണുപ്പു തിരഞ്ഞുകൊണ്ടു സഞ്ചരിക്കുന്നു; അതു കാണാഞ്ഞിട്ടു: ഞാൻ പുറപ്പെട്ടു പോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്നു പറയുന്നു.

൨൫ ഉടനേ വന്നു, അതു അടിച്ചു വാരിയും അലങ്കരിച്ചും കാണുന്നു.

൨൬ അപ്പോൾ അവൻ പോയി തന്നിലും ദുഷ്ടത ഏറിയ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടു വരുന്നു; അവയും അവിടെ പ്രവേശിച്ചു കുടിയിരിക്കുന്നു; ആ മനുഷ്യന്റെ ഒടുക്കത്തവ മുമ്പിലത്തവയെക്കാൾ വല്ലാതെയായി ഭവിക്കുന്നു.

൨൭ ¶ ഇവ പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ ശബ്ദം ഉയൎത്തി അവ

നോടു പറഞ്ഞു: നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവയാകുന്നു.

൨൮ അതിന്നു അവൻ പറഞ്ഞതു: ആകട്ടെ, എന്നാൽ ദൈവത്തിന്റെ വചനം കേട്ടും കാത്തും കൊള്ളുന്നവർ തന്നേ ഭാഗ്യവാന്മാർ.

൨൯ ¶ പിന്നെ പുരുഷാരങ്ങൾ തിങ്ങി കൂടുമ്പോൾ അവൻ പറഞ്ഞു തുടങ്ങിയതു: ഈ തലമുറ ദോഷമുള്ള തലമുറയാകുന്നു; അതു അടയാളം അന്വേഷിക്കുന്നു; യോനാവിന്റെ അടയാളം ഒഴികെ അതിന്നു ഒരു അടയാളവും കൊടുക്കപ്പെടുകയില്ല.

൩൦ യോനാവു നിനവക്കാൎക്കു അടയാളം ആയതുപോലെ തന്നേ മനുഷ്യപുത്രൻ ഈ തലമുറെക്കു ആകും.

൩൧ തെക്കേ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയുടെ ആളുകളോടു ഒന്നിച്ചു ഉയിൎത്തു വന്നു അവൎക്കു കുററം വിധിക്കും; എന്തുകൊണ്ടെന്നാൽ അവൾ ശലോമോന്റെ ജ്ഞാനത്തെ കേൾപ്പാൻ ഭൂമിയുടെ അററതികളിൽനിന്നു വന്നു. എന്നാൽ ഇവിടെ ഇതാ, ശലോമോനിലും ഏറിയവൻ.

൩൨ നിനവക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുനീററു അതിനെ കുററം വിധിക്കും; എന്തുകൊണ്ടെന്നാൽ അവർ യോനാവിന്റെ പ്രസംഗത്തിന്നു മാനസാന്തരപ്പെട്ടു. എന്നാൽ ഇവിടെ ഇതാ, യോനാവിലും ഏറിയവൻ.

൩൩ ¶ വിളക്കു കൊളുത്തീട്ടു ആരും നിലയറയിലോ പറക്കീഴിലോ വെക്കാതെ പ്രവേശിക്കുന്നവർ വെളിച്ചം കാണേണ്ടതിന്നു വിളക്കുതണ്ടിന്മേൽ അത്രേ ഇടുന്നു.

൩൪ ശരീരത്തിന്റെ വിളക്കു നിന്റെ കണ്ണാകുന്നു; എന്നാൽ നിന്റെ കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം എല്ലാം പ്രകാശിതമായിരിക്കും, ദോഷമുള്ളതാകിലോ നിന്റെ ശരീരവും ഇരുട്ടുള്ളതു തന്നേ.

൩൫ ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതവണ്ണം നോക്കുക.

൩൬ എന്നാൽ നിന്റെ ശരീരം അന്ധകാരമുള്ള അംശം ഒന്നും കൂടാതെ മുഴുവൻ പ്രകാശിതമായിരുന്നാൽ വിളക്കു തന്റെ തെളക്കംകൊണ്ടു നിന്നെ പ്രകാശിപ്പിക്കും പോലെ അശേഷം പ്രകാശിതമായിരിക്കും.

൩൭ ¶ അവൻ സംസാരിക്കുമ്പോൾ തന്നേ ഒരു പരീശൻ തന്നോടുകൂടെ മുത്താഴം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവനും അകത്തു കടന്നു ഭക്ഷണത്തിന്നിരുന്നു.

൩൮ മുത്താഴത്തിന്നു മുമ്പേ കുളിച്ചില്ല എന്നു കണ്ടിട്ടു പരീശൻ ആശ്ചൎയ്യപ്പെട്ടു.

൩൯ എന്നാറെ കൎത്താവു അവനോടു പറഞ്ഞു: ഇപ്പോൾ പരീശരായ നിങ്ങൾ ഭക്ഷണപാനപാത്രങ്ങളുടെ പുറം വെടിപ്പാക്കുന്നു; നിങ്ങളുടെ അകമോ കവൎച്ചയും ദുഷ്ടതയും കൊണ്ടു നിറഞ്ഞിരിക്കുന്നു.

൪൦ മൂഢന്മാരേ, പുറം ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കിയതു?

൪൧ എന്നാൽ അകത്തുള്ളവ ഭിക്ഷയായിട്ടു കൊടുപ്പിൻ; അപ്പോൾ ഇതാ, സകലവും നിങ്ങൾക്കു ശുദ്ധം ആകും.

൪൨ ¶ എങ്കിലോ പരീശരായ നിങ്ങൾക്കു ഹാ കഷ്ടം! എന്തുകൊണ്ടെന്നാൽ തുളസിയിലും അരൂതയിലും എല്ലാചീരയിലും നിങ്ങൾ പതാരം കൊടുക്കുന്നു, ന്യായവും ദൈവസ്നേഹവും വിട്ടുകളകയും ചെയ്യുന്നു; ഇവ ചെയ്കയും അവ ത്യജിക്കാതിരിക്കയും അത്രേ വേണ്ടിയതു.

൪൩ പരീശരായ നിങ്ങൾക്കു ഹാ കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങൾ പള്ളികളിൽ മുഖ്യാസനത്തെയും അങ്ങാടികളിൽ വന്ദനങ്ങളെയും പ്രിയപ്പെടുന്നു.

൪൪ നിങ്ങൾക്കു ഹാ കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങൾ കാണപ്പെടാത്ത കല്ലറകളെപോലെ ആകുന്നു; അവയുടെ മീതെ നടക്കുന്ന മനുഷ്യർ അറിയുന്നതുമില്ല.

൪൫ ¶ എന്നാറെ വൈദികരിൽ ഒരുത്തൻ അവനോടു: ഗുരോ, ഇങ്ങനെ പറ

യ്യുന്നതിനാൽ നീ ഞങ്ങളെയും അപമാ
നിക്കുന്നു എന്നു പറഞ്ഞു.
൪൬ എന്നാൽ അവൻ പറഞ്ഞു: വൈ
ദികരായ നിങ്ങൾക്കു ഹാ കഷ്ടം! എന്തു
കൊണ്ടെന്നാൽ എടുപ്പാൻഞെരുക്കമുള്ള ചു
മടുകളെ നിങ്ങൾ മനുഷ്യരെക്കൊണ്ടു ചുമ
പ്പിക്കുന്നു, നിങ്ങളുടെ വിരലുകളിൽ ഒന്നി
നാലും ആ ചുമടുകളെ തൊടുന്നതുമില്ല.
൪൭ നിങ്ങൾക്കു ഹാ കഷ്ടം! എന്തുകൊ
ണ്ടെന്നാൽ പ്രവാചകന്മാരുടെ കല്ലറക
ളെ നിങ്ങൾ പണിയിക്കുന്നു; നിങ്ങളുടെ
പിതാക്കന്മാരോ അവരെ കൊന്നു.
൪൮ അതിനാൽ നിങ്ങളുടെ പിതാക്ക
ന്മാരുടെ പ്രവൃത്തികൾക്കു നിങ്ങൾ സാ
ക്ഷികളായിരിക്കയും സമ്മതിക്കയും ചെ
യ്യുന്നു; എങ്ങനെയെന്നാൽ ആയവർ അ
വരെ കൊന്നു, നിങ്ങളോ അവരുടെ ക
ല്ലറകളെ പണിയിക്കുന്നു.
൪൯ അതുകൊണ്ടു ദൈവത്തിന്റെ
ജ്ഞാനവും പറയുന്നു: ഞാൻ പ്രവാചക
ന്മാരെയും അപ്പൊസ്തലന്മാരെയും അവരു
ടെ അടുക്കലേക്കു അയക്കുന്നു; അവരിൽ
ചിലരെ അവർ കൊല്ലുകയും ഉപദ്രവി
ക്കയും ചെയ്യും.
൫൦ ഹാബേലിന്റെ രക്തം തുടങ്ങി
ബലിപീഠത്തിന്നും ആലയത്തിന്നും നടു
വിൽ നശിച്ചുപോയ സക്കരിയാവിന്റെ
രക്തംവരെ,
൫൧ ലോകസ്ഥാപനം മുതൽ ചൊരി
യപ്പെട്ട സകല പ്രവാചകന്മാരുടെ രക്ത
വും ഈ തലമുറയോടു ചോദിക്കപ്പെടുവാ
നായിട്ടു തന്നേ. അതേ ഈ തലമുറയോ
ടു അതു ചോദിക്കപ്പെടും എന്നു ഞാൻ നി
ങ്ങളോടു പറയുന്നു.
൫൨ വൈദികരായ നിങ്ങൾക്കു ഹാ
കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങൾ അ
റിവിന്റെ താക്കോൽ എടുത്തുകളഞ്ഞു; നി
ങ്ങൾ തന്നേ പ്രവേശിച്ചില്ല, പ്രവേശി
ക്കുന്നവരെ വിലക്കുകയും ചെയ്തു.
൫൩ ¶ അവൻഅവിടെനിന്നു പുറ
പ്പെട്ടപ്പോൾ ശാസ്ത്രികളും പരീശരും അ
വനോടു അത്യന്തം സിദ്ധാന്തിപ്പാനും,
൫൪ അവന്റെ വായിൽനിന്നു വല്ല
തും പിടിക്കൂടാമോ എന്നു അവന്നായി
പതിയിരുന്നുകൊണ്ടു പലതിനെയും കു
റിച്ചു കുടുക്കുചോദ്യങ്ങൾ ചോദിപ്പാനും
ആരംഭിച്ചു.

൧൨ാം അദ്ധ്യായം.

അതിന്നിടയിൽ പുരുഷാരം തമ്മിൽ ച
വിട്ടുവാൻ തക്കവണ്ണം അനേകായിരങ്ങ
ളായി തിങ്ങി കൂടിയപ്പോൾ അവൻ ത
ന്റെ ശിഷ്യന്മാരോടു പറഞ്ഞു തുടങ്ങിയ
തു: ഒന്നാമതു കപടഭക്തിയാകുന്ന പരീ
ശരുടെ പുളിച്ച മാവിൽനിന്നു സൂക്ഷിച്ചു
കൊൾവിൻ.
൨ മൂടിവെച്ചതു ഒന്നും വെളിപ്പെടാ
തെയും ഗൂഢമായതു ഒന്നും അറിയപ്പെടാ
തെയും ഇരിക്കയില്ല.
൩ ആകയാൽ നിങ്ങൾ ഇരുട്ടത്തു പ
റഞ്ഞതു എല്ലാം വെളിച്ചത്തു കേൾക്കപ്പെ
ടും; അറകളിൽ വെച്ചു ചെവിയിൽ മ
ന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കപ്പെടും.
൪ എന്നാൽ എന്റെ സ്നേഹിതന്മാരാ
യ നിങ്ങളോടു ഞാൻ പറയുന്നു: ദേഹ
ത്തെ കൊന്നിട്ടു അതിന്റെ ശേഷം അ
ധികമായി ഒന്നും ചെയ്വാൻ കഴിയാത്തവ
രെ ഭയപ്പെടേണ്ടാ.
൫ ആരെ ഭയപ്പെടേണം എന്നു ഞാൻ
നിങ്ങൾക്കു കാണിക്കാം. കൊന്നതിന്റെ
ശേഷം നരകത്തിൽ തള്ളിക്കളവാൻ അ
ധികാരമുള്ളവനെ ഭയപ്പെടുവിൻ; അ
തേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻ
നിങ്ങളോടു പറയുന്നു.
൬ രണ്ടു കാശിന്നു അഞ്ചു കുരികിൽ
വില്ക്കുന്നില്ലയോ? അവയിൽ ഒന്നുപോ
ലും ദൈവത്തിന്റെ മുമ്പാകേ മറക്കപ്പെടു
ന്നില്ല.
൭ അത്രയുമല്ല നിങ്ങളുടെ തലയിലേ
രോമങ്ങളും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു;
ആകയാൽ ഭയപ്പെടേണ്ടാ, ഏറിയ കുരി
കിലിനെക്കാളും നിങ്ങൾ വിശേഷതയുള്ള
വർ ആകുന്നു.
൮ എന്നാൽ ഞാൻ നിങ്ങളോടു പറയു
ന്നു: മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും
എന്നെ ഏറ്റുപറഞ്ഞാൽ അവനെ മനു
ഷ്യപുത്രനും ദൈവദൂതന്മാരുടെ മുമ്പാകേ
ഏറ്റുപറയും.

ൻ മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളി
പ്പറയുന്നവനോ ദൈവദൂതന്മാരുടെ മു
മ്പിൽ തള്ളിപ്പറയപ്പെടും.
൧൦ മനുഷ്യപുത്രന്റെ നേരേ ഒരു വാ
ക്കു പറയുന്ന ഏവനോടും ക്ഷമിക്കപ്പെ
ടും; പരിശുദ്ധാത്മാവിന്റെ നേരേ ദൂഷ
ണം പറയുന്നവനോടോ ക്ഷമിക്കപ്പെടുക
യില്ല.
൧൧ എന്നാൽ നിങ്ങളെ പള്ളികൾക്കും
കോയ്മകൾക്കും അധികാരങ്ങൾക്കും മുമ്പാ
കേ കൊണ്ടുപോകുമ്പോൾ എങ്ങനെയോ
എന്തോ പ്രതിവാദിക്ക എങ്കിലും പറക
എങ്കിലും ചെയ്യേണ്ടു എന്നു വിചാരപ്പെ
ടേണ്ടാ.
൧൨ എന്തുകൊണ്ടെന്നാൽ പറയേണ്ട
തു പരിശുദ്ധാത്മാവു ആ നാഴികയിൽ ത
ന്നേ നിങ്ങൾക്കു ഉപദേശിക്കും.
൧൩ ¶ എന്നാറെ പുരുഷാരത്തിൽ
നിന്നു ഒരുത്തൻ അവനോടു: ഗുരോ, എ
ന്നോടുകൂടെ അവകാശം പകുതി ചെയ്വാ
ൻ എന്റെ സഹോദരനോടു കല്പിച്ചാലും
എന്നു പറഞ്ഞു.
൧൪ അവനോടു അവൻ: മനുഷ്യാ,
എന്നെ നിങ്ങൾക്കു ന്യായകൎത്താവോ പ
ങ്കിടുന്നവനോ ആക്കിയതു ആർ എന്നു
ചോദിച്ചു.
൧൫ പിന്നെ അവൻ അവരോടു പ
റഞ്ഞു: സകല ദ്രവ്യാഗ്രഹത്തിൽനിന്നും
സൂക്ഷിച്ചു കരുതിക്കൊൾവിൻ; എന്തുകൊ
ണ്ടെന്നാൽ ഒരുത്തന്റെ ജീവൻ അവ
ന്റെ വസ്തുക്കളുടെ സമൃദ്ധിയിൽ അല്ല ഇ
രിക്കുന്നതു.
൧൬ ഒരുപമയും അവരോടു പറഞ്ഞു:
ധനവാനായോരു മനുഷ്യന്റെ ഭൂമി ന
ന്നായി വിളഞ്ഞു.
൧൭ അപ്പോൾ അവൻ: ഞാൻ എന്തു
ചെയ്യേണ്ടു? എന്റെ വിളവുകൾ കൂട്ടി
വെപ്പാൻ സ്ഥലം പോരാ എന്നു തന്റെ
ഉള്ളിൽ വിചാരിച്ചു.
൧൮ പിന്നെ അവൻ പറഞ്ഞതു: ഞാ
ൻ ഇതിനെ ചെയ്യും, എന്റെ കളപ്പുരക
ളെ പൊളിച്ചു അധികം വലിയവ പ
ണിയിച്ചു എന്റെ വിളവും മുതലും എ
ല്ലാം അതിൽ കൂട്ടിവെക്കും.

൧൯ എന്നിട്ടു എന്റെ ദേഹിയോടു:
ദേഹീ, ഏറിയ ആണ്ടുകൾക്കു വളരെ മു
തൽ നിനക്കു വെച്ചിരിക്കുന്നു, ആശ്വസി
ക്ക തിന്നുക കുടിക്ക ആനന്ദിക്ക എന്നു പ
റയും.
൨൦ ദൈവമോ അവനോടു: മൂഢാ,
ഈ രാത്രിയിൽ നിന്റെ ദേഹി നിന്നോ
ടു ചോദിക്കപ്പെടും, പിന്നെ നീ ഒരുക്കിയ
വ ആൎക്കാകും എന്നു പറഞ്ഞു.
൨൧ ദൈവത്തിന്നായി സമ്പന്നനാ
കാതെ തനിക്കു തന്നേ നിക്ഷേപിക്കുന്ന
വൻ ഇപ്രകാരമാകുന്നു.
൨൨ ¶ എന്നാറെ അവൻ തന്റെ
ശിഷ്യന്മാരോടു പറഞ്ഞതു: അതുകൊണ്ടു
എന്തു തിന്നും എന്നു ജീവന്നായിക്കൊ
ണ്ടും എന്തു ഉടുക്കും എന്നു നിങ്ങളുടെ ശ
രീരത്തിന്നായും വിചാരപ്പെടരുതു എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
൨൩ ആഹാരത്തെക്കാൾ ജീവനും ഉടു
പ്പിനെക്കാൾ ശരീരവും വലുതല്ലോ.
൨൪ കാക്കകളെ വിചാരിപ്പിൻ; അവ
വിതെക്കുന്നില്ല കൊയ്യുന്നതുമില്ല അവെ
ക്കു പാണ്ടികശാലയും കളപ്പുരയും ഇല്ല;
എങ്കിലും ദൈവം അവയെ പുലൎത്തുന്നു.
പറവജാതികളെക്കാൾ നിങ്ങൾ എത്ര വി
ശേഷതയുള്ളവർ!
൨൫ പിന്നെ വിചാരപ്പെടുന്നതിനാൽ
തന്റെ നീളത്തിൽ ഒരു മുളം കൂട്ടുവാൻ
നിങ്ങളിൽ ആൎക്കു കഴിയും?
൨൬ ആകയാൽ ഏററം ചെറിയതി
നു പോലും നിങ്ങൾ പോരാത്തവർ എ
ങ്കിൽ ശേഷമുള്ളവയെ കുറിച്ചു വിചാര
പ്പെടുന്നതു എന്തു?
൨൭ താമരകൾ എങ്ങനെ വളരുന്നു
എന്നു വിചാരിപ്പിൻ; അവ അദ്ധ്വാനി
ക്കുന്നില്ല നൂല്ക്കുന്നതുമില്ല; എന്നാൽ ശ
ലൊമോൻ തന്നേയും തന്റെ സകല മ
ഹത്വത്തിലും ഇവയിൽ ഒന്നിനോളം ച
മഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു
പറയുന്നു.
൨൮ എന്നാൽ ഇന്നുള്ളതും നാളെ അ
ടുപ്പിൽ ഇടുന്നതുമായ വയലിലേ പുല്ലി
നെ ദൈവം ഇപ്രകാരം അണിയിക്കുന്നു

എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങ
ളെ എത്ര അധികം?
൨൯ പിന്നെ എന്തു തിന്നും എന്തു കു
ടിക്കും എന്നു നിങ്ങൾ അന്വേഷിക്കയും
ചഞ്ചലപ്പെടുകയും അരുതു.
൩൦ ഈ വക ഒക്കെയും ലോകജാതി
കൾ അന്വേഷിക്കുന്നു; എന്നാൽ ഇവ
നിങ്ങൾക്കു ആവശ്യം എന്നു നിങ്ങളുടെ
പിതാവു അറിയുന്നു.
൩൧ എങ്കിലോ ദൈവത്തിന്റെ രാ
ജ്യത്തെ അന്വേഷിപ്പിൻ; എന്നാൽ ഇവ
കൂടെ നിങ്ങൾക്കു കിട്ടും.
൩൨ ചെറിയ ആട്ടിൻകൂട്ടമേ, ഭയ
പ്പെടരുതു; എന്തുകൊണ്ടെന്നാൽ രാജ്യ
ത്തെ നിങ്ങൾക്കു നല്കുവാൻ നിങ്ങളുടെ
പിതാവു പ്രസാദിച്ചിരിക്കുന്നു.
൩൩ നിങ്ങൾക്കുള്ളവ വിററു ഭിക്ഷ
കൊടുപ്പിൻ; കള്ളൻ അടുക്കാതെയും പുഴ
കെടുക്കാതെയും ഉള്ള സ്വർഗ്ഗങ്ങളിൽ പഴ
കാത്ത മടിശ്ശീലകളും കുറഞ്ഞുപോകാത്ത
നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കിക്കൊൾ
വിൻ.
൩൪ എന്തുകൊണ്ടെന്നാൽ നിങ്ങളുടെ
നിക്ഷേപം എവിടെയോ അവിടെ നി
ങ്ങളുടെ ഹൃദയവും ഇരിക്കും.
൩൫ ¶ നിങ്ങളുടെ അരകൾ കെട്ടിയും
വിളക്കുകൾ എരിഞ്ഞുംകൊണ്ടിരിക്കട്ടെ.
൩൬ തങ്ങളുടെ യജമാനൻ കല്യാണ
ത്തിൽനിന്നു വന്നു മുട്ടിയാൽ ഉടനേ അ
വന്നു തുറക്കേണ്ടതിന്നു അവൻ എപ്പോൾ
തിരികേ വരും എന്നു കാത്തു നില്ക്കുന്ന
ആളുകളോടു നിങ്ങൾ തുല്യരായും ഇരി
പ്പിൻ.
൩൭ യജമാനൻ വരുന്നേരം ഉണ
ൎന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ
ഭാഗ്യവാന്മാർ; സത്യമായിട്ടു ഞാൻ നിങ്ങ
ളോടു പറയുന്നു: അവൻ അര കെട്ടി
കൊണ്ടു അവരെ ഭക്ഷണത്തിന്നിരുത്തു
കയും താൻ വന്നു അവൎക്കു ശുശ്രൂഷ ചെ
യ്കയും ചെയ്യും.
൩൮ അവൻ രണ്ടാം യാമത്തിൽ വ
ന്നാലും മൂന്നാമതിൽ വന്നാലും ഇപ്രകാ
രം കണ്ടു എങ്കിൽ അവർ ഭാഗ്യവാന്മാർ
ആകുന്നു.
൩൯ കള്ളൻ ഇന്ന നാഴികെക്കു വരു
ന്നു എന്നു വീട്ടുടയവൻ അറിഞ്ഞിരുന്നു
എങ്കിൽ അവൻ ഉണൎന്നിരുന്നു തന്റെ
വീടു തുരപ്പാൻ സമ്മതിക്കയില്ല എന്നറി
വിൻ.
൪൦ നിങ്ങൾ നിനയാത്ത നാഴികയിൽ
മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങ
ളും ഒരുങ്ങിയിരിപ്പിൻ.
൪൧ ¶ പത്രൊസ് പറഞ്ഞു: കൎത്താ
വേ, ഈ ഉപമ പറയുന്നതു ഞങ്ങളോ
ടോ എല്ലാവരോടും കൂടെയോ?
൪൨ കൎത്താവു പറഞ്ഞു: എന്നാൽ ത
ത്സമയത്തു ആഹാരവീതം കൊടുക്കേണ്ട
തിന്നു യജമാനൻ തന്റെ വേലക്കാരുടെ
മേൽ ആക്കുന്ന വിശ്വസ്തനും ബുദ്ധിമാനു
മായ വീട്ടുവിചാരകൻ ആരാകുന്നു?
൪൩ യജമാനൻ വരുമ്പോൾ ഇപ്രകാ
രം ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ.
൪൪ അവൻ തനിക്കുള്ള സകലത്തിന്മേ
ലും അവനെ ആക്കിവെക്കും എന്നു ഞാൻ
സത്യമായിട്ടു നിങ്ങളോടു പറയുന്നു.
൪൫ എന്നാൽ ആ ദാസൻ: എന്റെ
യജമാനൻ വരുവാൻ താമസിക്കുന്നു എ
ന്നു തന്റെ ഹൃദയത്തിൽ പറഞ്ഞു ബാല്യ
ക്കാരെയും ബാല്യക്കാരത്തികളെയും തല്ലു
വാനും തിന്നു കുടിച്ചു മദിപ്പാനും തുടങ്ങി
യാൽ,
൪൬ അവൻ നോക്കിയിരിക്കാത്ത നാ
ളിലും അറിയാത്ത നാഴികയിലും ആ ദാ
സന്റെ യജമാനൻ വന്നു അവനെ തു
ണ്ടിക്കയും അവന്റെ അംശം അവിശ്വാ
സികളുടെ കൂട്ടത്തിൽ നിയമിക്കയും ചെ
യ്യും.
൪൭ തന്റെ യജമാനന്റെ ഇഷ്ടം അ
റിഞ്ഞിട്ടു ഒരുങ്ങാതെയും അവന്റെ ഇഷ്ട
പ്രകാരം ചെയ്യാതെയുമിരിക്കുന്ന ദാസ
ന്നു വളരെ അടികൊള്ളും.
൪൮ അറിയാതെകണ്ടു അടികൾക്കു
യോഗ്യമായവ ചെയ്തവന്നോ കുറയ അ
ടികൊള്ളും; ആൎക്കു വളരെ കൊടുക്കപ്പെട്ടു
വോ അവനോടു വളരെ അന്വേഷിക്ക
പ്പെടും; ആരുടെ പക്കൽ വളരെ ഏല്പിച്ചു
വോ അവനോടു അധികം ചോദിക്കയും
ചെയ്യും.

൪൯ ¶ ഭൂമിയിൽ അഗ്നി ഇടുവാൻ ഞാൻ വന്നു; എന്നാൽ ഞാൻ ഇച്ഛിക്കേണ്ടതു എന്തു? അതു ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു.

൫൦ എങ്കിലും ഞാൻ മുഴുകുവാനുള്ള സ്നാനം ഉണ്ടു, അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു.

൫൧ ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം അത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൫൨ എങ്ങനെ എന്നാൽ ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോടു ഇരുവരും ഇങ്ങനെ അഞ്ചുപേർ തങ്ങളിൽ ഛിദ്രിച്ചിരിക്കും.

൫൩ അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ മകളോടും മകൾ അമ്മയോടും അമ്മാവി മരുമകളോടും മരുമകൾ അമ്മാവിയോടും ഇടഞ്ഞു ഛിദ്രിച്ചിരിക്കും.

൫൪ ¶ പിന്നെ അവൻ പുരുഷാരങ്ങളോടു പറഞ്ഞു: പടിഞ്ഞാറു നിന്നു മേഘം പൊങ്ങുന്നതു കാണുമ്പോൾ പെരുമഴ വരുന്നു എന്നു നിങ്ങൾ ഉടനേ പറയുന്നു; അതു സംഭവിക്കയും ചെയ്യുന്നു.

൫൫ തെക്കൻകാററു ഊതുന്നതു കണ്ടാലോ, അത്യുഷ്ണം ഉണ്ടാകും എന്നു പറയുന്നു; അതു സംഭവിക്കയും ചെയ്യുന്നു.

൫൬ കപടഭക്തിക്കാരേ, ഭൂമിയുടെയും ആകാശത്തിൻെറയും മുഖത്തെ വിവേചിപ്പാൻ നിങ്ങൾ അറിയുന്നു;

൫൭ എന്നാൽ ഈ സമയത്തെ വിവേചിപ്പാൻ അറിയാത്തതു എങ്ങനെ? ന്യായമായതിനെ നിങ്ങൾ സ്വതേ വിധിക്കാത്തതും എന്തു?

൫൮ എങ്ങനെയെന്നാൽ നിൻെറ പ്രതിയോഗിയോടുകൂടെ അധികാരിയുടെ അടുക്കലേക്കു പോകുമ്പോൾ വഴിയിൽ വെച്ചു അവനോടു നിരന്നുകൊൾവാൻ പ്രയത്നം ചെയ്ക; അല്ലാഞ്ഞാൽ അവൻ നിന്നെ ന്യായാധിപൻെറ മുമ്പിലേക്കു ഇഴെക്കയും ന്യായാധിപൻ നിന്നെ കോല്ക്കാരൻെറ പക്കൽ ഏല്പിക്കയും കോല്ക്കാരൻ തടവിൽ ആക്കുകയും ചെയ്യും.

൫൯ ഒടുക്കത്തേ കാശുവരെയും കൊടുത്തുതീരുവോളം നീ അവിടെനിന്നു പുറത്തു വരികയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.

൧൩ാം അദ്ധ്യായം.

ആ സമയത്തു തന്നേ അവിടെ ഉണ്ടായിരുന്ന ചിലർ, പിലാത്തോസ് ചില ഗലീലക്കാരുടെ ചോരയെ അവരുടെ ബലികളോടു കലൎത്തിയ വൎത്തമാനം അവനോടു അറിയിച്ചു.

൨ അതിന്നു അവൻ ഉത്തരം പറഞ്ഞതു: ആ ഗലീലക്കാർ ഇവ അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവോ?

൩ അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അപ്രകാരം തന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൪ അല്ല, ശീലോഹാമിലേ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടു പേർ യരുശലേമിൽ പാൎക്കുന്ന എല്ലാ മനുഷ്യരിലും കുററക്കാർ ആയിരുന്നു എന്നു തോന്നുന്നുവോ?

൫ അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അപ്രകാരം തന്നേ നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൬ ¶ അവൻ ഈ ഉപമയും പറഞ്ഞു: ഒരുത്തന്നു തൻെറ മുന്തിരിത്തോട്ടത്തിൽ നട്ടിട്ടുള്ളോരു അത്തിവൃക്ഷം ഉണ്ടായിരുന്നു; അവൻ അതിൽ കായ് തിരഞ്ഞു വന്നു, കണ്ടതുമില്ല.

൭ എന്നിട്ടു തൻെറ തോട്ടക്കാരനോടു: ഇതാ, ഞാൻ മൂന്നു വൎഷമായി ഈ അത്തിയിൽ കായ് തിരഞ്ഞുവരുന്നു കാണുന്നതുമില്ല; അതിനെ വെട്ടിക്കളക; അതു നിലവും നിഷ്ഫലമാക്കുന്നതു എന്തിന്നു എന്നു പറഞ്ഞു.

൮ എന്നാറെ അവൻ ഉത്തരം പറഞ്ഞതു: കൎത്താവേ, ഞാൻ അതിന്നു ചുററും കിളെച്ചു വളം ഇടുവോളം ഈ ആണ്ടും കൂടെ നില്ക്കട്ടെ.

ൻ മേലാൽ കായിച്ചെങ്കിലോ—അ
ല്ലായ്കിൽ അതിനെ വെട്ടിക്കളയാം.
൧൦ ¶ പിന്നെ ശബ്ബതുനാളിൽ അവ
ൻ ഒരു പള്ളിയിൽ ഉപദേശിച്ചുകൊണ്ടി
രുന്നു.
൧൧ അപ്പോൾ ഇതാ, പതിനെട്ടു വ
ൎഷമായി ബലക്ഷയത്തിന്റെ ഒരു ആ
ത്മാവു ഉണ്ടായിട്ടു നിവിരുവാൻ കഴിയാ
തെ കൂനിയായ ഒരു സ്ത്രീ അവിടെ ഉണ്ടാ
യിരുന്നു.
൧൨ അവളെ യേശു കണ്ടിട്ടു, അടു
ക്കെ വിളിച്ചു: സ്ത്രീയേ, നിന്റെ ബലക്ഷ
യത്തിൽനിന്നു നീ അഴിഞ്ഞിരിക്കുന്നു എ
ന്നു പറഞ്ഞു;
൧൩ അവളുടെമേൽ കൈകളെ വെ
ച്ചു, അവൾ ക്ഷണത്തിൽ നിവിൎന്നു ദൈ
വത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.
൧൪ യേശു ശബ്ബതിൽ സൌഖ്യമാക്കി
യതുകൊണ്ടു പള്ളിപ്രമാണി നീരസപ്പെ
ട്ടു പുരുഷാരത്തോടു: വേല ചെയ്വാൻ ആ
റു ദിവസമുണ്ടല്ലോ, അതിന്നകം വന്നു
സൌഖ്യപ്പെടുവിൻ, ശബ്ബതുനാളിൽ അരു
തു എന്നു പറഞ്ഞു.
൧൫ അവനോടു കൎത്താവു ഉത്തരം പ
റഞ്ഞതു: കപടഭക്തിക്കാരേ, നിങ്ങളിൽ
ഓരോരുത്തൻ ശബ്ബതിൽ തന്റെ കാള
യെ അല്ലെങ്കിൽ കഴുതയെ തൊട്ടിയിൽ
നിന്നു അഴിച്ചുകൊണ്ടുപോയി വെള്ളം
കുടിപ്പിക്കുന്നില്ലയോ?
൧൬ എന്നാൽ സാത്താൻ ഇതാ പതി
നെട്ടു വൎഷമായി ബന്ധിച്ചിട്ടുള്ള അബ്ര
ഹാമിൻ മകളായ ഇവളെ ശബ്ബതുനാളി
ൽ ഈ ബന്ധനത്തിൽനിന്നു അഴിച്ചുവി
ടേണ്ടതല്ലയോ?
൧൭ അവൻ ഈ കാൎയ്യങ്ങളെ പറഞ്ഞ
പ്പോൾ അവന്റെ വിരോധികൾ എല്ലാ
വരും നാണിച്ചു; അവനാൽ ഉണ്ടാകുന്ന
സകല മഹിമകളാലും പുരുഷാരം ഒക്കെ
യും സന്തോഷിക്കയും ചെയ്തു.
൧൮ ¶ ആകയാൽ അവൻ പറഞ്ഞു:
ദൈവരാജ്യം എതിനോടു സദൃശം ആകു
ന്നു? ഏതിനോടു അതിനെ ഉപമിക്കേണ്ടു?
൧൯ ഒരു മനുഷ്യൻ എടുത്തു തന്റെ
തോട്ടത്തിൽ ഇട്ടു കടുകിന്മണിക്കു അതു
സദൃശമാകുന്നു; അതു വളൎന്നു വൃക്ഷമായി
ആകാശത്തിലെ പക്ഷികളും വന്നു അ
തിന്റെ കൊമ്പുകളിൽ കുടിപാൎത്തു.
൨൦ പിന്നെയും അവൻ പറഞ്ഞു:
ദൈവരാജ്യത്തെ ഏതിനോടു ഉപമിക്കേ
ണ്ടു?
൨൧ അതു പുളിച്ച മാവിനോടു തുല്യ
മാകുന്നു; ആയതു ഒരു സ്ത്രീ എടുത്തു മൂന്നു
പറ മാവിൽ ചേൎത്തു എല്ലാം പുളിച്ചു വ
രുവോളം അടക്കി വെച്ചു.
൨൨ ¶ അവൻ ഉപദേശിച്ചുകൊ
ണ്ടും യരുശലേമിലേക്കു യാത്ര ചെയ്തുകൊ
ണ്ടും പട്ടണങ്ങൾ തോറും ഗ്രാമങ്ങൾതോ
റും കടന്നുപോയി.
൨൩ അപ്പോൾ ഒരുത്തൻ അവനോ
ടു: കൎത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരു
ക്കമോ, എന്നു ചോദിച്ചാറെ അവനോടു
പറഞ്ഞതു:
൨൪ ഇടുക്കുവാതില്പൂടെ പ്രവേശിപ്പാൻ
പോരാടുവിൻ. എന്തുകൊണ്ടെന്നാൽ പ
ലരും പ്രവേശിപ്പാൻ അന്വേഷിക്കും ക
ഴിവുണ്ടാകയുമില്ല എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു.
൨൫ വീട്ടുടയവൻ എഴുനീറ്റു കതകു
അടെച്ചശേഷം നിങ്ങൾ പുറത്തുനിന്നു:
കൎത്താവേ, ഞങ്ങൾക്കു തുറക്കേണമേ എ
ന്നു പറഞ്ഞുകൊണ്ടു കതകിന്നു മുട്ടിത്തുട
ങ്ങുമ്പോൾ: നിങ്ങൾ എവിടെനിന്നു എ
ന്നു ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു
അവൻ നിങ്ങളോടു ഉത്തരം പറയും.
൨൬ അന്നേരം: നിന്റെ മുമ്പിൽ ഞ
ങ്ങൾ ഭക്ഷിക്കയും കുടിക്കയും ഞങ്ങളുടെ
തെരുക്കളിൽ നീ പഠിപ്പിക്കയും ചെയ്തുവ
ല്ലോ എന്നു നിങ്ങൾ പറഞ്ഞു തുടങ്ങും.
൨൭ അവനോ: ഞാൻ നിങ്ങളോടു പ
റയുന്നു: നിങ്ങൾ എവിടെനിന്നു എന്നു
ഞാൻ അറിയുന്നില്ല; അനീതി പ്രവൃത്തി
ക്കുന്ന സകലരുമായുള്ളോരേ, എന്നെ വി
ട്ടു പോകുവിൻ എന്നു പറയും.
൨൮ അവിടെ നിങ്ങൾ അബ്രഹാമും
ഇസ്സാക്കും യാക്കോബും എല്ലാ പ്രവാചക
ന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും
നിങ്ങളോ പുറത്തു തള്ളപ്പെട്ടതും കാണു
മ്പോൾ കരച്ചലും പല്ലുകടിയും ഉണ്ടാകും.

വൻ വിശേഷിച്ച കിഴക്കുനിന്നും പ
ടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനി
ന്നും അവർ വന്നു ദൈവരാജ്യത്തിൽ പ
ന്തിയിരിക്കും.
൩൦ ഇതാ മുമ്പന്മാരായി തീരുന്ന പി
മ്പന്മാരുണ്ടു, പിമ്പന്മാരായി തീരുന്ന മു
മ്പന്മാരും ഉണ്ടു.
൩൧ ¶ ആ നാഴികയിൽ തന്നേ ചി
ല പറീശർ അണഞ്ഞു: ഹെരോദാ നി
ന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നതുകൊണ്ടു
ഇവിടെനിന്നു പുറപ്പെട്ടു പൊയ്ക്കൊൾക
എന്നു അവനോടു പറഞ്ഞു.
൩൨ എന്നാറെ അവൻ അവരോടു
പറഞ്ഞതു: നിങ്ങൾ പോയി ആ കുറുക്ക
നോടു പറവിൻ: ഇതാ, ഇന്നും നാളെയും
ഞാൻ ഭൂതങ്ങളെ പുറത്താക്കുകയും രോഗ
ശാന്തികൾ വരുത്തുകയും മൂന്നാം നാളിൽ
സമാപിക്കയും ചെയ്യുന്നു.
൩൩ എങ്കിലും ഇന്നും നാളെയും മ
റെറന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകു
ന്നു; യരുശലേമിന്നു പുറത്തു വെച്ച ഒരു
പ്രവാചകൻ നശിച്ചുപോകുന്നതു അസം
ഭവ്യമല്ലോ.
൩൪ യരുശലേമേ, യരുശലേമേ, പ്ര
വാചകന്മാരെ കൊല്ലുകയും നിന്റെ അ
ടുക്കലേക്കു അയക്കപ്പെടുന്നവരെ കല്ലെറി
കയും ചെയ്യുന്നവളേ, ഒരു കോഴി ത
ന്റെ കുഞ്ഞുങ്ങളെ ചിറകുകളിൻ കീഴിൽ
എന്നപോലെ തന്നേ നിന്റെ മക്കളെ
എത്ര വട്ടം ചേർത്തുകൊൾവാൻ എനിക്കു
മനസ്സായിരുന്നു; എങ്കിലും നിങ്ങൾക്കു മന
സ്സില്ലായിരുന്നു.
൩൫ ഇതാ നിങ്ങളുടെ ഭവനം നിങ്ങ
ൾക്കു പാഴായി വിടപ്പെടുന്നു; കൎത്താവി
ന്റെ നാമത്തിൽ വരുന്നവൻ അനുഗ്ര
ഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയും
കാലം വരെ നിങ്ങൾ എന്നെ കാണുക
യില്ല എന്നു ഞാൻനിങ്ങളോടു പറയുന്നു.

൧൪ാം അദ്ധ്യായം.

പറീശപ്രമാണികളിൽ ഒരുത്തന്റെ വീ
ട്ടിൽ അവൻ അപ്പം ഭക്ഷിപ്പാൻ ശബ്ബതു
നാളിൽ ചെന്നപ്പോൾ അവർ അവനെ
ഒററുനോക്കി നിന്നു.
൨ മഹോദരമുള്ളോരു മനുഷ്യൻ അ
താ, അവന്റെ മുമ്പിൽ ഉണ്ടായിരുന്നു.
൩ യേശു വൈദികരോടും പറീശ
രോടും ഉത്തരമായി: ശബ്ബതിൽ സൌഖ്യ
മാക്കുന്നതു വിഹിതമോ അല്ലയോ എന്നു
ചോദിച്ചു. എന്നാറെ അവർ മിണ്ടാതി
രുന്നു.
൪ അപ്പോൾ അവൻ അവനെ പിടി
ച്ചു സ്വസ്ഥനാക്കി വിട്ടയച്ചു.
൫ പിന്നെ അവരോടു പറഞ്ഞതു:
നിങ്ങളിൽ ആരുടെയും കഴുതയോ കാള
യോ കിണററിൽ വീണാൽ ശബ്ബതുനാളി
ൽ അതിനെ ക്ഷണത്തിൽ വലിച്ചെടുക്കു
ന്നില്ലയോ?
൬ എന്നതിന്നു പ്രത്യുത്തരം പറവാൻ
അവൎക്കു കഴിഞ്ഞില്ല.
൭ ¶ ക്ഷണിക്കപ്പെട്ടവർ മുഖ്യാസന
ങ്ങളെ തെരിഞ്ഞെടുക്കുന്ന പ്രകാരം കുറി
ക്കൊണ്ടു അവൻ അവരോടു ഒരുപമ പ
റഞ്ഞു:
൮ നീ ഒരുത്തനാൽ കല്യാണത്തിന്നു
വിളിക്കപ്പെട്ടാൽ മുഖ്യാസനത്തിൽ ഇരിക്ക
രുതു; പക്ഷേ നിന്നിലും മാനമേറിയവ
ൻ അവനാൽ വിളിക്കപ്പെട്ടിട്ടു,
൯ നിന്നെയും അവനെയും ക്ഷണി
ച്ചവൻ വന്നു ഇവന്നു ഇടം കൊടുക്ക എ
ന്നു നിന്നോടു പറയുമ്പോൾ നീ നാണ
ത്തോടെ ഒടുക്കത്തെ സ്ഥലം എടുക്കേണ്ടി
വരും.
൧൦ എന്നാൽ നീ വിളിക്കപ്പെട്ടാൽ ചെ
ന്നു ഒടുക്കത്തെ സ്ഥലത്തു ഇരിക്ക; നിന്നെ
ക്ഷണിച്ചവൻ വരുമ്പോൾ നിന്നോടു:
സ്നേഹിതാ, മേലോട്ടു പോയി ഇരിക്ക എ
ന്നു പറവാന്തക്കവണ്ണം തന്നേ; അപ്പോ
ൾ പന്തിയിരിക്കുന്നവരുടെ മുമ്പാകെ നി
നക്കു മാനം ഉണ്ടാകും.
൧൧ എന്തുകൊണ്ടെന്നാൽ തന്നെത്താ
ൻ ഉയൎത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും,
തന്നെത്താൻ താഴ്ത്തുന്നവൻ ഉയൎത്തപ്പെടു
കയും ചെയ്യും.
൧൨ ¶ പിന്നെ അവൻ തന്നെ ക്ഷ
ണിച്ചവനോടു പറഞ്ഞു: നീ ഒരു മുത്താഴ
മോ അത്താഴമോ കഴിക്കുമ്പോൾ നിന്റെ
സ്നേഹിതന്മാരെയും സഹോദരന്മാരെയും

ചാൎച്ചക്കാരെയും സമ്പത്തുള്ള അയല്ക്കാരെ
യും വിളിക്കരുതു; അല്ലാഞ്ഞാൽ അവർ
നിന്നെ അങ്ങോട്ടും വിളിക്കയും നിനക്കു
പ്രത്യുപകാരം വരികയും ചെയ്യുമല്ലോ.
൧൩ നീ വിരുന്നു കഴിക്കുമ്പോൾ ദരി
ദ്രർ അംഗഹീനർ മുടന്തർ കുരുടർ എ
ന്നിവരെ ക്ഷണിക്ക.
൧൪ എന്നാൽ നീ ഭാഗ്യവാനാകും; നി
നക്കു പ്രത്യുപകാരം ചെയ്വാൻ അവൎക്കില്ല
ല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തി
ൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും താ
നും.
൧൫ ¶ കൂടെ പന്തിയിരുന്നവരിൽ
ഒരുത്തൻ ഇവ കേട്ടിട്ടു: ദൈവരാജ്യത്തി
ൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ
എന്നു അവനോടു പറഞ്ഞു.
൧൬ ആയവനോടു അവൻ പറഞ്ഞ
തു: ഒരു മനുഷ്യൻ വലിയ അത്താഴം ഒ
രുക്കി പലരെയും ക്ഷണിച്ചു.
൧൭ അത്താഴ സമയത്തു അവൻ ത
ന്റെ ദാസനെ അയച്ചു ആ ക്ഷണിക്ക
പ്പെട്ടവരോടു: ഇപ്പോൾ എല്ലാം ഒരുങ്ങി
ത്തീൎന്നുകൊണ്ടു വരുവിൻ എന്നു പറ
യിച്ചു.
൧൮ എല്ലാവരും ഏകമനസ്സോടെ ഒ
ഴികഴിവു പറഞ്ഞു തുടങ്ങി; ഒന്നാമത്തവ
ൻ അവനോടു: ഞാൻ ഒരു നിലം കൊ
ണ്ടതിനാൽ പോയി അതു കാണ്മാൻ ആ
വശ്യം ഉണ്ടു; എന്നോടു ക്ഷമിച്ചുകൊ
ള്ളേണം എന്നു ഞാൻ നിന്നോടു അപേ
ക്ഷിക്കുന്നു എന്നു പറഞ്ഞു.
൧൯ മറ്റൊരുത്തൻ ഞാൻ അഞ്ചേർ
കാള കൊണ്ടിട്ടുണ്ടു, അവയെ ശോധന
ചെയ്വാൻ പോകുന്നു; എന്നോടു ക്ഷമിച്ചു
കൊള്ളേണം എന്നു ഞാൻ നിന്നോടു അ
പേക്ഷിക്കുന്നു എന്നു പറഞ്ഞു.
൨൦ വേറൊരുത്തൻ ഞാൻ ഒരു സ്ത്രീയെ
വിവാഹം ചെയ്തിരിക്കയാൽ വരുവാൻ ക
ഴിവില്ല എന്നു പറഞ്ഞു.
൨൧ ദാസൻ മടങ്ങി വന്നു തന്റെ യ
ജമാനനോടു ഇവ അറിയിച്ചു. അപ്പോ
ൾ വീട്ടുടയവൻ കോപിച്ചു തന്റെ ദാ
സനോടു: നീ വേഗം പട്ടണത്തിലെ വീ
ഥികളിലും ഇടത്തെരുക്കളിലും ചെന്നു, ദ
രിദ്രർ, അംഗഹീനർ, കുരുടർ, മുടന്തർ
എന്നിവരെ ഇങ്ങു കൂട്ടിക്കൊണ്ടു വരിക
എന്നു കല്പിച്ചു.
൨൨ പിന്നെ ദാസൻ പറഞ്ഞു: കൎത്താ
വേ, കല്പിച്ചപ്രകാരം ചെയ്തു തീൎന്നു; ഇ
നിയും സ്ഥലം ഉണ്ടു.
൨൩ എന്നാറെ യജമാനൻ ദാസ
നോടു പറഞ്ഞു: നീ പെരുവഴികളിലും
വേലികൾക്കരികേയും പോയി, എന്റെ
വീടു നിറയേണ്ടതിന്നു അകത്തു വരുവാ
ൻ അവരെ നിൎബ്ബന്ധിക്ക.
൨൪ ആ ക്ഷണിക്കപ്പെട്ട പുരുഷന്മാർ
ആരും എന്റെ അത്താഴം ആസ്വദിക്ക
യില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.
൨൫ ¶ ഏറിയ പുരുഷാരങ്ങൾ അ
വനോടുകൂടെ പോകുമ്പോൾ അവൻ
തിരിഞ്ഞു അവരോടു പറഞ്ഞതു:
൨൬ യാതൊരുത്തൻ എന്റെ അടുക്ക
ൽ വരികയും തന്റെ അപ്പനെയും അമ്മ
യെയും ഭാൎയ്യയെയും മക്കളെയും സഹോദ
രന്മാരെയും സഹോദരികളെയും തന്റെ
ജീവനെയും കൂടെ പകെക്കാതിരിക്കയും
ചെയ്യുന്നു എങ്കിൽ എന്റെ ശിഷ്യനായിരി
പ്പാൻ കഴികയില്ല.
൨൭ തന്റെ ക്രൂശു എടുത്തുകൊണ്ടു എ
ന്റെ പിന്നാലെ വരാത്തവനും എന്റെ
ശിഷ്യനായിരിപ്പാൻ കഴികയില്ല.
൨൮ എന്തുകൊണ്ടെന്നാൽ നിങ്ങളിൽ
ആരെങ്കിലും ഒരു ഗോപുരം പണി ചെ
യ്വാൻ ഇച്ഛിച്ചാൽ മുമ്പേ ഇരുന്നു അതു
തീൎപ്പാൻ തനിക്കു വക ഉണ്ടോ എന്നു ചെ
ല്ലും ചെലവുകണക്കു നോക്കുന്നില്ലയോ?
൨൯ അല്ലായ്കിൽ പക്ഷേ അടിസ്ഥാ
നം ഇട്ടശേഷം തീൎപ്പാൻ ആവതില്ലായ്ക
കൊണ്ടു കാണുന്നവർ എല്ലാം:
൩൦ ഈ മനുഷ്യൻ പണി ചെയ്തു തുട
ങ്ങി, തീൎപ്പാൻ ആവതും ഇല്ല എന്നു പരി
ഹസിച്ചു തുടങ്ങുമല്ലോ.
൩൧ അല്ല, ഒരു രാജാവു മറ്റൊരു
രാജാവിനോടു പട ഏല്പാൻ പുറപ്പെടും
മുമ്പേ ഇരുന്നു, ഇരുപതിനായിരവുമായി
എതിൎപ്പാൻ വരുന്നവനോടു താൻ പതി
നായിരവുമായി നേരിടുവാൻ മതിയോ
എന്നു ആലോചിക്കുന്നില്ലയോ?

൩൨ പോരാ എന്നു വരികിൽ മററ
വൻ ദൂരത്തിരിക്കുമ്പോൾ തന്നെ സ്ഥാനാ
പതികളെ അയച്ചു സമാധാനം സംബ
ന്ധിച്ചവ അപേക്ഷിക്കുന്നു.
൩൩ അപ്രകാരം തന്നേ നിങ്ങളിൽ
ആരെങ്കിലും തനിക്കുള്ളവ ഒക്കെയും വിട്ടു
പിരിയുന്നില്ല എങ്കിൽ എന്റെ ശിഷ്യ
നായിരിപ്പാൻ കഴികയില്ല.
൩൪ ഉപ്പു നല്ലതു തന്നേ; എന്നാൽ ഉ
പ്പു തന്നെയും കാരമില്ലാതെ പോയാൽ
എന്തൊന്നുകൊണ്ടു അതിന്നു രസം വരു
ത്തും?
൩൫ പിന്നെ നിലത്തിന്നെങ്കിലും വ
ളത്തിന്നെങ്കിലും കൊള്ളുന്നതല്ല; അതി
നെ പുറത്തുകളയുന്നു. കേൾപ്പാൻ ചെ
വി ഉള്ളവൻ കേൾക്കട്ടെ.

൧൫ാം അദ്ധ്യായം.

എല്ലാ ചുങ്കക്കാരും പാപികളും അവ
ന്റെ വചനം കേൾപ്പാൻ അടുത്തുവന്നു.
൨ എന്നാറെ പറീശരും ശാസ്ത്രികളും:
ഇവൻ പാപികളെ കൈക്കൊണ്ടു അവ
രോടുകൂടി ഭക്ഷിക്കുന്നു എന്നു പറഞ്ഞു
പിറുപിറുത്തു.
൩ ¶ അവരോടു അവൻ ഈ ഉപമ
പറഞ്ഞു:
൪ നിങ്ങളിൽ ഏതു മനുഷ്യന്നു എങ്കി
ലും നൂറു ആടുണ്ടായിരിക്കേ അവയിൽ ഒ
ന്നു കാണാതെപോയാൽ അവൻ തൊ
ണ്ണൂറെറാമ്പതിനെയും മരുഭൂമിയിൽ വി
ട്ടേച്ചു, ആ കാണാതെ പോയതിനെ ക
ണ്ടെത്തും വരെ നോക്കി നടക്കാതിരിക്കു
മോ?
൫ കണ്ടുകിട്ടുമ്പോൾ സന്തോഷിച്ചും
കൊണ്ടു തന്റെ ചുമലുകളിൽ എടുത്തു
൬ വീട്ടിൽ വന്നു സ്നേഹിതന്മാരെയും
അയല്ക്കാരെയും വിളിച്ചു കൂട്ടി: കാണാ
തെ പോയ എന്റെ ആടിനെ കണ്ടുകിട്ടി
യതുകൊണ്ടു എന്നോടുകൂടെ സന്തോഷി
പ്പിൻ എന്നു അവരോടു പറയുന്നു.
൭ അപ്രകാരം തന്നേ മാനസാന്തരം
കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂ
റെറാമ്പതു നീതിമാന്മാരെക്കാൾ മാനസാ
ന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി
സ്വൎഗ്ഗത്തിൽ സന്തോഷം ഉണ്ടാകും എന്നു
ഞാൻ നിങ്ങളോടു പറയുന്നു.
൮ ¶ അല്ല, ഏതു സ്ത്രീക്കു എങ്കിലും പ
ത്തു ദ്രഹ്മപ്പണം ഉണ്ടായിരിക്കേ ഒരു പ
ണം കാണാതെ പോയാൽ അവൾ വിള
ക്കു കത്തിച്ചു ഭവനം അടിച്ചു വാരി അതു
കണ്ടുകിട്ടുംവരെ സൂക്ഷ്മത്തോടെ അന്വേ
ഷിക്കാതിരിക്കുമോ?
൯ കണ്ടുകിട്ടുമ്പോൾ തോഴിമാരെയും
അയല്ക്കാരത്തികളെയും വിളിച്ചു കൂട്ടി:
എനിക്കു കാണാതെപോയ ദ്രഹ്മപ്പണം ക
ണ്ടുകിട്ടിയതുകൊണ്ടു എന്നോടുകൂടെ സ
ന്തോഷിപ്പിൻ എന്നു പറയുന്നു.
൧൦ അപ്രകാരം തന്നേ മാനസാന്തര
പ്പെടുന്ന ഒരു പാപിയെ കുറിച്ചു ദൈവ
ദൂതന്മാരുടെ മുമ്പാകേ സന്തോഷം ഉണ്ടാ
കുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു.
൧൧ ¶ പിന്നെ അവൻ പറഞ്ഞു:
ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായി
രുന്നു.
൧൨ അവരിൽ ഇളയവൻ അപ്പനോ
ടു: അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടു
ന്ന പങ്കു തരേണമേ എന്നു പറഞ്ഞു; അ
വൻ മുതലിനെ അവൎക്കു പകുത്തു കൊടു
ത്തു.
൧൩ ഏറെനാൾ കഴിയുംമുമ്പേ ഇള
യ മകൻ സകലവും സ്വരൂപിച്ചുകൊ
ണ്ടു ദൂരദേശത്തേക്കു യാത്ര പോയി, അ
വിടെ ദുൎന്നടപ്പായി കഴിച്ചു തന്റെ വസ്തു
നാനാവിധമാക്കിക്കളഞ്ഞു.
൧൪ എല്ലാം ചെലവഴിച്ച ശേഷം ആ
ദേശത്തിൽ കഠിനക്ഷാമം ഉണ്ടായിട്ടു അ
വന്നു മുട്ടു വന്നു തുടങ്ങി.
൧൫ എന്നാറെ അവൻ പോയി ആ
ദേശത്തിലേ പൌരന്മാരിൽ ഒരുത്തനോ
ടു ചേൎന്നു; ആയവൻ അവനെ തന്റെ
നിലങ്ങളിൽ പന്നികളെ മേയ്പാൻ അയ
ച്ചു.
൧൬ പന്നികൾ തിന്നുന്ന മരപ്പയറു
കൊണ്ടു തന്റെ വയറു നിറെപ്പാൻ അ
വൻ ആഗ്രഹിച്ചു എങ്കിലും ആരും അവ
ന്നു കൊടുത്തില്ല.
൧൭ അപ്പോൾ അവന്നു സുബോധം
വന്നിട്ടു പറഞ്ഞതു: എന്റെ അപ്പന്റെ

എത്ര കൂലിക്കാർ അപ്പം തിന്നു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ടു നശിച്ചു പോകുന്നു.

൧൮ ഞാൻ എഴുനീററു എന്റെ അപ്പന്റെ അടുക്കലേക്കു പോയി അവനോടു: അപ്പാ, ഞാൻ സ്വൎഗ്ഗത്തിന്റെ നേരെയും നിന്റെ മുമ്പാകേയും പാപം ചെയ്തിരിക്കുന്നു.

൧൯ ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല, നിന്റെ കൂലിക്കാരിൽ ഒരുത്തനെ പോലെ എന്നെ ആക്കിക്കൊള്ളേണമേ എന്നു പറയും.

൨൦ എന്നിട്ടു അവൻ എഴുനീററു തന്റെ അപ്പന്റെ അടുക്കലേക്കു പോയി. അവൻ ദൂരത്തുള്ളപ്പോൾ തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു, ഓടിച്ചെന്നു അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു.

൨൧ മകൻ അവനോടു: അപ്പാ, ഞാൻ സ്വൎഗ്ഗത്തിന്റെ നേരെയും നിന്റെ മുമ്പാകേയും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനുമല്ല എന്നു പറഞ്ഞു.

൨൨ എന്നാറെ അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ഉടുപ്പിപ്പിൻ, അവന്റെ കൈക്കു മോതിരവും കാലുകൾക്കു ചെരിപ്പുകളും ഇടുവിപ്പിൻ.

൨൩ തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ നാം ഭക്ഷിച്ചു ആനന്ദിക്ക.

൨൪ ഈ എന്റെ മകൻ മരിച്ചവനായിരുന്നു തിരികേ ഉയിൎത്തു, കാണാതെ പോയവനായിരുന്നു കണ്ടുകിട്ടുകയുംചെയ്തുവല്ലോ എന്നു പറഞ്ഞു; അവർ ആനന്ദിച്ചുതുടങ്ങി.

൨൫ എന്നാൽ അവന്റെ മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോടു അടുത്തപ്പോൾ വാദ്യവും നൃത്തഘോഷങ്ങളും കേട്ടു,

൨൬ ബാല്യക്കാരിൽ ഒരുത്തനെ വിളിച്ചു: ഇതെന്താകുന്നു എന്നു ചോദിച്ചു.

൨൭ അവൻ അവനോടു: നിന്റെ സഹോദരൻ വന്നു; നിന്റെ അപ്പൻ അവനെ സൌഖ്യത്തോടെ കിട്ടിയതുകൊണ്ടു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു.

൨൮ അപ്പോൾ അവൻ കോപിച്ചു, അകത്തു പോകുവാൻ മനസ്സില്ലാതിരുന്നു; അപ്പൻ പുറത്തു വന്നു അവനോടു അപേക്ഷിച്ചു.

൨൯ എന്നാറേ അവൻ അവനോടു: ഇതാ, ഇത്ര വൎഷമായി ഞാൻ നിന്നെ സേവിക്കുന്നു, നിന്റെ കല്പന ഒരുനാളും ലംഘിച്ചതുമില്ല; എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിനാ നീ ഒരിക്കലും എനിക്കു ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല.

൩൦ വേശ്യമാരോടുകൂടി നിന്റെ മുതൽ തിന്നുകളഞ്ഞ ൟ നിന്റെ മകൻ വന്നപ്പോഴേക്കോ തടിപ്പിച്ച കാളക്കുട്ടിയെ അവന്നു വേണ്ടി അറുത്തുവല്ലോ എന്നു ഉത്തരം പറഞ്ഞു.

൩൧ അപ്പോൾ അവൻ അവനോടു: മകനേ, നീ എപ്പോഴും എന്നോടുകൂടെ ആകുന്നുവല്ലോ; എനിക്കുള്ളതു എല്ലാം നിന്റേതു ആകുന്നു.

൩൨ എന്നാൽ നിന്റെ ഈ സഹോദരൻ മരിച്ചവനായിരുന്നു, തിരികേ ജീവിച്ചു; കാണാതെ പോയവനായിരുന്നു, കണ്ടുകിട്ടിയിരിക്കുന്നു. ആകയാൽ നാം ആനന്ദിച്ചു സന്തോഷിക്കേണ്ടതാകുന്നുവല്ലോ എന്നു പറഞ്ഞു.

൧൬ാം അദ്ധ്യായം.

പിന്നെ അവൻ ശിഷ്യന്മാരോടു പറഞ്ഞു: ധനവാനായോരു മനുഷ്യന്നു ഒരു കാൎയ്യവിചാരകൻ ഉണ്ടായിരുന്നു; ആയവൻ അവന്റെ വസ്തു നാനാവിധമാക്കുന്ന പ്രകാരം കുററം ചുമത്തപ്പെട്ടു.

൨ എന്നാറെ അവൻ അവനെ വിളിച്ചു: നിന്നെക്കൊണ്ടു ഈ കേൾക്കുന്നതു എന്തു? നിന്റെ കാൎയ്യവിചാരക്കണക്കു ഏല്പിക്ക, എന്തുകൊണ്ടെന്നാൽ നീ ഇനി കാൎയ്യവിചാരകനായിരുന്നുകൂടാ എന്നു പറഞ്ഞു.

൩ എന്നാറെ കാൎയ്യവിചാരകൻ ഉള്ളുകൊണ്ടു പറഞ്ഞു: എന്റെ യജമാനൻ

കാൎയ്യവിചാരം എന്നിൽനിന്ന എടുത്തുകഉയുന്നതുകൊണ്ട എന്തു ചെയ്യേണ്ടു? കിളെപ്പാൻ പ്രാപ്തിയില്ല, ഇരപ്പാൻ നാണിക്കുന്നു.

൪ എന്നെ കാൎയ്യവിചാരത്തിൽനിന്ന നീക്കിയാൽ പിന്നെ തങ്ങളുടെ വീടുകളിൽ എന്നെ ചേൎത്തുകൊൾവാന്തക്കവണ്ണം ഞാൻ ചെയ്യേണ്ടതു ഇന്നതു എന്ന അറിഞ്ഞിരിക്കുന്നു.

൫ പിന്നെ അവൻ തന്റെ യജമാനന്റെ കടക്കാരിൽ ഓരോരുത്തനെ വരുത്തി ഒന്നാമത്തവനോട: എന്റെ യജമാനന്ന എത്ര കടംപെട്ടിരിക്കുന്നു എന്ന ചോദിച്ചു.

൬ നൂറുകുടം എണ്ണ എന്ന അവൻ പറഞ്ഞു; എന്നാറെ നിന്റെ കൈച്ചീട്ട വാങ്ങി വേഗം ഇരുന്ന അമ്പതു എന്ന എഴുതുക എന്ന അവനോട പറഞ്ഞു.

൭ അതിന്റെശേഷം മറെറാരുത്തനോട: നീ എത്ര കടംപെട്ടിരിക്കുന്നു എന്ന ചോദിച്ചു. നൂറുപറ കോതമ്പു എന്ന അവൻ പറഞ്ഞു; അവനോട: നിന്റെ കൈച്ചീട്ട വാങ്ങി എണ്പതു എന്ന എഴുതുക എന്ന പറഞ്ഞു.

൮ എന്നാൽ ഈ അനീതിയുള്ള കാൎയ്യവിചാരകൻ ബുദ്ധിയോടെ പ്രവൃത്തിച്ചതുകൊണ്ട യജമാനൻ അവനെ പുകഴ്ത്തി എന്തുകൊണ്ടെന്നാൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവർ ആകുന്നു.

൯ വിശേഷിച്ച ഞാൻ നിങ്ങളോട പറയുന്നു: അനീതിയുള്ള *മമ്മോനെക്കൊണ്ട നിങ്ങൾക്ക സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ; അതു ഇല്ലാതെ പോകുമ്പോൾ അവർ നിത്യക്കുടാരങ്ങളിൽ നിങ്ങളെ ചേൎത്തുകൊള്ളേണ്ടതിന്ന തന്നേ.

൰ അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ ആകുന്നു; അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ തന്നേ.

൰൧ ആകയാൽ അനീതിയുള്ള *മമ്മോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായുള്ളതു നിങ്ങളെ ആര ഭരമേല്പിക്കും?

൰൨ അന്യന്റെ മുതലിൽ വിശ്വസ്തരായില്ല എങ്കിൽ, നിങ്ങൾക്ക സ്വന്തമായുള്ളതു ആർ തരും?

൰൩ രണ്ട യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യന്നും കഴികയില്ല; എന്തുകൊണ്ടെന്നാൽ അവൻ ഒരുവനെ പകെക്കും മററവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനെ പററിപ്പിടിക്കും മററവനെ നിരസിക്കും. നിങ്ങൾക്ക ദൈവത്തെയും മമ്മോനെയും സേവിപ്പാൻ കഴികയില്ല.

൰൪ ¶ ഇവ എല്ലാം ദ്രവ്യാഗ്രഹികളായ പരീശർ കേട്ട അവനെ പരിഹസിച്ചു.

൰൫ അവൻ അവരോട പറഞ്ഞു: നിങ്ങൾ നിങ്ങളെ തന്നേ മനുഷ്യരുടെ മുൻപാകെ നീതീകരിക്കുന്നവർ ആകുന്നു; എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു; എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിൻ മുമ്പാകെ അറെപ്പത്രേ.

൰൬ ന്യായപ്രമാണവും പ്രവാചകന്മാരും യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യം സുവിശേഷിക്കപ്പെടുന്നു; എല്ലാവനും അതിനെ ആക്രമിക്കുന്നു.

൰൭ ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനേക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതു എളുപ്പം ആകുന്നു.

൰൮ തന്റെ ഭാൎയ്യയെ ഉപേക്ഷിച്ച മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ എല്ലാം വ്യഭിചാരം ചെയ്യുന്നു; ഭൎത്താവു ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

൰൯ ¶ ധനവാനായോരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും നേർപടവും ഉടുത്തുംകൊണ്ട ദിനമ്പ്രതി ആഡംബരത്തോടെ ഉല്ലസിച്ചുകൊണ്ടിരുന്നു.

൨൰ ലാസർ എന്ന പേരുള്ള ഒരു ദരിദ്രനും വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരെക്കൽ ഇടപ്പെട്ടിരുന്നു.

* ധനം.

൨൧ ധനവാന്റെ മേശയിൽനിന്നു
വീഴുന്നവകൊണ്ടു തൃപ്തിപ്പെടുവാൻ ആഗ്ര
ഹിച്ചു പാൎത്തു; നായ്ക്കളും വന്നു അവ
ന്റെ വ്രണങ്ങളെ നക്കും.
൨൨ പിന്നെ ആ ദരിദ്രൻ മരിച്ചു;
ദൈവദൂതന്മാർ അവനെ അബ്രഹാമി
ന്റെ മടിയിലേക്കു കൊണ്ടുപോയി. ധ
നവാനും മരിച്ചു അടക്കപ്പെട്ടു.
൨൩ അവൻ പാതാളത്തിൽ ദണ്ഡങ്ങ
ളിൽ ഉൾപെട്ടു തന്റെ കണ്ണുകളെ ഉയ
ൎത്തി ദൂരത്തുനിന്നു അബ്രഹാമിനെയും അ
വന്റെ മടിയിൽ ലാസരിനെയും കാണു
ന്നു.
൨൪ അപ്പോൾ അവൻ വിളിച്ചു പറ
ഞ്ഞു: പിതാവായ അബ്രഹാമേ, എന്നോ
ടു കനിവുണ്ടാകേണമേ; ഈ ജ്വാലയിൽ
ഞാൻ വേദനപ്പെടുന്നതുകൊണ്ടു ലാസർ
തന്റെ വിരലിന്റെ അററം വെള്ളത്തി
ൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേ
ണ്ടതിന്നു അവനെ അയക്കേണമേ.
൨൫ എന്നാറെ അബ്രഹാം പറഞ്ഞു:
മകനേ, നിന്റെ ആയുസ്സിൽ നീ നി
ന്റെ നന്മകളും ലാസർ അവ്വണ്ണം തിന്മ
കളും പ്രാപിച്ചു എന്നു ഓൎക്ക; ഇപ്പോഴോ
ഇവൻ ഇവിടെ ആശ്വാസപ്പെടുന്നു, നീ
യോ വേദനപ്പെടുന്നു.
൨൬ അത്രയുമല്ല ഇവിടെനിന്നു നി
ങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛി
ക്കുന്നവൎക്കു കഴിവില്ലാതെയും അവിടെ
നിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരാ
തെയും ഇരിപ്പാന്തക്കവണ്ണം ഞങ്ങൾക്കും
നിങ്ങൾക്കും നടുവേ വലിയോരു പിളൎപ്പു
വെച്ചിരിക്കുന്നു.
൨൭ പിന്നെ അവൻ പറഞ്ഞു: എന്നാ
ൽ പിതാവേ, എനിക്കു അഞ്ചു സഹോ
ദരന്മാർ ഉള്ളതുകൊണ്ടു,
൨൮ അവരും ഈ ദണ്ഡസ്ഥലത്തിൽ
വരാതിരിപ്പാൻ അവൻ അവരോടു സാ
ക്ഷ്യം പറയേണ്ടതിന്നു അവനെ എ
ന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെ
ന്നു ഞാൻ അപേക്ഷിക്കുന്നു.
൨൯ അബ്രഹാം അവനോടു: അവ
ൎക്കു മോശെയും പ്രവാചകന്മാരും ഉണ്ട
ല്ലോ; അവരെ അവർ ചെവിക്കൊള്ളട്ടെ
എന്നു പറഞ്ഞു.
൩൰ എന്നാറെ അവൻ: അല്ലല്ല, പി
താവായ അബ്രഹാമേ, മരിച്ചവരിൽനി
ന്നു ഒരുത്തൻ അവരുടെ അടുക്കൽ പോ
യി എങ്കിൽ അവർ മാനസാന്തരപ്പെടും
എന്നു പറഞ്ഞു.
൩൧ എന്നാൽ അവൻ അവനോടു:
അവർ മോശെയെയും പ്രവാചകന്മാരെ
യും ചെവിക്കൊള്ളാഞ്ഞാൽ മരിച്ചവരിൽ
നിന്നു ഒരുത്തൻ ഉയിൎത്തെഴുനീററാലും
വിശ്വസിക്കയില്ല എന്നു പറഞ്ഞു.

൧൭ാം അദ്ധ്യായം.

അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞ
തു: ഇടൎച്ചകൾ വരാതിരിക്കുന്നതു അസാ
ദ്ധ്യം തന്നേ, എങ്കിലും അവ വരുത്തുന്ന
വന്നു ഹാ കഷ്ടം.
൨ അവൻ ഈ ചെറിയരിൽ ഒരുത്ത
ന്നു ഇടൎച്ച വരുത്തുന്നതിനേക്കാൾ ഒരു
തിരികല്ലു അവന്റെ കഴുത്തിൽ കെട്ടീട്ടു
അവനെ കടലിൽ എറിഞ്ഞുകളഞ്ഞാൽ
അവന്നു ഗുണമത്രേ.
൩ നിങ്ങളെ തന്നേ സൂക്ഷിച്ചുകൊൾ
വിൻ. നിന്റെ സഹോദരൻ പിഴെച്ചാൽ
അവനെ ശാസിക്ക, അവൻ മാനസാന്തര
പ്പെട്ടാൽ അവനോടു ക്ഷമിക്ക.
൪ ദിവസത്തിൽ ഏഴു വട്ടം നിന്നോ
ടു പിഴെക്കയും ഏഴു വട്ടം നിന്റെ അടു
ക്കൽ തിരിച്ചു വന്നു: ഞാൻ മാനസാന്തര
പ്പെടുന്നു എന്നു പറകയും ചെയ്യുന്നു എ
ങ്കിൽ അവനോടു ക്ഷമിക്ക.
൫ ¶ അപ്പൊസ്തലന്മാർ കൎത്താവി
നോടു: ഞങ്ങൾക്കു വിശ്വാസം വൎദ്ധിപ്പി
ച്ചു തരേണമേ എന്നു പറഞ്ഞു.
൬ എന്നാറെ കൎത്താവു പറഞ്ഞതു: നി
ങ്ങൾക്കു കടുകുമണിയോളം വിശ്വാസം
ഉണ്ടെങ്കിൽ ഈ കാട്ടത്തിവൃക്ഷത്തോടു:
നീ വേരോടെ പറിഞ്ഞു കടലിൽ നട്ടിരി
ക്ക എന്നു പറയാം; അതു നിങ്ങളെ അനു
സരിക്കയും ചെയ്യും.
൭ എന്നാൽ ഉഴുകയോ മേയ്ക്കയോ
ചെയ്യുന്ന ഒരു ദാസൻ നിങ്ങളിൽ ആൎക്കു
എങ്കിലും ഉണ്ടായിരുന്നിട്ടു അവൻ വയലി

ൽനിന്നു വരുമ്പോൾ: നീ ക്ഷണത്തിൽ വന്നു ഊണിന്നു ഇരിക്ക എന്നു അവനോടു പറയുമോ?

൮ അല്ല: എന്റെ അത്താഴത്തിന്നു ഒരുക്കുക, പിന്നെ അര കെട്ടിക്കൊണ്ടു ഞാൻ തിന്നു കുടിച്ചു തീരുവോളം എനിക്കു ശുശ്രൂഷ ചെയ്ക, അതിന്റെ ശേഷം നിനക്കു തിന്നു കുടിച്ചുകൊള്ളാം എന്നു പറകയില്ലയോ?

൯ തന്നോടു കല്പിക്കപ്പെട്ടവ ദാസൻ ചെയ്തുകൊണ്ടു അവന്നു നന്ദി പറയുന്നുവോ?

൰ അവ്വണ്ണം നിങ്ങളോടു കല്പിച്ചവ എല്ലാം നിങ്ങളും ചെയ്തശേഷം: ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ ആകുന്നു, ചെയ്യേണ്ടതത്രേ ചെയ്തു എന്നു പറവിൻ.

൰൧ ¶ അവൻ യരുശലേമിലേക്കു യാത്ര പോകയിൽ ശമര്യെക്കും ഗലീലെക്കും നടുവിൽ കൂടി കടക്കുമ്പോൾ,

൰൨ ഒരു ഗ്രാമത്തിൽ ചെല്ലുംനേരം കുഷ്ഠരോഗികളായ പത്തു പുരുഷന്മാർ അവന്നു എതിർപെട്ടു അകലേ നിന്നുകൊണ്ടു:

൰൩ യേശു, നായകാ, ഞങ്ങളോടു കരുണയുണ്ടാകേണമേ എന്നു ശബ്ദം ഉയർത്തി പറഞ്ഞു.

൰൪ ആയവരെ അവൻ കണ്ടിട്ടു നിങ്ങൾ പോയി പുരോഹിതന്മാൎക്കു നിങ്ങളെ തന്നേ കാണിപ്പിൻ എന്നു പറഞ്ഞു; അവർ പോകയിൽ തന്നേ ശുദ്ധരായി തീരുകയും ചെയ്തു.

൰൫ അവരിൽ ഒരുത്തൻ താൻ സൌഖ്യപ്പെട്ടതു കണ്ടു, മഹാശബ്ദത്തോടെ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു മടങ്ങി വന്നു,

൰൬ അവന്റെ കാല്ക്കൽ കവിണ്ണു വീണു അവനെ വാഴ്ത്തുകയും ചെയ്തു; അവനോ ശമൎയ്യക്കാരൻ ആയിരുന്നു.

൰൭ യേശു ഉത്തരം പറഞ്ഞതു: പത്തു പേർ ശുദ്ധരായി തീൎന്നില്ലയോ? ഒമ്പതു പേർ എവിടെ?

൰൮ ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിന്നു മഹത്വം കൊടുപ്പാൻ തിരിച്ചുവന്നവരായി ആരെയും കാണ്മാനില്ലയോ?

൰൯ പിന്നെ അവൻ അവനോടു: എഴുനീറ്റു പൊയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറഞ്ഞു.

൨൰ ¶ ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശർ ചോദിച്ചതിന്നു അവൻ ഉത്തരം പറഞ്ഞതു: ദൈവരാജ്യം നോക്കിക്കാണത്തക്കവണ്ണം അല്ല വരുന്നതു;

൨൰൧ ഇതാ ഇവിടെ എന്നും, അതാ അവിടെ എന്നും പറകയും ഇല്ല; ഇതാ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നേ ആകുന്നുവല്ലോ:

൨൰൨ ¶ പിന്നെ അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങൾ മനുഷ്യപുത്രന്റെ ദിവസങ്ങളിൽ ഒന്നു കാണ്മാൻ ആഗ്രഹിക്കുന്ന നാളുകൾ വരും, കാൺകയും ഇല്ല.

൨൰൩ അന്നു നിങ്ങളോടു: ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയും; നിങ്ങൾ പോകരുതു, പിൻചെല്ലുകയുമരുതു.

൨൰൪ എന്തുകൊണ്ടെന്നാൽ മിന്നൽ ആകാശത്തിങ്കീഴേ ദിക്കിൽനിന്നു ദിക്കോളവും തിളങ്ങി മിന്നുന്നതു ഏതുപ്രകാരമോ അപ്രകാരം തന്നേ മനുഷ്യപുത്രൻ തന്റെ ദിവസത്തിൽ ആകും.

൨൰൫ എന്നാൽ മുമ്പേ അവൻ വളരെ കഷ്ടപ്പെടുകയും ഈ തലമുറയാൽ തള്ളപ്പെടുകയും വേണ്ടിയതാകുന്നു.

൨൰൬ പിന്നെ നോഹയുടെ ദിവസങ്ങളിൽ സംഭവിച്ച പ്രകാരംതന്നേ മനുഷ്യപുത്രന്റെ ദിവസങ്ങളിലും ഉണ്ടാകും.

൨൰൭ നോഹ പെട്ടകത്തിൽ പ്രവേശിച്ച നാൾവരെ അവർ തിന്നു കുടിച്ചു വിവാഹം കഴിച്ചു വിവാഹം കഴിക്കപ്പെട്ടു; അപ്പോൾ ജലപ്രളയം വന്നു, അവരെ എല്ലാവരെയും മുടിക്കയും ചെയ്തു.

൨൰൮ ലോത്തിന്റെ നാളുകളിൽ സംഭവിച്ച പ്രകാരവും തന്നേ; അവർ തിന്നും കുടിച്ചും, കൊണ്ടും വിറ്റും, നട്ടും പണി ചെയ്തും പോന്നു.

൨൯ എന്നാൽ ലോത്തു സോദോം വി
ട്ട നാളിൽ ആകാശത്തിൽനിന്നു അഗ്നി
യും ഗന്ധകവും പെയ്തു എല്ലാവരെയും മു
ടിച്ചുകളഞ്ഞു.
൩൦ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാ
ളിൽ അവ്വണ്ണം തന്നേ ആകും.
൩൧ അന്നു വീട്ടിന്മേൽ ഇരിക്കുന്നവ
ൻ ഭവനത്തിന്നകത്തുള്ള കോപ്പുകളെ എ
ടുക്കേണ്ടതിന്നു ഇറങ്ങിപ്പോകരുതു; വയ
ലിൽ ഇരിക്കുന്നവനും അപ്രകാരം പി
ന്നോക്കം തിരികയുമരുതു.
൩൨ ലോത്തിന്റെ ഭാൎയ്യയെ ഓൎത്തു
കൊൾവിൻ.
൩൩ ആരെങ്കിലും തന്റെ ജീവനെ
നേടുവാൻ നോക്കിയാൽ അതിനെ കള
യും; ആരെങ്കിലും അതിനെ കളഞ്ഞാൽ
അതിനെ രക്ഷിക്കും.
൩൪ ഞാൻ നിങ്ങളോടു പറയുന്നു: ആ
രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ
ആയിരിക്കും; ഒരുത്തൻ എടുക്കപ്പെടും മ
ററവൻ വിടപ്പെടും.
൩൫ രണ്ടുപേർ ഒന്നിച്ചു പൊടിച്ചു
കൊണ്ടിരിക്കും; ഒരുത്തി എടുക്കപ്പെടും മ
ററവൾ വിടപ്പെടും.
൩൬ [ഇരുവർ വയലിൽ ഇരിക്കും; ഒ
രുത്തൻ എടുക്കപ്പെടും മററവൻ വിടപ്പെ
ടും*].
൩൭ അവർ ഉത്തരമായി അവനോ
ടു: കൎത്താവേ, എവിടെ? എന്നു പറഞ്ഞു;
എന്നാറെ: ശവം എവിടെയോ അവിടെ
കഴുകൻ വന്നുകൂടും എന്നു അവൻ പ
റഞ്ഞു.

൧൮ാം അദ്ധ്യായം.

മടുത്തുപോകാതെ എപ്പോഴും പ്രാൎത്ഥിക്കേണം എന്നുള്ളതിന്നു അവൻ അവരോടു ഒരുപമ പറഞ്ഞു.

൨ ദൈവത്തെ ഭയപ്പെടാതെയും മനു
ഷ്യനെ ശങ്കിക്കാതെയുമിരുന്ന ഒരു ന്യാ
യാധിപൻ ഒരുപട്ടണത്തിൽ ഉണ്ടായി
രുന്നു.
൩ ആ പട്ടണത്തിൽ ഒരു വിധവയും
ഉണ്ടായിരുന്നു. അവൾ അവന്റെ അടു
ക്കൽ ചെന്നു: എന്റെ പ്രതിയോഗിയോ
ടു പ്രതിക്രിയ നടത്തി രക്ഷിക്കേണമേ
എന്നു പറഞ്ഞു.
൪ അവന്നു കുറെ കാലത്തേക്കു മന
സ്സില്ലാഞ്ഞതിന്റെ ശേഷം: ഞാൻ ദൈവ
ത്തെ ഭയപ്പെടാതെയും മനുഷ്യനെ ശങ്കി
ക്കാതെയുമിരിക്കുന്നവൻ എങ്കിലും
൫ ഈ വിധവ എന്നെ അസഹ്യപ്പെ
ടുത്തുന്നതുകൊണ്ടു അവൾ എല്ലായ്പോഴും
വന്നു എന്നെ മുഷിപ്പിക്കാതിരിക്കേണ്ടതി
ന്നു ഞാൻ അവൾക്കായി പ്രതിക്രിയ നട
ത്തും എന്നു ഉള്ളുകൊണ്ടു പറഞ്ഞു.
൬ പിന്നെ കൎത്താവു പറഞ്ഞു: അനീ
തിയുള്ള ന്യായാധിപൻ പറയുന്നതു കേ
ൾപ്പിൻ.
൭ ദൈവമോ തന്റെ തെരിഞ്ഞെടുക്ക
പ്പെട്ടവർ രാപ്പകൽ തന്നോടു നിലവിളി
ക്കയിൽ അവരെ കുറിച്ചു ദീൎഘക്ഷമയുള്ള
വൻ എങ്കിലും അവൎക്കായി പ്രതിക്രിയ
ചെയ്കയില്ലയോ?
൮ വേഗത്തിൽ അവൎക്കായി പ്രതിക്രി
യ നടത്തും എന്നു ഞാൻ നിങ്ങളോടു പറ
യുന്നു. എന്നാലും മനുഷ്യപുത്രൻ വരു
മ്പോൾ അവൻ ഭൂമിയിൽ വിശ്വാസം ക
ണ്ടെത്തുമോ?
൯ ¶ ചിലർ നീതിമാന്മാർ എന്നു ത
ങ്ങളിൽ തന്നേ ആശ്രയിച്ചു മററുള്ളവ
രെ ധിക്കരിക്കുന്നതിനെ കുറിച്ചു അവൻ
ഈ ഉപമ പറഞ്ഞു.
൧൦ രണ്ടു മനുഷ്യർ പ്രാൎത്ഥിപ്പാനായിട്ടു
ദൈവാലയത്തിൽ കരേറിപ്പോയി; ഒരു
ത്തൻ പരീശൻ, മററവൻ ചുങ്കക്കാരൻ.
൧൧ പരീശൻ നിന്നുകൊണ്ടു തന്നോ
ടു തന്നേ ഇപ്രകാരം പ്രാൎത്ഥിച്ചു: ദൈവ
മേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ,
വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യ
രെ പോലെയോ, ഈ ചുങ്കക്കാരനെ പോ
ലെയോ, ഞാൻ അല്ലായ്കയാൽ നിന്നെ
വാഴ്ത്തുന്നു.
൧൨ ആഴ്ചയിൽ രണ്ടു വട്ടം ഉപവസി
ക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം
കൊടുത്തുവരുന്നു.

* ഏററവും പുരാതനലിഖിതങ്ങളിൽ ഈ വാക്യം കാണുന്നില്ല.

൧൩ ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു കണ്ണുകൾ ആകാശത്തിലേക്കു ഉയൎത്തുവാൻ പോലും തുനിയാതെ തന്റെ മാറത്തു അടിച്ചുകൊണ്ടു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു.

൧൪ അവനേക്കാൾ ഇവൻ നീതീകരിക്കപ്പെട്ടവനായി തന്റെ ഭവനത്തിലേക്കു ഇറങ്ങിപ്പോയി എന്നു ഞാൻ നിങ്ങളോടു പറയുന്നു; എന്തുകൊണ്ടെന്നാൽ തന്നെത്താൻ ഉയൎത്തുന്നവൻ എല്ലാം താഴ്ത്തപ്പെട്ടും, തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയൎത്തപ്പെട്ടുകയും ചെയ്യും.

൧൫ ¶ അവൻ തൊടുവാനായി ചിലർ ശിശുക്കളെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അതു കണ്ടു അവരെ ശാസിച്ചു.

൧൬ യേശുവോ അവരെ തന്റെ അരികത്തു വിളിച്ചു പറഞ്ഞു: പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുതു; എന്തുകൊണ്ടെന്നാൽ ദൈവരാജ്യം ഇപ്രകാരമുള്ളവരുടേതു ആകുന്നു.

൧൭ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുപ്രകാരത്തിലും അതിൽ കടക്കയില്ല.

൧൮ ¶ ഒരു പ്രമാണി അവനോടു: നല്ല ഗുരോ, ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന്നു എന്തു ചെയ്യേണം എന്നു ചോദിച്ചു.

൧൯ എന്നാറെ യേശു പറഞ്ഞു: എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല.

൨൦ വ്യഭിചാരം ചെയ്യരുതു, കുല ചെയ്യരുതു, മോഷ്ടിക്കരുതു, കള്ളസ്സാക്ഷി പറയരുതു, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ.

൨൧ അവൻ പറഞ്ഞു: ഇവ ഒക്കെയും ഞാൻ എന്റെ ചെറുപ്പം മുതൽ കാത്തുകൊണ്ടിരിക്കുന്നു.

൨൨ എന്നതു യേശു കേട്ടു: ഇനി നിനക്കു ഒന്നു കുറവുണ്ടു; നിനക്കുള്ളവ എല്ലാം വിററു ദരിദ്രൎക്കു പകുത്തു കൊടുക്ക, എന്നാൽ സ്വൎഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു.

൨൩ അവൻ എത്രയും ധനവാനാകകൊണ്ടു ഇതു കേട്ടിട്ടു അതിദുഃഖിതനായി തീൎന്നു.

൨൪ യേശു അവനെ കണ്ടിട്ടു: ദ്രവ്യങ്ങൾ ഉള്ളവർ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ എത്ര പ്രയാസം!

൨൫ ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു എളുപ്പം എന്നു പറഞ്ഞു.

൨൬ ഇതു കേട്ടവർ: എന്നാൽ രക്ഷിക്കപ്പെടുവാൻ ആൎക്കു കഴിയും എന്നു പറഞ്ഞു.

൨൭ എന്നാറെ അവൻ പറഞ്ഞു: മനുഷ്യരാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യമാകുന്നു.

൨൮ പത്രൊസ്: ഇതാ, ഞങ്ങൾ സ്വന്തമായവ വിട്ടു നിന്റെ പിന്നാലെ വന്നിരിക്കുന്നു എന്നു പറഞ്ഞു.

൨൯ യേശു അവരോടു പറഞ്ഞതു: ദൈവരാജ്യംനിമിത്തം വീടോ ഭാൎയ്യയോ സഹോദരന്മാരെയോ മാതാപിതാക്കന്മാരെയോ മക്കളെയോ വിട്ടുകളഞ്ഞാൽ

൩൦ ഈ കാലത്തിൽ തന്നേ പല മടങ്ങായിട്ടും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരും ഇല്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

൩൧ ¶ പിന്നെ പന്തിരുവരെ കൂട്ടിക്കൊണ്ടു അവരോടു പറഞ്ഞു: ഇതാ, നാം യരുശലേമിലേക്കു കരേറിപ്പോകുന്നു. മനുഷ്യപുത്രനെ കുറിച്ചു പ്രവാചകന്മാരാൽ എഴുതപ്പെട്ടിട്ടുള്ളതിന്നു എല്ലാം നിവൃത്തി വരും.

൩൨ അവൻ ജാതികൾക്കു ഏല്പിക്കപ്പെടുകയും അവർ അവനെ പരിഹസിക്കയും അവമാനിക്കയും തുപ്പുകയും

൩൩ അവനെ തല്ലീട്ടു കൊല്ലുകയും

മൂന്നാം നാൾ അവൻ ഉയിൎത്തെഴുനീല്ക്കയും ചെയ്യും.

൩൪ എന്നാറെ അവർ ഇതു ഒന്നും ഗ്രഹിച്ചില്ല; ഈ മൊഴി അവൎക്ക മറവായിരുന്നു, പറഞ്ഞവ അവർ അറിഞ്ഞതുമില്ല.

൩൫ ¶ അവൻ യെറിഹോവിന്നു അടുക്കുമ്പോൾ ഒരു കുരുടൻ ഇരന്നുകൊണ്ടു വഴിയരികെ ഇരുന്നു.

൩൬ അവൻ പുരുഷാരം കടന്നുപോകുന്നതുകേട്ടു: ഇതെന്തു എന്നു ചോദിച്ചു.

൩൭ നസറായനായ യേശു കടന്നുപോകുന്നു എന്നു അവർ അവനോടു അറിയിച്ചു.

൩൮ അപ്പോൾ അവൻ: യേശുവേ, ദാവീദ്പുത്രാ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു,

൩൯ മുന്നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചാറെയും: ദാവീദ്പുത്രാ, എന്നോടു കരുണ തോന്നേണമേ എന്നു അവൻ ഏററവും അധികം നിലവിളിച്ചു.

൪൦ എന്നാറെ യേശു നിന്നു, അവനെ തന്റെ അടുക്കേ കൊണ്ടുവരുവാൻ കല്പിച്ചു.

൪൧ അവൻ സമീപിച്ചപ്പോൾ: ഞാൻ നിനക്ക എന്തു ചെയ്യേണം എന്നു ചോദിച്ചു. കൎത്താവെ, എനിക്ക കാഴ്ച പ്രാപിക്കേണം എന്നു അവൻ പറഞ്ഞു.

൪൨ യേശു അവനോടു: കാഴ്ചപ്രാപിക്ക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു.

൪൩ ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചുംകൊണ്ടു അവനെ പിന്തുടൎന്നു; കണ്ട ജനങ്ങൾ എല്ലാം ദൈവത്തിന്നു പുകഴ്ച കൊടുക്കയും ചെയ്തു.

൧൯ാം അദ്ധ്യായം.

അവൻ യെറിഹോവിൽ പ്രവേശിച്ചു കടന്നുപോകുമ്പോൾ,

൨ ഇതാ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്നു പേരുള്ളോരു പുരുഷൻ,

൩ യേശു ഇന്നവൻ എന്നു കാണ്മാൻ ശ്രമിച്ചാറെ വളൎച്ചയിൽ കുറിയവൻ ആകകൊണ്ടു പുരുഷാരം നിമിത്തം കഴിഞ്ഞില്ല.

൪ എന്നാറെ അവൻ മുമ്പോട്ടു ഓടി, അവനെ കാണേണ്ടതിന്നു ഒരു കാട്ടത്തിയിൽ കയറി. എന്തുകൊണ്ടെന്നാൽ അവൻ ആ വഴിയായി പോകേണ്ടതായിരുന്നു.

൫ യേശു ആ സ്ഥലത്തു എത്തിയപ്പോൾ മേല്പോട്ടു നോക്കി സക്കായിയേ, ബദ്ധപ്പെട്ടു ഇറങ്ങി വാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാൎക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു.

൬ അവൻ ബദ്ധപ്പെട്ടു ഇറങ്ങിവന്നു സന്തോഷത്തോടെ അവനെ കൈക്കൊണ്ടു.

൭ കണ്ടവർ എല്ലാം: ഇവൻ പാപിയായ മനുഷ്യനോടുകൂടെ പാൎപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു.

൮ എന്നാൽ സക്കായി നിന്നുകൊണ്ടു കൎത്താവിനോടു പറഞ്ഞു: ഇതാ കൎത്താവേ, എന്റെ വസ്തുക്കളിൽ പാതി ഞാൻ ദരിദ്രൎക്ക കൊടുക്കുന്നുണ്ടു; ആരോടും വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു തിരികേ കൊടുക്കുന്നു.

൯ യേശു അവനോടു പറഞ്ഞതു: ഇവനും അബ്രഹാമിന്റെ പുത്രൻ ആകയാൽ ഇന്നു ഈ വീട്ടിന്നു രക്ഷ ഉണ്ടായി.

൧൦ കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാൻ അല്ലോ മനുഷ്യപുത്രൻ വന്നതു.

൧൧ ¶ അവർ ഇവയെ കേട്ടുകൊണ്ടിരിക്കുമ്പോൾ അവൻ യരുശലേമിന്നു സമീപിച്ചിരിക്കകൊണ്ടും ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടും എന്നു അവൎക്ക തോന്നുകകൊണ്ടും അവൻ ഒരു ഉപമയും കൂടെ പറഞ്ഞു.

൧൨ അതു എന്തെന്നാൽ: കുലശ്രേഷ്ഠനായോരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങി വരേണം എന്നു വെച്ചു ദൂരദേശത്തേക്ക യാത്ര പോയി.

൧൩ അവൻ തന്റെ പത്തു ദാസന്മാരെ വിളിച്ചു അവൎക്ക പത്തു റാത്തൽ വെ

ളി കൊടുത്തു: ഞാൻ വരുന്നതു വരെ വ്യാപാരം ചെയ്തുകൊൾവിൻ എന്നു അവരോടു പറഞ്ഞു.

൧൪ അവന്റെ പൌരന്മാരോ അവനെ പകെച്ചു അവന്റെ പിന്നാലെ പ്രതിനിധികളെ അയച്ചു: ഇവൻ ഞങ്ങളുടെമേൽ വാഴുന്നതിന്നു ഞങ്ങൾക്കു മനസ്സില്ല എന്നു ബോധിപ്പിച്ചു.

൧൫ അവൻ രാജത്വം പ്രാപിച്ചു തിരികെ വന്നപ്പോൾ താൻ ദ്രവ്യം കൊടുത്തിരുന്ന ആ ദാസന്മാർ വ്യാപാരം ചെയ്തു എന്തു നേടി എന്നു അറിയേണ്ടതിന്നു അവരെ തന്റെ അടുക്കലേക്കു വിളിപ്പാൻ കല്പിച്ചു.

൧൬ ഒന്നാമത്തവൻ അടുത്തുവന്നു: കൎത്താവേ, നിന്റെ റാത്തൽ വെള്ളി പത്തു റാത്തൽ സമ്പാദിച്ചു എന്നു പറഞ്ഞു.

൧൭ അവനോടു അവൻ: നന്നു, നല്ല ദാസനേ, നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊണ്ടു പത്തു പട്ടണങ്ങൾക്കു അധികാരമുള്ളവൻ ആയിരിക്ക എന്നു പറഞ്ഞു.

൧൮ രണ്ടാമത്തവൻ വന്നു: കൎത്താവേ, നിന്റെ റാത്തൽ വെള്ളി അഞ്ചു റാത്തൽ സമ്പാദിച്ചു എന്നു പറഞ്ഞു.

൧൯ നീയും അഞ്ചു പട്ടണങ്ങൾക്കു മേല്പെട്ടവൻ ആക എന്നു അവൻ അവനോടു പറഞ്ഞു.

൨൦ മറ്റൊരുവൻ വന്നു: കൎത്താവേ, ഇതാ നിന്റെ റാത്തൽ; ഞാൻ അതു ഒരു ഉറുമാലിൽ കെട്ടിവെച്ചിരുന്നു.

൨൧ എന്തുകൊണ്ടെന്നാൽ നീ വെക്കാത്തതു എടുക്കയും വിതെക്കാത്തതു കൊയ്കയും ചെയ്യുന്ന കഠിനമനുഷ്യൻ ആകകൊണ്ടു ഞാൻ നിന്നെ ഭയപ്പെട്ടു എന്നു പറഞ്ഞു.

൨൨ അവൻ അവനോടു പറഞ്ഞു ദുഷ്ടദാസനേ, നിന്റെ വായിൽനിന്നു തന്നേ ഞാൻ നിനക്കു ന്യായം വിധിക്കും. ഞാൻ വെക്കാത്തതു എടുക്കയും വിതെക്കാത്തതു കൊയ്കയും ചെയ്യുന്ന കഠിനമനുഷ്യൻ എന്നു നീ അറിഞ്ഞുവല്ലോ.

൨൩ ആകയാൽ ഞാൻ വന്നു എന്റെ ദ്രവ്യം പലിശയോടുകൂടെ വാങ്ങിക്കൊള്ളേണ്ടതിന്നു അതു നാണ്യപീഠത്തിൽ ഏല്പിക്കാഞ്ഞതു എന്തുകൊണ്ടു?

൨൪ എന്നാൽ അരികേ നില്ക്കുന്നവരോടു: ആ റാത്തൽ വെള്ളി അവനിൽനിന്നു എടുത്തു പത്തു റാത്തലുള്ളവന്നു കൊടുപ്പിൻ എന്നു പറഞ്ഞു.

൨൫ കൎത്താവേ, അവന്നു പത്തു റാത്തൽ ഉണ്ടല്ലോ എന്നു അവർ പറഞ്ഞു.

൨൬ ഞാൻ നിങ്ങളോടു പറയുന്നു: ഉള്ളവന്നു എല്ലാവന്നും കൊടുക്കപ്പെടും, ഇല്ലാത്തവങ്കൽനിന്നു ഉള്ളതും കൂടെ എടുക്കപ്പെടും.

൨൭ എന്നാൽ ഞാൻ തങ്ങളുടെമേൽ വാഴുന്നതിന്നു മനസ്സില്ലാത്ത എന്റെ ശത്രുക്കളായവരെ ഇവിടെ കൊണ്ടുവന്നു എന്റെ മുമ്പിൽ വെച്ചു അവരെ വധിച്ചുകളവിൻ എന്നു കല്പിച്ചു.

൨൮ ¶ ഇവ പറഞ്ഞശേഷം അവൻ യരുശലേമിലേക്കു കരേറിക്കൊണ്ടു മുമ്പേ നടന്നു.

൨൯ ¶ പിന്നെ ഒലീവ് എന്നു പേരുള്ള മലയരികേ ബെത്ഫാഗെക്കും ബെഥാന്യെക്കും സമീപിച്ചപ്പോൾ അവൻ ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ചു പറഞ്ഞു:

൩൦ നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അതിൽ പ്രവേശിക്കുമ്പോൾ മനുഷ്യർ ആരും കയറീട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും, അതിനെ അഴിച്ചുകൊണ്ടു വരുവിൻ.

൩൧ ആരാനും നിങ്ങളോടു: അതിനെ അഴിക്കുന്നതു എന്തു എന്നു ചോദിച്ചാൽ കൎത്താവിന്നു ഇതിനെക്കൊണ്ടു ആവശ്യം ഉണ്ടു എന്നു പറവിൻ.

൩൨ അയക്കപ്പെട്ടവർ പോയി തങ്ങളോടു പറഞ്ഞപ്രകാരം കണ്ടെത്തി.

൩൩ കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ ഉടയവർ: കഴുതക്കുട്ടിയെ അഴിക്കുന്നതു എന്തു എന്നു ചോദിച്ചു.

൩൪ എന്നാറെ അവർ കൎത്താവിന്നു ഇതുകൊണ്ടു ആവശ്യം ഉണ്ടു എന്നു പറഞ്ഞു.

൩൫ അതിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു, തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിമേൽ ഇട്ടു, യേശുവിനെ കയററി ഇരുത്തുകയും ചെയ്തു.

൩൬ അവൻ പോകുമ്പോൾ അവർ തങ്ങളുടെ വസ്ത്രങ്ങളെ വഴിയിൽ വിരിച്ചു.

൩൭ അവൻ ഒലീവ് മലയുടെ ഇറക്കത്തിന്നു അടുത്തപ്പോൾ ശിഷ്യന്മാരുടെ കൂട്ടം എല്ലാം തങ്ങൾ കണ്ട സകല ശക്തികളെയും കുറിച്ചു സന്തോഷിച്ചു, മഹാശബ്ദത്തോടെ ദൈവത്തെ പുകഴ്ത്തിതുടങ്ങി:

൩൮ കൎത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ; സ്വൎഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു.

൩൯ എന്നാറെ പുരുഷാരത്തിൽനിന്നു പരീശന്മാരിൽ ചിലർ അവനോടു: ഗുരോ, നിന്റെ ശിഷ്യന്മാരെ വിലക്കുക എന്നു പറഞ്ഞു.

൪൦ അവൻ ഉത്തരം പറഞ്ഞതു: ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആൎത്തു വിളിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൪൧ ¶ പിന്നെ അവൻ സമീപിച്ചപ്പോൾ നഗരത്തെ കണ്ടു അതിനെ കുറിച്ചു കരഞ്ഞു പറഞ്ഞു.

൪൨ ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളവ നീ താൻ അറിഞ്ഞിരുന്നെങ്കിൽ—ഇപ്പോഴോ അവ നിന്റെ കണ്ണുകൾക്കു മറഞ്ഞിരിക്കുന്നു.

൪൩ എന്തുകൊണ്ടെന്നാൽ നിന്റെ സന്ദൎശനകാലം നീ അറിയാഞ്ഞതുകൊണ്ടു നിന്റെ ശത്രുക്കൾ നിനക്കു ചുററും വാട കോരി നിന്നെ വളഞ്ഞു എല്ലാ ഭാഗത്തും ഞെരുക്കിക്കൊണ്ടു

൪൪ നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലമ്പരിചാക്കിക്കളഞ്ഞു, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാത്ത നാളുകൾ നിനക്കു വരും.

൪൫ ¶ പിന്നെ അവൻ ദൈവാലയത്തിൽ പ്രവേശിച്ചു വില്ക്കുന്നവരെ പുറത്താക്കി തുടങ്ങി.

൪൬ എന്റെ ഭവനം പ്രാൎത്ഥനാലയം ആകും എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ ആക്കിതീൎത്തു എന്നു അവരോടു പറഞ്ഞു.

൪൭ ¶ അവൻ ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു; എന്നാൽ മഹാപുരോഹിതന്മാരും ശാസ്ത്രികളും ജനത്തിലേ പ്രധാനികളും അവനെ നശിപ്പിപ്പാൻ അന്വേഷിച്ചു.

൪൮ എന്നാൽ ജനം എല്ലാം അവനെ കേട്ടു രഞ്ജിച്ചിരിക്കയാൽ അവർ എന്തു ചെയ്യേണ്ടു എന്നു കണ്ടതുമില്ല.

൨൦ാം അദ്ധ്യായം.

ആ ദിവസങ്ങളിൽ ഒന്നിൽ അവൻ ദൈവാലയത്തിൽ ജനത്തിന്നു ഉപദേശിച്ചു സുവിശേഷിക്കുമ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രികളും മൂപ്പന്മാരോടു കൂടെ അടുത്തുനിന്നു.

൨ അവനോടു പറഞ്ഞതു: നീ എന്തു അധികാരംകൊണ്ടു ഇവയെ ചെയ്യുന്നു? അല്ല, ഈ അധികാരം നിനക്കു തന്നതു ആരു? ഞങ്ങളോടു പറക.

൩ അതിന്നു അവൻ ഉത്തരം പറഞ്ഞതു: ഞാനും നിങ്ങളോടു ഒരു വാക്കു ചോദിക്കും; അതു എന്നോടു പറവിൻ.

൪ യോഹന്നാന്റെ സ്നാനം സ്വൎഗ്ഗത്തിൽനിന്നോ മനുഷ്യരിൽനിന്നോ ഉണ്ടായതു?

൫ എന്നാറെ അവർ തങ്ങളിൽ നിരൂപിച്ചു: സ്വൎഗ്ഗത്തിൽനിന്നു എന്നു പറഞ്ഞാൽ പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞതു എന്തു എന്നു അവൻ പറയും.

൬ മനുഷ്യരിൽനിന്നു എന്നു പറഞ്ഞാലോ ജനം ഒക്കെയും യോഹന്നാൻ ഒരു പ്രവാചകൻ എന്നു ഉറച്ചിരിക്കകൊണ്ടു നമ്മെ കല്ലെറിയും എന്നു പറഞ്ഞിട്ടു:

൭ എവിടെ നിന്നോ? ഞങ്ങൾ അറിയുന്നില്ല എന്നു അവർ ഉത്തരം പറഞ്ഞു.

൮ യേശു അവരോടു പറഞ്ഞു: ഞാൻ ഇവ ചെയ്യുന്നതു ഇന്ന അധികാരംകൊണ്ടാകുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയുന്നില്ല.

൯ ¶ അനന്തരം അവൻ ജനത്തോടു ഈ ഉപമ പറഞ്ഞു തുടങ്ങി: ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി കുടിയാന്മാരെ പാട്ടത്തിന്നു ഏല്പിച്ചിട്ടു ഏറിയ കാലം പരദേശത്തു പോയിപാൎത്തു.

൧൦ സമയമായപ്പോൾ കുടിയാന്മാർ തോട്ടത്തിന്റെ അനുഭവത്തിൽനിന്നു കൊടുക്കേണ്ടതിന്നു അവരുടെ അടുക്കൽ ഒരു ദാസനെ അയച്ചു; അവനെ കുടിയാന്മാർ തല്ലി വെറുതെ അയച്ചുകളഞ്ഞു.

൧൧ അവൻ മറ്റൊരു ദാസനെ പറഞ്ഞയച്ചു; അവനെയും അവർ തല്ലി അപമാനിച്ചു വെറുതേ അയച്ചുകളഞ്ഞു.

൧൨ വീണ്ടും അവൻ മൂന്നാമതു ഒരുത്തനെ പറഞ്ഞയച്ചു; അവർ അവനെയും മുറിവേല്പിച്ചു പുറത്താക്കിക്കളഞ്ഞു.

൧൩ എന്നാൽ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ പറഞ്ഞു: ഞാൻ എന്തു ചെയ്യേണ്ടു? എന്റെ പ്രിയപുത്രനെ അയക്കും; പക്ഷേ അവർ അവനെ ശങ്കിക്കും.

൧൪ എന്നാറെ കുടിയാന്മാർ അവനെ കണ്ടിട്ടു: ഇവൻ അവകാശി ആകുന്നു; അവകാശം നമ്മുടേതാകേണ്ടതിന്നു നാം അവനെ കൊന്നുകളക എന്നു തങ്ങളിൽ നിരൂപിച്ചു പറഞ്ഞു.

൧൫ അവർ അവനെ തോട്ടത്തിൽനിന്നു പുറത്താക്കി കൊന്നുകളഞ്ഞു; എന്നാൽ തോട്ടത്തിന്റെ ഉടമസ്ഥൻ അവരോടു എന്തു ചെയ്യും?

൧൬ അവൻ വന്നു ആ കുടിയാന്മാരെ നിഗ്രഹിച്ചു തോട്ടം അന്യന്മാൎക്ക ഏല്പിച്ചുകൊടുക്കും. ആയതു അവർ കേട്ടാറെ: അങ്ങിനെ വരരുതേ എന്നു പറഞ്ഞു.

൧൭ എന്നാറെ അവൻ അവരെ നോക്കി പറഞ്ഞതു: എന്നാൽ വീടു പണിയുന്നവർ ആകാ എന്നു തള്ളിയോരു കല്ലു തന്നേ കോണിൻ തലയായി വന്നു എന്നു എഴുതിയിരിക്കുന്നതു എന്തു?

൧൮ ആ കല്ലിന്മേൽ വീഴുന്നവൻ എല്ലാം നുറുങ്ങിപ്പോകും; അതു ആരുടെമേൽ വീഴുന്നുവോ അവനെ ധൂളിപ്പിക്കയും ചെയ്യും.

൧൯ ¶ ഈ ഉപമ തങ്ങളെ കുറിച്ചു പറഞ്ഞപ്രകാരം ശാസ്ത്രികളും മഹാപുരോഹിതന്മാരും ഗ്രഹിച്ചിട്ടു ആ നാഴികയിൽ തന്നേ അവന്മേൽ കൈകളെ വെപ്പാൻ അന്വേഷിച്ചു; എന്നാൽ അവർ ജനത്തെ ഭയപ്പെട്ടു.

൨൦ പിന്നെ അവർ അവനെ ഒറ്റുനോക്കിക്കൊണ്ടു നാടുവാഴിയുടെ അധീനതയിലും അധികാരത്തിലും ഏല്പിപ്പാന്തക്കവണ്ണം അവനെ വാക്കിൽ പിടികൂടേണ്ടതിന്നു, നീതിമാന്മാർ എന്നു നടിക്കുന്ന ഒറ്റുകാരെ അയച്ചു.

൨൧ അവർ: ഗുരോ, നീ നേരായി പറഞ്ഞു പഠിപ്പിക്കയും മുഖപക്ഷം നോക്കാതെ ദൈവത്തിന്റെ വഴി യഥാൎത്ഥമായി പഠിപ്പിക്കയും ചെയ്യുന്നു എന്നു ഞങ്ങൾ അറിയുന്നു.

൨൨ നാം കൈസൎക്ക കപ്പം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു അവനോടു ചോദിച്ചു.

൨൩ അവരുടെ കൌശലം അവൻ ഗ്രഹിച്ചിട്ടു അവരോടു പറഞ്ഞു:

൨൪ എനിക്കു ഒരു പണം കാണിപ്പിൻ; അതിന്നുള്ള സ്വരൂപവും മേലെഴുത്തും ആരുടേതു? കൈസരുടേതു എന്നു അവർ പറഞ്ഞു.

൨൫ ആകയാൽ കൈസൎക്കുള്ളവ കൈസൎക്കും, ദൈവത്തിന്നുള്ളവ ദൈവത്തിന്നും കൊടുപ്പിൻ എന്നു അവൻ അവരോടു പറഞ്ഞു.

൨൬ അവർ ജനത്തിന്റെ മുമ്പിൽ വെച്ചു അവനെ വാക്കിൽ പിടിപ്പാൻ കഴിയാതെ അവന്റെ ഉത്തരത്തിൽ ആശ്ചൎയ്യപ്പെട്ടു മിണ്ടാതിരുന്നു.

൨൭ ¶ പുനരുത്ഥാനം ഇല്ല എന്നു പറയുന്ന സദ്ദൂക്യരിൽ ചിലർ അടുക്കേ വന്നു അവനോടു ചോദിച്ചതു:

൨൮ ഗുരോ, ഒരുത്തന്റെ സഹോദരൻ ഭാൎയ്യ ഇരിക്കേ മക്കളില്ലാതെ മരിച്ചു എങ്കിൽ അവന്റെ സഹോദരൻ ആ ഭാൎയ്യയെ പരിഗ്രഹിച്ചു തന്റെ സഹോദരന്നു സന്തതി ജനിപ്പിക്കേണം എന്നു മോശെ നമുക്കു എഴുതിയല്ലോ.

൨൯ എന്നാൽ ഏഴു സഹോദരന്മാർ

ഉണ്ടായിരുന്നു; അവരിൽ ഒന്നാമത്തവ
ൻ ഒരു സ്ത്രീയെ പരിഗ്രഹിച്ചു മക്കളില്ലാ
തെ മരിച്ചു.
൩൦ രണ്ടാമത്തവനും മൂന്നാമത്തവ
നും അവളെ പരിഗ്രഹിച്ചു.
൩൧ അവ്വണ്ണം ഏഴു പേരും ചെയ്തു
മക്കളില്ലാതെ മരിച്ചുപോയി.
൩൨ ഒടുവിൽ സ്ത്രീയും മരിച്ചു.
൩൩ എന്നാൽ പുനരുത്ഥാനത്തിൽ
അവൾ അവരിൽ ഏവന്നു ഭാൎയ്യ ആകും?
അവൾ എഴവൎക്കും ഭാൎയ്യയായിരുന്നുവ
ല്ലോ.
൩൪ അതിന്നു യേശു ഉത്തരം പറ
ഞ്ഞതു: ഈ ലോകത്തിന്റെ മക്കൾ വിവാ
ഹം കഴിക്കയും കഴിക്കപ്പെടുകയും ചെ
യ്യുന്നു.
൩൫ എങ്കിലും ആ ലോകത്തിന്നും മ
രിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തിന്നു
യോഗ്യരായി എണ്ണപ്പെടുന്നവർ വിവാ
ഹം കഴിക്കയും ഇല്ല കഴിക്കപ്പെടുകയും
ഇല്ല അവൎക്കു ഇനി മരിപ്പാനും കഴികയി
ല്ല.
൩൬ എന്തുകൊണ്ടെന്നാൽ അവർ പു
നരുത്ഥാനത്തിന്റെ പുത്രന്മാരാകയാൽ ദൂ
തതുല്യരും ദൈവപുത്രന്മാരും ആകുന്നു.
൩൭ മരിച്ചവർ ഉയിൎത്തെഴുനീല്ക്കുന്നു
എന്നതോ മോശെയും മുൾപടപ്പുഭാഗത്തി
ൽ കൎത്താവിനെ അബ്രഹാമിന്റെ ദൈ
വവും ഇസ്സാക്കിന്റെ ദൈവവും യാക്കോ
ബിന്റെ ദൈവവും എന്നു പറയുന്നതി
നാൽ സൂചിപ്പിച്ചു.
൩൮ എന്നാൽ ദൈവം മരിച്ചവരു
ടെ അല്ല, ജീവനുള്ളവരുടെ അത്രേ ആ
കുന്നതു; എന്തുകൊണ്ടെന്നാൽ എല്ലാവ
രും അവന്നു ജീവിക്കുന്നു.
൩൯ എന്നാറെ ശാസ്ത്രികളിൽ ചില
ർ ഉത്തരമായി: ഗുരോ, നീ പറഞ്ഞതു ശ
രി എന്നു പറഞ്ഞു.
൪൦ പിന്നത്തേതിൽ അവർ അവ
നോടു ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമി
ല്ല.
൪൧ ¶ എന്നാൽ അവൻ അവരോടു
പറഞ്ഞു: ക്രിസ്തു ദാവീദിന്റെ പുത്രൻ ആ
കുന്നു എന്നു പറയുന്നതു എങ്ങനെ?
൪൨ കൎത്താവു എന്റെ കൎത്താവിനോ
ടു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
പാദപീഠമാക്കുവോളത്തിന്നു എന്റെ വ
ലഭാഗത്തിരിക്ക
൪൩ എന്നു അരുളിച്ചെയ്തു പ്രകാരം,
സങ്കീൎത്തനപുസ്തകത്തിൽ ദാവീദ് തന്നേ
പറയുന്നുവല്ലോ.
൪൪ ആകയാൽ ദാവീദ് അവനെ ക
ൎത്താവു എന്നു വിളിക്കുന്നു; പിന്നെ അവ
ന്റെ പുത്രൻ ആകുന്നതു എങ്ങനെ?
൪൫ ¶ എന്നാൽ ജനം ഒക്കെയും കേ
ൾക്കേ അവൻ തന്റെ ശിഷ്യന്മാരോടു പ
റഞ്ഞു:
൪൬ നിലയങ്കികളോടെ നടപ്പാൻ ഇ
ച്ഛിക്കയും അങ്ങാടികളിൽ വന്ദനങ്ങളെ
യും പള്ളികളിൽ മുഖ്യാസനങ്ങളെയും അ
ത്താഴങ്ങളിൽ പ്രധാനസ്ഥലങ്ങളെയും
പ്രിയപ്പെടുകയും ചെയ്യുന്ന ശാസ്ത്രികളിൽ
നിന്നു സൂക്ഷിച്ചുകൊൾവിൻ.
൪൭ അവർ വിധവമാരുടെ വീടുക
ളെ വിഴുങ്ങുകയും ഉപായത്താൽ ദീൎഘമാ
യി പ്രാൎത്ഥിക്കയും ചെയ്യുന്നു; അവൎക്കു ഏ
റ്റം വലിയ ശിക്ഷാവിധി വരും.

൨൧ാം അദ്ധ്യായം:

എന്നാറെ അവൻ മേല്പോട്ടു നോക്കി,
ധനവാന്മാർ തങ്ങളുടെ വഴിപാടുകളെ
ഭണ്ഡാരത്തിൽ ഇടുന്നതു കണ്ടു.
൨ ദരിദ്രയായ ഒരു വിധവ അതിൽ
രണ്ടു കാശു ഇടുന്നതും കണ്ടു.
൩ പിന്നെ അവൻ പറഞ്ഞു: ഈ ദ
രിദ്രയായ വിധവ എല്ലാവരെക്കാളും അ
ധികം ഇട്ടു എന്നു ഞാൻ സത്യമായി നി
ങ്ങളോടു പറയുന്നു.
൪ എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ
നിന്നല്ലോ വഴിപാടുകളിൽ ഇട്ടിരിക്കു
ന്നു; ഇവളോ തന്റെ ഇല്ലായ്മയിൽനിന്നു
തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടു.
൫ ¶ ചിലർ ദൈവാലയത്തെ കുറി
ച്ചു അതു മനോഹര കല്ലുകളാലും നേൎച്ച
ദാനങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു
എന്നു പറഞ്ഞപ്പോൾ:
൬ ഈ കാണുന്നവയിൽ ഇടിക്കപ്പെടാ
ത്തതായി കല്ലു കല്ലിന്മേൽ ശേഷിക്കാത്ത

ദിവസങ്ങൾ വരും എന്നു അവൻ പറ
ഞ്ഞു.
൭ എന്നാറെ: ഗുരോ, ഇവ എപ്പോൾ
ഉണ്ടാകും എന്നും ഇവ സംഭവിപ്പാറാകു
മ്പോഴുള്ള ലക്ഷണം എന്തു എന്നും അവർ
അവനോടു ചോദിച്ചു.
൮ അതിന്നു അവൻ പറഞ്ഞു: നിങ്ങളെ
തെററിക്കാതിരിപ്പാൻ നോക്കുവിൻ; എ
ന്തുകൊണ്ടെന്നാൽ ഞാൻ ആകുന്നു എന്നും
സമയം അടുത്തിരിക്കുന്നു എന്നും പറ
ഞ്ഞു അനേകർ എന്റെ നാമത്തിൽ വ
രും; അവരുടെ പിന്നാലെ പോകരുതു.
൯ നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങ
ളെയും കുറിച്ചു കേൾക്കുമ്പോൾ ഞെട്ടി
പ്പോകരുതു; അവ മുമ്പേ ഉണ്ടാകേണ്ടുന്ന
വ തന്നേ; അവസാനം ഉടനെ അല്ല
താനും.
൰ ¶ പിന്നെ അവൻ അവരോടു
പറഞ്ഞു: ജാതി ജാതിക്കും, രാജ്യം രാജ്യ
ത്തിന്നും എതിരേ എഴുനീല്ക്കും.
൰൧ വലിയ ഭൂകമ്പങ്ങളും ക്ഷാമങ്ങളും
മഹാവ്യാധികളും അവിടവിടെ ഉണ്ടാ
കും; ഭയങ്കരകാഴ്ചകളും ആകാശത്തിൽ
നിന്നു മഹാലക്ഷ്യങ്ങളും ഉണ്ടാകും.
൰൨ ഇവ എല്ലാററിന്നും മുമ്പേ എ
ന്റെ നാമം നിമിത്തം അവർ നിങ്ങളു
ടെമേൽ കൈകളെ വെച്ചു, പള്ളികളി
ലും തടവുകളിലും ഏല്പിച്ചു, രാജാക്കന്മാരു
ടെയും നാടുവാഴികളുടെയും മുമ്പിൽ കൊ
ണ്ടുപോയി പീഡിപ്പിക്കും.
൰൩ എന്നാൽ അതു നിങ്ങൾക്കു സാ
ക്ഷ്യത്തിന്നു സംഗതി ആകും.
൰൪ ആകയാൽ പ്രതിവാദിപ്പാൻ മുമ്പു
കൂട്ടി ധ്യാനിക്കാതിരിക്കേണ്ടതിന്നു നിങ്ങ
ളുടെ ഹൃദയങ്ങളിൽ ഉറപ്പിച്ചുകൊൾവി
ൻ.
൰൫ എന്തുകൊണ്ടെന്നാൽ നിങ്ങളുടെ
എതിരികൾക്കു ആൎക്കും ചെറുപ്പാനോ എ
തിർ പറവാനോ കഴിയാത്ത വായും
ജ്ഞാനവും ഞാൻ നിങ്ങൾക്കു തരും.
൰൬ എന്നാൽ മാതാപിതാക്കന്മാരും
സഹോദരന്മാരും ചാൎച്ചക്കാരും ചങ്ങാതി
കളും നിങ്ങളെ ഏല്പിച്ചുകൊടുക്കയും നി
ങ്ങളിൽ ചിലരെ കൊല്ലിക്കയും ചെയ്യും.
൰൭ എന്റെ നാമം നിമിത്തം നിങ്ങ
ൾ എല്ലാവരാലും പകെക്കപ്പെട്ടവർ ആ
കും.
൰൮ നിങ്ങളുടെ തലയിൽനിന്നു ഒരു
രോമം പോലും നശിച്ചുപോകയില്ല താ
നും.
൰൯ നിങ്ങളുടെ ക്ഷമകൊണ്ടു നിങ്ങ
ളുടെ പ്രാണങ്ങളെ നേടുകയും ചെയ്യും.
൨൰ ¶ എന്നാൽ യരുശലേം പടക
ളാൽ വളയപ്പെട്ടിരിക്കുന്നതു കാണുമ്പോ
ൾ അതിനെ പാഴാക്കുന്നതു അടുത്തിരി
ക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.
൨൰൧ അന്നു യഹൂദിയയിലുള്ളവർ മല
കളിലേക്കു ഓടിപ്പോകട്ടെ: അതിന്റെ
നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ? നാ
ട്ടുപുറങ്ങളിലുള്ളവർ അതിൽ കടക്കരുതു.
൨൰൨ എന്തുകൊണ്ടെന്നാൽ എഴുതിയി
രിക്കുന്നതു എല്ലാം നിവൃത്തിയാകേണ്ടതി
ന്നു ആ നാളുകൾ പ്രതിക്രിയാദിവസങ്ങ
ൾ ആകുന്നു.
൨൰൩ ആ നാളുകളിൽ ഗൎഭിണികൾ
ക്കും മുല കുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം!
എന്തുകൊണ്ടെന്നാൽ ദേശത്തിൽ വലിയ
ഞെരുക്കവും ഈ ജനത്തിന്മേൽ ക്രോധ
വും ഉണ്ടാകും.
൨൰൪ അവർ വാളിന്റെ വായാൽ വീ
ഴുകയും എല്ലാജാതികളിലേക്കും ബദ്ധരാ
യി കൊണ്ടുപോകപ്പെടുകയും ജാതികളു
ടെ സമയങ്ങൾ തികയുവോളം യരുശ
ലേം ജാതികളാൽ ചവിട്ടപ്പെടുകയും
ചെയ്യും.
൨൰൫ അനന്തരം സൂൎയ്യനിലും ചന്ദ്രനി
ലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങളും ഉണ്ടാ
കും; കടലും ഓളവും മുഴങ്ങിയിരിക്കകൊ
ണ്ടു ഭൂമിയിലേ ജാതികൾക്കു നിരാശയോ
ടെ പരിഭ്രമവും ഉണ്ടാകും.
൨൰൬ മനുഷ്യർ ഭൂലോകത്തിന്മേൽ ത
ട്ടുവാൻ പോകുന്നവയെ ഭയപ്പെട്ടും നോ
ക്കിപ്പാൎത്തുംകൊണ്ടു നിൎജ്ജീവന്മാർ ആക
യും ചെയ്യും; എന്തുകൊണ്ടെന്നാൽ ആകാ
ശത്തിന്റെ ശക്തികൾ ഇളകിപ്പോകും.
൨൰൭ അപ്പോൾ മനുഷ്യപുത്രൻ ശക്തി
യോടും വലിയ തേജസ്സോടും കൂടെ മേഘ
ത്തിൽ വരുന്നതു അവർ കാണും.

൨൮ ഇവ സംഭവിച്ചു തുടങ്ങുമ്പോൾ നിവിൎന്നു നിങ്ങളുടെ തലകളെ ഉയൎത്തുവിൻ; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ വീണ്ടെടുപ്പു സമീപിക്കുന്നു.

൨൯ ¶ ഒരുപമയും അവരോടു പറഞ്ഞു: അത്തി മുതലായ എല്ലാ വൃക്ഷങ്ങളെയും നോക്കുവിൻ.

൩൦ അവ തളിൎത്തു കഴിയുമ്പോൾ നിങ്ങൾ കണ്ടിട്ടു വേനൽ അടുത്തു കഴിഞ്ഞു എന്നു സ്വതേ അറിയുന്നുവല്ലോ.

൩൧ അപ്രകാരം തന്നേ ഇവ ഉണ്ടാകുന്നതു നിങ്ങൾ കാണുമ്പോൾ ദൈവരാജ്യം സമീപം ആകുന്നു എന്നു ഗ്രഹിപ്പിൻ.

൩൨ സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: സകലവും ഉണ്ടാകുവോളത്തിന്നു ഈ തലമുറ ഒഴിഞ്ഞുപോകയില്ല.

൩൩ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എങ്കിലും എന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ല.

൩൪ ¶ എന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ടു ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

൩൫ എന്തുകൊണ്ടെന്നാൽ സൎവ്വഭൂമിയുടെയും മുഖത്തിന്മേൽ ഇരിക്കുന്നവൎക്കു എല്ലാവൎക്കും അതു വരും.

൩൬ ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാററിൽനിന്നും നിങ്ങൾ ഒഴിഞ്ഞുപോകുവാനും, മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും പ്രാപ്തരാകേണ്ടതിന്നു എല്ലാസമയത്തിലും ഉണൎന്നും പ്രാൎത്ഥിച്ചുംകൊണ്ടിരിപ്പിൻ.

൩൭ ¶ എന്നാൽ പകൽതോറും അവൻ ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു; രാത്രികളിൽ ഒലിവു് എന്നു പേരുള്ള മലയിൽ പോയി പാൎക്കും.

൩൮ ജനം എല്ലാം അവന്റെ വചനം കേൾക്കേണ്ടതിന്നു അതികാലത്തു ദൈവാലയത്തിൽ അവന്റെ അടുക്കൽ ചെല്ലുകയും ചെയ്യും.

൨൨ാം അദ്ധ്യായം.

പെസഹ എന്നു പേരുള്ള പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുനാൾ അടുത്തു.

൨ അപ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രികളും അവനെ ഒടുക്കുവാൻ എന്തു വഴിയുള്ളു എന്നു അന്വേഷിച്ചു; എന്തുകൊണ്ടെന്നാൽ അവർ ജനത്തെ ഭയപ്പെട്ടു.

൩ ¶ എന്നാൽ പന്തിരുവരുടെ എണ്ണത്തിൽ ഉള്ളവനായ ഇസ്കൎയ്യോത്തു് എന്ന യൂദാവിൽ സാത്താൻ പ്രവേശിച്ചിട്ടു,

൪ അവൻ പോയി മഹാപുരോഹിതന്മാരോടും പടനായകന്മാരോടും അവനെ ഇന്നപ്രകാരം അവൎക്കു കാണിച്ചുകൊടുക്കാം എന്നതിനെ കുറിച്ചു സംസാരിച്ചു.

൫ അവർ സന്തോഷിച്ചു, അവന്നു ദ്രവ്യം കൊടുക്കാം എന്നു പറഞ്ഞൊത്തു.

൬ അവൻ വാക്കു കൊടുത്തു, പുരുഷാരം ഇല്ലാത്ത സമയത്തു അവനെ കാണിച്ചുകൊടുപ്പാൻ തക്കം അന്വേഷിക്കയും ചെയ്തു.

൭ ¶ പെസഹ അറുക്കേണ്ടുന്ന പുളിപ്പില്ലാത്തതിന്റെ നാൾ ആയപ്പോൾ

൮ അവൻ പത്രൊസിനെയും യോഹന്നാനെയും അയച്ചു: നിങ്ങൾ പോയി നമുക്കു പെസഹ ഭക്ഷിപ്പാൻ ഒരുക്കുവിൻ എന്നു പറഞ്ഞു.

൯ ഞങ്ങൾ എവിടെ ഒരുക്കേണം എന്നു അവർ ചോദിച്ചാറെ:

൧൦ നിങ്ങൾ പട്ടണത്തിൽ ചെല്ലുമ്പോൾ ഇതാ, ഒരു കുടം വെള്ളം ചുമന്നുകൊണ്ടു ഒരു മനുഷ്യൻ നിങ്ങൾക്കു എതിർപെടും; അവൻ കടക്കുന്ന വീട്ടിലേക്കു പിൻചെന്നു

൧൧ ആ വീട്ടുടയവനോടു: ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ ഭക്ഷിപ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നോടു ചോദിക്കുന്നു എന്നു പറവിൻ.

൧൨ എന്നാൽ അവൻ വിരിച്ചൊരുക്കിയ ഒരു വന്മാളിക നിങ്ങൾക്കു കാണിക്കും; അവിടെ ഒരുക്കുവിൻ എന്നു അവരോടു പറഞ്ഞു.

൧൩ അവർ പോയി തങ്ങളോട പറഞ്ഞപ്രകാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു.

൧൪ ¶ നാഴിക ആയപ്പോൾ അവനും അപ്പൊസ്തലന്മാരും കൂടെ ഭക്ഷണത്തിന്ന ഇരുന്നു.

൧൫ അവൻ അവരോട പറഞ്ഞു: ഞാൻ കഷ്ടപ്പെടും മുമ്പേ ഈ പെസഹ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു.

൧൬ എന്തുകൊണ്ടെന്നാൽ അതു ദൈവരാജ്യത്തിൽ പൂൎണ്ണമാകുവോളം ഞാൻ ഇനി അതിൽനിന്ന ഭക്ഷിക്കയില്ല എന്ന നിങ്ങളോട പറയുന്നു.

൧൭ പിന്നെ പാനപാത്രം എടുത്തു വാഴ്ത്തി പറഞ്ഞു: ഇതു വാങ്ങി നിങ്ങളിൽ തന്നേ പങ്കിട്ടുകൊൾവിൻ.

൧൮ എന്തുകൊണ്ടെന്നാൽ ദൈവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയുടെ അനുഭവത്തിൽനിന്ന ഇന്നുമുതൽ കുടിക്കയില്ല എന്ന ഞാൻ നിങ്ങളോട പറയുന്നു.

൧൯ പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി, അവൎക്ക കൊടുത്തു പറഞ്ഞു: ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരം ആകുന്നു; എന്റെ ഓൎമ്മെക്കായി ഇതിനെ ചെയ്വിൻ.

൨൦ അപ്രകാരം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു പറഞ്ഞു: ഈ പാനപാത്രം നിങ്ങൾക്ക വേണ്ടി ചൊരിയപ്പെടുന്ന എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു.

൨൧ എങ്കിലോ ഇതാ, എന്നെ കാണിച്ചുകൊടുക്കുന്നവന്റെ കൈ എന്നോടുകൂടെ മേശയിൽ ഉണ്ടു.

൨൨ നിൎണ്ണയിക്കപ്പെട്ടപ്രകാരം തന്നേ മനുഷ്യപുത്രൻ പോകുന്നു സത്യം; എങ്കിലും അവനെ കാണിച്ചുകൊടുക്കുന്ന മനുഷ്യന്നു ഹാ കഷ്ടം!

൨൩ എന്നാറെ ഇതു ചെയ്വാനുള്ളവൻ തങ്ങളിൽ ആർ ആയിരിക്കും എന്ന അവർ തമ്മിൽ തമ്മിൽ അന്വേഷിച്ചു തുടങ്ങി.

൨൪ ¶ തങ്ങളിൽ വലിയവനായി വിചാരിക്കപ്പെടുന്നവൻ ആരു? എന്നതിനെ ചൊല്ലി ഒരു തൎക്കവും അവരിൽ ഉണ്ടായി.

൨൫ അവൻ അവരോട പറഞ്ഞു: ജാതികളുടെ രാജാക്കന്മാർ അവരിൽ കൎത്തൃത്വം നടത്തുന്നു; അവരുടെമേൽ അധികാരം നടത്തുന്നവർ ഉപകാരികൾ എന്ന വിളിക്കപ്പെടുന്നു.

൨൬ നിങ്ങളോ അപ്രകാരമല്ല; നിങ്ങളിൽ വലിയവൻ ഇളയവനെ പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെ പോലെയും ആകട്ടെ.

൨൭ എന്തുകൊണ്ടെന്നാൽ ആരു വലിയവൻ? ഭക്ഷണത്തിന്നിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിന്നിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപോലെ ആകുന്നു.

൨൮ എങ്കിലും എന്റെ പരീക്ഷകളിൽ എന്നോടുകൂടെ പാൎത്തിട്ടുള്ളവർ നിങ്ങൾ ആകുന്നു.

൨൯ എന്റെ പിതാവു എനിക്ക രാജ്യം നിയമിച്ചതുപോലെ ഞാൻ നിങ്ങൾക്കും നിയമിക്കുന്നു.

൩൦ നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽ ഭക്ഷിച്ചു കുടിക്കയും ഇസ്രയേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിക്കുന്നവരായി സിംഹാസനങ്ങളിൽ ഇരിക്കയും ചെയ്യേണ്ടതിന്ന തന്നേ.

൩൧ ശിമോനേ, ശിമോനേ, ഇതാ, നിങ്ങളെ കോതമ്പിനെ പോലെ പാറേറണ്ടതിന്ന സാത്താൻ ചോദിച്ചു.

൩൨ ഞാനോ നിന്റെ വിശ്വാസം പൊയ്പോകായ്വാൻ നിനക്ക വേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക.

൩൩ അവൻ അവനോട: കൎത്താവേ, നിന്നോടുകൂടെ തടവിലേക്കും മരണത്തിലേക്കും പോരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്ന പറഞ്ഞു.

൩൪ അപ്പോൾ അവൻ പറഞ്ഞു: പത്രൊസേ, നീ എന്നെ അറിയുന്നില്ല എന്ന മൂന്നുവട്ടം തള്ളിപ്പറയും മുമ്പേ പൂവ

ക്കോഴി ഇന്നു ക്രൂവുകയില്ല എന്നു ഞാൻ
നിന്നോടു പറയുന്നു.
൩൫ ¶ പിന്നെ അവരോടു പറഞ്ഞു:
ഞാൻ നിങ്ങളെ മടിശ്ശീലയും പൊക്കണ
വും ചെരിപ്പും കൂടാതെ അയച്ചപ്പോൾ വ
ല്ല കുറവുമുണ്ടായോ? എന്നതിന്നു: ഒന്നു
മുണ്ടായില്ല എന്നു അവർ പറഞ്ഞു.
൩൬ എന്നാൽ അവൻ അവരോടു
പറഞ്ഞു: എങ്കിലോ ഇപ്പോൾ മടിശ്ശീലയു
ള്ളവൻ അതു എടുക്കട്ടെ, അവ്വണ്ണം ത
ന്നേ പൊക്കണവും; ഇല്ലാത്തവൻ ത
ന്റെ വസ്ത്രം വിററു വാൾ കൊള്ളുകയും
ചെയ്യട്ടെ.
൩൭ എന്തുകൊണ്ടെന്നാൽ: അവൻ
അധൎമ്മികളോടുകൂടെ എണ്ണപ്പെട്ടു എന്നു
എഴുതിയിരിക്കുന്നതിന്നു ഇനി എന്നിൽ
നിവൃത്തി വരേണം എന്നു ഞാൻ നിങ്ങ
ളോടു പറയുന്നു; എന്നെ കുറിച്ചുള്ളതി
ന്നു അവസാനം ആയിരിക്കുന്നുവല്ലോ.
൩൮ എന്നാൽ അവർ: കൎത്താവേ,
ഇവിടെ ഇതാ രണ്ടു വാൾ എന്നു പറഞ്ഞു.
മതി എന്നു അവൻ അവരോടു പറക
യും ചെയ്തു.
൩൯ ¶ പിന്നെ അവൻ പതിവിൻ
പ്രകാരം ഒലീവ്മലെക്കു പുറപ്പെട്ടുപോ
യി; ശിഷ്യന്മാരും അവനെ അനുഗമിച്ചു.
൪൦ ആ സ്ഥലത്തു എത്തിയപ്പോൾ അ
വൻ അവരോടു: നിങ്ങൾ പരീക്ഷയിൽ
കടക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ എന്നു പ
റഞ്ഞു.
൪൧ താൻ അവരെ ഒരു കല്ലേറുദൂര
ത്തോളം വിട്ടു വാങ്ങി മുട്ടുകുത്തി:
൪൨ പിതാവേ, നിനക്കു മനസ്സുണ്ടെ
ങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു
നീക്കേണമേ; എന്നാലും എന്റെ ഇഷ്ടമ
ല്ല നിന്റേതത്രേ ആകട്ടെ എന്നു പ്രാ
ൎത്ഥിച്ചു.
൪൩ അപ്പോൾ അവനെ ശക്തിപ്പെടു
ത്തുവാൻ സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതൻ
അവന്നു പ്രത്യക്ഷനായി.
൪൪ പിന്നെ അവൻ പ്രാണവേദന
യിലായി അതിശ്രദ്ധയോടെ പ്രാൎത്ഥിച്ചു;
അവന്റെ വിയൎപ്പു നിലത്തു വീഴുന്ന വ
ലിയ ചോരത്തുള്ളികൾ പോലെ ആയി.
൪൫ പ്രാൎത്ഥനയിൽനിന്നു എഴുനീററു,
അവൻ ശിഷ്യന്മാരുടെ അടുക്കൽ ചെന്നു,
അവരെ വിഷാദത്താൽ ഉറങ്ങുന്നവരാ
യി കണ്ടു,
൪൬ അവരോടു പറഞ്ഞു: നിങ്ങൾ ഉ
റങ്ങുന്നതു എന്തു? പരീക്ഷയിൽ കടക്കാ
തിരിപ്പാൻ എഴുനീററു പ്രാൎത്ഥിപ്പിൻ.
൪൭ ¶ അവൻ സംസാരിക്കുമ്പോൾ
തന്നേ ഇതാ, ഒരു പുരുഷാരം; പന്തിരു
വരിൽ ഒരുവനായ യൂദാ എന്നവനും അ
വൎക്കു മുന്നടന്നു യേശുവിനെ ചുംബിപ്പാ
ൻ അടുത്തുവന്നു.
൪൮ യേശു അവനോടു: യൂദാവേ, മ
നുഷ്യപുത്രനെ ചുംബനംകൊണ്ടോ കാ
ണിച്ചുകൊടുക്കുന്നതു എന്നു പറഞ്ഞു.
൪൯ എന്നാൽ ഉണ്ടാകുവാൻ പോകു
ന്നതു അവന്റെ കൂടെയുള്ളവർ കണ്ടു:
കൎത്താവേ, ഞങ്ങൾ വാളുകൊണ്ടു വെട്ടു
കയോ എന്നു ചോദിച്ചു.
൫൦ അവരിൽ ഒരുത്തൻ മഹാപുരോ
ഹിതന്റെ ദാസനെ വെട്ടി, അവന്റെ
വലത്തെ കാതു അറുത്തു.
൫൧ അപ്പോൾ യേശു: ഇത്രെക്കു വിടു
വിൻ എന്നു പറഞ്ഞു അവന്റെ ചെവി
യെ തൊട്ടു അതിനെ സൌഖ്യമാക്കി.
൫൨ തന്റെ നേരേ വന്ന മഹാപു
രോഹിതന്മാരോടും ദൈവാലയത്തിലേ
പടനായകന്മാരോടും മൂപ്പന്മാരോടും യേ
ശു പറഞ്ഞു: ഒരു കള്ളന്റെ നേരേ എ
ന്നപോലെ നിങ്ങൾ വാളുകളും വടികളു
മായി പുറപ്പെട്ടു വന്നുവോ?
൫൩ ഞാൻ ദിവസേന ദൈവാലയ
ത്തിൽ നിങ്ങളോടുകൂടെ ഇരുന്നിട്ടും എ
ന്റെ നേരേ കൈകളെ നീട്ടിയില്ല; എ
ങ്കിലും ഇതു നിങ്ങളുടെ നാഴികയും ഇരു
ളിന്റെ അധികാരവും ആകുന്നു.
൫൪ ¶ എന്നാൽ അവർ അവനെ
പിടിച്ചുകൊണ്ടുപോയി മഹാപുരോഹി
തന്റെ വീട്ടിൽ കയററി; പത്രൊസും ദൂ
രത്തു കൂടെ പിൻചെന്നു.
൫൫ അവർ നടുമുററത്തിന്റെ മദ്ധ്യ
ത്തിൽ തീ കത്തിച്ചു ഒന്നിച്ചിരുന്നപ്പോൾ
പത്രൊസും അവരുടെ ഇടയിൽ ഇരുന്നു.

൫൬ അവൻ തീവെട്ടത്തിന്നടുക്കേ ഇരിക്കുന്നതു ഒരു ബാല്യക്കാരത്തി കണ്ടു അവനെ ഉററുനോക്കി: ഇവനും അവനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു.

൫൭ എന്നാൽ അവൻ: സ്ത്രീയേ, ഞാൻ അവനെ അറിയുന്നില്ല എന്നു തള്ളിപ്പറഞ്ഞു.

൫൮ കുറഞ്ഞോന്നു കഴിഞ്ഞിട്ടു മറെറാരുവൻ അവനെ കണ്ടു: നീയും അവരിലുള്ളവൻ തന്നേ എന്നു പറഞ്ഞു; പത്രൊസോ: മനുഷ്യാ, ഞാൻ അല്ല എന്നു പറഞ്ഞു.

൫൯ ഏകദേശം ഒരു മണിനേരം കഴിഞ്ഞാറെ വേറൊരുവൻ: സത്യമായിട്ടു ഇവനും അവനോടുകൂടെ ആയിരുന്നു; ഇവൻ ഗലീലക്കാരനല്ലോ എന്നു നിഷ്കൎഷിച്ചു പറഞ്ഞു.

൬൦ എന്നാൽ: മനുഷ്യാ, നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു പത്രൊസ് പറഞ്ഞു. അവൻ സംസാരിക്കുമ്പോൾ തന്നേ പെട്ടെന്നു പൂവൻകോഴി കൂകി.

൬൧ അപ്പോൾ കൎത്താവു തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി; ഇന്നു കോഴി കൂകും മുമ്പേ നീ എന്നെ മൂന്നുവട്ടം തള്ളിപ്പറയും എന്നു കൎത്താവു തന്നോടു പറഞ്ഞ വാക്കു പത്രൊസ് ഓൎത്തു;

൬൨ പുറത്തിറങ്ങി കൈപ്പോടെ കരകയും ചെയ്തു.

൬൩ ¶ യേശുവിനെ പിടിച്ചിരുന്ന പുരുഷന്മാർ അവനെ തല്ലിക്കൊണ്ടു പരിഹസിച്ചു.

൬൪ പിന്നെ കണ്ണു മൂടികെട്ടി: പ്രവചിക്ക എന്നു പറഞ്ഞുംകൊണ്ടു നിന്നെ അടിച്ചവൻ ആർ എന്നു ചോദിച്ചു.

൬൫ മററു പലതും അവന്റെ നേരെ ദൂഷണം പറഞ്ഞു.

൬൬ ¶ നേരം വെളുത്തപ്പോൾ മഹാപുരോഹിതന്മാർ ശാസ്ത്രികൾ മുതലായ ജനത്തിന്റെ മൂപ്പന്മാർ വന്നുകൂടി അവനെ തങ്ങളുടെ ന്യായാധിപസംഘത്തിൽ വരുത്തി: നീ ക്രിസ്തു ആകുന്നു എങ്കിൽ ഞങ്ങളോടു പറക എന്നു പറഞ്ഞു.

൬൭ എന്നാൽ അവൻ അവരോടു: ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല;

൬൮ ഞാൻ ചോദിച്ചാൽ ഉത്തരം പറകയുമില്ല.

൬൯ എങ്കിലോ ഇതുമുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലഭാഗത്തു ഇരിക്കുന്നവൻ ആകും എന്നു പറഞ്ഞു.

൭൦ ആകയാൽ നീ ദൈവപുത്രനോ എന്നു എല്ലാവരും ചോദിച്ചു. നിങ്ങൾ പറയുംപ്രകാരം ഞാൻ ആകുന്നു എന്നു അവൻ പറഞ്ഞു.

൭൧ അപ്പോൾ അവർ: ഇനി സാക്ഷ്യംകൊണ്ടു നമുക്കു എന്തു ആവശ്യം? നാം തന്നേ അവന്റെ വായിൽനിന്നു കേട്ടുവല്ലോ എന്നു പറഞ്ഞു.

൨൩ാം അദ്ധ്യായം.

അനന്തരം അവർ എല്ലാവരും കൂട്ടമേ എഴുന്നീററു അവനെ പിലാത്തോസിന്റെ അടുക്കൽ കൊണ്ടുപോയി:

൨ ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചുകളകയും താൻ ക്രിസ്തു എന്നൊരു രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ടു കൈസൎക്കു കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്നപ്രകാരം ഞങ്ങൾ കണ്ടു എന്നു കുററം ചുമത്തി തുടങ്ങി.

൩ പിലാത്തോസ് അവനോടു: നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്നു: നീ പറയുന്നുവല്ലോ എന്നു അവനോടു ഉത്തരം പറഞ്ഞു.

൪ പിലാത്തോസ് മഹാപുരോഹിതന്മാരോടും പുരുഷാരങ്ങളോടും: ഞാൻ ഈ മനുഷ്യനിൽ കുററം ഒന്നും കാണുന്നില്ല എന്നു പറഞ്ഞു.

൫ എന്നാറെ: അവൻ ഗലീലയിൽ തുടങ്ങി യഹൂദിയയിൽ എങ്ങും ഇവിടത്തോളവും പഠിപ്പിച്ചുകൊണ്ടു ജനത്തെ ഇളക്കുന്നു എന്നു അവർ നിഷ്കൎഷിച്ചു പറഞ്ഞു.

൬ ഇതു കേട്ടിട്ടു ഈ മനുഷ്യൻ ഗലീലക്കാരനോ എന്നു പിലാത്തോസ് ചോദിച്ചു.

൭ ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞിട്ടു, ആ നാളുകളിൽ യരുശലേമിൽ വന്നു പാൎക്കുന്ന

ഹെരോദാവിന്റെ അടുക്കൽ അവനെ അയച്ചു.

൮ ¶ ഹെരോദാ യേശുവിനെ കണ്ടിട്ടു അത്യന്തം സന്തോഷിച്ചു; എന്തുകൊണ്ടെന്നാൽ അവനെ കുറിച്ചു കേട്ടിരുന്നതുകൊണ്ടു അവനെ കാണ്മാൻ വളരെ കാലമായി ഇച്ഛിച്ചതുമല്ലാതെ അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണാം എന്നു ആശിച്ചുമിരുന്നു.

൯ ഏറിയ വാക്കുകളാൽ ചോദിച്ചാറെയും അവൻ അവനോടു ഒന്നും ഉത്തരം പറഞ്ഞില്ല.

൰ മഹാപുരോഹിതന്മാരും ശാസ്ത്രികളും കടുമയോടെ അവനിൽ കുററം ചുമത്തിക്കൊണ്ടു നിന്നു.

൰൧ എന്നാൽ ഹെരോദാ തന്റെ പടയാളികളുമായി അവനെ പരിഹസിച്ചു, നിസ്സാരനാക്കി, ശുഭ്രവസ്ത്രം ഉടുപ്പിച്ചു, പിലാത്തോസിന്റെ അടുക്കൽ തിരികെ അയച്ചു.

൰൨ അന്നു തന്നേ ഹെരോദാവും പിലാത്തോസും തമ്മിൽ സ്നേഹിതന്മാരായിതീൎന്നു; അതിന്നു മുമ്പിലോ അവർ തമ്മിൽ വൈരത്തോടിരുന്നു.

൰൩ ¶ പിലാത്തോസ് മഹാപുരോഹിതന്മാരെയും പ്രമാണികളെയും ജനത്തെയും വിളിച്ചുകൂട്ടി,

൰൪ അവരോടു: ജനത്തെ മത്സരിപ്പിക്കുന്നവൻ എന്നുവെച്ചു നിങ്ങൾ ഈ മനുഷ്യനെ എന്റെ അടുക്കൽ കൊണ്ടുവന്നു; ഞാനോ, ഇതാ നിങ്ങളുടെ മുമ്പാകേ വിസ്തരിച്ചിട്ടു നിങ്ങൾ ചുമത്തിയ കുററങ്ങൾ ഒന്നും ഇവനിൽ കണ്ടില്ല.

൰൫ ഹെരോദാവും കണ്ടില്ല; അവൻ അവനെ നമ്മുടെ അടുക്കൽ തിരികേ അയച്ചുവല്ലോ; ഇതാ, മരണയോഗ്യമായതു ഒന്നും ഇവൻ പ്രവൃത്തിച്ചുഎന്നു വന്നില്ല;

൰൬ അതുകൊണ്ടു ഞാൻ അവനെ ശിക്ഷിച്ചു വിട്ടയക്കും എന്നു പറഞ്ഞു.

൰൮ എന്നാൽ അവർ: ഇവനെ നീക്കിക്കളക, ഞങ്ങൾക്കു ബറബ്ബാസിനെ വിട്ടുതരിക എന്നു ഒരുമിച്ചു നിലവിളിച്ചു.

൰൯ ആയവൻ നഗരത്തിൽ ഉണ്ടായ ഒരു കലഹവും കുലയും ഹേതുവായിട്ടു തടവിലാക്കപ്പെട്ടവൻ ആയിരുന്നു.

൨൰ പിലാത്തോസ് യേശുവിനെ വിടുവിപ്പാൻ ഇച്ഛിച്ചിട്ടു പിന്നെയും അവരോടു വിളിച്ചു പറഞ്ഞു.

൨൰൧ എന്നാൽ: അവനെ ക്രൂശിക്ക, ക്രൂശിക്ക എന്നു അവർ എതിരേ നിലവിളിച്ചു.

൨൰൨ അവൻ മൂന്നാമതും അവരോടു: അവൻ ചെയ്ത ദോഷം എന്തു? മരണയോഗ്യമായതു ഒന്നും അവനിൽ കണ്ടിട്ടില്ല; അതുകൊണ്ടു ഞാൻ അവനെ ശിക്ഷിച്ചു വിട്ടയക്കും എന്നു പറഞ്ഞു.

൨൰൩ എന്നാൽ അവൻ ക്രൂശിക്കപ്പെടേണ്ടതിന്നു അവർ മഹാശബ്ദത്തോടെ മുട്ടിച്ചു ചോദിച്ചു; അവരുടെ ശബ്ദങ്ങൾ പ്രബലപ്പെട്ടു.

൨൰൪ പിലാത്തോസ് അവരുടെ അപേക്ഷപ്രകാരം ആകട്ടേ എന്നു വിധിച്ചു.

൨൰൫ കലഹവും കുലയും ഹേതുവായി തടവിലാക്കിയവനെ അവരുടെ അപേക്ഷപ്രകാരം വിട്ടുകൊടുക്കയും യേശുവിനെ അവരുടെ ഇഷ്ടത്തിന്നു ഏല്പിക്കയും ചെയ്തു.

൨൰൬ ¶ അവനെ കൊണ്ടു പോകുമ്പോൾ നാട്ടിൽനിന്നു വരുന്ന ശിമോൻ എന്ന ഒരു കുറേനക്കാരനെ അവർ പിടിച്ചു യേശുവിന്റെ പിന്നാലെ ക്രൂശു ചുമപ്പാൻ അതു അവന്റെമേൽ വെച്ചു.

൨൰൭ ¶ ഒരു വലിയ ജനക്കൂട്ടവും അവനെ ചൊല്ലി വിലാപിച്ചു മുറയിടുന്ന വളരെ സ്ത്രീകളും അവന്റെ പിന്നാലേ ചെന്നു.

൨൰൮ യേശു അവരുടെ നേരേ തിരിഞ്ഞു: യരുശലേം പുത്രിമാരേ, എന്നെ ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ.

൨൰൯ എന്തുകൊണ്ടെന്നാൽ മച്ചികളും പെറാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുള്ളവ എന്നു പറയുന്ന നാളുകൾ ഇതാ വരുന്നു.

൩൰ അന്നു മലകളോടു ഞങ്ങളുടെമേൽ വീഴുവിൻ എന്നും കുന്നുകളോടു ഞങ്ങ

ളെ മറെപ്പിൻ എന്നും അവർ പറഞ്ഞു തുടങ്ങും.

൩൧ എന്തുകൊണ്ടെന്നാൽ പച്ചമരത്തിൽ ഈ വക ചെയ്യുാൽ ഉണങ്ങിയതിൽ എന്തു സംഭവിക്കും എന്ന പറഞ്ഞു.

൩൨ ¶ ദുഷ്പ്രവൃത്തിക്കാരായ വെറെ രണ്ടുപേരെയും അവനോടുകൂടെ കൊല്ലേണ്ടതിന്നു കൊണ്ടുപോയി.

൩൩ ¶ അവർ തലയോടിടം എന്നുള്ള സ്ഥലത്തു എത്തിയപ്പോൾ അവിടെ അവനെയും ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി ആ പാതകന്മാരെയും ക്രൂശിച്ചു.

൩൪ എന്നാൽ യേശു പറഞ്ഞു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്ന അറിയായ്കകൊണ്ടു അവരോടു ക്ഷമിക്കേണമേ. അനന്തരം അവർ അവന്റെ വസ്ത്രങ്ങളെ പകുതിചെയ്തു ചീട്ടിട്ടു.

൩൫ ജനം നോക്കിക്കൊണ്ടു നിന്നു: ഇവൻ മററുള്ളവരെ രക്ഷിച്ചുവല്ലോ, ദൈവം തെരിഞ്ഞെടുത്ത ക്രിസ്തു എങ്കിൽ തന്നെത്താൻ രക്ഷിക്കട്ടെ എന്നു പ്രധാനികളും പരിഹസിച്ചു പറഞ്ഞു.

൩൬ പടജ്ജനങ്ങളും അവനെ പരിഹസിച്ചു അടുത്തു വന്നു അവന്നു പുളിച്ചവീഞ്ഞു കാണിച്ചു:

൩൭ നീ യഹൂദന്മാരുടെ രാജാവു ആകുന്നു എങ്കിൽ നിന്നെത്തന്നേ രക്ഷിക്ക എന്നു പറഞ്ഞു.

൩൮ ഇവൻ യഹൂദന്മാരുടെ രാജാവു എന്നു ഒരു മേലെഴുത്തും അവന്റെ മീതെ ഉണ്ടായിരുന്നു.

൩൯ ¶ തൂക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞു അവനെ ദുഷിച്ചു.

൪൦ അപ്പോൾ മററവൻ ഉത്തരമായിട്ടു അവനെ ശാസിച്ചു പറഞ്ഞതു: ഈ ശിക്ഷാവിധിയിൽ തന്നേ ആയിട്ടും നീയും ദൈവത്തെ ഭയപ്പെടുന്നില്ലയോ?

൪൧ നാമോ ന്യായപ്രകാരം തന്നേ; നാം പ്രവൃത്തിച്ചതിന്നു യോഗ്യമായതല്ലോ നമുക്കു കിട്ടിയതു; എന്നാൽ ഇവൻ തെററായതു ഒന്നും ചെയ്തിട്ടില്ല.

൪൨ പിന്നെ അവൻ: യേശുവേ നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നെ ഓൎക്കേണമേ എന്നു പറഞ്ഞു.

൪൩ യേശു അവനോടു പറഞ്ഞതു: സത്യമായി ഞാൻ നിന്നോടു പറയുന്നു: ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും.

൪൪ ¶ ഏകദേശം ആറാം മണിനേരമായിരുന്നു; അപ്പോൾ ഒമ്പതാംമണിവരെയും ആ ദേശത്തിൽ ഒക്കെയും അന്ധകാരം ഉണ്ടായി.

൪൫ സൂൎയ്യൻ ഇരുണ്ടു; ദൈവമന്ദിരത്തിലേ തിരശ്ശീലനടുവേ ചീന്തിപ്പോയി.

൪൬ യേശു മഹാശബ്ദത്തോടെ: പിതാവേ, നിന്റെ കൈകളിൽ ഞാൻ എന്റെ ആത്മാവിനെ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിടുകയും ചെയ്തു.

൪൭ ഈ ഉണ്ടായതു ശതാധിപൻ കണ്ടിട്ടു: ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.

൪൮ ആ കാഴ്ചെക്കു കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവിച്ചവ കണ്ടിട്ടു മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി.

൪൯ അവന്റെ അറിമുഖക്കാർ എല്ലാവരും ഗലീലയിൽനിന്നു അവനെ പിൻചെന്ന സ്ത്രീകളും ഇവ കണ്ടുകൊണ്ടു ദൂരത്തു നിന്നു.

൫൦ ¶ അപ്പോൾ ഇതാ, യഹൂദന്മാരുടെ ഒരു നഗരമായ അറിമത്യയിൽനിന്നുള്ള നല്ലവനും നീതിമാനുമായി ദൈവരാജ്യത്തെ കാത്തിരുന്നവനായ യോസേഫ് എന്നൊരു മന്ത്രി

൫൧—ഇവൻ അവരുടെ ആലോചനെക്കും പ്രവൃത്തിക്കും സമ്മതിക്കാത്തവനായിരുന്നു—

൫൨ ഇവൻ പിലാത്തോസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു.

൫൩ അതു ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു, പാറയിൽ വെട്ടിയിരുന്നതും ആരും ഒരിക്കലും കിടന്നിട്ടില്ലാത്തതുമായ കല്ലറയിൽ വെച്ചു.

൫൪ അന്നു ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു.
൫൫ ഗലീലയിൽനിന്നു അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്നു കല്ലറയും അവന്റെ ശരീരം വെച്ച വിധവും നോക്കി കണ്ടു.
൫൬ പിന്നെ അവർ മടങ്ങിപ്പോയി സുഗന്ധവൎഗ്ഗങ്ങളെയും പരിമളതൈലങ്ങളെയും ഒരുക്കി, കല്പനപ്രകാരം ശബ്ബത്തിൽ സ്വസ്ഥമായിരുന്നു.

൨൪ാം അദ്ധ്യായം.

എന്നാൽ അവർ ഒരുക്കിയ സുഗന്ധവൎഗ്ഗങ്ങളെ എടുത്തുകൊണ്ടു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ അതിരാവിലെ കല്ലറെക്കൽ എത്തി.
൨ കല്ലറയിൽനിന്നു കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു.
൩ എന്നാൽ അകത്തു കടന്നാറെ കൎത്താവായ യേശുവിന്റെ ശരീരം കണ്ടില്ല.
൪ അതിനെ കുറിച്ചു അവർ ചഞ്ചലിച്ചിരിക്കുമ്പോൾ ഇതാ, മിന്നുന്ന ഉടുപ്പുകളോടെ രണ്ടു പുരുഷന്മാർ അവരുടെ അരികത്തു നിന്നു.
൫ അവർ ഭയപ്പെട്ടു നിലത്തേക്കു മുഖം കുനിച്ചു നില്ക്കുമ്പോൾ അവർ അവരോടു: നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതു എന്തു?
൬ അവൻ ഇവിടെ ഇല്ല, ഉയിൎത്തെഴുനീറ്റു; മുമ്പേ ഗലീലയിൽ ഇരിക്കുമ്പോൾ തന്നേ
൭ അവൻ നിങ്ങളോടു: മനുഷ്യപുത്രൻ പാപികളായ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെട്ടു, ക്രൂശിക്കപ്പെടുകയും മൂന്നാം നാൾ ഉയിൎത്തെഴുനീല്ക്കയും ചെയ്യേണ്ടതാകുന്നു എന്നു പറഞ്ഞപ്രകാരം ഓൎത്തുകൊൾവിൻ എന്നു പറഞ്ഞു.
൮ അവന്റെ വാക്കുകൾ അവർ ഓൎത്തു,
൯ കല്ലറയെ വിട്ടു മടങ്ങിപ്പോയി പതിനൊരുവർ മുതലായ എല്ലാവരോടും ഇതു ഒക്കെയും അറിയിച്ചു.
൧൦ അപ്പൊസ്തലന്മാരോടു ഈ കാൎയ്യങ്ങളെ പറഞ്ഞവർ മഗ്ദലക്കാരത്തി മറിയയും യോഹന്നയും യാക്കോബിന്റെ അമ്മ മറിയയും അവരോടു കൂടെയുള്ള മറ്റു സ്ത്രീകളും ആയിരുന്നു.
൧൧ ഈ വാക്കുകൾ അവൎക്കു വെറും കഥപോലെ തോന്നി; അവരെ വിശ്വസിച്ചതുമില്ല.
൧൨ എന്നാൽ പത്രൊസ് എഴുനീറ്റു കല്ലറെക്കൽ ഓടിച്ചെന്നു കുനിഞ്ഞുനോക്കി, ശീലകൾ മാത്രം കണ്ടു, ഉണ്ടായതിൽ ആശ്ചൎയ്യപ്പെട്ടുകൊണ്ടു തിരിച്ചുപോകയും ചെയ്തു.
൧൩ ¶ അന്നു തന്നേ ഇതാ, അവരിൽ രണ്ടുപേർ യരുശലേമിൽനിന്നു അറുപതു സ്താദിവഴി ദൂരമുള്ള എമ്മവുസ്സ് എന്ന ഗ്രാമത്തിലേക്കു യാത്രയായി പോകയിൽ
൧൪ അവർ ഈ സംഭവിച്ചവയെ കുറിച്ചു ഒക്കെയും തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു.
൧൫ സംസാരിച്ചു തൎക്കിക്കയിൽ യേശു താനും അടുത്തു ചെന്നു അവരോടു ചേൎന്നു നടന്നു.
൧൬ അവനെ അറിയാതിരിപ്പാൻ അവരുടെ കണ്ണുകൾ നിരോധിക്കപ്പെട്ടിരുന്നു.
൧൭ അവൻ അവരോടു: നിങ്ങൾ വഴി നടക്കയിൽ തമ്മിൽ വാദിക്കുന്ന ഈ വാക്കുകൾ എന്തു എന്നു ചോദിച്ചപ്പോൾ അവർ വാടിയ മുഖമുള്ളവരായി നിന്നു.
൧൮ ക്ലെയൊപാ എന്നു പേരുള്ളവൻ ഉത്തരം പറഞ്ഞതു: യരുശലേമിൽ പരവാസം ചെയ്യുന്നവരിൽ നീ മാത്രം ഈ നാളുകളിൽ അവിടെ ഉണ്ടായ കാൎയ്യം അറിയാതിരിക്കുന്നുവോ?
൧൯ ഏതു എന്നു അവൻ അവരോടു ചോദിച്ചു; എന്നാറെ അവർ അവനോടു പറഞ്ഞതു: ദൈവത്തിന്നും സകല ജനത്തിന്നും മുമ്പാകെ പ്രവൃത്തിയിലും വചനത്തിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസറായനായ യേശുവിനെ കുറിച്ചുള്ളതു;

൨൦ നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്കു ഏല്പിച്ചു ക്രൂശിച്ചപ്രകാരം തന്നേ.

൨൧ ഞങ്ങളോ ഇസ്രയേലിനെ വീണ്ടെടുപ്പാനുള്ളവൻ അവൻ ആകുന്നു എന്നു ആശിച്ചിരുന്നു; ഇതു എല്ലാം കൂടാതെ ഇവ ഉണ്ടായിട്ടു ഇന്നു മൂന്നാംനാൾ ആകുന്നു.

൨൨ അത്രയുമല്ല ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകളും രാവിലേ കല്ലറെക്കൽ പോയി അവന്റെ ശരീരം കാണാഞ്ഞു;

൨൩ അവർ വന്നു അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞവരായ ദൂതന്മാരുടെ ദൎശനം കണ്ടു എന്നു പറഞ്ഞു ഞങ്ങളെ ഭ്രമിപ്പിച്ചു.

൨൪ ഞങ്ങളോടു കൂടെയുള്ളവരിൽ ചിലർ കല്ലറെക്കൽ പോയി സ്ത്രീകൾ പറഞ്ഞപ്രകാരം തന്നേ കണ്ടു; അവനെ കണ്ടില്ല താനും.

൨൫ അവൻ അവരോടു: ബുദ്ധിഹീനരും പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കുന്നതിന്നു മന്ദഹൃദയന്മാരുമായുള്ളോരേ,

൨൬ ക്രിസ്തു ഈ കഷ്ടങ്ങളെ അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ പ്രവേശിക്കേണ്ടതല്ലയോ എന്നു പറഞ്ഞു.

൨൭ മോശെ തുടങ്ങി സകലപ്രവാചകന്മാരിൽനിന്നും സകലതിരുവെഴുത്തുകളിലും തന്നെ കുറിച്ചുള്ളവ അവൎക്കു വ്യാഖ്യാനിച്ചുകൊടുത്തു.

൨൮ അവർ പോകുന്ന ഗ്രാമത്തോടു അടുത്തപ്പോൾ അവൻ അപ്പുറം പോകും വണ്ണം കാണിച്ചു.

൨൯ അവരോ: നേരം വൈകി അസ്തമിപ്പാറായതുകൊണ്ടു ഞങ്ങളോടു കൂടെ പാൎക്ക എന്നു പറഞ്ഞുകൊണ്ടു അവനെ നിൎബ്ബന്ധിച്ചു; അവൻ അവരോടുകൂടെ പാൎപ്പാൻ അകത്തു ചെല്ലുകയും ചെയ്തു.

൩൦ അവരുമായി ഭക്ഷണത്തിന്നു ഇരിക്കുമ്പോൾ ഉണ്ടായതു, അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവൎക്കു കൊടുത്തു.

൩൧ ഉടനേ അവരുടെ കണ്ണുകൾ തുറന്നു, അവർ അവനെ അറിഞ്ഞു, അവൻ അവരിൽനിന്നു മറകയും ചെയ്തു.

൩൨ അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിയില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു.

൩൩ ആ നാഴികയിൽ തന്നേ അവർ എഴുന്നീറ്റു യരുശലേമിലേക്കു തിരികേ പോന്നു.

൩൪ കൎത്താവു വാസ്തവമായി ഉയിൎത്തെഴുന്നീറ്റു ശിമോന്നു പ്രത്യക്ഷനായി എന്നു പതിനൊരുവരും കൂടെയുള്ളവരും പറഞ്ഞുകൊണ്ടു കൂടിയിരിക്കുന്നതിനെ കണ്ടെത്തി.

൩൫ വഴിയിൽ സംഭവിച്ചതും അവൻ അപ്പം നുറുക്കുകയിൽ തങ്ങൾക്കു അറിയായ്വന്ന പ്രകാരവും അവർ വിവരിച്ചു പറകയും ചെയ്തു.

൩൬ ¶ ഇവ അവർ പറയുമ്പോൾ അവൻ അവരുടെ നടുവിൽ നിന്നു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു.

൩൭ എന്നാറെ അവർ ഞെട്ടി ഭയപ്പെട്ടു, ഒരു ആത്മാവിനെ കണ്ടു എന്നു അവൎക്കു തോന്നി.

൩൮ അപ്പോൾ അവൻ: നിങ്ങൾ കലങ്ങുന്നതു എന്തു? നിങ്ങളുടെ ഹൃദയത്തിൽ വിചാരങ്ങൾ പൊങ്ങുന്നതും എന്തു?

൩൯ ഞാൻ തന്നേ ആകുന്നു എന്നു എന്റെ കൈകളെയും കാലുകളെയും നോക്കുവിൻ, എന്നെ തൊട്ടു നോക്കുവിൻ; നിങ്ങൾ എന്നിൽ കാണുന്നപ്രകാരം ഒരു ആത്മാവിന്നു മാംസവും അസ്ഥികളും ഇല്ലല്ലോ എന്നു അവരോടു പറഞ്ഞു.

൪൦ ഇതു പറഞ്ഞിട്ടു അവൻ തന്റെ കൈകളെയും കാലുകളെയും അവൎക്കു കാണിച്ചു.

൪൧ അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നില്ക്കുമ്പോൾ അവരോടു പറഞ്ഞതു: ഭക്ഷിപ്പാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ?

൪൨ അവർ ഒരു ഖണ്ഡം വറുത്ത മീൻ അവന്നു കൊടുത്തു.

൪൩ അതു അവൻ വാങ്ങി അവർ കാൺങ്കെ ഭക്ഷിച്ചു.

൪൪ ¶ പിന്നെ അവരോടു പറഞ്ഞു: നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നേ ഞാൻ പറഞ്ഞ എന്റെ വാക്കുകൾ ഇവ ആകുന്നു. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും സങ്കീൎത്തനങ്ങളിലും എന്നെ കുറിച്ചു എഴുതിയതു ഒക്കെയും നിവൃത്തിയാകേണം എന്നു തന്നേ.

൪൫ അപ്പോൾ തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന്നായി അവൻ അവരുടെ ബുദ്ധിയെ തുറന്നു.

൪൬ പിന്നെ അവരോടു: ക്രിസ്തു കഷ്ടപ്പെടുകയും മൂന്നാം നാൾ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കയും,

൪൭ അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കപ്പെടുകയും വേണം എന്നിപ്രകാരം എഴുതിയിരിക്കുന്നു.

൪൮ ഇവെക്കു നിങ്ങൾ സാക്ഷികൾ ആകുന്നു.

൪൯ ഇതാ, എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കുന്നു. എന്നാൽ നിങ്ങൾ ഉയരത്തിൽനിന്നു ശക്തി ധരിക്കുംവരെ പട്ടണത്തിൽ പാൎപ്പിൻ എന്നു അവരോടു പറഞ്ഞു.

൫൦ ¶ പിന്നെ അവരെ ബെഥാന്യയോളം കൂട്ടിക്കൊണ്ടുപോയി തന്റെ കൈകളെ ഉയൎത്തി അവരെ അനുഗ്രഹിച്ചു.

൫൧ അവൻ അവരെ അനുഗ്രഹിക്കയിൽ അവൻ അവരിൽനിന്നു പിരിഞ്ഞു സ്വൎഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെട്ടു.

൫൨ അവർ അവനെ കുമ്പിട്ടു, മഹാസന്തോഷത്തോടെ യരുശലേമിലേക്കു തിരിച്ചുപോന്നു.

൫൩ ദൈവത്തെ വാഴ്ത്തിക്കൊണ്ടു എപ്പോഴും ദൈവാലയത്തിൽ ഇരിക്കയും ചെയ്തു.

THE GOSPEL ACCORDING TO

JOHN.

യോഹന്നാൻ എഴുതിയ സുവിശേഷം.

൧ാം അദ്ധ്യായം.

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു.

൨ അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു.

൩ സകലവും അവനാൽ ഉണ്ടായി; ഉണ്ടായതു ഒന്നും അവനെ കൂടാതെ ഉണ്ടായതല്ല.

൪ അവനിൽ ജീവൻ ഉണ്ടായിരുന്നു; ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.

൫ ആ വെളിച്ചം ഇരുളിൽ വിളങ്ങുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.

൬ ദൈവത്തിന്റെ അടുക്കൽനിന്നു അയക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു; യോഹന്നാൻ എന്നു അവന്റെ പേർ.

൭ അവൻ സാക്ഷ്യത്തിന്നായി വന്നു; താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന്നു വെളിച്ചത്തെ കുറിച്ചു സാക്ഷ്യം പറവാൻ തന്നേ.

൮ താൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിന്നു സാക്ഷ്യം പറവാൻ വന്നതത്രേ.

ൻ എല്ലാ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു.

൧൦ അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവനാൽ ഉണ്ടായി; ലോകം അവനെ അറിഞ്ഞതും ഇല്ല.

൧൧ അവൻ തന്റെ സ്വന്തത്തിലേക്കു വന്നു; സ്വന്തർ അവനെ കൈക്കൊണ്ടതും ഇല്ല.

൧൨ എന്നാൽ അവനെ കൈക്കൊണ്ടവരായി അവന്റെ നാമത്തിൽ വിശ്വസിക്കുന്നവരായ ഏവൎക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.

൧൩ ആയവർ രക്തത്തിൽ നിന്നല്ല ജഡത്തിന്റെ ഇഷ്ടത്തിൽ നിന്നല്ല പുരുഷന്റെ ഇഷ്ടത്തിൽനിന്നും അല്ല ദൈവത്തിൽ നിന്നത്രെ ജനിച്ചതു.

൧൪ വചനം ജഡമായി ഭവിച്ചു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാൎത്തു. അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായിട്ടു ഞങ്ങൾ കാണ്കയും ചെയ്തു.

൧൫ യോഹന്നാൻ അവനെ കുറിച്ചു സാക്ഷീകരിച്ചു വിളിച്ചുപറഞ്ഞതു: എന്റെ പിന്നാലേ വരുന്നവൻ എനിക്കു മുമ്പനായിരുന്നതുകൊണ്ടു എന്റെ മുമ്പിലായി തീൎന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.

൧൬ അവന്റെ നിറവിൽനിന്നു നമുക്കു എല്ലാവൎക്കും കൃപെക്കുമേൽ കൃപയും ലഭിച്ചിരിക്കുന്നു.

൧൭ എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം മോശെയാൽ തരപ്പെട്ടു; കൃപയും സത്യവും യേശുക്രിസ്തുവിനാൽ വന്നു.

൧൮ ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ തെളിയിച്ചു.

൧൯ ¶ എങ്കിലോ: നീ ആർ ആകുന്നു എന്നു യോഹന്നാനോടു ചോദിക്കേണ്ടതിന്നു യഹൂദന്മാർ യരുശലേമിൽനിന്നു പുരോഹിതന്മാരെയും ലേവ്യരെയും അവന്റെ അടുക്കൽ അയച്ചപ്പോൾ അവന്റെ സാക്ഷ്യം ഇതാകുന്നു:

൨൦ അവൻ മറുക്കാതെ ഏറ്റുപറഞ്ഞു; ഞാൻ ക്രിസ്തു അല്ല എന്നു ഏറ്റുപറഞ്ഞു.

൨൧ എന്നാൽ എന്തു? നീ എലീയാവോ എന്നു അവനോടു ചോദിച്ചാറെ, അല്ല എന്നു പറയുന്നു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു.

൨൨ ആകയാൽ അവർ അവനോടു: നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോടു ഉത്തരം പറയേണ്ടതിന്നു നിന്നെ കുറിച്ചു തന്നേ നീ എന്തു പറയുന്നു എന്നു ചോദിച്ചു.

൨൩ എന്നാറെ അവൻ പറഞ്ഞു: യശയ്യാ പ്രവാചകൻ പറഞ്ഞപ്രകാരം: കൎത്താവിന്റെ വഴിയെ നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു.

൨൪ അവർ പരീശരിൽനിന്നു അയക്കപ്പെട്ടവരായിരുന്നു.

൨൫ എന്നാൽ നീ ക്രിസ്തു അല്ല, എലീയാവും അല്ല, ആ പ്രവാചകനും അല്ല എന്നു വരികിൽ, നീ സ്നാനപ്പെടുത്തുന്നതു എന്തു എന്നു അവർ ചോദിച്ചു.

൨൬ യോഹന്നാൻ ഉത്തരം പറഞ്ഞതു: ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു; എന്നാൽ നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു.

൨൭ എന്റെ പിന്നാലേ വരുന്നവൻ തന്നേ; അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യൻ അല്ല.

൨൮ ഇവ യോൎദ്ദാന്നക്കരേ യോഹന്നാൻ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന ബെതാന്യയിൽ സംഭവിച്ചു.

൨൯ ¶ പിറ്റേ ദിവസം അവൻ യേശു തന്റെ അടുക്കൽ വരുന്നതിനെ കണ്ടു പറയുന്നു: ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിൻ കുഞ്ഞാടു.

൩൦ എന്റെ പിന്നാലേ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പനായിരുന്നതുകൊണ്ടു, എന്റെ മുമ്പിലായി തീൎന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.

൩൧ ഞാനോ അവനെ അറിഞ്ഞില്ല, എങ്കിലും അവൻ ഇസ്രയേലിന്നു വെളിപ്പെടേണ്ടതിന്നു ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ വന്നു.

൩൨ പിന്നെ യോഹന്നാൻ സാക്ഷ്യം പറഞ്ഞതു: ആത്മാവു ഒരു പ്രാവു പോലെ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നതു ഞാൻ കണ്ടു; അതു അവന്റെ മേൽ വസിക്കയും ചെയ്തു.

൩൩ ഞാനോ അവനെ അറിഞ്ഞില്ല, എങ്കിലും വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ ആകുന്നു എന്നു പറഞ്ഞു.

൩൪ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നേ എന്നു സാക്ഷ്യം പറകയും ചെയ്തിരിക്കുന്നു.

൩൫ ¶ പിറേറന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടു പേരുമായി നിന്നിരുന്നു.

൩൬ അപ്പോൾ അവൻ നടന്നുകൊണ്ടിരിക്കുന്ന യേശുവിനെ നോക്കീട്ടു: ഇതാ ദൈവത്തിന്റെ കുഞ്ഞാടു എന്നു പറയുന്നു.

൩൭ അവൻ പറയുന്നതു ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിന്റെ പിന്നാലേ ചെന്നു.

൩൮ യേശു തിരിഞ്ഞു അവർ പിന്നാലേ വരുന്നതു കണ്ടു അവരോടു: നിങ്ങൾ എന്തു അന്വേഷിക്കുന്നു എന്നു ചോദിച്ചതിന്നു അവർ പറഞ്ഞതു: റബ്ബീ—അതായതു ഗുരോ—നീ എവിടെ പാൎക്കുന്നു?

൩൯ അവൻ അവരോടു: വന്നു കാണ്മിൻ എന്നു പറയുന്നു. ആകയാൽ അവൻ വസിക്കുന്ന ഇടം അവർ കണ്ടു ആ ദിവസം അവനോടുകൂടെ പാൎത്തു; ഏകദേശം പത്താം മണിനേരം ആയിരുന്നു.

൪൦ യോഹന്നാനിൽനിന്നു കേട്ടു അവനെ അനുഗമിച്ച ഇരുവരിൽ ഒരുത്തൻ ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയോസ് ആയിരുന്നു.

൪൧ അവൻ സ്വന്തസഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോടു:—ക്രിസ്തു എന്നൎത്ഥമുള്ള—മശിഹയെ ഞങ്ങൾ കണ്ടെത്തി എന്നു പറഞ്ഞു.

൪൨ അവൻ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവനെ നോക്കി: നീ യോനാവിന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു.

൪൩ ¶ പിറേറന്നാൾ അവൻ ഗലീലെക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫിലിപ്പൊസിനെ കണ്ടു: എന്റെ പിന്നാലേ വരിക എന്നു യേശു അവനോടു പറഞ്ഞു.

൪൪ ഫിലിപ്പോസോ അന്ത്രെയോസിന്റെയും പത്രൊസിന്റെയും നഗരമായ ബെത്ത്സയിദയിൽനിന്നുള്ളവൻ ആയിരുന്നു.

൪൫ ഫിലിപ്പോസ് നഥാനയേലിനെ കണ്ടു അവനോടു പറയുന്നു: ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതീട്ടുള്ളവനെ ഞങ്ങൾ കണ്ടെത്തി, നസറേത്തിൽനിന്നുള്ള യേശു എന്ന യോസേഫിൻ പുത്രനെ തന്നേ.

൪൬ നഥാനയേൽ അവനോടു: നസറേത്തിൽനിന്നു വല്ല നന്മയും ഉണ്ടാകുവാൻ കഴിയുമോ എന്നു പറഞ്ഞു. ഫിലിപ്പോസ് അവനോടു: വന്നു കാൺക എന്നു പറയുന്നു.

൪൭ നഥാനയേൽ തന്റെ അടുക്കൽ വരുന്നതു യേശു കണ്ടു: ഇതാ സാക്ഷാൽ ഒരു ഇസ്രയേല്യൻ, ഇവനിൽ കപടം ഇല്ല എന്നു അവനെ കുറിച്ചു പറയുന്നു.

൪൮ നഥാനയേൽ അവനോടു: എന്നെ എവിടെനിന്നു അറിയുന്നു എന്നു ചോദിച്ചതിന്നു യേശു ഉത്തരം പറഞ്ഞതു: ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പേ നീ അത്തിയുടെ കീഴിൽ ആയിരുന്നപ്പോൾ ഞാൻ നിന്നെ കണ്ടു.

൪൯ നഥാനയേൽ അവനോടു: റബ്ബീ, നീ ദൈവപുത്രൻ ആകുന്നു, നീ ഇസ്രയേലിന്റെ രാജാവു എന്നു ഉത്തരം പറഞ്ഞു.

൫൦ യേശു അവനോട ഉത്തരമായിട്ടു: ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോട പറകകൊണ്ടു നീ വിശ്വസിക്കുന്നുവോ? ഇതിനേക്കാൾ വലിയവ നീ കാണും എന്നു പറഞ്ഞു.

൫൧ പിന്നെ അവനോട: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോട പറയുന്നു: സ്വൎഗ്ഗം തുറന്നിരിക്കുന്നതും ദൈവദൂതന്മാർ മനുഷ്യപുത്രന്റെ മേൽ ഇറങ്ങുകയും കയറുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറയുന്നു.

൨ാം അദ്ധ്യായം.

മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി, യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു.

൨ യേശുവും അവന്റെ ശിഷ്യന്മാരും കൂടെ കല്യാണത്തിന്നു ക്ഷണിക്കപ്പെട്ടു.

൩ പിന്നെ വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട: അവൎക്കു വീഞ്ഞു ഇല്ല എന്നു പറയുന്നു.

൪ യേശു അവളോട: സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്തു? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറയുന്നു.

൫ അവന്റെ അമ്മ ശുശ്രൂഷക്കാരോട: അവൻ നിങ്ങളോട എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എന്നു പറയുന്നു.

൬ അവിടെ യഹൂദന്മാരുടെ ശുദ്ധീകരണത്തിന്റെ പതിവിൻപ്രകാരം ഓരോന്നിൽ രണ്ടോ മൂന്നോ പറ കൊള്ളുന്ന ആറു കല്പാത്രങ്ങൾ ഉണ്ടായിരുന്നു.

൭ യേശു അവരോട: ഈ കല്പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു; അവർ വക്കോളവും നിറെച്ചു.

൮ ഇപ്പോൾ കോരി വിരുന്നുവാഴിയുടെ അടുക്കൽ കൊണ്ടുപോകുവിൻ എന്നു അവൻ പറഞ്ഞു; അവർ കൊണ്ടുപോകയും ചെയ്തു.

൯ വീഞ്ഞായി തീൎന്ന വെള്ളം വിരുന്നുവാഴി രുചിനോക്കിയാറെ,—അതു എവിടെനിന്നു എന്നു വെള്ളം കോരിയ ശുശ്രൂഷക്കാർ അറിഞ്ഞു എങ്കിലും, അവൻ അറിഞ്ഞില്ല—വിരുന്നുവാഴി മണവാളനെ വിളിച്ചു:

൧൦ ഏതു മനുഷ്യനും മുമ്പേ നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും വെക്കമാറുണ്ടു; നീ നല്ല വീഞ്ഞു ഇതുവരെയും സംഗ്രഹിച്ചുവല്ലോ എന്നു അവനോട പറയുന്നു.

൧൧ യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ ചെയ്തു തന്റെ മഹത്വത്തെ വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിക്കയും ചെയ്തു.

൧൨ ¶ അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും അവന്റെ ശിഷ്യന്മാരും കൂടി കപ്പൎന്നഹൂമിലേക്കു ഇറങ്ങിപ്പോയി; അവിടെ ഏറെ ദിവസങ്ങൾ പാൎത്തില്ല.

൧൩ ¶ അപ്പോൾ യഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യരുശലേമിലേക്കു കരേറിപ്പോയി.

൧൪ ദൈവാലയത്തിൽ കാള, ആടു, പ്രാവു എന്നിവ വില്ക്കുന്നവരെയും നാണ്യക്കാർ ഇരിക്കുന്നതിനെയും കണ്ടു.

൧൫ കയറുകൊണ്ടു ഒരു ചമ്മട്ടി ഉണ്ടാക്കി, ആടുമാടുകളോടുംകൂടെ എല്ലാവരെയും ദൈവാലയത്തിൽനിന്നു പുറത്താക്കി, പൊൻവാണിഭക്കാരുടെ നാണ്യം തുകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു.

൧൬ പ്രാവുകളെ വില്ക്കുന്നവരോട: ഇവ ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ഭവനത്തെ വാണിഭശാല ആക്കരുതു എന്നു പറഞ്ഞു.

൧൭ അപ്പോൾ അവന്റെ ശിഷ്യന്മാർ: നിന്റെ ഭവനത്തിന്നായുള്ള എരിവു എന്നെ ഭക്ഷിച്ചുകളയും എന്നു എഴുതിയിരിക്കുന്നതു ഓൎത്തു.

൧൮ ആകയാൽ യഹൂദന്മാർ അവനോട: നീ ഇവ ചെയ്യുന്നതുകൊണ്ടു ഞങ്ങൾക്കു എന്തു അടയാളം കാണിക്കുന്നു എന്നു പറഞ്ഞു.

൧൯ യേശു അവരോട: ഈ ദൈവമന്ദിരത്തെ പൊളിപ്പിൻ, എന്നാൽ ഞാൻ മൂന്നു ദിവസത്തിനകം അതിനെ ഉയൎത്തും എന്നു ഉത്തരം പറഞ്ഞു.

൨൦ എന്നാറെ യഹൂദന്മാർ അവനോട്ടു: ഈ ദൈവമന്ദിരം നാല്പത്താറുവൎഷം കൊണ്ടു പണിയിക്കപ്പെട്ടു; നീ മൂന്നുനാൾ കൊണ്ടു അതിനെ ഉയൎത്തുമോ എന്നു ചോദിച്ചു.

൨൧ അവനോ തൻെറ ശരീരമാകുന്ന മന്ദിരത്തെ കുറിച്ചത്രേ പറഞ്ഞതു.

൨൨ ആകയാൽ അവൻ ഇതു പറഞ്ഞു എന്നു താൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴനീററശേഷം അവൻെറ ശിഷ്യന്മാർ ഓൎത്തു; തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിക്കയും ചെയ്തു.

൨൩ ¶ പെസഹ ഉത്സവത്തിൽ യരുശലേമിൽ ഇരിക്കുമ്പോൾ തന്നേ അവൻ ചെയ്തു അടയാളങ്ങൾ കണ്ടിട്ടു പലരും അവൻെറ നാമത്തിൽ വിശ്വസിച്ചു.

൨൪ എന്നാൽ യേശു എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല.

൨൫ മനുഷ്യനിലുള്ളതു ഇന്നതു എന്നു സ്വതഃ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെ കുറിച്ചു യാതൊരുത്തൻെറ സാക്ഷ്യവും ആവശ്യമുണ്ടായിരുന്നതുമില്ല.

൩ാം അദ്ധ്യായം.

യഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കൊദേമൊസ് എന്നു പേരുള്ളോരു മനുഷ്യൻ പറീശരിൽ ഉണ്ടായിരുന്നു.

൨ അവൻ രാത്രിയിൽ അവൻെറ അട്ടുക്കൽ വന്നു അവനോടു പറഞ്ഞു: റബ്ബീ, നീ ദൈവത്തിൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; എന്തുകൊണ്ടെന്നാൽ ഒരുത്തനും ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്വാൻ കഴികയില്ല.

൩ യേശു അവനോടു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു: പുതുതായി ജനിച്ചില്ല എങ്കിൽ, ഒരുത്തനും ദൈവരാജ്യത്തെ കാണ്മാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു.

൪ നിക്കൊദേമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായശേഷം എങ്ങനെ ജനിപ്പാൻ കഴിയും? രണ്ടാമതും തൻെറ അമ്മയുടെ ഉദരത്തിൽ കടന്നു ജനിപ്പാൻ കഴിയുമോ എന്നു ചോദിച്ചു.

൫ യേശു ഉത്തരം പറഞ്ഞതു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു: വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ല എങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല.

൬ ജഡത്തിൽനിന്നു ജനിച്ചതു ജഡം ആകുന്നു; ആത്മാവിൽനിന്നു ജനിച്ചതു ആത്മാവു ആകുന്നു.

൭ നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചൎയ്യപ്പെടേണ്ടാ.

൮ കാററു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിൻെറ ശബ്ദം നീ കേൾക്കുന്നു, എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല; ആത്മാവിൽനിന്നു ജനിച്ചവൻ എല്ലാം ഇപ്രകാരം ആകുന്നു.

൯ നിക്കൊദേമൊസ് അവനോടു: ഇവ എങ്ങനെ സംഭവിപ്പാൻ കഴിയും എന്നു ചോദിച്ചു.

൧൦ യേശു അവനോടു ഉത്തരം പറഞ്ഞതു: നീ ഇസ്രയേലിൻെറ ഉപദേഷ്ടാവായിരുന്നിട്ടു ഇവ അറിയുന്നില്ലയോ?

൧൧ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു സംസാരിക്കയും ഞങ്ങൾ കണ്ടതിനെ സാക്ഷീകരിക്കയും ചെയ്യുന്നു; ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ല താനും.

൧൨ ഭൂമിയിലുള്ളവ നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വൎഗ്ഗത്തിലുള്ളവ നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?

൧൩ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിയവനായി സ്വൎഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ ഒഴികേ ആരും സ്വൎഗ്ഗത്തിൽ കരേറീട്ടില്ല.

൧൪ മോശെ മരുഭൂമിയിൽ സൎപ്പത്തെ ഉയൎത്തിയപ്രകാരം മനുഷ്യപുത്രനും ഉയൎത്തപ്പെടേണ്ടതാകുന്നു.

൧൫ അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.

൧൬ ¶ എന്തുകൊണ്ടെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം തന്റെ ഏകജാതനായ പുത്രനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രെക്കു സ്നേഹിച്ചു.

൧൭ ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാൻ അല്ലല്ലൊ; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ.

൧൮ അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.

൧൯ ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ ക്രിയകൾ ദോഷമുള്ളവ ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ.

൨൦ എന്തുകൊണ്ടെന്നാൽ തിന്മകൾ പ്രവൃത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവൃത്തികൾ ആക്ഷേപിക്കപ്പെടാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല.

൨൧ സത്യത്തെ ചെയ്യുന്നവനോ, തന്റെ പ്രവൃത്തികൾ ദൈവത്തിൽ പ്രവൃത്തിച്ചവ ആകകൊണ്ടു അവ വെളിപ്പെടേണ്ടതിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു.

൨൨ ¶ ഇവയുടെശേഷം യേശു തന്റെ ശിഷ്യന്മാരുമായി യഹൂദിയദേശത്തിൽ വന്നു അവരോടുകൂടെ സ്നാനപ്പെടുത്തികൊണ്ടു പാൎത്തു.

൨൩ എന്നാൽ യോഹന്നാനും ശലേമിന്റെ അരികത്തുള്ള ഐനോനിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു; എന്തുകൊണ്ടെന്നാൽ അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു; ആളുകൾ വന്നു സ്നാനം ഏല്ക്കയും ചെയ്തു.

൨൪ എന്തുകൊണ്ടെന്നാൽ യോഹന്നാൻ അതുവരെയും തടവിൽ ആക്കപ്പെട്ടിരുന്നില്ല.

൨൫ എന്നാൽ യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലൎക്കു ഒരു യഹൂദനുമായി ശുദ്ധീകരണത്തെ കുറിച്ചു ഒരു വാദം ഉണ്ടായി;

൨൬ അവർ യോഹന്നാന്റെ അടുക്കൽ വന്നു, അവനോടു: റബ്ബീ, യോൎദ്ദാന്നക്കരേ നിന്നോടുകൂടെ ഇരുന്നവൻ നീ സാക്ഷീകരിച്ചിട്ടുള്ളവൻ ഇതാ, അവൻ സ്നാനപ്പെടുത്തുന്നു, എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു എന്നു പറഞ്ഞു.

൨൭ യോഹന്നാൻ ഉത്തരം പറഞ്ഞതു: സ്വൎഗ്ഗത്തിൽനിന്നു കൊടുക്കപ്പെട്ടിട്ടല്ലാതെ മനുഷ്യന്നു ഒന്നും ലഭിപ്പാൻ കഴികയില്ല.

൨൮ ഞാൻ ക്രിസ്തു അല്ല, അവന്നു മുമ്പേ അയക്കപ്പെട്ടവനത്രെ എന്നു ഞാൻ പറഞ്ഞതിന്നു നിങ്ങൾ തന്നേ ഇനിക്കു സാക്ഷികൾ ആകുന്നു.

൨൯ മണവാട്ടിയുള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു, അവനെ കേട്ടുകൊണ്ടു മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്തോടെ സന്തോഷിക്കുന്നു; ആകയാൽ ഈ എന്റെ സന്തോഷം പൂൎത്തിയായിരിക്കുന്നു.

൩൦ അവൻ വളരേണം, ഞാനോ കുറയേണം.

൩൧ ¶ മേലിൽനിന്നു വരുന്നവൻ എല്ലാവൎക്കും മീതെ ആകുന്നു; ഭൂമിയിൽനിന്നുള്ളവൻ ഭൂമിയിൽനിന്നു ആകുന്നു, ഭൂമിക്കടുത്തവ സംസാരിക്കയും ചെയ്യുന്നു; സ്വൎഗ്ഗത്തിൽനിന്നു വരുന്നവൻ എല്ലാവൎക്കും മീതെ ആകുന്നു.

൩൨ അവൻ കാണ്കയും കേൾക്കയും ചെയ്തിട്ടുള്ളതു സാക്ഷീകരിക്കുന്നു; അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നില്ല.

൩൩ അവന്റെ സാക്ഷ്യം കൈക്കൊണ്ടവൻ ദൈവം സത്യവാൻ എന്നുള്ളതിന്നു മുദ്രയിട്ടു.

൩൪ ദൈവം അയച്ചവൻ ദൈവത്തിന്റെ മൊഴികളെ പറയുന്നു; എന്തുകൊ

ണ്ടെന്നാൽ അവൻ ആത്മാവിനെ അളവാലേ അല്ല കൊടുക്കുന്നതു.

൩൫ പിതാവു പുത്രനെ സ്നേഹിക്കുന്നു. സകലവും അവന്റെ കൈയ്യിൽ കൊടുത്തുമിരിക്കുന്നു.

൩൬ പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ.

൪ാം അദ്ധ്യായം.

എന്നാൽ യോഹന്നാനിലും അധികം ശിഷ്യന്മാരെ യേശു ചേൎത്തു സ്നാനപ്പെടുത്തുന്ന പ്രകാരം പരീശന്മാർ കേട്ടു എന്നു കൎത്താവു അറിഞ്ഞു.

൨ തന്റെ ശിഷ്യന്മാർ അല്ലാതെ യേശു തന്നേ സ്നാനപ്പെടുത്തിയില്ല താനും.

൩ അപ്പോൾ അവൻ യഹൂദിയദേശം വിട്ടു പിന്നെയും ഗലീലെക്കു പുറപ്പെട്ടു.

൪ എന്നാൽ അവൻ ശമൎയ്യയിൽ കൂടി കടപ്പാൻ ആവശ്യമായിരുന്നു.

൫ അങ്ങനെ അവൻ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്റെ അരികിൽ സിക്കാർ എന്ന ശമൎയ്യനഗരത്തിൽ വരുന്നു.

൬ യാക്കോബിന്റെ ഉറവു അവിടെ ഉണ്ടായിരുന്നു. ആകയാൽ യേശു വഴിനടപ്പിനാൽ തളൎന്നിട്ടു അങ്ങനെ ഉറവിന്നരികിൽ ഇരുന്നു; അപ്പോൾ ഏകദേശം ആറാംമണിനേരം ആയിരുന്നു.

൭ ശമൎയ്യക്കാരത്തിയായ ഒരു സ്ത്രീ വെള്ളം കോരുവാൻ വരുന്നു; അവളോടു യേശു: എനിക്കു കുടിപ്പാൻ തരിക എന്നു പറയുന്നു.

൮ എന്തുകൊണ്ടെന്നാൽ അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ നഗരത്തിൽ പോയിരുന്നു.

൯ ശമൎയ്യസ്ത്രീ അവനോടു: നീ യഹൂദൻ ആയിരിക്കേ ശമൎയ്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ എന്നു പറഞ്ഞു. എന്തുകൊണ്ടെന്നാൽ യഹൂദന്മാൎക്കു ശമൎയ്യരുമായി സംബന്ധമില്ല.

൰ യേശു ഉത്തരം പറഞ്ഞതു: നീ ദൈവത്തിന്റെ ദാനത്തെയും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നതു ആരെന്നുള്ളതിനെയും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു.

൰൧ സ്ത്രീ അവനോടു പറയുന്നു: യജമാനനേ, നിനക്കു കോരുന്ന പാത്രം ഇല്ലല്ലോ, കിണറും ആഴമുള്ളതാകുന്നു; പിന്നെ ജീവനുള്ള വെള്ളം നിനക്കു എവിടെനിന്നുള്ളൂ?

൰൨ ഞങ്ങൾക്കു ഈ കിണറു തന്നവനായി താനും തന്റെ മക്കളും മൃഗക്കൂട്ടങ്ങളും ഇതിൽനിന്നു കുടിച്ചിട്ടുള്ള ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ?

൰൩ യേശു അവളോടു ഉത്തരം പറഞ്ഞതു: ഈ വെള്ളത്തിൽനിന്നു കുടിക്കുന്നവനു എല്ലാം പിന്നെയും ദാഹിക്കും.

൰൪ ഞാൻ കൊടുക്കുന്ന വെള്ളത്തിൽനിന്നു ആരെങ്കിലും കുടിച്ചാലോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന വെള്ളത്തിന്റെ ഉറവായി തീരും.

൰൫ സ്ത്രീ അവനോടു യജമാനനേ: എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്നു ആ വെള്ളം എനിക്കു തരേണം എന്നു പറയുന്നു.

൰൬ യേശു അവളോടു: പോയി നിന്റെ ഭൎത്താവിനെ വിളിച്ചുകൊണ്ടു ഇങ്ങു വരിക എന്നു പറഞ്ഞു.

൰൭ എനിക്കു ഭൎത്താവു ഇല്ല എന്നു സ്ത്രീ അവനോടു ഉത്തരം പറഞ്ഞാറെ: എനിക്കു ഭൎത്താവു ഇല്ല എന്നു നീ പറഞ്ഞതു ശരി.

൰൮ എന്തുകൊണ്ടെന്നാൽ നിനക്കു അഞ്ചു ഭൎത്താക്കന്മാർ ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവൻ നിന്റെ ഭൎത്താവു അല്ല, ഇതു നീ പറഞ്ഞതു സത്യം തന്നേ എന്നു യേശു പറഞ്ഞു.

൰൯ സ്ത്രീ അവനോടു പറയുന്നു: യജ

മാനനേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു.

൨൰ ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു: നമസ്കരിക്കേണ്ടുന്ന സ്ഥലം യരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു.

൨൧ യേശു അവളോടു പറയുന്നു: സ്ത്രീയേ, എന്നെ വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല യരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു.

൨൨ നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു; രക്ഷ യഹൂദന്മാരിൽനിന്നു ആകുന്നുവല്ലോ.

൨൩ എങ്കിലും സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ തന്നേയും ആകുന്നു; ഇങ്ങനെയുള്ള നമസ്കാരികളെ അല്ലോ പിതാവു അന്വേഷിക്കുന്നതു.

൨൪ ദൈവം ആത്മാവു ആകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കയും വേണം.

൨൫ സ്ത്രീ അവനോടു: മശിഹ—അതായതു ക്രിസ്തു—വരുന്നു എന്നു ഞാൻ അറിയുന്നു: അവൻ വരുമ്പോൾ ഞങ്ങളോടു സകലവും അറിയിക്കും എന്നു പറഞ്ഞു.

൨൬ യേശു അവളോടു: നിന്നോടു സംസാരിക്കുന്ന ഞാൻ അവൻ ആകുന്നു എന്നു പറഞ്ഞു.

൨൭ ¶ ഇതിനിടയിൽ അവന്റെ ശിഷ്യന്മാർ വന്നു അവൻ സ്ത്രീയോടു സംസാരിക്കയാൽ ആശ്ചര്യപ്പെട്ടു എങ്കിലും നീ എന്തു അന്വേഷിക്കുന്നു? അവളോടു എന്തു സംസാരിക്കുന്നു? എന്നു ആരും ചോദിച്ചില്ല.

൨൮ അനന്തരം സ്ത്രീ തന്റെ പാത്രം വെച്ചിട്ടു നഗരത്തിൽ ചെന്നു ജനങ്ങളോടു പറഞ്ഞു:

൨൯ ഞാൻ ചെയ്തിട്ടുള്ളതു ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ; പക്ഷേ ഇവൻ ക്രിസ്തു അല്ലയോ?

൩൰ അവർ നഗരത്തിൽനിന്നു പുറപ്പെട്ടു അവന്റെ അടുക്കേ വന്നു.

൩൧ അതിന്നിടയിൽ ശിഷ്യന്മാർ: റബ്ബീ ഭക്ഷിക്കേണം എന്നു അവനോടു അപേക്ഷിച്ചു.

൩൨ എന്നാൽ അവൻ: നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ടു എന്നു അവരോടു പറഞ്ഞു.

൩൩ ആകയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു.

൩൪ യേശു അവരോടു പറയുന്നതു: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ വേലയെ തികെക്കുന്നതു തന്നേ എന്റെ ആഹാരം ആകുന്നു.

൩൫ ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയിത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? ഇതാ നിങ്ങളുടെ കണ്ണുകളെ ഉയർത്തി, നിലങ്ങൾ ഇപ്പോഴേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നതു കാണ്മിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു.

൩൬ വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടി വെക്കുന്നു.

൩൭ എന്തുകൊണ്ടെന്നാൽ വിതെക്കുന്നതു ഒരുത്തൻ, കൊയ്യുന്നതു മറെറാരുത്തൻ എന്നുള്ള ചൊൽ ഇതിൽ സത്യമായിരിക്കുന്നു.

൩൮ നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്വാൻ ഞാൻ നിങ്ങളെ അയച്ചു; മറ്റുള്ളവർ അദ്ധ്വാനിച്ചു അവരുടെ അദ്ധ്വാനത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.

൩൯ ¶ എന്നാൽ ഞാൻ ചെയ്തിട്ടുള്ളതു ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സാക്ഷ്യം പറഞ്ഞ സ്ത്രീയുടെ വചനം നിമിത്തം ആ നഗരത്തിലുള്ള പല ശമര്യരും അവനിൽ വിശ്വസിച്ചു.

൪൰ ആകയാൽ ശമര്യർ അവന്റെ അടുക്കൽ വന്നപ്പോൾ തങ്ങളോടുകൂടെ പാർക്കേണം എന്നു അവനോടു അപേക്ഷിച്ചു; അവൻ രണ്ടു നാൾ അവിടെ പാർക്കയും ചെയ്തു.

൪൧ ഏററവും അധികം ആളുകൾ അ
വൻെറ വചനം നിമിത്തം വിശ്വസിച്ചു:
൪൨ ഇനി നിൻെറ വാക്ക കൊണ്ടല്ല
ഞങ്ങൾ വിശ്വസിക്കുന്നതു; ഞങ്ങൾ ത
ന്നേ കേൾക്കയും ഇവൻ ലോകരക്ഷിതാ
വു ആകുന്ന സത്യം എന്ന അറികയും
ചെയ്തിരിക്കുന്ന എന്ന സ്ത്രീയോട്ട പറഞ്ഞു.
൪൩ ¶ രണ്ട ദിവസം കഴിഞ്ഞിട്ട
അവൻ അവിടെനിന്ന ഗലീലെക്ക പുറ
പ്പെട്ടു.
൪൪ എന്തുകൊണ്ടെന്നാൽ ഒരു പ്രവാ
ചകന്ന തൻെറ പിതൃദേശത്തിൽ ബഹു
മാനം ഇല്ല എന്ന യേശു തന്നേ സാക്ഷ്യം
പറഞ്ഞിരുന്നു.
൪൫ എന്നാൽ അവൻ ഗലീലയിൽ
വന്നപ്പോൾ ഗലീലക്കാർ തങ്ങളും പെരു
നാളിന്ന പോയിരുന്നതിനാൽ അവൻ
യരുശലേമിൽവെച്ച പെരുനാളിൽ ചെ
യ്തതു ഒക്കെയും കണ്ടതുകൊണ്ട അവനെ
കൈക്കൊണ്ടു.
൪൬ ¶ എന്നാൽ അവൻ വെള്ളം വീ
ഞ്ഞാക്കിയ ഗലീലയിലേ കാനാവിൽ പി
ന്നെയും വന്നു. അന്ന മകൻ രോഗിയാ
യിരുന്ന ഒരു രാജഭൃത്യൻ കപ്പർന്നഹൂമിൽ
ഉണ്ടായിരുന്നു.
൪൭ യേശു യഹൂദിയദേശത്തിൽനി
ന്ന ഗലീലയിൽ വന്നു എന്ന അവൻ കേ
ട്ടു അവൻെറ അടുക്കേ ചെന്നു, തൻെറ മ
കൻ മരിപ്പാറായിരിക്കകൊണ്ട അവൻ ഇ
റങ്ങിവന്നു അവനെ സൌഖ്യമാക്കേണം
എന്ന അപേക്ഷിച്ചു.
൪൮ എന്നാറെ യേശു അവനോട്ട:
നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും
കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന
പറഞ്ഞു.
൪൯ രാജ്യഭൃത്യൻ അവനോട്ട: കൎത്താ
വേ, എൻെറ പൈതൽ മരിക്കുംമുമ്പേ ഇ
റങ്ങിവരേണമേ എന്ന പറയുന്നു.
൫൦ യേശു അവനോട്ട: നീ പൊയ്ക്കൊ
ൾക, നിൻെറ മകൻ ജീവിച്ചിരിക്കുന്നു
എന്ന പറയുന്നു. യേശു പറഞ്ഞ വാക്കി
നെ വിശ്വസിച്ച ആ മനുഷ്യൻ പോക
യും ചെയ്തു.
൫൧ അവൻ ഇറങ്ങിപ്പോകുമ്പോൾ ത
ന്നേ അവൻെറ ദാസന്മാർ അവനെ എ
തിരേററ അവൻെറ മകൻ ജീവിച്ചിരി
ക്കുന്നു എന്ന പറഞ്ഞു.
൫൨ ആകയാൽ അവന്ന ഭേദം വന്ന
നാഴിക അവരോട്ട ചോദിച്ചാറെ: ഇന്ന
ലേ ഏഴമണിക്ക പനി വിട്ടുമാറി എന്ന
അവർ അവനോട്ട പറഞ്ഞു.
൫൩ ആകയാൽ നിൻെറ മകൻ ജീ
വിച്ചിരിക്കുന്നു എന്ന യേശു തന്നോട്ട പ
റഞ്ഞ നാഴികയിൽ തന്നേ എന്ന അപ്പൻ
അറിഞ്ഞു, അവനും അവൻെറ കുഡുംബം
ഒക്കെയും വിശ്വസിക്കയും ചെയ്തു.
൫൪ യേശു യഹൂദിയയിൽനിന്ന ഗ
ലീലയിൽ വന്നശേഷം ഇതു അവൻ ചെ
യ്ത രണ്ടാമത്തേ അടയാളം ആകുന്നു.

൫ാം അദ്ധ്യായം.

ഇതിൻെറ ശേഷം യഹൂദന്മാരുടെ ഒരു
പെരുനാൾ ഉണ്ടായിട്ട യേശു യരുശലേ
മിലേക്ക കരേറിപ്പോയി.
൨ ¶ എന്നാൽ യരുശലേമിൽ ആട്ടു
വാതില്ക്കൽ ബെഥെസ്ദാ എന്ന എബ്രായ
നാമമുള്ള ഒരു കുളം ഉണ്ട; അതിന്ന അ
ഞ്ചു മണ്ഡപങ്ങൾ ഉണ്ട.
൩ അവയിൽ വ്യാധിക്കാർ കുരുടർ മു
ടന്തർ ക്ഷയരോഗികൾ ഇങ്ങനെയുള്ളോ
രു വലിയ ജനക്കൂട്ടം [*വെള്ളത്തിൻെറ
ഇളക്കം കാത്തുകൊണ്ട] കിടന്നിരുന്നു.
൪ [*എന്തുകൊണ്ടെന്നാൽ ചിലപ്പോ
ൾ ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം
കലക്കും; വെള്ളം കലങ്ങിയശേഷം മുമ്പെ
ട്ടു ഇറങ്ങുന്നവൻ ഏതു വ്യാധിയാൽ പിടി
പ്പെട്ടിരുന്നാലും സൌഖ്യമായ്വരും.]
൫ എന്നാൽ മുപ്പത്തെട്ട ആണ്ട രോഗ
ത്തിൽ കഴിച്ചിട്ടുള്ള ഒരു മനുഷ്യൻ അവി
ടെ ഉണ്ടായിരുന്നു.
൬ അവൻ കിടക്കുന്നതിനെ യേശു ക
ണ്ട, ഇങ്ങനെ ഏറിയ കാലമായിരിക്കു
ന്നു എന്ന അറിഞ്ഞു: നിനക്ക സൌഖ്യമാ

* ഏററവും പുരാതനഗ്രന്ഥങ്ങളിൽ കാ
ണ്മാനില്ല.

കുവാൻ മനസ്സുണ്ടോ? എന്നു അവനോടു ചോദിക്കുന്നു.

൭ രോഗി അവനോടു ഉത്തരം പറഞ്ഞതു: യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു.

൮ യേശു അവനോടു: എഴുനീറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറയുന്നു.

൯ ഉടനെ ആ മനുഷ്യൻ സൌഖ്യമായി തന്റെ കിടക്ക എടുത്തുംകൊണ്ടു നടന്നു.

൧൦ ¶ എന്നാൽ ആ നാൾ ശബ്ബത്തുദിവസം ആയിരുന്നു. ആകയാൽ യഹൂദന്മാർ ആ സൌഖ്യപ്പെട്ടവനോടു: ശബ്ബത്തുദിവസം ആകുന്നു, കിടക്ക എടുക്കുന്നതു നിനക്കു വിഹിതമല്ല എന്നു പറഞ്ഞു.

൧൧ അവൻ അവരോടു ഉത്തരം പറഞ്ഞതു: എന്നെ സൌഖ്യമാക്കിയവൻ തന്നേ: നിന്റെ കിടക്ക എടുത്തു നടക്ക എന്നു എന്നോടു പറഞ്ഞു.

൧൨ അവർ അവനോടു: കിടക്ക എടുത്തു നടക്ക എന്നു നിന്നോടു പറഞ്ഞ മനുഷ്യൻ ആർ എന്നു ചോദിച്ചു.

൧൩ എന്നാൽ ആ സ്ഥലത്തു പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ടു അവൻ ആരെന്നു സൌഖ്യപ്പെട്ടവൻ അറിഞ്ഞില്ല.

൧൪ അനന്തരം യേശു അവനെ ദൈവാലയത്തിൽ വെച്ചു കണ്ടെത്തി അവനോടു: നോക്കു, നീ സൌഖ്യമായല്ലോ അധികം തിന്മയായുള്ളതു നിനക്കു സംഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുതു എന്നു പറഞ്ഞു.

൧൫ ആ മനുഷ്യൻ പോയി തന്നെ സൌഖ്യമാക്കിയതു യേശു ആകുന്നു എന്നു യഹൂദന്മാരോടു അറിയിച്ചു.

൧൬ ആകയാൽ യേശു ശബ്ബത്തിൽ ഇവ ചെയ്കകൊണ്ടു യഹൂദന്മാർ അവനെ ഉപദ്രവിച്ചു.

൧൭ എന്നാൽ യേശു അവരോടു: എന്റെ പിതാവു ഇതുവരെയും പ്രവൃത്തിക്കുന്നു, ഞാനും പ്രവൃത്തിക്കുന്നു എന്നു ഉത്തരം പറഞ്ഞു.

൧൮ ആകയാൽ അവൻ ശബ്ബത്തിനെ ലംഘിക്കകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവു എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കുകകൊണ്ടും, യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി അന്വേഷിച്ചുപോന്നു.

൧൯ ¶ ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രന്നു സ്വതേ ഒന്നും ചെയ്വാൻ കഴികയില്ല; എന്തുകൊണ്ടെന്നാൽ അവൻ എന്തു ചെയ്യുന്നുവോ അവയെ പുത്രനും അവ്വണ്ണം ചെയ്യുന്നു.

൨൦ എന്തുകൊണ്ടെന്നാൽ പിതാവു പുത്രനെ പ്രിയപ്പെടുകയും താൻ ചെയ്യുന്നവ ഒക്കെയും അവന്നു കാണിക്കയും ചെയ്യുന്നു; നിങ്ങൾ ആശ്ചൎയ്യപ്പെടുമാറു ഇവയിൽ വലിയ പ്രവൃത്തികളെയും അവന്നു കാണിക്കും.

൨൧ പിതാവു മരിച്ചവരെ ഉണൎത്തി ജീവിപ്പിക്കുന്നതുപോലെ തന്നേ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു.

൨൨ എന്തുകൊണ്ടെന്നാൽ പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നപ്രകാരം പുത്രനെയും ബഹുമാനിക്കേണ്ടതിന്നു തന്നേ.

൨൩ പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല.

൨൪ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ വരാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.

൨൫ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കു

ന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക
വരുന്നു ഇപ്പോൾ തന്നേയും ആകുന്നു.
൨൬ എന്തുകൊണ്ടെന്നാൽ പിതാവി
ന്നു തന്നിൽതന്നേ ജീവനുള്ളപ്രകാരം
അവൻ പുത്രന്നും തന്നിൽ തന്നേ ജീവ
നുള്ളവൻ ആകുമാറു നല്കി.
൨൭ അവൻ മനുഷ്യപുത്രൻ ആകയാ
ൽ ന്യായവിധി നടത്തുവാൻ അവന്നു അ
ധികാരം കൊടുത്തു.
൨൮ ഇതിങ്കൽ ആശ്ചൎയ്യപ്പെടേണ്ടാ; ക
ല്ലറകളിൽ ഉള്ളവർ എല്ലാവരും അവ
ന്റെ ശബ്ദം കേട്ടു,
൨൯ നന്മകൾ ചെയ്തവർ ജീവന്റെ
പുനരുത്ഥാനത്തിന്നായും തിന്മകൾ ചെ
യ്തവർ ന്യായവിധിയുടെ പുനരുത്ഥാന
ത്തിന്നായും പുറപ്പെടുവാനുള്ള നാഴിക
വരുന്നു.
൩൦ ¶ എനിക്കു സ്വതേ ഒന്നും ചെ
യ്വാൻ കഴിയുന്നതല്ല, ഞാൻ കേൾക്കുന്ന
പ്രകാരം ന്യായം വിധിക്കുന്നു; ഞാൻ എ
ന്റെ ഇഷ്ടം അല്ല എന്നെഅയച്ചവന്റെ
ഇഷ്ടമത്രേ അന്വേഷിക്കുന്നതുകൊണ്ടു എ
ന്റെ വിധി നീതിയുള്ളതു ആകുന്നു.
൩൧ എന്നെ കുറിച്ചു ഞാൻ തന്നേ
സാക്ഷ്യം പറഞ്ഞാൽ എന്റെ സാക്ഷ്യം
സത്യമുള്ളതല്ല.
൩൨ എന്നെ കുറിച്ചു സാക്ഷ്യം പറ
യുന്നവൻ മറെറാരുത്തൻ ഉണ്ടു; അവൻ
എന്നെ കുറിച്ചു പറയുന്ന സാക്ഷ്യം സ
ത്യമുള്ളതു എന്നു ഞാൻ അറിയുന്നു.
൩൩ നിങ്ങൾ യോഹന്നാന്റെ അടു
ക്കൽ ആളയച്ചു; അവനും സത്യത്തിന്നു
സാക്ഷ്യം പറഞ്ഞിരിക്കുന്നു.
൩൪ ഞാനോ മനുഷ്യനിൽനിന്നു സാ
ക്ഷ്യം വാങ്ങുന്നില്ല; നിങ്ങൾ രക്ഷിക്കപ്പെ
ടുവാനത്രേ ഇവ പറയുന്നതു.
൩൫ ആയവൻ ജ്വലിച്ചു വിളങ്ങുന്ന
വിളക്കു ആയിരുന്നു; നിങ്ങൾ തത്സമയ
ത്തേക്കു അവന്റെ വെളിച്ചത്തിൽ ഉല്ല
സിച്ചുകൊൾവാൻ ഇച്ഛിച്ചു.
൩൬ എന്നാൽ യോഹന്നാന്റേതിനേ
ക്കാളും വലിയ സാക്ഷ്യം എനിക്കു ഉണ്ടു;
എന്തുകൊണ്ടെന്നാൽ ഞാൻ തികെപ്പാനാ
യിട്ടു പിതാവു എനിക്കു തന്നിരിക്കുന്ന പ്ര
വൃത്തികൾ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ
തന്നേ പിതാവു എന്നെ അയച്ചു എന്നു
എന്നെ കുറിച്ചു സാക്ഷീകരിക്കുന്നു.
൩൭ എന്നെ അയച്ച പിതാവു താനും
എന്നെ കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കു
ന്നു; നിങ്ങൾ അവന്റെ ശബ്ദം ഒരു നാ
ളും കേട്ടിട്ടുമില്ല അവന്റെ രൂപം കണ്ടി
ട്ടുമില്ല.
൩൮ അവന്റെ വചനം നിങ്ങളുടെ
ഉള്ളിൽ വസിക്കുന്നതുമില്ല; അവൻ അ
യച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ല
ല്ലോ.
൩൯ നിങ്ങൾ തിരുവെഴുത്തുകളെ
ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾ
ക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നി
രൂപിക്കുന്നുവല്ലോ; അവ തന്നേ എനി
ക്കു സാക്ഷികൾ ആകുന്നു.
൪൦ എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാ
കേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ
നിങ്ങൾക്കു മനസ്സില്ല.
൪൧ മനുഷ്യരിൽനിന്നു ബഹുമാനം
ഞാൻ വാങ്ങുന്നില്ല.
൪൨ എന്നാൽ നിങ്ങൾക്കു ദൈവസ്നേ
ഹം ഉള്ളിൽ ഇല്ല എന്നു ഞാൻ നിങ്ങളെ
അറിഞ്ഞിരിക്കുന്നു.
൪൩ എന്റെ പിതാവിന്റെ നാമത്തി
ൽ ഞാൻ വന്നിട്ടു നിങ്ങൾ എന്നെ കൈ
ക്കൊള്ളുന്നില്ല, മറെറാരുത്തൻ തന്റെ
സ്വന്ത നാമത്തിൽ വന്നു എങ്കിൽ അവ
നെ നിങ്ങൾ കൈക്കൊള്ളും.
൪൪ തമ്മിൽ തമ്മിൽ ബഹുമാനം വാ
ങ്ങിക്കൊണ്ടു ഏകദൈവത്തിൽ നിന്നുള്ള
ബഹുമാനത്തെ അന്വേഷിക്കാത്ത നിങ്ങ
ൾക്കു എങ്ങനെ വിശ്വസിക്കാം?
൪൫ ഞാൻ പിതാവിന്റെ മുമ്പിൽ നി
ങ്ങളെ കുററം ചുമത്തും എന്നു നിങ്ങൾക്കു
തോന്നരുതു. നിങ്ങളെ കുററം ചുമത്തുന്ന
വൻ ഉണ്ടു, നിങ്ങൾ ആശ വെച്ചിരിക്കു
ന്ന മോശെ തന്നേ.
൪൬ എന്തുകൊണ്ടെന്നാൽ നിങ്ങൾ
മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെ
യും വിശ്വസിക്കുമായിരുന്നു: അവൻ എ
ന്നെ കുറിച്ചു എഴുതിയിരിക്കുന്നുവല്ലോ.

൪൭ എന്നാൽ അവന്റെ എഴുത്തുകളെ നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ മൊഴികളെ എങ്ങനെ വിശ്വസിക്കും?

൬ാം അദ്ധ്യായം.

അനന്തരം യേശു തിബെര്യ്യാസ് എന്ന ഗലീലക്കടലിന്റെ അക്കരെക്കു യാത്രയായി.

൨ അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടതുകൊണ്ടു ഒരു വലിയ പുരുഷാരം അവനെ പിന്തുടൎന്നു.

൩ യേശു മലയിൽ കരേറി ശിഷ്യന്മാരോടുകൂടെ അവിടെ ഇരുന്നു.

൪ എന്നാൽ യഹൂദന്മാരുടെ പെരുനാൾ ആകുന്ന പെസഹ അടുത്തിരുന്നു.

൫ ആകയാൽ യേശു കണ്ണുകളെ ഉയൎത്തി വലിയോരു പുരുഷാരം തന്റെ അടുക്കൽ വരുന്നപ്രകാരം കണ്ടിട്ടു ഫിലിപ്പൊസിനോടു പറയുന്നു: ഇവൎക്കു ഭക്ഷിപ്പാൻ നാം എവിടെനിന്നു അപ്പങ്ങൾ കൊള്ളേണ്ടു?

൬ എന്നാൽ താൻ ചെയ്വാൻ പോകുന്നതു എന്തെന്നു അറിഞ്ഞുകൊണ്ടു അവനെ പരീക്ഷിച്ചു പറഞ്ഞതത്രേ.

൭ ഫിലിപ്പൊസ് അവനോടു: ഓരോരുത്തന്നു അല്പമല്പം ലഭിക്കേണ്ടതിന്നു ഇരുനൂറു പണത്തിന്നു അപ്പം അവൎക്കു മതിയാകയില്ല എന്നു ഉത്തരം പറഞ്ഞു.

൮ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി ശിമോൻ പത്രൊസിന്റെ സഹോദരനാകുന്ന അന്ത്രയോസ് അവനോടു പറയുന്നു:

൯ ഇവിടെ ഒരു ബാലകൻ ഉണ്ടു; അവന്റെ പക്കൽ അഞ്ചു യവയപ്പവും രണ്ടു മീനും ഉണ്ടു എങ്കിലും ഇത്ര വളരെ പേൎക്കു അതു എന്തുള്ളു?

൧൦ ആളുകളെ ഇരുത്തുവിൻ എന്നു യേശു പറഞ്ഞു. എന്നാൽ ആ സ്ഥലത്തു വളരെ പുല്ലു ഉണ്ടായിരുന്നു; എണ്ണത്തിൽ അയ്യായിരത്തോളം പുരുഷന്മാർ ഇരിക്കയും ചെയ്തു.

൧൧ പിന്നെ യേശു അപ്പങ്ങളെ എടുത്തു, വാഴ്ത്തി ഇരുന്നവൎക്കു പങ്കിട്ടു കൊടുത്തു; അപ്രകാരം മീനിലും അവൎക്കു വേണ്ടുന്നേടത്തോളം കൊടുത്തു.

൧൨ അവൎക്കു തൃപ്തിയായ ശേഷം തന്റെ ശിഷ്യന്മാരോടു: ശേഷിച്ച കഷണങ്ങൾ ഒന്നും നഷ്ടമാകാതവണ്ണം കൂട്ടിക്കൊൾവിൻ എന്നു പറയുന്നു.

൧൩ ആകയാൽ അവർ കൂട്ടി, അഞ്ചു യവയപ്പങ്ങളിൽനിന്നു ഭക്ഷിച്ചവൎക്കു ശേഷിച്ച കഷണങ്ങൾകൊണ്ടു പന്ത്രണ്ടുകൊട്ട നിറെക്കയും ചെയ്തു.

൧൪ ആകയാൽ അവൻ ചെയ്ത അടയാളം ജനങ്ങൾ കണ്ടിട്ടു ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു.

൧൫ ¶ ആകയാൽ യേശു തന്നെ രാജാവാക്കേണ്ടതിന്നു അവർ വന്നു തന്നെ പിടിച്ചുകൊണ്ടു പോകുവാൻ ഭാവിക്കുന്നു എന്നു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി:

൧൬ ¶ സന്ധ്യയായപ്പോൾ അവന്റെ ശിഷ്യന്മാർ കടല്പുറത്തേക്കു ഇറങ്ങി,

൧൭ ഒരു പടകിൽ കയറി കടലക്കരെ കപ്പൎന്നഹൂമിലേക്കു പോകയായിരുന്നു; ഇരുട്ടായ ശേഷവും യേശു അവരുടെ അടുക്കൽ വന്നില്ല.

൧൮ കൊടുങ്കാററു അടിച്ചിട്ടു കടൽ പൊങ്ങി വന്നു.

൧൯ എന്നിട്ടു അവർ ഇരുപത്തഞ്ചോ മുപ്പതോ സ്ഥാദി ദൂരത്തോളം വലിച്ചശേഷം കടലിന്മേൽ യേശു നടന്നു പടകിനോടു സമീപിക്കുന്നതു കണ്ടു ഭയപ്പെട്ടു.

൨൦ എന്നാൽ അവൻ അവരോടു: ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ എന്നു പറയുന്നു.

൨൧ അപ്പോൾ അവനെ പടകിൽ കരേററുവാൻ അവർ ഇച്ഛിച്ചു; പടകു അവർ പോകുന്ന ദേശത്തിൽ ഉടനെ എത്തുകയും ചെയ്തു.

൨൨ ¶ പിറേറന്നാൾ കടലക്കരെ നില്ക്കുന്ന പുരുഷാരം ഒരു പടകു ഒഴികെ അവിടെ വേറെ ഇല്ലാഞ്ഞു എന്നും യേശു തന്റെ ശിഷ്യന്മാരോടുകൂടെ പടകിൽ കയറാതെ ശിഷ്യന്മാർ മാത്രം പോയി എന്നും കണ്ടു.

൨൩ എങ്കിലും കൎത്താവു വാഴ്ത്തിയശേ
ഷം അവർ അപ്പം ഭക്ഷിച്ച സ്ഥലത്തി
ന്നരികേ തിബെൎയ്യാസിൽനിന്നു ചെറു
പടകുകൾ എത്തിയിരുന്നു.
൨൪ ആകയാൽ യേശു അവിടെ ഇല്ല
അവന്റെ ശിഷ്യന്മാരും ഇല്ല എന്നു പുരു
ഷാരം കണ്ടപ്പോൾ തങ്ങളും പടകുകളി
ൽ കയറി, യേശുവിനെ തിരഞ്ഞുകൊ
ണ്ടു കപ്പൎന്നഹൂമിൽ വന്നു.
൨൫ കടലക്കരേ അവനെ കണ്ടെത്തി
യപ്പോൾ: റബ്ബീ, നീ എപ്പോൾ ഇവിടെ
വന്നു? എന്നു ചോദിച്ചു.
൨൬ യേശു ഉത്തരം പറഞ്ഞു: സത്യ
മായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ അടയാളങ്ങളെ ക
ണ്ടതിനാൽ അല്ല അപ്പങ്ങളിൽനിന്നു ഭ
ക്ഷിച്ചു തൃപ്തരായതു കൊണ്ടത്രേ എന്നെ
അന്വേഷിക്കുന്നതു.
൨൭ അഴിഞ്ഞുപോകുന്ന ആഹാരത്തി
ന്നായിട്ടല്ല നിത്യജീവങ്കലേക്കു നിലനി
ല്ക്കുന്ന ആഹാരത്തിന്നായിട്ടു തന്നേ പ്ര
വൃത്തിപ്പിൻ; അതിനെ മനുഷ്യപുത്രൻ
നിങ്ങൾക്കു തരും. ഇവനെ അല്ലോ ദൈ
വമായ പിതാവു മുദ്രയിട്ടിരിക്കുന്നു.
൨൮ ആകയാൽ അവർ അവനോടു:
ഞങ്ങൾ ദൈവത്തിന്റെ പ്രവൃത്തികളെ
പ്രവൃത്തിക്കേണ്ടതിന്നു എന്തു ചെയ്യേണം
എന്നു ചോദിച്ചു.
൨൯ യേശു അവരോടു: ദൈവത്തി
ന്റെ പ്രവൃത്തി എന്നതു അവൻ അയ
ച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ
ആകുന്നു എന്നു ഉത്തരം പറഞ്ഞു.
൩൦ ആകയാൽ അവർ അവനോടു
പറഞ്ഞു: ഞങ്ങൾ കണ്ടു നിന്നെ വിശ്വ
സിക്കേണ്ടതിന്നു നീ എന്തു അടയാളം
ചെയ്യുന്നു? നീ എന്തു പ്രവൃത്തിക്കുന്നു?
൩൧ ഞങ്ങളുടെ പിതാക്കന്മാർ മരുഭൂ
മിയിൽ മന്ന ഭക്ഷിച്ചുവല്ലോ; അവൎക്കു ഭ
ക്ഷിപ്പാൻ സ്വൎഗ്ഗത്തിൽനിന്നു അപ്പംകൊ
ടുത്തു എന്നു എഴുതിയിരിക്കുന്ന പ്രകാരം
തന്നേ.
൩൨ ആകയാൽ യേശു അവരോടു
പറഞ്ഞു: സത്യമായിട്ടു സത്യമായിട്ടു
ഞാൻ നിങ്ങളോടു പറയുന്നു: സ്വൎഗ്ഗത്തി
ൽ നിന്നുള്ള അപ്പം മോശെയല്ല നിങ്ങൾ
ക്കു തന്നതു, എങ്കിലോ എന്റെ പിതാവു
സ്വൎഗ്ഗത്തിൽനിന്നു സത്യമായുള്ള അപ്പം
നിങ്ങൾക്കു തരുന്നു.
൩൩ ദൈവത്തിന്റെ അപ്പം എന്ന
തോ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങി വന്നു
ലോകത്തിന്നു ജീവനെ കൊടുക്കുന്നതു
ആകുന്നു.
൩൪ അവർ അവനോടു: കൎത്താവേ,
ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണ
മേ എന്നു പറഞ്ഞു.
൩൫ യേശു അവരോടു പറഞ്ഞതു:
ഞാൻ ജീവന്റെ അപ്പം ആകുന്നു; എ
ന്റെ അടുക്കൽ വരുന്നവന്നു വിശക്കയി
ല്ല, എന്നിൽ വിശ്വസിക്കുന്നവന്നു ഒരു
നാളും ദാഹിക്കയുമില്ല.
൩൬ എങ്കിലും നിങ്ങൾ എന്നെ ക
ണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ
നിങ്ങളോടു പറഞ്ഞുവല്ലോ.
൩൭ പിതാവു എനിക്കു തരുന്നതു ഒ
ക്കെയും എന്റെ അടുക്കൽ വരും; എന്റെ
അടുക്കൽ വരുന്നവനെ ഞാൻ പുറത്തു ത
ള്ളിക്കളകയുമില്ല.
൩൮ എന്തുകൊണ്ടെന്നാൽ ഞാൻ എ
ന്റെ ഇഷ്ടം അല്ല എന്നെ അയച്ചവ
ന്റെ ഇഷ്ടമത്രേ ചെയ്വാൻ സ്വൎഗ്ഗത്തിൽ
നിന്നു ഇറങ്ങി വന്നിരിക്കുന്നതു.
൩൯ അവൻ എനിക്കു തന്നതിൽ ഒ
ന്നും ഞാൻ കളയാതെ, എല്ലാം ഒടുക്കത്തെ
നാളിൽ ഉയിൎത്തെഴുനീല്പിക്കേണം എന്നു
എന്നെ അയച്ചവന്റെ ഇഷ്ടം ആകുന്നു.
൪൦ പുത്രനെ നോക്കിക്കൊണ്ടു അവനി
ൽ വിശ്വസിക്കുന്നവന്നു എല്ലാം നിത്യജീ
വൻ ഉണ്ടാകേണമെന്നു എന്റെ പിതാ
വിന്റെ ഇഷ്ടം ആകുന്നു; ആയവനെ
ഞാൻ ഒടുക്കത്തെ നാളിൽ ഉയിൎത്തെഴുനീ
ല്പിക്കയും ചെയ്യും.
൪൧ ¶ ആകയാൽ ഞാൻ സ്വൎഗ്ഗത്തി
ൽനിന്നു ഇറങ്ങി വന്ന അപ്പം ആകുന്നു
എന്നു അവൻ പറഞ്ഞതിനാൽ യഹൂദ
ന്മാർ അവനെ കുറിച്ചു പിറുപിറുത്തു:
൪൨ ഇവൻ യോസേഫിന്റെ പുത്ര
നായ യേശു അല്ലയോ? അവന്റെ അ
പ്പനെയും അമ്മയെയും നാം അറിയുന്നു

വല്ലോ; പിന്നെ ഞാൻ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങി വന്നു എന്നു അവൻ ഇപ്പോൾ പറയുന്നതു എങ്ങനെ? എന്നു അവർ പറഞ്ഞു.

൪൩ യേശു അവരോടു ഉത്തരം പറഞ്ഞതു: നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ടാ.

൪൪ എന്നെ അയച്ച പിതാവു ആകൎഷിച്ചിട്ടല്ലാതെ ആൎക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിൎത്തെഴുനീല്പിക്കും.

൪൫ എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചകന്മാരിൽ എഴുതിയിരിക്കുന്നു; പിതാവിൽനിന്നു കേട്ടു പഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരുന്നു.

൪൬ വല്ലവനും പിതാവിനെ കണ്ടിട്ടുണ്ടു എന്നല്ല, ദൈവത്തിന്റെ പക്കൽനിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു.

൪൭ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു.

൪൮ ഞാൻ ജീവന്റെ അപ്പം ആകുന്നു.

൪൯ നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിക്കയും അവർ മരിക്കയും ചെയ്തു.

൫൦ ഇതു ആരെങ്കിലും ഭക്ഷിച്ചാൽ മരിക്കാതിരിക്കേണ്ടതിന്നു സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങുന്ന അപ്പം ആകുന്നു.

൫൧ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവന്നു വേണ്ടി എന്റെ മാംസം ആകുന്നു.

൫൨ ¶ ആകയാൽ യഹൂദന്മാർ: ഇവൻ തന്റെ മാംസം നമുക്കു ഭക്ഷിക്കേണ്ടതിന്നു എങ്ങനെ തരുവാൻ കഴിയും എന്നു പറഞ്ഞു തങ്ങളിൽ കലഹിച്ചു.

൫൩ അപ്പോൾ യേശു അവരോടു പറഞ്ഞതു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നേ ജീവൻ ഇല്ല.

൫൪ എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന്നു നിത്യജീവൻ ഉണ്ടു; ഞാൻ ഒടുക്കത്തേ നാളിൽ അവനെ ഉയിൎത്തെഴുനീല്പിക്കും.

൫൫ എന്തുകൊണ്ടെന്നാൽ എന്റെ മാംസം സാക്ഷാൽ ഭക്ഷണം ആകുന്നു, എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു.

൫൬ എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

൫൭ ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവു മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.

൫൮ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പം ഇതു ആകുന്നു; പിതാക്കന്മാർ ഭക്ഷിക്കയും മരിക്കയും ചെയ്തതുപോലെ അല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.

൫൯ അവൻ കഫൎന്നഹൂമിൽ ഉപദേശിക്കുമ്പോൾ ഇവ പള്ളിയിൽ വെച്ചു പറഞ്ഞു.

൬൦ ¶ ആകയാൽ അവന്റെ ശിഷ്യന്മാർ പലരും കേട്ടിട്ടു: ഇതു കഠിനവാക്കു ഇതു ആൎക്കു കേൾപ്പാൻ കഴിയും എന്നു പറഞ്ഞു.

൬൧ എന്നാൽ ശിഷ്യന്മാർ അതിനെ ചൊല്ലി പിറുപിറുക്കുന്നതു യേശു തന്നിൽ തന്നേ അറിഞ്ഞു അവരോടു പറഞ്ഞു: ഇതു നിങ്ങളെ ഇടറിക്കുന്നുവോ?

൬൨ മനുഷ്യപുത്രൻ പൂൎവ്വത്തിൽ ഇരുന്നേടത്തേക്കു കരേറിപോകുന്നതു നിങ്ങൾ കണ്ടാലോ?

൬൩ ജീവിപ്പിക്കുന്നതു ആത്മാവു ആകുന്നു; മാംസം ഒന്നിന്നും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിട്ടുള്ള മൊഴികൾ ആത്മാവു ആകുന്നു, ജീവനും ആകുന്നു.

൬൪ എങ്കിലും വിശ്വസിക്കാത്തവർ നി
ങ്ങളുടെ ഇടയിൽ ഉണ്ടു; എന്തുകൊണ്ടെ
ന്നാൽ വിശ്വസിക്കാത്തവർ ഇന്നവർ എ
ന്നും തന്നെ കാണിച്ചു കൊടുക്കുന്നവൻ
ഇന്നവൻ എന്നും യേശു ആദിമുതൽ അ
റിഞ്ഞിരുന്നു.
൬൫ പിന്നെ അവൻ പറഞ്ഞു: ഇതു
ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോടു: പി
താവിനാൽ നല്കപ്പെട്ടിട്ടല്ലാതെ ആൎക്കും
എന്റെ അടുക്കൽ വരുവാൻ കഴികയില്ല
എന്നു പറഞ്ഞതു.
൬൬ ¶ അതു ഹേതുവായിട്ടു അവ
ന്റെ ശിഷ്യന്മാരിൽ പലരും പിന്നോക്കം
വാങ്ങിപ്പോയി; അവനോടു കൂടെ പി
ന്നെ സഞ്ചരിച്ചതുമില്ല.
൬൭ ആകയാൽ യേശു പന്തിരുവ
രോടു: നിങ്ങളും പൊയ്ക്കൊൾവാൻ ഇച്ഛിക്കു
ന്നുവോ? എന്നു ചോദിച്ചു.
൬൮ ശിമോൻ പേത്രൊസ് അവനോ
ടു ഉത്തരം പറഞ്ഞതു: കൎത്താവേ, ഞങ്ങ
ൾ ആരുടെ അടുക്കൽ പോകും? നിത്യജീ
വന്റെ മൊഴികൾ നിന്റെ പക്കൽ അ
ല്ലോ ഉള്ളതു.
൬൯ നീ ദൈവത്തിന്റെ പരിശുദ്ധ
ൻ ആകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചും
അറിഞ്ഞും ഇരിക്കുന്നു.
൭൦ യേശു അവരോടു ഉത്തരം പറ
ഞ്ഞതു: നിങ്ങൾ പന്തിരുവരെ ഞാൻ തെ
രിഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളി
ൽ ഒരുത്തൻ ഒരു പിശാചു ആകുന്നു.
൭൧ ഇതു അവൻ ശിമോൻ ഇസ്കൎയ്യോ
ത്താവിന്റെ പുത്രനായ യൂദാവിനെ കു
റിച്ചത്രേ പറഞ്ഞതു; എന്തുകൊണ്ടെന്നാ
ൽ പന്തിരുവരിൽ ഒരുത്തനായ ഇവൻ
അവനെ കാണിച്ചു കൊടുപ്പാൻ ഉള്ളവൻ
ആയിരുന്നു.

൭ാം അദ്ധ്യായം.

ഇവയുടെ ശേഷം യേശു ഗലീലയിൽ
സഞ്ചരിച്ചു; എന്തുകൊണ്ടെന്നാൽ യഹൂദ
ന്മാർ അവനെ കൊല്ലുവാൻ അന്വേഷി
ച്ചതുകൊണ്ടു യഹൂദിയയിൽ സഞ്ചരിപ്പാ
ൻ അവന്നു മനസ്സില്ലാഞ്ഞു.
൨ എന്നാൽ യഹൂദന്മാരുടെ ഒരു പെ
രുനാളാകുന്ന കൂടാരപ്പെരുനാൾ അടുത്തി
രുന്നു.
൩ ആകയാൽ അവന്റെ സഹോദര
ന്മാർ അവനോടു: നീ ചെയ്യുന്ന പ്രവൃ
ത്തികളെ നിന്റെ ശിഷ്യന്മാരും കാണേ
ണ്ടതിന്നു ഇവിടം വിട്ടു യഹൂദിയയിലേ
ക്കു പോക.
൪ പ്രസിദ്ധൻ ആകുവാൻ അന്വേഷി
ക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും
ചെയ്യുന്നില്ലല്ലോ; നീ ഇവ ചെയ്യുന്നു എ
ങ്കിൽ ലോകത്തിന്നു നിന്നെ തന്നേ വെ
ളിപ്പെടുത്തുക എന്നു പറഞ്ഞു.
൫ എന്തുകൊണ്ടെന്നാൽ അവന്റെ
സഹോദരന്മാരും അവനിൽ വിശ്വസി
ച്ചില്ല.
൬ ആകയാൽ യേശു അവരോടു പ
റയുന്നു: എന്റെ സമയം ഇതുവരെയും
വന്നിട്ടില്ല, നിങ്ങൾക്കോ എല്ലായ്പോഴും
സമയം തന്നേ.
൭ ലോകത്തിന്നു നിങ്ങളെ പകെപ്പാ
ൻ കഴിയുന്നതല്ല; എന്നാൽ അതിന്റെ
പ്രവൃത്തികൾ ദോഷമുള്ളവ ആകുന്നു എ
ന്നു ഞാൻ അതിനെ കുറിച്ചു സാക്ഷ്യം പ
റയുന്നതുകൊണ്ടു അതു എന്നെ പകെ
ക്കുന്നു.
൮ നിങ്ങൾ പെരുനാളിന്നു കയറി
പ്പോകുവിൻ; എന്റെ സമയം ഇതുവരെ
യും നിവൃത്തി വന്നിട്ടില്ലായ്കകൊണ്ടു ഞാ
ൻ ഈ പെരുനാളിന്നു ഇപ്പോൾ കയറി
പ്പോകുന്നില്ല.
൯ ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗ
ലീലയിൽ തന്നേ പാൎത്തു.
൰ ¶ പിന്നെ അവന്റെ സഹോദ
രന്മാർ പെരുനാളിന്നു കയറിപ്പോയ ശേ
ഷം അവനും കയറിപ്പോയി; പരസ്യമാ
യിട്ടല്ല രഹസ്യത്തിൽ എന്നപോലെ അ
ത്രേ.
൧൧ ആകയാൽ യഹൂദന്മാർ അവൻ
എവിടെ? എന്നു ചോദിച്ചു അവനെ പെ
രുനാളിൽ അന്വേഷിച്ചു.
൧൨ പുരുഷാരങ്ങളിൽ അവനെ കുറി
ച്ചു വളരെ പിറുപിറുപ്പു ഉണ്ടായി; അ
വൻ നല്ലവൻ എന്നു ചിലരും, അല്ല അ

വൻ പുരുഷാരത്തെ വഞ്ചിക്കുന്നു എന്നു മറ്റു ചിലരും പറഞ്ഞു.

൧൩ എങ്കിലും യഹൂദന്മാരെയുള്ള ഭയം നിമിത്തം ആരും പ്രസിദ്ധമായി അവനെ കുറിച്ചു സംസാരിച്ചില്ല.

൧൪ ¶ എന്നാൽ പെരുനാൾ പാതി കഴിഞ്ഞശേഷം യേശു ദൈവാലയത്തിലേക്കു കയറിച്ചെന്നു ഉപദേശിച്ചു.

൧൫ ഇവൻ പഠിച്ചിട്ടില്ലാത്തവൻ ആയിരിക്കേ വിദ്യകൾ എങ്ങനെ അറിയുന്നു എന്നു യഹൂദന്മാർ പറഞ്ഞു ആശ്ചൎയ്യപ്പെട്ടു.

൧൬ ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു: എന്റെ ഉപദേശം എന്റേതല്ല എന്നെ അയച്ചവന്റേതത്രേ.

൧൭ അവന്റെ ഇഷ്ടം ചെയ്വാൻ ഒരുത്തൻ ഇച്ഛിക്കുന്നു എങ്കിൽ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ എന്നു അവൻ അറിയും.

൧൮ സ്വയമായി പറയുന്നവൻ സ്വന്തമഹത്വത്തെ അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു, നീതികേടു അവനിൽ ഇല്ല.

൧൯ മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടില്ലയോ? എങ്കിലും നിങ്ങളിൽ ആരും ന്യായപ്രമാണത്തെ ആചരിക്കുന്നില്ല. നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതു എന്തു?

൨൦ പുരുഷാരം ഉത്തരം പറഞ്ഞതു: നിനക്കു ഒരു ഭൂതം ഉണ്ടു; ആർ നിന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു?

൨൧ യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ ഒരു പ്രവൃത്തി ചെയ്തു, അതിനെക്കൊണ്ടു നിങ്ങൾ എല്ലാവരും ആശ്ചൎയ്യപ്പെടുന്നു.

൨൨ മോശെ നിങ്ങൾക്കു പരിഛേദന നല്കിയിരിക്കുന്നു—അതു മോശെയിൽനിന്നു എന്നല്ല പിതാക്കന്മാരിൽ നിന്നത്രേ—നിങ്ങൾ ശബ്ബതിൽ മനുഷ്യനെ പരിഛേദന കഴിക്കയും ചെയ്യുന്നു.

൨൩ മോശെയുടെ ന്യായപ്രമാണത്തിന്നു നീക്കം വരാതിരിപ്പാൻ ശബ്ബതിലും മനുഷ്യൻ പരിഛേദന ഏല്ക്കുന്നു എങ്കിൽ ഞാൻ ശബ്ബതിൽ ഒരു മനുഷ്യനെ അശേഷം സൌഖ്യമാക്കിയതിനാൽ എന്നോടു ഈൎഷ്യപ്പെടുന്നുവോ?

൨൪ കാഴ്ചപ്രകാരം വിധിക്കരുതു നീതിയുള്ള വിധി വിധിപ്പിൻ.

൨൫ ¶ എന്നാറെ യരുശലേമ്യരിൽ ചിലർ പറഞ്ഞു: അവർ കൊല്ലുവാൻ അന്വേഷിക്കുന്നവൻ ഇവൻ അല്ലയോ?

൨൬ ഇതാ അവൻ ധൈൎയ്യത്തോടെ സംസാരിക്കുന്നു; അവർ അവനോടു ഒന്നും പറയുന്നില്ല; പക്ഷേ ഇവൻ ക്രിസ്തു തന്നേ എന്നു പ്രമാണികൾ യഥാൎത്ഥമായി അറിയുന്നുവോ?

൨൭ എങ്കിലും ഇവൻ എവിടെ നിന്നു ആകുന്നു എന്നു നാം അറിയുന്നു; ക്രിസ്തു വരുമ്പോഴോ അവൻ എവിടെ നിന്നു എന്നു ആരും അറികയില്ല.

൨൮ ആകയാൽ യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ വിളിച്ചു പറഞ്ഞതു: നിങ്ങൾ എന്നെയും അറിയുന്നു, ഞാൻ എവിടെ നിന്നെന്നും അറിയുന്നു. ഞാൻ സ്വയമായിട്ടല്ല വന്നതു; എന്നാൽ എന്നെ അയച്ചവൻ സത്യമുള്ളവൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല.

൨൯ ഞാൻ അവങ്കൽനിന്നു ആകകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു.

൩൦ ആകയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു, എങ്കിലും അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കയാൽ ആരും അവന്റെമേൽ കൈകളെ വെച്ചില്ല.

൩൧ എന്നാൽ പുരുഷാരത്തിൽ പലരും: ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളങ്ങളെ ചെയ്യുമോ എന്നു പറഞ്ഞു അവനിൽ വിശ്വസിച്ചു.

൩൨ പുരുഷാരം അവനെ കുറിച്ചു ഇങ്ങനെ പിറുപിറുക്കുന്നു എന്നു പറിശന്മാർ കേട്ടാറെ അവനെ പിടിക്കേണ്ടതിന്നു മഹാപുരോഹിതന്മാരും പറിശന്മാരും ചേവകരെ അയച്ചു.

൩൩ ആകയാൽ യേശു പറഞ്ഞു: ഞാൻ ഇനി കുറഞ്ഞോരു സമയം നിങ്ങളോടു

കൂടെ ഇരിക്കുന്നു; പിന്നെ എന്നെ അയ
ച്ചവൻെറ അടുക്കൽ പോകുന്നു.
൩൰൪ നിങ്ങൾ എന്നെ അന്വേഷിക്കും
എന്നെ കണ്ടെത്തുകയില്ല താനും; ഞാൻ
ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ
കഴികയുമില്ല.
൩൰൫ അതുകൊണ്ടു യഹൂദന്മാർ തമ്മി
ൽ പറഞ്ഞതു: നാം കണ്ടെത്താതവണ്ണം
ഇവൻ എവിടേക്കു പോകുവാൻ ഭാവിക്കു
ന്നു? യവനന്മാരുടെ ഇടയിൽ ചിതറിപ്പാ
ൎക്കുന്നവരുടെ അടുക്കേ പോയി യവന
ൎക്കു ഉപദേശിപ്പാൻ ഭാവമോ?
൩൰൬ നിങ്ങൾ എന്നെ അന്വേഷിക്കും
എന്നെ കണ്ടെത്തുകയില്ല താനും, ഞാൻ
ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ ക
ഴികയുമില്ല എന്നു ഈ പറഞ്ഞ വാക്കു എ
ന്തു?
൩൰൭ ¶ പെരുനാളിൻെറ മഹാദിന
മായ ഒടുക്കത്തെ നാളിൽ യേശു നിന്നു
കൊണ്ടു വിളിച്ചു പറഞ്ഞു: ആൎക്കു ദാഹി
ക്കുന്നുവോ അവൻ എൻെറ അടുക്കൽ വ
ന്നു കുടിക്കട്ടെ.
൩൰൮ എന്നിൽ വിശ്വസിക്കുന്നവനോ,
തിരുവെഴുത്തു പറഞ്ഞപ്രകാരം, ജീവ
വെള്ളത്തിൻെറ നദികൾ അവൻെറ വ
യററിൽനിന്നു ഒഴുകും.
൩൰൯ എന്നാൽ ഇതു തന്നിൽ വിശ്വ
സിച്ചവൎക്കു ലഭിപ്പാനുള്ള ആത്മാവിനെ
കുറിച്ചു പറഞ്ഞു; എന്തുകൊണ്ടെന്നാൽ
യേശു അതുവരെയും മഹത്വപ്പെട്ടിട്ടില്ലാ
യ്കയാൽ ആത്മാവു നല്കപ്പെട്ടിരുന്നില്ല.
൪൰ പുരുഷാരത്തിൽ പലരും ആ വാ
ക്കു കേട്ടാറെ: ഇവൻ സാക്ഷാൽ ആ പ്ര
വാചകൻ ആകുന്നു എന്നു പറഞ്ഞു.
൪൰൧ വേറെ ചിലർ: ഇവൻ ക്രിസ്തു ത
ന്നേ എന്നും, മററു ചിലർ: ഗലീലയി
ൽ നിന്നോ ക്രിസ്തു വരുന്നതു?
൪൰൨ ദാവീദിൻെറ സന്തതിയിൽനി
ന്നും ദാവീദ് ഇരുന്ന ഗ്രാമമായ ബെത്ല
ഹേമിൽനിന്നും ക്രിസ്തു വരുന്നു എന്നു തി
രുവെഴുത്തു പറയുന്നില്ലയോ എന്നും പ
റഞ്ഞു.
൪൰൩ അങ്ങനെ പുരുഷാരത്തിൽ അവ
നെ ചൊല്ലി ഭിന്നത ഉണ്ടാകയും ചെയ്തു.
൪൰൪ അവരിൽ ചിലർ അവനെ പി
ടിപ്പാൻ ഇച്ഛിച്ചു എങ്കിലും ആരും അവ
ൻെറമേൽ കൈകളെ വെച്ചില്ല.
൪൰൫ ¶ ആകയാൽ ആ ചേവകർ മ
ഹാപുരോഹിതന്മാരുടെയും പരീശന്മാരു
ടെയും അടുക്കൽ വന്നു; അവർ അവരോ
ടു: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതു
എന്തു എന്നു ചോദിച്ചു.
൪൰൬ ഇതുപോലെ മനുഷ്യൻ ഒരുനാ
ളും സംസാരിച്ചിട്ടില്ല എന്നു ചേവകർ
ഉത്തരം പറഞ്ഞു.
൪൰൭ പരീശന്മാർ അവരോടു: നിങ്ങ
ളും വഞ്ചിക്കപ്പെട്ടുവോ?
൪൰൮ പ്രമാണികളിൽ ആകട്ടെ പരീ
ശരിൽ ആകട്ടെ ഒരുത്തൻ എങ്കിലും അ
വനിൽ വിശ്വസിച്ചിട്ടുണ്ടോ?
൪൰൯ എന്നാൽ ന്യായപ്രമാണത്തെ അ
റിയാത്ത പുരുഷാരം ശപിക്കപ്പെട്ടവരാ
കുന്നു എന്നു ഉത്തരം പറഞ്ഞു.
൫൰ അവരിൽ ഒരുത്തനായി, മുമ്പേ
അവൻെറ അടുക്കൽ വന്നിരുന്ന നിക്കൊ
ദേമൊസ് അവരോടു:
൫൰൧ ഒരു മനുഷ്യൻെറ വാമൊഴി ആ
ദ്യം കേട്ടു അവൻ ചെയ്യുന്നതു ഇന്നതു എ
ന്നു അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്ര
മാണം അവനെ വിധിക്കുന്നുവോ എന്നു
പറയുന്നു.
൫൰൨ അവർ അവനോടു: നീയും ഗ
ലീലക്കാരൻ ആകുന്നുവോ? പരിശോധി
ച്ചു കാണ്ക: ഗലീലയിൽനിന്നു പ്രവാച
കൻ എഴുനീല്ക്കുന്നില്ലല്ലൊ എന്നു ഉത്തരം
പറഞ്ഞു.
*൫൰൩ [പിന്നെ ഓരോരുത്തൻ താന്താ
ൻെറ വീട്ടിലേക്കു പോയി.

൮ാം അദ്ധ്യായം.

യേശു ഒലീവ് മലയിലേക്കു പോയി.
൨ അതികാലത്തു അവൻ പിന്നെ
യും ദൈവാലയത്തിൽ എത്തി, ജനം ഒ
ക്കെയും അവൻെറ അടുക്കൽ വന്നു; അ
വൻ ഇരുന്നു അവരെ ഉപദേശിച്ചു.

* ൭. ൫൰൩ മുതൽ ൮. ൧൰൧ വരെ മിക്ക പു
രാതന ലിഖിതങ്ങളിൽ കാണ്മാനില്ല.

൩ എന്നാൽ ശാസ്ത്രികളും പരീശരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ കൊണ്ടവന്ന നടുവിൽ നിറുത്തീട്ട,

൪ അവനോട്ട പറയുന്നു: ഗുരോ, ഈ സ്ത്രീ വ്യഭിചാരം ചെയ്യുന്ന ക്രിയയിൽ തന്നേ പിടിക്കപ്പെട്ടു.

൫ ഇങ്ങനെയുള്ളവരെ കല്ലെറിയെണം എന്ന മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോട്ട കല്പിച്ചിരിക്കുന്നു; എന്നാൽ നീ ഇവളെ കുറിച്ച എന്ത പറയുന്നു?

൬ ഇതു അവനിൽ കുററം ചുമത്തുവാൻ സംഗതി ഉണ്ടാകേണ്ടതിന്ന അവനെ പരീക്ഷിച്ചുകൊണ്ട പറഞ്ഞു. യേശുവോ താഴോട്ടു കുനിഞ്ഞു വിരൽകൊണ്ട നിലത്തു എഴുതിക്കൊണ്ടിരുന്നു.

൭ എന്നാൽ അവർ അവനോട്ട ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിവിന്നു: നിങ്ങളിൽ പാപമില്ലാത്തവൻ അവളുടെമേൽ ഒന്നാമതു കല്ല എറിയട്ടെ എന്ന അവരോട്ട പറഞ്ഞു.

൮ പിന്നെയും താഴോട്ടു കുനിഞ്ഞു വിരൽകൊണ്ട നിലത്തിൽ എഴുതിക്കൊണ്ടിരുന്നു.

൯ അവർ കേട്ടിട്ടു മൂത്തവർ മുതൽ ഇളയവർ വരെയും ഓരോരുത്തനായി പുറപ്പെട്ടു പോയി. യേശു മാത്രവും നടുവിലായിരുന്ന സ്ത്രീയും ശേഷിച്ചു.

൰ എന്നാൽ യേശു നിവിന്നു അവളോട്ടു: സ്ത്രീയേ, അവർ എവിടെ? നിനക്ക ആരും ശിക്ഷ വിധിച്ചില്ലയോ എന്ന പറഞ്ഞു.

൰൧ ആരും ഇല്ല, കൎത്താവേ, എന്ന അവൾ പറഞ്ഞു. ഞാനും നിനക്ക ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുതു എന്ന യേശു പറഞ്ഞു.]

൰൨ ¶ പിന്നെയും യേശു അവരോട്ടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ പിന്തുടരുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്ന പറഞ്ഞു.

൰൩ ആകയാൽ പരീശന്മാർ അവനോട്ടു: നീ നിന്നെക്കുറിച്ച തന്നേ സാക്ഷ്യം പറയുന്നു; നിന്റെ സാക്ഷ്യം സത്യമല്ല എന്ന പറഞ്ഞു.

൰൪ യേശു അവരോട്ട ഉത്തരം പറഞ്ഞതു: ഞാൻ എന്നെക്കുറിച്ച തന്നെ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ എവിടെനിന്ന വന്നു എന്നും എവിടേക്ക പൊകുന്നു എന്നും ഞാൻ അറിയുന്നു; എന്നാൽ നിങ്ങൾ, ഞാൻ എവിടെനിന്ന വന്നു എന്നോ എവിടേക്ക പോകുന്നു എന്നോ അറിയുന്നില്ല.

൰൫ നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല.

൰൬ ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു.

൰൭ രണ്ട മനുഷ്യരുടെ സാക്ഷ്യം സത്യമുള്ളതു എന്ന നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതിയിരിക്കുന്നുവല്ലോ.

൰൮ ഞാൻ എന്നെക്കുറിച്ച തന്നേ സാക്ഷ്യം പറയുന്നവൻ ആകുന്നു; എന്നെ അയച്ച പിതാവും എന്നെക്കുറിച്ച സാക്ഷ്യം പറയുന്നു.

൰൯ ആകയാൽ അവർ അവനോട്ടു: നിന്റെ പിതാവ എവിടെ ആകുന്നു? എന്ന ചോദിച്ചതിന്ന യേശു ഉത്തരം പറഞ്ഞതു: നിങ്ങൾ എന്നെ ആകട്ടെ എന്റെ പിതാവിനെ ആകട്ടേ അറിയുന്നില്ല; എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു.

൨൰ അവൻ ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ ഈ മൊഴികളെ ഭണ്ഡാരസ്ഥലത്തിൽ വെച്ച പറഞ്ഞു; അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കകൊണ്ട ആരും അവനെ പിടിച്ചില്ല.

൨൰൧ ¶ ആകയാൽ അവൻ പിന്നെയും അവരോട്ടു: ഞാൻ പോകുന്നു, നിങ്ങൾ എന്നെ അന്വേഷിക്കും; നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കയും ചെയ്യും: ഞാൻ പോകുന്ന ഇടത്തേക്ക നിങ്ങൾക്ക വരുവാൻ കഴികയില്ല എന്ന പറഞ്ഞു.

൨൨ അതുകൊണ്ടു യഹൂദന്മാർ: ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു അവൻ പറയുന്നതുകൊണ്ടു പക്ഷേ തന്നെത്താൻ കൊല്ലുമോ എന്നു പറഞ്ഞു.

൨൩ അവൻ അവരോടു പറഞ്ഞു: നിങ്ങൾ കീഴിൽനിന്നു ആകുന്നു, ഞാൻ മേലിൽനിന്നു ആകുന്നു; നിങ്ങൾ ഈ ലോകത്തിൽനിന്നു ആകുന്നു, ഞാൻ ഈ ലോകത്തിൽ നിന്നല്ല.

൨൪ ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; എന്തുകൊണ്ടെന്നാൽ ഞാൻ ആകുന്നു എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും.

൨൫ ആകയാൽ അവർ അവനോടു: നീ ആർ ആകുന്നു? എന്നു ചോദിച്ചതിന്നു യേശു പറഞ്ഞു: ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിച്ചു പോരുന്നതു തന്നേ.

൨൬ നിങ്ങളെ കുറിച്ചു വളരെ സംസാരിപ്പാനും വിധിപ്പാനും എനിക്കു ഉണ്ടു; എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനിൽനിന്നു ഞാൻ കേട്ടവ തന്നേ ലോകത്തോടു സംസാരിക്കുന്നു.

൨൭ അവൻ പിതാവിനെ കുറിച്ചു തങ്ങളോടു പറഞ്ഞു എന്നു അവർ ഗ്രഹിച്ചില്ല.

൨൮ ആകയാൽ യേശു പറഞ്ഞതു: നിങ്ങൾ മനുഷ്യപുത്രനെ ഉയൎത്തിയ ശേഷം ഞാൻ ആകുന്നു എന്നും ഞാൻ സ്വയമായിട്ടു ഒന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചതുപോലെ തന്നേ ഇവയെ സംസാരിക്കുന്നു എന്നും അറിയും.

൨൯ എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ടു. ഞാൻ എല്ലായ്പോഴും അവന്നു പ്രസാദമുള്ളവ ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല.

൩൦ അവൻ ഇവയെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു.

൩൧ ¶ ആകയാൽ തന്നിൽ വിശ്വസിച്ച യഹൂദന്മാരോടു യേശു പറഞ്ഞു: നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ സത്യമായിട്ടു എന്റെ ശിഷ്യന്മാർ ആകുന്നു.

൩൨ നിങ്ങൾ സത്യത്തെ അറികയും, സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും.

൩൩ അവർ അവനോടു ഉത്തരം പറഞ്ഞതു: ഞങ്ങൾ അബ്രഹാമിന്റെ സന്തതി ആകുന്നു, ആൎക്കും ഒരുനാളും ദാസന്മാരായിരുന്നിട്ടില്ല, നിങ്ങൾ സ്വതന്ത്രന്മാർ ആകും എന്നു നീ പറയുന്നതു എങ്ങനെ?

൩൪ യേശു ഉത്തരം പറഞ്ഞതു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: പാപത്തെ ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു.

൩൫ ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു.

൩൬ ആകയാൽ പുത്രൻ നിങ്ങളെ സ്വതന്ത്രന്മാരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വാതന്ത്ര്യമുള്ളവർ ആകും.

൩൭ നിങ്ങൾ അബ്രഹാമിന്റെ സന്തതി ആകുന്നു എന്നു ഞാൻ അറിയുന്നു; എങ്കിലും എന്റെ വചനത്തിന്നു നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു.

൩൮ ഞാൻ പിതാവിന്റെ അടുക്കെ കണ്ടിട്ടുള്ളതിനെ ഞാൻ സംസാരിക്കുന്നു; നിങ്ങളുടെ പിതാവിൽനിന്നു കേട്ടിട്ടുള്ളതു നിങ്ങൾ ചെയ്യുന്നു.

൩൯ അവർ അവനോടു: അബ്രഹാം ഞങ്ങളുടെ പിതാവു ആകുന്നു എന്നു ഉത്തരം പറഞ്ഞതിന്നു യേശു അവരോടു പറയുന്നു: നിങ്ങൾ അബ്രഹാമിന്റെ മക്കൾ ആയിരുന്നു എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു.

൪൦ എന്നാൽ ദൈവത്തിൽനിന്നു കേട്ടിട്ടുള്ള സത്യത്തെ നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ ഇപ്പോൾ കൊല്ലുവാൻ അന്വേഷിക്കുന്നു; ഇതു അബ്രഹാം ചെയ്തില്ലല്ലോ.

൪൧ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികളെ നിങ്ങൾ ചെയ്യുന്നു. അവർ അവനോടു: ഞങ്ങൾ വേശ്യാദോഷത്തിൽനിന്നു ജനിച്ചവരല്ല; ഒരേ പിതാവു ഞങ്ങൾക്കു ഉണ്ടു: ദൈവം തന്നേ എന്നു പറഞ്ഞു.

൪൨ യേശു അവരോടു പറഞ്ഞതു: ദൈവം നിങ്ങളുടെ പിതാവായിരുന്നു എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ ദൈവത്തിൽനിന്നു പുറപ്പെട്ടു വന്നിരിക്കുന്നു; ഞാൻ സ്വയമായി വന്നതല്ല അവൻ എന്നെ അയക്കയത്രേ ചെയ്തതു.

൪൩ എന്റെ ഭാഷണം നിങ്ങൾ എന്തുകൊണ്ടു തിരിച്ചറിയാത്തതു? എന്റെ വചനം കേൾപ്പാൻ നിങ്ങൾക്കു കഴിയായ്കകൊണ്ടത്രേ.

൪൪ നിങ്ങൾ പിശാചെന്ന പിതാവിൽനിന്നു ആകുന്നു; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു: അവൻ ആദിമുതൽ മനുഷ്യനെ കൊല്ലുന്നവൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽനിന്നു പറയുന്നു; എന്തുകൊണ്ടെന്നാൽ അവൻ ഭോഷ്കു പറയുന്നവനും അതിന്റെ പിതാവും ആകുന്നു.

൪൫ ഞാനോ സത്യത്തെ പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.

൪൬ നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്തുകൊണ്ടു എന്നെ വിശ്വസിക്കുന്നില്ല?

൪൭ ദൈവത്തിൽനിന്നുള്ളവൻ ദൈവമൊഴികളെ കേൾക്കുന്നു; നിങ്ങൾ ദൈവത്തിൽനിന്നു അല്ലായ്കകൊണ്ടു നിങ്ങൾ കേൾക്കുന്നില്ല.

൪൮ യഹൂദന്മാർ അവനോടു ഉത്തരം പറഞ്ഞതു: നീ ഒരു ശമര്യൻ ആകുന്നു, നിനക്കു ഒരു ഭൂതം ഉണ്ടു എന്നു ഞങ്ങൾ പറയുന്നതു ശരിയല്ലയോ?

൪൯ യേശു ഉത്തരം പറഞ്ഞതു: എനിക്കു ഭൂതമില്ല ഞാൻ എന്റെ പിതാവിനെ ബഹുമാനിക്ക അത്രേ ചെയ്യുന്നതു; നിങ്ങളോ എന്നെ അപമാനിക്കുന്നു.

൫൦ എന്നാൽ ഞാൻ എന്റെ മഹത്വത്തെ അന്വേഷിക്കുന്നില്ല; അന്വേഷിക്കയും വിധിക്കയും ചെയ്യുന്നവൻ ഒരുവൻ ഉണ്ടു.

൫൧ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ഒരുത്തൻ എന്റെ വചനം കാത്തുകൊണ്ടാൽ അവൻ ഒരുനാളും മരണം കാണ്കയില്ല.

൫൨ യഹൂദന്മാർ അവനോടു പറഞ്ഞു: നിനക്കു ഭൂതം ഉണ്ടു എന്നു ഇപ്പോൾ ഞങ്ങൾ അറിഞ്ഞു; അബ്രഹാമും പ്രവാചകന്മാരും മരിച്ചു; നീയോ എന്റെ വചനത്തെ ഒരുത്തൻ കാത്തുകൊണ്ടാൽ ഒരുനാളും മരണം ആസ്വദിക്കയില്ല എന്നു പറയുന്നു.

൫൩ ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാൾ നീ വലിയവനോ? അവൻ മരിച്ചു, പ്രവാചകന്മാരും മരിച്ചു; നിന്നെത്തന്നേ നീ ആർ ആക്കുന്നു?

൫൪ യേശു ഉത്തരം പറഞ്ഞതു: ഞാൻ എന്നെത്തന്നേ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു.

൫൫ എങ്കിലും നിങ്ങൾ അവനെ അറിഞ്ഞില്ല, ഞാനോ അവനെ അറിയുന്നു; ഞാൻ അവനെ അറിയുന്നില്ല എന്നു പറഞ്ഞാൽ നിങ്ങളെ പോലെ ഭോഷ്കു പറയുന്നവൻ ആകും; എങ്കിലോ ഞാൻ അവനെ അറിയുന്നു, അവന്റെ വചനം കാത്തുകൊള്ളുകയും ചെയ്യുന്നു.

൫൬ നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു, അവൻ കണ്ടു സന്തോഷിക്കയും ചെയ്തു.

൫൭ എന്നാറെ യഹൂദന്മാർ അവനോടു പറഞ്ഞു: നിനക്കു അമ്പതു വയസ്സു ആയിട്ടില്ല, എന്നിട്ടും നീ അബ്രഹാമിനെ കണ്ടുവോ?

൫൮ യേശു അവരോടു: സത്യമായിട്ടു

സത്യമായിട്ട ഞാൻ നിങ്ങളോട്ട പറയു
ന്നു: അബ്രഹാം ഉണ്ടായതിന്നു മുമ്പേ ഞാ
ൻ ഉണ്ട എന്നു പറഞ്ഞു.
൫൯ അപ്പോൾ അവനെ എറിവാൻ
അവർ കല്ലുകൾ എടുത്തു; എന്നാൽ യേ
ശു മറഞ്ഞു ദൈവാലയത്തിൽനിന്നു പുറ
പ്പെട്ട പോകയും ചെയ്തു.

൯ാം അദ്ധ്യായം.

അവൻ കടന്നുപോകുമ്പോൾ പിറവിക്കു
രുടനായ ഒരു മനുഷ്യനെ കണ്ടു.
൨ അവന്റെ ശിഷ്യന്മാർ അവനോ
ട: റബ്ബീ, ഇവൻ കുരുടനായി പിറക്ക
ത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവ
നോ ഇവന്റെ അമ്മയപ്പന്മാരോ എന്നു
ചോദിച്ചു.
൩ യേശു ഉത്തരം പറഞ്ഞു: ഇവൻ
എങ്കിലും ഇവന്റെ അമ്മയപ്പന്മാരെങ്കി
ലും പാപം ചെയ്തിട്ടല്ല, ഇവങ്കൽ ദൈവ
പ്രവൃത്തികൾ വെളിവാകേണ്ടതിന്നത്രെ.
൪ എന്നെ അയച്ചവന്റെ പ്രവൃത്തി
കളെ പകൽ ഉള്ളേടത്തോളം നാം പ്രവൃ
ത്തിക്കേണ്ടതാകുന്നു; ആൎക്കും പ്രവൃത്തിച്ചു
കൂടാത്ത രാത്രി വരുന്നു.
൫ ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ
ലോകത്തിന്റെ വെളിച്ചം ആകുന്നു.
൬ ഇതു പറഞ്ഞിട്ട നിലത്തു തുപ്പി തു
പ്പൽകൊണ്ട ചേറുണ്ടാക്കി ചേറു അവ
ന്റെ കണ്ണുകളിന്മേൽ പൂശി.
൭ നീ പോയി ശിലോഹാം കുളത്തിൽ
കഴുകുക എന്നു അവനോട്ട പറഞ്ഞു; ശി
ലോഹാം എന്നതിന്നു അയക്കപ്പെട്ടവൻ
എന്നൎത്ഥം. അവൻ പോയി കഴുകി, ക
ണ്ണു കാണുന്നവനായി വരികയും ചെയ്തു.
൮ ആകയാൽ അയല്കാരും അവനെ
മുമ്പേ ഇരക്കുന്നവനായി കണ്ടിട്ടുള്ളവരും
ഇരുന്നുംകൊണ്ട ഇരന്നവൻ ഇവൻ അ
ല്ലയോ എന്നു പറഞ്ഞു.
൯ അവൻ തന്നേ എന്നു ചിലരും,
അല്ല, അവന്നു സദൃശനത്രെ എന്നു മററു
ചിലരും പറഞ്ഞു; ഞാൻ തന്നേ എന്നു
അവൻ പറഞ്ഞു.
൰ ആകയാൽ അവർ അവനോട:
നിന്റെ കണ്ണുകൾ തുറന്നതു എങ്ങനെ
എന്നു ചോദിച്ചു.
൰൧ അവൻ ഉത്തരം പറഞ്ഞതു: യേ
ശു എന്ന മനുഷ്യൻ ചേറുണ്ടാക്കി എ
ന്റെ കണ്ണുകളിന്മേൽ പൂശി: നീ ശി
ലോഹാം എന്ന കുളത്തിൽ പോയി കഴു
കുക എന്നു എന്നോട്ട പറഞ്ഞു. ഞാൻ
പോയി കഴുകി കാഴ്ച പ്രാപിച്ചു.
൰൨ അവൻ എവിടെ എന്നു അവർ
അവനോട്ട ചോദിച്ചതിന്നു, ഞാൻ അ
റിയുന്നില്ല എന്നു അവൻ പറയുന്നു.
൰൩ ¶ മുമ്പേ കുരുടനായിരുന്നവ
നെ അവർ പരീശന്മാരുടെ അടുക്കേ
കൊണ്ടുപോകുന്നു
൰൪ എന്നാൽ യേശു ചേറുണ്ടാക്കി
അവന്റെ കണ്ണുകളെ തുറന്നതു ശബ്ബതു
നാളിൽ ആയിരുന്നു
൰൫ ആകയാൽ പിന്നെയും അവ
നോട: അവൻ കാഴ്ച പ്രാപിച്ചതു എങ്ങ
നെ എന്നു പരീശന്മാരും ചോദിച്ചു. അ
വൻ അവരോട: എന്റെ കണ്ണുകളിന്മേ
ൽ അവൻ ചേറു തേച്ചു, ഞാൻ കഴുകി
കാണുകയും ചെയ്യുന്നു എന്നു പറഞ്ഞു.
൰൬ അപ്പോൾ പരീശന്മാരിൽ ചില
ർ: ഈ മനുഷ്യൻ ശബ്ബതു പ്രമാണിക്കായ്ക
കൊണ്ട ദൈവത്തിൽനിന്നല്ല എന്നു പ
റഞ്ഞു. മററു ചിലർ: പാപിയായ ഒരു മ
നുഷ്യന്നു ഇപ്രകാരമുള്ള അടയാളങ്ങളെ
ചെയ്വാൻ എങ്ങനെ കഴിയും എന്നു പറ
ഞ്ഞു; അവരിൽ ഒരു ഭിന്നത ഉണ്ടാകയും
ചെയ്തു.
൰൭ ആകയാൽ അവർ പിന്നെയും
കുരുടനോട്ട പറഞ്ഞു: നിന്റെ കണ്ണുക
ളെ തുറന്നതുകൊണ്ട നീ അവനെ കുറി
ച്ചു എന്തു പറയുന്നു? എന്നതിന്നു: അവ
ൻ ഒരു പ്രവാചകൻ ആകുന്നു എന്നു അ
വൻ പറഞ്ഞു.
൰൮ എന്നാൽ യഹൂദന്മാർ കാഴ്ച പ്രാ
പിച്ചവന്റെ അമ്മയപ്പന്മാരെ വിളിപ്പി
ക്കുവോളം അവൻ കുരുടനായിരുന്നു എ
ന്നും കാഴ്ച പ്രാപിച്ചു എന്നും വിശ്വസി
ച്ചില്ല.

൧൯ പിന്നെ അവരോടു: കുരുടനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നേയോ? എന്നാൽ അവൻ ഇപ്പോൾ കാണുന്നതു എങ്ങനെ എന്നു ചോദിച്ചു.

൨൦ അവന്റെ അമ്മയപ്പന്മാർ ഉത്തരം പറഞ്ഞതു: ഇവൻ ഞങ്ങളുടെ മകൻ എന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു.

൨൧ എന്നാൽ കണ്ണു കാണുന്നതു എങ്ങനെ എന്നു ഞങ്ങൾ അറിയുന്നില്ല; അവന്റെ കണ്ണുകളെ ആർ തുറന്നു എന്നും അറിയുന്നില്ല; അവനോടു ചോദിപ്പിൻ; അവന്നു പ്രായം ഉണ്ടല്ലോ; അവൻ തനിക്കു വേണ്ടി തന്നേ പറയും.

൨൨ യഹൂദന്മാരെ ഭയപ്പെടുകകൊണ്ടു അവന്റെ അമ്മയപ്പന്മാർ ഇങ്ങനെ പറഞ്ഞു; എന്തുകൊണ്ടെന്നാൽ ആരെങ്കിലും അവനെ ക്രിസ്തു എന്നു ഏററുപറഞ്ഞാൽ പള്ളിഭ്രഷ്ടനാകേണം എന്നു യഹൂദന്മാർ മുമ്പേ തന്നേ തമ്മിൽ പറഞ്ഞൊത്തിരുന്നു.

൨൩ അതുകൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ: അവന്നു പ്രായം ഉണ്ടല്ലോ, അവനോടു ചോദിപ്പിൻ എന്നു പറഞ്ഞതു.

൨൪ ആകയാൽ കുരുടനായിരുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിച്ചു: ദൈവത്തിന്നു മഹത്വം കൊടുക്ക; ഈ മനുഷ്യൻ പാപി ആകുന്നു എന്നു ഞങ്ങൾ അറിയുന്നു എന്നു പറഞ്ഞു

൨൫ എന്നാറെ അവൻ ഉത്തരം പറഞ്ഞതു: അവൻ പാപിയാകുന്നുവോ എന്നു ഞാൻ അറിയുന്നില്ല; ഒന്നു അറിയുന്നു: ഞാൻ കുരുടനായിരുന്നു ഇപ്പോൾ കാണുന്നു.

൨൬ ആകയാൽ അവർ അവനോടു: അവൻ നിനക്കു എന്തു ചെയ്തു? നിന്റെ കണ്ണുകളെ എങ്ങനെ തുറന്നു എന്നു ചോദിച്ചു.

൨൭ അവൻ ഉത്തരം പറഞ്ഞതു: ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ, നിങ്ങൾ കേട്ടില്ല; വീണ്ടും കേൾപ്പാൻ ഇച്ഛിക്കുന്നതു എന്തു? പക്ഷേ നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻമനസ്സുണ്ടോ?

൨൮ അപ്പോൾ അവർ അവനെ ശകാരിച്ചു: നീ അവന്റെ ശിഷ്യൻ, ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ ആകുന്നു.

൨൯ മോശെയോടു ദൈവം സംസാരിച്ചു എന്നു ഞങ്ങൾ അറിയുന്നു; ഇവനോ എവിടെനിന്നു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു പറഞ്ഞു.

൩൦ ആ മനുഷ്യൻ അവരോടു ഉത്തരം പറഞ്ഞതു: എന്റെ കണ്ണുകളെ തുറന്നിട്ടും അവൻ എവിടെനിന്നു എന്നു നിങ്ങൾ അറിയാത്തതിൽ ആശ്ചര്യം തന്നേ.

൩൧ പാപികളെ ദൈവം ചെവിക്കൊള്ളുന്നില്ല എന്നും ഒരുവൻ ദൈവഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നു എങ്കിൽ അവനെ ചെവിക്കൊള്ളുന്നു എന്നും നാം അറിയുന്നു.

൩൨ കുരുടനായി പിറന്നവന്റെ കണ്ണുകളെ ആരെങ്കിലും തുറന്ന പ്രകാരം ലോകം ഉണ്ടായതു മുതൽ കേട്ടിട്ടില്ല.

൩൩ ഇവൻ ദൈവത്തിൽനിന്നു അല്ലായ്കിൽ അവന്നു ഒന്നും ചെയ്വാൻ കഴികയില്ല.

൩൪ അവർ അവനോടു: നീ അശേഷം പാപങ്ങളിൽ പിറന്നു, ഞങ്ങൾക്കു നീ ഉപദേശിക്കുന്നുവോ? എന്നു ഉത്തരം പറഞ്ഞു അവനെ പുറത്താക്കിക്കളകയും ചെയ്തു.

൩൫ ¶ അവനെ പുറത്താക്കിയപ്രകാരം യേശു കേട്ടു. പിന്നെ അവനെ കണ്ടപ്പോൾ നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു.

൩൬ അവൻ ഉത്തരമായിട്ടു: എനിക്കു അവനിൽ വിശ്വസിക്കേണ്ടതിന്നു അവൻ ആർ ആകുന്നു, കർത്താവേ, എന്നു പറഞ്ഞു.

൩൭ യേശു അവനോടു: നീ അവനെ കണ്ടിട്ടുമുണ്ടു, നിന്നോടു സംസാരിക്കുന്നവനും അവൻ തന്നേ ആകുന്നു എന്നു പറഞ്ഞു.

൩൮ ആയവൻ: കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ കുമ്പിട്ടു.

൩൯ പിന്നെ യേശു പറഞ്ഞു: കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു.

൪൦ അവനോടുകൂടെയുള്ള ചില പരീശന്മാർ ഇവ കേട്ടു: പക്ഷേ ഞങ്ങളും കുരുടരോ എന്നു ചോദിച്ചു.

൪൧ യേശു അവരോടു: നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നതു കൊണ്ടു നിങ്ങളുടെ പാപം നില്ക്കുന്നു എന്നു പറഞ്ഞു.

൧൦ാം അദ്ധ്യായം.

സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിൽ വാതിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവൎച്ചക്കാരനും ആകുന്നു.

൨ വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു.

൩ അവനു വാതിൽകാവല്ക്കാരൻ തുറന്നുകൊടുക്കുന്നു, ആടുകളും അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ സ്വന്ത ആടുകളെ അവൻ പേർചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു.

൪ തനിക്കുള്ളവയെ ഒക്കെയും അവൻ പുറത്തു കൊണ്ടുപോയശേഷം അവയുടെ മുമ്പിൽ നടക്കുന്നു; ആടുകൾ അവന്റെ ശബ്ദം അറികകൊണ്ടു അവന്റെ പിന്നാലെ ചെല്ലുന്നു.

൫ എന്നാൽ അവ അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ടു അന്യനെ പിന്തുടരാതെ അവനെ വിട്ടു ഓടിപ്പോകും.

൬ ഈ സാദൃശ്യം യേശു അവരോടു പറഞ്ഞു; എന്നാൽ തങ്ങളോടു പറഞ്ഞതു ഇന്നതു എന്നു അവൎക്കു തിരിഞ്ഞില്ല.

൭ ¶ ആകയാൽ യേശു പിന്നെയും അവരോടു പറഞ്ഞു: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെ വാതിൽ ഞാൻ ആകുന്നു.

൮ എനിക്കു മുമ്പേ വന്നവർ ഒക്കെയും കള്ളന്മാരും കവൎച്ചക്കാരും ആകുന്നു; എന്നാൽ ആടുകൾ അവരെ ചെവിക്കൊണ്ടില്ല.

൯ ഞാൻ വാതിൽ ആകുന്നു; ആരെങ്കിലും എന്നിലൂടെ പ്രവേശിച്ചാൽ രക്ഷപെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.

൧൦ മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; ഞാൻ വന്നതു അവൎക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ.

൧൧ ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ വെക്കുന്നു.

൧൨ ഇടയനുമല്ല ആടുകൾ സ്വന്തവുമല്ലാത്ത കൂലിക്കാരൻ ചെന്നായ വരുന്നതു കണ്ടു ആടുകളെ വിട്ടു ഓടിക്കളയുന്നു; ചെന്നായ അവയെ പിടിച്ചു ചിന്നിക്കയും ചെയ്യുന്നു.

൧൩ അവൻ കൂലിക്കാരനും ആടുകളെ കുറിച്ചു വിചാരമില്ലാത്തവനും ആകകൊണ്ടത്രേ.

൧൪ ഞാൻ നല്ല ഇടയൻ ആകുന്നു; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു.

൧൫ ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വെക്കുന്നു.

൧൬ ഈ തൊഴുത്തിൽ നിന്നല്ലാത്ത വേറെ ആടുകൾ എനിക്കു ഉണ്ടു, അവയെയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും ഒരാട്ടിൻകൂട്ടം ഒരിടയൻ എന്നു ആകയും ചെയ്യും.

൧൭ എന്റെ ജീവനെ പിന്നെയും എടുക്കേണ്ടതിന്നു ഞാൻ അതിനെ വെക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു.

൧൮ ആരും അതിനെ എന്നിൽനിന്നു എടുത്തുകളയുന്നില്ല; ഞാനായിട്ടു തന്നേ അതിനെ വെക്കുന്നു; അതിനെ വെപ്പാൻ എനിക്കു അധികാരം ഉണ്ടു, വീണ്ടും എടുപ്പാനും അധികാരം ഉണ്ടു. ഈ കല്പന എന്റെ പിതാവിൽനിന്നു എനിക്കു ലഭിച്ചു.

൧൯ ¶ ഈ വചനങ്ങൾ നിമിത്തം യഹൂദന്മാരിൽ പിന്നെയും ഭിന്നത ഉണ്ടായി.

൨൦ അവരിൽ പലരും: അവന്നു ഭൂതം ഉണ്ടു, ഭ്രാന്തനും ആകുന്നു; നിങ്ങൾ അവനെ കേൾക്കുന്നതു എന്തിന്നു എന്നു പറഞ്ഞു.

൨൧ മറ്റു ചിലർ: ഇവ ഭൂതബാധിതന്റെ മൊഴികൾ അല്ല, ഭൂതത്തിന്നു കുരുടന്മാരുടെ കണ്ണുകളെ തുറപ്പാൻ കഴിയുമോ എന്നു പറഞ്ഞു.

൨൨ ¶ എന്നാൽ യരുശലേമിൽ പ്രതിഷ്ഠപ്പെരുനാൾ ആയി, ശീതകാലവുമായിരുന്നു.

൨൩ യേശു ദൈവാലയത്തിൽ ശലൊമോൻ മണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു.

൨൪ അപ്പോൾ യഹൂദന്മാർ അവനെ വളഞ്ഞു: നീ എത്രത്തോളം ഞങ്ങളുടെ മനസ്സിനെ സംശയിപ്പിക്കുന്നു? നീ ക്രിസ്തു ആകുന്നു എങ്കിൽ സ്പഷ്ടമായി ഞങ്ങളോടു പറക എന്നു അവനോടു പറഞ്ഞു.

൨൫ യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ നിങ്ങളോടു പറഞ്ഞു എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികളായവ എനിക്കു സാക്ഷ്യം പറയുന്നു.

൨൬ എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ നിങ്ങൾ എന്റെ ആടുകളിലുള്ളവർ അല്ല.

൨൭ എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്റെ പിന്നാലെ വരികയും ചെയ്യുന്നു.

൨൮ ഞാൻ അവെക്കു നിത്യജീവനെ കൊടുക്കുന്നു, അവ ഒരുനാളും നശിച്ചുപോകയില്ല, ആരും അവയെ എന്റെ കൈയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല.

൨൯ എനിക്കു തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവൻ ആകുന്നു; പിതാവിന്റെ കൈയ്യിൽനിന്നു പിടിച്ചുപറിപ്പാൻ ആൎക്കും കഴിയുന്നതുമില്ല.

൩൦ ഞാനും പിതാവും ഒന്നാകുന്നു.

൩൧ എന്നാറെ യഹൂദന്മാർ അവനെ എറിവാൻ പിന്നെയും കല്ലുകൾ എടുത്തു.

൩൨ യേശു അവരോടു പറഞ്ഞു: പിതാവിൽനിന്നു പല നല്ല പ്രവൃത്തികളെ ഞാൻ നിങ്ങൾക്കു കാണിച്ചു, അതിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു?

൩൩ യഹൂദന്മാർ അവനോടു ഉത്തരമായിട്ടു പറഞ്ഞതു: നല്ല പ്രവൃത്തി നിമിത്തമല്ല നിന്നെ കല്ലെറിയുന്നതു, ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കെ നിന്നെ തന്നേ ദൈവം ആക്കുന്നതുകൊണ്ടുമത്രേ എന്നു പറഞ്ഞു.

൩൪ യേശു അവരോടു ഉത്തരം പറഞ്ഞതു: നിങ്ങൾ ദൈവങ്ങൾ എന്നു ഞാൻ പറഞ്ഞു, എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ?

൩൫ ദൈവവചനം ഉണ്ടായിട്ടുള്ളവരെ ദൈവങ്ങൾ എന്നു പറഞ്ഞു എങ്കിൽ —തിരുവെഴുത്തിന്നു നീക്കം വന്നു കൂടായല്ലോ—

൩൬ ഞാൻ ദൈവത്തിന്റെ പുത്രൻ ആകുന്നു എന്നു പറഞ്ഞതുകൊണ്ടു, നീ ദൈവദൂഷണം പറയുന്നു എന്നു പിതാവു ശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ പറയുന്നുവോ?

൩൭ ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികളെ ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ.

൩൮ ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും ഞാൻ പിതാവിലും ആകുന്നു എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിന്നു പ്രവൃത്തികളെ വിശ്വസിപ്പിൻ.

൩൯ അവർ അവനെ പിന്നെയും പിടിക്കൂടുവാൻ അന്വേഷിച്ചു, എങ്കിലും അവൻ അവരുടെ കൈയ്യിൽനിന്നു മാറിക്കളഞ്ഞു.

൪൦ ¶ അവൻ യോൎദ്ദാന്നക്കരെ യോഹന്നാൻ ആദിയിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന സ്ഥലത്തു പിന്നെയും ചെന്നു അവിടെ പാൎത്തു.

൪൧ പലരും അവന്റെ അടുക്കേ വ
ന്നു: യോഹന്നാൻ അടയാളം ഒന്നും ചെ
യ്തിട്ടില്ല; എന്നാൽ ഇവനെ കുറിച്ചു യോ
ഹന്നാൻ പറഞ്ഞതു ഒക്കെയും സത്യമായി
രുന്നു എന്നു പറഞ്ഞു.
൪൨ അവിടെ പലരും അവനിൽ വി
ശ്വസിക്കയും ചെയ്തു.

൧൧ാം അദ്ധ്യായം.

മറിയയുടെയും അവളുടെ സഹോദരി
മാൎത്തയുടെയും ഗ്രാമമായ ബെതാന്യയി
ലേ ലാസർ എന്ന ഒരുത്തന്നു ദീനമായി.
൨ ൟ മറിയ ആയിരുന്നു കൎത്താവി
നെ പരിമളതൈലം പൂശി തന്റെ ത
ലമുടികൊണ്ടു അവന്റെ കാലുകളെ തു
ടെച്ചതു. അവളുടെ സഹോദരനായ ലാ
സരിന്നു തന്നേ ദീനമായതു.
൩ ആകയാൽ ആ സഹോദരിമാർ അ
വന്റെ അടുക്കൽ ആളയച്ചു: കൎത്താവേ,
ഇതാ നിനക്കു പ്രിയനായവന്നു ദീനമാ
യിരിക്കുന്നു എന്നു പറയിച്ചു.
൪ യേശു അതു കേട്ടിട്ടു: ൟ ദീനം മ
രണത്തിന്നായിട്ടല്ല ദൈവപുത്രൻ അതി
നാൽ മഹത്വപ്പെടേണ്ടതിന്നു ദൈവത്തി
ന്റെ മഹത്വത്തിന്നായിട്ടത്രേ ആകുന്ന
തു എന്നു പറഞ്ഞു.
൫ എന്നാൽ യേശു മാൎത്തയെയും അ
വളുടെ സഹോദരിയെയും ലാസരിനെ
യും സ്നേഹിച്ചിരുന്നു.
൬ ആകയാൽ അവന്നു ദീനമായിരി
ക്കുന്നു എന്നു കേട്ടാറെ താൻ അന്നു ഇരു
ന്ന സ്ഥലത്തിൽ രണ്ടു ദിവസം പാൎത്തു.
൭ അതിന്റെ ശേഷം അവൻ ശിഷ്യ
ന്മാരോടു: നാം തിരികേ യഹൂദയിലേ
ക്കു പോക എന്നു പറയുന്നു.
൮ ശിഷ്യന്മാർ അവനോടു: റബ്ബീ, യ
ഹൂദന്മാർ ഇപ്പോൾ തന്നേ നിന്നെ ക
ല്ലെറിവാൻ അന്വേഷിച്ചുവല്ലോ: നീ തി
രികേ അവിടെ പോകുന്നുവോ? എന്നു
പറയുന്നു.
൯ യേശു ഉത്തരം പറഞ്ഞതു: പകലി
ന്നു പന്ത്രണ്ടു മണിനേരം ഇല്ലയോ? ഒരു
ത്തൻ പകലിൽ നടക്കുന്നു എങ്കിൽ ൟ
ലോകത്തിന്റെ വെളിച്ചം കാണുന്നതു
കൊണ്ടു ഇടറുന്നില്ല.
൧൦ ഒരുത്തൻ രാത്രിയിൽ നടക്കുന്നു എ
ങ്കിലോ അവനിൽ വെളിച്ചം ഇല്ലായ്കു
കൊണ്ടു ഇടറുന്നു.
൧൧ ഇവ പറഞ്ഞിട്ടു അവൻ: നമ്മുടെ
സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു;
എങ്കിലും അവനെ ഉണൎത്തുവാൻ ഞാൻ
പോകുന്നു എന്നു അവരോടു പറയുന്നു.
൧൨ ആകയാൽ ശിഷ്യന്മാർ അവനോ
ടു: കൎത്താവേ, അവൻ നിദ്രകൊള്ളുന്നു
എങ്കിൽ അവൻ രക്ഷപ്പെടും എന്നു പ
റഞ്ഞു.
൧൩ എന്നാൽ യേശു അവന്റെ മര
ണത്തെ കുറിച്ചത്രേ പറഞ്ഞതു; അവ
ൎക്കോ ഉറക്കത്തിന്റെ നിദ്രയെ കുറിച്ചു
എന്നു തോന്നി.
൧൪ അപ്പോൾ യേശു അവരോടു സ്പ
ഷ്ടമായി പറഞ്ഞു: ലാസർ മരിച്ചു.
൧൫ നിങ്ങൾ വിശ്വസിക്കേണ്ടതിന്നു
ഞാൻ അവിടെ ഇല്ലാഞ്ഞതുകൊണ്ടു നിങ്ങ
ളുടെ നിമിത്തം ഞാൻ സന്തോഷിക്കുന്നു,
എങ്കിലും നാം അവന്റെ അടുക്കൽ പോ
ക.
൧൬ എന്നാറെ ദിദിമോസ് എന്നു നാ
മമുള്ള തോമാസ് കൂട്ടുശിഷ്യരോടു: അവ
നോടുകൂടെ മരിപ്പാൻ നാമും പോക എ
ന്നു പറഞ്ഞു.
൧൭ ¶ യേശു വന്നെത്തിയപ്പോൾ
അവനെ കല്ലറയിൽ വെച്ചിട്ടു നാലു നാ
ളായി എന്നു അറിഞ്ഞു.
൧൮ എന്നാൽ ബെതാന്യ യരുശലേമി
ന്നരികേ ഏകദേശം പതിനഞ്ചു സ്താദി*
ദൂരത്തിൽ അത്രേ.
൧൯ മാൎത്തയെയും മറിയയെയും സ
ഹോദരനെ കുറിച്ചു ആശ്വസിപ്പിക്കേണ്ട
തിന്നു യഹൂദന്മാരിൽ പലരും അവരുടെ
അടുക്കൽ വന്നിരുന്നു.
൨൦ ആകയാൽ യേശു വരുന്നു എന്നു
കേട്ടപ്പോൾ മാൎത്ത അവനെ എതിരേല്പാ
ൻ പോയി; മറിയ വീട്ടിൽ തന്നേ ഇ
രുന്നു.

* രണ്ടു നാഴിക.

൨൧ മാൎത്ത യേശുവിനോടു പറഞ്ഞതു: കൎത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു

൨൨ ഇപ്പോഴും നീ ദൈവത്തോടു എന്തു യാചിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു.

൨൩ യേശു അവളോടു: നിന്റെ സഹോദരൻ ഉയിൎത്തെഴുനീല്ക്കും എന്നു പറയുന്നു.

൨൪ മാൎത്ത അവനോടു പറയുന്നു: ഒടുക്കത്തെ നാളിലേ പുനരുത്ഥാനത്തിൽ അവൻ ഉയിൎത്തെഴുനീല്ക്കും എന്നു ഞാൻ അറിയുന്നു.

൨൫ യേശു അവളോടു പറഞ്ഞു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

൨൬ ജീവിച്ചിരുന്നു, എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ?

൨൭ അവൾ അവനോടു പറയുന്നു: ഉവ്വ, കൎത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു.

൨൮ ഇതു പറഞ്ഞിട്ടു അവൾ പോയി തന്റെ സഹോദരിയായ മറിയയെ സ്വകാൎയ്യമായി വിളിച്ചു: ഗുരു വന്നിട്ടുണ്ടു, നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു.

൨൯ അവൾ കേട്ട ഉടനേ, വേഗം എഴുനീററു അവന്റെ അടുക്കേ വരുന്നു.

൩൦ എന്നാൽ യേശു അതുവരെ ഗ്രാമത്തിൽ ചെല്ലാതെ മാൎത്ത അവനെ എതിരേററ സ്ഥലത്തു തന്നേ ആയിരുന്നു.

൩൧ വീട്ടിൽ അവളോടു കൂടെയിരുന്നു അവളെ ആശ്വസിപ്പിക്കുന്ന യഹൂദന്മാർ, മറിയ വേഗം എഴുനീററു പുറപ്പെട്ടതു കണ്ടിട്ടു; അവൾ കല്ലറെക്കൽ കരവാൻ പോകുന്നു എന്നു വിചാരിച്ചു പിൻചെന്നു.

൩൨ എന്നാൽ മറിയ യേശു ഇരിക്കുന്നേടത്തു എത്തി അവനെ കണ്ടിട്ടു, അവന്റെ കാല്ക്കൽ വീണു: കൎത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു.

൩൩ ആകയാൽ അവൾ കരയുന്നതും അവളോടുകൂടെ വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടാറെ ആത്മാവിൽ *നൊന്തു കലങ്ങി:

൩൪ നിങ്ങൾ അവനെ എവിടെ വെച്ചു എന്നു ചോദിച്ചു. കൎത്താവേ, വന്നു കാണ്ക എന്നു അവർ അവനോടു പറയുന്നു.

൩൫ യേശു കണ്ണുനീർ വാൎത്തു.

൩൬ ആകയാൽ യഹൂദന്മാർ: കണ്ടോ അവനോടു എത്ര പ്രിയം ഉണ്ടായിരുന്നു! എന്നു പറഞ്ഞു.

൩൭ എന്നാൽ അവരിൽ ചിലർ: കുരുടന്റെ കണ്ണുകളെ തുറന്ന ഇവന്നു ഇവനെയും മരിക്കാതാക്കുവാൻ കഴിയാഞ്ഞുവോ എന്നു പറഞ്ഞു.

൩൮ യേശു പിന്നെയും ഉള്ളിൽ നൊന്തുകൊണ്ടു* കല്ലറെക്കൽ ചെന്നു; അതു ഒരു ഗുഹ ആയിരുന്നു, ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു.

൩൯ കല്ലു നീക്കുവിൻ എന്നു യേശു പറയുന്നു. മരിച്ചവന്റെ സഹോദരിയായ മാൎത്ത: കൎത്താവേ, നാററം വെച്ചു തുടങ്ങി, നാലാം നാളാകുന്നുവല്ലോ എന്നു പറയുന്നു.

൪൦ യേശു അവളോടു പറയുന്നു: നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വത്തെ കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ?

൪൧ എന്നാറെ അവർ കല്ലു നീക്കി. പിന്നെ യേശു കണ്ണുകളെ ഉയൎത്തി പറഞ്ഞു: പിതാവേ, നീ എന്നെ ചെവിക്കൊണ്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു.

൪൨ നീ എപ്പോഴും എന്നെ ചെവിക്കൊള്ളുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുററും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറഞ്ഞു.

൪൩ ഇതു പറഞ്ഞിട്ടു അവൻ: ലാസ

* ഞരങ്ങിക്കൊണ്ടു.

രേ, പുറത്തു വരിക എന്നു മഹാശബ്ദത്തോടെ വിളിച്ചു.

൪൪ മരിച്ചവൻ കാലും കൈയ്യും ശീലകളാൽ കെട്ടപ്പെട്ടും മുഖം റുമാൽ കൊണ്ടു മൂടികെട്ടിയും പുറത്തു വന്നു; അവനെ കെട്ടഴിച്ചു പോകുവാൻ വിടുവിൻ എന്നു യേശു അവരോടു പറയുന്നു.

൪൫ ¶ ആകയാൽ മറിയയുടെ അടുക്കൽ വന്ന യഹൂദന്മാരിൽ പലരും അവൻ ചെയ്തതു കണ്ടിട്ടു അവനിൽ വിശ്വസിച്ചു.

൪൬ എന്നാൽ ചിലർ പരീശരുടെ അടുക്കൽ പോയി യേശു ചെയ്തതു അവരോടു അറിയിച്ചു.

൪൭ ¶ ആകയാൽ മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടി: നാം എന്തു ചെയ്യേണ്ടു? ഈ മനുഷ്യൻ വളരെ അടയാളങ്ങളെ ചെയ്യുന്നുവല്ലോ;

൪൮ അവനെ ഇങ്ങനെ വിട്ടേച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും, റോമക്കാരും വന്നു നമ്മുടെ സ്ഥലത്തെയും ജാതിയെയും എടുത്തുകളയും എന്നു പറഞ്ഞു.

൪൯ എന്നാൽ അവരിൽ ഒരുത്തൻ, ആ വൎഷത്തെ മഹാപുരോഹിതനായ കയ്യഫാ അവരോടു പറഞ്ഞു: നിങ്ങൾ ഒന്നും അറിയുന്നില്ല;

൫൦ ജാതി എല്ലാം നശിച്ചുപോകാത വണ്ണം ഒരു മനുഷ്യൻ ജാതിക്കു വേണ്ടി മരിക്കുന്നതു പ്രയോജനമത്രേ എന്നു വിചാരിക്കുന്നതുമില്ല.

൫൧ അവൻ ഇതു സ്വയമായി പറഞ്ഞതല്ല, താൻ ആ വൎഷത്തെ മഹാപുരോഹിതൻ ആകയാൽ ജാതിക്കു വേണ്ടി യേശു മരിപ്പാൻ ഇരിക്കുന്നു എന്നു അവൻ പ്രവചിച്ചതത്രേ.

൫൨ ജാതിക്കു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേൎത്തുകൊള്ളേണ്ടതിന്നും കൂടെ തന്നേ.

൫൩ അന്നുമുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു.

൫൪ ¶ ആകയാൽ യേശു യഹൂദന്മാരുടെ ഇടയിൽ പിന്നെ പ്രസിദ്ധമായി നടക്കാതെ, അവിടം വിട്ടു മരുഭൂമിക്കരികിൽ എഫ്രായിം എന്ന നഗരത്തിലേക്കു വാങ്ങി, ശിഷ്യന്മാരുമായി അവിടെ പാൎത്തു.

൫൫ യഹൂദന്മാരുടെ പെസഹ അടുത്തിരിക്കയാൽ പലരും തങ്ങൾക്കു ശുദ്ധി വരുത്തുവാൻ പെസഹെക്കു മുമ്പേ നാട്ടിൽനിന്നു യരുശലേമിലേക്കു കരേറിപ്പോയി.

൫൬ അവർ യേശുവിനെ അന്വേഷിച്ചു ദൈവാലയത്തിൽ നില്ക്കുമ്പോൾ: നിങ്ങൾക്കു എന്തു തോന്നുന്നു? അവൻ പെരുനാൾക്കു വരികയില്ലെന്നോ? എന്നു തങ്ങളിൽ പറകയും ചെയ്തു.

൫൭ എന്നാൽ മഹാപുരോഹിതന്മാരും പരീശരും അവനെ പിടിക്കേണ്ടതിന്നു അവൻ ഇരിക്കുന്ന ഇടം ആരെങ്കിലും അറിഞ്ഞാൽ ബോധിപ്പിക്കേണമെന്നു കല്പനകൾ കൊടുത്തിരുന്നു.

൧൨ാം അദ്ധ്യായം.

യേശു മരിച്ചവരിൽനിന്നു ഉയിൎപ്പിച്ച ലാസർ ഇരുന്ന ബെത്താന്യയിലേക്കു യേശു പെസഹെക്കു ആറു നാൾ മുമ്പേ വന്നു.

൨ എന്നാറെ അവർ അവന്നു അവിടെ അത്താഴം ഒരുക്കി, മാൎത്ത ശുശ്രൂഷ ചെയ്തു; ലാസരോ അവനോടു കൂടെ ഭക്ഷണത്തിന്നിരുന്നവരിൽ ഒരുവൻ ആയിരുന്നു.

൩ അപ്പോൾ മറിയ വിലയേറിയ സ്വഛജടാമാംസിതൈലം ഒരു റാത്തൽ എടുത്തു യേശുവിന്റെ കാലുകളിൽ പൂശി, കാലുകളെ തന്റെ തലമുടികൊണ്ടു തുവൎത്തി; തൈലത്തിന്റെ സൌരഭ്യം കൊണ്ടു വീടു നിറകയും ചെയ്തു.

൪ എന്നാൽ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചുകൊടുപ്പാനുള്ള യൂദാ ഇസ്കൎയ്യോത്ത് പറയുന്നു:

൫ ഈ തൈലം മുന്നൂറു പണത്തിന്നു വിററു ദരിദ്രൎക്കു കൊടുക്കാഞ്ഞതു എന്തുകൊണ്ടു?

൬ എന്നാൽ ഇതു ദരിദ്രരെ കുറിച്ചു വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ

ആകകൊണ്ടും പണസഞ്ചി തന്റെ പക്ക
ൽ ആകയാൽ അതിൽ ഇടപ്പെട്ടതിനെ
എടുക്കകൊണ്ടും അത്രേ പറഞ്ഞതു.

൭ ആകയാൽ യേശു: അവളെ വിട്ടു
ക, എന്റെ ശവമടക്കത്തിന്നായി അവ
ൾ ഇതിനെ സംഗ്രഹിച്ചിരുന്നു.

൮ ദരിദ്രർ നിങ്ങൾക്കു എല്ലായ്പോഴും
അടുക്കേ ഉണ്ടല്ലോ; ഞാൻ നിങ്ങൾക്കു എ
ല്ലായ്പോഴും ഇല്ല താനും എന്നു പറഞ്ഞു.

൯ ¶ എന്നാറെ അവൻ അവിടെ ഉ
ള്ളപ്രകാരം അറിഞ്ഞിട്ടു യഹൂദന്മാരുടെ
ഒരു വലിയ കൂട്ടം യേശുവിന്റെ നിമി
ത്തം തന്നേ അല്ല, അവൻ മരിച്ചവരി
ൽനിന്നു ഉയിൎപ്പിച്ച ലാസരെ കാണ്മാ
നായിട്ടും കൂടെ വന്നു.

൧൦ അവൻ ഹേതുവായിട്ടു അനേകം
യഹൂദന്മാർ പോയി യേശുവിൽ വിശ്വ
സിക്കയാൽ

൧൧ ലാസരെയും കൊല്ലേണം എന്നു
മഹാപുരോഹിതന്മാർ നിരൂപിച്ചു.

൧൨ ¶ പിറേറ ദിവസം പെരുനാൾ
ക്കു വന്നോരു വലിയ പുരുഷാരം യേശു
യരുശലേമിലേക്കു വരുന്നു എന്നു കേ
ട്ടിട്ടു,

൧൩ ഈത്തപ്പനയുടെ കുരുത്തോലക
ൾ എടുത്തുംകൊണ്ടു അവനെ എതിരേ
ല്പാൻ പുറപ്പെട്ടുപോയി: ഹോശന്നാ, ഇ
സ്രയേലിന്റെ രാജാവായി കൎത്താവി
ന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെ
ട്ടവൻ എന്നു ആൎത്തു.

൧൪ യേശു ഒരു ചെറിയ കഴുതയെ
കണ്ടിട്ടു അതിന്മേൽ കയറി ഇരുന്നു.

൧൫ സീയോൻപുത്രീ, ഭയപ്പെടേണ്ടാ;
ഇതാ നിന്റെ രാജാവു കഴുതക്കുട്ടിപ്പുറ
ത്തു ഇരുന്നുകൊണ്ടു വരുന്നു എന്നു എഴു
തിയിരിക്കുന്നപ്രകാരം തന്നേ.

൧൬ ഇതു അവന്റെ ശിഷ്യന്മാർ ആ
ദിയിൽ ഗ്രഹിച്ചില്ല; യേശു മഹത്വപ്പെ
ട്ട ശേഷം ഇവ അവനെ കുറിച്ചു എഴുത
പ്പെട്ടിരിക്കുന്നു എന്നും തങ്ങൾ അവന്നു
ഇവ ചെയ്തു എന്നും അവൎക്കു ഓൎമ്മ വന്നു.

൧൭ ആകയാൽ അവൻ ലാസരെ ക
ല്ലറയിൽനിന്നു വിളിച്ചു മരിച്ചവരിൽനി
ന്നു എഴുനീല്പിച്ചപ്പോൾ അവനോടുകൂടെ
ഉണ്ടായിരുന്ന പുരുഷാരം സാക്ഷ്യം പ
റഞ്ഞു.

൧൮ അതുകൊണ്ടു അവൻ ഈ അട
യാളം ചെയ്തപ്രകാരം പുരുഷാരം കേട്ടി
ട്ടു അവനെ എതിരേററു ചെന്നു.

൧൯ ആകയാൽ പരീശർ തമ്മിൽ ത
മ്മിൽ: നിങ്ങളാൽ ഒന്നും സാധിക്കുന്നില്ല
എന്നു കാണുന്നുവല്ലോ, ഇതാ ലോകം
അവന്റെ പിന്നാലേ ആയ്പോയി എന്നു
പറഞ്ഞു.

൨൦ ¶ പെരുനാളിൽ കുമ്പിടുവാൻ ക
യറിവരുന്നവരിൽ ചില യവനന്മാർ ഉ
ണ്ടായിരുന്നു.

൨൧ ഇവർ ഗലീലയിലേ ബെത്സ
യിദക്കാരനായ ഫിലിപ്പോസിന്റെ അടു
ക്കൽ ചെന്നു അവനോടു: യജമാനനേ,
ഞങ്ങൾക്കു യേശുവിനെ കാണ്മാൻ ആഗ്ര
ഹമുണ്ടു എന്നു അപേക്ഷിച്ചു പറഞ്ഞു.

൨൨ ഫിലിപ്പോസ് വന്നു അന്ത്രയോ
സിനോടു പറയുന്നു. പിന്നെ അന്ത്രയോ
സും ഫിലിപ്പോസും ചെന്നു യേശുവിനോ
ടു പറയുന്നു.

൨൩ എന്നാൽ യേശു അവരോടു ഉ
ത്തരം പറയുന്നതു: മനുഷ്യപുത്രൻ മഹ
ത്വപ്പെടുവാനുള്ള നാഴിക വന്നിരിക്കു
ന്നു.

൨൪ സത്യമായിട്ടു സത്യമായിട്ടു ഞാൻ
നിങ്ങളോടു പറയുന്നു: കോതമ്പുമണി
നിലത്തിൽ വീണു ചാകുന്നില്ല എങ്കിൽ
അതു തനിയേ ഇരിക്കുന്നു, ചത്തു എങ്കി
ലോ വളരെ ഫലം കായ്ക്കുന്നു.

൨൫ തന്റെ ജീവനെ സ്നേഹിക്കുന്നവ
ൻ അതിനെ കളയുന്നു; ഇഹലോകത്തി
ൽ തന്റെ ജീവനെ പകെക്കുന്നവൻ അ
തിനെ നിത്യജീവന്നായി സൂക്ഷിക്കും.

൨൬ യാതൊരുത്തൻ എനിക്കു ശുശ്രൂ
ഷ ചെയ്യുന്നു എങ്കിൽ അവൻ എന്നെ അ
നുഗമിക്കട്ടെ; ഞാൻ എവിടെ ഇരിക്കുന്നു
വോ അവിടെ എന്റെ ശുശ്രൂഷക്കാരനും
ഇരിക്കും; യാതൊരുത്തൻ എനിക്കു ശുശ്രൂ
ഷ ചെയ്താൽ അവനെ പിതാവു മാനിക്കും.

൨൭ ഇപ്പോൾ എന്റെ ആത്മാവു ക
ലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേ

ണ്ടു? പിതാവേ, ഈ നാഴികയിൽനിന്ന എന്നെ രക്ഷിക്കേണമേ; എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്ക വന്നു.

൨൮ പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ. എന്നാറെ: ഞാൻ മഹത്വപ്പെടുത്തി ഇനിയും മഹത്വപ്പെടുത്തും എന്നൊരു ശബ്ദം ആകാശത്തിൽനിന്ന വന്നു.

൨൯ അതു കേട്ടിട്ടു, അരികെ നില്ക്കുന്ന പുരുഷാരം: ഇടി ഉണ്ടായി എന്ന പറഞ്ഞു; മററുചിലർ: ഒരു ദൈവദൂതൻ അവനോടു സംസാരിച്ചു എന്ന പറഞ്ഞു.

൩൦ യേശു ഉത്തരം പറഞ്ഞതു: ഈ ശബ്ദം എന്റെ നിമിത്തമല്ല നിങ്ങളുടെ നിമിത്തം അത്രെ ഉണ്ടായതു.

൩൧ ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈലോകത്തിന്റെ പ്രഭു പുറത്തു തള്ളപ്പെടും.

൩൨ ഞാനോ ഭൂമിയിൽനിന്ന ഉയൎത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക ആകൎഷിക്കും.

൩൩ ഇതു താൻ മരിപ്പാനുള്ള മരണവിധം ഇന്നതു എന്ന സൂചിപ്പിച്ചു പറഞ്ഞതത്രെ.

൩൪ ആകയാൽ പുരുഷാരം അവനോടു ഉത്തരം പറഞ്ഞതു: ക്രിസ്തു എന്നേക്കും ഇരിക്കുന്നു എന്ന ഞങ്ങൾ ന്യായപ്രമാണത്തിൽനിന്ന കേട്ടിരിക്കുന്നു; പിന്നെ മനുഷ്യപുത്രൻ ഉയൎത്തപ്പെടേണ്ടതെന്ന നീ എങ്ങനെ പറയുന്നു? ഈ മനുഷ്യപുത്രൻ ആർ ആകുന്നു?

൩൫ എന്നാറെ യേശു അവരോടു പറഞ്ഞു: ഇനി കുറയകാലം വെളിച്ചം നിങ്ങളോടുകൂടെ ഇരിക്കുന്നു; ഇരുൾ നിങ്ങളെ പിടിക്കാതവണ്ണം നിങ്ങൾക്ക വെളിച്ചം ഉള്ളപ്പോൾ നടന്നുകൊൾവിൻ. ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്ന അറിയുന്നില്ലല്ലോ.

൩൬ നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന്ന വെളിച്ചം ഉള്ളെടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ.

¶ ഇവ യേശു സംസാരിച്ചിട്ടു വാങ്ങിപ്പോയി അവരിൽനിന്ന മറഞ്ഞുകൊൾകയും ചെയ്തു.

൩൭ ഇത്ര വളരെ അടയാളങ്ങളെ അവർ കാണ്കെ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല.

൩൮ കൎത്താവേ ഞങ്ങളുടെ വചനം ആർ വിശ്വസിച്ചു? കൎത്താവിന്റെ ഭുജം ആൎക്ക വെളിപ്പെട്ടു? എന്ന യശയ്യാ പ്രവാചകൻ പറഞ്ഞ വചനം നിവൃത്തിയാവാൻ തന്നേ.

൩൯ ഇതുനിമിത്തം അവൎക്ക വിശ്വസിപ്പാൻ കഴിഞ്ഞില്ല; എന്തുകൊണ്ടെന്നാൽ യശയ്യാ പിന്നെയും പറയുന്നു:

൪൦ അവർ കണ്ണുകൊണ്ടു കാണാതെയും ഹൃദയംകൊണ്ടു തിരിച്ചറിയാതെയും മനംതിരിയാതെയും, ഞാൻ അവരെ സൌഖ്യമാക്കാതെയുമിരിക്കേണ്ടതിന്ന അവരുടെ കണ്ണുകളെ അവൻ കുരുടാക്കി ഹൃദയത്തെയും തടിപ്പിച്ചിരിക്കുന്നു.

൪൧ ഇവ യശയ്യാ അവന്റെ തേജസ്സു കണ്ടു അവനെ കുറിച്ചു സംസാരിച്ചതുകൊണ്ടു പറഞ്ഞു.

൪൨ എന്നിട്ടും പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പറീശരുടെ നിമിത്തം ഏററുപറഞ്ഞില്ല താനും.

൪൩ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ അധികം സ്നേഹിച്ചു.

൪൪ ¶ യേശു വിളിച്ചു പറഞ്ഞതു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽ തന്നേ വിശ്വസിക്കുന്നു.

൪൫ എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.

൪൬ എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു.

൪൭ എന്റെ മൊഴികൾ ആരെങ്കിലും കേട്ടിട്ടു കാത്തുകൊള്ളാതിരുന്നാൽ അവനെ ഞാൻ വിധിക്കുന്നില്ല; എന്തുകൊ

ണ്ടെന്നാൽ ലോകത്തെ വിധിപ്പാനല്ല ലോകത്തെ രക്ഷിപ്പാനത്രെ ഞാൻ വന്നതു.

൪൮ എന്റെ മൊഴികളെ കൈക്കൊള്ളാതെ എന്നെ തള്ളുന്നവന്നു ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ചിട്ടുള്ള വചനം തന്നേ ഒടുക്കത്തേ നാളിൽ അവനെ ന്യായം വിധിക്കും.

൪൯ എന്തുകൊണ്ടെന്നാൽ ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നേ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും എനിക്കു കല്പന തന്നിരിക്കുന്നു.

൫൦ അവന്റെ കല്പന നിത്യജീവൻ ആകുന്നു എന്നു ഞാൻ അറിയുന്നു; ആകയാൽ ഞാൻ സംസാരിക്കുന്നവ പിതാവു എന്നോടു അരുളിയപ്രകാരം തന്നേ സംസാരിക്കുന്നു.

൧൩ാം അദ്ധ്യായം.

പെസഹ പെരുനാളിന്നു മുമ്പേ യേശു ഈ ലോകം വിട്ടു പിതാവിന്നരികിൽ പോകുവാനുള്ള തന്റെ നാഴിക വന്നു എന്നു അറിഞ്ഞു, അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചിട്ടു അവരെ അവസാനത്തോളം സ്നേഹിച്ചു.

൨ അത്താഴം ആയപ്പോൾ പിശാചു, ശിമോൻപുത്രനായ യൂദാ ഇസ്കയ്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുക്കേണ്ടതിന്നു തോന്നിച്ചിരിക്കേ,

൩ തന്റെ കയ്യിൽ പിതാവു സകലവും തന്നു എന്നും താൻ ദൈവത്തിൽനിന്നു പുറപ്പെട്ടു വന്നു ദൈവത്തിന്റെ അടുക്കേ പോകുന്നു എന്നും യേശു അറിഞ്ഞു,

൪ അത്താഴത്തിൽനിന്നു എഴുനീറ്റു വസ്ത്രങ്ങളെ ഊരി വെച്ചു ഒരു തുവൎത്തുണി എടുത്തു തന്റെ അരയിൽ ചുറ്റി,

൫ ഒരു പാത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യന്മാരുടെ കാലുകളെ കഴുകുവാനും താൻ അരയിൽ ചുറ്റിയിരുന്ന ഉണികൊണ്ടു തുവൎത്തുവാനും തുടങ്ങി.

൬ അപ്പോൾ അവൻ ശിമോൻപത്രൊസിന്റെ അടുക്കൽ വരുന്നു; അവൻ അവനോടു: കൎത്താവേ, നീ എന്റെ കാലുകളെ കഴുകുന്നുവോ എന്നു പറയുന്നു.

൭ യേശു അവനോടു: ഞാൻ ചെയ്യുന്നതിനെ നീ ഇപ്പോൾ അറിയുന്നില്ല, പിന്നെ അറിയും താനും എന്നു ഉത്തരം പറഞ്ഞു.

൮ നീ ഒരുനാളും എന്റെ കാലുകളെ കഴുകുകയില്ല എന്നു പത്രൊസ് പറയുന്നു. യേശു ഉത്തരം പറഞ്ഞതു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടു കൂടെ പങ്കില്ല.

൯ എന്നാറെ ശിമോൻ പത്രൊസ്: കൎത്താവേ, എന്റെ കാലുകൾ മാത്രമല്ല കൈകളും തലയുംകൂടെ എന്നു പറയുന്നു.

൧൦ യേശു അവനോടു: കുളിച്ചിരിക്കുന്നവന്നു കാലുകൾ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല; അവൻ മുഴുവനും ശുദ്ധിയുള്ളവൻ ആകുന്നു; നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു, എല്ലാവരും അല്ല താനും എന്നു പറയുന്നു.

൧൧ തന്നെ കാണിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രേ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞതു.

൧൨ ¶ അവരുടെ കാലുകളെ കഴുകി തന്റെ വസ്ത്രങ്ങളെ ധരിച്ചു പിന്നെയും ഇരുന്നശേഷം അവൻ അവരോടു പറഞ്ഞു: ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതു എന്നു അറിയുന്നുവോ?

൧൩ നിങ്ങൾ എന്നെ ഗുരുവെന്നും കൎത്താവെന്നും വിളിക്കുന്നു; ഞാൻ അപ്രകാരം ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി.

൧൪ ആകയാൽ കൎത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ കഴുകേണ്ടതാകുന്നു.

൧൫ എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തപ്രകാരം നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.

൧൬ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നതു: ദാസൻ തന്റെ

കൎത്താവിനെക്കാൾ വലിയവൻ അല്ല; അയക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനുമല്ല.

൧൭ ഇവ നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ ആകുന്നു.

൧൮ നിങ്ങളെ എല്ലാവരെയും കുറിച്ചു പറയുന്നില്ല, ഞാൻ തെരിഞ്ഞെടുത്തവരെ ഞാൻ അറിയുന്നു; എന്നാൽ എന്റെ അപ്പം ഭക്ഷിക്കുന്നവൻ എന്റെ നെരെ തന്റെ കുതികാൽ ഉയൎത്തി എന്നുള്ള തിരുവെഴുത്തിന്നു നിവൃത്തി വരേണ്ടതാകുന്നു.

൧൯ അതു സംഭവിക്കുമ്പോൾ ഞാൻ തന്നെ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നു അതു സംഭവിക്കും മുമ്പെ ഇപ്പോഴെ ഞാൻ നിങ്ങളോടു പറയുന്നു.

൨൦ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നതു: ഞാൻ അയക്കുന്ന ഏവനെ എങ്കിലും കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.

൨൧ ¶ ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി: സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും എന്നു സാക്ഷീകരിച്ചു പറഞ്ഞു.

൨൨ ഇതു ആരെ കുറിച്ചു പറയുന്നു എന്നു ശിഷ്യന്മാർ സംശയിച്ചുകൊണ്ടു തമ്മിൽ തമ്മിൽ നോക്കി.

൨൩ ശിഷ്യന്മാരിൽവെച്ചു യേശു സ്നേഹിച്ച ഒരുത്തൻ യേശുവിന്റെ മാൎവ്വിടത്തിൽ ചാരിക്കൊണ്ടിരുന്നു.

൨൪ ആകയാൽ ശിമോൻ പത്രൊസ് അവനോടു ആംഗ്യം കാട്ടി, അവൻ പറഞ്ഞതു ആരെക്കൊണ്ടു എന്നു പറക എന്നു അവനോടു പറയുന്നു.

൨൫ ആയവൻ യേശുവിന്റെ നെഞ്ചോടു അങ്ങനെ ചാരിക്കൊണ്ടു: കൎത്താവേ അതു ആർ ആകുന്നു എന്നു ചോദിച്ചു.

൨൬ ഞാൻ അപ്പഖണ്ഡംമുക്കി കൊടുക്കുന്നതു ആൎക്കോ അവൻ തന്നേ എന്നു യേശു ഉത്തരം പറഞ്ഞു; എന്നാറെ ഖണ്ഡം മുക്കീട്ടു ശിമോൻഇസ്കൎയ്യോത്താവിന്റെ പുത്രനായ യൂദാവിന്നു കൊടുത്തു.

൨൭ ഖണ്ഡത്തിന്റെശേഷം സാത്താൻ അപ്പോൾ അവനിൽ പ്രവേശിച്ചു. ആകയാൽ യേശു അവനോടു: നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക എന്നു പറയുന്നു.

൨൮ എന്നാൽ ഇതു ഇന്നതിനെ കുറിച്ചു പറഞ്ഞുവെന്നു പന്തിയിൽ ഇരുന്നവരിൽ ആരും അറിഞ്ഞില്ല.

൨൯ പണസ്സഞ്ചി യൂദാവിന്റെ പക്കൽ ആകയാൽ പെരുനാളിന്നു വേണ്ടുന്നതു മേടിക്ക എന്നോ ദരിദ്രൎക്കു വല്ലതും കൊടുക്കേണ്ടതിന്നോ യേശു അവനോടു കല്പിക്കുന്നപ്രകാരം ചിലൎക്കു തോന്നി.

൩൦ എന്നാൽ അവൻ ഖണ്ഡം വാങ്ങിട്ടു ക്ഷണത്തിൽ പുറപ്പെട്ടുപോയി; അപ്പോൾ രാത്രി ആയിരുന്നു.

൩൧ ¶ അവൻ പുറപ്പെട്ടു പോയപ്പോൾ യേശു പറയുന്നു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടു, ദൈവവും അവനിൽ മഹത്വപ്പെട്ടു.

൩൨ ദൈവം അവനെ തന്നിൽ തന്നേ മഹത്വപ്പെടുത്തും; ക്ഷണത്തിൽ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും.

൩൩ കുഞ്ഞുങ്ങളേ, ഞാൻ ഇനി കുറഞ്ഞോന്നു നിങ്ങളോടുകൂടെ ഇരിക്കുന്നു; നിങ്ങൾ എന്നെ അന്വേഷിക്കും, ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു ഞാൻ യഹൂദന്മാരോടു പറഞ്ഞപ്രകാരം ഇന്നു നിങ്ങളോടും പറയുന്നു.

൩൪ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ.

൩൫ നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകുന്നു എന്നു അതിനാൽ എല്ലാവരും അറിയും.

൩൬ ¶ ശിമോൻ പത്രൊസ് അവനോടു: കൎത്താവേ, നീ എവിടെ പോകുന്നു എന്നു ചോദിക്കുന്നു. ഞാൻ പോകുന്ന

ഇടത്തേക്കു നിനക്കു ഇപ്പോൾ എന്നെ അ
നുഗമിപ്പാൻ കഴികയില്ല; പിന്നത്തേതി
ൽ നീ എന്നെ അനുഗമിക്കും താനും എ
ന്നു യേശു അവനോടു ഉത്തരം പറഞ്ഞു.
൩൭ പത്രൊസ് അവനോടു: കൎത്താ
വേ, ഇപ്പോൾ തന്നേ എനിക്കു നിന്നെ
അനുഗമിപ്പാൻ കഴിയാത്തതു എന്തുകൊ
ണ്ടു? നിനക്കു വേണ്ടി ഞാൻ എന്റെ ജീ
വനെ വെച്ചുകളയും എന്നു പറഞ്ഞു.
൩൮ യേശു ഉത്തരം പറയുന്നതു: നി
ന്റെ ജീവനെ എനിക്കു വേണ്ടി വെക്കു
മോ? സത്യമായിട്ടു സത്യമായിട്ടു ഞാൻ
നിന്നോടു പറയുന്നു: നീ മൂന്നുപ്രാവശ്യം
എന്നെ തള്ളിപ്പറയുവോളം കോഴി കൂകു
കയില്ല.

൧൪ാം അദ്ധ്യായം.

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു;
ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും
വിശ്വസിപ്പിൻ.
൨ എന്റെ പിതാവിന്റെ ഭവനത്തി
ൽ പല വാസസ്ഥലങ്ങൾ ഉണ്ടു; അല്ലാ
ഞ്ഞാൽ ഞാൻ നിങ്ങളോടു പറയുമായിരു
ന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാ
ൻ പോകുന്നു.
൩ ഞാൻ പോയി നിങ്ങൾക്കു സ്ഥലം
ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നി
ങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വ
ന്നു നിങ്ങളെ എന്റെ അടുക്കൽ ചേൎത്തു
കൊള്ളും.
൪ ഞാൻ പോകുന്ന ഇടത്തേക്കുള്ള വ
ഴി നിങ്ങൾ അറിയുന്നു.
൫ തോമാസ് അവനോടു: കൎത്താവേ,
നീ എവിടെ പോകുന്നു എന്നു ഞങ്ങൾ
അറിയുന്നില്ല. പിന്നെ വഴി ഞങ്ങൾക്കു
എങ്ങനെ അറിയാം എന്നു പറയുന്നു.
൬ യേശു അവനോടു പറയുന്നു: ഞാ
ൻതന്നേ വഴിയും സത്യവും ജീവനും ആ
കുന്നു; എന്നിലൂടെ അല്ലാതെ ആരും പി
താവിന്റെ അടുക്കൽ വരുന്നില്ല.
൭ നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ
എന്റെ പിതാവിനെയും അറിയുമായി
രുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അ
റിയുന്നു, അവനെ കണ്ടുമിരിക്കുന്നു.

൮ ഫിലിപ്പോസ് അവനോടു: കൎത്താ
വേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു
തരേണം, എന്നാൽ ഞങ്ങൾക്കു മതി എ
ന്നു പറയുന്നു.
൯ യേശു അവനോടു പറയുന്നു: ഞാ
ൻ ഇത്ര കാലം നിങ്ങളോടുകൂടെ ഇരുന്നി
ട്ടും നീ എന്നെ അറിഞ്ഞില്ലയോ ഫിലി
പ്പോസേ? എന്നെ കണ്ടവൻ പിതാവി
നെ കണ്ടു; പിന്നെ പിതാവിനെ ഞങ്ങ
ൾക്കു കാണിച്ചുതരേണം എന്നു നീ പറ
യുന്നതു എങ്ങനെ?
൧൦ ഞാൻ പിതാവിലും പിതാവു എ
ന്നിലും ആകുന്നു എന്നു നീ വിശ്വസിക്കു
ന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന
മൊഴികളെ സ്വയമായിട്ടല്ല സംസാരിക്കു
ന്നതു; പിതാവു എന്നിൽ വസിച്ചുകൊ
ണ്ടു തന്റെ പ്രവൃത്തികളെ ചെയ്യുന്നു.
൧൧ ഞാൻ പിതാവിലും പിതാവു എ
ന്നിലും ആകുന്നു എന്നു എന്നെ വിശ്വ
സിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തികൾ നി
മിത്തം എന്നെ വിശ്വസിപ്പിൻ.
൧൨ സത്യമായിട്ടു സത്യമായിട്ടു ഞാൻ
നിങ്ങളോടു പറയുന്നു: എന്നിൽ വിശ്വ
സിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തി
കളെ അവനും ചെയ്യും, ഇവയിലും വ
ലിയവ അവൻ ചെയ്യും; എന്തുകൊണ്ടെ
ന്നാൽ ഞാൻ പിതാവിന്റെ അടുക്കൽ
പോകുന്നു.
൧൩ നിങ്ങൾ എന്റെ നാമത്തിൽ എ
ന്തു യാചിച്ചാലും പിതാവു പുത്രനിൽ മ
ഹത്വപ്പെടേണ്ടതിന്നു ഞാൻ അതിനെ
ചെയ്യും.
൧൪ നിങ്ങൾ എന്റെ നാമത്തിൽ എ
ന്തെങ്കിലും എന്നോടു യാചിച്ചാൽ അതു
ഞാൻ ചെയ്യും.
൧൫ നിങ്ങൾ എന്നെ സ്നേഹിക്കുന്നു എ
ങ്കിൽ എന്റെ കല്പനകളെ കാത്തുകൊ
ള്ളും.
൧൬ എന്നാൽ ഞാൻ പിതാവിനോടു
ചോദിക്കും; അവൻ സത്യത്തിന്റെ ആ
ത്മാവായ മറെറാരു *ആശ്വാസപ്രദനെ
എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ട
തിന്നു നിങ്ങൾക്കു തരും.

* കാൎയ്യസ്ഥൻ.

൧൭ ലോകത്തിന്നു അവനെ കൈക്കൊൾവാൻ കഴികയില്ല; എന്തുകൊണ്ടെന്നാൽ അതു അവനെ കാണുന്നില്ല അറിയുന്നതുമില്ല; നിങ്ങളോ അവനെ അറിയുന്നു; എന്തുകൊണ്ടെന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നു, നിങ്ങളിൽ ഇരിക്കയും ചെയ്യും.

൧൮ ഞാൻ നിങ്ങളെ അനാഥന്മാരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും.

൧൯ ഇനി കുറഞ്ഞൊന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല, നിങ്ങളോ എന്നെ കാണുന്നു ഞാൻ ജീവിക്കുന്നതു കൊണ്ടു നിങ്ങളും ജീവിക്കും.

൨൦ ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും ആകുന്നു എന്നു നിങ്ങൾ അന്നു അറിയും.

൨൧ എന്റെ കല്പനകൾ കൈക്കൊണ്ടു അവയെ കാക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവൻ എന്റെ പിതാവിനാൽ സ്നേഹിക്കപ്പെടും, ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെ തന്നേ വെളിപ്പെടുത്തും.

൨൨ ഇസ്കര്യോത്തല്ലാത്ത യൂദാ അവനോടു പറയുന്നു: കർത്താവേ, നീ ലോകത്തിന്നല്ല ഞങ്ങൾക്കു നിന്നെത്തന്നേ വെളിപ്പെടുത്തുവാൻ പോകുന്നതു എന്തു സംഭവിച്ചിട്ടാകുന്നു?

൨൩ യേശു അവനോടു ഉത്തരം പറഞ്ഞതു: ഒരുത്തൻ എന്നെ സ്നേഹിക്കുന്നു എങ്കിൽ അവൻ എന്റെ വചനം കാത്തുകൊള്ളും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്നടുക്കേ വന്നു അവനോടുകൂടെ വസിക്കയും ചെയ്യും.

൨൪ എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങളെ കാക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ.

൨൫ ¶ ഞാൻ നിങ്ങളോടുകൂടെ വസിച്ചിരിക്കേ ഇവ നിങ്ങളോടു സംസാരിച്ചിരിക്കുന്നു.

൨൬ എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന *ആശ്വാസപ്രദൻ നിങ്ങൾക്കു സകലവും ഉപദേശിക്കും, ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓൎമ്മപ്പെടുത്തുകയും ചെയ്യും.

൨൭ സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു വിരളുകയും അരുതു.

൨൮ ഞാൻ പോകുന്നു, പിന്നെ നിങ്ങളുടെ അടുക്കൽ വരുന്നു എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു കേട്ടുവല്ലോ; നിങ്ങൾ എന്നെ സ്നേഹിച്ചു എങ്കിൽ ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു; പിതാവു എന്നേക്കാൾ വലിയവൻ ആകുന്നുവല്ലോ.

൨൯ അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിപ്പാനായിട്ടു അതു സംഭവിക്കുമ്മുമ്പേ ഇപ്പോഴേ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.

൩൦ ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ പ്രഭു വരുന്നു; അവന്നു എന്നിൽ ഏതുമില്ല.

൩൧ എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവു എന്നോടു കല്പിച്ചപ്രകാരം ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതിന്നത്രേ എഴുനീല്പിൻ നാം ഇവിടെനിന്നു പോക.

൧൫ാം അദ്ധ്യായം.

ഞാൻ സത്യമായുള്ള മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു.

൨ എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു അതിനെ ചെത്തി ശുദ്ധമാക്കുന്നു.

൩ ഞാൻ നിങ്ങളോടു സംസാരിച്ചിട്ടുള്ള വചനം മൂലം നിങ്ങൾ ഇപ്പോഴേ ശുദ്ധിയുള്ളവരാകുന്നു.

---

*കാര്യസ്ഥൻ.

൪ എന്നിൽ വസിപ്പിൻ ഞാൻ നിങ്ങ
ളിലും വസിക്കും; കൊമ്പു മുന്തിരിവള്ളി
യിൽ വസിച്ചിട്ടല്ലാതെ സ്വയമായി കാ
യ്പാൻ കഴിയാത്തപ്രകാരം എന്നിൽ വ
സിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴികയില്ല.
൫ ഞാൻ മുന്തിരിവള്ളിയും നിങ്ങൾ
കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നി
ലും ഞാൻ അവനിലും വസിക്കുന്നു എങ്കി
ൽ അവൻ വളരെ ഫലം കായ്ക്കും; എന്തു
കൊണ്ടെന്നാൽ എന്നെ പിരിഞ്ഞു നിങ്ങ
ൾക്കു ഒന്നും ചെയ്വാൻ കഴികയില്ല.
൬ ആരെങ്കിലും എന്നിൽ വസിക്കാ
ഞ്ഞാൽ അവൻ ഒരു കൊമ്പുപോലെ പു
റത്തു കളയപ്പെട്ടു ഉണങ്ങിപ്പോകുന്നു;
അവയെ അവർ ചേർത്തു തീയിൽ ഇടു
ന്നു; അവ വെന്തുപോകയും ചെയ്യും
൭ നിങ്ങൾ എന്നിലും എന്റെ മൊഴി
കൾ നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇ
ച്ഛിക്കുന്നതു എന്തെങ്കിലും യാചിപ്പിൻ,
അതു നിങ്ങൾക്കു ഉണ്ടാകയും ചെയ്യും.
൮ നിങ്ങൾ വളരെ ഫലം കായ്ക്കുന്ന
തിനാൽ തന്നേ എന്റെ പിതാവു മഹ
ത്വപ്പെടുന്നു; ഇങ്ങനെ നിങ്ങൾ എന്റെ
ശിഷ്യന്മാർ ആകും.
൯ പിതാവു എന്നെ സ്നേഹിച്ചതുപോ
ലെ ഞാനും നിങ്ങളെ സ്നേഹിച്ചു; എ
ന്റെ സ്നേഹത്തിൽ വസിപ്പിൻ.
൰ എന്റെ പിതാവിന്റെ കല്പനക
ളെ ഞാൻ കാത്തുകൊണ്ടു അവന്റെ സ്നേ
ഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ
എന്റെ കല്പനകളെ കാത്തുകൊണ്ടാൽ എ
ന്റെ സ്നേഹത്തിൽ വസിക്കും.
൰൧ എന്റെ സന്തോഷം നിങ്ങളിൽ
ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂൎണ്ണ
മാകുവാനും ഞാൻ ഇവ നിങ്ങളോടു സം
സാരിച്ചിരക്കുന്നു.
൰൨ ഞാൻ നിങ്ങളെ സ്നേഹിച്ചപ്രകാ
രം നിങ്ങൾ തമ്മിലും സ്നേഹിക്കേണം എ
ന്നതു എന്റെ കല്പന ആകുന്നു.
൰൩ തന്റെ സ്നേഹിതന്മാൎക്ക് വേണ്ടി
തന്റെ ജീവനെ വെക്കുന്നതിലും അധി
കമുള്ള സ്നേഹം ആൎക്കും ഇല്ല.
൰൪ ഞാൻ നിങ്ങളോടു കല്പിക്കുന്നവ
യെ ചെയ്താൽ നിങ്ങൾ എന്റെ സ്നേഹി
തന്മാർ ആകുന്നു.
൰൫ ദാസൻ തന്റെ കൎത്താവു എന്തു
ചെയ്യുന്നു എന്നു അറിയായ്കകൊണ്ടു ഞാ
ൻ നിങ്ങളെ ദാസന്മാർ എന്നു ഇനി വി
ളിക്കുന്നില്ല; ഞാൻ എന്റെ പിതാവിൽ
നിന്നു കേട്ടതു എല്ലാം നിങ്ങളോടു അറി
യിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ
എന്നു വിളിച്ചിരിക്കുന്നു.
൰൬ നിങ്ങൾ എന്നെ തെരിഞ്ഞെടുത്തു
എന്നല്ല, ഞാൻ നിങ്ങളെ തെരിഞ്ഞെടു
ത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ട
തിന്നും നിങ്ങളുടെ ഫലം നിലനില്ക്കേണ്ട
തിന്നും ഞാൻ നിങ്ങളെ ആക്കിവെച്ചുമിരി
ക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പി
താവിനോടു എന്തു യാചിച്ചാലും അവൻ
നിങ്ങൾക്കു തരുവാനായിട്ടു തന്നേ.
൰൭ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹി
ക്കേണ്ടതിന്നു ഞാൻ ഇവ നിങ്ങളോടു ക
ല്പിക്കുന്നു.
൰൮ ലോകം നിങ്ങളെ പകെക്കുന്നു
എങ്കിൽ അതു നിങ്ങൾക്കു മുമ്പേ എന്നെ
പകെച്ചിരിക്കുന്നു എന്നു അറിവിൻ.
൰൯ നിങ്ങൾ ലോകക്കാർ ആയിരുന്നു
എങ്കിൽ ലോകം തനിക്കു സ്വന്തമായതി
നെ പ്രിയപ്പെട്ടമായിരുന്നു; എന്നാൽ നി
ങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നി
ങ്ങളെ ലോകത്തിൽനിന്നു തെരിഞ്ഞെടു
ത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കു
ന്നു.
൨൰ ദാസൻ തന്റെ കൎത്താവിനേക്കാ
ൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോ
ടു പറഞ്ഞ വചനം ഓൎക്കുവിൻ; അവർ
എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും
ഉപദ്രവിക്കും; എന്റെ വചനം കാത്തു എ
ങ്കിൽ നിങ്ങളുടേതും കാക്കും.
൨൰൧ എങ്കിലും എന്നെ അയച്ചവനെ
അവർ അറിയായ്കകൊണ്ടു എന്റെ നാ
മം നിമിത്തം ഇവ ഒക്കെയും അവർ നി
ങ്ങളോടു ചെയ്യും.
൨൰൨ ഞാൻ വന്നു അവരോടു സംസാ
രിക്കാതിരുന്നെങ്കിൽ അവൎക്കു പാപം ഇ
ല്ലായിരുന്നു; ഇപ്പോഴോ അവരുടെ പാ
പത്തിന്നു ഒരു ഒഴികഴിവില്ല.

൨൩ എന്നെ പകെക്കുന്നവൻ എന്റെ
പിതാവിനെയും പകെക്കുന്നു.

൨൪ മററാരും ചെയ്യിട്ടില്ലാത്ത പ്രവൃ
ത്തികളെ ഞാൻ അവരുടെ ഇടയിൽ ചെ
യ്യാരിരുന്നു എങ്കിൽ അവൎക്കു പാപം ഇ
ല്ലായിരുന്നു; ഇപ്പോഴോ അവർ എന്നെ
യും എന്റെ പിതാവിനെയും കാണുകയും
പകെക്കുകയും ചെയ്യിരിക്കുന്നു.

൨൫ അവർ വെറുതെ എന്നെ പകെ
ച്ചു എന്നു അവരുടെ ന്യായപ്രമാണത്തി
ൽ എഴുതിയിരിക്കുന്ന വചനം നിവൃത്ത
യാകേണ്ടതിന്നു തന്നേ.

൨൬ എങ്കിലും ഞാൻ പിതാവിൻ അ
ടുക്കൽനിന്നു നിങ്ങൾക്കു അയപ്പാനുള്ള
*ആശ്വാസപ്രദനായി പിതാവിൽനിന്നു
പുറപ്പെടുന്നവനായ സത്യാത്മാവു വരു
മ്പോൾ അവൻ എനിക്കു സാക്ഷ്യം പറ
യും.

൨൭ നിങ്ങളും ആദിമുതൽ എന്നോടു
കൂടെ ഇരിക്കകൊണ്ടു സാക്ഷ്യം പറവിൻ.

൧൬ാം അദ്ധ്യായം.

നിങ്ങൾ ഇടറിപ്പോകാതിരിപ്പാൻ ഇവ
ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്നു.

൨ അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആ
ക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവ
ൻ എല്ലാം ദൈവത്തിന്നു ആരാധന കഴി
ക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വ
രുന്നു.

൩ അവർ പിതാവിനെ എങ്കിലും എ
ന്നെ എങ്കിലും അറിയായ്കകൊണ്ടു ഈ വ
ക ചെയ്യും.

൪ എന്നാൽ അവയുടെ നാഴിക വരു
മ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടെ
ന്നു നിങ്ങൾ ഓൎക്കേണ്ടതിന്നു ഇവ നിങ്ങ
ളോടു സംസാരിച്ചിരിക്കുന്നു; ആദിയിൽ
ഇവ നിങ്ങളോടു പറയാഞ്ഞതു ഞാൻ നി
ങ്ങളോടുകൂടെ ഇരിക്കകൊണ്ടത്രേ.

൫ ഇപ്പോഴോ എന്നെ അയച്ചവന്റെ
അടുക്കലേക്കു ഞാൻ പോകുന്നു; നീ എ
വിടെ പോകുന്നു എന്നു നിങ്ങൾ ആരും
എന്നോടു ചോദിക്കുന്നതും ഇല്ല.

൬ എങ്കിലും ഇവ നിങ്ങളോടു സംസാ
രിക്കകൊണ്ടു നിങ്ങളുടെ ഹൃദയം ദുഃഖം
കൊണ്ടു നിറഞ്ഞിരിക്കുന്നു.

൭ എന്നാലും ഞാൻ നിങ്ങളോടു സത്യം
പറയുന്നു: ഞാൻ പോകുന്നതു നിങ്ങൾ
ക്കു പ്രയോജനം ആകുന്നു; എന്തുകൊ
ണ്ടെന്നാൽ ഞാൻ പോകാഞ്ഞാൽ *ആ
ശ്വാസപ്രദൻ നിങ്ങളുടെ അടുക്കെ വരി
കയില്ല; ഞാൻ പോയാൽ അവനെ നി
ങ്ങളുടെ അടുക്കൽ അയക്കും.

൮ അവൻ വന്നു പാപത്തെകുറിച്ചും
നീതിയെകുറിച്ചും ന്യായവിധിയെകുറി
ച്ചും ലോകത്തെ ബോധം വരുത്തും.

൯ അവർ എന്നിൽ വിശ്വസിക്കായ്ക
കൊണ്ടു പാപത്തെ കുറിച്ചും,

൧൦ ഞാൻ പിതാവിന്റെ അടുക്കൽ
പോകയും നിങ്ങൾ ഇനി എന്നെ കാണാ
തിരിക്കയും ചെയ്യുന്നതുകൊണ്ടു നീതിയെ
കുറിച്ചും,

൧൧ ഈ ലോകത്തിന്റെ പ്രഭു വിധി
ക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെ കു
റിച്ചും തന്നേ.

൧൨ ഇനിയും വളരെ നിങ്ങളോടു പ
റവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇ
പ്പോൾ വഹിപ്പാൻ കഴിവില്ല.

൧൩ എങ്കിലും സത്യത്തിന്റെ ആത്മാ
വു വരുമ്പോൾ അവൻ നിങ്ങളെ സകല
സത്യത്തിലും വഴിനടത്തും; എന്തുകൊ
ണ്ടെന്നാൽ അവൻ സ്വയമായി സംസാ
രിക്കാതെ താൻ കേൾക്കുന്നവ സംസാരി
ക്കയും വരുവാനുള്ളവ നിങ്ങൾക്കു അറി
യിക്കയും ചെയ്യും.

൧൪ അവൻ എനിക്കുള്ളതിൽനിന്നു
എടുത്തു നിങ്ങൾക്കു അറിയിക്കുന്നതുകൊ
ണ്ടു എന്നെ മഹത്വപ്പെടുത്തും.

൧൫ പിതാവിന്നുള്ളവ ഒക്കെയും എ
നിക്കുള്ളവ ആകുന്നു; അതുകൊണ്ടത്രെ
അവൻ എനിക്കുള്ളതിൽനിന്നു എടുത്തു
നിങ്ങൾക്കു അറിയിക്കും എന്നു ഞാൻ പ
റഞ്ഞതു.

൧൬ കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങ
ൾ എന്നെ കാണുകയില്ല; പിന്നെയും കു
റഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ
കാണും.

* കാൎയ്യസ്ഥൻ

൧൭ എന്നാറെ അവന്റെ ശിഷ്യന്മാരിൽ ചിലർ തമ്മിൽ പറഞ്ഞു: കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണുകയില്ല, പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണും എന്നും പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടു എന്നും അവൻ നമ്മോടു ൟ പറയുന്നതു എന്തു?

൧൮ ആകയാൽ അവർ പറഞ്ഞു: കുറഞ്ഞോന്നു, എന്നു ൟ പറയുന്നതു എന്താകുന്നു? അവൻ എന്തു സംസാരിക്കുന്നു എന്നു നാം അറിയുന്നില്ല.

൧൯ തന്നോടു ചോദിപ്പാൻ മനസ്സുള്ള പ്രകാരം യേശു അറിഞ്ഞു അവരോടു പറഞ്ഞു: കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണുകയില്ല, പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണും എന്നു ഞാൻ പറകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ അന്വേഷിക്കുന്നുവോ?

൨൦ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലാപിക്കും, ലോകമോ സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി തീരും.

൨൧ സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ടു അവൾക്കു ദുഃഖം ഉണ്ടു; എന്നാൽ കുഞ്ഞിനെ പ്രസവിച്ച ശേഷം ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നു എന്നുള്ള സന്തോഷം നിമിത്തം അവൾ തന്റെ സങ്കടത്തെ പിന്നെ ഓൎക്കുന്നില്ല.

൨൨ അങ്ങനെ നിങ്ങൾക്കും ഇപ്പോൾ ദുഃഖം ഉണ്ടു എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും, അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും, ആ സന്തോഷം ആരും നിങ്ങളിൽനിന്നു എടുത്തുകളകയില്ല.

൨൩ അന്നു നിങ്ങൾ എന്നോടു ഒന്നും ചോദിക്കയില്ല. സത്യമായിട്ടു സത്യമായിട്ടു, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോടു എന്തു യാചിച്ചാലും അവൻ അതിനെ എന്റെ നാമത്തിൽ നിങ്ങൾക്കു തരും.

൨൪ ഇന്നേവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും യാചിച്ചിട്ടില്ല; യാചിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂൎണ്ണമാകേണ്ടതിന്നു നിങ്ങൾക്കു ലഭിക്കും.

൨൫ ¶ ഇവ നിങ്ങളോടു സദൃശങ്ങളായി സംസാരിച്ചിരിക്കുന്നു, എങ്കിലും ഞാൻ ഇനി നിങ്ങളോടു സദൃശങ്ങളായിട്ടു സംസാരിക്കാതെ പിതാവിനെ സംബന്ധിച്ചു നിങ്ങൾക്കു സ്പഷ്ടമായി അറിയിക്കുന്ന നാഴിക വരുന്നു.

൨൬ അന്നു നിങ്ങൾ എന്റെ നാമത്തിൽ യാചിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു ചോദിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നില്ല.

൨൭ എന്തുകൊണ്ടെന്നാൽ നിങ്ങൾ എന്നെ പ്രിയപ്പെട്ടു, ഞാൻ പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ടു വന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ടു പിതാവു താനും നിങ്ങളെ പ്രിയപ്പെടുന്നു.

൨൮ ഞാൻ പിതാവിൽനിന്നു പുറപ്പെട്ടു ലോകത്തിൽ വന്നു, പിന്നെയും ലോകത്തെ വിട്ടു പിതാവിന്റെ അടുക്കലേക്കു പോകുന്നു.

൨൯ അവന്റെ ശിഷ്യന്മാർ പറയുന്നു: ഇതാ, ഇപ്പോൾ നീ സദൃശം ഒന്നും പറയാതെ സ്പഷ്ടമായി സംസാരിക്കുന്നു.

൩൦ നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്കു ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു; ഇതിനാൽ നീ ദൈവത്തിൽനിന്നു പുറപ്പെട്ടു വന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

൩൧ യേശു അവരോടു ഉത്തരം പറഞ്ഞതു: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ?

൩൨ ഇതാ നിങ്ങൾ ഓരോരുത്തൻ അവനവന്റെ സ്വന്തത്തിലേക്കു ചിതറിപ്പോയി എന്നെ ഏകനായി വിടുന്ന നാഴിക വരുന്നു, വന്നുമിരിക്കുന്നു; പിതാവു എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഏകനല്ല താനും.

൩൩ നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇവ നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നി

ങ്ങൾക്കു സങ്കടം ഉണ്ടു, എങ്കിലും ധൈൎയ്യ
പ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചി
രിക്കുന്നു.

൧൭ാം അദ്ധ്യായം.

ഇവ യേശു സംസാരിച്ചിട്ടു തന്റെ ക
ണ്ണുകളെ ആകാശത്തിലേക്കു ഉയൎത്തി പ
റഞ്ഞു: പിതാവേ, നാഴിക വന്നിരിക്കു
ന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെ
ടുത്തേണ്ടതിന്നു നീ പുത്രനെ മഹത്വപ്പെ
ടുത്തേണമേ.
൨ നീ അവന്നു കൊടുത്തിട്ടുള്ളവൎക്കെ
ല്ലാവൎക്കും അവൻ നിത്യജീവനെ കൊടു
ക്കേണ്ടതിന്നു നീ സകല ജഡത്തിന്മേലും
അവന്നു അധികാരം നല്കിയപ്രകാരം
തന്നേ.
൩ നിത്യജീവൻ എന്നതോ, ഏക സ
ത്യദൈവമാകുന്ന നിന്നെയും നീ അയ
ച്ച യേശുക്രിസ്തുവിനെയും അറിയുന്നതു
തന്നേ ആകുന്നു.
൪ ഞാൻ ഭൂമിയിൽ നിന്നെ മഹത്വ
പ്പെടുത്തി; നീ എനിക്കു ചെയ്വാൻ തന്നി
ട്ടുള്ള വേലയെ ഞാൻ തികെച്ചു.
൫ ഇപ്പോൾ, പിതാവേ, ലോകം ഉ
ണ്ടാകുമ്മുമ്പേ എനിക്കു നിന്നോടുകൂടെ
ഉണ്ടായിരുന്ന മഹത്വത്താൽ എന്നെ നി
ന്നോടുകൂടെ മഹത്വപ്പെടുത്തേണമേ.
൬ നീ ലോകത്തിൽനിന്നു എനിക്കു ത
ന്നിട്ടുള്ള മനുഷ്യൎക്കു ഞാൻ നിന്റെ നാമം
വെളിപ്പെടുത്തി. അവർ നിനക്കുള്ളവർ
ആയിരുന്നു. നീ അവരെ എനിക്കു തന്നു;
നിന്റെ വചനത്തെ അവർ കാത്തുമിരി
ക്കുന്നു.
൭ നീ എനിക്കു തന്നതു എല്ലാം നി
ന്റെ പക്കൽനിന്നു ആകുന്നു എന്നു അ
വർ ഇപ്പോൾ അറിഞ്ഞിരിക്കുന്നു.
൮ എന്തുകൊണ്ടെന്നാൽ നീ എനിക്കു
തന്ന മൊഴികളെ ഞാൻ അവൎക്കു കൊടു
ത്തു, അവർ അവയെ കൈക്കൊണ്ടു ഞാ
ൻ നിന്റെ അടുക്കൽനിന്നു പുറപ്പെട്ടു എ
ന്നു സത്യമായിട്ടു അറിഞ്ഞും നീ എന്നെ
അയച്ചു എന്നു വിശ്വസിച്ചുമിരിക്കുന്നു.
൯ അവൎക്കു വേണ്ടി ഞാൻ അപേക്ഷി
ക്കുന്നു, ലോകത്തിന്നു വേണ്ടി അല്ല; നീ
എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ
ആകകൊണ്ടു അവൎക്കു വേണ്ടിയത്രേ ഞാ
ൻ അപേക്ഷിക്കുന്നതു.
൧൦ എന്റേതു എല്ലാം നിന്റേതും നി
ന്റേതു എന്റേതും ആകുന്നു, ഞാൻ അ
വരിൽ മഹത്വപ്പെട്ടുമിരിക്കുന്നു.
൧൧ ഇനി ഞാൻ ലോകത്തിൽ ഇരിക്കു
ന്നില്ല, ഇവരോ ലോകത്തിൽ ഇരിക്കു
ന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു.
പരിശുദ്ധപിതാവേ, അവർ നമ്മെപ്പോ
ലെ ഒന്നാകേണ്ടതിന്നു നീ എനിക്കു ത
ന്നിരിക്കുന്ന നിന്റെ നാമത്തിൽ അവ
രെ കാത്തുകൊള്ളേണമേ.
൧൨ ഞാൻ അവരോടുകൂടെ ഇരുന്ന
പ്പോൾ അവരെ നീ എനിക്കു തന്നിരിക്കു
ന്ന നിന്റെ നാമത്തിൽ ഞാൻ കാത്തുകൊ
ണ്ടിരുന്നു; ഞാൻ അവരെ സൂക്ഷിച്ചു; തി
രുവെഴുത്തിന്നു നിവൃത്തി വരേണ്ടതിന്നു
നാശത്തിന്റെ പുത്രൻ ഒഴികെ അവരി
ൽ ഒരുത്തനും നശിച്ചുപോയതും ഇല്ല.
൧൩ ഇപ്പോഴോ ഞാൻ നിന്റെ അടു
ക്കേ വരുന്നു; എന്റെ സന്തോഷം അവ
ൎക്കു ഉള്ളിൽ പൂൎണ്ണമാകേണ്ടതിന്നു ഇവ
ലോകത്തിൽവെച്ചു സംസാരിക്കയും ചെ
യ്യുന്നു.
൧൪ നിന്റെ വചനത്തെ ഞാൻ അവ
ൎക്കു കൊടുത്തിരിക്കുന്നു; ഞാൻ ലോകത്തി
ൽനിന്നു അല്ലാത്തതുപോലെ അവരും
ലോകത്തിൽ നിന്നല്ലായ്കകൊണ്ടു ലോകം
അവരെ പകെച്ചു.
൧൫ അവരെ ലോകത്തിൽനിന്നു എടു
ക്കേണം എന്നല്ല, ദുഷ്ടനിൽനിന്നു അവ
രെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ
അപേക്ഷിക്കുന്നതു.
൧൬ ഞാൻ ലോകത്തിൽനിന്നു അല്ലാ
ത്തതുപോലെ അവരും ലോകത്തിൽ നി
ന്നുള്ളവർ അല്ല.
൧൭ സത്യത്താൽ അവരെ വിശുദ്ധീക
രിക്കേണമേ, സത്യം എന്നതു നിന്റെ
വചനം ആകുന്നു.
൧൮ നീ എന്നെ ലോകത്തിലേക്കു അ
യച്ചപ്രകാരം ഞാൻ അവരെയും ലോക
ത്തിലേക്കു അയച്ചു.

൧൯ അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു അവൎക്കു വേണ്ടി ഞാൻ എന്നെ തന്നേ വിശുദ്ധീകരിക്കുന്നു.

൨൦ എന്നാൽ ഞാൻ ഇവൎക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവൎക്കു വേണ്ടിയും അപേക്ഷിക്കുന്നു.

൨൧ നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാനായിട്ടു അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ.

൨൨ നീ എനിക്കു തന്നിട്ടുള്ള മഹത്വത്തെ ഞാൻ അവൎക്കു കൊടുത്തിരിക്കുന്നു:

൨൩ നീ എന്നെ അയച്ചു എന്നും നീ എന്നെ സ്നേഹിച്ചപ്രകാരം അവരെയും സ്നേഹിച്ചു എന്നും ലോകം അറിവാനായിട്ടു, നാം ഒന്നായിരിക്കുന്നപ്രകാരം അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഏകത്വത്തിലേക്കു തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നേ.

൨൪ പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ എന്റെ മഹത്വത്തെ നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു.

൨൫ നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല, ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചു എന്നു ഇവരും അറിഞ്ഞിരിക്കുന്നു.

൨൬ നീ എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ആവാനും ഞാൻ അവരിൽ ആവാനും നിന്റെ നാമത്തെ ഞാൻ അവൎക്കു അറിയിച്ചു; ഇനി അറിയിക്കയും ചെയ്യും.

൧൮ാം അദ്ധ്യായം.

യേശു ഇവ പറഞ്ഞശേഷം തന്റെ ശിഷ്യന്മാരുമായി കെദ്രോൻ തോട്ടിന്നു അക്കരെക്കു പോയി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു; അതിൽ അവനും അവന്റെ ശിഷ്യന്മാരും പ്രവേശിച്ചു.

൨ അവിടെ യേശു പലപ്പോഴും തന്റെ ശിഷ്യന്മാരോടുകൂടെ പോയിരുന്നതുകൊണ്ടു ആ സ്ഥലം അവനെ കാണിച്ചുകൊടുത്ത യൂദാവും അറിഞ്ഞിരുന്നു.

൩ ആകയാൽ യൂദാ പട്ടാളത്തെയും മഹാപുരോഹിതന്മാരും പറീശരും അയച്ച ചേവകരെയും കൂട്ടിക്കൊണ്ടു ദീപട്ടിപന്തങ്ങളോടും ആയുധങ്ങളോടുംകൂടെ അവിടെ വരുന്നു.

൪ എന്നാൽ യേശു തന്റെമേൽ വരുന്നവ എല്ലാം അറിഞ്ഞിട്ടു പുറത്തു വന്നു: നിങ്ങൾ ആരെ തിരയുന്നു എന്നു അവരോടു ചോദിച്ചു.

൫ നസറായനായ യേശുവിനെ എന്നു അവർ ഉത്തരം പറഞ്ഞപ്പോൾ: അതു ഞാൻ ആകുന്നു എന്നു യേശു പറയുന്നു; അവനെ കാണിച്ചുകൊടുത്ത യൂദാവും അവരോടുകൂടെ നിന്നിരുന്നു.

൬ ഞാൻ ആകുന്നു എന്നു അവരോടു പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തു വീണു.

൭ നിങ്ങൾ ആരെ തിരയുന്നു എന്നു അവൻ പിന്നെയും അവരോടു ചോദിച്ചു; അതിന്നു അവർ: നസറായനായ യേശുവിനെ എന്നു പറഞ്ഞു.

൮ യേശു ഉത്തരം പറഞ്ഞതു: ഞാൻ ആകുന്നു എന്നു നിങ്ങളോടു പറഞ്ഞുവല്ലോ; ആകയാൽ എന്നെ തിരയുന്നു എങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ.

൯ നീ എനിക്കു തന്നവരിൽ ഒരുത്തനെയും ഞാൻ നഷ്ടമാക്കീട്ടില്ല എന്നു അവൻ പറഞ്ഞ വചനത്തിന്നു നിവൃത്തി വരേണ്ടതിന്നു തന്നേ.

൧൦ എന്നാറെ ശിമോൻ പത്രൊസ് തനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലത്തുകാതു അറുത്തുകളഞ്ഞു; ആ ദാസന്റെ പേർ മല്ക്കൊസ് എന്നു ആയിരുന്നു.

൧൧ എന്നാൽ യേശു പത്രൊസിനോടു: വാൾ ഉറയിൽ ഇടുക; പിതാവു എനി

ക്ക തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടായോ എന്നു പറഞ്ഞു.

൧൨ ¶ പട്ടാളവും സഹസ്രാധിപനും യഹൂദന്മാരുടെ ചേവകരും യേശുവിനെ പിടിച്ചുകെട്ടി,

൧൩ ഒന്നാമതു അന്നാസിന്റെ അടുക്കൽ കൊണ്ടുപോയി; എന്തുകൊണ്ടെന്നാൽ അവൻ ആ വൎഷത്തെ മഹാപുരോഹിതനായ കയ്യഫാവിന്റെ അമ്മായപ്പൻ ആയിരുന്നു.

൧൪ കയ്യഫാ എന്നവനോ, ജനത്തിന്നു വേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു പ്രയോജനം എന്നു യഹൂദന്മാരോടു ആലോചന പറഞ്ഞവൻ തന്നേ.

൧൫ ¶ എന്നാൽ ശിമോൻ പത്രൊസും മറെറാരു ശിഷ്യനും യേശുവിന്റെ പിന്നാലെ ചെന്നു; ആ ശിഷ്യൻ മഹാപുരോഹിതന്നു പരിചയമുള്ളവൻ ആകയാൽ യേശുവിനോടുകൂടെ മഹാപുരോഹിതന്റെ നടുമുററത്തു കടന്നു.

൧൬ പത്രൊസ് വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ മഹാപുരോഹിതന്നു പരിചയമുള്ള മറേറ ശിഷ്യൻ പുറത്തു വന്നു വാതില്ക്കാവല്ക്കാരത്തിയോടു പറഞ്ഞു, പത്രൊസിനെ അകത്തു കയററി.

൧൭ എന്നാറെ വാതിൽ കാക്കുന്ന ബാല്യക്കാരത്തി പത്രൊസിനോടു: പക്ഷേ നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനോ എന്നു ചോദിക്കുന്നു; അല്ല എന്നു അവൻ പറയുന്നു.

൧൮ അന്നു കുളിർ ആകകൊണ്ടു ദാസന്മാരും ചേവകരും കനൽ കൂട്ടി തീ കാഞ്ഞുകൊണ്ടു നിന്നു; പത്രൊസും അവരോടുകൂടെ തീ കാഞ്ഞുകൊണ്ടു നിന്നു.

൧൯ ¶ എന്നാറെ മഹാപുരോഹിതൻ യേശുവിനോടു അവന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചു.

൨൦ യേശു ഉത്തരം പറഞ്ഞതു: ഞാൻ ലോകത്തോടു പരസ്യത്തിൽ സംസാരിച്ചിരിക്കുന്നു; പള്ളിയിലും എല്ലാ യഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു, രഹസ്യത്തിൽ ഒന്നും സംസാരിച്ചിട്ടില്ല.

൨൧ നീ എന്നോടു ചോദിക്കുന്നതു എന്തുകൊണ്ടു? ഞാൻ സംസാരിച്ചിട്ടുള്ളതു എന്തെന്നു കേട്ടവരോടു ചോദിക്ക; ഇതാ ഞാൻ പറഞ്ഞതു അവർ അറിയുന്നു.

൨൨ അവൻ ഇങ്ങനെ പറയുമ്പോൾ ചേവകരിൽ അരികേ നിന്ന ഒരുത്തൻ മഹാപുരോഹിതനോടു ഇങ്ങനെയോ ഉത്തരം പറയുന്നതു എന്നു പറഞ്ഞു യേശുവിന്റെ കന്നത്തു ഒന്നടിച്ചു.

൨൩ യേശു അവനോടു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ ദോഷത്തിന്നു തെളിവു കൊടുക്ക, നല്ലവണ്ണം എങ്കിൽ നീ എന്നെ തല്ലുന്നതു എന്തു എന്നു ഉത്തരം പറഞ്ഞു.

൨൪ അന്നാസ് അവനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കൽ അയച്ചു.

൨൫ ¶ ശിമോൻ പത്രൊസ് തീ കാഞ്ഞു നില്ക്കുമ്പോൾ: നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്നു ചിലർ അവനോടു ചോദിച്ചു; അല്ല എന്നു അവൻ മറുത്തു പറഞ്ഞു.

൨൬ മഹാപുരോഹിതന്റെ ദാസന്മാരിൽ വെച്ചു പത്രൊസ് കാതറുത്തവന്റെ ചാൎച്ചക്കാരനായ ഒരുത്തൻ: നിന്നെ അവനോടുകൂടെ തോട്ടത്തിൽ ഞാൻ കണ്ടില്ലയോ എന്നു പറയുന്നു.

൨൭ പത്രൊസ് പിന്നെയും മറുത്തു പറഞ്ഞു; ഉടനെ കോഴി കൂകി.

൨൮ ¶ പുലർകാലേ അവർ യേശുവിനെ കയ്യഫാവിന്റെ അടുക്കൽനിന്നു ആസ്ഥാനത്തിലേക്കു കൊണ്ടുപോയി, തങ്ങൾ അശുദ്ധപ്പെടാതെ പെസഹ ഭക്ഷിപ്പാന്തക്കവണ്ണം ആസ്ഥാനത്തിൽ പ്രവേശിച്ചില്ല.

൨൯ ആകയാൽ പിലാത്തോസ് അവരുടെ അടുക്കേ പുറത്തു വന്നു: ഈ മനുഷ്യന്റെ നേരേ എന്തു കുററം ബോധിപ്പിക്കുന്നു എന്നു ചോദിച്ചു.

൩൦ ഇവൻ കുററക്കാരൻ അല്ലാഞ്ഞു എങ്കിൽ ഞങ്ങൾ അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു എന്നു അവർ അവനോടു ഉത്തരം പറഞ്ഞു.

൩൧ പിലാത്തോസ് അവരോടു: നി
ങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളു
ടെ ന്യായപ്രമാണപ്രകാരം വിധിപ്പിൻ
എന്നു പറഞ്ഞാറെ യഹൂദന്മാർ അവനോ
ടു: ആരെയും കൊല്ലുന്നതു ഞങ്ങൾക്കു വി
ഹിതമല്ലല്ലോ എന്നു പറഞ്ഞു.
൩൨ താൻ ഇന്ന മരണം മരിക്കും എ
ന്നു യേശു സൂചിപ്പിച്ച വചനം നിവൃത്തി
ആകുവാൻ തന്നേ.
൩൩ ¶ ആകയാൽ പിലാത്തോസ്
പിന്നെയും ആസ്ഥാനത്തിൽ പ്രവേശി
ച്ചു യേശുവിനെ വിളിച്ചു: നീ യഹൂദ
ന്മാരുടെ രാജാവോ എന്നു ചോദിച്ചു.
൩൪ യേശു ഉത്തരം പറഞ്ഞതു: ഇതു
നീ സ്വയമായി പറയുന്നതോ? മററുള്ള
വർ എന്നെ കുറിച്ചു നിന്നോടു പറഞ്ഞി
ട്ടോ?
൩൫ പിലാത്തോസ് ഉത്തരം പറഞ്ഞ
തു: ഞാൻ യഹൂദനോ? നിൻെറ ജനവും
മഹാപുരോഹിതന്മാരും നിന്നെ എൻെറ
പക്കൽ ഏല്പിച്ചു, നീ എന്തു ചെയ്തു?
൩൬ യേശു ഉത്തരം പറഞ്ഞതു: എ
ൻെറ രാജ്യം ഈ ലോകത്തിൽനിന്നുള്ളത
ല്ല; എൻെറ രാജ്യം ഈ ലോകത്തിൽനി
ന്നു ആയിരുന്നു എങ്കിൽ ഞാൻ യഹൂദന്മാ
രുടെ കയ്യിൽ ഏല്പിക്കപ്പെടാതവണ്ണം എ
ൻെറ ചേവകർ പോരാടുമായിരുന്നു; എ
ന്നാൽ എൻെറ രാജ്യം ഇവിടെനിന്നല്ല
സ്പഷ്ടം.
൩൭ ആകയാൽ പിലാത്തോസ് അ
വനോടു: എന്നാൽ നീ ഒരു രാജാവു ത
ന്നേ എന്നല്ലയോ എന്നു പറഞ്ഞാറെ
യേശു ഉത്തരം പറഞ്ഞതു: ഞാൻ രാജാ
വാകുന്നു എന്നു നീ പറയുന്നുവല്ലോ; സ
ത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാ
ൻ ജനിച്ചിരിക്കുന്നു, ഇതിന്നായി ലോക
ത്തിൽ വന്നുമിരിക്കുന്നു; സത്യത്തിൽനി
ന്നുള്ളവൻ എല്ലാം എൻെറ ശബ്ദം കേൾ
ക്കുന്നു.
൩൮ പിലാത്തോസ് അവനോടു: സ
ത്യം എന്നാൽ എന്തു? എന്നു പറഞ്ഞുംവെ
ച്ചു പിന്നെയും യഹൂദന്മാരുടെ അടുക്കേ
പുറത്തുചെന്നു അവരോടു പറഞ്ഞു: അ
വനിൽ ഞാൻ ഒരു കുററവും കാണു
ന്നില്ല.
൩൯ എന്നാൽ പെസഹയിൽ ഞാൻ
നിങ്ങൾക്കു ഒരുത്തനെ വിട്ടുതരിക പതി
വുണ്ടല്ലോ, അതുകൊണ്ടു യഹൂദന്മാരുടെ
രാജാവിനെ ഞാൻ നിങ്ങൾക്കു വിട്ടുതരേ
ണമെന്നു ഇച്ഛിക്കുന്നുവോ?
൪൦ എന്നാറെ അവർ പിന്നെയും നി
ലവിളിച്ചു: ഇവനെ അല്ല ബറബ്ബാസി
നെ തന്നേ എന്നു പറഞ്ഞു; ബറബ്ബാസോ
ഒരു കവൎച്ചക്കാരൻ ആയിരുന്നു.

൧൯ാം അദ്ധ്യായം.

അപ്പോൾ പിലാത്തോസ് യേശുവിനെ
കൊണ്ടുപോയി വാറുകൊണ്ടു അടി
പ്പിച്ചു.
൨ പടയാളികൾ മുള്ളുകൾകൊണ്ടു ഒ
രു കിരീടം മെടഞ്ഞു അവൻെറ തലയിൽ
വെച്ചു ധൂമ്രവൎണ്ണമുള്ള മേലങ്കിയും ധരി
പ്പിച്ചു.
൩ പിന്നെ അവർ അവൻെറ അടു
ക്കൽ ചെന്നു: യഹൂദന്മാരുടെ രാജാവേ,
വാഴുക എന്നു പറഞ്ഞു അവനെ കന്ന
ത്തടിച്ചു.
൪ പിലാത്തോസ് പിന്നെയും പുറ
ത്തു വന്നു: ഞാൻ അവനിൽ ഒരു കുററ
വും കാണുന്നില്ല എന്നു നിങ്ങൾ അറിയേ
ണ്ടതിന്നു അവനെ നിങ്ങളുടെ അടുക്കൽ
ഇതാ പുറത്തു കൊണ്ടുവരുന്നു എന്നു അ
വരോടു പറഞ്ഞു.
൫ എന്നാറെ യേശു മുൾകിരീടവും ധൂ
മ്രവൎണ്ണമുള്ള മേലങ്കിയും ധരിച്ചവനായി
പുറത്തു വന്നു. അപ്പോൾ: ആ മനുഷ്യൻ
ഇതാ എന്നു പിലാത്തോസ് അവരോടു
പറയുന്നു.
൬ ആകയാൽ മഹാപുരോഹിതന്മാ
രും ചേവകരും അവനെ കണ്ടപ്പോൾ:
ക്രൂശിക്ക, ക്രൂശിക്ക എന്നു ആൎത്തുവിളിച്ചു.
പിലാത്തോസ് അവരോടു: നിങ്ങൾ അ
വനെ കൊണ്ടുപോയി ക്രൂശിപ്പിൻ; ഞാ
നോ കുററം അവനിൽ കാണുന്നില്ല എ
ന്നു പറയുന്നു.
൭ യഹൂദന്മാർ അവനോടു ഉത്തരം
പറഞ്ഞതു: ഞങ്ങൾക്കു ഒരു ന്യായപ്രമാ

ണം ഉണ്ടു; അവൻ തന്നെത്താൻ ദൈവ
പുത്രൻ ആക്കിയതുകൊണ്ടു ആ ന്യായപ്ര
മാണപ്രകാരം അവൻ മരിക്കേണ്ടതാകു
ന്നു.
൮ ഈ വാക്കു പിലാത്തോസ് കേട്ട
പ്പോൾ എററവും ഭയപ്പെട്ടു.
൯ പിന്നെയും ആസ്ഥാനത്തിൽ ചെ
ന്നു: നീ എവിടെനിന്നു ആകുന്നു എന്നു
യേശുവിനോടു ചോദിക്കുന്നു. യേശു അ
വന്നു ഉത്തരം കൊടുത്തില്ല.
൧൦ പിലാത്തോസ് അവനോടു പറ
യുന്നു: നീ എന്നോടു സംസാരിക്കുന്നില്ല
യോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അ
ധികാരമുണ്ടെന്നും നിന്നെ വിട്ടയപ്പാൻ
അധികാരമുണ്ടെന്നും നീ അറിയുന്നില്ല
യോ?
൧൧ യേശു അവനോടു ഉത്തരം പറ
ഞ്ഞതു: മേലിൽനിന്നു നിനക്കു തരപ്പെട്ടി
ല്ല എങ്കിൽ എന്റെ നേരേ നിനക്കു ഒര
ധികാരവും ഇല്ല; അതുകൊണ്ടു എന്നെ
നിന്റെ പക്കൽ ഏല്പിച്ചവന്നു അധികം
പാപം ഉണ്ടു.
൧൨ ഇതു നിമിത്തം പിലാത്തോസ്
അവനെ വിട്ടയപ്പാൻ അന്വേഷിച്ചു; യ
ഹൂദന്മാരോ: നീ ഇവനെ വിട്ടയച്ചാൽ
കൈസരുടെ സ്നേഹിതൻ അല്ല; തന്നെ
ത്താൻ രാജാവാക്കുന്നവൻ എല്ലാം കൈ
സരോടു മറുക്കുന്നുവല്ലോ എന്നു ആർത്തു
പറഞ്ഞു.
൧൩ ആകയാൽ ഈ വാക്കുകൾ പി
ലാത്തോസ് കേട്ടിട്ടു യേശുവിനെ പുറ
ത്തു കൊണ്ടുവന്നു, കല്ത്തളമെന്നും എബ്രാ
യഭാഷയിൽ ഗബ്ബഥാ എന്നും പറയുന്ന
സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നു.
൧൪ അപ്പോൾ പെസഹയുടെ ഒരുക്ക
നാളും ഏകദേശം ആറാം മണിനേരവും
ആയിരുന്നു. അവൻ യഹൂദന്മാരോടു: ഇ
താ നിങ്ങളുടെ രാജാവു എന്നു പറയുന്നു.
൧൫ എന്നാറെ അവർ: നീക്കിക്കളക,
നീക്കിക്കളക, അവനെ ക്രൂശിക്ക എന്നു
ആർത്തു വിളിച്ചു. നിങ്ങളുടെ രാജാവിനെ
ഞാൻ ക്രൂശിക്കയോ എന്നു പിലാത്തോസ്
അവരോടു പറയുന്നു; മഹാപുരോഹിത
ന്മാർ: ഞങ്ങൾക്കു കൈസർ ഒഴികേ രാ
ജാവില്ല എന്നു ഉത്തരം പറഞ്ഞു.
൧൬ അപ്പോൾ അവൻ അവനെ ക്രൂ
ശിക്കേണ്ടതിന്നു അവൎക്കു ഏല്പിച്ചുകൊടു
ത്തു.
൧൭ ¶ ആകയാൽ അവർ യേശുവി
നെ കയ്യേററു; അവൻ താൻ തന്നേ ക്രൂ
ശിനെ ചുമന്നുകൊണ്ടു എബ്രായഭാഷയി
ൽ ഗൊല്ഗോത്ഥ എന്നു പറയുന്ന തല
യോടിടം എന്ന സ്ഥലത്തേക്കു പുറപ്പെട്ടു
പോയി.
൧൮ അവിടെ അവർ അവനെയും
അവനോടു കൂടെ വേറെ രണ്ടു ആളുക
ളെയും ഒരുത്തനെ അപ്പുറത്തും ഒരുത്ത
നെ ഇപ്പുറത്തും യേശുവിനെ നടുവിലുമാ
യി ക്രൂശിച്ചു.
൧൯ വിശേഷിച്ചു പിലാത്തോസ് ഒ
രു മേലെഴുത്തും എഴുതി ക്രൂശിന്മേൽ പ
തിപ്പിച്ചു; അതിൽ: നസറായനായ യേ
ശു, യഹൂദന്മാരുടെ രാജാവു എന്നു എഴു
തിയിരുന്നു.
൨൦ യേശുവിനെ ക്രൂശിച്ച സ്ഥലം ന
ഗരത്തിന്നു സമീപം ആകയാൽ അനേ
കം യഹൂദന്മാർ ഈ മേലെഴുത്തു വായി
ച്ചു. അതു എബ്രായ, രോമ, യവന എ
ന്നീ ഭാഷകളിൽ എഴുതിയിരുന്നു.
൨൧ ആകയാൽ യഹൂദന്മാരുടെ മഹാ
പുരോഹിതന്മാർ പിലാത്തോസിനോടു
പറഞ്ഞു: യഹൂദന്മാരുടെ രാജാവു എന്ന
ല്ല, ഞാൻ യഹൂദന്മാരുടെ രാജാവു ആകു
ന്നു എന്നു അവൻ പറഞ്ഞപ്രകാരം എഴു
തേണം.
൨൨ ഞാൻ എഴുതിയതു എഴുതി എന്നു
പിലാത്തോസ് ഉത്തരം പറഞ്ഞു.
൨൩ ¶ പടയാളികൾ യേശുവിനെ
ക്രൂശിച്ചശേഷം അവന്റെ വസ്ത്രങ്ങളെ
എടുത്തു ഓരോ പടയാളിക്കു ഓരോ പ
ങ്കായിട്ടു നാലു പങ്കാക്കി; അങ്കിയെയും
എടുത്തു; എന്നാൽ അങ്കി തുന്നൽ ഇല്ലാ
തെ മേലിൽനിന്നു മുററും നെയ്ത്തുപണി
യായിരുന്നു.
൨൪ ഇതു നാം കീറരുതു, ആൎക്കു വരും
എന്നു ചീട്ടു ഇടുക എന്നു അവർ തമ്മി
ൽ പറഞ്ഞു; എന്റെ വസ്ത്രങ്ങളെ അവർ

തങ്ങളിൽ പകുത്തു എന്റെ അങ്കിക്കു ചീട്ടിട്ടു എന്നുള്ള തിരുവെഴുത്തു നിവൃത്തിയാകേണ്ടതിന്നു പടയാളികൾ ഇവ ചെയ്തു.

൨൫ ¶ യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാൎയ്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു.

൨൬ ആകയാൽ യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അരികെ നില്ക്കുന്നതു കണ്ടിട്ടു: സ്ത്രീയേ, ഇതാ നിന്റെ മകൻ എന്നു അമ്മയോടു പറയുന്നു.

൨൭ അനന്തരം ശിഷ്യനോടു: ഇതാ നിന്റെ അമ്മ എന്നു പറയുന്നു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിലേക്കു കൈക്കൊണ്ടു.

൨൮ ¶ അതിന്റെ ശേഷം സകലവും ഇപ്പോൾ തികഞ്ഞു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകേണ്ടതിന്നു: എനിക്കു ദാഹിക്കുന്നു എന്നു പറയുന്നു.

൨൯ അവിടെ പുളിച്ച വീഞ്ഞു നിറഞ്ഞ ഒരു പാത്രം വെച്ചിട്ടുണ്ടായിരുന്നു; ആകയാൽ അവർ ഒരു സ്പോങ്ങു പുളിച്ച വീഞ്ഞുകൊണ്ടു നിറച്ചു ഈസോപ്പുതണ്ടിന്മേൽ ആക്കി അവന്റെ വായോടു അടുപ്പിച്ചു.

൩൦ യേശു പുളിച്ച വീഞ്ഞു വാങ്ങിയ ശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിക്കയും ചെയ്തു.

൩൧ ¶ എന്നാറെ അന്നു ഒരുക്കനാളും ആ ശബ്ബത്തുനാൾ വലിയതും ആകകൊണ്ടു ശരീരങ്ങൾ ശബ്ബത്തുദിവസത്തിൽ ക്രൂശിന്മേൽ ഇരിക്കരുതു എന്നുവെച്ചു അവരുടെ കാലുകളെ ഒടിച്ചു എടുപ്പിക്കേണം എന്നു യഹൂദന്മാർ പിലാത്തോസിനോടു അപേക്ഷിച്ചു.

൩൨ ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റേവന്റെയും കാലുകളെ ഒടിച്ചു.

൩൩ എന്നാൽ അവർ യേശുവിന്റെ അടുക്കേ വന്നു, അവൻ മരിച്ചുപോയ പ്രകാരം കാൺകയാൽ അവന്റെ കാലുകളെ ഒടിച്ചില്ല.

൩൪ എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി, ഉടനേ രക്തവും വെള്ളവും പുറപ്പെട്ടു.

൩൫ ഇതു കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യമുള്ളതു ആകുന്നു; നിങ്ങളും വിശ്വസിക്കേണ്ടതിന്നു താൻ സത്യം പറയുന്നു എന്നു അവൻ അറിഞ്ഞും ഇരിക്കുന്നു.

൩൬ എന്തുകൊണ്ടെന്നാൽ അവന്റെ ഒരു അസ്ഥിയും ഒടിക്കപ്പെടുകയില്ല എന്നുള്ള തിരുവെഴുത്തു നിവൃത്തിയാകേണ്ടതിന്നു ഇവ സംഭവിച്ചു.

൩൭ അവർ കുത്തിയവങ്കലേക്കു നോക്കും എന്നു വീണ്ടും മറ്റൊരു തിരുവെഴുത്തും പറയുന്നു.

൩൮ ¶ അനന്തരം യഹൂദന്മാരെയുള്ള ഭയം ഹേതുവാൽ രഹസ്യത്തിൽ യേശുവിന്റെ ഒരു ശിഷ്യനായ അറിമത്യയിലെ യോസേഫ് യേശുവിന്റെ ശരീരം താൻ എടുത്തുകൊണ്ടു പോകേണ്ടതിന്നു പിലാത്തോസിനോടു അപേക്ഷിച്ചു; പിലാത്തോസ് അനുവദിക്കയാൽ അവൻ വന്നു അവന്റെ ശരീരം എടുത്തു.

൩൯ ആദ്യം രാത്രിയിൽ അവന്റെ അടുക്കേ വന്ന നിക്കോദേമൊസും, മൂരും അകിലുംകൊണ്ടുള്ള ഒരു കൂട്ടു നൂറു റാത്തലോളം കൊണ്ടുവന്നു.

൪൦ അവർ യേശുവിന്റെ ശരീരം എടുത്തു യഹൂദന്മാർ ശവം അടക്കുന്ന മൎയ്യാദപ്രകാരം അതിനെ സുഗന്ധവൎഗ്ഗങ്ങളോടുകൂടെ ശീലകളാൽ പൊതിഞ്ഞു കെട്ടി.

൪൧ അവനെ ക്രൂശിച്ച സ്ഥലത്തുതന്നേ ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പേ ആരെയും വെച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു.

൪൨ ആ കല്ലറ സമീപം ആകകൊണ്ടു അവർ യഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെ വെച്ചു.

൨൰ാം അദ്ധ്യായം.

ആഴ്ചവട്ടത്തിൽ ഒന്നാംനാൾ മഗ്ദലക്കാര
ത്തി മറിയ രാവിലേ ഇരുട്ടുള്ളപ്പോൾ ത
ന്നേ കല്ലറക്കരികേ വന്നു കല്ലറയിൽനി
ന്നു കല്ലു നീങ്ങിപ്പോയതായി കാണുന്നു.

൨ ആകയാൽ അവൾ ഓടി ശിമോൻ
പത്രൊസിന്റെയും യേശുവിന്നു പ്രിയ
നായ മറേറ ശിഷ്യന്റെയും അടുക്കൽ എ
ത്തി: കൎത്താവിനെ കല്ലറയിൽനിന്നു എ
ടുത്തു കൊണ്ടുപോയി, അവനെ എവി
ടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല
എന്നു അവരോടു പറയുന്നു.

൩ അതുകൊണ്ടു പത്രൊസും മറേറ
ശിഷ്യനും പുറപ്പെട്ടു കല്ലറെക്കൽ ചെന്നു.

൪ ഇരുവരും ഒന്നിച്ചു ഓടി; ആ മ
റേറ ശിഷ്യൻ പത്രൊസിനെക്കാൾ വേഗ
ത്തിൽ ഓടി മുമ്പേ കല്ലറെക്കൽ എത്തി;

൫ കുനിഞ്ഞുനോക്കി തുണികൾ കിടക്കു
ന്നതു കണ്ടു, എങ്കിലും അകത്തു പ്രവേശി
ച്ചില്ല.

൬ അവന്റെ പിന്നാലേ ശിമോൻ
പത്രൊസും വന്നു കല്ലറയിൽ പ്രവേശി
ച്ചു തുണികൾ കിടക്കുന്നതും,

൭ അവന്റെ തലയിൽ ഉണ്ടായിരുന്ന
ശീല തുണികളോടുകൂടെ കിടക്കാതെ വേ
റിട്ടു ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും
കാണുന്നു.

൮ ആകയാൽ കല്ലറെക്കൽ മുമ്പേ എ
ത്തിയ മറേറ ശിഷ്യനും അപ്പോൾ അക
ത്തു ചെന്നു കണ്ടു വിശ്വസിക്കയും ചെയ്തു.

൯ എന്തുകൊണ്ടെന്നാൽ അവൻ മരി
ച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കേണ്ടതാ
കുന്നു എന്നുള്ള തിരുവെഴുത്തു അവർ അ
തുവരെയും അറിഞ്ഞില്ല.

൰ പിന്നെ ശിഷ്യന്മാർ തങ്ങളുടെ ഇ
ടത്തിലേക്കു മടങ്ങിപ്പോയി.

൰൧ ¶ എന്നാൽ മറിയ കല്ലറെക്കൽ
പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയു
ന്നിടയിൽതന്നേ അവൾ കല്ലറയിൽ കു
നിഞ്ഞുനോക്കി.

൰൨ യേശുവിന്റെ ശരീരം കിടന്നി
രുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു
ദൂതന്മാർ ഒരുത്തൻ തലെക്കലും ഒരുത്തൻ
കാല്ക്കലും ഇരിക്കുന്നതു കാണുന്നു.

൰൩ അവർ അവളോടു: സ്ത്രീയേ, നീ
കരയുന്നതു എന്തു എന്നു പറയുന്നു. അ
വൾ എന്റെ കൎത്താവിനെ എടുത്തുകൊ
ണ്ടുപോയി, അവനെ എവിടെ വെച്ചു
എന്നു ഞാൻ അറിയായ്കയാൽ തന്നേ എ
ന്നു അവൾ അവരോടു പറയുന്നു.

൰൪ ഇവ പറഞ്ഞിട്ടു പിന്നോക്കം തി
രിഞ്ഞു, യേശു നില്ക്കുന്നതു കാണുന്നു; എ
ന്നാൽ യേശു ആകുന്നു എന്നു അവൾ
അറിഞ്ഞില്ല.

൰൫ യേശു അവളോടു: സ്ത്രീയേ, നീ
കരയുന്നതു എന്തു? ആരെ തിരയുന്നു എ
ന്നു അവളോടു ചോദിക്കുന്നു; അവൾ
തോട്ടക്കാരൻ ആകുന്നു എന്നു അവൾ നി
രൂപിച്ചിട്ടു: യജമാനനേ, നീ അവനെ
എടുത്തുകൊണ്ടുപോയി എങ്കിൽ അവ
നെ എവിടെ വെച്ചു എന്നു എന്നോടു പ
റക, ഞാൻ അവനെ എടുത്തുകൊണ്ടു
പൊയ്ക്കൊള്ളാം എന്നു അവനോടു പറ
യുന്നു.

൰൬ യേശു അവളോടു: മറിയേ എ
ന്നു പറയുന്നു. അവൾ തിരിഞ്ഞു എബ്രാ
യഭാഷയിൽ: റബ്ബൂനി എന്നു പറയുന്നു;
അതു ഗുരോ എന്നാകുന്നു.

൰൭ യേശു അവളോടു പറയുന്നു: എ
ന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാ
വിന്റെ അടുക്കൽ കരേറിപ്പോയില്ലല്ലോ;
എങ്കിലും നീ എന്റെ സഹോദരന്മാരുടെ
അടുക്കൽ ചെന്നു, എന്റെ പിതാവും നി
ങ്ങളുടെ പിതാവും എന്റെ ദൈവവും നി
ങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ
ഞാൻ കരേറിപ്പോകുന്നു എന്നു അവരോ
ടു പറക.

൰൮ മഗ്ദലക്കാരത്തി മറിയ വന്നു ക
ൎത്താവിനെ താൻ കണ്ടു എന്നും അവൻ
ഇവ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാ
രോടു അറിയിക്കുന്നു.

൰൯ ¶ ആഴ്ചവട്ടത്തിന്റെ ഒന്നാംനാ
ൾ ആകുന്ന ആ ദിവസം, നേരം വൈ
കിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥല
ത്തു യഹൂദന്മാരെയുള്ള ഭയം ഹേതുവായി
വാതിലുകൾ അടച്ചിരിക്കേ യേശു വന്നു

നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സ
മാധാനം! എന്നു അവരോടു പറയുന്നു.

൨൦ ഇതു പറഞ്ഞിട്ടു തന്റെ കൈക
ളും വിലാപ്പുറവും അവൎക്കു കാണിച്ചു; ക
ൎത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോ
ഷിക്കയും ചെയ്തു.

൨൧ യേശു പിന്നെയും അവരോടു
പറഞ്ഞതു: നിങ്ങൾക്കു സമാധാനം! പി
താവു എന്നെ അയച്ചപ്രകാരം ഞാനും
നിങ്ങളെ അയക്കുന്നു.

൨൨ ഇങ്ങനെ പറഞ്ഞശേഷം അവ
ൻ അവരുടെമേൽ ഊതി അവരോടു പ
റയുന്നു: പരിശുദ്ധാത്മാവിനെ കൈക്കൊ
ൾവിൻ.

൨൩ ആരുടെ പാപങ്ങൾ എങ്കിലും നി
ങ്ങൾ മോചിച്ചാൽ അവൎക്കു മോചിക്കപ്പെ
ടുന്നു, ആരുടെ എങ്കിലും നിൎത്തിച്ചാൽ അ
വ നിൎത്തിക്കപ്പെട്ടിരിക്കുന്നു.

൨൪ ¶ എന്നാൽ യേശു വന്നപ്പോൾ
പന്തിരുവരിൽ ഒരുവനായ ദിദിമോസ്
എന്നു പറയുന്ന തോമാസ് അവരോടുകൂ
ടെ ഉണ്ടായിരുന്നില്ല.

൨൫ ആകയാൽ മറ്റെ ശിഷ്യന്മാർ:
ഞങ്ങൾ കൎത്താവിനെ കണ്ടു എന്നു അവ
നോടു പറഞ്ഞാറെ, ഞാൻ അവന്റെ
കൈകളിൽ ആണികളുടെ പഴുതു കണ്ടു,
ആണിപഴുതിൽ എന്റെ വിരൽ ഇട്ടു,
അവന്റെ വിലാപ്പുറത്തു എന്റെ കൈ
ഇട്ടെങ്കിൽ അല്ലാതെ ഞാൻ വിശ്വസിക്ക
യില്ല എന്നു അവൻ അവരോടു പറഞ്ഞു.

൨൬ ¶ എട്ടുനാൾ കഴിഞ്ഞിട്ടു ശിഷ്യ
ന്മാർ പിന്നെയും അകത്തു കൂടിയിരിക്കു
മ്പോൾ തോമാസും കൂടെ ഉണ്ടായിരുന്നു.
വാതിലുകൾ അടച്ചിരിക്കേ യേശു വന്നു
നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സ
മാധാനം! എന്നു പറഞ്ഞു.

൨൭ പിന്നെ തോമാസിനോടു: നി
ന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ
കൈകളെ കാണ്ക; നിന്റെ കൈ നീട്ടി
എന്റെ വിലാപ്പുറത്തും ഇടുക, അവി
ശ്വാസി ആകാതെ വിശ്വാസിയായിരിക്ക
എന്നു പറഞ്ഞു.

൨൮ തോമാസ് അവനോടു: എന്റെ
കൎത്താവും എന്റെ ദൈവവും ആയുള്ളോ
വേ എന്നു ഉത്തരം പറഞ്ഞു.

൨൯ യേശു അവനോടു പറയുന്നു;
നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു:
കാണാതെ വിശ്വസിച്ചവർ ഭാഗ്യവാ
ന്മാർ.

൩൦ ¶ വിശേഷിച്ചു ഈ പുസ്തകത്തി
ൽ എഴുതിയതല്ലാതെ മറ്റു അനേകം
അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാ
ർ കാണ്കെ ചെയ്തു.

൩൧ എന്നാൽ യേശു ദൈവത്തിന്റെ
പുത്രനായ ക്രിസ്തു ആകുന്നു എന്നു നിങ്ങ
ൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചി
ട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീ
വൻ ഉണ്ടാകേണ്ടതിന്നും ഇവ എഴുതിയി
രിക്കുന്നു.

൨൧ാം അദ്ധ്യായം.

ഇവയുടെ ശേഷം യേശു പിന്നെയും തി
ബെൎയ്യാസ് കടല്ക്കരയിൽവെച്ചു ശിഷ്യന്മാ
ൎക്കു തന്നെത്താൻ പ്രത്യക്ഷനാക്കി; പ്രത്യ
ക്ഷനാക്കിയതു ഈവണ്ണം ആയിരുന്നു:

൨ ശിമോൻ പത്രൊസും ദിദിമോസ്
എന്നു പറയുന്ന തോമാസും ഗലീലയി
ലുള്ള കാനാവിലേ നഥാനയേലും സബ
ദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേ
റെ രണ്ടുപേരും ഒരുമിച്ചു കൂടിയിരുന്നു.

൩ അപ്പോൾ ശിമോൻപത്രൊസ് അ
വരോടു: ഞാൻ മീൻ പിടിപ്പാൻ പോകു
ന്നു എന്നു പറയുന്നു; ഞങ്ങളും നിന്നോടു
കൂടെ പോരുന്നു എന്നു അവർ പറഞ്ഞു.
അവർ പുറപ്പെട്ടു പടകിൽ കയറിപ്പോ
യി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.

൪ പുലൎച്ച ആയപ്പോൾ യേശു കര
യിൽ നിന്നിരുന്നു; എന്നാൽ യേശു ആ
കുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല.

൫ യേശു അവരോടു: കുഞ്ഞുങ്ങളേ, കൂ
ട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു;
ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു.

൬ എന്നാറെ: പടകിന്റെ വലത്തുഭാ
ഗത്തു വല വീശുവിൻ, എന്നാൽ നിങ്ങ
ൾക്കു കിട്ടും എന്നു അവൻ അവരോടു പ
റഞ്ഞു; ആകയാൽ അവർ വീശി, മീനി

ൻെറ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല.

൭ ആകയാൽ യേശു സ്നേഹിച്ച ശിഷ്യൻ പത്രൊസിനോടു: അതു കൎത്താവു ആകുന്നു എന്നു പറയുന്നു; കൎത്താവു ആകുന്നു എന്നു ശിമോൻ പത്രൊസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുററി കെട്ടി കടലിൽ ചാടി.

൮ ശേഷം ശിഷ്യന്മാർ കരയിൽനിന്നു ഏകദേശം ഇരുനൂറു മുഴത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴെച്ചുംകൊണ്ടു ചെറിയ പടകിൽ വന്നു.

൯ കരെക്കു ഇറങ്ങിയപ്പോൾ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കാണുന്നു.

൧൦ യേശു അവരോടു: ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

൧൧ ആകയാൽ ശിമോൻ പത്രൊസ് കയറി നൂററമ്പത്തുമൂന്നു വലിയ മീൻ നിറഞ്ഞിട്ടുള്ള വലയെ കരമേൽ വലിച്ചു കരേററി; അത്ര വളരെ ഉണ്ടായിട്ടും വല കീറിയില്ല.

൧൨ യേശു അവരോടു: വന്നു പ്രാതൽ കഴിച്ചുകൊൾവിൻ എന്നു പറഞ്ഞു; കൎത്താവാകുന്നു എന്നു അറിഞ്ഞിട്ടു ശിഷ്യന്മാരിൽ ഒരുത്തനും: നീ ആരാകുന്നു എന്നു അവനോടു ചോദിപ്പാൻ തുനിഞ്ഞില്ല.

൧൩ യേശു വന്നു അപ്പം എടുത്തു അവൎക്കു കൊടുത്തു; മീനും അപ്രകാരം തന്നേ.

൧൪ യേശു മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീററശേഷം ഇങ്ങനെ മൂന്നാംപ്രാവശ്യം ശിഷ്യന്മാൎക്കു പ്രത്യക്ഷനായി.

൧൫ ¶ അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രൊസിനോടു: യോനാവിൻ പുത്രനായ ശിമോനേ, എന്നെ നീ ഇവരിൽ അധികമായി സ്നേഹിക്കുന്നുവോ എന്നു ചോദിക്കുന്നു. എന്നാറെ അവൻ: ഉവ്വ കൎത്താവേ, ഞാൻ നിന്നെ പ്രിയപ്പെടുന്നു എന്നു നീ അറിയുന്നുവല്ലോ എന്നു പറയുന്നു; എൻെറ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറയുന്നു.

൧൬ രണ്ടാമതും അവനോടു: യോനാവിൻ പുത്രനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. എന്നാറെ അവൻ: ഉവ്വ കൎത്താവേ, ഞാൻ നിന്നെ പ്രിയപ്പെടുന്നു എന്നു നീ അറിയുന്നുവല്ലോ എന്നു പറയുന്നു; എൻെറ ആടുകളെ പാലിക്ക എന്നു അവൻ അവനോടു പറയുന്നു.

൧൭ മൂന്നാമതും അവനോടു: യോനാവിൻ പുത്രനായ ശിമോനേ, നീ എന്നെ പ്രിയപ്പെടുന്നുവോ എന്നു ചോദിച്ചു. എന്നെ പ്രിയപ്പെടുന്നുവോ എന്നു മൂന്നാമതും തന്നോടു ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു: കൎത്താവേ, നീ സകലവും അറിയുന്നു; ഞാൻ നിന്നെ പ്രിയപ്പെടുന്നു എന്നും നീ അറിയുന്നു എന്നു അവനോടു പറഞ്ഞു. യേശു അവനോടു: എൻെറ ആടുകളെ മേയ്ക്ക എന്നു പറയുന്നു.

൧൮ സത്യമായിട്ടു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു: നീ പ്രായം കുറഞ്ഞവൻ ആയിരുന്നപ്പോൾ നീ തന്നേ അരകെട്ടിക്കൊണ്ടു ഇഷ്ടമുള്ളേടത്തു നടന്നു; എന്നാൽ നീ വയസ്സനായ ശേഷം നിൻെറ കൈകളെ നീട്ടുകയും മറെറാരുത്തൻ നിൻെറ അരകെട്ടി ഇഷ്ടമല്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും.

൧൯ എന്നതിനാൽ അവൻ ഇന്നപ്രകാരമുള്ള മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിച്ചു; ഇതു പറഞ്ഞിട്ടു: എന്നെ അനുഗമിക്ക എന്നു അവനോടു പറയുന്നു.

൨൦ പത്രൊസ് തിരിഞ്ഞു യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കാണുന്നു; അത്താഴത്തിൽ അവൻെറ നെഞ്ചോടു ചാരിക്കൊണ്ടു: കൎത്താവേ, നിന്നെ കാണിച്ചുകൊടുക്കുന്നവൻ ആർ എന്നു ചോദിച്ചവൻ ഇവൻ തന്നേ.

൨൧ അവനെ പത്രൊസ് കണ്ടിട്ടു: എന്നാൽ കൎത്താവേ, ഇവന്നു എന്തു ആകും എന്നു യേശുവിനോടു ചോദിക്കുന്നു.

൨൨ യേശു അവനോടു: ഞാൻ വരുവോളം ഇവൻ ഇരിക്കേണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്കു എന്തു?

നീ എന്നെ അനുഗമിക്ക എന്നു പറയു
ന്നു.
൨൩ ആകയാൽ ആ ശിഷ്യൻ മരിക്ക
യില്ല എന്നുള്ള ശ്രുതി സഹോദരന്മാരുടെ
ഇടയിൽ പരന്നു. യേശുവോ അവൻ മ
രിക്കയില്ല എന്നല്ല, ഞാൻ വരുവോളം
ഇവൻ ഇരിക്കേണം എന്നു എനിക്കു ഇഷ്ട
മുണ്ടെങ്കിൽ അതു നിനക്കു എന്തു എന്ന
ത്രേ അവനോടു പറഞ്ഞതു.

൨൪ ¶ ഈ ശിഷ്യൻ ഇവെക്കു സാ
ക്ഷ്യം പറയുന്നവനും ഇവ എഴുതിയവ
നും ആകുന്നു; അവന്റെ സാക്ഷ്യം സത്യ
മുള്ളതു എന്നു ഞങ്ങൾ അറിയുന്നു.
൨൫ ¶ യേശു ചെയ്തതു മററു പല
തും ഉണ്ടു; ആയതു ഓരോന്നായി എഴു
തിയാൽ എഴുതപ്പെടുന്ന പുസ്തകങ്ങൾ
ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല
എന്നു ഞാൻ നിരൂപിക്കുന്നു.

THE
ACTS OF THE APOSTLES.

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ.

൧ാം അദ്ധ്യായം.

൧ തെയോഫിലൊസേ, യേശു തെരിഞ്ഞെ
ടുത്ത അപ്പൊസ്തലന്മാൎക്കു പരിശുദ്ധാത്മാ
വിനാൽ കല്പനകൊടുത്തിട്ടു മേലോട്ടു എ
ടുക്കപ്പെട്ട നാൾ വരെ, അവൻ ചെയ്വാനും
ഉപദേശിപ്പാനും തുടങ്ങിയ സകലത്തെയും
കുറിച്ചു ഒന്നാം പ്രബന്ധം ഞാൻ ഉണ്ടാ
ക്കീട്ടുണ്ടല്ലോ.

൨ അവൻ കഷ്ടപ്പെട്ട ശേഷം നാല്പ
തു നാളോളം അവൎക്കു കാണപ്പെട്ടും ദൈ
വരാജ്യം സംബന്ധിച്ച കാൎയ്യങ്ങൾ പറ
ഞ്ഞുകൊണ്ടും,

൩ താൻ ജീവിച്ചിരിക്കുന്നവൻ എ
ന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവൎക്കു
കാണിച്ചുകൊടുത്തു.

൪ അനന്തരം അവൻ അവരുമായി
കൂടീട്ടു: നിങ്ങൾ യരുശലേമിൽനിന്നു വാ
ങ്ങിപ്പോകാതെ എങ്കൽനിന്നു കേട്ട പി
താവിൻ വാഗ്ദത്തത്തിന്നായി കാത്തിരി
ക്കേണം;

൫ എന്തുകൊണ്ടെന്നാൽ യോഹന്നാ
ൻ വെള്ളംകൊണ്ടു സ്നാനപ്പെടുത്തി, നി
ങ്ങളോ ഇനി ഏറെ നാളുകൾ കഴിയുംമു
മ്പേ പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെ
ടും എന്നു അവരോടു കല്പിച്ചു.

൬ ¶ എന്നാൽ അവർ ഒരുമിച്ചു കൂ
ടിയിരുന്നപ്പോൾ അവനോടു: കൎത്താ
വേ, നീ ഇസ്രയേലിന്നു ഈ കാലത്തി
ലോ രാജ്യം യഥാസ്ഥാനപ്പെടുത്തി കൊടു
ക്കുന്നതു എന്നു ചോദിച്ചു.

൭ അവൻ അവരോടു പറഞ്ഞു: പി
താവു തന്റെ സ്വന്ത അധികാരത്തിൽ
വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങ
ളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല.

൮ എന്നാൽ പരിശുദ്ധാത്മാവു നിങ്ങ
ളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി
ലഭിച്ചിട്ടു യരുശലേമിലും യഹൂദീയയി
ൽ എല്ലാടത്തും ശമൎയ്യയിലും ഭൂമിയുടെ
അററത്തോളവും എന്റെ സാക്ഷികൾ
ആകും.

൯ ഇവ പറഞ്ഞശേഷം അവർ നോ
ക്കിക്കൊണ്ടിരിക്കേ അവൻ മേലോട്ടു എടു
ക്കപ്പെട്ടു; ഒരു മേഘം അവനെ അവരു
ടെ കാഴ്ചയിൽനിന്നു കൈക്കൊൾകയും
ചെയ്തു.

൰ അവൻ പോകുന്നേരം അവർ
ആകാശത്തിലേക്കു ഉററുനോക്കുമ്പോൾ

ഇതാ, വെള്ളവസ്ത്രങ്ങളോടെ രണ്ടു പുരു
ഷന്മാർ അവരുടെ അടുക്കൽ നിന്നു:
൧൧ ഗലീല്യപുരുഷന്മാരേ, നിങ്ങൾ
ആകാശത്തിലേക്കു നോക്കി നില്ക്കുന്നതു
എന്തു? നിങ്ങളിൽനിന്നു സ്വൎഗ്ഗത്തിലേ
ക്കു എടുക്കപ്പെട്ട ഈ യേശു സ്വൎഗ്ഗത്തിലേ
ക്കു പോകുന്നവനായി നിങ്ങൾ അവ
നെ കണ്ടപ്രകാരം തന്നേ വരും എന്നു
പറകയും ചെയ്തു.
൧൨ ¶ അപ്പോൾ അവർ യരുശലേ
മിന്നു സമീപത്തു ഒരു ശബ്ബതു ദിവസ
ത്തേ വഴിയുള്ള ഒലീവ് മലയെ വിട്ടു യ
രുശലേമിലേക്കു മടങ്ങിപ്പോന്നു.
൧൩ അകത്തു വന്നപ്പോൾ അവർ വ
സിച്ചിരുന്ന മാളികമുറിയിലേക്കു കയറി
പോയി, പത്രൊസ്, യോഹന്നാൻ, യാ
ക്കോബ്, അന്ത്രെയോസ്, ഫിലിപ്പൊ
സ്, തോമാസ്, ബൎത്തൊലൊമായി, മ
ത്തായി, അല്പായുത്രനായ യാക്കോബ്,
എരിവുകാരനായ ശിമോൻ, യാക്കോബി
ന്റെ പുത്രനായ യൂദാ.
൧൪ ഇവർ എല്ലാവരും സ്ത്രീകളോടും
യേശുവിന്റെ അമ്മയായ മറിയയോടും
അവന്റെ സഹോദരന്മാരോടുംകൂടെ ഒ
രുമനപ്പെട്ടു പ്രാൎത്ഥനയിൽ ഉററുകൊണ്ടി
രുന്നു.
൧൫ ¶ എന്നാൽ ആ നാളുകളിൽ പ
ത്രൊസ് സഹോദരന്മാരുടെ നടുവിൽ എ
ഴുനീററുനിന്നു പറഞ്ഞു—ഒരുമിച്ചുകൂടിയ
സംഘം ഏകദേശം നൂററിരുപതു പേരാ
യിരുന്നു:—
൧൬ സഹോദരന്മാരായ പുരുഷന്മാരേ,
യേശുവിനെ പിടിച്ചവൎക്കു വഴികാട്ടിയാ
യിതീൎന്ന യൂദാവിനെ കുറിച്ചു പരിശു
ദ്ധാത്മാവു ദാവീദിന്റെ വായികൊണ്ടു
മുൻപറഞ്ഞ തിരുവെഴുത്തിന്നു നിവൃത്തി
വരുവാൻ ആവശ്യമായിരുന്നു.
൧൭ അവൻ ഞങ്ങളുടെ എണ്ണത്തിൽ
ഉൾപ്പെട്ടവനായി ഈ ശുശ്രൂഷയിൽ പങ്കു
ലഭിച്ചിരുന്നുവല്ലോ.
൧൮ എന്നാൽ ഇവൻ അനീതിയുടെ
കൂലികൊണ്ടു ഒരു നിലം നേടി തലകീ
ഴായി വീണു നടുവേ പിളൎന്നു, അവ
ന്റെ കുടലെല്ലാം തുറിച്ചുപോകയും
ചെയ്തു.
൧൯ ആയതു യരുശലേമിൽ പാൎക്കു
ന്ന എല്ലാവൎക്കും അറിഞ്ഞതാകകൊണ്ടു
ആ നിലത്തിന്നു അവരുടെ ഭാഷയിൽ
രക്തനിലം എന്നൎത്ഥമുള്ള അക്കല്ദാമാ എ
ന്നു പേർ ആയി.
൨൦ എന്തുകൊണ്ടെന്നാൽ സങ്കീൎത്തന
പുസ്തകത്തിൽ: അവന്റെ പാൎപ്പിടം പാ
ഴായി പോകട്ടെ, അതിൽ വസിപ്പാൻ
ആളില്ലാതിരിക്കട്ടെ, അവന്റെ അദ്ധ്യ
ക്ഷത മറെറാരുത്തൻ ഏല്ക്കട്ടെ എന്നു എ
ഴുതിയിരിക്കുന്നു.
൨൧ ആകയാൽ കൎത്താവായ യേശു
യോഹന്നാന്റെ സ്നാനംമുതൽ നമ്മിൽനി
ന്നു മേലോട്ടു എടുക്കപ്പെട്ട നാൾ വരെ, ന
മ്മുടെ ഇടയിൽ വരികയും പോകയും
ചെയ്ത കാലത്തെല്ലാം,
൨൨ നമ്മോടുകൂടെ നടന്ന പുരുഷന്മാ
രിൽ ഒരുത്തൻ ഞങ്ങളോടുകൂടെ അവ
ന്റെ പുനരുത്ഥാനത്തിന്നു സാക്ഷിയായി
തീരേണം.
൨൩ എന്നാറെ അവർ യുസ്തൊസ്
എന്നു മറുനാമമുള്ളവനായി ബൎശബ്ബാ എ
ന്നു പേരുള്ള യോസേഫ, മത്തിയാസു ഇ
ങ്ങനെ രണ്ടുപേരെ നിറുത്തി:
൨൪ എല്ലാവരുടെ ഹൃദയങ്ങളെയും
അറിയുന്ന കൎത്താവേ, യൂദാ തന്റെ സ്ഥ
ലത്തേക്കു പോകുവാനായിട്ടു അവൻ ഒ
ഴിഞ്ഞുപോയ ഈ ശുശ്രൂഷയുടെയും അ
പ്പൊസ്തലത്വത്തിന്റെയും സ്ഥാനം ലഭി
ക്കേണ്ടതിന്നു
൨൫ ഈ ഇരുവരിൽ നീ ഏവനെ തെ
രിഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചുത
രേണമേ എന്നു പ്രാൎത്ഥിച്ചു അവരുടെ
പേൎക്കു ചീട്ടിട്ടു.
൨൬ ചീട്ടു മത്തിയാസിന്നു വീണു അ
വൻ അപ്പൊസ്തലർ പതിനൊരുവരോടു
കൂടെ എണ്ണപ്പെടുകയും ചെയ്തു.

൨ാം അദ്ധ്യായം.

പെന്തെകൊസ്തനാൾ വന്നപ്പോൾ എല്ലാ
വരും ഒന്നിച്ചു ഒരു സ്ഥലത്തു കൂടിയി
രുന്നു.

൨ അപ്പോൾ കൊടിയ കാററടിക്കുന്നതുപോലെ പെട്ടെന്നു ആകാശത്തിൽനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴവനും നിറെച്ചു.

൩ അഗ്നി പോലെയുള്ള പിളൎന്നിരിക്കുന്ന നാവുകളും അവൎക്കു കാണപ്പെട്ടു, അവരിൽ ഓരോരുത്തന്റെമേൽ ഇരുന്നു.

൪ എല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞിട്ടു ആത്മാവു അവൎക്കു ഉച്ചരിപ്പാൻ നല്കിയപ്രകാരം മറുഭാഷകളിൽ സംസാരിച്ചു തുടങ്ങി.

൫ ¶ അന്നു ആകാശത്തിൻ കീഴുള്ള സകലജാതികളിൽനിന്നും വന്നു യരുശലേമിൽ കുടിയിരിക്കുന്ന യഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു.

൬ ഈ ശബ്ദം ഉണ്ടായപ്പോൾ പുരുഷാരം വന്നു കൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടിട്ടു അമ്പരന്നുപോയി.

൭ എല്ലാവരും ഭ്രമിച്ചു ആശ്ചൎയ്യപ്പെട്ടു പറഞ്ഞതു: ഇതാ, ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ?

൮ പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ കേൾക്കുന്നതു എങ്ങനെ?

൯ പൎത്ഥരും മേദരും ഏലാമ്യരും മെസൊപ്പൊത്താമ്യയിലും യഹൂദയയിലും കപ്പദോക്യയിലും പൊന്തോസിലും ആസ്യയിലും

൧൦ പ്രുഗ്യയിലും പംഫുലിയയിലും മിസ്രയീമിലും കുറേനെക്കു ചേൎന്ന ലിബിയയുടെ പ്രദേശങ്ങളിലും പാൎക്കുന്നവരും റോമയിൽനിന്നു വന്നു പാൎക്കുന്നവരും യഹൂദന്മാരും യഹൂദമതാനുസാരികളും,

൧൧ ക്രേത്തന്മാരും അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാൎയ്യങ്ങളെ സംസാരിക്കുന്നതു കേൾക്കുന്നുവല്ലോ.

൧൨ പിന്നെ അവർ എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു: ഇതു എന്തായിരിക്കും എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

൧൩ ഇവർ പുതുവീഞ്ഞു നിറഞ്ഞവരത്രേ എന്നു മററുള്ളവർ പരിഹസിച്ചു പറഞ്ഞു.

൧൪ ¶ അപ്പോൾ പത്രൊസ് പതിനൊരുവരോടു കൂടെ നിന്നുകൊണ്ടു തന്റെ ശബ്ദം ഉയൎത്തി അവരോടു പറഞ്ഞതു: യഹൂദപുരുഷന്മാരും യരുശലേമിൽ പാൎക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ, എന്റെ മൊഴികളെ ചെവിക്കൊൾവിൻ.

൧൫ നിങ്ങൾ ഊഹിക്കുന്നപ്രകാരം ഇവർ ലഹരിപിടിച്ചവരല്ല, പകലിൽ മൂന്നാം മണിനേരമേ ആയിട്ടുള്ളുവല്ലോ.

൧൬ ഇതു യോവേൽ പ്രവാചകൻ പറഞ്ഞതത്രേ ആകുന്നു:

൧൭ ദൈവം പറയുന്നു: ഒടുക്കത്തെ നാളുകളിൽ സംഭവിക്കുന്നതെന്തെന്നാൽ ഞാൻ എല്ലാ ജഡത്തിന്മേലും എന്റെ ആത്മാവിൽനിന്നു പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കയും നിങ്ങളുടെ ബാല്യക്കാർ ദൎശനങ്ങൾ ദൎശിക്കയും നിങ്ങളുടെ വയസ്സന്മാർ സ്വപ്നങ്ങൾ കാണുകയും ചെയ്യും.

൧൮ എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവർ പ്രവചിക്കും.

൧൯ മീതെ ആകാശത്തിൽ അത്ഭുതങ്ങളെയും താഴെ ഭൂമിയിൽ രക്തവും അഗ്നിയും പുകയാവിയും ആകുന്ന അടയാളങ്ങളെയും ഞാൻ കാണിക്കും.

൨൦ കൎത്താവിന്റെ വലുതും പ്രസിദ്ധവുമായ നാൾ വരുംമുമ്പേ സൂൎയ്യൻ ഇരുളായും ചന്ദ്രൻ രക്തമായും തീരും.

൨൧ എന്നാൽ കൎത്താവിന്റെ നാമത്തെ വിളിക്കുന്നവൻ എല്ലാം രക്ഷിക്കപ്പെടും.

൨൨ ഇസ്രയേൽ പുരുഷന്മാരേ, ഈ വചനങ്ങളെ കേൾപ്പിൻ. നസറായനായ യേശു, നിങ്ങൾ തന്നേ അറിയുന്നപ്രകാരം, ദൈവം അവനെ കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായവൻ,

൨൩ ദൈവത്തിന്റെ നിൎണ്ണയിക്കപ്പെട്ട ആലോചനയാലും മുന്നറിവിനാലും

ഏല്പിക്കപ്പെട്ടിട്ടു, നിങ്ങൾ അവനെ അധൎമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു.

൨൪ അവനെ മരണം അടക്കിക്കൊള്ളുന്നതു കഴിയാത്തതാകകൊണ്ടു ദൈവം മരണപാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിൎത്തെഴുനീല്പിച്ചു.

൨൫ എന്തുകൊണ്ടെന്നാൽ ദാവീദ് അവനെ കുറിച്ചു പറയുന്നു: ഞാൻ കൎത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു; അവൻ എന്റെ വലഭാഗത്തു ഇരിക്കയാൽ ഞാൻ കുലുങ്ങുകയില്ല.

൨൬ അതുകൊണ്ടു എന്റെ ഹൃദയം സന്തോഷിച്ചു, എന്റെ നാവും ആനന്ദിച്ചു, എന്റെ ജഡവും പ്രത്യാശയോടെ പാൎക്കും.

൨൭ എന്തുകൊണ്ടെന്നാൽ നീ എന്റെ ദേഹിയെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ ഏല്പിക്കയുമില്ല.

൨൮ നീ ജീവമാൎഗ്ഗങ്ങളെ എന്നോടു അറിയിച്ചു; നിന്റെ മുഖംകൊണ്ടു എന്നെ സന്തോഷത്താൽ നിറെക്കും.

൨൯ സഹോദരന്മാരായ പുരുഷന്മാരേ, ഗോത്രപിതാവായ ദാവീദിനെ കുറിച്ചു ഞാൻ നിങ്ങളോടു ധൈൎയ്യമായി പറയാമല്ലോ; അവൻ മരിച്ചു അടക്കപ്പെട്ടു, അവന്റെ കല്ലറയും ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടു.

൩൰ എന്നാൽ അവൻ പ്രവാചകൻ ആകയാൽ ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽനിന്നു ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു തന്നോടു ആണയിട്ടു ഉറപ്പിച്ചിട്ടുള്ള പ്രകാരം അറിഞ്ഞിട്ടു,

൩൧ അവൻ പാതാളത്തിൽ വിടപ്പെട്ടില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കുറിച്ചു മുമ്പുകൂട്ടി കണ്ടു സംസാരിച്ചു.

൩൨ ഈ യേശുവിനെ ദൈവം ഉയിൎത്തെഴുനീല്പിച്ചു. അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

൩൩ ആകയാൽ അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ഉയൎത്തപ്പെട്ടിട്ടു പരിശുദ്ധാത്മാവാകുന്ന വാഗ്ദത്തത്തെ പിതാവിൽനിന്നു ലഭിച്ചു, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതിനെ പകൎന്നു തന്നു.

൩൪ ദാവീദ് സ്വൎഗ്ഗത്തിലേക്കു കരേറിപ്പോയില്ലല്ലോ. എന്നാൽ അവൻ പറയുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളത്തിന്നു

൩൫ നീ എന്റെ വലഭാഗത്തു ഇരിക്ക എന്നു കൎത്താവു എന്റെ കൎത്താവിനോടു പറഞ്ഞു.

൩൬ ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കൎത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു ഇസ്രയേൽ ഗൃഹം ഒക്കെയും നിശ്ചയമായി ഗ്രഹിച്ചുകൊള്ളട്ടെ.

൩൭ ¶ അവർ ഇതു കേട്ടിട്ടു ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു.

൩൮ പത്രൊസ് അവരോടു പറഞ്ഞതു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി നിങ്ങളിൽ ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുവിൻ; എന്നാൽ പരിശുദ്ധാത്മാവാകുന്ന ദാനം ലഭിക്കും.

൩൯ എന്തുകൊണ്ടെന്നാൽ വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കൎത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ എവൎക്കും ഉള്ളതാകുന്നു.

൪൰ മറ്റു പല വാക്കുകളാലും സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു: ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു.

൪൧ എന്നാറെ അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനപ്പെട്ടു; ആ ദിവസം മൂവായിരത്തോളം ദേഹികൾ ചേൎക്കപ്പെടുകയും ചെയ്തു.

൪൨ അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും അപ്പം നുറുക്കുന്നതിലും പ്രാൎത്ഥനകളിലും ഉറെച്ചുകൊണ്ടിരുന്നു.

൪൩ ¶ സകലദേഹിക്കും ഭയം ഉണ്ടായി; അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടക്കയുംചെയ്തു.

൪൪ വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവിൽ അനുഭവിക്കയും

൪൫ ജന്മഭൂമികളെയും വസ്തുക്കളെയും വിററു അവനവന്നു ആവശ്യം ഉള്ളപ്രകാരം എല്ലാവൎക്കും പങ്കിടുകയും

൪൬ ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ ഉററിരുന്നും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടും ഉല്ലാസവും ഹൃദയപരമാൎത്ഥതയും പൂണ്ടു ആഹാരം ഭക്ഷിക്കയും

൪൭ ദൈവത്തെ സ്തുതിക്കയും സകലജനത്തിൽനിന്നും കൃപ അനുഭവിക്കയും ചെയ്തു. കൎത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേൎത്തുകൊണ്ടിരുന്നു.

൩ാം അദ്ധ്യായം.

എന്നാൽ പത്രൊസും യോഹന്നാനും ഒമ്പതാം മണിനേരം പ്രാൎത്ഥനാസമയത്തു ദൈവാലയത്തിലേക്കു കയറി

൨ അപ്പോൾ തന്റെ അമ്മയുടെ ഗൎഭം മുതലേ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു; അവനെ ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷ യാചിപ്പാൻ സുന്ദരം എന്നുള്ള ദൈവാലയവാതില്ക്കൽ ദിനമ്പ്രതി ഇരുത്തുമാറുണ്ടു.

൩ അവൻ പത്രൊസും യോഹന്നാനും ദൈവാലയത്തിലേക്കു കടപ്പാൻ പോകുന്നതു കണ്ടിട്ടു ഭിക്ഷ ചോദിച്ചു.

൪ പത്രൊസ് യോഹന്നാനോടു കൂടെ അവനെ ഉററുനോക്കി: ഞങ്ങളെ നോക്കു എന്നു പറഞ്ഞു.

൫ അവൻ അവരിൽനിന്നു വല്ലതും കിട്ടും എന്നു കരുതി അവരെ സൂക്ഷിച്ചു നോക്കി.

൬ അപ്പോൾ പത്രൊസ്: വെള്ളിയും പൊന്നും എനിക്കില്ല, എന്നാൽ എനിക്കുള്ളതിനെ നിനക്കു തരുന്നു: നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു.

൭ പിന്നെ അവനെ വലങ്കൈക്കു പിടിച്ചു എഴുനീല്പിച്ചു; ക്ഷണത്തിൽ അവന്റെ കാല്കളും നരിയാണികളും ഉറെച്ചു.

൮ അവൻ കുതിച്ചെഴുനീററു നടന്നു; പിന്നെ നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയുംകൊണ്ടു അവരോടുകൂടെ ദൈവാലയത്തിൽ പ്രവേശിച്ചു.

൯ അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനം ഒക്കെയും കണ്ടു.

൧൦ ഇവൻ ദൈവാലയത്തിന്റെ സുന്ദരം എന്ന പടിവാതില്ക്കൽ ഭിക്ഷ യാചിച്ചുകൊണ്ടു ഇരുന്നവൻ എന്നു അറിഞ്ഞു, അവന്നു സംഭവിച്ചതിനെ കുറിച്ചു വിസ്മയവും പരിഭ്രമവും നിറകയും ചെയ്തു.

൧൧ ¶ എന്നാൽ അവൻ പത്രൊസിനെയും യോഹന്നാനെയും പിടിച്ചുകൊണ്ടിരിക്കുമ്പോൾ ജനം എല്ലാം വിസ്മിതരായി ശലൊമോന്റേതു എന്നു പേരുള്ള മണ്ഡപത്തിൽ അവരുടെ അടുക്കൽ ഓടിക്കൂടി.

൧൨ പത്രൊസ് അതു കണ്ടിട്ടു ജനത്തോടു ഉത്തരം പറഞ്ഞതു: ഇസ്രയേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചൎയ്യപ്പെടുന്നതു എന്തു? ഞങ്ങളുടെ സ്വന്തശക്തികൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കി എന്നുള്ളപ്രകാരം ഞങ്ങളെ ഉററുനോക്കുന്നതും എന്തു?

൧൩ അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; അവനെ നിങ്ങൾ ഏല്പിച്ചുകൊടുക്കയും അവനെ വിട്ടയപ്പാൻ വിധിച്ച പിലാത്തൊസിന്റെ മുമ്പിൽ വെച്ചു തള്ളിപ്പറകയും ചെയ്തു.

൧൪ പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കുലപാതകനായ മനുഷ്യനെ വിട്ടുതരേണം എന്നു ചോദിച്ചു; ജീവനായകനെ കൊന്നുകളകയും ചെയ്തു.

൧൫ അവനെ ദൈവം മരിച്ചവരിൽനിന്നു എഴുനീല്പിച്ചു; അതിന്നു ഞങ്ങൾ സാക്ഷികൾ ആകുന്നു.

൧൬ അവൻെറ നാമത്തിലെ വിശ്വാസത്താൽ അവൻെറ നാമം തന്നെ നിങ്ങൾ കാണ്കയും അറികയും ചെയ്യുന്ന ഇവനെ ശക്തിപ്പെടുത്തി, അവൻ മൂലമുള്ള വിശ്വാസം ഇവന്ന നിങ്ങൾ എല്ലാവരും കാണ്കെ ഈ ആരോഗ്യം കൊടുത്തു.

൧൭ എന്നാൽ സഹോദരന്മാരേ, നിങ്ങളുടെ പ്രമാണികളെ പോലെ നിങ്ങളും അറിയായ്മകൊണ്ട പ്രവൃത്തിച്ചു എന്ന ഞാൻ അറിയുന്നു.

൧൮ ദൈവമൊ തൻെറ ക്രിസ്തു കഷ്ടപ്പെടും എന്ന എല്ലാ പ്രവാചകന്മാരുടെയും വായകൊണ്ട മുന്നറിയിച്ചതിനെ ഇപ്രകാരം നിവൃത്തിച്ചു.

൧൯ ആകയാൽ നിങ്ങളുടെ പാപങ്ങൾ മായ്ക്കപ്പെടേണ്ടതിന്ന മാനസാന്തരപ്പെട്ട തിരിഞ്ഞുകൊൾവിൻ; എന്നാൽ കൎത്താവിൻെറ സന്മുഖത്തിൽനിന്ന ആശ്വാസകാലങ്ങൾ വരികയും

൨൦ നിങ്ങൾക്ക മുൻനിയമിക്കപ്പെട്ട ക്രിസ്തുവിനെ, യേശുവിനെ തന്നെ, അവൻ അയക്കയും ചെയ്യും.

൨൧ ദൈവം ലോകാരംഭം മുതൽ തൻെറ വിശുദ്ധ പ്രവാചകന്മാരുടെ വായികൊണ്ട അരുളിച്ചെയ്തു ഒക്കെയും യഥാസ്ഥാനപ്പെടുന്ന കാലങ്ങൾ വരുവോളം സ്വൎഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു.

൨൨ മോശെ താൻ പറഞ്ഞു: ദൈവമായ കൎത്താവ നിങ്ങളുടെ സഹോദരന്മാരിൽനിന്ന എന്നെപോലെ ഒരു പ്രവാചകനെ നിങ്ങൾക്ക എഴുനീല്പിക്കും; അവൻ നിങ്ങളോട പറയുന്ന സകലത്തിലും നിങ്ങൾ അവനെ ചെവിക്കൊള്ളെണം.

൨൩ ആ പ്രവാചകനെ ചെവിക്കൊള്ളാത്ത ഏതു ആത്മാവും ജനത്തിൽനിന്ന നിൎമ്മൂലമാക്കപ്പെടും.

൨൪ അത്രയുമല്ല ശമുവേൽ ആദിയായി സംസാരിച്ചിട്ടുള്ള പ്രവാചകന്മാർ ഒക്കെയും ഈ നാളുകളെ കുറിച്ച അറിയിച്ചു.

൨൫ ഭൂമിയിലെ സകല വംശങ്ങളും നിൻെറ സന്തതിയിൽ അനുഗ്രഹിക്കപ്പെടും എന്ന ദൈവം അബ്രഹാമിനോട പറഞ്ഞുകൊണ്ട നിങ്ങളുടെ പിതാക്കന്മാരോട നിയമിച്ച നിയമത്തിൻെറയും പ്രവാചകന്മാരുടെയും മക്കൾ നിങ്ങൾ ആകുന്നു.

൨൬ നിങ്ങൾക്ക ആദ്യമെ ദൈവം തൻെറ ദാസനായ യേശുവിനെ എഴുനീല്പിച്ച നിങ്ങളുടെ അകൃത്യങ്ങളിൽനിന്ന ഓരോരുത്തനെ തിരിക്കുന്നതിനാൽ നിങ്ങളെ അനുഗ്രഹിക്കുന്നവനായിട്ട അവനെ അയച്ചിരിക്കുന്നു.

൪ാം അദ്ധ്യായം.

൧ **അ**വർ ജനത്തോട സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും സദൂക്യരും അവരുടെ നേരെ വന്നു.

൨ ജനത്തിന്ന അവർ ഉപദേശിക്കയാലും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തെ യേശുവിൽ അറിയിക്കയാലും വിഷമിച്ചു.

൩ അവരുടെമേൽ കൈകളെ വെച്ചു-വൈകുന്നേരം ആകകൊണ്ട പിറെറന്നാൾ വരെക്കും കാവലിലാക്കി.

൪ എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു; ആ പുരുഷന്മാരുടെ എണ്ണം അയ്യായിരത്തോളം ആയി.

൫ ¶ പിറെറന്നാൾ അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രികളും യരുശലേമിൽ ഒന്നിച്ചു കൂടി:

൬ മഹാപുരോഹിതനായ അന്നാസും കയ്യാപ്പാവും യോഹന്നാനും അലെക്സന്തരും മഹാപുരോഹിതവംശത്തിലുള്ളവർ എല്ലാവരും ഉണ്ടായിരുന്നു.

൭ ഇവർ അവരെ നടുവിൽ നിൎത്തിട്ട: ഏതു ശക്തികൊണ്ട, അല്ലെങ്കിൽ ഏതു നാമത്തിൽ നിങ്ങൾ ഇതു ചെയ്തു എന്ന ചോദിച്ചു.

൮ അപ്പോൾ പത്രൊസ് പരിശുദ്ധാത്മാവ നിറഞ്ഞവനായി അവരോട പറഞ്ഞു: ജനത്തിൻെറ പ്രമാണികളും മൂപ്പന്മാരുമായുള്ളോരേ,

൯ ഈ ബലഹീനമനുഷ്യന്ന ഉണ്ടായ ഉപകാരം നിമിത്തം, ഇവൻ എന്തൊന്നി

നാൽ സൌഖ്യമായി എന്നു ഞങ്ങളെ ഇന്നു വിസ്തരിക്കുന്നു എങ്കിൽ,

൧൦ നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽനിന്നു ഉയിൎപ്പിച്ചവനുമായി നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ ഇവൻ നിങ്ങളുടെ മുമ്പാകേ സൌഖ്യമായി നില്ക്കുന്നു എന്നു നിങ്ങൾ എല്ലാവരും ഇസ്രയേൽ ജനം ഒക്കെയും അറിഞ്ഞിരിക്കട്ടേ.

൧൧ വീടുപണിയുന്നവരായ നിങ്ങൾ നിസ്സാരമാക്കിക്കളഞ്ഞിട്ടു കോണിന്റെ തലയായി വന്ന കല്ലു ഇവൻ ആകുന്നു.

൧൨ മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ മനുഷ്യരുടെ ഇടയിൽ കൊടുക്കപ്പെട്ട വേറൊരു നാമവും ആകാശത്തിൻ കീഴിൽ ഇല്ല.

൧൩ ¶ എന്നാൽ അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈൎയ്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കകൊണ്ടും ആശ്ചൎയ്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നു അറികയും ചെയ്തു.

൧൪ സൌഖ്യം വന്ന മനുഷ്യൻ അവരോടുകൂടെ നില്ക്കുന്നതു കണ്ടിട്ടു അവൎക്കു ഒന്നും എതിർ പറവാൻ ഇല്ലാഞ്ഞു.

൧൫ പിന്നെ ന്യായാധിപസംഘത്തിൽനിന്നു അവർ പുറത്തുപോകുവാൻ കല്പിച്ചിട്ടു തങ്ങളിൽ ആലോചിച്ചു പറഞ്ഞതു:

൧൬ ഈ മനുഷ്യരെ എന്തു ചെയ്യേണ്ടു? പ്രത്യക്ഷമായ ഒരു അടയാളം അവരാൽ ചെയ്യപ്പെട്ടു എന്നു യരുശലേമിൽ വസിക്കുന്നവൎക്കു എല്ലാവൎക്കും സ്പഷ്ടം ആകുന്നുവല്ലോ; ഇല്ല എന്നു പറവാൻ നമുക്കു കഴിയുന്നതുമല്ല.

൧൭ എങ്കിലും അതു ജനത്തിൽ അധികം പരക്കാതിരിപ്പാൻ അവർ യാതൊരു മനുഷ്യനോടും ഈ നാമത്തിൽ ഇനി സംസാരിക്കരുതെന്നു നാം അവരെ തൎജ്ജനം ചെയ്യേണം.

൧൮ പിന്നെ അവരെ വിളിച്ചിട്ടു: യേശുവിന്റെ നാമത്തിൽ അശേഷം ഉരിയാടരുതു, ഉപദേശിക്കയും അരുതു എന്നു കല്പിച്ചു.

൧൯ അതിന്നു പത്രൊസും യോഹന്നാനും ഉത്തരം പറഞ്ഞതു: ദൈവത്തെക്കാൾ അധികം നിങ്ങളെ ചെവിക്കൊള്ളുന്നതു ദൈവത്തിന്റെ മുമ്പാകേ ന്യായമോ എന്നു വിധിപ്പിൻ.

൨൦ ഞങ്ങൾക്കോ, കണ്ടിട്ടും കേട്ടിട്ടുമുള്ളവ സംസാരിക്കാതിരിപ്പാൻ കഴിയുന്നതല്ല.

൨൧ എന്നാൽ ഈ ഉണ്ടായ കാൎയ്യം കൊണ്ടു എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുകയാൽ അവരെ ശിക്ഷിക്കുന്നതിന്നു ജനത്തിന്റെ നിമിത്തം വഴി ഒന്നും കാണായ്കകൊണ്ടു അവർ പിന്നെയും തൎജ്ജനം ചെയ്തു അവരെ വിട്ടയച്ചു.

൨൨ എന്തുകൊണ്ടെന്നാൽ ഈ അത്ഭുതത്താൽ സൌഖ്യം വന്ന മനുഷ്യൻ നാല്പതിൽ അധികം വയസ്സുള്ളവനായിരുന്നു.

൨൩ ¶ അവർ വിട്ടയക്കപ്പെട്ടശേഷം തങ്ങളുടെ കൂട്ടരുടെ അടുക്കൽ ചെന്നു മഹാപുരോഹിതന്മാരും മൂപ്പന്മാരും തങ്ങളോടു പറഞ്ഞതു എല്ലാം അറിയിച്ചു.

൨൪ അവർ അതു കേട്ടിട്ടു ഏകമനസ്സോടെ ഒരുമനപ്പെട്ടു ദൈവത്തിങ്കലേക്കു ശബ്ദം ഉയൎത്തി പറഞ്ഞു: ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയ നാഥനേ,

൨൫ ജാതികൾ ക്രോധിച്ചതും ജനങ്ങൾ വ്യൎത്ഥകാൎയ്യങ്ങൾ ചിന്തിച്ചതും എന്തിന്നു?

൨൬ ഭൂമിയുടെ രാജാക്കന്മാർ അണിനിരക്കുകയും അധിപതിമാർ കൎത്താവിന്നു വിരോധമായും അവന്റെ അഭിഷിക്തന്നു വിരോധമായും ഒന്നിച്ചു കൂടുകയും ചെയ്തു എന്നു ഞങ്ങളുടെ പിതാവായ നിന്റെ ദാസൻ ദാവീദിന്റെ വായിക്കൊണ്ടു പരിശുദ്ധാത്മാവിനാൽ പറയിച്ചവനേ!

൨൭ നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ പരിശുദ്ധദാസന്നു വിരോധമായി ഹെരോദാവും പൊന്തിയോസ് പിലാത്തൊസും ജാതികളോടും ഇസ്രായേൽ ജനങ്ങളോടും കൂടെ ഈ പട്ടണത്തിൽ ഒന്നിച്ചു കൂടി സത്യം.

൨൮ സംഭവിക്കേണം എന്നു നിന്റെ
കൈയ്യും നിന്റെ ആലോചനയും മുന്നി
യമിച്ചതു ഒക്കെയും ചെയ്യേണ്ടതിന്നത്രേ.
൨൯ ഇപ്പോഴോ കൎത്താവേ, അവരു
ടെ ഭീഷണികളെ നോക്കേണമേ.
൩൦ സൌഖ്യമാക്കുവാൻ നിന്റെ കൈ
നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസ
നായ യേശുവിന്റെ നാമത്താൽഅടയാ
ളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാ
ലും നിന്റെ വചനം എല്ലാ ധൈൎയ്യത്തോ
ടുംകൂടെ സംസാരിപ്പാൻ നിന്റെ ദാസ
ന്മാൎക്ക വരം നല്കേണമേ.
൩൧ ഇങ്ങനെ പ്രാൎത്ഥിച്ചപ്പോൾ അവ
ർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവ
രും പരിശുദ്ധാത്മാവു നിറഞ്ഞവരായി
ദൈവവചനത്തെ ധൈൎയ്യത്തോടെ സം
സാരിച്ചു.
൩൨ ¶ വിശ്വസിച്ചവരുടെ കൂട്ടത്തി
ന്നു ഹൃദയവും ആത്മാവും ഒന്നായിരുന്നു;
തനിക്കുള്ളതു ഒന്നും സ്വന്തം എന്നു ആരും
പറഞ്ഞതുമില്ല, സകലവും അവൎക്ക പൊ
തുവായിരുന്നതേ ഉള്ളു.
൩൩ അപ്പൊസ്തലന്മാർ മഹാശക്തി
യോടെ കൎത്താവായ യേശുവിന്റെ പു
നരുത്ഥാനത്തിന്നു സാക്ഷ്യം കൊടുത്തു; എ
ല്ലാവരുടെ മേലും വലിയ കൃപയും ഉണ്ടാ
യിരുന്നു.
൩൪ മുട്ടുള്ളവൻ ആരും അവരിൽ ഉ
ണ്ടായിരുന്നില്ല; എന്തുകൊണ്ടെന്നാൽ നി
ലങ്ങളുടെയോ വീടുകളുടെയോ ഉടമസ്ഥ
രായവർ ഒക്കെയും അവയെ വിറ്റു വി
ല കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാ
ക്കൽ വെക്കും;
൩൫ പിന്നെ ഓരോരുത്തന്നു അവന
വന്റെ ആവശ്യപ്രകാരം വിഭാഗിക്ക
പ്പെട്ടും.
൩൬ ¶ പ്രബോധനപുത്രൻ എന്നു അ
ൎത്ഥമുള്ള ബൎന്നബാസ് എന്നു അപ്പൊസ്തല
ന്മാരാൽ മറുനാമം വിളിക്കപ്പെട്ട കുപ്ര
ദ്വീപുകാരനായ യോസേഫ് എന്നൊരു
ലേവ്യൻ
൩൭ തനിക്കുണ്ടായിരുന്ന നിലം വി
റ്റു ദ്രവ്യംകൊണ്ടുവന്നു അപ്പൊസ്തലന്മാ
രുടെ കാക്കൽ വെക്കുകയും ചെയ്തു.

൫ാം അദ്ധ്യായം.

എന്നാൽ അനന്യാസ് എന്നു പേരുള്ള
ഒരു പുരുഷൻ തന്റെ ഭാൎയ്യയായ സഫീ
റയോടു കൂടി ഒരു അവകാശനിലം വി
റ്റു.
൨ അവന്റെ ഭാൎയ്യയും കൂടി ബോധി
ച്ചിട്ടു വിലയിൽനിന്നു വൎജ്ജിച്ചു ഒരംശം
കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാക്ക
ൽ വെച്ചു.
൩ അപ്പോൾ പത്രൊസ് പറഞ്ഞതു:
അനന്യാസേ, നീ പരിശുദ്ധാത്മാവിനോ
ടു ഭോഷ്കു പറവാനും നിലത്തിന്റെ വി
ലയിൽനിന്നു വൎജ്ജിപ്പാനും സാത്താൻ നി
ന്റെ ഹൃദയം നിറച്ചതു എന്തിന്നു?
൪ അതു ഇരുന്നപ്പോൾ നിന്റേതാ
യിരുന്നില്ലയോ? വിറ്റശേഷവും നി
ന്റെ കൈവശത്തിൽ അല്ലായിരുന്നുവോ?
നീ ഈ കാൎയ്യം നിന്റെ ഹൃദയത്തിൽ വെ
ച്ചതു എന്തു? മനുഷ്യരോടല്ല ദൈവത്തോ
ടത്രേ നീ ഭോഷ്കു പറഞ്ഞതു.
൫ ഈ വാക്കുകൾ അനന്യാസ് കേട്ടി
ട്ടു വീണു പ്രാണനെ വിട്ടു; ഇതു കേട്ടവ
ൎക്ക എല്ലാവൎക്കും മഹാഭയം ഉണ്ടാകയും
ചെയ്തു.
൬ ബാല്യക്കാർ എഴുനീറ്റു അവനെ
മൂടിക്കെട്ടി പുറത്തു കൊണ്ടുപോയി കുഴി
ച്ചിട്ടു.
൭ ¶ പിന്നെ ഏകദേശം മൂന്നുമണി
നേരത്തിന്റെ ഇട കഴിഞ്ഞപ്പോൾ അ
വന്റെ ഭാൎയ്യ ഈ സംഭവിച്ചതു അറിയാ
തെ അകത്തു വന്നു.
൮ അപ്പോൾ പത്രൊസ് അവളോടു:
ഇത്രെക്കോ നിങ്ങൾ നിലം വിറ്റതു? എ
ന്നോടു പറക എന്നു പറഞ്ഞു; അതേ,
ഇത്രെക്കു തന്നേ എന്നു അവൾ പറഞ്ഞു.
൯ പത്രൊസ് അവളോടു: കൎത്താവി
ന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നി
ങ്ങൾ തമ്മിൽ ഒത്തതു എന്തു? ഇതാ, നി
ന്റെ ഭൎത്താവിനെ കുഴിച്ചിട്ടവരുടെ കാ
ലുകൾ വാതില്ക്കൽ ഉണ്ടു; അവർ നിന്നെ
യും പുറത്തുകൊണ്ടുപോകും എന്നു പ
റഞ്ഞു.

൰ ഉടനെ അവൾ അവന്റെ കാക്കൽ വീണ്ണ പ്രാണനെ വിട്ടു; ബാല്യക്കാർ അകത്തു വന്ന അവൾ മരിച്ചു എന്ന കണ്ടു പുറത്തു കൊണ്ടുപോയി അവളുടെ ഭൎത്താവിന്റെ അരികെ കുഴിച്ചിട്ടു.

൰൧ സഭെക്ക ഒക്കെയും ഇവ കേട്ടവൎക്ക എല്ലാവൎക്കും മഹാഭയം ഉണ്ടാകയും ചെയ്തു.

൰൨ ¶ അപ്പൊസ്തലന്മാരുടെ കൈകളാൽ ജനത്തിൽ പല അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടായി; എല്ലാവരും ഏകമനസ്സോടെ ശലൊമോന്റെ മണ്ഡപത്തിൽ ആയിരുന്നു.

൰൩ മറ്റുള്ളവരിൽ ആരും അവരോടു ചേരുവാൻ തുനിഞ്ഞില്ല; ജനമോ അവരെ മഹിമപ്പെടുത്തിക്കൊണ്ടിരുന്നു.

൰൪ വിശ്വസിച്ചവർ അനവധി പുരുഷന്മാരും സ്ത്രീകളും മേല്ക്കുമേൽ കൎത്താവിനോടു ചേൎന്ന വന്നു.

൰൫ അതുകൊണ്ടു അവർ രോഗികളെ വീഥികളിലേക്ക പുറത്തു കൊണ്ടുവന്നു, പെത്രൊസ കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയും മേൽ നിഴലിക്കേണ്ടതിന്നു വിരിപ്പുകൾമേലും കിടക്കകൾമേലും കിടത്തും.

൰൬ അതു കൂടാതെ യരുശലേമിന്ന ചുറ്റുമുള്ള പട്ടണങ്ങളിൽനിന്ന പുരുഷാരവും വന്നുകൂടി രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ടുവരികയും അവർ എല്ലാവരും സൌഖ്യം പ്രാപിക്കയും ചെയ്തു.

൰൭ ¶ പിന്നെ മഹാപുരോഹിതനും സദ്ദൂക്ക്യരുടെ മതക്കാരായി അവനോടു കൂടെയുള്ള എല്ലാവരും എഴുനീറ്റ എരിവുകൊണ്ടു നിറഞ്ഞു,

൰൮ അപ്പൊസ്തലന്മാരുടെമേൽ കൈകളെ വെച്ചു അവരെ സാധാരണ തടവിൽ ആക്കി.

൰൯ എന്നാൽ രാത്രിയിൽ കൎത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകളെ തുറന്ന അവരെ പുറത്തുകൊണ്ടുവന്നു:

൨൰ നിങ്ങൾ പോയി ദൈവാലയത്തിൽനിന്നുകൊണ്ടു ഈ ജീവന്റെ മൊഴികൾ എല്ലാം ജനത്തോടു സംസാരിപ്പിൻ എന്ന പറഞ്ഞു.

൨൰൧ അവർ കേട്ടു, പുലൎച്ചെക്ക ദൈവാലയത്തിൽ കടന്ന ഉപദേശിച്ചുകൊണ്ടിരുന്നു; മഹാപുരോഹിതനും കൂടെയുള്ളവരും വന്നു: ന്യായാധിപസംഘത്തെയും ഇസ്രയേൽപുത്രന്മാരുടെ മൂപ്പന്മാരെയും എല്ലാം വിളിച്ചു കൂട്ടി, അവരെ കൊണ്ടുവരുവാൻ തടവിലേക്ക ആളയച്ചു.

൨൰൨ ചേവകർ ചെന്നപ്പോൾ അവരെ കാരാഗൃഹത്തിൽ കാണാതെ മടങ്ങി വന്നു:

൨൰൩ കാരാഗൃഹം നല്ല സൂക്ഷ്മത്തോടെ പൂട്ടിയിരിക്കുന്നതും കാവല്ക്കാർ വാതിലുകൾക്ക മുമ്പാകെ നില്ക്കുന്നതും ഞങ്ങൾ കണ്ടു; തുറന്നപ്പോഴോ അകത്തു ആരെയും കണ്ടില്ല എന്ന അറിയിച്ചു.

൨൰൪ ഈ വാക്കുകൾ ദൈവാലയത്തിലെ പടനായകനും മഹാപുരോഹിതന്മാരും കേട്ടാറെ ഇതു എന്തായി തീരും എന്ന അവരെ കുറിച്ചു ചഞ്ചലിച്ചു.

൨൰൫ അപ്പോൾ ഒരുത്തൻ വന്നു: നിങ്ങൾ തടവിൽ ആക്കിയ പുരുഷന്മാർ അതാ, ദൈവാലയത്തിൽനിന്നുകൊണ്ടു ജനത്തിന്ന ഉപദേശിക്കുന്നു എന്ന അവരോടു ബോധിപ്പിച്ചു.

൨൰൬ അപ്പോൾ പടനായകൻ ചേവകരുമായി ചെന്നു, ജനങ്ങൾ കല്ലെറിയും എന്ന ഭയപ്പെടുകയാൽ ബലാല്ക്കാരം കൂടാതെ അവരെ കൂട്ടിക്കൊണ്ടു വന്നു.

൨൰൭ പിന്നെ അവരെ കൊണ്ടുവന്നു ന്യായാധിപസംഘത്തിന്മുമ്പാകെ നിറുത്തിയാറെ മഹാപുരോഹിതൻ അവരോടു ചോദിച്ചു:

൨൰൮ ഈ നാമത്തിൽ ഇനി ഉപദേശിക്കരുതു എന്ന ഞങ്ങൾ നിങ്ങളോടു അമൎച്ചയായി കല്പിച്ചുവല്ലോ; നിങ്ങളോ ഇതാ, യരുശലേമിനെ നിങ്ങളുടെ ഉപദേശംകൊണ്ടു നിറച്ചിരിക്കുന്നു; ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നു എന്ന പറഞ്ഞു.

൨൰൯ എന്നാൽ പത്രൊസും ശേഷം അപ്പൊസ്തലന്മാരും ഉത്തരം പറഞ്ഞതു: മനു

ഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേ
ണ്ടതാകുന്നു.
൩൰ നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന
യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ
ദൈവം ഉയിൎപ്പിച്ചു.
൩൧ ഇസ്രയേലിന്നു മാനസാന്തരവും
പാപമോചനവും നല്കുവാനായിട്ടു അവ
നെ പ്രഭുവായും രക്ഷിതാവായും ദൈവം
തന്റെ വലത്തുകൈയ്യാൽ ഉയൎത്തിയിരി
ക്കുന്നു.
൩൨ ഈ വസ്തുതകൾക്കു ഞങ്ങളും ദൈ
വം തന്നെ അനുസരിക്കുന്നവൎക്കു നല്കിയ
പരിശുദ്ധാത്മാവും സാക്ഷികൾ ആകു
ന്നു.
൩൩ ¶ ഇതു കേട്ടപ്പോൾ അവർ ഉ
ള്ളം മുറിഞ്ഞു അവരെ ഒടുക്കിക്കളവാൻ
ഭാവിച്ചു.
൩൪ അപ്പോൾ എല്ലാ ജനത്തിന്നും
ബഹുമാനമുള്ള ധൎമ്മോപദേഷ്ടാവായ ഗ
മാലിയേൽ എന്നൊരു പരീശൻ ന്യായാ
ധിപസംഘത്തിൽ എഴനീറ്റു, ആ മനു
ഷ്യരെ തെല്ലുനേരം പുറത്താക്കുവാൻ ക
ല്പിച്ചു.
൩൫ പിന്നെ അവൻ അവരോടു: ഇ
സ്രയേൽ പുരുഷന്മാരേ, ഈ മനുഷ്യരുടെ
കാൎയ്യത്തിൽ നിങ്ങൾ എന്തു ചെയ്വാൻ
പോകുന്നു എന്നു സൂക്ഷിച്ചുകൊൾവിൻ.
൩൬ എന്തുകൊണ്ടെന്നാൽ ഈ നാളു
കൾക്കു മുമ്പേ തൂദാസ് എന്നവൻ എഴ
നീറ്റു, താൻ ആരോ ഒരുവൻ ആകുന്നു
എന്നു നടിച്ചു, ഏകദേശം നാനൂറു പുരു
ഷന്മാർ അവനോടു ചേൎന്നു കൂടി; എങ്കി
ലും അവൻ കൊല്ലപ്പെട്ടു, അവനെ അ
നുസരിച്ചവർ എല്ലാവരും ചിന്നി ഒന്നുമി
ല്ലാതാകയും ചെയ്തു.
൩൭ അതിന്റെ ശേഷം ഗലീലക്കാര
നായ യൂദാ ചാൎത്തലിന്റെ നാളുകളിൽ
എഴനീറ്റു തന്റെ പിന്നാലെ ജനങ്ങ
ളെ കൂട്ടി; അവനും നശിച്ചു, അവനെ
അനുസരിച്ചവർ ഒക്കെയും ചിതറി
പ്പോയി.
൩൮ എന്നാൽ ഇപ്പോൾ ഞാൻ നിങ്ങ
ളോടു പറയുന്നതു: ഈ മനുഷ്യരിൽനി
ന്നു അകന്നു അവരെ ഒഴിഞ്ഞുകൊൾവി
ൻ; എന്തുകൊണ്ടെന്നാൽ ഈ ആലോച
നയോ ഈ പ്രവൃത്തിയോ മനുഷ്യരിൽനി
ന്നു എന്നു വരികിൽ നശിച്ചുപോകും;
൩൯ ദൈവത്തിൽനിന്നു എങ്കിലോ
നിങ്ങൾക്കു അവരെ നശിപ്പിപ്പാൻ കഴി
കയില്ല; ദൈവത്തോടു പോരാടുന്നവ
രായി കാണപ്പെടരുതല്ലോ എന്നു പറ
ഞ്ഞു.
൪൰ എന്നാറെ അവർ അവനെ അ
നുസരിച്ചു; പിന്നെ അപ്പൊസ്തലന്മാരെ
വരുത്തി അടിപ്പിച്ചു: ഇനി യേശുവി
ന്റെ നാമത്തിൽ സംസാരിക്കരുതു എന്നു
കല്പിച്ചു അവരെ വിട്ടയക്കയും ചെയ്തു.
൪൧ എന്നാൽ തങ്ങൾ തിരുനാമത്തി
ന്നു വേണ്ടി അപമാനം സഹിപ്പാൻ യോ
ഗ്യരായി എണ്ണപ്പെടുകയാൽ സന്തോഷി
ച്ചുകൊണ്ടു അവർ ന്യായാധിപസംഘ
ത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടുപോ
യി.
൪൨ പിന്നെ അവർ ദിനമ്പ്രതി ദൈ
വാലയത്തിലും വീടുതോറും വിടാതെ ഉ
പദേശിക്കയും യേശുവിനെ ക്രിസ്തു എന്നു
സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു.

൬ാം അദ്ധ്യായം.

ആ നാളുകളിൽ ശിഷ്യന്മാർ പെരുകു
മ്പോൾ യവനഭാഷക്കാർ തങ്ങളുടെ വി
ധവമാരെ ദിനമ്പ്രതിയുള്ള ശുശ്രൂഷയിൽ
ഉപേക്ഷയായി വിചാരിച്ചു എന്നു എബ്രാ
യരുടെ നേരെ ഒരു പിറുപിറുപ്പു ഉ
ണ്ടായി.
൨ എന്നാറെ പന്തിരുവർ ശിഷ്യന്മാരു
ടെ കൂട്ടത്തെ വിളിച്ചു വരുത്തി പറഞ്ഞ
തു: ഞങ്ങൾ ദൈവവചനം വിട്ടുംകളഞ്ഞു
മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോ
ഗ്യമല്ല.
൩ ആകയാൽ സഹോദരന്മാരേ, ആ
ത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യം
കൊണ്ടവരായ ഏഴു പുരുഷന്മാരെ നിങ്ങ
ളിൽ തന്നേ തിരഞ്ഞുകൊൾവിൻ; അവ
രെ ഈ വേലെക്കു ആക്കാം.
൪ ഞങ്ങളോ പ്രാൎത്ഥനയിലും വചന
ശുശ്രൂഷയിലും ഉററിരിക്കും.

൫ ഈ വചനം കൂട്ടത്തിന്നു ഒക്കെയും പ്രസാദമായി, വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തേഫാനൊസിനെയും ഫിലിപ്പൊസിനെയും പ്രൊക്കൊരൊസിനെയും നിക്കാനോരിനെയും തിമോനെയും പാൎമ്മനാസിനെയും യഹൂദമതാനുസാരിയായ അന്ത്യോക്യക്കാരൻ നിക്കൊലാസിനെയും തെരിഞ്ഞെടുത്തു.

൬ അവരെ അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; ഇവർ പ്രാൎത്ഥിച്ചിട്ടു അവരുടെമേൽ കൈകളെ വെക്കയും ചെയ്തു.

൭ ¶ ദൈവവചനം വൎദ്ധിച്ചു, യരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏററവും പെരുകി, പുരോഹിതന്മാരിൽനിന്നു വലിയോരു കൂട്ടവും വിശ്വാസത്തിന്നു കീഴ്പെട്ടു.

൮ ¶ അനന്തരം സ്തേഫാനൊസ് കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു.

൯ ലിബൎത്തീനരുടേതു എന്നു പറയുന്ന പള്ളിയിൽനിന്നും കുറേനക്കാരിലും അലെക്സന്ത്രിയക്കാരിലും കിലിക്യ ആസ്യ എന്ന ദേശക്കാരിലും ചിലർ എഴുനീററു, സ്തേഫാനൊസിനോടു തൎക്കിച്ചു.

൧൦ എന്നാൽ അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിൎത്തുനില്പാൻ അവൎക്കു കഴിഞ്ഞില്ല.

൧൧ അപ്പോൾ അവർ ചില പുരുഷന്മാരെ വശത്താക്കി: ഇവൻ മോശെക്കും ദൈവത്തിന്നും വിരോധമായി ദൂഷണവാക്കുകൾ പറയുന്നതു ഞങ്ങൾ കേട്ടു എന്നു പറയിച്ചു,

൧൨ അത്രയുമല്ല അവർ ജനങ്ങളെയും മൂപ്പന്മാരെയും ശാസ്ത്രികളെയും ഇളക്കി; അവന്റെനേരെ വന്നു അവനെ പിടിച്ചു ന്യായാധിപസംഘത്തിലേക്കു കൊണ്ടുപോയി,

൧൩ കള്ളസ്സാക്ഷികളെ നിറുത്തി: ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തിന്നും ന്യായപ്രമാണത്തിന്നും എതിരായുള്ള വാക്കുകളെ വിടാതെ സംസാരിച്ചു വരുന്നു.

൧൪ എന്തുകൊണ്ടെന്നാൽ ആ നസറായനായ യേശു ഈ സ്ഥലം നശിപ്പിച്ചു മോശെ നമുക്കു ഏല്പിച്ച മൎയ്യാദകളെ മാററിക്കളയും എന്നു അവൻ പറയുന്നതു ഞങ്ങൾ കേട്ടു എന്നു പറയിച്ചു.

൧൫ എന്നാറെ ന്യായാധിപസംഘത്തിൽ ഇരുന്നവർ എല്ലാവരും അവനെ ഉററുനോക്കി, അവന്റെ മുഖം ഒരു ദൂതന്റെ മുഖം പോലെ കണ്ടു.

൭ാം അദ്ധ്യായം.

എന്നാൽ മഹാപുരോഹിതൻ: ഇവ ഉള്ളതു തന്നേയോ എന്നു ചോദിച്ചു.

൨ ¶ എന്നാറെ അവൻ പറഞ്ഞതു: സഹോദരന്മാരും പിതാക്കളുമായ പുരുഷന്മാരേ, കേൾപ്പിൻ. നമ്മുടെ പിതാവായ അബ്രഹാം ഹാറാനിൽ കുടിയേറും മുമ്പേ മെസൊപ്പൊത്താമ്യയിൽ ഇരിക്കുമ്പോൾ തന്നേ മഹത്വത്തിന്റെ ദൈവം അവന്നു പ്രത്യക്ഷനായി:

൩ നിന്റെ ദേശത്തെയും നിന്റെ ചാൎച്ചക്കാരെയും വിട്ടു പുറപ്പെട്ടു ഞാൻ നിനക്കു കാണിക്കുന്ന നാട്ടിലേക്കു ചെല്ലുക എന്നു പറഞ്ഞു.

൪ അപ്പോൾ അവൻ കല്ദായരുടെ ദേശം വിട്ടു പുറപ്പെട്ടു ഹാറാനിൽ കുടിയേറി; അവന്റെ അപ്പൻ മരിച്ചപ്പോൾ അവിടെനിന്നു നിങ്ങൾ ഇപ്പോൾ കുടിയിരിക്കുന്ന ഈ ദേശത്തിലേക്കു അവനെ കൊണ്ടുവന്നു പാൎപ്പിച്ചു.

൫ അവന്നു അതിൽ ഒരു കാലടി നിലംപോലും അവകാശം കൊടുത്തില്ല; എങ്കിലും അവന്നു സന്തതിയില്ലാതിരിക്കേ അവന്നും അവന്റെ ശേഷം അവന്റെ സന്തതിക്കും അതിനെ അനുഭവമായി നല്കുമെന്നു അവനോടു വാഗ്ദത്തം ചെയ്തു.

൬ എന്നാൽ ദൈവം ഇപ്രകാരം പറഞ്ഞു: അവന്റെ സന്തതി അന്യദേശത്തിൽ കുടിയിരിക്കും; അവർ അവരെ അടിമയാക്കി നാനൂറു വൎഷം ദണ്ഡിപ്പിക്കും.

൭ അവർ അടിമപ്പെടുന്ന ജാതിയെ ഞാൻ ന്യായം വിധിക്കും; അതിന്റെശേഷം അവർ പുറപ്പെട്ടു വന്നു ഈ സ്ഥല

ത്തു എന്നെ സേവിക്കും എന്നു ദൈവം അരുളിച്ചെയ്തു.

൮ പിന്നെ അവന്നു പരിച്ഛേദനയെന്ന നിയമം കൊടുത്തു; അങ്ങിനെ അവൻ ഇസ്സാക്കിനെ ജനിപ്പിച്ചു, എട്ടാം നാൾ പരിച്ഛേദന ചെയ്തു. ഇസ്സാക്ക് യാക്കോബിനെയും യാക്കോബ് പന്ത്രണ്ടു ഗോത്രപിതാക്കന്മാരെയും ജനിപ്പിച്ചു.

൯ ഗോത്രപിതാക്കന്മാർ യോസേഫിന്റെ നേരെ അസൂയപ്പെട്ടു അവനെ മിസ്രയിമിലേക്കു വിറ്റുകളഞ്ഞു.

൧൦ എന്നാൽ ദൈവം അവനോടുകൂടെ ഇരുന്നു സകല സങ്കടങ്ങളിൽനിന്നും അവനെ വിടുവിച്ചു മിസ്രയിംരാജാവായ ഫറവോന്റെ മുമ്പാകെ അവന്നു കൃപയും ജ്ഞാനവും കൊടുത്തു: ഇവൻ അവനെ മിസ്രയിമിന്നും തന്റെ സകല ഭവനത്തിന്നും അധിപതിയാക്കി വെച്ചു.

൧൧ മിസ്രയിംദേശത്തിലും കനാനിലും ഒക്കെ ക്ഷാമവും മഹാഞെരുക്കവും വന്നാറെ നമ്മുടെ പിതാക്കന്മാർക്കു ആഹാരം കിട്ടാതെയായി.

൧൨ മിസ്രയീമിൽ ധാന്യം ഉണ്ടു എന്നു യാക്കോബ് കേട്ടിട്ടു നമ്മുടെ പിതാക്കന്മാരെ ഒന്നാംപ്രാവശ്യം അയച്ചു.

൧൩ രണ്ടാം പ്രാവശ്യം യോസേഫ് തന്റെ സഹോദരന്മാർക്കു തന്നെത്താൻ അറിയിച്ചു. യോസേഫിന്റെ വംശം ഫറവോന്നു വെളിവാകയും ചെയ്തു.

൧൪ അപ്പോൾ യോസേഫ് ആളയച്ചു, തന്റെ പിതാവായ യാക്കോബും കുഡുംബം ഒക്കെയും ആകെ എഴുപത്തഞ്ചു ദേഹികളെയും വരുത്തി.

൧൫ യാക്കോബ് മിസ്രയീമിലേക്കു ഇറങ്ങിപ്പോയി; അവനും നമ്മുടെ പിതാക്കന്മാരും മരിച്ചു,

൧൬ ശികെമിലേക്കു കൊണ്ടുവരപ്പെട്ടു; ശികെമിൽ എമ്മോറിന്റെ മക്കളോടു അബ്രഹാം വിലകൊടുത്തു വാങ്ങിയ കല്ലറയിൽ വെക്കപ്പെടുകയും ചെയ്തു.

൧൭ ദൈവം അബ്രഹാമിനോടു അരുളിച്ചെയ്തു വാഗ്ദത്തകാലം അടുത്തുവന്നപ്പോൾ ജനം മിസ്രയീമിൽ വർദ്ധിച്ചു.

൧൮ യോസേഫിനെ അറിയാത്ത വേറൊരു രാജാവു മിസ്രയീമിന്മേൽ ഉണ്ടായതുവരെ പെരുകി വന്നു.

൧൯ അവൻ നമ്മുടെ വംശത്തോടു കൌശലം പ്രയോഗിച്ചു നമ്മുടെ പിതാക്കന്മാരെ ബാധിപ്പിച്ചു, അവരുടെ ശിശുക്കൾ ജീവനോടെ ഇരിക്കാതവണ്ണം അവരെ പുറത്തിട്ടുകളയുമാറാക്കി.

൨൦ ആ സമയത്തിൽ മോശെ ജനിച്ചു, ദിവ്യസുന്ദരനായിരുന്നു; അവനെ മൂന്നു മാസം അപ്പന്റെ വീട്ടിൽ പോററി.

൨൧ പിന്നെ അവനെ പുറത്തിട്ടപ്പോൾ ഫറവോന്റെ പുത്രി അവനെ എടുത്തു തനിക്കു മകനായിട്ടു വളർത്തി.

൨൨ മോശെ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു തന്റെ വാക്കുകളിലും പ്രവൃത്തികളിലും സമർത്ഥനായി തീർന്നു.

൨൩ അവന്നു നാല്പതു വയസ്സു തികയാറായപ്പോൾ ഇസ്രയേൽ പുത്രന്മാരാകുന്ന തന്റെ സഹോദരന്മാരെ ചെന്നു കാണേണം എന്നു തന്റെ ഹൃദയത്തിൽ തോന്നി.

൨൪ എന്നാൽ ഒരുത്തൻ അന്യായം ഏല്ക്കുന്നതു കണ്ടപ്പോൾ അവന്നു തുണനിന്നു, മിസ്രയീമ്യനെ അടിച്ചുകൊന്നു, പീഡിതന്നു വേണ്ടി പ്രതിക്രിയ ചെയ്തു.

൨൫ ദൈവം അവന്റെ കൈകൊണ്ടു തങ്ങൾക്കു രക്ഷ നല്കും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു അവൻ നിരൂപിച്ചു; എങ്കിലും അവർ ഗ്രഹിച്ചില്ല.

൨൬ പിറേറ ദിവസം അവർ കലഹിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ അവർക്കു തന്നെത്താൻ കാണിച്ചു: പുരുഷന്മാരേ, നിങ്ങൾ സഹോദരന്മാരല്ലോ, തമ്മിൽ തമ്മിൽ അന്യായം ചെയ്യുന്നതു എന്തു എന്നു പറഞ്ഞു അവരെ സമാധാനപ്പെടുത്തുവാൻ നോക്കി.

൨൭ എന്നാൽ അയല്ക്കാരനോടു അന്യായം ചെയ്യുന്നവൻ അവനെ ഉന്തിക്കളഞ്ഞു: നിന്നെ ഞങ്ങളുടെ മേൽ അധികാരിയും ന്യായകർത്താവും ആക്കിയതു ആർ?

൨൮ ഇന്നലേ മിസ്രയിമ്യനെ കൊന്ന
തുപോലെ എന്നെയും കൊല്ലുവാൻ ഭാവി
ക്കുന്നുവോ എന്നു പറഞ്ഞു.

൨൯ ഈ വാക്കിങ്കൽ മോശെ ഓടി
പ്പോയി മിദിയാൻദേശത്തു പ്രവാസിയാ
യി പാൎത്തു, അവിടെ രണ്ടു പുത്രന്മാരെ
ജനിപ്പിച്ചു.

൩൦ നാല്പതാണ്ടു തികഞ്ഞശേഷം സീ
നായ്മലയുടെ മരുഭൂമിയിൽ ഒരു ദൂതൻ മു
ൾപടൎപ്പിൽ ഉണ്ടായ അഗ്നിജ്വാലയിൽ
അവന്നു പ്രത്യക്ഷനായി.

൩൧ മോശെ ആ ദൎശനത്തെ കണ്ടു
ആശ്ചൎയ്യപ്പെട്ടു, സൂക്ഷിച്ചുനോക്കുവാൻ അ
ടുത്തു ചെല്ലുമ്പോൾ കൎത്താവിന്റെ ശബ്ദം
ഉണ്ടായതു:

൩൨ ഞാൻ നിന്റെ പിതാക്കന്മാരുടെ
ദൈവമായി, അബ്രഹാമിന്റെയും ഇസ്ഹാ
ക്കിന്റെയും യാക്കോബിന്റെയും ദൈവം
ആകുന്നു. എന്നാൽ മോശെ വിറച്ചിട്ടു
നോക്കുവാൻ തുനിഞ്ഞില്ല.

൩൩ കൎത്താവു അവനോടു: നീ നി
ല്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ നി
ന്റെ കാലുകളിൽനിന്നു ചെരിപ്പു ഊരി
ക്കളക.

൩൪ മിസ്രയീമിൽ എന്റെ ജനത്തി
ന്റെ കഷ്ടപ്പാടിനെ ഞാൻ കണ്ടു, കണ്ടു,
അവരുടെ ഞരക്കവും കേട്ടു, അവരെ വി
ടുവിപ്പാൻ ഇറങ്ങിവന്നിരിക്കുന്നു; ഇപ്പോ
ൾ വരിക, നിന്നെ മിസ്രയീമിലേക്കു അ
യക്കട്ടെ എന്നു പറഞ്ഞു.

൩൫ നിന്നെ അധികാരിയും ന്യായ
കൎത്താവും ആക്കിയതാർ എന്നു അവർ ത
ള്ളിപ്പറഞ്ഞ ഈ മോശെയെ ദൈവം മുൾ
പടൎപ്പിൽ പ്രത്യക്ഷനായ ദൂതന്റെ കൈ
യ്യാൽ അധികാരിയും വീണ്ടെടുപ്പുകാര
നും ആക്കി അയച്ചു.

൩൬ ഇവൻ മിസ്രയീമിലും ചെങ്കടലി
ലും നാല്പതു സംവത്സരം മരുഭൂമിയിലും
അതിശയങ്ങളും അടയാളങ്ങളും ചെയ്തു
കൊണ്ടു അവരെ നടത്തിക്കൊണ്ടുവന്നു.

൩൭ ദൈവം നിങ്ങളുടെ സഹോദര
ന്മാരിൽനിന്നു എന്നെപോലെ ഒരു പ്ര
വാചകനെ നിങ്ങൾക്കു എഴുനീല്പിക്കും എ
ന്നു ഇസ്രയേൽ പുത്രന്മാരോടു പറഞ്ഞ
മോശെ ഇവൻ തന്നേ.

൩൮ സീനായ്മലയിൽ തന്നോടു സം
സാരിച്ച ദൂതനോടും നമ്മുടെ പിതാക്ക
ന്മാരോടും കൂടെ മരുഭൂമിയിലെ സഭയിൽ
ഇരുന്നവനും നമുക്കു തരുവാനായിട്ടു ജീ
വനുള്ള അരുളപ്പാടുകൾ ലഭിച്ചവനും ഇ
വൻ തന്നേ.

൩൯ നമ്മുടെ പിതാക്കന്മാർ അവന്നു
കീഴ്പെടുവാൻ മനസ്സില്ലാതെ അവനെ ത
ള്ളിക്കളഞ്ഞു ഹൃദയംകൊണ്ടു മിസ്രയീമിലേ
ക്കു പിന്തിരിഞ്ഞു.

൪൦ അഹറോനോടു: ഞങ്ങളുടെ മുമ്പി
ൽ നടപ്പാൻ ദൈവങ്ങളെ ഉണ്ടാക്കി തരി
ക; ഞങ്ങളെ മിസ്രയീമിൽനിന്നു നടത്തി
ക്കൊണ്ടുവന്ന ആ മോശെക്കു എന്തു സം
ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എ
ന്നു പറഞ്ഞു.

൪൧ ആ നാളുകളിൽ അവർ ഒരു
കാളക്കുട്ടിയെ ഉണ്ടാക്കി, ആ ബിംബത്തി
ന്നു ബലി കഴിച്ചു തങ്ങളുടെ കൈകളു
ടെ ക്രിയകളിൽ ഉല്ലസിച്ചുകൊണ്ടിരുന്നു.

൪൨ എന്നാൽ ദൈവം പിന്തിരിഞ്ഞു,
ആകാശത്തിലേ സൈന്യത്തെ ആരാധി
പ്പാൻ അവരെ കൈവിട്ടു. ഇസ്രയേൽഭവ
നക്കാരേ, നിങ്ങൾ നാല്പതാണ്ടു മരുഭൂമി
യിൽ വെച്ചു എനിക്കു മൃഗബലികളും വ
ഴിപാടുകളും കഴിച്ചിട്ടുണ്ടോ?

൪൩ നിങ്ങൾ കുമ്പിടുവാൻ ഉണ്ടാക്കി
യ സ്വരൂപങ്ങളായ മൊലോക്കിന്റെ കൂ
ടാരവും രേഫാൻ ദേവന്റെ നക്ഷത്രവും
നിങ്ങൾ എടുത്തു നടന്നുവല്ലോ; എന്നാ
ൽ ഞാൻ ബാബിലോന്നപ്പുറത്തു നിങ്ങ
ളെ കുടിനീക്കും എന്നു പ്രവാചകന്മാരു
ടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നപ്ര
കാരം തന്നേ.

൪൪ നീ കണ്ട മാതിരിക്കൊത്തവണ്ണം
അതിനെ തീൎക്കേണം എന്നു മോശെയോടു
പറഞ്ഞവൻ നിയോഗിച്ചപ്രകാരം ത
ന്നേ നമ്മുടെ പിതാക്കന്മാൎക്കു മരുഭൂമിയി
ൽ സാക്ഷ്യകൂടാരം ഉണ്ടായിരുന്നു.

൪൫ അതിനെ നമ്മുടെ പിതാക്കന്മാർ
പരമ്പരയായി പ്രാപിച്ചു ദൈവം നമ്മു
ടെ പിതാക്കന്മാരുടെ മുമ്പിൽനിന്നു നീക്കി

കളഞ്ഞ ജാതികളുടെ അവകാശത്തിലേക്ക യോശുവയോടു കൂടെ കൊണ്ടുവന്നു ദാവീദിന്റെ നാളുകൾ വരേ വെച്ചിരുന്നു.

൪൬ അവൻ ദൈവത്തിന്റെ മുമ്പാകേ കൃപ ലഭിച്ചു, യാക്കോബിന്റെ ദൈവത്തിന്ന ഒരു വാസസ്ഥലം കണ്ടെത്തേണം എന്ന അപേക്ഷിച്ചു.

൪൭ എന്നാൽ ശലോമോൻ അവന്ന ഭവനം പണിതു.

൪൮ അത്യുന്നതൻ കൈപ്പണിയായുള്ളവയിൽ വസിക്കുന്നില്ല താനും,

൪൯ സ്വൎഗ്ഗം എനിക്ക സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്ക ഏതുപ്രകാരമുള്ള ഭവനം പണിയും? അല്ലെങ്കിൽ എന്റെ വിശ്രാമസ്ഥലം ഏതു?

൫൦ ഇതൊക്കെയും എന്റെ കൈയ്യല്ലയോ ഉണ്ടാക്കിയതു എന്ന കൎത്താവു പറയുന്നു എന്ന പ്രവാചകൻ പറഞ്ഞപ്രകാരം തന്നേ.

൫൧ ¶ കഠിനകഴുത്തുകാരും ഹൃദയങ്ങൾക്കും ചെവികൾക്കും പരിഛേദന ഇല്ലാത്തവരുമായുള്ളോരേ, നിങ്ങൾ എല്ലായ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നില്ക്കുന്നു; നിങ്ങളുടെ പിതാക്കന്മാര പോലെ തന്നേ നിങ്ങളും.

൫൨ പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നിട്ടുള്ളു? നീതിമാനായവന്റെ വരവിനെ കുറിച്ചു മുൻ അറിയിച്ചവരെ അവർ കൊന്നു.

൫൩ അവന്നു നിങ്ങൾ ഇപ്പോൾ ദ്രോഹികളും കുലപാതകരും ആയി തീൎന്നു; നിങ്ങൾ ദൂതന്മാരുടെ നിയോഗങ്ങളാലായിട്ടു ന്യായപ്രമാണത്തെ പ്രാപിച്ചു എങ്കിലും അതിനെ കാത്തിട്ടില്ല.

൫൪ ¶ ഇവ കേട്ടപ്പോൾ അവരുടെ ഹൃദയങ്ങൾ മുറിഞ്ഞു അവർ അവന്റെ നേരേ പല്ലു കടിച്ചു.

൫൫ അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വൎഗ്ഗത്തിലേക്കു ഉറ്റുനോക്കി, ദൈവമഹത്വത്തെയും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നില്ക്കുന്നതിനെയും കണ്ടു:

൫൬ ഇതാ, സ്വൎഗ്ഗങ്ങൾ തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്ന പറഞ്ഞു.

൫൭ അപ്പോൾ അവർ മഹാശബ്ദത്തോടെ നിലവിളിച്ചു, ചെവികൾ പൊത്തിക്കൊണ്ടു ഒരുമനപ്പെട്ടു അവന്റെ നേരെ പാഞ്ഞുചെന്നു;

൫൮ അവനെ നഗരത്തിൽനിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. സാക്ഷിക്കാർ തങ്ങളുടെ വസ്ത്രങ്ങളെ ശൌൽ എന്ന പേരുള്ള ഒരു ബാല്യക്കാരന്റെ കാക്കൽ വെച്ചു.

൫൯ കൎത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്ന സ്തേഫാനൊസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു.

൬൦ അവനോ മുട്ടുകുത്തി: കൎത്താവേ, അവരുടെമേൽ ഈ പാപം നിറുത്തരുതേ എന്ന മഹാശബ്ദത്തോടെ നിലവിളിച്ചു; ഇങ്ങനെ പറഞ്ഞു നിദ്ര പ്രാപിക്കയും ചെയ്തു.

൮ാം അദ്ധ്യായം.

എന്നാൽ ശൌൽ അവന്റെ കുലയിൽ പ്രസാദിച്ചിരുന്നു.

¶ ആ നാളിൽ യരുശലേമിലേ സഭയുടെ നേരെ ഒരു വലിയ ഉപദ്രവം ഉണ്ടായി; അപ്പൊസ്തലന്മാർ ഒഴികേ എല്ലാവരും യഹൂദീയ, ശമൎയ്യ എന്ന നാടുകളിൽ ചിതറിപ്പോയി.

൨ ഭക്തിയുള്ള പുരുഷന്മാർ സ്തേഫാനൊസിനെ അടക്കം ചെയ്തു; അവനെ കുറിച്ചു വലിയ പ്രലാപം കഴിച്ചു.

൩ എന്നാൽ ശൌൽ വീടുകൾതോറും കടന്നു പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചിഴെച്ചു തടവിൽ ഏല്പിച്ചുകൊണ്ടു സഭയെ മുടിച്ചുപോന്നു.

൪ ¶ ആകയാൽ ചിതറിയവർ വചനത്തെ സുവിശേഷിച്ചുംകൊണ്ടു അവിടവിടെ സഞ്ചരിച്ചു.

൫ എന്നാൽ ഫിലിപ്പൊസ് ശമൎയ്യപ

ട്ടണത്തിൽ ചെന്നു ക്രിസ്തുവിനെ അവ
രോടു പ്രസംഗിച്ചു.
൬ ഫിലിപ്പൊസ് ചെയ്തു അടയാള
ങ്ങളെ പുരുഷാരങ്ങൾ കേൾക്കയും കാണ്ക
യും ചെയ്കയാൽ അവൻ പറയുന്നവയെ
ഏകമനസ്സോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.
൭ എന്തുകൊണ്ടെന്നാൽ അശുദ്ധാത്മാ
ക്കൾ ബാധിച്ച പലരിൽനിന്നു അവ മ
ഹാ ശബ്ദത്തോടെ നിലവിളിച്ചുംകൊണ്ടു
പുറപ്പെട്ടു; അനേകം പക്ഷവാതക്കാരും
മുടന്തരും സൌഖ്യം പ്രാപിച്ചു.
൮ ആ പട്ടണത്തിൽ വളരെ സന്തോ
ഷം ഉണ്ടാകയുംചെയ്തു.
൯ ¶ എന്നാൽ ശിമോൻ എന്നു പേ
രുള്ളോരു പുരുഷൻ ആ പട്ടണത്തിൽ
ആഭിചാരം ചെയ്തു, താൻ ആരോ ഒരു വ
ലിയവൻ എന്നു പറഞ്ഞു ശമൎയ്യജാതിയെ
ഭ്രമിപ്പിച്ചുകൊണ്ടിരുന്നു.
൰ ഇവൻ മഹതി എന്നു വിളിക്കപ്പെ
ട്ടു ദൈവശക്തി ആകുന്നു എന്നും പറഞ്ഞു
ആബാലവൃദ്ധം എല്ലാവരും അവനെ ശ്ര
ദ്ധിച്ചുവന്നു.
൰൧ അവൻ ആഭിചാരങ്ങൾകൊണ്ടു
ഏറിയ കാലം അവരെ ഭ്രമിപ്പിക്കയാൽ
അത്രേ അവർ അവനെ ശ്രദ്ധിച്ചതു.
൰൨ എന്നാൽ ദൈവരാജ്യവും യേശു
ക്രിസ്തുവിൻെറ നാമവും സംബന്ധിച്ചവ
സുവിശേഷിക്കുന്ന ഫിലിപ്പൊസിനെ അ
വർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും
സ്ത്രീകളും സ്നാനപ്പെട്ടു.
൰൩ ശിമോൻ താനും വിശ്വസിച്ചു
സ്നാനപ്പെട്ടുകൊണ്ടു ഫിലിപ്പൊസിനോടു
ചേൎന്നു നിന്നു, വലിയ ശക്തികളും അട
യാളങ്ങളും സംഭവിക്കുന്നതു കണ്ടു ഭ്ര
മിച്ചു.
൰൪ ¶ അനന്തരം യരുശലേമിലുള്ള
അപ്പൊസ്തലന്മാർ, ശമൎയ്യ ദൈവവചന
ത്തെ കൈക്കൊണ്ടപ്രകാരം കേട്ടാറെ,
പത്രൊസിനെയും യോഹന്നാനെയും അ
വരുടെ അടുക്കൽ അയച്ചു.
൰൫ അവർ ഇറങ്ങിച്ചെന്നു, അവൎക്കു
പരിശുദ്ധാത്മാവു ലഭിക്കേണ്ടതിന്നു അ
വൎക്കായി പ്രാൎത്ഥിച്ചു.

൰൬ എന്തുകൊണ്ടെന്നാൽ അതുവരെ
അവരിൽ ആരുടെമേലും ആത്മാവു
വീണിരുന്നില്ല, അവർ കൎത്താവായ യേ
ശുവിൻെറ നാമത്തിൽ സ്നാനപ്പെട്ടിരുന്ന
തേയുള്ളു.
൰൭ അപ്പോൾ അവർ അവരുടെമേ
ൽ കൈകളെ വെച്ചു, അവൎക്കു പരിശു
ദ്ധാത്മാവു ലഭിക്കയും ചെയ്തു.
൰൮ എന്നാൽ അപ്പൊസ്തലന്മാരുടെ
കൈവെപ്പു മൂലം പരിശുദ്ധാത്മാവു നല്ക
പ്പെട്ടതു ശിമോൻ കണ്ടാറെ അവൎക്കു ദ്ര
വ്യം കൊണ്ടുവന്നു:
൰൯ ഞാൻ ആരുടെമേൽ എങ്കിലും
കൈകളെ വെച്ചാൽ അവന്നു പരിശു
ദ്ധാത്മാവു കിട്ടേണ്ടതിന്നു നിങ്ങൾ ഈ
അധികാരം എനിക്കും തരേണം എന്നു പ
റഞ്ഞു.
൨൰ എന്നാൽ പത്രൊസ് അവനോടു
പറഞ്ഞതു: ദൈവത്തിൻെറ ദാനം ദ്രവ്യം
കൊണ്ടു വാങ്ങിക്കൊള്ളാം എന്നു നീ നിരൂ
പിക്കകൊണ്ടു നിൻെറ പണം നിന്നോടു
കൂടെ നശിച്ചുപോകട്ടെ.
൨൰൧ നിൻെറ ഹൃദയം ദൈവത്തിൻെറ
മുമ്പാകേ നേരുള്ളതല്ലായ്കകൊണ്ടു ഈ കാ
ൎയ്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല.
൨൰൨ ആകയാൽ നിൻെറ ഈ വഷള
ത്വത്തിൽനിന്നു മാനസാന്തരപ്പെട്ടു ക
ൎത്താവിനോടു പ്രാൎത്ഥിക്ക; പക്ഷേ നിൻെറ
ഹൃദയത്തിലേ നിനവു ക്ഷമിക്കപ്പെട്ടുമാ
യിരിക്കും.
൨൰൩ എന്തുകൊണ്ടെന്നാൽ നീ കൈ
പ്പുള്ള പിത്തത്തിലും അനീതിയുടെ ബ
ന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു
ഞാൻ കാണുന്നു.
൨൰൪ ശിമോൻ ഉത്തരമായിട്ടു: നിങ്ങൾ
പറഞ്ഞതു ഒന്നും എനിക്കു ഭവിക്കാതിരി
പ്പാൻ കൎത്താവിനോടു എനിക്കുവേണ്ടി
പ്രാൎത്ഥിപ്പിൻ എന്നു പറഞ്ഞു.
൨൰൫ ¶ എന്നാൽ അവർ കൎത്താവി
ൻെറ വചനത്തെ സാക്ഷീകരിച്ചു സം
സാരിച്ചശേഷം യരുശലേമിലേക്കു തിരി
ച്ചുപോകയും ശമൎയ്യക്കാരുടെ അനേക
ഗ്രാമങ്ങളിൽ സുവിശേഷിക്കയും ചെയ്തു.

൨൬ ¶ അനന്തരം കൎത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു സംസാരിച്ചു പറഞ്ഞതു: നീ എഴുനീറ്റു, യരുശലേമിൽനിന്നു ഗാസെക്കു ഇറങ്ങിപോകുന്ന വഴിയിലേക്കു തെക്കോട്ടു പോക; അതു നിൎജ്ജനപ്രദേശമാകുന്നു.

൨൭ അവൻ എഴുനീറ്റു പോകയും ചെയ്തു; എന്നാറെ ഇതാ, കന്ദക്ക എന്ന ഐത്യോപ്യരാജ്ഞിയുടെ ഒരു അധിപതിയായി, അവളുടെ സകല ഭണ്ഡാരത്തിന്നും മേൽവിചാരകനായി, യരുശലേമിൽ നമസ്കരിപ്പാൻ വന്നിരുന്ന ഷണ്ഡനായ ഒരു ഐത്യോപ്യൻ

൨൮ തിരിച്ചുപോകയിൽ തന്റെ തേരിൽ ഇരുന്നുകൊണ്ടു യശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കയായിരുന്നു.

൨൯ അപ്പോൾ ആത്മാവു ഫിലിപ്പൊസിനോടു: നീ അടുത്തുചെന്നു ഈ തേരിനോടു ചേൎന്നുകൊൾക എന്നു പറഞ്ഞു.

൩൦ ഫിലിപ്പൊസ് ഓടിച്ചെല്ലുമ്പോൾ യശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു: നീ വായിക്കുന്നതു തിരിച്ചറിയുന്നുവോ എന്നു ചോദിച്ചു.

൩൧ ഒരുത്തൻ വഴിതിരിച്ചുതരാഞ്ഞാൽ അതു എനിക്കു എങ്ങനെ കഴിയും എന്നു അവൻ പറഞ്ഞു. ഫിലിപ്പൊസ് കയറിവന്നു തന്നോടുകൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു.

൩൨ അവൻ വായിച്ച തിരുവെഴുത്തുഭാഗമാവിതു: അറുക്കപ്പെടുവാനുള്ള ആടിനെപോലെ അവനെ കൊണ്ടുപോയി, രോമം കത്രിക്കുന്നവന്റെ മുമ്പാകേ മിണ്ടാത്ത കുഞ്ഞാടുപോലെ അവൻ തന്റെ വായ് തുറക്കാതിരുന്നു.

൩൩ അവന്റെ താഴ്ചയിൽ അവന്റെ ന്യായവിധി എടുക്കപ്പെട്ടു, അവന്റെ തലമുറയെ ആരു വിവരിക്കും? ഭൂമിയിൽനിന്നു അവന്റെ ജീവൻ എടുക്കപ്പെടുന്നുവല്ലോ.

൩൪ ഷണ്ഡൻ ഫിലിപ്പൊസിനോടു പറഞ്ഞു: ഞാൻ നിന്നോടു അപേക്ഷിക്കുന്നു; ഇതു പ്രവാചകൻ ആരെക്കുറിച്ചു പറയുന്നു? തന്നെ കുറിച്ചോ മറെറാരുത്തനെ കുറിച്ചോ?

൩൫ എന്നാറെ ഫിലിപ്പൊസ് തന്റെ വായ് തുറന്നു, ഈ തിരുവെഴുത്തിൽനിന്നു തുടങ്ങി അവനോടു യേശുവിനെ സുവിശേഷിച്ചു.

൩൬ അവർ ഇങ്ങനെ വഴിപോകുമ്പോൾ ഒരു വെള്ളത്തിങ്കൽ എത്തി. അപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം; ഞാൻ സ്നാനപ്പെടുന്നതിന്നു എന്തു തടങ്ങലുള്ളു എന്നു പറയുന്നു.

൩൭ [ഫിലിപ്പൊസ് പറഞ്ഞു: നീ പൂൎണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം. അവൻ ഉത്തരമായിട്ടു: യേശുക്രിസ്തു ദൈവപുത്രൻ ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു*].

൩൮ അപ്പോൾ തേർ നിറുത്തുവാൻ കല്പിച്ചു: ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനപ്പെടുത്തി.

൩൯ അവർ വെള്ളത്തിൽനിന്നു കരേറിയപ്പോൾ കൎത്താവിന്റെ ആത്മാവു ഫിലിപ്പൊസിനെ എടുത്തുകൊണ്ടുപോയി, ഷണ്ഡൻ അവനെ പിന്നെ കണ്ടതുമില്ല; അവനോ സന്തോഷിച്ചുംകൊണ്ടു തന്റെ വഴി പോകയും ചെയ്തു.

൪൦ എന്നാൽ ഫിലിപ്പൊസ് അസോത്തൊസിൽ കണ്ടെത്തപ്പെട്ടു; പിന്നെ അവൻ സഞ്ചരിച്ചു കൈസൎയ്യയിൽ എത്തുവോളം എല്ലാപട്ടണങ്ങളിലും സുവിശേഷിച്ചുപോന്നു.

൯ാം അദ്ധ്യായം.

ശൌൽ ഇപ്പോഴും കൎത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിക്കുന്നവനായി മഹാപുരോഹിതന്റെ അടുക്കൽ ചെന്നു,

൨ ദമസ്കൊസിൽ ഈ മാൎഗ്ഗക്കാരായിട്ടു പുരുഷന്മാരെയാകട്ടെ സ്ത്രീകളെയാകട്ടെ വല്ലവരെയും കണ്ടു എങ്കിൽ പിടിച്ചു ബന്ധിച്ചു യരുശലേമിലേക്കു കൊണ്ടുവരുവാന്തക്കവണ്ണം അവിടത്തെ പള്ളികൾക്കു അവനോടു പത്രങ്ങളെ ചോദിച്ചു.

* ഈ വാക്യം ഏററവും പുരാതനലിപികളിൽ കാണ്മാനില്ല

൩ അവൻ പ്രയാണം ചെയ്തു ദമസ്കൊസിന്നു സമീപിക്കുമ്പോൾ പെട്ടെന്നു ആകാശത്തിൽനിന്നു ഒരു വെളിച്ചം അവന്റെ ചുററും മിന്നി;

൪ അവൻ നിലത്തു വീണു: ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു എന്നു തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു.

൫ നീ ആരാകുന്നു കൎത്താവേ എന്നു അവൻ ചോദിച്ചു. നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ; മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമമാകുന്നു.

൬ എങ്കിലും നീ എഴുനീററു നഗരത്തിൽ ചെല്ലുക: നീ ചെയ്യേണ്ടുന്നതു അവിടെ നിന്നോടു പറയപ്പെടും എന്നു അവൻ പറഞ്ഞു.

൭ അവനോടുകൂടെ പ്രയാണം ചെയ്ത പുരുഷന്മാർ ആ ശബ്ദം കേട്ടു എങ്കിലും ആരെയും കാണാതെ മരവിച്ചു നിന്നു.

൮ ശൌൽ നിലത്തുനിന്നു എഴുനീററു കണ്ണുകളെ തുറന്നാറെ ഒന്നും കണ്ടില്ല അവർ അവനെ കൈക്കു പിടിച്ചു ദമസ്കൊസിൽ കൂട്ടിക്കൊണ്ടുപോയി.

൯ അവൻ മൂന്നു ദിവസം കണ്ണു കാണാതെയിരുന്നു, ഭക്ഷിക്കയാകട്ടെ കുടിക്കയാകട്ടെ ചെയ്തതുമില്ല.

൧൦ ¶ എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്കൊസിൽ ഉണ്ടായിരുന്നു; അവനോടു കൎത്താവു ഒരു ദൎശനത്തിൽ: അനന്യാസേ, എന്നു പറഞ്ഞു. കൎത്താവേ, ഇതാ ഞാൻ എന്നു അവൻ പറഞ്ഞു.

൧൧ കൎത്താവു അവനോടു പറഞ്ഞതു: നീ എഴുനീററു നേൎവ്വീഥി എന്ന തെരുവിലേക്കു പോയി, യൂദാവിന്റെ വീട്ടിൽ തൎസ്സസുകാരനായ ശൌൽ എന്നു പേരുള്ളവനെ അന്വേഷിക്ക; എന്തുകൊണ്ടെന്നാൽ ഇതാ, അവൻ പ്രാൎത്ഥിക്കുന്നു.

൧൨ അത്രയുമല്ല, അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെമേൽ കൈകളെ വെക്കുന്നതിനെ അവൻ കണ്ടു.

൧൩ അതിന്നു അനന്യാസ് ഉത്തരം പറഞ്ഞതു: കൎത്താവേ, ആ മനുഷ്യൻ യരുശലേമിൽ നിന്റെ വിശുദ്ധൎക്കു എത്ര തിന്മകൾ ചെയ്തു എന്നു പലരിൽനിന്നും അവനെ കുറിച്ചു ഞാൻ കേട്ടിരിക്കുന്നു.

൧൪ ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചു ബന്ധിപ്പാൻ മഹാപുരോഹിതന്മാരിൽനിന്നു അവന്നു അധികാരം ഉണ്ടു.

൧൫ കൎത്താവു അവനോടു പറഞ്ഞു: നീ പോക, ഇവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാൎക്കും ഇസ്രയേൽ പുത്രന്മാൎക്കും മുമ്പിൽ വഹിപ്പാൻ എനിക്കു തെരിഞ്ഞെടുക്കപ്പെട്ടോരു പാത്രം ആകുന്നു.

൧൬ എന്റെ നാമത്തിന്നു വേണ്ടി അവൻ എന്തെല്ലാം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവന്നു കാണിക്കും.

൧൭ എന്നാറെ അനന്യാസ് പോയി വീട്ടിലേക്കു കടന്നു അവന്റെ മേൽ കൈകളെ വെച്ചു: ശൌലേ, സഹോദരാ, നീ കാഴ്ചപ്രാപിച്ചു പരിശുദ്ധാത്മാവു നിറഞ്ഞവൻ ആകേണ്ടതിന്നു കൎത്താവു, നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു തന്നേ, എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.

൧൮ ഉടനേ അവന്റെ കണ്ണുകളിൽനിന്നു ചെതുമ്പലുകൾ പോലെ വീണു; അവൻ കാഴ്ചപ്രാപിച്ചു എഴുനീററു സ്നാനപ്പെടുകയും ആഹാരം കൈക്കൊണ്ടു ബലപ്പെടുകയും ചെയ്തു.

൧൯ ¶ പിന്നെ അവൻ ദമസ്കൊസിലുള്ള ശിഷ്യന്മാരോടുകൂടെ കുറെ ദിവസം പാൎത്തു,

൨൦ ഉടനേ അവൻ യേശുവിനെ ഇവൻ ദൈവപുത്രൻ ആകുന്നു എന്നു പള്ളികളിൽ പ്രസംഗിച്ചു.

൨൧ കേട്ടവർ എല്ലാവരും വിസ്മയിച്ചു: യരുശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവൎക്കു നാശം ചെയ്തവൻ ഇവനല്ലയോ? ഇവിടെയും അവരെ മഹാപുരോഹിതന്മാരുടെ അടുക്കലേക്കു ബന്ധിച്ചു കൊണ്ടുപോകുവാനല്ലോ അവൻ വന്നതു എന്നു പറഞ്ഞു.

൨൨ ശൌലോ മേല്ക്കുമേൽ ശക്തിപ്പെട്ടു, ഇവൻ ക്രിസ്തു ആകുന്നു എന്നു ദൃഷ്ടാന്തപ്പെടുത്തി ദമസ്കോസിൽ കുടിയിരിക്കുന്ന യഹൂദന്മാരെ കുഴക്കി.

൨൩ ¶ എന്നാൽ വളരെ നാൾ കഴിഞ്ഞപ്പോൾ യഹൂദന്മാർ അവനെ കൊല്ലുവാൻ ആലോചിച്ചു.

൨൪ ശൌലിന്നു അവരുടെ കൂട്ടുകെട്ടു മനസ്സിലായി; അവനെ കൊല്ലുവാൻ അവർ രാവും പകലും നഗരവാതില്ക്കളെയും കാത്തുനിന്നു.

൨൫ അപ്പോൾ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്തു ഒരു കൊട്ടയിലാക്കി മതിൽ വഴിയായി ഇറക്കി വിടുകയും ചെയ്തു.

൨൬ ¶ അവൻ യരുശലേമിൽ എത്തിയാറെ ശിഷ്യന്മാരോടു ചേൎന്നുകൊൾവാൻ ശ്രമിച്ചു; എന്നാൽ അവൻ ഒരു ശിഷ്യൻ എന്നു വിശ്വസിക്കാതെ എല്ലാവരും അവനെ പേടിച്ചിരുന്നു.

൨൭ എന്നാൽ ബൎന്നബാസ് അവനെ കൂട്ടി അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടുചെന്നു, അവൻ വഴിയിൽവെച്ചു കൎത്താവിനെ കണ്ടപ്രകാരവും അവൻ അവനോടു സംസാരിച്ചു എന്നും ദമസ്കോസിൽ അവൻ യേശുവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചപ്രകാരവും അവരോടു വിവരിച്ചു പറഞ്ഞു.

൨൮ പിന്നെ അവൻ യരുശലേമിൽ അവരോടു കൂടെ വരികയും പോകയും കൎത്താവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കയും ചെയ്തുകൊണ്ടിരുന്നു.

൨൯ യവനഭാഷക്കാരായ യഹൂദന്മാരോടും അവൻ സംസാരിച്ചു തൎക്കിച്ചു; എന്നാൽ അവർ അവനെ കൊല്ലുവാൻ വട്ടംകൂട്ടി.

൩൦ ആയതു സഹോദരന്മാർ അറിഞ്ഞു അവനെ കൈസൎയ്യയിലേക്കു കൂട്ടിക്കൊണ്ടുപോയി, അവിടെനിന്നു തൎസൊസിലേക്കു അയക്കയും ചെയ്തു.

൩൧ ¶ അപ്പോൾ യഹൂദ്യ, ഗലീല, ശമൎയ്യ എന്നീ നാടുകളിൽ ഒക്കെയും സഭെക്കു സമാധാനം ഉണ്ടായി, അതു ആത്മികവൎദ്ധന പ്രാപിച്ചും കൎത്താവിന്റെ ഭയത്തിലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിലും നടന്നും പെരുകിക്കൊണ്ടിരുന്നു.

൩൨ ¶ പിന്നെ പത്രൊസ് എല്ലായിടങ്ങളിലും സഞ്ചരിക്കയിൽ ലുദ്ദയിൽ പാൎക്കുന്ന വിശുദ്ധന്മാരുടെ അടുക്കലും ഇറങ്ങിച്ചെന്നു.

൩൩ അവിടെ പക്ഷവാതം പിടിച്ചു എട്ടുവൎഷമായി കിടക്കമേൽ കിടന്നിരുന്ന ഐനെയാസ് എന്നു പേരുള്ളോരു മനുഷ്യനെ അവൻ കണ്ടു

൩൪ പത്രൊസ് അവനോടു: ഐനെയാസേ, യേശുക്രിസ്തു നിന്നെ സൌഖ്യമാക്കുന്നു; എഴുനീററു നിനക്കായി നീ തന്നേ വിരിക്ക എന്നു പറഞ്ഞു; ഉടനേ അവൻ എഴുനീററു.

൩൫ ലുദ്ദയിലും ശാരോനിലും പാൎക്കുന്നവർ എല്ലാവരും അവനെ കണ്ടു കൎത്താവിങ്കലേക്കു തിരികയും ചെയ്തു.

൩൬ ¶ പേടമാൻ എന്നൎത്ഥമുള്ള തബീഥ എന്നു പേരുള്ളോരു ശിഷ്യ യോപ്പയിൽ ഉണ്ടായിരുന്നു; ഇവൾ താൻ ചെയ്തുപോന്ന സൽപ്രവൃത്തികളാലും ധൎമ്മങ്ങളാലും നിറഞ്ഞവളായിരുന്നു.

൩൭ ആ നാളുകളിൽ അവൾ രോഗം പിടിച്ചു മരിച്ചു; അവർ അവളെ കുളിപ്പിച്ചു ഒരു മാളികമുറിയിൽ കിടത്തി.

൩൮ ലുദ്ദ് യോപ്പെക്കു സമീപമാകയാൽ പത്രൊസ് അവിടെ ഉള്ളപ്രകാരം ശിഷ്യന്മാർ കേട്ടു: നീ ഞങ്ങളുടെ അടുക്കലോളം വരുവാൻ താമസിക്കരുതു എന്നു അപേക്ഷിപ്പാനായിട്ടു രണ്ടു ആളുകളെ അവന്റെ അടുക്കൽ അയച്ചു.

൩൯ പത്രൊസ് എഴുനീററു അവരോടുകൂടെ പോയി. അവൻ എത്തിയപ്പോൾ അവർ അവനെ മാളികമുറിയിൽ കൊണ്ടുപോയി; അവിടെ വിധവമാർ എല്ലാവരും കരഞ്ഞുകൊണ്ടും തബീഥ തങ്ങളോടുകൂടെ ഉള്ളപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളും കാണിച്ചുകൊണ്ടും അവന്റെ അരികെ നിന്നു.

൪൦ പത്രൊസ് അവരെ ഒക്കെയും പുറത്തിറക്കി, മുട്ടുകുത്തി പ്രാൎത്ഥിച്ചു ശവ

ത്തിൻെറ നേരെ തിരിഞ്ഞു: തബീതേ എ
ഴുനീല്ക്ക എന്നു പറഞ്ഞു; അപ്പോൾ അവ
ൾ കണ്ണു തുറന്നു പത്രൊസിനെ കണ്ടിട്ടു
എഴുനീററു ഇരുന്നു.

൪൰൧ അവൻ കൈ കൊടുത്തു അവളെ
എഴുനീല്പിച്ചു വിശുദ്ധരെയും വിധവമാ
രെയും വിളിച്ചു അവളെ ജീവനുള്ളവളാ
യി അവരുടെ മുമ്പാകെ നിറുത്തുകയും
ചെയ്തു.

൪൰൨ ഇതു യോപ്പയിൽ എങ്ങും പ്രസി
ദ്ധമായി, പലരും കൎത്താവിൽ വിശ്വസി
ച്ചു.

൪൰൩ പിന്നെ അവൻ തോല്ക്കൊല്ലനാ
യ ശിമോൻ എന്ന ഒരുത്തനോടുകൂടെ വ
ളരെ നാൾ യോപ്പയിൽ വസിക്കയും
ചെയ്തു.

൰ാം അദ്ധ്യായം.

ഇത്താലിക എന്നു പറയുന്ന പട്ടാളത്തി
ൽ ശതാധിപനായ കൊൎന്നേല്യൊസ്
എന്നു പേരുള്ളോരു പുരുഷൻ കൈ
സൎയ്യയിൽ ഉണ്ടായിരുന്നു.

൨ അവൻ ഭക്തനും തൻെറ സകല
ഗൃഹത്തോടുംകൂടെ ദൈവത്തെ ഭയപ്പെടു
ന്നവനും ജനത്തിന്നു വളരെ ധൎമ്മം കൊ
ടുത്തു എപ്പോഴും ദൈവത്തോടു പ്രാൎത്ഥിക്കു
ന്നവനും ആയിരുന്നു.

൩ അവൻ പകൽ ഏകദേശം ഒമ്പ
താംമണിനേരത്തു ഒരു ദൈവദൂതൻ ത
ൻെറ അടുക്കൽ അകത്തു വന്നു തന്നോടു:
കൊൎന്നേല്യൊസേ എന്നു പറയുന്നതു
ഒരു ദൎശനത്തിൽ സ്പഷ്ടമായി കണ്ടു.

൪ അവനെ ഉററുനോക്കി ഭയവശ
നായി: എന്താകുന്നു കൎത്താവേ എന്നു
ചോദിച്ചു. അവൻ അവനോടു പറഞ്ഞ
തു: നിൻെറ പ്രാൎത്ഥനകളും നിൻെറ ധ
ൎമ്മങ്ങളും ദൈവത്തിൻെറ മുമ്പിൽ കരേ
റിയിരിക്കുന്നു.

൫ ഇപ്പോൾ യോപ്പയിലേക്കു ആളുക
ളെ അയച്ചു, പത്രൊസ് എന്ന മറുനാമ
മുള്ള ശിമോനെ വരുത്തുക.

൬ അവൻ തോല്ക്കൊല്ലനായ ശിമോ
ൻ എന്നൊരുവനോടു കൂടെ പാൎക്കുന്നു.
ഇവൻെറ വീടു കടല്പുറത്തു ആകുന്നു.

൭ അവനോടു സംസാരിച്ച ദൂതൻ
പോയശേഷം അവൻ തൻെറ വീട്ടുവേ
ലക്കാരിൽ രണ്ടുപേരെയും തൻെറ അടു
കൽ അകമ്പടി നില്ക്കുന്നവരിൽ ദൈവഭ
ക്തിയുള്ള ഒരു പടയാളിയെയും വിളിച്ചു,

൮ അവരോടു സകലവും വിവരിച്ചു
പറഞ്ഞു, യോപ്പയിലേക്കു അയച്ചു.

൯ ¶ പിറെറന്നാൾ അവർ യാത്ര
ചെയ്തു പട്ടണത്തോടു സമീപിക്കുമ്പോൾ
പത്രൊസ് ആറാം മണിനേരത്തു പുരമേ
ൽ പ്രാൎത്ഥിപ്പാൻ കരേറി.

൰ പിന്നെ അവൻ വളരെ വിശപ്പു
ള്ളവനായി ഭക്ഷിപ്പാൻ ആഗ്രഹിച്ചു; എ
ന്നാൽ അവർ ഒരുക്കുകയിൽ അവന്നു
ഒരു വിവശത സംഭവിച്ചു.

൰൧ ആകാശം തുറന്നിരിക്കുന്നതും വ
ലിയ ഒരു തുപ്പട്ടിപോലെ നാലു കോണും
കെട്ടീട്ടു ഭൂമിയിലേക്കു ഇറക്കി വിട്ടോരു
പാത്രം വരുന്നതും അവൻ കാണുന്നു.

൰൨ അതിൽ ഭൂമിയിലെ സകലവിധ
നാല്ക്കാലികളും ഇഴജാതികളും ആകാശ
ത്തിലേ പറവകളും ഉണ്ടായിരുന്നു.

൰൩ പത്രൊസേ, എഴുനീററു അറു
ത്തു ഭക്ഷിക്ക എന്നു അവനോടു ഒരു ശ
ബ്ദം ഉണ്ടായി.

൰൪ എന്നാൽ പത്രൊസ്: പറഞ്ഞ
തു: ഒരിക്കലും വഹിയാ കൎത്താവേ, മലി
നമോ അശുദ്ധമോ ആയുള്ളതൊന്നും
ഞാൻ ഒരുനാളും ഭക്ഷിച്ചിട്ടില്ലല്ലോ.

൰൫ ആ ശബ്ദം പിന്നെയും രണ്ടാം
പ്രാവശ്യം അവനോടു: ദൈവം ശുദ്ധീക
രിച്ചതു നീ മലിനമെന്നാക്കരുതു.

൰൬ ഇതു മൂന്നു പ്രാവശ്യം ഉണ്ടായി,
ഉടനേ പാത്രം തിരികേ ആകാശത്തിലേ
ക്കു എടുത്തുകൊള്ളപ്പെട്ടു.

൰൭ ¶ ഈ കണ്ട ദൎശനം എന്തായിരി
ക്കും എന്നു പത്രൊസ് തന്നിൽ തന്നേ ച
ഞ്ചലിച്ചുകൊണ്ടിരിക്കുമ്പോൾ ഇതാ, കൊ
ൎന്നേല്യൊസ് അയച്ച പുരുഷന്മാർ ശി
മോൻെറ വീടു ചോദിച്ചുകൊണ്ടു പടി
വാതില്ക്കൽ നിന്നു.

൰൮ പത്രൊസ് എന്നു മറുനാമമുള്ള
ശിമോൻ ഇവിടെ പാൎക്കുന്നുണ്ടോ എന്നു
വിളിച്ചു ചോദിച്ചു.

൧൯ പത്രൊസ് ദൎശനത്തെ കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാവു അവനോടു: ഇതാ, മൂന്നു പുരുഷന്മാർ നിന്നെ അന്വെഷിക്കുന്നു.

൨൦ നീ എഴുനീറ്റു ഇറങ്ങിച്ചെല്ലുക; അവരെ ഞാൻ അയച്ചതാകകൊണ്ടു ഒന്നും സംശയിക്കാതെ അവരോടു കൂടെ പോക എന്നു പറഞ്ഞു.

൨൧ എന്നാറെ പത്രൊസ് ആ പുരുഷന്മാരുടെ അടുക്കൽ ഇറങ്ങിച്ചെന്നു: നിങ്ങൾ അന്വെഷിക്കുന്നവൻ ഇതാ, ഞാൻ തന്നേ; നിങ്ങൾ വന്ന സംഗതി എന്തു എന്നു ചോദിച്ചു.

൨൨ അപ്പോൾ അവർ: നീതിയും ദൈവഭയവുമുള്ള പുരുഷനും യഹൂദന്മാരുടെ സകല ജാതിയാലും നല്ല സാക്ഷ്യം കൊണ്ടവനും ആയ കൊൎന്നേല്യൊസ് എന്ന ശതാധിപനു നിന്നെ തന്റെ ഭവനത്തിൽ വരുത്തുവാനും നിന്നിൽനിന്നു മൊഴികളെ കേൾപ്പാനും ഒരു വിശുദ്ധദൂതനാൽ അരുളപ്പാടുണ്ടായി എന്നു പറഞ്ഞു.

൨൩ അപ്പോൾ അവൻ അവരെ അകത്തേക്കു വിളിച്ചു പാൎപ്പിച്ചു; പിറ്റെന്നാൾ എഴുനീറ്റു അവരോടുകൂടെ പുറപ്പെട്ടു; യോപ്പയിലേ സഹോദരന്മാർ ചിലരും അവനോടു കൂടെ പോയി.

൨൪ ¶ പിറേറ ദിവസം കൈസൎയ്യയിൽ ചെന്നു; അവിടെ കൊൎന്നേല്യൊസ് തന്റെ ചാൎച്ചക്കാരെയും വേണ്ടപ്പെട്ട ചങ്ങാതികളെയും കൂട്ടി വരുത്തി, അവൎക്കായി കാത്തിരുന്നു.

൨൫ പത്രൊസ് പ്രവേശിച്ചപ്പോൾ കൊൎന്നേല്യൊസ് എതിരേറ്റു അവന്റെ കാല്ക്കൽ വീണു കുമ്പിട്ടു.

൨൬ എന്നാൽ പത്രൊസ്: എഴുനീല്ക്ക, ഞാനും ഒരു മനുഷ്യനത്രെ എന്നു പറഞ്ഞു അവനെ എഴുനീല്പിച്ചു.

൨൭ പിന്നെ അവനോടുസംഭാഷിച്ചുംകൊണ്ടു അകത്തു കടന്നു, അനേകർ വന്നുകൂടിയിരിക്കുന്നതു കണ്ടു.

൨൮ അവരോടു പറഞ്ഞതു: അന്യജാതിക്കാരനോടു ചേൎന്നുകൊൾകയോ അടുത്തു ചെല്ലുകയോ ചെയ്യുന്നതു യഹൂദന്നു എത്രയും ന്യായവിരോധമായുള്ളതു എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. എങ്കിലും ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നു ദൈവം എനിക്കു കാണിച്ചിരിക്കുന്നു.

൨൯ ആകയാൽ നിങ്ങൾ എനിക്കു ആളയച്ചപ്പോൾ ഞാൻ എതിർ പറയാതെ വന്നു; എന്നാൽ എനിക്കു ആളയച്ച സംഗതി എന്തു എന്നു ചോദിക്കുന്നു.

൩൦ എന്നാറെ കൊൎന്നേല്യൊസ് പറഞ്ഞതു: നാലാകുന്നാൾ ഞാൻ എന്റെ വീട്ടിൽ ഈ നാഴിക വരെ ഒമ്പതാംമണി നേരത്തേ പ്രാൎത്ഥന കഴിച്ചുകൊണ്ടിരിക്കുമ്പോൾ ശുഭ്രവസ്ത്രത്തോടെ ഒരു പുരുഷൻ ഇതാ, എന്റെ മുമ്പിൽനിന്നു:

൩൧ കൊൎന്നേല്യൊസേ, നിന്റെ പ്രാൎത്ഥന കേൾക്കപ്പെട്ടു, നിന്റെ ധൎമ്മങ്ങൾ ദൈവത്തിന്റെ മുമ്പിൽ ഓൎക്കപ്പെട്ടുമിരിക്കുന്നു.

൩൨ അതുകൊണ്ടു യോപ്പയിലേക്കു ആളയച്ചു പത്രൊസ് എന്നു മറുനാമമുള്ള ശിമോനെ വിളിപ്പിക്ക; അവൻ കടല്പുറത്തു തോല്ക്കൊല്ലനായ ശിമോന്റെ വീട്ടിൽ പാൎക്കുന്നു എന്നു പറഞ്ഞു.

൩൩ ആകയാൽ ഞാൻ ക്ഷണത്തിൽ നിന്റെ അടുക്കൽ ആളയച്ചു; നീ വന്നതു നന്നായി. അതുകൊണ്ടു കൎത്താവിനാൽ നിന്നോടു കല്പിക്കപ്പെട്ടിരിക്കുന്നവ ഒക്കെയും കേൾപ്പാനായി ഇപ്പോൾ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകേ കൂടിയിരിക്കുന്നു.

൩൪ ¶ അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞു: ദൈവം മുഖപക്ഷക്കാരനല്ല എന്നും

൩൫ ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതിയെ പ്രവൃത്തിക്കുന്നവൻ അവന്നു അംഗീകൃതൻ ആകുന്നു എന്നും ഞാൻ യഥാൎത്ഥമായി ഗ്രഹിക്കുന്നു.

൩൬ അവൻ എല്ലാവരുടെയും കൎത്താവാകുന്ന യേശുക്രിസ്തു മൂലം സമാധാനം സുവിശേഷിച്ചുകൊണ്ടു ഇസ്രയേൽ പുത്രന്മാൎക്കു അയച്ച വചനം,

൩൭ യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിന്റെ ശേഷം ഗലീലയിൽ തുടങ്ങി

യഹൂദിയയിൽ ഒക്കെയും ഉണ്ടായ വൎത്ത
മാനം;
൩൮ അതായതു, നസറേത്തിൽനിന്നു
ള്ള യേശുവിനെ ദൈവം പരിശുദ്ധാത്മാ
വിനാലും ശക്തിയാലും അഭിഷേകം ചെ
യ്തപ്രകാരവും ദൈവം അവനോടുകൂടെ
ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും
പിശാചിനാൽ ബാധിക്കപ്പെട്ടവരെ ഒ
ക്കെയും സൌഖ്യമാക്കിക്കൊണ്ടും സഞ്ചരി
ച്ച വിവരവും നിങ്ങൾ തന്നേ അറിയുന്നു
വല്ലോ.
൩൯ യഹൂദന്മാരുടെ നാട്ടിലും യരുശ
ലേമിലും അവൻ ചെയ്ത സകലത്തിന്നും
ഞങ്ങൾ സാക്ഷികൾ ആകുന്നു; അവനെ
അവർ മരത്തിന്മേൽ തൂക്കിക്കൊന്നു.
൪൦ ദൈവം അവനെ മൂന്നാംനാൾ ഉ
യിൎത്തെഴുനീല്പിച്ചു പ്രത്യക്ഷനാക്കി തന്നു.
൪൧ സകല ജനത്തിന്നുമല്ല, ദൈവം
മുമ്പുകൂട്ടി നിയമിച്ച സാക്ഷികളായി, അ
വൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീ
റ്റശേഷം അവനോടുകൂടെ ഭക്ഷിച്ചു
കുടിച്ചവരായ ഞങ്ങൾക്കു തന്നേ.
൪൨ ജീവികൾക്കും മരിച്ചവൎക്കും ന്യാ
യാധിപതിയായി ദൈവത്താൽ നിൎണ്ണ
യിക്കപ്പെട്ടവൻ അവൻ തന്നേ എന്നു ജ
നത്തോടു പ്രസംഗിച്ചു സാക്ഷീകരിപ്പാൻ
അവൻ ഞങ്ങളോടു കല്പിച്ചു.
൪൩ ഇവങ്കൽ വിശ്വസിക്കുന്ന ഏവ
നും അവന്റെ നാമംമൂലം പാപങ്ങളുടെ
മോചനം ലഭിക്കും എന്നു സകല പ്രവാ
ചകന്മാരും അവന്നു സാക്ഷ്യം പറയുന്നു.
൪൪ ¶ ഈ മൊഴികളെ പത്രൊസ്
സംസാരിക്കുമ്പോൾ തന്നേ വചനം കേട്ട
എല്ലാവരുടെമേലും പരിശുദ്ധാത്മാവു വീ
ണു.
൪൫ അവർ ഭാഷകളിൽ സംസാരിക്കു
ന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും
കേൾക്കയാൽ
൪൬ പത്രൊസിനോടുകൂടെ വന്ന പ
രിച്ഛേദനയിൽനിന്നുള്ള വിശ്വാസികൾ
പരിശുദ്ധാത്മാവു ആകുന്ന ദാനം ജാതി
കളുടെമേലും പകരപ്പെടുകകൊണ്ടു വി
സ്മയിച്ചു.
൪൭ അപ്പോൾ പത്രൊസ്: നമ്മെ
പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവ
രെ സ്നാനപ്പെടുത്തിക്കൂടാതവണ്ണം വെള്ളം
വിലക്കുവാൻ ആൎക്ക് കഴിയും എന്നു പ
റഞ്ഞു.
൪൮ അവരെ യേശുക്രിസ്തുവിന്റെ നാ
മത്തിൽ സ്നാനപ്പെടുത്തുവാൻ കല്പിച്ചു. അ
പ്പോൾ ചില ദിവസം അവിടെ താമസി
ക്കേണം എന്നു അവർ അവനോടു അ
പേക്ഷിക്കയും ചെയ്തു.

൧൧ാം അദ്ധ്യായം.

ജാതികളും ദൈവവചനം കൈക്കൊണ്ട
പ്രകാരം അപ്പൊസ്തലന്മാരും യഹൂദിയ
യിലുള്ള സഹോദരന്മാരും കേട്ടു.
൨ എന്നാൽ പത്രൊസ് യരുശലേമി
ൽ കരേറി വന്നപ്പോൾ പരിച്ഛേദനക്കാ
ർ അവനോടു വാദിച്ചു:
൩ നീ അഗ്രചൎമ്മമുള്ള പുരുഷന്മാരു
ടെ അടുക്കൽ ചെന്നു അവരോടുകൂടെ ഭ
ക്ഷിച്ചു എന്നു പറഞ്ഞു.
൪ എന്നാറെ പത്രൊസ് ആരംഭിച്ചു
ക്രമമായി അവരോടു വിവരിച്ചു പറഞ്ഞ
തു:
൫ ഞാൻ യോപ്പാപുരിയിൽ പ്രാൎത്ഥി
ച്ചുകൊണ്ടിരിക്കുമ്പോൾ വിവശതയിൽ ഒ
രു ദൎശനം കണ്ടു: ആകാശത്തിൽനിന്നു
നാലുകോണും കെട്ടി ഇറക്കിയ വലിയ തു
പ്പട്ടിപോലെ ഒരു പാത്രം എന്റെ അടു
ക്കലോളം വന്നു.
൬ അതിലേക്കു ഞാൻ ദൃഷ്ടി വെച്ചു
നോക്കിയപ്പോൾ ഭൂമിയിലെ നാല്ക്കാലിക
ളെയും കാട്ടുമൃഗങ്ങളെയും ഇഴജാതിക
ളെയും ആകാശത്തിലെ പറവകളെയും
കണ്ടു.
൭ പത്രൊസേ, എഴുനീറ്റു അറുത്തു
ഭക്ഷിക്ക എന്നു എന്നോടു പറയുന്ന ഒരു
ശബ്ദവും കേട്ടു.
൮ എന്നാൽ ഞാൻ: ഒരിക്കലും വഹി
യാ കൎത്താവേ, മലിനമോ അശുദ്ധമോ
ആയുള്ളതൊന്നും ഒരിക്കലും എന്റെ വാ
യിൽ ചെന്നിട്ടില്ലല്ലോ എന്നു പറഞ്ഞു.
൯ അപ്പോൾ ആകാശത്തിൽനിന്നു
ആ ശബ്ദം പിന്നെയും: ദൈവം ശുദ്ധീക

രിച്ചവ നീ മലിനം എന്നാക്കരുതു എന്നു ഉത്തരം പറഞ്ഞു.

൧൦ ഇതു മൂന്നു പ്രാവശ്യം ഉണ്ടായി; പിന്നെ എല്ലാം തിരികെ ആകാശത്തിലേക്കു വലിച്ചെടുക്കപ്പെട്ടു.

൧൧ അപ്പോൾ തന്നേ ഇതാ, കൈസൎയ്യയിൽനിന്നു എന്റെ അടുക്കലേക്കു അയക്കപ്പെട്ട മൂന്നു പുരുഷന്മാർ ഞങ്ങൾ ഇരിക്കുന്ന വീട്ടിന്റെ മുമ്പിൽ നിന്നിരുന്നു.

൧൨ ഒന്നും സംശയിക്കാതെ അവരോടുകൂടെ പോകുവാൻ ആത്മാവു എന്നോടു കല്പിച്ചു. ഈ ആറു സഹോദരന്മാരും എന്നോടുകൂടെ പോന്നു, ഞങ്ങൾ ആ പുരുഷന്റെ വീട്ടിൽ പ്രവേശിച്ചു.

൧൩ എന്നാൽ അവൻ തന്റെ വീട്ടിൽ ഒരു ദൂതൻ നില്ക്കുന്നതു കണ്ടപ്രകാരവും നീ യോപ്പയിലേക്കു ആളയച്ചു പത്രൊസ് എന്നു മറുനാമമുള്ള ശിമോനെ വരുത്തുക;

൧൪ നീയും നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള മൊഴികളെ അവൻ നിന്നോടു സംസാരിക്കും എന്നു ദൂതൻ പറഞ്ഞപ്രകാരവും ഞങ്ങളോടു അറിയിച്ചു.

൧൫ ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവു ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെമേലും വീണു.

൧൬ എന്നാറെ: യോഹന്നാൻ വെള്ളംകൊണ്ടു സ്നാനപ്പെടുത്തി, നിങ്ങളോ പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടും എന്നു കൎത്താവു പറഞ്ഞ മൊഴി ഞാൻ ഓൎത്തു.

൧൭ ആകയാൽ കൎത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവൎക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ കഴിയത്തക്കവണ്ണം ഞാൻ ആർ?

൧൮ അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അപ്രകാരം ആയാൽ ദൈവം ജാതികൾക്കും ജീവങ്കലേക്കു മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

൧൯ ¶ അനന്തരം സ്തെഫാനൊസിന്റെ നിമിത്തം ഉണ്ടായ ഞെരുക്കം ഹേതുവാൽ ചിതറിപ്പോയവർ യഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ: ഫൊയ്നിക്യ കുപ്രൊസ് അന്ത്യോക്യ എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു.

൨൦ അവരിൽ ചിലർ കുപ്രൊസ്സുകാരും കുറേനക്കാരും ആയിരുന്നു; ഇവർ അന്ത്യോക്യയിൽ എത്തിയ ശേഷം, കൎത്താവായ യേശുവിനെ സുവിശേഷിച്ചുകൊണ്ടു യവനന്മാരോടും സംസാരിച്ചു.

൨൧ കൎത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു; വലിയോരു കൂട്ടം വിശ്വസിച്ചു കൎത്താവിങ്കലേക്കു തിരികയും ചെയ്തു.

൨൨ അവരെ കുറിച്ചുള്ള ഈ വൎത്തമാനം യരുശലേമിലെ സഭയുടെ ചെവികൾക്കു എത്തിയപ്പോൾ അവർ ബൎന്നബാസിനെ അന്ത്യോക്യ വരേ പറഞ്ഞയച്ചു.

൨൩ അവൻ വന്നു ദൈവകൃപയെ കണ്ടപ്പോൾ സന്തോഷിച്ചു, എല്ലാവരും ഹൃദയനിൎണ്ണയത്തോടെ കൎത്താവിൽ ചേൎന്നു നില്പാന്തക്കവണ്ണം പ്രബോധിപ്പിച്ചുകൊണ്ടിരുന്നു.

൨൪ അവൻ നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു; വളരെ പുരുഷാരം കൎത്താവിനോടു ചേരുകയും ചെയ്തു.

൨൫ അവൻ ശൌലിനെ തിരവാൻ തൎസ്സൊസിലേക്കു പുറപ്പെട്ടുപോയി, അവനെ കണ്ടെത്തിയാറെ അന്ത്യോക്യയിലേക്കു കൂട്ടിക്കൊണ്ടു വന്നു.

൨൬ അവർ ഒരു വൎഷം മുഴുവനും സഭയിൽ ഒന്നിച്ചു കൂടുകയും വളരെ ജനങ്ങൾക്കു ഉപദേശിക്കയും ശിഷ്യന്മാൎക്കു ആദ്യം അന്ത്യോക്യയിൽവെച്ചു ക്രിസ്ത്യാനർ എന്നു പേർ ഉണ്ടാവാൻ ഇടവരികയും ചെയ്തു.

൨൭ ¶ ആ നാളുകളിൽ യരുശലേമിൽനിന്നു പ്രവാചകന്മാർ അന്ത്യോക്യയിലേക്കു ഇറങ്ങിവന്നു.

൨൮ അവരിൽ അഗബൊസ് എന്നു പേരുള്ളൊരുവൻ എഴുന്നീറ്റു ലോക

ത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും
എന്നു ആത്മാവിനാൽ അറിയിച്ചു; ആ
യതു ക്ലൌദ്യൊസിന്റെ കാലത്തു ഉണ്ടാ
കയും ചെയ്തു.
൨൯ എന്നാറെ യഹൂദിയയിൽ പാൎക്കു
ന്ന സഹോദരന്മാരുടെ ഉതവിക്കായി ശി
ഷ്യന്മാരിൽ ഓരോരുത്തൻ അവനവ
ന്റെ പ്രാപ്തിപോലെ കൊടുത്തയപ്പാൻ
നിശ്ചയിച്ചു.
൩൦ അവർ അതിനെ നിവൃത്തിച്ചു,
ബൎന്നബാസിന്റെയും ശൌലിന്റെയും
കൈയ്യിൽ മൂപ്പന്മാൎക്കു കൊടുത്തയക്കുകയും
ചെയ്തു.

൧൨ാം അദ്ധ്യായം.

ആ കാലത്തു ഹെരോദാ രാജാവു സഭയി
ൽ ചിലരെ ദണ്ഡിപ്പിക്കേണ്ടതിന്നു കൈ
നീട്ടി.
൨ യോഹന്നാന്റെ സഹോദരനായ
യാക്കോബിനെ അവൻ വാൾകൊണ്ടു
കൊന്നു.
൩ അതു യഹൂദന്മാൎക്കു പ്രസാദമായി
എന്നു കണ്ടു അവൻ പത്രൊസിനെയും
കൂടെ പിടിച്ചു. അപ്പോൾ പുളിപ്പില്ലാ
ത്ത അപ്പങ്ങളുടെ നാളുകൾ ആയിരുന്നു.
൪ അവനെ പിടിച്ച ശേഷം പെസ
ഹ കഴിഞ്ഞിട്ടു ജനത്തിന്റെ മുമ്പിൽ നി
റുത്തുവാൻ ഭാവിച്ചുകൊണ്ടു തടവിലാക്കി
അവനെ കാപ്പാൻ നന്നാലു ചേവകർ ഉ
ള്ള നാലു കൂട്ടങ്ങൾക്കു ഏല്പിച്ചു.
൫ ഇങ്ങനെ പത്രൊസിനെ തടവിൽ
സൂക്ഷിച്ചുവരികയിൽ സഭ ശ്രദ്ധയോടെ
അവന്നു വേണ്ടി ദൈവത്തോടു പ്രാൎത്ഥ
ന കഴിച്ചുപോന്നു.
൬ ഹെരോദാ അവനെ ഇറക്കിക്കൊ
ണ്ടുവരുവാറിരുന്നതിന്റെ തലേ രാത്രി
യിൽ പത്രൊസ് രണ്ടു ചങ്ങലകളാൽ ബ
ന്ധിക്കപ്പെട്ടവനായി രണ്ടു പടയാളികളു
ടെ നടുവിൽ ഉറങ്ങുകയായിരുന്നു; വാ
തിലിന്റെ മുമ്പിൽ കാവല്ക്കാരും കാരാഗൃ
ഹം സൂക്ഷിച്ചുകൊണ്ടിരുന്നു.
൭ അപ്പോൾ ഇതാ കൎത്താവിന്റെ ദൂ
തൻ അവിടെ വന്നു നിന്നു, അറയിൽ ഒ
രു വെളിച്ചവും പ്രകാശിച്ചു. അവൻ പ
ത്രൊസിനെ വിലാപ്പുറത്തു തട്ടി: വേഗ
ത്തിൽ എഴുനീല്ക്ക എന്നു പറഞ്ഞു, അവ
നെ ഉണൎത്തി; ഉടനേ അവന്റെ ചങ്ങല
കൾ കൈകളിന്മേൽനിന്നു വീണുപോ
യി.
൮ ദൂതൻ അവനോടു: അര കെട്ടി നി
ന്റെ ചെരിപ്പു ഇട്ടു മുറുക്കുക എന്നു പറ
ഞ്ഞു. അപ്രകാരം അവൻ ചെയ്തു; പി
ന്നെ: നിന്റെ വസ്ത്രം പുതെച്ചു എന്റെ
പിന്നാലേ വരിക എന്നു പറഞ്ഞു.
൯ അവൻ പുറപ്പെട്ടു പിന്നാലേ ചെ
ന്നു, ദൂതനാൽ ഉണ്ടായതു വാസ്തവമാകു
ന്നു എന്നു അറിയാതെ താൻ ഒരു ദൎശനം
കാണുന്നു എന്നു നിരൂപിച്ചു.
൧൦ അവർ ഒന്നാം കാവലും രണ്ടാമ
ത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന
ഇരിമ്പുവാതില്ക്കൽ എത്തി. അതു അവ
ൎക്കു സ്വതേ തുറന്നു; അവർ പുറത്തിറ
ങ്ങി ഒരു തെരുവു കടന്നു, ഉടനേ ദൂതൻ
അവനെ വിട്ടുപോകയും ചെയ്തു.
൧൧ അപ്പോൾ പത്രൊസ് തനിക്കു
സുബോധം വന്നിട്ടു പറഞ്ഞു: കൎത്താവു
തന്റെ ദൂതനെ അയച്ചു ഹെരോദാവി
ന്റെ കൈയ്യിൽനിന്നും യഹൂദവംശത്തി
ന്റെ സകലപ്രതീക്ഷയിൽനിന്നും എന്നെ
വിടുവിച്ചു എന്നു ഞാൻ ഇപ്പോൾ വാസ്തവ
മായി അറിയുന്നു.
൧൨ ഇങ്ങനെ ഗ്രഹിച്ചശേഷം അവ
ൻ മൎക്കൊസ് എന്നു മറുനാമമുള്ള യോഹ
ന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ചെ
ന്നു. അവിടെ അനേകർ ഒരുമിച്ചു കൂടി
പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.
൧൩ അവൻ പടിപ്പുരവാതില്ക്കൽ മുട്ടി
യാറെ രോദ എന്നൊരു ബാല്യക്കാരത്തി
വിളികേൾപ്പാൻ അടുത്തുചെന്നു.
൧൪ പത്രൊസിന്റെ ശബ്ദം തിരിച്ച
റിഞ്ഞു സന്തോഷത്താൽ പടിപ്പുര തുറക്കാ
തെ അകത്തേക്കു ഓടി, പത്രൊസ് പടി
പ്പുരെക്കൽ നില്ക്കുന്നു എന്നു അറിയിച്ചു.
൧൫ അവർ അവളോടു: നിനക്കു ഭ്രാ
ന്തുണ്ടു എന്നു പറഞ്ഞു; എന്നാൽ അവൾ:
അല്ല ഉള്ളതു തന്നേ എന്നു ഉറപ്പിച്ചു പ
റയുമ്പോൾ അവന്റെ ദൂതൻ ആകുന്നു
എന്നു അവർ പറഞ്ഞു.

൧൬ എന്നാൽ പത്രൊസ് മുട്ടികൊണ്ട നിന്നു; അവർ തുറന്നപ്പോൾ അവനെ കണ്ട വിസ്മയിച്ചു.

൧൭ അവർ മിണ്ടാതിരിപ്പാൻ അവൻ കൈകൊണ്ട ആംഗ്യം കാട്ടി, കൎത്താവു തന്നെ തടവിൽനിന്ന പുറപ്പെടുവിച്ച വിവരം പറഞ്ഞു കേൾപ്പിച്ചു; ഇതു യാക്കോബിനോടും ശേഷം സഹോദരന്മാരോടും അറിയിപ്പിൻ എന്ന പറഞ്ഞു പുറപ്പെട്ട വേറൊരു സ്ഥലത്തേക്ക പോകയും ചെയ്തു.

൧൮ നേരം വെളുത്തപ്പോൾ പത്രൊസിന എന്തു സംഭവിച്ചു എന്ന പടയാളികളുടെ ഇടയിൽ അല്പമല്ലാത്ത ഇളക്കം ഉണ്ടായി.

൧൯ ഹെരോദാ അവനെ അന്വേഷിച്ചിട്ട കാണായ്കയാൽ കാവല്ക്കാരെ വിസ്തരിച്ചു അവരെ കൊല്ലുവാൻ കല്പിച്ചു; പിന്നെ അവൻ യെഹൂദിയയിൽനിന്ന കൈസൎയ്യയിലേക്ക ഇറങ്ങിപോയി അവിടെ പാൎത്തു.

൨൦ ¶ എന്നാൽ അവൻ തുരൊസ്സുകാരുടെയും സിദോൻകാരുടെയും നേരെ ക്രുദ്ധിച്ചിരിക്കുമ്പോൾ രാജാവിന്റെ നാട്ട കൊണ്ട തങ്ങളുടെ നാട്ട പുലൎത്തപ്പെടുകയാൽ അവർ ഏകമനസ്സോടെ അവന്റെ അടുക്കൽ ചെന്നു, രാജാവിന്റെ പള്ളിയറക്കാരനായ ബ്ലസ്തൊസിനെ വശത്താക്കിക്കൊണ്ട സന്ധിക്കായി അപേക്ഷിച്ചു.

൨൧ എന്നാറെ നിശ്ചയിച്ച ദിവസത്തിൽ ഹെരോദാ രാജവസ്ത്രം ധരിച്ചു ഭദ്രാസനത്തിൽ ഇരുന്ന അവരോട ഒന്ന പ്രസ്താവിച്ചരുളി.

൨൨ എന്നാൽ ഇതു ഒരു ദേവന്റെ ശബ്ദം ആകുന്നു മനുഷ്യന്റേതല്ല എന്ന ജനങ്ങൾ ആൎത്തു.

൨൩ അവൻ ദൈവത്തിന്ന മഹത്വം കൊടുക്കായ്കയാൽ കൎത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു, അവൻ കൃമികൾക്ക ഇരയായി പ്രാണനെ വിടുകയും ചെയ്തു.

൨൪ ¶ എന്നാൽ ദൈവവചനം വൎദ്ധിച്ചു പെരുകി.

൨൫ ¶ ബൎന്നബാസും ശൌലും ശുശ്രൂഷ നിവൃത്തിച്ച ശേഷം മൎക്കൊസ് എന്ന മറുനാമമുള്ള യോഹന്നാനെയും കൂട്ടിക്കൊണ്ട യെരുശലേമിൽനിന്ന മടങ്ങിപ്പോന്നു.

൧൩ാം അദ്ധ്യായം.

൧ അന്ത്യൊക്ക്യയിലുള്ള സഭയിൽ ബൎന്നബാസും നീഗർ എന്ന പേരുള്ള ശിമോനും കുറേനക്കാരനായ ലൂക്യൊസും ഇടപ്രഭുവായ ഹെരോദാവോട കൂടെ വളൎന്ന മനായേനും ശൌലും എന്ന പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

൨ അവർ കൎത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ: ഞാൻ ബൎന്നബാസിനെയും ശൌലിനെയും വിളിച്ചിരിക്കുന്ന വേലെക്കായിട്ട അവരെ എനിക്ക വേൎതിരിപ്പിൻ എന്ന പരിശുദ്ധാത്മാവു പറഞ്ഞു.

൩ അപ്പോൾ അവർ ഉപവസിച്ചു പ്രാൎത്ഥിച്ചു അവരുടെമേൽ കൈകളെ വെച്ചു അവരെ പറഞ്ഞയക്കയും ചെയ്തു.

൪ ¶ അവർ പരിശുദ്ധാത്മാവിനാൽ അയക്കപ്പെട്ടിട്ട സെലൂക്യയിലേക്ക ഇറങ്ങിച്ചെന്നു; അവിടെനിന്ന കുപ്രൊസ് ദ്വീപിലേക്ക കപ്പലേറിപ്പോയി.

൫ സലമീസിൽ ചെന്ന യെഹൂദന്മാരുടെ പള്ളിയിൽ ദൈവവചനത്തെ അറിയിച്ചു; യോഹന്നാനും അവൎക്ക ഭൃത്യനായിട്ട ഉണ്ടായിരുന്നു.

൬ എന്നാൽ അവർ ആ ദ്വീപിൽ കൂടി പാഫൊസ് വരെ ചെന്നപ്പോൾ ബൎയേശു എന്ന പേരുള്ള ഒരു യെഹൂദനായി കള്ളപ്രവാചകനായ ഒരു വിദ്വാനെ കണ്ടു.

൭ അവൻ വിവേകമുള്ള പുരുഷനായ സേൎഗ്ഗ്യൊസ് പൌലൊസ് എന്ന ദേശാധിപതിയോടുകൂടെ ആയിരുന്നു; ഇവൻ ബൎന്നബാസിനെയും ശൌലിനെയും വരുത്തി ദൈവവചനം കേൾപ്പാൻ ആഗ്രഹിച്ചു.

൮ എന്നാൽ എലീമാസ് എന്ന വിദ്വാൻ—ഇങ്ങനെ ഭാഷാന്തരത്തിൽ അവന്റെ പേർ—അവരോട എതിൎത്തുനിന്ന

ദേശാധിപതിയെ വിശ്വാസത്തിൽനിന്ന
മറിച്ചുകളവാൻ ശ്രമിച്ചു.
൯ അപ്പോൾ പൌലൊസ് എന്നും
പേരുള്ള ശൌൽ പരിശുദ്ധാത്മാവു നിറ
ഞ്ഞവനായി അവനെ ഉറച്ചുനോക്കി പറ
ഞ്ഞതു:
൰ ഹേ സകല കപടവും സകലധൂ
ൎത്തും നിറഞ്ഞവനേ, പിശാചിന്റെ മക
നേ, സൎവ്വനീതിയുടെയും ശത്രുവേ, കൎത്താ
വിന്റെ നേർവഴികളെ മറിച്ചുകളയുന്ന
തു നീ നിറുത്തുകയില്ലയോ?
൰൧ ഇപ്പോൾ നിന്റെമേൽ ഇതാ ക
ൎത്താവിന്റെ കൈ; നീ ഒരു സമയത്തേ
ക്കു ആദിത്യനെ കാണാതെ കുരുടനായി
രിക്കും. അപ്പോൾ ഉടനേ ഒരു തിമിരവും
ഇരുട്ടും അവന്റെമേൽ വീണു; കൈപി
ടിച്ചു നടത്തുന്നവരെ തിരഞ്ഞുകൊണ്ടു
അവൻ തപ്പി നടന്നു.
൰൨ അപ്പോൾ ഈ ഉണ്ടായതിനെ ദേ
ശാധിപതി കണ്ടിട്ടു കൎത്താവിന്റെ ഉപ
ദേശത്തിൽ വിസ്മയിച്ചു വിശ്വസിക്കയും
ചെയ്തു.
൰൩ ¶ പൌലൊസും അവനോടു കൂ
ടെയുള്ളവരും പാഫൊസിൽനിന്നു കപ്പ
ൽ നീക്കി, പംഫുല്യനാട്ടിലേ പെൎഗ്ഗെക്കു
വന്നു; അപ്പോൾ യോഹന്നാൻ അവരെ
വിട്ടു പിരിഞ്ഞു യരുശലേമിലേക്കു മട
ങ്ങിപ്പോയി.
൰൪ അവരോ പെൎഗ്ഗയിൽനിന്നു പു
റപ്പെട്ടു പിസിദ്യനാട്ടിലേ അന്ത്യൊക്ക്യ
യിൽ എത്തി ശബ്ബത്തു നാളിൽ പള്ളിയിൽ
ചെന്നു ഇരുന്നു.
൰൫ എന്നാൽ ന്യായപ്രമാണത്തിന്റെ
യും പ്രവാചകന്മാരുടെയും വായന തീൎന്ന
പ്പോൾ പള്ളിപ്രമാണികൾ അവരുടെ
അടുക്കൽ ആളയച്ചു: സഹോദരന്മാരായ
പുരുഷന്മാരേ, നിങ്ങൾക്കു ജനത്തോടു പ്ര
ബോധനവചനം വല്ലതും ഉണ്ടെങ്കിൽ പ
റവിൻ എന്നു പറയിച്ചു.
൰൬ അപ്പോൾ പൌലൊസ് എഴുനീ
റ്റു കൈകൊണ്ടു ആംഗ്യം കാട്ടി പറ
ഞ്ഞതു: ഇസ്രയേൽ പുരുഷന്മാരും ദൈവ
ത്തെ ഭയപ്പെടുന്നവരും ആയുള്ളോരേ,
കേൾപ്പിൻ;
൰൭ ¶ ഇസ്രയേൽ എന്ന ഈ ജന
ത്തിന്റെ ദൈവം നമ്മുടെ പിതാക്കന്മാ
രെ തെരിഞ്ഞെടുത്തു, ജനം മിസ്രയീംദേശ
ത്തു പ്രവാസമായിരിക്കുമ്പോൾ അവരെ
ഉയൎത്തി, അവരെ ഉയൎന്ന ഭുജംകൊണ്ടു
അവിടെനിന്നു പുറപ്പെടുവിച്ചു.
൰൮ മരുഭൂമിയിൽ നാല്പതു സംവത്സര
കാലത്തോളം അവൻ അവരുടെ സ്വഭാ
വം സഹിച്ചു.
൰൯ കനാൻദേശത്തിൽ ഏഴു ജാതിക
ളെ ഒടുക്കി, അവരുടെ ദേശം ഇവൎക്കു അ
വകാശമായി വിഭാഗിച്ചുകൊടുത്തു. അ
ങ്ങനെ ഏകദേശം നാനൂററമ്പതു വൎഷം
കഴിഞ്ഞു.
൨൰ അതിന്റെശേഷം ശമുവേൽപ്രവാ
ചകൻ വരെക്കും ന്യായാധിപതിമാരെ
കൊടുത്തു.
൨൰൧ അനന്തരം അവർ ഒരു രാജാവി
നെ ചോദിച്ചു ദൈവം അവൎക്കു ബന്യാ
മിൻ ഗോത്രക്കാരനായ കീശിന്റെ മകൻ
ശൌലിനെ നാല്പതാണ്ടേക്കു കൊടുത്തു.
൨൰൨ പിന്നെ അവനെ നീക്കീട്ടു ദാവീ
ദിനെ അവൎക്കു രാജാവായി ഉയൎത്തി: ഞാ
ൻ യിശ്ശായി പുത്രനായ ദാവീദിനെ എ
ന്റെ ഹൃദയപ്രകാരമുള്ള പുരുഷനായി ക
ണ്ടെത്തി; അവൻ എന്റെ ഹിതങ്ങളെ
എല്ലാം ചെയ്യും എന്നു അവനെ കുറിച്ചു
സാക്ഷ്യം പറകയും ചെയ്തു.
൨൰൩ അവന്റെ സന്തതിയിൽനിന്നു
ദൈവം ഇസ്രയേലിന്നു യേശു എന്ന ര
ക്ഷിതാവിനെ വാഗ്ദത്തപ്രകാരം ആഗമി
പ്പിച്ചു.
൨൰൪ ഇവന്റെ അഭിഗമനത്തിന്നു മു
മ്പേ യോഹന്നാൻ സകലഇസ്രയേൽ ജ
നത്തിന്നും മാനസാന്തരത്തിന്റെ സ്നാനം
ആദ്യം പ്രസംഗിച്ചു.
൨൰൫ എന്നാൽ യോഹന്നാൻ തന്റെ
ഓട്ടം തികെക്കുമ്പോൾ: നിങ്ങൾ എന്നെ
ആർ എന്നു നിരൂപിക്കുന്നു? ഞാൻ അല്ല,
ഇതാ എന്റെ പിന്നാലേ വരുന്നു, അവ
ന്റെ കാലുകളുടെ ചെരിപ്പു അഴിപ്പാൻ
ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.
൨൰൬ സഹോദരന്മാരായ പുരുഷന്മാരേ,
അബ്രഹാംവംശത്തിലേ മക്കളും നിങ്ങളി

ൽ ദൈവത്തെ ഭയപ്പെടുന്നവരുമായുള്ളോ
രേ, ഈ രക്ഷാവചനം നമുക്കു അയക്ക
പ്പെട്ടിരിക്കുന്നു.
൨൭ എങ്ങനെ എന്നാൽ യരുശലേം
നിവാസികളും അവരുടെ പ്രമാണികളും
അവനെ എങ്കിലും ശബ്ബത്തുതോറും വായി
ക്കപ്പെടുന്ന പ്രവാചകന്മാരുടെ ശബ്ദങ്ങ
ളെ എങ്കിലും അറിയാതെ അവനെ ശി
ക്ഷെക്കു വിധിക്കയാൽ അവയെ നിവൃ
ത്തിച്ചു.
൨൮ മരണത്തിന്നു ഒരു ഹേതുവും കാ
ണാഞ്ഞിട്ടും അവനെ കൊല്ലേണം എന്നു
അവർ പിലാത്തൊസിനോടു യാചിച്ചു.
൨൯ അവനെ കുറിച്ചു എഴുതിയിരി
ക്കുന്നവ ഒക്കെയും തികെച്ചശേഷം അവ
ർ അവനെ മരത്തിൽനിന്നു ഇറക്കി ഒരു
കല്ലറയിൽ വെച്ചു.
൩൦ എന്നാൽ ദൈവം അവനെ മരി
ച്ചവരിൽനിന്നു ഉയിൎത്തെഴുനീല്പിച്ചു;
൩൧ അവൻ ഗലീലയിൽനിന്നു യരു
ശലേമിലേക്കു തന്നോടുകൂടെ കരേറി
പ്പോയവൎക്കു ഏറിയ ദിവസം പ്രത്യക്ഷ
നായി; ആയവർ തന്നേ ഇപ്പോൾ ജന
ത്തിന്റെ മുമ്പാകെ അവന്റെ സാക്ഷിക
ൾ ആകുന്നു.
൩൨ ദൈവം യേശുവിനെ ഉയിൎത്തെ
ഴുനീല്പിച്ചതിനാൽ പിതാക്കന്മാരോടു ചെ
യ്ത വാഗ്ദത്തത്തെ നമ്മുടെ മക്കൾക്കു മു
റവും നിവൃത്തിച്ചിരിക്കുന്നു എന്നു ഞങ്ങൾ
നിങ്ങളോടു സുവിശേഷിക്കുന്നു.
൩൩ അങ്ങനെ രണ്ടാം സങ്കീൎത്തന
ത്തിലും: നീ എന്റെ പുത്രൻ ആകുന്നു,
ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്നു
എഴുതിയിരിക്കുന്നുവല്ലോ.
൩൪ ഇനി ദ്രവത്വത്തിലേക്കു തിരി
യാതവണ്ണം അവൻ അവനെ മരിച്ചവ
രിൽനിന്നു എഴുനീല്പിച്ചതിനെ കുറിച്ചു
അവൻ ഇവ്വണ്ണം പറഞ്ഞു: ദാവീദിന്റെ
സ്ഥിരമായുള്ള വിശുദ്ധകൃപകളെ ഞാൻ
നിങ്ങൾക്കു നല്കും.
൩൫ അതു കൂടാതെ മറ്റൊരു 'സങ്കീ
ൎത്തനത്തിലും: നിന്റെ പരിശുദ്ധനെ ദ്ര
വത്വം കാണ്മാൻ നീ വിട്ടുകൊടുക്കയില്ല
എന്നു പറയുന്നു.
൩൬ ദാവീദ് തന്റെ തലമുറയിൽ
ദൈവത്തിന്റെ ആലോചനെക്കു ശുശ്രൂ
ഷ ചെയ്തശേഷം നിദ്രപ്രാപിച്ചു തന്റെ
പിതാക്കന്മാരോടു ചേൎക്കപ്പെട്ടു, ദ്രവത്വം
കാണുകയും ചെയ്തു.
൩൭ ദൈവം ഉയിൎത്തെഴുനീല്പിച്ചവ
നോ ദ്രവത്വം കണ്ടില്ല.
൩൮ അകയാൽ സഹോദരന്മാരായ
പുരുഷന്മാരേ, ഇവൻ മൂലമായി നിങ്ങൾ
ക്കു പാപങ്ങളുടെ മോചനം അറിയിക്ക
പ്പെടുന്നു എന്നും
൩൯ മോശെയുടെ ന്യായപ്രമാണത്താ
ൽ നിങ്ങൾക്കു നീതീകരണം വരുവാൻ
കഴിയാത്ത സകലത്തിൽനിന്നും വിശ്വ
സിക്കുന്നവൻ ഏവനും ഇവനാൽ നീതീ
കരിക്കപ്പെടുന്നു എന്നും നിങ്ങൾ അറി
ഞ്ഞിരിക്കട്ടെ.
൪൦ ആകയാൽ ഹേ നിന്ദക്കാരേ, നോ
ക്കുവിൻ, ആശ്ചൎയ്യപ്പെടുവിൻ, മാഞ്ഞുപോ
കുവിൻ. നിങ്ങളുടെ നാളുകളിൽ ഒരു
പ്രവൃത്തി ഞാൻ പ്രവൃത്തിക്കുന്നു, ഒരുത്ത
ൻ നിങ്ങളോടു വിവരിച്ചാൽ നിങ്ങൾ വി
ശ്വസിക്കാത്ത പ്രവൃത്തി തന്നേ എന്നു
൪൧ പ്രവാചകന്മാരിൽ പറഞ്ഞിരിക്കു
ന്നതു നിങ്ങളുടെമേൽ വരാതിരിപ്പാൻ സൂ
ക്ഷിച്ചുകൊൾവിൻ.
൪൨ ¶ എന്നാൽ അവർ പുറപ്പെടു
മ്പോൾ പിറ്റേ ശബ്ബത്തുദിവസത്തിൽ ഈ
വചനങ്ങൾ തങ്ങളോടു പറയേണം എ
ന്നു അവർ അപേക്ഷിച്ചു.
൪൩ പള്ളി പിരിഞ്ഞശേഷം യഹൂദ
ന്മാരിലും ഭക്തിയുള്ള യഹൂദമതാനുസാരി
കളിലും പലർ പൌലൊസിനെയും ബ
ൎന്നബാസിനെയും അനുഗമിച്ചു; അവർ
അവരോടു സംസാരിച്ചു ദൈവകൃപയിൽ
നിലനില്ക്കേണ്ടതിന്നു അവരെ ഉത്സാഹി
പ്പിച്ചു.
൪൪ ¶ പിറ്റേ ശബ്ബത്തുനാളിൽ ഏക
ദേശം പട്ടണം എല്ലാം ദൈവവചനം
കേൾപ്പാൻ വന്നുകൂടി.
൪൫ എന്നാൽ യഹൂദന്മാർ പുരുഷാര
ങ്ങളെ കണ്ടു എരിവു നിറഞ്ഞവരായി ദു
ഷിച്ചുകൊണ്ടു പൌലൊസ് സംസാരിക്കു
ന്നവെക്കു എതിർ പറഞ്ഞു.

൪൬ എന്നാറെ പൌലൊസും ബൎന്നബാസും ധൈൎയ്യം പൂണ്ടു പറഞ്ഞതു: ദൈവവചനം മുമ്പേ നിങ്ങളോടു പറയുന്നതു ആവശ്യമായിരുന്നു; എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെ തന്നേ നിത്യജീവന്നു അപാത്രവാന്മാർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു.

൪൭ എന്തുകൊണ്ടെന്നാൽ; നീ ഭൂമിയുടെ അററത്തോളവും രക്ഷ ആകേണ്ടതിന്നു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു എന്നു കൎത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ടു.

൪൮ ജാതികൾ ഇതു കേട്ടു സന്തോഷിച്ചു ദൈവവചനത്തെ മഹത്വപ്പെടുത്തി, നിത്യജീവന്നായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു.

൪൯ കൎത്താവിന്റെ വചനം ആ നാടു എങ്ങും വ്യാപിക്കയും ചെയ്തു.

൫൦ എന്നാൽ യഹൂദന്മാർ ഭക്തിയുള്ള മാന്യസ്ത്രീകളെയും പട്ടണത്തിലേ ശ്രേഷ്ഠന്മാരെയും ഇളക്കി പൌലൊസിന്റെയും ബൎന്നബാസിന്റെയും നേരെ ഉപദ്രവമുണ്ടാക്കി അവരെ തങ്ങളുടെ അതിരുകളിൽനിന്നു പുറത്താക്കിക്കളകയുംചെയ്തു.

൫൧ എന്നാൽ ഇവർ അവരുടെ നേരെ തങ്ങളുടെ പാദങ്ങളിലേ പൊടി തട്ടിയുംവെച്ചു ഇക്കോന്യയിലേക്കു വന്നു.

൫൨ ശിഷ്യന്മാർ സന്തോഷംകൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും നിറഞ്ഞവരായി തീരുകയും ചെയ്തു.

൧൪ാം അദ്ധ്യായം.

ഇക്കോന്യയിൽ അവർ ഒരുമിച്ചു യഹൂദന്മാരുടെ പള്ളിയിൽ പ്രവേശിച്ചു യഹൂദന്മാരിലും യവനന്മാരിലും വലിയോരു പുരുഷാരം വിശ്വസിപ്പാൻ തക്കവണ്ണം സംസാരിച്ചു.

൨ എന്നാൽ അനുസരിക്കാത്ത യഹൂദന്മാർ ജാതികളുടെ മനസ്സിനെ സഹോദരന്മാരുടെ നേരെ ഇളക്കി വഷളാക്കി.

൩ ആകയാൽ അവർ അവിടെ വളരെക്കാലം പാൎത്തു, കൎത്താവിൽ പ്രാഗത്ഭ്യത്തോടെ സംസാരിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന്നു സാക്ഷിനിന്നു, അവരുടെ കൈകളാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കുകയും ചെയ്തു.

൪ എന്നാൽ പട്ടണത്തിലേ ജനസംഘം ഭിന്നിച്ചു; ചിലർ യഹൂദന്മാരുടെ പക്ഷത്തിലും ചിലർ അപ്പൊസ്തലന്മാരുടെ പക്ഷത്തിലും ആയി.

൫ പിന്നെ അവരെ അവമാനിപ്പാനും കല്ലെറിവാനുമായി ജാതികളും യഹൂദന്മാരും അവിടത്തേ പ്രമാണികളോടുകൂടി ഒരു ആക്രമം ഭാവിച്ചപ്പോൾ

൬ അവർ അതു ഗ്രഹിച്ചു, ലുസ്ത്ര, ദെൎബ്ബ എന്ന ലുക്കവോന്യയിലേ നഗരങ്ങളിലേക്കും ചുററുമുള്ള ദേശത്തിലേക്കും ഓടിപ്പോയി,

൭ അവിടെ അവർ സുവിശേഷിച്ചുകൊണ്ടിരുന്നു.

൮ ¶ ലുസ്ത്രയിൽ തന്റെ അമ്മയുടെ ഗൎഭംമുതലേ മുടന്തനായി ഒരിക്കലും നടന്നിട്ടില്ലാതെയും കാലുകൾക്കു ശക്തിയില്ലാതെയും ഉള്ളോരു പുരുഷൻ ഇരുന്നിരുന്നു.

൯ ഇവൻ പൌലൊസ് സംസാരിക്കുന്നതിനെ കേട്ടു; അവൻ ഇവനെ ഉററുനോക്കി, രക്ഷപെടുവാൻ അവന്നു വിശ്വാസമുള്ള പ്രകാരം കണ്ടിട്ടു:

൧൦ നീ എഴുനീററു കാലൂന്നി നിവിൎന്നു നില്ക്ക എന്നു മഹാശബ്ദത്തോടെ പറഞ്ഞു; അവൻ കുതിച്ചെഴുനീററു നടന്നു.

൧൧ പൌലൊസ് ചെയ്തതു പുരുഷാരങ്ങൾ കണ്ടിട്ടു: ദേവന്മാർ മനുഷ്യൎക്കു തുല്യരായി നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു എന്നു ലുക്കവോന്യഭാഷയിൽ ശബ്ദം ഉയൎത്തി പറഞ്ഞു.

൧൨ അവർ ബൎന്നബാസിനെ ഇന്ദ്രൻ എന്നും പൌലൊസ് മുഖ്യസംസാരിയാകയാൽ അവനെ ബുധൻ എന്നും പേർ വിളിച്ചു.

൧൩ നഗരത്തിന്റെ മുമ്പിലുള്ള ഇന്ദ്രന്റെ പുരോഹിതൻ കാളകളെയും പൂമാലകളെയും വാതില്ക്കൽ കൊണ്ടുവന്നു, പു

രുഷാരങ്ങളോടുകൂടെ ബലികഴിപ്പാൻ ഭാവിച്ചു.

൧൪ ഇതു അപ്പൊസ്തലന്മാരായ ബൎന്നബാസും പൌലൊസും കേട്ടപ്പോൾ തങ്ങളുടെ വസ്ത്രങ്ങളെ കീറിക്കൊണ്ടു പുരുഷാരത്തിന്റെ ഇടയിലേക്കു ഓടിച്ചെന്നു നിലവിളിച്ചു പറഞ്ഞതു:

൧൫ പുരുഷന്മാരേ, നിങ്ങൾ ഇവയെ ചെയ്യുന്നതു എന്തുകൊണ്ടു? ഞങ്ങളും നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ ആകുന്നു; നിങ്ങൾ ഈ മായകളെ വിട്ടു ആകാശത്തെയും ഭൂമിയേയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയേണം എന്നു ഞങ്ങൾ നിങ്ങളോടു സുവിശേഷിക്കുന്നു.

൧൬ കഴിഞ്ഞ തലമുറകളിൽ അവൻ എല്ലാ ജാതികളെയും താന്താങ്ങളുടെ വഴികളിൽ നടന്നുകൊൾവാൻ സമ്മതിച്ചു.

൧൭ എങ്കിലും അവൻ നന്മ ചെയ്കയും ആകാശത്തിൽനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരികയും ആഹാരംകൊണ്ടും സന്തോഷംകൊണ്ടും നിങ്ങളുടെ ഹൃദയങ്ങളെ നിറെക്കയും ചെയ്യുന്നതിനാൽ അവൻ തന്നെക്കുറിച്ചു തന്നേ സാക്ഷ്യം കൊടുക്കാതിരുന്നിട്ടില്ല.

൧൮ അവർ ഇങ്ങനെ പറഞ്ഞു തങ്ങൾക്കു ബലികഴിക്കാതവണ്ണം പുരുഷാരങ്ങളെ പ്രയാസത്തോടെ തടുത്തു.

൧൯ ¶ എന്നാൽ അന്ത്യൊക്യയിൽനിന്നും ഇക്കോന്യയിൽനിന്നും യഹൂദന്മാർ വന്നുകൂടി, പുരുഷാരങ്ങളെ സമ്മതിപ്പിച്ചു, പൌലൊസിനെ കല്ലെറിഞ്ഞു; അവൻ മരിച്ചു എന്നു വിചാരിച്ചിട്ടു അവനെ പട്ടണത്തിന്നു പുറത്തേക്കു ഇഴെച്ചുകളഞ്ഞു.

൨൦ എന്നാൽ ശിഷ്യന്മാർ അവനെ ചുററി നില്ക്കയിൽ അവൻ എഴുനീററു നഗരത്തിൽ ചെന്നു; പിറെറന്നാൾ ബൎന്നബാസിനോടുകൂടെ ദെൎബ്ബെക്കു പോകയും ചെയ്തു.

൨൧ ആ നഗരത്തിലും സുവിശേഷിച്ചു പലരെയും ശിഷ്യരാക്കിയ ശേഷം അവർ ലുസ്ത്ര ഇക്കോന്യ അന്ത്യൊക്യ എന്നു നഗരങ്ങളിലേക്കു മടങ്ങിച്ചെന്നു.

൨൨ വിശ്വാസത്തിൽ നിലനില്ക്കേണം എന്നും നാം അനേകം സങ്കടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു, ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഉറപ്പിച്ചുകൊണ്ടിരുന്നു.

൨൩ പിന്നെ സഭതോറും അവൎക്കു മൂപ്പന്മാരെ നിയമിച്ചശേഷം ഉപവാസങ്ങളോടെ പ്രാൎത്ഥിച്ചുകൊണ്ടു അവരെ തങ്ങൾ വിശ്വസിച്ചിരിക്കുന്ന കൎത്താവിങ്കൽ ഭരമേല്പിച്ചു.

൨൪ അനന്തരം അവർ പിസിദ്യയിൽ കൂടി കടന്നു പംഫുല്യയിൽ എത്തി.

൨൫ പെൎഗ്ഗയിലും വചനം സംസാരിച്ച ശേഷം അത്തല്യെക്കു ഇറങ്ങിപ്പോയി.

൨൬ അവിടെനിന്നു കപ്പലേറി, തങ്ങൾ നിവൃത്തിച്ച വേലെക്കായി ദൈവകരുണയിൽ ഭരമേല്പിക്കപ്പെട്ടിരുന്ന ഇടമായ അന്ത്യൊക്യയിലേക്കു പോയി.

൨൭ അവിടെ എത്തിയ ശേഷം സഭയെ ഒരുമിച്ചു കൂട്ടി, ദൈവം തങ്ങളോടുകൂടെ ചെയ്തതൊക്കെയും ജാതികൾക്കു വിശ്വാസത്തിന്റെ വാതിലിനെ തുറന്നപ്രകാരവും അറിയിച്ചു.

൨൮ അവിടെ ശിഷ്യന്മാരോടുകൂടെ അനല്പകാലം പാൎക്കയും ചെയ്തു.

൧൫ാം അദ്ധ്യായം.

യഹൂദിയയിൽനിന്നു ചിലർ ഇറങ്ങി വന്നു: നിങ്ങൾ മോശെയുടെ ചട്ടപ്രകാരം പരിച്ഛേദന ഏല്ക്കാഞ്ഞാൽ രക്ഷിക്കപ്പെടുവാൻ കഴികയില്ല എന്നു സഹോദരന്മാരോടു ഉപദേശിച്ചു.

൨ പൌലൊസിന്നും ബൎന്നബാസിന്നും അവരോടു അല്പമല്ലാത്ത ഇടച്ചലും തൎക്കവും ഉണ്ടായശേഷം പൌലൊസും ബൎന്നബാസും അവരിൽ മററു ചിലരും ഈ തൎക്കസംഗതിയെപ്പററി യരുശലേമിൽ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കലേക്കു കരേറിപ്പോകേണം എന്നു നിശ്ചയിച്ചു.

൩ ആയവർ സഭയാൽ യാത്ര അയക്ക
പ്പെട്ട ശേഷം ഫൊയ്നീക്ക്യയിലും ശമൎയ്യയി
ലും കൂടി കടന്നുപോയി ജാതികളുടെ മ
നന്തിരിവിനെ അറിയിച്ചു, സഹോദര
ന്മാൎക്ക് എല്ലാം മഹാസന്തോഷം വരുത്തി.

൪ അവർ യരുശലേമിൽ എത്തിയാ
റെ സഭയാലും അപ്പൊസ്തലന്മാരാലും മൂപ്പ
ന്മാരാലും കൈക്കൊള്ളപ്പെട്ടു, ദൈവം ത
ങ്ങളോടുകൂടെ ചെയ്തവ എല്ലാം അവർ
അറിയിക്കയും ചെയ്തു.

൫ എന്നാൽ പരീശരുടെ ഭാഗത്തിൽ
നിന്നു വിശ്വസിച്ചവർ ചിലർ എഴുനീ
റ്റു, അവരെ പരിച്ഛേദന ചെയ്കയും
മോശെയുടെ ന്യായപ്രമാണത്തെ കാപ്പാ
ൻ കല്പിക്കയും വേണം എന്നു പറഞ്ഞു.

൬ ¶ ഈ സംഗതിയെ കുറിച്ചു വി
ചാരിപ്പാൻ അപ്പൊസ്തലന്മാരും മൂപ്പന്മാരും
വന്നുകൂടി.

൭ എന്നാൽ വളരെ തൎക്കം ഉണ്ടായ
ശേഷം പത്രൊസ് എഴുനീറ്റു അവരോ
ടു പറഞ്ഞതു:

¶ സഹോദരന്മാരായ പുരുഷന്മാരേ,
ഏറെ നാൾക്കു മുമ്പേ ദൈവം നിങ്ങളിൽ
വെച്ചു എന്റെ വായ്കൊണ്ടു ജാതികൾ
സുവിശേഷവചനം കേട്ടു വിശ്വസിക്കേ
ണം എന്നു നിശ്ചയിച്ചു എന്നു നിങ്ങൾ അ
റിയുന്നുവല്ലോ.

൮ ഹൃദയങ്ങളെ അറിയുന്നവനായ
ദൈവം നമുക്കു എന്നപോലെ അവൎക്കും
പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടു
അവൎക്ക് സാക്ഷി നിന്നു;

൯ വിശ്വാസത്താൽ അവരുടെ ഹൃദ
യങ്ങളെ ശുദ്ധീകരിച്ചതിനാൽ നമുക്കും
അവൎക്കും തമ്മിൽ ഒരു വ്യത്യാസവും വെ
ച്ചിട്ടില്ല.

൰ ആകയാൽ നമ്മുടെ പിതാക്കന്മാ
ൎക്കാകട്ടെ നമുക്കാകട്ടെ ചുമപ്പാൻ കഴിഞ്ഞി
ട്ടില്ലാത്ത നുകം ശിഷ്യന്മാരുടെ കഴുത്തിൽ
വെപ്പാൻ നിങ്ങൾ ഇപ്പോൾ ദൈവത്തെ
പരീക്ഷിക്കുന്നതു എന്തു?

൰൧ കൎത്താവായ യേശുവിന്റെ കൃപ
യാൽ അവർ എന്നപോലെ നാമും രക്ഷി
ക്കപ്പെടും എന്നു നാം വിശ്വസിക്കുന്നുവ
ല്ലോ.

൰൨ ¶ എന്നാൽ ജനസംഘം എല്ലാം
മിണ്ടാതിരുന്നു, ബൎന്നബാസും പൌലൊ
സും ദൈവം തങ്ങളെക്കൊണ്ടു ജാതികളു
ടെ ഇടയിൽ ചെയ്യിച്ച അടയാളങ്ങളെ
യും അത്ഭുതങ്ങളെയും എല്ലാം വിവരിക്കു
ന്നതു കെട്ടുകൊണ്ടിരുന്നു.

൰൩ അവർ മിണ്ടാതിരുന്ന ശേഷം
യാക്കോബ് ഉത്തരം പറഞ്ഞതു:

¶ സഹോദരന്മാരായ പുരുഷന്മാരേ,
എന്നെ ചെവിക്കൊൾവിൻ;

൰൪ ദൈവം തന്റെ നാമത്തിന്നായി
ജാതികളിൽനിന്നു ഒരു ജനത്തെ എടു
ത്തുകൊൾവാൻ ആദിയിൽ കടാക്ഷിച്ച
പ്രകാരം ശീമോൻ വിവരിച്ചുവല്ലോ.

൰൫ ഇതിനോടു പ്രവാചകന്മാരുടെ
വാക്യങ്ങളും ഒത്തിരിക്കുന്നു:

൰൬ അനന്തരം ഞാൻ തിരിഞ്ഞു ദാവീ
ദിന്റെ വീണുപോയ കൂടാരത്തെ പി
ന്നെയും പണിയും, അതിന്റെ ശൂന്യ
ശിഷ്ടങ്ങളെ വീണ്ടും പണിതു അതിനെ
ഉയൎത്തും;

൰൭ മനുഷ്യരിൽ ശേഷിച്ചവരും എ
ന്റെ നാമം വിളിക്കപ്പെട്ടിട്ടുള്ള എല്ലാജാ
തികളും കൎത്താവിനെ അന്വേഷിക്കേണ്ട
തിന്നു തന്നേ എന്നു

൰൮ ഇവയെ പൂൎവ്വകാലം മുതൽ അ
റിയിക്കുന്ന കൎത്താവു പറയുന്നു എന്നു എ
ഴുതിയിരിക്കുന്ന പ്രകാരം തന്നേ. അനാ
ദികാലം മുതൽ ദൈവം തന്റെ സകല
പ്രവൃത്തികളും അറിഞ്ഞിരിക്കുന്നു.

൰൯ ആകയാൽ ഞാൻ നിൎണ്ണയിക്കുന്ന
തു ജാതികളിൽനിന്നു ദൈവത്തിങ്കലേക്കു
തിരിയുന്നവരെ നാം അസഹ്യപ്പെടുത്താ
തെ

൨൰ അവർ വിഗ്രഹങ്ങളുടെ അശുദ്ധ
ങ്ങൾ, വേശ്യാദോഷം, ശ്വാസംമുട്ടിച്ച
ത്തു, രക്തം എന്നിവയെ വൎജ്ജിച്ചിരി
പ്പാൻ നാം അവൎക്ക് എഴുതേണം എന്നാ
കുന്നു.

൨൰൧ മോശെ ശബ്ബത്തുതോറും പള്ളിക
ളിൽ വായിക്കപ്പെടുന്നതിനാൽ പൂൎവ്വതല
മുറകൾ മുതൽ അവനെ പട്ടണംതോറും
പ്രസംഗിക്കുന്നവർ ഉണ്ടല്ലോ.

൨൨ ¶ അപ്പോൾ തങ്ങളിൽനിന്നു ചില പുരുഷന്മാരെ തെരിഞ്ഞെടുത്തു, പൌലൊസിനോടും ബൎന്നബാസിനോടുംകൂടെ അന്ത്യോക്ക്യയിലേക്കു അയക്കുന്നതു സകലസഭയോടുംകൂടെ അപ്പൊസ്തലന്മാൎക്കും മൂപ്പന്മാൎക്കും നന്നെന്നു തോന്നി. അപ്പോൾ സഹോദരന്മാരിൽ പ്രമാണപ്പെട്ട പുരുഷന്മാരാകുന്ന ബൎശബ്ബാസ് എന്ന യൂദാവിനെയും ശീലാസിനെയും നിയോഗിച്ചു.

൨൩ അവരുടെ കൈവശം എഴുതി അയച്ചതാവിതു: അപ്പൊസ്തലന്മാരും മൂപ്പന്മാരായ സഹോദരന്മാരും അന്ത്യോക്ക്യയിലും സുറിയയിലും കിലിക്ക്യയിലും ജാതികളിൽനിന്നു വന്ന സഹോദരന്മാൎക്കു വന്ദനം.

൨൪ ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളിൽനിന്നു പുറപ്പെട്ടു, നിങ്ങളെ വാക്കുകളാൽ കലക്കി, നിങ്ങളുടെ ഹൃദയങ്ങളെ മറിച്ചുകളഞ്ഞപ്രകാരം കേൾക്കകൊണ്ടു,

൨൫ ഞങ്ങൾ ചില ആളുകളെ തെരിഞ്ഞെടുത്തു നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ നാമത്തിന്നുവേണ്ടി തങ്ങളുടെ പ്രാണങ്ങളേ ഏല്പിച്ചുകൊടുത്തവരായ

൨൬ നമ്മുടെ പ്രിയപ്പെട്ട ബൎന്നബാസ്, പൌലൊസ് എന്നവരോടു കൂടെ നിങ്ങളുടെ അടുക്കലേക്കു അയക്കുന്നതു നന്നെന്നു ഞങ്ങൾ ഒരുമനപ്പെട്ടു നിശ്ചയിച്ചു.

൨൭ ആകയാൽ ഞങ്ങൾ യൂദാവിനെയും ശീലാസിനെയും അയച്ചിരിക്കുന്നു; അവരും വാമൊഴിയായി ഇവയെ തന്നേ അറിയിക്കും.

൨൮ എങ്ങനെയെന്നാൽ വിഗ്രഹാൎപ്പിതങ്ങൾ, രക്തം, ശ്വാസം മുട്ടിച്ചത്തതു, വേശ്യാദോഷം എന്നിവയെ വൎജ്ജിക്കുന്നതു ആവശ്യം എന്നല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെമേൽ ചുമത്തരുതു എന്നു പരിശുദ്ധാത്മാവിന്നും ഞങ്ങൾക്കും തോന്നിയിരിക്കുന്നു.

൨൯ ഇവയിൽനിന്നു നിങ്ങളെ തന്നേ സൂക്ഷിച്ചുകൊണ്ടാൽ നന്നു; സുഖമായിരിപ്പിൻ.

൩൦ ¶ അങ്ങനെ അവർ യാത്രയയക്കപ്പെട്ടു, അന്ത്യോക്ക്യയിലേക്കു ഇറങ്ങിച്ചെന്നു, ജനസംഘത്തെ കൂട്ടിവരുത്തി ലേഖനം കൊടുത്തു.

൩൧ അതു വായിച്ചിട്ടു അവർ ഈ ആശ്വാസം ഹേതുവായി സന്തോഷിച്ചു.

൩൨ യൂദാവു ശീലാസു എന്നിവർ തങ്ങളും പ്രവാചകന്മാർ ആകകൊണ്ടു പല വചനത്താലും സഹോദരന്മാരേ പ്രബോധിപ്പിച്ചു ഉറപ്പിച്ചു.

൩൩ ഒട്ടുനാൾ താമസിച്ചശേഷം അവർ തങ്ങളെ അയച്ചവരുടെ അടുക്കലേക്കു സഹോദരന്മാരാൽ സമാധാനത്തോടെ അയക്കപ്പെട്ടു.

൩൪ [*എന്നാൽ ശീലാസിന്നു അവിടെ വസിക്കേണം എന്നു തോന്നി.]

൩൫ എന്നാൽ പൌലൊസും ബൎന്നബാസും അന്ത്യോക്ക്യയിൽ പാൎത്തു; മറ്റു പലരോടുംകൂടി കൎത്താവിന്റെ വചനം ഉപദേശിച്ചും സുവിശേഷിച്ചുംകൊണ്ടിരുന്നു.

൩൬ ¶ ചില ദിവസങ്ങളുടെ ശേഷം പൌലൊസ് ബൎന്നബാസിനോടു: നാം കൎത്താവിന്റെ വചനം അറിയിച്ചിട്ടുള്ള നഗരങ്ങൾ തോറും പിന്നെയും ചെന്നു, സഹോദരന്മാർ എങ്ങനെയിരിക്കുന്നു എന്നു നോക്കേണം എന്നു പറഞ്ഞു.

൩൭ എന്നാൽ മൎക്കൊസ് എന്ന യോഹന്നാനെയും കൂട്ടിക്കൊൾവാൻ ബൎന്നബാസ് ഇച്ഛിച്ചു.

൩൮ പൌലൊസോ പംഫുല്യയിൽനിന്നു തങ്ങളെ വിട്ടുംവെച്ചു പ്രവൃത്തിക്കു വരാതെ പോയവനെ കൂട്ടിക്കൊണ്ടു പോകുന്നതു യോഗ്യമല്ല എന്നു നിരൂപിച്ചു.

൩൯ അങ്ങനെ അവർ തമ്മിൽ ഉഗ്രവാദമുണ്ടായിട്ടു വേർപിരിഞ്ഞു; ബൎന്നബാസ് മൎക്കൊസിനെ കൂട്ടിക്കൊണ്ടു കുപ്രൊസ് ദ്വീപിലേക്കു കപ്പലേറിപ്പോയി.

൪൦ പൌലൊസോ ശീലാസിനെ തെരിഞ്ഞെടുത്തു, സഹോദരന്മാരാൽ കൎത്താ

* ചില പുരാതനലിപികളിൽ ഈ വാക്യം കാണ്മാനില്ല

വിൻെറ കൃപയിൽ ഭരമേല്പിക്കപ്പെട്ട ശേഷം പുറപ്പെട്ടു.

൪൧ അവൻ സുറിയ കിലിക്യ നാടുകളിൽ കൂടി സഭകളെ ഉറപ്പിച്ചുകൊണ്ടു സഞ്ചരിച്ചു.

൧൬ാം അദ്ധ്യായം.

അവൻ ദെൎബ്ബയിലും ലുസ്ത്രയിലും എത്തിയാറെ ഇതാ, അവിടെ തിമൊഥെയൊസ് എന്നു പേരുള്ളവനായി വിശ്വാസമുള്ളോരു യഹൂദസ്ത്രീയുടെ പുത്രനായ ഒരു ശിഷ്യൻ ഉണ്ടായിരുന്നു; എന്നാൽ അവൻെറ അപ്പൻ യവനനായിരുന്നു.

൨ അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു.

൩ ഇവൻ തന്നോടുകൂടി പോരേണം എന്നു പൌലൊസ് ഇച്ഛിച്ചു; അവൻെറ അപ്പൻ യവനൻ എന്നു അവിടങ്ങളിലുള്ള യഹൂദന്മാർ എല്ലാവരും അറിഞ്ഞിരുന്നതിനാൽ അവരുടെ നിമിത്തം അവനെ പരിച്ഛേദന ചെയ്തു.

൪ എന്നാൽ അവർ പട്ടണങ്ങൾ തോറും കടന്നുപോകുമ്പോൾ യരുശലേമിലുള്ള അപ്പൊസ്തലന്മാരും മൂപ്പന്മാരും വിധിച്ച നിൎണ്ണയങ്ങൾ പ്രമാണിക്കേണ്ടതിന്നു അവൎക്കു ഏല്പിച്ചുകൊടുത്തു.

൫ ആകയാൽ സഭകൾ വിശ്വാസത്തിൽ ഉറെക്കയും എണ്ണത്തിൽ ദിവസേന പെരുകുകയും ചെയ്തു.

൬ ¶ അനന്തരം അവർ ആസ്യയിൽ വചനം അറിയിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യനാട്ടിലും കൂടി സഞ്ചരിച്ചു.

൭ അവർ മീസ്യയിൽ എത്തിയാറെ ബിഥുന്യെക്കു പോകുവാൻ ശ്രമിച്ചു; എന്നാറെ യേശുവിൻെറ ആത്മാവു അവരെ സമ്മതിച്ചില്ല.

൮ പിന്നെ അവർ മീസ്യ കടന്നുചെന്നു ത്രോവാസിലേക്കു ഇറങ്ങിപ്പോയി.

൯ അവിടെ മക്കെദോന്യക്കാരനായ ഒരു പുരുഷൻ അരികേ നിന്നു: നീ മക്കെദോന്യെക്കു കടന്നു വന്നു ഞങ്ങൾക്കു സഹായിക്ക എന്നു തന്നോടു അപേക്ഷിച്ചു പറയുന്ന പ്രകാരം രാത്രിയിൽ പൌലൊസ് ഒരു ദൎശനം കണ്ടു.

൧൦ ഈ ദൎശനം കണ്ടപ്പോൾ അവരോടു സുവിശേഷിക്കേണ്ടതിന്നു ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചിട്ടു ഞങ്ങൾ മക്കെദോന്യെക്കു പുറപ്പെടുവാൻ ഉടനേ ശ്രമിച്ചു.

൧൧ ¶ ആകയാൽ ത്രോവാസിൽനിന്നു കപ്പൽ നീക്കി നേരെ സമൊത്രാക്കെയിലേക്കും പിറെറന്നാൾ നവപൊലിക്കും,

൧൨ അവിടെനിന്നു ഫിലിപ്പിയിലേക്കും ഓടി. ഇതു മക്കെദോന്യയുടെ ആ ഭാഗത്തു പ്രധാനപട്ടണവും റോമർ കുടിയേറിയതും ആകുന്നു; ആ പട്ടണത്തിൽ ഞങ്ങൾ ചില ദിവസം പാൎത്തു.

൧൩ ശബ്ബത്തുനാളിൽ ഞങ്ങൾ പട്ടണവാതിലിന്നു പുറത്തേക്കു പോയി അവിടെ പ്രാൎത്ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ച പുഴവക്കത്തു ഇരുന്നു, അവിടെ കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു:

൧൪ അപ്പോൾ തുയത്തൈരാപുരിക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായ ലുദിയാ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൌലൊസ് പറയുന്നവയെ ശ്രദ്ധിക്കേണ്ടതിന്നു കൎത്താവു അവളുടെ ഹൃദയത്തെ തുറന്നു.

൧൫ അവളും കുഡുംബവും സ്നാനം ഏററ ശേഷം: നിങ്ങൾ എന്നെ കൎത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നു എങ്കിൽ എൻെറ ഭവനത്തിൽ വന്നു പാൎപ്പിൻ എന്നു പറഞ്ഞു അപേക്ഷിച്ചു; അവൾ ഞങ്ങളെ നിൎബ്ബന്ധിക്കയും ചെയ്തു.

൧൬ ¶ എന്നാൽ ഞങ്ങൾ പ്രാൎത്ഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടാത്മാവുള്ളവളായി ലക്ഷണം പറഞ്ഞു തൻെറ യജമാനന്മാൎക്കു വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേല്ക്കയുണ്ടായി.

൧൭ അവൾ പൌലൊസിൻെറയും ഞങ്ങളുടെയും പിന്നാലെ വന്നു: ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിൻെറ

ദാസന്മാരായി രക്ഷാമാൎഗ്ഗത്തെ നിങ്ങളോട്ടു അറിയിക്കുന്നവർ ആകുന്നു എന്നു വിളിച്ചു പറഞ്ഞു.

൰൮ ഇങ്ങനെ അവൾ പലനാൾ ചെയ്തുവന്നപ്പോൾ പൌലൊസ് വിഷമിച്ചു തിരിഞ്ഞുനോക്കി ആ ആത്മാവിനോടു: അവളെ വിട്ടു പുറപ്പെട്ടു പോകുവാൻ യേശു ക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽ തന്നേ അതു അവളിൽനിന്നു പുറപ്പെട്ടുപോയി.

൰൯ ¶ എന്നാൽ അവളുടെ യജമാനന്മാർ തങ്ങളുടെ ലാഭത്തിൻെറ ആശ പൊയ്പോയപ്രകാരം കണ്ടിട്ടു പൌലൊസിനെയും ശീലാസിനെയും പിടിച്ചു ചന്തസ്ഥലത്തു പ്രമാണികളുടെ അടുക്കലേക്കു വലിച്ചുകൊണ്ടുപോയി.

൨൰ അവരെ നായകന്മാരുടെ മുമ്പിൽ ആക്കി: യഹൂദന്മാരായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കി,

൨൰൧ റോമക്കാരായ നമുക്കു അംഗീകരിപ്പാനും ആചരിപ്പാനും ന്യായമല്ലാത്ത മൎയ്യാദകളെ അറിയിക്കുന്നു എന്നു പറഞ്ഞു.

൨൰൨ പുരുഷാരവും അവരുടെ നേരെ ഇളകി; നായകന്മാർ അവരുടെ വസ്ത്രങ്ങളെ പറിച്ചു കീറീട്ടു കോലുകൾകൊണ്ടു അവരെ അടിപ്പാൻ കല്പിക്കയും ചെയ്തു.

൨൰൩ അവരെ വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി കാരാഗൃഹപ്രമാണിയോടു അവരെ സൂക്ഷ്മത്തോടെ കാപ്പാൻ കല്പിച്ചു.

൨൰൪ ആയവൻ ഇപ്രകാരമുള്ള കല്പന കിട്ടുകയാൽ അവരെ അകത്തേ തടവിൽ ആക്കി അവരുടെ കാലുകൾ ആമത്തിൽ ഇട്ടു പൂട്ടി.

൨൰൫ പാതിരാത്രിയിൽ പൌലൊസും ശീലാസും പ്രാൎത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു; തടവുകാർ അവരെ ശ്രദ്ധിച്ച് കൊണ്ടിരുന്നു.

൨൰൬ അപ്പോൾ പൊടുന്നനവേ വലിയോരു ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിൻെറ അടിസ്ഥാനങ്ങളും കുലുങ്ങി, ക്ഷണത്തിൽ വാതിലുകൾ ഒക്കെയും തുറന്നു, എല്ലാവരുടെയും ചങ്ങലകൾ അഴിഞ്ഞു വീണു.

൨൰൭ കാരാഗൃഹപ്രമാണി ഉറക്കുണൎന്നു കാരാഗൃഹവാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു ചങ്ങലക്കാർ ഓടിപ്പൊയ്ക്കളഞ്ഞു എന്നു ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു.

൨൰൮ അപ്പോൾ പൌലൊസ്: നിനക്കു നീ ഒരു ദോഷവും ചെയ്യരുതു; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു.

൨൰൯ അവൻ വിളക്കു ചോദിച്ചു അകത്തേക്കു ചാടി, വിറച്ചുംകൊണ്ടു പൌലൊസിൻെറയും ശീലാസിൻെറയും മുമ്പിൽ വീണു.

൩൰ അവരെ പുറത്തു കൊണ്ടുവന്നു: യജമാനന്മാരേ, രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു.

൩൰൧ കൎത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിൻെറ കുഡുംബവും രക്ഷിക്കപ്പെടും എന്നു അവർ പറഞ്ഞു.

൩൰൨ കൎത്താവിൻെറ വചനം അവനോടും അവൻെറ വീട്ടിലുള്ള എല്ലാവരോടും സംസാരിച്ചു.

൩൰൩ അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നേ, അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി, താനും തനിക്കുള്ളവരെല്ലാവരും ക്ഷണത്തിൽ സ്നാനപ്പെടുകയും ചെയ്തു.

൩൰൪ പിന്നെ അവരെ വീട്ടിൽ കരേററി കൊണ്ടുപോയി, അവരുടെ മുമ്പാകേ ഭക്ഷണം വെച്ചു, ദൈവത്തിൽ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിക്കയും ചെയ്തു.

൩൰൫ ¶ നേരം പുലൎന്നപ്പോൾ നായകന്മാർ കോല്ക്കാരെ അയച്ചു: ആ മനുഷ്യരെ വിട്ടയക്കേണം എന്നു പറയിച്ചു.

൩൰൬ കാരാഗൃഹപ്രമാണി ഈ വാക്കുകളെ പൌലൊസിനോടു അറിയിച്ചു: നിങ്ങളെ വിട്ടയപ്പാൻ നായകന്മാർ ആളയച്ചിരിക്കുന്നു; ആകയാൽ ഇപ്പോൾ പുറപ്പെട്ടു സമാധാനത്തോടെ പോകുവിൻ എന്നു പറഞ്ഞു.

൩൭ പൌലൊസ് അവരോടു: റോമ
പൌരന്മാരാകുന്ന ഞങ്ങളെ, അവർ കു
റ്റവിധി കൂടാതെ പരസ്യമായി അടി
പ്പിച്ചു തടവിലാക്കിയല്ലോ; ഇപ്പോൾ ര
ഹസ്യമായി ഞങ്ങളെ പുറത്താക്കുന്നുവോ?
അങ്ങനെ അല്ല, അവർ തന്നേ വന്നു ഞ
ങ്ങളെ പുറത്തു കൊണ്ടുപോകട്ടെ എന്നു
പറഞ്ഞു.
൩൮ കോല്ക്കാർ ആ മൊഴികളെ നാ
യകന്മാരോടു ബോധിപ്പിച്ചാറെ അവർ
റോമപൌരന്മാർ ആകുന്നു എന്നു കേട്ട
പ്പോൾ അവർ ഭയപ്പെട്ടു.
൩൯ ചെന്നു അവരോടു അപേക്ഷി
ച്ചു അവരെ പുറത്തു കൊണ്ടുവന്നിട്ടു പ
ട്ടണം വിട്ടു പോകേണം എന്നു യാചിച്ചു.
൪൦ അവർ തടവിൽനിന്നു ഇറങ്ങി,
ലുദിയയുടെ വീട്ടിൽ ചെന്നു, സഹോദര
ന്മാരേ കണ്ടു ആശ്വസിപ്പിച്ചശേഷം പു
റപ്പെട്ടുപോകയും ചെയ്തു.

൧൭ാം അദ്ധ്യായം.

എന്നാൽ അവർ അംഫിപൊലിസിലും
അപ്പൊലോന്യയിലും കൂടി കടന്നുപോ
യി തെസ്സലൊനീക്കയിൽ എത്തി; അവി
ടെ യഹൂദന്മാരുടെ ഒരു പള്ളി ഉണ്ടായി
രുന്നു.
൨ പൌലൊസിന്നു പതിവായിരുന്ന
പ്രകാരം അവൻ അവരുടെ അടുക്കൽ
ചെന്നു, മൂന്നു ശബ്ബത്തുദിവസങ്ങളിൽ തി
രുവെഴുത്തുകളിൽനിന്നു അവരോടു വാ
ദിച്ചു.
൩ ക്രിസ്തു കഷ്ടപ്പെടുകയും മരിച്ചവരി
ൽനിന്നു ഉയിൎത്തെഴുനീല്ക്കയും ചെയ്യേണ്ടി
യതു എന്നും ഞാൻ നിങ്ങളോടു അറിയി
ക്കുന്ന ഈ യേശു തന്നേ ക്രിസ്തു എന്നും
തുറന്നു കാണിച്ചു വിവരിച്ചുകൊണ്ടിരു
ന്നു.
൪ അവരിൽ ചിലരും ഭക്തിയുള്ള യ
വനന്മാരിൽ ഒരു വലിയ കൂട്ടവും മാന്യ
സ്ത്രീകളിൽ അല്പമല്ലാത്ത എണ്ണവും വി
ശ്വസിച്ചു, പൌലൊസിനോടും ശീലാ
സിനോടും ചേൎന്നു.
൫ എന്നാൽ യഹൂദന്മാർ അസൂയ പൂ
ണ്ടു, മിനക്കെട്ടു നടക്കുന്നവരിൽ ചില ദു
ഷ്ടന്മാരെ ചേൎത്തുകൊണ്ടു പുരുഷാരത്തെ
ഇളക്കി, പട്ടണത്തിൽ ആരവാരം ഉണ്ടാ
ക്കി, യാസോന്റെ ഭവനത്തെ വളഞ്ഞു,
അവരെ ജനസംഘത്തിൽ കൊണ്ടുവരു
വാൻ ശ്രമിച്ചു.
൬ അവരെ കാണാഞ്ഞിട്ടു യാസോനെ
യും ചില സഹോദരന്മാരെയും നഗരാ
ധിപന്മാരുടെ അടുക്കലേക്കു ഇഴെച്ചുകൊ
ണ്ടു: ഭൂലോകത്തെ കലഹിപ്പിച്ചവരായ
ഇവർ ഇവിടെയും എത്തി;
൭ യാസോൻ അവരെ കൈക്കൊണ്ടും
ഇരിക്കുന്നു; ഇവർ എല്ലാം യേശു എന്ന
മറ്റൊരുവൻ രാജാവു എന്നു പറഞ്ഞു
കൊണ്ടു കൈസരുടെ നിയമങ്ങൾക്കു
പ്രതികൂലമായി പ്രവൃത്തിക്കുന്നു എന്നു നി
ലവിളിച്ചു.
൮ പുരുഷാരത്തെയും ഇവയെ കേട്ട
നഗരാധിപന്മാരെയും അവർ കലക്കി.
൯ പിന്നെ ഇവർ യാസോൻ മുതലാ
യവരോടു ജാമ്യം വാങ്ങി അവരെ വിട്ട
യച്ചു.
൧൦ ¶ സഹോദരന്മാർ ഉടനേ രാത്രി
യിൽ പൌലൊസിനെയും ശീലാസിനെ
യും ബെരോയെക്കു പറഞ്ഞയച്ചു. അവി
ടെ എത്തിയാറെ അവർ യഹൂദന്മാരുടെ
പള്ളിയിൽ പോയി.
൧൧ ഇവർ തെസ്സലൊനിക്കയിലുള്ളവ
രെക്കാൾ ഉത്തമന്മാരായിരുന്നു. വചന
ത്തെ എല്ലാജാഗ്രതയോടുംകൂടെ കൈക്കൊ
ണ്ടതുമല്ലാതെ ഇവ ഇങ്ങനെ തന്നെയോ
എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ അ
വർ പരിശോധിക്കയും ചെയ്തു.
൧൨ ആകയാൽ അവരിൽ പലരും മാ
ന്യരായ യവനസ്ത്രീകളിലും പുരുഷന്മാരി
ലും അല്പമല്ലാത്ത എണ്ണവുംവിശ്വസിച്ചു.
൧൩ പൌലൊസ് ബെരോയയിലും
ദൈവവചനത്തെ അറിയിച്ചപ്രകാരം
തെസ്സലൊനീക്കയിലേ യഹൂദന്മാർ അറി
ഞ്ഞാറെ അവിടെയും വന്നു പുരുഷാരങ്ങ
ളെ ഇളക്കുകയും കലക്കുകയും ചെയ്തു.
൧൪ അപ്പോൾ സഹോദരന്മാർ ഉട
നേ പൌലൊസിനെ സമുദ്രം വരെ പോ
കുവാൻ അയച്ചു; ശീലാസും തിമൊഥെ

യൊസും അവിടെ തന്നേ പാൎക്കയും ചെയ്തു.

൧൫ പൌലൊസിനോടുകൂടെ വഴിത്തുണ പോയവർ അവനെ അഥേനയോളം കൊണ്ടുപോയി: പിന്നെ ശീലാസും തിമൊഥെയൊസും വേഗത്തിൽ തന്റെ അടുക്കൽ എത്തേണം എന്നുള്ള കല്പന വാങ്ങിക്കൊണ്ടു അവർ പുറപ്പെട്ടു പോകയും ചെയ്തു.

൧൬ ¶ അഥേനയിൽ പൌലൊസ് അവൎക്കായി കാത്തിരിക്കുമ്പോൾ നഗരം ബിംബങ്ങളാൽ നിറഞ്ഞിരിക്കുന്നതു കണ്ടു ഉള്ളിൽ അവന്റെ ആത്മാവു ജ്വലിച്ചുവന്നു.

൧൭ അവൻ പള്ളിയിൽ വെച്ചു യഹൂദന്മാരോടും ഭക്തിയുള്ളവരോടും ചന്തസ്ഥലത്തിൽ ദിവസേന കണ്ടവരോടും സംഭാഷിച്ചുകൊണ്ടിരുന്നു.

൧൮ എന്നാറെ എപ്പിക്കൂൎയ്യരും സ്തോയിക്കരും ആകുന്ന ജ്ഞാനികളിൽ ചിലർ അവനോടു വാദിച്ചു: ഈ വിടുവായൻ എന്തു പറവാൻ ഭാവിക്കുന്നു എന്നു ചിലരും അവൻ യേശുവിനെയും പുനരുത്ഥാനത്തെയും സുവിശേഷിക്കകൊണ്ടു: ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവൻ എന്നു തോന്നുന്നു എന്നു മററു ചിലരും പറഞ്ഞു.

൧൯ പിന്നെ അവനെ പിടിച്ചു അരയോപഗക്കുന്നിന്മേൽ കൂട്ടിക്കൊണ്ടു ചെന്നു: നീ സംസാരിക്കുന്ന ഈ പുത്തൻ ഉപദേശം ഇന്നതു എന്നു ഞങ്ങൾക്കു അറിയാമോ?

൨൦ എന്തുകൊണ്ടെന്നാൽ നീ ചില അപൂൎവ്വങ്ങളെ ഞങ്ങളുടെ ചെവികളിൽ കടത്തുന്നു; ആകയാൽ ഇവ ഇന്നതു എന്നു അറിവാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു.

൨൧ എന്നാൽ അഥേനർ എല്ലാവരും അവിടെ വന്നു പാൎക്കുന്ന പരദേശികളും വല്ല പുതുമയും പറകയോ കേൾക്കയോ ചെയ്വാനല്ലാതെ മറെറാന്നിന്നും അവസരമുള്ളവരല്ല.

൨൨ അനന്തരം പൌലൊസ് അരയോപഗമദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞു:

¶ അഥേനരായ പുരുഷന്മാരേ, നിങ്ങൾ എല്ലാംകൊണ്ടും ദേവതാഭക്തിയേറിയവർ എന്നു ഞാൻ കാണുന്നു.

൨൩ എന്തുകൊണ്ടെന്നാൽ ഞാൻ ചുററിനടന്നു നിങ്ങളുടെ പൂജാവിഷയങ്ങളെ നോക്കുമ്പോൾ അറിയാത്ത ദേവന്നു എന്നു എഴുത്തുള്ള ഒരു വേദിക്കല്ലും കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതിനെ തന്നേ ഞാൻ നിങ്ങളോടു അറിയിക്കുന്നു:

൨൪ ലോകവും അതിലുള്ളവ ഒക്കെയും ഉണ്ടാക്കിയ ദൈവം ആകാശത്തിന്നും ഭൂമിക്കും കൎത്താവാകകൊണ്ടു കൈപ്പണിയായ ആലയങ്ങളിൽ വാസം ചെയ്യുന്നില്ല.

൨൫ താൻ എല്ലാവൎക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിന്നും മുട്ടുള്ളവൻ എന്നപോലെ മാനുഷകൈകളാൽ സേവിക്കപ്പെടുന്നു എന്നുമില്ല.

൨൬ ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാനായിട്ടു അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉണ്ടാക്കി, അവരുടെ കുടിയിരിപ്പിന്നു നിൎണ്ണയിക്കപ്പെട്ട സമയങ്ങളെയും അതിരുകളെയും നിശ്ചയിച്ചു.

൨൭ ദൈവത്തെ അവർ തപ്പിനോക്കി കണ്ടെത്തുമായിരിക്കുമോ എന്നു വെച്ചു അവനെ അന്വേഷിപ്പാനായിട്ടു തന്നേ. അവൻ നമ്മിൽ ആൎക്കും അകന്നിരിക്കുന്നവനല്ല താനും.

൨൮ അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു. അങ്ങനെ നിങ്ങളുടെ കവികളിൽ ചിലരും നാം അവന്റെ വംശവും ആകുന്നു എന്നു ചൊല്ലിയിരിക്കുന്നു.

൨൯ ആകയാൽ നാം ദൈവവംശം എന്നു വരികയാൽ ദൈവത്വം മനുഷ്യന്റെ ശില്പവേലയും സങ്കല്പവുംകൊണ്ടു കൊത്തിത്തീൎക്കുന്ന പൊൻ, വെള്ളി, കല്ലു എന്നിവയോടു സദൃശം എന്നു നിരൂപിക്കേണ്ടതല്ല.

൩൦ എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതിരുന്നിട്ടു

ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.

൩൧ എന്തുകൊണ്ടെന്നാൽ താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായംവിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്പിച്ചതിനാൽ എല്ലാവൎക്കും അതിന്റെ വിശ്വാസ്യത നല്കിയുമിരിക്കുന്നു.

൩൨ ¶ എന്നാൽ മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ചു കേട്ടിട്ടു ചിലർ പരിഹസിച്ചു; മററു ചിലർ: ഞങ്ങൾ ഇതിനെ പററി പിന്നെയും നിങ്കൽനിന്നു കേൾക്കും എന്നു പറഞ്ഞു.

൩൩ ഇങ്ങനെ പൌലൊസ് അവരുടെ നടുവിൽനിന്നു പുറപ്പെടുകയും ചെയ്തു.

൩൪ എന്നാൽ ചില പുരുഷന്മാർ അവനോടു ചേൎന്നു വിശ്വസിച്ചു; അവരിൽ അരയോപഗസ്ഥാനിയായ ദിയോനുസ്യൊസും ദമരിസ് എന്നു പേരുള്ള ഒരു സ്ത്രീയും അവരോടു കൂടെ മററു ചിലരും ഉണ്ടായിരുന്നു.

൧൮ാം അദ്ധ്യായം.

അനന്തരം അവൻ അഥേനയെ വിട്ടു കൊരിന്തിൽ വന്നു.

൨ യഹൂദന്മാർ എല്ലാവരും രോമപ്പട്ടണം വിട്ടു പോകേണം എന്നു ക്ലൌദ്യൊസ് കല്പിച്ചതുകൊണ്ടു ഇത്തല്യയിൽനിന്നു ആ ഇടെക്കു വന്നവനായി പൊന്തൊസിൽ ജനിച്ചവനായ അക്വിലാസ് എന്നു പേരുള്ള ഒരു യഹൂദനെയും അവന്റെ ഭാൎയ്യ പ്രിസ്കില്ലയെയും കണ്ടു, അവരുടെ അടുക്കൽ ചെന്നു.

൩ തൊഴിൽ ഒന്നാകകൊണ്ടു അവൻ അവരോടുകൂടെ പാൎത്തു വേല ചെയ്തുകൊണ്ടിരുന്നു; തൊഴിലോ കൂടാരപ്പണിയായിരുന്നു.

൪ എന്നാൽ ശബ്ബതുദിവസന്തോറും അവൻ പള്ളിയിൽ സംവാദിച്ചു യഹൂദന്മാരെയും യവനന്മാരെയും സമ്മതിപ്പിച്ചു.

൫ ¶ പിന്നെ ശീലാസും തിമൊഥെയൊസും മക്കെദോന്യയിൽനിന്നു വന്നാറെ പൌലൊസ് വചനത്താൽ നിൎബ്ബന്ധിക്കപ്പെട്ടിട്ടു യേശുവിനെ ക്രിസ്തു എന്നു യഹൂദന്മാൎക്കു സാക്ഷീകരിച്ചു.

൬ അവർ എതിർ പറകയും ദൂഷിക്കയും ചെയ്കയാൽ അവൻ തന്റെ വസ്ത്രങ്ങളെ കുടഞ്ഞു: നിങ്ങളുടെ രക്തം നിങ്ങളുടെ തലമേൽ ഇരിക്കും; ഞാൻ നിൎമ്മലൻ; ഇനിമേൽ ഞാൻ ജാതികളുടെ അടുക്കലേക്കു പോകും എന്നു അവരോടു പറഞ്ഞു.

൭ അവൻ അവിടെനിന്നു മാറി, തീത്തൊസ് യുസ്തൊസ് എന്ന ഒരു ദൈവഭക്തന്റെ വീട്ടിൽ ചെന്നു; അവന്റെ വീടു പള്ളിയോടു തൊട്ടു ചേൎന്നിരുന്നു.

൮ പള്ളിപ്രമാണിയായ ക്രിസ്പൊസ് തന്റെ സകല കുഡുംബത്തോടും കൂടെ കൎത്താവിൽ വിശ്വസിച്ചു; കൊരിന്ത്യരിൽ അനേകർ കേട്ടിട്ടു വിശ്വസിച്ചു സ്നാനപ്പെടുകയും ചെയ്തു.

൯ രാത്രിയിൽ കൎത്താവു പൌലൊസിനോടു ദൎശനത്തിൽ പറഞ്ഞതു: നീ ഭയപ്പെടാതെ സംസാരിക്ക, മിണ്ടാതിരിക്കരുതു.

൧൦ എന്തുകൊണ്ടെന്നാൽ ഞാൻ നിന്നോടു കൂടെ ഉണ്ടു, നിന്നെ ദണ്ഡിപ്പിപ്പാൻ ആരും കയ്യേററം ചെയ്കയില്ല; ഈ നഗരത്തിൽ എനിക്കു വളരെ ജനം ഉണ്ടു.

൧൧ അവൻ ഒരാണ്ടും ആറു മാസവും അവരുടെ ഇടയിൽ ദൈവവചനം ഉപദേശിച്ചുകൊണ്ടു താമസിച്ചു.

൧൨ ¶ ഗല്ലിയോൻ അഖായയിൽ ദേശാധിപതിയായി വാഴുമ്പോൾ യഹൂദന്മാർ പൌലൊസിന്റെ നേരെ ഒരുമനപ്പെട്ടു എഴുനീററു, അവനെ ന്യായാസനത്തിന്റെ മുമ്പാകേ കൊണ്ടുചെന്നു:

൧൩ ഇവൻ ന്യായപ്രമാണത്തിന്നു വിരോധമായി ദൈവത്തെ ഭജിപ്പാൻ മനുഷ്യരെ സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു.

൧൪ പൌലൊസ് വായ്തുറപ്പാൻ ഭാവിക്കുമ്പോൾ ഗല്ലിയോൻ യഹൂദന്മാരോടു

പറഞ്ഞു: ഹേ യഹൂദന്മാരേ, വല്ല അ
ന്യായമോ വല്ലാത്ത പാതകമോ ആയി
രുന്നെങ്കിൽ വഴി പോലെ ഞാൻ നിങ്ങ
ളെ സഹിക്കുമായിരുന്നു.
൧൫ വചനത്തെയും നാമങ്ങളെയും
നിങ്ങളുടെ ന്യായപ്രമാണത്തെയും സം
ബന്ധിച്ചുള്ള തക്കസംഗതികൾ എങ്കിലോ
നിങ്ങൾ തന്നേ നോക്കിക്കൊൾവിൻ: ഈ
വകെക്കു ന്യായാധിപതി ആകുവാൻ എ
നിക്കു മനസ്സില്ല.
൧൬ എന്നിട്ടു അവരെ ന്യായാസന
ത്തിങ്കൽനിന്നു പുറത്താക്കി.
൧൭ അവർ എല്ലാവരും പള്ളിപ്രമാ
ണിയായ സോസ്ഥനേസിനെ പിടിച്ചു,
ന്യായാസനത്തിന്റെ മുമ്പിൽ വെച്ചു അ
ടിച്ചു; ഇവ ഒന്നും ഗല്ലിയോൻ കൂട്ടാക്കിയ
തുമില്ല.
൧൮ ¶ പൌലൊസ് പിന്നെയും വ
ളരെ ദിവസം പാൎത്തശേഷം സഹോദ
രന്മാരോടു യാത്ര പറഞ്ഞിട്ടു തനിക്കു ഒരു
നേൎച്ച ഉണ്ടായിരുന്നതിനാൽ കെംക്രയ
യിൽ വെച്ചു തല ക്ഷൌരം ചെയ്യിച്ചിട്ടു,
പ്രിസ്കില്ലയോടും അക്വിലാസിനോടും കൂ
ടെ സുറിയയിലേക്കു കപ്പൽ കയറി പുറ
പ്പെട്ടു,
൧൯ എഫെസൊസിൽ വന്നു അവരെ
അവിടെ വിട്ടു താൻ പള്ളിയിൽ ചെന്നു
യഹൂദന്മാരോടു സംഭാഷിച്ചു.
൨൦ അവൻ കുറെക്കൂടെ താമസിക്കേ
ണം എന്നു അവർ അപേക്ഷിച്ചിട്ടു സ
മ്മതിക്കാതെ:
൨൧ ദൈവഹിതമുണ്ടെങ്കിൽ ഞാൻ നി
ങ്ങളുടെ അടുക്കൽ മടങ്ങി വരും എന്നു
ചൊല്ലി അവരോടു യാത്ര പറഞ്ഞു എഫെ
സൊസിൽനിന്നു കപ്പൽ നീക്കി.
൨൨ കൈസൎയ്യയിൽ വന്നിറങ്ങി, (യ
രുശലേമിലേക്കു) കരേറിച്ചെന്നു, സഭ
യെ വന്ദനം ചെയ്തിട്ടു അന്ത്യോക്യയിലേ
ക്കു ഇറങ്ങിപ്പോയി.
൨൩ അവിടെ കുറെ നാൾ താമസിച്ച
ശേഷം പുറപ്പെട്ടു, ക്രമത്താലേ ഗലാത്യ
നാട്ടിലും പ്രുഗ്യയിലും ശിഷ്യന്മാരെ എല്ലാ
വരെയും ഉറപ്പിച്ചുകൊണ്ടു സഞ്ചരിച്ചു.
൨൪ ¶ വിശേഷിച്ചു അലക്സന്ത്രിയ
യിൽ ജനിച്ചവനായി വാഗ്വൈഭവവും
തിരുവെഴുത്തുകളിൽ സാമൎത്ഥ്യവുമുള്ള അ
പ്പൊല്ലോസ് എന്നു പേരുള്ളോരു യഹൂദ
ൻ എഫെസൊസിൽ എത്തി.
൨൫ ഇവൻ കൎത്താവിന്റെ വഴിയിൽ
ഉപദേശിക്കപ്പെട്ടവൻ ആയിരുന്നു; യോ
ഹന്നാന്റെ സ്നാനം മാത്രം ഗ്രഹിച്ചുകൊ
ണ്ടു ആത്മാവിൽ എരിവുള്ളവനാകയാൽ
അവൻ യേശുവിനെ കുറിച്ചുള്ളവയെ
സംസാരിക്കയും ഉപദേശിക്കയും ചെയ്തു.
൨൬ അവൻ പള്ളിയിൽ പ്രാഗത്ഭ്യ
ത്തോടെ സംസാരിച്ചു തുടങ്ങി; എന്നാൽ
അക്വിലാസും പ്രിസ്കില്ലയും അവൻ പറ
യുന്നതിനെ കേട്ടാറെ അവനെ ചേൎത്തു
കൊണ്ടു ദൈവത്തിന്റെ വഴി ഏറെ സ്പ
ഷ്ടമായി അവന്നു തെളിയിച്ചുകൊടുത്തു.
൨൭ പിന്നെ അവൻ അഖായയിലേ
ക്കു കടപ്പാൻ ഇച്ഛിച്ചാറെ സഹോദരന്മാർ
അവനെ ഉത്സാഹിപ്പിച്ചു അവനെ കൈ
ക്കൊള്ളേണ്ടതിന്നു ശിഷ്യന്മാൎക്കു എഴുതി;
അവൻ എത്തിയാറെ കൃപയാൽ വിശ്വ
സിച്ചവൎക്കു വളരെ ഉപകരിച്ചു.
൨൮ എങ്ങനെ എന്നാൽ യേശുവിനെ
ക്രിസ്തു എന്നു തിരുവെഴുത്തുകളാൽ കാണി
ച്ചുകൊണ്ടു ബലത്തോടെ പരസ്യത്തിൽ
വാദിച്ചു യഹൂദന്മാരെ മടക്കി.

൧൯ാം അദ്ധ്യായം.

അനന്തരം അപ്പൊല്ലോസ് കൊരിന്തിൽ
ഇരിക്കുമ്പോൾ പൌലൊസ് മേൽദേശ
ങ്ങളൂടെ കടന്നിട്ടു എഫെസൊസിൽ എ
ത്തി, ചില ശിഷ്യന്മാരെ കണ്ടു:
൨ നിങ്ങൾ വിശ്വസിച്ചിട്ടു പരിശു
ദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അ
വരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാ
വു ഉള്ളപ്രകാരം കൂടെ ഞങ്ങൾ കേട്ടിട്ടി
ല്ല എന്നു അവർ പറഞ്ഞു.
൩ എന്നാൽ ഏതിലേക്കു സ്നാനപ്പെട്ടു
എന്നു അവരോടു ചോദിച്ചു. യോഹന്നാ
ന്റെ സ്നാനത്തിലേക്കു എന്നു അവർ പ
റഞ്ഞു.
൪ അപ്പോൾ പൌലൊസ് പറഞ്ഞ
തു: യോഹന്നാൻ തന്റെ പിന്നാലേ വ

രുന്നവനിൽ, അതായതു യേശുവിൽ, വി
ശ്വസിക്കേണം എന്നു ജനത്തോടു പറ
ഞ്ഞുകൊണ്ടു മാനസാന്തരസ്നാനമത്രെ ക
ഴിച്ചതു.
൫ ഇതു കേട്ടാറെ അവർ കർത്താവായ
യേശുവിന്റെ നാമത്തിലേക്കു സ്നാന
പ്പെട്ടു.
൬ പൌലൊസ് അവരുടെമേൽ കൈ
കളെ വെച്ചപ്പോൾ പരിശുദ്ധാത്മാവു അ
വരിൽ വന്നിട്ടു അവർ ഭാഷകളിൽ സം
സാരിക്കയും പ്രവചിക്കയും ചെയ്തു.
൭ ആ പുരുഷന്മാർ എല്ലാം കൂടി പന്ത്ര
ണ്ടോളം ആയിരുന്നു.
൮ ¶ പിന്നെ അവൻ പള്ളിയിൽ
ചെന്നു ദൈവരാജ്യത്തെ കുറിച്ചു സംവാ
ദിച്ചും സമ്മതിപ്പിച്ചുംകൊണ്ടു മൂന്നു മാസ
ത്തോളം പ്രാഗത്ഭ്യത്തോടെ സംസാരിച്ചു.
൯ എന്നാൽ ചിലർ കഠിനപ്പെട്ടു അ
നുസരിക്കാതെ പുരുഷാരത്തിന്റെ മുമ്പാ
കെ ഈ മാൎഗ്ഗത്തെ ദുഷിച്ചപ്പോൾ അവ
ൻ അവരെ വിട്ടു ശിഷ്യന്മാരെ വേർതി
രിച്ചു, തിറന്നൊസിന്റെ പാഠശാലയിൽ
ദിനമ്പ്രതി സംവാദിച്ചു.
൧൦ അതു രണ്ടു വൎഷത്തോളം നടക്ക
യാൽ ആസ്യയിൽ കുടിയിരിക്കുന്ന യഹൂ
ദന്മാരും യവനന്മാരും എല്ലാം കർത്താവി
ന്റെ വചനം കേട്ടു.
൧൧ ദൈവം പൌലൊസിന്റെ കൈ
കളെ കൊണ്ടു അസാമാന്യശക്തികളെ
കാണിക്കയാൽ
൧൨ അവന്റെ മെയ്മേൽ നിന്നു റൂ
മാലുകളും ഉത്തരീയങ്ങളും രോഗികളുടെ
മേൽ കൊണ്ടുവന്നിടുകയും വ്യാധികൾ
അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പു
റപ്പെട്ടുപോകയും ചെയ്തു.
൧൩ എന്നാൽ ദേശാന്തരികളായി ന
ടക്കുന്ന മന്ത്രവാദികളായ യഹൂദന്മാരിൽ
ചിലർ ദുരാത്മാക്കളുള്ളവരുടെമേൽ ക
ർത്താവായ യേശുവിന്റെ നാമത്തെ ചൊ
ല്ലുവാൻ തുനിഞ്ഞു: പൌലൊസ് പ്രസം
ഗിക്കുന്ന യേശുവിനെകൊണ്ടു ഞാൻ നി
ങ്ങളോടു ആണയിടുന്നു എന്നു പറഞ്ഞു.
൧൪ ഇങ്ങനെ ചെയ്യുവർ മഹാപുരോ
ഹിതനായ സ്കേവാ എന്ന ഒരു യഹൂദ
ന്റെ ഏഴു പുത്രന്മാർ ആയിരുന്നു.
൧൫ ദുരാത്മാവു ഉത്തരമായിട്ടു അവ
രോടു പറഞ്ഞതു: യേശുവിനെ ഞാൻ അ
റിയുന്നു, പൌലൊസിനെയും പരിചയ
മുണ്ടു; എന്നാൽ നിങ്ങൾ ആരു?
൧൬ പിന്നെ ദുരാത്മാവുള്ള മനുഷ്യൻ
അവരുടെ മേൽ ചാടി അവരെ ഇരുവ
രെയും കീഴടക്കി പ്രബലപ്പെടുകയാൽ
അവർ നഗ്നരായും മുറിവേററവരായും
ആ വീട്ടിൽനിന്നു ഓടിപ്പോയി.
൧൭ ഇതു എഫെസൊസിൽ പാൎക്കുന്ന
സകല യഹൂദന്മാരും യവനന്മാരും അറി
ഞ്ഞു; അവൎക്കു ഒക്കെയും ഭയം തട്ടി, ക
ർത്താവായ യേശുവിന്റെ നാമം മഹിമ
പ്പെടുകയും ചെയ്തു.
൧൮ വിശ്വസിച്ചവരിൽ അനേകരും
വന്നു തങ്ങളുടെ പ്രവൃത്തികളെ ഏററുപ
റഞ്ഞു അറിയിച്ചു.
൧൯ ക്ഷുദ്രങ്ങളെ പ്രവൃത്തിച്ചിട്ടുള്ള പ
ലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവ
ന്നു, എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു;
അവയുടെ വില കണക്കു കൂട്ടിയാറെ അ
മ്പതിനായിരം വെള്ളിക്കാശു എന്നു കണ്ടു.
൨൦ ഇങ്ങനെ കർത്താവിന്റെ വചനം
ശക്തിയോടെ വൎദ്ധിച്ചു പ്രബലപ്പെട്ടു.
൨൧ ¶ ഇവ കഴിഞ്ഞപ്പോൾ പൌ
ലൊസ് മക്കെദോന്യയിലും അഖായയി
ലും കൂടി കടന്നു, യരുശലേമിലേക്കു
പോകേണം എന്നു ആത്മാവിൽ നിശ്ച
യിച്ചിട്ടു: ഞാൻ അവിടെ ചെന്നശേഷം
റോമയും കാണേണം എന്നു പറഞ്ഞു.
൨൨ തനിക്കു ശുശ്രൂഷ ചെയ്യുന്നവ
രിൽ തിമൊഥെയൊസെന്നും, എരസ്തൊ
സെന്നും രണ്ടുപേരെ മക്കെദോന്യയിലേ
ക്കു അയച്ചിട്ടു താൻ കുറേകാലം ആസ്യ
യിൽ താമസിച്ചു.
൨൩ ¶ ആ സമയത്തു ഈ മാൎഗ്ഗത്തെ
ചൊല്ലി അല്പമല്ലാത്ത കലഹം ഉണ്ടായി.
൨൪ എങ്ങനെയെന്നാൽ അൎത്തമിസ്
ദേവിയുടെ വെള്ളിക്ഷേത്രങ്ങളെ തീൎക്കു
ന്ന ദെമേത്രിയൊസ് എന്ന ഒരു തട്ടാൻ
തൊഴില്ക്കാൎക്കു അല്പമല്ലാത്ത ലാഭം വരു
ത്തിവന്നു.

൨൫ അവരെയും ആ വകയിൽ ഉൾപെട്ട വേലക്കാരെയും കൂട്ടി വരുത്തി പറഞ്ഞു: പുരുഷന്മാരേ, നമ്മുടെ സമ്പാദ്യം ഈ തൊഴലിൽനിന്നു ആകുന്നു എന്നു നിങ്ങൾക്കു ബോദ്ധ്യമല്ലോ.

൨൬ എന്നാൽ ഈ പൌലൊസ് എന്നവൻ കൈകളാൽ ഉണ്ടായവർ ദേവന്മാർ അല്ല എന്നു പറഞ്ഞുകൊണ്ടു എഫെസൊസിൽ മാത്രമല്ല, മിക്കവാറും ആസ്യയിൽ ഒക്കെയും വളരെ ജനങ്ങളെ സമ്മതിപ്പിച്ചു മറിച്ചുകളഞ്ഞു എന്നു നിങ്ങൾ കണ്ടും കേട്ടും ഇരിക്കുന്നുവല്ലോ.

൨൭ അതിനാൽ നമ്മുടെ ഈ കാൎയ്യം ആക്ഷേപത്തിൽ ആയ്പോവാൻ അടുത്തിരിക്കുന്നതുമല്ലാതെ അൎത്തമിസ് എന്ന മഹാദേവിയുടെ ക്ഷേത്രം ഏതുമില്ല എന്നു എണ്ണപ്പെടുകയും ആസ്യ അശേഷവും ഭൂതലവും ഭജിക്കുന്നവളുടെ മാഹാത്മ്യം ഒടുങ്ങിപ്പോകയും ചെയ്യും.

൨൮ അവർ ഇതു കേട്ടാറെ ക്രോധം നിറഞ്ഞവരായി: എഫെസ്യരുടെ അൎത്തമിസ് മഹാദേവി എന്നു ആൎത്തു.

൨൯ നഗരം മുഴുവനും കലക്കംകൊണ്ടു നിറഞ്ഞു, അവർ പൌലൊസിന്റെ കൂട്ടുയാത്രക്കാരായ ഗായൊസ, അരിസ്തൎഹൊസ് എന്ന മക്കെദോന്യരെ പിടിച്ചുകൊണ്ടു രംഗസ്ഥലത്തേക്കു ഒരുമനപ്പെട്ടു പാഞ്ഞുചെന്നു.

൩൦ പൌലൊസ് ജനക്കൂട്ടത്തിൽ പ്രവേശിപ്പാൻ ഭാവിച്ചാറെ ശിഷ്യന്മാർ അവനെ വിട്ടില്ല.

൩൧ ആസ്യാധിപന്മാരിൽ ചിലർ അവന്റെ സ്നേഹിതന്മാർ ആകയാൽ രംഗസ്ഥലത്തു ചെന്നുപോകരുതു എന്നു അവരും അവന്റെ അടുക്കൽ ആളയച്ചു അപേക്ഷിച്ചു.

൩൨ ജനസംഘം കലക്കത്തിലായി മിക്കപേരും തങ്ങൾ വന്നുകൂടിയ സംഗതി എന്തെന്നു അറിയായ്കയാൽ ചിലർ ഇങ്ങനെയും ചിലർ അങ്ങനെയും ആൎത്തു.

൩൩ പിന്നെ യഹൂദന്മാർ അലക്സന്തരിനെ മുമ്പോട്ടു ഉന്തുകകൊണ്ടു പുരുഷാരത്തിൽനിന്നു ചിലർ അവനെ ഉത്സാഹിപ്പിച്ചു; അപ്പോൾ അലക്സന്തർ കൈകൊണ്ടു ആംഗ്യം കാട്ടി ജനക്കൂട്ടത്തോടു പ്രതിവാദിപ്പാൻ ഭാവിച്ചു.

൩൪ എന്നാൽ അവൻ യഹൂദൻ എന്നു അറിഞ്ഞപ്പോൾ: എഫെസ്യരുടെ അൎത്തമിസ് മഹാദേവി എന്നു എല്ലാവരും കൂടെ രണ്ടു മണിനേരത്തോളം ഏകശബ്ദത്തോടെ ആൎത്തുകൊണ്ടിരുന്നു.

൩൫ പിന്നെ നഗരമേനവൻ പുരുഷാരത്തെ അമൎത്തി പറയുന്നു: എഫെസ്യരായ പുരുഷന്മാരേ, അൎത്തമിസ് മഹാദേവിക്കും ദ്യോവിൽനിന്നു വീണ ബിംബത്തിന്നും എഫെസൊസ് നഗരം അമ്പലവാസിനിയായി നില്ക്കുന്നു എന്നു അറിയാത്ത മനുഷ്യൻ ആർ?

൩൬ എന്നാൽ ഇവ എതിൎമൊഴിയില്ലാത്തതാകയാൽ നിങ്ങൾ തിടുക്കമായി ഒന്നും ചെയ്യാതെ അടങ്ങി പാൎക്കേണ്ടതാകുന്നു.

൩൭ ഈ പുരുഷന്മാരെ നിങ്ങൾ കൂട്ടിക്കൊണ്ടു വന്നുവല്ലോ; ഇവർ ക്ഷേത്രകവൎച്ചക്കാരുമല്ല നമ്മുടെ ദേവിയെ ദൂഷിക്കുന്നവരുമല്ല.

൩൮ എന്നാൽ ദെമെത്രിയൊസിന്നും കൂടെയുള്ള തൊഴില്ക്കാൎക്കും വല്ലവന്റെയും നേരെ ഒരു സംഗതി ഉണ്ടെങ്കിൽ വിസ്താരദിവസങ്ങൾ വെച്ചിട്ടുണ്ടു, ദേശാധിപതികളും ഉണ്ടു, തമ്മിൽ വ്യവഹരിക്കട്ടെ.

൩൯ വേറെ കാൎയ്യങ്ങളെ ചൊല്ലി അന്വേഷണം ആകുന്നു എങ്കിലോ ധൎമ്മസഭയിൽ തീൎക്കാമല്ലോ.

൪൦ ഇന്നത്തേ കലഹത്തിന്നു കാരണമില്ലായ്കയാൽ അതു നിമിത്തം നമ്മുടെ പേരിൽ കുററം ചുമത്തപ്പെടുവാൻ ഇടയുണ്ടു സ്പഷ്ടം; ഈ ആൾക്കൂട്ടത്തിന്നു ഉത്തരം പറവാൻ നമുക്കു വക ഒന്നുമില്ലല്ലോ.

൪൧ എന്നിവ പറഞ്ഞു സഭയെ പിരിച്ചു വിട്ടു.

൨൦ാം അദ്ധ്യായം.

കലഹം ശമിച്ചശേഷം പൌലൊസ് ശിഷ്യന്മാരെ കൂട്ടി വരുത്തി പ്രബോധിപ്പിച്ചിട്ടു യാത്ര പറഞ്ഞു, മക്കെദോന്യെക്കു പോകുവാൻ പുറപ്പെട്ടു.

൨ ആ പ്രദേശങ്ങളൂടെ സഞ്ചരിച്ചു അവരെ ഏറിയവചനത്താൽ പ്രബോധിപ്പിച്ചിട്ടു യവനനാട്ടിൽ വന്നു.

൩ അവിടെ മൂന്നു മാസം കഴിച്ചിട്ടു സുറിയെക്കു കപ്പൽ കയറിപ്പോകുവാൻ ഭാവിക്കുമ്പോൾ യഹൂദന്മാർ അവന്റെ നേരെ കൂട്ടുകെട്ടു ഉണ്ടാക്കുകയാൽ മക്കെദോന്യയിൽ കൂടി മടങ്ങിപ്പോകുവാൻ നിശ്ചയിച്ചു.

൪ ബരോയയിലേ പീറൊസിന്റെ പുത്രൻ സോപത്രൊസും തെസ്സലൊനീക്യരിൽ അരിസ്തൎഹൊസും സെക്കുന്തൊസും ദൎബ്ബയിലേ ഗായൊസും തിമൊഥെയൊസും ആസ്യക്കാരായ തുഹിക്കൊസും ത്രൊഫിമൊസും ആസ്യവരെ അവനോടുകൂടെ പോയി.

൫ ഇവർ മുമ്പേ പോയി ത്രോവാസിൽ ഞങ്ങൾക്കായി കാത്തിരുന്നു.

൬ എന്നാൽ പുളിപ്പില്ലാത്ത അപ്പങ്ങളുടെ നാളുകൾ കഴിഞ്ഞശേഷം ഞങ്ങൾ ഫിലിഫിയിൽനിന്നു കപ്പലേറി, അഞ്ചുദിവസംകൊണ്ടു ത്രോവാസിൽ അവരുടെ അടുക്കൽ എത്തി, ഏഴു ദിവസം അവിടെ പാൎത്തു.

൭ ¶ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൌലൊസ് പിറേറ ദിവസം പുറപ്പെടുവാനിരുന്നതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരാവരെയും സംസാരത്തെ ദീൎഘമാക്കി.

൮ ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കുകൾ ഉണ്ടായിരുന്നു.

൯ അവിടെ യൂത്തിക്കൊസ് എന്ന ഒരു ബാല്യക്കാരൻ കിളിവാതില്ക്കൽ ഇരുന്നു ഗാഢനിദ്ര പിടിച്ചു, പൌലൊസ് വളരെ നേരം സംഭാഷിക്കയിൽ നിദ്രാവശനായി മൂന്നാം തട്ടിൽനിന്നു താഴെ വീണു മരിച്ചവനായി എടുക്കപ്പെട്ടു.

൰ എന്നാൽ പൌലൊസ് ഇറങ്ങിച്ചെന്നു അവന്മേൽ വീണു തഴുകിക്കൊണ്ടു ആരവാരംവേണ്ടാ, അവന്റെ പ്രാണൻ അവനിൽ ഉണ്ടു എന്നു പറഞ്ഞു.

൰൧ പിന്നെ അവൻ കരേറിച്ചെന്നു അപ്പം നുറുക്കി ഭക്ഷിച്ചു പുലരുംവരെ ഏറെ നേരം സംസാരിച്ചിട്ടു പുറപ്പെടുകയും ചെയ്തു.

൰൨ അവർ ആ ബാലനെ ജീവനുള്ളവനായി കൊണ്ടുവന്നു അളവില്ലാതെ ആശ്വസിച്ചു.

൰൩ ¶ എന്നാൽ ഞങ്ങൾ മുമ്പായി കപ്പലിൽ പോയി, പൌലൊസിനെ അസ്സൊസിൽ വെച്ചു കയററിക്കൊൾവാൻ വിചാരിച്ചുകൊണ്ടു അവിടേക്കു ഓടി: എന്തുകൊണ്ടെന്നാൽ അവൻ കാൽനടയായി പോകുവാൻ വിചാരിച്ചുകൊണ്ടു ഇപ്രകാരം ചട്ടം കെട്ടിയിരുന്നു.

൰൪ അവൻ അസ്സൊസിൽ ഞങ്ങളോടു ചേൎന്നപ്പോൾ അവനെ കയററിക്കൊണ്ടു മിതുലേനെക്കു വന്നു.

൰൫ അവിടെനിന്നു നീക്കി, പിറെറന്നാൾ ഖിയദ്വീപിന്റെ തുക്കിൽ എത്തി മറുനാൾ സാമദ്വീപിൽ അണഞ്ഞു പിറേറന്നു മിലേത്തിൽ എത്തി.

൰൬ എന്തുകൊണ്ടെന്നാൽ തനിക്കു കഴിയും എങ്കിൽ പെന്തകൊസ്തനാളേക്കു യരുശലേമിൽ ആയിരിക്കേണ്ടതിന്നു പൌലൊസ് ബദ്ധപ്പെടുകയാൽ ആസ്യയിൽ കാലതാമസം ഉണ്ടാകരുതു എന്നുവെച്ചു എഫെസൊസിൽ അടുക്കാതെ ഓടേണം എന്നു നിശ്ചയിച്ചിരുന്നു.

൰൭ ¶ മിലേത്തിൽനിന്നു അവൻ എഫെസൊസിലേക്കു ആളയച്ചു സഭയിലേ മൂപ്പന്മാരെ വരുത്തി.

൰൮ അവർ അവന്റെ അടുക്കൽ എത്തിയാറെ അവൻ അവരോടു പറഞ്ഞു: ഞാൻ ആസ്യയിൽ വന്ന ഒന്നാം നാൾ മുതൽ എല്ലാ സമയത്തും നിങ്ങളോടുകൂടെ എങ്ങനെയിരുന്നു എന്നും

൰൯ സകല മനത്താഴ്മയോടും കണ്ണുനീരോടും യഹൂദന്മാരുടെ കൂട്ടുകെട്ടുകളാൽ എനിക്കു ഉണ്ടായ പരീക്ഷകളോടുംകൂടെ കൎത്താവിനെ സേവിച്ചു വന്നു എന്നും

൨൰ പ്രയോജനമുള്ളവ ഒന്നും മറെച്ചുവെക്കാതെ പരസ്യമായും വീടുകൾതോറും നിങ്ങൾക്കു അറിയിച്ചു ഉപദേശിച്ചു എന്നും

൨൰൧ ദൈവത്തോടുള്ള മാനസാന്തരത്തെയും നമ്മുടെ കൎത്താവായ യേശുക്രി

സൂവിനോടുള്ള വിശ്വാസത്തെയും യഹൂദ
ന്മാൎക്കും യവനന്മാൎക്കും സാക്ഷീകരിച്ചു എ
ന്നും നിങ്ങൾ അറിയുന്നുവല്ലോ.

൨൨ ഇപ്പോൾ ഇതാ, ഞാൻ ആത്മാവി
ൽ ബന്ധിക്കപ്പെട്ടവനായി യരുശലേമി
ലേക്കു പോകുന്നു.

൨൩ ബന്ധനങ്ങളും കഷ്ടങ്ങളും എനി
ക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാ
ത്മാവു നഗരംതോറും സാക്ഷ്യം പറയു
ന്നതല്ലാതെ അവിടെ എനിക്കു നേരിടു
വാനുള്ളവ ഞാൻ അറിയുന്നില്ല.

൨൪ എങ്കിലും ഞാൻ ഒരുപ്രകാരത്തിലും
എന്റെ പ്രാണനെ എനിക്കു വിലയേറി
യതായി എണ്ണുന്നില്ല; എന്റെ ഓട്ടത്തെ
യും ദൈവകൃപയുടെ സുവിശേഷത്തിന്നു
സാക്ഷ്യം പറയേണ്ടതിന്നു കൎത്താവായ
യേശുവിൽനിന്നു കിട്ടിയ ശുശ്രൂഷയെ
യും തികെക്കേണം എന്നേ എനിക്കുള്ളു.

൨൫ ഇപ്പോൾ ഇതാ, നിങ്ങളുടെ ഇട
യിൽ രാജ്യത്തെ പ്രസംഗിച്ചുകൊണ്ടു ന
ടന്നവനായ എന്റെ മുഖം നിങ്ങൾ ആ
രും ഇനി കാണുകയില്ല എന്നു ഞാൻ അറി
യുന്നു.

൨൬ അതുകൊണ്ടു എല്ലാവരുടെ രക്ത
ത്തിൽനിന്നും ഞാൻ നിൎമ്മലൻ ആകുന്നു
എന്നു ഇന്നേ ദിവസത്തിൽ നിങ്ങളോടു
സാക്ഷ്യം പറയുന്നു.

൨൭ എന്തുകൊണ്ടെന്നാൽ ദൈവത്തി
ന്റെ ആലോചനയെ ഒട്ടും മറെച്ചു വെ
ക്കാതെ ഞാൻ നിങ്ങൾക്കു മുഴുവനും അറി
യിച്ചു തന്നിരിക്കുന്നു.

൨൮ നിങ്ങളെത്തന്നെയും താൻ സ്വ
ന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന
*ദൈവത്തിന്റെ സഭയെ മേയ്പാൻ പ
രിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി
വെച്ചിട്ടുള്ള മുഴു ആട്ടിൻകൂട്ടത്തെയും സൂ
ക്ഷിച്ചുകൊൾവിൻ.

൨൯ ഞാൻ പൊയ്ക്കഴിഞ്ഞാൽ ആട്ടിൻ
കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നാ
യ്ക്കൾ നിങ്ങളുടെ ഇടയിൽ പ്രവേശിക്കും
എന്നു ഞാൻ അറിയുന്നു.

൩൦ ശിഷ്യന്മാരെ തങ്ങളുടെ പിന്നാ
ലേ വലിച്ചുകളവാനായി മറിമായങ്ങളെ
സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളിൽ
നിന്നും എഴുനീല്ക്കും.

൩൧ അതുകൊണ്ടു ഞാൻ മൂന്നു സംവ
ത്സരകാലം രാപ്പകൽ കണ്ണുനീരോടെ ഓ
രോരുത്തന്നു ബുദ്ധി പറവാൻ ഇളെച്ചി
ട്ടില്ല എന്നു ഓൎത്തുകൊണ്ടു ഉണൎന്നിരി
പ്പിൻ.

൩൨ നിങ്ങൾക്കു ആത്മീകവൎദ്ധന വ
രുത്തുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാ
വരുടെയും ഇടയിൽ അവകാശം തരുവാ
നും കഴിയുന്ന ദൈവത്തിലും അവന്റെ
കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ
നിങ്ങളെ ഭരമേല്പിക്കുന്നു.

൩൩ ആരുടെയും വെള്ളിയോ പൊ
ന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല.

൩൪ എന്റെ മുട്ടുകൾക്കും എന്നോടു
കൂടെയുള്ളവൎക്കും വേണ്ടി ഈ കൈകൾ
പണി ചെയ്തപ്രകാരം നിങ്ങൾ തന്നേ
അറിയുന്നുവല്ലോ.

൩൫ ഇങ്ങനെ പ്രയത്നം ചെയ്തു പ്രാ
പ്തിയില്ലാത്തവൎക്കു തുണെക്കയും വാങ്ങുന്ന
തിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു
കൎത്താവായ യേശു താൻ പറഞ്ഞ വാക്കു
കളെ ഓൎത്തുകൊൾകയും വേണ്ടതു എന്നു
ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാ
ന്തം കാണിച്ചിരിക്കുന്നു.

൩൬ ¶ ഇവ പറഞ്ഞിട്ടു അവൻ മുട്ടു
കുത്തി അവരെല്ലാവരോടുംകൂടെ പ്രാ
ൎത്ഥിച്ചു.

൩൭ എന്നാൽ എല്ലാവരും വളരെ ക
രഞ്ഞു.

൩൮ ഇനിമേൽ അവന്റെ മുഖം കാ
ണുകയില്ല എന്നു പറഞ്ഞ വാക്കിനാൽ അ
വർ ഏററം ദുഃഖിച്ചുകൊണ്ടു പൌലൊ
സിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവ
നെ ചുംബിച്ചു; കപ്പലോളം അവനോടു
കൂടെ വന്നു അവനെ യാത്രയയക്കുകയും
ചെയ്തു.

൨൧ാം അദ്ധ്യായം.

അവരെ വിട്ടുപിരിഞ്ഞു നീക്കിയശേഷം
ഞങ്ങൾ നേരെ ഓടി കോസിലും പിറെറ

* പല പുരാതനലിപികളിൽ "കൎത്താവി
ന്റെ" എന്നു കാണുന്നു.

ന്നാൽ റോദിലും അവിടെനിന്നു പത്തറയിലും എത്തി.

൨ ഫൊയ്നീക്ക്യയിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടിട്ടു ഞങ്ങൾ അതിൽ കയറി ഓടിച്ചുപോയി.

൩ കുപ്രൊസ് ദ്വീപു കണ്ടുതുടങ്ങിയപ്പോൾ അതിനെ ഇടത്തുപുറമായി വിട്ടു സുറിയയിലേക്കു ഓടിച്ചു ത്സുരോസിൽ വന്നിറങ്ങി; എന്തുകൊണ്ടെന്നാൽ കപ്പൽ അവിടെ ചരക്കു ഇറക്കുവാനുള്ളതായിരുന്നു.

൪ ഞങ്ങൾ ശിഷ്യന്മാരെ കണ്ടെത്തി ഏഴു നാൾ അവിടെ പാൎത്തു; അവർ പൌലൊസിനോടു യരുശലേമിലേക്കു കരേറിപ്പോകരുതു എന്നു ആത്മാവിനാൽ പറഞ്ഞു.

൫ ആ നാളുകളെ കഴിച്ചശേഷം ഞങ്ങൾ പുറപ്പെട്ടു പോന്നു; പട്ടണത്തിന്നു പുറത്താകുവോളം അവർ എല്ലാവരും സ്ത്രീകളും കുട്ടികളുമായി ഞങ്ങളോടുകൂടെ വന്നു.

൬ ഞങ്ങൾ കടല്കരയിൽ മുട്ടുകുത്തി പ്രാൎത്ഥിച്ചു തമ്മിൽ യാത്ര പറഞ്ഞു ഞങ്ങൾ കപ്പലിൽ കയറി; അവർ തങ്ങളുടെ വീട്ടുകളിലേക്കു തിരിച്ചുപോകയും ചെയ്തു.

൭ ¶ ഞങ്ങൾ ത്സുരോസിൽനിന്നുള്ള കപ്പലോട്ടം തികെച്ചു, പ്തൊലമായിസിൽ എത്തി, സഹോദരന്മാരെ വന്ദനം ചെയ്തു, ഒരു ദിവസം അവരോടുകൂടെ പാൎത്തു.

൮ പിറെറന്നാൾ ഞങ്ങൾ പുറപ്പെട്ടു കൈസൎയ്യയിൽ എത്തി, എഴുവരിൽ ഒരുവനായ ഫിലിപ്പൊസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്നു അവനോടുകൂടെ പാൎത്തു.

൯ കന്യകമാരായ പ്രവചിക്കുന്ന നാലു പുത്രിമാർ ഇവന്നു ഉണ്ടായിരുന്നു.

൧൦ ഞങ്ങൾ അവിടെ വളരെ ദിവസം പാൎത്തിരിക്കുമ്പോൾ അഗബൊസ് എന്ന ഒരു പ്രവാചകൻ യഹൂദ്യയിൽനിന്നു ഇറങ്ങിവന്നു.

൧൧ അവൻ ഞങ്ങളുടെ അടുക്കൽ വന്നു, പൌലൊസിന്റെ ഇടക്കെട്ടു എടുത്തു തന്റെ കൈകാലുകളെ കെട്ടിക്കൊണ്ടു പറഞ്ഞതു: ഈ ഇടക്കെട്ടിന്റെ ഉടമസ്ഥനെ യരുശലേമിൽ യഹൂദന്മാർ ഇപ്രകാരം കെട്ടി ജാതികളുടെ കൈകളിൽ ഏല്പിക്കും എന്നു പരിശുദ്ധാത്മാവു പറയുന്നു.

൧൨ ഇതു കേട്ടാറെ യരുശലേമിലേക്കു കരേറിപ്പോകരുതു എന്നു ഞങ്ങളും അവിടത്തുകാരും അവനോടു അപേക്ഷിച്ചു.

൧൩ അപ്പോൾ പൌലൊസ് ഉത്തരം പറഞ്ഞതു: നിങ്ങൾ കരഞ്ഞു എന്റെ ഹൃദയം ഇങ്ങനെ ഞെരിക്കുന്നതു എന്തിനു? കൎത്താവായ യേശുവിന്റെ നാമത്തിന്നു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു.

൧൪ എന്നാറെ അവനെ സമ്മതിപ്പിച്ചുകൂടായ്കയാൽ: കൎത്താവിന്റെ ഇഷ്ടം നടക്കട്ടെ എന്നു പറഞ്ഞു ഞങ്ങൾ അടങ്ങി.

൧൫ ¶ ആ ദിവസങ്ങളുടെ ശേഷം ഞങ്ങൾ യാത്രക്കോപ്പു എടുത്തുകൊണ്ടു യരുശലേമിലേക്കു കയറിപ്പോയി.

൧൬ കൈസൎയ്യയിലെ ശിഷ്യന്മാരിൽ ചിലരും ഞങ്ങളോടുകൂടെ പോന്നു. കുപ്രൊസ്കാരനായ മ്നാസോൻ എന്ന ഒരു പഴയ ശിഷ്യനോടുകൂടെ അതിഥികളായ്പാൎക്കേണ്ടതിന്നു ഞങ്ങളെ അവന്റെ അടുക്കൽ കൂട്ടിക്കൊണ്ടു ചെന്നു.

൧൭ ¶ യരുശലേമിൽ എത്തിയപ്പോൾ സഹോദരന്മാർ ഞങ്ങളെ പ്രസാദത്തോടെ കൈക്കൊണ്ടു.

൧൮ പിറേറന്നു പൌലൊസും ഞങ്ങളുംകൂടെ യാക്കോബിന്റെ അടുക്കൽ പോയി; മൂപ്പന്മാരും എല്ലാം അവിടെ വന്നുകൂടി.

൧൯ അവൻ അവരെ വന്ദനം ചെയ്തു, തന്റെ ശുശ്രൂഷയാൽ ദൈവം ജാതികളുടെ ഇടയിൽ ചെയ്യിച്ചവ ഓരോന്നായി വിവരിച്ചു പറഞ്ഞു.

൨൦ അവർ കേട്ടിട്ടു ദൈവത്തെ മഹത്വപ്പെടുത്തി. പിന്നെ അവനോടു പറഞ്ഞു: സഹോദരാ, യഹൂദന്മാരുടെ ഇടയിൽ വിശ്വസിച്ചിരിക്കുന്നവർ എത്ര ആയിരങ്ങൾ ഉണ്ടു എന്നു നീ കാണുന്നുവല്ലോ;

അവർ എല്ലാവരും ന്യായപ്രമാണത്തെ
കുറിച്ച്ച എരിവുകാർ ആകുന്നു.

൨൧ തങ്ങളുടെ മക്കളെ പരിച്ഛേദന
ചെയ്യരുതു എന്നും മൎയ്യാദകളിൻപ്രകാരം
നടക്കരുതു എന്നും നീ ജാതികളുടെ ഇട
യിലുള്ള സകല യഹൂദന്മാരോടും പറ
ഞ്ഞു മോശെയെ ഉപേക്ഷിച്ചുകളവാൻ ഉ
പദേശിക്കുന്നു എന്നു അവർ നിന്നെക്കു
റിച്ച്ച ധരിച്ചിരിക്കുന്നു.

൨൨ ആകയാൽ എന്താകുന്നു വേണ്ട
തു? നീ വന്നിട്ടുള്ള പ്രകാരം അവർ കേൾ
ക്കും നിശ്ചയം.

൨൩ എന്നാൽ ഞങ്ങൾ നിന്നോടു ഈ
പറയുന്നതു ചെയ്ക; നേൎച്ച എടുത്തിട്ടുള്ള
നാലു പുരുഷന്മാർ ഞങ്ങളുടെ ഇടയിൽ ഉ
ണ്ടു.

൨൪ അവരെ കൂട്ടിക്കൊണ്ടു അവരോ
ടുകൂടെ നിന്നെ ശുദ്ധി വരുത്തി, അവരു
ടെ തല ക്ഷൌരം ചെയ്യേണ്ടതിന്നു അ
വൎക്കു വേണ്ടി ചെലവു ചെയ്ക; എന്നാൽ
നിന്നെക്കൊണ്ടു കേട്ടതു ഏതുമില്ല എന്നും
നീയും ന്യായപ്രമാണത്തെ ആചരിച്ചു ക്ര
മമായി നടക്കുന്നവൻ എന്നും എല്ലാവരും
അറിയും.

൨൫ വിശ്വസിച്ചിരിക്കുന്ന ജാതികളെ
സംബന്ധിച്ചോ അവർ വിഗ്രഹാൎപ്പിത
വും രക്തവും ശ്വാസംമുട്ടിച്ചത്തതും വേ
ശ്യാദോഷവും മാത്രം ഒഴിഞ്ഞിരിക്കേണം
എന്നു ഞങ്ങൾ വിധിച്ചു എഴുതി അയച്ചി
ട്ടുണ്ടല്ലോ.

൨൬ അപ്പോൾ പൌലൊസ് ആ പു
രുഷന്മാരെ കൂട്ടിക്കൊണ്ടു പിറ്റെന്നാൾ
അവരോടുകൂടെ തന്നെ ശുദ്ധിവരുത്തി,
ദൈവാലയത്തിൽ ചെന്നു; അവരിൽ ഓ
രോരുത്തന്നു വേണ്ടി വഴിപാടു വെക്ക
പ്പെടുവോളം ശുദ്ധീകരണത്തിന്നുള്ള ദി
വസങ്ങളുടെ പൂൎത്തിയെ ബോധിപ്പിച്ചു.

൨൭ ¶ ആ ഏഴ ദിവസങ്ങൾ തീരാ
റായപ്പോൾ ആസ്യയിൽനിന്നുള്ള യഹൂദ
ന്മാർ അവനെ ദൈവാലയത്തിൽ കണ്ടി
ട്ടു പുരുഷാരത്തെ ഒക്കെയും ഇളക്കി അവ
ന്റെമേൽ കൈകളെ വെച്ചു:

൨൮ ഇസ്രയേൽ പുരുഷന്മാരേ, സഹാ
യിപ്പിൻ; ജനത്തിന്നും ന്യായപ്രമാണത്തി
ന്നും ഈ സ്ഥലത്തിന്നും വിരോധമായി
എല്ലായിടത്തും എല്ലാവരോടും ഉപദേശി
ക്കുന്ന മനുഷ്യൻ ഇവൻ തന്നേ; അത്രയു
മല്ല യവനന്മാരെയും ദൈവാലയത്തിൽ
കൂട്ടിക്കൊണ്ടു വന്നു ഈ വിശുദ്ധസ്ഥല
ത്തെ അവൻ തീണ്ടിച്ചുകളഞ്ഞു എന്നു വി
ളിച്ചു കൂകി.

൨൯ എന്തുകൊണ്ടെന്നാൽ എഫെസ്യ
നായ ത്രോഫിമൊസിനെ അവനോടുകൂ
ടെ നഗരത്തിൽ മുമ്പേ കണ്ടിരുന്നതിനാ
ൽ പൌലൊസ് അവനെ ദൈവാലയ
ത്തിൽ കൂട്ടിക്കൊണ്ടു വന്നു എന്നു അവർ
നിരൂപിച്ചു.

൩൦ നഗരം എല്ലാം ഇളകി, ജനങ്ങളും
ഓടിക്കൂടി പൌലൊസിനെ പിടിച്ചു
ദൈവാലയത്തിന്നു പുറത്തേക്കു ഇഴെച്ചു
കൊണ്ടുപോയി; ഉടനേ വാതിലുകൾ അ
ടെക്കപ്പെടുകയും ചെയ്തു.

൩൧ അവർ അവനെ കൊല്ലുവാൻ
ശ്രമിക്കുമ്പോൾ യരുശലേം ഒക്കെയും കല
ക്കത്തിൽ ആയി എന്നു പട്ടാളത്തിന്റെ
സഹസ്രാധിപന്നു വൎത്തമാനം എത്തി.

൩൨ അവൻ ക്ഷണത്തിൽ പടയാളി
കളെയും ശതാധിപന്മാരെയും കൂട്ടിക്കൊ
ണ്ടു അവരുടെ നേരേ പാഞ്ഞു വന്നു; അ
വർ സഹസ്രാധിപനെയും പടയാളിക
ളെയും കണ്ടപ്പോൾ പൌലൊസിനെ അ
ടിക്കുന്നതു നിറുത്തി.

൩൩ അപ്പോൾ സഹസ്രാധിപൻ അ
ടുത്തുവന്നു അവനെ പിടിച്ചു രണ്ടു ചങ്ങ
ലകൊണ്ടു ബന്ധിപ്പാൻ കല്പിച്ചു; ആർ
ആകുന്നു എന്നും എന്തു ചെയ്തു എന്നും
ചോദിച്ചു.

൩൪ അപ്പോൾ പുരുഷാരത്തിൽ ചില
ർ ഇങ്ങനെയും ചിലർ അങ്ങനെയും നി
ലവിളിച്ചുകൊണ്ടിരുന്നു; ആരവാരം ഹേ
തുവായി നിശ്ചയം ഒന്നും അറിഞ്ഞുകൂടാ
യ്കയാൽ അവനെ കോട്ടയിലേക്കു കൊ
ണ്ടുപോകുവാൻ കല്പിച്ചു.

൩൫ പടിക്കെട്ടിന്മേൽ ആയപ്പോൾ
അവനെ നീക്കിക്കളക എന്നു ആൎത്തുകൊ
ണ്ടു ജനസംഘം പിൻചെല്ലുകയാൽ

൩൬ പുരുഷാരത്തിന്റെ ബലാല്ക്കാരം

നിമിത്തം പടയാളികൾ അവനെ എടുക്കേണ്ടിവന്നു.

൩൭ ¶ കോട്ടയിൽ കടത്തുവാറായപ്പോൾ പൌലൊസ് സഹസ്രാധിപനോടു: എനിക്കു നിന്നോടു സംസാരിക്കാമോ എന്നു ചോദിച്ചു. അതിന്നു അവൻ: നിനക്കു യവനഭാഷ അറിയാമോ?

൩൮ ഈ നാളുകൾക്കു മുമ്പേ കലഹം ഉണ്ടാക്കി നാലായിരം കട്ടാരക്കാരെ മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയ മിസ്രയീമ്യൻ നീ അല്ലയോ എന്നു ചോദിച്ചു.

൩൯ എന്നാൽ പൌലൊസ് പറഞ്ഞതു: ഞാൻ കിലിക്ക്യയിൽ ഒട്ടും ഹീനതയില്ലാത്ത തൎസ്സൊസ് എന്ന പട്ടണത്തിൽ പൌരനായോരു യഹൂദൻ ആകുന്നു. ജനത്തോടു സംസാരിപ്പാൻ അനുവദിക്കേണം എന്നു അപേക്ഷിക്കുന്നു.

൪൦ അവൻ അനുവദിച്ചപ്പോൾ പൌലൊസ് പടിക്കെട്ടിന്മേൽ നിന്നുകൊണ്ടു ജനത്തോടു ആംഗ്യംകാട്ടി. വളരെ മൌനമായ ശേഷം എബ്രായഭാഷയിൽ വിളിച്ചു പറഞ്ഞതാവിതു:

൨൨-ാം അദ്ധ്യായം.

സഹോദരന്മാരും പിതാക്കന്മാരുമായ പുരുഷന്മാരേ; എനിക്കു ഇന്നു നിങ്ങളോടുള്ള പ്രതിവാദം കേട്ടുകൊൾവിൻ.

൨ ¶ എന്നാൽ എബ്രായഭാഷയിൽ സംസാരിക്കുന്നതു അവർ കേട്ടിട്ടു അധികം അടക്കത്തോടെ നിന്നു. അവൻ പറഞ്ഞതു എന്തെന്നാൽ:

൩ ¶ ഞാൻ കിലിക്ക്യയിലേ തൎസ്സൊസിൽ ജനിച്ച യഹൂദനും ഈ നഗരത്തിൽ വളൎന്നു പിതാക്കന്മാരുടെ ന്യായപ്രമാണത്തിന്റെ സൂക്ഷ്മതപ്രകാരം ഗമാലിയേലിന്റെ പാദത്തിങ്കൽ പഠിച്ചു ശീലിച്ചവനുമാകയാൽ നിങ്ങൾ എല്ലാവരും ഇന്നു ഇരിക്കുന്നതുപോലെ ദൈവത്തെ കുറിച്ചു എരിവുള്ളവനായിരുന്നു.

൪ ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും ബന്ധിച്ചും തടവുകളിൽ ഏല്പിച്ചും ഈ മാൎഗ്ഗത്തെ മരണംവരെ ഉപദ്രവിച്ചു വന്നു.

൫ അതിന്നു മഹാപുരോഹിതനും മൂപ്പന്മാരുടെ സംഘം ഒക്കെയും എനിക്കു സാക്ഷിയാകുന്നു; അവരിൽനിന്നു സഹോദരന്മാൎക്കായി പത്രങ്ങളെ വാങ്ങിക്കൊണ്ടു ദമസ്കൊസിൽ ഇരിക്കുന്നവരെയും ബന്ധിച്ചു ദണ്ഡനത്തിന്നായി യരുശലേമിലേക്കു കൊണ്ടുവരേണം എന്നുവെച്ചു ഞാൻ അവിടേക്കു യാത്രയായി.

൬ അങ്ങനെ പ്രയാണം ചെയ്തു ദമസ്കൊസിനോടു അടുത്തപ്പോൾ ഏകദേശം ഉച്ചെക്കു പെട്ടെന്നു ആകാശത്തിൽനിന്നു ഒരു വലിയ വെളിച്ചം എന്റെ ചുറ്റും മിന്നി.

൭ ഞാൻ നിലത്തു വീണു: ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു എന്നു എന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു.

൮ കൎത്താവേ, നീ ആർ എന്നു ഉത്തരം പറഞ്ഞാറെ: നീ ഉപദ്രവിക്കുന്ന നസറായനായ യേശു ആകുന്നു ഞാൻ എന്നു അവൻ എന്നോടു പറഞ്ഞു.

൯ എന്നോടുകൂടെയുള്ളവർ വെളിച്ചത്തെ കണ്ടു എങ്കിലും എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല.

൧൦ എന്നാൽ കൎത്താവേ, ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചാറെ കൎത്താവു എന്നോടു: എഴുനീറ്റു ദമസ്കൊസിലേക്കു പോക, നീ ചെയ്യേണം എന്നു നിൎണ്ണയിക്കപ്പെട്ടതെല്ലാം അവിടെ നിന്നോടു പറയപ്പെടും എന്നു പറഞ്ഞു.

൧൧ ആ വെളിച്ചത്തിന്റെ മഹത്വം ഹേതുവായിട്ടു എനിക്കു കണ്ണു കാണ്മാൻ വഹിയാഞ്ഞതുകൊണ്ടു കൂടെയുള്ളവർ എന്നെ കൈക്കു പിടിച്ചു നടത്തി, ഞാൻ ദമസ്കൊസിൽ എത്തുകയും ചെയ്തു.

൧൨ എന്നാൽ അവിടെ പാൎക്കുന്ന സകല യഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനായി ന്യായപ്രമാണപ്രകാരം ഭക്തിയുള്ള പുരുഷനായ അനന്യാസ് എന്നൊരുത്തൻ

൧൩ എന്റെ അടുക്കൽ വന്നു നിന്നു: സഹോദരനായ ശൌലേ, കാഴ്ച പ്രാപിക്ക എന്നു പറഞ്ഞു; ഞാൻ ആ നാഴികയിൽ തന്നേ അവനെ നോക്കി കണ്ടു.

൧൪ അപ്പോൾ അവൻ പറഞ്ഞതു: നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ഇഷ്ടം നീ അറിവാനും ആ നീതിമാനായവനെ കാണ്മാനും അവന്റെ വായിൽനിന്നു ശബ്ദം കേൾപ്പാനും നിന്നെ നിയമിച്ചു.

൧൫ നീ കാണ്കയും കേൾക്കയും ചെയ്തിട്ടുള്ളവററിന്നു എല്ലാ മനുഷ്യൎക്കും നീ അവന്റെ സാക്ഷിയായി തീരും.

൧൬ ഇനി താമസിക്കുന്നതു എന്തു? നീ എഴുനീററു അവന്റെ നാമം വിളിച്ചു പ്രാൎത്ഥിച്ചു സ്നാനപ്പെട്ടു; നിന്റെ പാപങ്ങളെ കഴുകിക്കളക.

൧൭ പിന്നെ ഞാൻ യരുശലേമിലേക്കു മടങ്ങിച്ചെന്നു ദൈവാലയത്തിൽ പ്രാൎത്ഥിക്കുന്നേരം ഞാൻ ഒരു വിവശതയിൽ ആയി.

൧൮ അവനെ കണ്ടു: നീ ബദ്ധപ്പെട്ടു യരുശലേമിൽനിന്നു ക്ഷണത്തിൽ പുറപ്പെടുക; എന്തുകൊണ്ടെന്നാൽ എന്നെക്കുറിച്ചു നീ സാക്ഷ്യം പറയുന്നതു അവർ കൈക്കൊൾകയില്ല എന്നു എന്നോടു പറഞ്ഞു.

൧൯ അപ്പോൾ ഞാൻ: കൎത്താവേ, നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിൽ ആക്കുകയും പള്ളികൾതോറും അടിപ്പിക്കയും ചെയ്തു എന്നും

൨൦ നിന്റെ സാക്ഷിയായ സ്തേഫാനോസിന്റെ രക്തം ചൊരിയപ്പെട്ടപ്പോൾ ഞാനും സമ്മതിച്ചുകൊണ്ടു അരികേ നിന്നു അവനെ കൊല്ലുന്നവരുടെ വസ്ത്രങ്ങളെ കാത്തുകൊണ്ടിരുന്നു എന്നും അവർ അറിയുന്നുവല്ലോ എന്നു പറഞ്ഞു.

൨൧ എന്നാറെ അവൻ എന്നോടു പറഞ്ഞു: നീ പോക, ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുക്കലേക്കു അയക്കും.

൨൨ ¶ ഈ വാക്കോളം അവർ അവനു ചെവികൊടുത്തു; പിന്നെ: ഇങ്ങനത്തവനെ ഭൂമിയിൽനിന്നു നീക്കിക്കളക, അവൻ ജീവിച്ചിരിക്കുന്നതു യോഗ്യമല്ല എന്നു ശബ്ദം ഉയൎത്തി പറഞ്ഞു.

൨൩ അവർ കൂക്കലിട്ടും വസ്ത്രങ്ങളെ കീറിക്കളഞ്ഞു ആകാശത്തിലേക്കു പൂഴി എറിഞ്ഞുംകൊണ്ടിരിക്കുമ്പോൾ

൨൪ എന്തു സംഗതിയാൽ അവർ ഇങ്ങനെ അവന്റെ നേരെ ആൎക്കുന്നു എന്നു അറിയേണ്ടതിന്നു ചമ്മട്ടികൊണ്ടു അവനോടു ചോദ്യം ചെയ്യേണം എന്നു സഹസ്രാധിപൻ പറഞ്ഞു അവനെ കോട്ടയിലേക്കു കൊണ്ടുപോകുവാൻ കല്പിച്ചു.

൨൫ എന്നാൽ അവനെ വാറുകൾകൊണ്ടു കെട്ടിയപ്പോൾ പൌലൊസ് അരികേ നില്ക്കുന്ന ശതാധിപനോടു: റോമപൌരനും ശിക്ഷെക്കു വിധിക്കപ്പെടാത്തവനുമായ മനുഷ്യനെ ചമ്മട്ടികൊണ്ടു അടിക്കുന്നതു നിങ്ങൾക്കു വിഹിതമോ എന്നു പറഞ്ഞു.

൨൬ ഇതു കേട്ടിട്ടു ശതാധിപൻ പോയി, സഹസ്രാധിപനോടു: നീ എന്തു ചെയ്വാൻ പോകുന്നു? ഈ മനുഷ്യൻ റോമപൌരൻ ആകുന്നു എന്നു ബോധിപ്പിച്ചു.

൨൭ സഹസ്രാധിപൻ വന്നു: നീ റോമപൌരൻ തന്നെയോ? എന്നോടു പറക എന്നു കല്പിച്ചാറെ: അതേ എന്നു അവൻ പറഞ്ഞു.

൨൮ സഹസ്രാധിപൻ ഉത്തരം പറഞ്ഞതു: ഞാൻ ഏറിയ മുതൽ കൊടുത്തു ഈ പൌരത്വം സമ്പാദിച്ചു: എന്നതിന്നു: ഞാനോ അങ്ങനെ ജനിച്ചവൻ ആകുന്നു എന്നു പൌലൊസ് പറഞ്ഞു.

൨൯ ആകയാൽ ഭേദ്യം ചെയ്വാൻ ഭാവിച്ചവർ ഉടനെ അവനെ വിട്ടു നീങ്ങി. സഹസ്രാധിപനും അവൻ റോമപൌരൻ എന്നു അറിഞ്ഞപ്പോൾ അവനെ ബന്ധിച്ചതുകൊണ്ടു ഭയപ്പെട്ടു.

൩൦ ¶ അവൻ പിറേറന്നു അവനെ കെട്ടഴിച്ചു യഹൂദന്മാർ ചുമത്തുന്ന കുററത്തിന്റെ സൂക്ഷ്മം അറിവാൻ ഇച്ഛിച്ചിട്ടു മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും കൂടിവരുവാൻ കല്പിച്ചു പൌലൊസിനെ താഴെ കൊണ്ടുവന്നു അവരുടെ മുമ്പിൽ നിറുത്തി.

൨൩ാം അദ്ധ്യായം.

പൌലൊസ് ന്യായാധിപസംഘത്തെ ഉററുനോക്കി പറഞ്ഞതു: സഹോദരന്മാരായ പുരുഷന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷി

യോടുംകൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു.

൨ എന്നാറെ മഹാപുരോഹിതനായ അനന്ന്യാസ് അരികെ നില്ക്കുന്നവരോടു അവന്റെ വായിക്കു അടിപ്പാൻ കല്പിച്ചു.

൩ അപ്പോൾ പൌലൊസ് അവനോടു: ദൈവം നിന്നെ അടിക്കും, വെള്ളതേച്ച ചുവരേ, നീ ന്യായപ്രമാണപ്രകാരം എന്നെ വിസ്തരിപ്പാനായിട്ടു ഇരിക്കയും ന്യായപ്രമാണത്തിന്നു വിരോധമായി എന്നെ അടിപ്പാൻ കല്പിക്കയും ചെയ്യുന്നുവൊ എന്നു പറഞ്ഞു.

൪ അരികെ നില്ക്കുന്നവർ: നീ ദൈവത്തിന്റെ മഹാപുരോഹിതനെ ശകാരിക്കുന്നുവോ എന്നു ചോദിച്ചു.

൫ അപ്പോൾ പൌലൊസ്: സഹോദരന്മാരേ, മഹാപുരോഹിതൻ എന്നു ഞാൻ അറിഞ്ഞില്ല; നിന്റെ ജനത്തിന്റെ പ്രഭുവിനെ ദുഷിക്കരുതു എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.

൬ അനന്തരം ഒരു പക്ഷം സദ്ദൂക്യരും ഒരു പക്ഷം പരീശന്മാരും ആകുന്നു എന്നു പൌലൊസ് അറിഞ്ഞു: സഹോദരന്മാരായ പുരുഷന്മാരേ, ഞാൻ ഒരു പരീശനും പരീശരുടെ മകനും ആകുന്നു; മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു എന്നു ന്യായാധിപസംഘത്തിൽ വിളിച്ചു പറഞ്ഞു.

൭ അവൻ ഇതു പറഞ്ഞപ്പോൾ പരീശരും സദ്ദൂക്യരും തമ്മിൽ ഇടഞ്ഞു കൂട്ടം ഛിദ്രിച്ചു.

൮ എന്തുകൊണ്ടെന്നാൽ പുനരുത്ഥാനം ഇല്ല എന്നും ദൂതനും ആത്മാവും ഇല്ല എന്നും സദ്ദൂക്യർ പറയുന്നു; പരീശരോ രണ്ടും ഉണ്ടെന്നു സമ്മതിക്കുന്നു.

൯ എന്നാറെ വലിയ കൂക്കൽ ഉണ്ടായി; പരീശപക്ഷത്തിലെ ശാസ്ത്രികളിൽ ചിലർ എഴുനീററു വാദിച്ചു: ഈ മനുഷ്യനിൽ ഞങ്ങൾ ഒരു ദോഷവും കാണുന്നില്ല; ഒരാത്മാവെങ്കിലും ഒരു ദൂതൻ എങ്കിലും അവനോടു സംസാരിച്ചു എന്നു വരികിലോ—എന്നു പറഞ്ഞു.

൧൦ ഇങ്ങനെ വലിയ ഇടച്ചൽ ആയശേഷം പൌലൊസ് അവരാൽ ചീന്തപ്പെട്ടു പോകും എന്നു സഹസ്രാധിപൻ പേടിച്ചു പടയാളികൾ ഇറങ്ങിച്ചെന്നു അവനെ അവരുടെ നടുവിൽനിന്നു പിടിച്ചെടുത്തു കോട്ടയിൽ കൊണ്ടുപോകുവാൻ കല്പിച്ചു.

൧൧ ¶ രാത്രിയിൽ കർത്താവു അവന്റെ അടുക്കൽനിന്നു: ധൈൎയ്യമായിരിക്ക; നീ എന്നെ കുറിച്ചു യരുശലേമിൽ സാക്ഷീകരിച്ചപ്രകാരം തന്നേ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നു പറഞ്ഞു.

൧൨ ¶ നേരം വെളുത്തപ്പോൾ യെഹൂദന്മാർ കൂട്ടംകൂടി പൌലൊസിനെ കൊന്നുകളയുവോളം ഭക്ഷിക്കയാകട്ടെ കുടിക്കയാകട്ടെ ചെയ്കയില്ല എന്നു ശപഥം ചെയ്തു.

൧൩ ഈ സഹശപഥം ചെയ്തവർ നാല്പതിൽ അധികം പേർ ആയിരുന്നു.

൧൪ അവർ മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ ചെന്നു പറഞ്ഞതു: ഞങ്ങൾ പൌലൊസിനെ കൊന്നുകളയുവോളം ഒന്നും ആസ്വദിക്കയില്ല എന്നു ശപഥം ചെയ്തു ഞങ്ങളെ തന്നേ ശപിച്ചിരിക്കുന്നു.

൧൫ ആകയാൽ ഇപ്പോൾ നിങ്ങൾ അവന്റെ സംഗതി അധികം സൂക്ഷ്മത്തോടെ പരിശോധിക്കേണം എന്നുള്ള ഭാവത്തിൽ അവനെ നിങ്ങളുടെ അടുക്കൽ താഴേ കൊണ്ടുവരുവാൻ ന്യായാധിപസംഘവുമായി സഹസ്രാധിപനോടു അറിയിപ്പിൻ: എന്നാൽ അവൻ സമീപിക്കും മുമ്പേ ഞങ്ങൾ അവനെ ഒടുക്കിക്കളവാൻ ഒരുങ്ങിയിരിക്കുന്നു.

൧൬ ഈ പതിയിരിപ്പിനെ കുറിച്ചു പൌലൊസിന്റെ പെങ്ങളുടെ മകൻ കേട്ടിട്ടു ചെന്നു കോട്ടയിൽ കടന്നു പൌലൊസിനോടു അറിയിച്ചു.

൧൭ പൌലൊസ് ശതാധിപന്മാരിൽ ഒരുത്തനെ വിളിച്ചു: ഈ ബാല്യക്കാരന്നു സഹസ്രാധിപനോടു ഒരു കാൎയ്യം അറിയിപ്പാനുള്ളതിനാൽ അവനെ അങ്ങോട്ടു കൊണ്ടുപോകേണം എന്നു പറഞ്ഞു.

൧൮ ആയവൻ അവനെ കൂട്ടി സഹസ്രാധിപൻെറ അടുക്കൽ കൊണ്ടുപോയി വിലങ്ങുകാരനായ പൌലൊസ് എന്നെ വിളിച്ചു, നിന്നോടു ഒരു കാൎയ്യം പറവാനുള്ള ഈ ബാല്യക്കാരനെ നിൻെറ അടുക്കൽ കൊണ്ടുവരുവാൻ എന്നോടു അപേക്ഷിച്ചു എന്നു പറഞ്ഞു.

൧൯ സഹസ്രാധിപൻ അവൻെറ കൈക്കു പിടിച്ചുകൊണ്ടു മാറിനിന്നു: എന്നോടു ബോധിപ്പിപ്പാനുള്ളതു എന്തു എന്നു സ്വകാൎയ്യമായി ചോദിച്ചു.

൨൦ അവൻ പറഞ്ഞതു: യഹൂദന്മാർ പൌലൊസിനെ കുറിച്ചു അധികം സൂക്ഷ്മത്തോടെ ചോദിച്ചറിയണമെന്നുള്ള ഭാവത്തിൽ നീ നാളെ അവനെ ന്യായാധിപസംഘത്തിലേക്കു കൊണ്ടുവരേണ്ടതിന്നു അപേക്ഷിപ്പാൻ ഒത്തുകൂടിയിരിക്കുന്നു.

൨൧ എന്നാൽ നീ അവരെ വിശ്വസിച്ചുപോകരുതു; അവരിൽ നാല്പതിൽ അധികം ആളുകൾ അവനെ ഒടുക്കിക്കളയുവോളം ഭക്ഷിക്കയാകട്ടെ കുടിക്കയാകട്ടെ ചെയ്കയില്ല എന്നു ശപഥം ചെയ്തു അവന്നായി പതിയിരിക്കുന്നു; അവർ നിങ്കൽനിന്നുള്ള വാഗ്ദത്തം കാത്തുകൊണ്ടു ഇപ്പോൾ തന്നേ ഒരുങ്ങി നില്ക്കുന്നു.

൨൨ എന്നാറെ സഹസ്രാധിപൻ: നീ ഇതു എന്നോടു അറിയിച്ചു എന്നു ആരോടും മിണ്ടരുതു എന്നു കല്പിച്ചു ബാല്യക്കാരനെ വിട്ടയച്ചു.

൨൩ അനന്തരം അവൻ ശതാധിപന്മാരിൽ രണ്ടുപേരെ വരുത്തി പറഞ്ഞതു: ഈ രാത്രിയിൽ മൂന്നാം മണിനേരത്തു കൈസൎയ്യെക്കു പോകുവാൻ ഇരുനൂറു പടയാളികളെയും എഴുപതു കുതിരയാളുകളെയും ഇരുനൂറു കുന്തക്കാരെയും ഒരുക്കുവിൻ.

൨൪ പൌലൊസിനെ കയററി നാടുവാഴിയായ ഫേലിക്സിൻെറ അടുക്കലേക്കു ക്ഷേമത്തോടെ എത്തിപ്പാൻ മൃഗവാഹനങ്ങളെയും സംഭരിപ്പിൻ.

൨൫ ഈ വിധത്തിൽ ഒരു ലേഖനവും എഴുതി:

൨൬ ¶ ക്ലൌദ്യൊസ് ലുസിയാസ് ബഹുമാനപ്പെട്ട നാടുവാഴിയായ ഫേലിക്സിന്നു വന്ദനം.

൨൭ ഈ പുരുഷനെ യഹൂദന്മാർ പിടിച്ചു കൊല്ലുവാൻ ഭാവിച്ചപ്പോൾ റോമപൌരൻ എന്നു അറിഞ്ഞു ഞാൻ പട്ടാളത്തോടുംകൂടെ നേരിട്ടുചെന്നു അവനെ വിടുവിച്ചു.

൨൮ പിന്നെ അവൻെറമേൽ കുററം ചുമത്തുന്ന സംഗതിയെ ഗ്രഹിപ്പാൻ ഇച്ഛിച്ചിട്ടു അവരുടെ ന്യായാധിപസംഘത്തിലേക്കു അവനെ കൊണ്ടുചെന്നു.

൨൯ എന്നാൽ അവരുടെ ന്യായപ്രമാണത്തെ സംബന്ധിച്ചുള്ള തൎക്കസംഗതികളെ കുറിച്ചു കുററം ചുമത്തുന്നതല്ലാതെ മരണത്തിന്നോ ചങ്ങലകൾക്കോ യോഗ്യമായതു ഒന്നും ഇല്ലാത്തപ്രകാരം കണ്ടറിഞ്ഞു.

൩൦ അനന്തരം ഈ പുരുഷൻെറ നേരെ കൂട്ടുകെട്ടു ഭാവിക്കുന്നു എന്നു തുമ്പുകിട്ടിയപ്പോൾ ഞാൻ തൽക്ഷണം അവനെ നിൻെറ അടുക്കലേക്കു അയച്ചു; അവൻെറ നേരെയുള്ളവ നിൻെറ സന്നിധാനത്തിൽ ബോധിപ്പിപ്പാൻ വാദികളോടു കല്പിച്ചുമിരിക്കുന്നു; സുഖമായിരിക്ക.

൩൧ ¶ ഇങ്ങനെ പടയാളികൾ തങ്ങൾക്കു കല്പന കിട്ടിയപ്രകാരം പൌലൊസിനെ കൂട്ടിക്കൊണ്ടു രാത്രിയിൽ അന്തിപ്പത്രിയോളം കൊണ്ടുചെന്നു.

൩൨ പിറെറന്നാൾ കുതിരയാളുകളെ അവനോടുകൂടെ പോകുവാൻ വിട്ടു, തങ്ങൾ കോട്ടയിലേക്കു തിരിച്ചുപോന്നു.

൩൩ മററവർ കൈസൎയ്യയിൽ എത്തി, നാടുവാഴിക്കു ലേഖനം കൊടുത്തു, പൌലൊസിനെയും അവൻെറ മുമ്പിൽ നിൎത്തി.

൩൪ അവൻ വായിച്ചിട്ടു ഏതു സംസ്ഥാനക്കാരൻ ആകുന്നു എന്നു ചോദിച്ചു. കിലിക്യയിൽനിന്നുള്ളവൻ എന്നു കേട്ടാറെ

൩൫ നിൻെറ വാദികളും കൂടെ വന്നുചേരുമ്പോൾ നിന്നെ വിസ്തരിക്കാം എന്നു പറഞ്ഞു; ഹെരോദാവിൻെറ ആസ്ഥാനത്തിൽ അവനെ കാത്തുകൊൾവാൻ കല്പിക്കയും ചെയ്തു.

൨൪ാം അദ്ധ്യായം.

അഞ്ചുനാൾ കഴിഞ്ഞശേഷം മഹാപുരോ
ഹിതനായ അനന്യാസ് മൂപ്പന്മാരോടും
തെർത്തുല്ലൊസ് എന്ന ഒരു വാചാലനോ
ടും കൂടി ഇറങ്ങിവന്നു, പൌലൊസിന്നു
വിരോധമായി നാടുവാഴിയുടെ മുമ്പാകേ
ബോധിപ്പിച്ചു.
൨ അവൻ വിളിക്കപ്പെട്ടാറെ തെർത്തു
ല്ലൊസ് കുററം വിവരിച്ചു തുടങ്ങിയതാ
വിതു:
൩ ¶ ബഹുമാനപ്പെട്ട ഫേലിക്ഷ്സേ,
നിന്നാൽ ഞങ്ങൾ വളരെ സമാധാനം അ
നുഭവിക്കുന്നതും നിന്റെ മുൻകരുതലി
നാൽ ഈ ജാതിക്കു ഏറിയ ഗുണീകരണ
ങ്ങൾ സാധിച്ചിരിക്കുന്നതും ഞങ്ങൾ എ
പ്പോഴും എല്ലായിടത്തും എല്ലാനന്ദിയോ
ടുംകൂടെ അംഗീകരിക്കുന്നു.
൪ എങ്കിലും നിന്നെ അധികം അസ
ഹ്യപ്പെടുത്തരുതു എന്നു വെച്ചു നിന്റെ
സൌമ്യതയാലേ ചുരുക്കത്തിൽ ഞങ്ങളെ
ചെവികൊള്ളേണം എന്നു അപേക്ഷി
ക്കുന്നു.
൫ ഈ പുരുഷൻ ഒരു ബാധയും ലോ
കത്തിലുള്ള സകല യഹൂദന്മാരുടെയും ഇ
ടയിൽ കലഹമുണ്ടാക്കുന്നവനും നസറാ
യമതത്തിൻ മുമ്പനും ആകുന്നു എന്നു ഞ
ങ്ങൾ കണ്ടിരിക്കുന്നു.
൬ അവൻ ദൈവാലയം തീണ്ടിപ്പാ
നും ശ്രമിച്ചു. അവനെ ഞങ്ങൾ പിടിച്ചു
[*ഞങ്ങളുടെ ന്യായപ്രമാണപ്രകാരം വി
സ്തരിപ്പാൻ ഞങ്ങൾക്കു മനസ്സുണ്ടായിരുന്നു.
൭ എങ്കിലും സഹസ്രാധിപനായ ലു
സിയാസ് വളരെ ബലത്തോടു കൂടെ വ
ന്നു അവനെ ഞങ്ങളുടെ കൈയ്യിൽനിന്നു
കൊണ്ടുപൊയ്ക്കളഞ്ഞു.
൮ അവന്റെ വാദികൾ നിന്റെ മു
മ്പാകേ വരുവാൻ കല്പിക്കയും ചെയ്തു.]
നീ തന്നേ അവനെ വിസ്തരിച്ചാൽ ഞങ്ങ
ൾ കുററം ചുമത്തുന്ന ഈ സകലസംഗതി
കളുടെയും വിവരം അറിഞ്ഞുകൊൾവാൻ
ഇടയാകും.
൯ ഇവ ഇങ്ങനെ തന്നേ എന്നു യഹൂ
ദന്മാരും അതിനോടു യോജിച്ചു പറഞ്ഞു.
൧൦ ¶ പറഞ്ഞുകൊൾവാൻ നാടുവാ
ഴി ആംഗ്യം കാട്ടിയാറേ പൌലൊസ് ഉ
ത്തരം പറഞ്ഞതു:
ഈ ജാതിക്കു നീ ഏറിയ വർഷമായി
ന്യായാധിപതിയായിരിക്കുന്നു എന്നു അ
റികകൊണ്ടു എന്റെ കാര്യത്തിൽ ഞാൻ
സുഖമനസ്സോടെ പ്രതിവാദം ചെയ്യുന്നു.
൧൧ ഞാൻ യരുശലേമിൽ കുമ്പിടുവാ
നായി കരേറിപ്പോയിട്ടു പന്ത്രണ്ടു നാളി
ൽ അധികമായില്ല എന്നു നിനക്കു അറി
യാകുന്നതാകുന്നു.
൧൨ ദൈവാലയത്തിലോ പള്ളികളി
ലോ നഗരത്തിലോവെച്ചു ആരോടും വാ
ദിക്കയെങ്കിലും പുരുഷാരത്തിൽ കലഹം
ഉണ്ടാക്കുകയെങ്കിലും ചെയ്യുന്നവനായിട്ടു
അവർ എന്നെ കണ്ടിട്ടില്ല.
൧൩ ഇന്നു എന്റെമേൽ കുററംചുമ
ത്തുന്നവയെ നിന്റെ മുമ്പാകേ തെളിയി
പ്പാൻ അവക്കു കഴിയുന്നതുമല്ല.
൧൪ എന്നാൽ ഇതൊന്നു ഞാൻ നി
ന്നോടു ഏററുപറയുന്നു; ഇവർ മതഭേ
ദം എന്നു പറയുന്ന മാർഗ്ഗപ്രകാരം ഞാൻ
പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്ക
യും ന്യായപ്രമാണത്തിലും പ്രവാചകന്മാ
രിലും എഴുതിയിരിക്കുന്നതു ഒക്കെയും വി
ശ്വസിക്കയും ചെയ്യുന്നു.
൧൫ നീതിമാന്മാരുടെയും നീതികെട്ട
വരുടെയും പുനരുത്ഥാനം ഉണ്ടാകും എ
ന്നു ഇവരും കൂടെ കാത്തിരിക്കുന്നതുപോ
ലെ ഞാൻ ദൈവത്തിങ്കൽ ആശവെച്ചുമി
രിക്കുന്നു.
൧൬ ഇതിൽ തന്നേ എനിക്കു ദൈവ
ത്തോടും മനുഷ്യരോടും കുററമില്ലാത്ത മ
നസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിപ്പാൻ
ഞാൻ ശ്രമിക്കുന്നു.
൧൭ ഇപ്പോഴോ ഏറിയ വർഷങ്ങൾ കൂ
ടിട്ടു ഞാൻ എന്റെ ജാതിക്കാൎക്കു ധൎമ്മങ്ങ
ളും വഴിപാടുകളും അനുഷ്ഠിപ്പാൻ വന്നു.
൧൮ അങ്ങനെയിരിക്കുമ്പോൾ അവർ

* ആവരണചിഹ്നങ്ങളിലുള്ള വാചകം
മിക്ക പുരാതനലിപികളിലും കാണ്മാ
നില്ല

ദൈവാലയത്തിൽ വെച്ചു എന്നെ ശുദ്ധീ
കരിക്കപ്പെട്ടവനായി കണ്ടു; പുരുഷാര
ത്തോടു കൂടിയുമല്ല കലഹത്തോടു കൂടിയു
മല്ല.
൧൯ എന്നാൽ ആസ്യയിൽനിന്നുള്ള
ചില യഹൂദന്മാർ—എന്റെ നേരെ അവ
ൎക്കു വല്ലതും ഉണ്ടെങ്കിൽ നിന്റെ മുമ്പിൽ
വന്നു അന്യായപ്പെടേണ്ടതായിരുന്നു.
൨൦ അല്ല, ഞാൻ ന്യായാധിപസംഘ
ത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ മരിച്ചവ
രുടെ പുനരുത്ഥാനത്തെ കുറിച്ചു ഇന്നു
നിങ്ങൾ എന്നെ വിസ്തരിക്കുന്നു എന്നു ഞാ
ൻ വിളിച്ചു പറഞ്ഞോരു ശബ്ദം ഒഴികേ,
൨൧ അവിടെവെച്ചു എന്റെ പക്കൽ
വല്ല ന്യായക്കേടും കണ്ടിട്ടുണ്ടെങ്കിൽ ഇവ
ർ തന്നേ പറയട്ടെ.
൨൨ ¶ എന്നാൽ ഫേലിക്സ് ഈ മാ
ൎഗ്ഗം സംബന്ധിച്ചു സൂക്ഷ്മമായ അറിവുള്ള
വനാകയാൽ ലുസിയാസു സഹസ്രാധിപ
ൻ ഇറങ്ങി വരുമ്പോൾ ഞാൻ നിങ്ങളുടെ
കാൎയ്യം തീൎച്ചപ്പെടുത്തും എന്നു പറഞ്ഞു അ
വൎക്കു അവധിവെച്ചു.
൨൩ പിന്നെ അവനെ സൂക്ഷിച്ചു
കൊൾവാനും സുഖത്തോടിരുത്തുവാനും
അവന്റെ സ്നേഹിതന്മാർ അവന്നു ശു
ശ്രൂഷ ചെയ്യുന്നതു വിരോധിക്കാതിരിപ്പാ
നും ശതാധിപനോടു കല്പിച്ചു.
൨൪ ¶ കുറെ ദിവസങ്ങളുടെ ശേഷം
ഫേലിക്സ് തന്റെ ഭാൎയ്യയായ ദ്രുസില്ല എ
ന്ന യഹൂദസ്ത്രീയുമായി വന്നു, പൌലൊ
സിനെ വരുത്തി ക്രിസ്തുയേശുവിലുള്ള വി
ശ്വാസത്തെ കുറിച്ചു അവനിൽ നിന്നു
കേട്ടു.
൨൫ എന്നാൽ അവൻ നീതി, ഇന്ദ്രി
യജയം, വരുവാനുള്ള ന്യായവിധി എ
ന്നിവയെ കുറിച്ചു സംസാരിക്കുമ്പോൾ
ഫേലിക്സ ഭയവശനായി തല്ക്കാലത്തേക്കു
പോക; എനിക്കു നല്ല സമയം ഉള്ളപ്പോ
ൾ നിന്നെ വിളിപ്പിക്കാം എന്നു ഉത്തരം
പറഞ്ഞു.
൨൬ വിശേഷിച്ചും പൌലൊസ് ത
നിക്കു ദ്രവ്യം തരും എന്നുള്ള ആശ ഉണ്ടാ
യതുകൊണ്ടു പലപ്പോഴും അവനെ വരു
ത്തി അവനോടു സംഭാഷിച്ചുവന്നു
൨൭ എന്നാൽ രണ്ടാണ്ടു കഴിഞ്ഞിട്ടു
ഫേലിക്സിന്നു പിൻവാഴിയായി പൊ
ൎക്ക്യാസ് ഫെസ്തൊസ് വന്നാറെ യഹൂദ
ന്മാരുടെ പ്രീതി സമ്പാദിക്കേണം എന്നു
വെച്ചു ഫേലിക്സ് പൌലൊസിനെ ബ
ന്ധിക്കപ്പെട്ടവനായി വിട്ടേച്ചു പോകയും
ചെയ്തു.

൨൫ാം അദ്ധ്യായം.

ഫെസ്തൊസ് സംസ്ഥാനത്തിൽ വന്നിട്ടു
മൂന്നുനാൾ കഴിഞ്ഞശേഷം കൈസൎയ്യയി
ൽനിന്നു യരുശലേമിലേക്കു കയറി
പ്പോയി.
൨ അപ്പോൾ മഹാപുരോഹിതന്മാരും
യഹൂദന്മാരുടെ പ്രധാനികളും പൌലൊ
സിന്നു വിരോധമായി അവന്റെ സന്നി
ധിയിൽ ബോധിപ്പിച്ചു.
൩ വഴിയിൽ വെച്ചു അവനെ ഒടു
ക്കിക്കളവാൻ അവർ പതിയിരുത്തിക്കൊ
ണ്ടു അവനെ യരുശലേമിലേക്കു വരു
ത്തേണ്ടതിന്നു അവർ അവന്നു വിരോധ
മായി ഒരു കൃപ ചോദിച്ചു അവനോടു
അപേക്ഷിച്ചു.
൪ അതിന്നു ഫെസ്തൊസ് ഉത്തരമാ
യിട്ടു: പൌലൊസിനെ കൈസൎയ്യയിൽ
സൂക്ഷിച്ചിരിക്കുന്നു എന്നും താനും വേഗ
ത്തിൽ അവിടേക്കു പോകുന്നുണ്ടു എന്നും,
൫ ആകയാൽ നിങ്ങളിൽ പ്രാപ്തിയു
ള്ളവർ കൂടെ വന്നു ആ മനുഷ്യന്റെ നേ
രെ വല്ലതും ഉണ്ടെങ്കിൽ അവന്റെമേൽ
കുററം ചുമത്തട്ടെ എന്നും പറഞ്ഞു.
൬ ¶ എന്നാൽ അവൻ എട്ടോ പ
ത്തോ ദിവസങ്ങളിലേറാതെ അവരുടെ
ഇടയിൽ താമസിച്ച ശേഷം കൈസൎയ്യെ
ക്കു ഇറങ്ങിപ്പോയി; പിറേറന്നു ന്യായാ
സനത്തിൽ ഇരുന്നു പൌലൊസിനെ വ
രുത്തുവാൻ കല്പിച്ചു.
൭ അവൻ വന്നാറെ യരുശലേമിൽ
നിന്നു ഇറങ്ങി വന്ന യഹൂദന്മാർ ചുററും
നിന്നു അവന്റെ നേരെ കഠിനസംഗതി
കൾ പലതും ബോധിപ്പിച്ചു.
൮ എങ്കിലും: യഹൂദന്മാരുടെ ന്യായ
പ്രമാണത്തോടു ആകട്ടെ ദൈവാലയ
ത്തോടു ആകട്ടെ കൈസരോടു ആകട്ടേ

ഞാൻ യാതൊന്നും പിഴെച്ചിട്ടില്ല എന്നു
പൌലൊസ് പ്രതിവാദിക്കയിൽ ആ സം
ഗതികളെ തെളിയിപ്പാൻ അവൎക്ക കഴി
ഞ്ഞില്ല.
൯ എന്നാൽ ഫെസ്തൊസ് യഹൂദന്മാ
രുടെ പ്രീതി സമ്പാദിപ്പാൻ ഇച്ശിച്ചുകൊ
ണ്ടു പൌലൊസിനോടു ഉത്തരം പറഞ്ഞ
തു: യരുശലേമിലേക്ക കരേറിച്ചെന്നു അ
വിടെ എന്റെ മുമ്പിൽ വെച്ചു ഈ സംഗ
തികളെക്കുറിച്ചു വിസ്തരിക്കപ്പെടുവാൻ നി
നക്ക മനസ്സുണ്ടോ?
൧൦ എന്നാറെ പൌലൊസ്: എന്നെ
വിസ്തരിക്കേണ്ടുന്ന ഇടമായ കൈസരുടെ
ന്യായാസനത്തിന്റെ മുമ്പാകേ ഞാൻ നി
ല്ക്കുന്നു; യഹൂദന്മാരോടു ഞാൻ ഒരു അ
ന്യായവും ചെയ്തിട്ടില്ല, അതു നീയും നല്ല
വണ്ണം അറിഞ്ഞിരിക്കുന്നു.
൧൧ എന്നാൽ ഞാൻ അന്യായം ചെ
യ്യുന്നവനും മരണയോഗ്യമായതു വല്ലതും
പ്രവൃത്തിച്ചവനും ആകുന്നു എങ്കിൽ മരി
ക്കുന്നതിനു എനിക്ക വിരോധമില്ല; ഇവ
ർ എന്റെമേൽ കുററം ചുമത്തുന്നതു ഒ
ന്നും ഇല്ലെങ്കിലോ എന്നെ അവൎക്ക ഏല്പി
ച്ചുകൊടുപ്പാൻ ആൎക്കും കഴിയുന്നതല്ല;
ഞാൻ കൈസരെ അഭയം ചൊല്ലുന്നു എ
ന്നു പറഞ്ഞു.
൧൨ അപ്പോൾ ഫെസ്തൊസ് തന്റെ
ആലോചനസഭയോടു സംസാരിച്ചിട്ടു:
കൈസരെ നീ അഭയം ചൊല്ലിയിരിക്കു
ന്നു; കൈസരുടെ അടുക്കലേക്ക നീ പോ
കും എന്നു ഉത്തരം പറഞ്ഞു.
൧൩ ¶ ഒട്ടുനാൾ കഴിഞ്ഞശേഷം അ
ഗ്രിപ്പ രാജാവും ബെൎന്നീക്കേയും ഫെ
സ്തൊസിനെ വന്ദനം ചെയ്യാനായി കൈ
സൎയ്യയിൽ എത്തി.
൧൪ ഏറിയ ദിവസം അവിടെ പാ
ൎക്കുമ്പോൾ ഫെസ്തൊസ് പൌലൊസി
ന്റെ സംഗതി രാജാവിനോടു വിവരിച്ചു
പറഞ്ഞതാവിതു: ഫേലിക്സ് തടവുകാര
നായി വിട്ടേച്ചു പോയോരു പുരുഷൻ ഉ
ണ്ടു.
൧൫ അവന്റെ നേരെ ശിക്ഷാവിധി
ചോദിച്ചുംകൊണ്ടു യഹൂദന്മാരുടെ മഹാ
പുരോഹിതന്മാരും മൂപ്പന്മാരും ഞാൻ യരു
ശലേമിൽ ഇരിക്കുമ്പോൾ എന്നോടു ബോ
ധിപ്പിച്ചു.
൧൬ എന്നാൽ പ്രതിക്കാരൻ വാദിക
ളെ അഭിമുഖമായി കണ്ടു, അന്യായസം
ഗതിക്ക പ്രതിവാദിപ്പാൻ ഇടകിട്ടും മുമ്പേ
യാതൊരു മനുഷ്യനെയും ഏല്പിച്ചുകൊടു
ക്കുന്നതു റോമക്കാൎക്ക മൎയ്യാദയല്ല എന്നു
ഞാൻ അവരോടു ഉത്തരം പറഞ്ഞു.
൧൭ ആകയാൽ അവർ ഇവിടെ വ
ന്നു കൂടിയാറെ ഞാൻ ഒട്ടും താമസിയാ
തെ പിറേറന്നു ന്യായാസനത്തിൽ ഇരു
ന്നു ആ പുരുഷനെ കൊണ്ടുവരുവാൻ ക
ല്പിച്ചു.
൧൮ അവന്റെ ചുററും വാദികൾ
നിന്നുകൊണ്ടു ഞാൻ നിരൂപിച്ചിരുന്ന
ദോഷസംഗതികൾ ഒന്നും ബോധിപ്പിക്കാ
തെ
൧൯ സ്വന്തമതത്തെ കുറിച്ചും ജീവി
ച്ചിരിക്കുന്നു എന്നു പൌലൊസ് പറയു
ന്ന മരിച്ചുപോയ യേശു എന്നൊരുവ
നെ കുറിച്ചും ചില തൎക്കസംഗതികളെ
കൊണ്ടുവന്നതെയുള്ളു.
൨൦ ഇങ്ങനെയുള്ള വിഷയങ്ങളിൽ വി
ചാരണ നടത്തേണ്ടതു എങ്ങനെയെന്നു
ഞാൻ അറിയായ്കയാൽ: നിനക്ക യരുശ
ലേമിലേക്ക പോയി അവിടെ ഈ സം
ഗതികളെ കുറിച്ചു വിസ്തരിക്കപ്പെടുവാൻ
മനസ്സുണ്ടോ എന്നു ചോദിച്ചു.
൨൧ എന്നാൽ ചക്രവൎത്തിയുടെ വിധി
ക്കായി തന്നെ കാത്തുകൊള്ളേണം എന്നു
പൌലൊസ് അഭയം ചൊല്ലുകയാൽ
കൈസരുടെ അടുക്കേ അയക്കുവോളം അ
വനെ കാത്തുകൊൾവാൻ കല്പിച്ചു.
൨൨ അപ്പോൾ അഗ്രിപ്പാ: ആ മനു
ഷ്യനിൽനിന്നു കേൾപ്പാൻ എനിക്കും മന
സ്സുണ്ടായിരുന്നു എന്നു ഫെസ്തൊസിനോടു
പറഞ്ഞാറെ നാളെ കേൾക്കാം എന്നു അ
വൻ പറഞ്ഞു.
൨൩ ¶ പിറേറന്നു അഗ്രിപ്പാ ബെ
ൎന്നീക്കേയുമായി വളരെ ആഡംബരത്തോ
ടെ വന്നു, സഹസ്രാധിപതികളോടും ന
ഗരത്തിലേ പ്രധാനികളോടും കൂടെ വി
സ്താരമണ്ഡപത്തിൽ പ്രവേശിച്ചാറെ ഫെ

സ്സൊസിന്റെ കല്പനപ്രകാരം പൌലൊസിനെ കൊണ്ടുവന്നു.

൨൪ ഫെസ്തൊസ് പറഞ്ഞതു: അഗ്രിപ്പാ രാജാവേ, ഇവിടെ വന്നുകൂടിയിരിക്കുന്ന സകലപുരുഷന്മാരുമായുള്ളോരേ, ഇവനെ നിങ്ങൾ കാണുന്നുവല്ലോ; യഹൂദന്മാരുടെ കൂട്ടം എല്ലാം യരുശലേമിലും ഇവിടെയുംവെച്ചു ഇവനെ കുറിച്ചു എന്നോടു അപേക്ഷിച്ചു, ഇവൻ ഇനി ജീവനോടെ ഇരിക്കരുതു എന്നു വിളിച്ചുകൂകി.

൨൫ എന്നാൽ അവൻ മരണയോഗ്യമായതു ഒന്നും ചെയ്തിട്ടില്ല എന്നു ഞാൻ ഗ്രഹിച്ചു; അവൻ തന്നേയും ചക്രവൎത്തിയെ അഭയം ചൊല്ലുകയാൽ അവനെ അയക്കേണം എന്നു വിധിച്ചിരിക്കുന്നു.

൨൬ അവനേ കുറിച്ചു തിരുമേനിക്കു എഴുതുവാൻ നിശ്ചയമായതു ഒന്നും എനിക്കില്ല; അതുകൊണ്ടു വിസ്താരം കഴിഞ്ഞിട്ടു എഴുതുവാൻ വല്ലതും ഉണ്ടാകേണ്ടതിന്നു അവനെ നിങ്ങളുടെ മുമ്പാകേയും, വിശേഷാൽ അഗ്രിപ്പാ രാജാവേ, നിന്തിരുമുമ്പിലും വരുത്തിയിരിക്കുന്നു.

൨൭ എന്തുകൊണ്ടെന്നാൽ തടവുകാരനെ അയക്കുമ്പോൾ അവന്റെ നേരെയുള്ള സംഗതികളെ കാണിക്കാതിരിക്കുന്നതു അകാൎയ്യം എന്നു തോന്നുന്നു.

൨൬ാം അദ്ധ്യായം.

അഗ്രിപ്പാ പൌലൊസിനോടു: നിനക്കു വേണ്ടി പറവാൻ നിനക്കു അനുവാദം ഉണ്ടു എന്നു പറഞ്ഞപ്പോൾ പൌലൊസ് കൈ നീട്ടി പ്രതിവാദിച്ചതെന്തെന്നാൽ:

൨ ¶ അഗ്രിപ്പാ രാജാവേ, യഹൂദന്മാർ എന്റെമേൽ ചുമത്തുന്ന സകലത്തെയും കുറിച്ചു ഇന്നു നിന്റെ മുമ്പാകെ പ്രതിവാദിപ്പാനുള്ളതുകൊണ്ടു,

൩ വിശേഷാൽ നീ യഹൂദന്മാരുടെ ഇടയിലേ മൎയ്യാദകളും തൎക്കങ്ങളും എല്ലാം തിരിച്ചറിയുന്നവൻ ആകയാൽ ഞാൻ ഭാഗ്യവാൻ എന്നു നിരൂപിക്കുന്നു; അതുകൊണ്ടു ക്ഷമയോടെ എന്നെ ചെവിക്കൊള്ളേണമെന്നു അപേക്ഷിക്കുന്നു.

൪ എന്നാൽ എന്റെ ജാതിക്കാരുടെ ഇടയിലും യരുശലേമിലും ആദിമുതലേ ബാല്യം തുടങ്ങിയുള്ള എന്റെ നടപ്പു യഹൂദന്മാർ എല്ലാവരും അറിഞ്ഞിരിക്കുന്നു.

൫ അവൎക്കു സാക്ഷ്യം പറവാൻ മനസ്സുണ്ടെങ്കിൽ നമ്മുടെ മാൎഗ്ഗത്തിൽ സൂക്ഷ്മത ഏറിട്ടുള്ള മതഭേദപ്രകാരം ഞാൻ പരീശനായി ജീവിച്ചു എന്നു അവർ ആരംഭം മുതൽ അറിയുന്നുവല്ലോ.

൬ ഇപ്പോൾ ഞാൻ വിസ്തരിക്കപ്പെട്ടു നില്ക്കുന്നതു, ദൈവത്താൽ നമ്മുടെ പിതാക്കന്മാൎക്കു ഉണ്ടായതും

൭ നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപ്പകൽ ശ്രദ്ധയോടെ ആരാധിച്ചുംകൊണ്ടു എത്തിപ്പിടിപ്പാൻ ആശിക്കുന്നതും ആയുള്ള വാഗ്ദത്തത്തിന്റെ പ്രത്യാശ ഹേതുവായിട്ടത്രേ. രാജാവേ, ആ പ്രത്യാശയെ ചൊല്ലി ആകുന്നു യഹൂദന്മാർ എന്റെമേൽ കുററം ചുമത്തുന്നതു.

൮ ദൈവം മരിച്ചവരെ ഉയിൎപ്പിക്കുന്നു എങ്കിൽ അതു അവിശ്വാസ്യം എന്നു നിങ്ങളുടെ ഇടയിൽ വിധിക്കുന്നതു എന്തുകൊണ്ടു?

൯ നസറായനായ യേശുവിന്റെ നാമത്തിന്നു വിരോധമായി പലതും പ്രവൃത്തിക്കേണ്ടതാകുന്നു എന്നു ഞാൻ തന്നേയും വിചാരിച്ചു സത്യം.

൧൦ ആയതു ഞാൻ യരുശലേമിൽ ചെയ്തിട്ടുമുണ്ടു; മഹാപുരോഹിതന്മാരോടു അധികാരം വാങ്ങിക്കൊണ്ടു വിശുദ്ധന്മാരിൽ പലരെയും കാരാഗൃഹങ്ങളിൽ ആക്കി അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു.

൧൧ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ടു ദൂഷണം പറവാൻ നിൎബ്ബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ചു അന്യപട്ടണങ്ങളോളവും അവരെ ഉപദ്രവിക്കയും ചെയ്തു.

൧൨ ഇങ്ങനെ ചെയ്തുവരികയിൽ ഞാൻ മഹാപുരോഹിതന്മാരുടെ അധികാരത്തോടും ആജ്ഞയോടും കൂടെ ദമസ്കൊസിലേക്കു യാത്ര പോകുമ്പോൾ,

൰൩ രാജാവേ: നട്ടുച്ചെക്കു ഞാൻ വഴിയിൽ വെച്ചു സൂൎയ്യന്റെ പ്രകാശത്തെ കവിഞ്ഞോരു വെളിച്ചം ആകാശത്തിൽ നിന്നു എന്നെയും എന്നോടുകൂടെ യാത്ര ചെയ്യുന്നവരെയും ചുററി പ്രകാശിക്കുന്നതു കണ്ടു.

൰൪ എന്നാറെ ഞങ്ങൾ എല്ലാവരും നിലത്തു വീണപ്പോൾ: ശൌലേ, ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു എന്നു എബ്രായഭാഷയിൽ എന്നോടു പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു.

൰൫ നീ ആരാകുന്നു കൎത്താവേ, എന്നു ഞാൻ ചോദിച്ചാറെ കൎത്താവു പറഞ്ഞു: നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

൰൬ എങ്കിലും എഴുനീററു നിന്റെ പാദങ്ങളിന്മേൽ നില്ക്ക; നീ എന്നെ കണ്ടതും ഇനി ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതുമായ കാൎയ്യങ്ങൾക്കു നിന്നെ ഭൃത്യനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി.

൰൭ ജനത്തിൽനിന്നും ജാതികളിൽനിന്നും ഞാൻ നിന്നെ രക്ഷിക്കും.

൰൮ അവൎക്കു പാപമോചനവും എന്നിലുള്ള വിശ്വാസംകൊണ്ടു ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു അവരുടെ കണ്ണുകളെ തുറപ്പാനായിട്ടും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനായിട്ടും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു പറഞ്ഞു.

൰൯ അതുകൊണ്ടു അഗ്രിപ്പാ രാജാവേ, ഞാൻ സ്വൎഗ്ഗീയദൎശനത്തിന്നു അനുസരണക്കേടുള്ളവൻ ആകാതെ,

൨൰ ആദ്യം ദമസ്കോസിലും യരുശലേമിലും യഹൂദിയ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിലേക്കു തിരിഞ്ഞു മാനസാന്തരത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്തുകൊള്ളേണം എന്നു അറിയിച്ചു.

൨൰൧ ഇതുനിമിത്തം യഹൂദന്മാർ ദൈവാലയത്തിൽ വെച്ചു എന്നെ പിടിച്ചു കൊല്ലുവാൻ ശ്രമിച്ചു.

൨൰൨ എന്നാൽ ദൈവത്തിങ്കൽ നിന്നു സഹായം ലഭിക്കയാൽ ഞാൻ ചെറിയവനോടും വലിയവനോടും സാക്ഷ്യം പറഞ്ഞുകൊണ്ടു ഇന്നേവരെ നില്ക്കുന്നു.

൨൰൩ ക്രിസ്തു കഷ്ടപ്പെട്ടും എന്നും മരിച്ചവരുടെ പുനരുത്ഥാനത്തിൽ ആദ്യനായി ജനത്തോടും ജാതികളോടും വെളിച്ചം അറിയിക്കും എന്നും ഇങ്ങനെ സംഭവിപ്പാനുള്ളവയായി പ്രവാചകന്മാരും മോശെയും സംസാരിച്ചിട്ടുള്ളവ ഒഴികെ വേറൊന്നും ഞാൻ പറയുന്നതുമില്ല.

൨൰൪ ¶ ഇങ്ങനെ പ്രതിവാദിക്കയിൽ ഫെസ്തൊസ് മഹാശബ്ദത്തോടെ: പൌലൊസേ, നിനക്കു ഭ്രാന്തുണ്ടു; ഏറിയ വിദ്യ നിന്നെ ഭ്രാന്തു പിടിപ്പിക്കുന്നു എന്നു പറയുന്നു.

൨൰൫ എന്നാൽ പൌലൊസ് പറഞ്ഞതു: ശ്രേഷ്ഠനായ ഫെസ്തൊസേ, എനിക്കു ഭ്രാന്തില്ല; ഞാൻ സത്യവും സുബോധവുമുള്ള വാക്കുകൾ സംസാരിക്കുന്നതേയുള്ളു.

൨൰൬ രാജാവു താനും ഇവ ഗ്രഹിച്ചിരിക്കുന്നവൻ ആകയാൽ അവനോടു ഞാൻ പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നു; ഇവ ഒന്നും അവന്നു മറവായിരിക്കുന്നില്ല എന്നു എനിക്കു ബോധ്യമുണ്ടു. ഒരു കോണിൽ നടന്നതല്ലല്ലോ.

൨൰൭ അഗ്രിപ്പാ രാജാവേ, പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ? നീ വിശ്വസിക്കുന്നു എന്നു ഞാൻ അറിയുന്നു.

൨൰൮ അപ്പോൾ അഗ്രിപ്പാ പൌലൊസിനോടു: ഞാൻ ക്രിസ്ത്യാനിയായി തീരുവാൻ അല്പംകൊണ്ടു നീ എന്നെ സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു.

൨൰൯ എന്നാൽ പൌലൊസ്: നീ മാത്രമല്ല, ഇന്നു എന്നിൽനിന്നു കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ബന്ധനങ്ങൾ ഒഴികെ എന്നെ പോലെ ആകേണം എ

ന്നു ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു എന്നു പറഞ്ഞു.

൩൦ ¶ അപ്പോൾ രാജാവും നാടുവാഴിയും ബെറ്നീക്കേയും അവരോടു കൂടെ ഇരുന്നവരും എഴുനീററു.

൩൧ അവർ മാറിനിന്നു: ഈ മനുഷ്യൻ മരണത്തിന്നാകട്ടെ ചങ്ങലകൾക്കാകട്ടെ യോഗ്യമായതു ഒന്നും ചെയ്യുന്നില്ല എന്നിങ്ങിനെ തമ്മിൽ സംസാരിച്ചു.

൩൨ ഇവൻ കൈസരെ അഭയം ചൊല്ലാതിരുന്നു എങ്കിൽ വിട്ടയപ്പാൻ കഴിയുമായിരുന്നു എന്നു അഗ്രിപ്പാ ഫെസ്തൊസിനോടു പറകയും ചെയ്തു.

൨൭ാം അദ്ധ്യായം.

അനന്തരം ഞങ്ങൾ ഇതല്യെക്കു കപ്പലേറിപ്പോകേണം എന്നു കല്പനയായപ്പോൾ പൌലൊസിനെയും മററു ചില തടവുകാരെയും ഔഗുസ്ത്യപട്ടാളത്തിലേ ശതാധിപനായ യൂലിയോസിനെ ഏല്പിച്ചു.

൨ ആസ്യകര പററി ഓടുവാനുള്ള ഒരു അദ്രമുത്ത്യകപ്പലിൽ ഞങ്ങൾ കയറി നീക്കി; തെസ്സലോനിക്കയിൽനിന്നുള്ള മക്കെദോന്യക്കാരനായ അറിസ്തൎഹോസും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു.

൩ പിറേറന്നു സിദോനിൽ എത്തിയാറെ യൂലിയൊസ് പൌലൊസിനോടു ദയ കാണിച്ചു, സ്നേഹിതന്മാരുടെ അടുക്കൽ പോയി സല്ക്കാരം കൈക്കൊൾവാൻ അനുവദിച്ചു.

൪ അവിടെനിന്നു നീക്കി, കാററു പ്രതികൂലമാകയാൽ കുപ്രൊസ് ദ്വീപിന്റെ മറപററി ഓടി.

൫ കിലിക്യ പംഫുല്യ എന്ന നാടുകളൂടെ കടൽവഴിയായി ചെന്നു ലുക്കിയനാട്ടിലേ മീറാപ്പട്ടണത്തിൽ എത്തി.

൬ അവിടെ ശതാധിപൻ ഇതല്യെക്കു പോകുന്ന ഒരു അലെക്സന്ത്രിയകപ്പൽ കണ്ടു ഞങ്ങളെ അതിൽ കയററി.

൭ പിന്നെ ബഹു ദിവസം പതുക്കേ ഓടി, ക്നീദത്തുക്കിൽ പ്രയാസത്തോടെ എത്തിയ ശേഷം കാററു സമ്മതിക്കായ്കയാൽ ക്രേത്തദ്വീപു മറപററി ശല്മോനെക്കു നേരെ ഓടി.

൮ കരപററി പ്രയാസത്തോടെ ലസയ്യപുരിയുടെ സമീപത്തു ശുഭതുറമുഖം എന്നു പേരുള്ള സ്ഥലത്തേക്കു വന്നു.

൯ ¶ ഇങ്ങനെ വളരെ നാൾ ചെന്ന ശേഷം നോമ്പും കഴിഞ്ഞിരിക്കേ കപ്പലോട്ടം വൈഷമ്യം ആകകൊണ്ടു പൌലൊസ് അവരെ ഉണൎത്തി:

൧൦ പുരുഷന്മാരേ, ഈ യാത്ര ചരക്കിന്നും കപ്പലിന്നും മാത്രമല്ല നമ്മുടെ പ്രാണങ്ങൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾ വരുത്തും എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു.

൧൧ എന്നാൽ പൌലൊസ് പറഞ്ഞതിനേക്കാൾ ശതാധിപൻ മാലുമിയെയും കപ്പലുടമസ്ഥനെയും അധികം വിശ്വസിച്ചു.

൧൨ ആ തുറമുഖം ശീതകാലം കഴിപ്പാൻ തക്കതല്ലായ്കയാൽ തെക്കുപടിഞ്ഞാറും വടക്കുപടിഞ്ഞാറും തുറന്നുള്ള ഫൊയ്നീക്യ എന്ന ക്രേത്തതുറമുഖത്തിൽ ശീതകാലം പാൎപ്പാൻ വല്ലവിധേന എങ്കിലും എത്താം എന്നു വരികിൽ ഇവിടെനിന്നു നീക്കേണം എന്നു മിക്കപേരും ആലോചന പറഞ്ഞു.

൧൩ തെക്കൻകാററു മന്ദമായി ഊതുകയാൽ താല്പൎയ്യം സാധിച്ചു എന്നു തോന്നി, അവിടെനിന്നു നങ്കൂരം എടുത്തു ക്രേത്തദ്വീപിൻ സമീപത്തൂടെ ഓടി.

൧൪ ഏറെനേരം കഴിയാതെ അതിന്നു വിരോധമായി ഈശാനമൂലൻ എന്നു പറയുന്ന കൊടുങ്കാററു ഉണ്ടായി.

൧൫ എന്നാൽ കപ്പൽ കാററിന്റെ നേരെ നില്പാൻ കഴിയാതെ കുടുങ്ങുകയാൽ ഞങ്ങൾ കൈവിട്ടു അങ്ങനെ പാറിപ്പോയി.

൧൬ ക്ലൌദ എന്ന ദ്വീപിന്റെ സമീപത്തു കൂടെ ഓടീട്ടു തോണിയെ പ്രയാസത്തോടെ കൈവശമാക്കി.

൧൭ അതിനെ വലിച്ചു കയററീട്ടു അവർ കപ്പൽ ചുററികെട്ടിക്കൊണ്ടും മററും ഉറപ്പുകൾ വരുത്തി; പിന്നെ മണത്തിട്ടമേൽ അകപ്പെടുമോ എന്നു പേടിച്ചു പായി ഇറക്കി അങ്ങനെ ഞങ്ങൾ പാറിപ്പോയി.

൧൮ വിശേഷിച്ചു ഞങ്ങൾ കൊടുങ്കാററിനാൽ അത്യന്തം അലയുകകൊണ്ടു പിറേറന്നു അവർ ചരക്കു പുറത്തുകളഞ്ഞു.

൧൯ മൂന്നാംനാൾ അവർ തങ്ങളുടെ സ്വന്തകൈകളാൽ കപ്പൽക്കോപ്പുകളെയും കടലിൽ ഇട്ടുകളഞ്ഞു.

൨൰ വളരെ നാളായിട്ടു ആദിത്യനെയാകട്ടെ നക്ഷത്രങ്ങളെയാകട്ടെ കാണാതെയും ചെറുതല്ലാത്ത കൊടുങ്കാററു അടിച്ചുകൊണ്ടും ഇരിക്കയാൽ ഞങ്ങൾ രക്ഷപെടും എന്നുള്ള ആശ ഒക്കെയും അററുപോയി.

൨൰൧ അവർ വളരെ പട്ടിണിയായിരുന്നശേഷം പൌലൊസ് അവരുടെ നടുവിൽനിന്നുകൊണ്ടു പറഞ്ഞു: പുരുഷന്മാരേ, എന്റെ വാക്കു അനുസരിച്ചു ക്രേത്തയിൽനിന്നു നീക്കാതെയും ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു.

൨൰൨ എങ്കിലും ഇപ്പോൾ സുഖമനസ്സോടിരിപ്പാൻ ഞാൻ നിങ്ങളെ ഉണൎത്തുന്നു; കപ്പലിന്നു അല്ലാതെ നിങ്ങളിൽ ആരുടെയും പ്രാണന്നു ഹാനി വരികയില്ല.

൨൰൩ എന്തുകൊണ്ടെന്നാൽ എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു:

൨൰൪ പൌലൊസേ, ഭയപ്പെടരുതു; നീ കൈസരുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു; ഇതാ, നിന്നോടുകൂടെ പോകുന്നവരെ ഒക്കെയും ദൈവം നിനക്കു നല്കിയിരിക്കുന്നു എന്നു പറഞ്ഞു.

൨൰൫ അതുകൊണ്ടു പുരുഷന്മാരേ, സുഖമനസ്സോടിരിപ്പിൻ; എന്നോടു അരുളിച്ചെയ്തു പ്രകാരം തന്നേ ഉണ്ടാകും എന്നു ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു.

൨൰൬ എന്നാൽ നാം ഒരു ദ്വീപിന്മേൽ ചെന്നു വീഴേണ്ടതാകുന്നു.

൨൰൭ ¶ പതിന്നാലാം രാത്രിയായപ്പോൾ അദ്രിയക്കടലിൽ അലയുന്നേരം പാതിരാത്രിയിൽ ഒരു കരെക്കു സമീപിക്കുന്നപ്രകാരം കപ്പല്ക്കാൎക്കു തോന്നി.

൨൰൮ അവർ ഈയം ഇട്ടു ഇരുപതു മാർ എന്നു കണ്ടു; കുറയ അപ്പുറം പോയിട്ടു വീണ്ടും ഈയം ഇട്ടാറെ പതിനഞ്ചു മാർ കണ്ടു.

൨൰൯ തങ്ങൾ പാറസ്ഥലങ്ങളിൽ അകപ്പെടും എന്നു പേടിച്ചു അമരത്തുനിന്നു നാലു നങ്കൂരം ഇട്ടു, നേരം വെളുപ്പാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു.

൩൰ അനന്തരം കപ്പല്ക്കാർ കപ്പൽ വിട്ടു ഓടിപ്പോകുവാൻ വിചാരിച്ചു അണിയത്തുനിന്നു നങ്കൂരങ്ങൾ ഇടുവാൻ പോകുന്നു എന്നുള്ള ഭാവത്തിൽ തോണിയെ കടലിൽ ഇറക്കി.

൩൰൧ അപ്പോൾ പൌലൊസ് ശതാധിപനോടും പടയാളികളോടും: ഇവർ കപ്പലിൽ താമസിച്ചല്ലാതെ നിങ്ങൾക്കു രക്ഷപെടുവാൻ കഴിയുന്നതല്ല എന്നു പറഞ്ഞു.

൩൰൨ അപ്പോൾ പടയാളികൾ തോണിയുടെ കയറുകളെ അറുത്തു അതിനെ വീഴിച്ചുകളഞ്ഞു.

൩൰൩ നേരം വെളുക്കാറായപ്പോൾ പൌലൊസ് എല്ലാവരോടും ഭക്ഷണം കഴിക്കേണ്ടതിന്നു അപേക്ഷിച്ചു: നിങ്ങൾ ഒന്നും ഭക്ഷിക്കാതെ പട്ടിണിയായി കാത്തിരുന്നിട്ടു ഇന്നു പതിന്നാലാം ദിവസം ആകുന്നുവല്ലോ.

൩൰൪ അതുകൊണ്ടു ആഹാരം കഴിക്കേണം എന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു; അതു നിങ്ങളുടെ രക്ഷെക്കുള്ളതല്ലോ; നിങ്ങളിൽ ഒരുത്തന്റെയും തലയിൽനിന്നു ഒരു രോമംപോലും നഷ്ടമാകയില്ല നിശ്ചയം എന്നു പറഞ്ഞു.

൩൰൫ ഇങ്ങനെ പറഞ്ഞു അപ്പം എടുത്തുകൊണ്ടു എല്ലാവരും കാണ്കെ ദൈവത്തെ വാഴ്ത്തീട്ടു മുറിച്ചു ഭക്ഷിച്ചു തുടങ്ങി.

൩൰൬ അപ്പോൾ എല്ലാവരും മനംതെളിഞ്ഞു അവരും ഭക്ഷണം കഴിച്ചു.

൩൰൭ കപ്പലിൽ ഞങ്ങൾ ആകപ്പാടെ ഇരുനൂറെറഴുപത്താറു ആളുകൾ ഉണ്ടായിരുന്നു.

൩൰൮ അവർ ഭക്ഷിച്ചു തൃപ്തി വന്നശേഷം ധാന്യത്തെ കടലിൽ കളഞ്ഞു കപ്പലിന്റെ ഭാരം കുറെച്ചു.

൩൯ വെളിച്ചമായപ്പോൾ ഇന്ന ദേശം എന്നു അവർ അറിഞ്ഞില്ല എങ്കിലും കരയുള്ളോരു തുറ കണ്ടു, കഴിയും എങ്കിൽ കപ്പൽ അതിലേക്കു ഓടിക്കേണം എന്നു ഭാവിച്ചു,

൪൦ നങ്കൂരങ്ങളെ അറുത്തു കടലിൽ വിട്ടു, ചുക്കാന്റെ കെട്ടുകളെയും അഴിച്ചു, പെരുമ്പായെ കാററു മുഖമായി കൊടുത്തു, കരെക്കു നേരെ ഓടി.

൪൧ എന്നാറെ ഇരുകടൽ കൂടിയോരു സ്ഥലത്തിന്മേൽ കയറുകയാൽ കപ്പൽ അടിഞ്ഞു, അണിയം ഉറച്ചു ഇളക്കമില്ലാതെയായി; അമരം തിരകളുടെ കേമത്താൽ ഉടഞ്ഞുപോകയും ചെയ്തു.

൪൨ അപ്പോൾ തടവുകാരിൽ ഒരുത്തനും നീന്തി ഓടിപ്പോകാതിരിക്കേണ്ടതിന്നു അവരെ കൊല്ലേണം എന്നു പടയാളികളുടെ ആലോചന ഉണ്ടായി.

൪൩ എന്നാൽ ശതാധിപൻ പൌലൊസിനെ രക്ഷിപ്പാൻ ഇച്ശിച്ചിട്ടു അവരുടെ നിരൂപണം തടുത്തു, നീന്തുവാൻ കഴിയുന്നവർ മുമ്പേ ചാടി കരെക്കു പററുവാനും

൪൪ ശേഷമുള്ളവർ പലകകളുടെ മേലും കപ്പലിന്റെ ഖണ്ഡങ്ങളുടെ മേലുമായി എത്തുവാനും കല്പിച്ചു: ഇങ്ങനെ എല്ലാവരും കരയിൽ എത്തി രക്ഷപെടുവാൻ സംഗതി വരികയും ചെയ്തു.

൨൮ാം അദ്ധ്യായം.

രക്ഷപെട്ട ശേഷം ദ്വീപിന്റെ പേർ മെലിത്ത എന്നു ഞങ്ങൾ ഗ്രഹിച്ചു.

൨ എന്നാൽ ബർബ്ബരന്മാർ നടപ്പല്ലാത്ത മാനുഷപ്രീതി കാണിച്ചു, അപ്പോഴത്തേ മഴയും ശീതവും നിമിത്തം തീ കൂട്ടി ഞങ്ങളെ എല്ലാവരെയും കൈക്കൊണ്ടു.

൩ എന്നാൽ പൌലൊസ് കുറെ വിറകു പെറുക്കി തീയിൽ ഇട്ടപ്പോൾ ഒരു അണലി ചൂടു നിമിത്തം പുറപ്പെട്ടു അവന്റെ കൈക്കു പററി.

൪ ആ ജന്തു അവന്റെ കൈമേൽ തൂങ്ങുന്നതു ബർബ്ബരന്മാർ കണ്ടപ്പോൾ: ഈ മനുഷ്യൻ ഒരു കുലപാതകൻ തന്നേ സംശയമില്ല; കടലിൽനിന്നു രക്ഷപെട്ടിട്ടും നീതി അവനെ ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നില്ല എന്നു തങ്ങളിൽ പറഞ്ഞു.

൫ എന്നാൽ അവൻ ആ ജന്തുവിനെ തീയിൽ കുടഞ്ഞുകളഞ്ഞു, ദോഷം ഒന്നും പററിയതുമില്ല.

൬ അവരോ അവൻ വീങ്ങുകയെങ്കിലും പെട്ടെന്നു ചത്തു വീഴുകയെങ്കിലും ചെയ്യും എന്നുവെച്ചു കാത്തുനിന്നു; വളരേനേരം കാത്തു നിന്നശേഷം ആപത്തു ഒന്നും അവന്നു സംഭവിക്കുന്നില്ല എന്നു കണ്ടിട്ടു മനസ്സു മാറി അവൻ ഒരു ദേവൻ ആകുന്നു എന്നു പറഞ്ഞു.

൭ ¶ ആ സ്ഥലത്തിന്റെ സമീപത്തു പുബ്ലിയൻ എന്ന ദ്വീപുപ്രമാണിക്കു ജന്മഭൂമി ഉണ്ടായിരുന്നു; അവൻ ഞങ്ങളെ ചേർത്തുകൊണ്ടു മൂന്നു ദിവസം ആദരവോടെ അതിഥിസല്ക്കാരം ചെയ്തു.

൮ പുബ്ലിയന്റെ അപ്പൻ പനിയും അതിസാരവും പിടിച്ചു കിടപ്പായിരുന്നു. അവന്റെ അടുക്കലേക്കു പൌലൊസ് അകത്തു ചെന്നു പ്രാർത്ഥിച്ചു കൈകളെ അവന്മേൽ വെച്ചു സൌഖ്യം വരുത്തുകയും ചെയ്തു.

൯ ഇതു സംഭവിച്ച ശേഷം ദ്വീപിൽ രോഗമുള്ള മററു ആളുകളും വന്നു സൌഖ്യം പ്രാപിച്ചു.

൧൦ അവരും ഏറിയ ബഹുമാനങ്ങളാൽ ഞങ്ങളെ മാനിച്ചു; ഞങ്ങൾ കപ്പലേറുന്ന സമയം ആവശ്യമുള്ളവ കയററിത്തരികയും ചെയ്തു.

൧൧ ¶ മൂന്നു മാസം കഴിഞ്ഞശേഷം ഞങ്ങൾ ആ ദ്വീപിൽ ശീതകാലം കഴിച്ചു കിടന്നിരുന്ന മിഥുനക്കുറിയുള്ള ഒരു അലെക്സന്ത്രിയകപ്പലിൽ കയറി പുറപ്പെട്ടു.

൧൨ സുറക്കൂസിൽ കരയിറങ്ങി മൂന്നു നാൾ പാർത്തു; അവിടെനിന്നു ഞങ്ങൾ ചുററി ഓടി രേഗ്യത്തിൽ എത്തി.

൧൩ ഒരു ദിവസം കഴിഞ്ഞപ്പോൾ തെക്കങ്കാററു ഉണ്ടായിട്ടു പിറേറന്നു പുത്യോലിയിൽ ചെന്നു.

൧൪ അവിടെ സഹോദരന്മാരെ കണ്ടാറെ അവരോടുകൂടെ ഏഴുനാൾ താമ

സിക്കേണം എന്നു അപേക്ഷ ഉണ്ടായി;
ഇങ്ങനെ ഞങ്ങൾ റോമയിൽ എത്തി.

൧൫ അവിടത്തെ സഹോദരന്മാർ ഞ
ങ്ങളുടെ വൎത്തമാനം കേട്ടിട്ടു അപ്പ്യപുര
വും ത്രിമണ്ഡപവും വരെ ഞങ്ങളെ എതി
രേല്പാൻ പുറപ്പെട്ടു വന്നു; അവരെ ക
ണ്ടിട്ടു പൌലൊസ് ദൈവത്തെ വാഴ്ത്തി
ധൈൎയ്യം പ്രാപിക്കയും ചെയ്തു.

൧൬ ¶ റോമയിൽ എത്തിയപ്പോൾ
പൌലൊസ് തന്നെ കാത്തുവരുന്ന പട
യാളിയോടുകൂടെ തനിച്ചു പാൎപ്പാൻ അ
നുവാദം ഉണ്ടായി.

൧൭ ¶ മൂന്നു ദിവസം കഴിഞ്ഞശേ
ഷം അവൻ യഹൂദന്മാരിൽ പ്രധാനിക
ളായവരെ വിളിപ്പിച്ചു. അവർ വന്നുകൂ
ടിയപ്പോൾ അവരോടു പറഞ്ഞു: സഹോ
ദരന്മാരായ പുരുഷന്മാരേ, ഞാൻ ജന
ത്തിന്നു എങ്കിലും പിതാക്കന്മാരുടെ മൎയ്യാദ
കൾക്കു എങ്കിലും വിരോധം ഒന്നും ചെ
യ്തിട്ടില്ലാതിരിക്കേ യരുശലേമിൽനിന്നു
ബദ്ധനായി റോമക്കാരുടെ കൈയിൽ ഏ
ല്പിക്കപ്പെട്ടു.

൧൮ അവർ വിസ്തരിച്ചാറെ മരണസം
ഗതി ഒന്നും എന്നിൽ ഇല്ലായ്കയാൽ എ
ന്നെ വിട്ടയപ്പാൻ അവൎക്കു മനസ്സുണ്ടായി
രുന്നു.

൧൯ എന്നാൽ യഹൂദന്മാർ എതിർ പ
റകയാൽ ഞാൻ കൈസരെ അഭയം ചൊ
ല്ലേണ്ടി വന്നു; എന്റെ ജാതിയുടെ നേ
രെ അന്യായപ്പെടുവാൻ എനിക്കു യാതൊ
ന്നും ഉണ്ടായിട്ടല്ല താനും.

൨൦ ഇതു ഹേതുവായി നിങ്ങളെ ക
ണ്ടു സംസാരിക്കേണം എന്നു വെച്ചു ഞാ
ൻ നിങ്ങളെ വിളിപ്പിച്ചു. ഞാൻ ഈ ച
ങ്ങലകൊണ്ടു ബന്ധിക്കപ്പെട്ടിരിക്കുന്നതു
ഇസ്രയേലിന്റെ പ്രത്യാശ നിമിത്തം ആ
കുന്നു സത്യം.

൨൧ എന്നാറെ അവർ അവനോടു
പറഞ്ഞു: നിന്റെ സംഗതിക്കു യഹൂദിയ
യിൽനിന്നു ഞങ്ങൾക്കു എഴുത്തുകൾ വരി
കയാകട്ടെ സഹോദരന്മാരിൽ ആരും വ
ന്നു നിന്നെകൊണ്ടു യാതൊരു ദോഷവും
പറകയാകട്ടെ ചെയ്തിട്ടില്ല.

൨൨ എങ്കിലും ഈ മതഭേദത്തെ കുറി
ച്ചു എല്ലായിടത്തും വിരോധം പറയുന്ന
പ്രകാരം ഞങ്ങൾ അറിഞ്ഞിരിക്കുന്നതി
നാൽ നീ വിചാരിക്കുന്നതു ഇന്നതു എ
ന്നു നിന്നിൽനിന്നു കേൾപ്പാൻ ആഗ്രഹി
ക്കുന്നു.

൨൩ ¶ എന്നാറെ അവന്നു ഒരു ദി
വസം നിശ്ചയിച്ചിട്ടു പലരും അവന്റെ
പാൎപ്പിടത്തിൽ അവന്റെ അടുക്കൽ വ
ന്നു; അവരോടു അവൻ ദൈവരാജ്യ
ത്തിന്നു സാക്ഷ്യം പറഞ്ഞു മോശെയുടെ
ന്യായപ്രമാണത്തിൽനിന്നും പ്രവാചക
ന്മാരിൽനിന്നും യേശുവിനെ കുറിച്ചു അ
വൎക്കു ബോധം വരുമാറു രാവിലേ തുട
ങ്ങി സന്ധ്യവരെ വിവരിച്ചു.

൨൪ അവൻ പറഞ്ഞവയെ ചിലർ സ
മ്മതിച്ചു; ചിലർ വിശ്വസിച്ചില്ല.

൨൫ അവർ തമ്മിൽ യോജിക്കാതെ
പിരിഞ്ഞു പോകുമ്പോൾ പൌലൊസ്
അവരോടു ഒരു മൊഴി പറഞ്ഞതെന്തെ
ന്നാൽ:

൨൬ നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടു
ഗ്രഹിക്കാതിരിക്കും, കണ്ണുകൊണ്ടു കണ്ടിട്ടു
കാണാതിരിക്കും; എന്തുകൊണ്ടെന്നാൽ ക
ണ്ണുകൾകൊണ്ടു കാണാതെയും ചെവിക
ൾകൊണ്ടു കേൾക്കാതെയും ഹൃദയംകൊ
ണ്ടു ഗ്രഹിച്ചു മനന്തിരിയാതെയും

൨൭ ഞാൻ അവരെ സൌഖ്യപ്പെടുത്താ
തെയും ഇരിക്കേണ്ടതിന്നു ഈ ജനത്തി
ന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവർ
ചെവികളാൽ മന്ദമായി കേട്ടു തങ്ങളുടെ
കണ്ണുകളെ അടെച്ചിരിക്കുന്നു എന്നു ഈ
ജനത്തിന്റെ അടുക്കൽ പോയി പറക.
എന്നതിനെ പരിശുദ്ധാത്മാവു യശയ്യാ
പ്രവാചകൻ മുഖാന്തരം നിങ്ങളുടെ പി
താക്കന്മാരോടു പറഞ്ഞിരിക്കുന്നതു ശരി
തന്നേ.

൨൮ ആകയാൽ ദൈവത്തിന്റെ ഈ
രക്ഷ ജാതികൾക്കു അയക്കപ്പെട്ടിരിക്കു
ന്നു, അവർ കേൾക്കയും ചെയ്യും എന്നു നി
ങ്ങൾ അറിഞ്ഞിരിക്കട്ടെ.

൩൦ ¶ എന്നാൽ അവൻ കൂലിക്കു വാ
ങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ

പാർത്തു, തന്റെ അടുക്കൽ വരുന്നവരെ
ഒക്കെയും കൈക്കൊണ്ടു.
൩൧ എല്ലാ പ്രാഗത്ഭ്യത്തോടും കൂടെ
ദൈവരാജ്യത്തെ പ്രസംഗിച്ചും കർത്താ
വായ യേശു ക്രിസ്തുവിനെ കുറിച്ചുള്ളവ
തടസ്ഥം കൂടാതെ ഉപദേശിച്ചുംകൊണ്ടി
രുന്നു.

THE EPISTLE OF PAUL THE APOSTLE

TO THE

ROMANS.

അപ്പൊസ്തലനായ പൌലൊസ്

റോമൎക്കു എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

ദൈവം തന്റെ പുത്രനും നമ്മുടെ ക
ർത്താവുമായ യേശുക്രിസ്തുവിനെ സംബ
ന്ധിച്ചു
൨ മുമ്പേ വിശുദ്ധയെഴുത്തുകളിൽ ത
ന്റെ പ്രവാചകന്മാർ മുഖാന്തരം വാഗ്ദ
ത്തം ചെയ്തു സുവിശേഷത്തിന്നായി വേ
ർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും
യേശുക്രിസ്തുവിന്റെ ദാസനുമായ പൌ
ലൊസ്
൩ റോമയിൽ ദൈവത്തിന്നു പ്രിയ
രും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എ
ല്ലാവൎക്കും എഴുതുന്നതു:
൪ നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും കർത്താവായ യേശുക്രിസ്തുവിൽനി
ന്നും നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.
൫ ജഡപ്രകാരം ദാവീദിന്റെ സന്ത
തിയിൽനിന്നു ജനിച്ചും മരിച്ചവരിൽനി
ന്നു ഉയിൎത്തെഴുനീല്ക്കയാൽ വിശുദ്ധിയുടെ
ആത്മാവിൻപ്രകാരം ദൈവപുത്രൻ എ
ന്നു ശക്തിയോടെ നിൎണ്ണയിക്കപ്പെട്ടും ഇ
രിക്കുന്നവനാലല്ലോ.
൬ ഞങ്ങൾ അവന്റെ നാമത്തിന്നാ
യി സകലജാതികളുടെ ഇടയിലും വി
ശ്വാസത്തിന്നു അനുസരണം വരുത്തേ
ണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും
പ്രാപിച്ചതു.
൭ ആയവരിൽ യേശു ക്രിസ്തുവിന്നാ
യി വിളിക്കപ്പെട്ടവരായ നിങ്ങളും ഉൾ
പ്പെട്ടിരിക്കുന്നു.
൮ ¶ നിങ്ങളുടെ വിശ്വാസം സൎവ്വ
ലോകത്തിലും പ്രസ്താവിക്കപ്പെടുന്നതിനാ
ൽ ആദ്യം തന്നേ എന്റെ ദൈവത്തിന്നു
യേശു ക്രിസ്തു മുഖാന്തരം നിങ്ങൾക്കെല്ലാ
വൎക്കും വേണ്ടി ഞാൻ സ്തോത്രം ചെയ്യുന്നു.
൯ ഞാൻ ഇടവിടാതെ നിങ്ങളെ ഓ
ൎത്തുകൊണ്ടു ദൈവേഷ്ടത്താൽ എപ്പോൾ
എങ്കിലും നിങ്ങളുടെ അടുക്കലേക്കു വരു
വാൻ സാധിക്കുമോ എന്നു എന്റെ പ്രാ
ൎത്ഥനകളിൽ എപ്പോഴും യാചിക്കുന്നു എ
ന്നുള്ളതിന്നു
൰ അവന്റെ പുത്രന്റെ സുവിശേ
ഷത്തിൽ ഞാൻ എന്റെ ആത്മാവിൽ ആ
രാധിക്കുന്ന ദൈവം എനിക്കു സാക്ഷി.
൰൧ നിങ്ങളുടെ സ്ഥിരീകരണത്തിന്നാ
യി ആത്മികവരം വല്ലതും നിങ്ങൾക്കു ന
ല്കേണ്ടതിന്നു ഞാൻ നിങ്ങളെ കാണ്മാൻ
വാഞ്ഛിക്കുന്നു.
൰൨ അതായതു നിങ്ങൾക്കും എനിക്കും
ഒത്തൊരുമിച്ചുള്ള വിശ്വാസത്താൽ നിങ്ങ

ളോടു കൂടെ എനിക്കും ആശ്വാസം ലഭിക്കേണ്ടതിന്നു തന്നേ.

൧൩ എന്നാൽ സഹോദരന്മാരേ, എനിക്കു ശേഷം ജാതികളിലുള്ളപോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്നു നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എന്നും ഇതുവരെ മുടക്കം വന്നു എന്നും നിങ്ങൾ അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു.

൧൪ യവനന്മാൎക്കും ബൎബ്ബരന്മാൎക്കും ജ്ഞാനികൾക്കും ബുദ്ധിഹീനൎക്കും ഞാൻ കടക്കാരൻ ആകുന്നു.

൧൫ അപ്രകാരം റോമയിലുള്ള നിങ്ങളോടും സുവിശേഷിപ്പാൻ ഞാൻ എന്നാൽ ആവോളം ഒരുങ്ങിയിരിക്കുന്നു.

൧൬ എന്തുകൊണ്ടെന്നാൽ സുവിശേഷത്തെ കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്നവന്നു ഒക്കെയും, മുമ്പേ യഹൂദന്നും പിന്നെ യവനന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ.

൧൭ വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കു ദൈവത്തിന്റെ നീതി അതിലല്ലോ വെളിപ്പെടുന്നതു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നേ.

൧൮ ¶ എന്തുകൊണ്ടെന്നാൽ അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വൎഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു.

൧൯ എന്തുകൊണ്ടെന്നാൽ ദൈവത്തെ കുറിച്ചു അറിയാകുന്നതു അവൎക്കു വെളിവായിരിക്കുന്നു; ദൈവം അവൎക്കു അതിനെ വെളിവാക്കിയല്ലോ.

൨൦ എങ്ങനെയെന്നാൽ അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ കാണാത്ത ഗുണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പണികളാൽ ബുദ്ധിക്കു തെളിഞ്ഞു കാണപ്പെടുന്നു; അവർ പ്രതിവാദമില്ലാത്തവർ ആകേണ്ടതിന്നുതന്നേ

൨൧ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു മഹത്വീകരിക്കയും നന്ദിയുള്ളവരാകയും ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യൎത്ഥരായി തീൎന്നു, അവരുടെ ബോധമില്ലാത്ത ഹൃദയം ഇരുണ്ടുപോകയും ചെയ്തു.

൨൨ ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി,

൨൩ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളകയും ചെയ്തു.

൨൪ ¶ അതുകൊണ്ടു തന്നേ അവരുടെ ഹൃദയങ്ങളിലേ മോഹങ്ങളിൽ തങ്ങളുടെ ശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു ദൈവം അവരെ അശുദ്ധിയിലേക്കു ഏല്പിച്ചു.

൨൫ അവർ ദൈവത്തിന്റെ സത്യത്തെ അസത്യമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ.

൨൬ ¶ അതുകൊണ്ടു ദൈവം അവരെ അവമാനരാഗങ്ങളിലേക്കു ഏല്പിച്ചു; എന്തുകൊണ്ടെന്നാൽ അവരുടെ പെണ്ണുങ്ങൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമായി മാറ്റി.

൨൭ അവ്വണ്ണം ആണുങ്ങളും പെണ്ണിന്റെ സ്വാഭാവികഭോഗത്തെ വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവൃത്തിച്ചു. ഇങ്ങനെ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു.

൨൮ ¶ പിന്നെ ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തവ ചെയ്വാൻ നികൃഷ്ടബുദ്ധിയിലേക്കു ഏല്പിച്ചുകളഞ്ഞു.

൨൯ അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും വേണ്ടാതനവും നിറഞ്ഞും അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയും

൩൦ കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗൎവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷങ്ങളെ

സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ,

൩൧ ബുദ്ധിഹീനന്മാർ, നിയമലംഘികൾ, സ്വാഭാവികസ്നേഹമില്ലാത്തവർ, കനിവററവർ ആയിരിക്കുന്നു.

൩൨ ഈ വക പ്രവൃത്തിക്കുന്നവർ മരണത്തിന്നു യോഗ്യന്മാർ എന്നുള്ള ദൈവന്യായത്തെ അവർ അറിഞ്ഞിട്ടും അവയെ പ്രവൃത്തിക്ക മാത്രമല്ല പ്രവൃത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു.

൨ാം അദ്ധ്യായം.

ആകയാൽ ന്യായംവിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല; എങ്ങനെ എന്നാൽ അന്യനെ വിധിക്കുന്നതിൽ നീ നിന്നെ തന്നേ കുററം വിധിക്കുന്നു; വിധിക്കുന്ന നീ അവയെ തന്നേ പ്രവൃത്തിക്കുന്നവല്ലോ.

൨ എന്നാൽ ആ വക പ്രവൃത്തിക്കുന്നവരുടെ നേരെ ദൈവത്തിൻെറ വിധി സത്യപ്രകാരം ആകുന്നു എന്നു നാം അറിയുന്നു.

൩ അല്ലയോ, ആ വക പ്രവൃത്തിക്കുന്നവരെ വിധിക്കയും അവയെ തന്നേ പ്രവൃത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിൻെറ വിധിയിൽനിന്നു തെററി ഒഴിയും എന്നു നിനെക്കുന്നുവോ?

൪ അല്ല, ദൈവത്തിൻെറ ദയ നിന്നെമാനസാന്തരത്തിലേക്കുനടത്തുന്നു എന്നു അറിയാതെ അവൻെറ ദയ, ക്ഷമ, ദീൎഘക്ഷാന്തി ഇവയുടെ ധനത്തെ നിരസിക്കുന്നുവോ?

൫ എന്നാൽ നിൻെറ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിൻെറ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തിൽ നിനക്കു തന്നേ കോപത്തെ ചരതിക്കുന്നു.

൬ അവൻ ഓരോരുത്തന്നു അവനവൻെറ പ്രവൃത്തികൾക്കു തക്ക പകരം ചെയ്യും.

൭ നല്ല പ്രവൃത്തിക്കുള്ള ക്ഷമ പൂണ്ടു തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവൎക്കു നിത്യജീവനെ കൊടുക്കും.

൮ ദുശ്ശീലം പൂണ്ടു സത്യത്തെ അനുസരിക്കാതെ അനീതിയെ അനുസരിക്കുന്നവൎക്കു കോപവും ക്രോധവും.

൯ തിന്മയെ പ്രവൃത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്മേലും സങ്കടവും ഞെരുക്കവും; മുമ്പേ യഹൂദന്നും പിന്നെ യവനന്നും.

൧൦ നന്മയെ പ്രവൃത്തിക്കുന്ന ഏവന്നും മഹത്വവും മാനവും സമാധാനവും: മുമ്പേ യഹൂദന്നും പിന്നെ യവനന്നും.

൧൧ ദൈവത്തിൻെറ പക്കൽ മുഖപക്ഷം ഇല്ലല്ലോ.

൧൨ ന്യായപ്രമാണം കൂടാതെ പിഴെച്ചവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും; ന്യായപ്രമാണത്തിൻ കീഴേ പിഴച്ചവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടുകയും ചെയ്യും.

൧൩ ന്യായപ്രമാണത്തെ കേൾക്കുന്നവരല്ലല്ലോ ദൈവത്തിൻെറ മുമ്പാകെ നീതിമാന്മാർ, ന്യായപ്രമാണത്തെ ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടും.

൧൪ എന്നാൽ ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളവ സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത ഇവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണം ആകുന്നു.

൧൫ അവരുടെ മനോബോധം കൂടെ സാക്ഷ്യം പറഞ്ഞുകൊണ്ടും അവരുടെ വിചാരങ്ങൾ തമ്മിൽ കുററം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ടും അവർ ന്യായപ്രമാണത്തിൻെറ പ്രവൃത്തിയെ തങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു;

൧൬ ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എൻെറ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ.

൧൭ ¶ നീയോ യഹൂദൻ എന്നു പേർകൊണ്ടും ന്യായപ്രമാണത്തിൽ ആശ്രയിച്ചും ദൈവത്തിൽ പ്രശംസിച്ചും

൧൮ ന്യായപ്രമാണത്തിൽനിന്നു പഠിക്കയാൽ അവൻെറ ഇഷ്ടത്തെ അറിഞ്ഞും ഭേദാഭേദങ്ങളെ വിവേചിച്ചും

൧൯ ജ്ഞാനത്തിൻെറയും സത്യത്തി

ൻെറയും രൂപം ന്യായപ്രമാണത്തിൽനി
ന്ന നിനക്കു ഉള്ളതുകൊണ്ടു
൨൦ നീ കുരുടൎക്കു വഴി കാട്ടുന്നവൻ,
ഇരുട്ടിൽ ഉള്ളവൎക്കു വെളിച്ചം, മൂഢരെ
അഭ്യസിപ്പിക്കുന്നവൻ ശിശുക്കൾക്കു ഉപ
ദേഷ്ടാവു എന്നു ഉറെച്ചുമിരിക്കുന്നെ
ങ്കിൽ—
൨൧ ഹേ അന്യനെ ഉപദേശിക്കുന്ന
വനേ, നീ നിന്നെ തന്നേ ഉപദേശിക്കു
ന്നില്ലയോ? മോഷ്ടിക്കരുതു എന്നു പ്രസം
ഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ?
൨൨ വ്യഭിചാരം അരുതു എന്നു പറയു
ന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്ര
ഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രകവൎച്ച
ചെയ്യുന്നുവോ?
൨൩ ന്യായപ്രമാണത്തിൽ പ്രശംസി
ക്കുന്ന നീ ന്യായപ്രമാണലംഘനത്താൽ
ദൈവത്തെ അപമാനിക്കുന്നുവോ?
൨൪ എഴുതിയിരിക്കുന്നപ്രകാരം ത
ന്നേ: ദൈവത്തിൻെറ നാമം നിങ്ങളുടെ
നിമിത്തം ജാതികളുടെ ഇടയിൽ ദുഷിക്ക
പ്പെടുന്നു.
൨൫ നീ ന്യായപ്രമാണം ആചരിച്ചാ
ൽ പരിച്ഛേദന ഉപകരിക്കുന്നു സത്യം;
ന്യായപ്രമാണലംഘിയായാലോ നിൻെറ
പരിച്ഛേദന അഗ്രചൎമ്മമായി തീൎന്നു.
൨൬ ആകയാൽ അഗ്രചൎമ്മക്കാരൻ
ന്യായപ്രമാണത്തിൻെറ നീതികളെ കാ
ത്തുകൊണ്ടാൽ അവൻെറ അഗ്രചൎമ്മം പ
രിച്ഛേദന എന്നു എണ്ണപ്പെടുകയില്ല
യോ?
൨൭ സ്വഭാവത്താലുള്ള അഗ്രചൎമ്മം
ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നു എങ്കി
ൽ അക്ഷരവും പരിച്ഛേദനയുമുള്ള ന്യാ
യപ്രമാണലംഘിയായ നിന്നെ അതു ന്യാ
യം വിധിക്കയില്ലയോ?
൨൮ എന്തുകൊണ്ടെന്നാൽ പുറമേ യ
ഹൂദനായവൻ യഹൂദനല്ല, പുറമേ ജഡ
ത്തിലുള്ളതു പരിച്ഛേദനയുമല്ല.
൨൯ അകമേ യഹൂദനായവനത്രേ യ
ഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള
ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന;
അതിന്നുള്ള പുകഴ്ച മനുഷ്യരിൽനിന്നല്ല
ദൈവത്തിൽനിന്നു ആകുന്നു.

൩ാം അദ്ധ്യായം.

എന്നാൽ യഹൂദന്നു എന്തു വിശേഷതയു
ള്ളു? അല്ല പരിച്ഛേദനയാൽ എന്തു ഉപ
കാരം?
൨ എല്ലാവിധത്തിലും വളരെ ഉണ്ടു;
ഒന്നാമതു ദൈവത്തിൻെറ അരുളപ്പാടുക
ൾ അവരുടെ പക്കൽ സമൎപ്പിക്കപ്പെട്ടതു
തന്നേ.
൩ എന്നാൽ ചിലർ വിശ്വസിച്ചില്ല
എങ്കിൽ അവരുടെ അവിശ്വാസം ദൈ
വത്തിൻെറ വിശ്വസ്തതെക്കു നീക്കം വരു
ത്തുമോ?
൪ ഒരുനാളും ഇല്ല; ദൈവം സത്യവാ
ൻ, എല്ലാ മനുഷ്യനും അസത്യവാദി എ
ന്നേ വരാവു; നിൻെറ വചനങ്ങളിൽ നീ
നീതീകരിക്കപ്പെടുവാനും നിൻെറ ന്യായ
വിസ്താരത്തിൽ ജയിപ്പാനും എന്നു എഴുതി
യിരിക്കുന്നപ്രകാരം തന്നേ.
൫ എന്നാൽ നമ്മുടെ അനീതി ദൈവ
ത്തിൻെറനീതിയെ സ്ഥാപിക്കുന്നു എങ്കിൽ
നാം എന്തു പറയും? കോപത്തെ നടത്തു
ന്ന ദൈവം നീതിയില്ലാത്തവൻ എ
ന്നോ? ഞാൻ മാനുഷമായി പറയുന്നു:
൬ ഒരുനാളുമല്ല; അല്ലായ്കിൽ ദൈവം
ലോകത്തെ എങ്ങനെ ന്യായംവിധിക്കും?
൭ എന്നാൽ ദൈവത്തിൻെറ സത്യ
ത്തിന്നു എൻെറ ഭോഷ്കിനാൽ അവൻെറ
മഹത്വത്തിന്നായി പുഷ്ടിവന്നു എങ്കിൽ
പിന്നെ ഞാൻ പാപി എന്നു വിധിക്ക
പ്പെടുന്നതു എന്തു?
൮ ഞങ്ങളെകൊണ്ടു ദുഷിക്കുന്നപ്രകാ
രവും ഞങ്ങൾ പറയുന്നു എന്നു ചിലർ
വാദിക്കുന്നപ്രകാരവും നല്ലതു വരേണ്ട
തിന്നു തീയതിനെ ചെയ്ക എന്നരുതോ?
അവരുടെ ന്യായവിധി നീതിയുള്ളതു ത
ന്നേ.
൯ ¶ പിന്നെ എന്തു? നമുക്കു വിശേ
ഷതയുണ്ടോ? അശേഷമില്ല; യഹൂദന്മാ
രും യവനന്മാരും എല്ലാവരും പാപത്തി
ൻ കീഴാകുന്നു എന്നു നാം മുമ്പേ കുററം
തെളിയിച്ചുവല്ലോ.
൧൦ എഴുതിയിരിക്കുന്ന പ്രകാരം: നീ
തിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല.

൧൧ ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല.

൧൨ എല്ലാവരും വഴി തെററി ഒരു പോലെ കൊള്ളരുതാത്തവരായി പോയി; ഗുണം ചെയ്യുന്നവനില്ല, ഒരുത്തൻ പോലും ഇല്ല.

൧൩ അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകളാൽ അവർ ചതിച്ചു; സൎപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു.

൧൪ അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു.

൧൫ അവരുടെ കാലുകൾ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു.

൧൬ സംഹാരവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ടു.

൧൭ സമാധാനത്തിന്റെ വഴി അവർ അറിഞ്ഞിട്ടില്ല.

൧൮ അവരുടെ കണ്ണുകൾക്കു മുമ്പാകെ ദൈവഭയം ഇല്ല.

൧൯ ¶ എന്നാൽ ന്യായപ്രമാണം പറയുന്നതു എല്ലാം ന്യായപ്രമാണത്തിൻകീഴുള്ളവരോടു സംസാരിക്കുന്നു എന്നു നാം അറിയുന്നു. സകല വായും അടെഞ്ഞു സൎവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതിന്നു തന്നേ.

൨൦ അതുകൊണ്ടു ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ മുമ്പാകെ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമല്ലോ ഉണ്ടാകുന്നതു.

൨൧ എന്നാൽ ഇപ്പോൾ ദൈവത്തിന്റെ നീതി ന്യായപ്രമാണം കൂടാതെ വിളങ്ങി വന്നിരിക്കുന്നു. അതിന്നു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.

൨൨ വിശ്വസിക്കുന്ന എല്ലാവൎക്കും യേശു ക്രിസ്തുവിങ്കലേ വിശ്വാസത്താലുള്ള ദൈവനീതി തന്നേ.

൨൩ എന്തുകൊണ്ടെന്നാൽ ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു, ദൈവതേജസ്സു ഇല്ലാത്തവരായി തീൎന്നു.

൨൪ അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലേ വീണ്ടെടുപ്പു മൂലം സൌജന്യമായത്രേ നീതീകരിക്കപ്പെടുന്നു.

൨൫ അവനെ ദൈവം അവന്റെ രക്തത്തിൽ വിശ്വാസത്താൽ പ്രായശ്ചിത്തബലിയായി മുൻ നിറുത്തി; അതു ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദൎശിപ്പിപ്പാൻ,

൨൬ താൻ നീതിമാനും യേശുവിൽ വിശ്വാസമുള്ളവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദൎശിപ്പിപ്പാൻ തന്നേ.

൨൭ എന്നാൽ പ്രശംസ എവിടേ? അതു തള്ളിപ്പോയി. ഏതു പ്രമാണത്താൽ? പ്രവൃത്തികളുടേതിനാലോ? അല്ല, വിശ്വാസത്തിന്റെ പ്രമാണത്താലത്രേ.

൨൮ ആകയാൽ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ കൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നാം പ്രമാണിക്കുന്നു.

൨൯ അല്ല, ദൈവം യഹൂദന്മാൎക്കു മാത്രം ദൈവമോ? ജാതികൾക്കും കൂടെ അല്ലയോ? അതേ ജാതികൾക്കും കൂടെ ആകുന്നു.

൩൦ വിശ്വാസം മൂലം പരിച്ഛേദനയെയും വിശ്വാസത്താൽ അഗ്രചൎമ്മത്തെയും നീതീകരിക്കുന്നവനായ ദൈവം ഏകൻ തന്നേ അല്ലോ.

൩൧ ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുൎബ്ബലപ്പെടുത്തുന്നുവോ? ഒരുനാളും ഇല്ല; നാം ന്യായപ്രമാണത്തെ സ്ഥാപിക്കയത്രേ ചെയ്യുന്നു.

൪ാം അദ്ധ്യായം.

എന്നാൽ നമ്മുടെ പൂൎവ്വപിതാവായ അബ്രഹാം ജഡപ്രകാരം എന്തു പ്രാപിച്ചു എന്നു പറയേണ്ടു?

൨ അബ്രഹാം പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു എങ്കിൽ അവന്നു പ്രശംസിപ്പാൻ സംഗതി ഉണ്ടു എങ്കിലും ദൈവത്തിന്റെ മുമ്പാകെ ഇല്ല.

൩ തിരുവെഴുത്തു എന്തു പറയുന്നു? അബ്രഹാം ദൈവത്തെ വിശ്വസിച്ചു,

അതു അവന്നു നീതിയായി എണ്ണപ്പെട്ടു എന്നു തന്നേ.

൪ എന്നാൽ പ്രവൃത്തിക്കുന്നവന്നു കൂലി എണ്ണപ്പെടുന്നതു കൃപയായിട്ടല്ല കടമായിട്ടത്രേ.

൫ പ്രവൃത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി എണ്ണപ്പെടുന്നു.

൬ ദൈവം പ്രവൃത്തികൾ ഇല്ലാതെ നീതിയെ എണ്ണുന്ന മനുഷ്യന്റെ ഭാഗ്യത്തെ ദാവീദും വൎണ്ണിക്കുന്നതു:

൭ അധൎമ്മങ്ങൾ മോചിച്ചും പാപങ്ങൾ മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ.

൮ കൎത്താവു പാപത്തെ അശേഷം എണ്ണാത്ത മനുഷ്യൻ ഭാഗ്യവാൻ.

൯ എന്നാൽ ഈ ഭാഗ്യവൎണ്ണനം പരിഛേദനെക്കോ അല്ല അഗ്രചൎമ്മത്തിന്നു കൂടെയോ? അബ്രഹാമിന്നു വിശ്വാസം നീതിയായി എണ്ണപ്പെട്ടു എന്നല്ലോ നാം പറയുന്നതു.

൰ എന്നാൽ എങ്ങനെ എണ്ണപ്പെട്ടു? പരിഛേദനയിൽ ആയപ്പോഴോ അഗ്രചൎമ്മത്തിൽ വെച്ചോ? പരിഛേദനയിലല്ല, അഗ്രചൎമ്മത്തിലത്രേ.

൰൧ അഗ്രചൎമ്മത്തിൽ വെച്ചു ഉണ്ടായിരുന്ന വിശ്വാസത്തിന്റെ നീതിക്കു മുദ്രയായി പരിഛേദന എന്ന അടയാളം അവന്നു ലഭിച്ചു. അതു അഗ്രചൎമ്മത്തോടെ വിശ്വസിക്കുന്നവൎക്കും കൂടെ നീതി എണ്ണപ്പെടുവാനായി താൻ അവൎക്കു എല്ലാവൎക്കും പിതാവായും

൰൨ പരിഛേദന മാത്രമുള്ളവരെന്നല്ല നമ്മുടെ പിതാവായ അബ്രഹാമിന്നു അഗ്രചൎമ്മത്തിൽ വെച്ചുണ്ടായിരുന്ന വിശ്വാസത്തിന്റെ കാൽചുവടുകളിൽ നടക്കുന്നവരുമായ പരിഛേദനക്കാൎക്കു പിതാവായും ഇരിക്കേണ്ടതിന്നു തന്നേ.

൰൩ ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തം അബ്രഹാമിന്നോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ വന്നതു.

൰൪ എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യൎത്ഥമായി: വാഗ്ദത്തം ദുൎബ്ബലപ്പെട്ടു.

൰൫ എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം കോപത്തെ ഉളവാക്കുന്നു; ന്യായപ്രമാണം ഇല്ലാത്തേടത്തു ലംഘനവുമില്ല.

൰൬ അതുകൊണ്ടു കൃപപ്രകാരം എന്നു വരേണ്ടതിന്നു വിശ്വാസത്താലത്രേ അവകാശികൾ ആകുന്നതു; വാഗ്ദത്തം സകല സന്തതിക്കും ഉറപ്പാകേണ്ടതിന്നു തന്നേ; ന്യായപ്രമാണമുള്ളവൎക്കു മാത്രമല്ല അബ്രഹാമിന്റെ വിശ്വാസമുള്ളവൎക്കും കൂടെ അത്രേ.

൰൭ മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തവയെ ഉള്ളവ എന്നപോലെ വിളിക്കയും ചെയ്യുന്നവനെന്നു താൻ വിശ്വസിച്ച ദൈവത്തിന്റെ മുമ്പാകേ: ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കി വെച്ചു എന്നു എഴുതിയിരിക്കുന്നപ്രകാരം അവൻ നമുക്കെല്ലാവൎക്കും പിതാവാകേണ്ടതിന്നു തന്നേ.

൰൮ നിന്റെ സന്തതി ഇപ്രകാരം ആകും എന്നു പറഞ്ഞിരിക്കുന്നതിൻവണ്ണം അവൻ ബഹുജാതികൾക്കു പിതാവാകേണ്ടതിന്നു ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.

൰൯ അവൻ ഏകദേശം നൂറു വയസ്സുള്ളവനായിട്ടു നിൎജ്ജീവമായ്പോയ തന്റെ ശരീരത്തെയും സാറയുടെ ശരീരത്തിന്റെ നിൎജ്ജീവത്വത്തെയും വിചാരിച്ചിട്ടു വിശ്വാസത്തിൽ ക്ഷീണിച്ചില്ല.

൨൰ ദൈവവാഗ്ദത്തത്തെ നോക്കിക്കൊണ്ടു അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു,

൨൰൧ അവൻ വാഗ്ദത്തം ചെയ്തതിനെ പ്രവൃത്തിപ്പാനും ശക്തൻ എന്നു പൂൎണ്ണമായി ഉറെച്ചു.

൨൰൨ അതുകൊണ്ടു ഇതു അവന്നു നീതിയായി എണ്ണപ്പെടുകയും ചെയ്തു.

൨൰൩ എന്നാൽ അവന്നു എണ്ണപ്പെട്ടു എന്നു എഴുതിയിരിക്കുന്നതു അവന്റെ നിമിത്തം മാത്രം അല്ല,

൨൰൪ നമ്മുടെ നിമിത്തവും കൂടെ അ

കുന്നു. നമ്മുടെ പിഴകൾ നിമിത്തം ഏ
ല്പിക്കപ്പെട്ടുകയും നമ്മുടെ നീതീകരണ
ത്തിന്നായി ഉയിൎപ്പിക്കപ്പെട്ടുകയും ചെയ്തു
വനായി
൨൫ നമ്മുടെ കൎത്താവായ യേശുവി
നെ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ചവനി
ൽ വിശ്വസിക്കുന്നവരായ നമുക്കും എ
ണ്ണപ്പെട്ടുവാനുള്ളതാകയാൽ തന്നേ.

൫ാം അദ്ധ്യായം.

൧ ആകയാൽ വിശ്വാസം മൂലം നീതീകരി
ക്കപ്പെട്ടിട്ടു നമ്മുടെ കൎത്താവായ യേശു
ക്രിസ്തുവിനാൽ നമുക്കു ദൈവത്തോടു സ
മാധാനം *ഉണ്ടു.
൨ നാം നില്ക്കുന്ന ഈ കൃപയിലേക്കു
അവനാൽ തന്നേ വിശ്വാസത്താൽ പ്ര
വേശനം ലഭിച്ചിരിക്കുന്നു; ദൈവതേജ
സ്സിന്റെ പ്രത്യാശയിൽ നാം പ്രശംസിക്ക
യും† ചെയ്യുന്നു.
൩ അതു തന്നേ അല്ല, കഷ്ടത ക്ഷ
മയെയും ക്ഷമ സിദ്ധതയെയും സിദ്ധത
പ്രത്യാശയെയും ഉളവാക്കുന്നു എന്നു അ
റിഞ്ഞു
൪ നാം കഷ്ടതകളിലും പ്രശംസിക്കു
ന്നു.
൫ പ്രത്യാശയോ ലജ്ജിപ്പിക്കുന്നില്ല;
എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ
സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാ
ത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പ
കൎന്നിരിക്കുന്നു.
൬ എങ്ങനെയെന്നാൽ നാം ബലഹീ
നർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു ത
ക്കസമയത്തു അഭക്തൎക്കുവേണ്ടി മരിച്ചു.
൭ നീതിമാന്നു വേണ്ടി വല്ലവനും മ
രിക്കുന്നതു ദുല്ലഭമല്ലോ, ഗുണവാന്നു വേ
ണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരി
ക്കും.
൮ ക്രിസ്തുവോ നാം പാപികൾ ആയി
രിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരി
ക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേ
ഹത്തെ പ്രദൎശിപ്പിക്കുന്നു.
൯ എന്നാൽ അവന്റെ രക്തത്താൽ
നീതീകരിക്കപ്പെട്ടിട്ടു നാം ഇപ്പോൾ അവ
നാൽ കോപത്തിൽനിന്നു എത്ര അധിക
മായി രക്ഷിക്കപ്പെട്ടും.
൰ എന്തുകൊണ്ടെന്നാൽ ശത്രുക്കളായി
രിക്കുമ്പോൾ നമുക്കു തന്റെ പുത്രന്റെ
മരണത്താൽ ദൈവത്തോടു നിരപ്പു വ
ന്നു എങ്കിൽ നിരന്ന ശേഷം നാം അവ
ന്റെ ജീവനാൽ എത്ര അധികമായി ര
ക്ഷിക്കപ്പെട്ടും.
൰൧ അത്രയുമല്ല, നമുക്കു ഇപ്പോൾ നി
രപ്പു ലഭിച്ചതിന്നു മൂലമാകുന്ന നമ്മുടെ
കൎത്താവായ യേശുക്രിസ്തു മുഖാന്തരം നാം
ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.
൰൨ ¶ അതുകൊണ്ടു ഏകമനുഷ്യനാ
ൽ പാപവും പാപത്താൽ മരണവും ലോ
കത്തിൽ കടന്നു ഇങ്ങനെ എല്ലാവരും
പാപം ചെയ്കയാൽ മരണം എല്ലാ മനു
ഷ്യരിലും പരന്നതുപോലെ—
൰൩ പാപമോ ന്യായപ്രമാണം വ
രെ ലോകത്തിൽ ഉണ്ടായിരുന്നു, എന്നാ
ൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ
പാപം കണക്കിടപ്പെട്ടുന്നില്ല.
൰൪ എങ്കിലും വരുവാനുള്ളവന്റെ പ്ര
തിരൂപമായ ആദാമിന്റെ ലംഘനത്തി
ൻ സാദൃശ്യത്തിൽ പാപം ചെയ്യാത്തവരി
ലും കൂടെ മരണം ആദാം മുതൽ മോശെ
വരെയും വാണു.
൰൫ എന്നാൽ പിഴ എങ്ങനെയോ അ
ങ്ങനെ കൃപാവരവും എന്നല്ല; എന്തുകൊ
ണ്ടെന്നാൽ ഒരുവന്റെ പിഴയാൽ അ
നേകർ മരിച്ചു എങ്കിൽ ദൈവകൃപയും
ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ
കൃപയാലുള്ള ദാനവും അനേകരിലേക്കു
ഏററവും അധികമായി വൎദ്ധിച്ചിരിക്കു
ന്നു.
൰൬ പാപം ചെയ്തു ഏകനാൽ ഉണ്ടാ
യതു പോലെ ദാനവും എന്നല്ല; എന്തു
കൊണ്ടെന്നാൽ ന്യായവിധി ഒരുവങ്കൽ
നിന്നു ശിക്ഷാവിധിക്കായി തീൎന്നു, കൃപാ

* പല പുരാതനലിപികളിൽ "സമാധാനം ഉണ്ടാക" എന്നു കാണുന്നു.

† ൨ാം വാക്യത്തിൽ 'ചെയ്ക' എന്നും നാലാം വാക്യത്തിൽ 'പ്രശംസിക്കുക' എന്നും പല പുരാതനലിപികളിൽ കാണുന്നു.

വരമോ അനേകം പിഴകളിൽനിന്നു നീതീകരണവിധിക്കായി തീൎന്നു.

൰൭ എന്തുകൊണ്ടെന്നാൽ ഏകന്റെ പിഴയാൽ മരണം ആ ഏകനാൽ വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകനാൽ ഏററവും അധികമായി ജീവനിൽ വാഴും—

൰൮ ആകയാൽ ഒരു പിഴയാൽ എല്ലാ മനുഷ്യൎക്കും ശിക്ഷാവിധി വന്നതു പോലെ ഒരേ നീതിയാൽ എല്ലാമനുഷ്യൎക്കും ജീവന്റെ നീതീകരണവും വന്നു.

൰൯ എന്തുകൊണ്ടെന്നാൽ ഏകമനുഷ്യന്റെ അനനുസരണക്കേടിനാൽ അനേകർ പാപികളായി തീൎന്നപ്രകാരം തന്നേ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീരും.

൨൰ എന്നാൽ പിഴ പെരുകേണ്ടതിന്നു ന്യായപ്രമാണവും ഇടയിൽ ചേൎന്നുവന്നു; എങ്കിലും പാപം പെരുകിയ ഇടത്തു കൃപ അത്യന്തം വൎദ്ധിച്ചു.

൨൰൧ പാപം മരണത്താൽ ഏതുപ്രകാരം വാണുവോ അപ്രകാരം തന്നേ കൃപയും നമ്മുടെ കൎത്താവായ യേശു ക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിന്നു തന്നേ.

൬ാം അദ്ധ്യായം.

ആകയാൽ നാം എന്തു പറയും? കൃപ പെരുകേണ്ടതിന്നു പാപത്തിൽ വസിക്ക എന്നോ?

൨ അതരുതേ. പാപത്തിന്നു മരിച്ചവരായ നാം ഇനി എങ്ങനെ അതിൽ ജീവിക്കും?

൩ അല്ല, യേശുക്രിസ്തുവിലേക്കു സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്കു സ്നാനപ്പെട്ടു എന്നു നിങ്ങൾ അറിയുന്നില്ലയോ?

൪ അതുകൊണ്ടു നാം അവന്റെ മരണത്തിലേക്കുള്ള സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. അതു ക്രിസ്തു പിതാവിന്റെ മഹിമയാൽ മരിച്ചവരിൽനിന്നു ജീവിച്ചെഴുനീററതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നാകുന്നു.

൫ എന്തുകൊണ്ടെന്നാൽ അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ആകും.

൬ നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്നു അറിയുന്നു.

൭ എന്തുകൊണ്ടെന്നാൽ മരിച്ചവൻ പാപത്തിൽനിന്നു നീതീകരിക്കപ്പെട്ടിരിക്കുന്നു.

൮ എന്നാൽ നാം ക്രിസ്തുവിനോടു ഒന്നിച്ചു മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.

൯ ക്രിസ്തു മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീററിരിക്കയാൽ ഇനി മരിക്കയില്ല മരണം അവന്മേൽ ഇനി കൎത്തൃത്വം നടത്തുന്നില്ല എന്നു നാം അറിയുന്നുവല്ലോ.

൰ എന്തുകൊണ്ടെന്നാൽ അവൻ മരിച്ചതു പാപത്തിന്നു ഒരിക്കലായിട്ടു മരിച്ചു; ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു.

൰൧ അവ്വണ്ണം നിങ്ങളും പാപത്തിന്നു മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെ തന്നേ എണ്ണുവിൻ.

൰൨ ¶ ആകയാൽ പാപം നിങ്ങളുടെ മൎത്ത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു.

൰൩ നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമൎപ്പിക്കയും അരുതു. എങ്കിലോ ദൈവത്തിന്നു നിങ്ങളെ തന്നേ മരിച്ചവരിൽനിന്നു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ ദൈവത്തിന്നു നീതിയുടെ ആയുധങ്ങളായും സമൎപ്പിച്ചുകൊൾവിൻ.

൰൪ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴല്ല കൃപെക്കുകീഴാകയാൽ പാപം നിങ്ങളിൽ കൎത്തൃത്വം നടത്തുകയില്ലല്ലോ.

൧൫ ¶ എന്നാൽ എന്തു? ന്യായപ്രമാണത്തിൻകീഴല്ല കൃപെക്കു കീഴാകയാൽ നാം പാപം ചെയ്ക എന്നോ? അതരുതേ.

൧൬ ആൎക്ക് നിങ്ങളെ തന്നേ അനുസരണത്തിന്നു ദാസന്മാരായി സമൎപ്പിക്കുന്നുവോ നിങ്ങൾ ആരെ അനുസരിക്കുന്നുവോ അവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്നു അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്നു തന്നേ.

൧൭ എന്നാൽ നിങ്ങൾ പാപത്തിന്നു അടിമകളായിരുന്നുവെങ്കിലും യാതൊരു ഉപദേശരൂപത്തിന്നു നിങ്ങൾ ഏല്പിക്കപ്പെട്ടുവോ ആയതിനെ ഹൃദയത്തോടെ അനുസരിച്ചതു കൊണ്ടു ദൈവത്തിന്നു സ്തോത്രം.

൧൮ നിങ്ങൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചിട്ടു നീതിക്കു അടിമപ്പെട്ടവരായി തീൎന്നു.

൧൯ നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷമായി പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധൎമ്മത്തിന്നായി അശുദ്ധിക്കും അധൎമ്മത്തിന്നും അടിമകളാക്കി സമൎപ്പിച്ചപ്രകാരം തന്നേ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമൎപ്പിപ്പിൻ.

൨൦ നിങ്ങൾ പാപത്തിന്നു അടിമകളായിരുന്നപ്പോൾ നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരുന്നുവല്ലോ.

൨൧ നിങ്ങൾക്കു ഇപ്പോൾ ലജ്ജ തോന്നുന്നവയാൽ അന്നു എന്തൊരു ഫലം ഉണ്ടായി? അവയുടെ അവസാനം മരണമല്ലോ.

൨൨ എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചും ദൈവത്തിന്നു അടിമപ്പെട്ടുമിരിക്കയാൽ നിങ്ങൾക്കു വിശുദ്ധീകരണത്തിന്നായി നിങ്ങളുടെ ഫലവും അവസാനം നിത്യജീവനും ഉണ്ടു.

൨൩ എന്തുകൊണ്ടെന്നാൽ പാപത്തിന്റെ ശമ്പളം മരണം അത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ ആകുന്നു.

൭ാം അദ്ധ്യായം.

സഹോദരന്മാരേ, മനുഷ്യൻ ജീവനോടിരിക്കും കാലം എല്ലാം ന്യായപ്രമാണം—ന്യായപ്രമാണത്തെ അറിയുന്നവരോടല്ലോ ഞാൻ പറയുന്നു—അവന്മേൽ അധികരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?

൨ ഭൎത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭൎത്താവിനോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭൎത്താവു മരിച്ചാൽ അവൾ ഭൎത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി.

൩ ആകയാൽ ഭൎത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു പേർ കൊള്ളും; ഭൎത്താവു മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന്നു ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു.

൪ അതുകൊണ്ടു എന്റെ സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നീറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണത്തിന്നു മരിച്ചവരായി തീൎന്നു.

൫ എന്തുകൊണ്ടെന്നാൽ നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താലുള്ള പാപരാഗങ്ങൾ മരണത്തിന്നു ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചുപോന്നു.

൬ ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്നതിന്നു നാം മരിച്ചിരിക്കകൊണ്ടു അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കേണ്ടതിന്നു നാം ന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവരായിരിക്കുന്നു.

൭ ¶ ആകയാൽ നാം എന്തു പറയും? ന്യായപ്രമാണം പാപം എന്നോ? അതരുതേ. എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല;

എങ്ങനെയെന്നാൽ മോഹിക്കരുതു എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു.

൮ പാപമോ അവസരം ലഭിച്ചിട്ടു കല്പനയാൽ എന്നിൽ സകല മോഹത്തെയും ജനിപ്പിച്ചു; ന്യായപ്രമാണം കൂടാതെ പാപം ചത്തതാകുന്നുവല്ലോ.

൯ ഞാൻ ഒരു കാലത്തു ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു.

൧൦ ഇങ്ങനെ ജീവന്നായുള്ള കല്പന എനിക്കു മരണത്തിന്നായുള്ളതു എന്നു കാണായ്വന്നു.

൧൧ എന്തുകൊണ്ടെന്നാൽ പാപം അവസരം ലഭിച്ചിട്ടു കല്പനയാൽ എന്നെ ചതിക്കയും അതിനാൽ കൊല്ലുകയും ചെയ്തു.

൧൨ ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും ആകുന്നു.

൧൩ എന്നിട്ടു നന്മയായുള്ളതു എനിക്കു മരണമായി തീൎന്നു എന്നോ? അതരുതേ. പാപമത്രേ (മരണമായി തീൎന്നു); അതു നന്മയായുള്ളതിനെ കൊണ്ടു എനിക്കു മരണത്തെ ഉളവാക്കുന്നതിനാൽ പാപം എന്നു തെളിയേണ്ടതിന്നും പാപം കല്പനയാൽ അത്യന്തം പാപമായി തീരേണ്ടതിന്നും തന്നേ.

൧൪ എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം ആത്മികം എന്നു നാം അറിയുന്നു; ഞാനോ ജഡമയൻ, പാപത്തിൻ കീഴ് വില്ക്കപ്പെട്ടവൻ തന്നേ.

൧൫ ഞാൻ പ്രവൃത്തിക്കുന്നതു ഞാൻ അറിയുന്നില്ലല്ലോ; ഞാൻ ഇച്ഛിക്കുന്നതിനെ ചെയ്യാതെ പകെക്കുന്നതിനെ അത്രേ ചെയ്യുന്നതു.

൧൬ എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം നല്ലതു എന്നു ഞാൻ അതിന്നു സമ്മതിക്കുന്നു.

൧൭ ആകയാൽ അതിനെ പ്രവൃത്തിക്കുന്നതു ഇനി ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ.

൧൮ എന്തുകൊണ്ടെന്നാൽ എന്നിൽ, അതായതു എന്റെ ജഡത്തിൽ നല്ലതു വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നല്ലതിനെ ഇച്ഛിക്ക എന്നതു എന്റെ പക്കൽ ഉണ്ടു. പ്രവൃത്തിക്ക എന്നതോ ഇല്ല.

൧൯ ഞാൻ ഇച്ഛിക്കുന്ന നന്മയെ ചെയ്യുന്നില്ലല്ലോ, ഇച്ഛിക്കാത്ത തിന്മയെ പ്രവൃത്തിക്കുന്നു താനും.

൨൦ ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവൃത്തിക്കുന്നതു ഇനി ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ.

൨൧ ആകയാൽ നന്മ ചെയ്വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ടു എന്നുള്ള പ്രമാണത്തെ കാണുന്നു.

൨൨ ഉള്ളിലേ മനുഷ്യപ്രകാരം ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു.

൨൩ എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണത്തെ എന്റെ അവയവങ്ങളിൽ കാണുന്നു; ആയതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്നു എന്നെ ബദ്ധനാക്കിക്കളയുന്നു.

൨൪ അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന്റെ ശരീരത്തിൽനിന്നു എന്നെ ആരു വിടുവിക്കും?

൨൫ നമ്മുടെ കൎത്താവായ യേശു ക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു; ആകയാൽ ഞാൻ തന്നേ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തെയും ജഡം കൊണ്ടു പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു.

൮ാം അദ്ധ്യായം.

ആകയാൽ ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവൎക്കു ശിക്ഷാവിധി ഒന്നും ഇല്ല.

൨ എന്തുകൊണ്ടെന്നാൽ ക്രിസ്തുയേശുവിൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.

൩ എങ്ങനെയെന്നാൽ ജഡത്താലുള്ള
ബലഹീനത നിമിത്തം ന്യായപ്രമാണ
ത്തിന്നു കഴിയാഞ്ഞതിനെ (സാധിപ്പാൻ)
ദൈവം തന്റെ സ്വന്തപുത്രനെ പാപ
ജഡത്തിന്റെ സാദൃശ്യത്തിലും പാപം
നിമിത്തവും അയച്ചു, പാപത്തെ ജഡ
ത്തിൽ കുററം വിധിച്ചു.
൪ ജഡപ്രകാരമല്ല ആത്മപ്രകാരം ന
ടക്കുന്നവരായ നമ്മിൽ ന്യായപ്രമാണ
ത്തിന്റെ നീതി നിവൃത്തിക്കേണ്ടതിന്നു
തന്നേ.
൫ എന്തുകൊണ്ടെന്നാൽ ജഡപ്രകാര
മുള്ളവർ ജഡത്തിന്നുള്ളവയും ആത്മപ്ര
കാരമുള്ളവർ ആത്മാവിന്നുള്ളവയും ചി
ന്തിക്കുന്നു.
൬ ജഡത്തിന്റെ ചിന്ത മരണമല്ലോ.
ആത്മാവിന്റെ ചിന്തയോ ജീവനും സ
മാധാനവും ആകുന്നു.
൭ എന്തുകൊണ്ടെന്നാൽ ജഡത്തിന്റെ
ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു.
അതു ദൈവത്തിന്റെ ന്യായപ്രമാണത്തി
ന്നു കീഴ്പ്പെടുന്നില്ലല്ലോ, കീഴ്പ്പെടുവാൻ ക
ഴിയുന്നതുമല്ല.
൮ എന്നാൽ ജഡത്തിലുള്ളവക്കു ദൈ
വത്തെ പ്രസാദിപ്പിപ്പാൻ വഹിയാ.
൯ നിങ്ങളോ. ദൈവത്തിന്റെ ആ
ത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരി
കിൽ ജഡത്തിലല്ല ആത്മാവിലത്രേ ആ
കുന്നു ക്രിസ്തുവിന്റെ ആത്മാവു ഒരുത്ത
ന്നു ഇല്ലെങ്കിൽ ഇവൻ അവന്നുള്ളവനല്ല.
൰ ക്രിസ്തു നിങ്ങളിൽ ഇരിക്കിലോ ശ
രീരം പാപം നിമിത്തം മരിച്ചതു തന്നേ;
ആത്മാവോ നീതി നിമിത്തം ജീവനാ
കുന്നു.
൰൧ എന്നാൽ യേശുവിനെ മരിച്ചവ
രിൽനിന്നു ഉയിൎപ്പിച്ചവന്റെ ആത്മാവു
നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേ
ശുവിനെ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ച
വൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആ
ത്മാവിനെകൊണ്ടു നിങ്ങളുടെ മൎത്യശരീ
രങ്ങളെയും ജീവിപ്പിക്കും.
൰൨ ¶ ആകയാൽ സഹോദരന്മാരേ,
നാം കടക്കാരാകുന്നു; ജഡപ്രകാരം ജീ
വിക്കേണ്ടതിന്നു ജഡത്തിന്നല്ല.

൰൩ എന്തുകൊണ്ടെന്നാൽ നിങ്ങൾ
ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ മരി
ക്കും നിശ്ചയം; ആത്മാവിനാൽ ശരീര
ത്തിന്റെ പ്രവൃത്തികളെ കൊല്ലുകിലോ
നിങ്ങൾ ജീവിക്കും.
൰൪ എന്തുകൊണ്ടെന്നാൽ ദൈവാ
ത്മാവിനാൽ നടത്തപ്പെടുന്നവർ അത്ര
യും ദൈവപുത്രന്മാർ ആകുന്നു.
൰൫ നിങ്ങൾ പിന്നെയും ഭയത്തിന്നാ
യിട്ടു ദാസ്യത്തിന്റെ ആത്മാവിനെ അ
ല്ലല്ലോ പ്രാപിച്ചതു, നാം അബ്ബാ പിതാ
വേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ
ആത്മാവിനെ അത്രേ പ്രാപിച്ചു.
൰൬ നാം ദൈവത്തിന്റെ മക്കൾ എ
ന്നു ആത്മാവു താനും നമ്മുടെ ആത്മാ
വോടുകൂടെ സാക്ഷ്യം പറയുന്നു.
൰൭ നാം മക്കൾ എങ്കിലോ അവകാ
ശികളും ആകുന്നു, ദൈവത്തിന്റെ അവ
കാശികളും ക്രിസ്തുവിന്നു കൂട്ടവകാശിക
ളും തന്നേ. നാം അവനോടുകൂടെ മഹ
ത്വപ്പെടേണ്ടതിന്നു അവനോടുകൂടെ ക
ഷ്ടമനുഭവിച്ചാലത്രേ.
൰൮ ¶ എന്തുകൊണ്ടെന്നാൽ ഈ കാ
ലത്തിലേ കഷ്ടങ്ങൾ നമ്മിൽ വെളിപ്പെടു
വാനുള്ള തേജസ്സോടു തുല്യഘനമുള്ളതല്ല
എന്നു ഞാൻ മതിക്കുന്നു.
൰൯ സൃഷ്ടിയുടെ പ്രതീക്ഷ ദൈവപു
ത്രന്മാരുടെ വെളിപ്പാടിനെ അല്ലോ കാ
ത്തിരിക്കുന്നു.
൨൰ എന്തുകൊണ്ടെന്നാൽ സൃഷ്ടി ദ്രവ
ത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുവി
ക്കപ്പെട്ടു, ദൈവമക്കളുടെ തേജസ്സാകുന്ന
സ്വാതന്ത്ര്യത്തിലേക്കു എത്തും എന്നുള്ള
ആശയിന്മേൽ മായെക്കു കീഴ്പ്പെട്ടു;
൨൰൧ മനഃപൂൎവ്വമായിട്ടല്ല, അതിനെ
കീഴ്പ്പെടുത്തിയവൻ നിമിത്തമത്രേ.
൨൰൨ സൃഷ്ടി എല്ലാം ഇന്നുവരെയും ഒ
ന്നിച്ചു ഞരങ്ങി ഈററുനോവോടിരിക്കു
ന്നു എന്നു നാം അറിയുന്നുവല്ലോ.
൨൰൩ അത്രയുമല്ല, ആത്മാവിന്റെ ആ
ദ്യവിളവു ലഭിച്ചിട്ടുള്ള നാമും നമ്മുടെ ശ
രീരത്തിന്റെ വീണ്ടെടുപ്പാകുന്ന പുത്രത്വ
ത്തെ കാത്തിരുന്നു നമ്മിൽ തന്നേ ഞര
ങ്ങുന്നു.

൨൪ പ്രത്യാശയാലല്ലൊ നാം രക്ഷിക്ക
പ്പെട്ടതു. എന്നാൽ കാണപ്പെടുന്ന പ്രത്യാ
ശ പ്രത്യാശയല്ല; താൻ കാണുന്നതിന്നാ
യി ഇനി പ്രത്യാശിക്കുന്നതു ആർ?

൨൫ നാം കാണാത്തതിന്നായി ആശി
ക്കിലോ അതിന്നായി ക്ഷമയോടെ കാ
ത്തിരിക്കുന്നു.

൨൬ ¶ അവ്വണ്ണം തന്നേ ആത്മാവു
നമ്മുടെ ബലഹീനതെക്കു തുണ നില്ക്കുന്നു
എങ്ങനെയെന്നാൽ വേണ്ടുംപോലെ നാം
പ്രാൎത്ഥിക്കേണ്ടതു എന്തെന്നു നാം അറിയു
ന്നില്ല. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാ
ത്ത ഞരക്കങ്ങളെകൊണ്ടു നമുക്കുവേണ്ടി
പക്ഷവാദം ചെയ്യുന്നു.

൨൭ എന്നാൽ ആത്മാവിന്റെ ചിന്ത
ഇന്നതെന്നും അവൻ വിശുദ്ധൎക്കു വേണ്ടി
ദൈവാനുസരണയായി പക്ഷവാദം ചെ
യ്യുന്നു എന്നും ഹൃദയങ്ങളെ പരിശോധി
ക്കുന്നവൻ തന്നേ അറിയുന്നു.

൨൮ എന്നാൽ ദൈവത്തെ സ്നേഹിക്കു
ന്നവൎക്കു, മുന്നിൎണ്ണയപ്രകാരം വിളിക്ക
പ്പെട്ടവൎക്കു തന്നേ സകലവും നന്മെക്കാ
യി കൂടിവ്യാപരിക്കുന്നു എന്നു നാം അ
റിയുന്നു.

൨൯ എന്തുകൊണ്ടെന്നാൽ അവൻ മു
ന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം
സഹോദരന്മാരിൽ ആദ്യജാതൻ ആകേ
ണ്ടതിന്നു അവന്റെ സ്വരൂപത്തോടു അ
നുരൂപരാവാൻ മുന്നിയമിക്കയും ചെയ്തു.

൩൦ താൻ മുന്നിയമിച്ചവരെ വിളിക്ക
യും വിളിച്ചവരെ നീതീകരിക്കയും നീ
തീകരിച്ചവരെ തേജസ്കരിക്കയും ചെയ്തു.

൩൧ ¶ ആകയാൽ ഇവയെ കുറിച്ചു
നാം എന്തു പറയും? ദൈവം നമ്മുടെ പ
ക്ഷത്തിൽ ആകുന്നു എങ്കിൽ നമുക്കു വി
രോധമായിട്ടു ആർ?

൩൨ സ്വന്തപുത്രനെ ആദരിക്കാതെ
നമുക്കു എല്ലാവൎക്കും വേണ്ടി ഏല്പിച്ചു ത
ന്നവൻ അവനോടുകൂടെ സകലവും നമു
ക്കു നല്കാതിരിക്കുന്നതെങ്ങനെ?

൩൩ ദൈവം തെരിഞ്ഞെടുത്തവരുടെ
മേൽ ആർ കുറ്റം ചുമത്തും? നീതീകരി
ക്കുന്നവൻ ദൈവം.

൩൪ ശിക്ഷവിധിക്കുന്നവൻ ആർ?
ക്രിസ്തുയേശു മരിച്ചവൻ; അത്രയുമല്ല മ
രിച്ചവരിൽനിന്നു ഉയിൎത്തെഴുനീറ്റവൻ;
അവൻ ദൈവത്തിന്റെ വലഭാഗത്തിരി
ക്കയും നമുക്കു വേണ്ടി പക്ഷവാദം കഴി
ക്കയും ചെയ്യുന്നു.

൩൫ ക്രിസ്തുവിന്റെ സ്നേഹത്തിൽനി
ന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ട
തയോ ഞെരുക്കമോ ഉപദ്രവമോ ക്ഷാമ
മോ നഗ്നതയോ ആപത്തോ വാളോ?

൩൬ ¶ നിന്റെ നിമിത്തം ഞങ്ങൾ
ദിവസം മുഴുവനും കൊല്ലപ്പെടുന്നു, അ
റുപ്പാനുള്ള ആടുകളെ പോലെ എണ്ണ
പ്പെട്ടു എന്നു എഴുതിയിരിക്കുന്നപ്രകാരം
തന്നേ.

൩൭ നാമോ നമ്മെ സ്നേഹിച്ചവൻ മു
ഖാന്തരം ഇവയിൽ ഒക്കെയും അതിയായി
ജയിക്കുന്നു.

൩൮ എന്തുകൊണ്ടെന്നാൽ മരണമാ
കട്ടെ ജീവനാകട്ടെ ദൂതന്മാരാകട്ടെ വാ
ഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ ഇ
പ്പോഴുള്ളവയാകട്ടെ വരുവാനുള്ളവയാ
കട്ടെ,

൩൯ ഉയരമാകട്ടെ ആഴമാകട്ടെ മ
റ്റു യാതൊരു സൃഷ്ടിയാകട്ടെ നമ്മുടെ
കൎത്താവായ യേശുക്രിസ്തുവിലുള്ള ദൈവ
സ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാ
ൻ കഴിവുള്ളതാകയില്ല എന്നു ഞാൻ ഉ
റെച്ചിരിക്കുന്നു.

൯ാം അദ്ധ്യായം.

ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; എ
ന്റെ മനോബോധം എന്നോടുകൂടെ പ
രിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കേ
ഞാൻ ഭോഷ്കല്ല പറയുന്നതു;

൨ എനിക്കു വലിയ ദുഃഖവും ഹൃദയ
ത്തിൽ ഇടവിടാതെ നോവും ഉണ്ടു.

൩ എന്തുകൊണ്ടെന്നാൽ ജഡപ്രകാ
രം എന്റെ ചാൎച്ചക്കാരായ എന്റെ സ
ഹോദരന്മാൎക്കു വേണ്ടി ഞാൻ തന്നേ ക്രി
സ്തുവിനോടു വേൎവ്വിട്ടു ശാപഗ്രസ്തനാവാ
ൻ ഞാൻ ആഗ്രഹിക്കാമായിരുന്നു.

൪ അവർ അല്ലോ ഇസ്രയേല്യർ; പു
ത്രത്വവും തേജസ്സും നിയമങ്ങളും ന്യായ

പ്രമാണവും ആരാധനയും വാഗ്ദത്തങ്ങ
ളും അവൎക്കുള്ളവ ആകുന്നു.
൫ പിതാക്കന്മാരും അവൎക്കുള്ളവർ ത
ന്നേ. ജഡപ്രകാരം ക്രിസ്തുവും അവരിൽ
നിന്നല്ലോ. അവൻ സൎവ്വത്തിന്നും മീതെ
ദൈവമായവൻ എന്നെന്നേക്കും വാഴ്ത്ത
പ്പെട്ടവൻ. ആമെൻ.
൬ ദൈവവചനം വൃഥാവായിപ്പോയി
എന്നല്ല; എന്തുകൊണ്ടെന്നാൽ ഇസ്രയേ
ലിൽ നിന്നുള്ളവർ എല്ലാം ഇസ്രയേൽ എ
ന്നും
൭ അബ്രഹാമിൻെറ സന്തതിയാകയാ
ൽ എല്ലാവരും മക്കൾ എന്നും വരികയി
ല്ല; ഇസ്സാക്കിൽ നിനക്കു സന്തതി വിളിക്ക
പ്പെടും എന്നത്രേ.
൮ അതായതു, ജഡത്തിൻെറ മക്കൾ
അല്ല ദൈവത്തിൻെറ മക്കൾ, വാഗ്ദത്ത
ത്തിൻെറ മക്കളത്രേ സന്തതി എന്നു എ
ണ്ണപ്പെടുന്നു.
൯ വാഗ്ദത്തവചനമല്ലോ ഇതു: ഈ
സമയത്തേക്കു ഞാൻ വരും, സാറെക്കു ഒ
രു പുത്രൻ ഉണ്ടാകയും ചെയ്യും.
൰ എന്നു തന്നേയല്ല, രിബെക്കയും
നമ്മുടെ പിതാവായ ഇസ്സാക്ക് എന്ന ഏ
കനാൽ ഗൎഭം ധരിച്ചു,
൰൧ കുട്ടികൾ ജനിക്കാതെയും ഗുണ
മോ ദോഷമോ ഒന്നും ചെയ്യാതെയും ഉ
ള്ള കാലത്തിൽ തന്നേ തെരിഞ്ഞെടുപ്പിൻ
പ്രകാരമുള്ള ദൈവനിൎണ്ണയം പ്രവൃത്തി
കൾ നിമിത്തം അല്ല വിളിച്ചവൻ നി
മിത്തം തന്നേ നില്ക്കേണ്ടതിന്നു:
൰൨ മൂത്തവൻ ഇളയവനെ സേവി
ക്കും എന്നു അവളോടു പറയപ്പെട്ടു.
൰൩ ഞാൻ യാക്കോബിനെ സ്നേഹിച്ചു
ഏശാവിനെ പകെച്ചു എന്നു എഴുതിയി
രിക്കുന്നപ്രകാരം തന്നേ.
൰൪ ¶ ആകയാൽ നാം എന്തു പറ
യും? ദൈവത്തിൻെറ പക്കൽ അനീതി
ഉണ്ടോ? ഒരുനാളും ഇല്ല.
൰൫ എന്തുകൊണ്ടെന്നാൽ: എനിക്കു
കരുണ തോന്നെണം എന്നുള്ളവനോടു
കരുണ തോന്നുകയും എനിക്കു കനിവു
തോന്നെണം എന്നുള്ളവനോടു കനിവു
തോന്നുകയും ചെയ്യും എന്നു അവൻ മോ
ശെയോടു പറയുന്നു.
൰൬ ആകയാൽ ഇച്ഛിക്കുന്നവനാലുമ
ല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നു
ന്ന ദൈവത്താലത്രേ.
൰൭ എന്തുകൊണ്ടെന്നാൽ തിരുവെഴ
ത്തു ഫറവോനോടു പറയുന്നതു: ഇതി
ന്നായിട്ടു തന്നേ ഞാൻ നിന്നെ ഉയൎത്തി
യതു; നിന്നിൽ എൻെറ ശക്തിയെ കാ
ണിക്കേണ്ടതിന്നും എൻെറ നാമം ഭൂമിയി
ലെങ്ങും പ്രസ്താവിക്കപ്പെടേണ്ടതിന്നും ത
ന്നേ.
൰൮ ആകയാൽ തനിക്കു മനസ്സുള്ളവ
നോടു അവന്നു കരുണ തോന്നുന്നു, ത
നിക്കു മനസ്സുള്ളവനെ അവൻ കഠിനനാ
ക്കുന്നു.
൰൯ ¶ ആകയാൽ നീ എന്നോടു പ
റയും: അവൻ പിന്നെ കുററപ്പെടുത്തുന്ന
തു എന്തു? ആർ അവൻെറ ഇഷ്ടത്തോടു
എതിൎത്തു നില്ക്കുന്നു?
൨൰ ആകട്ടെ മനുഷ്യാ; എന്നാൽ ദൈ
വത്തോടു പ്രത്യുത്തരം പറയുന്ന നീ ആ
ർ? മനയപ്പെട്ടതു മനഞ്ഞവനോടു: നീ എ
ന്നെ ഇങ്ങനെ ചമെച്ചതു എന്തു എന്നു
പറയുമോ?
൨൰൧ അല്ല, കുശവന്നു ഒരേ പിണ്ഡ
ത്തിൽനിന്നു ഒരു പാത്രം മാനത്തിന്നും മ
ററൊരു പാത്രം അപമാനത്തിന്നും ഉ
ണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇ
ല്ലയോ?
൨൰൨ എന്നാൽ ദൈവം തൻെറ കോ
പത്തെ കാണിപ്പാനും ശക്തിയെ അറി
യിപ്പാനും
൨൰൩ അവൻ യഹൂദന്മാരിൽ നിന്നു
മാത്രമല്ല, ജാതികളിൽ നിന്നുംകൂടെ വി
ളിച്ചു തേജസ്സിന്നായി മുന്നൊരുക്കിയ ക
രുണാപാത്രങ്ങളായ നമ്മിൽ
൨൰൪ തൻെറ തേജസ്സിൻെറ ധനത്തെ
അറിയിപ്പാനും മനസ്സായിട്ടു നാശത്തി
ന്നായി ചമഞ്ഞ കോപപാത്രങ്ങളെ വള
രെ ദീൎഘക്ഷമയോടെ സഹിച്ചു എങ്കിൽ
എന്തു?
൨൰൫ എൻെറ ജനമല്ലാത്തവരെ എൻെറ

ജനം എന്നും പ്രിയയല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും.

൨൬ നിങ്ങൾ എന്റെ ജനം അല്ല എന്നു അവരോടു പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും എന്നു ഹോശെയയിലും പറയുന്നപ്രകാരം തന്നേ.

൨൭ ഇസ്രയേലിനെ കുറിച്ചു യശയ്യാ വിളിച്ചു പറയുന്നു: ഇസ്രയേൽ പുത്രന്മാരുടെ എണ്ണം കടലിലേ മണലോളം ആയിരുന്നാലും ശേഷിപ്പത്രേ രക്ഷിക്കപ്പെടൂ.

൨൮ എന്തുകൊണ്ടെന്നാൽ കൎത്താവു ഭൂമിയിൽ തന്റെ വചനത്തെ നിവൃത്തിച്ചു ക്ഷണത്തിൽ തീൎക്കും

൨൯ അതല്ലാതെയും: സൈന്യങ്ങളുടെ കൎത്താവു നമുക്കു സന്തതിയെ ശേഷിപ്പിച്ചില്ലെങ്കിൽ നാം സോദോമെ പോലെ ആയി, ഗൊമോറയോടു തുല്യരാകുമായിരുന്നു എന്നു യശയ്യാ മുൻപറഞ്ഞ പ്രകാരം തന്നേ.

൩൦ ¶ ആകയാൽ നാം എന്തു പറയും? നീതിയെ പിന്തുടരാത്ത ജാതികൾ നീതിയെ പ്രാപിച്ചു, വിശ്വാസത്താലുള്ള നീതിയെ തന്നേ.

൩൧ എന്നാൽ നീതിയുടെ പ്രമാണത്തെ പിന്തുടരുന്ന ഇസ്രയേൽ ആ പ്രമാണത്തിങ്കൽ എത്തിയില്ല.

൩൨ അതെന്തുകൊണ്ടു? വിശ്വാസത്താലല്ല പ്രവൃത്തികളാൽ എന്നപോലെ (അന്വേഷിച്ചതുകൊണ്ടു) ഇടൎച്ചക്കല്ലിന്മേൽ അവർ ഇടറി:

൩൩ ഇതാ, ഞാൻ സീയോനിൽ ഇടൎച്ചക്കല്ലും തടങ്ങൽപാറയും വെക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജപ്പെടുകയില്ല എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നേ.

൧൦ാം അദ്ധ്യായം.

സഹോദരന്മാരേ അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും അവൎക്ക വേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു.

൨ എന്തുകൊണ്ടെന്നാൽ അവൎക്ക പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ കുറിച്ചു എരിവുണ്ടു എന്നു ഞാൻ അവൎക്ക സാക്ഷ്യം പറയുന്നു.

൩ അവർ ദൈവത്തിന്റെ നീതിയെ അറിയാതെ സ്വന്തനീതിയെ സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടിട്ടില്ല.

൪ എന്തുകൊണ്ടെന്നാൽ വിശ്വസിക്കുന്നവന്നു ഏവന്നും നീതിക്കായിട്ടു ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു.

൫ എന്തുകൊണ്ടെന്നാൽ: ന്യായപ്രമാണത്താലുള്ള നീതിയെ ചെയ്യു മനുഷ്യൻ അതിനാൽ ജീവിക്കും എന്നു മോശെ എഴുതിയിരിക്കുന്നു.

൬ വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു: ക്രിസ്തുവിനെ ഇറക്കേണ്ടതിന്നു എന്നുള്ള അൎത്ഥത്തിൽ സ്വൎഗ്ഗത്തിൽ ആരു കരേറും എന്നോ,

൭ ക്രിസ്തുവിനെ മരിച്ചവരിൽനിന്നു കരേറേറണ്ടതിന്നു എന്നുള്ള അൎത്ഥത്തിൽ ആരു പാതാളത്തിൽ ഇറങ്ങും എന്നോ നിന്റെ ഹൃദയത്തിൽ പറയരുതു.

൮ എന്നാൽ അതു എന്തു പറയുന്നു? വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു; അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിൻ വചനം ആകുന്നു.

൯ യേശുവിനെ കൎത്താവു എന്നു വായികൊണ്ടു ഏററു പറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.

൧൦ ഹൃദയംകൊണ്ടല്ലോ നീതിക്കായി വിശ്വസിക്കുന്നു; വായികൊണ്ടു രക്ഷെക്കായി ഏററുപറകയും ചെയ്യുന്നു.

൧൧ എന്തുകൊണ്ടെന്നാൽ: അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജപ്പെടുകയില്ല എന്നു തിരുവെഴുത്തു പറയുന്നു.

൧൨ യഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല; എന്തുകൊണ്ടെന്നാൽ എല്ലാവൎക്കും കൎത്താവ് ഒരുവൻ തന്നേ ആകുന്നു. അവൻ തന്നെ നോക്കിവിളിക്കുന്ന എല്ലാവരോടും സമ്പന്നൻ ആകുന്നു,

൧൩ കൎത്താവിന്റെ നാമത്തെ വിളി
ച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെ
ട്ടും എന്നുണ്ടല്ലൊ.

൧൪ എന്നാൽ അവർ വിശ്വസിക്കാ
ത്തവനെ എങ്ങനെ വിളിക്കും? അവർ
കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വ
സിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എ
ങ്ങനെ കേൾക്കും?

൧൫ അയക്കപ്പെടാതെ എങ്ങനെ പ്ര
സംഗിക്കും? നന്മകളെ സുവിശേഷിക്കുന്ന
വരുടെ പാദങ്ങൾ എത്ര മനോഹരം എ
ന്നു എഴുതിയിരിക്കുന്നപ്രകാരം തന്നേ.

൧൬ ¶ എങ്കിലും എല്ലാവരും സുവി
ശേഷത്തെ അനുസരിച്ചിട്ടില്ല: കൎത്താ
വേ, ഞങ്ങളുടെ വചനത്തെ ആർ വിശ്വ
സിച്ചു എന്നു യശായ്യാ പറയുന്നുവല്ലൊ.

൧൭ ആകയാൽ വിശ്വാസം കേൾവി
യാലും കേൾവിയോ ക്രിസ്തുവിന്റെ വ
ചനത്താലും ആകുന്നു.

൧൮ എന്നാൽ ഞാൻ പറയുന്നു: പ
ക്ഷേ അവർ കേട്ടിട്ടില്ലയോ? ഉവ്വ് നി
ശ്ചയം; അവരുടെ നാദം സൎവ്വഭൂമിയിലേ
ക്കും അവരുടെ വചനങ്ങൾ ഭൂതലത്തി
ന്റെ അതിരുകളോളവും പുറപ്പെട്ടു.

൧൯ എന്നാൽ ഞാൻ പറയുന്നു: പ
ക്ഷേ ഇസ്രയേൽ ഗ്രഹിച്ചില്ലയോ? ജനമ
ല്ലാത്തവരെ കൊണ്ടു ഞാൻ നിങ്ങൾക്കു
എരിവു വരുത്തും; മൂഢജാതിയെക്കൊണ്ടു
നിങ്ങൾക്കു കോപം ജനിപ്പിക്കും എന്നു ഒ
ന്നാമതു മോശെ പറയുന്നു.

൨൦ പിന്നെ യശായ്യാ: എന്നെ അ
ന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി,
എന്നെ ചോദിക്കാത്തവൎക്കു ഞാൻ പ്രത്യ
ക്ഷനായി എന്നു വളരെ ധൈൎയ്യത്തോടെ
പറയുന്നു.

൨൧ ഇസ്രയേലിനെ കുറിച്ചോ: അനു
സരിക്കാത്തതും മറുത്തുപറയുന്നതുമായ
ജാതിയുടെ നേരെ ഞാൻ ദിവസം മുഴുവ
നും എന്റെ കൈകളെ നീട്ടി എന്നു അ
വൻ പറയുന്നു.

൧൧ാം അദ്ധ്യായം.

എന്നാൽ ഞാൻ പറയുന്നു: ദൈവം സ്വ
ജനത്തെ തള്ളിക്കളഞ്ഞുവോ? ഒരുനാളും
ഇല്ല; ഞാനും ഇസ്രയേല്യനാകുന്നുവല്ലോ;
അബ്രഹാമിന്റെ സന്തതിയിൽ ബെന്യാ
മിൻ ഗോത്രത്തിലുള്ളവൻ തന്നേ.

൨ ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ
ജനത്തെ തള്ളീട്ടില്ല. എലീയാവിന്റെ
സംഗതിയിൽ തിരുവെഴുത്തു പറയുന്നതു
അറിയുന്നില്ലയോ?

൩ അവൻ ഇസ്രയേലിന്നു വിരോധ
മായി ദൈവത്തോടു വാദിക്കുന്നതു: ക
ൎത്താവേ, അവർ നിന്റെ പ്രവാചകന്മാ
രെ കൊന്നു നിന്റെ ബലിപീഠങ്ങളെ
ഇടിച്ചുകളഞ്ഞു, ഞാൻ തനിയേ ശേഷി
ച്ചു; അവർ എന്റെ പ്രാണനെയും അ
ന്വേഷിക്കുന്നു.

൪ എന്നാൽ അവനോടു അരുളപ്പാടു
പറയുന്നതു എന്തു? ബാലിന്നു മുട്ടുകു
ത്താത്തവരായ ഏഴായിരം ആളുകളെ
ഞാൻ എനിക്കായി ശേഷിപ്പിച്ചിട്ടുണ്ടു.

൫ ഇങ്ങനെ ഈ കാലത്തിലും കൃപയാ
ലുള്ള തെരിഞ്ഞെടുപ്പിൻപ്രകാരം ഒരു ശേ
ഷിപ്പുണ്ടു.

൬ എന്നാൽ അതു കൃപയാൽ എങ്കിൽ
പ്രവൃത്തികളാലല്ല, അല്ലാഞ്ഞിൽ കൃപ ഇ
നി കൃപയല്ല.

൭ ആകയാൽ എന്തു? ഇസ്രയേൽ താൻ
തിരയുന്നതിനെ പ്രാപിച്ചില്ല, തെരി
ഞ്ഞെടുപ്പോ അതിനെ പ്രാപിച്ചു; എന്നാ
ൽ ശേഷമുള്ളവർ കഠിനപ്പെട്ടിരിക്കുന്നു.

൮ ദൈവം അവൎക്കു ഇന്നേവരെ നി
ദ്രാമയക്കത്തിന്റെ ആത്മാവിനെയും കാ
ണാത്ത കണ്ണുകളെയും കേൾക്കാത്ത ചെ
വികളെയും കൊടുത്തു എന്നു എഴുതിയി
രിക്കുന്ന പ്രകാരം തന്നേ.

൯ അവരുടെ മേശ അവൎക്കു കണി
യും കുടുക്കും ഇടൎച്ചയും പ്രതിക്രിയയും
ആകട്ടെ.

൧൦ അവരുടെ കണ്ണുകൾ കാണാതവ
ണ്ണം ഇരുണ്ടുപോകട്ടെ, അവരുടെ മുതു
കിനെ എല്ലായ്പോഴും കുനിയിക്കേണമേ
എന്നു ദാവീദും പറയുന്നു.

൧൧ എന്നാൽ ഞാൻ പറയുന്നു: അവ
ർ വീഴേണ്ടതിന്നു ഇടറി എന്നോ? ഒരു
നാളും അല്ല; അവൎക്കു എരിവു വരുത്തു

വാനായി അവരുടെ പിഴയാൽ ജാതികൾക്കു രക്ഷ വന്നു എന്നത്രേ.

൧൨ എന്നാൽ അവരുടെ പിഴ ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതികളുടെ സമ്പത്തുമായി എങ്കിൽ അവരുടെ നിറവു എത്ര അധികം?

൧൩ ¶ എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നു: ഞാൻ ജാതികൾക്കു അപ്പൊസ്തലനാകുന്ന അവസ്ഥെക്കു എന്റെ ശുശ്രൂഷയെ മഹിമപ്പെടുത്തുന്നു.

൧൪ എന്റെ ജഡമാകുന്നവൎക്കു വല്ല വിധേനയും എരിവു ജനിപ്പിച്ചു, അവരിൽ ചിലരെ രക്ഷിക്കാമെങ്കിലോ എന്നു വെച്ചു തന്നേ.

൧൫ എന്തുകൊണ്ടെന്നാൽ അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരിൽനിന്നു ഉയിൎപ്പെന്നല്ലാതെ എന്താകും?

൧൬ ആദ്യഫലം വിശുദ്ധം എങ്കിലോ പിണ്ഡവും അതേ, വേർ വിശുദ്ധം എങ്കിൽ കൊമ്പുകളും അതേ.

൧൭ കൊമ്പുകളിൽ ചിലതു ഒടിക്കപ്പെട്ടിട്ടു കാട്ടൊലിവാകുന്ന നീ അവയുടെ ഇടയിൽ ഒട്ടിച്ചു ചേൎക്കപ്പെട്ടു, ഒലിവുമരത്തിന്നുള്ള പുഷ്ടിയുടെ വേരിന്നു കൂട്ടംശിയായി തീൎന്നു എങ്കിലോ,

൧൮ ആ കൊമ്പുകളുടെ നേരെ പ്രശംസിക്കരുതു; പ്രശംസിക്കുന്നുവെങ്കിലോ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നതു.

൧൯ എന്നാൽ ഞാൻ ഒട്ടിക്കപ്പെടേണ്ടതിന്നു കൊമ്പുകളെ ഒടിച്ചുകളഞ്ഞു എന്നു നീ പറയും.

൨൦ ശരി; അവിശ്വാസത്താൽ അവ ഒടിക്കപ്പെട്ടു; വിശ്വാസത്താൽ നീ നില്ക്കുന്നു. ഞെളിയാതെ ഭയപ്പെടുക.

൨൧ സ്വാഭാവികകൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും.

൨൨ ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാണ്ക; വീണവരോടു ഖണ്ഡിതം; നിന്നോടോ ദൈവത്തിന്റെ ദയ; നീ ആ ദയയിൽ നിലനിന്നാലത്രേ; അല്ലാഞ്ഞാൽ നീയും ഛേദിക്കപ്പെടും.

൨൩ അവിശ്വാസത്തിൽ നിലനില്ക്കാഞ്ഞാൽ അവരും കൂടെ ഒട്ടിക്കപ്പെടും; അവരെ പിന്നെയും ഒട്ടിപ്പാൻ ദൈവം ശക്തനാകുന്നുവല്ലോ.

൨൪ എന്തുകൊണ്ടെന്നാൽ നീ സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു മുറിക്കപ്പെട്ടു, സ്വഭാവത്തിന്നു വിരോധമായി നല്ല ഒലിവുമരത്തിൽ ഒട്ടിക്കപ്പെട്ടു എങ്കിൽ, ഈ സ്വാഭാവികകൊമ്പുകൾ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധികമായി ഒട്ടിക്കപ്പെടും.

൨൫ ¶ എന്തുകൊണ്ടെന്നാൽ സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്കു തന്നേ തോന്നായ്വാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു; അതായതു, ജാതികളുടെ നിറവു പ്രവേശിപ്പോളം കാഠിന്യം ഇസ്രയേലിന്നു അംശമായി സംഭവിച്ചിരിക്കുന്നു.

൨൬ ഇപ്രകാരം ഇസ്രയേൽ എല്ലാം രക്ഷിക്കപ്പെടും വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും അവൻ യാക്കോബിൽനിന്നു അഭക്തികളെ മാററും.

൨൭ അവരുടെ പാപങ്ങളെ ഞാൻ എടുത്തുകളയുമ്പോൾ ഇതു അവരോടു എന്റെ നിയമം ആകുന്നു എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നേ.

൨൮ സുവിശേഷം സംബന്ധിച്ചു അവർ നിങ്ങൾ നിമിത്തം ശത്രുക്കൾ അത്രേ; തെരിഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയപ്പെട്ടവർ.

൨൯ ദൈവത്തിന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു തനിക്കു പശ്ചാത്താപം ഇല്ലല്ലോ.

൩൦ എന്തുകൊണ്ടെന്നാൽ നിങ്ങൾ മുമ്പേ ദൈവത്തെ അനുസരിക്കാതിരുന്നിട്ടു ഇവരുടെ അനുസരണക്കേടിനാൽ ഇപ്പോൾ കരുണ ലഭിച്ചപ്രകാരം തന്നേ,

൩൧ നിങ്ങൾക്കു ലഭിച്ച കരുണയാൽ തങ്ങൾക്കും കരുണ ലഭിക്കേണ്ടതിന്നു ഇവരും ഇപ്പോൾ അനുസരിക്കാതിരിക്കുന്നു.

൩൨ എന്തുകൊണ്ടെന്നാൽ ദൈവം എ
ല്ലാവരോടും കരുണ ചെയ്യേണ്ടതിന്ന എ
ല്ലാവരെയും അനുസരണക്കേടിൽ അടെ
ച്ചുകളഞ്ഞു.
൩൩ ¶ ഹാ ദൈവത്തിന്റെ ധനം,
ജ്ഞാനം, അറിവു എന്നിവയുടെ ആഴ
മേ! അവന്റെ ന്യായവിധികൾ എത്ര
അപ്രമേയവും അവന്റെ വഴികൾ എ
ത്ര അഗോചരവും ആകുന്നു.
൩൪ എന്തുകൊണ്ടെന്നാൽ കൎത്താവി
ന്റെ മനസ്സിനെ അറിഞ്ഞവൻ ആർ?
അല്ല, അവന്നു ആർ മന്ത്രിയായിട്ടുള്ളു?
൩൫ അല്ല, അവന്നു വല്ലതും മുമ്പെ
കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നതു
ആർ?
൩൬ സകലവും അവനിൽനിന്നും അ
വനാലും അവങ്കലേക്കും ആകുന്നുവല്ലോ;
അവന്നു എന്നേക്കും മഹത്വം. ആമെൻ.

൧൨ാം അദ്ധ്യായം.

ആകയാൽ സഹോദരന്മാരേ, ഞാൻ ദൈ
വത്തിന്റെ മനസ്സലിവുകളെക്കൊണ്ടു നി
ങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ
ബുദ്ധിയുള്ള ആരാധനയായിട്ടു നിങ്ങളു
ടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും
ദൈവത്തിന്നു പ്രസാദവുമുള്ള ബലിയാ
യി സമൎപ്പിപ്പിൻ.
൨ ഈ ലോകത്തിന്നു അനുരൂപപ്പെ
ടാതെ നന്മയും പ്രസാദവും പൂൎണ്ണതയുമു
ള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറി
യേണ്ടതിന്നു മനസ്സിനെ പുതുക്കി രൂപാ
ന്തരപ്പെടുവിൻ.
൩ ¶ എന്തുകൊണ്ടെന്നാൽ, ഭാവി
ക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ
ദൈവം അവനവന്നു വിശ്വാസത്തി
ന്റെ അളവിനെ പങ്കിട്ടതുപോലെ സു
ബോധമാകുംവണ്ണം ഭാവിക്കേണമെന്നു
ഞാൻ എനിക്കു നല്കപ്പെട്ട കൃപയാൽ നി
ങ്ങളിലുള്ള എല്ലാവനോടും പറയുന്നു.
൪ ഒരു ശരീരത്തിൽ നമുക്കു പല അ
വയവങ്ങളും എല്ലാ അവയവങ്ങൾക്കും ഒ
രേ പ്രവൃത്തി അല്ലാതെയും ഇരിക്കുന്നപ്ര
കാരംതന്നേ,
൫ പലരായ നാം ക്രിസ്തുവിൽ ഒരു ശ
രീരവും ഓരോരുത്തർ തമ്മിൽ തമ്മിൽ
അവയവങ്ങളും ആകുന്നുവല്ലോ.
൬ ആകയാൽ നമുക്കു നല്കപ്പെട്ട കൃ
പെക്കു തക്കവണ്ണം വെവ്വേറെ വരങ്ങൾ
ഉള്ളതുകൊണ്ടു പ്രവചനമായാൽ വിശ്വാ
സത്തിന്റെ പ്രമാണപ്രകാരം;
൭ ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ; ഉ
പദേശിക്കുന്നവൻ എങ്കിൽ ഉപദേശ
ത്തിൽ;
൮ പ്രബോധിപ്പിക്കുന്നവൻ എങ്കിൽ
പ്രബോധനത്തിൽ; ദാനം ചെയ്യുന്നവൻ
ഏകാഗ്രതയോടെ; ഭരിക്കുന്നവൻ ഉത്സാ
ഹത്തോടെ; കരുണ ചെയ്യുന്നവൻ പ്രസ
ന്നതയോടെ ആകട്ടെ.
൯ സ്നേഹം നിൎവ്യാജം ആയിരിക്കട്ടെ,
തീയതിനെ വെറുത്തു നല്ലതിനോടു പ
റ്റിക്കൊൾവിൻ.
൧൦ സഹോദരപ്രീതിയിൽ തമ്മിൽ
സ്ഥായിപൂണ്ടു, ബഹുമാനിക്കുന്നതിൽ
അന്യോന്യം മുന്നിട്ടുകൊൾവിൻ.
൧൧ ഉത്സാഹത്തിൽ മടപ്പില്ലാതെ,
ആത്മാവിൽ എരിവുള്ളവരായി കൎത്താവി
നെ സേവിപ്പിൻ.
൧൨ ആശയിൽ സന്തോഷിപ്പിൻ; ക
ഷ്ടതയിൽ ക്ഷമയുള്ളവരായിരിപ്പിൻ.
൧൩ പ്രാൎത്ഥനയിൽ ഉററുനില്പിൻ;
വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ
കാണിക്കയും അതിഥിസല്ക്കാരം ആചരി
ക്കയും ചെയ്വിൻ.
൧൪ നിങ്ങളെ ഉപദ്രവിക്കുന്നവരെ
അനുഗ്രഹിപ്പിൻ; അനുഗ്രഹിപ്പിൻ, ശപി
ക്കരുതു.
൧൫ സന്തോഷിക്കുന്നവരോടു കൂടെ
സന്തോഷിക്കയും കരയുന്നവരോടു കൂടെ
കരകയും ചെയ്വിൻ.
൧൬ തമ്മിൽ ഐകമത്യമുള്ളവരായി
ഉയരമുള്ളവ ചിന്തിക്കാതെ താണവയി
ലേക്കു ചാഞ്ഞുകൊൾവിൻ; നിങ്ങളെ ത
ന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കയു
മരുതു.
൧൭ ഒരുത്തന്നും തിന്മെക്കു പകരം തി
ന്മ ചെയ്യാതെ എല്ലാ മനുഷ്യരുടെ മുമ്പാ
കേയും യോഗ്യമായുള്ളവയെ മുൻകരുതി,

൰൮ കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം എല്ലാ മനുഷ്യരോടും സമാധാനമായിരിപ്പിൻ.

൰൯ പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതിക്രിയ ചെയ്യാതെ കോപത്തിന്നു ഇടം കൊടുപ്പിൻ; എന്തുകൊണ്ടെന്നാൽ പ്രതിക്രിയ എനിക്കുള്ളതു, ഞാൻ പകരം ചെയ്യും എന്നു കൎത്താവു പറയുന്നു.

൨൰ എന്നാൽ നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവനെ ഊട്ടുക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; ഇതു ചെയ്താൽ തീക്കനലുകൾ അവന്റെ തലമേൽ കുന്നിക്കും എന്നു എഴുതിയിരിക്കുന്നു.

൨൰൧ തിന്മയാൽ ജയിക്കപ്പെടാതെ നന്മയാൽ തിന്മയെ ജയിക്കുക.

൰൩ാം അദ്ധ്യായം.

ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. എന്തുകൊണ്ടെന്നാൽ ദൈവത്താലല്ലാതെ ഒരധികാരവുമില്ല; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടവ ആകുന്നു.

൨ ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. എന്നാൽ മറുക്കുന്നവർ തങ്ങൾക്കു തന്നേ ശിക്ഷാവിധിയെ പ്രാപിക്കും.

൩ എന്തുകൊണ്ടെന്നാൽ വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരമാകുന്നു. അധികാരത്തെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നല്ലതിനെ ചെയ്ക; എന്നാൽ അവനിൽനിന്നു പുകഴ്ച ലഭിക്കും.

൪ നിനക്കു നന്മെക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനാകുന്നു. തീയതിനെ നീ ചെയ്കിലോ ഭയപ്പെടുക, വെറുതെ അല്ല അവൻ വാളിനെ വഹിക്കുന്നതു; അവൻ ദോഷം പ്രവൃത്തിക്കുന്നവന്റെ മേൽ കോപത്തിന്നായി പ്രതികാരിയായിരിക്കുന്ന ദൈവശുശ്രൂഷക്കാരൻ ആകുന്നു.

൫ എന്നതുകൊണ്ടു കോപത്തെ മാത്രമല്ല മനസ്സാക്ഷിയേയും വിചാരിച്ചു കീഴടങ്ങുക ആവശ്യം ആകുന്നു.

൬ അതുകൊണ്ടല്ലോ നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവസേവെക്കുള്ളവരും ആ കാൎയ്യം തന്നേ നോക്കുന്നവരുമാകയാൽ തന്നേ.

൭ എല്ലാവൎക്കും കടമായുള്ളവയെ കൊടുത്തു തീൎപ്പിൻ. നികുതി ആൎക്കോ അവന്നു നികുതി, ചുങ്കം ആൎക്കോ അവന്നു ചുങ്കം, ഭയം ആൎക്കോ അവന്നു ഭയം, മാനം ആൎക്കോ അവന്നു മാനം.

൮ ¶ അന്യോന്യം സ്നേഹിക്കുന്നതു ഒഴികെ ആരോടും ഒന്നും കടംപെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണത്തെ നിവൃത്തിച്ചിരിക്കുന്നവല്ലോ.

൯ എന്തുകൊണ്ടെന്നാൽ വ്യഭിചാരം ചെയ്യരുതു, കുല ചെയ്യരുതു, മോഷ്ടിക്കരുതു, മോഹിക്കരുതു എന്നുള്ളതും മററു ഏതു കല്പനയും, നിന്നെപ്പോലെ തന്നേ അയല്ക്കാരനെ സ്നേഹിക്കേണം എന്നുള്ള ഈ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു.

൰ സ്നേഹം അയല്ക്കാരന്നു ദോഷം പ്രവൃത്തിക്കുന്നില്ല; ആകയാൽ ന്യായപ്രമാണത്തിന്റെ നിവൃത്തി സ്നേഹം തന്നേ.

൰൧ ¶ ഇതോ, നിങ്ങൾ ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നു കഴിഞ്ഞു എന്നിങ്ങനെ സമയത്തെ അറികകൊൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അടുത്തിരിക്കുന്നുവല്ലോ.

൰൨ രാവു കഴിവാറായി പകൽ അടുത്തു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുംകളഞ്ഞു വെളിച്ചത്തിന്റെ ആയുധവൎഗ്ഗത്തെ ധരിച്ചുകൊൾക.

൰൩ പകല്ക്കാലത്തു എന്നപോലെ നാം മൎയ്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല.

൰൪ പിന്നെയോ കൎത്താവായ യേശുക്രിസ്തുവിനെ ഉടുത്തുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിന്നായി കരുതൽ ചെയ്കയുമരുതു.

൧൪ാം അദ്ധ്യായം.

സംശയവിചാരങ്ങളെ വിധിക്കാതെക
ണ്ടു വിശ്വാസത്തിൽ ബലഹീനനായവ
നെ ചെൎത്തുകൊൾവിൻ.
൨ എല്ലാവറെറയും ഭക്ഷിക്കാമെന്നു
ഒരുവൻ വിശ്വസിക്കുന്നു; ബലഹീന
നോ സസ്യാദികളെ ഭക്ഷിക്കുന്നു.
൩ ഭക്ഷിക്കുന്നവൻ ഭക്ഷിക്കാത്തവ
നെ ധിക്കരിക്കരുതു, ഭക്ഷിക്കാത്തവൻ ഭ
ക്ഷിക്കുന്നവനെ വിധിക്കയുമരുതു, ദൈ
വം അവനെ കൈക്കൊണ്ടിരിക്കുന്നുവ
ല്ലോ.
൪ മറെറാരുത്തന്റെ ഭൃത്യനെ വിധി
പ്പാൻ നീ ആർ? അവൻ നില്ക്കുന്നതോ
വീഴുന്നതോ തന്റെ സ്വന്ത യജമാനന്നു
ത്രേ; അവൻ നില്ക്കും താനും; അവനെ
നില്ക്കുമാറാക്കുവാൻ കൎത്താവിന്നു കഴിയു
മല്ലോ.
൫ ഒരുവൻ ഒരു ദിവസത്തെക്കാൾ മ
റെറാരു ദിവസത്തെ മാനിക്കുന്നു; വേ
റൊരുവൻ എല്ലാ ദിവസങ്ങളെയും മാനി
ക്കുന്നു; അവനവൻ താന്താന്റെ മനസ്സി
ൽ പൂൎണ്ണനിശ്ചയമുള്ളവനായിരിക്കട്ടെ.
൬ ദിവസത്തെ ആചരിക്കുന്നവൻ ക
ൎത്താവിന്നായി ആദരിക്കുന്നു; പിന്നെ
ഭക്ഷിക്കുന്നവൻ ദൈവത്തെ സ്തുതിക്കയാ
ൽ കൎത്താവിന്നായി ഭക്ഷിക്കുന്നു; ഭക്ഷി
ക്കാത്തവൻ കൎത്താവിന്നായി ഭക്ഷിക്കാതി
രുന്നു, ദൈവത്തെ സ്തുതിക്കുന്നു.
൭ എന്തുകൊണ്ടെന്നാൽ നമ്മിൽ ആ
രും തനിക്കായി തന്നേ ജീവിക്കുന്നില്ല,
ആരും തനിക്കായി തന്നേ മരിക്കുന്നതു
മില്ല.
൮ നാം ജീവിക്കുന്നു എങ്കിൽ കൎത്താ
വിന്നായി ജീവിക്കുന്നു, മരിക്കുന്നു എങ്കി
ൽ കൎത്താവിന്നായി മരിക്കുന്നു; അതു
കൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു
എങ്കിലും കൎത്താവിന്നുള്ളവർ ആകുന്നു.
൯ എന്തുകൊണ്ടെന്നാൽ മരിച്ചവൎക്കും
ജീവികൾക്കും കൎത്താവു ആകേണ്ടതിന്നു
തന്നേ ക്രിസ്തു മരിക്കയും ഉയിൎക്കയും
ചെയ്തു.
൰ എന്നാൽ നീ നിന്റെ സഹോദര
നെ വിധിക്കുന്നതു എന്തു? അല്ല, നീ നി
ന്റെ സഹോദരനെ ധിക്കരിക്കുന്നതു എ
ന്തു? നാം എല്ലാവരും ദൈവത്തിന്റെ
ന്യായാസനത്തിന്നു മുമ്പാകേ നില്ക്കേണ്ടി
വരും.
൰൧ എന്തുകൊണ്ടെന്നാൽ എന്റെ ജീ
വനാണ എല്ലാമുഴങ്കാലും എനിക്കു വണ
ങ്ങും, എല്ലാനാവും ദൈവത്തെ ഏററുപ
റകയും ചെയ്യും എന്നു എഴുതിയിരിക്കുന്നു.
൰൨ ആകയാൽ നമ്മിൽ ഓരോരുത്ത
ൻ താന്താന്റെ കണക്കു ദൈവത്തോടു
ബോധിപ്പിക്കും.
൰൩ ¶ അതുകൊണ്ടു നാം ഇനി അ
ന്യോന്യം വിധിക്കരുതു. സഹോദരന്നു ഇ
ടൎച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ
മാത്രം വിധിച്ചുകൊൾവിൻ.
൰൪ യാതൊന്നും സ്വതേ മലിനതയു
ള്ളതല്ല, എന്നു ഞാൻ കൎത്താവായ യേശു
വിൽ അറിഞ്ഞും ഉറച്ചുമിരിക്കുന്നു. എ
ന്നാൽ വല്ലതിനെയും മലിനം എന്നു എ
ണ്ണുന്നവന്നു മാത്രം അതു മലിനം ആകു
ന്നു.
൰൫ ഭക്ഷണം നിമിത്തം നിന്റെ സ
ഹോദരൻ വ്യസനിക്കുന്നു എങ്കിൽ നീ
സ്നേഹപ്രകാരം നടക്കുന്നില്ല. ആൎക്കുവേ
ണ്ടി ക്രിസ്തു മരിച്ചുവോ ആയവനെ നി
ന്റെ ഭക്ഷണംകൊണ്ടു നശിപ്പിക്കരുതു.
൰൬ ആകയാൽ നിങ്ങളുടെ നന്മ ദൂ
ഷിക്കപ്പെടുവാൻ ഇടവരുത്തരുതു.
൰൭ ദൈവരാജ്യം ഭക്ഷണവും പാനീ
യവുമല്ല, നീതിയും സമാധാനവും പരി
ശുദ്ധാത്മാവിൽ സന്തോഷവും അത്രേ ആ
കുന്നു.
൰൮ ഇവയിൽ ക്രിസ്തുവിനെ സേവി
ക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്ന
വനും മനുഷ്യൎക്കു കൊള്ളാകുന്നവനും ആ
കുന്നു.
൰൯ ആകയാൽ നാം സമാധാനത്തി
ന്നും അന്യോന്യം ഗൃഹനിൎമ്മാണത്തിന്നും
ഉള്ളവയെ പിന്തുടരുക.
൨൰ ഭക്ഷണം നിമിത്തം ദൈവനിൎമ്മി
തത്തെ അഴിക്കരുതു. എല്ലാം ശുദ്ധം ത
ന്നേ, എങ്കിലും ഇടൎച്ചയോടെ ഭക്ഷിക്കു
ന്ന മനുഷ്യന്നു അതു ദോഷമത്രേ.

൨൧ മാംസം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരന്നു ഇടൎച്ച് വരുത്തുന്ന യാതൊന്നും ചെയ്യാതേയും ഇരിക്കുന്നതു നല്ലതു.

൨൨ നിനക്കുള്ള വിശ്വാസം ദൈവത്തിന്റെ മുമ്പാകെ നിനക്കായി തന്നേ ഇരിക്കട്ടേ; താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ.

൨൩ എന്നാൽ സംശയിക്കുന്നവൻ ഭക്ഷിക്കുന്നു എങ്കിൽ അതു വിശ്വാസത്തിൽ നിന്നു അല്ലായ്കകൊണ്ടു അവന്നു കുററവിധി വന്നിരിക്കുന്നു. വിശ്വാസത്തിൽ നിന്നു അല്ലാത്തതൊക്കെയും പാപമത്രേ.

൧൫ാം അദ്ധ്യായം.

എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മെ തന്നേ പ്രസാദിപ്പിക്കാതിരിക്കയും വേണം.

൨ നമ്മിൽ ഓരോരുത്തൻ അയല്ക്കാരനെ നന്മെക്കായിട്ടു ഗൃഹനിൎമ്മാണത്തിന്നു വേണ്ടി പ്രസാദിപ്പിക്കേണം.

൩ എന്തുകൊണ്ടെന്നാൽ ക്രിസ്തുവും തന്നെത്താൻ പ്രസാദിപ്പിച്ചില്ല; നിന്നെ നിന്ദിക്കുന്നവരുടെ നിന്ദകൾ എന്റെ മേൽ വീണു എന്നു എഴുതിയിരിക്കുന്ന പ്രകാരമത്രേ.

൪ എന്നാൽ മുന്നെഴുതപ്പെട്ടതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടല്ലോ എഴുതപ്പെട്ടതു; നമുക്കു തിരുവെഴുത്തുകളുടെ ക്ഷമയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ.

൬ എന്നാൽ നിങ്ങൾ ഐകമത്യപ്പെട്ടു നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന്നു

൫ ക്ഷമയുടെയും ആശ്വാസത്തിന്റെയും ദൈവം ക്രിസ്തുയേശുവിന്നു അനുസരണയായി തമ്മിൽ തമ്മിൽ ഏകചിന്തയോടിരിപ്പാൻ നിങ്ങൾക്കു കൃപ നല്കുമാറാക.

൭ അതുകൊണ്ടു ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിന്നായിക്കൊണ്ടു നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ.

൮ എന്നാൽ ഞാൻ പറയുന്നു: ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനെക്കു ശുശ്രൂഷക്കാരനായി തീൎന്നു.

൯ ആയതു പിതാക്കന്മാൎക്കുള്ള വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന്നും ജാതികൾ ദൈവത്തെ അവന്റെ കരുണ നിമിത്തം മഹത്വീകരിക്കേണ്ടതിന്നും തന്നേ.

൧൦ ഇതു ഹേതുവായിട്ടു ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിന്നു സ്തുതി പാടും എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നേ.

൧൧ പിന്നെയും ജാതികളേ, അവന്റെ ജനത്തോടു ഒന്നിച്ചു ആനന്ദിപ്പിൻ എന്നു അവൻ പറയുന്നു; പിന്നെയും എല്ലാജാതികളുമായുള്ളോരേ കൎത്താവിനെ സ്തുതിപ്പിൻ എല്ലാവംശങ്ങളും അവനെ സ്തുതിക്കട്ടെ എന്നും ഉണ്ടു.

൧൨ പിന്നെയും യിശ്ശായുടെ വേരും ജാതികളെ ഭരിപ്പാൻ എഴുനീല്ക്കുന്നവനുമായവൻ ഉണ്ടാകും, അവനിൽ ജാതികൾ പ്രത്യാശ വെക്കും എന്നു യശയ്യാ പറയുന്നു.

൧൩ എന്നാൽ പ്രത്യാശയുടെ ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറെക്കുമാറാക.

൧൪ ¶ എന്നാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ തന്നേയും സല്ഗുണസംപൂൎണ്ണരും സകലജ്ഞാനം നിറഞ്ഞവരും തമ്മിൽ തമ്മിൽ പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു എന്നു ഞാൻ തന്നെയും നിങ്ങളെ കുറിച്ചു ഉറച്ചിരിക്കുന്നു.

൧൫ എങ്കിലും ജാതികൾ എന്നുള്ള ബലി പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു സുപ്രസാദമായി തീരേണ്ടതിന്നു ഞാൻ ദൈവത്തിന്റെ സുവിശേഷത്തെ പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുയേശുവിന്റെ സേവകനായിരിക്കേണ്ടതിന്നു,

൧൫ ദൈവം എനിക്കു നല്കിയ കൃപ നിമിത്തം നിങ്ങളെ ഓൎമ്മപ്പെടുത്തുംവണ്ണം ചിലതിൽ അതിധൈൎയ്യമായി ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു.

൧൭ ആകയാൽ എനിക്കു ദൈവകാൎയ്യത്തിൽ ക്രിസ്തുയേശുവിങ്കൽ പ്രശംസ ഉണ്ടു.

൧൮ എന്തുകൊണ്ടെന്നാൽ ക്രിസ്തു എന്നെക്കൊണ്ടു ജാതികളുടെ അനുസരണത്തിന്നായിട്ടു വചനത്താലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ശക്തികൊണ്ടു, പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടു തന്നേ, പ്രവൃത്തിച്ചവ അല്லാതെ ഞാൻ സംസാരിപ്പാൻ തുനിയുകയില്ല.

൧൯ അങ്ങനെ ഞാൻ യരുശലേം മുതൽ ഇല്ലുൎയ്യദേശം വരെയുള്ള വൃത്തത്തിൽ ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു.

൨൦ ഇപ്രകാരം ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന്നു ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല;

൨൧ അവനെ കുറിച്ചു അറിവു കിട്ടീട്ടില്ലാത്തവർ കാണും കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും എന്നു എഴുതിയിരിക്കുന്നപ്രകാരമത്രേ, സുവിശേഷിപ്പാൻ അഭിമാനിച്ചുകൊണ്ടിരിക്കുന്നു.

൨൨ ¶ അതുകൊണ്ടു തന്നേ മിക്കവാറും ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിനു മുടക്കം വന്നു.

൨൩ ഇപ്പോഴോ എനിക്കു ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും അങ്ങോട്ടു വരുവാൻ അനേകം വൎഷമായി വാഞ്ഛ ഉണ്ടാകകൊണ്ടും,

൨൪ ഞാൻ സ്പാന്യയിലേക്കു യാത്ര ചെയ്യുമ്പോൾ (വരും;) എന്തുകൊണ്ടെന്നാൽ ഞാൻ കടന്നുപോകും വഴിക്കു നിങ്ങളെ ദൎശിപ്പാനും, മുന്നമേ നിങ്ങളിൽനിന്നു കുറഞ്ഞൊന്നു തൃപ്തി വന്നശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു.

൨൫ ഇപ്പോഴോ ഞാൻ യരുശലേമിലേക്കു വിശുദ്ധന്മാൎക്കു ശുശ്രൂഷ ചെയ്വാൻ യാത്ര പുറപ്പെടുന്നു.

൨൬ എന്തുകൊണ്ടെന്നാൽ യരുശലേമിലേ വിശുദ്ധന്മാരിൽ ദരിദ്രരായവൎക്കു ഏതാനും ധൎമ്മോപകാരം ചെയ്വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവൎക്കു പ്രസാദം തോന്നി.

൨൭ അവൎക്കു പ്രസാദം തോന്നിയതു കൂടാതെ അവരുടെ കടക്കാരും ആകുന്നു; ജാതികൾ അവരുടെ ആത്മികനന്മകളിൽ കൂട്ടാളികൾ ആയെങ്കിൽ ജഡനന്മകളിൽ അവൎക്കു സേവ ചെയ്വാൻ കടമ്പെട്ടിരിക്കുന്നവല്ലോ.

൨൮ ആയതിനെ ഞാൻ സമാപിച്ചു, ഈ ഫലത്തെ അവൎക്കു മുദ്രയിട്ടശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്കു പോകും.

൨൯ എന്നാൽ ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ ക്രിസ്തുവിന്റെ അനുഗ്രഹനിറവോടെ വരും എന്നു ഞാൻ അറിയുന്നു.

൩൦ ¶ എന്നാൽ സഹോദരന്മാരേ, യഹൂദീയയിലേ അവിശ്വാസികളിൽനിന്നു ഞാൻ രക്ഷപെടേണം എന്നും യരുശലേമിന്നായുള്ള എന്റെ ശുശ്രൂഷ വിശുദ്ധന്മാൎക്കു പ്രസാദമായി തീരേണം എന്നും

൩൧ ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനംതണുക്കേണ്ടതിന്നു നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാൎത്ഥനകളിൽ എന്നോടുകൂടെ പോരാടേണം എന്നും

൩൨ നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹത്തെയുംകൊണ്ടു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.

൩൩ എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാക. ആമെൻ.

൧൬ാം അദ്ധ്യായം.

നമ്മുടെ സഹോദരിയും കെംക്രയസഭയിലെ ശുശ്രൂഷക്കാരിയുമായ ഫേബയെ

൨ നിങ്ങൾ വിശുദ്ധന്മാൎക്കു യോഗ്യമാംവണ്ണം കൎത്താവിൽ കൈക്കൊണ്ടു അവൾ

ക്കു നിങ്ങളെക്കൊണ്ടു ആവശ്യപ്പെടുന്ന
ഏതു കാൎയ്യത്തിലും സഹായിക്കേണ്ടതിന്നു
ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു. എന്തു
കൊണ്ടെന്നാൽ അവൾ തന്നേയും പല
ൎക്കും വിശേഷാൽ എനിക്കും സഹായിയാ
യി തീൎന്നു.

൩ ¶ ക്രിസ്തുയേശുവിൽ എന്റെ കൂട്ടു
വേലക്കാരാകുന്ന പ്രിസ്കയെയും അകി
ലാവെയും വന്ദനം ചെയ്വിൻ.
൪ അവർ എന്റെ പ്രാണന്നു വേണ്ടി
തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാ
കുന്നു; അവൎക്കു ഞാൻ മാത്രമല്ല, ജാതി
കളുടെ സകലസഭകളും കൂടെ നന്ദി പ
റയുന്നു.
൫ അവരുടെ വീട്ടിലേ സഭയെയും വ
ന്ദനം ചെയ്വിൻ, ആസ്യയിൽനിന്നു ക്രിസ്തു
വിന്നു ആദ്യവിളവായി എനിക്കു പ്രിയ
നായ എപ്പൈനത്തൊസിന്നു വന്ദനം
ചൊല്ലുവിൻ.
൬ നിങ്ങൾക്കായി വളരെ അദ്ധ്വാനി
ച്ചിട്ടുള്ള മറിയെക്കു വന്ദനം ചൊല്ലുവിൻ.
൭ എന്റെ ചാൎച്ചക്കാരും സഹബദ്ധ
രുമായ അന്ത്രൊനിക്കൊസിന്നും യൂനിയാ
വിന്നും വന്ദനം ചൊല്ലുവിൻ; അവർ അ
പ്പൊസ്തലന്മാരുടെ ഇടയിൽ പേർകൊണ്ട
വരും എനിക്കു മുമ്പേ ക്രിസ്തുവിൽ ആയ
വരും ആകുന്നു.
൮ കൎത്താവിൽ എനിക്കു പ്രിയനായ
അംപ്ലിയാത്തൊസിന്നു വന്ദനം ചൊല്ലു
വിൻ.
൯ ക്രിസ്തുവിൽ ഞങ്ങളുടെ കൂട്ടുവേല
ക്കാരായ ഉൎബ്ബാനൊസിന്നും എനിക്കു പ്രി
യനായ സ്താക്കുവിന്നും വന്ദനം ചൊല്ലുവി
ൻ.
൧൦ ക്രിസ്തുവിൽ സമ്മതനായ അപ്പെ
ലേസിന്നു വന്ദനം ചൊല്ലുവിൻ. അറി
സ്തൊബൂലൊസിന്റെ ഭവനക്കാൎക്കു വന്ദ
നം ചൊല്ലുവിൻ.
൧൧ എന്റെ ചാൎച്ചക്കാരനായ ഹെ
രോദിയോന്നു വന്ദനം ചൊല്ലുവിൻ; ന
ൎക്കിസ്സൊസിന്റെ ഭവനക്കാരിൽ നിന്നു ക
ൎത്താവിലായവൎക്കു വന്ദനം ചൊല്ലുവിൻ.
൧൨ കൎത്താവിൽ അദ്ധ്വാനിക്കുന്നവ
രായ ത്രുഫൈനെക്കും ത്രുഫൊസെക്കും വ
ന്ദനം ചൊല്ലുവിൻ. കൎത്താവിൽ വളരെ
അദ്ധ്വാനിച്ചവളായ പ്രിയപെൎസിസിന്നു
വന്ദനം ചൊല്ലുവിൻ.
൧൩ കൎത്താവിൽ തെരിഞ്ഞെടുക്കപ്പെ
ട്ട രൂഫൊസിനെയും എനിക്കും അമ്മയാ
യ അവന്റെ അമ്മയെയും വന്ദനം ചെ
യ്വിൻ.
൧൪ അസുംക്രിതൊസിന്നും പ്ലെഗൊ
ന്നും ഹെൎമ്മേസിന്നും പത്രൊബാസിന്നും
ഹെൎമ്മാസിന്നും കൂടെയുള്ള സഹോദരന്മാ
ൎക്കും വന്ദനം ചൊല്ലുവിൻ.
൧൫ ഫിലൊലൊഗൊസിന്നും യൂലി
യെക്കും നെരെയുസിന്നും അവന്റെ സ
ഹോദരിക്കും ഒലുമ്പാസിന്നും അവരോടു
കൂടെയുള്ള സകലവിശുദ്ധന്മാൎക്കും വന്ദനം
ചൊല്ലുവിൻ.
൧൬ വിശുദ്ധചുംബനംകൊണ്ടു അ
ന്യോന്യം വന്ദനം ചെയ്വിൻ. ക്രിസ്തുവി
ന്റെ സകലസഭകളും നിങ്ങളെ വന്ദനം
ചെയ്യുന്നു.
൧൭ ¶ എന്നാൽ സഹോദരന്മാരേ,
നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപ
രീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടൎച്ച
കളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു
കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്ര
ബോധിപ്പിക്കുന്നു. അവരോടു അകന്നു
മാറുവിൻ.
൧൮ എന്തുകൊണ്ടെന്നാൽ അപ്രകാര
മുള്ളവർ നമ്മുടെ കൎത്താവായ്ൟ ക്രിസ്തുവി
നെ അല്ല, തങ്ങളുടെ വയററിനെയത്രേ
സേവിക്കയും ശുഭവചനത്താലും സുഭാഷ
ണത്താലും സാധുക്കളുടെ ഹൃദയങ്ങളെ വ
ഞ്ചിച്ചുകളകയും ചെയ്യുന്നു.
൧൯ നിങ്ങളുടെ അനുസരണം പര
ക്കേ എല്ലാവൎക്കും കേൾവിപ്പെട്ടിരിക്കുന്നു;
അതുകൊണ്ടു ഞാൻ നിങ്ങൾ നിമിത്തം
സന്തോഷിക്കുന്നു; എങ്കിലും നന്മെക്കു നി
ങ്ങൾ ജ്ഞാനികളും തിന്മെക്കൊ കളങ്കമി
ല്ലാത്തവരും ആകേണം എന്നു ഞാൻ ഇ
ച്ഛിക്കുന്നു.
൨൦ എന്നാൽ സമാധാനത്തിന്റെ
ദൈവം വേഗത്തിൽ സാത്താനെ നിങ്ങളു
ടെ കാലുകളുടെ കീഴെ ചതെച്ചുകളയും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാക.

൨൧ ¶ എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.

൨൨ ഈ ലേഖനം എഴുതിയ തെർത്ത്യൊസായ ഞാൻ നിങ്ങളെ കർത്താവിൽ വന്ദനം ചെയ്യുന്നു.

൨൩ എനിക്കും സർവ്വസഭെക്കും അതിഥിസല്ക്കാരം ചെയ്യുന്ന ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു. നഗരത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും സഹോദരനായ കുവർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.

൨൫ ¶ എന്നാൽ അനാദി കാലങ്ങളിൽ മൌനമായിരുന്ന ശേഷം ഇപ്പോൾ വിളങ്ങിവന്നതും നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളെക്കൊണ്ടു അറിയിക്കപ്പെട്ടതുമായ

൨൬ മർമ്മത്തിന്റെ വെളിപ്പാടിൻപ്രകാരം എന്റെ സുവിശേഷത്തിന്നും യേശു ക്രിസ്തുവിന്റെ പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന

൨൭ ഏകജ്ഞാനിയായ ദൈവത്തിന്നു യേശു ക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വമുണ്ടാകുമാറാക. ആമെൻ.

THE FIRST EPISTLE OF PAUL THE APOSTLE

TO THE

CORINTHIANS.

അപ്പൊസ്തലനായ പൌലൊസ്

കൊരിന്ത്യൎക്കു എഴുതിയ ഒന്നാം ലേഖനം.

൧ാം അദ്ധ്യായം.

ദൈവേഷ്ടത്താൽ യേശു ക്രിസ്തുവിന്റെ അപ്പൊസ്തലനായി വിളിക്കപ്പെട്ട പൌലൊസും സഹോദരനായ സോസ്തനേസും

൨ കൊരിന്തിലുള്ള ദൈവസഭെക്കു, ക്രിസ്തു യേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും തങ്ങളുടെയും നമ്മുടെയും ഏതു സ്ഥലത്തും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവൎക്കു തന്നേ എഴുതുന്നതു:

൩ നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശു ക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

൪ ¶ നിങ്ങൾക്കു ക്രിസ്തുയേശുവിൽ നല്കപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിന്നു നിങ്ങളെ കുറിച്ചു എപ്പോഴും സ്തോത്രം ചെയ്യുന്നു.

൫ ക്രിസ്തുവിന്റെ സാക്ഷ്യം നിങ്ങളിൽ ഉറെപ്പായിരിക്കുന്നപ്രകാരം

൬ അവനിൽ നിങ്ങൾ സകലത്തിലും, വിശേഷാൽ സകലവചനത്തിലും സകല അറിവിലും സമ്പന്നരായി തീൎന്നു.

൭ ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയെ കാത്തിരിക്കുന്നു.

൮ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുററമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനം വരെയും ഉറപ്പിക്കും.

൯ അവന്റെ പുത്രനും നമ്മുടെ കൎത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ ആകുന്നു.

൧൦ ¶ എന്നാൽ സഹോദരന്മാരേ, നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ നാമം മൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളിൽ ഭിന്നതകൾ ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യഥാസ്ഥാനപ്പെട്ടിരിക്കയും വേണം.

൧൧ എന്തുകൊണ്ടെന്നാൽ എന്റെ സഹോദരന്മാരേ, നിങ്ങളിൽ പിണക്കങ്ങൾ ഉള്ളപ്രകാരം ക്ലോവയുടെ ആളുകളാൽ നിങ്ങളെകുറിച്ചു എനിക്കു അറിവു കിട്ടി.

൧൨ അതെന്തെന്നാൽ നിങ്ങളിൽ ഓരോരുത്തൻ: ഞാൻ പൌലൊസിന്നുള്ളവൻ, ഞാൻ അപ്പൊല്ലോസിന്നുള്ളവൻ, ഞാൻ കേഫാവിന്നുള്ളവൻ, ഞാൻ ക്രിസ്തുവിന്നുള്ളവൻ എന്നിങ്ങനെ പറയുന്നു.

൧൩ ക്രിസ്തു പകുക്കപ്പെട്ടിരിക്കുന്നുവോ? പൌലൊസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല, പൌലൊസിന്റെ നാമത്തിലേക്കു നിങ്ങൾ സ്നാനപ്പെട്ടുവോ?

൧൪ എന്റെ നാമത്തിലേക്കു ഞാൻ സ്നാനപ്പെടുത്തിയെന്നു ആരും പറയാതവണ്ണം,

൧൫ ക്രിസ്പൊസിനെയും ഗായൊസിനെയും ഒഴികെ നിങ്ങളിൽ ആരെയും ഞാൻ സ്നാനപ്പെടുത്തായ്കയാൽ ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.

൧൬ സ്തേഫനാസിന്റെ ഭവനക്കാരെയും ഞാൻ സ്നാനപ്പെടുത്തി; അതല്ലാതെ മററു വല്ലവരെയും സ്നാനപ്പെടുത്തിയോ എന്നു അറിയുന്നില്ല.

൧൭ സ്നാനപ്പെടുത്തുവാൻ അല്ല ക്രിസ്തു എന്നെ അയച്ചതു; സുവിശേഷിപ്പാനത്രേ: ക്രിസ്തുവിന്റെ ക്രൂശു പഴുതേ ആകാതിരിക്കേണ്ടതിന്നു വചനത്തിന്റെ ജ്ഞാനത്തോടെ അല്ല താനും.

൧൮ ¶ എന്തുകൊണ്ടെന്നാൽ ക്രൂശിന്റെ വചനം നശിച്ചുപോകുന്നവൎക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.

൧൯ ജ്ഞാനികളുടെ ജ്ഞാനത്തെ ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധിയെ തള്ളിക്കളകയും ചെയ്യും എന്നു എഴുതിയിരിക്കുന്നുവല്ലോ.

൨൦ ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താൎക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനത്തെ ദൈവം ഭോഷത്വമാക്കിയില്ലയോ?

൨൧ എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം തനിക്കുള്ള ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി.

൨൨ യഹൂദന്മാർ അടയാളങ്ങൾ ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുമ്പോൾ

൨൩ ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യഹൂദന്മാൎക്കു ഇടൎച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും

൨൪ യഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവൎക്കും ദൈവശക്തിയും ദൈവജ്ഞാനവുമാകുന്ന ക്രിസ്തുവിനെയത്രേ പ്രസംഗിക്കുന്നു.

൨൫ ദൈവത്തിന്റെ ഭോഷത്വമായുള്ളതു മനുഷ്യരേക്കാൾ ജ്ഞാനമുള്ളതും ദൈവത്തിന്റെ ദുൎബ്ബലമായുള്ളതു മനുഷ്യരേക്കാൾ ബലമുള്ളതും ആകുന്നു സത്യം.

൨൬ ¶ എങ്ങനെ എന്നാൽ സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ: ജഡപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ലല്ലോ.

൨൭ ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായവയെ തെരിഞ്ഞെടുത്തു; ബലമുള്ളവയെ ല

ജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ദുൎബ്ബലമായവയെ തെരിഞ്ഞെടുത്തു.

൨൮ ഉള്ളവയെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായവയെയും ഇല്ല എന്നുള്ളവയെയും തെരിഞ്ഞെടുത്തു;

൨൯ ദൈവത്തിൻെറ മുമ്പാകെ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ.

൩൦ നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. ഇവൻ നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി ഭവിച്ചു.

൩൧ പ്രശംസിക്കുന്നവൻ കൎത്താവിൽ പ്രശംസിക്കട്ടെ എന്നു എഴുതിയിരിക്കുന്ന പ്രകാരം ആകേണ്ടതിന്നു തന്നേ.

൨ാം അദ്ധ്യായം.

൧ ഞാനും സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിലോ ജ്ഞാനത്തിലോ വിശേഷത്വം കൂടാതെയത്രേ ദൈവത്തിൻെറ സാക്ഷ്യം നിങ്ങൾക്കു പ്രസ്താപിപ്പാൻ വന്നതു.

൨ എന്തുകൊണ്ടെന്നാൽ യേശുക്രിസ്തുവിനെ, ക്രൂശിക്കപ്പെട്ടവനെ തന്നേ അല്ലാതെ നിങ്ങളുടെ ഇടയിൽ ഒന്നും അറിയരുതു എന്നു ഞാൻ നിൎണ്ണയിച്ചു.

൩ ഞാൻ ബലഹീനതയോടും ഭയത്തോടും വളരേ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു.

൪ എൻെറ വചനവും എൻെറ പ്രസംഗവും ജ്ഞാനത്തിൻെറ വശീകരവാക്കുകളാൽ അല്ല, ആത്മാവിൻെറയും ശക്തിയുടെയും പ്രദൎശനത്താലത്രേ ആയിരുന്നതു.

൫ നിങ്ങളുടെ വിശ്വാസം മനുഷ്യരുടെ ജ്ഞാനത്തിലല്ല, ദൈവത്തിൻെറ ശക്തിയിൽ നില്ക്കേണ്ടതിന്നു തന്നേ.

൬ ¶ എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിൻെറ ജ്ഞാനമല്ല, നീങ്ങിപ്പോകുന്നവരായ ഈ ലോകത്തിൻെറ പ്രഭുക്കളുടേതും അല്ല;

൭ ദൈവം ലോകങ്ങൾക്കു മുമ്പേ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിൻെറ ജ്ഞാനമത്രേ മൎമ്മമായി ഞങ്ങൾ സംസാരിക്കുന്നു.

൮ ആയതിനെ ഈ ലോകത്തിൻെറ പ്രഭുക്കൾ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിൻെറ കൎത്താവിനെ ക്രൂശിക്കയില്ലായിരുന്നു.

൯ ദൈവം തന്നെ സ്നേഹിക്കുന്നവൎക്കു ഒരുക്കീട്ടുള്ളവ കണ്ണു കണ്ടിട്ടും ചെവി കേട്ടിട്ടും മനുഷ്യഹൃദയത്തിൽ കയറീട്ടുമില്ലാത്തവ എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നേ.

൧൦ നമുക്കോ ദൈവം തൻെറ ആത്മാവിനാൽ അവയെ വെളിപ്പെടുത്തി; ആത്മാവു സകലത്തെയും ദൈവത്തിൻെറ ആഴങ്ങളെയും ആരായുന്നുവല്ലോ.

൧൧ എങ്ങനെ എന്നാൽ മനുഷ്യനുള്ളുവ അവനിലുള്ള മാനുഷാത്മാവു അല്ലാതെ മനുഷ്യരിൽ ആരു അറിയും? അവ്വണ്ണം തന്നേ ദൈവത്തിന്നുള്ളവ ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.

൧൨ നാമോ ലോകത്തിൻെറ ആത്മാവിനെ അല്ല പ്രാപിച്ചതു; ദൈവം നമുക്കു നല്കീട്ടുള്ളവ അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ.

൧൩ അവയെ ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്നവയാൽ തന്നേ സംസാരിച്ചുകൊണ്ടു ആത്മികന്മാരോടു ആത്മികമായവയെ തെളിയിക്കുന്നു.

൧൪ എന്നാൽ പ്രാണമയനായ മനുഷ്യൻ ദൈവാത്മാവിന്നുള്ളവയെ കൈക്കൊള്ളുന്നില്ല; അതു അവന്നു ഭോഷത്വമല്ലോ ആകുന്നതു; ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല.

൧൫ ആത്മികനോ സകലത്തെയും വിവേചിക്കുന്നു, താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല.

൧൬ കൎത്താവിൻെറ മനസ്സിനെ അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ

ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവ
ർ ആകുന്നു.

൩ാം അദ്ധ്യായം.

൧എന്നാൽ സഹോദരന്മാരേ, നിങ്ങളോ
ട്ടു എനിക്കു ആത്മികന്മാരോട്ടു എന്നപോ
ലെ സംസാരിപ്പാൻ കഴിഞ്ഞില്ല, ജഡമ
യന്മാരോട്ടു എന്നപോലെ, ക്രിസ്തുവിൽ
ശിശുക്കളോട്ടു എന്നപോലെ അത്രേ.
൨ പാൽകൊണ്ടു ഞാൻ നിങ്ങളെ
പോററി, ഭക്ഷണം കൊണ്ടല്ല; എന്തു
കൊണ്ടെന്നാൽ നിങ്ങൾക്കു പ്രാപ്തിയില്ലാ
ഞ്ഞു; ഇപ്പോഴും പ്രാപ്തിയായിട്ടില്ല.
൩ ഇന്നും കൂടെ നിങ്ങൾ ജഡസ്വഭാ
വമുള്ളവർ ആകുന്നുവല്ലോ. നിങ്ങളുടെ
ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കേ,
നിങ്ങൾ ജഡസ്വഭാവമുള്ളവരും മാനുഷ
മായി നടക്കുന്നവരുമല്ലയോ?
൪ ഒരുത്തൻ: ഞാൻ പൌലൊസിന്നു
ള്ളവൻ എന്നും മറെറാരുത്തൻ: ഞാൻ അ
പ്പൊല്ലോസിന്നുള്ളവൻ എന്നും പറയു
മ്പോൾ നിങ്ങൾ മാനുഷരല്ലയോ?
൫ എന്നാൽ അപ്പൊല്ലോസ് എന്തു?
പൌലൊസ് എന്തു? അവർ ഓരോരു
ത്തന്നു കർത്താവു നല്കിയതുപോലെ നി
ങ്ങൾ വിശ്വസിപ്പാൻ കാരണമായി തീ
ൎന്ന ശുശ്രൂഷക്കാരത്രേ.
൬ ഞാൻ നട്ടു, അപ്പൊല്ലോസ് നനെ
ച്ചു, ദൈവമത്രേ വളരുമാറാക്കിയതു.
൭ ആകയാൽ വളരുമാറാക്കുന്ന ദൈ
വമല്ലാതെ നടുന്നവനും നനെക്കുന്നവ
നും ഏതുമില്ല.
൮ എന്നാൽ നടുന്നവനും നനെക്കു
ന്നവനും ഒന്നാകുന്നു; അവനവന്റെ
അദ്ധ്വാനത്തിന്നു തക്കവണ്ണം ഓരോരു
ത്തന്നു താന്താന്റെ കൂലി കിട്ടുകയും ചെ
യ്യും.
൯ എന്തുകൊണ്ടെന്നാൽ ഞങ്ങൾ ദൈ
വത്തിന്റെ കൂട്ടുവേലക്കാർ ആകുന്നു;
നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവ
ത്തിന്റെ ഗൃഹനിൎമ്മാണം.
൧൦ ¶ എനിക്കു നല്കപ്പെട്ട ദൈവകൃ
പെക്കു തക്കവണ്ണം ഞാൻ ജ്ഞാനമുള്ളോ
രു ശില്പിപ്രധാനിയായി അടിസ്ഥാനം ഇ
ട്ടിരിക്കുന്നു; മറെറാരുത്തൻ മീതെ പണി
യുന്നു; എന്നാൽ താന്താൻ എങ്ങനെ പ
ണിയുന്നു എന്നു ഓരോരുത്തൻ നോക്കി
ക്കൊള്ളട്ടെ.
൧൧ എന്തുകൊണ്ടെന്നാൽ ഇട്ടിരിക്കു
ന്ന യേശുക്രിസ്തു എന്ന അടിസ്ഥാനം ഒ
ഴികെ മറെറാന്നു ഇടുവാൻ ആൎക്കും കഴി
കയില്ല.
൧൨ എന്നാൽ ആ അടിസ്ഥാനത്തി
ന്നു മീതെ വല്लവനും പൊന്നു, വെള്ളി,
വിലയേറിയകല്ലുകൾ, മരം, പുല്ലു, വൈ
ക്കോൽ എന്നിവ പണിയുന്നു എങ്കിൽ
൧൩ അവനവന്റെ പ്രവൃത്തി സ്പഷ്ട
മായി വരും; എന്തുകൊണ്ടെന്നാൽ ആ
ദിവസം തെളിവാക്കും; അതു അഗ്നിയി
ലല്ലോ വെളിപ്പെടുന്നതു; ഓരോരുത്ത
ന്റെ പ്രവൃത്തി ഇന്നപ്രകാരം എന്നു അ
ഗ്നി തന്നേ ശോധന ചെയ്യും.
൧൪ വല്ലവനും പണിത പ്രവൃത്തി നി
ലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം
കിട്ടും.
൧൫ വല്ലവന്റെയും പ്രവൃത്തി വെന്തു
പോയെങ്കിൽ അവന്നു ചേതം വരും. താ
നോ രക്ഷിക്കപ്പെടും, എന്നാൽ അഗ്നിയൂ
ടെ എന്നപോലെ അത്രേ.
൧൬ ¶ നിങ്ങൾ ദൈവത്തിന്റെ മ
ന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു
നിങ്ങളിൽ വസിക്കുന്നു എന്നും അറിയു
ന്നില്ലയോ?
൧൭ ദൈവത്തിന്റെ മന്ദിരത്തെ ആ
രെങ്കിലും നശിപ്പിച്ചാൽ അവനെ ദൈ
വം നശിപ്പിക്കും; എന്തുകൊണ്ടെന്നാൽ
ദൈവത്തിന്റെ മന്ദിരം വിശുദ്ധം ആകു
ന്നു, ആയതു നിങ്ങൾ തന്നേ.
൧൮ ¶ ഒരുത്തനും തന്നെത്താൻ വ
ഞ്ചിക്കരുതു; നിങ്ങളിൽ ആരെങ്കിലും താ
ൻ ഈ ലോകത്തിൽ ജ്ഞാനി എന്നു തോ
ന്നിയാൽ അവൻ ജ്ഞാനിയാകേണ്ടതി
ന്നു ഭോഷനായി തീരട്ടെ.
൧൯ എന്തുകൊണ്ടെന്നാൽ ഈ ലോക
ത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ
ഭോഷത്വം ആകുന്നു. ജ്ഞാനികളെ അ
വരുടെ കൌശലത്തിൽ പിടിക്കുന്നവൻ
എന്നും

൨൦ കൎത്താവു ജ്ഞാനികളുടെ വിചാര
ങ്ങൾ വ്യൎത്ഥമായവ എന്നറിയുന്നു എന്നും
എഴുതിയിരിക്കുന്നുവല്ലോ.
൨൧ ആകയാൽ ആരും മനുഷ്യരിൽ
പ്രശംസിക്കരുതു; സകലവും നിങ്ങൾക്കു
ള്ളതല്ലോ.
൨൨ പൌലൊസ് ആകട്ടെ, അപ്പൊ
ല്ലോസ് ആകട്ടെ, കേഫാ ആകട്ടെ,
ലോകം ആകട്ടെ, ജീവനാകട്ടെ, മരണ
മാകട്ടെ, ഇപ്പോഴുള്ളവയാകട്ടെ, വരുവാ
നുള്ളവയാകട്ടെ, സകലവും നിങ്ങളുടേ
തു ആകുന്നു.
൨൩ നിങ്ങളോ ക്രിസ്തുവിന്റെയും ക്രി
സ്തു ദൈവത്തിന്റെയും ആകുന്നു.

൪ാം അദ്ധ്യായം.

ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും
ദൈവമൎമ്മങ്ങളുടെ വീട്ടുവിചാരകന്മാരും
എന്നിവണ്ണമത്രേ ഓരോരുത്തൻ എണ്ണി
ക്കൊള്ളേണ്ടതു.
൨ വിശേഷിച്ചും വീട്ടുവിചാരകന്മാരി
ൽ അന്വേഷിക്കുന്നതു താന്താൻ വിശ്വാ
സ്യനായി കാണപ്പെടേണം എന്നത്രേ.
൩ നിങ്ങളാലോ വല്ല മാനുഷവിസ്താ
രദിവസത്തിലോ ഞാൻ വിധിക്കപ്പെടു
ന്നതു എനിക്കു എത്രയും ലഘുവാകുന്നു;
ഞാൻ എന്നെ തന്നേ വിധിക്കുന്നതുമില്ല.
൪ എന്നിൽ യാതൊരു കുററവും ഞാ
ൻ അറിയുന്നില്ല, എങ്കിലും ഇതിനാൽ ഞാ
ൻ നീതീകരിക്കപ്പെടുന്നില്ല; എന്നെ വി
ധിക്കുന്നതു കൎത്താവു ആകുന്നു.
൫ ആകയാൽ കൎത്താവു വരുവോളം
സമയത്തിന്നു മുമ്പേ ഒന്നും വിധിക്കരുതു;
അവൻ ഇരുട്ടിൽ മറഞ്ഞവയെ വെളിച്ച
ത്താക്കി, ഹൃദയങ്ങളുടെ ആലോചനക
ളെ വെളിപ്പെടുത്തും; അന്നു ഓരോരുത്ത
ന്നു ദൈവത്തിങ്കൽനിന്നു താന്താന്റെ പു
കഴ്ച ഉണ്ടാകും.
൬ ¶ ഇവയെ സഹോദരന്മാരേ, ഞാ
ൻ നിങ്ങൾ നിമിത്തം എന്നെയും അപ്പൊ
ല്ലോസിനെയും ഉദ്ദേശിച്ചു ദൃഷ്ടാന്തമായി
പറഞ്ഞിരിക്കുന്നു. എഴുതിയിരിക്കുന്നതി
ന്നു അപ്പുറം (ഭാവിക്കാതിരിപ്പാൻ) ഞങ്ങ
ളെ കണ്ടു പഠിക്കേണ്ടതിന്നും ഒരുത്തന്നു
വേണ്ടി ഒരുത്തൻ മററൊരുവന്റെ നേ
രെ ചീൎത്തുപോകാതിരിക്കേണ്ടതിന്നും ത
ന്നേ.
൭ നിന്നെ വിശേഷിപ്പിക്കുന്നതു ആർ?
ലഭിച്ചതല്ലാതെ നിനക്കു എന്തുള്ളു? ലഭി
ച്ചതെങ്കിലോ ലഭിച്ചതല്ല എന്നപോലെ
പ്രശംസിക്കുന്നതു എന്തു?
൮ ഇത്ര ക്ഷണത്തിൽ നിങ്ങൾ തൃപ്ത
ന്മാരായി! ഇത്ര ക്ഷണത്തിൽ നിങ്ങൾ സ
മ്പന്നന്മാരായി! ഞങ്ങളെ കൂടാതെ വാഴു
ന്നവരായി! ഹാ നിങ്ങളോടുകൂടെ ഞങ്ങ
ളും വാഴേണ്ടതിന്നു നിങ്ങൾ വാഴികളാ
യി എങ്കിലോ കൊള്ളായിരുന്നു.
൯ എന്തുകൊണ്ടെന്നാൽ ഞങ്ങൾ ലോ
കത്തിന്നു ദൂതന്മാൎക്കും മനുഷ്യൎക്കും തന്നേ
കൂത്തുകാഴ്ചയായി തീൎന്നിരിക്കയാൽ ദൈ
വം അപ്പൊസ്തലന്മാരായ ഞങ്ങളെ ഒടുക്ക
ത്തവരായി മരണവിധിയിൽ ഉൾപ്പെട്ട
വരെ പോലെ നിറുത്തി എന്നു എനിക്കു
തോന്നുന്നു.
൧൦ ഞങ്ങൾ ക്രിസ്തുവിന്റെ നിമിത്തം
ഭോഷന്മാർ, നിങ്ങൾ ക്രിസ്തുവിൽ വിവേ
കികൾ; ഞങ്ങൾ ബലഹീനർ, നിങ്ങൾ
ബലവാന്മാർ; നിങ്ങൾ മഹത്തുക്കൾ, ഞ
ങ്ങൾ മാനഹീനർ അത്രേ.
൧൧ ഈ നാഴിക വരെയും ഞങ്ങൾ
വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും
കുത്തുകൊണ്ടും സ്ഥിരവാസം കൂടാതെയും
ഇരിക്കുന്നു.
൧൨ സ്വന്തകൈകളാൽ വേല ചെയ്തു
അദ്ധ്വാനിക്കുന്നു. ശകാരിക്കപ്പെട്ടിട്ടു ആ
ശീൎവ്വദിക്കുന്നു; ഉപദ്രവിക്കപ്പെട്ടിട്ടു സഹി
ക്കുന്നു; ദുഷിക്കപ്പെട്ടിട്ടു നല്ലവാക്കു പറ
യുന്നു.
൧൩ ഞങ്ങൾ ലോകത്തിന്റെ ചവറു
പോലെയും ഇന്നേവരെ സകലത്തി
ന്റെയും അഴുക്കായും തീൎന്നിരിക്കുന്നു.
൧൪ ¶ നിങ്ങളെ നാണിപ്പിപ്പാനല്ല,
എന്റെ പ്രിയകുട്ടികളോടു എന്നപോ
ലെ ബുദ്ധി പറഞ്ഞുകൊണ്ടു ഇവ എഴു
തുന്നു.
൧൫ നിങ്ങൾക്കു ക്രിസ്തുവിൽ പതിനാ
യിരം ഗുരുക്കന്മാരുണ്ടെങ്കിലും പിതാക്കന്മാ
ർ ഏറെയില്ല; ക്രിസ്തു യേശുവിൽ ഞാനു

ല്ലോ നിങ്ങളെ സുവിശേഷത്താൽ ജനി
പ്പിച്ചതു.
൧൬ ആകയാൽ എന്റെ അനുകാരി
കൾ ആകുവിൻ എന്നു ഞാൻ നിങ്ങളെ
പ്രബോധിപ്പിക്കുന്നു.
൧൭ ഇതു നിമിത്തം കൎത്താവിൽ വി
ശ്വസ്തനും എന്റെ പ്രിയമകനുമായ തി
മൊഥെയൊസിനെ നിങ്ങളുടെ അടുക്ക
ലേക്കു അയച്ചിരിക്കുന്നു. ഞാൻ എങ്ങും ഏ
തുസഭയിലും ഉപദേശിക്കുന്നപ്രകാരം
ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ
നിങ്ങളെ ഓൎപ്പിക്കും.
൧൮ എങ്കിലും ഞാൻ നിങ്ങളുടെ അടു
ക്കൽ വരികയില്ല എന്നുവെച്ചു ചിലർ
ചീൎത്തിരിക്കുന്നു.
൧൯ കൎത്താവിന്നു ഇഷ്ടം എങ്കിൽ ഞാ
ൻ വേഗം നിങ്ങളുടെ അടുക്കൽ വന്നു,
ചീൎത്തിരിക്കുന്നവരുടെ വചനത്തെ അ
ല്ല ശക്തിയെ തന്നേ അറികയും ചെയ്യും.
൨൦ ദൈവരാജ്യം വചനത്തിലല്ല ശ
ക്തിയിലത്രേ ആകുന്നുവല്ലോ.
൨൧ നിങ്ങൾക്കു ഏതു വേണം? ഞാൻ
നിങ്ങളുടെ അടുക്കൽ വടിയോടു കൂടെ
യോ സ്നേഹത്തിലും സൌമ്യാത്മാവിലു
മോ വരേണ്ടതു?

൫ാം അദ്ധ്യായം.

വിശേഷിച്ചു നിങ്ങളുടെ ഇടയിൽ വേ
ശ്യാദോഷം ഉള്ളപ്രകാരം കേൾക്കുന്നു;
അതോ ഒരുത്തൻ തന്റെ അപ്പന്റെ ഭാ
ൎയ്യയെ വെച്ചുകൊള്ളുവാൻ തക്കവണ്ണം
ജാതികളിൽപോലും ഇല്ലാത്ത വേശ്യാ
ദോഷം തന്നേ.
൨ എന്നാൽ നിങ്ങൾ ചീൎത്തിരിക്കുന്നു;
അത്രയുമല്ല, ഈ ക്രിയ ചെയ്തവനെ നി
ങ്ങളുടെ നടുവിൽനിന്നു നീക്കുവാൻ തക്ക
വണ്ണം നിങ്ങൾ ദുഃഖിച്ചിട്ടുമില്ല.
൩ ഞാനോ ശരീരംകൊണ്ടു ദൂരസ്ഥൻ
എങ്കിലും ആത്മാവുകൊണ്ടു കൂടെയുള്ളവ
നായി നിങ്ങളോടുകൂടെ ഇരിക്കുന്നവനാ
യി തന്നേ ഇതിൻവണ്ണം പ്രവൃത്തിച്ചവ
നെ കുറിച്ചു വിധിച്ചതെന്തെന്നാൽ:
൪ നിങ്ങളും എന്റെ ആത്മാവും നമ്മു
ടെ കൎത്താവായ യേശുവിന്റെ ശക്തി
യോടെ ഒന്നിച്ചു കൂടീട്ടു നമ്മുടെ കൎത്താ
വായ യേശുക്രിസ്തുവിന്റെ നാമത്തിൽ
അവനെ,
൫ ആത്മാവു കൎത്താവായ യേശുവി
ന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന്നു
ജഡസംഹാരത്തിന്നായി സാത്താന്നു ഏ
ല്പിക്കേണം എന്നു തന്നേ.
൬ നിങ്ങളുടെ പ്രശംസ നന്നല്ല; അ
സാരം പുളിമാവു പിണ്ഡത്തെ മുഴുവനും
പുളിപ്പിക്കുന്നു എന്നു അറിയുന്നില്ലയോ?
൭ നിങ്ങൾ പുളിപ്പില്ലാത്തവരായിരി
പ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആ
കേണ്ടതിന്നു പഴയ പുളിമാവിനെ നീ
ക്കിക്കളവിൻ. എന്തുകൊണ്ടെന്നാൽ നമ്മു
ടെ പെസഹയും അറുക്കപ്പെട്ടു: ക്രിസ്തു
തന്നേ.
൮ ആകയാൽ നാം ഉത്സവം ഘോഷി
ക്ക, പഴയ പുളിമാവുകൊണ്ടല്ല, തിന്മ
യും ദുഷ്ടതയും ആകുന്ന പുളിമാവുകൊ
ണ്ടുമല്ല, സ്വച്ഛതയും സത്യവുമാകുന്ന പു
ളിപ്പില്ലായ്മകൊണ്ടു തന്നേ.
൯ ¶ വേശ്യാദോഷക്കാരോടുകൂടി സം
സൎഗ്ഗം അരുതു എന്നു ഞാൻ എന്റെ ലേഖ
നത്തിൽ നിങ്ങൾക്കു എഴുതീട്ടുണ്ടല്ലോ.
൧൦ അതു കേവലം ഈ ലോകത്തിലേ
വേശ്യാദോഷക്കാരോടോ അത്യാഗ്രഹിക
ളോടോ പിടിച്ചുപറിക്കാരോടോ വിഗ്ര
ഹാരാധികളോടോ അരുതു എന്നല്ല; അ
ങ്ങനെ എങ്കിൽ നിങ്ങൾ ലോകത്തിൽനി
ന്നു പുറപ്പെടേണ്ടിവരുമല്ലോ.
൧൧ എന്നാൽ സഹോദരൻ എന്നു
പേർപ്പെട്ട ഒരുവൻ വേശ്യാദോഷക്കാര
നോ അത്യാഗ്രഹിയോ വിഗ്രഹാരാധി
യോ വാവിഷ്ഠാണക്കാരനോ മദ്യപനോ
പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ
അവനോടു സംസൎഗ്ഗം അരുതു, ഇപ്രകാ
രമുള്ളവനോടുകൂടെ ഭക്ഷിക്കപോലും അ
രുതു എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതി
യതു.
൧൨ പുറത്തുള്ളവരെ വിധിപ്പാൻ എ
നിക്കു എന്തു കാൎയ്യം? അകത്തുള്ളവരെ നി
ങ്ങൾ വിധിക്കുകയും പുറത്തുള്ളവരെ ദൈ
വം വിധിക്കുകയും ചെയ്യുന്നില്ലയോ?

൧൩ ആ ദുഷ്ടനെ നിങ്ങളിൽനിന്നു നീക്കിക്കളവിൻ.

൬ാം അദ്ധ്യായം.

നിങ്ങളിൽ ഒരുത്തന്നു മറെറാരുത്തനോടു ഒരു കാൎയ്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകേ അല്ല, നീതികെട്ടവരുടെ മുമ്പിൽ വ്യവഹാരത്തിന്നു പോകുവാൻ തുനിയുന്നുവോ?

൨ വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? ലോകം നിങ്ങളാൽ വിധിക്കപ്പെടുമെങ്കിൽ ഏററം ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരാകുന്നുവോ?

൩ നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? ഐഹികകാൎയ്യങ്ങളെ എത്ര അധികം?

൪ എന്നാൽ നിങ്ങൾക്കു ഐഹികകാൎയ്യങ്ങളെ കുറിച്ചു വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ നിരസിക്കുന്നവരെ ഇരുത്തുന്നുവോ?

൫ നിങ്ങൾക്കു ലജ്ജെക്കായി ഞാൻ പറയുന്നു; ഇങ്ങനെ തന്റെ സഹോദരന്മാൎക്കു മദ്ധ്യേ കാൎയ്യം തീൎപ്പാൻ പ്രാപ്തിയുള്ള ഒരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ?

൬ അല്ല, സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു; അതും അവിശ്വാസികളുടെ മുമ്പിൽ തന്നേ.

൭ എന്നാൽ നിങ്ങൾക്കു തമ്മിൽ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതു തന്നേ കേവലം പോരായ്മയാകുന്നു; നിങ്ങൾ അതിന്നു പകരം ന്യായക്കേടു സഹിച്ചുകൊള്ളാത്തതു എന്തുകൊണ്ടു? നഷ്ടം ഏററുകൊള്ളാത്തതു എന്തുകൊണ്ടു?

൮ അല്ല, നിങ്ങൾ ന്യായക്കേടു പ്രവൃത്തിക്കുന്നു, നഷ്ടപ്പെടുത്തുകയും ചെയ്യുന്നു; അതും സഹോദരന്മാരേ തന്നേ.

൯ നീതികെട്ടവർ ദൈവരാജ്യത്തെ അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? വഞ്ചിക്കപ്പെടായ്വിൻ; വേശ്യാദോഷക്കാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ,

൧൦ കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യത്തെ അവകാശമാക്കുകയില്ല.

൧൧ നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും കൎത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെ തന്നേ കഴകി, നിങ്ങൾ ശുദ്ധീകരിക്കപ്പെട്ടു, നിങ്ങൾ നീതീകരിക്കപ്പെട്ടുമിരിക്കുന്നു.

൧൨ ¶ എല്ലാററിന്നും എനിക്കു അധികാരം ഉണ്ടു എങ്കിലും എല്ലാം ഉപകരിക്കുന്നില്ല; എല്ലാററിന്നും എനിക്കു അധികാരം ഉണ്ടു എങ്കിലും ഞാൻ യാതൊന്നിന്റെയും അധികാരത്തിൽ അകപ്പെടുകയില്ല.

൧൩ ഭോജ്യങ്ങൾ വയററിന്നും വയറു ഭോജ്യങ്ങൾക്കും; എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ വേശ്യാദോഷത്തിന്നല്ല കൎത്താവിന്നത്രേ, കൎത്താവു ശരീരത്തിന്നും.

൧൪ എന്നാൽ ദൈവം കൎത്താവിനെ ഉയിൎപ്പിച്ചു, നമ്മെയും തന്റെ ശക്തിയാൽ ഉയിൎത്തെഴുനീല്പിക്കും.

൧൫ നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നു അറിയുന്നില്ലയോ? എന്നാൽ ക്രിസ്തുവിന്റെ അവയവങ്ങളെ ഞാൻ എടുത്തു വേശ്യയുടെ അവയവങ്ങൾ ആക്കുമോ? അതരുതേ.

൧൬ അല്ല വേശ്യയോടു പററിച്ചേരുന്നവൻ അവളോടു ഏകശരീരമായി എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ജഡമായി തീരും എന്നല്ലോ പറയുന്നു.

൧൭ എന്നാൽ കൎത്താവിനോടു പററിച്ചേരുന്നവൻ അവനോടു ഏകാത്മാവു ആകുന്നു.

൧൮ വേശ്യാദോഷത്തെ വിട്ടു ഓടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന്നു പുറത്താകുന്നു. വേശ്യാദോഷം ചെയ്യുന്നവൻ സ്വന്തശരീരത്തിന്നു വിരോധമായി പാപംചെയ്യുന്നു.

൧൯ ദൈവത്തിൽനിന്നു കിട്ടി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ

മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങൾ വിലെക്കു കൊള്ളപ്പെട്ടിരിക്കയാൽ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?

൨൰ ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ·

൭ാം അദ്ധ്യായം.

നിങ്ങൾ എഴുതിയവ സംബന്ധിച്ചോ, സ്ത്രീയെ തൊടാതിരിക്കുന്നതു മനുഷ്യന്നു നല്ലതു.

൨ എങ്കിലും വേശ്യാദോഷങ്ങൾ നിമിത്തം ഓരോരുത്തന്നു താന്താന്റെ സ്വന്ത ഭാൎയ്യയും ഓരോരുത്തിക്കു താന്താന്റെ സ്വന്തഭൎത്താവും ഉണ്ടായിരിക്കട്ടെ.

൩ ഭൎത്താവു ഭാൎയ്യെക്കു കടമായുള്ളതിനെ ചെയ്യട്ടെ, ഭാൎയ്യ ഭൎത്താവിന്നും അപ്രകാരം തന്നേ.

൪ ഭാൎയ്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭൎത്താവിന്നത്രേ അധികാരമുള്ളതു; അപ്രകാരം ഭൎത്താവിന്റെ ശരീരത്തിന്മേൽ അവന്നല്ല ഭാൎയ്യെക്കത്രേ അധികാരം.

൫ പ്രാൎത്ഥനെക്കു അവസരമുണ്ടാവാൻ ഒരു സമയത്തേക്കു സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുതു; എന്നാൽ നിങ്ങളുടെ അടക്കമില്ലായ്മ നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന്നു വീണ്ടും ചേൎന്നുകൊൾവിൻ.

൬ എന്നാൽ ഇതിനെ ഞാൻ നിയോഗമായിട്ടല്ല അനുവാദമായിട്ടത്രേ പറയുന്നു.

൭ എല്ലാമനുഷ്യരും എന്നെ പോലെ ആകേണം എന്നു ഞാൻ ഇച്ഛിക്കുന്നു. എങ്കിലും ഒരുവന്നു ഇപ്രകാരം ഒരുവന്നു അപ്രകാരം, അവനവന്നു താന്താന്റെ കൃപാവരം ദൈവത്തിൽനിന്നു ഉണ്ടു.

൮ ¶ വിവാഹം കഴിയാത്തവരോടും വിധവമാരോടും ഞാൻ പറയുന്നതു: അവർ എന്നെ പോലെ പാൎത്തുകൊണ്ടാൽ അവൎക്കു കൊള്ളാം.

൯ അടക്കമില്ലെങ്കിലോ അവർ വിവാഹം ചെയ്യട്ടെ, അഴലുന്നതിനേക്കാൾ വിവാഹം ചെയ്ക തന്നേയല്ലോ നല്ലതു.

൰ എന്നാൽ വിവാഹം കഴിഞ്ഞവരോടു ഞാനല്ല കൎത്താവു തന്നേ കല്പിക്കുന്നതു: ഭാൎയ്യ ഭൎത്താവിനെ വേർപിരിയരുതു;

൰൧ പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാൎക്കേണം; അല്ലെന്നു വരികിൽ ഭൎത്താവോടു നിരന്നുകൊള്ളേണം; ഭൎത്താവു ഭാൎയ്യയെ വിട്ടുകളകയുമരുതു.

൰൨ എന്നാൽ ശേഷമുള്ളവരോടു കൎത്താവല്ല ഞാനത്രേ പറയുന്നതു: ഒരു സഹോദരന്നു അവിശ്വാസിനിയായ ഭാൎയ്യ ഉണ്ടായിരിക്കയും അവൾ അവനോടുകൂടെ പാൎപ്പാൻ സമ്മതിക്കയും ചെയ്താൽ അവളെ വിട്ടുകളയരുതു;

൰൩ അവിശ്വാസിയായ ഭൎത്താവുള്ള ഒരു സ്ത്രീയും, അവൻ അവളോടു കൂടെ പാൎപ്പാൻ സമ്മതിക്കുന്നു എങ്കിൽ, ഭൎത്താവിനെ വിട്ടുകളയരുതു.

൰൪ എന്തുകൊണ്ടെന്നാൽ അവിശ്വാസിയായ ഭൎത്താവു ഭാൎയ്യയിൽ വിശുദ്ധീകരിക്കപ്പെട്ടും അവിശ്വാസിനിയായ ഭാൎയ്യ സഹോദരനിൽ വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു; അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും; എന്നാൽ ഇപ്പോൾ അവർ വിശുദ്ധർ ആകുന്നു.

൰൫ അവിശ്വാസി വേർപിരികിലോ പിരിയട്ടെ. ഈ വകയിൽ സഹോദരനോ സഹോദരിയോ അടിമപ്പെട്ടിരിക്കുന്നില്ല; എന്നാൽ സമാധാനത്തിലേക്കു ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

൰൬ എന്തുകൊണ്ടെന്നാൽ സ്ത്രീയേ, നീ ഭൎത്താവിന്നു രക്ഷ വരുത്തുമോ എന്നു നീ എങ്ങനെ അറിയും? പുരുഷാ, നീ ഭാൎയ്യെക്കു രക്ഷ വരുത്തുമോ എന്നു നീ എങ്ങനെ അറിയും?

൰൭ എന്നാൽ ഓരോരുത്തന്നു കൎത്താവു വിഭാഗിച്ചതു എങ്ങനെയോ, ഓരോരുത്തനെ ദൈവം വിളിച്ചതു എങ്ങനെയോ, അപ്രകാരം തന്നേ അവനവൻ നടക്കട്ടേ; സകല സഭകളിലും ഞാൻ ഇങ്ങനെ ആജ്ഞാപിക്കുന്നു.

൰൮ ഒരുത്തൻ പരിഛേദനയുള്ളവനായി വിളിക്കപ്പെട്ടുവോ? അവന്നു അ

ഗ്രചർമ്മം വരുത്തരുതു; ഒരുത്തൻ അഗ്രച
ർമ്മത്തോടെ വിളിക്കപ്പെട്ടുവോ അവൻ
പരിച്ഛേദന ഏല്ക്കരുതു.
൧൯ പരിച്ഛേദന ഒന്നുമില്ല, അഗ്ര
ചർമ്മവും ഒന്നുമില്ല, ദൈവകല്പനകളെ
കാത്തുകൊള്ളുന്നതത്രേ കാൎയ്യം.
൨൦ ഓരോരുത്തൻ വിളിക്കപ്പെട്ട വി
ളിയിൽ തന്നേ വസിച്ചുകൊള്ളട്ടെ.

൨൧ നീ അടിമയായി വിളിക്കപ്പെട്ടു
വോ? വിചാരപ്പെടരുതു. സ്വതന്ത്രൻ ആ
വാൻ കഴിയുമെങ്കിലും അതിനെ തന്നേ
ഉപയോഗിച്ചുകൊൾക.
൨൨ എന്തുകൊണ്ടെന്നാൽ അടിമയാ
യി കൎത്താവിൽ വിളിക്കപ്പെട്ടവൻ കൎത്താ
വിന്റെ സ്വതന്ത്രൻ ആകുന്നു. അപ്രകാ
രംതന്നേ സ്വതന്ത്രനായി വിളിക്കപ്പെട്ട
വൻ ക്രിസ്തുവിന്റെ അടിമയാകുന്നു.

൨൩ നിങ്ങൾ വിലെക്കു കൊള്ളപ്പെട്ടു;
മനുഷ്യൎക്കു അടിമകളാകരുതു.
൨൪ സഹോദരന്മാരേ, ഓരോരുത്തൻ
ഏതിൽ വിളിക്കപ്പെട്ടുവോ ആയതിൽ
അവനവൻ ദൈവത്തിന്റെ മുമ്പാകേ വ
സിക്കട്ടെ.
൨൫ ¶ എന്നാൽ കന്യകമാരെ കുറി
ച്ചു എനിക്കു കൎത്താവിന്റെ നിയോഗമി
ല്ല; എങ്കിലും വിശ്വസ്തൻ ആവാന്തക്കവ
ണ്ണം കൎത്താവിന്റെ കരുണ ലഭിച്ചവനാ
യി ഞാൻ അഭിപ്രായം തരുന്നു.

൨൬ ആകയാൽ ഇപ്പോഴത്തെ ഞെരു
ക്കം നിമിത്തം നല്ലതു ഇതാകുന്നു; അങ്ങ
നെ തന്നേ ഇരിക്കുന്നതു മനുഷ്യന്നു നന്നു
എന്നു എനിക്കു തോന്നുന്നു.
൨൭ നീ ഭാൎയ്യയോടു ബന്ധിക്കപ്പെട്ടിരി
ക്കുന്നുവോ? വേർപാടു അന്വേഷിക്കരുതു.
നീ ഭാൎയ്യ ഇല്ലാത്തവനോ? ഭാൎയ്യയെ അ
ന്വേഷിക്കരുതു.
൨൮ നീ വിവാഹം ചെയ്താലും പിഴെ
ച്ചില്ല; കന്യകയും വിവാഹം ചെയ്താൽ
പിഴച്ചില്ല; എങ്കിലും ഇപ്രകാരമുള്ളവൎക്കു
ജഡത്തിൽ കഷ്ടത ഉണ്ടാകും; ഞാനോ
നിങ്ങളെ ആദരിക്കുന്നു.
൨൯ എന്നാൽ സഹോദരന്മാരേ, ഇ
തൊന്നു ഞാൻ പറയുന്നു: കാലം ചുരുങ്ങി
യിരിക്കുന്നു; ഇനി ഭാൎയ്യമാരുള്ളവർ ഇല്ലാ
ത്തവരെ പോലെയും,
൩൦ കരയുന്നവർ കരയാത്തവരെ
പോലെയും, സന്തോഷിക്കുന്നവർ സ
ന്തോഷിക്കാത്തവരെ പോലെയും, വിലെ
ക്കു വാങ്ങുന്നവർ അധീനമാക്കാത്തവരെ
പോലെയും,
൩൧ ലോകത്തെ അനുഭവിക്കുന്നവർ
അതിനെ അനുഭവിക്കാത്തവരെ പോ
ലെയും ആകേണം. ഈ ലൊകത്തിന്റെ
വേഷം ഒഴിഞ്ഞുപോകുന്നുവല്ലോ.
൩൨ നിങ്ങൾ ചിന്താകുലമില്ലാത്തവ
രായിരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു.
വിവാഹം ചെയ്യാത്തവൻ കൎത്താവിനെ
എങ്ങനെ പ്രസാദിപ്പിക്കും എന്നു വെച്ചു
കൎത്താവിന്നുള്ളവ ചിന്തിക്കുന്നു;
൩൩ വിവാഹം ചെയ്തവൻ ഭാൎയ്യയെ
എങ്ങനെ പ്രസാദിപ്പിക്കും എന്നു വെച്ചു
ലോകത്തിന്നുള്ളവ ചിന്തിക്കുന്നു.
൩൪ അതുപോലെ ഭാൎയ്യയായവൾക്കും
കന്യകെക്കും തമ്മിൽ വ്യത്യാസം ഉണ്ടു.
വിവാഹം കഴിയാത്തവൾ ശരീരത്തിലും
ആത്മാവിലും വിശുദ്ധയാകേണ്ടതിന്നു
കൎത്താവിന്നുള്ളവ ചിന്തിക്കുന്നു; വിവാ
ഹം കഴിഞ്ഞവൾ ഭൎത്താവിനെ എങ്ങനെ
പ്രസാദിപ്പിക്കും എന്നുവെച്ചു ലോകത്തി
ന്നുള്ളവ ചിന്തിക്കുന്നു.
൩൫ ഇതിനെ നിങ്ങളുടെ ഉപകാര
ത്തിന്നായി പറയുന്നു; നിങ്ങൾക്കു കുടു
ക്കിടുവാനല്ല, യോഗ്യത വിചാരിച്ചും നി
ങ്ങൾ ചാപല്യം കൂടാതെ കൎത്താവിങ്കൽ
സ്ഥിരമായ്വസിക്കേണ്ടതിന്നായിട്ടും അ
ത്രേ.
൩൬ എന്നാൽ ഒരുത്തൻ തന്റെ ക
ന്യകെക്കു പ്രായം കടന്നാൽ താൻ ചെയ്യു
ന്നതു അയോഗ്യം എന്നു നിരൂപിക്കിൽ,
അങ്ങനെ വേണ്ടിവന്നാൽ, താൻ ഇച്ഛി
ക്കുന്നതിനെ ചെയ്യട്ടെ; അവൻ പിഴെ
ക്കുന്നില്ല; അവർ വിവാഹം ചെയ്യട്ടെ.
൩൭ എങ്കിലും നിൎബ്ബന്ധമില്ലാതെ ത
ന്റെ ഇഷ്ടത്തെ നടത്തുവാൻ അധികാര
മുള്ളവനും തന്റെ ഹൃദയത്തിൽ സ്ഥിരത
യുള്ളവനുമായ ഒരുവൻ തന്റെ കന്യക
യെ സൂക്ഷിച്ചുകൊൾവാൻ സ്വാന്തഹൃദയ

ത്തിൽ നിൎണ്ണയിച്ചു എങ്കിൽ അവൻ ചെ
യ്യുന്നതു നന്നു.
൩൮ ആകയാൽ ഒരുത്തൻ തന്റെ ക
ന്യകയെ വിവാഹം കഴിപ്പിച്ചാൽ അതു
നന്നു; വിവാഹം കഴിപ്പിക്കാതിരുന്നാൽ
അതു ഏറെ നന്നു.
൩൯ സ്ത്രീ തന്റെ ഭൎത്താവു ജീവിച്ചി
രിപ്പോളം ബന്ധിക്കപ്പെട്ടിരിക്കുന്നു; എ
ന്നാൽ ഭൎത്താവു മരിച്ചുപോയാൽ തനി
ക്കു മനസ്സുള്ളവനുമായി വിവാഹം കഴി
വാൻ അവൾക്കു സ്വാതന്ത്ര്യം ഉണ്ടു; ക
ൎത്താവിൽ മാത്രമേ ആകാവു.
൪൦ എന്നാൽ അവൾ അങ്ങിനെ ത
ന്നേ പാൎത്തുകൊണ്ടാൽ ഏറെ ഭാഗ്യമുള്ള
വൾ എന്നു എന്റെ അഭിപ്രായം; ദൈവാ
ത്മാവു എനിക്കും ഉണ്ടു എന്നു തോന്നുന്നു.

൮ാം അദ്ധ്യായം.

വിഗ്രഹാൎപ്പിതങ്ങളുടെ കാൎയ്യത്തിലോ ന
മുക്കെല്ലാവൎക്കും അറിവു ഉണ്ടു എന്നു നമു
ക്കു ബോധ്യമാകുന്നു. അറിവു ചീൎപ്പിക്കു
ന്നു, എന്നാൽ സ്നേഹം ഗൃഹനിൎമ്മാണം വ
രുത്തുന്നു.
൨ താൻ വല്ലതും അറിയുന്നു എന്നു
ഒരുത്തന്നു തോന്നിയാൽ അറിയേണ്ടുന്ന
പ്രകാരം അവൻ ഇന്നേവരെ ഒന്നും അ
റിഞ്ഞില്ല.
൩ ഒരുത്തൻ ദൈവത്തെ സ്നേഹിക്കു
ന്നു എങ്കിലോ ആയവൻ അവനാൽ അ
റിയപ്പെട്ടവനാകുന്നു.
൪ വിഗ്രഹാൎപ്പിതങ്ങളെ ഭക്ഷിക്കുന്ന
തിനെ കുറിച്ചോ, ലോകത്തിൽ വിഗ്രഹം
ഒന്നുമില്ല എന്നും ഒരുവനല്ലാതെ ദൈവ
മില്ല എന്നും നാം അറിയുന്നു.
൫ എന്തുകൊണ്ടെന്നാൽ പല ദേവക
ളും പല കൎത്താക്കന്മാരും ഉള്ളപ്രകാരം
ആകാശത്തിൽ ആകട്ടെ ഭൂമിയിൽ ആക
ട്ടെ ദേവകൾ എന്നു പറയപ്പെടുന്നവർ
ഉണ്ടെന്നുവരികിലും
൬ പിതാവാകുന്ന ഏകദൈവമേ ന
മുക്കുള്ളു; അവനിൽനിന്നു സകലവും അ
വനിലേക്കു നാമും ആകുന്നു. യേശുക്രിസ്തു
എന്ന ഏക കൎത്താവും ഉണ്ടു; അവനാൽ
സകലവും അവനാൽ തന്നേ നാമും ആ
കുന്നു.
൭ എന്നാൽ എല്ലാവരിലും ഈ അറി
വില്ല. ചിലർ ഇന്നേവരേ വിഗ്രഹപരി
ചയം ഹേതുവായി വിഗ്രഹാൎപ്പിതം എ
ന്നു വെച്ചു ഭക്ഷിക്കുന്നു; അവരുടെ മന
സ്സാക്ഷി ബലഹീനമാകയാൽ മാലിന്യ
പ്പെടുകയും ചെയ്യുന്നു.
൮ എന്നാൽ ആഹാരം നമ്മെ ദൈവ
ത്തോടു അടുപ്പിക്കുന്നില്ല; ഭക്ഷിക്കാഞ്ഞാൽ
നാം കുറയുന്നില്ല, ഭക്ഷിച്ചാൽ ഏറുന്ന
തുമില്ല.
൯ എന്നാൽ നിങ്ങളുടെ ഈ അധികാ
രം ബലഹീനന്മാൎക്കു യാതൊരു വിധത്തി
ലും തടങ്ങൽ ആയി വരാതിരിപ്പാൻ നോ
ക്കുവിൻ.
൧൦ എങ്ങിനെയെന്നാൽ അറിവുള്ള
നീ വിഗ്രഹാലയത്തിൽ ഭക്ഷണത്തിന്നി
രിക്കുന്നതു ഒരുത്തൻ കണ്ടാൽ, ബലഹീന
നെങ്കിൽ, അവന്റെ മനസ്സാക്ഷി വിഗ്ര
ഹാൎപ്പിതങ്ങളെ ഭക്ഷിപ്പാൻ തക്കവണ്ണം
ഉറെക്കയില്ലയോ?
൧൧ ആൎക്കുവേണ്ടി ക്രിസ്തു മരിച്ചുവോ,
ആ ബലഹീനസഹോദരൻ ഇങ്ങനെ നി
ന്റെ അറിവിനാൽ നശിച്ചുപോകുന്നു.
൧൨ എന്നാൽ നിങ്ങൾ ഇപ്രകാരം സ
ഹോദരന്മാരുടെ നേരെ പാപം ചെയ്തു,
അവരുടെ ബലഹീനമനസ്സാക്ഷിയെ ഖ
ണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിന്നു
വിരോധമായി പാപം ചെയ്യുന്നു.
൧൩ ആകയാൽ ആഹാരം എന്റെ
സഹോദരനെ ഇടറിക്കുന്നു എങ്കിൽ എ
ന്റെ സഹോദരനെ ഇടറിക്കാതിരിക്കേ
ണ്ടതിന്നു ഞാൻ എന്നേക്കും മാംസം ഭക്ഷി
ക്കയില്ല.

൯ാം അദ്ധ്യായം.

ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അ
പ്പൊസ്തലൻ അല്ലയോ? നമ്മുടെ കൎത്താവാ
യ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ?
കൎത്താവിൽ എന്റെ പ്രവൃത്തി നിങ്ങൾ
അല്ലയോ?
൨ മററുള്ളവൎക്കു ഞാൻ അപ്പൊസ്തലൻ
അല്ലെന്നുവരികിൽ എങ്ങനെയെങ്കിലും

നിങ്ങൾക്കു ആകുന്നു; കൎത്താവിൽ നിങ്ങ
ൾ എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര
ആകുന്നുവല്ലോ.
൩ എന്നെ വിധിക്കുന്നവരോടു എ
ന്റെ പ്രതിവാദം ഇതാകുന്നു.
൪ ഭക്ഷിപ്പാനും കുടിപ്പാനും ഞങ്ങൾ
ക്കു അധികാരമില്ലയോ?
൫ ശേഷം അപ്പൊസ്തലന്മാരും കൎത്താ
വിന്റെ സഹോദരന്മാരും കേഫാവും എ
ന്നപോലെ ഞങ്ങൾക്കു ഒരു സഹോദരി
യെ ഭാൎയ്യയായി കൂട്ടിക്കൊണ്ടു സഞ്ചരിപ്പാ
ൻ അധികാരം ഇല്ലയോ?
൬ അല്ല, വേല ചെയ്യാതിരിപ്പാൻ എ
നിക്കും ബൎന്നബാസിന്നും മാത്രം അധി
കാരമില്ല എന്നുണ്ടോ?
൭ സ്വന്ത ചെലവിന്മേൽ ആർ യുദ്ധ
സേവ ചെയ്യും? ആർ മുന്തിരിത്തോട്ടം ഉ
ണ്ടാക്കി അതിന്റെ ഫലം തിന്നാതിരി
ക്കും? അല്ല, ആട്ടിൻകൂട്ടത്തെ ആർ മേച്ചു
കൂട്ടത്തിന്റെ പാൽകൊണ്ടു ഉപജീവി
ക്കാതിരിക്കും?
൮ ഞാൻ ഇവ മനുഷ്യപ്രകാരമോ സം
സാരിക്കുന്നതു? ന്യായപ്രമാണവും ഇങ്ങ
നെ പറയുന്നില്ലയോ?
൯ മെതിക്കുന്ന കാളെക്കു വായ്ക്കെട്ടരു
തു എന്നു മോശെയുടെ ന്യായപ്രമാണത്തി
ൽ എഴുതിയിരിക്കുന്നുവല്ലോ; ദൈവം കാ
ളയെ കുറിച്ചോ വിചാരിക്കുന്നതു?
൰ അല്ല, കേവലം നമുക്കുവേണ്ടി
പറയുന്നതോ? അതേ, ഉഴുന്നവൻ ആ
ശയോടെ ഉഴകയും മെതിക്കുന്നവൻ ഓ
ഹരി കിട്ടും എന്നുള്ള ആശയോടെ മെതി
ക്കയും വേണ്ടതാകയാൽ നമുക്കു വേണ്ടി
എഴുതിയതു അത്രേ.
൰൧ ഞങ്ങൾ ആത്മികമായവയെ നി
ങ്ങൾക്കു വിതെച്ചു എങ്കിൽ, നിങ്ങളുടെ
ജഡമയമായവയെ കൊയ്താൽ വലിയ
കാൎയ്യമോ?
൰൨ മറ്റുള്ളവർ നിങ്ങളുടെമേൽ ഈ
അധികാരത്തിൽ ഓഹരിക്കാരെങ്കിൽ ഞ
ങ്ങൾ എത്ര അധികം? എങ്കിലും ഞങ്ങൾ
ഈ അധികാരത്തെ പ്രയോഗിച്ചിട്ടില്ല;
ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യാ
തൊരു വിഘ്നവും വരുത്താതിരിപ്പാൻ സ
കലവും പൊറുക്കുന്നു.
൰൩ ദേവാലയകൎമ്മങ്ങൾ നടത്തുന്ന
വർ ദൈവാലയംകൊണ്ടു ഉപജീവിക്കു
ന്നു എന്നും ബലിപീഠത്തിങ്കൽ ശുശ്രൂഷെ
ക്കു നില്ക്കുന്നവർ ബലിപീഠത്തോടുകൂടെ
ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ
അറിയുന്നില്ലയോ?
൰൪ അതുപോലെ കൎത്താവും സുവി
ശേഷത്തെ അറിയിക്കുന്നവർ സുവിശേ
ഷത്താൽ ഉപജീവിക്കേണം എന്നു കല്പി
ച്ചിരിക്കുന്നു.
൰൫ ¶ എങ്കിലും ഇവ ഒന്നും ഞാൻ
പ്രയോഗിച്ചിട്ടില്ല; ഇവ്വണ്ണം എനിക്കു
ആകേണ്ടതിന്നു ഇവ ഞാൻ എഴുതുന്നതും
അല്ല; ആരും എന്റെ പ്രശംസയെ വൃഥാ
വാക്കുന്നതിനേക്കാൾ മരിക്ക തന്നേ എനി
ക്കു നല്ലതു.
൰൬ എന്തുകൊണ്ടെന്നാൽ ഞാൻ സു
വിശേഷിക്കുന്നു എങ്കിൽ എനിക്കു പ്രശം
സിപ്പാൻ ഒന്നുമില്ല. നിൎബ്ബന്ധം എന്റെ
മേൽ കിടക്കുന്നു. അതേ, ഞാൻ സുവി
ശേഷിക്കുന്നില്ല എങ്കിൽ എനിക്കു ഹാ ക
ഷ്ടം!
൰൭ എന്തുകൊണ്ടെന്നാൽ മനഃപൂൎവ്വ
മായി ഇതിനെ നടത്തുന്നു എങ്കിൽ എനി
ക്കു പ്രതിഫലം ഉണ്ടു; മനഃപൂൎവ്വമായിട്ട
ല്ലെങ്കിലോ വീട്ടുവിചാരണ എങ്കൽ ഭര
മേല്പിച്ചിരിക്കുന്നു.
൰൮ എന്നാൽ എന്റെ പ്രതിഫലം
എന്തു? സുവിശേഷിക്കുമ്പോൾ സുവിശേ
ഷത്തിലുള്ള അധികാരത്തെ മുഴുവനും ഉ
പയോഗിക്കാതെ ഞാൻ സുവിശേഷത്തെ
ചെലവു കൂടാതെയാക്കുന്നതു തന്നേ.
൰൯ ഇങ്ങനെ ഞാൻ എല്ലാവരിൽനിന്നും
സ്വതന്ത്രൻ എങ്കിലും അധികം പേരെ
നേടേണ്ടതിന്നു ഞാൻ എന്നെ തന്നേ എ
ല്ലാവൎക്കും ദാസനാക്കി.
൨൰ യഹൂദന്മാരെ നേടേണ്ടതിന്നു ഞാ
ൻ യഹൂദന്മാൎക്കു യഹൂദനെപോലെ ആ
യി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ
നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണത്തി
ൻ കീഴുള്ളവൻ അല്ല എങ്കിലും ന്യായപ്ര

മാണത്തിൻകീഴുള്ളവൎക്കു ന്യായപ്രമാണത്തിൻകീഴുള്ളവനെ പോലെ ആയി.

൨൧ ദൈവത്തിന്നു ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന്നു ന്യായപ്രമാണമുള്ളവനായിരിക്കേ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണമില്ലാത്തവൎക്കു ന്യായപ്രമാണമില്ലാത്തവനെ പോലെ ആയി.

൨൨ ബലഹീനന്മാരെ നേടേണ്ടതിന്നു ഞാൻ ബലഹീനൎക്കു ബലഹീനനായി; എല്ലാപ്രകാരത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവൎക്കും എല്ലാമായി തീൎന്നു.

൨൩ ഞാൻ സകലത്തെയും സുവിശേഷത്തിൻനിമിത്തം ചെയ്യുന്നു; അതിന്നു കൂട്ടാളിയാകേണ്ടതിന്നു തന്നേ.

൨൪ ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു, എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? അതുപോലെ നിങ്ങളും പ്രാപിക്കേണ്ടതിന്നു ഓടുവിൻ.

൨൫ എന്നാൽ അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വൎജ്ജനമാചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ.

൨൬ ആകയാൽ ഞാൻ നിശ്ചയമില്ലാത്തപ്രകാരമല്ല ഓടുന്നതു, ആകാശത്തെ കുത്തുന്നപ്രകാരമല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു.

൨൭ പക്ഷേ മററുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേയും കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നു.

൧൦ാം അദ്ധ്യായം.

എന്തുകൊണ്ടെന്നാൽ സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു എന്നും എല്ലാവരും സമുദ്രത്തൂടെ കടന്നു എന്നും

൨ എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശെയിലേക്കു സ്നാനപ്പെട്ടു എന്നും

൩ എല്ലാവരും ഒരേ ആത്മികമായ ആഹാരം ഭക്ഷിച്ചു എന്നും

൪ എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു എന്നും—അവരെ അനുഗമിച്ച ആത്മികപാറയിൽനിന്നല്ലോ അവർ കുടിച്ചതു, ആ പാറ ക്രിസ്തു ആയിരുന്നു—

൫ എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല, അവർ മരുഭൂമിയിൽ തള്ളിയിടപ്പെട്ടു എന്നും നിങ്ങൾ അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു.

൬ ഇവ നമുക്കു ദൃഷ്ടാന്തങ്ങളായി ഭവിച്ചു; അവർ മോഹിച്ചതുപോലെ നാമും തിന്മകളെ മോഹിക്കുന്നവർ ആകാതിരിക്കേണ്ടതിന്നു തന്നേ.

൭ ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുനീററു എന്നു എഴുതിയിരിക്കുന്നപ്രകാരം അവരിൽ ചിലരെ പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആകയുമരുതു.

൮ അവരിൽ ചിലർ വേശ്യാദോഷം ചെയ്തു ഒരു ദിവസത്തിൽ ഇരുപത്തുമൂവായിരം പേർ വീണുപോയതുപോലെ നാം വേശ്യാദോഷം ചെയ്കയുമരുതു.

൯ അവരിൽ ചിലർ പരീക്ഷിച്ചു സൎപ്പങ്ങളാൽ നശിച്ചുപോയതുപോലെ നാം കൎത്താവിനെ പരീക്ഷിക്കയുമരുതു.

൧൦ അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുതു.

൧൧ എന്നാൽ ഇവ ദൃഷ്ടാന്തമായിട്ടു അവൎക്കു സംഭവിച്ചു, യുഗങ്ങളുടെ അന്തങ്ങൾ വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിന്നായി എഴുതിയുമിരിക്കുന്നു.

൧൨ ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ.

൧൩ മനുഷ്യൎക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങളെ പിടിച്ചിട്ടില്ല; എന്നാൽ ദൈവം വിശ്വസ്തൻ ആകുന്നു; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ ഭവിപ്പാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ ക

ഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയെയും ഉണ്ടാക്കും.

൧൪ ¶ അതുകൊണ്ടു എന്റെ പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയെ വിട്ടോടുവിൻ.

൧൫ വിവേകികളോടു എന്നപോലെ ഞാൻ പറയുന്നു; ഞാൻ പറയുന്നതിനെ വിവേചിപ്പിൻ.

൧൬ നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

൧൭ അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ.

൧൮ ജഡപ്രകാരമുള്ള ഇസ്രയേലെ നോക്കുവിൻ; ബലികളെ ഭക്ഷിക്കുന്നവർ ബലിപീഠത്തിന്റെ കൂട്ടാളികൾ അല്ലയോ?

൧൯ ആകയാൽ ഞാൻ പറയുന്നതു എന്തു? വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നോ? വിഗ്രഹം വല്ലതും ആകുന്നു എന്നോ?

൨൦ അല്ല, ജാതികൾ ബലി കഴിക്കുന്നതു ദൈവത്തിന്നല്ല ഭൂതങ്ങൾക്കു കഴിക്കുന്നു എന്നത്രേ; എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുവാൻ എനിക്കു മനസ്സില്ല.

൨൧ നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ കഴികയില്ല, നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും കഴികയില്ല.

൨൨ അല്ല നാം കർത്താവിന്നു ക്രോധം ജ്വലിപ്പിക്കുന്നുവോ? അവനേക്കാൾ നാം ബലവാന്മാർ ആകുന്നുവോ?

൨൩ ¶ എല്ലാററിന്നും എനിക്കു അധികാരം ഉണ്ടു; എങ്കിലും എല്ലാം ഉപകരിക്കുന്നില്ല. എല്ലാററിന്നും എനിക്കു അധികാരം ഉണ്ടു; എങ്കിലും എല്ലാം ഗൃഹനിർമ്മാണം വരുത്തുന്നില്ല.

൨൪ ഓരോരുത്തൻ സ്വന്തകാര്യം അല്ല, മററുള്ളവന്റേതിനെ അന്വേഷിക്കട്ടെ.

൨൫ അങ്ങാടിയിൽ വില്ക്കുന്നതു എന്തെങ്കിലും മനസ്സാക്ഷിനിമിത്തം ഒന്നും അന്വേഷണം കഴിക്കാതെ ഭക്ഷിപ്പിൻ.

൨൬ ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിന്റേതല്ലോ ആകുന്നു.

൨൭ അവിശ്വാസികളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾക്കു പോകുവാൻ മനസ്സുണ്ടെങ്കിൽ നിങ്ങളുടെ മുമ്പിൽ വിളമ്പുന്നതു എന്തായാലും മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ ഭക്ഷിപ്പിൻ.

൨൮ എങ്കിലും ഒരുവൻ: ഇതു വിഗ്രഹാർപ്പിതം ആകുന്നു എന്നു നിങ്ങളോടു പറഞ്ഞാൽ ആ അറിയിച്ചവന്റെ നിമിത്തവും മനസ്സാക്ഷി നിമിത്തവും ഭക്ഷിക്കരുതു

൨൯ മനസ്സാക്ഷി എന്നു ഞാൻ പറയുന്നതു തന്റേതല്ല മററവന്റേതത്രേ. എന്റെ സ്വാതന്ത്ര്യം അന്യമനസ്സാക്ഷിയാൽ വിധിക്കപ്പെടുന്നതു എന്തിന്നു?

൩൦ നന്ദിയോടെ അനുഭവിക്കുന്നു എങ്കിൽ ഞാൻ ഏതിന്നായി സ്തോത്രം ചെയ്യുന്നുവോ അതു നിമിത്തം ഞാൻ ദുഷിക്കപ്പെടുന്നതു എന്തിന്നു?

൩൧ ആകയാൽ നിങ്ങൾ ഭക്ഷിച്ചാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ.

൩൨ യഹൂദന്മാൎക്കും യവനന്മാൎക്കും ദൈവസഭെക്കും തടങ്ങലല്ലാത്തവരാകുവിൻ.

൩൩ ഞാനും എന്റെ ഉപകാരത്തെ അല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന്നു അവരുടേതിനെ അന്വേഷിച്ചുകൊണ്ടു എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നതു പോലെ തന്നേ.

൧൧ാം അദ്ധ്യായം.

ഞാൻ ക്രിസ്തുവിന്നു എന്നപോലെ നിങ്ങളും എനിക്കു അനുകാരികൾ ആകുവിൻ.

൨ പിന്നെ നിങ്ങൾ സകലത്തിലും എന്നെ ഓൎക്കുകയും ഞാൻ നിങ്ങൾക്കു ഏല്പി

ച്ചപ്രകാരംതന്നേ ചട്ടങ്ങളെ പ്രമാണിക്ക യും ചെയ്യയാൽ നിങ്ങളെ പുകഴ്ത്തുന്നു.

൩ എന്നാൽ സകല പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തലയോ ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

൪ തല മൂടിക്കൊണ്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അവമാനിക്കുന്നു.

൫ എന്നാൽ തല മൂടാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അവമാനിക്കുന്നു; അതു അവൾ ക്ഷൌരം ചെയ്യപ്പെട്ടതു പോലെ തന്നേ ആകുന്നുവല്ലോ.

൬ സ്ത്രീ തല മൂടുന്നില്ലെങ്കിൽ മുടി കത്രിക്കപ്പെടട്ടെ. കത്രിക്കതാൻ ക്ഷൌരം ചെയ്കതാൻ സ്ത്രീക്കു ലജ്ജയെങ്കിലോ മൂടിക്കൊള്ളട്ടെ.

൭ എന്തുകൊണ്ടെന്നാൽ പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ തല മൂടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു.

൮ പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽനിന്നത്രേ ആകുന്നതു.

൯ പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടതു.

൧൦ ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധികാരലക്ഷ്യം ഉണ്ടായിരിക്കേണം.

൧൧ എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയും, സ്ത്രീയെ കൂടാതെ പുരുഷനുമില്ല

൧൨ സ്ത്രീ പുരുഷനിൽനിന്നു ഉണ്ടായ പോലെ തന്നേ പുരുഷനും സ്ത്രീയാൽ ആകുന്നു; എന്നാൽ സകലവും ദൈവത്തിൽ നിന്നത്രേ.

൧൩ നിങ്ങളുടെ ഉള്ളിൽ തന്നേ വിധിപ്പിൻ; സ്ത്രീ തല മൂടിക്കൊണ്ടല്ലാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു യോഗ്യമോ?

൧൪ പുരുഷൻ മുടി നീട്ടിയാൽ അതു അവന്നു അപമാനം എന്നും

൧൫ സ്ത്രീ മുടി നീട്ടിയാലോ അതു അവൾക്കു മൂടുപടത്തിന്നു പകരം നല്കപ്പെട്ടിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നും പ്രകൃതി തന്നേയും നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?

൧൬ ഒരുത്തൻ തക്ക്പ്രിയനായിരിപ്പാൻ ഭാവിച്ചാൽ ഇങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല ദൈവസഭകൾക്കുമില്ല.

൧൭ ¶ ഇതു ഞാൻ ആജ്ഞാപിക്കയിൽ നിങ്ങളെ പുകഴ്ത്തുന്നില്ല; എന്തുകൊണ്ടെന്നാൽ നിങ്ങൾ കൂടിവരുന്നതു അധികം നന്മെക്കായിട്ടല്ല അധികം തിന്മെക്കായിട്ടത്രേ.

൧൮ ഒന്നാമതു നിങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നതകൾ ഉണ്ടെന്നു ഞാൻ കേൾക്കുന്നു; ഏതാനും വിശ്വസിക്കയും ചെയ്യുന്നു.

൧൯ നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിന്നു നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടതല്ലോ.

൨൦ എന്നാൽ നിങ്ങൾ കൂടിവരുമ്പോൾ കർത്താവിന്റെ അത്താഴമല്ല ഭക്ഷിക്കുന്നതു.

൨൧ എന്തുകൊണ്ടെന്നാൽ ഭക്ഷിക്കയിൽ ഓരോരുത്തൻ താന്താന്റെ അത്താഴത്തെ മുമ്പേ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറെറാരുവൻ ലഹരി പിടിച്ചും ഇരിക്കുന്നു.

൨൨ ഭക്ഷിപ്പാനും കുടിപ്പാനും നിങ്ങൾക്കു വീടുകൾ ഇല്ലയോ? അല്ല ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ചു, ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ? നിങ്ങളോടു എന്തു പറയേണ്ടു? നിങ്ങളെ പുകഴ്ത്തുകയോ? ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല.

൨൩ എന്തുകൊണ്ടെന്നാൽ ഞാൻ കർത്താവിൽനിന്നു പരിഗ്രഹിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശു താൻ കാണിച്ചുകൊടുക്കപ്പെട്ട നാൾ രാത്രിയിൽ അപ്പത്തെ എടുത്തു.

൨൪ സ്തോത്രം ചൊല്ലി നുറുക്കി പറഞ്ഞതു: ഇതു നിങ്ങൾക്കു വേണ്ടി നുറുക്ക

പ്പെടുന്ന എന്റെ ശരീരം ആകുന്നു; എ
ന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ.
൨൫ അപ്രകാരം തന്നേ അത്താഴം ക
ഴിഞ്ഞശേഷം പാനപാത്രത്തെയും എടു
ത്തു പറഞ്ഞതു: ഈ പാനപാത്രം എന്റെ
രക്തത്തിൽ പുതിയനിയമം ആകുന്നു; ഇ
തിനെ കുടിക്കുമ്പോഴൊക്കെയും എന്റെ
ഓൎമ്മെക്കായിട്ടു ചെയ്വിൻ.
൨൬ എന്തുകൊണ്ടെന്നാൽ നിങ്ങൾ
ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കു
ടിക്കയും ചെയ്യുമ്പോഴൊക്കെയും കൎത്താവു
വരുവോളത്തിന്നു അവന്റെ മരണത്തെ
പ്രസ്താവിക്കുന്നു.
൨൭ അതുകൊണ്ടു ആരെങ്കിലും അ
യോഗ്യമായി അപ്പം ഭക്ഷിക്കയോ കൎത്താ
വിന്റെ പാനപാത്രം കുടിക്കയോ ചെ
യ്താൽ അവൻ കൎത്താവിന്റെ ശരീരത്തി
ന്നും രക്തത്തിന്നും കുററമുള്ളവൻ ആകും.
൨൮ എന്നാൽ മനുഷ്യൻ തന്നെത്താൻ
ശോധന ചെയ്തിട്ടു വേണം ഈ അപ്പത്തി
ൽനിന്നു ഭക്ഷിക്കയും പാനപാത്രത്തിൽ
നിന്നു കുടിക്കയും ചെയ്വാൻ.
൨൯ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്ന
വൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ ത
നിക്കു താൻ ന്യായവിധിയെ ഭക്ഷിക്കയും
കുടിക്കയും ചെയ്യുന്നു.
൩൦ ഇതു ഹേതുവായി നിങ്ങളിൽ പ
ലരും ബലഹീനരും രോഗികളും ആകു
ന്നു; അനേകർ നിദ്രകൊള്ളുകയും ചെ
യ്യുന്നു.
൩൧ എന്നാൽ നമ്മെ നാം തന്നേ വി
ധിച്ചാൽ വിധിക്കപ്പെടുകയില്ല.
൩൨ വിധിക്കപ്പെടുകിലോ നാം ലോ
കത്തോടു കൂടെ ശിക്ഷെക്കു വിധിക്കപ്പെ
ടാതിരിക്കേണ്ടതിന്നു കൎത്താവിനാൽ നമു
ക്കു ബാലശിക്ഷ വരികയാകുന്നു.
൩൩ ആകയാൽ എന്റെ സഹോദര
ന്മാരേ, നിങ്ങൾ ഭക്ഷിപ്പാൻ കൂടുമ്പോൾ
അന്യോന്യം കാത്തിരിപ്പിൻ.
൩൪ വല്ലവന്നും വിശക്കുന്നു എങ്കിൽ
നിങ്ങൾ ഒരുമിച്ചു കൂടുന്നതു ന്യായവിധി
ക്കു ആകാതിരിക്കേണ്ടതിന്നു അവൻ വി
ട്ടിൽ വെച്ചു ഭക്ഷിക്കട്ടെ. ശേഷം കാൎയ്യ
ങ്ങളെ ഞാൻ വന്നിട്ടു ക്രമപ്പെടുത്തും.

൧൨ാം അദ്ധ്യായം.

പിന്നെ സഹോദരന്മാരേ, ആത്മികവര
ങ്ങളെ കുറിച്ചു നിങ്ങൾ ഗ്രഹിക്കാതിരിക്ക
രുതു എന്നു ഞാൻ ആഗ്രഹിക്കുന്നു.
൨ നിങ്ങൾ ജാതികൾ ആയിരുന്ന
പ്പോൾ നടത്തപ്പെട്ടപ്രകാരം ഊമവിഗ്ര
ഹങ്ങളുടെ അടുക്കൽ പോകുന്നവരായിരു
ന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ.
൩ ആകയാൽ ഞാൻ നിങ്ങളെ ഗ്രഹി
പ്പിക്കുന്നതു: ദൈവാത്മാവിൽ സംസാരി
ക്കുന്നവൻ ആരും യേശുവിനെ ശാപഗ്ര
സ്തൻ എന്നു പറയുന്നില്ല; പരിശുദ്ധാ
ത്മാവിൽ അല്ലാതെ യേശുവിനെ കൎത്താ
വു എന്നു പറവാൻ ആൎക്കും കഴികയു
മില്ല.
൪ എന്നാൽ കൃപാവരങ്ങളിൽ വ്യത്യാ
സങ്ങൾ ഉണ്ടു, ആത്മാവു ഒന്നത്രേ.
൫ ശുശ്രൂഷകളിലും വ്യത്യാസങ്ങൾ ഉ
ണ്ടു: കൎത്താവു ഒരുവൻ.
൬ വ്യാപാരശക്തികളിലും വ്യത്യാസ
ങ്ങൾ ഉണ്ടു, എങ്കിലും എല്ലാവരിലും എ
ല്ലാവറെറയും വ്യാപരിക്കുന്ന ദൈവം ഒ
രുവൻ തന്നേ.
൭ എന്നാൽ ഓരോരുത്തന്നു ആത്മാ
വിന്റെ പ്രകാശനം പൊതുപ്രയോജന
ത്തിന്നായി നല്കപ്പെടുന്നു.
൮ എന്തുകൊണ്ടെന്നാൽ ഒരുത്തന്നു
ആത്മാവിനാൽ ജ്ഞാനത്തിന്റെ വചന
വും മറെറാരുത്തന്നു ആ ആത്മാവിനാൽ
തന്നേ ജ്ഞാനത്തിന്റെ വചനവും നല്ക
പ്പെടുന്നു;
൯ വേറൊരുവന്നു ആ ആത്മാവിനാ
ൽ തന്നേ വിശ്വാസം, മറെറാരുത്തന്നു
ആ ആത്മാവിനാൽ തന്നേ രോഗശാന്തി
കളുടെ വരങ്ങൾ;
൧൦ മറെറാരുവന്നു അത്ഭുതശക്തികളു
ടെ വ്യാപാരങ്ങൾ, മറെറാരുവന്നു പ്രവ
ചനം, മറെറാരുവന്നു ആത്മാക്കളെക്കുറി
ച്ചുള്ള വിവേചനങ്ങൾ, വേറൊരുവന്നു
പലവിധഭാഷകൾ, മറെറാരുവന്നു ഭാ
ഷകളുടെ വ്യാഖ്യാനം.
൧൧ എന്നാൽ ഇവ എല്ലാം വ്യാപരി
ക്കുന്നതു താൻ ഇച്ഛിക്കുംപോലെ അവന

വന്നു വെവ്വേറെ പകുത്തുകൊടുക്കുന്ന ഒ
രേ ആത്മാവു തന്നേ.

൰൨ എങ്ങനെയെന്നാൽ ശരീരം ഒ
ന്നും അതിന്നു അവയവങ്ങൾ പലതും
ശരീരത്തിന്റെ അവയവങ്ങൾ പലതാ
യിരിക്കേ എല്ലാം ഒരു ശരീരവും ആയി
രിക്കുന്നപ്രകാരം തന്നേ ആകുന്നു ക്രി
സ്തുവും.

൰൩ എന്തുകൊണ്ടെന്നാൽ യഹൂദന്മാ
രോ യവനന്മാരോ അടിയാരോ സ്വത
ന്ത്രരോ നാം എല്ലാവരും ഏകശരീരമാകു
മാറു ഒരേ ആത്മാവിൽ സ്നാനപ്പെട്ടു. എ
ല്ലാവരും ഒരേ ആത്മാവിനെ പാനം ചെ
യ്യുമിരിക്കുന്നു.

൰൪ ശരീരം ഒരു അവയവമല്ലല്ലോ
പലതത്രേ.

൰൫ ഞാൻ കൈ അല്ലായ്കകൊണ്ടു ശ
രീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നു
എങ്കിൽ അതിനാൽ അതു ശരീരത്തില
ുള്ളതല്ല എന്നു വരികയില്ല.

൰൬ ഞാൻ കണ്ണു അല്ലായ്കകൊണ്ടു ശ
രീരത്തിലുള്ളതല്ല എന്നു ചെവി പറയു
ന്നു എങ്കിൽ അതിനാൽ അതു ശരീരത്തി
ലുള്ളതല്ല എന്നു വരികയുമില്ല.

൰൭ ശരീരം മുഴുവൻ കണ്ണായാൽ ശ്രു
വണം എവിടെ? മുഴുവൻ ശ്രുവണം ആ
യാൽ ഘ്രാണം എവിടെ?

൰൮ ഇപ്പോഴോ ദൈവം തന്റെ ഇഷ്ട
പ്രകാരം അവയവങ്ങളെ ശരീരത്തിൽ
വെവ്വേറായി വെച്ചിരിക്കുന്നു.

൰൯ എല്ലാം ഒരു അവയവം എങ്കിൽ
ശരീരം എവിടെ?

൨൰ എന്നാൽ ഇപ്പോൾ അവയവങ്ങ
ൾ പലതെങ്കിലും ശരീരം ഒന്നു തന്നേ.

൨൰൧ കണ്ണിന്നു കൈയ്യോടു: നിന്നെ
ക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും
അല്ലെങ്കിൽ തലെക്കു കാലുകളോടു: നി
ങ്ങളെക്കൊണ്ടു എനിക്കു ആവശ്യമില്ല എ
ന്നും പറഞ്ഞുകൂടാ.

൨൰൨ അത്രയുമല്ല ശരീരത്തിൽ ബലം
കുറഞ്ഞവ എന്നു തോന്നുന്ന അവയവ
ങ്ങൾ ആവശ്യമുള്ളവയാകുന്നു.

൨൰൩ ശരീരത്തിൽ മാനം കുറഞ്ഞവ
എന്നു തോന്നുന്നവെക്കു നാം എത്രയും
അധികം മാനത്തെ അണിയിക്കുന്നു; ന
മ്മിൽ യോഗ്യത കുറഞ്ഞവെക്കു എത്രയും
അധികം യോഗ്യത ഉണ്ടാകുന്നു;

൨൰൪ നമ്മിൽ യോഗ്യതയുള്ള അവയ
വങ്ങൾക്കു ഒന്നും ആവശ്യമില്ലല്ലോ.

൨൰൫ എങ്കിലും ശരീരത്തിൽ ഭിന്നത വ
രാതെ അവയവങ്ങൾ അന്യോന്യം ഒരു
പോലെ കരുതേണ്ടതിന്നായി ദൈവം
കുറവുള്ളതിന്നു അധികം മാനം കൊടു
ത്തുകൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരി
ക്കുന്നു.

൨൰൬ അതിനാൽ ഒരു അവയവം ക
ഷ്ടപ്പെടുന്നു എങ്കിൽ അവയവങ്ങൾ ഒക്കെ
യും കൂടെ കഷ്ടപ്പെടുന്നു; ഒരു അവയവ
ത്തിന്നു മാനം വന്നാൽ അവയവങ്ങൾ
ഒക്കെയും അതിനോടു കൂടെ സന്തോഷി
ക്കുന്നു.

൨൰൭ എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ
ശരീരവും ഓരോരുത്തൻ വെവ്വേറായി
അവയവങ്ങളും ആകുന്നു.

൨൰൮ ദൈവം സഭയിൽ ചിലരെ ആ
ക്കി വെച്ചു: ഒന്നാമതു അപ്പൊസ്തലന്മാ
രെ, രണ്ടാമതു പ്രവാചകന്മാരെ, മൂന്നാമ
തു ഉപദേഷ്ടാക്കളെ, പിന്നെ ശക്തിക
ളെ, പിന്നെ രോഗശാന്തികളുടെ വരങ്ങ
ളെ, സഹായങ്ങളെ, പരിപാലനങ്ങളെ
ഭാഷകളുടെ തരങ്ങളെ.

൨൰൯ എല്ലാവരും അപ്പൊസ്തലന്മാരോ?
എല്ലാവരും പ്രവാചകന്മാരോ? എല്ലാവ
രും ഉപദേഷ്ടാക്കളോ? എല്ലാവരും ശക്തി
കളോ?

൩൰ എല്ലാവർക്കും രോഗശാന്തിക്കുള്ള
വരങ്ങൾ ഉണ്ടോ? എല്ലാവരും ഭാഷകളി
ൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാ
ഖ്യാനിക്കുന്നുവോ?

൩൰൧ എന്നാൽ ശ്രേഷ്ഠവരങ്ങളെ വാ
ഞ്ഛിപ്പിൻ; ഇനി അതിശ്രേഷ്ഠമായോരു
വഴി ഞാൻ നിങ്ങൾക്കു കാണിക്കുന്നുണ്ടു.

൰൩ാം അദ്ധ്യായം.

ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും
ഭാഷകളിൽ സംസാരിച്ചാലും എനിക്കു
സ്നേഹം ഇല്ല എങ്കിൽ ഞാൻ മുഴങ്ങുന്ന

ചെമ്പോ ചിലമ്പുന്ന കൈത്താളമോ ആയി തീൎന്നു.

൨ എനിക്ക പ്രവചനം ഉണ്ടായിട്ട സകല മൎമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കിവെക്കുമാറു സകല വിശ്വാസവും ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഒന്നുമില്ല.

൩ എനിക്കുള്ളതെല്ലാംകൊണ്ടും അന്നദാനം ചെയ്താലും, എന്റെ ശരീരത്തെ ചുട്ടുവാൻ എല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക ഒരു പ്രയോജനവും ഇല്ല.

൪ സ്നേഹം ദീൎഘമായി ക്ഷമിക്കുന്നതും ദയയുള്ളതും ആകുന്നു; സ്നേഹം സ്പൎദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീൎക്കുന്നില്ല.

൫ അയോഗ്യമായി നടക്കുന്നില്ല, തൻ കാൎയ്യം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷത്തെ കണക്കിടുന്നില്ല;

൬ അനീതിയിൽ സന്തോഷിക്കാതെ സത്യത്തോട കൂടെ സന്തോഷിക്കുന്നു;

൭ എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

൮ സ്നേഹം ഒരുനാളും ഉതിൎന്നുപോകയില്ല. പ്രവചനങ്ങൾ എങ്കിലോ, അവ നീങ്ങിപ്പോകും; ഭാഷകൾ എങ്കിലോ, അവ നിന്നുപോകും; ജ്ഞാനം എങ്കിലോ, അതു നീങ്ങിപ്പോകും.

൯ എന്തുകൊണ്ടെന്നാൽ അംശമായിട്ടത്രേ നാം അറിയുന്നു, അംശമായി പ്രവചിക്കയും ചെയ്യുന്നു;

൧൦ പൂൎണ്ണമായുള്ളതു വരുമ്പോഴോ അംശമായുള്ളതു നീങ്ങിപ്പോകും.

൧൧ ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെ പോലെ സംസാരിച്ചു, ശിശുവിനെപോലെ ചിന്തിച്ചു, ശിശുവിനെ പോലെ നിരൂപിച്ചു; പുരുഷനായ ശേഷം ശിശുവിന്നുള്ളവ നീക്കിക്കളഞ്ഞു.

൧൨ ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു, അപ്പോൾ മുഖാമുഖമായിട്ടത്രേ; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു, അപ്പോഴോ ഞാൻ അറിയപ്പെട്ടിരിക്കുന്നപ്രകാരം തന്നേ അറിയും.

൧൩ എന്നാൽ ഇപ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നില്ക്കുന്നു; ഇവയിൽ വലിയതു സ്നേഹം തന്നേ.

൧൪ാം അദ്ധ്യായം.

സ്നേഹത്തെ പിന്തുടരുവിൻ; ആത്മികവരങ്ങളെയും വിശേഷാൽ പ്രവചിക്കേണ്ടതിന്നും വാഞ്ഛിപ്പിൻ.

൨ എന്തുകൊണ്ടെന്നാൽ ഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മൎമ്മങ്ങളെ സംസാരിക്കുന്നു.

൩ പ്രവചിക്കുന്നവനോ ഗൃഹനിൎമ്മാണത്തിന്നും പ്രബോധനത്തിന്നും ആശ്വാസത്തിന്നുമായി മനുഷ്യരോട സംസാരിക്കുന്നു.

൪ ഭാഷയിൽ സംസാരിക്കുന്നവൻ തനിക്ക താൻ ഗൃഹനിൎമ്മാണം വരുത്തുന്നു; പ്രവചിക്കുന്നവൻ സഭെക്ക ഗൃഹനിൎമ്മാണം വരുത്തുന്നു.

൫ നിങ്ങൾ എല്ലാവരും ഭാഷകളിൽ സംസാരിക്കേണം എന്നും വിശേഷാൽ പ്രവചിക്കേണം എന്നും ഞാൻ ഇച്ശിക്കുന്നു. ഭാഷകളിൽ സംസാരിക്കുന്നവൻ സഭെക്ക ഗൃഹനിൎമ്മാണം ലഭിക്കേണ്ടതിന്ന വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവനല്ലോ അവനേക്കാൾ വലിയവൻ.

൬ എന്നാൽ ഇപ്പോൾ സഹോദരന്മാരേ, ഞാൻ വെളിപ്പാടായിട്ടോ ജ്ഞാനമായിട്ടോ പ്രവചനമായിട്ടോ ഉപദേശമായിട്ടോ നിങ്ങളോട സംസാരിക്കാതെ ഭാഷകളിൽ സംസാരിച്ചുകൊണ്ട നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക എന്തു പ്രയോജനം വരുത്തും?

൭ കുഴൽ, വീണ എന്നിങ്ങനെ നാദം കൊടുക്കുന്ന നിൎജ്ജീവസാധനങ്ങൾ തന്നേയും ശബ്ദങ്ങളിൽ വ്യത്യാസം കാണിക്കാഞ്ഞാൽ ഊതിയതോ മീട്ടിയതോ എന്തെന്ന എങ്ങനെ അറിയും;

൮ എന്തുകൊണ്ടെന്നാൽ കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ പടെക്ക ആർ ഒരുങ്ങും?

ൻ അതുപോലെ നിങ്ങളും നാവുകൊണ്ടു വ്യക്തമായ വചനം ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നതു എന്തെന്നു എങ്ങനെ അറിയും? നിങ്ങൾ ആകാശത്തിലേക്കു സംസാരിക്കുന്നവർ ആകുമല്ലോ.

൧൦ ലോകത്തിൽ ശബ്ദങ്ങളുടെ തരങ്ങൾ എത്രയോ ഉണ്ടു; അവയിൽ ഒന്നും അവ്യക്തമല്ല.

൧൧ ആകയാൽ ഞാൻ ശബ്ദത്തിന്റെ അൎത്ഥം അറിയാഞ്ഞാൽ സംസാരിക്കുന്നവന്നു ഞാൻ ബൎബ്ബരൻ ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും ബൎബ്ബരൻ ആയിരിക്കും.

൧൨ അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെ കുറിച്ചു വാഞ്ഛയുള്ളവരാകയാൽ സഭയുടെ ഗൃഹനിൎമ്മാണത്തിന്നായി അവയിൽ സമൃദ്ധിയുള്ളവരാകുവാൻ അന്വേഷിപ്പിൻ.

൧൩ അതുകൊണ്ടു ഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനിക്കേണ്ടതിന്നു പ്രാൎത്ഥിക്കട്ടെ.

൧൪ എന്തുകൊണ്ടെന്നാൽ ഞാൻ ഭാഷയിൽ പ്രാൎത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാൎത്ഥിക്കുന്നു, എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു.

൧൫ ആകയാൽ എന്തു? ഞാൻ ആത്മാവുകൊണ്ടു പ്രാൎത്ഥിക്കും, ബുദ്ധികൊണ്ടും പ്രാൎത്ഥിക്കും; ആത്മാവുകൊണ്ടു പാടും, ബുദ്ധികൊണ്ടും പാടും.

൧൬ അല്ലാഞ്ഞിൽ നീ ആത്മാവുകൊണ്ടു സ്തോത്രം ചൊല്ലിയാൽ സാമാന്യരുടെ സ്ഥലത്തിരിക്കുന്നവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന്നു എങ്ങനെ ആമെൻ ചൊല്ലും?

൧൭ നീ നന്നായി സ്തോത്രം ചൊല്ലുന്നു സത്യം, മററവന്നു ഗൃഹനിൎമ്മാണം വരുന്നില്ല താനും.

൧൮ നിങ്ങളെല്ലാവരിലും അധികം ഞാൻ ഭാഷകളിൽ സംസാരിക്കുന്നതുകൊണ്ടു ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

൧൯ എങ്കിലും സഭയിൽ പതിനായിരം വാക്കു ഭാഷയിൽ സംസാരിക്കുന്നതിനെക്കാൾ മററുള്ളവരെയും പഠിപ്പിക്കേണ്ടതിന്നു എന്റെ ബുദ്ധികൊണ്ടു അഞ്ചു വാക്കു പറവാൻ ഞാൻ ഇച്ഛിക്കുന്നു.

൨൦ ¶ സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുതു; എന്നാൽ തിന്മെക്കു ശിശുപ്രായരായിരിപ്പിൻ; ബുദ്ധിയിലോ മുതിൎന്നവരാകുവിൻ.

൨൧ അന്യഭാഷക്കാരെകൊണ്ടും അന്യന്മാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കും എങ്കിലും അവർ എന്നെ ചെവിക്കൊൾകയില്ല എന്നു കൎത്താവു പറയുന്നു എന്നു ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു.

൨൨ അതുകൊണ്ടു ഭാഷകൾ അടയാളത്തിന്നായിട്ടു ആകുന്നു; വിശ്വസിക്കുന്നവൎക്കല്ല അവിശ്വാസികൾക്കത്രേ; പ്രവചനമൊ അവിശ്വാസികൾക്കല്ല വിശ്വസിക്കുന്നവൎക്ക തന്നേ.

൨൩ ആകയാൽ സഭ ഒക്കെയും ഒരുമിച്ചു കൂടി എല്ലാവരും ഭാഷകളിൽ സംസാരിക്കുന്നു എങ്കിൽ സാമാന്യരോ അവിശ്വാസികളോ അകത്തു വന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ടു എന്നു പറകയില്ലയോ?

൨൪ എന്നാൽ എല്ലാവരും പ്രവചിക്കുന്നു എങ്കിൽ അവിശ്വാസിയോ സാമാന്യനോ അകത്തു വന്നാൽ അവൻ എല്ലാവരാലും ശാസിക്കപ്പെടുന്നു, എല്ലാവരാലും വിവേചിക്കപ്പെടുന്നു.

൨൫ അവന്റെ ഹൃദയരഹസ്യങ്ങളും വെളിപ്പെടുന്നു; അങ്ങനെ അവൻ കവിണ്ണു വീണു, ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ടു എന്നു ഏററുപറഞ്ഞു ദൈവത്തെ നമസ്കരിക്കും.

൨൬ ¶ ആകയാൽ എന്തു, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന്നു സങ്കീൎത്തനം ഉണ്ടു, ഉപദേശം ഉണ്ടു, വെളിപ്പാടു ഉണ്ടു, ഭാഷ ഉണ്ടു, വ്യാഖ്യാനം ഉണ്ടു; എല്ലാം ഗൃഹനിൎമ്മാണത്തിന്നായി ഭവിക്കട്ടെ.

൨൭ ഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ടു പേരോ, ഏറിയാൽ മൂന്നു പേരോ ആകട്ടെ; അതും മുറമുറയായി വേണം; ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യട്ടെ.

൨൮ വ്യാഖ്യാനി ഇല്ലാഞ്ഞാൽ ഭാഷക്കാ

രൻ സഭയിൽ മിണ്ടാതെ ഇരുന്നു തന്നോ
ടും ദൈവത്തോടും സംസാരിക്കട്ടെ.
൨൯ പ്രവാചകന്മാർ രണ്ടു പേരോ മൂ
ന്നു പേരോ സംസാരിക്കയും മററുള്ളവർ
വിവേചിക്കയും ചെയ്യട്ടെ.
൩൦ ഇരിക്കുന്നവനായ മറെറാരുവ
ന്നു വെളിപ്പാടുണ്ടാകിലോ ഒന്നാമത്തവ
ൻ മിണ്ടാതിരിക്കട്ടെ.
൩൧ എല്ലാവരും പഠിപ്പാനും എല്ലാ
വൎക്കും പ്രബോധനം ലഭിപ്പാനുമായി നി
ങ്ങൾക്കു എല്ലാവൎക്കും ഓരോരുത്തനായിട്ടു
പ്രവചിപ്പാൻ കഴിയുമല്ലോ.
൩൨ പ്രവാചകന്മാരുടെ ആത്മാക്കൾ
പ്രവാചകന്മാൎക്കു കീഴടങ്ങിയിരിക്കുന്നു.
൩൩ എന്തുകൊണ്ടെന്നാൽ ദൈവം
കലക്കത്തിന്റെ ദൈവമല്ല സമാധാന
ത്തിന്റെ അത്രേ, വിശുദ്ധന്മാരുടെ സൎവ്വ
സഭകളിലും എന്നപോലെ തന്നേ.
൩൪ ¶ സ്ത്രീകൾ സഭകളിൽ മിണ്ടാ
തിരിക്കട്ടെ; ന്യായപ്രമാണവും പറയുന്ന
പ്രകാരം കീഴടങ്ങിയിരിപ്പാനല്ലാതെ സം
സംസാരിപ്പാൻ അവൎക്കു അനുവാദമില്ല
൩൫ അവർ വല്ലതും പഠിപ്പാൻ ഇച്ഛി
ക്കുന്നു എങ്കിൽ വീട്ടിൽ തങ്ങളുടെ ഭൎത്താക്ക
ന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭ
യിൽ സംസാരിക്കുന്നതു അവലക്ഷണമ
ല്ലോ ആകുന്നതു.
൩൬ അല്ലെങ്കിൽ ദൈവവചനം നി
ങ്ങളിൽനിന്നോ പുറപ്പെട്ടതു? അല്ല, നി
ങ്ങൾക്കു മാത്രമോ വന്നതു?
൩൭ ¶ താൻ പ്രവാചകൻ എന്നോ
ആത്മികൻ എന്നോ ഒരുത്തന്നു തോന്നു
ന്നു എങ്കിൽ, ഞാൻ നിങ്ങൾക്കു എഴുതുന്ന
തു കൎത്താവിന്റെ കല്പന ആകുന്നു എന്നു
അവൻ അറിഞ്ഞുകൊള്ളട്ടെ.
൩൮ എന്നാൽ ഒരുവൻ അറിയുന്നി
ല്ലെങ്കിൽ അവൻ അറിയാതിരിക്കട്ടെ.
൩൯ ¶ അതുകൊണ്ടു സഹോദരന്മാ
രേ, പ്രവചിക്കേണ്ടതിന്നു വാഞ്ഛിപ്പിൻ,
ഭാഷകളിൽ സംസാരിക്കുന്നതു വിലക്കുക
യുമരുതു.
൪൦ സകലവും ഉചിതമായും ക്രമത്തി
ലും നടക്കട്ടെ:

൧൫ാം അദ്ധ്യായം.

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങ
ളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭി
ച്ചതും നിങ്ങൾ ഉൾപ്പെട്ടു നില്ക്കുന്നതും,
൨ നിങ്ങൾ വിശ്വസിച്ചതു വ്യൎത്ഥമാ
ല്ലെന്നു വരികിൽ ഞാൻ ഇന്നപ്രകാരം
നിങ്ങളോടു സുവിശേഷിച്ചു എന്നുള്ളതി
നെ പിടിച്ചുകൊണ്ടാൽ നിങ്ങൾ രക്ഷിക്ക
പ്പെടുന്നതുമായ സുവിശേഷത്തെ ഞാൻ
നിങ്ങൾക്കു അറിയിക്കുന്നു.
൩ എനിക്കു ലഭിച്ചതിനെ തന്നേ ഞാ
ൻ നിങ്ങൾക്കും ഒന്നാമതായി ഏല്പിച്ചുവ
ല്ലോ. അതെന്തെന്നാൽ: ക്രിസ്തു നമ്മുടെ
പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളി
ൻപ്രകാരം മരിച്ചു എന്നും
൪ അടക്കപ്പെട്ടു എന്നും തിരുവെഴുത്തു
കളിൻപ്രകാരം മൂന്നാംനാൾ ഉയിൎപ്പിക്ക
പ്പെട്ടു എന്നും
൫ കേഫാവിന്നും പിന്നെ പന്തിരുവ
ൎക്കും പ്രത്യക്ഷനായി എന്നും തന്നേ.
൬ അനന്തരം അഞ്ഞൂററിൽ അധികം
സഹോദരന്മാൎക്കു ഒരുമിച്ചു പ്രത്യക്ഷനാ
യി അവർ മിക്കപേരും ഇന്നേവരെ ഉ
ണ്ടു; ചിലരോ നിദ്ര പ്രാപിച്ചിരിക്കുന്നു.
൭ അനന്തരം യാക്കോബിന്നും പി
ന്നെ എല്ലാ അപ്പോസ്തലന്മാൎക്കും പ്രത്യക്ഷ
നായി.
൮ എല്ലാവൎക്കും ഒടുവിൽ അകാലപ്പിറ
വി പോലെയുള്ള എനിക്കും പ്രത്യക്ഷനാ
യി;
൯ ഞാൻ അപ്പോസ്തലന്മാരിൽ ഏററം
ചെറിയവനല്ലോ ആകുന്നു; ദൈവസഭ
യെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ
എന്നു വിളിക്കപ്പെടുവാൻ യോഗ്യനുമല്ല.
൧൦ എങ്കിലും ഞാൻ എന്താകുന്നുവോ
അതു ഞാൻ ദൈവകൃപയാൽ ആകുന്നു;
എങ്കലേക്കുള്ള അവന്റെ കൃപ വ്യൎത്ഥമാ
യതുമില്ല, അവരെല്ലാവരെക്കാളും ഞാൻ
അത്യന്തം അദ്ധ്വാനിച്ചു; എന്നാൽ ഞാനാ
ല്ല എന്നോടു കൂടെയുള്ള ദൈവകൃപയ
ത്രേ.
൧൧ ആകയാൽ ഞാനാകട്ടെ അവരാ
കട്ടെ ഇവ്വണ്ണം ഞങ്ങൾ പ്രസംഗിക്കുന്നു,

ഇവ്വണ്ണം നിങ്ങൾ വിശ്വസിക്കയും ചെയ്തു.

൧൨ എന്നാൽ ക്രിസ്തു മരിച്ചവരിൽനിന്നു ഉയിൎപ്പിക്കപ്പെട്ടു എന്നു പ്രസംഗിച്ചുവരുന്നു എങ്കിൽ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതു എങ്ങനെ?

൧൩ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിൎപ്പിക്കപ്പെട്ടിട്ടില്ല.

൧൪ ക്രിസ്തു ഉയിൎപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യൎത്ഥം, നിങ്ങളുടെ വിശ്വാസവും വ്യൎത്ഥം.

൧൫ മരിച്ചവർ ഉയിൎപ്പിക്കപ്പെടുന്നില്ല എന്നുവരികിൽ ദൈവം ഉയിൎപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിൎപ്പിച്ചു എന്നു ദൈവത്തിന്നു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന്നു കള്ളസ്സാക്ഷികളായും കാണപ്പെടുന്നു.

൧൬ എന്തുകൊണ്ടെന്നാൽ മരിച്ചവർ ഉയിൎപ്പിക്കപ്പെടുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിൎപ്പിക്കപ്പെട്ടിട്ടില്ല.

൧൭ ക്രിസ്തു ഉയിൎപ്പിക്കപ്പെട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യൎത്ഥമാവത്രെ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു.

൧൮ ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി.

൧൯ നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ എല്ലാമനുഷ്യരിലും അരിഷ്ടരത്രെ.

൨൦ ¶ ഇപ്പോഴൊ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യവിളവായി മരിച്ചവരിൽനിന്നു ഉയിൎപ്പിക്കപ്പെട്ടു.

൨൧ എന്തുകൊണ്ടെന്നാൽ മനുഷ്യനാൽ മരണം ഉണ്ടായിരിക്കെ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യനാൽ തന്നെ.

൨൨ ആദാമിൽ എല്ലാവരും മരിക്കുന്ന പ്രകാരം ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും.

൨൩ എല്ലാവനും താന്താന്റെ നിരയിലത്രെ; ആദ്യവിളവു ക്രിസ്തു, പിന്നത്തെതിൽ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ;

൨൪ പിന്നെ അവസാനം; അന്നു അവൻ സകലവാഴ്ചെക്കും സകലഅധികാരത്തിന്നും ശക്തിക്കും നീക്കംവരുത്തിട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും.

൨൫ എന്തുകൊണ്ടെന്നാൽ അവൻ സകലശത്രുക്കളെയും തന്റെ പാദങ്ങളിൻ കീഴെ ആക്കുവോളത്തിന്നു വാഴേണ്ടതാകുന്നു.

൨൬ ഒടുക്കത്തെ ശത്രുവായിട്ടു മരണം നീക്കപ്പെടുന്നു.

൨൭ സകലത്തെയും അവന്റെ പാദങ്ങളിൻ കീഴാക്കി എന്നുണ്ടല്ലോ; സകലവും അവന്നു കീഴാക്കപ്പെട്ടു എന്നു പറയുമ്പോൾ സകലവും കീഴാക്കിക്കൊടുത്തവൻ ഒഴികയത്രെ എന്നു സ്പഷ്ടം.

൨൮ എന്നാൽ അവന്നു സകലവും കീഴ്പെട്ടു വന്നശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു പുത്രൻ താനും സകലവും തനിക്കു കീഴാക്കി കൊടുത്തവന്നു കീഴ്പെട്ടിരിക്കും.

൨൯ ¶ അല്ല, മരിച്ചവൎക്കു വേണ്ടി സ്നാനപ്പെടുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിൎപ്പിക്കപ്പെടുന്നില്ലെങ്കിൽ അവൎക്കുവേണ്ടി സ്നാനപ്പെടുന്നതു എന്തിന്നു?

൩൦ ഞങ്ങളും നാഴികതോറും ആപത്തിൽ ആകുന്നതു എന്തിന്നു?

൩൧ സഹോദരന്മാരേ, നമ്മുടെ കൎത്താവായ ക്രിസ്തുയേശുവിങ്കൽ എനിക്കു നിങ്ങളിലുള്ള പ്രശംസയാണ ഞാൻ ദിവസേന മരിക്കുന്നു.

൩൨ ഞാൻ എഫെസൊസിൽ വെച്ചു മൃഗപ്പോർ പൊരുതതു മനുഷ്യപ്രകാരം എന്നുവരികിൽ എനിക്കു എന്തു പ്രയോജനം? മരിച്ചവർ ഉയിൎപ്പിക്കപ്പെടുന്നില്ലെങ്കിൽ നാം ഭക്ഷിക്ക, കുടിക്ക, നാളെ നാം ചാകുമല്ലോ.

൩൩ വഞ്ചിക്കപ്പെടരുതു, ദുൎഭാഷണങ്ങൾ സദാചാരങ്ങളെ കെടുക്കുന്നു

൩൪ നീതിക്കു നിൎമ്മദരായി ഉണരുവിൻ; പാപം ചെയ്യാതിരിപ്പിൻ; ചിലൎക്കു ദൈവത്തെ കുറിച്ചു അറിവില്ലായ്മ ഉണ്ടല്ലോ. ഞാൻ നിങ്ങൾക്കു ലജ്ജെക്കായി പറയുന്നു.

൩൫ ¶ പക്ഷേ ഒരുവൻ: മരിച്ചവർ എങ്ങനെ ഉയിൎപ്പിക്കപ്പെടുന്നു എന്നും എതുവിധമുള്ള ശരീരത്തോടെ വരുന്നു എന്നും ചോദിക്കും.

൩൬ മൂഢാ നീ വിതെക്കുന്നതു ചത്തില്ല എങ്കിൽ ജീവിപ്പിക്കപ്പെടുന്നില്ല.

൩൭ നീ വിതെക്കുന്നതോ ഭവിപ്പാനുള്ള ശരീരമല്ല, പക്ഷേ കോതമ്പിന്റെയോ മററുവല്ലതിന്റെയോ വെറും മണിയത്രേ വിതെക്കുന്നതു;

൩൮ എന്നാൽ ദൈവം തന്റെ ഇഷ്ടപ്രകാരം അതിന്നു ഒരു ശരീരത്തെയും വിത്തുകളിൽ ഓരോന്നിന്നു അതാതിന്റെ ശരീരത്തെയും കൊടുക്കുന്നു.

൩൯ എല്ലാമാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടേതു വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മീനുകളുടേതു വേറെ.

൪൦ സ്വൎഗ്ഗീയശരീരങ്ങളും ഭൌമശരീരങ്ങളും ഉണ്ടു; സ്വൎഗ്ഗീയങ്ങളുടെ തേജസ്സ വേറെ, ഭൌമങ്ങളുടെ തേജസ്സ വേറെ.

൪൧ സൂൎയ്യന്റെ തേജസ്സ വേറെ. ചന്ദ്രന്റെ തേജസ്സ വേറെ, നക്ഷത്രങ്ങളുടെ തേജസ്സ വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ.

൪൨ അവ്വണ്ണംതന്നേ മരിച്ചവരുടെ പുനരുത്ഥാനവും. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിൎപ്പിക്കപ്പെടുന്നു;

൪൩ അപമാനത്തിൽ വിതെക്കപ്പെടുന്നു; തേജസ്സിൽ ഉയിൎപ്പിക്കപ്പെടുന്നു; ബലഹീനതയിൽ വിതെക്കപ്പെടുന്നു; ശക്തിയിൽ ഉയിൎപ്പിക്കപ്പെടുന്നു;

൪൪ പ്രാണമയശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിൎപ്പിക്കപ്പെടുന്നു; പ്രാണമയശരീരം ഉണ്ടെങ്കിൽ ആത്മികശരീരവും ഉണ്ടു.

൪൫ അപ്രകാരം എഴുതിയുമിരിക്കുന്നു: ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീൎന്നു; ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി.

൪൬ എന്നാൽ ആത്മികം ഒന്നാമത്തേതല്ല; പ്രാണമയമായതത്രേ, പിന്നെ ആത്മികം.

൪൭ ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്മയൻ; രണ്ടാം മനുഷ്യൻ സ്വൎഗ്ഗത്തിൽനിന്നു തന്നേ.

൪൮ മണ്മയൻ ഏതുപ്രകാരമോ മണ്മയരും അതുപ്രകാരം; സ്വൎഗ്ഗീയൻ ഏതുപ്രകാരമോ സ്വൎഗ്ഗീയരും അതുപ്രകാരം;

൪൯ നാം മണ്മയന്റെ പ്രതിമ ധരിച്ചതുപോലെ സ്വൎഗ്ഗീയന്റെ പ്രതിമയും ധരിക്കും.

൫൦ ¶ സഹോദരന്മാരേ, ഇതു ഞാൻ പറയുന്നു: മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല.

൫൧ ഇതാ ഒരു മൎമ്മം ഞാൻ നിങ്ങളോടു പറയുന്നു: നാം എല്ലാവരും നിദ്രകൊള്ളുകയില്ല.

൫൨ എന്നാൽ ക്ഷണത്തിൽ കണ്ണിമെക്കുന്നിടയിൽ ഒടുക്കത്തെ കാഹളനാദത്തിങ്കൽ എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിൎപ്പിക്കപ്പെടുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.

൫൩ എന്തുകൊണ്ടെന്നാൽ ഈ ക്ഷയമുള്ളതു അക്ഷയത്തെ ധരിക്കയും ഈ ചാകുന്നതു ചാകായ്മയെ ധരിക്കയും വേണം.

൫൪ എന്നാൽ ഈ ക്ഷയമുള്ളതു അക്ഷയത്തെയും ഈ ചാകുന്നതു ചാകായ്മയെയും ധരിക്കുമ്പോഴേക്കു തന്നേ മരണം ജയത്തിലേക്കു വിഴുങ്ങപ്പെട്ടു എന്നു എഴുതിയ വചനം നിവൃത്തിയാകും.

൫൫ ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ?

൫൬ മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം.

൫൭ എന്നാൽ നമ്മുടെ കൎത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം.

൫൮ ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും, നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.

൰൬ാം അദ്ധ്യായം.

എന്നാൽ വിശുദ്ധന്മാൎക്ക വേണ്ടിയുള്ള ധർമ്മശേഖരത്തെ കുറിച്ച ഞാൻ ഗലാത്യയിലേ സഭകൾക്ക ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്വിൻ.

൨ ഞാൻ വന്നശേഷം മാത്രം ധർമ്മശേഖരങ്ങൾ ഉണ്ടാകാതിരിക്കേണ്ടതിന്ന ആഴ്ചവട്ടത്തിൽ ഒന്നാംനാൾതോറും നിങ്ങളിൽ ഓരോരുത്തൻ അവനവന്ന സാദ്ധ്യമാകുന്നതിനെ ചരതിച്ച താന്താന്റെ പക്കൽ വെച്ചുകൊള്ളേണം.

൩ എന്നാൽ ഞാൻ എത്തിയശേഷം നിങ്ങളുടെ കൃപാഫലം യരുശലേമിലേക്ക കൊണ്ടപോവാൻ നിങ്ങൾക്ക സമ്മതമുള്ളവരെ ഞാൻ ലേഖനങ്ങളോട കൂടെ അയക്കും.

൪ ഞാനും പോകുവാൻ തക്കവണ്ണം അത യോഗ്യമായിരുന്നാൽ അവർ എന്നോടകൂടി പോരാം.

൫ ഞാൻ മക്കെദോന്യയിൽകൂടി കടന്നശേഷം നിങ്ങളുടെ അടുക്കൽ വരും; എന്തുകൊണ്ടെന്നാൽ ഞാൻ മക്കെദോന്യയിൽ കൂടെ ആകുന്ന കടന്നുവരുന്നത.

൬ എന്നാൽ ഞാൻ എവിടേക്ക പോകുന്നുവോ അവിടേക്ക നിങ്ങൾ എന്നെ യാത്ര അയപ്പാൻ തക്കവണ്ണം പക്ഷേ നിങ്ങളോടുകൂടെ പാൎക്കും; ഹിമകാലം കൂടെ കഴിക്കുമായിരിക്കും.

൭ കർത്താവ അനുവദിച്ചാൽ കുറെകാലം നിങ്ങളോടുകൂടെ പാൎപ്പാൻ ആശിക്കുന്നതുകൊണ്ട ഈ പ്രാവശ്യം കടന്നുപോകുംവഴിയിൽ അല്ല നിങ്ങളെ കാണ്മാൻ ഞാൻ ഇച്ഛിക്കുന്നത.

൮ എഫെസൊസിൽ ഞാൻ പെന്തെക്കൊസ്ത വരെ പാൎക്കും.

൯ എന്തുകൊണ്ടെന്നാൽ എനിക്ക വലിയതും സഫലവുമായോരു വാതിൽ തുറന്നിരിക്കുന്നു; എതിരാളികളും പലർ ഉണ്ട.

൰ ¶ തിമൊഥെയൊസ വന്നാൽ അവൻ നിങ്ങളുടെ ഇടയിൽ നിർഭയനായിരിപ്പാൻ നോക്കുവിൻ; എന്നെപ്പോലെ തന്നേ അവൻ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ.

൰൧ ആകയാൽ ആരും അവനെ നിന്ദിക്കരുത; സഹോദരന്മാരോടുകൂടെ അവനെ ഞാൻ കാത്തിരിക്കകൊണ്ട എന്റെ അടുക്കൽ എത്തുവാൻ അവനെ സമാധാനത്തോടെ യാത്ര അയപ്പിൻ.

൰൨ സഹോദരനായ അപ്പൊല്ലോസിനെ കുറിച്ചോ, അവൻ സഹോദരന്മാരോട കൂടെ നിങ്ങളുടെ അടുക്കൽ വരേണം എന്ന ഞാൻ അവനോട വളരെ അപേക്ഷിച്ചു, എങ്കിലും ഇപ്പോൾ വരുവാൻ അവന്ന ഒട്ടും മനസ്സായില്ല; അവന്ന അവസരം ഉണ്ടാകുമ്പോൾ വരും താനും.

൰൩ ¶ ഉണൎന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ.

൰൪ നിങ്ങളുടെ കാൎയ്യങ്ങൾ എല്ലാം സ്നേഹത്തിൽ നടക്കട്ടെ.

൰൫ ¶ എന്നാൽ സഹോദരന്മാരേ, സ്തെഫനാസിന്റെ ഗൃഹം അഖായയുടെ ആദ്യഫലം എന്നും അവർ വിശുദ്ധന്മാരുടെ ശുശ്രൂഷെക്ക തങ്ങളെ തന്നേ ഏല്പിച്ചുകൊടുത്തു എന്നും നിങ്ങൾ അറിയുന്നുവല്ലോ.

൰൬ ഇപ്രകാരമുള്ളവൎക്കും അവരോടുകൂടെ പ്രവൃത്തിക്കയും അദ്ധ്വാനിക്കയും ചെയ്യുന്ന ഏവന്നും നിങ്ങളും കീഴ്പെട്ടിരിക്കേണ്ടതിന്ന ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.

൰൭ സ്തെഫനാസും ഫൊൎത്തുനാതൊസും അഖായിക്കൊസും വന്നതിനാൽ ഞാൻ സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഭാഗത്തു കുറവായിരുന്നതിനെ അവർ നികത്തിയിരിക്കുന്നു.

൰൮ ഇവർ എന്റെ ആത്മാവിനെയും നിങ്ങളുടേതിനെയും തണുപ്പിച്ചുവല്ലോ; ആകയാൽ ഇങ്ങനെയുള്ളവരെ അറിഞ്ഞുകൊൾവിൻ.

൧൯ ¶ ആസ്യയിലേ സഭകൾ നിങ്ങ
ൾക്കു വന്ദനം ചൊല്ലുന്നു; അകിലാവും
പ്രിസ്കയും അവരുടെ ഭവനത്തിലേ സഭ
യോടുകൂടെ കർത്താവിൽ നിങ്ങൾക്കു വളു
രെ വന്ദനം ചൊല്ലുന്നു.

൨൦ എല്ലാ സഹോദരന്മാരും നിങ്ങൾ
ക്കു വന്ദനം ചൊല്ലുന്നു; വിശുദ്ധചുംബന
ത്താൽ അന്യോന്യം വന്ദനം ചെയ്വിൻ.

൨൧ ¶ പൌലൊസായ എന്റെ കൈ
യ്യാലേ വന്ദനം.

൨൨ യാതൊരുത്തൻ കർത്താവിനെ പ്രി
യപ്പെടുന്നില്ല എങ്കിൽ അവൻ ശാപഗ്ര
സ്തൻ ആകട്ടെ*! നമ്മുടെ കർത്താവു വരു
ന്നു. †

൨൩ കർത്താവായ യേശുക്രിസ്തുവിന്റെ
കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാക.

൨൪ ക്രിസ്തുയേശുവിൽ എന്റെ സ്നേ
ഹം നിങ്ങളെല്ലാവരോടുംകൂടെ. ആമെൻ.

* അനാഥെമാ.
† മാറാൻഅഥാ.

THE SECOND EPISTLE OF PAUL THE APOSTLE

TO THE

CORINTHIANS.

അപ്പൊസ്തലനായ പൌലൊസ്
കൊരിന്ത്യക്കു എഴുതിയ രണ്ടാം ലേഖനം.

൧ാം അദ്ധ്യായം.

ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ
അപ്പൊസ്തലനായ പൌലൊസും സഹോ
ദരനായ തിമൊഥെയൊസും കൊരിന്തിലു
ള്ള ദൈവസഭെക്കും അഖായയിൽ എല്ലാ
ടത്തുമുള്ള സകലവിശുദ്ധന്മാൎക്കും കൂടെ എ
ഴുതുന്നതു:

൨ നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും കർത്താവായ യേശുക്രിസ്തുവിൽനി
ന്നും നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

൩ ¶ മനസ്സലിവുകളുടെ പിതാവും
സർവ്വാശ്വാസത്തിന്റെ ദൈവവുമായി ന
മ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ
പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ.

൪ ദൈവത്താൽ ഞങ്ങൾ തന്നേ ആ
ശ്വസിപ്പിക്കപ്പെടുന്ന ആശ്വാസംകൊണ്ടു
ഞങ്ങൾ യാതൊരു സങ്കടത്തിലുമുള്ളവരെ
ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിന്നു
ഞങ്ങൾക്കുള്ള എല്ലാസങ്കടത്തിലും അവൻ
ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

൫ എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ
കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നപ്രകാ
രം തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ ആ
ശ്വാസവും പെരുകുന്നു.

൬ ഞങ്ങൾ സങ്കടപ്പെടുന്നു എന്നുവ
രികിൽ അതു നിങ്ങളുടെ ആശ്വാസത്തി
ന്നും രക്ഷെക്കും ആയിട്ടത്രേ; ഞങ്ങൾ ആ
ശ്വാസപ്പെടുന്നു എന്നുവരികിൽ അതു
ഞങ്ങൾ സഹിക്കുന്ന കഷ്ടങ്ങൾ തന്നേ
നിങ്ങളും സഹിക്കുമാറു വ്യാപരിക്കുന്ന
നിങ്ങളുടെ ആശ്വാസത്തിന്നായിട്ടത്രേ.

൭ നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളികൾ
ആകുന്നപ്രകാരം ആശ്വാസത്തിന്നും ആ
കുന്നു എന്നു അറികയാൽ നിങ്ങൾക്കുവേ
ണ്ടി ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതു ത
ന്നേ.

൮ സഹോദരന്മാരേ, ആസ്യയിൽ ഞ
ങ്ങൾക്കു ഉണ്ടായ സങ്കടത്തെ കുറിച്ചു നി

ങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്കു മന
സ്സില്ല; ഞങ്ങൾ ജീവിക്കുമോ എന്നു തന്നേ
യും നിരാശപ്പെട്ടമാറു ശക്തിക്കു മീതെ
അത്യന്തം ഭാരപ്പെട്ടു.
൯ അതേ, ഞങ്ങളിൽ അല്ല, മരിച്ച
വരെ ഉയിൎപ്പിക്കുന്ന ദൈവത്തിങ്കൽ ത
ന്നേ ആശ്രയിക്കുന്നവർ ആവാൻ തക്കവ
ണ്ണം ഞങ്ങൾക്കു തന്നേ ഉള്ളിൽ മരണവി
ധി ഉണ്ടായിരുന്നു.
൧൦ അവൻ അത്ര വലിയ മരണത്തി
ൽനിന്നു ഞങ്ങളെ വിടുവിച്ചു, വിടുവിക്ക
യും ചെയ്യും; അവൻ മേലാലും വിടുവി
ക്കും എന്നു ഞങ്ങൾ അവനിൽ ആശവെ
ച്ചുമിരിക്കുന്നു.
൧൧ ആയതിന്നു നിങ്ങളും ഞങ്ങൾക്കു
വേണ്ടി പ്രാൎത്ഥനയാൽ കൂടി തുണെക്കുന്നു
ണ്ടല്ലോ; പലർ മുഖാന്തരം ഞങ്ങൾക്കു
കിട്ടിയ കൃപാവരത്തിന്നു പലരാലും ഞ
ങ്ങൾനിമിത്തം സ്തോത്രം ഉണ്ടാകേണ്ടതി
ന്നു തന്നേ.
൧൨ ¶ എന്തുകൊണ്ടെന്നാൽ ഞങ്ങളു
ടെ പ്രശംസ ഇതാകുന്നു: ഞങ്ങൾ ലോക
ത്തിൽ, വിശേഷാൽ നിങ്ങളോടു, ജഡ
ജ്ഞാനത്തിൽ അല്ല, ദൈവകൃപയില
ത്രേ, ദൈവത്തിന്റെ വിശുദ്ധിയിലും നി
ൎമ്മലതയിലും നടന്നിരിക്കുന്നു എന്നു ഞ
ങ്ങളുടെ മനോബോധത്തിന്റെ സാക്ഷ്യം
തന്നേ.
൧൩ നിങ്ങൾ വായിക്കുന്നതും ഗ്രഹി
ക്കുന്നതും അല്ലാതെ മറെറാന്നും ഞങ്ങൾ
നിങ്ങൾക്കു എഴുതുന്നില്ല; അവസാന
ത്തോളം നിങ്ങൾ ഗ്രഹിക്കയും ചെയ്യും എ
ന്നു ഞാൻ പ്രത്യാശിക്കുന്നു.
൧൪ നമ്മുടെ കൎത്താവായ യേശുവി
ന്റെ നാളിൽ നിങ്ങൾ ഞങ്ങൾക്കു എന്ന
പോലെ ഞങ്ങൾ നിങ്ങൾക്കും പ്രശംസ
ആകുന്നു എന്നു നിങ്ങൾ ഞങ്ങളെ ഏറ
ക്കുറെ ഗ്രഹിച്ചപ്രകാരം തന്നേ.
൧൫ ¶ ഇങ്ങനെ ഉറച്ചിട്ടു നിങ്ങൾക്കു
രണ്ടാമതു ഒരു അനുഗ്രഹം ഉണ്ടാകേണം
എന്നുവെച്ചു മുമ്പേ നിങ്ങളുടെ അടുക്കൽ
വരുവാനും
൧൬ ആ വഴിയായി മക്കെദോന്യെക്കു
പോയി മക്കെദോന്യയെ വിട്ടു പിന്നെ
യും നിങ്ങളുടെ അടുക്കൽ വരുവാനും നി
ങ്ങളാൽ യഹൂദയയിലേക്കു യാത്ര അയ
ക്കപ്പെടുവാനും ഞാൻ ഭാവിച്ചിരുന്നു.
൧൭ ഇങ്ങനെ ഭാവിച്ചതിൽ ഞാൻ പ
ക്ഷേ മനോലഘുത്വം കാണിച്ചുവോ? അ
ല്ലെങ്കിൽ, ഉവ്വ, ഉവ്വ എന്നും ഇല്ല, ഇല്ല
എന്നും എന്റെ പക്കൽ ഉണ്ടാകത്തക്കവ
ണ്ണം ഞാൻ നിരൂപിക്കുന്നവ ജഡപ്രകാ
രമോ നിരൂപിക്കുന്നതു?
൧൮ നിങ്ങളോടുള്ള ഞങ്ങളുടെ വച
നം ഉവ്വ എന്നും ഇല്ല എന്നും ആയിരു
ന്നില്ല എന്നതിന്നു വിശ്വസ്തനായ ദൈ
വം സാക്ഷി.
൧൯ ഞാനും സില്വാനൊസും തിമൊ
ഥെയൊസും എന്നി ഞങ്ങളാൽ നിങ്ങളു
ടെ ഇടയിൽ പ്രസംഗിക്കപ്പെട്ട ദൈവപു
ത്രനായ യേശുക്രിസ്തു ഉവ്വ എന്നും ഇല്ല
എന്നും ആയിരുന്നില്ല അവനിൽ ഉവ്വ
എന്നത്രേ ആകുന്നു.
൨൦ എങ്ങനെയെന്നാൽ ദൈവത്തി
ന്റെ വാഗ്ദത്തങ്ങൾ എത്രയാകിലും അ
വനിൽ ഉവ്വ എന്നത്രേ, അതുകൊണ്ടു
ഞങ്ങളാൽ ദൈവത്തിന്നു മഹത്വം ഉണ്ടാ
കുമാറു അവനിൽ ആമെൻ എന്നും ത
ന്നേ.
൨൧ ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തു
വിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം
ചെയ്തതും ദൈവമല്ലോ ആകുന്നു.
൨൨ അവൻ നമ്മെ മുദ്രയിടുകയും ആ
ത്മാവാകുന്ന അച്ചാരത്തെ നമ്മുടെ ഹൃദ
യങ്ങളിൽ തരികയും ചെയ്തു.
൨൩ ¶ എന്നാൽ നിങ്ങളെ ആദരിക്ക
യാൽഅത്രേ ഞാൻ പിന്നെയും കൊരിന്തി
ൽ വരാഞ്ഞതു എന്നതിന്നു ഞാൻ ദൈവ
ത്തെ എന്റെ ആത്മാവിന്മേൽ സാക്ഷി
യായി വിളിക്കുന്നു.
൨൪ നിങ്ങളുടെ വിശ്വാസത്തിന്മേൽ
ഞങ്ങൾ കൎത്തൃത്വം ഉള്ളവർ എന്നല്ല, നി
ങ്ങളുടെ സന്തോഷത്തിന്നു ഞങ്ങൾ സഹാ
യികൾ അത്രേ; വിശ്വാസത്താലല്ലോ നി
ങ്ങൾ നില്ക്കുന്നതു.

൨ാം അദ്ധ്യായം.

എന്നാൽ ഞാൻ പിന്നെയും ദുഃഖത്തോ

ടെ നിങ്ങളുടെ അടുക്കൽ വരരുതു എന്നു ഞാൻ എന്നിൽ തന്നേ നിൎണ്ണയിച്ചു.

൨ എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളെ ദുഃഖിപ്പിച്ചാൽ എന്നാൽ ദുഃഖിതനായവൻ അല്ലാതെ എന്നെ ആനന്ദിപ്പിക്കുന്നതു ആർ?

൩ ഞാൻ ഇതിനെ തന്നേ എഴുതിയതു ഞാൻ വന്നാൽ എന്നെ സന്തോഷിപ്പിക്കേണ്ടിയവരാൽ ദുഃഖം ഉണ്ടാകരുതു എന്നുവെച്ചും എന്റെ സന്തോഷം നിങ്ങൾക്കു എല്ലാവൎക്കും സന്തോഷം എന്നു നിങ്ങളെ എല്ലാവരെയും കുറിച്ചു വിശ്വസിച്ചിരിക്കകൊണ്ടും ആകുന്നു.

൪ എന്തുകൊണ്ടെന്നാൽ വളരേ സങ്കടത്തിൽനിന്നും ഹൃദയപീഡയിൽനിന്നും വളരേ കണ്ണുനീരോടുംകൂടെ ഞാൻ നിങ്ങൾക്കു എഴുതി. നിങ്ങൾ ദുഃഖപ്പെടേണ്ടതിന്നല്ല, എനിക്കു അധികമായി നിങ്ങളോടുള്ള സ്നേഹത്തെ നിങ്ങൾ അറിയേണ്ടതിന്നത്രേ.

൫ ¶ ഒരുവൻ എന്നെ ദുഃഖിപ്പിച്ചു എങ്കിൽ അവൻ എന്നെ എന്നല്ല—ഞാൻ അതിയായി ഭാരപ്പെടുത്തരുതല്ലോ—ഒരു വിധത്തിൽ നിങ്ങളെ എല്ലാവരെയും ദുഃഖിപ്പിച്ചിരിക്കുന്നു.

൬ അവന്നു ബഹുജനത്താൽ ഉണ്ടായ ഈ ശിക്ഷ മതി.

൭ ആകയാൽ അതിദുഃഖത്താൽ അവൻ വിഴുങ്ങപ്പെടാതിരിക്കേണ്ടതിന്നു നിങ്ങൾ അവനോടു ക്ഷമിക്കയും അവനെ ആശ്വസിപ്പിക്കയും തന്നേ വേണ്ടതു.

൮ അതുകൊണ്ടു സ്നേഹത്തെ അവന്നു ഉറപ്പിച്ചുകൊടുപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു.

൯ നിങ്ങൾ സകലത്തിലും അനുസരണമുള്ളവർ ആകുന്നുവോ എന്നു നിങ്ങളെ പരീക്ഷിച്ചറിയേണ്ടതിന്നുമല്ലോ ഞാൻ എഴുതിയതു.

൰ നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു; എന്നാൽ ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നു എങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തുവിന്റെ സന്നിധാനത്തിൽ അതിനെ ക്ഷമിച്ചിരിക്കുന്നു.

൰൧ സാത്താനാൽ നാം തോല്പിക്കപ്പെടാതിരിപ്പാനായിട്ടു തന്നേ; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ.

൰൨ ¶ എന്നാൽ ഞാൻ ക്രിസ്തുവിന്റെ സുവിശേഷണത്തിന്നായി ത്രോവാസിൽ വന്നാറെ കൎത്താവിൽ എനിക്കു ഒരു വാതിൽ തുറക്കപ്പെട്ടപ്പോൾ

൰൩ എന്റെ സഹോദരനായ തീതൊസിനെ കാണാഞ്ഞിട്ടു എനിക്കു ആത്മാവിൽ സ്വസ്ഥതയില്ലായ്കയാൽ ഞാൻ അവരോടു യാത്ര പറഞ്ഞു മക്കെദോന്യെക്കു പുറപ്പെട്ടു.

൰൪ എന്നാൽ ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ടു തന്റെ അറിവിന്റെ വാസനയെ വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്നു സ്തോത്രം.

൰൫ എന്തുകൊണ്ടെന്നാൽ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ഞങ്ങൾ ദൈവത്തിന്നു ക്രിസ്തുവിന്റെ സൌരഭ്യവാസന ആകുന്നു;

൰൬ ഇവൎക്കു മരണത്തിൽനിന്നു മരണത്തിലേക്കുള്ള വാസന, അവൎക്കോ ജീവനിൽനിന്നു ജീവങ്കലേക്കുള്ള വാസന തന്നേ. എന്നാൽ ഇതിന്നു ആർ പ്രാപ്തൻ ആകുന്നു?

൰൭ എന്നാൽ ഞങ്ങൾ ദൈവവചനത്തിൽ കൂട്ടുചേൎക്കുന്ന അനേകരേപോലെ അല്ല, നിൎമ്മലതയിൽനിന്നു എന്നപോലെ, ദൈവത്തിൽനിന്നു എന്നപോലെ ഞങ്ങൾ ദൈവമുമ്പാകെ ക്രിസ്തുവിൽ സംസാരിക്കുന്നു.

൩ാം അദ്ധ്യായം.

ഞങ്ങളെ തന്നേ ഞങ്ങൾ പിന്നെയും ശ്ലാഘിപ്പാൻ തുടങ്ങുന്നുവോ? അല്ല, നിങ്ങൾക്കായിട്ടോ നിങ്ങളിൽ നിന്നോ ശ്ലാഘ്യപത്രങ്ങൾ ചിലരെ പോലെ ഞങ്ങൾക്കും വേണമോ?

൨ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതീട്ടുള്ളതായി എല്ലാ മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നേ ആകുന്നു.

൩ ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പാത്രമായി നിങ്ങൾ വെളി

പ്പെട്ടുന്നവല്ലോ. അതു മഷി കൊണ്ടല്ല, ജീവനുള്ള ദൈവത്തിൻെറ ആത്മാവിനാൽ അത്രെ, കല്പലകകളിൽ അല്ല, ഹൃദയങ്ങളാകുന്ന മാംസപ്പലകകളിൽ തന്നേ എഴുതപ്പെട്ടതു.

൪ ഈ വിധമുള്ള ഉറപ്പു ഞങ്ങൾക്കു ദൈവത്തിങ്കൽ ക്രിസ്തുവിനാൽ ഉണ്ടു.

൫ ഞങ്ങളിൽനിന്നു തന്നേ വരുമ്പോലെ സ്വയമായി വല്ലതും സങ്കല്പിപ്പാൻ ഞങ്ങൾ പ്രാപ്തർ ആകുന്നു എന്നല്ല, ഞങ്ങളുടെ പ്രാപ്തി ദൈവത്തിൽ നിന്നത്രേ.

൬ അവൻ ഞങ്ങളെ പുതുനിയമത്തിൻെറ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി, അക്ഷരത്തിൻെറ അല്ല, ആത്മാവിൻേറതത്രേ; എന്തുകൊണ്ടെന്നാൽ അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു.

൭ എന്നാൽ കല്ലുകളിന്മേൽ അക്ഷരങ്ങളിൽ വരെക്കപ്പെട്ട മരണശുശ്രൂഷ, നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സു നിമിത്തം ഇസ്രയേൽപുത്രന്മാൎക്ക അവൻെറ മുഖത്തു നോക്കിക്കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ

൮ ആത്മാവിൻെറ ശുശ്രൂഷ അധികമായി തേജസ്സുള്ളതാകയില്ലയോ?

൯ ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സിൽ അധികമായി കവിയുന്നു.

൰ അതേ, തേജസ്സാക്കപ്പെട്ടതു ഈ കാൎയ്യത്തിൽ ഈ അതിമഹത്തായ തേജസ്സുനിമിത്തം ഒട്ടും തേജസ്സുള്ളതല്ല.

൰൧ എന്തുകൊണ്ടെന്നാൽ നീക്കം വരുന്നതു തേജസ്സോടെ ആയിരുന്നെങ്കിൽ നിലനില്ക്കുന്നതു എത്ര അധികം തേജസ്സോടെ ഇരിക്കും!

൰൨ ¶ ആകയാൽ ഈ വിധം പ്രത്യാശയുള്ളവരായി ഞങ്ങൾ വളരേ പ്രാഗത്ഭ്യം പ്രയോഗിക്കുന്നു.

൰൩ നീങ്ങിപ്പോകുന്നതിൻെറ അന്തത്തിലേക്കു ഇസ്രയേൽപുത്രന്മാർ നോക്കാതവണ്ണം മോശെ തൻെറ മുഖത്തിന്മേൽ മൂടുപടം ഇട്ടതുപോലെ അല്ല.

൰൪ എന്നാൽ അവരുടെ മനസ്സുകൾ കഠിനപ്പെട്ടുപോയി. പഴയനിയമം വായിക്കപ്പെടുമ്പോഴൊക്കെയും ആ മൂടുപടം എടുക്കപ്പെടാതെ ഇന്നേവരെയും ഇരിക്കുന്നുവല്ലോ; അതു ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു.

൰൫ മോശെ വായിക്കപ്പെടുമ്പോൾ മൂടുപടം അവരുടെ ഹൃദയത്തിന്മേൽ ഇന്നോളം കിടക്കുന്നു.

൰൬ അതു കൎത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം എടുത്തുപോകും താനും.

൰൭ എന്നാൽ കൎത്താവു ആത്മാവു ആകുന്നു; കൎത്താവിൻെറ ആത്മാവു എവിടെയോ അവിടെ സ്വാതന്ത്ര്യം ഉണ്ടു.

൰൮ എന്നാൽ മൂടൽ നീങ്ങിയ മുഖത്തു കൎത്താവിൻെറ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കൎത്താവിങ്കൽനിന്നു എന്നപോലെ തേജസ്സിൽനിന്നു തേജസ്സിലേക്കു ആ പ്രതിമയായി തന്നേ രൂപാന്തരപ്പെടുന്നു.

൪ാം അദ്ധ്യായം.

അതുകൊണ്ടു ഞങ്ങൾക്കു കരുണ ലഭിച്ചു പ്രകാരം ഈ ശുശ്രൂഷ ഉണ്ടാകയാൽ ഞങ്ങൾ അധൈൎയ്യപ്പെടാതെ

൨ ലജ്ജാകരമായ രഹസ്യങ്ങളെ തിരെ വെറുത്തിട്ടു കൌശലത്തിൽ നടക്കാതെയും ദൈവവചനത്തെ മിശ്രമാക്കാതെയും സത്യത്തെ വെളിപ്പെടുത്തുന്നതിനാൽ ദൈമുമ്പാകേ എല്ലാമനുഷ്യരുടെ മനസ്സാക്ഷിക്കും ഞങ്ങളെ തന്നേ രഞ്ജിപ്പിക്കുന്നു.

൩ എന്നാൽ ഞങ്ങളുടെ സുവിശേഷം മൂടിക്കിടക്കുന്നു എങ്കിൽ അതു നശിച്ചുപോകുന്നവൎക്കത്രേ മൂടിക്കിടക്കുന്നു.

൪ ദൈവപ്രതിമയാകുന്ന ക്രിസ്തുവിൻെറ തേജസ്സുള്ള സുവിശേഷത്തിൻെറ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിൻെറ ദൈവം അവിശ്വാസികളുടെ മനസ്സുകളെ കുരുടാക്കി.

൫ ഞങ്ങളെ തന്നേ അല്ലല്ലോ ഞങ്ങൾ പ്രസംഗിക്കുന്നതു, ക്രിസ്തുയേശുവിനെ കൎത്താവു എന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങൾക്കു ദാസന്മാർ എന്നും അത്രേ.

൬ എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനി
ന്നു വെളിച്ചം പ്രകാശിക്കേണം എന്നു അ
രുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ
മുഖത്തിലുള്ള ദൈവതേജസ്സിന്റെ അറി
വിനെ വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ
ഹൃദയങ്ങളിൽ പ്രകാശിച്ചവൻ തന്നേ.

൭ ¶ എങ്കിലും ഈ അത്യന്തശക്തി ഞ
ങ്ങളിൽനിന്നല്ല, ദൈവത്തിന്റേതു എ
ന്നു ആകേണ്ടതിന്നു ഈ നിക്ഷേപം ഞ
ങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉ
ള്ളതു.

൮ ഞങ്ങൾ എല്ലാവിധത്തിലും സങ്കട
പ്പെടുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്ന
വരല്ല, ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാ
ശപ്പെടുന്നവരല്ല;

൯ ഉപദ്രവിക്കപ്പെടുന്നവർ എങ്കിലും
കൈവിടപ്പെടുന്നവരല്ല; തള്ളിയിടപ്പെടു
ന്നവർ എങ്കിലും നശിച്ചുപോകുന്നവ
രല്ല;

൰ എപ്പോഴും യേശുവിന്റെ മരിപ്പി
നെ ശരീരത്തിൽ വഹിച്ചിരിക്കുന്നവര
ത്രേ. യേശുവിന്റെ ജീവനും ഞങ്ങളുടെ
ശരീരത്തിൽ വെളിപ്പെടേണ്ടതിന്നു ത
ന്നേ.

൰൧ എന്തുകൊണ്ടെന്നാൽ ജീവിച്ചിരി
പ്പോളം ഞങ്ങൾ എല്ലായ്പോഴും യേശുവി
ന്റെ നിമിത്തം മരണത്തിലേക്കു ഏല്പി
ക്കപ്പെടുന്നു; ഞങ്ങളുടെ മൎത്യജഡത്തിൽ
യേശുവിന്റെ ജീവനും വെളിപ്പെടേണ്ട
തിന്നു തന്നേ.

൰൨ ആകയാൽ ഞങ്ങളിൽ മരണവും
നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു.

൰൩ എന്നാൽ ഞാൻ വിശ്വസിച്ചു,
അതുകൊണ്ടു ഞാൻ സംസാരിച്ചു എന്നു
എഴുതിയിരിക്കുന്നപ്രകാരം വിശ്വാസ
ത്തിന്റെ ആ ആത്മാവു തന്നേ ഞങ്ങൾ
ക്കുള്ളതുകൊണ്ടു ഞങ്ങളും വിശ്വസിക്കുന്നു
അതുകൊണ്ടു സംസാരിക്കയും ചെയ്യുന്നു.

൰൪ കൎത്താവായ യേശുവിനെ ഉയി
ൎപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂ
ടെ ഉയിൎപ്പിച്ചു നിങ്ങളോടുകൂടെ മുൻനി
രുത്തും എന്നു അറിഞ്ഞിട്ടു തന്നേ.

൰൫ കൃപ സമൃദ്ധിയായ്വന്നിട്ടു ദൈവ
ത്തിന്റെ മഹിമെക്കായി സ്തോത്രം വൎദ്ധി
പ്പിക്കേണ്ടതിന്നു സകലവും നിങ്ങൾ നി
മിത്തമല്ലോ ആകുന്നു.

൰൬ ¶ അതുകൊണ്ടു ഞങ്ങൾ അ
ധൈൎയ്യപ്പെടാതെ ഞങ്ങളുടെ പുറത്തേ മ
നുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞ
ങ്ങളുടെ അകമേയുള്ളവൻ നാളിൽ നാളി
ൽ പുതുക്കപ്പെടുന്നു.

൰൭ എന്തുകൊണ്ടെന്നാൽ ഈ നൊടി
നേരത്തേക്കുള്ള ഞങ്ങളുടെ ലഘുസങ്കടം
അത്യന്തം അനവധിയായിട്ടു തേജസ്സി
ന്റെ നിത്യഘനത്തെ ഞങ്ങൾക്കു സമ്പാദി
ക്കുന്നു.

൰൮ കാണുന്നവയെ അല്ല, കാണാ
ത്തവയെ അത്രേ ഞങ്ങൾ നോക്കിപ്പാൎക്കു
ന്നു; എന്തുകൊണ്ടെന്നാൽ കാണുന്നവ
താല്ക്കാലികം, കാണാത്തവയോ നിത്യം
തന്നേ.

൫ാം അദ്ധ്യായം.

എന്തുകൊണ്ടെന്നാൽ കൂടാരമാകുന്ന
ഞങ്ങളുടെ ഭൌമഭവനം അഴിഞ്ഞുപോ
യാൽ കൈപ്പണിയല്ലാത്ത നിത്യഭവന
മായി ദൈവത്തിങ്കൽനിന്നു ഒരു കെട്ടി
ടം ഞങ്ങൾക്കു സ്വൎഗ്ഗത്തിൽ ഉണ്ടെന്നു അ
റിയുന്നു.

൨ ഞങ്ങൾ ഈ കൂടാരത്തിൽ ഞരങ്ങി
ക്കൊണ്ടു സ്വൎഗ്ഗത്തിൽനിന്നുള്ള ഞങ്ങളുടെ
പാൎപ്പിടത്തെ മീതെ ധരിപ്പാൻ വാഞ്ഛി
ക്കുന്നു.

൩ അതോ ഞങ്ങൾ നഗ്നരായിട്ടു അ
ല്ല ഉടുത്തവരായി കാണപ്പെടുന്നു എന്നു
വരികിൽ തന്നേ.

൪ ഞങ്ങൾ ഉരിയപ്പെടുവാനല്ല മൎത്യ
മായതു ജീവനാൽ വിഴുങ്ങപ്പെടേണ്ടതി
ന്നായി മീതെ ഉടുപ്പാൻ ഇച്ഛിക്കയാൽ ഈ
കൂടാരത്തിൽ ഇരിക്കുന്നവരായ ഞങ്ങൾ
ഭാരപ്പെട്ടു ഞരങ്ങുന്നു.

൫ അതിന്നായി തന്നേ ഞങ്ങളെ ഒരു
ക്കിയതു ആത്മാവിനെ അച്ചാരമായി ത
ന്നിരിക്കുന്ന ദൈവം ആകുന്നു.

൬ ആകയാൽ ഞങ്ങൾ എല്ലായ്പോഴും
ധൈൎയ്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോ
ൾ ഒക്കെയും കൎത്താവിൽനിന്നു ഞങ്ങൾ

നിശ്വാസികൾ ആയിരിക്കുന്നു എന്നു അ
റിഞ്ഞുംകൊണ്ടു
൭ —കാഴ്ചയാൽ അല്ല വിശ്വാസത്താ
ലല്ലോ ഞങ്ങൾ നടക്കുന്നു—
൮ ഇങ്ങനെ ധൈൎയ്യപ്പെട്ടു ഞങ്ങൾ ശ
രീരത്തിൽനിന്നു നിൎവ്വസിപ്പാനും കൎത്താ
വിനോടുകൂടെ വസിപ്പാനും അധികം ഇ
ഷ്ടപ്പെടുന്നു.
൯ അതുകൊണ്ടു നിവസിക്കിലും നിൎവ്വ
സിക്കിലും അവനെ പ്രസാദിപ്പിക്കുന്നവ
ർ ആകുവാൻ ഞങ്ങൾ അഭിമാനിക്കുന്നു.
൧൦ എന്തുകൊണ്ടെന്നാൽ അവനവൻ
ശരീരംകൊണ്ടു ചെയ്തതു നല്ലതാകിലും
തീയതാകിലും അതിന്നു തക്കവണ്ണം പ്രാ
പിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തു
വിന്റെ ന്യായാസനത്തിന്റെ മുമ്പാകേ
വെളിപ്പെടേണ്ടതാകുന്നു.
൧൧ ¶ ആകയാൽ കൎത്താവിന്റെ ഭ
യത്തെ അറിഞ്ഞിട്ടു ഞങ്ങൾ മനുഷ്യരെ
സമ്മതിപ്പിക്കുന്നു. എന്നാൽ ദൈവത്തി
ന്നു ഞങ്ങൾ വെളിപ്പെട്ടിരിക്കുന്നു; നിങ്ങ
ളുടെ മനസ്സാക്ഷികളിലും വെളിപ്പെട്ടിരി
ക്കുന്നു എന്നു ഞാൻ ആശിക്കുന്നു.
൧൨ ഞങ്ങളെ തന്നേ പിന്നെയും നി
ങ്ങളോടു ശ്ലാഘിക്കുന്നില്ല, ഞങ്ങൾ നിമി
ത്തം പ്രശംസിപ്പാൻ നിങ്ങൾക്കു ഇട തരി
കയത്രേ ചെയ്യുന്നതു; ഹൃദയത്തിൽ അ
ല്ല, മുഖത്തു പ്രശംസിക്കുന്നവരോടു ഉത്ത
രം പറവാൻ നിങ്ങൾക്കു വക ഉണ്ടാകേ
ണ്ടതിന്നു തന്നേ.
൧൩ ഞങ്ങൾ നിർബ്ബോധന്മാർ എന്നുവ
രികിൽ ദൈവത്തിന്നും സുബോധികൾ
എന്നു വരികിൽ നിങ്ങൾക്കും ആകുന്നു.
൧൪ എന്തുകൊണ്ടെന്നാൽ ക്രിസ്തുവി
ന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു;
അതോ എല്ലാവൎക്കും വേണ്ടി ഒരുവൻ മരി
ച്ചിരിക്കേ എല്ലാവരും മരിച്ചു എന്നും
൧൫ അവൻ എല്ലാവൎക്കുംവേണ്ടി മരി
ച്ചതു ജീവിക്കുന്നവർ ഇനി തങ്ങൾക്കായി
ട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയിൎത്തവ
ന്നായിട്ടു ജീവിക്കേണ്ടതിന്നത്രേ എന്നും
ഞങ്ങൾ നിൎണ്ണയിച്ചിരിക്കയാൽ തന്നേ.
൧൬ ആകയാൽ ഞങ്ങൾ ഇന്നുമുതൽ
ആരെയും ജഡപ്രകാരം അറിയുന്നില്ല;
ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എ
ങ്കിലും ഇനിമേൽ അറിയുന്നില്ല.
൧൭ അതുകൊണ്ടു ഒരുത്തൻ ക്രിസ്തുവി
ലായാൽ അവൻ പുതിയ സൃഷ്ടി ആകു
ന്നു; പഴയവ കഴിഞ്ഞുപോയി, ഇതാ അ
വ പുതുതായി തീൎന്നു.
൧൮ ഇതു എല്ലാം ദൈവത്തിൽനിന്ന
ത്രേ, അവൻ നമ്മെ ക്രിസ്തുമൂലം തന്നോ
ടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷയെ
ഞങ്ങൾക്കു തന്നു.
൧൯ എങ്ങനെയെന്നാൽ ദൈവം ലോ
കത്തിന്നു അവരുടെ പിഴകളെ കണക്കി
ടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു
നിരപ്പിക്കയും നിരപ്പിന്റെ വചനത്തെ
ഞങ്ങളുടെ പക്കൽ ഭരമേല്പിക്കയും ചെയ്തു.
൨൦ ¶ ആകയാൽ ദൈവം ഞങ്ങൾ മു
ഖേന അപേക്ഷിക്കുന്നതു പോലെ ഞ
ങ്ങൾ ക്രിസ്തുവിന്നുവേണ്ടി സ്ഥാനാപതി
കൾ ആകുന്നു; ദൈവത്തോടു നിരന്നു
കൊൾവിൻ എന്നു ഞങ്ങൾ ക്രിസ്തുവിന്നു
പകരം യാചിക്കുന്നു.
൨൧ പാപത്തെ അറിയാത്തവനെ,
നാം അവനിൽ ദൈവത്തിന്റെ നീതി
ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി
പാപം ആക്കി.

൬ാം അദ്ധ്യായം.

നിങ്ങൾ ദൈവത്തിന്റെ കൃപയെ വ്യ
ൎത്ഥമായി അംഗീകരിക്കരുതു എന്നു ഞങ്ങ
ൾ അവന്റെ കൂട്ടുപ്രവൃത്തിക്കാരായി നി
ങ്ങളെ പ്രബോധിപ്പിക്കുന്നു.
൨ എന്തുകൊണ്ടെന്നാൽ: പ്രസാദകാ
ലത്തിൽ ഞാൻ നിന്നെ ചെവിക്കൊണ്ടു,
രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹാ
യിച്ചു എന്നു അവൻ പറയുന്നുണ്ടല്ലോ.
ഇതാ, ഇപ്പോൾ സുപ്രസാദകാലം; ഇതാ,
ഇപ്പോൾ രക്ഷാദിവസം.
൩ ശുശ്രൂഷ ആക്ഷേപിക്കപ്പെടാതിരി
ക്കേണ്ടതിന്നു ഞങ്ങൾ ഒന്നിലും തടങ്ങലി
ന്നു ഹേതു കൊടുക്കാതെ
൪ സകലത്തിലും ഞങ്ങളെ തന്നേ
ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാ
ണിക്കുന്നു; ബഹു ക്ഷമയിലും ഉപദ്രവങ്ങ
ളിലും ബുദ്ധിമുട്ടുകളിലും ഞെരുക്കങ്ങളിലും

൫ തല്ലുകളിലും തടവുകളിലും കലഹങ്ങളിലും അദ്ധ്വാനങ്ങളിലും ഉറക്കിളെപ്പുകളിലും പട്ടിണികളിലും

൬ നിൎമ്മലതയിലും അറിവിലും ദീൎഘക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിൎവ്യാജസ്നേഹത്തിലും,

൭ സത്യത്തിന്റെ വചനത്തിലും ദൈവശക്തിയിലും ഇടത്തും വലത്തും നീതിയുടെ ആയുധങ്ങളാലും,

൮ മാനാപമാനങ്ങളിൽ കൂടിയും ദുഷ്കീൎത്തിസൽകീൎത്തികളിൽ കൂടിയും ചതിയന്മാരെന്നിട്ടും സത്യവാന്മാർ,

൯ അറിയപ്പെടാത്തവരെന്നിട്ടും നല്ലവണ്ണം അറിയപ്പെട്ടവർ, ചാകുന്നവരെന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു, ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ,

൰ ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ, ദരിദ്രരെങ്കിലും പലരെയും സമ്പന്നർ ആക്കുന്നവർ, ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവരായി തന്നേ.

൰൧ ¶ അല്ലയോ കൊരിന്ത്യരേ, ഞങ്ങളുടെ വായി നിങ്ങളോടു തുറന്നിരിക്കുന്നു; ഞങ്ങളുടെ ഹൃദയം വിശാലമായിരിക്കുന്നു.

൰൨ ഞങ്ങളുടെ ഉള്ളിൽ നിങ്ങൾക്കു ഇടുക്കമില്ല, നിങ്ങളുടെ ഹൃദയങ്ങളിൽ അത്രേ ഇടുക്കമുള്ളു.

൰൩ ആകയാൽ ഇതിന്നു പ്രതിഫലമായി നിങ്ങളും വിശാലതപ്പെട്ടിരിപ്പിൻ എന്നു ഞാൻ മക്കളോടു എന്നപോലെ പറയുന്നു.

൰൪ ¶ നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുതു; നീതിക്കും അധൎമ്മത്തിന്നും എന്തോരു ചേൎച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ?

൰൫ ക്രിസ്തുവിന്നു ബലിയാലിനോടു എന്തു മേളനം? അല്ല, വിശ്വാസിക്കു അവിശ്വാസിയോടു എന്തു ഓഹരി?

൰൬ ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ ആകുന്നു. ഞാൻ അവരിൽ കുടിയിരിക്കയും അവരിൽ നടക്കയും ചെയ്യും; ഞാൻ അവൎക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം പറഞ്ഞപ്രകാരം തന്നേ.

൰൭ അതുകൊണ്ടു അവരുടെ ഇടയിൽനിന്നു പുറപ്പെട്ടു വേൎപ്പെട്ടിരിപ്പിൻ എന്നു കൎത്താവു പറയുന്നു; അശുദ്ധമായതിനെ തൊടുകയുമരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു

൰൮ നിങ്ങൾക്കു പിതാവാകും; നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആകും എന്നു സൎവ്വശക്തനായ കൎത്താവു അരുളിച്ചെയ്യുന്നു.

൭ാം അദ്ധ്യായം.

ആകയാൽ പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു ജഡത്തിലേയും ആത്മാവിലേയും സകല കന്മഷത്തിൽനിന്നും നമ്മെ നാം വെടിപ്പാക്കി വിശുദ്ധിയെ ദൈവഭയത്തിൽ തികെച്ചുകൊൾക.

൨ ¶ നിങ്ങളുടെ ഉള്ളിൽ ഞങ്ങൾക്കു ഇടം തരുവിൻ; ഞങ്ങൾ ആരോടും അന്യായം ചെയ്തിട്ടില്ല, ആരെയും കെടുത്തിട്ടില്ല, ആരോടും ഒന്നും വഞ്ചിച്ചെടുത്തിട്ടില്ല.

൩ കുററവിധിക്കായിട്ടല്ല ഞാൻ പറയുന്നതു; ഒരുമിച്ചു മരിപ്പാനും ഒരുമിച്ചു ജീവിപ്പാനും നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ ഇരിക്കുന്നു എന്നു ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ.

൪ നിങ്ങളോടു എനിക്കുള്ള പ്രാഗത്ഭ്യം വലിയതു; നിങ്ങളെ കുറിച്ചുള്ള എന്റെ പ്രശംസ വലിയതു; ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു; ഞങ്ങളുടെ എല്ലാ ഉപദ്രവത്തിലും സന്തോഷം എനിക്കു അതിയായി കവിഞ്ഞിരിക്കുന്നു.

൫ ¶ എന്തുകൊണ്ടെന്നാൽ മക്കെദോന്യയിൽ വന്നശേഷവും ഞങ്ങളുടെ ജഡത്തിന്നു ഒട്ടും സുഖമല്ല എല്ലാവിധത്തിലും സങ്കടമത്രേ ഉണ്ടായതു; പുറത്തു യുദ്ധങ്ങൾ, അകത്തു ഭയങ്ങൾ.

൬ എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം തീതൊസി

ന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു.

൭ അവന്റെ വരവിനാൽ മാത്രമല്ല, അവൻ നിങ്ങളെ കൊണ്ടു ആശ്വസിച്ച ആശ്വാസത്താലും കൂടെ; നിങ്ങളുടെ വാഞ്ഛയും നിങ്ങളുടെ വിലാപവും എനിക്കായിക്കൊണ്ടു നിങ്ങളുടെ എരിവും ഞങ്ങളോടു അറിയിക്കയിൽ തന്നേ. അതുകൊണ്ടു ഞാൻ അധികമായി സന്തോഷിച്ചു.

൮ എന്തുകൊണ്ടെന്നാൽ ഞാൻ ലേഖനത്താൽ നിങ്ങളെ ദുഃഖിപ്പിച്ചു എങ്കിൽ ഞാൻ അനുതപിച്ചു എന്നു വരികിലും അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറയനേരത്തേക്കെങ്കിലും ദുഃഖിപ്പിച്ചു എന്നു കാണുന്നുണ്ടല്ലോ.

൯ ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖപ്പെട്ടതുകൊണ്ടല്ല, മാനസാന്തരത്തിന്നായി ദുഃഖപ്പെട്ടതിനാൽ അത്രേ; നിങ്ങൾക്കു ഞങ്ങളാൽ ഒന്നിലും ചേതം വരാതവണ്ണം ദൈവപ്രകാരമല്ലോ നിങ്ങൾ ദുഃഖപ്പെട്ടതു.

൰ ദൈവപ്രകാരമുള്ള ദുഃഖം അനുതാപം വരാതുള്ളോരു മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു.

൰൧ ഇതാ ദൈവപ്രകാരം നിങ്ങൾക്കു ഉണ്ടായ ഈ ദുഃഖം തന്നേ എത്ര ഉത്സാഹത്തെയും, അല്ല, എത്ര പ്രതിവാദത്തെയും, അല്ല, എത്ര നീരസത്തെയും, അല്ല, എത്ര ഭയത്തെയും, അല്ല, എത്ര വാഞ്ഛയെയും, അല്ല, എത്ര എരിവിനെയും, അല്ല, എത്ര പ്രതികാരത്തെയും നിങ്ങൾക്കു ഉളവാക്കി; ഈ കാൎയ്യത്തിൽ നിങ്ങൾ നിൎമ്മലന്മാർ എന്നു എല്ലാവിധത്തിലും കാണിച്ചിരിക്കുന്നു.

൰൨ ആകയാൽ ഞാൻ നിങ്ങൾക്കു എഴുതിയതു അന്യായം ചെയ്തവൻ നിമിത്തം അല്ല, അന്യായം അനുഭവിച്ചവൻ നിമിത്തവുമല്ല, ഞങ്ങൾക്കു വേണ്ടിയുള്ള നിങ്ങളുടെ ഉത്സാഹം ദൈവമുമ്പാകേ നിങ്ങളുടെ ഇടയിൽ വെളിപ്പെടേണ്ടതിന്നു തന്നേ.

൰൩ അതുകൊണ്ടു ഞങ്ങൾ ആശ്വാസപ്പെട്ടിരിക്കുന്നു; വിശേഷിച്ചു തീതൊസിന്റെ ആത്മാവിന്നു നിങ്ങളെല്ലാവരാലും തണുപ്പു വന്നതുകൊണ്ടു അവന്നുണ്ടായ സന്തോഷം നിമിത്തം ഞങ്ങളുടെ ആശ്വാസത്തിൽ ഞങ്ങൾ എത്രയും അധികം സന്തോഷിക്കയും ചെയ്തു.

൰൪ എന്തുകൊണ്ടെന്നാൽ അവനോടു ഞാൻ നിങ്ങളെ കുറിച്ചു വല്ലതും പ്രശംസിച്ചിട്ടുണ്ടെങ്കിൽ ലജ്ജിച്ചിട്ടില്ല; ഞങ്ങൾ നിങ്ങളോടു സകലവും സത്യത്തിൽ പറഞ്ഞപ്രകാരം തന്നേ തീതൊസിനോടു ഞങ്ങൾ പ്രശംസിച്ചതും സത്യമായി വന്നു.

൰൫ അവനെ ഭയത്തോടും വിറയലോടും കൈക്കൊണ്ടപ്രകാരം നിങ്ങളെല്ലാവരുടെയും അനുസരണത്തെ അവൻ ഓൎക്കുമ്പോൾ അവന്റെ ഉൾക്കരൾ നിങ്ങളോടു ഏററം അധികമായി പററുന്നു.

൰൬ നിങ്ങളെ സംബന്ധിച്ചു ഞാൻ എല്ലാ കാൎയ്യത്തിലും ധൈൎയ്യപ്പെടുന്നതിനാൽ സന്തോഷിക്കുന്നു.

൮ാം അദ്ധ്യായം.

പിന്നെ സഹോദരന്മാരേ, മക്കെദോന്യയിലെ സഭകളിൽ നല്കപ്പെട്ട ദൈവകൃപയെ ഞങ്ങൾ നിങ്ങളോടു അറിയിക്കുന്നു.

൨ ഞെരുക്കത്തിന്റെ ബഹുശോധനയിൽ അവരുടെ സന്തോഷത്തിന്റെ സമൃദ്ധിയും അഗാധമായ ദാരിദ്ര്യവും അവരുടെ ഔദാൎയ്യതയുടെ ധനത്തിന്നായിട്ടു അത്യന്തം സഫലമായി എന്നുള്ളതു തന്നേ.

൩ എങ്ങനെയെന്നാൽ വിശുദ്ധന്മാൎക്കുള്ള ശുശ്രൂഷയിലേ കൃപയെയും കൂട്ടായ്മയെയും സംബന്ധിച്ചു അവർ വളരെ അപേക്ഷയോടെ ഞങ്ങളോടു യാചിച്ചുകൊണ്ടു

൪ കഴിവു പോലെയും കഴിവിന്നു മീതെയും സ്വമേധയാൽ കൊടുത്തു എന്നതിന്നു ഞാൻ സാക്ഷി.

൫ അതും ഞങ്ങൾ ആശിച്ചിരുന്നപ്രകാരമല്ല; അവർ മുമ്പേ തങ്ങളെ തന്നേ കൎത്താവിന്നും ദൈവേഷ്ടത്താൽ ഞങ്ങൾക്കും ഏല്പിച്ചു.

൬ അതുകൊണ്ടു തീതൊസ് മുന്തുടങ്ങിയപ്രകാരം തന്നേ നിങ്ങളിൽ ഈ കൃപയെ തികെക്കയും വേണം എന്നു ഞങ്ങൾ അവനെ പ്രബോധിപ്പിച്ചു.

൭ എന്നാൽ വിശ്വാസം, വചനം, അറിവു, സകല ഉത്സാഹം, ഞങ്ങളോടു നിങ്ങൾക്കുള്ള സ്നേഹം, ഇങ്ങനെ എല്ലാവററിലും നിങ്ങൾ വൎദ്ധിക്കുന്നതുപോലെ ഈ കൃപയിലും വൎദ്ധിപ്പിൻ.

൮ ഞാൻ നിയോഗമായിട്ടല്ല പറയുന്നതു, മററുള്ളവരുടെ ഉത്സാഹംകൊണ്ടു നിങ്ങളുടെ സ്നേഹത്തിന്റെ പരമാൎത്ഥതയെയും ശോധന ചെയ്യേണ്ടതിന്നത്രേ.

൯ നമ്മുടെ കൎത്താവായ യേശു ക്രിസ്തു സമ്പന്നൻ എങ്കിലും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായി തീൎന്ന കൃപയെ നിങ്ങൾ അറിയുന്നുവല്ലോ.

൧൦ ഇതിൽ ഞാൻ എന്റെ അഭിപ്രായം പറഞ്ഞുതരുന്നു; ചെയ്വാൻ മാത്രമല്ല, താല്പൎയ്യപ്പെടുവാനും കൂടെ ഒരു ആണ്ടു മുമ്പേ ആദ്യമായി ആരംഭിച്ചവരായ നിങ്ങൾക്കു ഇതു ഉപകരിക്കുന്നതല്ലോ.

൧൧ എന്നാൽ താല്പൎയ്യപ്പെടുവാൻ മനസ്സൊരുക്കം ഉണ്ടായതുപോലെ തന്നേ നിങ്ങൾക്കുള്ളതിൽനിന്നു ഒരു നിവൃത്തിയും ഉണ്ടാകേണ്ടതിന്നു ഇപ്പോൾ ചെയ്തു എന്നതും കൂടെ നിവൃത്തിപ്പിൻ.

൧൨ എന്തുകൊണ്ടെന്നാൽ മനസ്സൊരുക്കം ഉണ്ടെങ്കിൽ അതു പ്രസാദം വരുത്തുന്നു; ഒരുത്തന്നു ഇല്ലാത്തതിന്നു തക്കവണ്ണമല്ല ഉള്ളതിന്നു തക്കവണ്ണം അത്രേ.

൧൩ മററുള്ളവൎക്കു ഭാരക്കുറവും നിങ്ങൾക്കു ഞെരുക്കവും ആകേണ്ടതിന്നല്ല സമത്വം നിമിത്തമത്രേ.

൧൪ സമത്വം ഉണ്ടാകുവാൻ തക്കവണ്ണം അവരുടെ മികവു നിങ്ങളുടെ കുറവിന്നു ഉതകേണ്ടതിന്നു ഇക്കാലം നിങ്ങൾക്കുള്ള മികവു അവരുടെ കുറവിന്നു ഉതകട്ടെ.

൧൫ വളരെ ചേൎത്തവന്നു ഏറിപ്പോയില്ല കുറേ ചേൎത്തവന്നു കുറഞ്ഞതുമില്ല എന്നു എഴുതിയിരിക്കുന്നപ്രകാരംതന്നേ.

൧൬ ¶ എന്നാൽ നിങ്ങൾക്കു വേണ്ടി തീതൊസിന്റെ ഹൃദയത്തിലും ഈ ഉത്സാഹത്തെ നല്കിയ ദൈവത്തിന്നു സ്തോത്രം.

൧൭ അവൻ പ്രബോധനത്തെ കൈക്കൊണ്ടതുമല്ലാതെ അത്യുത്സാഹിയാകയാൽ സ്വമേധയായി നിങ്ങളുടെ അടുക്കലേക്കു പുറപ്പെട്ടു.

൧൮ ഞങ്ങൾ അവനോടുകൂടെ ഒരു സഹോദരനെയും അയച്ചിരിക്കുന്നു; അവൻ സുവിശേഷസംബന്ധമായി എല്ലാ സഭകളിലും പുകഴ്ചയുള്ളവനാകുന്നു.

൧൯ അത്രയുമല്ല കൎത്താവിന്റെ മഹത്വത്തിന്നായും നമ്മുടെ മനസ്സൊരുക്കത്തെ കാണിപ്പാനും ഞങ്ങളുടെ ശുശ്രൂഷയാൽ നടക്കുന്ന ഈ കൃപയുടെ കാൎയ്യത്തിൽ അവൻ ഞങ്ങൾക്കു കൂട്ടുയാത്രക്കാരനായി സഭകളാൽ തെരിഞ്ഞെടുക്കപ്പെട്ടവനും ആകുന്നു.

൨൦ ഞങ്ങളാൽ ശുശ്രൂഷിക്കപ്പെടുന്ന ഈ ധാരാളതയുടെ കാൎയ്യത്തിൽ ആരും ഞങ്ങളെ അപവാദം പറയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ടു

൨൧ ഞങ്ങൾ കൎത്താവിന്റെ മുമ്പാകേ മാത്രമല്ല മനുഷ്യരുടെ മുമ്പാകേയും ഭംഗിയായുള്ളവയെ മുൻകരുതുന്നു.

൨൨ ഞങ്ങൾ പലതിലും പലപ്പോഴും ശോധന ചെയ്തു ഉത്സാഹിയായി കണ്ടും ഇപ്പോഴോ തനിക്കു നിങ്ങളെക്കുറിച്ചു ഉറപ്പു പെരുകുകയാൽ ഏററമധികം ഉത്സാഹിയായുമിരിക്കുന്ന ഞങ്ങളുടെ സഹോദരനെയും അവരോടുകൂടെ അയച്ചിരിക്കുന്നു.

൨൩ തീതൊസോ എനിക്കു കൂട്ടാളിയും നിങ്ങൾക്കായിട്ടു കൂട്ടുവേലക്കാരനും ആകുന്നു; ഞങ്ങളുടെ സഹോദരന്മാരോ സഭകളുടെ അപ്പൊസ്തലന്മാരും ക്രിസ്തുവിന്റെ മഹത്വവും തന്നേ.

൨൪ ആകയാൽ നിങ്ങളുടെ സ്നേഹത്തിന്നും നിങ്ങളെ ചൊല്ലി ഞങ്ങൾക്കുള്ള പ്രശംസെക്കും ഒത്ത ദൃഷ്ടാന്തത്തെ സഭകളുടെ മുമ്പാകേ അവൎക്കു കാണിച്ചുകൊടുപ്പിൻ.

൯ാം അദ്ധ്യായം.

വിശുദ്ധന്മാൎക്ക വേണ്ടിയുള്ള ശുശ്രൂഷയെ
കുറിച്ച നിങ്ങൾക്ക എഴുതുവാൻ എനിക്ക
ആവശ്യമില്ലല്ലൊ.
൨ എന്തുകൊണ്ടെന്നാൽ അഖായ കീ
ഴാണ്ട മുതൽ ഒരുങ്ങിയിരിക്കുന്നു എന്നു
ഞാൻ നിങ്ങളെ കുറിച്ച മക്കെദൊന്യരോ
ട പ്രശംസിക്കുന്നതായ നിങ്ങളുടെ മന
സ്സൊരുക്കം ഞാൻ അറിയുന്നു; നിങ്ങളുടെ
എരിവ മിക്കവരെയും ഉത്സാഹിപ്പിച്ചുമി
രിക്കുന്നു.
൩ നിങ്ങളെ കുറിച്ചുള്ള ഞങ്ങളുടെ
പ്രശംസ ഈ സംഗതിയിൽ വ്യൎത്ഥമാകാ
തെ ഞാൻ പറഞ്ഞപ്രകാരം നിങ്ങൾ ഒരു
ങ്ങിയിരിക്കേണ്ടതിന്നു തന്നെ ഞാൻ സ
ഹോദരന്മാരെ അയച്ചു.
൪ അല്ലായ്കിൽ പക്ഷെ മക്കെദൊന്യർ
എന്നോടുകൂടെ വരികയും നിങ്ങളെ ഒ
രുങ്ങാത്തവരായി കാണുകയും ചെയ്താൽ
നിങ്ങൾ എന്നു പറയുന്നില്ല ഞങ്ങൾ ത
ന്നെ ഈ അതിനിശ്ചയത്തിൽ ലജ്ജിച്ചു
പോകുമല്ലൊ.
൫ ആകയാൽ സഹോദരന്മാർ അ
ങ്ങോട്ടു മുമ്പുകൂട്ടി വരികയും നിങ്ങൾ മു
മ്പു വാഗ്ദത്തം ചെയ്ത അനുഗ്രഹം പിശു
ക്കായിട്ടല്ല അനുഗ്രഹമായിട്ടു തന്നെ ഇരി
പ്പാൻ തക്കവണ്ണം മുമ്പുകൂട്ടി ഒരുക്കി വെക്ക
യും ചെയ്യേണ്ടതിന്നു അവരോട അപേ
ക്ഷിപ്പാൻ ആവശ്യം എന്നു ഞങ്ങൾക്ക
തോന്നി.
൬ ¶ എന്നാൽ ലോഭത്തോടെ വിതെ
ക്കുന്നവൻ ലോഭത്തോടെ കൊയ്യും; ഔ
ദാൎയ്യത്തോടെ വിതെക്കുന്നവൻ ഔദാൎയ്യ
ത്തോടെ കൊയ്യും എന്നു അറിവിൻ.
൭ അവനവൻ ഹൃദയത്തിൽ നിശ്ചയി
ക്കുന്നതുപോലെ ആകട്ടെ. സങ്കടത്തോ
ടെ അല്ല, നിൎബ്ബന്ധത്താലുമല്ല; സന്തോ
ഷത്തോടെ കൊടുക്കുന്നവനെ അല്ലൊ
ദൈവം സ്നേഹിക്കുന്നു.
൮ നിങ്ങൾ സകലത്തിലും എപ്പോഴും
എല്ലാ തൃപ്തിയുമുള്ളവരായി സകല സൽ
പ്രവൃത്തിയിലും പെരുകിവരുമാറു നിങ്ങ
ളിൽ എല്ലാ കൃപയെയും പെരുക്കുവാൻ
ദൈവം ശക്തൻ ആകുന്നു.
൯ അവൻ വാരി വിതറി എളിയവ
ൎക്ക കൊടുത്തു, അവന്റെ നീതി എന്നേ
ക്കും നില്ക്കുന്നു എന്നു എഴുതിയിരിക്കുന്ന
പ്രകാരം തന്നെ.
൰ എന്നാൽ വിതെക്കുന്നവന്നു വി
ത്തും ഭക്ഷണത്തിന്നു അപ്പവും ഏകുന്നവ
ൻ നിങ്ങളുടെ വിതയെയും ഏകി പൊ
ലിപ്പിക്കയും നിങ്ങളുടെ നീതിയുടെ വിളു
വിനെ വൎദ്ധിപ്പിക്കയും ചെയ്യും.
൰൧ ഇങ്ങനെ ദൈവത്തിന്നു നമ്മാൽ
സ്തോത്രത്തെ സമ്പാദിക്കുന്ന എല്ലാ ഔദാ
ൎയ്യത്തിന്നും നിങ്ങൾ സകലത്തിലും സമ്പ
ന്നന്മാർ ആകും,
൰൨ എങ്ങനെയെന്നാൽ: ഈ സേവ
യിലെ ശുശ്രൂഷ വിശുദ്ധന്മാരുടെ കുറവു
കളെ നികത്തുന്നതു മാത്രമല്ല, ദൈവ
ത്തിന്നുണ്ടാകുന്ന അനേകസ്തോത്രങ്ങളാൽ
സമൃദ്ധിയായ്വരുന്നതും ആകുന്നു.
൰൩ ഈ ശുശ്രൂഷയാൽ തെളിയുന്ന
സിദ്ധത ഹേതുവായിട്ടു അവർ ക്രിസ്തുവി
ന്റെ സുവിശേഷത്തെ നിങ്ങൾ സ്വീകരി
ച്ചതിന്റെ അനുസരണം നിമിത്തവും
അവരോടും എല്ലാവരോടും നിങ്ങൾക്കുള്ള
കൂട്ടായ്മയുടെ ഔദാൎയ്യം നിമിത്തവും ദൈ
വത്തെ മഹത്വപ്പെടുത്തും.
൰൪ നിങ്ങളിൽ അതിമഹത്തായ ദൈ
വകൃപ നിമിത്തം അവർ നിങ്ങൾക്കായി
വാഞ്ഛിച്ചുകൊണ്ടു നിങ്ങൾക്ക വേണ്ടി
പ്രാൎത്ഥിക്കയും ചെയ്യും.
൰൫ തന്റെ പറഞ്ഞുതീരാത്ത ദാന
ത്തിന്നായി ദൈവത്തിന്നു സ്തോത്രം.

൰ാം അദ്ധ്യായം.

നിങ്ങളുടെ സമക്ഷത്തു താഴ്മയുള്ളവൻ
എന്നും അകലത്തിരിക്കെ നിങ്ങളോടു
ധൈൎയ്യപ്പെടുന്നവൻ എന്നുമുള്ള പൌ
ലൊസാകുന്ന ഞാൻ തന്നെ ക്രിസ്തുവി
ന്റെ സൌമ്യതയും ശാന്തതയുംകൊണ്ടു
നിങ്ങളെ പ്രബോധിപ്പിക്കുന്നു.
൨ ഞങ്ങൾ ജഡപ്രകാരം നടക്കുന്നു
എന്നു നിരൂപിക്കുന്ന ചിലരുടെ നേരെ
ധീരനായിരിപ്പാൻ ഞാൻ നിരൂപിക്കുന്ന

ഉറപ്പോടെ ധൈൎയ്യം കാണിപ്പാൻ ഞാൻ നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ സംഗതി വരരുതു എന്നു യാചിക്കുന്നു.

൩ എന്തുകൊണ്ടെന്നാൽ ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല.

൪ ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡമയങ്ങൾ അല്ല കോട്ടകളെ ഇടിപ്പാൻ ദൈവത്തിങ്കൽ ശക്തിയുള്ളവ തന്നേ.

൫ അവയാൽ ഞങ്ങൾ സങ്കല്പങ്ങളെയും ദൈവത്തിന്റെ അറിവിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയൎച്ചയെയും ഇടിച്ചുംകളഞ്ഞു, എല്ലാ വിചാരത്തെയും ക്രിസ്തുവിന്റെ അനുസരണത്തിന്നായിട്ടു അടിമപ്പെടുത്തിക്കൊണ്ടു,

൬ നിങ്ങളുടെ അനുസരണം തികഞ്ഞു വരുമ്പോൾ എല്ലാ അനുസരണക്കേടിന്നും പ്രതിക്രിയ ചെയ്വാൻ ഒരുങ്ങിയുമിരിക്കുന്നു.

൭ നിങ്ങൾ മുഖത്തിന്നു മുമ്പാകെയുള്ളവയെ നോക്കുന്നുവോ? ഒരുത്തൻ താൻ ക്രിസ്തുവിന്നുള്ളവൻ എന്നു തങ്കൽ തന്നേ ഉറെച്ചു എങ്കിൽ അവൻ ക്രിസ്തുവിന്നുള്ളവൻ എന്നപോലെ ഞങ്ങളും ആകുന്നു എന്നു അവൻ തന്നിൽ തന്നേ പിന്നെയും നിരൂപിക്കട്ടെ.

൮ നിങ്ങളെ ഇടിച്ചുകളവാനല്ല പണിവാനത്രേ കൎത്താവു ഞങ്ങൾക്കു തന്ന അധികാരത്തെ കുറിച്ചു ഞാൻ ഒന്നു അധികം പ്രശംസിച്ചാലും ലജ്ജിച്ചുപോകയില്ല.

൯ ഞാൻ ലേഖനങ്ങളെ കൊണ്ടു നിങ്ങളെ പേടിപ്പിക്കുന്നവനെന്നു തോന്നരുതു.

൰ അവന്റെ ലേഖനങ്ങൾ ഘനവും ഊറ്റവും ഉള്ളവ തന്നേ, ശരീരസന്നിധിയോ ബലഹീനവും വാക്കു നിന്ദ്യവുമത്രേ എന്നു പറയുന്നുവല്ലോ.

൰൧ ഞങ്ങൾ അകലേയിരിക്കുമ്പോൾ ലേഖനങ്ങളാൽ വാക്കിൽ ഏതുപ്രകാരമുള്ളവരോ അരികത്തിരിക്കുമ്പോൾ ക്രിയയിലും അപ്രകാരമുള്ളവർ തന്നേ എന്നു അങ്ങനെത്തവൻ നിരൂപിക്കട്ടെ.

൰൨ തങ്ങളെ തന്നേ ശ്ലാഘിക്കുന്ന ചിലരോടു ഞങ്ങളെ തന്നേ ചേൎത്തൊരുമിപ്പാനോ ഉപമിപ്പാനോ തുനിയുന്നില്ല: ആയവർ തങ്ങളാൽ തന്നേ തങ്ങളെ അളക്കുകയും തങ്ങളോടു തന്നേ തങ്ങളെ ഉപമിക്കയും ചെയ്യുന്നതുകൊണ്ടു തിരിച്ചറിവുള്ളവരല്ല.

൰൩ ഞങ്ങളോ അളവില്ലാതവണ്ണം പ്രശംസിക്കയില്ല, നിങ്ങൾ വരെയും എത്തുമാറു ദൈവം ഞങ്ങൾക്കു അളന്നുതന്ന അതിരിന്റെ അളവിൻപ്രകാരമത്രേ.

൰൪ ആകയാൽ ഞങ്ങൾ നിങ്ങളോളം എത്താത്തവർ എന്നപോലെ ഞങ്ങൾ അതിർ കടന്നു പോകുന്നില്ല; ക്രിസ്തുവിന്റെ സുവിശേഷവേലയിൽ നിങ്ങൾ വരെയും ഞങ്ങൾ വന്നിട്ടുണ്ടല്ലോ.

൰൫ അന്യന്മാരുടെ പ്രയത്നങ്ങളിൽ അളവില്ലാതവണ്ണം പ്രശംസിക്കുന്നതുമില്ല. നിങ്ങളുടെ വിശ്വാസം വൎദ്ധിച്ചാൽ ഞങ്ങളുടെ അതിരിൻപ്രകാരം നിങ്ങളിൽ അത്യന്തം മഹിമപ്പെടുവാനും

൰൬ മറ്റൊരുത്തന്റെ അതിൎക്കകത്തു സാധിച്ചിട്ടുള്ളവയിൽ പ്രശംസിക്കാതെ നിങ്ങൾക്കു അപ്പുറത്തുള്ള ദിക്കുകളോളം സുവിശേഷിപ്പാനും ആശയുള്ളവരായിട്ടത്രേ ഇരിക്കുന്നു.

൰൭ പ്രശംസിക്കുന്നവനോ കൎത്താവിൽ പ്രശംസിക്കട്ടെ.

൰൮ എന്തുകൊണ്ടെന്നാൽ തന്നെത്താൻ പുകഴ്ത്തുന്നവനല്ല കൎത്താവു പുകഴ്ത്തുന്നവനത്രേ കൊള്ളാകുന്നവൻ.

൰൧ാം അദ്ധ്യായം.

നിങ്ങൾ എന്റെ പക്കൽ അസാരം ബുദ്ധിഹീനത സഹിച്ചുകൊണ്ടാൽ കൊള്ളായിരുന്നു; അതേ നിങ്ങൾ എന്നെ സഹിക്കയും ചെയ്യുന്നു.

൨ ഞാൻ നിങ്ങൾക്കുവേണ്ടി ദൈവത്തിന്റെ എരിവോടെ എരിയുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിൎമ്മലകന്യകയായി നിറുത്തുവാനായിട്ടു വേളി നിയമിച്ചു.

൩ എന്നാൽ സൎപ്പം തന്റെ ഉപായത്താൽ ഹവ്വയെ ചതിച്ചതുപോലെ നിങ്ങളുടെ നിനവുകൾ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിൎമ്മലതയും വിട്ടു വഷളായിപ്പോകും എന്നു ഞാൻ ഭയപ്പെടുന്നു.

൪ എന്തുകൊണ്ടെന്നാൽ വരുന്നവൻ ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കയോ നിങ്ങൾക്കു ലഭിച്ചിട്ടില്ലാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊണ്ടിട്ടില്ലാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുന്നു എങ്കിൽ നിങ്ങൾ സഹിക്കുന്നതു നന്നു.

൫ എന്തുകൊണ്ടെന്നാൽ ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരെക്കാൾ ഒന്നിലും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നു.

൬ ഞാൻ വാക്കിൽ സാമാന്യൻ എങ്കിലും അറിവിലല്ല; ഞങ്ങൾ അതിനെ നിങ്ങൾക്കു എല്ലാവിധത്തിലും എല്ലാവരിലും വെളിപ്പെടുത്തിയിരിക്കുന്നു.

൭ അല്ല, ഞാൻ ദൈവത്തിന്റെ സുവിശേഷത്തെ നിങ്ങൾക്കു സൌജന്യമായി പ്രസംഗിച്ചുകൊണ്ടു നിങ്ങൾ ഉയരേണ്ടതിന്നു ഞാൻ എന്നെ തന്നേ താഴ്ത്തുകയാൽ പാപം ചെയ്തുവോ?

൮ ഞാൻ നിങ്ങളുടെ ശുശ്രൂഷെക്കായി മറ്റു സഭകളെ കവൎന്നു അവരോടു ചെലവിന്നു വാങ്ങി.

൯ ഞാൻ നിങ്ങളുടെ ഇടയിൽ ഇരുന്നപ്പോൾ മുട്ടുണ്ടായാറെ ഒരുത്തനെയും ഭാരപ്പെടുത്തിയില്ല. മക്കെദോന്യയിൽനിന്നു വന്ന സഹോദരന്മാർ അത്രേ എന്റെ മുട്ടു തീൎത്തു. ഞാൻ സകലത്തിലും എന്നെ നിങ്ങൾക്കു ഭാരമില്ലാത്തവനായി കാത്തു, ഇനി കാക്കുകയും ചെയ്യും.

൰ എന്നിലുള്ള ക്രിസ്തുവിന്റെ സത്യത്താണ അഖായപ്രദേശങ്ങളിൽ ഈ പ്രശംസെക്കു എന്നെ ആരും തടുക്കുകയില്ല.

൰൧ എന്തുനിമിത്തം? ഞാൻ നിങ്ങളെ സ്നേഹിക്കായ്കകൊണ്ടോ? ദൈവം അറിയുന്നു.

൰൨ തങ്ങൾ പ്രശംസിക്കുന്നതിൽ ഞങ്ങളെ പോലെ തന്നേ എന്നു കാണപ്പെടുവാൻ തക്കവണ്ണം എന്റെ നേരെ അവസരത്തെ അന്വേഷിക്കുന്നവരുടെ അവസരത്തെ അറുത്തുകളയേണ്ടതിന്നു ഞാൻ ചെയ്യുന്നതിനെ ഇനിയും ചെയ്യും.

൰൩ എന്തുകൊണ്ടെന്നാൽ ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ;

൰൪ അതു ആശ്ചൎയ്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.

൰൫ ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല, അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും.

൰൬ ¶ ഞാൻ പിന്നെയും പറയുന്നു: ആരും എന്നെ ബുദ്ധിഹീനൻ എന്നു വിചാരിക്കരുതു; വിചാരിച്ചാലോ ഞാനും അല്പം പ്രശംസിക്കേണ്ടതിന്നു ബുദ്ധിഹീനനെ പോലെയെങ്കിലും എന്നെ കൈക്കൊൾവിൻ.

൰൭ ഞാൻ സംസാരിക്കുന്നതു കൎത്താവിൻപ്രകാരമല്ല, പ്രശംസിക്കുന്നതിന്റെ ഈ ഉറപ്പിൽ ബുദ്ധിഹീനതയിൽ എന്നപോലെ അത്രേ സംസാരിക്കുന്നതു.

൰൮ പലരും ജഡപ്രകാരം പ്രശംസിക്കയാൽ ഞാനും പ്രശംസിക്കും.

൰൯ നിങ്ങൾ ബുദ്ധിമാന്മാർ ആകയാൽ ബുദ്ധിഹീനരെ സന്തോഷത്തോടെ സഹിക്കുന്നുവല്ലോ.

൨൰ നിങ്ങളെ ഒരുവൻ അടിമപ്പെടുത്തിയാലും ഒരുവൻ ഭക്ഷിച്ചുകളഞ്ഞാലും ഒരുവൻ പിടിച്ചുകൊണ്ടുപോയാലും ഒരുവൻ അഹങ്കരിച്ചാലും ഒരുവൻ നിങ്ങളെ മുഖത്തു അടിച്ചാലും നിങ്ങൾ സഹിക്കുന്നുവല്ലോ.

൨൰൧ ഞങ്ങൾ ബലഹീനരായിരുന്നു എന്നപോലെ ഞാൻ മാനംകെട്ടു പറയുന്നു. എന്നാൽ ആരെങ്കിലും ധൈൎയ്യപ്പെടുന്നതിൽ—ഞാൻ ബുദ്ധിഹീനതയിൽ പറയുന്നു—ഞാനും ധൈൎയ്യപ്പെടുന്നു.

൨൰൨ അവർ എബ്രായരോ? ഞാനും അതേ; അവർ ഇസ്രയേല്യരോ? ഞാനും

അതേ; അവർ അബ്രഹാമിന്റെ സന്തതിയോ ഞാനും അതേ;

൨൩ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ? —ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു —ഞാൻ അധികം; അദ്ധ്വാനങ്ങളിൽ ഏററം അധികം, അടികളിൽ അനവധി, തടവുകളിൽ ഏററം അധികം, മരണങ്ങളിൽ പലപ്പോഴം.

൨൪ യഹൂദരാൽ ഒന്നു കുറയ നാല്പതു അടി അഞ്ചു പ്രാവശ്യം കൊണ്ടു;

൨൫ മൂന്നുവട്ടം കോലിനാൽ അടിക്കപ്പെട്ടു, ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ ആഴത്തിൽ കഴിച്ചിരിക്കുന്നു.

൨൬ പലപ്പോഴം യാത്രകളാലും നദികളിലെ ആപത്തുകളാലും കള്ളന്മാരാലുള്ള ആപത്തുകളാലും സ്വജനത്താലുള്ള ആപത്തുകളാലും ജാതികളാലുള്ള ആപത്തുകളാലും നഗരത്തിലേ ആപത്തുകളാലും കാട്ടിലേ ആപത്തുകളാലും കടലിലേ ആപത്തുകളാലും കള്ളസ്സഹോദരന്മാരാലുള്ള ആപത്തുകളാലും;

൨൭ അദ്ധ്വാനത്തിലും പ്രയാസത്തിലും പലവട്ടം ഉറക്കിളപ്പുകളിലും പൈദാഹങ്ങളിലും പലവട്ടം പട്ടിണികളിലും ശീതത്തിലും നഗ്നതയിലും.

൨൮ ഈ അസാധാരണ സംഗതികൾ കൂടാതെ എനിക്കു ദിവസേനയുള്ള തിരക്കു ഉണ്ടു; സൎവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം തന്നേ.

൨൯ ആർ ബലഹീനനായിട്ടു ഞാൻ ബലഹീനനാകാതെ ഇരിക്കുന്നു? ആർ ഇടറിപ്പോയിട്ടു ഞാൻ അഴലാതിരിക്കുന്നു?

൩൦ പ്രശംസിക്കേണമെങ്കിൽ എന്റെ ബലഹീനതെക്കടുത്തവയിൽ ഞാൻ പ്രശംസിക്കും.

൩൧ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ ഞാൻ ഭോഷ്കല്ല പറയുന്നതു എന്നറിയുന്നു.

൩൨ ദമസ്കോസിലേ അരേതാ രാജാവിന്റെ നാടുവാഴി എന്നെ പിടിപ്പാനായിട്ടു ഇച്ഛിച്ചു, ദമസ്കരുടെ നഗരത്തെ കാവലിട്ടു കാത്തു.

൩൩ എന്നാറെ ഞാൻ കിളിവാതിലിൽ കൂടി ഒരു കൊട്ടയിൽ മതിലിന്മേൽ കൂടി ഇറക്കിവിടപ്പെട്ടു, അവന്റെ കൈകളിൽനിന്നു ഓടിപ്പോകയും ചെയ്തു.

൧൨ാം അദ്ധ്യായം.

പ്രശംസിക്കുന്നതു എനിക്കു ഉപകരിക്കുന്നില്ല എങ്കിലും അതു ആവശ്യമായിരിക്കുന്നു. എന്നാൽ ഞാൻ കൎത്താവിന്റെ ദൎശനങ്ങളിലേക്കും വെളിപ്പാടുകളിലേക്കും പ്രവേശിപ്പാൻ പോകുന്നു.

൨ ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു: അവൻ—ശരീരത്തോടെയോ ഞാൻ അറിയുന്നില്ല, ശരീരം കൂടാതെയോ എന്നറിയുന്നില്ല, ദൈവം അറിയുന്നു—പതിന്നാലു സംവത്സരം മുമ്പേ മൂന്നാം സ്വൎഗ്ഗത്തോളം എടുത്തുകൊള്ളപ്പെട്ടു.

൩ ആ മനുഷ്യൻ തന്നേ—ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല, ദൈവം അറിയുന്നു—

൪ പരദീസയോളം എടുത്തുകൊള്ളപ്പെട്ടു, മനുഷ്യന്നു ഉച്ചരിപ്പാൻ അധികാരമില്ലാത്തവയായി പറഞ്ഞുകൂടാത്ത വാക്കുകളെ കേട്ടു എന്നു ഞാൻ അറിയുന്നു.

൫ ആയവനെ കുറിച്ചു ഞാൻ പ്രശംസിക്കും; എന്നെ കുറിച്ചോ എന്റെ ബലഹീനതകളിൽ അല്ലാതെ ഞാൻ പ്രശംസിക്കയില്ല.

൬ ഞാൻ പ്രശംസിപ്പാൻ ഇച്ഛിച്ചാലും മൂഢനാകയില്ല; സത്യമല്ലോ പറയുന്നതു; എങ്കിലും എന്നെ കാണുന്നതിന്നും എങ്കൽനിന്നു കേൾക്കുന്നതിന്നും മീതെ ആരും എന്നെ കുറിച്ചു നിരൂപിക്കരുതു എന്നുവെച്ചു ഞാൻ അടങ്ങുന്നു.

൭ പിന്നെ വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി ഉയരാതിരിപ്പാൻ വേണ്ടി എനിക്കു ജഡത്തിൽ ഒരു ശൂലം തരപ്പെട്ടു; ഞാൻ ഉയൎന്നുപോകാതിരിക്കേണ്ടതിന്നു എന്നെ ഇടിപ്പാൻ സാത്താന്റെ ദൂതൻ തന്നേ.

൮ അതു എന്നിൽനിന്നു നീങ്ങേണ്ട

തിന്നു ഞാൻ മൂന്നുവട്ടം അതിനെ കുറിച്ചു കർത്താവിനോടു അപേക്ഷിച്ചു.

൯ എന്നാറെ അവൻ എന്നോടു: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

൧൰ ആകയാൽ ഞാൻ ക്രിസ്തുവിന്നു വേണ്ടി ബലഹീനതകൾ, കയ്യേറ്റങ്ങൾ മുട്ടുകൾ, ഉപദ്രവങ്ങൾ, ഞെരുക്കങ്ങൾ ഇവയിൽ ഇഷ്ടപ്പെടുന്നു; എന്തുകൊണ്ടെന്നാൽ ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു.

൧൧ ¶ ഞാൻ ബുദ്ധിഹീനനായിപ്പോയി; നിങ്ങൾ എന്നെ നിർബ്ബന്ധിച്ചു; എന്നെ നിങ്ങൾ ശ്ലാഘിക്കേണ്ടതായിരുന്നുവല്ലോ; ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല.

൧൨ അപ്പൊസ്തലന്റെ അടയാളങ്ങൾ സകലക്ഷമയിലും അടയാളങ്ങൾ, അത്ഭുതങ്ങൾ, ശക്തികൾ, എന്നിവയാൽ നിങ്ങളുടെ ഇടയിൽ പ്രവൃത്തിക്കപ്പെട്ടു.

൧൩ ഞാൻ തന്നേ നിങ്ങളെ ഭാരപ്പെടുത്തീട്ടില്ല എന്നുള്ളതല്ലാതെ ശേഷം സഭകളേക്കാൾ നിങ്ങൾക്കു ഏതൊന്നിൽ കുറവു വന്നു? ഈ അനീതിയെ ക്ഷമിച്ചുകൊൾവിൻ.

൧൪ ¶ ഇതാ ഈ മൂന്നാം പ്രാവശ്യം നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു; നിങ്ങളെ ഭാരപ്പെടുത്തുകയുമില്ല; എന്തുകൊണ്ടെന്നാൽ നിങ്ങൾക്കുള്ളവയെ അല്ല നിങ്ങളെയത്രേ ഞാൻ അന്വേഷിക്കുന്നു; മക്കൾ മാതാപിതാക്കന്മാർക്കല്ല മാതാപിതാക്കന്മാർ മക്കൾക്കായിട്ടല്ലോ ചരതിക്കേണ്ടതു.

൧൫ ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ചെലവിടുകയും ചെലവിടപ്പെടുകയും ചെയ്യും. ഞാൻ നിങ്ങളെ ഏറെ സ്നേഹിക്കയിൽ നിങ്ങൾ എന്നെ അല്പമായി സ്നേഹിക്കുന്നുവോ?

൧൬ അങ്ങനെ ആകട്ടെ, ഞാൻ നിങ്ങളെ ഭാരപ്പെടുത്തീട്ടില്ല; എങ്കിലും ഉപായിയാകയാൽ കൌശലംകൊണ്ടു ഞാൻ നിങ്ങളെ പിടിച്ചു.

൧൭ ഞാൻ നിങ്ങളുടെ അടുക്കൽ അയച്ചവരിൽ വല്ലവനെക്കൊണ്ടും നിങ്ങളിൽനിന്നു വല്ലതും വഞ്ചിച്ചെടുത്തുവോ?

൧൮ ഞാൻ തീതൊസിനെ പ്രബോധിപ്പിച്ചു, ആ സഹോദരനെയും കൂടെ അയച്ചിരുന്നു; തീതൊസ് നിങ്ങളിൽനിന്നു വല്ലതും വഞ്ചിച്ചെടുത്തുവോ? ഞങ്ങൾ നടന്നതു ഒരു ആത്മാവിൽ തന്നേ അല്ലയോ? ഒരു കാൽചുവടുകളിൽ തന്നേ അല്ലയോ?

൧൯ ¶ ഞങ്ങൾ നിങ്ങളോടു പ്രതിവാദിക്കുന്നു എന്നു കുറെകാലമായി നിങ്ങൾക്കു തോന്നിയിരിക്കുന്നു; ദൈവമുമ്പാകെ തന്നേ ക്രിസ്തുവിൽ ഞങ്ങൾ സംസാരിക്കുന്നു; പ്രിയമുള്ളവരേ, സകലവും നിങ്ങളുടെ ഗൃഹനിർമ്മാണത്തിന്നായിട്ടത്രേ.

൨൰ എങ്ങനെയെന്നാൽ ഞാൻ വരുമ്പോൾ നിങ്ങളെ ഞാൻ ഇച്ഛിക്കാത്തപ്രകാരമുള്ളവരായി കാണുകയും നിങ്ങൾ ഇച്ഛിക്കാത്തപ്രകാരമുള്ളവനായി എന്നെ കാണുകയും ചെയ്യുമോ എന്നും പിണക്കം, ഈർഷ്യ, ക്രോധങ്ങൾ, ശാഠ്യങ്ങൾ, ഏഷണികൾ, കുശുകുശുപ്പുകൾ, നിഗളങ്ങൾ, കലഹങ്ങൾ ഇവ ഉണ്ടാകുമോ എന്നും

൨൧ ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ ഇടയിൽ താഴ്ത്തുവാനും മുൻ പിഴെച്ചിട്ടു തങ്ങൾ പ്രവൃത്തിച്ച അശുദ്ധി, വേശ്യാദോഷം, ദുഷ്കാമം ഇവയെ കുറിച്ചു മാനസാന്തരപ്പെടാത്ത പലരെയും ചൊല്ലി ഖേദിപ്പാനും സംഗതി വരുമോ എന്നും ഞാൻ ഭയപ്പെടുന്നു.

൧൩ാം അദ്ധ്യായം.

ഈ മൂന്നാം പ്രാവശ്യം ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നുണ്ടു; രണ്ടു മൂന്നു സാക്ഷികളുടെ വായാൽ ഏതു സംഗതിയും സ്ഥിരപ്പെടും.

൨ ആ മുൻ പിഴെച്ചവരോടും മറ്റെല്ലാവരോടും ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതു

അരികേയുള്ളവനെ പോലെ രണ്ടാമതും
ഇപ്പോൾ ദൂരത്തിരുന്നും മുൻകൂട്ടി പറയു
ന്നു: ഞാൻ വീണ്ടും വന്നാൽ ക്ഷമിക്ക
യില്ല.

൩ ക്രിസ്തു എന്നിൽ സംസാരിക്കുന്നു
എന്നു നിങ്ങൾ സാക്ഷ്യം അന്വേഷിക്കു
ന്നുവല്ലോ. അവൻ നിങ്ങളെ സംബന്ധി
ച്ചു ബലഹീനനല്ല, നിങ്ങളിൽ ശക്തൻ
അത്രെ ആകുന്നു.

൪ എങ്ങനെയെന്നാൽ ബലഹീനത
യാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശ
ക്തിയാൽ ജീവിക്കുന്നു; ഞങ്ങളും അവനി
ൽ ബലഹീനർ എങ്കിലും അവനോടുകൂ
ടെ ദൈവശക്തിയാൽ നിങ്ങൾക്കു വേണ്ടി
ജീവിക്കയും ചെയ്യും.

൫ നിങ്ങൾ വിശ്വാസത്തിൽ ഇരിക്കു
ന്നുവോ എന്നു നിങ്ങളെ തന്നേ പരീ
ക്ഷിപ്പിൻ, നിങ്ങളെ തന്നെ ശോധനചെ
യ്യിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല
എന്നുവരികിൽ യേശുക്രിസ്തു നിങ്ങളിൽ
ഉണ്ടു എന്നു നിങ്ങളെ തന്നേ അറിയുന്നി
ല്ലയോ?

൬ എന്നാൽ ഞങ്ങൾ കൊള്ളരുതാത്ത
വർ അല്ല എന്നു നിങ്ങൾ അറിയും എ
ന്നു ഞാൻ ആശിക്കുന്നു.

൭ നിങ്ങൾ ഒരു തിന്മയും ചെയ്യാതിരി
ക്കേണ്ടതിന്നു ഞങ്ങൾ ദൈവത്തോടു പ്രാ
ർത്ഥിക്കുന്നു; ഞങ്ങൾ കൊള്ളാകുന്നവരായി
തോന്നേണ്ടതിന്നല്ല, ഞങ്ങൾ കൊള്ളരു
താത്തവർ എന്നപോലെ ഇരുന്നാലും നി
ങ്ങൾ നന്മയെ ചെയ്യേണ്ടതിന്നത്രേ.

൮ സത്യത്തിന്നു വേണ്ടിയല്ലാതെ സ
ത്യത്തിന്നു വിരോധമായി ഞങ്ങൾക്കു ഒ
ന്നും കഴിവില്ലല്ലോ.

൯ എന്തുകൊണ്ടെന്നാൽ ഞങ്ങൾ ബ
ലഹീനരും നിങ്ങൾ ശക്തരും ആയിരിക്കു
മ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു; നിങ്ങ
ളുടെ യഥാസ്ഥാനത്വത്തിന്നായി തന്നേ
ഞങ്ങൾ പ്രാർത്ഥിക്കയും ചെയ്യുന്നു.

൰ അതു നിമിത്തം ഞാൻ വന്നെത്തി
യാൽ ഇടിച്ചുകളവാനായിട്ടല്ല പണിവാ
നായി കർത്താവു എനിക്കു തന്ന അധികാ
രത്തിന്നു തക്കവണ്ണം ഖണ്ഡിതം പ്രയോ
ഗിക്കാതിരിക്കേണ്ടതിന്നു ദൂരത്തുനിന്നു ഇ
വ എഴുതുന്നു.

൰൧ ¶ തീർച്ചെക്കു സഹോദരന്മാരേ,
സന്തോഷിപ്പിൻ, യഥാസ്ഥാനപ്പെടുവിൻ,
ആശ്വാസപ്പെടുവിൻ, ഏകമനസ്സുള്ളവരാ
കുവിൻ, സമാധാനത്തോടെ ഇരിപ്പിൻ;
എന്നാൽ സ്നേഹത്തിന്റെയും സമാധാന
ത്തിന്റെയും ദൈവം നിങ്ങളോടുകൂടെ
ഇരിക്കും.

൰൨ വിശുദ്ധചുംബനം കൊണ്ടു അ
ന്യോന്യം വന്ദനം ചെയ്യിൻ.

൰൩ ¶ വിശുദ്ധന്മാർ എല്ലാവരും നി
ങ്ങൾക്കു വന്ദനം ചൊല്ലുന്നു.

൰൪ ¶ കർത്താവായ യേശുക്രിസ്തുവി
ന്റെ കൃപയും ദൈവത്തിന്റെ സ്നേഹ
വും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും
നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാ
റാക.

THE EPISTLE OF PAUL THE APOSTLE

TO THE

GALATIANS.

അപ്പൊസ്തലനായ പൌലൊസ്

ഗലാത്യക്ക എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

മനുഷ്യരിൽനിന്നല്ല മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരിൽനിന്ന ഉയിൎപ്പിച്ച പിതാവായ ദൈവത്താലുമത്രേ അപ്പൊസ്തലനായ പൌലൊസും

൨ എന്റെ കൂടെയുള്ള എല്ലാസഹോദരന്മാരും ഗലാത്യയിലേ സഭകൾക്ക എഴുതുന്നതു:

൩ പിതാവായ ദൈവത്തിൽനിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽനിന്ന നമ്മെ വിടുവിക്കേണ്ടതിന്ന നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെ താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൽനിന്നും

൪ നിങ്ങൾക്ക കൃപയും സമാധാനവും ഉണ്ടാകട്ടെ.

൫ അവന്ന എന്നെന്നേക്കും മഹത്വം. ആമെൻ.

൬ ¶ ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക മറിയുന്നതുകൊണ്ട ഞാൻ ആശ്ചൎയ്യപ്പെടുന്നു.

൭ അതു വേറൊരു സുവിശേഷമല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷത്തെ മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ.

൮ എങ്കിലും ഞങ്ങൾ നിങ്ങൾക്ക സുവിശേഷിച്ചതിന്ന വിപരീതമായി ഞങ്ങൾ ആകട്ടെ സ്വൎഗ്ഗത്തിൽനിന്ന ഒരു ദൂതനാകട്ടെ നിങ്ങൾക്ക സുവിശേഷിച്ചാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ.

൯ ഞങ്ങൾ മുൻപറഞ്ഞപ്രകാരം ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു: നിങ്ങൾ പരിഗ്രഹിച്ചതിന്ന വിപരീതമായി ആരെങ്കിലും നിങ്ങളോട സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ.

൧൦ എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സമ്മതിപ്പിക്കുന്നതു? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ അന്വേഷിക്കുന്നുവോ? ഇന്നും മനുഷ്യരെ പ്രസാദിപ്പിച്ചു, എങ്കിൽ ഞാൻ ക്രിസ്തുവിന്റെ ദാസനാകയില്ലായിരുന്നു.

൧൧ ¶ എന്തുകൊണ്ടെന്നാൽ സഹോദരന്മാരേ, ഞാൻ സുവിശേഷിച്ച സുവിശേഷം മനുഷ്യപ്രകാരമുള്ളതല്ല എന്ന നിങ്ങളോട അറിയിക്കുന്നു.

൧൨ അതു ഞാൻ മനുഷ്യനിൽനിന്ന പരിഗ്രഹിച്ചിട്ടില്ല ഉപദേശിക്കപ്പെട്ടിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ കിട്ടിയതത്രേ.

൧൩ മുമ്പേ യഹൂദമതത്തിലേ എന്റെ നടപ്പു, ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിക്കയും അതിനെ മുടിക്കയും

൧൪ എന്റെ പിതൃപാരമ്പൎയ്യങ്ങൾക്കായിട്ട അത്യന്തം എരിവേറി, എന്റെ വംശത്തിലുള്ള സമപ്രായക്കാരായ പലരെക്കാളും യഹൂദമതത്തിൽ അധികം മുതിൎന്നവനാകയും ചെയ്തു വിവരം നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

൧൫ എങ്കിലും എന്റെ അമ്മയുടെ ഗൎഭ

ത്തിൽനിന്നു എന്നെ വേറുതിരിച്ചു ത
ൻെറ കൃപയാൽ വിളിച്ച ദൈവം,
൧൬ തൻെറ പുത്രനെ ഞാൻ ജാതിക
ളുടെ ഇടയിൽ സുവിശേഷിക്കേണ്ടതിന്നു
അവനെ എന്നിൽ വെളിപ്പെടുത്തുവാൻ
പ്രസാദിച്ചപ്പോൾ ഉടനേ ഞാൻ മാംസര
ക്തങ്ങളോടു ആലോചിക്കയെങ്കിലും
൧൭ എനിക്കു മുമ്പേ അപ്പൊസ്തലരായ
വരുടെ അടുക്കൽ യരുശലേമിലേക്കു ക
രേറിപ്പോകയെങ്കിലും ചെയ്യാതെ അറവി
യിലേക്കു പോയി ദമസ്കോസിലേക്കു മട
ങ്ങിപ്പോരുകയും ചെയ്തു.
൧൮ ¶ പിന്നെ മൂവാണ്ടു കഴിഞ്ഞിട്ടു
കേഫാവുമായി മുഖപരിചയമാകേണ്ടതി
ന്നു യരുശലേമിലേക്കു കരേറിപ്പോയി
പതിനഞ്ചു ദിവസം അവനോടുകൂടെ പാ
ൎത്തു.
൧൯ എന്നാൽ കൎത്താവിൻെറ സഹോ
ദരനായ യാക്കോബിനെ അല്ലാതെ അ
പ്പൊസ്തലന്മാരിൽ വേറൊരുത്തനെയും ക
ണ്ടില്ല.
൨൦ ഞാൻ നിങ്ങൾക്കു എഴുതുന്നതോ ഇ
താ, ദൈവമുമ്പാകെ ഞാൻ ഭോഷ്കു പറ
യുന്നില്ല.
൨൧ അനന്തരം ഞാൻ സുറിയ കിലി
ക്യ എന്ന ദിക്കുകളിലേക്കു പോയി.
൨൨ എന്നാൽ യഹൂദിയയിൽ ക്രിസ്തു
വിലുള്ള സഭകൾക്കു ഞാൻ അറിമുഖമില്ലാ
ത്തവൻ ആയിരുന്നു.
൨൩ മുമ്പേ നമ്മെ ഉപദ്രവിച്ചവൻ
താൻ മുമ്പേ മുടിച്ച വിശ്വാസത്തെ ഇ
പ്പോൾ സുവിശേഷിക്കുന്നു എന്നു അവർ
കേട്ടിരുന്നതേയുള്ളു.
൨൪ എന്നെ ചൊല്ലി അവർ ദൈവ
ത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

൨ാം അദ്ധ്യായം.

അനന്തരം പതിന്നാലു ആണ്ടു കഴിഞ്ഞി
ട്ടു ഞാൻ ബൎന്നബാസുമായി തീതൊസി
നെയും കൂട്ടിക്കൊണ്ടു വീണ്ടും യരുശലേ
മിലേക്കു കരേറിപ്പോയി.
൨ ഞാൻ വെളിപ്പാടിൻ പ്രകാരമത്രേ
പോയതു; ഞാൻ ജാതികളുടെ ഇടയിൽ
പ്രസംഗിക്കുന്ന സുവിശേഷത്തെ അവ
രോടും സ്വകാൎയ്യമായി പ്രമാണികളോടും
വിവരിച്ചു; ഞാൻ ഓടുന്നതെങ്കിലും ഓടി
യതെങ്കിലും വ്യൎത്ഥമായി വരാതിരിപ്പാ
ൻ തന്നേ.
൩ എന്നാൽ എൻെറ കൂടെയുള്ള തീ
തൊസ് യവനൻ എങ്കിലും പരിച്ഛേദന
ഏല്പാൻ നിൎബ്ബന്ധിക്കപ്പെട്ടതുമില്ല.
൪ അതു നുഴഞ്ഞു വന്ന കള്ളസ്സഹോദ
രന്മാർ നിമിത്തമത്രേ; ആയവർ നമ്മെ
അടിമപ്പെടുത്തേണ്ടതിന്നു ക്രിസ്തുയേശുവി
ൽ നമുക്കുള്ള സ്വാതന്ത്ര്യത്തെ ഒററുനോ
ക്കുവാൻ നുഴഞ്ഞുവന്നു.
൫ സുവിശേഷത്തിൻെറ സത്യം നിങ്ങ
ളോടുകൂടെ നിലനില്ക്കേണ്ടതിന്നു ഞങ്ങൾ
അവൎക്കു ഒരു നാഴികപോലും കീഴ്പെട്ടു
വഴങ്ങീട്ടില്ല.
൬ പ്രമാണികളായി എണ്ണപ്പെട്ടവ
രോ അവർ ഏതുപ്രകാരമുള്ളവരായാലും
എനിക്കു ഏതുമില്ല; ദൈവം മനുഷ്യൻെറ
മുഖം നോക്കുന്നില്ല; പ്രമാണികൾ എനി
ക്കു ഒന്നും ഗ്രഹിപ്പിച്ചു തന്നിട്ടില്ല.
൭ നേരെമറിച്ചു പരിച്ഛേദനയുടെ
അപ്പൊസ്തലത്വത്തിന്നായി പത്രൊസിൽ
ശക്തിയോടെ വ്യാപരിച്ചവൻ ജാതിക
ൾക്കായി എന്നിലും ശക്തിയോടെ വ്യാപ
രിച്ചതുകൊണ്ടു
൮ പത്രൊസിന്നു പരിച്ഛേദനക്കാരു
ടെ ഇടയിലെ സുവിശേഷണം എന്ന
പോലെ എനിക്കു അഗ്രചൎമ്മക്കാരുടെ ഇ
ടയിലേതു ഭരമേല്പിക്കപ്പെട്ടപ്രകാരം ക
ണ്ടും
൯ എനിക്കു നല്കപ്പെട്ട കൃപയെ അറി
ഞ്ഞുംകൊണ്ടു യാക്കോബ്, കേഫാ, യോ
ഹന്നാൻ എന്നിങ്ങനെ തൂണുകളായി എ
ണ്ണപ്പെടുന്നവർ ഞങ്ങൾ ജാതികളിലേ
ക്കും അവർ പരിച്ഛേദനയിലേക്കുമായി
എനിക്കും ബൎന്നബാസിന്നും കൂട്ടായ്മയുടെ
വലങ്കൈകളെ തന്നു.
൧൦ ദരിദ്രരെ ഞങ്ങൾ ഓൎത്തുകൊള്ളേ
ണം എന്നുമാത്രം അവർ പറഞ്ഞു; അങ്ങ
നെ ചെയ്വാൻ ഞാൻ ഉത്സാഹിച്ചുമിരിക്കു
ന്നു.
൧൧ ¶ പിന്നെ കേഫാ അന്ത്യൊക്യ
യിൽ വന്നാറെ അവൻെറമേൽ കുററം

ചുമത്തപ്പെട്ടകയാൽ ഞാൻ അഭിമുഖമായി അവനോട്ട എതിൎത്തുനിന്നു.

൰൨ എങ്ങനെയെന്നാൽ: യാക്കോബിൻെറ അടുക്കൽനിന്നു ചിലർ വരുമ്മുമ്പേ അവൻ ജാതികളോട്ടുകൂടെ ഭക്ഷിച്ചുപോന്നു; അവർ വന്നപ്പോഴോ അവൻ പരിഛേദനക്കാരേ ഭയപ്പെട്ടു പിൻവാങ്ങി പിരിഞ്ഞുകളഞ്ഞു.

൰൩ ശേഷം യഹൂദന്മാരും അവനോടുകൂടെ കപടത്തിൽ അകപ്പെട്ടകകൊണ്ടു ബൎന്നബാസും അവരുടെ കപടത്താൽ തെററിപ്പോവാൻ ഇടവന്നു.

൰൪ എന്നാൽ അവർ സുവിശേഷത്തിൻെറ സത്യപ്രകാരം ചൊവ്വായി നടക്കുന്നില്ല എന്നു കണ്ടിട്ടു ഞാൻ എല്ലാവരുടെയും മുമ്പാകെ കേഫാവിനോട്ട പറഞ്ഞു: യഹൂദനായ നീ യഹൂദമൎയ്യാദപ്രകാരമല്ല ജാതികളുടെ മൎയ്യാദപ്രകാരം ജീവിക്കുന്നു എങ്കിൽ നീ ജാതികളെ യഹൂദമൎയ്യാദ അനുസരിപ്പാൻ നിൎബ്ബന്ധിക്കുന്നതു എന്തു?

൰൫ നാം സ്വഭാവത്താൽ ജാതികളിൽ നിന്നുള്ള പാപികൾ അല്ല, യഹൂദന്മാരത്രേ;

൰൬ എന്നാൽ യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടേണ്ടതിന്നു ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.

൰൭ എന്നാൽ ക്രിസ്തുവിൽ നീതീകരണത്തെ അന്വേഷിക്കയിൽ നാമുംകൂടെ പാപികളായി കാണപ്പെടുന്നു എങ്കിൽ ക്രിസ്തു പാപത്തിൻെറ ശുശ്രൂഷക്കാരൻ എന്നോ? ഒരുനാളും അല്ല.

൰൮ എന്തുകൊണ്ടെന്നാൽ ഞാൻ പൊളിച്ചവയെ തന്നേ പിന്നെയും പണിതാൽ ഞാൻ ലംഘനക്കാരൻ എന്നു എന്നെ തന്നേ തെളിയിക്കുന്നു.

൰൯ എന്തുകൊണ്ടെന്നാൽ ഞാൻ ദൈവത്തിന്നായി ജീവിക്കേണ്ടതിന്നു ന്യായപ്രമാണത്താൽ ന്യായപ്രമാണത്തിന്നു മരിച്ചു.

൨൰ ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലേ വിശ്വാസത്താലത്രേ ജീവിക്കുന്നതു.

൨൰൧ ദൈവത്തിൻെറ കൃപയെ ഞാൻ വ്യൎത്ഥമാക്കുന്നില്ല ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലോ.

൩ാം അദ്ധ്യായം.

ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശു ക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണുകൾക്കു മുമ്പാകെ വരെച്ചു കിട്ടിയിരിക്കേ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയതു ആർ?

൨ ഇതൊന്നുമാത്രം നിങ്ങളിൽനിന്നു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു; നിങ്ങൾക്കു ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലോ വിശ്വാസത്തിൻെറ കേൾവിയാലോ?*

൩ നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ടു ആരംഭിച്ചിട്ടു ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നതു?

൪ ഇത്ര എല്ലാം വെറുതേ അനുഭവിച്ചുവോ? വെറുതേ അത്രേ എന്നുവരികിൽ.

൫ എന്നാൽ നിങ്ങൾക്കു ആത്മാവിനെ നല്കി നിങ്ങളിൽ ശക്തികളെ വ്യാപരിപ്പിക്കുന്നവൻ ന്യായപ്രമാണത്തിൻെറ പ്രവൃത്തികളാലോ വിശ്വാസത്തിൻെറ കേൾവിയാലോ ചെയ്യുന്നതു?

൬ അബ്രഹാം ദൈവത്തെ വിശ്വസിച്ചു, അതു അവന്നു നീതിയായി എണ്ണപ്പെടുകയും ചെയ്തു എന്നപോലെ തന്നേ.

* അഥവാ പ്രസംഗത്താലോ

൭ അതുകൊണ്ടു വിശ്വാസത്തിൽ നിന്നുള്ളവരത്രെ അബ്രഹാമിന്റെ മക്കൾ ആകുന്നു എന്നു അറിവിൻ.

൮ എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻ കണ്ടിട്ടു: നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു അബ്രഹാമിനോടു മുമ്പുകൂട്ടി സുവിശേഷിച്ചു.

൯ ആകയാൽ വിശ്വാസത്തിൽ നിന്നുള്ളവർ വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു.

൰ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിൽ നിന്നുള്ളവരോ അവർ എവരും ശാപത്തിൻകീഴാകുന്നു; ന്യായപ്രമാണപ്പുസ്തകത്തിൽ എഴുതിയവ ഒക്കെയും ചെയ്വാൻ തക്കവണ്ണം അവയിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നുവല്ലോ.

൰൧ എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളതു.

൰൨ എന്നാൽ ന്യായപ്രമാണം വിശ്വാസത്തിൽ നിന്നുള്ളതല്ല, അവയെ ചെയ്യുന്നവൻ അവയാൽ ജീവിക്കും എന്നത്രെ.

൰൩ മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നപ്രകാരം ക്രിസ്തു നമുക്കവേണ്ടി ശാപമായി തീൎന്നു, ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലെക്കു വാങ്ങി.

൰൪ അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിങ്കൽ ജാതികൾക്കു വരേണ്ടതിന്നു നാം ആത്മാവാകുന്ന വാഗ്ദത്തത്തെ വിശ്വാസത്താൽ പ്രാപിപ്പാൻ തന്നേ.

൰൫ ¶ സഹോദരന്മാരേ, ഞാൻ മാനുഷപ്രകാരം പറയുന്നു: ഒരു മനുഷ്യന്റെ നിയമം ആയാലും നിൎണ്ണയം വന്നശേഷം ആരും ദുൎബ്ബലമാക്കുകയോ അതിനോടു വല്ലതും കൂട്ടിക്കല്പിക്കയോ ചെയ്യുന്നില്ല.

൰൬ എന്നാൽ അബ്രഹാമിന്നും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ അരുളപ്പെട്ടു; സന്തതികൾക്കും എന്നിങ്ങനെ പലക്കായിട്ടല്ല, നിന്റെ സന്തതിക്കും എന്നു ഏകന്നായിട്ടത്രെ പറയുന്നു; ആയതു ക്രിസ്തു തന്നേ.

൰൭ ഞാൻ ഇതിനെ പറയുന്നു: നാനൂററിമുപ്പതു ആണ്ടുകളുടെ ശേഷം ഉണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അതു ദൈവത്താൽ മുൻ നിൎണ്ണയിക്കപ്പെട്ട നിയമത്തെ ദുൎബ്ബലമാക്കുന്നില്ല.

൰൮ എന്തുകൊണ്ടെന്നാൽ അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല; അബ്രഹാമിന്നോ ദൈവം അതിനെ വാഗ്ദത്തം മൂലം നല്കി.

൰൯ എന്നാൽ ന്യായപ്രമാണം പിന്നെ എന്തിനു? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടി ചേൎക്കപ്പെട്ടതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കൈയ്യിൽ നിയോഗിക്കപ്പെട്ടതുമത്രെ.

൨൰ എന്നാൽ മദ്ധ്യസ്ഥൻ ഒരു പക്ഷത്തിന്നല്ല; ദൈവമോ ഒരുവൻ ആകുന്നു.

൨൰൧ എന്നാൽ ന്യായപ്രമാണം ദൈവവാഗ്ദത്തങ്ങൾക്കു വിരോധമോ? ഒരുനാളും അല്ല; ജീവിപ്പിപ്പാൻ കഴിയുന്നോരു ന്യായപ്രമാണം നല്കപ്പെട്ടു എങ്കിൽ ന്യായപ്രമാണത്തിൽനിന്നു നീതി ഉണ്ടാകുമായിരുന്നു സത്യം.

൨൰൨ എങ്കിലും വിശ്വസിക്കുന്നവൎക്കു വാഗ്ദത്തം യേശുക്രിസ്തുവിങ്കലേ വിശ്വാസത്താൽ കൊടുക്കപ്പെടേണ്ടതിന്നു തിരുവെഴുത്തു എല്ലാവറെറയും പാപത്തിൻ കീഴ് അടെച്ചുകളഞ്ഞു.

൨൰൩ ¶ എന്നാൽ വിശ്വാസം വരും മുമ്പേ നാം, വെളിപ്പെടുവാനിരുന്ന ആ വിശ്വാസത്തിന്നായിക്കൊണ്ടു ന്യായപ്രമാണത്തിൻകീഴ് അടെക്കപ്പെട്ടവരായി കാക്കപ്പെട്ടു.

൨൰൪ അതുകൊണ്ടു നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്ര

മാണം ക്രിസ്തുവിങ്കലേക്കു നടത്തുവാൻ നമ്മുടെ ഗുരുവായി ഭവിച്ചു.

൨൫ എന്നാൽ വിശ്വാസം വന്നിരിക്കെ നാം ഇനി ഗുരുവിങ്കീഴിൽ അല്ല.

൨൬ എന്തുകൊണ്ടെന്നാൽ ക്രിസ്തു യേശുവിങ്കലേ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു.

൨൭ എങ്ങിനെയെന്നാൽ ക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ടവരായ നിങ്ങൾ അത്രയും ക്രിസ്തുവിനെ ഉടുത്തിരിക്കുന്നു.

൨൮ അതിൽ യഹൂദനും യവനനും എന്നില്ല ദാസൻ സ്വതന്ത്രൻ എന്നില്ല; ആണ് പെണ്ണ് എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിങ്കൽ ഏകനല്ലോ ആകുന്നു.

൨൯ എന്നാൽ നിങ്ങൾ ക്രിസ്തുവിന്നുള്ളവർ എങ്കിൽ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു സ്പഷ്ടം.

൪ാം അദ്ധ്യായം.

ഞാൻ പറയുന്നതു: അവകാശി ശിശുവായിരിക്കുന്ന കാലത്തെല്ലാം സൎവ്വത്തിന്നും യജമാനൻ എങ്കിലും ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല.

൨ പിതാവു നിശ്ചയിച്ച അവധിയോളം അവൻ രക്ഷകന്മാൎക്കും വീട്ടുവിചാരകന്മാൎക്കും കീഴ്പെട്ടവനത്രേ.

൩ അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദിപാഠങ്ങളിൻകീഴ് അടിമപ്പെട്ടിരുന്നു.

൪ എന്നാൽ കാലസംപൂൎണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു.

൫ അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നേ.

൬ നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന തൻ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.

൭ അതുകൊണ്ടു നീ ഇനി ദാസനല്ല പുത്രനത്രേ; പുത്രനെങ്കിലോ ദൈവത്താൽ അവകാശിയും ആകുന്നു.

൮ ¶ എന്നാൽ അന്നു നിങ്ങൾ ദൈവത്തെ അറിയാതെ സ്വഭാവത്താൽ ദൈവങ്ങളല്ലാത്തവൎക്ക് അടിമപ്പെട്ടിരുന്നു.

൯ ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവത്താൽ അറിയപ്പെട്ടുമിരിക്കെ നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്കു തിരിഞ്ഞു അവെക്കു പിന്നെയും പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതു എങ്ങനെ?

൧൦ നിങ്ങൾ ദിവസങ്ങളെയും മാസങ്ങളെയും സമയങ്ങളെയും ആണ്ടുകളെയും ആചരിക്കുന്നു.

൧൧ ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ നിങ്ങളെ കുറിച്ചു ഭയപ്പെടുന്നു.

൧൨ ¶ സഹോദരന്മാരേ, ഞാൻ നിങ്ങളെപോലെ ആകയാൽ നിങ്ങളും എന്നെപോലെ ആകുവിൻ എന്നു ഞാൻ നിങ്ങളോടു യാചിക്കുന്നു. നിങ്ങൾ എന്നോടു ഒരു അന്യായവും ചെയ്തിട്ടില്ല.

൧൩ ഞാൻ ജഡത്തിലേ ബലഹീനത നിമിത്തം ഒന്നാമതു നിങ്ങളോടു സുവിശേഷിച്ചു എന്നു നിങ്ങൾ അറിയുന്നുവല്ലോ.

൧൪ എന്റെ ജഡത്തിൽ നിങ്ങൾക്കു ഉണ്ടായ പരീക്ഷയെ നിങ്ങൾ ധിക്കരിച്ചതുമില്ല, വെറുത്തതുമില്ല; ദൈവദൂതനെ പോലെ, ക്രിസ്തുയേശുവിനെ പോലെ എന്നെ കൈക്കൊണ്ടതേയുള്ളു.

൧൫ എന്നാൽ നിങ്ങളുടെ ഭാഗ്യപ്രശംസ എവിടെ? കഴിയും എങ്കിൽ നിങ്ങളുടെ കണ്ണുകളെ ചൂന്നെടുത്തു എനിക്കു തരുമായിരുന്നു എന്നതിന്നു ഞാൻ നിങ്ങൾക്കു സാക്ഷി.

൧൬ അങ്ങനെയിരിക്കെ ഞാൻ നിങ്ങളോടു സത്യം പറകകൊണ്ടു നിങ്ങൾക്കു ശത്രുവായി പോയോ?

൧൭ അവർ നിങ്ങളെ കുറിച്ചു എരിവു
കാണിക്കുന്നതു ഗുണത്തിന്നായിട്ടല്ല, നി
ങ്ങളും അവരെ കുറിച്ചു എരിവു കാണി
ക്കേണ്ടതിന്നായിട്ടു അവർ നിങ്ങളെ പു
റത്തടെച്ചുകളവാൻ ഇച്ഛിക്കയത്രേ ചെയ്യു
ന്നതു.

൧൮ എന്നാൽ ഞാൻ നിങ്ങളോടു കൂ
ടെ ഇരിക്കുമ്പോൾ മാത്രമല്ല എല്ലാപ്പോ
ഴും നല്ലതിൽ എരിവു കാണിക്കുന്നതു ന
ന്നു.

൧൯ ക്രിസ്തു നിങ്ങളിൽ ഉരുവാകുവോ
ളം ഞാൻ പിന്നെയും പ്രസവവേദനപ്പെ
ടുന്നവരായ എന്റെ കുഞ്ഞുങ്ങളേ,

൨൦ ഇന്നു നിങ്ങളുടെ അടുക്കൽ ഇരു
ന്നു എന്റെ ശബ്ദത്തെ മാററുവാൻ കഴി
ഞ്ഞിരുന്നു എങ്കിൽ കൊള്ളായിരുന്നു; ഞാ
ൻ നിങ്ങളെ കുറിച്ചു വിഷമിക്കുന്നു.

൨൧ ¶ ന്യായപ്രമാണത്തിൻ കീഴി
രിപ്പാൻ ഇച്ഛിക്കുന്നവരേ, നിങ്ങൾ ന്യാ
യപ്രമാണത്തെ കേൾക്കുന്നില്ലയോ? എ
ന്നോടു പറവിൻ.

൨൨ അബ്രഹാമിന്നു രണ്ടു പുത്രന്മാർ
ഉണ്ടായിരുന്നു, ഒരുവൻ ദാസിയിൽനി
ന്നും ഒരുവൻ സ്വതന്ത്രയിൽനിന്നും എ
ന്നു എഴുതിയിരിക്കുന്നുവല്ലോ.

൨൩ അതിൽ ദാസിക്കുള്ളവൻ ജഡ
പ്രകാരം ജനിച്ചവൻ; സ്വതന്ത്രെക്കുള്ളവ
നോ വാഗ്ദത്തത്താൽ തന്നേ.

൨൪ ഇതു സാദൃശമായി ഗ്രഹിക്കേണം.
എങ്ങനെ എന്നാൽ ഈ സ്ത്രീകൾ രണ്ടു നി
യമങ്ങൾ ആകുന്നു; ഒന്നു സീനായ്മലയി
ൽനിന്നു ഉണ്ടായി അടിമയിലേക്കു പ്രസ
വിക്കുന്നു; അതു ഹാഗർ.

൨൫ ഹാഗർ എന്നതു അറവിയിലേ
സീനായ്മല ആകുന്നു; ഇപ്പോഴത്തേ യരു
ശലേമിനോടു ഒക്കുകയും ചെയ്യുന്നു; അ
തു തന്റെ മക്കളോടു കൂടെ അടിമയില
ല്ലോ ഇരിക്കുന്നു.

൨൬ മേലുള്ള യരുശലേമോ സ്വതന്ത്ര
യാകുന്നു; ഇവൾ തന്നേ നമ്മുടെ അമ്മ.

൨൭ പെറാത്ത മച്ചിയേ, ആനന്ദിക്ക;
പ്രസവവേദനപ്പെടാത്തവളേ, പൊട്ടി
ആർക്ക; പുരുഷനുള്ളവളേക്കാളും ത്യജി
ക്കപ്പെട്ടവൾക്കു മക്കൾ അത്യന്തം ഏറെ
എന്നു എഴുതിയിരിക്കുന്നുവല്ലോ.

൨൮ നാമോ സഹോദരന്മാരേ, ഇസ്ഹാ
ക്കിനെ പോലെ വാഗ്ദത്തമക്കൾ ആകുന്നു.

൨൯ എന്നാൽ അന്നു ജഡപ്രകാരം ജ
നിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ
ഉപദ്രവിച്ചതുപോലെ തന്നേ ഇന്നും.

൩൦ എന്നാൽ തിരുവെഴുത്തു എന്തു പ
റയുന്നു? ദാസിയെയും അവളുടെ പുത്ര
നെയും പുറത്താക്കുക; എന്തുകൊണ്ടെന്നാ
ൽ ദാസിയുടെ പുത്രൻ സ്വതന്ത്രയുടെ പു
ത്രനോടുകൂടെ അവകാശി ആകയില്ല.

൩൧ അതുകൊണ്ടു സഹോദരന്മാരേ,
നാം ദാസിയുടെ മക്കൾ അല്ല സ്വതന്ത്ര
യുടെ അത്രേ.

൫ാം അദ്ധ്യായം.

സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ
സ്വതന്ത്രരാക്കി ആകയാൽ അതിൽ നില
നില്പിൻ; അടിമനുകത്തിൽ പിന്നെയും
കുടുങ്ങിപ്പോകരുതു.

൨ ¶ ഇതാ, പൌലൊസായ ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ പരി
ച്ഛേദന ഏററാൽ, ക്രിസ്തു നിങ്ങൾക്കു ഏ
തും ഉപകരിക്കയില്ല.

൩ പരിച്ഛേദന ഏല്ക്കുന്ന സകലമ
നുഷ്യനോടും: അവൻ ന്യായപ്രമാണത്തെ
മുഴുവനും കാപ്പാൻ കടക്കാരൻ ആകുന്നു
എന്നു ഞാൻ പിന്നെയും സാക്ഷീകരിക്കു
ന്നു.

൪ ന്യായപ്രമാണത്താൽ നീതീകരിക്ക
പ്പെടുവാൻ ഇച്ഛിക്കുന്നവരായ നിങ്ങൾ
ക്രിസ്തുവിൽനിന്നു വേർപെട്ടു; നിങ്ങൾ കൃ
പയിൽനിന്നു വീണുപോയി.

൫ ഞങ്ങളോ നീതിയുടെ പ്രത്യാശയെ
ആത്മാവിനാൽ വിശ്വാസംമൂലം കാത്തി
രിക്കുന്നു.

൬ എന്തുകൊണ്ടെന്നാൽ ക്രിസ്തുയേശു
വിങ്കൽ ഫലിക്കുന്നതു പരിച്ഛേദനയുമ
ല്ല അഗ്രചർമ്മവുമല്ല സ്നേഹത്താൽ വ്യാപ
രിക്കുന്ന വിശ്വാസമത്രേ.

൭ നിങ്ങൾ നന്നായി ഓടി; സത്യ
ത്തെ സമ്മതിക്കാതിരിപ്പാൻ നിങ്ങളെ ആ
ർ തടുത്തുകളഞ്ഞു?

൮ ഇങ്ങനെ നിങ്ങളെ സമ്മതിപ്പിച്ചതു നിങ്ങളെ വിളിച്ചവനിൽനിന്നുള്ളതല്ല.
൯ അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു.
൰ നിങ്ങൾ മറെറാന്നും ഭാവിക്കയില്ല എന്നു ഞാൻ നിങ്ങളെ കുറിച്ചു കൎത്താവിൽ ഉറെച്ചിരിക്കുന്നു; എന്നാൽ നിങ്ങളെ കലക്കുന്നവൻ ആരായാലും തൻെറ ന്യായവിധിയെ ചുമക്കും.
൰൧ ഞാനോ സഹോദരന്മാരേ, ഇപ്പോഴം പരിച്ഛേദനയെ പ്രസംഗിക്കുന്നു എന്നുവരികിൽ ഇനിയും ഉപദ്രവിക്കപ്പെടുന്നതു എന്തുകൊണ്ടു? അങ്ങനെയായാൽ ക്രൂശിൻെറ ഇടൎച്ചെക്കു നീക്കം വന്നിരിക്കുന്നുവല്ലോ.
൰൨ നിങ്ങളെ കലഹിപ്പിക്കുന്നവർ തങ്ങളെ തന്നേ ഛേദിച്ചുകൊണ്ടാൽ കൊള്ളായിരുന്നു.
൰൩ ¶ സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിന്നായി വിളിക്കപ്പെട്ടവരല്ലോ; ഈ സ്വാതന്ത്ര്യത്തെ ജഡത്തിന്നു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ.
൰൪ എന്തുകൊണ്ടെന്നാൽ: നിൻെറ അയല്ക്കാരനെ നിന്നെപോലേ തന്നേ സ്നേഹിക്കേണം എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം എല്ലാം പൂരിച്ചിരിക്കുന്നു.
൰൫ എന്നാൽ നിങ്ങൾ അന്യോന്യം കടിക്കയും തിന്നുകയും ചെയ്താൽ ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകാതിരിപ്പാൻ നോക്കുവിൻ.
൰൬ ¶ പിന്നെ ഞാൻ പറയുന്നു: ആത്മാവിനാൽ നടപ്പിൻ, എന്നാൽ നിങ്ങൾ ജഡത്തിൻെറ മോഹത്തെ നിവൃത്തിക്കയില്ല.
൰൭ എന്തുകൊണ്ടെന്നാൽ ജഡം ആത്മാവിന്നും ആത്മാവു ജഡത്തിന്നും വിരോധമായി മോഹിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നവയെ ചെയ്യാതവണ്ണം ഇവ തമ്മിൽ പ്രതികൂലം ആകുന്നുവല്ലോ.
൰൮ എങ്കിലും ആത്മാവിനാൽ നടത്തപ്പെടുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻകീഴുള്ളവരല്ല.
൰൯ ജഡത്തിൻെറ പ്രവൃത്തികളോ വെളിവാകുന്നു: വേശ്യാദോഷം, അശുദ്ധി, ദുഷ്കാമം,
൨൰ വിഗ്രഹാരാധന, ആഭിചാരം, പകകൾ, പിണക്കം, എരിവുകൾ, ക്രോധങ്ങൾ, ദുസ്തൎക്കങ്ങൾ, ദ്വന്ദ്വപക്ഷങ്ങൾ, ഭിന്നതകൾ, അസൂയകൾ,
൨൰൧ മദ്യപാനങ്ങൾ, വെറിക്കൂത്തുകൾ, മററും ഇപ്രകാരമുള്ളവ തന്നേ; ഈവക പ്രവൃത്തിക്കുന്നവർ ദൈവരാജ്യത്തെ അവകാശമാക്കുകയില്ല എന്നു ഞാൻ മുൻപറഞ്ഞപ്രകാരം (ഇപ്പോഴം) നിങ്ങളോടു മുൻകൂട്ടി പറയുന്നു.
൨൰൨ ആത്മാവിൻെറ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീൎഘക്ഷമ, ദയ, സൽഗുണം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം;
൨൰൩ ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.
൨൰൪ ക്രിസ്തു യേശുവിന്നുള്ളവർ ജഡത്തെ അതിൻെറ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു.
൨൰൫ ¶ ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനാൽ നടക്കുകയും വേണം.
൨൰൬ നാം അന്യോന്യം പോൎക്കുവിളിച്ചും അന്യോന്യം അസൂയപ്പെട്ടുംകൊണ്ടു വൃഥാഭിമാനികൾ ആകരുതു.

൬ാം അദ്ധ്യായം.

സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല പിഴയിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൌമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷിക്കപ്പെടാതിരിപ്പാൻ നിന്നെത്തന്നേ സൂക്ഷിച്ചുകൊൾക.
൨ തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇപ്രകാരം ക്രിസ്തുവിൻെറ ന്യായപ്രമാണത്തെ നിവൃത്തിപ്പിൻ.
൩ താൻ ഏതുമല്ലാതിരിക്കേ വല്ലതും ആകുന്നപ്രകാരം ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ വഞ്ചിക്കുന്നു.
൪ ഓരോരുത്തൻ താന്താൻെറ പ്രവൃ

ത്തിയെ ശോധന ചെയ്യട്ടെ; അപ്പോൾ അവന്നു വേറൊരുവനിൽ അല്ല തന്നിൽ തന്നേ പ്രശംസ ഉണ്ടാകും.

൫ ഓരോരുത്തൻ താന്താൻറെ ചുമട ചുമക്കുമല്ലോ.

൬ ¶ വചനത്തെ പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാനന്മയിലും ഓഹരി കൊടുക്കേണം.

൭ വഞ്ചനപ്പെടാതിരിപ്പിൻ; ദൈവം പരിഹസിക്കപ്പെടുന്നവനല്ല; എന്തുകൊണ്ടെന്നാൽ മനുഷ്യൻ എന്തു വിതെക്കുന്നുവോ അതിനെ തന്നേ കൊയ്യും.

൮ തൻറെ ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും.

൯ നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളൎന്നുപോകാഞ്ഞാൽ തക്ക സമയത്തു നാം കൊയ്യും.

൰ ആകയാൽ സമയം ഉണ്ടാകുംപോലെ നാം എല്ലാവൎക്കും, വിശേഷാൽ വിശ്വാസത്തിൻറെ ഭവനക്കാൎക്കും നന്മ ചെയ്ക.

൰൧ ¶ കാണ്മിൻ, എത്ര വലിയ അക്ഷരങ്ങളായി ഞാൻ നിങ്ങൾക്കു എൻറെ കൈകൊണ്ടു തന്നേ എഴുതിയിരിക്കുന്നു.

൰൨ ജഡത്തിൽ സുമുഖം കാണിപ്പാൻ ഇച്ഛിക്കുന്നവർ ഒക്കെയും ക്രിസ്തുവിൻറെ ക്രൂശു നിമിത്തം ഉപദ്രവിക്കപ്പെടാതിരിക്കേണ്ടതിന്നു മാത്രം നിങ്ങളെ പരിഛേദന ഏല്പാൻ നിൎബ്ബന്ധിക്കുന്നു.

൰൩ പരിഛേദനക്കാർ തന്നേയും ന്യായപ്രമാണത്തെ കാക്കുന്നില്ലല്ലോ; നിങ്ങളുടെ ജഡത്തിൽ പ്രശംസിക്കേണം എന്നു വെച്ചു നിങ്ങൾ പരിഛേദന ഏല്പാൻ അവർ ഇച്ഛിക്കുന്നതേയുള്ളു.

൰൪ എനിക്കോ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൻറെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതേ; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു.

൰൫ പരിഛേദനയുമല്ല അഗ്രചൎമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാൎയ്യം.

൰൬ ഈ കാനൂലിൻപ്രകാരം നടക്കുന്ന ഏവരുടെയും മേൽ, ദൈവത്തിൻറെ ഇസ്രയേലിന്മേൽ തന്നേ, സമാധാനവും കരുണയും ഉണ്ടാകട്ടെ.

൰൭ ¶ ഇനിമേൽ ആരും എനിക്കു പ്രയാസം വരുത്തരുതു; ഞാൻയേശുവിൻറെ വടുക്കളെ എൻറെ ശരീരത്തിൽ വഹിക്കുന്നവല്ലോ.

൰൮ ¶ സഹോദരന്മാരേ, നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൻറെ കൃപ നിങ്ങളുടെ ആത്മാവിനോടു കൂടെ ഇരിക്കുമാറാക. ആമെൻ.

THE EPISTLE OF PAUL THE APOSTLE

TO THE

EPHESIANS.

അപ്പൊസ്തലനായ പൌലൊസ്

എഫെസ്യക്കു എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

ദൈവേഷ്ടത്താൽ ക്രിസ്തു യേശുവിന്റെ
അപ്പൊസ്തലനായ പൌലൊസ് എഫെ
സൊസിൽ ഉള്ള വിശുദ്ധന്മാരും ക്രിസ്തു
യേശുവിൽ വിശ്വാസികളുമായവൎക്ക എ
ഴുതുന്നതു:
൨ നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും കൎത്താവായ യേശുക്രിസ്തുവിൽനി
ന്നും നിങ്ങൾക്ക കൃപയും സമാധാനവും
ഉണ്ടാകട്ടെ.
൩ ¶ സ്വൎല്ലോകങ്ങളിലെ സകല
ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവി
ങ്കൽ അനുഗ്രഹിച്ച നമ്മുടെ കൎത്താവായ
യേശു ക്രിസ്തുവിന്റെ ദൈവവും പിതാ
വുമായവൻ വാഴ്ത്തപ്പെട്ടവൻ.
൪ നാം തന്റെ മുമ്പാകെ വിശുദ്ധരും
നിഷ്കളങ്കരും ആകേണ്ടതിന്ന അവൻ
ലോകസ്ഥാപനത്തിന്ന മുമ്പെ നമ്മെ അ
വനിൽ തെരിഞ്ഞെടുത്തു.
൫ തന്റെ ഇഷ്ടത്തിന്റെ പ്രസാദപ്ര
കാരം യേശു ക്രിസ്തു മുഖാന്തരം നമ്മെ ത
നിക്ക ദത്താക്കേണ്ടതിന്നായി സ്നേഹത്തി
ൽ മുന്നിയമിച്ചപ്രകാരം തന്നേ.
൬ അവൻ പ്രിയനായവനിൽ നമുക്ക
സൌജന്യമായി നല്കിയ തന്റെ കൃപയു
ടെ മഹത്വത്തിൻ പുകഴ്ചെക്കായിട്ടത്രെ.
൭ അവന്റെ രക്തത്താൽ പിഴകളു
ടെ മോചനമാകുന്ന വീണ്ടെടുപ്പ അവ
നിൽ നമുക്ക ഉണ്ടു.
൮ അവൻ നമ്മിലേക്ക സകലജ്ഞാന
ത്തിലും വിവേകത്തിലും പെരുകുമാറാ
ക്കിയ തന്റെ കൃപയുടെ ധനപ്രകാരം ത
ന്നേ.
൯ അവനിൽ താൻ മുന്നിൎണ്ണയിച്ച ത
ന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ
ഹിതത്തിന്റെ മൎമ്മത്തെ അവൻ നമ്മോ
ടു അറിയിച്ചു.
൧൦ അതു സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ള
വ എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നാ
കെ ചേൎക്ക എന്നിങ്ങനെ കാലങ്ങളുടെ
സമ്പൂൎണ്ണതയിലേ വ്യവസ്ഥെക്കായിക്കൊ
ണ്ടു തന്നേ.
൧൧ അവനിൽ നാം അവകാശവും
പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആ
ലോചനപോലെ സകലവും പ്രവൃത്തിക്കു
ന്നവന്റെ നിൎണ്ണയപ്രകാരം മുന്നിയമി
ക്കപ്പെട്ടു;
൧൨ മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശ
വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വ
ത്തിന്റെ പുകഴ്ചെക്കാകേണ്ടതിന്നു ത
ന്നേ.
൧൩ അവനിൽ നിങ്ങളും നിങ്ങളുടെ
രക്ഷയുടെ സുവിശേഷമാകുന്ന സത്യത്തി
ന്റെ വചനത്തെ കേൾക്കയും അവനിൽ
വിശ്വസിക്കയും ചെയ്തിട്ടു,
൧൪ തന്റെ സമ്പാദിതജനത്തിന്റെ
വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വ
ത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവ
കാശത്തിന്റെ അച്ചാരമാകുന്ന വാഗ്ദത്ത
ത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട
പ്പെട്ടു.
൧൫ ¶ അതു നിമിത്തം ഞാനും നി
ങ്ങൾക്ക കൎത്താവായ യേശുവിലുള്ള വി

ശ്വാസത്തെയും എല്ലാവിശുദ്ധന്മാരോടുമു
ള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ടു,
൧൬ നിങ്ങൾക്കുവേണ്ടി വിടാതെ സ്തോ
ത്രം ചൊല്ലി എന്റെ പ്രാൎത്ഥനകളിൽ നി
ങ്ങളെ ഓൎത്തുകൊണ്ടും,
൧൭ നമ്മുടെ കൎത്താവായ യേശുക്രിസ്തു
വിന്റെ ദൈവവും മഹത്വത്തിന്റെ പി
താവുമായവൻ നിങ്ങൾക്കു തന്നെകുറിച്ചു
ള്ള അറിവിൽ ജ്ഞാനത്തിന്റെയും വെ
ളിപ്പാടിന്റെയും ആത്മാവിനെ തരേണ്ട
തിന്നും
൧൮ നിങ്ങളുടെ ഹൃദയക്കണ്ണുകളെ പ്ര
കാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള
ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അ
വന്റെ അവകാശമഹിമയുടെ ധനം ഇ
ന്നതെന്നും
൧൯ വിശ്വസിക്കുന്ന നമ്മിലേക്കു അ
വന്റെ ശക്തിയുടെ അത്യന്തവലിപ്പം ത
ന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാ
പാരപ്രകാരം ഇന്നതെന്നും നിങ്ങൾ അ
റിയേണ്ടതിന്നും പ്രാൎത്ഥിക്കുന്നു.
൨൦ ആ വ്യാപാരം അവൻ ക്രിസ്തുവി
ൽ വ്യാപരിപ്പിച്ചു; അവനെ മരിച്ചവരി
ൽനിന്നു ഉയിൎപ്പിക്കയും സ്വൎല്ലോകങ്ങളി
ൽ തന്റെ വലത്തുഭാഗത്തു
൨൧ എല്ലാവാഴ്ചെക്കും അധികാരത്തി
ന്നും ശക്തിക്കും കൎത്തൃത്വത്തിന്നും ഈ ലോ
കത്തിൽ മാത്രമല്ല വരുവാനുള്ളതിലും വി
ളിക്കപ്പെടുന്ന സകലനാമത്തിന്നും അത്യ
ന്തം മീതെ ഇരുത്തുകയും
൨൨ സൎവ്വവും അവന്റെ കാല്ക്കീഴാക്കി
വെച്ചു അവനെ സൎവ്വത്തിന്നും മീതെ ത
ലയാക്കി
൨൩ എല്ലാററിലും എല്ലാം നിറെക്കു
ന്നവന്റെ നിറവായിരിക്കുന്ന അവ
ന്റെ ശരീരമാകുന്ന സഭെക്കു കൊടുക്ക
യും ചെയ്തതിനാൽ തന്നേ.

൨ാം അദ്ധ്യായം.

പിഴകളാലും പാപങ്ങളാലും മരിച്ചവ
രായിരുന്ന നിങ്ങളെ അവൻ (ഉയിൎപ്പി
ച്ചു).
൨ ആയവയിൽ നിങ്ങൾ മുമ്പേ ഈ
ലോകത്തിന്റെ കാലഗതിയെയും ആകാ
ശത്തിലേ അധികാരത്തിന്നും അനുസര
ണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപ
രിക്കുന്ന ആത്മാവിന്നും പ്രഭുവായവനെ
യും അനുസരിച്ചു നടന്നു.
൩ അവരുടെ ഇടയിൽ നാം എല്ലാവ
രും മുമ്പേ നമ്മുടെ ജഡമോഹങ്ങളിൽ ന
ടന്നു ജഡത്തിന്നും മനോവികാരങ്ങൾ
ക്കും ഇഷ്ടമായവ ചെയ്തുംകൊണ്ടു മററുള്ള
വരെ പോലെ സ്വഭാവത്താൽ കോപ
ത്തിന്റെ മക്കൾ ആയിരുന്നു.
൪ കരുണയിൽ ധനവാനായ ദൈവ
മോ നമ്മെ സ്നേഹിച്ച തന്റെ ബഹുസ്നേ
ഹം നിമിത്തം
൫ പിഴകളാൽ മരിച്ചവരായിരുന്ന
നമ്മെ തന്നേ ക്രിസ്തുവിനോടുകൂടെ ജീവി
പ്പിക്കയും—കൃപയാലത്രേ നിങ്ങൾ രക്ഷി
ക്കപ്പെട്ടിരിക്കുന്നു—
൬ ക്രിസ്തു യേശുവിൽ അവനോടുകൂ
ടെ ഉയിൎത്തെഴുനീല്പിക്കയും സ്വൎല്ലോകങ്ങ
ളിൽ അവനോടുകൂടെ ഇരുത്തുകയും
ചെയ്തു.
൭ ക്രിസ്തുയേശുവിൽ നമ്മെ കുറിച്ചു
ള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ
അത്യന്തധനത്തെ വരുംകാലങ്ങളിൽ കാ
ണിക്കേണ്ടതിന്നു തന്നേ.
൮ കൃപയാലല്ലോ നിങ്ങൾ വിശ്വാ
സം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; ഇതും
നിങ്ങളിൽനിന്നുള്ളതല്ല ദൈവത്തിന്റെ
ദാനമത്രേയാകുന്നു.
൯ ആരും പ്രശംസിക്കാതിരിപ്പാൻ പ്ര
വൃത്തികളാലല്ല.
൧൦ എന്തുകൊണ്ടെന്നാൽ നാം അവ
ന്റെ കൈപ്പണിയായി സൽപ്രവൃത്തിക
ൾക്കായിട്ടു ക്രിസ്തു യേശുവിൽ സൃഷ്ടിക്ക
പ്പെട്ടവരാകുന്നു; നാം അവയിൽ നടക്കേ
ണ്ടതിന്നു ദൈവം അവയെ മുന്നൊരുക്കി
യിരിക്കുന്നു.
൧൧ ¶ ആകയാൽ മുമ്പേ നിങ്ങൾ ജ
ഡത്തിൽ കൈയ്യാലുള്ള പരിച്ഛേദന എ
ന്നവരാൽ അഗ്രചൎമ്മം എന്ന പേർ വി
ളിക്കപ്പെട്ടവരായി ജഡത്താൽ ജാതികൾ
ആയിരുന്നു എന്നും
൧൨ നിങ്ങൾ അക്കാലത്തിൽ ക്രിസ്തുവി
നെ കൂടാതെയുള്ളവരും ഇസ്രയേൽപൌ

രതയോടു സംബന്ധമില്ലാത്തവരും വാ
ഗ്ദത്തത്തിന്റെ നിയമങ്ങളിൽനിന്നു അ
ന്യരുമായി പ്രത്യാശയില്ലാത്തവരും ലോ
കത്തിൽ ദൈവമില്ലാത്തവരും ആയിരു
ന്നു എന്നും ഓൎത്തുകൊൾവിൻ.
൧൩ ഇപ്പോഴോ ക്രിസ്തു യേശുവിൽ
ആകയാൽ മുമ്പേ ദൂരസ്ഥരായിരുന്ന നി
ങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ സമീപ
സ്ഥരായി തീൎന്നു.
൧൪ എന്തുകൊണ്ടെന്നാൽ അവൻ ന
മ്മുടെ സമാധാനം; അവൻ രണ്ടിനെയും
ഒന്നാക്കി, വെപ്പുകളിലേ കല്പനകളുടെ
ന്യായപ്രമാണമാകുന്ന ശത്രുത്വത്തെ ത
ന്റെ ജഡത്താൽ നീക്കീട്ടു വേൎപ്പാടിന്റെ
നടുച്ചുവരിനെ ഇടിച്ചുകളഞ്ഞു.
൧൫ അങ്ങനെ സമാധാനം ഉണ്ടാക്കി
ക്കൊണ്ടു രണ്ടിനെയും തന്നിൽ തന്നേ ഒ
രേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും,
൧൬ ക്രൂശിന്മേൽ ശത്രുത്വത്തെ കൊ
ന്നു, അതിനാൽ ഇരുപക്ഷക്കാരെയും ഏ
കശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാ
നും തന്നേ.
൧൭ അവൻ വന്നു ദൂരത്തായിരുന്ന
നിങ്ങൾക്കു സമാധാനവും അടുക്കേയുള്ള
വൎക്കു സമാധാനവും സുവിശേഷിച്ചു.
൧൮ അവൻ മുഖാന്തരം നമുക്കു ഇരു
പക്ഷക്കാൎക്കും ഏകാത്മാവിനാൽ തന്നേ
പിതാവിങ്കലേക്കു പ്രവേശനം ഉണ്ടു നി
ശ്ചയം.
൧൯ ആകയാൽ നിങ്ങൾ ഇനി അന്യ
ന്മാരും പരദേശികളുമല്ല വിശുദ്ധന്മാരു
ടെ സഹപൌരന്മാരും ദൈവത്തിന്റെ
ഭവനക്കാരുമത്രേ.
൨൦ ക്രിസ്തുയേശു തന്നേ പ്രധാനമൂല
ക്കല്ലായിരിക്കേ നിങ്ങൾ അപ്പൊസ്തലന്മാ
രുടെയും പ്രവാചകന്മാരുടെയും അടി
സ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു.
൨൧ അവനിൽ സകല കെട്ടിടവും
യുക്തമായി ചേൎക്കപ്പെട്ടു കൎത്താവിൽ വി
ശുദ്ധമന്ദിരമായി വളരുന്നു.
൨൨ അവനിൽ നിങ്ങളും ദൈവത്തി
ന്റെ വാസസ്ഥലമാകേണ്ടതിന്നു ആത്മാ
വിനാൽ ഒന്നിച്ചു പണിയപ്പെടുന്നു.

൩ാം അദ്ധ്യായം.

അതു നിമിത്തം പൌലൊസായ ഞാൻ
ജാതികളായ നിങ്ങൾക്കുവേണ്ടി ക്രിസ്തു
യേശുവിന്റെ ബദ്ധനായിരിക്കുന്നു.
൨ നിങ്ങൾക്കായി എനിക്കു നല്കപ്പെട്ട
ദൈവകൃപയുടെ വ്യവസ്ഥയെ കുറിച്ചു
നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
൩ ഞാൻ മീതെ ചുരുക്കത്തിൽ എഴുതി
യതുപോലെ വെളിപ്പാടിനാൽ എനിക്കു
ഒരു മൎമ്മം അറിയിക്കപ്പെട്ടതു തന്നേ.
൪ ആയതു നിങ്ങൾ വായിച്ചാൽ ക്രി
സ്തുവിനെ സംബന്ധിച്ചുള്ള മൎമ്മത്തിൽ എ
നിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം.
൫ ആ മൎമ്മം ഇപ്പോൾ അവന്റെ വി
ശുദ്ധ അപ്പൊസ്തലന്മാൎക്കും പ്രവാചകന്മാ
ൎക്കും ആത്മാവിനാൽ വെളിപ്പെട്ടപ്രകാരം
വേറെ തലമുറകളിൽ മനുഷ്യപുത്രന്മാ
രോടു അറിയിക്കപ്പെട്ടിരുന്നില്ല.
൬ ജാതികൾ സുവിശേഷത്താൽ ക്രി
സ്തുയേശുവിൽ കൂട്ടവകാശികളും ഏകശ
രീരസ്ഥരും വാഗ്ദത്തത്തിൽ കൂട്ടംശികളും
ആകുക എന്നുള്ളതു തന്നേ.
൭ ആ സുവിശേഷത്തിന്നു ഞാൻ അ
വന്റെ ശക്തിയുടെ വ്യാപാരപ്രകാരം
എനിക്കു നല്കപ്പെട്ട ദൈവകൃപയുടെ ദാ
നത്താൽ ശുശ്രൂഷക്കാരനായി തീൎന്നു.
൮ എല്ലാ വിശുദ്ധന്മാരിലും ഏററവും
ചെറിയവനായ എനിക്കു ജാതികളോടു
ക്രിസ്തുവിന്റെ അപ്രമേയധനത്തെ സു
വിശേഷിപ്പാനും
൯ സകലവും സൃഷ്ടിച്ച ദൈവത്തിൽ
അനാദികാലം മുതൽ മറഞ്ഞു കിടന്ന മ
ൎമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാ
വൎക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ
നല്കപ്പെട്ടിരിക്കുന്നു.
൧൦ ഇപ്പോൾ സ്വൎല്ലോകങ്ങളിൽ വാ
ഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവ
ത്തിന്റെ ബഹുവിധമായ ജ്ഞാനം,
൧൧ അവൻ നമ്മുടെ കൎത്താവായ ക്രി
സ്തു യേശുവിൽ നിവൃത്തിച്ച അനാദിനി
ൎണ്ണയപ്രകാരം സഭ മുഖാന്തരം അറിയ
പ്പെടേണ്ടതിന്നു തന്നേ.
൧൨ ഇവനിൽ ആശ്രയിച്ചിട്ടു അവ

നിലേ വിശ്വാസത്താൽ നമുക്കു ധൈൎയ്യ
വും പ്രവേശനവും ഉണ്ടു.
൧൩ ആകയാൽ നിങ്ങൾക്കുവേണ്ടി
എനിക്കുള്ള കഷ്ടങ്ങൾ നിങ്ങളുടെ മഹത്വ
മാകയാൽ അവയിൽ തളൎന്നുപോകരുതു
എന്നു ഞാൻ അപേക്ഷിക്കുന്നു.
൧൪ ¶ അതു നിമിത്തം ഞാൻ സ്വൎഗ്ഗ
ങ്ങളിലും ഭൂമിയിലുമുള്ള സകല കുഡുംബ
ത്തിന്നും പേർവരുവാൻ കാരണഭൂത
നായ
൧൫ പിതാവിങ്കലേക്കു എന്റെ മുഴ
ങ്കാലുകളെ മടക്കുന്നു.
൧൬ അവൻ തന്റെ മഹത്വത്തിന്റെ
ധനപ്രകാരം അവന്റെ ആത്മാവിനാ
ൽ നിങ്ങൾ അകത്തേ മനുഷ്യനിൽ ശ
ക്തിയോടെ ബലപ്പെടേണ്ടതിന്നും
൧൭ ക്രിസ്തു വിശ്വാസത്താൽ നിങ്ങളു
ടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും
വരം നല്കേണം എന്നും നിങ്ങൾ സ്നേഹ
ത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരാ
യി
൧൮ വീതിയും നീളവും ഉയരവും ആ
ഴവും എന്തു എന്നു എല്ലാ വിശുദ്ധന്മാ
രോടുംകൂടെ ഗ്രഹിപ്പാനും
൧൯ അറിവിനെ കവിയുന്ന ക്രിസ്തു
വിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാ
കയും ദൈവത്തിന്റെ സകല നിറവി
നോളം നിറഞ്ഞുവരികയും വേണം എ
ന്നും പ്രാൎത്ഥിക്കുന്നു.
൨൦ ¶ എന്നാൽ നാം ചോദിക്കുന്നതി
ലും നിനെക്കുന്നതിലും അത്യന്തം പരമാ
യി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശ
ക്തിപ്രകാരം കഴിയുന്നവന്നു
൨൧ സഭയിലും ക്രിസ്തു യേശുവിലും
എന്നേക്കുമുള്ള സകല തലമുറകളോളവും
മഹത്വം. ആമെൻ.

൪ാം അദ്ധ്യായം.

ആകയാൽ കൎത്താവിൽ ബദ്ധനായ ഞാ
ൻ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ വിളി
ക്കപ്പെട്ട വിളിക്കു യോഗ്യമാംവണ്ണം
൨ സകലവിനയത്തോടും സൌമ്യത
യോടും ദീൎഘശാന്തതയോടും കൂടെ നടക്ക
യും സ്നേഹത്തിൽ അന്യോന്യം പൊറു
ക്കയും
൩ ആത്മാവിന്റെ ഐക്യതയെ സമാ
ധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും
ചെയ്വിൻ.
൪ നിങ്ങളുടെ വിളിയുടെ ഏകമായ
പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടപ്ര
കാരം തന്നേ ശരീരം ഒന്നു, ആത്മാവു ഒ
ന്നു,
൫ കൎത്താവു ഒരുവൻ, വിശ്വാസം ഒ
ന്നു, സ്നാനം ഒന്നു,
൬ എല്ലാവൎക്കും മീതെയും എല്ലാവരി
ൽ കൂടിയും എല്ലാവരിലും ഇരിക്കുന്നവ
നായി എല്ലാവൎക്കും ദൈവവും പിതാവുമാ
യവൻ ഒരുവൻ.
൭ എങ്കിലും നമ്മിൽ ഓരോരുത്തന്നു
ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു
തക്കവണ്ണം കൃപ നല്കപ്പെട്ടു.
൮ അതുകൊണ്ടു പറയുന്നു: അവൻ
ഉയരത്തിൽ കരേറി അടിമപ്പാടിനെ അ
ടിമയാക്കി, മനുഷ്യൎക്കു ദാനങ്ങളെ കൊടു
ത്തു.
൯ കരേറി എന്നതോ അവൻ ഭൂമി
യുടെ കീഴ്ഭാഗങ്ങളിലേക്കു ഇറങ്ങി എ
ന്നല്ലാതെ എന്താകുന്നു?
൧൦ ഇറങ്ങിയവൻ തന്നേ സകലത്തെ
യും നിറെക്കേണ്ടതിന്നു എല്ലാ സ്വൎഗ്ഗങ്ങ
ൾക്കും മീതെ കരേറിയവനും ആകുന്നു.
൧൧ അവൻ ചിലരെ അപ്പൊസ്തലന്മാ
രായും ചിലരെ പ്രവാചകന്മാരായും ചി
ലരെ സുവിശേഷകന്മാരായും ചിലരെ
ഇടയന്മാരായും ഉപദേഷ്ടാക്കളായും ത
ന്നു;
൧൨ അതു വിശുദ്ധന്മാരുടെ യഥാ
സ്ഥാനത്വത്തിന്നായി ശുശ്രൂഷയുടെ വേ
ലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഗൃ
ഹനിൎമ്മാണത്തിന്നും ആകുന്നു;
൧൩ നാം എല്ലാവരും ദൈവപുത്ര
ന്റെ വിശ്വാസത്തിലും പരിജ്ഞാനത്തി
ലുമുള്ളോരു ഐക്യതയിലേക്കു, തികഞ്ഞ
പുരുഷത്വത്തിലേക്കു, ക്രിസ്തുവിന്റെ സം
പൂൎണ്ണതയുടെ പ്രായത്തിന്റെ അളവി
ലേക്കു എത്തുവോളം തന്നേ.

൧൪ നാം ഇനി മനുഷ്യരുടെ ചതിമായംകൊണ്ടും കൌശലംകൊണ്ടും തെററിക്കുന്ന തന്ത്രങ്ങൾക്കായിട്ടു ഉപദേശത്തിന്റെ ഓരോരോ കാററിനാൽ അലഞ്ഞോടി ഉഴലുന്ന ശിശുക്കൾ ആയിരിക്കാതെ

൧൫ സ്നേഹത്തിൽ സത്യത്തെ സംസാരിച്ചുകൊണ്ടു തലയാകുന്ന ക്രിസ്തുവിങ്കലേക്കു സകലത്തിലും വളരേണ്ടതിന്നു ആകുന്നു:

൧൬ അവനിൽനിന്നു ശരീരം മുഴുവനും യുക്തമായി കൂട്ടിയിണക്കപ്പെട്ടും ഏകീഭവിച്ചും ഓരോരോ അംശത്തിന്റെ അളവിന്നു തക്ക വ്യാപാരപ്രകാരം ഉതവി ലഭിപ്പാനുള്ള എല്ലാ സന്ധിയാലും സ്നേഹത്തിൽ തന്റെ ഗൃഹനിൎമ്മാണത്തിന്നായി ശരീരവളൎച്ച്‌ പ്രാപിക്കുന്നു.

൧൭ ¶ ആകയാൽ ഞാൻ ഇതിനെ കൎത്താവിൽ സാക്ഷീകരിച്ചു പറയുന്നു: ജാതികൾ തങ്ങളുടെ മനസ്സിന്റെ മായയിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുതു.

൧൮ അവർ തങ്ങളുടെ ബുദ്ധിയിൽ അന്ധരായി തങ്ങളിലുള്ള അറിയായ്മ നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽനിന്നു അന്യപ്പെട്ടവരായി

൧൯ മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകലഅശുദ്ധിയെയും പ്രവൃത്തിപ്പാൻ ദുഷ്കാമത്തിന്നു തങ്ങളെ തന്നേ ഏല്പിച്ചിരിക്കുന്നു.

൨൦ നിങ്ങളോ യേശുവിൽ സത്യമിരിക്കുന്നപ്രകാരം അവനെ ചെവികൊണ്ടു അവനിൽ ഉപദേശിക്കപ്പെട്ടവർ എങ്കിൽ

൨൧ ക്രിസ്തുവിനെ ഇപ്രകാരമല്ല പഠിച്ചതു.

൨൨ മുമ്പിലത്തേ നടപ്പിനെ സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപോകുന്ന പഴയമനുഷ്യനെ ഉപേക്ഷിച്ചുംകളഞ്ഞു

൨൩ നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെട്ടു

൨൪ സത്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊള്ളേണമെന്നത്രേ.

൨൫ ¶ ആകയാൽ ഭോഷ്കിനെ ഉപേക്ഷിച്ചുംകളഞ്ഞു ഓരോരുത്തൻ താന്താന്റെ അയല്ക്കാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ തമ്മിൽ അവയവങ്ങൾ ആകുന്നുവല്ലോ.

൨൬ കോപിച്ചാലും പാപം ചെയ്യാതിരിപ്പിൻ. സൂൎയ്യൻ നിങ്ങളുടെ ക്രോധത്തിന്മേൽ അസ്തമിക്കരുതു.

൨൭ പിശാചിന്നു ഇടം കൊടുക്കാതെയും ഇരിപ്പിൻ.

൨൮ കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്വാൻ ഉണ്ടാകേണ്ടതിന്നു തന്റെ കൈകളെ കൊണ്ടു നല്ലതിനെ പ്രവൃത്തിച്ചുഅദ്ധ്വാനിക്കയത്രേ വേണ്ടതു.

൨൯ കേൾക്കുന്നവൎക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ഗൃഹനിൎമ്മാണത്തിന്നായി നല്ലവാക്കായതല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുതു.

൩൦ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു; അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പിന്റെ നാളിലേക്കു മുദ്രയിടപ്പെട്ടതു.

൩൧ സകല കൈപ്പും കോപവും ക്രോധവും കൂററാരവും ദൂഷണവും സകല ദുൎഗ്ഗുണവുമായി നിങ്ങളിൽനിന്നു ഒഴിഞ്ഞുപോകട്ടെ.

൩൨ നിങ്ങൾ തമ്മിൽ തമ്മിൽ ദയയുള്ളവരായി മനസ്സലിവുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരായിരിപ്പിൻ.

൫ാം അദ്ധ്യായം.

ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ.

൨ ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു സൌരഭ്യവാസനെക്കായിട്ടു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു വഴിപാടും ബലിയുമായി അൎപ്പിച്ചപ്രകാരം സ്നേഹത്തിൽ നടക്കയും ചെയ്വിൻ.

൩ എന്നാൽ വേശ്യാദോഷവും യാതൊരു അശുദ്ധിയും അത്യാഗ്രഹവും വിശുദ്ധൎക്ക് ഉചിതമാകുംവണ്ണം നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു.

൪ ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേൎച്ചയല്ലാത്തവ ഒന്നും അരുതു, സ്തോത്രമത്രേ വേണ്ടതു.

൫ വേശ്യാദോഷക്കാരൻ, അശുദ്ധൻ, വിഗ്രഹാരാധിയാകുന്ന ദ്രവ്യാഗ്രഹി ഇവൎക്ക് ആൎക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ.

൬ വ്യൎത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുതു; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണക്കേടിന്റെ മക്കളുടെമേൽ വരുന്നു.

൭ ആകയാൽ അവരോടു കൂട്ടംശികൾ ആകരുതു.

൮ മുമ്പേ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കൎത്താവിൽ വെളിച്ചം ആകുന്നു.

൯ കൎത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിന്റെ മക്കളായി നടന്നുകൊൾവിൻ.

൰ സകല സൽഗുണത്തിലും നീതിയിലും സത്യത്തിലുമല്ലോ വെളിച്ചത്തിന്റെ ഫലം.

൰൧ ഇരുട്ടിന്റെ നിഷ്ഫലക്രിയകളിൽ കൂട്ടാളികൾ ആകരുതു; അവയെ ശാസിക്ക അത്രേ വേണ്ടതു.

൰൨ അവർ ഗൂഢമായി ചെയ്യുന്നവയെ പറയുന്നതുപോലും ലജ്ജയാകുന്നു.

൰൩ ശാസിക്കപ്പെട്ടപ്പോഴോ അവ എല്ലാം വെളിച്ചത്താൽ വെളിപ്പെട്ടു വരുന്നു; വെളിപ്പെട്ടു വരുന്നതെല്ലാം വെളിച്ചമാകുന്നുവല്ലോ.

൰൪ അതുകൊണ്ടു ഉറങ്ങുന്നവനേ, ഉണൎന്നു മരിച്ചവരിൽനിന്നു എഴുനീല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും എന്നു ചൊല്ലുന്നു.

൰൫ ¶ ആകയാൽ സൂക്ഷ്മത്തോടെ നടപ്പാൻ നോക്കുവിൻ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ.

൰൬ നാളുകൾ ദോഷമുള്ളവയാകയാൽ സമയത്തെ തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.

൰൭ അതുകൊണ്ടു ബുദ്ധിഹീനരാകാതെ കൎത്താവിന്റെ ഇഷ്ടം ഇന്നതെന്നു തിരിച്ചറിയുന്നവർ ആകുവിൻ

൰൮ ദുൎന്നടപ്പുണ്ടാകുന്ന വീഞ്ഞിനാൽ മത്തരാകാതെ ആത്മാവുകൊണ്ടു നിറഞ്ഞവരായി

൰൯ സങ്കീൎത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കൎത്താവിന്നു പാടിയും കീൎത്തനം ചെയ്തും

൨൰ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാററിന്നു വേണ്ടിയും സ്തോത്രം ചൊല്ലിക്കൊണ്ടും

൨൰൧ ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടുമിരിപ്പിൻ.

൨൰൨ ¶ ഭാൎയ്യമാരേ, കൎത്താവിന്നു എന്നപോലെ സ്വന്തഭൎത്താക്കന്മാൎക്ക് കീഴടങ്ങുവിൻ.

൨൰൩ എന്തുകൊണ്ടെന്നാൽ ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നപ്രകാരം തന്നേ ഭൎത്താവു ഭാൎയ്യെക്കു തലയാകുന്നു.

൨൰൪ എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാൎയ്യമാരും ഭൎത്താക്കന്മാൎക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം.

൨൰൫ ഭൎത്താക്കന്മാരേ, നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ; ക്രിസ്തുവും സഭയെ സ്നേഹിച്ചപ്രകാരം തന്നേ.

൨൰൬ അവൻ അവളെ വചനംകൊണ്ടു നീൎക്കുളിയാൽ വെടിപ്പാക്കിക്കൊണ്ടു വിശുദ്ധീകരിക്കേണ്ടതിന്നും

൨൰൭ കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു.

൨൰൮ അവ്വണ്ണം ഭൎത്താക്കന്മാരും തങ്ങളുടെ ഭാൎയ്യമാരേ തങ്ങളുടെ ശരീരങ്ങളെപോലെ സ്നേഹിക്കേണ്ടതാകുന്നു. തന്റെ

ഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെത്താന്നേ സ്നേഹിക്കുന്നു.

൨൯ തന്റെ ജഡത്തെ ഒരുവനും ഒരുനാളും പകച്ചിട്ടില്ലല്ലോ; അതിനെ പോററി പുലൎത്തുകയത്രേ ചെയ്യുന്നു. ക്രിസ്തുവും സഭയെ എന്നപോലെ തന്നേ.

൩൦ എന്തുകൊണ്ടെന്നാൽ നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളാകുന്നു.

൩൧ അതു നിമിത്തം ഒരു മനുഷ്യൻ പിതാവിനെയും മാതാവിനെയും വിട്ടു തന്റെ ഭാൎയ്യയോടു പററിച്ചേരും; ഇരുവരും ഒരു ജഡമായി തീരും.

൩൨ ഈ മൎമ്മം വലിയതാകുന്നു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നു.

൩൩ വിശേഷിച്ചു നിങ്ങളും അപ്രകാരം തന്നേ ഓരോരുത്തൻ താന്താന്റെ ഭാൎയ്യയെ തന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഭാൎയ്യയോ ഭൎത്താവിനെ ഭയപ്പെടേണ്ടതാകുന്നു.

൬ാം അദ്ധ്യായം.

മക്കളേ, നിങ്ങളുടെ മാതാപിതാക്കന്മാരേ കൎത്താവിൽ അനുസരിപ്പിൻ; ഇതു ന്യായമല്ലോ ആകുന്നു.

൨ നിനക്കു നല്ലതു ഭവിപ്പാനും നീ ഭൂമിയിൽ ദീൎഘായുസ്സോടിരിപ്പാനും

൩ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്ക എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു.

൪ പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കൎത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളൎത്തുവിൻ.

൫ ¶ ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ.

൬ മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെന്നപോലെ ദൈവേഷ്ടത്തെ മനസ്സാലെ ചെയ്തും

൭ മനുഷ്യരെയല്ല കൎത്താവിനെ അത്രേ പ്രീതിയോടെ സേവിച്ചുകൊണ്ടും തന്നേ.

൮ ദാസനാകട്ടെ സ്വതന്ത്രനാകട്ടെ താന്താൻ എന്തു നന്മ ചെയ്യുന്നുവോ അതിനെ തന്നേ കൎത്താവിൽനിന്നു പ്രാപിക്കും എന്നു നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ.

൯ യജമാനന്മാരെ, അവരുടെയും നിങ്ങളുടെയും യജമാനനായവൻ സ്വൎഗ്ഗങ്ങളിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ടു അപ്രകാരം തന്നേ ചെയ്കയും ഭീഷണിവാക്കു ഒഴിക്കയും ചെയ്വിൻ.

൧൦ ¶ ഒടുവിൽ കൎത്താവിലും അവന്റെ ബലത്തിന്റെ വല്ലഭത്വത്തിലും ശക്തിപ്പെടുവിൻ.

൧൧ പിശാചിന്റെ തന്ത്രങ്ങളോടു ചെറുത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സൎവ്വായുധവൎഗ്ഗത്തെ ധരിച്ചുകൊൾവിൻ.

൧൨ നമുക്കു മല്പിടിത്തം ഉള്ളതു ജഡരക്തങ്ങളോടു അല്ലല്ലോ; വാഴ്ചകളോടു, അധികാരങ്ങളോടു, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടു, സ്വൎല്ലോകങ്ങളിലേ ദുഷ്ടാത്മസേനയോടു അത്രേ.

൧൩ അതുകൊണ്ടു നിങ്ങൾ ദുൎദ്ദിവസത്തിൽ എതിൎപ്പാനും സകലത്തെയും സമാപിച്ചിട്ടു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സൎവ്വായുധവൎഗ്ഗത്തെ എടുത്തുകൊൾവിൻ.

൧൪ ആകയാൽ നിങ്ങളുടെ അരെക്കു സത്യത്തെ കെട്ടിയും നീതി എന്ന കവചത്തെ ധരിച്ചും

൧൫ സമാധാന സുവിശേഷത്തിന്റെ ഒരുക്കത്തെ കാലുകൾക്കു ചെരിപ്പാക്കിയും

൧൬ എല്ലാററിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിചയെ എടുത്തുകൊണ്ടും നില്പിൻ.

൧൭ പിന്നെ രക്ഷ എന്ന ശിരസ്ത്രത്തെയും ദൈവവചനമാകുന്ന ആത്മാവിന്റെ വാളിനെയും കൈക്കൊൾവിൻ.

൧൮ എല്ലാ പ്രാൎത്ഥനയാലും യാചന
യാലും ഏതു നേരത്തും ആത്മാവിൽ പ്രാ
ൎത്ഥിച്ചും അതിന്നായി ജാഗരിച്ചുംകൊ
ണ്ടു എല്ലാവിശുദ്ധന്മാൎക്കായിട്ടും എനിക്കു
വേണ്ടിയും യാചനയിൽ സകല അഭി
നിവേശത്തോടുംകൂടെ ഇരിപ്പിൻ.

൧൯ ഞാൻ ചങ്ങലയിൽ സ്ഥാനാപതി
യായി സേവിക്കുന്ന സുവിശേഷത്തി
ന്റെ മൎമ്മത്തെ പ്രാഗത്ഭ്യത്തോടെ അറി
യിപ്പാൻ എന്റെ വായി തുറക്കുമ്പോൾ
എനിക്കു വചനം നല്കപ്പെടേണ്ടതിന്നും

൨൦ ഞാൻ സംസാരിക്കേണ്ടുംവണ്ണം
അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേ
ണ്ടതിന്നും തന്നേ.

൨൧ ¶ എന്റെ അവസ്ഥയും ഞാൻ
എങ്ങനെ ഇരിക്കുന്നു എന്നതും നിങ്ങളും
അറിയേണ്ടതിന്നു പ്രിയസഹോദരനും
കൎത്താവിൽ വിശ്വസ്തശുശ്രൂഷക്കാരനുമാ
യ തിഹിക്കൊസ് നിങ്ങളോടു സകലവും
അറിയിക്കും.

൨൨ നിങ്ങൾ ഞങ്ങളുടെ വസ്തുത അ
റിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങ
ളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അ
വനെ നിങ്ങളുടെ അടുക്കലേക്കു അയച്ചി
രിക്കുന്നു.

൨൩ ¶ പിതാവായ ദൈവത്തിൽനി
ന്നും കൎത്താവായ യേശുക്രിസ്തുവിൽനി
ന്നും സഹോദരന്മാൎക്കു സമാധാനവും വി
ശ്വാസത്തോടെ സ്നേഹവും ഉണ്ടാകട്ടെ.

൨൪ നമ്മുടെ കൎത്താവായ യേശുക്രിസ്തു
വിനെ അക്ഷയമായി സ്നേഹിക്കുന്ന എ
ല്ലാവരോടുംകൂടെ കൃപ ഇരിക്കുമാറാക.

THE EPISTLE OF PAUL THE APOSTLE

TO THE

PHILIPPIANS.

അപ്പൊസ്തലനായ പൌലൊസ്

ഫിലിപ്പിയൎക്കു എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌ
ലൊസും തിമൊഥെയൊസും ഫിലിപ്പിയി
ൽ ക്രിസ്തു യേശുവിലുള്ള വിശുദ്ധന്മാൎക്കു
എല്ലാവൎക്കും അദ്ധ്യക്ഷന്മാൎക്കും ശുശ്രൂഷക
ന്മാൎക്കും കൂടെ എഴുതുന്നതു:

൨ നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും കൎത്താവായ ക്രിസ്തുയേശുവിൽനി
ന്നും നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

൩ ഞാൻ എന്റെ എല്ലാ അപേക്ഷ
യിലും നിങ്ങൾക്കു എല്ലാവൎക്കും വേണ്ടി എ
പ്പോഴും സന്തോഷത്തോടെ യാചന ചെ
യ്തും

൪ നിങ്ങളിൽ നല്ല പ്രവൃത്തിയെ ആ
രംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോ
ളം അതിനെ തികെക്കും എന്നു തന്നേ
ഉറെപ്പായി വിശ്വസിച്ചുമിരിക്കുന്നു.

൫ ഒന്നാം നാൾ മുതൽ ഇതുവരെയും
സുവിശേഷത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ
നിമിത്തം

൬ ഞാൻ നിങ്ങളെ ഓൎക്കുമ്പോൾ ഒ
ക്കെയും എന്റെ ദൈവത്തിന്നു സ്തോത്രം
ചെയ്യുന്നു.

൭ കൃപയിൽ എന്റെ കൂട്ടാളികളായ

നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ടു അങ്ങനെ നിങ്ങളെ എല്ലാവരെയും കുറിച്ചു ഭാവിക്കുന്നതു എനിക്കു ന്യായം ആകുന്നു.

൮ എന്തുകൊണ്ടെന്നാൽ ക്രിസ്തുയേശുവിന്റെ മനസ്സലിവുകളിൽ ഞാൻ നിങ്ങളെ എല്ലാവരെയും കുറിച്ചു എത്ര വാഞ്ഛയോടിരിക്കുന്നു എന്നതിന്നു ദൈവം എനിക്കു സാക്ഷി.

൯ നിങ്ങളുടെ സ്നേഹം മേല്ക്കുമേൽ പരിജ്ഞാനത്തിലും എല്ലാ സൂക്ഷ്മബോധത്തിലും വൎദ്ധിച്ചു വന്നിട്ടു

൰ നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിൎമ്മലന്മാരും ഇടൎച്ചയില്ലാത്തവരും

൰൧ ദൈവത്തിന്റെ മഹത്വത്തിന്നും പുകഴ്ചെക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞിരിക്കുന്നവരുമായി തീരേണം എന്നും ഞാൻ പ്രാൎത്ഥിക്കുന്നു.

൰൨ ¶ എന്നാൽ സഹോദരന്മാരേ, എന്റെ അവസ്ഥകൾ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായിട്ടത്രേ ഭവിച്ചു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു.

൰൩ എങ്ങനെയെന്നാൽ എന്റെ ബന്ധനങ്ങൾ അകമ്പടിപ്പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവൎക്കും ക്രിസ്തുവിൽ തെളിവായി വരികയും

൰൪ സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കൎത്താവിൽ ധൈൎയ്യമുള്ളവരായി തീൎന്നിട്ടു ദൈവത്തിന്റെ വചനത്തെ ഭയംകൂടാതെ സംസാരിപ്പാൻ അധികമായി തുനിയുകയും ചെയ്തു.

൰൫ ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു, ചിലരോ നല്ല മനസ്സോടെ തന്നേ.

൰൬ ഇവർ സുവിശേഷത്തിന്റെ പ്രതിവാദത്തിന്നായിട്ടു ഞാൻ ആക്കപ്പെട്ടിരിക്കുന്നു എന്നു അറിഞ്ഞിട്ടു സ്നേഹത്താൽ ചെയ്യുന്നു.

൰൭ മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്കു ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ടു നിൎമ്മലതയിലല്ല, ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ അറിയിക്കുന്നു.

൰൮ പിന്നെ എന്തു? നടിപ്പിനാൽ ആകട്ടെ, പരമാൎത്ഥത്താൽ ആകട്ടെ, ഏതു വിധമായാലും ക്രിസ്തുവിനെ അല്ലോ അറിയിക്കുന്നതു. ഇതിൽ ഞാൻ സന്തോഷിക്കുന്നു; അതേ, സന്തോഷിക്കയും ചെയ്യും.

൰൯ എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യാചനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും ഇതു എനിക്കു രക്ഷെക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു.

൨൰ ഞാൻ ഒന്നിലും ലജ്ജിക്കാതെ സകല ധൈൎയ്യത്തോടും കൂടെ ക്രിസ്തു എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളു എന്നു എനിക്കു പ്രതീക്ഷയും പ്രത്യാശയുമുള്ളപ്രകാരം തന്നേ.

൨൰൧ എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.

൨൰൨ എന്നാൽ ജഡത്തിൽ ജീവിക്കുന്നതു എനിക്കു വേലയുടെ ഫലമെന്നു വരികിൽ ഏതിനെ തെരിഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല.

൨൰൩ ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ആവാൻ തന്നേ കാംക്ഷയുള്ളതു; അതു എത്രയും അധികം നല്ലതല്ലോ.

൨൰൪ എന്നാൽ ഞാൻ ജഡത്തിൽ വസിച്ചിരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യമാകുന്നു.

൨൰൫ ഇങ്ങനെ ഉറെച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിന്നുമായി തന്നെ ഞാൻ ഇരിക്കും എന്നും നിങ്ങളോടു എല്ലാവരോടുംകൂടെ പാൎക്കും എന്നും അറിയുന്നു.

൨൰൬ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിവരുന്നതിനാൽ എന്നെക്കൊണ്ടു നിങ്ങളുടെ പ്രശംസ ക്രിസ്തു യേശുവിൽ വൎദ്ധിക്കേണ്ടതിന്നു തന്നേ.

൨൭ ഞാൻ നിങ്ങളെ വന്നു കണ്ടിട്ടു എങ്കിലും ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടു എങ്കിലും നിങ്ങൾ ഏകാത്മാവിൽ നിലനിന്നിട്ടു എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിന്നായി അങ്കം പൊരുന്നപ്രകാരം ഗ്രഹിക്കേണ്ടതിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമായി മാത്രം നടപ്പിൻ.

൨൮ ഇതു അവരുടെ നാശത്തിന്റെയും നിങ്ങളുടെ രക്ഷയുടെയും ഒരു ലക്ഷ്യമാകുന്നു; അതും ദൈവത്തിൽനിന്നു അത്രെ.

൨൯ എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവന്നു വേണ്ടി കഷ്ടപ്പെടുവാനും കൂടെ നിങ്ങൾക്കു വരം നല്കപ്പെട്ടിരിക്കുന്നു.

൩൦ നിങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ എങ്കൽ കേൾക്കുന്നതുമായ ആ പോരാട്ടം തന്നേ നിങ്ങൾക്കും ഉണ്ടല്ലോ.

൨ാം അദ്ധ്യായം.

ആകയാൽ ക്രിസ്തുവിൽ വല്ല *പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ,

൨ നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകചിന്തയുള്ളവരായി ഇങ്ങനെ എന്റെ സന്തോഷത്തെ പൂർണ്ണമാക്കുവിൻ.

൩ ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ മനോവിനയത്താൽ ഓരോരുത്തർ മററുള്ളവരെ തങ്ങളേക്കാൾ മുന്തിയവർ എന്നു എണ്ണിക്കൊൾവിൻ.

൪ ഓരോരുത്തർ താന്താങ്ങളുടെ അല്ല, അവരവർ മററുള്ളവരുടേതിനെ കൂടെ നോക്കേണം.

൫ ക്രിസ്തുയേശുവിലുള്ള ഈ ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.

൬ അവൻ ദൈവരൂപത്തിൽ ഇരിക്കേ ദൈവത്തോടു സമമായിരിക്കുന്നതു അപഹൃതം എന്നു എണ്ണാതെ

൭ ദാസരൂപം എടുത്തു, മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ചു,

൮ വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടു, മരണത്തോളം, ക്രൂശിലേ മരണത്തോളം തന്നേ അനുസരണമുള്ളവനായി തന്നെത്താൻ താഴ്ത്തുകയും ചെയ്തു.

൯ അതുകൊണ്ടു ദൈവവും അവനെ ഏററവും ഉയർത്തി, സകലനാമത്തിന്നും മേലായ നാമവും നല്കി;

൧൦ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങേണ്ടതിന്നും

൧൧ എല്ലാ നാവും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏററുപറയേണ്ടതിന്നും തന്നേ.

൧൨ ¶ എന്നതുകൊണ്ടു എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരുന്നപ്പോൾ നിങ്ങൾ ചെയ്തപ്രകാരം മാത്രമല്ല, ഇപ്പോൾ ദൂരത്തായിരിക്കേ ഏററം അധികമായി ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയെ പ്രവൃത്തിപ്പിൻ.

൧൩ ഇച്ഛിക്ക എന്നതും പ്രവൃത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ പ്രസാദം നിമിത്തം പ്രവൃത്തിക്കുന്നതു.

൧൪ പിറുപിറുപ്പും വാദവും കൂടാതെ സകലവും ചെയ്വിൻ.

൧൫ വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും മായമില്ലാത്തവരും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു തന്നേ; ആയവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനത്തെ പിടിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെ പോലെ പ്രകാശിക്കുന്നു.

൧൬ ഞാൻ ഓടിയതും വെറുതേയായില്ല, അദ്ധ്വാനിച്ചതും വെറുതേയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാവാൻ തന്നേ.

* അഥവാ ആശ്വാസം.

൧൭ എന്നാൽ നിങ്ങളുടെ വിശ്വാസത്തിന്റെ ബലിയുടെയും സേവയുടെയും മേൽ ഞാൻ ഒഴിക്കപ്പെട്ടാലും സന്തോഷിക്കുന്നു; നിങ്ങളോടു എല്ലാവരോടും കൂടെ സന്തോഷിക്കയും ചെയ്യുന്നു.

൧൮ അങ്ങിനെതന്നേ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിക്കയും ചെയ്യിൻ.

൧൯ ¶ എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ടു എനിക്കും മനംതണുക്കേണ്ടതിന്നു തിമൊഥെയൊസിനെ വേഗത്തിൽ അങ്ങോട്ടു അയക്കാം എന്നു കൎത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു.

൨൦ നിങ്ങളെ സംബന്ധിച്ചവ നിജമായി കരുതുവാൻ തുല്യചിത്തനായിട്ടു എനിക്കു മറ്റാരുമില്ല.

൨൧ യേശുക്രിസ്തുവിന്റെ കാൎയ്യമല്ല തങ്ങളുടേതു അത്രെ എല്ലാവരും അന്വേഷിക്കുന്നു.

൨൨ അവനോ അപ്പനു മകൻ എന്ന പോലെ എന്നോടുകൂടെ സുവിശേഷത്തിന്നായി സേവ ചെയ്തു എന്നു അവന്റെ സിദ്ധതയെ നിങ്ങൾ അറിയുന്നുവല്ലോ.

൨൩ ആകയാൽ അവനെ ഞാൻ എന്റെ കാൎയ്യം എങ്ങനെ എന്നു അറിഞ്ഞാൽ ഉടനെ അയപ്പാൻ ആശിക്കുന്നു.

൨൪ ഞാനും വേഗം വരും എന്നു കൎത്താവിൽ ആശ്രയിച്ചിരിക്കുന്നു.

൨൫ എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിന്നു ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിതൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നതു ആവശ്യം എന്നു എനിക്കു തോന്നി.

൨൬ എന്തുകൊണ്ടെന്നാൽ അവൻ നിങ്ങളെ എല്ലാവരെയും കുറിച്ചു വാഞ്ഛിച്ചും താൻ രോഗിയായി എന്നു നിങ്ങൾ കേട്ടതുകൊണ്ടു വ്യസനപ്പെട്ടുമിരുന്നു.

൨൭ അവൻ മരണത്തോടടുക്കുമാറു രോഗിയായിരുന്നു സത്യം; എങ്കിലും ദൈവത്തിന്നു അവനോടു കരുണയുണ്ടായി അവനോടു മാത്രമല്ല, എനിക്കു ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും തന്നേ.

൨൮ ആകയാൽ നിങ്ങൾ അവനെ പിന്നെയും കണ്ടു സന്തോഷിപ്പാനും എനിക്കു ദുഃഖം കുറവാനും ഞാൻ അവനെ അധികം താല്പൎയ്യത്തോടെ അയച്ചിരിക്കുന്നു.

൨൯ ആകയാൽ അവനെ കൎത്താവിൽ എല്ലാസന്തോഷത്തോടുംകൂടെ കൈക്കൊൾവിൻ; ഇപ്രകാരമുള്ളവരെ ബഹുമാനിക്കയും ചെയ്യിൻ.

൩൦ എന്തുകൊണ്ടെന്നാൽ എനിക്കുവേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയുടെ കുറവു തീൎപ്പാനായി അവൻ തന്റെ പ്രാണനെ പോലും കരുതാതെ ക്രിസ്തുവിന്റെ വേല നിമിത്തം മരണത്തോളം അടുത്തു വന്നിരുന്നു.

൩ാം അദ്ധ്യായം.

ഒടുവിൽ എന്റെ സഹോദരന്മാരേ, കൎത്താവിൽ സന്തോഷിപ്പിൻ. ഒന്നിനെ തന്നേ നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല; നിങ്ങൾക്കോ അതു ഉറപ്പമാകുന്നു.

൨ നായ്ക്കളെ സൂക്ഷിപ്പിൻ, ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ, വിച്ഛേദനയെ സൂക്ഷിപ്പിൻ.

൩ നാമല്ലോ പരിച്ഛേദന; ദൈവത്തിന്റെ ആത്മാവുകൊണ്ടു ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്നവർ തന്നേ.

൪ പക്ഷേ എനിക്കു ജഡത്തിലും ആശ്രയിപ്പാൻ വകയുണ്ടു; മറ്റാൎക്കാനും ജഡത്തിൽ ആശ്രയിക്കാം എന്നു തോന്നുകിൽ എനിക്കു അധികം:

൫ എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ, ഇസ്രയേൽ ജാതിക്കാരൻ, ബെന്യമീൻ ഗോത്രക്കാരൻ, എബ്രായരിൽനിന്നുള്ള എബ്രായൻ, ന്യായപ്രമാണത്തെ സംബന്ധിച്ചു പരീശൻ,

൬ എരിവിനെ സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാണത്തിലേ നീതിയെ സംബന്ധിച്ചു അനിന്ദ്യനായവൻ.

൭ എങ്കിലോ എനിക്കു ലാഭമായിരുന്ന

വ ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.

൮ അത്രയുമല്ല, എന്റെ കൎത്താവായ ക്രിസ്തുയേശുവിനെ കുറിച്ചുള്ള അറിവിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. അവൻ നിമിത്തം എല്ലാം എനിക്കു ചേതമായി; അവയെ ചവറു എന്നും ഞാൻ എണ്ണുന്നു.

൯ ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലേ വിശ്വാസം മൂലമുള്ളതായി വിശ്വാസത്താൽ ദൈവത്തിൽനിന്നു വരുന്ന നീതി പ്രാപിച്ചവനായി അവനിൽ കാണപ്പെടുവാനും

൧൦ അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും

൧൧ അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിവാനും ഇങ്ങനെ വല്ലപ്രകാരത്തിലും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തിലേക്കു എത്തുമോ എന്നു വെച്ചും തന്നേ.

൧൨ ലഭിച്ചുകഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ ഏതിന്നായി പിടിക്കപ്പെട്ടുവോ ആയതിനെ എനിക്കും പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു.

൧൩ സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു എന്നെ കുറിച്ചു തന്നേ നിരൂപിക്കുന്നില്ല.

൧൪ എന്നാൽ ഒന്നു ചെയ്യുന്നു: പിമ്പിലുള്ളവയെ മറന്നും മുമ്പിലുള്ളവെക്കു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിങ്കലേക്കു ഓടുന്നു.

൧൫ ആകയാൽ നമ്മിൽ തികഞ്ഞവരായവർ ഒക്കെയും ഇപ്രകാരം തന്നേ ചിന്തിച്ചുകൊൾക; വല്ലതിലും നിങ്ങൾ വേറേ വിധമായി ചിന്തിച്ചാൽ ദൈവം അതിനെയും നിങ്ങൾക്കു വെളിപ്പെടുത്തും.

൧൬ എന്നാലും നാം ഏതിങ്കലേക്കു എത്തിയോ അതിൽ തന്നേ നടക്കുക.

൧൭ ¶ സഹോദരന്മാരേ, നിങ്ങൾ ഒരുമിച്ചു എന്നെ അനുകരിക്കുന്നവർ ആകുവിൻ; ഞങ്ങൾ നിങ്ങൾക്കു മാതൃകയായുള്ള പ്രകാരം നടക്കുന്നവരെ കുറിക്കൊൾകയും ചെയ്വിൻ.

൧൮ എന്തുകൊണ്ടെന്നാൽ അനേകർ നടക്കുന്നുണ്ടു; അവരെ കുറിച്ചു ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞിട്ടുണ്ടു; ഇപ്പോൾ കരഞ്ഞുംകൊണ്ടു പറയുന്നു: അവർ ക്രിസ്തുവിന്റെ ക്രൂശിന്റെ ശത്രുക്കൾ.

൧൯ അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു ലജ്ജയായതിൽ അവൎക്കു മാനം; അവർ ഭൂമിയിലുള്ളവ ചിന്തിക്കുന്നു.

൨൦ നമ്മുടെ പൌരത്വമോ സ്വൎഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കൎത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായിട്ടു നാം കാത്തിരിക്കയും ചെയ്യുന്നു.

൨൧ അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമാകുവാൻ രൂപാന്തരപ്പെടുത്തും.

൪ാം അദ്ധ്യായം.

അതുകൊണ്ടു എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇപ്രകാരം കൎത്താവിൽ നിലനില്പിൻ, പ്രിയപ്പെട്ടവരേ.

൨ ¶ കൎത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവോദ്യയെ പ്രബോധിപ്പിക്കുന്നു. സുന്തുകയെയും പ്രബോധിപ്പിക്കുന്നു.

൩ സാക്ഷാൽ ഇണയാളിയായുള്ളോവേ, അവൎക്കു തുണ നില്ക്കേണം എന്നു ഞാൻ നിന്നോടും യാചിക്കുന്നു; ജീവപുസ്തകത്തിൽ നാമങ്ങളുള്ള ക്ലേമന്തു മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടു കൂടെ സുവിശേഷത്തിൽ പോരാടിയവരല്ലോ.

൪ ¶ കൎത്താവിൽ എപ്പോഴും സന്തോ

ഷിപ്പിൻ; പിന്നെയും ഞാൻ പറയുന്നു: സന്തോഷിപ്പിൻ.

൫ നിങ്ങളുടെ സൌമ്യത എല്ലാമനുഷ്യരും അറിയട്ടെ; കൎത്താവു സമീപമായിരിക്കുന്നു.

൬ ഒന്നിനെ കുറിച്ചും വിചാരപ്പെടരുതു; എല്ലാററിലും പ്രാൎത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ യാചനകൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു.

൭ എന്നാൽ എല്ലാ ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.

൮ ¶ ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിൎമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീൎത്തിയായതു ഒക്കെയും യാതൊരു സൽഗുണമോ യാതൊരു പുകഴ്ചയോ എന്താകിലും അവ ചിന്തിച്ചുകൊൾവിൻ.

൯ എങ്കൽനിന്നു പഠിച്ചും പരിഗ്രഹിച്ചും കേട്ടും കണ്ടുമുള്ളവയെ പ്രവൃത്തിപ്പിൻ: സമാധാനത്തിന്റെ ദൈവം നിങ്ങളോടു കൂടെ ഇരിക്കയും ചെയ്യും.

൰ എനിക്കു വേണ്ടി വിചാരിപ്പാൻ നിങ്ങൾ പിന്നെയും തളിൎത്തതിനാൽ ഞാൻ കൎത്താവിൽ വളരേ സന്തോഷിച്ചു; ആയതിൽ നിങ്ങൾക്കു മുമ്പേയും വിചാരമുണ്ടായിരുന്നു എങ്കിലും അവസരം കിട്ടിയില്ല.

൰൧ മുട്ടുകൊണ്ടല്ല ഞാൻ പറയുന്നതു; എന്തുകൊണ്ടെന്നാൽ ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ടു.

൰൨ താഴുവാനും അറിയാം, ഏറുവാനും അറിയാം, തൃപ്തിപ്പെടുവാനും വിശന്നിരിപ്പാനും ഏറുവാനും കുറവാനും ഏതിലും എല്ലാററിലും ഞാൻ ശീലിച്ചിരിക്കുന്നു.

൰൩ എന്നെ ശക്തനാക്കുന്നവനിൽ ഞാൻ സകലത്തിന്നും മതിയാകുന്നു.

൰൪ എങ്കിലും എന്റെ ഞെരുക്കത്തിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി.

൰൫ ഫിലിപ്പ്യരേ, സുവിശേഷത്തിന്റെ ആരംഭത്തിൽ ഞാൻ മക്കെദോന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവുചെലവു കാൎയ്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു.

൰൬ തെസ്സലൊനീക്യയിലും എന്റെ ആവശ്യത്തിന്നു നിങ്ങൾ ഒന്നു രണ്ടു വട്ടം അയച്ചുവല്ലോ.

൰൭ ഞാൻ ദാനത്തെ അന്വേഷിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്കു ഏറുന്ന ഫലത്തെ അത്രേ അന്വേഷിക്കുന്നതു.

൰൮ ഇപ്പോൾ ഇനിക്കു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചവയെ സൌരഭ്യവാസനയായി ദൈവത്തിന്നു പ്രസാദമുള്ള ഇഷ്ടബലിയായി എപ്പഫ്രൊദിതൊസിന്റെ കൈയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു.

൰൯ എന്നാൽ എന്റെ ദൈവം നിങ്ങളുടെ മുട്ടിനെ ഒക്കെയും മഹത്വത്തിൽ തന്റെ ധനപ്രകാരം ക്രിസ്തുയേശുവിൽ പൂൎണ്ണമായി തീൎത്തുതരും.

൨൰ നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം ആമെൻ.

൨൰൧ ¶ ക്രിസ്തുയേശുവിൽ എല്ലാ വിശുദ്ധന്നും വന്ദനം ചൊല്ലുവിൻ. എന്നോടു കൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു.

൨൰൨ വിശുദ്ധന്മാർ എല്ലാവരും വിശേഷാൽ കൈസരുടെ ഭവനത്തിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു.

൨൰൩ ¶ കൎത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവിനോടു കൂടെ ഇരിക്കുമാറാക.

THE EPISTLE OF PAUL THE APOSTLE

TO THE

COLOSSIANS.

അപ്പൊസ്തൊലനായ പൌലൊസ്

കൊലൊസ്സ്യക്ക് എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിൻെറ
അപ്പൊസ്തലനായ പൌലൊസും സഹോ
ദരനായ തിമൊഥെയൊസും കൊലോസ്സ്യ
യിലുള്ള വിശുദ്ധന്മാരും ക്രിസ്തുവിൽ വി
ശ്വാസസഹോദരന്മാരുമായവൎക്ക് എഴുതു
ന്നതു:
൨ നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നു നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

൩ ¶ സുവിശേഷത്തിൻെറ സത്യവ
ചനത്തിൽ നിങ്ങൾ മുൻകേട്ടതായി സ്വ
ൎഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കു
ന്ന പ്രത്യാശ നിമിത്തം,
൪ ക്രിസ്തു യേശുവിൽ നിങ്ങളുടെ വി
ശ്വാസത്തെയും എല്ലാവിശുദ്ധന്മാരോടും
നിങ്ങൾക്കുള്ള സ്നേഹത്തെയും കുറിച്ചു ഞ
ങ്ങൾ കേട്ടിട്ടു നിങ്ങൾക്കുവേണ്ടി എ
പ്പോഴും പ്രാൎത്ഥിച്ചുകൊണ്ടു
൫ നമ്മുടെ കൎത്താവായ യേശുക്രിസ്തു
വിൻെറ പിതാവാകുന്ന ദൈവത്തിന്നു
സ്തോത്രം ചെയ്യുന്നു.
൬ ആ സുവിശേഷം ലോകത്തിൽ ഒ
ക്കെയും എന്നപോലെ നിങ്ങളുടെ അടു
ക്കലും എത്തി, നിങ്ങൾ ദൈവകൃപയെ
യഥാൎത്ഥമായി കേട്ടറിഞ്ഞ നാൾ മുതൽ
നിങ്ങളിൽ എന്നപോലെ ഫലം കായി
ക്കയും വൎദ്ധിക്കയും ചെയ്തുവരുന്നു.

൭ ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ പ്രി
യക്കൂട്ടുദാസനായ എപ്പഫ്രാസിൽനിന്നു പ
ഠിച്ചിട്ടും ഉണ്ടല്ലോ; അവൻ ഞങ്ങൾക്കു
വേണ്ടി ക്രിസ്തുവിൻെറ വിശ്വസ്തശുശ്രൂഷ
കനും
൮ നിങ്ങൾക്കു ആത്മാവിലുള്ള സ്നേഹ
ത്തെ ഞങ്ങളോടു അറിയിച്ചവനും ആകു
ന്നു.
൯ ¶ അതുകൊണ്ടു ഞങ്ങളും കേട്ട നാ
ൾ മുതൽ നിങ്ങൾക്കു വേണ്ടി വിടാതെ
പ്രാൎത്ഥിക്കുന്നു.
൧൦ നിങ്ങൾ സകല പ്രസാദത്തിന്നു
മായി കൎത്താവിന്നു യോഗ്യമാകുംവണ്ണം
നടന്നു, ആത്മികമായ എല്ലാ ജ്ഞാനത്തി
ലും വിവേകത്തിലും അവൻെറ ഇഷ്ട
ത്തെ കുറിച്ചുള്ള അറിവുകൊണ്ടു നിറഞ്ഞു
വരേണം എന്നും സകല സൽപ്രവൃത്തി
യിലും ഫലം കായിച്ചു ദൈവത്തെ കു
റിച്ചുള്ള പരിജ്ഞാനത്തിൽ വളരേണ
മെന്നും
൧൧ സന്തോഷത്തോടെ എല്ലാ ക്ഷമെ
ക്കും ദീൎഘശാന്തതെക്കുമായി അവൻെറ മ
ഹത്വത്തിൻെറ വല്ലഭത്വപ്രകാരം എല്ലാ
ശക്തിയിലും ബലപ്പെടേണമെന്നും
൧൨ വിശുദ്ധൎക്ക് വെളിച്ചത്തിലുള്ള
അവകാശപ്പങ്കിന്നായിട്ടു നമ്മെ പ്രാപ്തരാ
ക്കുകയും
൧൩ നമ്മെ ഇരുട്ടിൻെറ അധികാര
ത്തിൽനിന്നു വിടുവിച്ചു തൻെറ സ്നേഹ
ത്തിൻ പുത്രൻെറ രാജ്യത്തിലാക്കിവെക്കു
കയും ചെയ്തു പിതാവിന്നു സ്തോത്രം ചെ
യ്യുന്നവരാകേണം എന്നും അപേക്ഷിക്കു
ന്നു.
൧൪ അവനിൽ നമുക്കു പാപമോച
നമാകുന്ന വീണ്ടെടുപ്പു ഉണ്ടു.

൧൫ അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സൎവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു.

൧൬ എന്തുകൊണ്ടെന്നാൽ സൎവ്വവും അവനിൽ സൃഷ്ടിക്കപ്പെട്ടു; സ്വൎഗ്ഗങ്ങളിലുള്ളവയും ഭൂമിയിലുള്ളവയും കാണുന്നവയും കാണാത്തവയും സിംഹാസനങ്ങൾ ആകട്ടെ കൎത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സൎവ്വവും അവനാലും അവനിലേക്കും സൃഷ്ടിക്കപ്പെട്ടു.

൧൭ അവൻ സൎവ്വത്തിന്നും മുമ്പെയുള്ളവൻ; സൎവ്വവും അവനിൽ സംസ്ഥിതിചെയ്യുന്നു.

൧൮ അവൻ സഭയാകുന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരിൽനിന്നു ആദ്യജാതനും ആകുന്നു.

൧൯ എങ്ങനെയെന്നാൽ അവനിൽ നിറവു എല്ലാം വസിപ്പാനും

൨൦ അവന്റെ ക്രൂശിലെ രക്തംകൊണ്ടു അവനാൽ സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളവയാകട്ടെ സ്വൎഗ്ഗത്തിലുള്ളവയാകട്ടെ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും (പിതാവിനു) പ്രസാദം തോന്നി.

൨൧ മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സിൽ അന്യപ്പെട്ടവരും ശത്രുക്കളുമായിരുന്ന നിങ്ങളെ

൨൨ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുററമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.

൨൩ ആകാശത്തിൻ കീഴേ സകലസൃഷ്ടിയിലും ഘോഷിക്കപ്പെട്ടും പൌലൊസായ ഞാൻ ശുശ്രൂഷകനായിതീൎന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരമുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാലത്രേ.

൨൪ ¶ ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ സങ്കടങ്ങളിൽ കുറവായുള്ളവയെ എന്റെ ജഡത്തിൽ സഭയാകുന്ന അവന്റെ ശരീരത്തിന്നു വേണ്ടി പൂരിപ്പിക്കുന്നു.

൨൫ നിങ്ങൾക്കായി എനിക്കു നല്കപ്പെട്ട ദൈവത്തിന്റെ വ്യവസ്ഥ പ്രകാരം ദൈവവചനത്തെ നിവൃത്തിയാക്കേണ്ടതിന്നു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു.

൨൬ ആയതു സൎവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മൎമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാൎക്കു വെളിപ്പെട്ടിരിക്കുന്നു.

൨൭ അവൎക്കു ജാതികളിൽ ഈ മൎമ്മത്തിന്റെ മഹത്വസമൃദ്ധി എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി: ആയതു മഹത്വത്തിന്റെ പ്രത്യാശയാകുന്ന ക്രിസ്തു നിങ്ങളിൽഇരിക്കുന്നു എന്നുള്ളതു തന്നേ.

൨൮ അവനെ ഞങ്ങൾ അറിയിക്കുന്നതിൽ എല്ലാമനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു എല്ലാമനുഷ്യനെയും പ്രബോധിപ്പിക്കയും എല്ലാമനുഷ്യനോടും എല്ലാജ്ഞാനത്തിലും ഉപദേശിക്കയും ചെയ്യുന്നു.

൨൯ അതിന്നായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിപ്രകാരം പോരാടിക്കൊണ്ടു അദ്ധ്വാനിക്കുന്നു.

൨ാം അദ്ധ്യായം.

എന്തുകൊണ്ടെന്നാൽ നിങ്ങൾക്കും ലവുദിക്യയിലുള്ളവൎക്കും ജഡത്തിൽ എന്റെ മുഖത്തെ കണ്ടിട്ടില്ലാത്ത എല്ലാവൎക്കും വേണ്ടി,

൨ അവർ ക്രിസ്തുവെന്ന ദൈവമൎമ്മത്തിന്റെ പരിജ്ഞാനത്തിന്നായി സ്നേഹത്തിലും വിവേകത്തിന്റെ പൂൎണ്ണതയുടെ സകല സമ്പത്തിലേക്കും ഏകീഭവിച്ചിട്ടു അവരുടെ ഹൃദയങ്ങൾ ആശ്വാസപ്പെടേണ്ടതിന്നു എനിക്കു എത്ര വലിയ പോരാട്ടം ഉണ്ടു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു.

൩ ജ്ഞാനത്തിൻെറയും അറിവിൻെറയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു അവനിൽ ഉണ്ടു.

൪ ആരും നിങ്ങളെ വശീകരഭാഷണത്താൽ ചതിക്കാതിരിപ്പാൻ ഇതിനെ പറയുന്നു.

൫ എന്തുകൊണ്ടെന്നാൽ ഞാൻ ജഡംകൊണ്ടു ദൂരത്തെങ്കിലും ആത്മാവുകൊണ്ടു നിങ്ങളോടു കൂടെയുള്ളവനായി നിങ്ങളുടെ ക്രമത്തെയും ക്രിസ്തുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിൻെറ സ്ഥിരതയെയും സന്തോഷിച്ചു കാണുന്നു.

൬ ¶ ആകയാൽ നിങ്ങൾ കൎത്താവായ ക്രിസ്തുയേശുവിനെ പരിഗ്രഹിച്ചപ്രകാരം അവനിൽ നടപ്പിൻ.

൭ അവനിൽ വേരൂന്നിയും പണിയപ്പെട്ടും നിങ്ങൾക്കു ഉപദേശിക്കപ്പെട്ടതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിയുന്നവരായും ഇരിപ്പിൻ.

൮ ¶ തത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ടു ആരും നിങ്ങളെ കവൎന്നുകളയാതിരിപ്പാൻ നോക്കുവിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിന്നു ഒത്തവണ്ണം, ലോകത്തിൻെറ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല.

൯ അവനിലല്ലോ ദൈവത്വത്തിൻെറ നിറവു എല്ലാം ദേഹരൂപമായി വസിക്കുന്നു.

൰ സകലവാഴ്ചെക്കും അധികാരത്തിന്നും തലയായ ഇവനിൽ നിങ്ങൾ പരിപൂൎണ്ണരായിരിക്കുന്നു.

൰൧ ക്രിസ്തുവിൻെറ പരിച്ഛേദനയിൽ ജഡശരീരത്തെ ഉരിഞ്ഞുകളകയിൽ തന്നേ കൈപ്പണിയല്ലാത്ത പരിച്ഛേദനയും അവനിൽ നിങ്ങൾക്കു ലഭിച്ചു.

൰൨ സ്നാനത്തിങ്കൽ അവനോടു കൂടെ അടക്കപ്പെട്ടിട്ടു അവനെ മരിച്ചവരിൽനിന്നു ഉയിൎത്തെഴനീല്പിച്ച ദൈവത്തിൻെറ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിൎത്തെഴനീല്പിക്കപ്പെട്ടു.

൰൩ പിഴകളിലും നിങ്ങളുടെ ജഡത്തിൻെറ അഗ്രചൎമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെ അവൻ, സകലപിഴകളും നമ്മോടു ക്ഷമിച്ചിട്ടു അവനോടു കൂടെ ജീവിപ്പിച്ചു.

൰൪ വെപ്പുകളാൽ നമുക്കു വിരോധവും നേരെ എതിരുമായ കയ്യെഴുത്തിനെ അവൻ മാച്ചു അതിനെ ക്രൂശിൽ തറെച്ചു മദ്ധ്യത്തിൽനിന്നു എടുത്തുകളഞ്ഞു.

൰൫ വാഴ്ചകളെയും അധികാരങ്ങളെയും (ആയുധവൎഗ്ഗം) ഊരിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവംകൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.

൰൬ ¶ അതുകൊണ്ടു ഭക്ഷണപാനങ്ങളിലോ പെരുനാൾ വാവു ശബ്ബതു എന്നീ സംഗതിയിലോ ആരും നിങ്ങളെ വിധിക്കരുതു.

൰൭ ഇവ വരുവാനിരുന്നവയുടെ നിഴൽ ആകുന്നു; ദേഹം എന്നതോ ക്രിസ്തുവിൻെറ അത്രേ.

൰൮ വിനയഭാവത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും ഇഷ്ടപ്പെട്ടു, താൻ ദൎശിച്ചവയിൽ പ്രവേശിക്കയും തൻെറ ജഡമനസ്സിനാൽ വെറുതേ ചീൎക്കയും തലയെ മുറുകെപിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും വിരുതിൽ നിന്നു നിങ്ങളെ തെററിക്കരുതു.

൰൯ തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവത്താലുള്ള വളൎച്ചയായി വളരുന്നു.

൨൰ ¶ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ലോകത്തിൻെറ ആദ്യപാഠങ്ങൾക്കു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുംവണ്ണം

൨൰൧ മനുഷ്യരുടെ കല്പിതങ്ങൾക്കും ഉപദേശങ്ങൾക്കും അനുസരണയായി: പിടിക്കരുതു, രുചിക്കരുതു, തൊടരുതു എന്നുള്ള വെപ്പുകൾക്കു നിങ്ങൾ കീഴ്പെടുന്നതു എന്തു?

൨൰൨ ഇവയെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രേ.

൨൰൩ ഈ കല്പിതങ്ങൾ ഒക്കെയും സ്വേച്ഛാരാധനയിലും വിനയഭാവത്തിലും ശരീരത്തിൻെറ ഉപേക്ഷയിലും ജ്ഞാനത്തി

ൻെറ പേരു മാത്രമുള്ളതു, യാതൊരു മാന
ത്തിലുമല്ല ജഡത്തിൻെറ തൃപ്തിക്കായിട്ട
ത്രേ ആകുന്നു.

൩ാം അദ്ധ്യായം.

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂ
ടെ ഉയിൎത്തെഴുനീല്പിക്കപ്പെട്ടു എങ്കിൽ ക്രി
സ്തു ദൈവത്തിൻെറ വലത്തുഭാഗത്തു ഇരി
ക്കുന്നിടമായ ഉയരത്തിലുള്ളവ അന്വേ
ഷിപ്പിൻ.
൨ ഭൂമിയിലുള്ളവ അല്ല ഉയരത്തിലു
ള്ളവ തന്നേ ചിന്തിപ്പിൻ.
൩ എന്തുകൊണ്ടെന്നാൽ നിങ്ങൾ മ
രിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു
കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.
൪ നമ്മുടെ ജീവനാകുന്ന ക്രിസ്തു വെ
ളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂ
ടെ തേജസ്സിൽ വെളിപ്പെടും.
൫ ¶ ആകയാൽ വേശ്യാദോഷം, അ
ശുദ്ധി, അതിരാഗം, ദുൎമ്മോഹം, വിഗ്രഹാ
രാധനയാകുന്ന അത്യാഗ്രഹം ഇങ്ങനെ
ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ
മരിപ്പിപ്പിൻ.
൬ ഈ വക നിമിത്തം ദൈവകോപം
അനുസരണക്കേടിൻെറ മക്കളുടെമേൽ വ
രുന്നു.
൭ അവയിൽ ജീവിച്ചിരുന്ന കാലം
നിങ്ങളും മുമ്പേ അവയിൽ നടന്നു വന്നു.
൮ ഇപ്പോഴോ നിങ്ങളും കോപം,
ക്രോധം, ഈൎഷ്യ നിങ്ങളുടെ വായിൽനി
ന്നു ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും
വിട്ടുകളവിൻ.
൯ അന്യോന്യം ഭോഷ്കു പറയരുതു;
നിങ്ങൾ പഴയ മനുഷ്യനെ അവൻെറ
പ്രവൃത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞു,
൧൦ തന്നെ സൃഷ്ടിച്ചവൻെറ പ്രതിമ
പ്രകാരം പരിജ്ഞാനത്തിന്നായി പുതുക്ക
പ്പെടുന്ന പുതിയ മനുഷ്യനെ ധരിച്ചിരി
ക്കുന്നുവല്ലോ.
൧൧ അതിൽ യവനനും യഹൂദനും എ
ന്നില്ല, പരിച്ഛേദനയും അഗ്രചൎമ്മവും
എന്നില്ല, ബൎബ്ബരൻ, ശകൻ, ദാസൻ,
സ്വതന്ത്രൻ എന്നുമില്ല; ക്രിസ്തുവത്രേ എ
ല്ലാവരിലും എല്ലാം ആകുന്നു.
൧൨ ¶ അതുകൊണ്ടു ദൈവത്താൽ
തെരിഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരും
പ്രിയപ്പെട്ടവരുമായി മനസ്സലിവു, ദയ,
താഴ്മ, സൌമ്യത, ദീൎഘശാന്തത എന്നിവ
യെ ധരിച്ചുകൊണ്ടു
൧൩ അന്യോന്യം സഹിക്കയും ഒരുവ
നോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മി
ൽ തമ്മിൽ ക്ഷമിക്കയും ചെയ്വിൻ; കൎത്താ
വു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങ
ളും ചെയ്വിൻ.
൧൪ ഇവ എല്ലാററിന്നും മീതെ സമ്പൂ
ൎണ്ണതയുടെ ബന്ധമാകുന്ന സ്നേഹത്തെ ധ
രിപ്പിൻ.
൧൫ ക്രിസ്തുവിൻെറ സമാധാനം നിങ്ങ
ളുടെ ഹൃദയങ്ങളിൽ വാഴകയും വേണം
ആയതിന്നു നിങ്ങൾ ഏകശരീരമായി വി
ളിക്കപ്പെട്ടുമിരിക്കുന്നു; നന്ദിയുള്ളവരായും
ഇരിപ്പിൻ.
൧൬ സങ്കീൎത്തനങ്ങളാലും സ്തുതികളാ
ലും ആത്മിക ഗീതങ്ങളാലും തമ്മിൽ പ
ഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോ
ടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തി
ന്നു പാടിയും ഇങ്ങനെ ക്രിസ്തുവിൻെറ വ
ചനം ഐശ്വൎയ്യമായി എല്ലാജ്ഞാനത്തി
ലും നിങ്ങളിൽ വസിക്കട്ടെ.
൧൭ വാക്കിനാലോ ക്രിയയാലോ എ
ന്തു ചെയ്താലും സകലവും കൎത്താവായ
യേശുവിൻെറ നാമത്തിൽ ചെയ്തും അവ
ൻ മൂലം പിതാവായ ദൈവത്തിന്നു സ്തോ
ത്രം ചൊല്ലിയുംകൊണ്ടിരിപ്പിൻ.
൧൮ ¶ ഭാൎയ്യമാരേ, നിങ്ങളുടെ ഭൎത്താ
ക്കന്മാൎക്കു കൎത്താവിൽ ഉചിതമാകുംവണ്ണം
കീഴടങ്ങുവിൻ.
൧൯ ഭൎത്താക്കന്മാരേ, നിങ്ങളുടെ ഭാൎയ്യ
മാരെ സ്നേഹിപ്പിൻ; അവരോടു കൈപ്പാ
യിരിക്കയുമരുതു.
൨൦ മക്കളേ, നിങ്ങളുടെ മാതാപിതാ
ക്കന്മാരേ സകലത്തിലും അനുസരിപ്പിൻ;
ഇതു കൎത്താവിങ്കൽ നല്ല പ്രസാദമല്ലോ
ആകുന്നു.
൨൧ പിതാക്കന്മാരേ, നിങ്ങളുടെ മക്ക
ൾ അധൈൎയ്യപ്പെടാതിരിക്കേണ്ടതിന്നു അ
വരെ കോപിപ്പിക്കരുതു.
൨൨ ദാസന്മാരേ, ജഡപ്രകാരമുള്ള യ

ജമാനന്മാരേ സകലത്തിലും അനുസരി
പ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ
പോലെ ദൃഷ്ടിസേവകളാലല്ല കൎത്താവി
നെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിൻെറ
ഏകാഗ്രതയിലത്രേ.

൨൩ നിങ്ങൾ ചെയ്യുന്നതു ഒക്കെയും
മനുഷ്യൎക്കെന്നല്ല കൎത്താവിന്നു എന്നപോ
ലെ മനസ്സോടെ പ്രവൃത്തിപ്പിൻ.

൨൪ അവകാശമാകുന്ന പ്രതിഫലം
കൎത്താവിൽനിന്നു ലഭിക്കും എന്നറിഞ്ഞു
കൎത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.

൨൫ അന്യായം ചെയ്യുന്നവൻ താൻ
അന്യായമായി ചെയ്തതിനെ തന്നേ പ്രാ
പിക്കും; മുഖപക്ഷം ഇല്ല.

൪ാം അദ്ധ്യായം.

യജമാനന്മാരേ, നിങ്ങൾക്കും സ്വൎഗ്ഗത്തി
ൽ യജമാനൻഉണ്ടു എന്നറിഞ്ഞു ദാസന്മാ
ൎക്കു ന്യായവും സമത്വവുമായതിനെ കാ
ണിപ്പിൻ.

൨ ¶ പ്രാൎത്ഥനയിൽ ഉററിരുന്നു സ്തോ
ത്രത്തോടെ അതിൽ ജാഗരിപ്പിൻ.

൩ എനിക്കു ബന്ധനകാരണമായ ക്രി
സ്തുവിൻ മൎമ്മത്തെ സംസാരിപ്പാൻ ദൈ
വം ഞങ്ങൾക്കു വചനത്തിൻെറ വാതിൽ
തുറക്കയും

൪ ഞാൻ സംസാരിക്കേണ്ടുംവണ്ണം അ
തിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ട
തിന്നു ഞങ്ങൾക്കു വേണ്ടിയും പ്രാൎത്ഥിപ്പി
ൻ.

൫ സമയത്തെ തക്കത്തിൽ ഉപയോ
ഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാന
ത്തിൽ പെരുമാറുവിൻ.

൬ ഓരോരുത്തനോടു നിങ്ങൾ എങ്ങ
നെ ഉത്തരം പറയേണം എന്നു അറി
യേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോ
ഴും കൃപയോടു കൂടിയതും ഉപ്പിനാൽ രു
ചി വരുത്തിയതും ആയിരിക്കട്ടെ.

൭ ¶ എൻെറ അവസ്ഥ ഒക്കെയും ക
ൎത്താവിൽ പ്രിയസഹോദരനും വിശ്വസ്ത
ശുശ്രൂഷകനും സഹദാസനുമായ തിഹി
ക്കൊസ് നിങ്ങളോടു അറിയിക്കും.

൮ നിങ്ങൾ ഞങ്ങളുടെ അവസ്ഥകളെ
അറിവാനും അവൻ നിങ്ങളുടെ ഹൃദയ
ങ്ങളെ ആശ്വസിപ്പിപ്പാനുമായി

൯ ഞാൻ അവനെ നിങ്ങളിൽ നിന്നു
ള്ളവനായ ഒനേസിമൊസ് എന്ന വിശ്വ
സ്തനും പ്രിയനുമായ സഹോദരനോടുകൂ
ടെ നിങ്ങളുടെ അടുക്കലേക്കു അയച്ചിരി
ക്കുന്നു; ഇവിടത്തേ അവസ്ഥ എല്ലാം അ
വർ നിങ്ങളോടു അറിയിക്കും.

൧൦ ¶ എൻെറ സഹബദ്ധനായ അ
രിസ്തൎഹൊസും ബൎന്നബാസിൻെറ മച്ചുന
നായ മൎക്കൊസും—അവനെ കുറിച്ചു നി
ങ്ങൾക്കു കല്പന കിട്ടീട്ടുണ്ടല്ലോ: അവൻ
നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ
കൈക്കൊൾവിൻ—

൧൧ യുസ്തൊസ് എന്നു പറയുന്ന യേ
ശുവും നിങ്ങളെ വന്ദനം ചെയ്യുന്നു; പ
രിച്ഛേദനയിൽനിന്നു ഇവർ മാത്രം ദൈ
വരാജ്യത്തിന്നു കൂട്ടുവേലക്കാരായിട്ടു എ
നിക്കു ആശ്വാസമായി ഭവിച്ചു.

൧൨ ക്രിസ്തുയേശുവിൻെറ ദാസനായി
നിങ്ങളിൽനിന്നുള്ള എപ്പഫ്രാസ് നിങ്ങ
ളെ വന്ദനം ചെയ്യുന്നു; നിങ്ങൾ ദൈവ
ത്തിൻെറ സകലഹിതത്തിലും തികഞ്ഞ
വരും പൂൎണ്ണനിശ്ചയമുള്ളവരുമായി നി
ല്ക്കേണ്ടതിന്നു അവൻ പ്രാൎത്ഥനകളിൽ
നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടു
ന്നു.

൧൩ നിങ്ങൾക്കും ലവുദിക്യയിലും ഹി
യരപൊലിയിലുമുള്ളവൎക്കും വേണ്ടി അ
വൻ വളരെ പ്രയാസപ്പെടുന്നുണ്ടു എന്നു
ള്ളതിന്നു ഞാൻ അവന്നു സാക്ഷി ആകു
ന്നു.

൧൪ വൈദ്യനായ പ്രിയ ലൂക്കൊസും
ദേമാസും നിങ്ങളെ വന്ദനം ചെയ്യുന്നു.

൧൫ ലവുദിക്യയിലെ സഹോദരന്മാ
ൎക്കും നുംഫാസിന്നും അവരുടെ വീട്ടിലേ
സഭെക്കും വന്ദനം ചൊല്ലുവിൻ.

൧൬ നിങ്ങളുടെ ഇടയിൽ ഈ ലേഖ
നം വായിച്ചു തീൎന്നശേഷം ലവുദിക്യരു
ടെ സഭയിൽ കൂടെ വായിപ്പിക്കയും ലവു
ദിക്യയിൽനിന്നുള്ളതിനെ നിങ്ങളും വാ
യിക്കയും ചെയ്വിൻ.

൰൭ അൎഹിപ്പൊസിനോടു നീ കൎത്താവിൽ പരിഗ്രഹിച്ച ശുശ്രൂഷയെ നിറവേററുവാൻ നോക്കുക എന്നു പറവിൻ.

൰൮ ¶ പൌലൊസായ എന്റെ സ്വന്തകയ്യാലേ വന്ദനം; എന്റെ ബന്ധനങ്ങളെ ഓൎത്തുകൊൾവിൻ. കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാക.

THE FIRST EPISTLE OF PAUL THE APOSTLE TO THE THESSALONIANS.

അപ്പൊസ്തലനായ പൌലൊസ് തെസ്സലൊനീക്യൎക്കു എഴുതിയ ഒന്നാം ലേഖനം.

൧ാം അദ്ധ്യായം.

പൌലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കൎത്താവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനീക്യസഭെക്കു എഴുതുന്നതു: നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

൨ ¶ ഞങ്ങളുടെ പ്രാൎത്ഥനകളിൽ നിങ്ങളെ സ്മരിച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വേലയെയും സ്നേഹപ്രയത്നത്തെയും,

൩ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ ക്ഷമയെയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ തിരുമുമ്പിൽ ഓൎത്തു

൪ ഞങ്ങൾ നിങ്ങൾക്കെല്ലാവൎക്കുവേണ്ടിയും എപ്പോഴും ദൈവത്തെ സ്തുതിക്കുന്നു. ആയതു നിങ്ങളുടെ തെരിഞ്ഞെടുപ്പിനെ അറിഞ്ഞുകൊണ്ടുതന്നേ, ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരേ.

൫ എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ സുവിശേഷം നിങ്ങളുടെ അടുക്കലേക്കു വന്നതു വചനത്തിൽ മാത്രമല്ല, ശക്തിയിലും പരിശുദ്ധാത്മാവിലും ഏറിയ നിശ്ചയത്തിലും കൂടെ ആകുന്നു; നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെയുള്ളവരായിരുന്നു എന്നു അറിയുന്നുവല്ലോ.

൬ ബഹുസങ്കടത്തിൽ നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനത്തെ കൈക്കൊണ്ടു ഞങ്ങൾക്കും കൎത്താവിന്നും അനുകാരികളായി തീൎന്നു.

൭ അതുകൊണ്ടു മക്കെദോന്യയിലും അഖായയിലും വിശ്വസിക്കുന്നവൎക്കു എല്ലാവൎക്കും നിങ്ങൾ മാതൃകയായി തീൎന്നു.

൮ എങ്ങനെയെന്നാൽ നിങ്ങളിൽനിന്നു കൎത്താവിന്റെ വചനം മുഴങ്ങിച്ചെന്നതു മക്കെദോന്യയിലും അഖായയിലും മാത്രമല്ല, സകല സ്ഥലത്തിലും നിങ്ങൾക്കു ദൈവത്തോടുള്ള വിശ്വാസം പരന്നിരിക്കുന്നു; അതുകൊണ്ടു ഞങ്ങൾ ഒന്നും പറവാൻ ആവശ്യമില്ല.

൯ നിങ്ങളിലേക്കു ഇന്നപ്രകാരമുള്ള പ്രവേശനം ഞങ്ങൾക്കു സാധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും

൰ അവൻ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽനിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വൎഗ്ഗത്തിൽനിന്നു വരുന്ന

ു കാത്തിരിപ്പാനും നിങ്ങൾ വിഗ്രഹങ്ങ
ളെ വിട്ടു ദൈവത്തിങ്കലേക്കു ഇന്നപ്രകാ
രം തിരിഞ്ഞു എന്നും അവർ തന്നേ ഞങ്ങ
ളെ കുറിച്ചു അറിയിക്കുന്നുവല്ലോ.

൨ാം അദ്ധ്യായം.

സഹോദരന്മാരേ, നിങ്ങളുടെ അടുക്കലേ
ക്കു ഞങ്ങളുടെ പ്രവേശനം വ്യൎത്ഥമായില്ല
എന്നു നിങ്ങൾ തന്നേ അറിഞ്ഞിരിക്കുന്നു
വല്ലോ.
൨ നിങ്ങൾ അറിയുംപ്രകാരം ഞങ്ങൾ
മുമ്പേ ഫിലിപ്പിയിൽവെച്ചു കഷ്ടവും അ
പമാനവും അനുഭവിച്ചിട്ടും പെരുത്തു
പോരാട്ടത്തിൽ ദൈവത്തിന്റെ സുവി
ശേഷത്തെ നിങ്ങളോടു സംസാരിപ്പാൻ
ഞങ്ങളുടെ ദൈവത്തിൽ ധൈൎയ്യപ്പെട്ടി
രുന്നു.
൩ ഞങ്ങളുടെ പ്രബോധനം അബദ്ധ
ത്തിൽനിന്നോ അശുദ്ധിയിൽനിന്നോ ഉ
ള്ളതല്ല, വ്യാജത്തിലുള്ളതുമല്ല.
൪ ഞങ്ങളേ സുവിശേഷം ഭരമേല്പിക്കേ
ണ്ടതിന്നു ഞങ്ങൾ ദൈവത്തിന്നു കൊള്ളാ
കുന്നവരായി തെളിഞ്ഞപ്രകാരം ഞങ്ങൾ
മനുഷ്യരെ അല്ല ഞങ്ങളുടെ ഹൃദയങ്ങ
ളെ ശോധന ചെയ്യുന്ന ദൈവത്തെ അ
ത്രേ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കു
ന്നു.
൫ നിങ്ങൾ അറിയുംപ്രകാരം ഒരിക്ക
ലും മുഖസ്തുതിവാചകമാകട്ടെ ദ്രവ്യാഗ്രഹ
ത്തിന്റെ ഉപായമാകട്ടെ ഞങ്ങൾ പ്രയോ
ഗിച്ചിട്ടില്ല; ദൈവം സാക്ഷി.
൬ ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ
എന്ന അവസ്ഥെക്കു ഘനത്തോടെയിരി
പ്പാൻ കഴിവുണ്ടായിട്ടും ഞങ്ങൾ നിങ്ങ
ളോടു എങ്കിലും മററുള്ളവരോടു എങ്കിലും
മനുഷ്യരിൽനിന്നുള്ള മഹത്വം അന്വേ
ഷിച്ചതുമില്ല;
൭ എങ്കിലോ, മുല കൊടുക്കുന്നവൾ ത
ന്റെ മക്കളെ പോററുംപോലെ ഞങ്ങൾ
നിങ്ങളുടെ ഇടയിൽ ശാന്തതയുള്ളവരാ
യിരുന്നു.
൮ ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമ
നിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തി
ന്റെ സുവിശേഷത്തെ മാത്രമല്ല, ഞങ്ങൾ
ക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണങ്ങ
ളെയും വെച്ചുതരുവാൻ നല്ല ഇഷ്ടമായി
രുന്നു.
൯ സഹോദരന്മാരേ, ഞങ്ങളുടെ അ
ദ്ധ്വാനവും പ്രയാസവും നിങ്ങൾ ഓൎക്കുന്നു
വല്ലോ; നിങ്ങളിൽ ആരെയും ഭാരപ്പെടു
ത്തരുതു എന്നു വെച്ചു ഞങ്ങൾ രാവും പ
കലും വേല ചെയ്തുകൊണ്ടു നിങ്ങളോടു
ദൈവത്തിന്റെ സുവിശേഷത്തെ പ്രസം
ഗിച്ചു.
൰ വിശ്വസിക്കുന്ന നിങ്ങളുടെ ഇട
യിൽ ഞങ്ങൾ എത്ര പവിത്രമായും നീതി
യായും അനിന്ദ്യമായും നടന്നു എന്നതി
ന്നു നിങ്ങളും ദൈവവും സാക്ഷികൾ.
൰൧ തന്റെ രാജ്യത്തിന്നും മഹത്വ
ത്തിന്നും നിങ്ങളെ വിളിക്കുന്ന ദൈവ
ത്തിന്നു യോഗ്യമായി നടപ്പാൻ തക്ക
വണ്ണം
൰൨ ഞങ്ങൾ നിങ്ങളിൽ ഓരോരുത്ത
നെ പിതാവു തന്റെ മക്കളെ എന്നപോ
ലെ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും
സാക്ഷ്യം പറഞ്ഞും പോന്നപ്രകാരം നി
ങ്ങൾക്കു അറിയാമല്ലോ.
൰൩ ¶ ഞങ്ങൾ പ്രസംഗിച്ച ദൈവ
വചനത്തെ നിങ്ങൾ ഞങ്ങളിൽനിന്നു പ
രിഗ്രഹിച്ചു, മനുഷ്യന്റെ വചനമായിട്ട
ല്ല സാക്ഷാൽ ആയിരിക്കുന്നപ്രകാരം
ദൈവവചനമായിട്ടു തന്നേ കൈക്കൊ
ണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവി
ടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നി
ങ്ങളിൽ ആ വചനം വ്യാപരിക്കയും ചെ
യ്യുന്നു.
൰൪ എന്തുകൊണ്ടെന്നാൽ സഹോദര
ന്മാരേ, യഹൂദ്യയിൽ ക്രിസ്തുയേശുവിലു
ള്ള ദൈവസഭകളെ നിങ്ങൾ അനുകരി
ക്കുന്നവരായി തീൎന്നു; അവർ യഹൂദരാൽ
അനുഭവിച്ചവയെ തന്നേ നിങ്ങളും സ്വ
ജാതിക്കാരാൽ അനുഭവിച്ചുവല്ലോ.
൰൫ ആയവർ കൎത്താവായ യേശുവി
നെയും തങ്ങളുടെ പ്രവാചകന്മാരെയും
കൊന്നവരും ഞങ്ങളെ ഓടിച്ചുകളഞ്ഞവ
രും ദൈവത്തെ പ്രസാദിപ്പിക്കാത്തവരും
എല്ലാ മനുഷ്യൎക്കും വിരോധികളും

൧൬ ജാതികൾ രക്ഷിക്കപ്പെടേണ്ടതി
ന്നായി അവരോടു ഞങ്ങൾ സംസാരിക്കു
ന്നതിനെ വിലക്കുന്നവരും ആകുന്നു; ത
ങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിക്കു
മാറു തന്നേ; എന്നാൽ ക്രോധം അവരു
ടെമേൽ അവസാനത്തോളം വന്നിരിക്കു
ന്നു.
൧൭ ¶ എന്നാൽ സഹോദരന്മാരേ,
ഞങ്ങൾ അല്പനേരത്തേക്കു ഹൃദയംകൊ
ണ്ടല്ല മുഖംകൊണ്ടു നിങ്ങളെ വിട്ടുപിരി
ഞ്ഞു വിയോഗതാപം ഹേതുവായി ബ
ഹു കാംക്ഷയോടെ നിങ്ങളുടെ മുഖം കാ
ണ്മാൻ ഏററവും ശ്രമിച്ചു.
൧൮ അതുകൊണ്ടു നിങ്ങളുടെ അടുക്ക
ൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൌ
ലൊസായ ഞാൻ, ഒരിക്കലല്ല രണ്ടു പ്രാ
വശ്യം മനസ്സുവെച്ചു; എന്നാൽ സാത്താ
ൻ ഞങ്ങളെ തടുത്തു.
൧൯ ഞങ്ങളുടെ ആശയോ സന്തോഷ
മോ പ്രശംസാകിരീടമോ ആർ ആകുന്നു
നമ്മുടെ കർത്താവായ യേശുവിന്റെ മു
മ്പാകേ അവന്റെ പ്രത്യക്ഷതയിൽ നി
ങ്ങളും അല്ലയോ?
൨൦ ഞങ്ങളുടെ മഹത്വവും സന്തോഷ
വും നിങ്ങൾ തന്നേ ആകുന്നു സത്യം.

൩ാം അദ്ധ്യായം.

ആകയാൽ പിന്നെ സഹിച്ചുകൂടാഞ്ഞിട്ടു
ഞങ്ങൾ അഥേനയിൽ തനിച്ചു വിടപ്പെ
ടുക നല്ലതു എന്നു ഞങ്ങൾക്കു തോന്നി.
൨ നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നി
ങ്ങളുടെ വിശ്വാസം സംബന്ധിച്ചു നിങ്ങ
ളെ പ്രബോധിപ്പിപ്പാനുമായിട്ടു നമ്മുടെ
സഹോദരനും ക്രിസ്തുവിന്റെ സുവിശേ
ഷത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനു
മായ തിമൊഥെയൊസിനെ ഞങ്ങൾ അ
യച്ചു.
൩ ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങി
പ്പോകാതിരിക്കേണ്ടതിന്നു തന്നേ. ഇതി
ന്നു നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു
നിങ്ങൾ തന്നേ അറിയുന്നു.
൪ നാം കഷ്ടമനുഭവിക്കേണ്ടിവരും എ
ന്നു ഞങ്ങൾ നിങ്ങളോടു കൂടെ ഇരുന്ന
പ്പോൾ മുമ്പുകൂട്ടി പറഞ്ഞിട്ടുണ്ടല്ലോ; അ
വ്വണ്ണം തന്നേ സംഭവിച്ചു, നിങ്ങൾ അ
റിഞ്ഞുമിരിക്കുന്നു.
൫ ഇതു നിമിത്തം ഞാനും ഒട്ടും സഹി
ച്ചുകൂടാഞ്ഞിട്ടു പരീക്ഷകൻ പക്ഷേ നി
ങ്ങളെ പരീക്ഷിച്ചുവോ ഞങ്ങളുടെ പ്രയ
ത്നം വെറുതെയായിപ്പോയോ എന്നു നി
ങ്ങളുടെ വിശ്വാസത്തെ അറിയേണ്ടതി
ന്നു ആളയച്ചു.
൬ ഇപ്പോഴോ തിമൊഥെയൊസ് നി
ങ്ങളുടെ അടുക്കൽനിന്നു ഞങ്ങളുടെ അടു
ക്കൽ വന്നു നിങ്ങളുടെ വിശ്വാസത്തെയും
സ്നേഹത്തെയും പററിയും ഞങ്ങൾ നിങ്ങ
ളെ എന്നപോലെ നിങ്ങൾ ഞങ്ങളെയും
കാണ്മാൻ വാഞ്ഛിച്ചുകൊണ്ടു ഞങ്ങളെക്കു
റിച്ചു നിത്യം നല്ല ഓർമ്മയോടിരിക്കുന്ന
പ്രകാരവും സദ്വർത്തമാനമായി ഞങ്ങളോ
ടു അറിയിച്ച കാരണത്താൽ,
൭ സഹോദരന്മാരേ, ഞങ്ങളുടെ സക
ല ഞെരുക്കത്തിലും സങ്കടത്തിലും നിങ്ങ
ളുടെ വിശ്വാസം ഹേതുവായി നിങ്ങൾ
നിമിത്തം ഞങ്ങൾ ആശ്വാസപ്പെട്ടു.
൮ നിങ്ങൾ കർത്താവിൽ നിലനില്ക്കു
ന്നു എങ്കിൽ ഞങ്ങൾ ഇപ്പോൾ ജീവിക്കു
ന്നു.
൯ എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈ
വത്തിന്റെ മുമ്പാകേ നിങ്ങളെ ചൊല്ലി
ഞങ്ങൾ സന്തോഷിക്കുന്ന സകല സന്തോ
ഷത്തിന്നും പകരമായി നിങ്ങൾക്കു വേ
ണ്ടി ദൈവത്തിന്നു എന്തൊരു സ്തോത്രം
ചെയ്യാൻ ഞങ്ങൾക്കു കഴിയും?
൧൦ ഇനി നിങ്ങളുടെ മുഖം കാണ്മാനും
നിങ്ങളുടെ വിശ്വാസത്തിന്റെ കുറവുക
ളെ തീർപ്പാനുമായി ഞങ്ങൾ രാവും പക
ലും അത്യന്തം യാചിച്ചുപോരുന്നു.
൧൧ ¶ എന്നാൽ നമ്മുടെ ദൈവവും
പിതാവുമായവനും നമ്മുടെ കർത്താവായ
യേശുവും നിങ്ങളിലേക്കു ഞങ്ങളുടെ വ
ഴിയെ നേരെ ആക്കുമാറാകട്ടെ.
൧൨ എന്നാൽ ഞങ്ങൾക്കു നിങ്ങളോടു
ള്ളതുപോലെ നിങ്ങൾക്കു തമ്മിൽ തമ്മിലും
എല്ലാവരോടുമുള്ള സ്നേഹത്തിൽ കർത്താവു
നിങ്ങളെ വർദ്ധിപ്പിച്ചു കവിയുമാറാക്കുക
യും
൧൩ ഇങ്ങനെ നമ്മുടെ കർത്താവായ

യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നിങ്ങളുടെ ഹൃദയങ്ങളെ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകേ വിശുദ്ധീകരണത്തിൽ അനിന്ദ്യമാകുംവണ്ണം സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

൪ാം അദ്ധ്യായം.

ഒടുവിൽ സഹോദരന്മാരേ, നിങ്ങൾ ഇന്നപ്രകാരം നടന്നു ദൈവപ്രസാദം വരുത്തേണം എന്നു ഞങ്ങളിൽനിന്നു പരിഗ്രഹിച്ചതുപോലെ —നിങ്ങൾ നടക്കയും ചെയ്യുന്നതുപോലെ തന്നേ—ഇനിയും അധികം വൎദ്ധിച്ചുവരേണ്ടതിന്നു ഞങ്ങൾ നിങ്ങളോടു കൎത്താവായ യേശുവിൽ അപേക്ഷിച്ചു പ്രബോധിപ്പിക്കുന്നു.

൨ ഞങ്ങൾ കൎത്താവായ യേശു മുഖാന്തരം നിങ്ങൾക്കു ഇന്ന കല്പനകളെ തന്നു എന്നു അറിയുന്നുവല്ലോ.

൩ എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഇഷ്ടം ഇതാകുന്നു: നിങ്ങളുടെ ശുദ്ധീകരണം തന്നേ: നിങ്ങൾ വേശ്യാദോഷം വിട്ടൊഴിഞ്ഞു

൪ അവനവൻ ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ കാമവികാരത്തിലല്ല,

൫ വിശുദ്ധീകരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടുവാൻ അറിയട്ടെ.

൬ കാൎയ്യത്തിൽ* തന്റെ സഹോദരനെ അതിക്രമിക്കയും ചതിക്കയും അരുതു; ഞങ്ങൾ നിങ്ങളോടു മുൻപറഞ്ഞപ്രകാരം ഈ വകെക്കു ഒക്കെയും പ്രതിക്രിയ ചെയ്യുന്നവൻ കൎത്താവു അല്ലോ ആകുന്നു.

൭ എന്തുകൊണ്ടെന്നാൽ ദൈവം നമ്മെ അശുദ്ധിക്കായിട്ടല്ല വിശുദ്ധീകരണത്തിലത്രേ വിളിച്ചതു.

൮ ആകയാൽ നിരസിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തരുന്ന ദൈവത്തെ അത്രേ നിരസിക്കുന്നതു.

* അഥവാ: വ്യാപാരത്തിൽ.

൯ ¶ പിന്നെ സഹോദരപ്രീതിയെകുറിച്ചു നിങ്ങൾക്കു എഴുതുവാൻ ആവശ്യമില്ല; അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ തന്നേ ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകുന്നതുമല്ലാതെ

൧൦ മക്കെദോന്യയിൽ എങ്ങുമുള്ള എല്ലാസഹോദരന്മാരോടും അതിനെ ആചരിച്ചും പോരുന്നുവല്ലോ. എന്നാൽ സഹോദരന്മാരേ, നിങ്ങൾ അധികമായി അതിൽ വൎദ്ധിച്ചുവരേണം എന്നും

൧൧ പുറത്തുള്ളവരോടു മൎയ്യാദയായി നടപ്പാനും ഒന്നിന്നും മുട്ടില്ലാതിരിപ്പാനും വേണ്ടി

൧൨ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിച്ചപ്രകാരം അടങ്ങി പാൎപ്പാനും സ്വന്ത കാൎയ്യങ്ങൾ നോക്കുവാനും നിങ്ങളുടെ കൈകളാൽ വേല ചെയ്വാനും അഭിമാനം തോന്നേണം എന്നും നിങ്ങളെ പ്രബോധിപ്പിക്കുന്നു.

൧൩ ¶ പിന്നെ നിദ്രകൊള്ളുന്നവരെ കുറിച്ചു, സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മററുള്ളവരെപോലെ ദുഃഖിക്കാതിരിക്കേണ്ടതിന്നു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

൧൪ എന്തുകൊണ്ടെന്നാൽ യേശു മരിക്കയും ജീവിച്ചെഴുനീല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അപ്രകാരം തന്നേ ദൈവം *നിദ്രകൊണ്ടവരെയും യേശുവിനാൽ അവനോടുകൂടെ വരുത്തും.

൧൫ എന്തുകൊണ്ടെന്നാൽ കൎത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവരെ മുമ്പിടുകയില്ല എന്നു കൎത്താവിന്റെ വചനത്താൽ ഞങ്ങൾ നിങ്ങളോടു പറയുന്നു.

൧൬ കൎത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങും; ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിൎത്തെഴുനീല്ക്കയും ചെയ്യും.

* അഥവാ: യേശുവിൽ നിദ്രകൊണ്ടവരെയും.

൧൭ പിന്നെ ജീവനോടെ ശേഷിക്കു
ന്ന നാം അവരോടു ഒരുമിച്ച ആകാശ
ത്തിൽ കൎത്താവിനെ എതിരേല്പാൻ മേഘ
ങ്ങളിൽ എടുത്തുകൊള്ളപ്പെടും; ഇങ്ങനെ
നാം എപ്പോഴും കൎത്താവിനോടുകൂടെ ഇ
രിക്കയുംചെയ്യും.
൧൮ ആകയാൽ ഈ വചനങ്ങളെ
കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ച
കൊൾവിൻ.

൫ാം അദ്ധ്യായം.

സഹോദരന്മാരേ, കാലങ്ങളെയും സമ
യങ്ങളെയും കുറിച്ച നിങ്ങളെ എഴുതിയ
റിയിപ്പാൻ നിങ്ങൾക്കു ആവശ്യമില്ല.
൨ കള്ളൻ രാത്രിയിൽ വരുമ്പോലെ
കൎത്താവിന്റെ നാൾ വരുന്നു എന്നു നി
ങ്ങൾ തന്നേ സൂക്ഷ്മമായി അറിഞ്ഞിരിക്കു
ന്നുവല്ലോ.
൩ അവർ സമാധാനമെന്നും നിൎഭയ
മെന്നും പറയുമ്പോൾ ഗൎഭിണിക്കു പ്രസ
വ വേദന പോലെ ക്ഷണത്തിലുള്ള നാ
ശം അവൎക്കു വന്നു ഭവിക്കുന്നു; അവൎക്കു
തെറ്റിയൊഴിയാവതുമല്ല.
൪ എന്നാൽ സഹോദരന്മാരേ, ആ
നാൾ കള്ളൻ എന്നപോലെ നിങ്ങളെ
പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല.
൫ നിങ്ങൾ എല്ലാവരും വെളിച്ചത്തി
ന്റെ മക്കളും പകലിന്റെ മക്കളും ആകു
ന്നുവല്ലോ; നാം രാത്രിക്കും ഇരുളിന്നുമുള്ള
വരല്ല.
൬ ആകയാൽ നാം ശേഷമുള്ളവരെ
പോലെ ഉറങ്ങാതെ ഉണൎന്നും സുബോ
ധമായുമിരിക്ക.
൭ ഉറങ്ങുന്നവർ രാത്രിയിൽ ഉറങ്ങു
ന്നു, മദ്യപിക്കുന്നവർ രാത്രിയിൽ മദ്യ
പിക്കുന്നു.
൮ നാമോ പകലിന്നുള്ളവരാകയാൽ
വിശ്വാസവും സ്നേഹവുമാകുന്ന കവച
ത്തെയും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാ
ശയെയും ധരിച്ചുകൊണ്ടു സുബോധമാ
യിരിക്ക.
൯ ദൈവം നമ്മെ നിയമിച്ചതു കോ
പത്തിന്നായിട്ടല്ല,
൧൦ നാം ഉണൎന്നിരുന്നാലും ഉറങ്ങിയാ
ലും തന്നോടുകൂടെ ജീവിക്കേണ്ടതിന്നു ന
മുക്കു വേണ്ടി മരിച്ച നമ്മുടെ കൎത്താവാ
യ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാ
നായിട്ടത്രേ.
൧൧ ആകയാൽ നിങ്ങൾ ചെയ്യുവരു
ന്നപ്രകാരം അന്യോന്യം പ്രബോധിപ്പി
ച്ചും തമ്മിൽ തമ്മിൽ പണിതു ഉറപ്പിച്ചും
പോരുവിൻ.
൧൨ ¶ സഹോദരന്മാരേ, നിങ്ങളുടെ
ഇടയിൽ അദ്ധ്വാനിക്കയും കൎത്താവിൽ
നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും
ചെയ്യുന്നവരെ അറിവാനും
൧൩ അവരുടെ വേല നിമിത്തം ഏ
റ്റവും സ്നേഹത്തോടെ വിചാരിപ്പാനും
നിങ്ങളോടു അപേക്ഷിക്കുന്നു. തമ്മിൽ ത
മ്മിൽ സമാധാനമായിരിപ്പിൻ.
൧൪ സഹോദരന്മാരേ, ഞങ്ങൾ നിങ്ങ
ളെ പ്രബോധിപ്പിക്കുന്നതു: ക്രമം കെട്ടവ
ൎക്കു ബുദ്ധിയുപദേശിപ്പിൻ; ഉൾക്കരുത്തി
ല്ലാത്തവരെ ധൈൎയ്യപ്പെടുത്തുവിൻ; ബല
ഹീനരെ താങ്ങുവിൻ; എല്ലാവരോടും ദീ
ൎഘക്ഷമയായിരിപ്പിൻ.
൧൫ ആരും തിന്മെക്കു പകരം തിന്മ
ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിൽ
തമ്മിലും എല്ലാവരോടും എപ്പോഴും നന്മ
യെ പിന്തുടൎന്നുകൊൾവിൻ.
൧൬ എപ്പോഴും സന്തോഷിപ്പിൻ.
൧൭ ഇടവിടാതെ പ്രാൎത്ഥിപ്പിൻ.
൧൮ എല്ലാറ്റിലും സ്തോത്രം ചെയ്വിൻ.
ഇതല്ലോ നിങ്ങളെ കുറിച്ച ക്രിസ്തുയേശു
വിൽ ദൈവേഷ്ടം ആകുന്നു.
൧൯ ആത്മാവിനെ കെടുക്കരുതു.
൨൦ പ്രവചനങ്ങളെ ധിക്കരിക്കരുതു.
൨൧ സകലത്തെയും ശോധന ചെയ്വി
ൻ. നല്ലതിനെ മുറുകെ പിടിപ്പിൻ.
൨൨ ദോഷത്തിന്റെ എല്ലാ രൂപത്തെ
യും വിട്ടൊഴിവിൻ.
൨൩ ¶ സമാധാനത്തിന്റെ ദൈവം
താൻ തന്നേ നിങ്ങളെ മുഴുവനും ശുദ്ധീ
കരിക്കുമാറാക; നിങ്ങളുടെ ആത്മാവും
ദേഹിയും ദേഹവും സമസ്തം നമ്മുടെ ക
ൎത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷ
തയിൽ അനിന്ദ്യമായി കാക്കപ്പെടുമാ
റാക.

൨൪ നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതിനെ ചെയ്കയും ചെയ്യും.

൨൫ ¶ സഹോദരന്മാരേ, ഞങ്ങൾക്കു വേണ്ടി പ്രാൎത്ഥിപ്പിൻ.

൨൬ ¶ എല്ലാസഹോദരന്മാരെയും വിശുദ്ധചുംബനത്താൽ വന്ദനം ചെയ്വിൻ.

൨൭ സഹോദരന്മാരെ ഒക്കെയും ഈ ലേഖനം വായിച്ചു കേൾപ്പിക്കേണ്ടതിന്നു ഞാൻ നിങ്ങളോടു കൎത്താവിനെ ചൊല്ലി ആണയിടുന്നു.

൨൮ ¶ നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാക.

THE SECOND EPISTLE OF PAUL THE APOSTLE

TO THE

THESSALONIANS.

അപ്പൊസ്തലനായ പൌലൊസ്

തെസ്സലൊനിക്യൎക്കു എഴുതിയ രണ്ടാം ലേഖനം.

൧ാം അദ്ധ്യായം.

പൌലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കൎത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യ സഭെക്കു എഴുതുന്നതു:

൧ പിതാവായ ദൈവത്തിൽനിന്നും കൎത്താവായ യേശു ക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

൨ ¶ സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസം ഏററവും വൎദ്ധിച്ചും ആളാംപ്രതി നിങ്ങൾക്കു എല്ലാവൎക്കും അന്യോന്യസ്നേഹം വളൎന്നും വരികയാൽ ഞങ്ങൾ യോഗ്യമാകുംവണ്ണം ദൈവത്തിന്നു എപ്പോഴും നിങ്ങളെ കുറിച്ചു സ്തോത്രം ചെയ്വാൻ കടക്കാരാകുന്നു.

൩ അതുകൊണ്ടു നിങ്ങൾ സഹിക്കുന്ന എല്ലാ ഉപദ്രവങ്ങളിലും സങ്കടങ്ങളിലുമുള്ള നിങ്ങളുടെ ക്ഷമയും വിശ്വാസവും നിമിത്തം ഞങ്ങൾ തന്നെയും ദൈവത്തിന്റെ സഭകളിൽ നിങ്ങളെ ചൊല്ലി പ്രശംസിക്കുന്നു.

൪ ആയതു നിങ്ങൾ കഷ്ടപ്പെടുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിന്നു യോഗ്യന്മാരായി എണ്ണപ്പെടേണ്ടതിന്നു ദൈവത്തിന്റെ ന്യായമായുള്ള വിധിക്കു ലക്ഷ്യം ആകുന്നു.

൫ നിങ്ങളെ പീഡിപ്പിക്കുന്നവൎക്കു പീഡയും പീഡിപ്പിക്കപ്പെടുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവത്തിന്റെ പക്കൽ ന്യായമല്ലൊ ആകുന്നു.

൬ കൎത്താവായ യേശു തന്റെ ശക്തിയുടെ ദൂതന്മാരുമായി സ്വൎഗ്ഗത്തിൽനിന്നു ജ്വാലാഗ്നിയിൽ വെളിപ്പെട്ടു വന്നു,

൭ ദൈവത്തെ അറിയാത്തവൎക്കും നമ്മുടെ കൎത്താവായ യേശുവിന്റെ സുവിശേഷത്തെ അനുസരിക്കാത്തവൎക്കും പ്രതികാരം കൊടുക്കുമ്പോൾ തന്നേ.

൮ ആയവർ കൎത്താവിന്റെ മുഖത്തിൽനിന്നും അവന്റെ ബലത്തിന്റെ മഹത്വത്തിൽനിന്നും നിത്യനാശമാകുന്ന ശിക്ഷാവിധി അനുഭവിക്കും;

൯ ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും

നിങ്ങളോടുള്ള ഞങ്ങളുടെ സാക്ഷ്യം വിശ്വസിക്കപ്പെട്ടതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ ആശ്ചൎയ്യവാൻ ആകേണ്ടതിന്നും വരുമ്പോഴത്തേക്കു തന്നേ.

൧൧ ഇതിന്നായി ഞങ്ങളും നമ്മുടെ ദൈവത്തിന്റെയും കൎത്താവായ യേശു ക്രിസ്തുവിന്റെയും കൃപപ്രകാരം നമ്മുടെ കൎത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ അവനിലും മഹത്വപ്പെടേണ്ടതിന്നു

൧൨ നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യർ എന്നെണ്ണി സൽഗുണത്തിലുള്ള എല്ലാ പ്രസാദത്തെയും വിശ്വാസത്തിന്റെ പ്രവൃത്തിയെയും ശക്തിയോടെ പൂരിപ്പിച്ചു തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാൎത്ഥിക്കുന്നു.

൨ാം അദ്ധ്യായം.

ഇനി സഹോദരന്മാരേ, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയും നാം അവന്റെ അടുക്കലേക്കു കൂട്ടിച്ചേൎക്കപ്പെടേണ്ടതും സംബന്ധിച്ചു ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നതു:

൨ കൎത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നു വെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങളിൽനിന്നു എന്നപോലെയുള്ള ലേഖനത്താലോ സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുതു.

൩ ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുതു; എന്തുകൊണ്ടെന്നാൽ മുന്നമേ വിശ്വാസത്യാഗം വരികയും നാശത്തിന്റെ പുത്രനും അധൎമ്മത്തിന്റെ മനുഷ്യനുമായവൻ വെളിപ്പെടുകയും വേണം.

൪ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു തന്നെത്താൻ ദൈവം ആകുന്നു എന്നു കാണിച്ചു, ദൈവം എന്നു പറയപ്പെടുന്നതോ പൂജാവിഷയമോ ആയുള്ള സകലത്തിന്നും മീതെ ഉയൎന്നുകൊള്ളുന്ന എതിരാളിയായവൻ തന്നേ.

൫ ഞാൻ നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നേ ഇവ നിങ്ങളോടു പറഞ്ഞു എന്നു ഓൎക്കുന്നില്ലയോ?

൬ അവൻ തന്റെ സമയത്തിൽ വെളിപ്പെടേണ്ടതിന്നു ഇപ്പോൾ തടുത്തു നില്ക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നു.

൭ എന്തുകൊണ്ടെന്നാൽ അധൎമ്മത്തിന്റെ മൎമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; ഇന്നോളം തടുത്തു നില്ക്കുന്നവൻ വഴിയിൽനിന്നു നീങ്ങും വരെ തന്നേ.

൮ അപ്പോൾ ആ അധൎമ്മി വെളിപ്പെടും; അവനെ കൎത്താവായ യേശു തന്റെ വായുടെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രകാശനത്താൽ നശിപ്പിക്കും.

൯ (അധൎമ്മി)യായവന്റെ പ്രത്യക്ഷത നശിച്ചുപോകുന്നവൎക്കു സാത്താന്റെ വ്യാപാരശക്തിപ്രകാരം ഭോഷ്കിന്റെ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും

൧൦ അനീതിയുടെ സകല വഞ്ചനയോടും കൂടെ ആകുന്നു; അവർ രക്ഷിക്കപ്പെടുവാനായി സത്യത്തിന്റെ സ്നേഹത്തെ കൈക്കൊള്ളായ്കയാൽ തന്നേ.

൧൧ അതു നിമിത്തം സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിച്ചവൎക്കു എല്ലാവൎക്കും ന്യായവിധി വരേണ്ടതിന്നു

൧൨ ദൈവം അവൎക്കു അസത്യം വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തിയെ അയക്കുന്നു.

൧൩ ¶ ഞങ്ങളോ, കൎത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരെ, ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തെരിഞ്ഞെടുത്തതുകൊണ്ടു ദൈവത്തെ നിങ്ങൾ നിമിത്തം എപ്പോഴും സ്തുതിപ്പാൻ കടക്കാർ ആകുന്നു.

൧൪ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ മഹത്വത്തെ പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷത്താൽ ആ രക്ഷെക്കു നിങ്ങളെ വിളിച്ചതു.

൧൫ ആകയാൽ സഹോദരന്മാരേ,

നിങ്ങൾ ഉറെച്ചു നിന്നു ഞങ്ങളുടെ വാ
ക്കിനാൽ ആകട്ടെ ലേഖനത്താൽ ആക
ട്ടെ നിങ്ങൾക്കു ഉപദേശിച്ചിട്ടുള്ള പ്രമാ
ണങ്ങളെ മുറുകേ പിടിച്ചുകൊൾവിൻ.
൧൬ ¶ നമ്മുടെ കൎത്താവായ യേശു
ക്രിസ്തു താനും നമ്മെ സ്നേഹിച്ചു നിത്യാ
ശ്വാസവും നല്ല പ്രത്യാശയും കൃപയാലേ
തന്ന നമ്മുടെ ദൈവമായ പിതാവും
൧൭ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വ
സിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാ
ക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.

൩ാം അദ്ധ്യായം.

൧ ഒടുവിൽ സഹോദരന്മാരേ, കൎത്താവി
ന്റെ വചനം നിങ്ങളുടെ അടുക്കലേക്കു
എത്തിയതുപോലെ ഓടി മഹത്വപ്പെടു
വാനും
൨ വല്ലാത്തവരും ദുഷ്ടന്മാരുമായ മനു
ഷ്യരിൽനിന്നു ഞങ്ങൾ വിടുവിക്കപ്പെടുവാ
നും ഞങ്ങൾക്കു വേണ്ടി പ്രാൎത്ഥിപ്പിൻ; വി
ശ്വാസം എല്ലാവൎക്കും ഉള്ളതല്ലല്ലോ.
൩ എങ്കിലും കൎത്താവു വിശ്വസ്തൻ ആ
കുന്നു; അവൻ നിങ്ങളെ സ്ഥിരപ്പെടുത്തി
ദുഷ്ടനിൽനിന്നു കാത്തുകൊള്ളും.
൪ ഞങ്ങൾ ആജ്ഞാപിക്കുന്നവ നിങ്ങ
ൾ ചെയ്യുന്നു എന്നും ചെയ്യും എന്നും നി
ങ്ങളെ കുറിച്ചു ഞങ്ങൾ കൎത്താവിൽ ഉറെ
ച്ചിരിക്കുന്നു.
൫ കൎത്താവു താൻ നിങ്ങളുടെ ഹൃദയ
ങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും
ക്രിസ്തുവിന്റെ ക്ഷമയിലേക്കും നേരെ ആ
ക്കുമാറാക.
൬ ¶ സഹോദരന്മാരേ, ഞങ്ങളിൽ
നിന്നു പരിഗ്രഹിച്ച പ്രമാണത്തെ വിട്ടു
ക്രമക്കേടായി നടക്കുന്ന എല്ലാ സഹോദ
രനോടും അകന്നുകൊള്ളേണം എന്നു ന
മ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ
നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാ
പിക്കുന്നു.
൭ ഞങ്ങളെ അനുകരിക്കേണ്ടിയതു ഇ
ന്നപ്രകാരം എന്നു നിങ്ങൾ തന്നേ അറി
യുന്നുവല്ലോ; നിങ്ങളുടെ ഇടയിൽ ഞങ്ങ
ൾ ക്രമക്കേടായി നടന്നിട്ടില്ല.
൮ ആരുടെയും അപ്പം വെറുതേ ഭ
ക്ഷിച്ചിട്ടുമില്ല; എന്നാൽ നിങ്ങളിൽ ആ
ൎക്കും ഭാരമായിരിക്കരുതു എന്നുവെച്ചു ഞ
ങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോ
ടും കൂടെ രാപ്പകൽ വേലചെയ്തുപോന്നു.
൯ അധികാരമില്ലാഞ്ഞിട്ടല്ല, ഞങ്ങളെ
അനുകരിപ്പാൻ നിങ്ങൾക്കു ഞങ്ങളെ ത
ന്നേ മാതൃകയാക്കി തരേണ്ടതിന്നത്രേ.
൧൦ വേല ചെയ്വാൻ ഒരുവന്നു മനസ്സി
ല്ലാഞ്ഞാൽ അവൻ ഭക്ഷിക്കയുമരുതു എ
ന്നു ഞങ്ങൾ നിങ്ങളോടു കൂടെ ഇരിക്കു
മ്പോൾ തന്നേ ആജ്ഞാപിച്ചിട്ടുണ്ടല്ലോ.
൧൧ നിങ്ങളിൽ ചിലർ ഒട്ടും വേല
ചെയ്യാതെ പരകാൎയ്യം നോക്കി ക്രമക്കേടാ
യി നടക്കുന്നപ്രകാരം കേൾക്കുന്നു.
൧൨ ഇങ്ങനെയുള്ളവരോടു: സാവധാ
നത്തോടെ വേല ചെയ്തു താന്താങ്ങളുടെ
അപ്പം ഭക്ഷിക്കേണം എന്നു കൎത്താവായ
യേശു ക്രിസ്തുവിൽ ഞങ്ങൾ ആജ്ഞാപിച്ചു
പ്രബോധിപ്പിക്കുന്നു.
൧൩ നിങ്ങളോ, സഹോദരന്മാരേ, ന
ന്മ ചെയ്കയിൽ തളൎന്നുപോകരുതേ.
൧൪ ഈ ലേഖനത്താലുള്ള ഞങ്ങളുടെ
വാക്കിനെ വല്ലവനും അനുസരിക്കാഞ്ഞാ
ൽ അവൻ നാണിക്കേണ്ടതിന്നു അവ
നോടുള്ള സംസൎഗ്ഗം അകററുന്നതിനാൽ
അവനെ വേറുതിരിപ്പിൻ.
൧൫ എങ്കിലും ശത്രു എന്നു വിചാരിക്കാ
തെ സഹോദരന്നു എന്നപോലെ അവ
ന്നു ബുദ്ധിയുപദേശിക്കയത്രേ വേണ്ടതു.
൧൬ ¶ സമാധാനത്തിന്റെ കൎത്താ
വായവൻ താൻ നിങ്ങൾക്കു എല്ലായ്പോഴും
എല്ലാവിധത്തിലും സമാധാനം നല്കുമാ
റാക. കൎത്താവു നിങ്ങളെല്ലാവരോടും കൂ
ടെ ഇരിക്കുമാറാക.
൧൭ ¶ പൌലൊസായ എന്റെ കൈ
യാലേ വന്ദനം; എല്ലാ ലേഖനത്തിലും
ഇതു തന്നേ അടയാളം; ഇങ്ങനെ ഞാൻ
എഴുതുന്നു.
൧൮ നമ്മുടെ കൎത്താവായ യേശുക്രി
സ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും
കൂടെ ഇരിക്കുമാറാക.

THE FIRST EPISTLE OF PAUL THE APOSTLE

TO

TIMOTHY.

അപ്പൊസ്തൂലനായ പൌലൊസ്
തിമൊഥെയൊസിന്നു എഴുതിയ ഒന്നാം ലേഖനം.

൧ാം അദ്ധ്യായം.

നമ്മുടെ രക്ഷിതാവായ ദൈവത്തിൻെറ
യും നമ്മുടെ പ്രത്യാശയാകുന്ന ക്രിസ്തുയേ
ശുവിൻെറയും നിയോഗപ്രകാരം ക്രിസ്തു
യേശുവിൻെറ അപ്പൊസ്തൂലനായ പൌ
ലൊസ്
൨ വിശ്വാസത്തിൽ നിജപുത്രനാ
യ തിമൊഥെയൊസിന്നു: പിതാവായ
ദൈവത്തിൽനിന്നും നമ്മുടെ കൎത്താവായ
ക്രിസ്തുയേശുവിൽനിന്നും കൃപയും കനി
വും സമാധാനവും ഉണ്ടാകട്ടെ.

൩ ¶ അന്യഥാ ഉപദേശിക്കരുതെ
ന്നും വിശ്വാസത്തിലേ ദൈവവ്യവസ്ഥെ
ക്കല്ല തൎക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടു
കഥകളെയും അറുതിയില്ലാത്ത വംശാവ
ലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോ
ടു ആജ്ഞാപിക്കേണ്ടതിന്നു

൪ നീ എഫെസൊസിൽ താമസിക്കേ
ണം എന്നു ഞാൻ മക്കെദോന്യെക്കു പോ
കുമ്പോൾ അപേക്ഷിച്ചപ്രകാരം ഇപ്പോ
ഴം ചെയ്യുന്നു.
൫ ആജ്ഞയുടെ സാദ്ധ്യമോ: ശുദ്ധഹൃദ
യം, നല്ല മനസ്സാക്ഷി, നിൎവ്യാജവിശ്വാ
സം എന്നിവയിൽനിന്നു ഉണ്ടാകുന്ന
സ്നേഹം തന്നേ.
൬ ഇവയിൽനിന്നു ചിലർ മാറി വൃ
ഥാവാദത്തിലേക്കു തിരിഞ്ഞു

൭ ധൎമ്മോപദേഷ്ടാക്കളായിരിപ്പാൻ ഇ
ച്ഛിക്കുന്നു; തങ്ങൾ പറയുന്നതു ഇന്നതു എ
ന്നും സ്ഥാപിക്കുന്നതു ഇന്നതു എന്നും ഗ്ര
ഹിക്കുന്നില്ല താനും.

൯ ന്യായപ്രമാണമോ നീതിമാന്നാ
യിട്ടല്ല, അഭക്തർ, പാപികൾ, അശു
ദ്ധന്മാർ, ബാഹ്യന്മാർ. പിതൃഹത്യക്കാർ,
മാതൃഹത്യക്കാർ, കുലപാതകർ,
൧൦ വേശ്യാദോഷക്കാർ, പുരുഷകാമിക
ൾ, നരമോഷ്ടാക്കൾ, അസത്യവാദികൾ
കള്ളസ്സത്യക്കാർ എന്നിവകക്കാകും
൮ ആരോഗ്യകരമായ ഉപദേശത്തി
ന്നു വിപരീതമായ മററു ഏതിന്നും അ
ത്രേ ന്യായപ്രമാണം വെച്ചിരിക്കുന്നതു
എന്നു അറിഞ്ഞുകൊണ്ടു ഒരുവൻ അതി
നെ ന്യായോചിതമായി ഉപയോഗിച്ചാ
ൽ ന്യായപ്രമാണം നല്ലതു തന്നെ എന്നു
നാം അറിയുന്നു.
൧൧ എങ്കൽ ഭരമേല്പിച്ചിരിക്കുന്നതാ
യി ധന്യനായ ദൈവത്തിൻെറ മഹത്വ
ത്തിൻ സുവിശേഷപ്രകാരം തന്നേ.

൧൨ ¶ എന്നെ ശക്തനാക്കിയ ക്രിസ്തു
യേശു എന്ന നമ്മുടെ കൎത്താവു എന്നെ
വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷെക്കു
ആക്കിയതുകൊണ്ടു ഞാൻ അവനെ സ്തുതി
ക്കുന്നു.
൧൩ മുമ്പേ ഞാൻ ദൂഷണക്കാരനും ഉ
പദ്രവിക്കുന്നവനും നിഷ്ഠുരനും ആയിരു
ന്നു; എങ്കിലും അവിശ്വാസത്തിൽ അറി
യാതെ ചെയ്തതാകകൊണ്ടു എനിക്കു കരു
ണ ലഭിച്ചു.
൧൪ എന്നു തന്നെയല്ല, നമ്മുടെ ക
ൎത്താവിൻെറ കൃപ ക്രിസ്തു യേശുവിലുള്ള
വിശ്വാസത്തോടും സ്നേഹത്തോടും കൂടെ
അത്യന്തം വൎദ്ധിക്കയും ചെയ്തു.
൧൫ വിശ്വാസ്യവും സൎവ്വാംഗീകാര

ത്തിന്നു യോഗ്യവുമായ വചനം: ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു തന്നേ; അവരിൽ ഞാൻ ഒന്നാമൻ ആകുന്നു.

൧൬ എന്നിട്ടും യേശുക്രിസ്തു നിത്യജീവന്നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവൎക്കു ദൃഷ്ടാന്തത്തിന്നായി സകല ദീൎഘശാന്തതയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു എനിക്കു കരുണ ലഭിച്ചു.

൧൭ നിത്യരാജാവായി അക്ഷയനും അദൃശ്യനുമാകുന്ന ഏകദൈവത്തിന്നു എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമെൻ.

൧൮ ¶ മകനേ, തിമൊഥെയൊസേ, നിന്നെ കുറിച്ചു മുന്നടന്ന പ്രവചനങ്ങളിൻപ്രകാരം ഞാൻ ഈ ആജ്ഞയെ നിനക്കു ഏല്പിക്കുന്നു; നീ അവയിൽ നല്ല യുദ്ധസേവ ചെയ്തു വിശ്വാസവും നല്ല മനസ്സാക്ഷിയും കാത്തുകൊള്ളേണം എന്നു തന്നേ.

൧൯ ആയതു ചിലർ തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസകപ്പൽ തകൎന്നുപോയി.

൨൦ ഹുമനയൊസും അലക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു; അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിന്നു ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു.

൨ാം അദ്ധ്യായം.

എന്നാൽ സകല മനുഷ്യൎക്കും വേണ്ടിയും വിശേഷാൽ, നാം സൎവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു രാജാക്കന്മാൎക്കും സകല അധികാരസ്ഥന്മാൎക്കും വേണ്ടിയും

൨ യാചനകളും പ്രാൎത്ഥനകളും പക്ഷവാദങ്ങളും സ്തോത്രങ്ങളും ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പേ പ്രബോധിപ്പിക്കുന്നു.

൩ ആയതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ മുമ്പാകേ നല്ലതും പ്രസാദകരവും ആകുന്നു.

൪ അവൻ എല്ലാമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു.

൫ എന്തുകൊണ്ടെന്നാൽ ദൈവം ഒരുവൻ; ദൈവത്തിന്നും മനുഷ്യൎക്കും മദ്ധ്യസ്ഥനും ഒരുവൻ;

൬ എല്ലാവൎക്കും വേണ്ടി വീണ്ടെടുപ്പുദ്രവ്യമായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ.

൭ സ്വസമയങ്ങളിൽ (അറിയിക്കേണ്ടിയ) ഈ സാക്ഷ്യത്തിന്നായി ഞാൻ പ്രസംഗിക്കയും അപ്പൊസ്തലനും—ഭോഷ്കല്ല, പരമാൎത്ഥം പറയുന്നു—വിശ്വാസത്തിലും സത്യത്തിലും ജാതികളുടെ ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടു.

൮ ¶ ആകയാൽ പുരുഷന്മാർ എല്ലാസ്ഥലത്തും കോപവും സന്ദേഹവും കൂടാതെ വിശുദ്ധ കൈകളെ ഉയൎത്തികൊണ്ടു പ്രാൎത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

൯ അപ്രകാരം സ്ത്രീകളും യോഗ്യമായ ഉടുപ്പു ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം.

൧൦ പിന്നിയ തലമുടി, പൊന്നു, മുത്തു വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാംവണ്ണം സൽപ്രവൃത്തികളെ കൊണ്ടത്രേ തങ്ങളെ അലങ്കരിക്കേണ്ടതു.

൧൧ സ്ത്രീ സകല അനുസരണത്തോടും കൂടെ മൌനമായിരുന്നു പഠിക്കട്ടെ.

൧൨ മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനെങ്കിലും പുരുഷന്റെ മേൽ അധികാരം എടുപ്പാനെങ്കിലും ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല.

൧൩ ആദാം മുമ്പേ നിൎമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ.

൧൪ വിശേഷിച്ചു ആദാം അല്ല വഞ്ചിക്കപ്പെട്ടതു; സ്ത്രീ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടു.

൧൫ എങ്കിലും അവർ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാൎക്കുന്നു എങ്കിൽ അ

വൾ ശിശുപ്രസവത്തിൽ കൂടി രക്ഷിക്കപ്പെടും.

൩ാം അദ്ധ്യായം.

ഇതു വിശ്വാസ്യവചനം ആകുന്നു: ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേലയെ ആഗ്രഹിക്കുന്നു.

൨ എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാൎയ്യയുടെ ഭൎത്താവും നിൎമ്മദനും സുബുദ്ധിമാനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമൎത്ഥനും ആയിരിക്കേണം.

൩ മദ്യപ്രിയനും തല്ലുകാരനും അരുതു; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും

൪ സ്വന്ത ഭവനത്തെ നന്നായി ഭരിക്കുന്നവനും മക്കളെ സകല ഗൌരവത്തോടുംകൂടെ അനുസരണത്തിൽ നടത്തുന്നവനും ആകേണം.

൫ ഒരുവൻ സ്വന്തഭവനത്തെ ഭരിപ്പാൻ അറിയുന്നില്ലെങ്കിൽ ദൈവസഭയെ എങ്ങനെ വിചാരിക്കും?

൬ നിഗളിച്ചിട്ടു പിശാചിന്റെ ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതുശിഷ്യൻ അരുതു.

൭ നിന്ദയിലും പിശാചിന്റെ കണിയിലും വീഴാതിരിപ്പാൻ പുറത്തുള്ളവരിൽനിന്നു നല്ല സാക്ഷ്യമുള്ളവനും ആകേണം.

൮ അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും ഏറെ വീഞ്ഞു കുടിക്കുന്നവരും ദുല്ലാഭമോഹികളും അരുതു.

൯ വിശ്വാസത്തിന്റെ മൎമ്മത്തെ ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം.

൧൦ ഇവർ മുമ്പേ പരീക്ഷിക്കപ്പെടട്ടെ, പിന്നെ അനിന്ദ്യരായി കണ്ടാൽ ശുശ്രൂഷ ഏല്ക്കട്ടെ.

൧൧ അവ്വണ്ണം അവരുടെ സ്ത്രീകളും ഘനശാലിനികളായി ഏഷണി പറയാതെ നിൎമ്മദമാരും എല്ലാററിലും വിശ്വസ്തമാരുമായിരിക്കേണം.

൧൨ ശുശ്രൂഷകന്മാർ ഏകഭാൎയ്യയുള്ള ഭൎത്താക്കന്മാരും കുട്ടികളെയും സ്വന്തഭവനങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം.

൧൩ നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തുയേശുവിലേ വിശ്വാസത്തിൽ വളരേ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു.

൧൪ ¶ ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്നു ആശിച്ചുകൊണ്ടു ഇവ എഴുതുന്നു.

൧൫ ഞാൻ താമസിക്കിലോ സത്യത്തിന്റെ തൂണും തറക്കെട്ടുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവഭവനത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിന്നു തന്നേ.

൧൬ ദൈവഭക്തിയുടെ മൎമ്മം സമ്മതമാംവണ്ണം വലിയതു ആകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാൎക്കു കാണായി; ജാതികളിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുത്തുകൊള്ളപ്പെട്ടു എന്നുള്ളതു തന്നേ.

൪ാം അദ്ധ്യായം.

എന്നാൽ അന്ത്യകാലങ്ങളിൽ ചിലർ തെററിക്കുന്ന ആത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു അസത്യവാദികളുടെ വ്യാജത്താൽ വിശ്വാസത്തിൽനിന്നു വീണുപോകും എന്നു ആത്മാവു സ്പഷ്ടമായി പറയുന്നു.

൨ ഇവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവെക്കപ്പെട്ടവരായി

൩ വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിട്ടുള്ള വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ വേണ്ടി ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വൎജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യുന്നവരാകുന്നു.

൪ എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു തന്നേ; സ്തോത്രത്തോടെ കൈക്കൊള്ളുന്നു എങ്കിൽ ഒന്നും തള്ളേണ്ടതല്ല;

൫ ദൈവവചനത്താലും പ്രാൎത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ.

൬ ¶ ഇതു നീ സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ചിട്ടുള്ള വിശ്വാസത്തിന്റെയും നല്ല ഉപദേശത്തിന്റെയും വചനങ്ങളാൽ പോഷിക്കപ്പെട്ടു ക്രിസ്തുയേശുവിന്നു നല്ല ശുശ്രൂഷകൻ ആകും.

൭ ബാഹ്യമായ കിഴവികഥകളെ കഴിച്ചു ദൈവഭക്തിക്കു നിന്നെത്തന്നെ അഭ്യസിപ്പിക്ക.

൮ എന്തുകൊണ്ടെന്നാൽ ശരീരാഭ്യാസം അല്പത്തിന്നു പ്രയോജനമുള്ളതത്രേ; ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിന്നും പ്രയോജനമുള്ളതാകുന്നു.

൯ ഇതു വിശ്വാസ്യവും സൎവ്വാംഗീകാരത്തിന്നു യോഗ്യവുമായ വചനം.

൰ അതിന്നായിട്ടു തന്നേ ഞങ്ങൾ സകല മനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവാകുന്ന ജീവനുള്ള ദൈവത്തിൽ ആശ വെച്ചിരിക്കയാൽ പ്രയാസപ്പെട്ടും പോരാടിയും വരുന്നു.

൰൧ ഇവയെ നീ ആജ്ഞാപിക്കയും ഉപദേശിക്കയും ചെയ്ക.

൰൨ ആരും നിന്റെ ബാല്യത്തെ തുച്ഛീകരിക്കരുതു; എന്നാൽ വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിൎമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക.

൰൩ ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം ഇവയിൽ ശ്രദ്ധിച്ചിരിക്ക.

൰൪ മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ നിനക്കു നല്കപ്പെട്ടതായ നിന്നിലുള്ള കൃപാവരത്തെ ഉപേക്ഷയായി വിചാരിക്കാതെ

൰൫ നിന്റെ അഭിവൃദ്ധി എല്ലാവൎക്കും പ്രസിദ്ധമായി തീരേണ്ടതിന്നു ഇവയെ കരുതുക, ഇവയിൽ തന്നേ ഇരുന്നുകൊൾക.

൰൬ നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇവയിൽ ഉറെച്ചുനില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്നെ ചെവിക്കൊള്ളുന്നവരെയും രക്ഷിക്കും.

൫ാം അദ്ധ്യായം.

മൂത്തവനെ ശാസിക്കാതെ അപ്പനെ പോലെയും ഇളയവരെ സഹോദരന്മാരെ പോലെയും

൨ മൂത്ത സ്ത്രീകളെ അമ്മമാരെ പോലെയും ഇളയസ്ത്രീകളെ സകലനിൎമ്മലതയോടുംകൂടെ സഹോദരികളെ പോലെയും പ്രബോധിപ്പിക്ക.

൩ സാക്ഷാൽ വിധവമാരായുള്ള വിധവമാരെ മാനിക്ക.

൪ വല്ല വിധവെക്കും പുത്രപൌത്രന്മാർ ഉണ്ടെങ്കിൽ അവർ മുമ്പേ സ്വന്തഭവനത്തിൽ ഭക്തിയെ കാണിച്ചു മാതാപിതാക്കന്മാൎക്കു പ്രത്യുപകാരം ചെയ്വാൻ പഠിക്കട്ടെ; ഇതു ദൈവത്തിന്റെ മുമ്പാകെ പ്രസാദകരമാകുന്നു.

൫ സാക്ഷാൽ വിധവയും ഏകാകിയുമായവൾ ദൈവത്തിൽ ആശവെച്ചു രാപ്പകൽ യാചനകളിലും പ്രാൎത്ഥനകളിലും ഉററുപാൎക്കുന്നു.

൬ കാമുകിയായവളോ ജീവിച്ചിരിക്കയിൽ തന്നേ ചത്തവളാകുന്നു.

൭ അവർ നിരപവാദ്യമാരായിരിക്കേണ്ടതിന്നു നീ ഇവ ആജ്ഞാപിക്ക.

൮ ഒരുവൻ തനിക്കുള്ളവൎക്കും പ്രത്യേകം തന്റെ ഭവനക്കാൎക്കും വേണ്ടി കരുതുന്നില്ല എങ്കിൽ അവൻ വിശ്വാസത്തെ തള്ളിക്കളഞ്ഞിരിക്കുന്നു, അവിശ്വാസിയെക്കാൾ അധമനുമാകുന്നു.

൯ നല്ല പ്രവൃത്തികളെകൊണ്ടു ശ്രുതിപ്പെട്ടവളായി ഏകഭൎത്താവിന്റെ ഭാൎയ്യയായിരുന്നു അറുപതു വയസിന്നു താഴെയല്ലാത്ത വിധവ

൰ മക്കളെ വളൎത്തിയവൾ എങ്കിൽ, അതിഥികളെ സല്കരിച്ചവൾ എങ്കിൽ, വിശുദ്ധന്മാരുടെ പാദങ്ങളെ കഴുകിയവൾ എങ്കിൽ, ഞെരുക്കമുള്ളവൎക്കു മുട്ടുതീൎത്തവൾ എങ്കിൽ, സൎവ്വസൽപ്രവൃത്തിയെയും പിന്തുടൎന്നവൾ എങ്കിൽ തെരിഞ്ഞെടുക്കപ്പെടട്ടെ.

൧൧ ഇളയവിധവമാരെ ഒഴിക്ക; അവർ ക്രിസ്തുവിന്നു വിരോധമായി പുളെച്ചു മദിക്കുമ്പോൾ വിവാഹം ചെയ്വാൻ ഇച്ശിക്കും.

൧൨ ആദ്യവിശ്വാസത്തെ തള്ളുകയാൽ അവൎക്ക ശിക്ഷാവിധി ഉണ്ടു.

൧൩ അത്രയുമല്ല അവർ വീടുതോറും നടന്നു മിനക്കെട്ടവാനും ശീലിക്കും; മിനക്കെട്ടകമാത്രമല്ല അരുതാത്തവ സംസാരിച്ചുകൊണ്ടു വായാടികളും പരകാൎയ്യാന്വേഷണക്കാരികളും ആകും.

൧൪ ആകയാൽ ഇളയവർ വിവാഹം ചെയ്കയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിന്നു അവസരം ഒന്നും കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ശിക്കുന്നു.

൧൫ ഇപ്പോഴേ തന്നേ ചിലർ സാത്താന്റെ പിന്നാലെ തിരിഞ്ഞു പോയല്ലോ.

൧൬ യാതൊരു വിശ്വാസിനിക്കും വിധവമാർ ഉണ്ടെങ്കിൽ അവൾ തന്നേ അവൎക്ക മുട്ടുതീൎക്കട്ടെ; സഭയോ സാക്ഷാൽ വിധവമാരായവൎക്ക മുട്ടുതീൎക്കേണ്ടതിന്നു ഭാരപ്പെടാതിരിക്കട്ടെ.

൧൭ ¶ നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിന്നു പാത്രമായി എണ്ണുക.

൧൮ മെതിക്കുന്ന കാളയെ വായ്ക്കെട്ടരുതു എന്നു തിരുവെഴുത്തു പറയുന്നു; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ എന്നും ഉണ്ടല്ലോ.

൧൯ രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുതു.

൨൦ പാപം ചെയ്യുന്നവരെ ശേഷമുള്ളവൎക്കും ഭയത്തിന്നായി എല്ലാവരുടെയും മുമ്പാകെ ശാസിക്ക.

൨൧ നി പക്ഷമായി ഒന്നും ചെയ്യാതെ കണ്ടു സിദ്ധാന്തംകൂടാതെ ഇവ പ്രമാണിച്ചുകൊള്ളേണം എന്നു ഞാൻ ദൈവത്തെയും ക്രിസ്തുയേശുവിനെയും തെരിഞ്ഞെടുക്കപ്പെട്ട ദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു.

൨൨ യാതൊരുത്തന്റെ മേലും വേഗത്തിൽ കൈകളെ വെക്കരുതു; അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുതു. നിന്നെത്തന്നേ നിൎമ്മലനായി കാത്തുകൊൾക.

൨൩ ഇനിയും വെള്ളം മാത്രം കുടിക്കാതെ നിന്റെ വയററിന്റെയും കൂടെക്കൂടെയുള്ള ക്ഷീണതകളുടെയും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക.

൨൪ ചില മനുഷ്യരുടെ പാപങ്ങൾ വെളിവായിരുന്നു ന്യായവിധിക്കു മുമ്പിട്ടുന്നു; ചിലൎക്കു അവ പിൻചെല്ലുന്നു.

൨൫ സൽപ്രവൃത്തികളും അപ്രകാരം തന്നേ വെളിവാകുന്നു; അല്ലാത്തവയും ഒളിച്ചിരിപ്പാൻ കഴികയില്ല.

൬ാം അദ്ധ്യായം.

നുകത്തിൻകീഴിൽ ദാസന്മാരായിരിക്കുന്നവർ ഒക്കെയും ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ ഉടയവരെ സകലമാനത്തിന്നും യോഗ്യന്മാർ എന്നു എണ്ണേണ്ടതാകുന്നു.

൨ വിശ്വാസികളായ ഉടയവരുള്ളവർ അവരെ സഹോദരന്മാർ എന്നുവെച്ചു അലക്ഷ്യമാക്കരുതു; തങ്ങളെക്കൊണ്ടുള്ള ഉപകാരം അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയപ്പെട്ടവരും ആകകൊണ്ടു അവരെ വിശേഷാൽ സേവിക്കയത്രേ വേണ്ടതു; ഇവ ഉപദേശിക്കയും പ്രബോധിപ്പിക്കയും ചെയ്ക.

൩ ¶ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ ആരോഗ്യകരമായ വചനങ്ങളെയും ഭക്തിക്കൊത്ത ഉപദേശത്തെയും വല്ലവനും അനുസരിക്കാതെ അന്യഥാ ഉപദേശിച്ചാൽ

൪ അവൻ ഒന്നും തിരിച്ചറിയാതെ തൎക്കങ്ങളെയും വാഗ്വാദങ്ങളെയും പററി വ്യാധിതനായി ചീൎത്തിരിക്കുന്നു; അവയിൽനിന്നു അസൂയ, ശണ്ഠ, ദൂഷണങ്ങൾ, ദുസ്സംശയങ്ങൾ,

൫ കെട്ടബുദ്ധിക്കാരും സത്യത്തെ വെടിഞ്ഞവരുമായ മനുഷ്യരുടെ വ്യൎത്ഥവാദങ്ങളും ഉത്ഭവിക്കുന്നു; ആയവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു.

൬ അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും

൭ ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല; യാതൊന്നും കൊണ്ടു പോകുവാൻ കഴിയുന്നതുമല്ല സ്പഷ്ടം.

൮ ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക.

൯ സമ്പന്നരാകുവാൻ ആഗ്രഹിക്കുന്നവർ പരിക്ഷയിലും കണിയിലും മനുഷ്യരെ സംഹാരനാശങ്ങളിൽ മുക്കിക്കളയുന്ന മൊഢ്യവും ദോഷകരവുമായ പല ദോഷങ്ങളിലും വീഴുന്നു.

൧൦ ദ്രവ്യാഗ്രഹംസകല ദോഷത്തിന്നും മൂലമാകുന്നുവല്ലോ. ഇതിനെ ചിലർ വാഞ്ഛിച്ചിട്ടു വിശ്വാസത്തെ വിട്ടുഴന്നു ബഹുദുഃഖങ്ങളാൽ തങ്ങളെ തന്നേ കുത്തിതുളെച്ചിരിക്കുന്നു.

൧൧ ¶ നീയോ ദൈവത്തിൻെറ മനുഷ്യനായുള്ളോവേ, അവയെ വിട്ടോടി, നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൌമ്യത എന്നിവയെ പിന്തുടരുക.

൧൨ വിശ്വാസത്തിൻെറ നല്ലപോർ പൊരുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകേ ആ നല്ല സ്വീകാരവാക്കിനെ പറഞ്ഞുവല്ലോ.

൧൩ സൎവ്വത്തെയും ജീവിപ്പിക്കുന്ന ദൈവത്തിൻെറ മുമ്പാകെയും പൊന്തിയൊസ് പിലാത്തോസിൻെറ മുമ്പിൽ ആ നല്ല സ്വീകാരവാക്കിനെ സാക്ഷീകരിച്ച ക്രിസ്തുയേശുവിൻെറ മുമ്പാകെയും ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതു

൧൪ നീ നിഷ്കളങ്കനും നിരപവാദ്യനുമായി ഒരം കല്പനയെ നമ്മുടെ കൎത്താവായ യേശുവിൻെറ പ്രത്യക്ഷതവരെ കാത്തുകൊള്ളേണം.

൧൫ ആയതിനെ ധന്യനായ ഏകാധിപതിയും രാജാധിരാജാവും കൎത്താധികൎത്താവും

൧൬ താൻ മാത്രം അമൎത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ സ്വസമയങ്ങളിൽ കാണിക്കും. അവന്നു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ ആമെൻ.

൧൭ ¶ ഈ ലോകത്തിലേ ധനവാന്മാരോടു അവർ ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും

൧൮ നന്മ ചെയ്വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാൎയ്യമുള്ളവരുമായി

൧൯ സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന്നു വരുംകാലത്തേക്കു തങ്ങൾക്കു നല്ല അടിസ്ഥാനത്തെ നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.

൨൦ അല്ലയോ തിമൊഥെയൊസേ, നിൻെറ പക്കൽ ഏല്പിച്ച ഉപനിധിയെ കാത്തുകൊണ്ടു ജ്ഞാനം എന്നു വ്യാജമായി പേർ ധരിച്ചിരിക്കുന്നതിൻെറ ബാഹ്യമായ വ്യൎത്ഥാലാപങ്ങളെയും തൎക്കസൂത്രങ്ങളെയും ഒഴിഞ്ഞുനില്ക്ക.

൨൧ ആ ജ്ഞാനത്തെ ചിലർ സ്വീകരിച്ചു വിശ്വാസത്തിൽനിന്നു മാറിപ്പോയി.

൨൨ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാക.

THE SECOND EPISTLE OF PAUL THE APOSTLE
TO
TIMOTHY.

അപ്പൊസ്തലനായ പൌലൊസ്
തിമൊഥെയൊസിന്ന എഴുതിയ രണ്ടാം ലേഖനം.

൧ാം അദ്ധ്യായം.

ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദത്ത
പ്രകാരം ദൈവേഷ്ടത്താൽ ക്രിസ്തുയേശു
വിന്റെ അപ്പൊസ്തലനായ പൌലൊസ്

൨ പ്രിയ മകനായ തിമൊഥെയൊസി
ന്നു: പിതാവായ ദൈവത്തിൽനിന്നും ന
മ്മുടെ കൎത്താവായ ക്രിസ്തുയേശുവിൽനി
ന്നും കൃപയും കനിവും സമാധാനവും ഉ
ണ്ടാകട്ടെ.

൩ ¶ എന്റെ അപേക്ഷകളിൽ രാ
വും പകലും ഇടവിടാതെ നിന്നെ ഓൎമ്മ
യിൽവെച്ചു നിന്റെ കണ്ണുനീർ ഓൎത്തും
ഞാൻ നിന്നെ കണ്ടു സന്തോഷപൂൎണ്ണനാ
വാൻ വാഞ്ഛിച്ചുംകൊണ്ടു

൪ ഞാൻ പൂൎവ്വന്മാർ മുതൽ നിൎമ്മലമ
നസ്സാക്ഷിയിൽ ആരാധിക്കുന്ന ദൈവ
ത്തിന്നു സ്തോത്രം ചെയ്യുന്നു

൫ നിന്നിലുള്ള നിൎവ്യാജവിശ്വാസത്തി
ന്റെ ഓൎമ്മയെ കൊണ്ടു (ഞാൻ അങ്ങനെ
ചെയ്യുന്നു). ആയതു ആദ്യം നിന്റെ വ
ലിയമ്മ ലൊയിസിലും അമ്മ യൂനിക്കയി
ലും അധിവസിച്ചു; നിന്നിലും അങ്ങനെ
തന്നേ എന്നു ഞാൻ ഉറെച്ചിരിക്കുന്നു.

൬ അതുകൊണ്ടു എന്റെ കൈവെപ്പി
നാൽ നിന്നിലുള്ള ദൈവത്തിന്റെ വര
ത്തെ ജ്വലിപ്പിക്കേണം എന്നു നിന്നെ
ഓൎമ്മപ്പെടുത്തുന്നു.

൭ ഭീരുത്വത്തിന്റെ ആത്മാവിനെ
അല്ല, ശക്തിയുടെയും സ്നേഹത്തിന്റെ
യും സുബോധത്തിന്റെയും ആത്മാവി
നെ അല്ലൊ ദൈവം നമുക്കു തന്നതു:

൮ അതുകൊണ്ടു നമ്മുടെ കൎത്താവി
ന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധ
നായ എന്നെയും കുറിച്ചു ലജ്ജിക്കാതെ
സുവിശേഷത്തിന്നായി ദൈവശക്തിപ്ര
കാരം നീയും സഹകഷ്ടാനുഭവക്കാരനാ
യിരിക്ക.

൯ അവൻ നമ്മെ രക്ഷിക്കയും വിശു
ദ്ധവിളികൊണ്ടു വിളിക്കയും ചെയ്തതു ന
മ്മുടെ പ്രവൃത്തികളിൻ പ്രകാരമല്ല, യുഗ
കാലങ്ങൾക്കു മുമ്പേ ക്രിസ്തുയേശുവിൽ ന
മുക്കു നല്കപ്പെട്ടതും

൧൦ ഇപ്പോൾ മരണത്തെ നീക്കുകയും
സുവിശേഷംകൊണ്ടു ജീവനെയും അ
ക്ഷയതയെയും വെളിപ്പെടുത്തുകയും ചെ
യ്തു നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശു
വിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടതു
മായ തന്റെ സ്വന്ത നിൎണ്ണയത്തിന്നും കൃ
പെക്കും ഒത്തവണ്ണമത്രേ.

൧൧ ആ സുവിശേഷത്തിന്നു ഞാൻ പ്ര
സംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവു
മായി നിയമിക്കപ്പെട്ടു.

൧൨ ഇതു നിമിത്തം തന്നേ ഞാൻ ഇ
വയെയും സഹിക്കുന്നു, എങ്കിലും ലജ്ജി
ക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരി
ക്കുന്നു എന്നു അറിയുന്നു; അവൻ എന്റെ
ഉപനിധിയെ ആ ദിവസം വരെ സൂക്ഷി
പ്പാൻ ശക്തനാകുന്നു എന്നു ഉറച്ചുമിരിക്കു
ന്നു.

൧൩ എങ്കൽനിന്നു കേട്ട ആരോഗ്യക
രമായ വചനങ്ങളുടെ മാതൃകയെ നീ ക്രി
സ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേ
ഹത്തിലും ധരിച്ചുകൊൾക.

൰൪ ആ നല്ല ഉപനിധിയെ നമ്മിൽ
അധിവസിക്കുന്ന പരിശുദ്ധാത്മാവിനാ
ൽ സൂക്ഷിച്ചുകൊൾക.
൰൫ ¶ ആസ്യക്കാർ എല്ലാവരും എ
ന്നെ വിട്ടുതിരിഞ്ഞുപോയി എന്നു നീ അ
റിയുന്നുവല്ലോ; ഫുഗലൊസും ഹെർമ്മൊ
ഗനേസും ആ കൂട്ടത്തിൽ ആകുന്നു.
൰൬ പലപ്പോഴും എന്നെ തണുപ്പിച്ച
വനായ ഒനേസിഫൊരൊസിന്റെ കു
ഡുംബത്തിന്നു കർത്താവു കരുണ നല്കുമാ
റാകട്ടെ.
൰൭ അവൻ എന്റെ ചങ്ങലയെ കു
റിച്ചു ലജ്ജിക്കാതെ താൻ റോമയിൽ എ
ത്തിയ ഉടനേ താല്പൎയ്യത്തോടെ എന്നെ
തിരഞ്ഞു കണ്ടെത്തുകയും ചെയ്തു.
൰൮ കർത്താവിന്റെ പക്കൽ കരുണ
കണ്ടെത്തുവാൻ കർത്താവു ആ ദിവസത്തി
ൽ അവന്നു സംഗതി വരുത്തേണമേ. എ
ഫെസൊസിൽ വെച്ചു അവൻ എനിക്കു
എന്തെല്ലാം ശുശ്രൂഷ ചെയ്തു എന്നു നീ ന
ല്ലവണ്ണം അറിഞ്ഞിരിക്കുന്നുവല്ലോ.

൨ാം അദ്ധ്യായം.

ആകയാൽ എന്റെ മകനേ, ക്രിസ്തുയേ
ശുവിലുള്ള കൃപയിൽ ശക്തിപ്പെടുക.
൨ നീ പല സാക്ഷികളുടെ മുമ്പാകേ
എന്നിൽനിന്നു കേട്ടതെല്ലാം മറ്റുള്ളവ
ൎക്കും ഉപദേശിപ്പാൻ സമൎത്ഥരാകുന്ന വി
ശ്വസ്തമനുഷ്യരെ ഭരമേല്പിക്ക.
൩ ക്രിസ്തുയേശുവിന്റെ നല്ല ഭടനാ
യിട്ടു നീയും സഹകഷ്ടാനുഭവക്കാരനാ
യിരിക്ക.
൪ പടചേൎത്തവനെ പ്രസാദിപ്പിക്കേ
ണ്ടതിന്നു യാതൊരു പടയാളിയും ജീവ
നകാൎയ്യങ്ങളിൽ ഇടപെടാതിരിക്കുന്നു.
൫ ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്ര
കാരം പൊരാഞ്ഞിൽ കിരീടം പ്രാപിക്ക
യില്ല.
൬ അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ ആ
കുന്നു ആദ്യം ഫലങ്ങളെ അനുഭവിക്കേ
ണ്ടതു.
൭ ഞാൻ പറയുന്നതിനെ ചിന്തിച്ചു
കൊൾക. കർത്താവു സകലത്തിലും നി
നക്കു ബുദ്ധി നല്കുമല്ലോ;
൮ എന്റെ സുവിശേഷപ്രകാരം ദാ
വീദിന്റെ സന്തതിയിൽ നിന്നുള്ളവനാ
യി മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീറ്റ
യേശുക്രിസ്തുവിനെ ഓൎത്തുകൊൾക.
൯ ആയതിനെ അറിയിക്കുന്നതിൽ
ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ
ബന്ധനത്തോളവും കഷ്ടപ്പെടുന്നു; ദൈ
വവചനത്തിന്നു ബന്ധനം ഇല്ല താനും.
൰ ആകയാൽ തെരിഞ്ഞെടുക്കപ്പെട്ടവ
ൎക്കു ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജ
സ്സോടും കൂടെ കിട്ടേണ്ടതിന്നു ഞാൻ അവ
ൎക്കായി സകലവും സഹിക്കുന്നു.
൰൧ ഈ വചനം വിശ്വാസ്യമാകുന്നു:
നാം അവനോടു കൂടെ മരിച്ചു എങ്കിൽ
കൂടെ ജീവിക്കും;
൰൨ സഹിക്കുന്നു എങ്കിൽ കൂടെ വാഴും;
നാം തള്ളിപ്പറയും എങ്കിൻ നമ്മെ അവ
നും തള്ളിപ്പറയും.
൰൩ നാം അവിശ്വസ്തരായാൽ അവ
ൻ വിശ്വസ്തനായി പാൎക്കുന്നു; അവന്നു ത
ന്നെത്താൻ തള്ളിപ്പറവാൻ കഴികയില്ല
ല്ലോ.
൰൪ ¶ കേൾക്കുന്നവരെ മറിച്ചുകളു
യുന്നതിന്നല്ലാതെ ഒന്നിന്നും കൊള്ളാത്ത
വാഗ്വാദം ചെയ്യാതിരിപ്പാൻ കർത്താവി
ന്റെ മുമ്പാകേ സാക്ഷീകരിച്ചു ഇവ അ
വരെ ഓൎമ്മപ്പെടുത്തുക.
൰൫ സത്യവചനത്തെ ശരിയായി വി
ഭാഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയി
ല്ലാത്ത വേലക്കാരനായി നിന്നെ തന്നേ
ദൈവത്തിന്നു കൊള്ളാകുന്നവനായി നി
റുത്തുവാൻ ശ്രമിക്ക.
൰൬ ബാഹ്യമായ വ്യൎത്ഥാലാപങ്ങളെ ഒ
ഴിഞ്ഞിരിക്ക; ആ വകക്കാർ ഭക്തികേടി
ൽ അധികം മുതിൎന്നു വരും.
൰൭ അവരുടെ വാക്കു അൎബ്ബുദവ്യാധി
പോലെ തിന്നുതിന്നിരിക്കും.
൰൮ ഹുമനയൊസും ഫിലേത്തൊസും
അവരിൽ ഉള്ളവരാകുന്നു; ആയവർ പു
നരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു സ
ത്യത്തിൽനിന്നു പിഴെച്ചു പോയി ചില
രുടെ വിശ്വാസത്തെ മറിച്ചുകളകയും
ചെയ്യുന്നു.

൧൯ എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു: കൎത്താവു തനിക്കുള്ളവരെ അറിഞ്ഞിരിക്കുന്നു എന്നും കൎത്താവിന്റെ നാമത്തെ ഉച്ചരിക്കുന്നവൻ എല്ലാം അനീതിയെ വൎജ്ജിച്ചു കൊള്ളട്ടെ എന്നും ഉള്ളതു അതിന്റെ മുദ്ര ആകുന്നു.

൨൦ എന്നാൽ ഒരു വലിയ ഭവനത്തിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ടു; ചിലതു മാനത്തിന്നും ചിലതു അപമാനത്തിന്നും.

൨൧ ഒരുവൻ ഇവയോടു അകന്നു തന്നെത്താൻ വെടിപ്പാക്കിക്കൊണ്ടാൽ അവൻ വിശുദ്ധവും ഉടമസ്ഥന്നു ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആകും.

൨൨ യൌവനമോഹങ്ങളെ വിട്ടോടി നീതിയെയും വിശ്വാസത്തെയും സ്നേഹത്തെയും ശുദ്ധഹൃദയത്തിൽനിന്നു കൎത്താവിനെ വിളിക്കുന്ന എല്ലാവരോടും സമാധാനത്തെയും പിന്തുടരുക.

൨൩ സാരമില്ലാത്ത മൌഢ്യതൎക്കങ്ങൾ ശണ്ഠകളെ ജനിപ്പിക്കുന്നു എന്നറിഞ്ഞു അവയെ ഒഴിക്ക.

൨൪ കൎത്താവിന്റെ ദാസൻ ശണ്ഠചെയ്യരുതു; എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമൎത്ഥനും ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടതു.

൨൫ വിപരീതക്കാൎക്കു സത്യത്തിന്റെ പരിജ്ഞാനത്തിന്നായി പക്ഷേ ദൈവം മാനസാന്തരം നല്കുമോ എന്നും

൨൬ പിശാചിന്റെ ഇഷ്ടത്തിന്നായി അവനാൽ പിടിപെട്ടു കുടുങ്ങിയവരാകയാൽ അവർ അവന്റെ കണിയിൽനിന്നു മയക്കം തെളിഞ്ഞു വരുമോ എന്നും വെച്ചു അവരെയും സൌമ്യതയോടെ പഠിപ്പിക്കുന്നവനും ആകേണം.

൩ാം അദ്ധ്യായം.

അവസാനദിവസങ്ങളിൽ ദുൎഘടസമയങ്ങൾ വരും എന്നറിക.

൨ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷണക്കാരും മാതാപിതാക്കന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും

൩ സ്വാഭാവിക സ്നേഹമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അടക്കമില്ലാത്തവരും ഉഗ്രന്മാരും സൽഗുണദ്വേഷികളും

൪ ദ്രോഹികളും ധാൎഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി

൫ ദൈവഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തിയെ തള്ളുന്നവരായും ഇരിക്കും. ഇവരെ വിട്ടൊഴിയുക.

൬ ഭവനങ്ങളിൽ നുഴഞ്ഞു കടക്കയും പാപങ്ങളെ ചുമന്നുകൊണ്ടു നാനാമോഹങ്ങളാൽ നടത്തപ്പെട്ടു

൭ എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനത്തിങ്കൽ വന്നെത്തുവാൻ കഴിയാതെയും ഉള്ള പെണ്ണുങ്ങളെ അടിമയാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവരിൽ ആകുന്നു.

൮ യന്നേസും യംബ്രേസും മോശെയോടു എതിൎത്തുനിന്നപ്രകാരം തന്നേ ഇവരും സത്യത്തോടു മറുത്തു നില്ക്കുന്നു; കെട്ടബുദ്ധിയുള്ളവരും വിശ്വാസത്തെ കുറിച്ചു കൊള്ളരുതാത്തവരുമത്രേ.

൯ അവർ അധികം മുഴക്കയില്ല; മേല്പറഞ്ഞവരുടെ ബുദ്ധികേടു എല്ലാവൎക്കും വെളിപ്പെട്ടതുപോലെ ഇവരുടേതും ആകും.

൧൦ നീയോ എന്റെ ഉപദേശം, നടപ്പു, ഉദ്ദേശം, വിശ്വാസം, ദീൎഘശാന്തത, സ്നേഹം, ക്ഷമ എന്നിവയെയും

൧൧ അന്ത്യോക്യയിലും ഇക്കോന്യയിലും ലുസ്ത്രയിലും എനിക്കു സംഭവിച്ച ഉപദ്രവങ്ങളെയും കഷ്ടാനുഭവങ്ങളെയും അനുഗമിച്ചിരിക്കുന്നു; ഞാൻ എന്തെല്ലാം ഉപദ്രവങ്ങളെ സഹിച്ചു; അവ എല്ലാററിൽനിന്നും കൎത്താവു എന്നെ വിടുവിച്ചു.

൧൨ എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവൎക്കു എല്ലാം ഉപദ്രവം ഉണ്ടാകും.

൧൩ ദുഷ്ടമനുഷ്യരും മായാവികളും വ

ഞ്ചിച്ചും വഞ്ചനപ്പെട്ടുംകൊണ്ടു അധികം
ദോഷത്തിലേക്കു മാത്രം മുതിരും.
൧൪ നീയോ ഇന്നവരോടു പഠിച്ചു
എന്നും ക്രിസ്തുയേശുവിലെ വിശ്വാസത്താ
ൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ
മതിയാകുന്ന തിരുവെഴുത്തുകളെ ബാ
ല്യം മുതൽ ഗ്രഹിച്ചിരിക്കുന്നു എന്നും അ
റിഞ്ഞു
൧൫ നീ പഠിച്ചും നിശ്ചയം പ്രാപി
ച്ചും ഉള്ളവയിൽ നിലനില്ക്ക.
൧൬ സകല തിരുവെഴുത്തും ദൈവ
ശ്വാസിയമാകയാൽ ഉപദേശത്തിന്നും
ശാസനത്തിന്നും ഗുണീകരണത്തിന്നും നീ
തിയിലെ അഭ്യാസത്തിന്നും പ്രയോജന
മുള്ളതു ആകുന്നു.
൧൭ ദൈവത്തിന്റെ മനുഷ്യൻ സക
ല സൽപ്രവൃത്തിക്കും കോപ്പുണ്ടായി തിക
ഞ്ഞവൻ ആകേണ്ടതിന്നു തന്നേ.

൪ാം അദ്ധ്യായം.

ഞാൻ ദൈവത്തിന്റെ മുമ്പാകേയും ജീ
വികളെയും മരിച്ചവരെയും ന്യായം വി
ധിപ്പാനുള്ള ക്രിസ്തുയേശുവിന്റെ മുമ്പാ
കേയും അവന്റെ പ്രത്യക്ഷതയെയും രാ
ജ്യത്തെയും സാക്ഷീകരിച്ചും കല്പിക്കുന്ന
തു:
൨ വചനത്തെ പ്രസംഗിക്ക; സമയ
ത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക;
എല്ലാദീൎഘക്ഷമയോടും ഉപദേശത്തോടും
കൂടെ ശാസിക്ക; തൎജ്ജനംചെയ്ക; പ്രബോ
ധിപ്പിക്ക.
൩ എന്തുകൊണ്ടെന്നാൽ അവർ ആ
രോഗ്യകരമായ ഉപദേശത്തെ പൊറുക്കാ
തെ ചെവിചൊറിച്ചിൽ ഉള്ളവരായി താ
ന്താങ്ങളുടെ മോഹങ്ങൾക്കൊത്തവണ്ണം
ഉപദേഷ്ടാക്കന്മാരെ കുന്നിച്ചു ചേൎത്തു
൪ ചെവിയെ സത്യത്തിൽനിന്നു തിരി
ച്ചുംകളഞ്ഞു കെട്ടുകഥകളിലേക്കു മറിഞ്ഞു
പോകുന്ന കാലം വരും.
൫ എന്നാൽ നി സകലത്തിലും നിൎമ്മ
ദൻ ആയിരിക്ക; കഷ്ടങ്ങളെ സഹിക്ക;
സുവിശേഷകന്റെ പ്രവൃത്തിയെ ചെയ്ക;
നിന്റെ ശുശ്രൂഷയെ നിറപടിയായി നി
വൃത്തിക്ക.
൬ ഞാനോ ഇപ്പോഴേ തന്നേ പാനീ
യബലിയായി ഒഴിക്കപ്പെടുന്നു; എന്റെ
നിൎയ്യാണകാലവും അടുത്തിരിക്കുന്നു.
൭ നല്ല പോർ ഞാൻ പൊരുതു, ഓട്ട
ത്തെ തികെച്ചു, വിശ്വാസത്തെ കാത്തു.
൮ ഇനി നീതിയുടെ കിരീടം എനി
ക്കായി വെച്ചിരിക്കുന്നു; ആയതു നീതിയു
ള്ള ന്യായാധിപതിയായ കൎത്താവു ആ ദി
വസത്തിൽ എനിക്കു നല്കും; എനിക്കു മാ
ത്രമല്ല, അവന്റെ പ്രത്യക്ഷതയെ സ്നേ
ഹിച്ചിട്ടുള്ള ഏവൎക്കും കൂടെ.
൯ ¶ വേഗത്തിൽ എന്റെ അടുക്കൽ
വരുവാൻ ഉത്സാഹിക്ക.
൧൦ എന്തുകൊണ്ടെന്നാൽ ദേമാസ് ഈ
ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു
തെസ്സലൊനീക്യയിലേക്കു പോയി. ക്രേ
സ്കേസ് ഗലാത്യക്കും തീതൊസ് ദല്മാത്യെ
ക്കും പോയി.
൧൧ ലൂക്കോസ് മാത്രമേ എന്നോടുകൂ
ടെ ഉള്ളു; മൎക്കൊസ് ശുശ്രൂഷെക്കു എനി
ക്കു ഉപയോഗമുള്ളവൻ ആകയാൽ അവ
നെ നിന്നോടുകൂടെ കൂട്ടികൊണ്ടുവരിക.
൧൨ തിഹിക്കൊസിനെ ഞാൻ എഫെ
സൊസിലേക്കു അയച്ചിരിക്കുന്നു.
൧൩ ഞാൻ ത്രോവാസിൽ കപ്പൊസി
ന്റെ പക്കൽ വെച്ചേച്ചുപോന്ന പുത
പ്പും പുസ്തകങ്ങളും വിശേഷാൽ ചൎമ്മലി
ഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവ
രിക.
൧൪ ചെമ്പുപണിക്കാരൻ അലെക്സന്ത
ർ എനിക്കു വളരെ ദോഷം ചെയ്തു; അവ
ന്റെ പ്രവൃത്തികൾക്കു തക്കവണ്ണം കൎത്താ
വു അവന്നു പകരം ചെയ്യും.
൧൫ അവൻ നമ്മുടെ വചനങ്ങൾക്കു
അത്യന്തം മറുത്തുനിന്നതുകൊണ്ടു നീയും
അവനെ സൂക്ഷിച്ചുകൊൾക.
൧൬ എന്റെ ഒന്നാം പ്രതിവാദത്തി
ൽ ഒരുവനും എനിക്കു തുണനിന്നില്ല; എ
ല്ലാവരും എന്നെ കൈവിട്ടു; അതു അവ
ൎക്കു എണ്ണപ്പെടാതിരിക്കട്ടെ.
൧൭ കൎത്താവോ എനിക്കു തുണയായി
നിന്നു പ്രസംഗം എന്നെക്കൊണ്ടു നിവൃ
ത്തിക്കപ്പെടുവാനും സകലജാതികളും കേ
ൾപ്പാനും എന്നെ ശക്തീകരിച്ചു; ഞാൻ

സിംഹത്തിന്റെ വായിൽനിന്ന വിടുവിക്കപ്പെടുകയും ചെയ്തു.

൧൮ ഈ സകല ദുഷ്പ്രവൃത്തിയിൽ നിന്നും കൎത്താവു എന്നെ വിടുവിച്ചു തന്റെ സ്വൎഗ്ഗീയരാജ്യത്തിന്നായി കാത്തു രക്ഷിക്കും. അവന്നു എന്നെന്നേക്കും മഹത്വം ആമെൻ.

൧൯ ¶ പ്രിസ്കെക്കും അക്വിലാവിന്നും ഒനേസിഫൊരൊസിന്റെ കുഡുംബത്തിന്നും വന്ദനം ചൊല്ലുക.

൨൦ എരസ്തൊസ് കൊരിന്തിൽ പാൎക്കയും ത്രൊഫിമൊസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടു പോരികയും ചെയ്തു.

൨൧ ശീതകാലത്തിന്നു മുമ്പേ വരുവാൻ ശ്രമിക്ക. യൂബുലൊസും പൂദേസും ലീനൊസും ക്ലൌദിയയും സഹോദരന്മാർ എല്ലാവരും നിനക്കു വന്ദനം ചൊല്ലുന്നു.

൨൨ ¶ യേശുക്രിസ്തു നിന്റെ ആത്മാവോടുകൂടെ ഇരിക്കുട്ടെ. കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാക.

THE EPISTLE OF PAUL THE APOSTLE TO

TITUS.

അപ്പൊസ്തലനായ പൌലൊസ്

തീതൊസിന്നു എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ നിയോഗപ്രകാരം എന്നെ ഭരമേല്പിച്ച പ്രസംഗത്താൽ സ്വസമയങ്ങളിൽതന്റെ വചനത്തെ വെളിപ്പെടുത്തിയ ഭോഷ്കു പറയാത്ത ദൈവം

൨ യുഗകാലങ്ങൾക്കു മുമ്പേ വാഗ്ദത്തം ചെയ്തു നിത്യജീവന്റെ പ്രത്യാശയിൽ

൩ തന്റെ തെരിഞ്ഞെടുക്കപ്പെട്ടവരുടെ വിശ്വാസത്തിന്നും ദൈവഭക്തിപ്രകാരമുള്ള സത്യത്തിന്റെ പരിജ്ഞാനത്തിന്നുമായി ദൈവത്തിന്റെ ദാസനും യേശുക്രിസ്തുവിന്റെ അപ്പൊസ്തലനുമായ പൌലൊസ്

൪ പൊതുവിശ്വാസത്തിൽ നിജപുത്രനായ തീതൊസിന്നു: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിൽനിന്നും കൃപയും സമാധാനവും ഉണ്ടാകുമാറാക.

൫ ¶ ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നതു: ശേഷിച്ചവയെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിന്നും ആയിരുന്നുവല്ലോ.

൬ അതിന്നു കുററം ചുമത്തപ്പെടാത്തവനും ഏകഭാൎയ്യയുള്ളവനുമായി ദുൎന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആകുന്നു വേണ്ടതു.

൭ എന്തുകൊണ്ടെന്നാൽ അദ്ധ്യക്ഷൻ ദൈവത്തിന്റെ വീട്ടുവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുൎല്ലാഭമോഹിയും അരുതു.

൮ എങ്കിലോ അതിഥിപ്രിയനും സല്ഗുണപ്രിയനും സുബോധശീലനും നീതിമാനും നിൎമ്മലനും അടക്കമുള്ളവനും

൯ ആരോഗ്യകരമായ ഉപദേശത്തി
ൽ പ്രബോധിപ്പിപ്പാനും എതിൎവ്വാദികൾ
ക്കു ബോധം വരുത്തുവാനും ശക്തനാകേ
ണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാ
സ്യവചനത്തെ മുറുകെപ്പിടിക്കുന്നവനും
ആയിരിക്കേണം.

൧൦ ¶ വൃഥാവാക്കുകാരും മനോവഞ്ച
കരുമായി വഴങ്ങാത്തവരായ പലരും ഉ
ണ്ടല്ലോ; വിശേഷാൽ പരിച്ഛേദനയിൽ
നിന്നുള്ളവർ തന്നേ.

൧൧ അവരുടെ വായ് അടക്കേണ്ടതാ
കുന്നു. അവർ ദുരാദായത്തെ വിചാരിച്ചു
അരുതാത്തവ ഉപദേശിച്ചുകൊണ്ടു ഭവ
നങ്ങളെ മുഴുവനെ മറിച്ചുകളയുന്നു.

൧൨ ക്രേത്തർ സൎവ്വദാ അസത്യവാദി
കളും ദുഷ്ടജന്തുക്കളും മന്ദകുക്ഷികളും അ
ത്രേ എന്നു അവരിൽ ഒരുവൻ, അവരു
ടെ പ്രവാചകൻ തന്നേ പറഞ്ഞിരിക്കു
ന്നു.

൧൩ ഈ സാക്ഷ്യം സത്യമാകുന്നു; അ
തു നിമിത്തം അവർ വിശ്വാസത്തിൽ
ആരോഗ്യമുള്ളവരായി തീരേണ്ടതിന്നും

൧൪ യഹൂദകഥകളെയും സത്യത്തെ
വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും
ശ്രദ്ധിക്കാതിരിക്കേണ്ടതിന്നും അവരെ മൂ
ൎച്ചയോടെ ശാസിക്ക.

൧൫ ശുദ്ധിയുള്ളവൎക്കു എല്ലാം ശുദ്ധം ത
ന്നേ. എങ്കിലും മലിനന്മാൎക്കും അവിശ്വാ
സികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ
മനസ്സും മനസ്സാക്ഷിയും മലിനമായി തീ
ൎന്നിരിക്കുന്നു.

൧൬ അവർ അറെക്കപ്പെടത്തക്കവരും
അനുസരണം കെട്ടവരും യാതൊരു ന
ല്ല കാൎയ്യത്തിന്നും കൊള്ളരുതാത്തവരുമാ
യി ദൈവത്തെ അറിയുന്നു എന്നു പറയു
ന്നുവെങ്കിലും പ്രവൃത്തികളാൽ അവനെ
തള്ളിപ്പറയുന്നു.

൨ാം അദ്ധ്യായം.

നീയോ ആരോഗ്യകരമായ ഉപദേശ
ത്തിന്നു ചേരുന്നവയെ സംസാരിക്ക.

൨ വൃദ്ധന്മാർ നിൎമ്മദരും ഗൌരവവും
സുബോധവും ഉള്ളവരും വിശ്വാസത്തി
ലും സ്നേഹത്തിലും ക്ഷമയിലും ആരോഗ്യ
മുള്ളവരും ആയിരിക്കേണം എന്നും

൩ വൃദ്ധസ്ത്രീകളും അപ്രകാരം തന്നേ
നടപ്പിൽ പവിത്രയോഗ്യമാരും ഏഷണി
പറയാത്തവരും ഏറെ വീഞ്ഞിന്നു അടി
മപ്പെടാത്തവരുമായിരിക്കേണം എന്നും

൪ ദൈവവചനം ദുഷിക്കപ്പെടാതിരി
ക്കേണ്ടതിന്നു യൌവനക്കാരത്തികളെ ഭ
ൎത്തൃപ്രിയമാരും പുത്രപ്രിയമാരും

൫ സുബോധവും പാതിവ്രത്യമുള്ളവ
രും വീട്ടുകാൎയ്യം നോക്കുന്നവരും ദയയു
ള്ളവരും ഭൎത്താക്കന്മാൎക്കു കീഴ്പെടുന്നവരും
ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന്നു ന
ല്ലതിനെ ഉപദേശിക്കുന്നവരായിരിക്കേ
ണം എന്നും തന്നേ.

൬ അവ്വണ്ണം യൌവനക്കാരെയും സു
ബോധമുള്ളവരായിരിപ്പാൻ പ്രബോധി
പ്പിക്ക.

൭ മറുപക്ഷക്കാരൻ നമ്മെക്കൊണ്ടു ഒ
രു തിന്മയും പറവാൻ വകയില്ലാതെ ല
ജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെ
ത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാ
ക്കി കാണിക്ക.

൮ ഉപദേശത്തിൽ നിൎമ്മലതയും ഗൌ
രവവും ആക്ഷേപിച്ചുകൂടാത്ത ആരോഗ്യ
കരമായ വചനവും ഉള്ളവൻ ആയി
രിക്ക.

൯ ദാസന്മാർ നമ്മുടെ രക്ഷിതാവായ
ദൈവത്തിന്റെ ഉപദേശത്തെ സകല
ത്തിലും അലങ്കരിപ്പാനായിട്ടു തങ്ങളുടെ
ഉടയവൎക്കു കീഴടങ്ങി എല്ലാവിധത്തിലും
പ്രസാദം വരുത്തുന്നവരും

൧൦ എതിർ പറയാതെയും ഭഗിക്കാതെ
യും സകല നല്ല വിശ്വസ്തതയും കാണി
ക്കുന്നവരുമായി ഇരിപ്പാൻ (കല്പിക്ക).

൧൧ എന്തുകൊണ്ടെന്നാൽ എല്ലാമനു
ഷ്യൎക്കും രക്ഷാകരമായ ദൈവകൃപ ഉ
ദിച്ചു;

൧൨ നാം ഭാഗ്യകരമായ പ്രത്യാശെക്കാ
യിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാ
വുമായ യേശുക്രിസ്തുവിന്റെ തേജസ്സി
ന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊ
ണ്ടു

൧൨ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വൎജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചുപോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചു വളൎത്തുന്നു.

൧൪ അവൻ നമ്മെ സകല അധൎമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ എരിവേറിയോരു സ്വന്തജനത്തെ തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.

൧൫ ¶ ഇവയെ എല്ലാഗൌരവത്തോടും കൂടെ സംസാരിക്കയും പ്രബോധിപ്പിക്കയും ശാസിക്കയും ചെയ്ക. ആരും നിന്നെ ധിക്കരിക്കരുതു.

൩ാം അദ്ധ്യായം.

വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും സകലസൽപ്രവൃത്തിക്കും ഒരുങ്ങിയിരിപ്പാനും

൨ ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി എല്ലാമനുഷ്യരോടും സകലസൌമ്യതയും കാണിപ്പാനും അവരെ ഓൎമ്മപ്പെടുത്തുക.

൩ മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിപിഴെച്ചു നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അടിമപ്പെട്ടവരും ഈൎഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ.

൪ എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ

൫ അവൻ നമ്മെ, നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചു;

൬ നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്നു പുനൎജ്ജനനസ്നാനംകൊണ്ടും

൭ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകൎന്ന പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നേ.

൮ ഈ വചനം വിശ്വാസ്യം ആകുന്നു; ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിന്നു നീ ഇവയെ ഉറപ്പിച്ചു പറയേണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഇതു ശുഭവും മനുഷ്യൎക്കു ഉപകാരവും ആകുന്നു.

൯ മൌഢ്യതൎക്കങ്ങളെയും വംശാവലികളെയും വിവാദങ്ങളെയും ന്യായപ്രമാണത്തെ കുറിച്ചുള്ള കലഹങ്ങളെയും ഒഴിഞ്ഞു നില്ക്ക. ഇവ നിഷ്പ്രയോജനവും വ്യൎത്ഥവുമാകുന്നുവല്ലോ.

൧൦ മതവിപരീതക്കാരനായ മനുഷ്യനോടു ഒന്നു രണ്ടു വട്ടം ബുദ്ധിപറഞ്ഞതിന്റെ ശേഷം

൧൧ ഇപ്രകാരമുള്ളവൻ മറിഞ്ഞുപോയി തന്നാലേ തന്നേ കുററം വിധിക്കപ്പെട്ടവനായി പാപം ചെയ്യുന്നു എന്നറിഞ്ഞു അവനെ ഒഴിക്ക.

൧൨ ¶ ഞാൻ അൎത്തെമാസിനെയോ തിഹിക്കൊസിനെയോ അങ്ങോട്ടു അയക്കുമ്പോൾ നിക്കൊപ്പൊലിസിൽ വന്നു എന്നോടു ചേരുവാൻ ശ്രമിക്ക. അവിടെ ഞാൻ ശീതകാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

൧൩ വൈദികനായ സേനാസിന്നും അപ്പൊല്ലോസിന്നും ഒരു മുട്ടും വരാതവണ്ണം ഉത്സാഹിച്ചു വഴിയാത്ര അയക്ക.

൧൪ നമുക്കുള്ളവരും തങ്ങൾ ഫലമില്ലാത്തവർ ആകാതിരിക്കേണ്ടതിന്നു ആവശ്യസംഗതികൾക്കായിട്ടു സൽപ്രവൃത്തികളിൽ മുമ്പരായിരിപ്പാൻ പഠിക്കട്ടെ.

൧൫ ¶ എന്നോടു കൂടെയുള്ളവർ എല്ലാവരും നിനക്കു വന്ദനം ചൊല്ലുന്നു. ഞങ്ങളെ വിശ്വാസത്തിൽ സ്നേഹിക്കുന്നവൎക്കു വന്ദനം ചൊല്ലുക. കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാക.

THE EPISTLE OF PAUL THE APOSTLE TO
PHILEMON.

അപ്പൊസ്തൂലനായ പൌലൊസ്
ഫിലേമോന്ന എഴുതിയ ലേഖനം.

ക്രിസ്തുയേശുവിൻെറ ബദ്ധനായ പൌ
ലൊസും സഹോദരനായ തിമൊഥെ
യൊസും ഞങ്ങളുടെ പ്രിയനും ക്രുട്ടുവേല
ക്കാരനുമായ ഫിലേമോന്നും
൨ സഹോദരിയായ അപ്പിയെക്കും ഞ
ങ്ങളുടെ സഹഭടനായ അൎക്കിപ്പൊസിന്നും
നിൻെറ ഭവനത്തിലേ സഭെക്കും എഴുതു
ന്നതു:
൩ നമ്മുടെ പിതാവായ ദൈവത്തി
ൽനിന്നും കൎത്താവായ യേശുക്രിസ്തുവിൽ
നിന്നും നിങ്ങൾക്കു കൃപയും സമാധാന
വും ഉണ്ടാകുമാറാക.
൪ ¶ കൎത്താവായ യേശുവിനോടും
സകലവിശുദ്ധന്മാരോടും നിനക്കുള്ള സ്നേ
ഹത്തെയും വിശ്വാസത്തെയും കുറിച്ചു
ഞാൻ കേട്ടിട്ടു
൫ നിങ്ങളിലുള്ള സകല നന്മയുടെയും
പരിജ്ഞാനത്താൽ നിൻെറ വിശ്വാസ
ത്തിൻെറ കൂട്ടായ്മ ക്രിസ്തുവിന്നായി സാദ്ധ്യ
കരമാകേണ്ടതിന്നു
൬ എൻെറ പ്രാൎത്ഥനകളിൽ നിന്നെ
ഓൎത്തുകൊണ്ടു എപ്പോഴും എൻെറ ദൈവ
ത്തിന്നു സ്തോത്രം ചെയ്യുന്നു.
൭ സഹോദരാ, വിശുദ്ധന്മാരുടെ ഹൃദ
യം നീ തണുപ്പിച്ചതു നിമിത്തം നിൻെറ
സ്നേഹത്തിൽ എനിക്കു വളരെ സന്തോഷ
വും ആശ്വാസവും ഉണ്ടായി.
൮ ¶ ആകയാൽ യുക്തമായതിനെ
നിന്നോടു കല്പിപ്പാൻ ക്രിസ്തുവിൽ എനി
ക്കു വളരെ ധൈൎയ്യം ഉണ്ടെങ്കിലും
൯ വയസ്സനായ പൌലൊസും ഇപ്പോ
ഴോ ക്രിസ്തുയേശുവിൻെറ ബദ്ധനുമായി
രിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം
അപേക്ഷിക്കയത്രേ ചെയ്യുന്നു.
൧൦ എൻെറ ബന്ധനങ്ങളിൽ ഞാൻ ജ
നിപ്പിച്ച എൻെറ മകനായ ഒനേസിമൊ
സിന്നു വേണ്ടി നിന്നോടു അപേക്ഷി
ക്കുന്നു.
൧൧ അവൻ മുമ്പേ നിനക്കു പ്രയോജ
നമില്ലാത്തവൻ ആയിരുന്നു; ഇപ്പോഴോ
നിനക്കും എനിക്കും നല്ല പ്രയോജനമുള്ള
വൻ തന്നേ.
൧൨ എൻെറ ഉൾക്കരുന്നുപോലെയു
ള്ള അവനെ ഞാൻ തിരികേ അയച്ചിരി
ക്കുന്നു.
൧൩ സുവിശേഷത്തിൻെറ ബന്ധന
ങ്ങളിൽ നിനക്കു പകരം അവൻ എന്നെ
ശുശ്രൂഷിക്കേണ്ടതിന്നു അവനെ എൻെറ
അടുക്കൽ തന്നേ നിൎത്തികൊൾവാൻ എ
നിക്കു ആഗ്രഹമുണ്ടായിരുന്നു.
൧൪ എങ്കിലും നിൻെറ ഗുണം നിൎബ്ബ
ന്ധത്താൽ എന്നപോലെ അല്ല, മനസ്സോ
ടെ ആകേണ്ടതിന്നു നിൻെറ അഭിപ്രാ
യം കൂടാതെ ഒന്നും ചെയ്വാൻ എനിക്കു മ
നസ്സില്ലാഞ്ഞു.
൧൫ പക്ഷേ അവൻ അല്പകാലം വേ
ൎവ്വിട്ടു പോയതു അവനെ നിത്യമായി നി
നക്കു ലഭിക്കേണ്ടതിന്നു ആകുന്നു;
൧൬ ഇനി ദാസനായിട്ടല്ല, ദാസന്നു
മീതെ പ്രിയസഹോദരനായിട്ടു തന്നേ,
വിശേഷാൽ എനിക്കു, നിനക്കോ ജഡ
ത്തിലും കൎത്താവിലും എത്ര അധികം?
൧൭ ആകയാൽ നീ എന്നെ കൂട്ടാളി
എന്നു കരുതുന്നു എങ്കിൽ അവനെ എ
ന്നെ പോലെ ചേൎത്തുകൊൾക.
൧൮ അവൻ നിന്നോടു വല്ലതും അ
ന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെ

ങ്കിൽ ആയതു എന്റെ പേരിൽ വെച്ചു കൊൾക.

൧൯ പൌലൊസായ ഞാൻ എന്റെ കൈയ്യാൽ തന്നേ എഴുതിയിരിക്കുന്നു, ഞാൻ തന്നുതീക്കാം. നീ നിന്നെ തന്നേ എനിക്കു കടമ്പെട്ടിരിക്കുന്നു എന്നു ഞാൻ പറയേണം എന്നില്ലല്ലോ.

൨൦ അതേ സഹോദരാ, നിന്നെക്കൊണ്ടു എനിക്കു കൎത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയത്തെ തണുപ്പിക്ക.

൨൧ നിന്റെ അനുസരണത്തെപ്പററി എനിക്കു നിശ്ചയം ഉണ്ടായിട്ടു എന്റെ വാക്കിലുമധികം നീ ചെയ്യും എന്നറിഞ്ഞു കൊണ്ടു ഞാൻ എഴുതിയിരിക്കുന്നു.

൨൨ ഇതല്ലാതെ നിങ്ങളുടെ പ്രാൎത്ഥനകളാൽ ഞാൻ നിങ്ങൾക്കു നല്കപ്പെടും എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു എനിക്കു പാൎപ്പിടം ഒരുക്കിക്കൊൾക.

൨൩ ¶ ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസും,

൨൪ എന്റെ കൂട്ടുവേലക്കാരനായ മൎക്കൊസും അരിസ്തൎക്കൊസും ദേമാസും ലൂക്കൊസും നിനക്കു വന്ദനംചൊല്ലുന്നു.

൨൫ ¶ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാക. ആമെൻ.

THE EPISTLE OF PAUL THE APOSTLE

TO THE

HEBREWS.

അപ്പൊസ്തൂലനായ പൌലൊസ്

എബ്രായൎക്കു എഴുതിയ ലേഖനം.

൧ാം അദ്ധ്യായം.

പണ്ടു ദൈവം പല ഭാഗമായിട്ടും പല വിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു

൨ ഈ നാളുകളുടെ ഒടുവിൽ പുത്രൻ മുഖാന്തരം നമ്മോടു സംസാരിച്ചു; അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകങ്ങളെയും ഉണ്ടാക്കി.

൩ അവൻ അവന്റെ തേജസ്സിൻ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുടെ മൊഴിയാൽ വഹിച്ചിരിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു ശുദ്ധീകരണം ഉണ്ടാക്കിയതിന്റെ ശേഷം ഉയരത്തിൽ മഹിമയുടെ വലഭാഗത്തു ഇരിക്കയും

൪ അവൻ ദൂതന്മാരേക്കാൾ എത്ര വിശിഷ്ടമായ നാമത്തിന്നു അവകാശിയായി തീൎന്നുവോ അത്രയും അവരേക്കാൾ ശ്രേഷ്ഠനായി ഭവിക്കയും ചെയ്തു.

൫ നീ എന്റെ പുത്രൻ ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു എന്നും ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും എന്നും ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും പറഞ്ഞിട്ടുണ്ടോ?

൬ ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ: ദൈവത്തിന്റെ ദൂതന്മാർ എല്ലാവരും അവനെ കുമ്പിടേണം എന്നു താൻ അരുളിച്ചെയ്യുന്നു.

൭ തന്റെ ദൂതന്മാരെ കാററുകളും ശു

ശുശ്രൂഷക്കാരെ അഗ്നിജ്വാലയും ആക്കുന്നു എന്നു ദൂതന്മാരെ കുറിച്ചു പറയുന്നു.

൮ പുത്രനോടോ: ദൈവമേ, നിന്റെ സിംഹാസനം എന്നെന്നേക്കുമുള്ളതു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ ആകുന്നു.

൯ നീ നീതിയെ സ്നേഹിക്കയും ദോഷത്തെ പകെക്കയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരെക്കാൾ അധികം നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തു എന്നും

൰ കൎത്താവേ, നീ പൂൎവ്വത്തിൽ ഭൂമിയെ സ്ഥാപിച്ചു, ആകാശമണ്ഡലങ്ങൾ നിന്റെ കൈകളുടെ പ്രവൃത്തികൾ ആകുന്നു.

൰൧ അവ നശിച്ചുപോകും, നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രംപോലെ പഴതാകും,

൰൨ ഉടുപ്പു കണക്കേ, വസ്ത്രംപോലെ തന്നേ, നീ അവയെ ചുരുട്ടും, അവ മാറുകയും ചെയ്യും; നീയോ അനന്യൻ, നിന്റെ ആണ്ടുകൾ ഒടുങ്ങുകയുമില്ല എന്നും പറയുന്നു.

൰൩ ദൂതന്മാരിൽ ആരൊടെങ്കിലും ഞാൻ നിന്റെ ശത്രുക്കളെ നിനക്കു പാദപീഠമാക്കുവോളത്തിന്നു നീ എന്റെ വലഭാഗത്തിരിക്ക എന്നു വല്ലപ്പോഴും പറഞ്ഞിട്ടുണ്ടോ?

൰൪ അവർ ഒക്കെയും രക്ഷയെ പ്രാപിപ്പാനിരിക്കുന്നവരുടെ നിമിത്തം ശുശ്രൂഷെക്കു അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?

൨ാം അദ്ധ്യായം.

അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടവയെ അത്യന്തം കരുതിക്കൊൾവാൻ ആവശ്യമാകുന്നു.

൨ ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിന്നും അനുസരണക്കേടിന്നും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ

൩ കൎത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും നാനാശക്തികളാലും തന്റെ ഇഷ്ടപ്രകാരം (നല്കിയ) പരിശുദ്ധാത്മാവിൻ വരഭാഗങ്ങളാലും കൂടി സാക്ഷി നില്ക്കവേ

൪ കേട്ടവർ നമുക്കു സ്ഥിരമാക്കി തന്നതുമായ ഇത്ര വലിയ രക്ഷയെ നാം വിചാരിയാതെ പോയാൽ എങ്ങനെ തെറ്റിഒഴിയും?

൫ ¶ നാം പറയുന്ന ഭാവിലോകത്തെ അവൻ ദൂതന്മാൎക്കല്ലല്ലോ കീഴ്പെടുത്തിയതു.

൬ എന്നാൽ നീ മനുഷ്യനെ ഓൎപ്പാനും മനുഷ്യപുത്രനെ സന്ദൎശിപ്പാനും അവൻ എന്തുള്ളു?

൭ നീ അവനെ ദൂതന്മാരിലും അല്പം ഒന്നു താഴ്ത്തി വെച്ചു; മഹത്വവും മാനവും അവനെ അണിയിച്ചു; നിന്റെ കൈവേലകളുടെമേൽ അവനെ വാഴിച്ചു;

൮ സകലവും അവന്റെ കാല്ക്കീഴാക്കി വെച്ചുമിരിക്കുന്നു എന്നു ഒരുവൻ ഒരേടത്തു സാക്ഷ്യം പറയുന്നു. സകലവും അവന്നു കീഴാക്കിയതിൽ ഒന്നിനെയും കീഴ്പെടുത്താതെ വിട്ടിട്ടില്ല; എന്നാൽ ഇപ്പോൾ സകലവും അവന്നു കീഴ്പെട്ടതായി കാണുന്നില്ല.

൯ എങ്കിലും ദൈവകൃപയാൽ എല്ലാവൎക്കും വേണ്ടി മരണം ആസ്വദിപ്പാനായിട്ടു ദൂതന്മാരിൽ അല്പം ഒന്നു താഴ്ത്തപ്പെട്ടവനായ യേശുവിനെ മരണകഷ്ടത നിമിത്തം മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു.

൰ എന്തുകൊണ്ടെന്നാൽ സകലവും ആൎക്കായിട്ടും സകലവും ആരാലും ഉണ്ടായോ അവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നതു യുക്തം ആയിരുന്നു.

൰൧ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഒക്കെയും ഒരുവനിൽനിന്നു ആകുന്നവരല്ലോ; അതു ഹേതുവായി അവരെ സഹോദരന്മാർ എന്നു വിളിപ്പാൻ ലജ്ജിക്കാതെ:

൧൨ ഞാൻ നിൻെറ നാമം എൻെറ സഹോദരന്മാരോടു അറിയിക്കും; സഭാമദ്ധ്യത്തിൽ നിന്നെ സ്തുതിച്ചുപാടും എന്നും

൧൩ പിന്നെയും ഞാൻ അവനിൽ ആശ്രയിക്കും എന്നും പിന്നെയും ഇതാ ഞാനും ദൈവം ഇനിക്കു തന്ന മക്കളും എന്നും പറയുന്നു.

൧൪ ആകയാൽ മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവ്വണ്ണം അവയെ എടുത്തു; മരണത്തിൻെറ അധികാരിയാകുന്ന പിശാചിനെ തൻെറ മരണത്താൽ നീക്കേണ്ടതിന്നും

൧൫ ജീവപൎയ്യന്തം മരണഭീതിയാൽ അടിമയിൽ ഉൾപ്പെട്ടവരെ ഒക്കെയും വിടുവിക്കേണ്ടതിന്നും തന്നേ.

൧൬ ദൂതന്മാരെ അവൻ ഒരിക്കലും ആദരിക്കുന്നില്ലല്ലോ; അബ്രഹാമിൻെറ സന്തതിയെ അത്രേ ആദരിക്കുന്നതു.

൧൭ അതുകൊണ്ടു ജനത്തിൻെറ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്വാനായി അവൻ കരുണയുള്ളവനും ദൈവകാൎയ്യങ്ങളിൽ വിശ്വാസ്യ മഹാപുരോഹിതനും ആകേണ്ടതിന്നു സകലത്തിലും തൻെറ സഹോദരന്മാരോടു സദൃശനായ്ഭവിക്ക ആവശ്യമായിരുന്നു.

൧൮ താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവൎക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.

൩ാം അദ്ധ്യായം.

അതുകൊണ്ടു വിശുദ്ധസഹോദരന്മാരേ, സ്വൎഗ്ഗീയവിളിക്കു ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ വിചാരിച്ചു നോക്കുവിൻ.

൨ മോശെ അവൻെറ ഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ ഇവൻ തന്നെ നിയമിച്ചാക്കിയവന്നു വിശ്വസ്തൻ ആകുന്നു.

൩ ഭവനത്തേക്കാളും ഭവനം ചമെച്ചവന്നു അധികം മാനമുള്ളതുപോലെ ഇവനും മോശെയേക്കാൾ അധികം മഹത്വത്തിന്നു യോഗ്യൻ എന്നു എണ്ണിയിരിക്കുന്നു.

൪ ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം; സൎവ്വവും ചമെച്ചവനോ ദൈവം ആകുന്നു.

൫ അവൻെറ ഭവനത്തിൽ ഒക്കെയും മോശെ വിശ്വസ്തനായിരുന്നു സത്യം; അരുളിച്ചെയ്വാനിരുന്ന വിശേഷങ്ങളുടെ സാക്ഷ്യത്തിന്നു ഭൃത്യനായിട്ടത്രെ.

൬ ക്രിസ്തുവോ അവൻെറ ഭവനത്തിന്മേൽ പുത്രനായിട്ടു തന്നേ; പ്രത്യാശയുടെ ധൈൎയ്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ അവൻെറ ഭവനം നാം തന്നേ ആകുന്നു.

൭ ആകയാൽ പരിശുദ്ധാത്മാവു അരുളിച്ചെയ്യുന്നതുപോലെ: ഇന്നു നിങ്ങൾ അവൻെറ ശബ്ദത്തെ കേൾക്കുന്നുവെങ്കിൽ

൮ മരുഭൂമിയിൽ വെച്ചു പരീക്ഷാദിവസത്തിലേ മത്സരത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുതു.

൯ അവിടെ നിങ്ങളുടെ പിതാക്കന്മാർ എന്നെ ശോധനചെയ്തു പരീക്ഷിച്ചു നാല്പതു ആണ്ടു എൻെറ പ്രവൃത്തികളെ കാണുകയും ചെയ്തു.

൧൦ ആ തലമുറയോടു ഞാൻ ക്രുദ്ധിച്ചു അവർ എപ്പോഴും ഹൃദയത്തിൽ തെറ്റിപ്പോകുന്നു, എൻെറ വഴികളെ അവർ അറിഞ്ഞതുമില്ല എന്നു പറഞ്ഞു

൧൧ അവർ എൻെറ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു എൻെറ കോപത്തിൽ ആണയിടുകയും ചെയ്തു.

൧൨ സഹോദരന്മാരേ. ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്നു അവിശ്വാസത്തിൻെറ ദുഷ്ടഹൃദയം നിങ്ങളിൽ ആൎക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ.

൧൩ പിന്നെയോ, നിങ്ങൾ ആരും പാപത്തിൻെറ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്നു ഇന്നു എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിക്കയും ചെയ്വിൻ.

൧൪ ആശ്രയത്തിൻെറ ആരംഭത്തെ

അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിന്റെ ഓഹരിക്കാരായി തീൎന്നിരിക്കുന്നുവല്ലോ.

൧൫ ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ മത്സരത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുതു എന്നു പറയുന്നതിൽ

൧൬ ആരാകുന്നു കേട്ടിട്ടു മത്സരിച്ചവർ? മിസ്രയീമിൽനിന്നു മോശെ മുഖാന്തരം പുറപ്പെട്ടു വന്നവർ എല്ലാവരുമല്ലോ.

൧൭ നാല്പതു ആണ്ടു ആരോടു ക്രുദ്ധിച്ചു? പാപം ചെയ്തവരോടല്ലയോ? അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീഴുകയും ചെയ്തു.

൧൮ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ആണയിട്ടതു അനുസരണംകെട്ടവരോടല്ലാതെ പിന്നെ ആരോടാകുന്നു?

൧൯ ഇങ്ങനെ അവിശ്വാസം നിമിത്തം അവൎക്കു പ്രവേശിപ്പാൻ കഴിഞ്ഞില്ല എന്നു നാം കാണുന്നു.

൪ാം അദ്ധ്യായം.

ആകയാൽ അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കെ നിങ്ങളിൽ ആൎക്കാനും അതു ലഭിക്കാതെ പോയി എന്നു വരാതിരിപ്പാൻ നാം ഭയപ്പെടുക.

൨ അവരെ പോലെ നാമും ഒരു സദ്വൎത്തമാനം കേട്ടവർ ആകുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്താൽ കലരായ്കകൊണ്ടു കേട്ട വചനം അവൎക്കു ഉപകാരമായി വന്നില്ല.

൩ വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു; ലോകസ്ഥാപനം മുതൽ പ്രവൃത്തികൾ തീൎന്നുപോയാറെയും: അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ഞാൻ എന്റെ കോപത്തിൽ ആണയിട്ടു എന്നു അരുളിച്ചെയ്തപ്രകാരം തന്നേ.

൪ ഏഴാം നാളിൽ ദൈവം തന്റെ സകലപ്രവൃത്തികളിൽനിന്നും സ്വസ്ഥനായിരുന്നു എന്നു ഏഴാം നാളിനെ കുറിച്ചു ഒരേടത്തു പറഞ്ഞിരിക്കുന്നുവല്ലോ.

൫ എന്റെ സ്വസ്ഥതയിൽ അവർ പ്രവേശിക്കയില്ല എന്നു ഇവിടെ പിന്നെയും പറയുന്നു.

൬ അതുകൊണ്ടു ചിലർ അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സദ്വൎത്തമാനം കേട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെ പോകയാലും

൭ ഇത്ര കാലത്തിന്റെ ശേഷം ദാവീദ് മുഖാന്തരം: ഇന്നു അവന്റെ ശബ്ദത്തെ കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുതു എന്നു മുൻപറഞ്ഞപ്രകാരം ഇന്നു എന്നൊരു ദിവസത്തെ പിന്നെയും നിയമിക്കുന്നു.

൮ യോശുവ അവൎക്കു സ്വസ്ഥത വരുത്തി എങ്കിൽ മറ്റൊരു ദിവസത്തെ കുറിച്ചു പിന്നത്തേതിൽ കല്പിക്കയില്ലായിരുന്നു.

൯ ആകയാൽ ദൈവത്തിന്റെ ജനത്തിന്നു ഒരു ശബ്ബതനുഭവം ശേഷിച്ചിരിക്കുന്നു.

൧൦ എന്തുകൊണ്ടെന്നാൽ ദൈവം തന്റെ പ്രവൃത്തികളിൽനിന്നു എന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽനിന്നു സ്വസ്ഥനായി തീൎന്നു.

൧൧ അതുകൊണ്ടു ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തപ്രകാരം വീഴാതിരിക്കേണ്ടതിന്നു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക.

൧൨ എന്തുകൊണ്ടെന്നാൽ ദൈവവചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂൎച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേൎവ്വിടുവിക്കുംവരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വകതിരിക്കുന്നതും ആകുന്നു.

൧൩ അവന്റെ മുമ്പാകെ മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണുകൾക്കു നഗ്നവും തുറന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാൎയ്യമുള്ളതു.

൧൪ ¶ ആകയാൽ ദൈവപുത്രനായ യേശു സ്വൎഗ്ഗങ്ങളെ കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക ഉള്ളതുകൊണ്ട നാം നമ്മുടെ സ്വീകാരവചനത്തെ മുറുകെപ്പിടിച്ചുകൊൾക.

൧൫ നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപപ്പെട്ടുവാൻ കഴിയാത്തവനല്ല പാപം ഒഴികെ സൎവ്വത്തിലും നമുക്ക തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത.

൧൬ അതുകൊണ്ട കൃപ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കരുണ കണ്ടെത്തുവാനുമായി നാം പ്രാഗത്ഭ്യത്തോടെ കൃപാസനത്തിന്ന അടുത്തു ചെല്ലുക.

൫ാം അദ്ധ്യായം.

എന്തുകൊണ്ടെന്നാൽ മനുഷ്യരിൽനിന്ന എടുക്കപ്പെടുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടുകളെയും ബലികളെയും കഴിപ്പാൻ ദൈവകാൎയ്യങ്ങളിൽ മനുഷ്യൎക്ക വേണ്ടി നിയമിക്കപ്പെടുന്നു.

൨ താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും ആൎദ്രത കാണിപ്പാൻ കഴിയുന്നവനാകുന്നു.

൩ ആ ബലഹീനത നിമിത്തം ജനത്തിന്ന വേണ്ടി എന്നപോലെ തനിക്ക വേണ്ടിയും പാപബലികൾ കഴിക്കേണ്ടിയവൻ ആകുന്നു.

൪ എന്നാൽ അഹറോനെ പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും ആ മാനത്തെ തനിക്ക തന്നേ എടുത്തുകൊള്ളുന്നില്ല.

൫ അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകേണ്ടതിന്ന തന്നെത്താൻ അല്ല മഹത്വപ്പെടുത്തിയത: നീ എന്റെ പുത്രൻ ഇന്ന ഞാൻ നിന്നെ ജനിപ്പിച്ചു എന്ന അവനോട അരുളിച്ചെയ്യുവനത്രെ

൬ അപ്രകാരം മറെറാരു സ്ഥലത്തു: നീ മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ എന്ന പറയുന്നു.

൭ ഇവൻ തന്റെ ജഡദിവസങ്ങളിൽ, തന്നെ മരണത്തിൽനിന്ന രക്ഷിപ്പാൻ കഴിയുന്നവനോട ഉരത്ത മുറവിളിയോടും കണ്ണീരോടും കൂടെ അപേക്ഷകളെയും അഭയയാചനകളെയും കഴിച്ചു, ഭയഭക്തി നിമിത്തം കേൾക്കപ്പെടുകയും ചെയ്തു.

൮ പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു-

൯ തികഞ്ഞവനായി തീൎന്നിട്ട തന്നെ അനുസരിക്കുന്നവൎക്ക എല്ലാവൎക്കും നിത്യ രക്ഷയുടെ കാരണനായി ഭവിച്ചു.

൧൦ മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചുമിരിക്കുന്നു.

൧൧ ¶ അവനെ കുറിച്ചു ഞങ്ങൾക്ക വളരെ പറവാനുണ്ട; എങ്കിലും നിങ്ങൾ കേൾവിയിൽ മാന്ദ്യമുള്ളവരായി തീൎന്നതുകൊണ്ട തെളിയിപ്പാൻ വിഷമമുള്ളതാകുന്നു.

൧൨ എന്തുകൊണ്ടെന്നാൽ കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കൾ ആയിരിക്കേണ്ടുന്ന നിങ്ങൾക്ക ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിപ്പാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രെ നിങ്ങൾക്ക ആവശ്യമെന്ന വന്നിരിക്കുന്നു.

൧൩ പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രെ; അവൻ ശിശുവല്ലോ ആകുന്നു-

൧൪ കട്ടിയായുള്ള ആഹാരമോ നന്മതിന്മകളേ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവൎക്കുള്ളതാകുന്നു.

൬ാം അദ്ധ്യായം.

അതുകൊണ്ട ചത്ത പ്രവൃത്തികളിൽനിന്നുള്ള മാനസാന്തരം, ദൈവത്തിങ്കലേ വിശ്വാസം, സ്നാനങ്ങളുടെ ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യന്യായവിധി,

൨ എന്നിങ്ങനെയുള്ള അടിസ്ഥാനം വീണ്ടും ഇടാതെ ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യവചനത്തെ വിട്ടുംവെച്ചു നാം സമ്പൂൎണ്ണതയിലേക്ക ചെല്ലുക.

൩ ദൈവം അനുവദിക്കുന്ന പക്ഷം
നാം അതു ചെയ്യും.
൪ എന്തുകൊണ്ടെന്നാൽ ഒരിക്കൽ പ്ര
കാശിപ്പിക്കപ്പെട്ടിട്ടു സ്വൎഗ്ഗീയദാനത്തെ
ആസ്വദിക്കയും പരിശുദ്ധാത്മാവിന്നു
അംശികളായി തീരുകയും
൫ ദൈവത്തിന്റെ നല്ല വചനത്തെ
യും വരുവാനുള്ള ലോകത്തിന്റെ ശക്തി
കളെയും ആസ്വദിക്കയും ചെയ്തവർ പി
ന്മാറിപ്പോയാൽ
൬ തങ്ങൾക്കു തന്നെ ദൈവപുത്രനെ
വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോ
കാപവാദം വരുത്തുന്നവരും ആകകൊ
ണ്ടു അവരെ പിന്നെയും മാനസാന്തര
ത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല
സത്യം.
൭ പലപ്പോഴും പെയ്ത മഴയെ കുടി
ച്ചിട്ടു കൃഷി ചെയ്യുന്നവൎക്കു ഹിതമായ സ
സ്യാദികളെ ജനിപ്പിക്കുന്ന ഭൂമി ദൈവ
ത്തിൽനിന്നു അനുഗ്രഹത്തെ പ്രാപിക്കു
ന്നു.
൮ മുള്ളും ഞെരിഞ്ഞിലും മുളെപ്പിച്ചാ
ലോ അതു കൊള്ളരുതാത്തതും ശാപ
ത്തിന്നു അടുത്തതും ആകുന്നു; ചുടുക അ
ത്രെ അതിന്റെ അവസാനം.
൯ ¶ എന്നാൽ പ്രിയമുള്ളവരേ, ഞ
ങ്ങൾ ഇപ്രകാരം പറയുന്നു എങ്കിലും നി
ങ്ങളെക്കുറിച്ചു ശുഭമേറിയതും രക്ഷെക്കു
ചേരുന്നതുമായവയെ വിശ്വസിച്ചിരി
ക്കുന്നു.
൰ ദൈവം നിങ്ങളുടെ പ്രവൃത്തിയെ
യും വിശുദ്ധന്മാരേ ശുശ്രൂഷിച്ചതിനാലും
ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തി
ൽ കാണിച്ച സ്നേഹത്തെയും മറപ്പാൻ ത
ക്കവണ്ണം അനീതിയുള്ളവനല്ല.
൰൧ എന്നാൽ നിങ്ങൾ ഓരോരുത്തൻ
പ്രത്യാശയുടെ പൂൎണ്ണനിശ്ചയത്തിന്നായി
അവസാനത്തോളം ഒരുപോലെയുള്ള ഉ
ത്സാഹം കാണിക്കേണമെന്നു ഞങ്ങൾ വാ
ഞ്ഛിക്കുന്നു.
൰൨ നിങ്ങൾ മന്ദതയുള്ളവരാകാതെ
വിശ്വാസത്താലും ദീൎഘക്ഷമയാലും വാഗ്ദ
ത്തങ്ങളെ അവകാശമാക്കുന്നവരുടെ അ
നുകാരികളായി തീരേണ്ടതിന്നു തന്നേ.
൰൩ ¶ എന്തുകൊണ്ടെന്നാൽ അബ്ര
ഹാമിനോടു ദൈവം വാഗ്ദത്തം ചെയ്ത
പ്പോൾ തന്നേക്കാൾ വലിയവനെക്കൊണ്ടു
ആണയിടുവാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊ
ണ്ടു തന്നേ ആണയിട്ടു:
൰൪ ഞാൻ നിന്നെ അനുഗ്രഹിക്കയും
നിന്നെ വൎദ്ധിപ്പിക്കയും ചെയ്യും എന്നു പ
റഞ്ഞു.
൰൫ അങ്ങനെ അവൻ ദീൎഘക്ഷമയോ
ടിരുന്നു വാഗ്ദത്തപ്പൊരുളിനെ പ്രാപിച്ചു.
൰൬ തങ്ങളേക്കാൾ വലിയവനെക്കൊ
ണ്ടല്ലോ മനുഷ്യർ ആണയിടുന്നു; ആണ
അവൎക്കു ഉറപ്പിന്നായി സകല വാദത്തി
ന്റെയും തീൎച്ചയാകുന്നു.
൰൭ അതുകൊണ്ടു ദൈവം വാഗ്ദത്ത
ത്തിന്റെ അവകാശികൾക്കു തന്റെ ആ
ലോചന മാറാത്തതു എന്നു പരിപൂൎണ്ണമാ
യി കാണിപ്പാൻ ഇച്ഛിച്ചുകൊണ്ടു ഒരു
ആണയാലും ഉറപ്പുകൊടുത്തു.
൰൮ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്ര
ത്യാശയെ പിടിച്ചുകൊൾവാൻ അഭയ
ത്തിന്നായി ഓടിവന്ന നാം മാറിപ്പോകാ
ത്തതും ദൈവത്തിന്നു ഭോഷ്കു പറവാൻ
കഴിയാത്തതുമായ രണ്ടു കാൎയ്യങ്ങളാൽ ശ
ക്തിയുള്ള ഉത്സാഹനം പ്രാപിക്കേണ്ടതി
ന്നു തന്നേ.
൰൯ ആ പ്രത്യാശ ആത്മാവിന്നു നങ്കൂ
രം പോലെ നിശ്ചയവും സ്ഥിരവും തിര
ശ്ശീലെക്കകത്തേക്കു കടക്കുന്നതുമായി നമു
ക്കുണ്ടു.
൨൰ അവിടേക്കു യേശു മുന്നോടുന്നവ
നായി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കു
ന്നു; മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം
എന്നേക്കും മഹാപുരോഹിതനായവൻ ത
ന്നേ.

൭ാം അദ്ധ്യായം.

എങ്ങനെയെന്നാൽ ശാലേമിൻ രാജാ
വും അത്യുന്നതനായ ദൈവത്തിന്റെ പു
രോഹിതനുമായ ഈ മെല്ക്കിസെദെക്ക്
൨ രാജാക്കളെ വെട്ടിജയിച്ചു മടങ്ങി
വരുന്ന അബ്രഹാമിനെ എതിരേറ്റു
അനുഗ്രഹിച്ചവനും അബ്രഹാം സകല
ത്തിലും പത്തിലൊന്നു കൊടുത്തവനും

ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ശാലേംരാജാവു എന്നുവെച്ചാൽ സമാധാനത്തിന്റെ രാജാവു എന്നും ഭാഷാന്തരനാമങ്ങളുള്ളവനും

൩ പിതാവില്ല മാതാവില്ല വംശാവലിയില്ല ദിവസാരംഭവും ജീവാവസാനവും ഇല്ലാത്തവനും ദൈവപുത്രന്നു തുല്യനാക്കപ്പെട്ടവനുമായി എന്നേക്കും പുരോഹിതനായിരിക്കുന്നു.

൪ ¶ ഇവൻ എത്ര വലിയവൻ എന്നു നോക്കുവിൻ; വംശപിതാവായ അബ്രഹാം കൂടെയും അവന്നു കൊള്ളയുടെ അഗ്രാംശത്തിൽ പത്തിലൊന്നു കൊടുത്തുവല്ലോ.

൫ ലേവിപുത്രന്മാരിൽ പൌരോഹിത്യം ലഭിക്കുന്നവൎക്കു ന്യായപ്രമാണപ്രകാരം ജനത്തോടു ദശാംശം വാങ്ങുവാൻ കല്പന ഉണ്ടു; അതു അബ്രഹാമിന്റെ കടിപ്രദേശത്തിൽനിന്നു ഉത്ഭവിച്ച സഹോദരന്മാരോടു ആകുന്നു താനും.

൬ എന്നാൽ അവരുടെ വംശാവലിയിൽ ഉൾപ്പെടാത്തവൻ അബ്രഹാമിനോടു തന്നേ ദശാംശം വാങ്ങിയും വാഗ്ദത്തങ്ങൾ പ്രാപിച്ചവനെ അനുഗ്രഹിച്ചുമിരിക്കുന്നു.

൭ ഇളമ വലിമയാൽ അനുഗ്രഹിക്കപ്പെടുന്നു എന്നതിന്നു തൎക്കം ഏതുമില്ലല്ലോ.

൮ ഇവിടെ മരിക്കുന്ന മനുഷ്യർ ദശാംശം വാങ്ങുന്നു; അവിടെയോ ജീവിക്കുന്നു എന്നു സാക്ഷ്യം പ്രാപിച്ചവൻ തന്നേ.

൯ പിന്നെ ദശാംശം വാങ്ങുന്ന ലേവിയും അബ്രഹാം മുഖേന ദശാംശം കൊടുത്തിരിക്കുന്നു എന്നു ഒരു വിധത്തിൽ പറയാം.

൰ എങ്ങനെയെന്നാൽ അവന്റെ പിതാവിനെ മെല്ക്കീസെദെക്ക് എതിരേറ്റപ്പോൾ ലേവി അവന്റെ കടിപ്രദേശത്തു ഉണ്ടായിരുന്നു.

൰൧ ¶ ലേവ്യപൌരോഹിത്യത്താൽ സമ്പൂൎണ്ണത വന്നെങ്കിൽ—അതിൻകീഴല്ലോ ജനം ന്യായപ്രമാണം പ്രാപിച്ചതു—അഹരോന്റെ ക്രമപ്രകാരം എന്നു പറയാതെ മെല്ക്കീസെദെക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ ഉണ്ടാവാൻ എന്തൊരാവശ്യം?

൰൨ പൌരോഹിത്യം മാറിപ്പോകുന്ന പക്ഷം ന്യായപ്രമാണത്തിന്നും കൂടെ മാറ്റം വരുന്നതു ആവശ്യംതന്നേ അല്ലോ.

൰൩ എന്നാൽ ഇവ ആരെ കുറിച്ചു പറഞ്ഞിരിക്കുന്നുവോ അവൻ വേറൊരു ഗോത്രത്തിലുള്ളവൻ ആകുന്നു; ആ ഗോത്രത്തിൽ ആരും ബലിപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തിട്ടില്ല.

൰൪ യഹൂദയിൽനിന്നു നമ്മുടെ കൎത്താവു ഉദിച്ചു എന്നു സ്പഷ്ടമല്ലോ; പുരോഹിതന്മാരെ സംബന്ധിച്ചു മോശെ ഒന്നും കല്പിച്ചിട്ടില്ലാത്ത ഗോത്രത്തിൽ നിന്നു തന്നേ.

൰൫ ജഡസംബന്ധമായ കല്പനയുടെ പ്രമാണത്താൽ അല്ല, അഴിയാത്ത ജീവന്റെ ശക്തിയാൽ ഭവിച്ചിട്ടുള്ള വേറെ ഒരു പുരോഹിതൻ

൰൬ മെല്ക്കീസെദെക്കിന്റെ സാദൃശ്യപ്രകാരം ഉദിക്കുന്നു എങ്കിൽ അതു ഏറ്റവും അധികം തെളിയുന്നു.

൰൭ നീ മെല്ക്കീസെദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ ആകുന്നു എന്നല്ലോ സാക്ഷീകരിച്ചിരിക്കുന്നതു.

൰൮ മുമ്പിലത്തെ കല്പനെക്കു അതിന്റെ ബലഹീനതയും നിഷ്പ്രയോജനവും നിമിത്തം നീക്കവും

൰൯ —ന്യായപ്രമാണം ഒന്നിനെയും പൂൎണ്ണമാക്കീട്ടില്ലല്ലോ—നാം ദൈവത്തോടു അടുക്കുന്നതിന്നുള്ള ഏറെ നല്ല പ്രത്യാശെക്കു സ്ഥാപനവും വന്നിരിക്കുന്നു.

൨൰ പിന്നെ അവർ ആണകൂടാതെ പുരോഹിതന്മാരായി തീൎന്നവർ ആകുന്നു.

൨൰൧ ഇവനോ: നീ എന്നേക്കും പുരോഹിതൻ എന്നു കൎത്താവു ആണയിട്ടു അനുതപിക്കയുമില്ല എന്നു തന്നോടു പറഞ്ഞവനാൽ ആണയോടുകൂടെ തന്നേ.

൨൰൨ ആണ കൂടാതെ അല്ല എന്നുള്ളതു എത്രയോ അത്രെക്കു വിശേഷമേറിയ നിയമത്തിന്നു യേശു ജാമ്യക്കാരനായി തീൎന്നിരിക്കുന്നു.

൨൩ പിന്നെ മരണം നിമിത്തം അവൎക്ക നിലനില്പാൻ മുടക്കം വരികകൊണ്ട പുരോഹിതന്മാർ ആയ്തീൎന്നവർ അനേകർ ആകുന്നു.

൨൪ ഇവനോ, എന്നേക്കും ഇരിക്കുന്നതുകൊണ്ട മാറാത്ത പൌരോഹിത്യം ആകുന്നു അവനുള്ളതു.

൨൫ എന്നതുകൊണ്ട താൻ മുഖാന്തരമായി ദൈവത്തോട അടുക്കുന്നവൎക്ക വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂൎണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.

൨൬ ¶ ഇങ്ങിനെയുള്ള മഹാപുരോഹിതനല്ലോ നമുക്ക വേണ്ടിയവൻ: പവിത്രൻ, നിദ്ദോഷൻ, നിൎമ്മലൻ, പാപികളോട വേൎവിട്ടവൻ, സ്വൎഗ്ഗങ്ങളെക്കാൾ ഉന്നതനായി തീൎന്നവൻ,

൨൭ ആ മഹാപുരോഹിതന്മാരെപോലെ മുമ്പെ സ്വന്ത പാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി ബലികഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. ഇതു അവൻ തന്നെത്താൻ അൎപ്പിച്ചുകൊണ്ട ഒരിക്കലായിട്ടു ചെയ്തു തീൎത്തുവല്ലോ.

൨൮ ന്യായപ്രമാണം ബലക്ഷയമുള്ളവരായ മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; ന്യായപ്രമാണത്തിന്നു പിമ്പുള്ള ആണയുടെ വചനമോ, എന്നേക്കും തികെഞ്ഞവനായ്തീൎന്ന പുത്രനെ തന്നേ.

൮ാം അദ്ധ്യായം.

നാം ഒരം പറയുന്നവയുടെ സാരം ഇതാകുന്നു: സ്വൎഗ്ഗത്തിൽ മഹിമാസനത്തിന്റെ വലഭാഗത്തു ഇരുന്നവനായി, വിശുദ്ധസ്ഥലത്തിന്റെയും

൨ മനുഷ്യനല്ല കൎത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട.

൩ ഏതു മഹാപുരോഹിതനും വഴിപാടുകളെയും ബലികളെയും അൎപ്പിപ്പാൻ ആക്കപ്പെടുന്നുവല്ലോ; ആകയാൽ അൎപ്പിപ്പാൻ ഇവന്നും വല്ലതും ഉണ്ടായിരിക്കേണ്ടതാകുന്നു.

൪ അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ പുരോഹിതൻ തന്നേ ആകയില്ലായിരുന്നു; ന്യായപ്രമാണപ്രകാരം വഴിപാടുകളെ കഴിക്കുന്നവർ ഉണ്ടല്ലോ.

൫ കൂടാരം തീൎപ്പാൻ മോശെ ആരംഭിച്ചപ്പോൾ പൎവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം നീ സകലവും ചെയ്വാൻ നോക്കുക എന്നു അവനോട അരുളിയപ്രകാരം അവർ സ്വൎഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷിക്കുന്നു.

൬ ഇപ്പോഴോ, അവൻ ഗുണമേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അതു എത്രമേൽ ഗുണമേറിയതോ അത്രമേൽ വിശേഷതയേറിയ ശുശ്രൂഷയെയും പ്രാപിച്ചിരിക്കുന്നു.

൭ ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന്നു ഇടം അന്വേഷിക്കയില്ലായിരുന്നു.

൮ എന്നാലോ കുറവപ്പെടുത്തികൊണ്ട അവരോട പറയുന്നു: ഞാൻ ഇസ്രയേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും ഒരു പുതിയ നിയമത്തെ സ്ഥാപിക്കുന്ന ദിവസങ്ങൾ വരും എന്നു കൎത്താവു പറയുന്നു.

൯ ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ച നാളിൽ ചെയ്തു നിയമം പോലെ അല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ലല്ലോ; ഞാൻ അവരെ ആദരിച്ചതുമില്ല എന്നു കൎത്താവു പറയുന്നു.

൧൦ ആ ദിവസങ്ങളുടെ ശേഷം ഞാൻ ഇസ്രയേൽ ഗൃഹത്തോട നിയമിക്കുന്ന നിയമം ഇതു: ഞാൻ എന്റെ ന്യായപ്രമാണങ്ങളെ അവരുടെ മനസ്സിലാക്കി അവരുടെ ഹൃദയങ്ങളിൽ അവയെ എഴുതും; ഞാൻ അവൎക്ക ദൈവവും അവർ എനിക്കു ജനവും ആകും.

൧൧ പിന്നെ ആരും തന്റെ അയല്ക്കാരനെയും ആരും തന്റെ സഹോദരനെയും കൎത്താവിനെ അറിക എന്നു പറഞ്ഞു പഠിപ്പിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും.

൰൨ എന്തുകൊണ്ടെന്നാൽ ഞാൻ അവ
രുടെ അനീതികളെ കുറിച്ച കരുണയു
ള്ളവൻ ആകും; അവരുടെ പാപങ്ങളെ
ഇനി ഓൎക്കയുമില്ല എന്നു കൎത്താവു പ
റയുന്നു.

൰൩ പുതിയതു എന്നു പറയുന്നതി
നാൽ ഒന്നാമത്തേതിനെ പഴതാക്കിയിരി
ക്കുന്നു; എന്നാൽ പഴതാകുന്നതും ജീൎണ്ണി
ക്കുന്നതും എല്ലാം മാഞ്ഞുപോവാൻ അടു
ത്തിരിക്കുന്നു.

൯ാം അദ്ധ്യായം.

എന്നാൽ ആദ്യനിയമത്തിന്നും ആരാധ
നെക്കുള്ള ന്യായങ്ങളും ലൌകികമായ വി
ശുദ്ധസ്ഥലവും ഉണ്ടായിരുന്നു.

൨ എങ്ങനെയെന്നാൽ മുൻകൂടാരം ച
മെക്കപ്പെട്ടു; അതിൽ നിലവിളക്കും മേശ
യും അപ്പക്കാഴ്ചയും ഉണ്ടു. അതിനെ വി
ശുദ്ധസ്ഥലം എന്നു പറയുന്നു.

൩ രണ്ടാം തിരശ്ശീലെക്കു പിന്നിലോ
അതിവിശുദ്ധം എന്ന കൂടാരം ഉണ്ടു.

൪ അതിൽ സ്വൎണ്ണംകൊണ്ടുള്ള *ധൂ
പകലശവും മുഴുവനും പൊന്നു പൊതി
ഞ്ഞ നിയമപ്പെട്ടകവും ഇതിന്നകത്തു മ
ന്ന ഇട്ടുവെച്ച പൊൻപാത്രവും അഹ
റോന്റെ തളിൎത്ത വടിയും നിയമത്തി
ന്റെ കല്പലകകളും

൫ അതിന്റെ മീതെ കൃപാസനത്തി
ന്മേൽ നിഴലിക്കുന്ന തേജസ്സിൻകെറുബു
കളും ഉണ്ടു. ആയതു ഇപ്പോൾ ഓരോന്നാ
യി വിവരിപ്പാൻ പാടില്ല.

൬ ഇവ ഇങ്ങനെ തീൎന്ന ശേഷം പു
രോഹിതന്മാർ നിത്യം മുങ്കൂടാരത്തിൽ പ്ര
വേശിച്ച ശുശ്രൂഷകളെ കഴിക്കും.

൭ രണ്ടാമത്തേതിലോ വൎഷത്തിൽ ഒ
രിക്കൽ മഹാപുരോഹിതൻ മാത്രം ചെ
ല്ലും; രക്തം കൂടാതെ അല്ല; ആയതു തനി
ക്കും ജനത്തിന്റെ തെറ്റുകൾക്കും വേ
ണ്ടി അൎപ്പിക്കുന്നു.

൮ മുങ്കൂടാരം നില്ക്കുന്നിടത്തോളം വി
ശുദ്ധസ്ഥലത്തിലേക്കുള്ള വഴി വെളിപ്പെ
ട്ടില്ല എന്നു പരിശുദ്ധാത്മാവു ഇതിനാൽ
സൂചിപ്പിക്കുന്നു.

൯ ആ കൂടാരം ഈ കാലത്തേക്കു ഒരു
സാദൃശ്യമത്രെ. അതിൻപ്രകാരം ആരാധ
നക്കാരനെ മനസ്സാക്ഷിയിൽ തികഞ്ഞവ
നാക്കുവാൻ കഴിയാത്ത വഴിപാടുകളും
ബലികളും കഴിച്ചുവരുന്നു.

൰ അവ ഭക്ഷ്യങ്ങൾ, പാനീയങ്ങൾ,
പലവിധസ്നാനങ്ങൾ എന്നിവയോടു കൂ
ടി ഗുണീകരണകാലത്തോളം ചുമത്തപ്പെ
ട്ട ജഡന്യായങ്ങളത്രെ.

൰൧ ¶ എന്നാൽ ക്രിസ്തു വരുവാനുള്ള
നന്മകളുടെ മഹാപുരോഹിതനായി വ
ന്നിട്ടു: കൈപ്പണിയല്ലാത്തതായി, എന്നു
വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത
തായി വലിപ്പവും തികവുമേറിയ ഒരു കൂ
ടാരത്തൂടെ

൰൨ ആട്ടുകൊറ്റന്മാരുടെയും പശുക്കി
ടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്ത
ത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ
സ്ഥലത്തിൽ പ്രവേശിച്ച നിത്യവീണ്ടെടു
പ്പിനെ സാധിപ്പിച്ചു.

൰൩ ആട്ടുകൊറ്റന്മാരുടെയും കാളക
ളുടെയും രക്തവും മലിനപ്പെട്ടവരുടെമേ
ൽ തളിക്കുന്ന ഇളംപശുവിൻ ഭസ്മവും ജ
ഡത്തിന്റെ ശുദ്ധിക്കായി ശുദ്ധീകരിക്കു
ന്നു എങ്കിൽ

൰൪ നിത്യാത്മാവിനാൽ ദൈവത്തിന്നു
തന്നെത്താൻ നിഷ്കളങ്കനായി അൎപ്പിച്ച
ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവ
ത്തെ ആരാധിപ്പാൻ വേണ്ടി നിങ്ങളുടെ
മനസ്സാക്ഷിയെ ചത്ത പ്രവൃത്തികളിൽനി
ന്നു എത്ര അധികമായി ശുദ്ധീകരിക്കും?

൰൫ ഇതു നിമിത്തം അവൻ പുതിയ
നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു.
ആദ്യനിയമത്തിലേ ലംഘനങ്ങളിൽനി
ന്നുള്ള വീണ്ടെടുപ്പിന്നായി ഒരു മരണം ഉ
ണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദ
ത്തം വിളിക്കപ്പെട്ടവൎക്കു ലഭിപ്പാൻ തന്നേ.

൰൬ നിയമം എവിടെയോ അവിടെ
നിയമകൎത്താവിന്റെ മരണം തെളിവാ
ൻ ആവശ്യമാകുന്നു.

൰൭ മരിച്ച ശേഷമല്ലോ നിയമം സ്ഥി

*അല്ലെങ്കിൽ ധൂപപീഠം.

രമാകുന്നതു; നിയമകൎത്താവിൻെറ ജീവകാലത്തോളം അതിന്നു ഉറപ്പില്ല.

൧൮ അതുകൊണ്ടു ആദ്യനിയമവും രക്തംകൂടാതെ പ്രതിഷ്ഠിച്ചതല്ല.

൧൯ എങ്ങനെയന്നാൽ മോശെ ന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകലജനത്തോടും പറഞ്ഞശേഷം പശുക്കിടാക്കളുടെയും ആട്ടുകൊററന്മാരുടെയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്തു പുസ്തകത്തിന്മേൽ തന്നേയും സകല ജനത്തിന്മേലും തളിച്ചു:

൨൦ ഇതു ദൈവം നിങ്ങളോടു കല്പിച്ച നിയമത്തിൻെറ രക്തം എന്നു പറഞ്ഞു.

൨൧ അപ്രകാരംതന്നേ കൂടാരത്തിന്മേലും ആരാധനെക്കുള്ള ഉപകരണങ്ങളിന്മേലും എല്ലാം രക്തം തളിക്കയും ചെയ്തു.

൨൨ ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താലേ ശുദ്ധീകരിക്കപ്പെടുന്നു: രക്തച്ചൊരിച്ചിൽ കൂടാതെ വിമോചനവുമില്ല.

൨൩ ആകയാൽ സ്വൎഗ്ഗങ്ങളിലുള്ളവയുടെ ദൃഷ്ടാന്തങ്ങളെ ഈ വകയാൽ ശുദ്ധമാക്കുന്നതു ആവശ്യം. സ്വൎഗ്ഗീയമായവയെയോ ഇവയേക്കാൾ നല്ല ബലികളാൽ അത്രേ.

൨൪ എന്തുകൊണ്ടെന്നാൽ ക്രിസ്തു പ്രവേശിച്ചതു വാസ്തവമായവയുടെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധസ്ഥലത്തേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാനായിട്ടു സ്വൎഗ്ഗത്തിലേക്കത്രേ.

൨൫ മഹാപുരോഹിതൻ ആണ്ടുതോറും അന്യരക്തത്തോടുംകൂടെ വിശുദ്ധസ്ഥലത്തിൽ പ്രവേശിക്കുന്നതുപോലെ അവൻ തന്നെത്താൻ കൂടക്കൂടെ അൎപ്പിക്കേണ്ടതിന്നുമല്ല.

൨൬ അങ്ങനെയായാൽ ലോകസ്ഥാപനം മുതല്ക്കു അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടതായിരുന്നു. ഇപ്പോഴോ യുഗങ്ങളുടെ അവസാനത്തിങ്കൽ സ്വന്തബലികൊണ്ടു പാപത്തെ പരിഹരിപ്പാൻ അവൻ ഒരിക്കൽ പ്രത്യക്ഷനായി.

൨൭ വിശേഷിച്ചു ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യൎക്കു വെച്ചിരിക്കയാൽ

൨൮ ക്രിസ്തുവും അപ്രകാരം അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അൎപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവൎക്കു രക്ഷെക്കായി അവൻ പാപം കൂടാതെ രണ്ടാമതു കാണപ്പെടുകയും ചെയ്യും.

൧൦ാം അദ്ധ്യായം.

ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാൎയ്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു അടുത്തുവരുന്നവരെ ആണ്ടുതോറും ഇടവിടാതെ കഴിച്ചുവന്ന ഒരേ വിധമായ ബലികളാൽ ഒരുനാളും തികഞ്ഞവരാക്കുവാൻ കഴിവുള്ളതല്ല.

൨ അല്ലാഞ്ഞാൽ ആരാധനക്കാൎക്കു ഒരിക്കൽ ശുദ്ധിവന്നതിൻെറശേഷം പാപങ്ങൾക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ടു ബലികഴിക്കുന്നതു നിന്നുപോകയില്ലായിരുന്നുവോ?

൩ എന്നാലോ ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓൎമ്മ പിന്നെയും ഉണ്ടാകുന്നു.

൪ എന്തുകൊണ്ടെന്നാൽ കാളകളുടെയും ആട്ടുകൊററന്മാരുടെയും രക്തത്തിന്നു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല.

൫ ആകയാൽ അവൻ ലോകത്തിൽ പ്രവേശിക്കുമ്പോൾ പറയുന്നതു: ബലിയും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരത്തെ നീ എനിക്കു ഒരുക്കി.

൬ സൎവ്വാംഗഹോമങ്ങളിലും പാപബലികളിലും നീ പ്രസാദിച്ചില്ല.

൭ അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു; ദൈവമേ, നിൻെറ ഇഷ്ടം ചെയ്വാൻ വരുന്നു.

൮ ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന ബലികളും വഴിപാടും സൎവ്വാംഗഹോമങ്ങളും പാപബലികളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ മേൽപറഞ്ഞശേഷം

ൻ ഇതാ, ഞാൻ നിൻെറ ഇഷ്ടം ചെ
യ്വാൻ വരുന്നു എന്നു പറഞ്ഞിരിക്കുന്നു;
അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാ
നായി ഒന്നാമത്തേതിനെ നീക്കിക്കളയു
ന്നു.
൧൦ ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു
ഒരിക്കലായി കഴിച്ച ശരീരബലിയാൽ
വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.
൧൧ ഏതു പുരോഹിതനും ദിവസേന
ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാ
ൻ ഒരുനാളും കഴിയാത്ത ഒരേ വിധമാ
യ ബലികളെ കൂടക്കൂടെ കഴിച്ചുംകൊ
ണ്ടു നില്ക്കുന്നു.
൧൨ ഇവനോ പാപങ്ങൾക്കു വേണ്ടി
ഒരേ ബലി കഴിച്ചിട്ടു എന്നേക്കും ദൈവ
ത്തിൻെറ വലത്തുഭാഗത്തു ഇരുന്നുകൊണ്ടു
൧൩ ഇനി തൻെറ ശത്രുക്കൾ തൻെറ
പാദപീഠം ആകുവോളത്തിന്നു കാത്തി
രിക്കുന്നു.
൧൪ ഒരേ ബലിയാലല്ലോ അവൻ
വിശുദ്ധീകരിക്കപ്പെടുന്നവരെ എന്നേക്കും
തികഞ്ഞവരാക്കിയിരിക്കുന്നു.
൧൫ ആയതു പരിശുദ്ധാത്മാവും നമു
ക്കു സാക്ഷീകരിക്കുന്നു.
൧൬ ആ ദിവസങ്ങളുടെ ശേഷം ഞാ
ൻ അവരോടു നിയമിക്കും നിയമം ഇതാ
കുന്നു: എൻെറ ന്യായപ്രമാണങ്ങളെ അ
വരുടെ ഹൃദയങ്ങളിലാക്കി അവയെ അ
വരുടെ മനസ്സുകളിൽ എഴുതും എന്നു ക
ൎത്താവു അരുളിച്ചെയ്യുന്നു എന്നു പറഞ്ഞ
ശേഷം:
൧൭ അവരുടെ പാപങ്ങളെയും അധ
ൎമ്മങ്ങളെയും ഞാൻ ഇനി ഓൎക്കയുമില്ല എ
ന്നു പറയുന്നു.
൧൮ എന്നാൽ ഇവയുടെ മോചനം ഉ
ള്ളയിടത്തു ഇനിമേൽ പാപങ്ങൾക്കു വേ
ണ്ടി ഒരു ബലിയും ഇല്ല.
൧൯ ¶ അതുകൊണ്ടു സഹോദരന്മാ
രേ, യേശു തൻെറ ജഡമാകുന്ന തിരശ്ശീ
ലയൂടെ നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള
പുതുവഴിയായി,
൨൦ തൻെറ രക്തത്താൽ വിശുദ്ധസ്ഥ
ലത്തേക്കുള്ള പ്രവേശനത്തിന്നു ധൈൎയ്യ
വും
൨൧ ദൈവഭവനത്തിന്മേൽ ഒരു മ
ഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു
൨൨ നാം ദുൎമ്മനസ്സാക്ഷി നീങ്ങുമാറു
ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ
വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമാ
യി വിശ്വാസത്തിൻെറ പൂൎണ്ണനിശ്ചയ
ത്തിൽ നേരുള്ള ഹൃദയത്തോടെ അടുത്തു
ചെല്ലുക.
൨൩ പ്രത്യാശയുടെ സ്വീകാരവചന
ത്തെ നാം ഇളക്കം കൂടാതെ പിടിച്ചുകൊ
ൾകയും ചെയ്ക; വാഗ്ദത്തം ചെയ്തവൻ വി
ശ്വസ്തനല്ലോ.
൨൪ പിന്നെ നാം സഭ കൂടുന്നതിനെ
ചിലരുടെ മൎയ്യാദപോലെ ഉപേക്ഷിക്കാ
തെ തമ്മിൽ തമ്മിൽ പ്രബോധിപ്പിച്ചു
കൊണ്ടു
൨൫ സ്നേഹത്തിന്നും സൽപ്രവൃത്തിക
ൾക്കും ഉത്സാഹം വൎദ്ധിപ്പിപ്പാൻ അന്യോ
ന്യം സൂക്ഷിച്ചുകൊൾക. അതും നാൾ സ
മീപിക്കുന്നു എന്നു കാണുന്തോറും അധി
കമധികമായി ചെയ്യേണ്ടതാകുന്നു.
൨൬ ¶ എന്തുകൊണ്ടെന്നാൽ സത്യ
ത്തിൻെറ പരിജ്ഞാനം ലഭിച്ചശേഷം
നാം മനഃപൂൎവ്വമായി പാപം ചെയ്താൽ
പാപങ്ങൾക്കുവേണ്ടി ഇനി ഒരു ബലി
യും ശേഷിക്കാതെ
൨൭ ന്യായവിധിക്കായി ഭയങ്കരമാ
യോരു കാത്തിരിപ്പും എതിരികളെ ഭക്ഷി
പ്പാനുള്ള അഗ്നിയുക്തമാവുമേയുള്ളൂ.
൨൮ വല്ലവനും മോശെയുടെ ന്യായ
പ്രമാണത്തെ തള്ളിയാൽ അവൻ മനസ്സ
ലിവു കൂടാതെ രണ്ടു മൂന്നു സാക്ഷിമുഖേ
ന മരിക്കുന്നുവല്ലോ.
൨൯ ദൈവപുത്രനെ ചവിട്ടിക്കളക
യും തന്നെ വിശുദ്ധനാക്കിയ നിയമരക്ത
ത്തെ മലിനം എന്നു നിരൂപിക്കയും കൃപ
യുടെ ആത്മാവിനെ നിന്ദിക്കയും ചെയ്യു
വൻ എത്ര കഠിനമേറിയ ശിക്ഷെക്കു പാ
ത്രമാകും എന്നു വിചാരിപ്പിൻ.
൩൦ പ്രതിക്രിയ എനിക്കുള്ളതു, ഞാൻ
പകരം വീട്ടും എന്നും കൎത്താവു തൻെറ
ജനത്തിന്നു ന്യായം വിധിക്കും എന്നും
അരുളിച്ചെയ്തവനെ നാം അറിയുന്നുവ
ല്ലോ.

൩൧ ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നതു ഭയങ്കരം.

൩൨ ¶ എന്നാൽ നിങ്ങൾ പ്രകാശിപ്പിക്കപ്പെട്ടശേഷം നിന്ദകളാലും പീഡകളാലും ക്രുത്തുകാഴ്ചയായി ഭവിച്ചും

൩൩ ആ വക അനുഭവിക്കുന്നവൎക്കു കൂട്ടാളികളായി തീൎന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരേ അങ്കപ്പോർ സഹിച്ചിട്ടുള്ള പൂൎവ്വദിവസങ്ങളെ ഓൎത്തുകൊൾവിൻ.

൩൪ തടവുകാരിൽ നിങ്ങൾ സഹതാപപ്പെട്ടതുമല്ലാതെ സ്വൎഗ്ഗത്തിൽ നിലനില്ക്കുന്നതായോരു ഉത്തമസമ്പത്തു നിങ്ങൾക്കു ഉണ്ടു എന്നറിഞ്ഞു നിങ്ങളുടെ സമ്പത്തുകളുടെ അപഹാരത്തെയും സന്തോഷത്തോടെ ഏറ്റുവല്ലോ.

൩൫ അതുകൊണ്ടു മഹാ പ്രതിഫലമുള്ളതായ നിങ്ങളുടെ ധൈൎയ്യത്തെ തള്ളിക്കളയരുതേ.

൩൬ ദൈവേഷ്ടത്തെ ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ ക്ഷമ നിങ്ങൾക്കു ആവശ്യമല്ലോ.

൩൭ ഇനി എത്രയും അല്പനേരത്തിന്നിടയിൽ വരുവാനുള്ളവൻ വരും താമസിക്കയുമില്ല;

൩൮ എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല.

൩൯ നാമോ നാശത്തിലേക്കു പിൻമാറുന്നവരിൽ അല്ല, ജീവരക്ഷെക്കായി വിശ്വസിക്കുന്നവരിലത്രെ ആകുന്നു.

൧൧ാം അദ്ധ്യായം.

വിശ്വാസം എന്നതോ, ആശിക്കപ്പെട്ടവയുടെ ഉറപ്പും കാണപ്പെടാത്ത കാൎയ്യങ്ങളുടെ നിശ്ചയവും ആകുന്നു.

൨ ഇതിനാലല്ലോ പൂൎവ്വന്മാൎക്കു സാക്ഷ്യം ലഭിച്ചതു.

൩ ഈ കാണുന്നതു ദൃശ്യമായവയിൽ നിന്നല്ല ഉണ്ടായതു എന്നിരിക്കുമാറു ലോകങ്ങൾ ദൈവത്തിന്റെ മൊഴിയാൽ നിൎമ്മിക്കപ്പെട്ടു എന്നു വിശ്വാസത്താൽ നാം അറിയുന്നു.

൪ വിശ്വാസത്താൽ ഹാബേൽ ദൈവത്തിന്നു കായിനേക്കാളും ഉത്തമമായ ബലി കഴിച്ചു; അതിനാലേ അവന്നു നീതിമാൻ എന്നുള്ള സാക്ഷ്യം ലഭിച്ചു; ദൈവം അവന്റെ വഴിപാടുകൾക്കു സാക്ഷ്യം പറകയും ചെയ്തു. വിശ്വാസത്താൽ അവൻ തന്റെ മരണശേഷവും സംസാരിക്കുന്നു.

൫ വിശ്വാസത്താൽ ഹനോക്ക് മരണം കാണാതെ എടുത്തുകൊള്ളപ്പെട്ടു; ദൈവം അവനെ എടുത്തുകൊണ്ടതിനാൽ അവൻ പിന്നെ കാണപ്പെട്ടതുമില്ല; അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെട്ടതിന്നു മുമ്പേ സാക്ഷ്യം പ്രാപിച്ചു.

൬ എന്നാൽ വിശ്വാസം കൂടാതെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവൎക്കു പ്രതിഫലം കൊടുക്കുന്നവൻ എന്നും വിശ്വസിക്കേണ്ടതല്ലോ.

൭ വിശ്വാസത്താൽ നോഹ അതുവരെ കാണപ്പെടാത്തവയെ കുറിച്ചു അരുളപ്പാടുണ്ടായിട്ടു ഭയഭക്തി പൂണ്ടു തന്റെ കുഡുംബത്തിന്റെ രക്ഷെക്കായിട്ടു ഒരു പെട്ടകം തീൎത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ചു വിശ്വാസപ്രകാരമുള്ള നീതിക്കു അവകാശിയായി തീരുകയും ചെയ്തു.

൮ വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു ഇന്നയിടത്തേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു.

൯ വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്തിൽ ഒരു അന്യദേശത്തിൽ എന്നപോലെ പരവാസം ചെയ്തു ആ വാഗ്ദത്തത്തിന്നു കൂട്ടവകാശികളായ ഇസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാൎത്തുകൊണ്ടിരുന്നു.

൧൦ എന്തുകൊണ്ടെന്നാൽ ദൈവം ശില്പിയായി നിൎമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ പട്ടണത്തിന്നായി അവൻ കാത്തിരുന്നു.

൧൧ വിശ്വാസത്താൽ സാറ തന്നെയും

വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എ
ന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞാറെ
യും പുത്രോല്പാദനത്തിന്നു ശക്തി പ്രാപി
ച്ചു.
൰൨ അതുകൊണ്ടു ഒരുവനിൽനിന്നു,
മൃതപ്രായനായവനിൽനിന്നു തന്നേ പെ
രുപ്പത്തിൽ ആകാശത്തിലേ നക്ഷത്രങ്ങൾ
കണക്കേയും കടല്പുറത്തെ എണ്ണിക്കൂടാ
ത്ത മണൽപോലെയുംസന്തതി ജനിച്ചു.
൰൩ ¶ വാഗ്ദത്തങ്ങളെ പ്രാപിക്കാതെ
ഇവർ എല്ലാവരും ദൂരത്തുനിന്നു അവ
യെ കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങ
ൾ അന്യരും പരദേശികളും എന്നു ഏ
റ്റുപറഞ്ഞുംകൊണ്ടു വിശ്വാസത്തിൽ മ
രിച്ചു.
൰൪ ഇങ്ങനെ പറയുന്നവർ ഒരു പി
തൃദേശം അന്വേഷിക്കുന്നു എന്നു പ്രത്യ
ക്ഷമാക്കുന്നു.
൰൫ അവർ വിട്ടുപോന്നതിനെ ഓ
ർത്തു എങ്കിൽ മടങ്ങിപ്പോവാൻ അവസരം
ഉണ്ടായിരുന്നുവല്ലോ.
൰൬ ഇപ്പോഴോ അധികം നല്ലതി
നെ, സ്വർഗ്ഗീയമായതിനെ തന്നേ അവ
ർ കാംക്ഷിക്കുന്നു; ആകയാൽ ദൈവം
അവരുടെ ദൈവം എന്നു വിളിക്കപ്പെടു
വാൻ ലജ്ജിക്കുന്നില്ല; അവൻ അവൎക്കാ
യി ഒരു പട്ടണത്തെ ഒരുക്കിയിരിക്കുന്നു
വല്ലോ.
൰൭ ¶ വിശ്വാസത്താൽ അബ്രഹാം
താൻ പരീക്ഷിക്കപ്പെട്ടപ്പോൾ ഇസ്ഹാക്കി
നെ ബലിയൎപ്പിച്ചു.
൰൮ ഇസ്ഹാക്കിൽ നിനക്കു സന്തതി വി
ളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചവ
നായി വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ
തന്റെ ഏകജാതനെ അൎപ്പിച്ചു.
൰൯ മരിച്ചവരിൽനിന്നു ഉയിൎപ്പിപ്പാ
ൻ ദൈവം ശക്തൻ എന്നു എണ്ണുകയും
അവരിൽനിന്നു അവനെ ഉപമാനമായി
തിരികെ പ്രാപിക്കയും ചെയ്തു.
൨൰ വിശ്വാസത്താൽ ഇസ്ഹാക്ക് യാ
ക്കോബിനെയും ഏശാവിനെയും വരുവാ
നുള്ളവയെ കുറിച്ചു അനുഗ്രഹിച്ചു.
൨൰൧ വിശ്വാസത്താൽ യാക്കോബ് മ
രണകാലത്തിങ്കൽ യോസേഫിന്റെ മക്ക
ൾ ഇരുവരെയും അനുഗ്രഹിച്ചു തന്റെ
വടിയുടെ അറ്റത്തു ചാരിക്കൊണ്ടു നമ
സ്കരിക്കയും ചെയ്തു.
൨൰൨ വിശ്വാസത്താൽ യോസേഫ് മ
രണസമയമായപ്പോൾ ഇസ്രയേൽമക്കളു
ടെ പുറപ്പാടിന്റെ കാൎയ്യം ഓൎപ്പിച്ചു: ത
ന്റെ അസ്ഥികളെ കുറിച്ചു കല്പന കൊ
ടുത്തു.
൨൰൩ വിശ്വാസത്താൽ മോശെയുടെ
ജനനത്തിങ്കൽ ശിശു സുന്ദരൻ എന്നു മാ
താപിതാക്കന്മാർ കണ്ടു: രാജാവിന്റെ
ആജ്ഞയെ ഭയപ്പെടാതെ മൂന്നുമാസം ഒ
ളിച്ചുവെച്ചു.
൨൰൪ വിശ്വാസത്താൽ മോശെ താൻ
വളൎന്നപ്പോൾ പാപത്തിന്റെ തല്ക്കാല
ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ
കഷ്ടമനുഭവിക്കുന്നതിനെ തെരിഞ്ഞെടു
ത്തു.
൨൰൫ പ്രതിഫലത്തെ നോക്കിയതുകൊ
ണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എ
ന്നു വിളിക്കപ്പെടുന്നതിനെ നിരസിച്ചു.
൨൰൬ മിസ്രയീമിലേ നിക്ഷേപങ്ങളെ
ക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം
എന്നു എണ്ണുകയും ചെയ്തു.
൨൰൭ വിശ്വാസത്താൽ അവൻ കാണ
പ്പെടാത്തവനെ കാണുന്നവൻ എന്ന
പോലെ ഉറെച്ചു നില്ക്കയാൽ രാജാവി
ന്റെ കോപത്തെ ഭയപ്പെടാതെ മിസ്ര
യീം വിട്ടുപോന്നു.
൨൰൮ വിശ്വാസത്താൽ അവൻ കടി
ഞ്ഞൂലുകളുടെ സംഹാരകൻ അവരെ തൊ
ടാതിരിപ്പാൻ പെസഹയെയും രക്തത്ത
ളിയെയും ആചരിച്ചു.
൨൰൯ വിശ്വാസത്താൽ അവർ ഉണ
ങ്ങിയ നിലത്തിൽ എന്നപോലെ ചെങ്കട
ലിൽ കൂടി കടന്നു; ആയതു മിസ്രയീമ്യർ
പരീക്ഷിച്ചിട്ടു മുങ്ങിപ്പോകയും ചെയ്തു.
൩൰ വിശ്വാസത്താൽ ഏഴു ദിവസം
ചുറ്റിനടന്നപ്പോൾ യെറിഹോ മതിലു
കൾ ഇടിഞ്ഞുവീണു.
൩൰൧ വിശ്വാസത്താൽ റാഹാബ് എ
ന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോ
ടെ കൈക്കൊണ്ടു അവിശ്വാസികളോടു
കൂടെ നശിക്കാതിരുന്നു.

൩൨ ഇനി എന്തു പറയേണ്ടു? ഗിദ്യോൻ, ബാറാക്ക്, ശിംശോൻ, യെപ്ഥഹ് എന്നവരെയും ദാവീദ്, ശമുവേൽ, പ്രവാചകന്മാർ എന്നവരെയും കുറിച്ചു വിവരിപ്പാൻ സമയം പോരാ.

൩൩ വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതിയെ നടത്തി, വാഗ്ദത്തങ്ങളെ പ്രാപിച്ചു, സിംഹങ്ങളുടെ വായ്കളെ അടെച്ചു,

൩൪ അഗ്നിയുടെ ബലം കെടുത്തു, വാളിന്റെ വായിൽനിന്നു തെററി, ബലക്ഷയത്തിൽനിന്നു ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീൎന്നു, അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു.

൩൫ സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിൎത്തെഴുനീല്പിനാൽ തിരികേ കിട്ടി; മററു ചിലർ ഏററം നല്ലോരു ഉയിൎത്തെഴുനില്പു ലഭിക്കേണ്ടതിന്നു ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യങ്ങൾ ഏററു.

൩൬ വേറെ ചിലർ പരിഹാസം, ചമ്മട്ടി, അത്രയുമല്ല ചങ്ങലകൾ, തടവുകൾ ഇവയാലുള്ള പരീക്ഷ അനുഭവിച്ചു.

൩൭ കല്ലേറു ഏററു, ഈൎച്ചവാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടെയും കോലാടുകളുടെയും തോലുകൾ ധരിച്ചു, മുട്ടുള്ളവരും ഞെരുങ്ങുന്നവരും കഷ്ടപ്പെടുന്നവരും ആയിരുന്നു.

൩൮ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളൎപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവൎക്കു യോഗ്യമായിരുന്നില്ല.

൩൯ ഇവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തപ്പൊരുളിനെ പ്രാപിച്ചില്ല.

൪൦ എന്തുകൊണ്ടെന്നാൽ അവർ നമ്മെ കൂടാതെ തികഞ്ഞവരാകാതിരിക്കേണ്ടതിന്നു ദൈവം നമുക്കുവേണ്ടി ഏററവും നല്ലതൊന്നു മുൻകരുതിയിരുന്നു.

൧൨ാം അദ്ധ്യായം.

ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ മേഘം നമുക്കു ചുററും നില്ക്കുന്നതുകൊണ്ടു എല്ലാഭാരത്തേയും മുറുകേ പററുന്ന പാപത്തെയും വിട്ടുംകളഞ്ഞു: നമുക്കു മുമ്പാകേ വെച്ചിരിക്കുന്ന ഓട്ടത്തെ ക്ഷമയോടെ ഓടുക.

൨ വിശ്വാസത്തിന്റെ നായകനും പൂൎത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടു തന്നേ; തന്റെ മുമ്പാകേ വെച്ചിരുന്ന സന്തോഷത്തിന്നായി അവൻ അപമാനത്തെ അലക്ഷ്യമാക്കി, ക്രൂശിനെ സഹിച്ചു, ദൈവത്തിന്റെ സിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.

൩ നിങ്ങളുടെ ഉള്ളങ്ങളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളിൽനിന്നു തന്റെ നേരെ ഇപ്രകാരമുള്ള വിപരീതം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.

൪ പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെയും രക്തപൎയ്യന്തം എതിൎത്തുനിന്നിട്ടില്ല.

൫ എന്റെ പുത്രാ, കൎത്താവിന്റെ ശിക്ഷയെ ലഘുവായി വിചാരിക്കയും അവൻ ശാസിക്കുമ്പോൾ മടുത്തുപോകയുമരുതേ.

൬ കൎത്താവു സ്നേഹിക്കുന്നവനെ അല്ലോ ശിക്ഷിക്കുന്നതു; താൻ കൈക്കൊള്ളുന്ന ഏതു പുത്രനെയും തല്ലുന്നു എന്നിങ്ങനെ പുത്രന്മാരോടു എന്നപോലെ നിങ്ങളുമായി സംവാദിക്കുന്ന പ്രബോധനത്തെ നിങ്ങൾ മറന്നുകളഞ്ഞു.

൭ ബാലശിക്ഷയെ സഹിച്ചാൽ ദൈവം പുത്രന്മാരോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; പിതാവു ശിക്ഷിക്കാത്ത പുത്രൻ ആരുള്ളു?

൮ എല്ലാവൎക്കും ഓഹരിയുള്ള ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ പുത്രന്മാരല്ല കൌലടേയന്മാരത്രേ.

൯ പിന്നെ നമ്മുടെ ജഡത്തിന്റെ പിതാക്കന്മാർ നമുക്കു ശിക്ഷകരായിട്ടു ഉണ്ടായിരുന്നു; അവരെ നാം വണങ്ങിപ്പോരുകയും ചെയ്തു; ആത്മാക്കളുടെ പിതാവിന്നു ഏററവും അധികമായി കീഴടങ്ങുകയും ജീവിക്കയും ചെയ്യേണ്ടതല്ലയോ?

൧൦ അവർ ശിക്ഷിച്ചതു കുറേ ദിവസങ്ങൾക്കായും തങ്ങൾക്കു ബോധിച്ചപ്ര

കാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധിക്കു അംശികളാകേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായിട്ടു തന്നേ.

൧൧ ഏതു ശിക്ഷയും തല്ക്കാലത്തേക്കു സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു കാണുന്നു; പിന്നത്തേതിലോ, അതിനാൽ അഭ്യാസം വന്നവൎക്കു നീതിയാകുന്ന സമാധാനഫലം കൊടുക്കുന്നു.

൧൨ ആകയാൽ തളൎന്ന കൈകളെയും കുഴഞ്ഞ മുഴങ്കാലുകളെയും നിവിൎത്തുവിൻ.

൧൩ മുടന്തുള്ളതു ഉളുക്കിപ്പോകാതെ ഭേദമാകേണ്ടതിന്നു നിങ്ങളുടെ പാദങ്ങൾക്കു നേരെയുള്ള പാതകളെ ഉണ്ടാക്കുവിൻ.

൧൪ ¶ എല്ലാവരോടും സമാധാനത്തെയും ശുദ്ധീകരണത്തെയും പിന്തുടരുവിൻ. ശുദ്ധീകരണം കൂടാതെ ആരും കൎത്താവിനെ കാണുകയില്ല.

൧൫ വല്ലവനും ദൈവകൃപയിൽനിന്നു പിൻമാറുകയും വല്ല കൈപ്പുള്ള വേരും മുളെച്ചു വന്നു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും

൧൬ വല്ലവനും വേശ്യാദോഷക്കാരനോ, ഒരു ഊണിന്നു ജ്യേഷ്ഠാവകാശം വിററ ഏശാവിനെ പോലെ ബാഹ്യനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ.

൧൭ ആയവൻ പിന്നത്തേതിൽ അനുഗ്രഹത്തെ അനുഭവിപ്പാൻ ആഗ്രഹിച്ചിട്ടും കണ്ണുനീരോടുകൂടെ അതിനെ അന്വേഷിച്ചിട്ടും അവൻ തള്ളപ്പെട്ടു മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.

൧൮ ¶ സ്പൎശിക്കത്തക്കതും അഗ്നികത്തുന്നതുമായ മലെക്കും മേഘതമസ്സ്, കൂരിരുട്ടു, കൊടുങ്കാററു, കാഹളധ്വനി, വാക്കുകളുടെ ശബ്ദം എന്നിവെക്കും അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നതു.

൧൯ ആ ശബ്ദം കേട്ടവർ ഇനി ഒരു വചനവും തങ്ങളോടു പറയരുതേ എന്നു അപേക്ഷിച്ചു.

൨൦ ഒരു മൃഗം എങ്കിലും മലയെ തൊട്ടാൽ അതിനെ കല്ലെറിഞ്ഞു കൊല്ലേണം എന്നുള്ള കല്പന അവൎക്കു സഹിച്ചുകൂടാഞ്ഞു.

൨൧ ഞാൻ അത്യന്തം പേടിച്ചു നടുങ്ങുന്നു എന്നു മോശെയും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു.

൨൨ പിന്നെയോ സീയോൻ മലെക്കും ജീവനുള്ള ദൈവത്തിന്റെ പട്ടണമായ സ്വൎഗ്ഗീയ യരുശലേമിന്നും അനേകായിരം ദൂതന്മാരുടെ സൎവ്വസംഘത്തിന്നും

൨൩ സ്വൎഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സഭെക്കും എല്ലാവരുടെയും ദൈവമാകുന്ന ന്യായാധിപതിക്കും തികഞ്ഞവരായ നീതിമാന്മാരുടെ ആത്മാക്കൾക്കും

൨൪ പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും ഹാബെലിന്റേതിനേക്കാൾ നന്നായുള്ളതിനെ പറയുന്ന തളിപ്പുരക്തത്തിന്നും അരികേയത്രേ നിങ്ങൾ വന്നിരിക്കുന്നതു.

൨൫ സംസാരിക്കുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ. ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെററി ഒഴിയാതിരുന്നു എങ്കിൽ സ്വൎഗ്ഗത്തിൽനിന്നു അരുളുന്നവനെ നാം വിട്ടൊഴിഞ്ഞാൽ എത്ര അധികം.

൨൬ അവന്റെ ശബ്ദം അന്നു ഭൂമിയെ ഇളക്കി; ഇപ്പോഴോ, ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും എന്നു അവൻ വാഗ്ദത്തം ചെയ്തു.

൨൭ ഇനി ഒരിക്കൽ എന്നതു, ഇളക്കമില്ലാത്തവ നിലനില്ക്കേണ്ടതിന്നു നിൎമ്മിതങ്ങളായ ഇളക്കമുള്ളവെക്കു മാററമുണ്ടെന്നു സൂചിപ്പിക്കുന്നു.

൨൮ ആകയാൽ ഇളകാത്ത രാജ്യത്തെ പ്രാപിക്കുന്നതുകൊണ്ടു നാം ദൈവത്തിന്നു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവിപ്പാന്തക്ക നന്ദിയുള്ളവരായിരിക്ക.

൨൯ എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു.

൧൩ാം അദ്ധ്യായം.

സഹോദരപ്രീതി നിലനില്ക്കട്ടെ.

൨ അതിഥിസല്ക്കാരം മറക്കരുതു. അതിനാൽ ചിലർ അറിയാതെ ദൂതന്മാരേ സല്ക്കരിച്ചിട്ടുണ്ടല്ലോ.

൩ നിങ്ങൾ കൂട്ടുതടവുകാർ എന്നപോലെ തടവുകാരെയും നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരെയും ഓർത്തുകൊൾവിൻ.

൪ വിവാഹം എല്ലാവരുടെ ഇടയിലും മാനമുള്ളതും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ വേശ്യാദോഷക്കാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കും.

൫ നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതിനെക്കൊണ്ടു അലംഭാവികൾ ആകുവിൻ; ഞാൻ നിന്നെ കൈവിടുകയില്ല, ഒരുനാളും ഉപേക്ഷിക്കയുമില്ല എന്നു അവൻ തന്നേ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.

൬ ആകയാൽ കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും എന്നു നമുക്കു ധൈര്യത്തോടെ പറയാം.

൭ ¶ നിങ്ങൾക്കു ദൈവവചനത്തെ പറഞ്ഞുതന്നു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ നടപ്പിന്റെ അറുതിയെ നോക്കി ധ്യാനിച്ചു അവരുടെ വിശ്വാസത്തെ അനുകരിപ്പിൻ.

൮ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അവൻ തന്നേ.

൯ പലവിധവും അന്യവുമായ ഉപദേശങ്ങളാൽ വലിച്ചുകൊണ്ടുപോകപ്പെടരുതേ; ആചരിച്ചുപോന്നവർക്കു പ്രയോജനമാകാത്ത ഭക്ഷണങ്ങളാലല്ല, കൃപയാൽ തന്നേ ഹൃദയത്തെ ഉറപ്പിക്കുന്നതു നല്ലതു.

൰ നമുക്കു ഒരു ബലിപീഠം ഉണ്ടു; അതിൽനിന്നു ഭക്ഷിപ്പാൻ കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്കു അവകാശമില്ല.

൰൧ എന്തുകൊണ്ടെന്നാൽ മഹാപുരോഹിതൻ പാപങ്ങൾക്കുവേണ്ടി ഏതു മൃഗങ്ങളുടെ രക്തം വിശുദ്ധസ്ഥലത്തേക്കു കൊണ്ടുപോകുന്നുവോ അവയുടെ ഉടലുകൾ പാളയത്തിന്നു പുറത്തുവെച്ചു ചുടപ്പെടുന്നു.

൰൨ അതുകൊണ്ടു യേശുവും തന്റെ സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു വാതില്ക്കു പുറത്തുവെച്ചു കഷ്ടപ്പെട്ടു.

൰൩ ആകയാൽ നാം അവന്റെ നിന്ദയെ ചുമന്നുകൊണ്ടു പാളയത്തിന്നു പുറത്തു അവന്റെ അടുക്കൽ ചെല്ലുക.

൰൪ ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ലല്ലോ, വരുവാനുള്ളതിനെ അത്രേ നാം അന്വേഷിക്കുന്നു.

൰൫ ആകയാൽ അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലമാകുന്ന സ്തുതിബലികളെ ഇടവിടാതെ കഴിക്കുക.

൰൬ നന്മ ചെയ്വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. എന്തുകൊണ്ടെന്നാൽ ഈ വക ബലികളിൽ ദൈവം പ്രസാദിക്കുന്നു.

൰൭ നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നുവല്ലോ; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന്നു തന്നേ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല.

൰൮ ¶ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സകലത്തിലും നല്ലവണ്ണം നടപ്പാൻ ഇച്ഛിക്കകൊണ്ടു ഞങ്ങൾക്കു നല്ല മനസ്സാക്ഷി ഉണ്ടെന്നു ഞങ്ങൾ ഉറെച്ചിരിക്കുന്നു.

൰൯ എന്നെ നിങ്ങൾക്കു വേഗത്തിൽ തിരികേ കിട്ടേണ്ടതിന്നു നിങ്ങൾ ഇതു ചെയ്യേണം എന്നു ഞാൻ വിശേഷാൽ പ്രബോധിപ്പിക്കുന്നു.

൨൰ ¶ നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനാകുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു തിരികേ വരുത്തിയ സമാധാനത്തിന്റെ ദൈവം

൨൰൧ നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാൻ തക്കവണ്ണം സകല നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതിനെ യേശുക്രിസ്തു മുഖാന്തരം നമ്മിൽ

നടത്തുമാറാക; അവന്നു എന്നെന്നേക്കും
മഹത്വം ആമെൻ.
൨൨ ¶ സഹോദരന്മാരേ, ഈ പ്ര
ബോധനവാക്യത്തെ പൊറുത്തുകൊൾ
വിൻ എന്നു അപേക്ഷിക്കുന്നു. ചുരുക്കമാ
യിട്ടല്ലോ ഞാൻ എഴുതിയിരിക്കുന്നു.
൨൩ സഹോദരനായ തിമൊഥെയൊ
സ് തടവിൽനിന്നു ഇറങ്ങി എന്നു അറി
വിൻ. അവൻ വേഗത്തിൽ വന്നാൽ ഞാ
ൻ അവനുമായി നിങ്ങളെ വന്നു കാണും.
൨൪ ¶ നിങ്ങളെ നടത്തുന്നവൎക്കു എ
ല്ലാവൎക്കും സകല വിശുദ്ധന്മാൎക്കും വന്ദനം
ചൊല്ലുവിൻ. ഇതല്യയിൽ നിന്നുള്ളവർ
നിങ്ങൾക്കു വന്ദനം ചൊല്ലുന്നു.
൨൫ ¶ കൃപ നിങ്ങളേവരോടെല്ലാവരോ
ടുംകൂടെ ഇരിക്കുമാറാക. ആമെൻ.

THE GENERAL EPISTLE OF
JAMES.

യാക്കോബ് എഴുതിയ പൊതുവിലുള്ള ലേഖനം.

൧ാം അദ്ധ്യായം.

ദൈവത്തിന്റെയും കൎത്താവായ യേശു
ക്രിസ്തുവിന്റെയും ദാസനായ യാക്കോബ്
ചിതറിപ്പാൎക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾ
ക്കും വന്ദനം.
൨ എന്റെ സഹോദരന്മാരേ, നിങ്ങ
ൾ പലവിധ പരീക്ഷകളിൽ അകപ്പെട്ട
മ്പോൾ
൩ നിങ്ങളുടെ വിശ്വാസത്തിന്റെ പ
രിശോധന ക്ഷമയെ ഉളവാക്കുന്നു എന്നു
അറിഞ്ഞു ആയതു അശേഷം സന്തോഷം
എന്നു എണ്ണുവിൻ.
൪ എന്നാൽ നിങ്ങൾ ഒന്നിലും കുറവി
ല്ലാതെ തികഞ്ഞവരും സംപൂൎണ്ണരും ആ
കേണ്ടതിന്നു ക്ഷമെക്കു തികഞ്ഞ പ്രവൃ
ത്തി ഉണ്ടാകട്ടെ.
൫ ¶ നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം
കുറവാകുന്നു എങ്കിൽ ഭൎത്സിക്കാത്തവനും
എല്ലാവൎക്കും ഔദാൎയ്യമായി കൊടുക്കുന്നവ
നുമായ ദൈവത്തോടു യാചിക്കട്ടെ; അ
പ്പോൾ അവന്നു കൊടുക്കപ്പെടും.
൬ എന്നാൽ അവൻ ഒന്നും സംശയി
ക്കാതെ വിശ്വാസത്തോടെ യാചിക്കേണം;
സംശയിക്കുന്നവൻ കാറ്റടിച്ചു അലയു
ന്ന കടൽത്തിരെക്കു സമനാകുന്നു.
൭ ഇങ്ങനെയുള്ള മനുഷ്യൻ കൎത്താവി
ൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപി
ക്കരുതു.
൮ ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വ
ഴികളിൽ ഒക്കെയും അസ്ഥിരൻആകുന്നു.
൯ ¶ എന്നാൽ എളിയസഹോദരൻ
തന്റെ ഉയൎച്ചയിലും
൰ ധനവാനോ പുല്ലിന്റെ പൂപോ
ലെ ഒഴിഞ്ഞുപോകുന്നവനാകയാൽ ത
ന്റെ എളിമയിലും പ്രശംസിക്കട്ടെ.
൧൧ എന്തുകൊണ്ടെന്നാൽ സൂൎയ്യൻ ഉ
ഷ്ണക്കാറ്റോടെ ഉദിച്ചു പുല്ലിനെ ഉണക്കി
പൂവുതിൎന്നു അതിന്റെ ആകൃതിയുടെ ഭം
ഗിയും കെട്ടു. ഇപ്രകാരം ധനവാനും ത
ന്റെ ഗതികളിൽ വാടിപ്പോകും.
൧൨ ¶ പരീക്ഷ സഹിക്കുന്ന മനുഷ്യ
ൻ ഭാഗ്യവാൻ; എന്തുകൊണ്ടെന്നാൽ അ
വൻ കൊള്ളാകുന്നവനായി തെളിഞ്ഞശേ
ഷം കൎത്താവു തന്നെ സ്നേഹിക്കുന്നവൎക്കു
വാഗ്ദത്തം ചെയ്ത ജീവകിരീടത്തെ പ്രാ
പിക്കും.

൧൩ പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുതു. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ഒരുത്തനെയും പരീക്ഷിക്കുന്നതുമില്ല.

൧൪ ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകൎഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു.

൧൫ പിന്നെ മോഹം ഗൎഭംധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.

൧൬ എന്റെ പ്രിയസഹോദരന്മാരേ, വഞ്ചിക്കപ്പെടരുതു.

൧൭ സകലനല്ലദാനവും സകലതികഞ്ഞ വരവും ഉയരത്തിൽനിന്നു, വെളിച്ചങ്ങളുടെ പിതാവിൽനിന്നു ഇറങ്ങിവരുന്നതാകുന്നു. അവനിൽ വികാരവും ഗതിഭേദത്താലുള്ള മറവും ഇല്ല.

൧൮ നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യവിളവാകേണ്ടതിന്നു അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചു.

൧൯ ¶ നിങ്ങൾ ഇതു അറിയുന്നുവല്ലോ, എന്റെ പ്രിയ സഹോദരന്മാരേ, എന്നാൽ ഏതു മനുഷ്യനും കേൾക്കുന്നതിന്നു വേഗതയും പറയുന്നതിന്നു താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ.

൨൦ എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവൃത്തിക്കുന്നില്ല.

൨൧ ആകയാൽ എല്ലാഅഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടുംവെച്ചു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനത്തെ സൌമ്യതയോടെ കൈക്കൊൾവിൻ.

൨൨ എങ്കിലും തങ്ങളെ തന്നേ ചതിച്ചുകൊണ്ടു വചനത്തെ കേൾക്കുന്നവരായി മാത്രം ഇരിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.

൨൩ ഒരുത്തൻ വചനത്തെ കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖത്തെ കണ്ണാടിയിൽ നോക്കിക്കാണുന്ന ആളോടു ഒക്കുന്നു.

൨൪ അവൻ തന്നെത്താൻ നോക്കിക്കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനേ മറന്നു.

൨൫ സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണത്തിലേക്കു ഉററുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി തീൎന്നു താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും.

൨൬ നിങ്ങളിൽ ഒരുവൻ തന്റെ നാവിന്നു കടിഞ്ഞാണിടാതെ താൻ ഭക്തൻ ആകുന്നു എന്നു തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു നിരൂപിച്ചാൽ ഇവന്റെ ഭക്തി വ്യൎത്ഥം അത്രേ.

൨൭ പിതാവായ ദൈവത്തിന്റെ മുൻപാകെ ശുദ്ധവും നിൎമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും തന്നെത്താൻ ലോകത്തിൽനിന്നു കളങ്കമില്ലാത്തവനായി കാത്തുകൊള്ളുന്നതും ആകുന്നു.

൨ാം അദ്ധ്യായം.

എന്റെ സഹോദരന്മാരേ, തേജസ്സുടയവനായി നമ്മുടെ കൎത്താവാകുന്ന യേശുക്രിസ്തുവിന്റെ വിശ്വാസം മുഖപക്ഷങ്ങളോടുകൂടെ നിങ്ങൾക്കു ഉണ്ടാകരുതു.

൨ എങ്ങനെയെന്നാൽ നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ഉടുത്തോരു പൊന്മോതിരക്കാരൻ പ്രവേശിക്കയും മുഷിഞ്ഞ വസ്ത്രത്തോടെ ഒരു ദരിദ്രൻ പ്രവേശിക്കയും ചെയ്യുമ്പോൾ

൩ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി: ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോടു: നീ അവിടെ നില്ക്ക, അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറഞ്ഞാൽ

൪ നിങ്ങളുടെ ഉള്ളിൽ തന്നേ ഭിന്നിച്ചു ദുൎവ്വിചാരങ്ങളോടെ വിധിക്കുന്നവരായി തീൎന്നില്ലയോ?

൫ എന്റെ പ്രിയ സഹോദരന്മാരേ, കേൾപ്പിൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവൎക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന്നു തെരിഞ്ഞെടുത്തില്ലയോ?

൬ നിങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു. ധനവാന്മാർ അല്ലയോ നിങ്ങളെ ഞെരുക്കുന്നതു? അവർ അല്ലയോ നിങ്ങളെ ന്യായസ്ഥലങ്ങളിലേക്കു ഇഴെച്ചു കൊണ്ടുപോകുന്നതു?

൭ നിങ്ങളുടെമേൽ വിളിച്ചിരിക്കുന്ന ആ നല്ല നാമത്തെ അവർ അല്ലയോ ദൂഷിക്കുന്നതു?

൮ എന്നാൽ നിന്റെ അയല്ക്കാരനെ നിന്നെ പോലെ തന്നേ സ്നേഹിക്കേണം എന്ന തിരുവെഴുത്തിൻപ്രകാരം രാജകീയ ന്യായപ്രമാണത്തെ നിവൃത്തിക്കുന്നു എങ്കിൽ നിങ്ങൾ ചെയ്യുന്നതു നന്നു.

൯ മുഖപക്ഷം കാണിക്കിലോ പാപം ചെയ്യുന്നു; നിങ്ങൾ ലംഘനക്കാർ എന്നു ന്യായപ്രമാണത്താൽ തെളിയുന്നുവല്ലോ.

൧൦ എങ്ങനെയെന്നാൽ ഒരുത്തൻ ന്യായപ്രമാണത്തെ മുഴുവനും പ്രമാണിച്ചു നടന്നിട്ടും ഒന്നിൽ തെററിയാൽ അവൻ സകലത്തിന്നും കുററമുള്ളവനായി തീൎന്നു.

൧൧ വ്യഭിചാരം ചെയ്യരുതു എന്നു പറഞ്ഞവൻ കുല ചെയ്യരുതു എന്നും പറഞ്ഞുവല്ലോ. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കുല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണത്തിന്നു ലംഘനക്കാരനായി തീൎന്നു.

൧൨ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവർ എന്നപോലെ സംസാരിപ്പിൻ, എന്നപോലെ ചെയ്വിൻ.

൧൩ എന്തുകൊണ്ടെന്നാൽ കരുണ ചെയ്യാത്തവന്നു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും; ന്യായവിധിയുടെനേരെ കരുണ പ്രശംസിക്കയും ചെയ്യുന്നു.

൧൪ ¶ എന്റെ സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്തിന്നു അവനെ രക്ഷിപ്പാൻ കഴിയുമോ?

൧൫ ഒരു സഹോദരനോ, സഹോദരിയോ നഗ്നരും ദിവസവൃത്തിക്കു ഇല്ലാത്തവരുമായിരിക്കേ

൧൬ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കാഞ്ഞും തൃപ്തരായും ഇരിപ്പിൻ എന്നു പറയുന്നതല്ലാതെ ദേഹത്തിന്നു ആവശ്യമുള്ളവയെ നിങ്ങൾ അവൎക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?

൧൭ ഇപ്രകാരം വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ തന്നിൽ തന്നേ ചത്തതാകുന്നു.

൧൮ എന്നാൽ ഒരുത്തൻ പറയും: നിനക്കു വിശ്വാസം ഉണ്ടു; എനിക്കു പ്രവൃത്തികൾ ഉണ്ടു; നിന്റെ വിശ്വാസം നിന്റെ പ്രവൃത്തികൾ കൂടാതെ എന്നെ കാണിക്ക; ഞാനും എന്റെ വിശ്വാസത്തെ എന്റെ പ്രവൃത്തികളാൽ നിനക്കു കാണിച്ചുതരാം.

൧൯ ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നു; നല്ലതു, പിശാചുകളും വിശ്വസിക്കുന്നു വിറെക്കയും ചെയ്യുന്നു.

൨൦ വ്യൎത്ഥമനുഷ്യാ, പ്രവൃത്തികൾ ഇല്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?

൨൧ നമ്മുടെ പിതാവു അബ്രഹാം തന്റെ പുത്രനായ ഇസ്ഹാക്കിനെ ബലിപീഠത്തിന്മേൽ അൎപ്പിച്ചിട്ടു പ്രവൃത്തികളാൽ അല്ലയോ നീതീകരിക്കപ്പെട്ടതു?

൨൨ അവന്റെ പ്രവൃത്തികളോടു കൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തികളാൽ വിശ്വാസം പൂൎത്തിയായി എന്നും നീ കാണുന്നുവല്ലോ.

൨൩ അബ്രഹാം ദൈവത്തെ വിശ്വസിക്കയും അതു അവന്നു നീതിയായി എണ്ണപ്പെടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു.

൨൪ ആകയാൽ മനുഷ്യൻ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നു, വിശ്വാസ

ത്താൽ മാത്രമല്ല എന്നു നിങ്ങൾ കാണു
ന്നു.
൨൫ അവ്വണ്ണം വേശ്യയായ രാഹാ
ബും ദൂതരെ കൈക്കൊൾകയും വേറൊരു
വഴിയായി പറഞ്ഞയക്കയും ചെയ്തതിൽ
പ്രവൃത്തികളാൽ അല്ലയോ നീതികരിക്ക
പ്പെട്ടതു?
൨൬ ഇങ്ങനെ ആത്മാവില്ലാത്ത ശരീ
രം ചത്തതായിരിക്കുന്നതുപോലെ പ്രവൃ
ത്തികളില്ലാത്ത വിശ്വാസവും ചത്തതാ
കുന്നു.

൩ാം അദ്ധ്യായം.

എന്റെ സഹോദരന്മാരേ, നമുക്കു അ
ധികം ശിക്ഷാവിധി വരും എന്നു അറി
ഞ്ഞു അനേകർ ഉപദേഷ്ടാക്കന്മാർ ആക
രുതു.
൨ നാം എല്ലാവരും പലതിലും തെ
റ്റുന്നുവല്ലോ; ഒരുത്തൻ വാക്കിൽ തെ
റ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴു
വനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്ത
നായ തികഞ്ഞ പുരുഷൻ ആകുന്നു.
൩ കുതിരകളെ നമുക്കു അധീനമാക്കു
വാൻ വായ്ക്കുളിൽ കടിഞ്ഞാൺ ഇട്ടു അവ
യുടെ ശരീരത്തെ മുഴുവനും നാം തിരിക്കു
ന്നുവല്ലോ.
൪ ഇതാ, കപ്പലുകളും എത്ര വലിയവ
ആയാലും കൊടുങ്കാറ്റുകളാൽ ഓടിക്ക
പ്പെട്ടാലും അമരക്കാരന്നു ബോധിച്ച ദി
ക്കിലേക്കു ഏറ്റവും ചെറിയ ചുക്കാനാൽ
തിരിക്കപ്പെടുന്നു.
൫ അപ്രകാരം തന്നേ നാവും ചെറി
യ അവയവം എങ്കിലും വളരേ വമ്പു പ
റയുന്നു; ഇതാ, എത്ര കുറഞ്ഞ തീ എത്ര വ
ലിയ വനത്തെ കത്തിക്കുന്നു.
൬ നാവു ഒരു തീ ആകുന്നു; നമ്മുടെ
അവയവങ്ങൾക്കിടയിൽ അനീതിയുടെ
ലോകമായിരുന്നുകൊണ്ടു ദേഹത്തെ മുഴു
വൻ മലിനമാക്കി ആയുസ്സിന്റെ ചക്ര
ത്തിന്നു തീ കൊളുത്തുകയും നരകത്താൽ
കൊളുത്തപ്പെടുകയും ചെയ്യുന്നു.
൭ എങ്ങനെയെന്നാൽ മൃഗങ്ങൾ, പ
ക്ഷികൾ, ഇഴജാതി, ജലജന്തുക്കൾ ഈ
ജാതി എല്ലാം മനുഷ്യജാതിക്കു മരുങ്ങുന്നു
മരുങ്ങിയുമിരിക്കുന്നു.
൮ എന്നാൽ നാവിനെ മനുഷ്യർക്കാർക്കും
മരുക്കാവതല്ല; അതു അടങ്ങാത്ത ദോഷം
മരണകരമായ വിഷം നിറഞ്ഞതു.
൯ അതിനാൽ നാം കർത്താവും പിതാ
വുമായവനെ സ്തുതിക്കുന്നു; ദൈവത്തി
ന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ
അതിനാൽ ശപിക്കയും ചെയ്യുന്നു.
൧൦ ഒരു വായിൽനിന്നു തന്നേ സ്തോ
ത്രവും ശാപവും പുറപ്പെടുന്നു. എന്റെ
സഹോദരന്മാരേ, ഇപ്രകാരം ആകേണ്ട
തല്ല.
൧൧ ഉറവിന്റെ ഒരേ ദ്വാരത്തിൽനി
ന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറ
പ്പെട്ടു വരുന്നുവോ?
൧൨ എന്റെ സഹോദരന്മാരേ, അ
ത്തിവൃക്ഷം ഒലിവുകായ്കളെയും മുന്തിരിവ
ള്ളി അത്തിപ്പഴങ്ങളെയും കായിക്കുമോ?
ഉപ്പുറവിന്നു മധുരമുള്ള വെള്ളത്തെ പുറ
പ്പെടുവിക്കാവതുമല്ല.
൧൩ ¶ നിങ്ങളിൽ ജ്ഞാനിയും വി
വേകിയുമായവൻ ആർ? അവൻ നല്ല
നടപ്പിനാൽ തന്റെ പ്രവൃത്തികളെ ജ്ഞാ
നത്തിന്റെ സൌമ്യതയിൽ കാണിക്കട്ടെ.
൧൪ എങ്കിലും നിങ്ങൾക്കു കൈപ്പുള്ള
ഈൎഷ്യയും ശാഠ്യവും ഹൃദയത്തിൽ ഉണ്ടെ
ങ്കിൽ സത്യത്തിന്റെ നേരെ പ്രശംസിക്ക
യും ഭോഷ്കു പറകയുമരുതു.
൧൫ ഇതു ഉയരത്തിൽനിന്നു ഇറങ്ങു
ന്ന ജ്ഞാനമല്ല, ഭൌമികവും പ്രാണമയ
വും പൈശാചികവും ആയുള്ളതത്രേ.
൧൬ ഈൎഷ്യയും ശാഠ്യവും എവിടെയോ
അവിടെ കലക്കവും സകല ദുർവൃത്തി
യും ഉണ്ടു.
൧൭ ഉയരത്തിൽനിന്നുള്ള ജ്ഞാനമോ
ഒന്നാമതു നിർമ്മലമായി, പിന്നെ സമാ
ധാനവും ശാന്തതയുമുള്ളതായി, അനുസര
ണമുള്ളതും കരുണയും സൽഫലങ്ങളും നി
റഞ്ഞതും പക്ഷപാതവും കപടവും ഇല്ലാ
ത്തതുമാകുന്നു.
൧൮ എന്നാൽ നീതിയുടെ ഫലം സ
മാധാനത്തെ ആചരിക്കുന്നവൎക്കു സമാ
ധാനത്തിൽ വിതെക്കപ്പെടുന്നു.

൪ാം അദ്ധ്യായം.

നിങ്ങളിൽ യുദ്ധങ്ങളും കലഹങ്ങളും എവിടെ നിന്നു? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ?

൨ നിങ്ങൾ മോഹിക്കുന്നു, പ്രാപിക്കുന്നില്ല; നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്യുന്നു, ലഭിപ്പാൻ കഴിയുന്നില്ല; നിങ്ങൾ കലഹിക്കയും ശണ്ഠയിടുകയും ചെയ്യുന്നു, യാചിക്കായ്കകൊണ്ടു കിട്ടുന്നതുമില്ല.

൩ നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്കകൊണ്ടു ലഭിക്കുന്നില്ല.

൪ വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.

൫ അല്ലെങ്കിൽ തിരുവെഴുത്തു വെറുതേ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിപ്പിച്ച ആത്മാവു അസൂയെക്കായി കാംക്ഷിക്കുന്നുവോ?

൬ എങ്കിലും അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു ദൈവം നിഗളികളോടു എതിൎത്തു നില്ക്കയും താഴ്മയുള്ളവൎക്കു കൃപ നല്കുകയും ചെയ്യുന്നു എന്നു പറഞ്ഞിരിക്കുന്നു.

൭ ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിൎത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.

൮ ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തു വരും. പാപികളേ കൈകളെ വെടിപ്പാക്കുവിൻ. ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ.

൯ സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ; നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ.

൰ കൎത്താവിന്റെ മുമ്പാകെ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയൎത്തും.

൰൧ ¶ സഹോദരന്മാരേ, അന്യോന്യം ദൂഷിക്കരുതു; തന്റെ സഹോദരനെ ദൂഷിക്കയും ന്യായംവിധിക്കയും ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദൂഷിക്കയും ന്യായപ്രമാണത്തെ വിധിക്കയും ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുന്നു എങ്കിൽ നീ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവനത്രേ ആകുന്നു.

൰൨ ന്യായപ്രമാണകൎത്താവും ന്യായാധിപതിയും ഒരുവനേയുള്ളു: രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായവൻ തന്നേ; അയല്ക്കാരനെ വിധിക്കുന്ന നീയോ ആർ ആകുന്നു?

൰൩ ¶ ഇന്നോ നാളെയോ ഇന്ന പട്ടണത്തിൽ ഞങ്ങൾ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ:

൰൪ നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളതു? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ.

൰൫ കൎത്താവിന്നു ഇഷ്ടം ഉണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടതു.

൰൬ ഇപ്പോഴോ നിങ്ങൾ നിങ്ങളുടെ വമ്പുകളിൽ പ്രശംസിക്കുന്നു; ഈവക പ്രശംസ എല്ലാം ദോഷം ആകുന്നു.

൰൭ അതുകൊണ്ടു നല്ലതു ചെയ്വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ.

൫ാം അദ്ധ്യായം.

അല്ലയോ ധനവാന്മാരേ, നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം അലറിക്കരവിൻ.

൨ നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പുകൾ പുഴവരിച്ചും പോയി.

൩ നിങ്ങളുടെ പൊന്നും വെള്ളിയും
കറപിടിച്ചു; ആ കറ നിങ്ങളുടെ നേരേ
സാക്ഷിയാകും; അഗ്നിപോലെ നിങ്ങളു
ടെ ജഡത്തെ തിന്നുകയും ചെയ്യും. അ
ന്ത്യദിവസങ്ങളിൽ നിങ്ങൾ നിക്ഷേപങ്ങ
ളെ ശേഖരിച്ചിരിക്കുന്നു.
൪ ഇതാ നിങ്ങളുടെ നിലങ്ങളെ മൂന്ന
വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചു
കൊണ്ടതു നിലവിളിക്കുന്നു*. കൊയ്തവ
രുടെ മുറവിളികളും സൈന്യങ്ങളുടെ ക
ൎത്താവിന്റെ ചെവികളിൽ എത്തി.
൫ നിങ്ങൾ ഭൂമിമേൽ ആഡംബര
ത്തോടെ സുഖിച്ചു പുളെച്ചു കുലദിവസ
ത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയ
ങ്ങളെ പോഷിപ്പിച്ചു.
൬ നിങ്ങൾ നീതിമാനെ കുററം വി
ധിച്ചു കൊന്നു; അവൻ നിങ്ങളോടു മറു
ത്തു നില്ക്കുന്നതുമില്ല.
൭ ¶ എന്നാൽ സഹോദരന്മാരേ, ക
ൎത്താവിന്റെ വരവുവരെ ദീൎഘക്ഷമയോ
ടിരിപ്പിൻ; ഇതാ കൃഷിക്കാരൻ ഭൂമിയുടെ
വിലയേറിയ ഫലത്തിന്നു കാത്തുകൊ
ണ്ടു മുന്മഴയും പിന്മഴയും അതിന്നു കിട്ടു
വോളം ദീൎഘക്ഷമയോടിരിക്കുന്നു.
൮ നിങ്ങളും ദീൎഘക്ഷമയോടിരിപ്പിൻ;
നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തു
വിൻ; കൎത്താവിന്റെ വരവു സമീപിച്ചി
രിക്കുന്നുവല്ലോ.
൯ സഹോദരന്മാരേ, വിധിക്കപ്പെടാ
തിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ
†പിറുപിറുക്കരുതു; ഇതാ, ന്യായാധിപ
തി വാതില്ക്കൽ മുമ്പാകേ നില്ക്കുന്നു.
൧൦ സഹോദരന്മാരേ, കൎത്താവിന്റെ
നാമത്തിൽ സംസാരിച്ചിട്ടുള്ള പ്രവാചക
ന്മാരെ കഷ്ടാനുഭവത്തിന്നും ദീൎഘക്ഷമെ
ക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾ
വിൻ.
൧൧ ഇതാ, സഹിച്ചവരെ നാം ഭാഗ്യ
വാന്മാർ എന്നു വാഴ്ത്തുന്നു. യോബിന്റെ
ക്ഷമയെ നിങ്ങൾ കേട്ടും കൎത്താവിന്റെ
അവസാനത്തെ കണ്ടുമിരിക്കുന്നു. കൎത്താ
വു മഹാകനിവും മനസ്സലിവുമുള്ളവൻ
ആകുന്നുവല്ലോ.
൧൨ ¶ വിശേഷിച്ചു സഹോദരന്മാ
രേ, സ്വൎഗ്ഗത്തെ എങ്കിലും ഭൂമിയെ എങ്കി
ലും മററു യാതൊന്നിനെ എങ്കിലും ചൊ
ല്ലി ആണയിടരുതു; നിങ്ങൾ ശിക്ഷാവി
ധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങളു
ടെ ഉവ്വ എന്നതു ഉവ്വ എന്നും ഇല്ല എന്ന
തു ഇല്ല എന്നും ഇരിക്കട്ടെ.
൧൩ ¶ നിങ്ങളിൽ ഒരുവൻ കഷ്ടമ
നുഭവിക്കുന്നുവോ? അവൻ പ്രാൎത്ഥിക്കട്ടെ;
ഒരുവൻ സുഖമനസ്സോടിരിക്കുന്നുവോ?
അവൻ സ്തുതി പാടട്ടെ.
൧൪ നിങ്ങളിൽ ഒരുത്തൻ രോഗിയാ
യാൽ അവൻ സഭയിലേ മൂപ്പന്മാരെ വ
രുത്തട്ടെ. അവർ കൎത്താവിന്റെ നാമ
ത്തിൽ അവനെ എണ്ണ പൂശിയുംകൊണ്ടു
അവന്നുവേണ്ടി പ്രാൎത്ഥിക്കട്ടെ.
൧൫ എന്നാൽ വിശ്വാസത്തോടുകൂടി
യ പ്രാൎത്ഥന ദീനക്കാരനെ രക്ഷിക്കും; ക
ൎത്താവു അവനെ എഴുനില്പിക്കയുംചെയ്യും;
അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവ
നോടു ക്ഷമിക്കപ്പെടും.
൧൬ എന്നാൽ നിങ്ങൾക്കു രോഗശാ
ന്തി വരേണ്ടതിന്നു തമ്മിൽ തമ്മിൽ പിഴ
കളെ ഏററുപറഞ്ഞു ഒരുവന്നുവേണ്ടി ഒ
രുവൻ പ്രാൎത്ഥിപ്പിൻ. നീതിമാന്റെ സാ
ദ്ധ്യകരമായ അപേക്ഷ വളരേ ഫലിക്കു
ന്നു.
൧൭ എലീയാ നമുക്കു സമസ്വഭാവമു
ള്ള മനുഷ്യൻ ആയിരുന്നു; മഴ പെയ്യാതി
രിക്കേണ്ടതിന്നു അവൻ പ്രാൎത്ഥനയിൽ
അപേക്ഷിച്ചു; മൂന്നു സംവത്സരവും ആ
റു മാസവും ദേശത്തിൽ മഴ പെയ്തതു
മില്ല.
൧൮ പിന്നെ അവൻ പ്രാൎത്ഥിച്ചപ്പോ
ൾ ആകാശം മഴ കൊടുത്തു, ഭൂമി തന്റെ
ഫലത്തെ വിളയിക്കയും ചെയ്തു.
൧൯ ¶ സഹോദരന്മാരേ, നിങ്ങളി
ൽ ഒരുവൻ സത്യത്തിൽനിന്നു തെററി
പ്പോകയും അവനെ ഒരുവൻ തിരിച്ചുവ
രുത്തുകയും ചെയ്താൽ

* നിങ്ങൾ പിടിച്ചുകളഞ്ഞതു നിങ്ങളുടെ അടുക്കൽനിന്നു നിലവിളിക്കുന്നു.
† ഞരങ്ങിപ്പോകരുതു.

൨൦ പാപിയെ അവന്റെ വഴിത്തെ
റ്റിൽനിന്നു തിരിച്ചു വരുത്തുന്നവൻ ഒ
രു ആത്മാവിനെ മരണത്തിൽനിന്നു ര
ക്ഷിക്കയും പാപങ്ങളുടെ ബഹുത്വത്തെ
മറെക്കയും ചെയ്യും എന്നു അവൻ അറി
ഞ്ഞുകൊള്ളട്ടെ.

THE FIRST EPISTLE GENERAL OF PETER.

പത്രൊസ്

എഴുതിയ പൊതുവിലുള്ള ഒന്നാം ലേഖനം.

൧ാം അദ്ധ്യായം.

യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ
പത്രൊസ് പൊന്തൊസിലും ഗലാത്യയി
ലും കപ്പദൊക്യയിലും ആസ്യയിലും ബി
ഥുന്യയിലും ചിതറിപ്പാൎക്കുന്ന പരദേശി
കളും
൨ പിതാവായ ദൈവത്തിന്റെ മുന്ന
റിവിൻപ്രകാരം ആത്മാവിന്റെ വിശു
ദ്ധീകരണത്തിൽ അനുസരണത്തിന്നും
യേശുക്രിസ്തുവിന്റെ രക്തത്തളിപ്പിന്നുമാ
യിട്ടു തെരിഞ്ഞെടുക്കപ്പെട്ടവരുമായവൎക്കു
എഴുതുന്നതു: നിങ്ങൾക്കു കൃപയും സമാ
ധാനവും വൎദ്ധിക്കുമാറാക.
൩ ¶ നമ്മുടെ കൎത്താവായ യേശുക്രി
സ്തുവിന്റെ പിതാവായ ദൈവത്തിന്നു
സ്തോത്രം. അവൻ മരിച്ചവരിൽനിന്നുള്ള
യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ
തന്റെ കരുണയുടെ ആധിക്യപ്രകാരം
നമ്മെ ജീവനുള്ള പ്രത്യാശെക്കായി,
൪ അന്ത്യകാലത്തിൽ വെളിപ്പെടുവാ
ൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാ
സത്താൽ ദൈവശക്തിയിൽ കാക്കപ്പെടു
ന്ന നിങ്ങൾക്കുവേണ്ടി സ്വൎഗ്ഗത്തിൽ സൂ
ക്ഷിച്ചിരിക്കുന്നതും
൫ ക്ഷയം മാലിന്യം വാട്ടം എന്നിവ
ഇല്ലാത്തതുമായ അവകാശത്തിന്നായി ത
ന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.
൬ ആയതിൽ നിങ്ങൾ വേണ്ടുകിൽ
ഇപ്പോൾ അല്പനേരത്തേക്കു നാനാപരി
ക്ഷകളാൽ ദുഃഖിതർ എന്നുവരികിലും ആ
നന്ദിക്കുന്നു.
൭ അഗ്നിയാൽ ശോധന കഴിക്കപ്പെടു
ന്നതെങ്കിലും അഴിഞ്ഞുപോകുന്നതായ
പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസ
ത്തിന്റെ പരിശോധന വിലയേറിയതു
എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയി
ൽ പുകഴ്ചെക്കും തേജസ്സിന്നും മാനത്തി
ന്നുമായി കാണപ്പെടേണ്ടതിന്നു തന്നേ.
൮ അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കി
ലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ
വിശ്വസിച്ചുംകൊണ്ടു
൯ ആത്മാക്കളുടെ രക്ഷയാകുന്ന നി
ങ്ങളുടെ വിശ്വാസത്തിന്റെ അന്തത്തെ
പ്രാപിക്കുന്നവരായി പറഞ്ഞുതീരാത്തതും
മഹിമപ്പെട്ടതുമായ സന്തോഷത്തോടെ
ആനന്ദിക്കുന്നു.
൧൦ നിങ്ങൾക്കായിട്ടുള്ള കൃപയെ കുറി
ച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷ
യെ കുറിച്ചു ആരാഞ്ഞു അന്വേഷിച്ചി
രുന്നു.
൧൧ അവരിലുള്ള ക്രിസ്തുവിൻ ആത്മാ
വു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെ
യും പിന്നാലേയുള്ള മഹിമകളെയും മു
മ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചി

പ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്നു അവർ ആരാഞ്ഞു നോക്കി.

൰൨ പ്രവാചകന്മാർ തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ അവയെ ശുശ്രൂഷിച്ചു എന്നു അവൎക്കു വെളിപ്പെട്ടു; സ്വൎഗ്ഗത്തിൽനിന്നു അയക്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷിച്ചവർ അവയെ ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അവയിലേക്കു ദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു.

൰൩ ¶ ആകയാൽ നിങ്ങളുടെ മനസ്സിന്റെ അര കെട്ടിക്കൊണ്ടു നിൎമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുന്നതായ കൃപയിൽ മുറ്റും ആശ വെച്ചുകൊൾവിൻ.

൰൪ നിങ്ങളുടെ പണ്ടത്തേ അജ്ഞാനത്തിലുള്ള മോഹങ്ങളെ മാതൃകയാക്കാതെ

൰൫ നിങ്ങളെ വിളിച്ച വിശുദ്ധന്നു തക്കവണ്ണം നിങ്ങളും അനുസരണമുള്ള പൈതങ്ങളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ.

൰൬ ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരാകുവിൻ എന്നു എഴുതിയിരിക്കുന്നുവല്ലോ.

൰൭ പിന്നെ മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പരവാസകാലം ഭയത്തോടെ കഴിപ്പിൻ.

൰൮ വ്യൎത്ഥവും പിതൃപാരമ്പൎയ്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തതു: പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല,

൰൯ നിൎദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടാകുന്ന ക്രിസ്തുവിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ.

൨൰ അവൻ ലോകസ്ഥാപനത്തിന്നു മുമ്പേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്നവരായ നിങ്ങൾ നിമിത്തം കാലങ്ങളുടെ അവസാനത്തിൽ വെളിപ്പെട്ടവനും ആകുന്നു.

൨൰൧ നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ഇരിക്കേണ്ടതിന്നു ദൈവം അവനെ മരിച്ചവരിൽനിന്നു എഴുനീല്പിച്ചു, അവന്നു തേജസ്സു കൊടുക്കയും ചെയ്തു.

൨൰൨ എന്നാൽ സത്യത്തെ അനുസരിക്കയിൽ നിങ്ങളുടെ ആത്മാക്കളെ നിൎവ്വ്യാജമായ സഹോദരപ്രീതിക്കായി നിൎമ്മലീകരിച്ചിട്ടു ഹൃദയപൂൎവ്വം തമ്മിൽ തമ്മിൽ ഉറ്റു സ്നേഹിപ്പിൻ.

൨൰൩ കെടുന്ന ബീജത്തിൽനിന്നല്ല, കെടാത്തതിൽനിന്നു, ജീവിക്കുന്നതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ നിങ്ങൾ വീണ്ടും ജനിച്ചവരല്ലോ.

൨൰൪ എന്തുകൊണ്ടെന്നാൽ സകല ജഡവും പുല്ലു പോലെയും അതിന്റെ മഹിമ എല്ലാം പുല്ലിന്റെ പൂ പോലെയും ആകുന്നു; പുല്ലു വാടി, പൂവും ഉതിൎന്നു;

൨൰൫ കൎത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു. അതു നിങ്ങളോടു സുവിശേഷിക്കപ്പെട്ട വചനം ആകുന്നു.

൨ാം അദ്ധ്യായം.

ആകയാൽ സകലദുഷ്ടതയും സകലചതിവും വ്യാജഭാവങ്ങളും അസൂയകളും സകലനുണകളും നീക്കിക്കളഞ്ഞു

൨ ഇപ്പോൾ ജനിച്ച ശിശുക്കളെപോലെ രക്ഷെക്കായിട്ടു വളരുവാനായി വചനം എന്ന മായമില്ലാത്ത പാലിനെ വാഞ്ഛിപ്പിൻ.

൩ കൎത്താവു ദയയുള്ളവൻ എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ.

൪ ആകാ എന്നു മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ തെരിഞ്ഞെടുക്കപ്പെട്ടതും മാന്യവുമായ ജീവനുള്ള കല്ലാകുന്ന അവന്റെ അടുക്കൽ ചേൎന്നുവന്നിട്ടു

൫ നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികബലികളെ കഴിപ്പാന്തക്ക വിശുദ്ധപുരോഹിത കുലമാകേണ്ടതിന്നു പണിയിക്കപ്പെടുന്നു.

൬ ഇതാ, തെരിഞ്ഞെടുക്കപ്പെട്ടതും മാ
ന്യവുമായ മൂലക്കല്ലിനെ ഞാൻ സീയോനി
ൽ സ്ഥാപിക്കുന്നു; അവനിൽ വിശ്വസി
ക്കുന്നവൻ ലജ്ജിച്ചുപോകയില്ല എന്നു
തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്നുവ
ല്ലോ.
൭ അതുകൊണ്ടു വിശ്വസിക്കുന്ന നി
ങ്ങൾക്കു ആ മാന്യതയുണ്ടു. വിശ്വസിക്കാ
ത്തവൎക്കോ വീടു പണിയുന്നവർ ആകാ
എന്നു തള്ളിക്കളഞ്ഞ കല്ലു തന്നേ കോ
ണിൻ തലയായി
൮ ഇടൎച്ചക്കല്ലും തടങ്ങൽപാറയുമായി
തീൎന്നു അവർ വചനത്തെ അനുസരിക്കാ
യ്കയാൽ ഇടറുന്നു; ആയതിന്നു അവർ
വെക്കപ്പെട്ടുമിരിക്കുന്നു.
൯ നിങ്ങളോ അന്ധകാരത്തിൽനിന്നു
തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങ
ളെ വിളിച്ചവന്റെ സൽഗുണങ്ങളെ വൎണ്ണി
പ്പാന്തക്കവണ്ണം തെരിഞ്ഞെടുക്കപ്പെട്ട ഒരു
ജാതിയും രാജപുരോഹിതകുലവും വിശു
ദ്ധവംശവും സമ്പാദ്യജനവും ആകുന്നു.
൧൦ മുമ്പേ നിങ്ങൾ ജനമല്ലാത്തവർ;
ഇപ്പോഴോ ദൈവത്തിന്റെ ജനം; കരു
ണ ലഭിക്കാതിരുന്നവർ; ഇപ്പോഴോ കരു
ണ ലഭിച്ചവർ തന്നേ.
൧൧ ¶ പ്രിയമുള്ളവരേ, പ്രവാസിക
ളും പരദേശികളും എന്നപോലെ നിങ്ങ
ൾ ആത്മാവിനോടു പോരാടുന്ന ജഡമോ
ഹങ്ങളെ വിട്ടകന്നു
൧൨ ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തി
ക്കാർ എന്നു ദുഷിക്കുന്ന കാൎയ്യത്തിൽ നി
ങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞി
ട്ടു സന്ദൎശനദിവസത്തിൽ ദൈവത്തെ മ
ഹത്വപ്പെടുത്തുവാനായി അവരുടെ ഇട
യിൽ നിങ്ങളുടെ നടപ്പു നല്ലതായിരിക്കേ
ണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.
൧൩ ¶ സകല മാനുഷനിയമത്തി
ന്നും കൎത്താവിന്റെ നിമിത്തം കീഴടങ്ങു
വിൻ.
൧൪ ശ്രേഷ്ഠാധികാരി എന്നു വെച്ചു
രാജാവിന്നും, ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡ
നത്തിന്നും സൽപ്രവൃത്തിക്കാരുടെ മാന
ത്തിന്നുമായി അവനാൽ അയക്കപ്പെട്ടവ
ർ എന്നു വെച്ചു നാടുവാഴികൾക്കും ത
ന്നേ.
൧൫ എന്തുകൊണ്ടെന്നാൽ നിങ്ങൾ ന
ന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനു
ഷ്യരുടെ ഭോഷത്വത്തെ മിണ്ടാതാക്കേ
ണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു.
൧൬ സ്വതന്ത്രരായും സ്വാതന്ത്ര്യത്തെ
ദുഷ്ടതെക്കു മറയാക്കാതെ ദൈവത്തി
ന്റെ ദാസന്മാരായും തന്നേ.
൧൭ എല്ലാവരെയും ബഹുമാനിപ്പിൻ;
സഹോദരവൎഗ്ഗത്തെ സ്നേഹിപ്പിൻ; ദൈ
വത്തെ ഭയപ്പെടുവിൻ; രാജാവിനെ ബ
ഹുമാനിപ്പിൻ.
൧൮ ¶ വേലക്കാരേ, സകലഭയത്തോ
ടുംകൂടെ യജമാനന്മാൎക്കു കീഴടങ്ങിയിരി
പ്പിൻ; നല്ലവൎക്കും ശാന്തന്മാൎക്കും മാത്രമല്ല,
മൂഢന്മാൎക്കും കൂടെ.
൧൯ എന്തുകൊണ്ടെന്നാൽ ഒരുത്തൻ
ദൈവത്തെ കുറിച്ചുള്ള മനോബോധം
നിമിത്തം അന്യായമായി കഷ്ടപ്പെട്ടു ദുഃ
ഖങ്ങളെ സഹിച്ചാൽ അതു പ്രസാദം ആ
കുന്നു.
൨൦ നിങ്ങൾ പാപം ചെയ്തിട്ടു അടി
കൊള്ളുമ്പോൾ സഹിച്ചാൽ എന്തു യശ
സ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടപ്പെടു
മ്പോൾ സഹിച്ചാൽ അതു ദൈവത്തി
ന്റെ മുമ്പാകേ പ്രസാദമാകുന്നു.
൨൧ ഇതിന്നായിട്ടു നിങ്ങൾ വിളിക്ക
പ്പെട്ടവരല്ലോ; ക്രിസ്തുവും നിങ്ങൾക്കു വേ
ണ്ടി കഷ്ടപ്പെട്ടു, നിങ്ങൾ അവന്റെ കാ
ൽച്ചുവടുകളെ പിന്തുടരുവാനായി ഒരു
മാതൃക വെച്ചേച്ചു പോയിരിക്കുന്നു.
൨൨ അവൻ പാപം ചെയ്തിട്ടില്ല, അ
വന്റെ വായിൽ ചതി കാണപ്പെട്ടതുമില്ല.
൨൩ അവൻ ശകാരിക്കപ്പെട്ടാറെ പ
കരം ശകാരിക്കാതെയും കഷ്ടം അനുഭവി
ച്ചാറെ ഭീഷണം പറയാതെയും നേരാ
യി വിധിക്കുന്നവങ്കൽ കാൎയ്യം ഭരമേല്പിക്ക
യത്രേ ചെയ്തതു.
൨൪ നാം പാപങ്ങൾക്കു മരിച്ചു നീതി
ക്കു ജീവിക്കേണ്ടതിന്നു അവൻ തന്നേ മ
രത്തിന്മേൽ തന്റെ ശരീരത്തിൽ നമ്മുടെ
പാപങ്ങളെ ചുമന്നു; അവന്റെ അടി

പ്പിണരാൽ നിങ്ങൾ സൌഖ്യപ്പെട്ടിരിക്കു
ന്നു.
൨൫ എന്തുകൊണ്ടെന്നാൽ നിങ്ങൾ തെ
റ്റി ഉഴലുന്ന ആടുകളെപോലെ ആയി
രുന്നു. ഇപ്പോഴൊ നിങ്ങളുടെ ആത്മാക്ക
ളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേ
ക്കു തിരിച്ചുവന്നിരിക്കുന്നു.

൩ാം അദ്ധ്യായം.

അപ്രകാരം തന്നേ ഭാൎയ്യമാരേ, നിങ്ങളു
ടെ സ്വന്തഭൎത്താക്കന്മാൎക്കു കീഴടങ്ങിയിരി
പ്പിൻ; അവരിൽ വല്ലവരും വചനത്തെ
അനുസരിക്കുന്നില്ലെങ്കിൽ ഭയത്തോടു കൂ
ടിയ നിങ്ങളുടെ നിൎമ്മലമായ നടപ്പിനെ
കണ്ടറിഞ്ഞു
൨ വചനം കൂടാതെ ഭാൎയ്യമാരുടെ നട
പ്പിനാൽ നേടപ്പെടേണ്ടതിന്നു തന്നേ.
൩ നിങ്ങളുടെ അലങ്കാരം തലമുടി
പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം
ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല,
൪ ദൈവത്തിന്റെ മുമ്പാകേ വിലയേ
റിയതായി സൌമ്യതയും സാവധാനതയു
മുള്ള ആത്മാവിന്റെ അക്ഷയതയിൽ ഹൃ
ദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആ
യിരിക്കേണം.
൫ ഇപ്രകാരമല്ലോ പണ്ടു ദൈവത്തി
ൽ ആശവെച്ചിരുന്ന വിശുദ്ധസ്ത്രീകളും ത
ങ്ങളുടെ ഭൎത്താക്കന്മാൎക്കു കീഴടങ്ങിയിരുന്നു
തങ്ങളെ തന്നേ അലങ്കരിച്ചതു.
൬ സാറ അബ്രഹാമിനെ യജമാനൻ
എന്നു വിളിച്ചു അനുസരിച്ചിരുന്നപ്രകാ
രം നിങ്ങളും നന്മ ചെയ്തു യാതൊരു ഭീഷ
ണിയും പേടിക്കാതിരുന്നാൽ അവളുടെ
മക്കൾ ആയ്തീൎന്നു.
൭ ¶ അപ്രകാരം തന്നേ ഭൎത്താക്കന്മാ
രേ, നിങ്ങളുടെ പ്രാൎത്ഥനെക്കു മുടക്കം വ
രാതിരിക്കേണ്ടതിന്നു വിവേകത്തോടെ
ഭാൎയ്യമാരോടുകൂടെ വസിച്ചു, സ്ത്രീജനം ബ
ലഹീനപാത്രം എന്നും അവർ ജീവന്റെ
കൃപെക്കു കൂട്ടവകാശികൾ എന്നും ഓൎത്തു
അവൎക്കു ബഹുമാനം കൊടുപ്പിൻ.
൮ ¶ തീൎച്ചെക്കു എല്ലാവരും ഐകമ
ത്യവും സഹതാപവും സഹോദരപ്രീതി
യും മനസ്സലിവും വിനയബുദ്ധിയുമുള്ളവ
രായി
൯ ദോഷത്തിന്നു ദോഷത്തെയും ശകാ
രത്തിന്നു ശകാരത്തെയും പകരം ചെയ്യാ
തെ നേരേമറിച്ചു; നിങ്ങൾ അനുഗ്രഹ
ത്തെ അനുഭവിക്കേണ്ടതിന്നായി വിളിക്ക
പ്പെട്ടതുകൊണ്ടു അനുഗ്രഹിക്കുന്നവരായു
മിരിപ്പിൻ.
൧൦ എന്തുകൊണ്ടെന്നാൽ: ജീവനെ
സ്നേഹിപ്പാനും നല്ല ദിവസങ്ങളെ കാണ്മാ
നും ഇച്ഛിക്കുന്നവൻ ദോഷത്തിൽനിന്നു
നാവിനെയും ചതി പറയാതവണ്ണം അ
ധരങ്ങളെയും അടക്കട്ടെ.
൧൧ അവൻ ദോഷത്തെ വിട്ടകന്നു ന
ന്മ ചെയ്കയും സമാധാനത്തെ തിരഞ്ഞു
പിന്തുടരുകയും ചെയ്യട്ടെ.
൧൨ കൎത്താവിന്റെ കണ്ണുകൾ നീതി
മാന്മാരുടെ മേലും അവന്റെ ചെവികൾ
അവരുടെ അപേക്ഷയിലേക്കും ആകു
ന്നു; എന്നാൽ കൎത്താവിന്റെ മുഖം ദോ
ഷം ചെയ്യുന്നവൎക്കു എതിരാകുന്നു.
൧൩ പിന്നെ നിങ്ങൾ നല്ലതിൽ എരി
വുള്ളവർ ആകുന്നു എങ്കിൽ നിങ്ങൾക്കു
ദോഷം ചെയ്യുന്നവൻ ആർ?
൧൪ എന്നാൽ നീതി നിമിത്തം കഷ്ട
പ്പെടേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാ
ന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയ
പ്പെടുകയും കലങ്ങുകയുമരുതു; എന്നാൽ
ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ
കൎത്താവായി വിശുദ്ധീകരിപ്പിൻ.
൧൫ നിങ്ങളിലുള്ള പ്രത്യാശയെ കുറി
ച്ചു ന്യായം ചോദിക്കുന്ന ഏവനോടും
സൌമ്യതയും ഭയവും കലൎന്നു പ്രതിവാ
ദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പി
ൻ.
൧൬ ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല ന
ടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴി
ച്ചുപറയുന്നതിൽ ലജ്ജിപ്പാനായിട്ടു നല്ല
മനസ്സാക്ഷിയുള്ളവരായിരിപ്പിൻ.
൧൭ നിങ്ങൾ കഷ്ടപ്പെടേണം എന്നു
ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല ന
ന്മ ചെയ്തിട്ടു ആകുന്നതു ഏററവും നന്നു.
൧൮ ക്രിസ്തുവും നമ്മെ ദൈവത്തോടു
അടുപ്പിക്കേണ്ടതിന്നു പാപങ്ങൾ നിമി

ത്തം ഒരിക്കൽ കഷ്ടപ്പെട്ടു; നീതിമാൻ നീ
തികെട്ടവൎക്ക് വേണ്ടി തന്നേ; ജഡത്തി
ൽ താൻ കൊല്ലപ്പെട്ടുകയും ആത്മാവിൽ
ജീവിപ്പിക്കപ്പെട്ടുകയും ചെയ്തു.
൧൯ ആത്മാവിൽ തന്നേ അവൻ
പോയി, പണ്ടു നോഹയുടെ ദിവസങ്ങ
ളിൽ പെട്ടകം ഒരുക്കുന്ന സമയം ദൈവ
ത്തിന്റെ ദീൎഘക്ഷമ കാത്തിരിക്കുമ്പോൾ
അനുസരിക്കാത്തവരായി തടവിലുള്ള ആ
ത്മാക്കളോടു പ്രസംഗിച്ചു.
൨൦ ആ പെട്ടകത്തിൽ അല്പജനം അ
തായതു എട്ടുപേർ വെള്ളത്തൂടെ രക്ഷിക്ക
പ്പെട്ടു.
൨൧ അതിന്നു സാദൃശമായിട്ടു ഇപ്പോ
ൾ സ്നാനം—ജഡത്തിന്റെ അഴുക്കിനെ
കളയുന്നതു എന്നല്ല, ദൈവത്തോടു ന
ല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയത്രേ
യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ
നമ്മെയും രക്ഷിക്കുന്നു.
൨൨ അവൻ സ്വൎഗ്ഗത്തിലേക്കു പോ
യി ദൈവത്തിന്റെ വലഭാഗത്തു ഇരിക്കു
ന്നു. ദൂതന്മാരും അധികാരങ്ങളും ശക്തി
കളും തനിക്കു കീഴ്പെട്ടുമിരിക്കുന്നു.

൪ാം അദ്ധ്യായം.

ആകയാൽ ക്രിസ്തു ജഡത്തിൽ കഷ്ടമനു
ഭവിച്ചതുകൊണ്ടു നിങ്ങളും ആ ഭാവ
ത്തെ തന്നേ ആയുധമായി ധരിപ്പിൻ.
൨ എന്തുകൊണ്ടെന്നാൽ ജഡത്തിൽ
കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷി
ച്ചിരിക്കുംകാലം ഇനി മനുഷ്യരുടെ മോ
ഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തി
ന്നത്രേ ജീവിക്കേണ്ടതിന്നു പാപം വി
ട്ടൊഴിഞ്ഞിരിക്കുന്നു.
൩ കാമാൎത്തികളിലും മോഹങ്ങളിലും
വീഞ്ഞുകുടികളിലും വെറിക്കൂത്തുകളിലും
മദ്യപാനങ്ങളിലും ധൎമ്മവിരുദ്ധമായുള്ള
വിഗ്രഹാരാധനകളിലും നടന്നു ജാതിക
ളുടെ ഇഷ്ടത്തെ പ്രവൃത്തിച്ചുകൊണ്ടു കാ
ലം പോക്കിയതു മതി.
൪ ദുൎന്നടപ്പിന്റെ ആ ആധിക്യത്തി
ലേക്കു തന്നേ നിങ്ങൾ അവരോടുകൂടെ
ഓടാതിരിക്കുന്നതു അപൂൎവ്വം എന്നു വി
ചാരിച്ചു അവർ ദുഷിക്കുന്നു.
൫ ജീവികളെയും മരിച്ചവരെയും
ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്ന
വന്നു അവർ കണക്കു ബോധിപ്പിക്കേ
ണ്ടി വരും.
൬ ഇതിന്നായിട്ടല്ലോ മരിച്ചവൎക്കും സു
വിശേഷം അറിയിക്കപ്പെട്ടതു; അവർ ജ
ഡത്തിൽ മനുഷ്യപ്രകാരം വിധിക്കപ്പെടു
കയും ആത്മാവിലോ ദൈവപ്രകാരം ജീ
വിക്കയും ചെയ്യേണ്ടതിന്നു തന്നേ.
൭ ¶ എന്നാൽ എല്ലാററിന്റെയും അ
വസാനം സമീപിച്ചിരിക്കുന്നു; ആകയാ
ൽ പ്രാൎത്ഥനെക്കു സുബോധമുള്ളവരും നി
ൎമ്മലരുമായിരിപ്പിൻ.
൮ സകലത്തിന്നും മുമ്പേ തമ്മിൽ ത
മ്മിൽ ഉററസ്നേഹമുള്ളവരായിരിപ്പിൻ.
സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മ
റെക്കുന്നു.
൯ പിറുപിറുപ്പു കൂടാതെ തമ്മിൽ ത
മ്മിൽ അതിഥിസല്ക്കാരം ആചരിപ്പിൻ.
൧൦ ഓരോരുത്തന്നു വരം ലഭിച്ചപ്രകാ
രം പലവിധമായുള്ള ദൈവകൃപയുടെ
നല്ല വീട്ടുവിചാരകരായി അതിനെക്കൊ
ണ്ടു തമ്മിൽ തമ്മിൽ ശുശ്രൂഷിപ്പിൻ.
൧൧ ഒരുത്തൻ സംസാരിക്കുന്നു എങ്കി
ൽ ദൈവത്തിന്റെ അരുളപ്പാടുകൾ എ
ന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു
എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിപ്രകാര
വും ആകട്ടെ. എല്ലാററിലും ദൈവം യേ
ശുക്രിസ്തു മൂലം മഹത്വപ്പെടുവാനായി ത
ന്നേ. മഹത്വവും ബലവും എന്നെന്നേ
ക്കും അവന്നുള്ളതാകുന്നു. ആമെൻ.
൧൨ ¶ പ്രിയമുള്ളവരേ, നിങ്ങൾക്കു
പരീക്ഷെക്കായി സംഭവിച്ചിരിക്കുന്ന അ
ഗ്നിശോധനയിങ്കൽ ഒരു അപൂൎവ്വകാൎയ്യം
നിങ്ങൾക്കു വന്നുകൂടിയപ്രകാരം അതിശ
യിച്ചുപോകരുതു.
൧൩ ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കു
ള്ളവരാകുംതോറും നിങ്ങൾ അവന്റെ
തേജസ്സിന്റെ പ്രത്യക്ഷതയിങ്കൽ ഉല്ലസി
ച്ചാനന്ദിപ്പാനായി സന്തോഷിച്ചുകൊൾ
വിൻ.
൧൪ നിങ്ങൾ ക്രിസ്തുവിന്റെ നാമം
ഹേതുവായി നിന്ദിക്കപ്പെട്ടാൽ ഭാഗ്യവാ
ന്മാർ; മഹത്വത്തിന്റെ ആത്മാവായ

ദൈവാത്മാവു നിങ്ങളുടെമേൽ ആവസി
ക്കയാൽ തന്നേ.
൧൫ നിങ്ങളിൽ ആരും കുലപാതക
നോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആ
യിട്ടു കഷ്ടപ്പെടരുതു; പരകാൎയ്യത്തിൽ ഇട
പെടുന്നവനായും അരുതു;
൧൬ ക്രിസ്ത്യാനിയായിട്ടു എന്നുവരികി
ലോ ലജ്ജിക്കരുതു; ഈ നാമത്തിൽ ദൈ
വത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ട
തു.
൧൭ എന്തുകൊണ്ടെന്നാൽ ന്യായവി
ധി ദൈവഗൃഹത്തിൽ ആരംഭിപ്പാനുള്ള
സമയമായി. അതു ആദ്യം നമ്മിൽ എ
ന്നു വന്നാൽ ദൈവത്തിന്റെ സുവിശേ
ഷത്തെ അനുസരിക്കാത്തവരുടെ അവ
സാനം എന്തു?
൧൮ പിന്നെ നീതിമാൻ പ്രയാസ
ത്തോടെ രക്ഷപ്പെടുന്നു എങ്കിൽ ഭക്തിഹീ
നനും പാപിയും എവിടെ കാണപ്പെടും?
൧൯ അതുകൊണ്ടു ദൈവേഷ്ടപ്രകാ
രം കഷ്ടപ്പെടുന്നവർ നന്മ ചെയ്യുന്നതിൽ
തങ്ങളുടെ ആത്മാക്കളെ വിശ്വസ്തനായ
സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ.

൫ാം അദ്ധ്യായം.

നിങ്ങളിലുള്ള മൂപ്പന്മാരെ ഒരു കൂട്ടുമൂപ്പ
നും ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു സാക്ഷി
യും വെളിപ്പെടുവാനുള്ള തേജസ്സിന്നു കൂ
ട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കു
ന്നതു:
൨ നിങ്ങളുടെ വിചാരണയിലുള്ള ദൈ
വത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചു
കൊണ്ടു അദ്ധ്യക്ഷത ചെയ്വിൻ. നിൎബ്ബന്ധ
ത്താലല്ല, ദൈവത്തിന്നു ഹിതമാംവണ്ണം
മനഃപൂൎവ്വമായും; ദുരാഭത്തിന്നായിട്ടല്ല,
ഉന്മേഷത്തോടു കൂടെയും;
൩ ഇടവകകളുടെമേൽ കൎത്തൃത്വം ന
ടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിന്നു
മാതൃകകളായി തീൎന്നുകൊണ്ടും അത്രേ.
൪ എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷ
നാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാ
ടാത്ത കിരീടം പ്രാപിക്കും.
൫ അപ്രകാരം തന്നേ ഇളയവരേ,
മൂപ്പന്മാൎക്കു കീഴടങ്ങുവിൻ, എല്ലാവരും ത
മ്മിൽ തമ്മിൽ കീഴടങ്ങി മനത്താഴ്മയെ ഉ
ടുത്തുകൊൾവിൻ; എന്തുകൊണ്ടെന്നാൽ
ദൈവം നിഗളികളോടു എതിൎത്തു നില്ക്കു
ന്നു, താഴ്മയുള്ളവൎക്കോ കൃപ നല്കുന്നു.
൬ അതുകൊണ്ടു അവൻ തക്കസമയ
ത്തു നിങ്ങളെ ഉയൎത്തുവാനായിട്ടു ദൈവ
ത്തിന്റെ ബലമുള്ള കൈക്കീഴ താണിരി
പ്പിൻ.
൭ അവൻ നിങ്ങൾക്കായി കരുതുന്നതാ
കയാൽ നിങ്ങളുടെ സകല ചിന്താകുല
വും അവന്റെമേൽ ഇട്ടുകൊൾവിൻ.
൮ നിൎമ്മദരായിരിപ്പിൻ; ഉണൎന്നിരി
പ്പിൻ; നിങ്ങളുടെ പ്രതിയോഗിയാകുന്ന
പിശാചു അലറുന്ന സിംഹംപോലെ
ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചു
റ്റിനടക്കുന്നു.
൯ ലോകത്തിൽ നിങ്ങൾക്കുള്ള സഹോ
ദരവൎഗ്ഗത്തിന്നു ആ വക കഷ്ടപ്പാടുകൾ
തന്നേ പൂൎത്തിയായി വരുന്നു എന്നറിഞ്ഞു
വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവ
നോടു എതിൎത്തു നില്പിൻ.
൧൦ എന്നാൽ അല്പകാലത്തേക്കു കഷ്ട
പ്പെടുന്നവരായ നിങ്ങളെ ക്രിസ്തുവിൽ ത
ന്റെ നിത്യതേജസ്സിലേക്കു വിളിച്ചിരിക്കു
ന്ന സൎവ്വകൃപാലുവായ ദൈവം തന്നേ യ
ഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരി
ക്കും.
൧൧ ബലം എന്നെന്നേക്കും അവന്നു
ള്ളതു ആമെൻ.
൧൨ ¶ നിങ്ങളെ പ്രബോധിപ്പിച്ചു
കൊണ്ടും നിങ്ങൾ ഈ നില്ക്കുന്നതു ദൈവ
ത്തിന്റെ സത്യകൃപയിൽ ആകുന്നു എന്നു
സാക്ഷീകരിച്ചും ഞാൻ നിങ്ങൾക്കു വിശ്വ
സ്തസഹോദരൻ എന്നു നിരൂപിക്കുന്ന സി
ല്വാനൊസ് മുഖാന്തരം ചുരുക്കത്തിൽ എഴു
തി അയച്ചിരിക്കുന്നു.
൧൩ നിങ്ങളോടുകൂടെ തെരിഞ്ഞെടുക്ക
പ്പെട്ട ബാബിലോനിലേ സഭയും എ
ന്റെ പുത്രൻ മൎക്കൊസും നിങ്ങൾക്കു വന്ദ
നം ചൊല്ലുന്നു.
൧൪ സ്നേഹചുംബനത്താൽ തമ്മിൽ ത
മ്മിൽ തമ്മിൽ വന്ദനം ചെയ്വിൻ. ക്രിസ്തു
വിലുള്ള നിങ്ങൾക്കു എല്ലാവൎക്കും സമാധാ
നം ഉണ്ടാകുമാറാക.

THE SECOND EPISTLE GENERAL OF
PETER.

പത്രൊസ്
എഴുതിയ പൊതുവിലുള്ള രണ്ടാം ലേഖനം.

൧ാം അദ്ധ്യായം.

യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവത്തിന്റെയും രക്ഷിതാവായ യേശുക്രിസ്തുവിന്റെയും നീതിയിൽ ഞങ്ങളെപോലെ തന്നേ വിലയേറിയ വിശ്വാസം പ്രാപിച്ചവൎക്ക എഴുതുന്നതു:

൨ ദൈവത്തെയും നമ്മുടെ കൎത്താവായ യേശുവിനെയും കുറിച്ചുള്ള പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും വൎദ്ധിക്കുമാറാക.

൩ തന്റെ മഹത്വത്താലും വീൎയ്യത്താലും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പരിജ്ഞാനം മൂലം അവന്റെ ദിവ്യശക്തി ജീവനും ദൈവഭക്തിക്കും വേണ്ടിയവ ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ.

൪ അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളെയും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശത്തിൽനിന്നു തെറ്റി മാറീട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായി തീരേണ്ടതിന്നു തന്നേ.

൫ എന്നാൽ അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു: നിങ്ങളുടെ വിശ്വാസത്തിൽ വീൎയ്യവും വീൎയ്യത്തിൽ ജ്ഞാനവും

൬ ജ്ഞാനത്തിൽ ഇന്ദ്രിയജയവും ഇന്ദ്രിയജയത്തിൽ ക്ഷമയും ക്ഷമയിൽ ദൈവഭക്തിയും

൭ ദൈവഭക്തിയിൽ സഹോദരപ്രീതിയും സഹോദരപ്രീതിയിൽ സ്നേഹവും കൂട്ടിക്കൊൾവിൻ.

൮ എന്തുകൊണ്ടെന്നാൽ ഇവ നിങ്ങൾക്കുണ്ടായി വൎദ്ധിച്ചാൽ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്നായി നിങ്ങളെ മടിയും നിഷ്ഫലത്വവും ഇല്ലാത്തവരാക്കും.

൯ എന്നാൽ ഇവ കൂടാതെയുള്ളവൻ കുരുടനും ദൂരദൃഷ്ടിയില്ലാത്തവനും തന്റെ മുമ്പിലത്തേ പാപങ്ങളുടേ ശുദ്ധീകരണത്തെ മറന്നവനും ആകുന്നു.

൧൦ അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയേയും തെരിഞ്ഞെടുപ്പിനെയും ഉറപ്പാക്കുവാൻ അധികമായി ശ്രമിപ്പിൻ, ഇവ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറുകയില്ല.

൧൧ ഇങ്ങനെ നമ്മുടെ കൎത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്കു സമൃദ്ധിയായി നല്കപ്പെടും.

൧൨ ¶ അതുകൊണ്ടു നിങ്ങൾ അറിഞ്ഞവരും നിങ്ങൾക്കുള്ള സത്യത്തിൽ സ്ഥിരപ്പെട്ടവരും എന്നുവരികിലും ഇവയെക്കുറിച്ചു നിങ്ങളെ എപ്പോഴും ഓൎപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും.

൧൩ നമ്മുടെ കൎത്താവായ യേശുക്രിസ്തു എനിക്കു സൂചിപ്പിച്ചുതന്നപ്രകാരം എന്റെ കൂടാരം ഇട്ടേച്ചു പോവാൻ അടുത്തിരിക്കുന്നു എന്നു അറിഞ്ഞിരിക്കയാൽ

൧൪ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നെടത്തോളവും നിങ്ങളെ ഓൎപ്പിച്ചുണൎത്തുക ന്യായം എന്നു വിചാരിക്കുന്നു.

൧൫ നിങ്ങൾ അവയെ എന്റെ നിൎയ്യാണത്തിന്റെ ശേഷം എപ്പോഴും ഓൎത്തുകൊള്ളേണ്ടതിന്നും ഞാൻ ഉത്സാഹിക്കും.

൧൬ എന്തുകൊണ്ടെന്നാൽ ഞങ്ങൾ ന

മ്മുടെ കൎത്താവായ യേശുക്രിസ്തുവിൻെറ
ശക്തിയെയും വരവിനെയും നിങ്ങളോടു
അറിയിച്ചതു: നിൎമ്മിതകഥകളെ പ്രമാ
ണിച്ചിട്ടല്ല, അവൻെറ മഹിമയെ കണ്ട
സാക്ഷികളായി തീൎന്നിട്ടത്രേ.
൧൭ എങ്ങനെയെന്നാൽ: ഇവൻ എ
ൻെറ പ്രിയപുത്രൻ ആകുന്നു, ഇവങ്കൽ
ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നുള്ള ശ
ബ്ദം അതിശ്രേഷ്ഠതേജസ്സിൽനിന്നു വന്ന
പ്പോൾ പിതാവായ ദൈവത്തിൽ നിന്നു
അവന്നു മാനവും തേജസ്സും ലഭിച്ചു.
൧൮ ഈ ശബ്ദം ഞങ്ങൾ അവനോടു
കൂടെ വിശുദ്ധമലയിൽ ഇരിക്കുമ്പോൾ
സ്വൎഗ്ഗത്തിൽനിന്നു വരുന്നതു കേട്ടു.
൧൯ പ്രവാചകവാക്യവും അധികം
സ്ഥിരമായിട്ടു നമുക്കുണ്ടു. നേരം വെളുക്കു
കയും നിങ്ങളുടെ ഹൃദയങ്ങളിൽ പെരു
മീൻ ഉദിക്കയും ചെയ്വോളം ഇരുണ്ട സ്ഥ
ലത്തു പ്രകാശിക്കുന്ന വിളക്കു പോലെ
അതിനെ കരുതിക്കൊണ്ടാൽ നന്നു.
൨൦ തിരുവെഴുത്തിലെ പ്രവചനം ഒ
ന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാ
കുന്നതല്ല എന്നു മുമ്പേതന്നേ അറിഞ്ഞു
കൊള്ളേണം.
൨൧ പ്രവചനം ഒരിക്കലും മനുഷ്യ
ൻെറ ഇഷ്ടത്താൽ വന്നതല്ല, ദൈവത്തി
ൻെറ വിശുദ്ധമനുഷ്യർ പരിശുദ്ധാത്മാ
വിനാൽ ആവേശിക്കപ്പെട്ടിട്ടു സംസാരി
ച്ചതത്രേ.

൨ാം അദ്ധ്യായം.

എന്നാൽ കള്ളപ്രവാചകന്മാരും ജനത്തി
ൻെറ ഇടയിൽ ഉണ്ടായിരുന്നു. അപ്രകാ
രം നിങ്ങളിലും കള്ളയുപദേഷ്ടാക്കൾ ഉ
ണ്ടായി നാശകരമായ മതഭേദങ്ങളെ നു
ഴയിച്ചു തങ്ങളെ വിലെക്കു വാങ്ങിയ നാ
ഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ
വെട്ടെന്നുള്ള നാശം വരുത്തും.
൨ അവരുടെ ദുഷ്കാമവൃത്തികളെ പല
രും പിന്തുടരും ആയവരുടെ നിമിത്തം
സത്യത്തിൻെറ വഴി ദുഷിക്കപ്പെടും.
൩ അവർ ദ്രവ്യാഗ്രഹത്തിൽ കൌശല
വാക്കുകളെകൊണ്ടു നിങ്ങളെ വാണിഭം
ആക്കും. അവൎക്കു പൂൎവ്വകാലം മുതൽ ന്യാ
യവിധി താമസിക്കുന്നില്ല; അവരുടെ
നാശം ഉറങ്ങുന്നതുമില്ല.
൪ പാപം ചെയ്ത ദൂതന്മാരെ ദൈവം
ആദരിക്കാതെ അന്ധതമസ്സിൻെറ ചങ്ങ
ലകളാൽ നരകത്തിലാക്കി ന്യായവിധി
ക്കായി കാപ്പാൻ ഏല്പിക്കയും
൫ പഴയ ലോകത്തെയും ആദരിക്കാ
തെ ഭക്തികെട്ടവരുടെ ലോകത്തിൽ ജ
ലപ്രളയം വരുത്തിയപ്പോൾ നീതി പ്ര
സംഗിച്ചവനായ നോഹയെ ഏഴ പേ
രോടുകൂടെ പാലിക്കയും
൬ സൊദോം ഗൊമോറാ എന്ന പട്ട
ണങ്ങളെ ഭസ്മീകരിച്ചു ഉന്മൂലനാശത്താൽ
ന്യായംവിധിച്ചു മേലാൽ ഭക്തികെട്ടവരാ
യി നടക്കുന്നവൎക്കു ദൃഷ്ടാന്തമാക്കി വെക്ക
യും
൭ അധൎമ്മികളുടെ ഇടയിൽ വസിച്ചി
രിക്കുമ്പോൾ നാൾതോറും അധൎമ്മ പ്രവൃ
ത്തികളെ കണ്ടും കേട്ടും തൻെറ നീതിയു
ള്ള ആത്മാവിൽ നൊന്തു
൮ അവരുടെ ദുഷ്കാമവൃത്തിയാൽ വല
ഞ്ഞുപോയ നീതിമാനായ ലോത്തിനെ
വിടുവിക്കയും ചെയ്തു എങ്കിൽ
൯ കൎത്താവു ഭക്തന്മാരെ പരീക്ഷയി
ൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ
ന്യായവിധിനാളിലേ ദണ്ഡനത്തിന്നായി
കാപ്പാനും അറിയുന്നുവല്ലോ.
൧൦ വിശേഷാൽ മലിനമോഹംകൊ
ണ്ടു ജഡത്തിൻെറ പിന്നാലെ നടക്കയും
കൎത്തൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവ
രെ തന്നേ.
൧൧ ബലത്തിലും ശക്തിയിലും ഏറു
ന്ന ദൂതന്മാർ കൎത്താവിൻെറ മുമ്പാകേ
അവരുടെ നേരെ ദൂഷണവിധി ഉച്ചരി
ക്കാതിരിക്കേ, ആധാഷ്ട്യമുള്ള തന്നിഷ്ടക്കാ
ർ മഹിമകളെ ദുഷിപ്പാൻ അഞ്ചുന്നില്ല.
൧൨ അവർ സ്വഭാവേന പിടിപെട്ടു
നശിക്കുന്നതിന്നായി പിറന്ന ബുദ്ധിയി
ല്ലാത്ത ജന്തുക്കളെ പോലെ തങ്ങൾ അറി
യാത്തവയെ ദുഷിക്കയാൽ അനീതിയുടെ
കൂലി അനുഭവിച്ചുകൊണ്ടു തങ്ങളുടെ നാ
ശത്തിൽ നശിച്ചുപോകും.
൧൩ അവർ പകലിലേ ഭോഗതൃപ്തി
സുഖം എന്നു എണ്ണിക്കൊണ്ടു നിങ്ങളുടെ

സ്നേഹസദ്യകളിൽ നിങ്ങളോടുകൂടെ വി
രുന്നുകഴിഞ്ഞു പുളെക്കുന്ന കറകളും കള
ങ്കങ്ങളുമായി,
൧൪ വ്യഭിചാരിണിയെക്കൊണ്ടു നിറ
ഞ്ഞും പാപം വിട്ടടങ്ങാതെയുമിരിക്കുന്ന
കണ്ണുള്ളവരും സ്ഥിരമില്ലാത്ത ആത്മാക്ക
ളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തി
ൽ അഭ്യസിച്ച ഹൃദയമുള്ളവരുമായ ശാ
പമക്കൾ.
൧൫ അവർ നേർവ്വഴി വിട്ടുംകളഞ്ഞു
ബെയോറിന്റെ പുത്രനായ ബാലാമി
ന്റെ വഴിയെപിന്തുടൎന്നു തെറ്റിപ്പോയി
൧൬ അവൻ അനീതിയുടെ കൂലിയെ
സ്നേഹിച്ചു; എന്നാൽ തന്റെ അകൃത്യത്തി
ന്നു ശാസന കിട്ടി; ഉരിയാടാക്കഴുത മനു
ഷ്യശബ്ദമായി ശബ്ദിച്ചു പ്രവാചകന്റെ
ബുദ്ധിഭ്രമത്തെ തടുത്തു.
൧൭ ഇവർ വെള്ളമില്ലാത്ത ഉറവുകളും
കൊടുങ്കാറ്റുകൊണ്ടു ഓടുന്ന മഞ്ഞുമേഘ
ങ്ങളും ആകുന്നു അവൎക്കായി കൂരിരുട്ടു സം
ഗ്രഹിച്ചിരിക്കുന്നു.
൧൮ എന്തുകൊണ്ടെന്നാൽ വഴിതെ
റ്റിൽ നടക്കുന്നവരിൽനിന്നു അല്പം വേ
ൎവ്വിട്ടു വരുന്നവരെ ഇവർ വ്യൎത്ഥവമ്പുക
ൾ പറഞ്ഞു ദുഷ്കാമവൃത്തികളാൽ കാമഭോ
ഗങ്ങളിൽ കുടുക്കുന്നു.
൧൯ അവൎക്കു സ്വാതന്ത്ര്യത്തെ വാഗ്ദ
ത്തം ചെയ്കയിൽ തങ്ങൾ തന്നേ നാശ
ത്തിന്റെ അടിമകളായിരിക്കുന്നു. ഒരുത്ത
ൻ യാതൊന്നിനോടു തോല്ക്കുന്നുവോ അ
തിന്നു അടിമപ്പെടുകയും ചെയ്യുന്നുവ
ല്ലോ.
൨൦ കൎത്താവും രക്ഷിതാവുമായ യേശു
ക്രിസ്തുവിനെ കുറിച്ചുള്ള അറിവിനാൽ
ലോകത്തിന്റെ മലിനതകളെ വിട്ടോടി
യവർ അവയിൽ വീണ്ടും കുടുങ്ങി തോ
റ്റുപോയാൽ അവരുടെ ഒടുവിലത്തെ
സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം
വഷളായിപ്പോയി.
൨൧ തങ്ങൾക്കു ഏല്പിക്കപ്പെട്ട വിശുദ്ധ
കല്പനയെ നീതിയുടെ വഴി അറിഞ്ഞശേ
ഷം വിട്ടുകളയുന്നതിനേക്കാൾ അതു അ
റിയാതിരുന്നു എങ്കിൽ അവൎക്കു നന്നായി
രുന്നു.
൨൨ എന്നാൽ സ്വന്തഛൎദ്ദിക്കു തിരി
ഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉ
രുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള
സത്യപഴഞ്ചൊല്ലു പോലെ അവൎക്കു സം
ഭവിച്ചു.

൩ാം അദ്ധ്യായം.

പ്രിയമുള്ളവരേ, ഞാൻ ഇപ്പോൾ നിങ്ങ
ൾക്കു എഴുതുന്നതു രണ്ടാം ലേഖനമാകു
ന്നുവല്ലോ,
൨ വിശുദ്ധ പ്രവാചകന്മാർ മുൻ പറ
ഞ്ഞ വചനങ്ങളെയും നിങ്ങളുടെ അപ്പൊ
സ്തലന്മാർ മുഖാന്തരം കൎത്താവും രക്ഷിതാ
വുമായവൻ തന്ന കല്പനയെയും ഓൎത്തു
കൊള്ളേണമെന്നു ഈ രണ്ടു ലേഖനങ്ങ
ളാലും ഞാൻ നിങ്ങളെ ഓൎമ്മപ്പെടുത്തി
ക്കൊണ്ടു നിങ്ങളുടെ പരമാൎത്ഥബുദ്ധിയെ
ഉണൎത്തുന്നു.
൩ തങ്ങളുടെ സ്വന്തമോഹങ്ങളെ അ
നുസരിച്ചു നടക്കയും: അവന്റെ പ്രത്യ
ക്ഷതയുടെ വാഗ്ദത്തം എവിടെ?
൪ പിതാക്കന്മാർ നിദ്രകൊണ്ടതു മുത
ൽ സകലവും സൃഷ്ടിയുടെ ആരംഭം തൊ
ട്ടു ഇങ്ങനെ തന്നേ ഇരിക്കുന്നുവല്ലോ എ
ന്നു പറകയും ചെയ്യുന്ന പരിഹാസക്കാർ
പരിഹാസത്തോടെ അന്ത്യദിവസങ്ങളി
ൽ വരുമെന്നുള്ളതിനെ വിശേഷാൽ അ
റിഞ്ഞുകൊൾവിൻ.
൫ എന്തുകൊണ്ടെന്നാൽ ആകാശവും
വെള്ളത്തിൽനിന്നും വെള്ളത്തൂടെയും ഉള
വായ ഭൂമിയും പണ്ടു ദൈവത്തിന്റെ വ
ചനത്താൽ ഉണ്ടായി എന്നും
൬ അവയാൽ അന്നുള്ള ലോകം ജല
പ്രളയത്തിൽ മുങ്ങി നശിച്ചു എന്നും
൭ ഇപ്പോഴത്തേ ആകാശവും ഭൂമിയും
ആ വചനത്താൽ തന്നേ നിക്ഷേപിക്ക
പ്പെട്ടു, ന്യായവിധിയും ഭക്തികെട്ട മനു
ഷ്യരുടെ നാശവും സംഭവിക്കുന്ന ദിവസ
ത്തേക്കു അഗ്നിക്കായിട്ടു കാക്കപ്പെട്ടിരിക്കു
ന്നു എന്നും അവർ മനസ്സോടെ മറന്നുക
ളയുന്നു.
൮ ¶ എന്നാൽ പ്രിയമുള്ളവരേ, ക
ൎത്താവിന്റെ മുമ്പാകെ ഒരു ദിവസം ആ
യിരം വൎഷം പോലെയും ആയിരം വൎഷം

ഒരു ദിവസം പോലെയും എന്നീ കാൎയ്യം
നിങ്ങൾ മറക്കരുതു.
൯ ചിലർ താമസം എന്നു വിചാരിക്കു
ന്നപ്രകാരം കൎത്താവു തന്റെ വാഗ്ദത്ത
ത്തെ കുറിച്ചു താമസിക്കുന്നില്ല: ആരും
നശിച്ചു പോകാതെ എല്ലാവരും മാനസാ
ന്തരത്തിലേക്കു വരുവാൻ അവൻ ഇച്ഛി
ച്ചു നിങ്ങളോടു ദീൎഘക്ഷമ കാണിക്കുന്ന
തേയുള്ളൂ.
൰ എന്നാൽ കൎത്താവിന്റെ ദിവസം
കള്ളനെപ്പോലെ വരും. ആയതിൽ ആ
കാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു
പോകും; ആദിഭൂതങ്ങൾ കത്തിയഴിക
യും ഭൂമിയും അതിലുള്ള പണികളും വെ
ന്തുപോകയും ചെയ്യും.
൰൧ ഇങ്ങനെ ഇവ ഒക്കെയും അഴിവാ
നുള്ളതായിരിക്കേ നിങ്ങൾ ആകാശം ചുട്ട
ഴിവാനും ആദിഭൂതങ്ങൾ വെന്തുരുകുവാ
നും ഉള്ള ദൈവദിവസത്തിന്റെ വരവി
നെ കാത്തിരുന്നും ബദ്ധപ്പെടുത്തിയും
കൊണ്ടു
൰൨ വിശുദ്ധനടപ്പിലും ഭക്തിയിലും
എങ്ങനെയുള്ളവർ ആയിരിക്കേണ്ടതാകു
ന്നു.
൰൩ എന്നാൽ നീതി വസിക്കുന്നതാ
യ പുതിയ ആകാശത്തിന്നും പുതിയ ഭൂ
മിക്കുമായിട്ടു അവന്റെ വാഗ്ദത്തപ്രകാരം
നാം കാത്തിരിക്കുന്നു.
൰൪ ¶ അതുകൊണ്ടു പ്രിയമുള്ളവരേ,
നിങ്ങൾ ഇവെക്കായി കാത്തിരിക്കയാൽ
അവന്റെ മുമ്പാകേ കറയും കളങ്കവും
ഇല്ലാതെ സമാധാനത്തിൽ കാണപ്പെടുവാ
ൻ ഉത്സാഹിച്ചുകൊണ്ടു
൰൫ നമ്മുടെ കൎത്താവിന്റെ ദീൎഘക്ഷ
മയെ രക്ഷ എന്നു വിചാരിപ്പിൻ. അപ്ര
കാരം നമ്മുടെ പ്രിയ സഹോദരനായ
പൌലൊസും തനിക്കു നല്കപ്പെട്ട ജ്ഞാന
ത്തിന്നു തക്കവണ്ണം നിങ്ങൾക്കും
൰൬ ഇവയെ കുറിച്ചു സംസാരിക്കുന്ന
സകല ലേഖനങ്ങളിലും എഴുതീട്ടുണ്ട
ല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമു
ള്ളവ ചിലതുണ്ടു; അവയെ അറിവില്ലാ
ത്തവരും അസ്ഥിരന്മാരും ശേഷം തിരു
വെഴുത്തുകളെ പോലെ തന്നേ തങ്ങളു
ടെ നാശത്തിന്നായി കോട്ടിക്കളയുന്നു.
൰൭ ആകയാൽ പ്രിയമുള്ളവരേ, നിങ്ങ
ൾ മുമ്പുകൂട്ടി അറിഞ്ഞവർ ആകയാൽ അ
ധൎമ്മികളുടെ വഞ്ചനയാൽ കൂടി വലിക്ക
പ്പെട്ടിട്ടു സ്വന്തസ്ഥിരതയിൽനിന്നു വീ
ണുപോകാതിരിപ്പാൻ കാത്തുകൊണ്ടു
൰൮ കൃപയിലും നമ്മുടെ കൎത്താവും
രക്ഷിതാവുമായ യേശുക്രിസ്തുവിനെ കുറി
ച്ചുള്ള അറിവിലും വളരുവിൻ. അവന്നു
ഇപ്പോഴും എന്നെന്നേക്കും മഹത്വം ആ
മെൻ.

THE FIRST EPISTLE GENERAL OF

JOHN.

യോഹന്നാൻ

എഴുതിയ പൊതുവിലുള്ള ഒന്നാം ലേഖനം.

൧ാം അദ്ധ്യായം.

ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും ഞങ്ങ
ളുടെ കണ്ണുകളാൽ കണ്ടതും ഞങ്ങൾ നോ
ക്കിയതും ഞങ്ങളുടെ കൈകൾ തൊട്ടതും
ആയ ജീവന്റെ വചനം സംബന്ധിച്ചു
൨ ജീവനല്ലോ പ്രത്യക്ഷമായി, ഞങ്ങ
ൾ കണ്ടു സാക്ഷീകരിക്കയും പിതാവി
നോടു കൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷ

മായ നിത്യജീവനെ തന്നേ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു—

൩ ഞങ്ങൾ കണ്ടിട്ടും കേട്ടിട്ടുമുള്ളതിനെ നിങ്ങൾക്കും ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നായി നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ: പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു.

൪ നിങ്ങളുടെ സന്തോഷം പൂൎണ്ണമാകുവാൻ ഞങ്ങൾ ഇവ നിങ്ങൾക്കു എഴുതുന്നു.

൫ ¶ ദൈവം വെളിച്ചം ആകുന്നു, അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനിൽനിന്നു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു.

൬ അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും നാം ഇരുട്ടിൽ നടക്കയും ചെയ്താൽ വ്യാജം പറയുന്നു; സത്യം പ്രവൃത്തിക്കുന്നതുമില്ല.

൭ അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിലോ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു; അവന്റെ പുത്രനായ യേശുവിന്റെ രക്തം നമ്മെ സകല പാപത്തിൽനിന്നും ശുദ്ധീകരിക്കയും ചെയ്യുന്നു.

൮ നമുക്കു പാപമില്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു, നമ്മിൽ സത്യവുമില്ല.

൯ നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

൰ നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു, അവന്റെ വചനവും നമ്മിൽ ഇല്ല.

൨ാം അദ്ധ്യായം.

എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇവയെ നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനാകുന്ന യേശുക്രിസ്തു എന്ന കാൎയ്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു.

൨ അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമുക്കുള്ളവെക്കു മാത്രം അല്ല, സൎവ്വലോകത്തിന്നു വേണ്ടിയും തന്നേ.

൩ നാം അവന്റെ കല്പനകളെ കാക്കുന്നു എങ്കിൽ അവനെ നാം അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു.

൪ അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ കാക്കാതിരിക്കയും ചെയ്യുന്നവൻ അസത്യവാദി ആകുന്നു; സത്യം അവനിൽ ഇല്ല.

൫ എന്നാൽ ആരെങ്കിലും അവന്റെ വചനം കാക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നാം അറിയുന്നു.

൬ താൻ അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നപ്രകാരം താനും നടക്കേണ്ടതാകുന്നു.

൭ ¶ പ്രിയമുള്ളവരേ, പുതിയ കല്പനയല്ല ഞാൻ നിങ്ങൾക്കു എഴുതുന്നതു; ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ. ആ പഴയ കല്പന നിങ്ങൾ കേട്ടിട്ടുള്ള വചനം തന്നേ.

൮ പിന്നെയും ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു എഴുതുന്നു. അതു അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു.

൯ വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നേവരെ ഇരുട്ടിൽ ഇരിക്കുന്നു.

൰ തന്റെ സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു, ഇടൎച്ച അവനിൽ ഇല്ല.

൰൧ തന്റെ സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു, ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ടു അവന്റെ കണ്ണുകളെ കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നതുമില്ല.

൧൨ ¶ കുഞ്ഞുങ്ങളേ, നിങ്ങൾക്കു അവന്റെ നാമംനിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു.

൧൩ പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. ബാല്യക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതി.

൧൪ പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതി. ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതി.

൧൫ ലോകത്തെയും ലോകത്തിലുള്ളവയെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അവനിൽ ഇല്ല.

൧൬ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ വമ്പു ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽ നിന്നത്രേ.

൧൭ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടത്തെ ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.

൧൮ ¶ കുഞ്ഞുങ്ങളേ, ഒടുക്കത്തെ നാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടപ്രകാരം ഇപ്പോഴും അനേകം എതിർക്രിസ്തുക്കൾ ഉളവായിരിക്കയാൽ ഒടുക്കത്തെ നാഴിക ആകുന്നു എന്നു നാം അറിയുന്നു.

൧൯ അവർ നമ്മിൽനിന്നു പുറപ്പെട്ടു എങ്കിലും നമ്മിലുള്ളവർ ആയിരുന്നില്ല; അവർ നമ്മിലുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാൎക്കുമായിരുന്നു; എന്നാൽ എല്ലാവരും നമ്മിലുള്ളവരല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലോ.

൨൦ നിങ്ങളോ പരിശുദ്ധനിൽനിന്നു അഭിഷേകമുള്ളവരായി സകലവും അറിയുന്നു.

൨൧ നിങ്ങൾ സത്യത്തെ അറിയായ്കകൊണ്ടല്ല, നിങ്ങൾ അതിനെ അറികയാലും ഭോഷ്കു ഒന്നും സത്യത്തിൽനിന്നു അല്ലായ്കയാലുമത്രേ ഞാൻ നിങ്ങൾക്കു എഴുതിയതു.

൨൨ യേശുവിനെ ക്രിസ്തു അല്ല എന്നു തള്ളിപ്പറയുന്നവൻ അല്ലാതെ അസത്യവാദി ആർ ആകുന്നു? പിതാവിനെയും പുത്രനെയും തള്ളിപ്പറയുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു.

൨൩ പുത്രനെ തള്ളിപ്പറയുന്നവന്നു പിതാവുമില്ല; പുത്രനെ സ്വീകരിച്ചു പറയുന്നവന്നു പിതാവും ഉണ്ടു.

൨൪ നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങളും പുത്രനിലും പിതാവിലും വസിക്കും.

൨൫ ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം: നിത്യജീവൻ തന്നേ.

൨൬ നിങ്ങളെ തെറ്റിക്കുന്നവരെ കുറിച്ചു ഞാൻ ഇവ നിങ്ങൾക്കു എഴുതി.

൨൭ വിശേഷിച്ചു അവനിൽനിന്നു പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങൾക്കു ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലത്തെയുംകുറിച്ചു ഉപദേശിക്കയും അതു ഭോഷ്കല്ല സത്യം ആയിരിക്കയും ചെയ്യുന്നപ്രകാരം അതു നിങ്ങൾക്കു ഉപദേശിച്ചതുപോലെ തന്നേ നിങ്ങൾ അവനിൽ വസിക്കുന്നു.

൨൮ ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ വരവിൽ നമുക്കു ധൈൎയ്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ.

൨൯ അവൻ നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതിയെ ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു.

൩ാം അദ്ധ്യായം.

കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വ

ലിയ സ്നേഹത്തെ നല്കിയിരിക്കുന്നു. അങ്ങനെയല്ലോ നാം ആകുന്നതും. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട അതു നമ്മെയും അറിയുന്നില്ല.

൨ പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്ന ഇതുവരെ പ്രത്യക്ഷമായതുമില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപ്രകാരം തന്നേ കാണുന്നതാകകൊണ്ട അവനോട സദൃശന്മാർ ആകും എന്ന നാം അറിയുന്നു.

൩ അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിൎമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിൎമ്മലീകരിക്കുന്നു.

൪ പാപം ചെയ്യുന്നവൻ എല്ലാം അധൎമ്മവും ചെയ്യുന്നു; പാപം അധൎമ്മം തന്നേ ആകുന്നു.

൫ പാപങ്ങളെ ചുമപ്പാൻ അവൻ പ്രത്യക്ഷനായി എന്ന നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല.

൬ അവനിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുത്തനും അവനെ കണ്ടിട്ടില്ല, അവനെ അറിഞ്ഞിട്ടുമില്ല.

൭ കുഞ്ഞുങ്ങളേ, ആരും നിങ്ങളെ തെററിക്കരുതു; അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു.

൮ പാപം ചെയ്യുന്നവൻ പിശാചിൽനിന്ന ആകുന്നു. പിശാച ആദിമുതലേ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനായി തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി.

൯ ദൈവത്തിൽനിന്ന ജനിച്ചവൻ ഒരുത്തനും പാപം ചെയ്യുന്നില്ല; എന്തുകൊണ്ടെന്നാൽ അവന്റെ വിത്തു അവനിൽ വസിക്കുന്നു; ദൈവത്തിൽനിന്ന ജനിച്ചതിനാൽ അവന്ന പാപം ചെയ്വാൻ കഴികയുമില്ല.

൰ ദൈവത്തിന്റെ മക്കളും പിശാചിന്റെ മക്കളും ഇതിൽ തന്നേ തെളിവാകുന്നു: നീതിയെ ചെയ്യാത്തവൻ ഒരുത്തനും തന്റെ സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല.

൰൧ നിങ്ങൾ ആദിമുതൽ കേട്ട ദൂതു: നാം തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നല്ലോ ആകുന്നു.

൰൨ കായിൻ ദുഷ്ടനിൽനിന്നുള്ളവനായിരിക്കയും തന്റെ സഹോദരനെ കൊല്ലുകയും ചെയ്തുപോലെ അല്ല; അവനെ കൊന്നതു എന്തു നിമിത്തം? തന്റെ പ്രവൃത്തികൾ ദോഷവും സഹോദരന്റേവ നീതിയുമുള്ളവ ആകകൊണ്ടത്രേ.

൰൩ ¶ സഹോദരന്മാരേ, ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ ആശ്ചൎയ്യപ്പെടരുതേ.

൰൪ നാം മരണത്തെ വിട്ട ജീവനിൽ കടന്നിരിക്കുന്നു എന്ന സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നാം അറിയുന്നു. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.

൰൫ തന്റെ സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു. യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്ന നിങ്ങൾ അറിയുന്നു.

൰൬ അവൻ നമുക്ക വേണ്ടി തന്റെ പ്രാണനെ വെച്ചുകളഞ്ഞതിനാൽ നാം സ്നേഹത്തെ അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാൎക്ക വേണ്ടി പ്രാണങ്ങളെ വെച്ചുകളയേണ്ടതാകുന്നു.

൰൭ എന്നാൽ ഈ ലോകത്തിലേ ജീവനമുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്ന മുട്ടുള്ളപ്രകാരം കണ്ട അവനിൽനിന്ന തന്റെ ഉൾക്കരൾ അടെച്ചുകളഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?

൰൮ കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും സ്നേഹിക്കുക.

൰൯ നാം സത്യത്തിൽനിന്ന ആകുന്നു എന്ന ഇതിനാൽ അറിയും; നമ്മുടെ ഹൃദയത്തെ അവന്റെ മുമ്പാകെ ഉറപ്പിക്കുകയുമാം.

൨൰ എന്തുകൊണ്ടെന്നാൽ ഹൃദയം നമ്മെ കുററംവിധിക്കുന്നു എങ്കിൽ നമ്മുടെ

ഹൃദയത്തെക്കാൾ ദൈവം വലിയവൻ
ആകുന്നു, എല്ലാം അറികയും ചെയ്യുന്നു.
൨൧ പ്രിയമുള്ളവരേ, ഹൃദയം നമ്മെ
കുററംവിധിക്കുന്നില്ലെങ്കിൽ ദൈവത്തോ
ടു നമുക്കു പ്രാഗത്ഭ്യം ഉണ്ടു.
൨൨ അവന്റെ കല്പനകളെ നാം കാ
ത്തു അവന്റെ മുമ്പാകേ പ്രസാദമുള്ളവ
ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും
അവനിൽനിന്നു ലഭിക്കയും ചെയ്യുന്നു.
൨൩ അവന്റെ കല്പനയോ, അവ
ന്റെ പുത്രനായ യേശുക്രിസ്തുവിന്റെ
നാമത്തിൽ നാം വിശ്വസിക്കയും അവൻ
നമുക്കു കല്പന തന്നതുപോലെ തമ്മിൽ ത
മ്മിൽ സ്നേഹിക്കയും വേണം എന്നുള്ളതാ
കുന്നു.
൨൪ അവന്റെ കല്പനകളെ കാക്കു
ന്നവൻ അവനിലും അവൻ ഇവനിലും
വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു
എന്നു അവൻ നമുക്കു തന്ന ആത്മാവിനാ
ൽ നാം അറിയുന്നു.

൪ാം അദ്ധ്യായം.

൧ പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ
പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്ക
യാൽ എല്ലാ ആത്മാവിനെയും വിശ്വസി
ക്കാതേ ആത്മാക്കൾ ദൈവത്തിൽ നിന്നു
ള്ളവയോ എന്നു ശോധന ചെയ്വിൻ.
൨ ദൈവാത്മാവിനെ ഇതിനാൽ അ
റിവിൻ: യേശുക്രിസ്തു ജഡത്തിൽ വന്നു
എന്നു സ്വീകരിച്ചു പറയുന്ന ആത്മാ
വൊക്കെയും ദൈവത്തിൽനിന്നു ആകു
ന്നു.
൩ യേശുവിനെ സ്വീകരിച്ചു പറ
യാത്ത യാതൊരു ആത്മാവും ദൈവത്തി
ൽനിന്നുള്ളതല്ല. വരുന്നു എന്നു നിങ്ങൾ
കേട്ടിരിക്കുന്ന എതിർക്രിസ്തുവിന്റെ ആ
ത്മാവു ഇതു തന്നേ; ആയതു ഇപ്പോൾ ത
ന്നേയും ലോകത്തിൽ ഉണ്ടു.
൪ കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തി
ൽനിന്നുള്ളവർ ആകുന്നു, അവരെ ജയി
ച്ചുമിരിക്കുന്നു. ലോകത്തിൽ ഇരിക്കുന്നവ
നേക്കാൾ നിങ്ങളിലുള്ളവൻ വലിയവന
ല്ലോ ആകുന്നു.
൫ അവർ ലോകത്തിൽനിന്നു ആക
യാൽ ലോകത്തിൽനിന്നുള്ളതിനെ സം
സാരിക്കുന്നു, ലോകം അവരെ ചെവി
ക്കൊള്ളുകയും ചെയ്യുന്നു.
൬ ഞങ്ങൾ ദൈവത്തിൽനിന്നു ആകു
ന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങ
ളെ ചെവിക്കൊള്ളുന്നു. ദൈവത്തിൽനി
ന്നല്ലാത്തവൻ ഞങ്ങളെ ചെവിക്കൊള്ളു
ന്നില്ല. സത്യത്തിന്റെ ആത്മാവിനെയും
വഞ്ചനയുടെ ആത്മാവിനെയും ഇതിനാ
ൽ നാം അറിയുന്നു.
൭ ¶ പ്രിയമുള്ളവരേ, നാം തമ്മിൽ
തമ്മിൽ സ്നേഹിക്ക; സ്നേഹം ദൈവത്തി
ൽനിന്നു ആകുന്നുവല്ലോ. സ്നേഹിക്കുന്ന
വനെല്ലാം ദൈവത്തിൽനിന്നു ജനിച്ചി
രിക്കുന്നു, ദൈവത്തെ അറികയും ചെയ്യു
ന്നു.
൮ ദൈവം സ്നേഹം തന്നേ ആകയാ
ൽ സ്നേഹിക്കാത്തവൻ ദൈവത്തെ അറി
ഞ്ഞിട്ടില്ല.
൯ ദൈവം തന്റെ ഏകജാതനായ
പുത്രനെ നാം അവനാൽ ജീവിക്കേണ്ട
തിന്നു ലോകത്തിലേക്കു അയച്ചു എന്നു
ള്ളതിൽനിന്നു ദൈവത്തിന്നു നമ്മോടുള്ള
സ്നേഹം നമ്മിൽ പ്രത്യക്ഷമായി.
൧൦ നാം ദൈവത്തെ സ്നേഹിച്ചു എ
ന്നല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ
പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായ
ശ്ചിത്തം ആകുവാൻ അയച്ചു എന്നുള്ളതി
ൽ സ്നേഹം ഇരിക്കുന്നു.
൧൧ പ്രിയമുള്ളവരേ, ദൈവം നമ്മെ
ഇപ്രകാരം സ്നേഹിച്ചു എങ്കിൽ നാമും ത
മ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതാകുന്നു.
൧൨ ദൈവത്തെ ആരും ഒരുനാളും ക
ണ്ടിട്ടില്ല. നാം തമ്മിൽ തമ്മിൽ സ്നേഹി
ക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കു
ന്നു; അവന്റെ സ്നേഹം നമ്മിൽ തിക
ഞ്ഞുമിരിക്കുന്നു.
൧൩ നാം അവനിലും അവൻ നമ്മി
ലും വസിക്കുന്നു എന്നു അവൻ തന്റെ
ആത്മാവിൽനിന്നു നമുക്കു തന്നതിനാൽ
നാം അറിയുന്നു.
൧൪ പിതാവു പുത്രനെ ലോകരക്ഷി

താവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറകയും ചെയ്യുന്നു.

൧൫ യേശു ദൈവപുത്രൻ എന്നു ആരെങ്കിലും സ്വീകരിച്ചു പറഞ്ഞാൽ ദൈവം അവനിലും അവൻ ദൈവത്തിലും വസിക്കുന്നു.

൧൬ ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ ആകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

൧൭ വിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ ഇരിക്കുന്നതു ഏതുപ്രകാരമോ അപ്രകാരംതന്നേ ഈ ലോകത്തിൽ നാമും ഇരിക്കുന്നു.

൧൮ സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.

൧൯ അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.

൨൦ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ഒരുവൻ പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നുവെങ്കിൽ അവൻ അസത്യവാദിയാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല.

൨൧ ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്കേണം എന്നീ കല്പന നമുക്കു അവങ്കൽനിന്നു ലഭിച്ചിരിക്കുന്നു.

൫ാം അദ്ധ്യായം.

യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു.

൨ നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ ചെയ്യുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ നാം അറിയുന്നു.

൩ അവന്റെ കല്പനകളെ കാക്കുന്നതല്ലോ ദൈവസ്നേഹം ആകുന്നു; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.

൪ ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു: ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.

൫ യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ പിന്നെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?

൬ ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു: യേശുക്രിസ്തു തന്നേ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും കൂടെ.

൭ ആത്മാവു സത്യം ആകയാൽ സാക്ഷ്യം പറയുന്നതു ആത്മാവു ആകുന്നു.

൮ സാക്ഷ്യം പറയുന്നവർ മൂവർ അല്ലോ: ആത്മാവു, ജലം, രക്തം; ഇവർ മൂന്നും ഒന്നിലേക്കു ആകുന്നു.

൯ നാം മനുഷ്യരുടെ സാക്ഷ്യത്തെ കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു: ഇതല്ലോ ദൈവത്തിന്റെ സാക്ഷ്യം: അവൻ തന്റെ പുത്രനെ കുറിച്ചു സാക്ഷീകരിച്ചിരിക്കുന്നതു തന്നേ.

൧൦ ദൈവപുത്രനിൽ വിശ്വസിക്കുന്നവന്നു സാക്ഷ്യം തന്നിൽ തന്നേ ഉണ്ടു. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെ കുറിച്ചു പറഞ്ഞ സാക്ഷ്യത്തെ വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു.

൧൧ ആ സാക്ഷ്യം ഇതാകുന്നു: ദൈവം നമുക്കു നിത്യജീവൻ തന്നു എന്നും ആ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നുമുള്ളതു തന്നേ.

൧൨ പുത്രനുള്ളവന്നു ജീവൻ ഉണ്ടു; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല.

൧൩ ¶ ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇവ എഴുതിയതു നിങ്ങൾക്കു നിത്യജീവൻ ഉ

ണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നും ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കേണ്ടതിന്നും ആകുന്നു.

൧൪ അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും യാചിച്ചാൽ അവൻ നമ്മെ ചെവിക്കൊള്ളുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈൎയ്യം ആകുന്നു.

൧൫ നാം എന്തു യാചിച്ചാലും അവൻ നമ്മെ ചെവിക്കൊള്ളുന്നു എന്നറിയുന്നുവെങ്കിൽ അവനോടു യാചിച്ച യാചനകൾ നമുക്കു ലഭിച്ചു എന്നും അറിയുന്നു.

൧൬ തന്റെ സഹോദരൻ മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ യാചിക്കാം; (ദൈവം) അവന്നു ജീവനെ കൊടുക്കയും ചെയ്യും; മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നവൎക്കു തന്നേ. മരണത്തിന്നുള്ള പാപം ഉണ്ടു; അതിനെ കുറിച്ചു അപേക്ഷിക്കേണം എന്നു ഞാൻ പറയുന്നില്ല.

൧൭ എത്ര അനീതിയും പാപം ആകുന്നു; മരണത്തിന്നല്ലാത്ത പാപം ഉണ്ടു.

൧൮ ¶ ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ഒരുത്തനും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല.

൧൯ നാം ദൈവത്തിൽനിന്നു ആകുന്നു എന്നു നാം അറിയുന്നു. സൎവ്വലോകവും ദുഷ്ടനിൽ കിടക്കുന്നു.

൨൦ ദൈവപുത്രൻ വന്നു എന്നും സത്യമായുള്ളവനെ അറിവാനായി നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യമായുള്ളവനിൽ, അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. ഇവൻ സത്യദൈവവും നിത്യജീവനും ആകുന്നു.

൨൧ കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്നു നിങ്ങളെ തന്നേ കാത്തുകൊൾവിൻ.

THE SECOND EPISTLE OF

JOHN.

യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം.

നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമാകുന്ന സത്യംനിമിത്തം

൨ ഞാൻ മാത്രമല്ല, സത്യത്തെ അറിഞ്ഞിരിക്കുന്നവർ എല്ലാവരും സത്യത്തിൽ സ്നേഹിക്കുന്ന തെരിഞ്ഞെടുക്കപ്പെട്ട നായകിയാൾക്കും അവളുടെ മക്കൾക്കും മൂപ്പനായ ഞാൻ എഴുതുന്നതു:

൩ പിതാവായ ദൈവത്തിൽനിന്നും പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിൽനിന്നും കൃപയും കരുണയും സമാധാനവും സ്നേഹത്തിലും സത്യത്തിലും നമ്മോടുകൂടെ ഇരിക്കുമാറാക.

൪ ¶ നമുക്കു പിതാവിൽനിന്നു കല്പന ലഭിച്ചതുപോലെ നിന്റെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു ഞാൻ കണ്ടെത്തുകയാൽ അത്യന്തം സന്തോഷിച്ചു.

൫ ഇനി നായകിയാരേ, നാം അന്യോന്യം സ്നേഹിക്കേണം എന്നു പുതിയ കല്പനയായിട്ടല്ല, ആദിമുതൽ നമുക്കു ഉണ്ടായിട്ടുള്ളതിനെ തന്നേ ഞാൻ അങ്ങേക്കു എഴുതിക്കൊണ്ടു അപേക്ഷിക്കുന്നു.

൬ നാം അവന്റെ കല്പനകളെ അനുസരിച്ചുനടക്കുന്നതു തന്നേ സ്നേഹം ആകുന്നു. നിങ്ങൾ ആദിമുതൽ കേട്ടപ്രകാ

രം അനുസരിച്ച നടപ്പാനുള്ള കല്പന ഇ
ത്രു ആകുന്നു.
൭ യേശുക്രിസ്തുവിനെ ജഡത്തിൽ വ
രുന്നവൻ എന്നു സ്വീകരിച്ച പറയാത്ത
വഞ്ചകന്മാർ പലരും ലോകത്തിലെക്ക
പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എ
തിർക്രിസ്തുവും ഇപ്രകാരമുള്ളവൻ ആകു
ന്നു.
൮ നിങ്ങൾ പ്രയത്നിച്ചതിനെ കളയാ
തെ പൂൎണ്ണപ്രതിഫലം പ്രാപിക്കേണ്ടതി
ന്നു നിങ്ങളെ തന്നേ നോക്കിക്കൊൾവിൻ.
൯ ക്രിസ്തുവിൻെറ ഉപദേശത്തിൽ വ
സിക്കാതെ മുൻകടന്നുപോകുന്ന ഒരുത്ത
ന്നും ദൈവം ഇല്ല; ആ ഉപദേശത്തിൽ
വസിക്കുന്നവന്നു പിതാവും പുത്രനും ഉ
ണ്ടു.
൧൦ ഒരുത്തൻ ഈ ഉപദേശവുംകൊ
ണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വരു
ന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊ
ള്ളരുത്രു, അവന്നു കുശലം പറകയും അ
രുത്രു.
൧൧ അവന്നു കുശലം പറയുന്നവൻ
അവൻെറ ദുഷ്ക്രിയവൃത്തികൾക്ക കൂട്ടാളിയ
ല്ലോ ആകുന്നു.
൧൨ ¶ നിങ്ങൾക്ക എഴുതുവാൻ പല
തും ഉണ്ടു; എങ്കിലും കടലാസ്സും മഷിയും
കൊണ്ടു ആകുവാൻ എനിക്ക മനസ്സില്ല.
എന്നാൽ നിങ്ങളുടെ സന്തോഷം പൂൎണ്ണ
മാകേണ്ടതിന്നു നിങ്ങളുടെ അടുക്കൽ വ
ന്നു മുഖാമുഖമായി സംസാരിപ്പാൻ ആശി
ക്കുന്നു.
൧൩ നിൻെറ തെരിഞ്ഞെടുക്കപ്പെട്ട സ
ഹോദരിയുടെ മക്കൾ നിനക്ക വന്ദനം
ചൊല്ലുന്നു.

THE THIRD EPISTLE OF

JOHN.

യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം.

മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കു
ന്ന പ്രിയ ഗായൊസിന്നു എഴുതുന്നതു:
൨ ¶ പ്രിയപ്പെട്ടവനേ, നിൻെറ ആ
ത്മാവു ശുഭമായിരിക്കുന്നതുപോലെ നീ
സകലത്തിലും തഴെച്ചും സുഖമായും ഇരി
ക്കേണം എന്നു ഞാൻ പ്രാൎത്ഥിക്കുന്നു.
൩ സഹോദരന്മാർ വന്നു, നീ സത്യ
ത്തിൽ നടക്കുന്നപ്രകാരം നിൻെറ സത്യ
ത്തിന്നു സാക്ഷ്യം പറകയാൽ ഞാൻ അ
ത്യന്തം സന്തോഷിച്ചു.
൪ എൻെറ മക്കൾ സത്യത്തിൽ നടക്കു
ന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ
സന്തോഷം എനിക്കില്ല.
൫ ¶ പ്രിയപ്പെട്ടവനേ, നീ സഹോ
ദരന്മാൎക്കും വിശേഷാൽ അതിഥികൾക്കും
വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും
വിശ്വസ്തവേല ചെയ്യുന്നു.
൬ അവർ സഭയുടെ മുമ്പാകെ നി
ൻെറ സ്നേഹത്തിന്നു സാക്ഷ്യം പറഞ്ഞിരി
ക്കുന്നു; അവരെ നീ ദൈവത്തിന്നു യോ
ഗ്യമാകുംവണ്ണം യാത്ര അയച്ചാൽ നന്നാ
യിരിക്കും.
൭ തിരുനാമം നിമിത്തമല്ലോ അവർ
ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെ
ട്ടതു.
൮ ആകയാൽ നാം സത്യത്തിന്നു കൂട്ടു
വേലക്കാർ ആകേണ്ടതിന്നു ഇപ്രകാരമു
ള്ളവരെ സല്ക്കരിക്കേണ്ടതാകുന്നു.
൯ ¶ സഭെക്ക ഞാൻ ഒന്നെഴുതിയി
രുന്നു; എങ്കിലും അവരിൽ പ്രധാനിയാ

കുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ കൈക്കൊള്ളുന്നില്ല.

൧൦ അതുകൊണ്ടു ഞാൻ വന്നാൽ അവൻ ഞങ്ങളെ ദുൎവ്വാക്കുകളാൽ ശകാരിച്ചുകൊണ്ടു ചെയ്യുന്ന ക്രിയകളെ അവന്നു ഓൎമ്മ വരുത്തും; ആയവ പോരാ എന്നു വെച്ചു താൻ തന്നേ സഹോദരന്മാരെ കൈക്കൊള്ളാതിരിക്കുന്നതു മാത്രമല്ല, അതിന്നു മനസ്സുള്ളവരെ വിരോധിക്കയും സഭയിൽനിന്നു പുറത്താക്കുകയും ചെയ്യുന്നു.

൧൧ പ്രിയപ്പെട്ടവനേ, നല്ലതിനെയല്ലാതെ തീയതിനെ അനുകരിക്കരുതു; നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നു ആകുന്നു, തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല.

൧൨ ദെമെത്രിയൊസിന്നു എല്ലാവരാലും സത്യത്താൽ തന്നേയും സാക്ഷ്യം ലഭിച്ചിട്ടുണ്ടു; ഞങ്ങളും സാക്ഷ്യം പറയുന്നു; ഞങ്ങളുടെ സാക്ഷ്യം സത്യമുള്ളതു എന്നു നീ അറികയും ചെയ്യുന്നു.

൧൩ ¶ നിനക്കു എഴുതി അയപ്പാൻ പലതും ഉണ്ടായിരുന്നു എങ്കിലും മഷിയും തുവലുംകൊണ്ടു നിനക്കു എഴുതുവാൻ എനിക്കു മനസ്സില്ല.

൧൪ എന്നാൽ വേഗത്തിൽ നിന്നെ കാണ്മാൻ ആശിക്കുന്നു. അപ്പോൾ നമുക്കു മുഖാമുഖമായി സംസാരിക്കയും ആം.

൧൫ നിനക്കു സമാധാനം. സ്നേഹിതന്മാർ നിനക്കു വന്ദനം ചൊല്ലുന്നു. സ്നേഹിതന്മാൎക്കു പേരുപേരായി വന്ദനം ചൊല്ലുക.

THE GENERAL EPISTLE OF

JUDE.

യൂദാ എഴുതിയ പൊതുവിലുള്ള ലേഖനം.

യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിന്നായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവൎക്കു (എഴുതുന്നതു:)

൨ നിങ്ങൾക്കു കരുണയും സമാധാനവും സ്നേഹവും വൎദ്ധിക്കുമാറാക.

൩ ¶ പ്രിയപ്പെട്ടവരേ, നമ്മുടെ പൊതുവിലുള്ള രക്ഷയെ കുറിച്ചു നിങ്ങൾക്കു എഴുതുവാൻ എല്ലാ പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാൎക്കു ഒരിക്കലായിട്ടു ഭരമേല്പിക്കപ്പെട്ട വിശ്വാസത്തിന്നായി പോരാടേണ്ടതിന്നു പ്രബോധിപ്പിച്ചെഴുതുവാൻ എനിക്കു ആവശ്യം തോന്നി.

൪ എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിയിലേക്കു മറിച്ചുംകളഞ്ഞു ഏകനാഥനും നമ്മുടെ കൎത്താവുമായ യേശുക്രിസ്തുവിനെ തള്ളിപ്പറയുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞുവന്നിരിക്കുന്നു; അവർ പണ്ടേ ഈ ന്യായവിധിക്കായിട്ടു മുന്നെഴുതപ്പെട്ടവർ തന്നേ.

൫ ¶ നിങ്ങളോ സകലവും ഒരിക്കൽ അറിഞ്ഞവരെങ്കിലും നിങ്ങളെ ഓൎപ്പിപ്പാൻ ഞാൻ ഇച്ഛിക്കുന്നതെന്തെന്നാൽ: കൎത്താവു മിസ്രയീമിൽനിന്നു ജനത്തെ രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നത്തേതിൽ നശിപ്പിച്ചു.

൬ തങ്ങളുടെ വാഴ്ചയെ കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലത്തെ വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ബന്ധനങ്ങളാൽ അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു.

൭ അതുപോലെ സൊദോമും ഗൊ
മോറയും അവെക്കു ചുററുമുള്ള പട്ടണ
ങ്ങളും ഇവക്കു സമമായി വേശ്യാദോഷം
ചെയ്തു അന്യജഡത്തിൻെറ പിന്നാലേ
നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാ
വിധി സഹിച്ചു ദൃഷ്ടാന്തമായി കിടക്കുന്നു.

൮ എന്നിട്ടും അപ്രകാരം തന്നേ ഇവ
രും സ്വപ്നാവസ്ഥയിലായി ജഡത്തെ മ
ലിനമാക്കുന്നു, കത്തൃത്വത്തെ നിരസിക്കു
ന്നു, മഹിമകളെ ദുഷിക്കുന്നു.

൯ എന്നാൽ പ്രധാന ദൂതനായ മിഖാ
യേൽ മോശെയുടെ ശരീരത്തെ കുറിച്ചു
പിശാചിനോടു തക്കിച്ചു വാദിക്കുമ്പോൾ
ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാ
തെ: കത്താവു നിന്നെ ശാസിക്കട്ടെ എ
ന്നു പറഞ്ഞതേ ഉള്ളൂ.

൧൦ ഇവരോ തങ്ങൾ അറിയാത്തവ
യെ എല്ലാം ദുഷിക്കുന്നു: ബുദ്ധിയില്ലാത്ത
മൃഗങ്ങളെ പോലെ എന്തെല്ലാം സ്വാഭാ
വികമായി ഗ്രഹിക്കുന്നുവോ അവയിൽ
തങ്ങളെത്തന്നേ വഷളാക്കുന്നു.

൧൧ കയിൻെറ വഴിയിൽ നടന്നു, കൂ
ലിക്കായി ബിലയാമിൻെറ വഞ്ചനയിൽ
പാഞ്ഞൊഴുകി കോറഹിൻെറ മത്സരത്തി
ൽ നശിച്ചുപോയതുകൊണ്ടു അവക്കു ഹാ
കഷ്ടം!

൧൨ ഇവർ നിങ്ങളുടെ സ്നേഹസദ്യക
ളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങ
ളോടുകൂടെ വിരുന്നുകഴിഞ്ഞു ഭയംകൂടാ
തെ തങ്ങളെ തന്നേ തീററുന്നവർ: കാ
ററുകളാൽ ഓടിക്കപ്പെടുന്ന വെള്ളമില്ലാ
ത്ത മേഘങ്ങൾ; ഇല കൊഴിഞ്ഞും ഫലമി
ല്ലാതെയും രണ്ടുരു ചത്തും വേരററുംപോ
യ വൃക്ഷങ്ങൾ;

൧൩ തങ്ങളുടെ നാണക്കേടുകളെ നുര
ച്ചു തള്ളുന്ന കൊടിയ കടൽത്തിരകൾ;
എന്നേക്കും അന്ധതമസ്സു വെക്കപ്പെട്ടിരി
ക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ ത
ന്നേ.

൧൪ ആദാം മുതൽ ഏഴാമനായ ഹ
നോക്കും ഇവരെ കുറിച്ചു:

൧൫ ഇതാ, കത്താവു എല്ലാവരെയും
ന്യായം വിധിപ്പാനും അവർ ഭക്തികേടാ
യി ചെയ്ത സകലഭക്തികെട്ട പ്രവൃത്തിക
ൾ നിമിത്തവും ഭക്തികെട്ട പാപികൾ ത
ൻെറ നേരേ സംസാരിച്ച സകല നിഷ്ഠു
രങ്ങൾ നിമിത്തവും ഭക്തികെട്ടവരെ ഒ
ക്കെയും ബോധം വരുത്തുവാനുമായിട്ടു ത
ൻെറ ആയിരമായിരം വിശുദ്ധന്മാരോടു
കൂടെ വന്നു എന്നു പ്രവചിച്ചിരിക്കുന്നു.

൧൬ ഇവർ തങ്ങളുടെ മോഹങ്ങളെ
അനുസരിച്ചു നടക്കുന്നവരായി പിറു
പിറുപ്പുകാരും ആവലാധിക്കാരും ആകു
ന്നു. അവരുടെ വായ് വമ്പു പറയു
ന്നു; കാൎയ്യസാദ്ധ്യത്തിന്നായി മുഖസ്തുതി
പ്രയോഗിക്കയും ചെയ്യുന്നു.

൧൭ ¶ നിങ്ങളോ പ്രിയപ്പെട്ടവരേ,
നമ്മുടെ കത്താവായ യേശുക്രിസ്തുവിൻെറ
അപ്പൊസ്തലന്മാർ മുൻപറഞ്ഞ വാക്കുക
ളെ ഓൎപ്പിൻ.

൧൮ അന്ത്യകാലത്തിൽ തങ്ങളുടെ ഭ
ക്തികെട്ട മോഹങ്ങളെ അനുസരിച്ചു ന
ടക്കുന്ന പരിഹാസക്കാർ ഉണ്ടാകും എന്നു
അവർ നിങ്ങളോടു പറഞ്ഞുവല്ലോ.

൧൯ ഇവർ ഭിന്നതകളെ ഉണ്ടാക്കുന്ന
വർ, പ്രാണമയന്മാർ, ആത്മാവില്ലാത്ത
വർ.

൨൦ നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങ
ളുടെ അതിവിശുദ്ധ വിശ്വാസത്തിന്മേൽ
നിങ്ങളെ തന്നേ പണിതും പരിശുദ്ധാ
ത്മാവിൽ പ്രാൎത്ഥിച്ചും

൨൧ നിത്യജീവന്നായിട്ടു നമ്മുടെ ക
ത്താവായ യേശുക്രിസ്തുവിൻെറ കരുണെ
ക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേ
ഹത്തിൽ നിങ്ങളെ തന്നേ സൂക്ഷിച്ചുകൊ
ൾവിൻ.

൨൨ സംശയിക്കുന്നവരായ ചിലരോ
ടു കരുണ ചെയ്വിൻ.

൨൩ ചിലരെ അഗ്നിയിൽനിന്നു വ
ലിച്ചെടുത്തു രക്ഷിപ്പിൻ; ജഡത്താൽ ക
റപ്പെട്ട അങ്കിയെപോലും പകെച്ചുകൊ
ണ്ടു ചിലരുടെ നേരേ ഭയത്തോടെ കരു
ണ കാണിക്കയും ചെയ്വിൻ.

൨൪ ¶ വീഴാതവണ്ണം നിങ്ങളെ സൂ
ക്ഷിച്ചു, തൻെറ തേജസ്സിൻെറ മുമ്പാകേ
കളങ്കമില്ലാത്തവരായി ആനന്ദത്തോടെ
നിറുത്തുവാൻ ശക്തിയുള്ളവന്നു,

൨൫ നമ്മുടെ കൎത്താവായ യേശുക്രിസ്തു
മുഖാന്തരം നമ്മുടെ രക്ഷിതാവാകുന്ന ഏ
കദൈവത്തിന്നു തന്നേ. തേജസ്സും മഹി
മയും ബലവും അധികാരവും സൎവ്വകാല
ത്തിന്നു മുമ്പും ഇപ്പോഴും സദാകാലത്തോ
ളവും ഉണ്ടാകുമാറാക. ആമെൻ.

THE REVELATION

OF

JOHN THE DIVINE.

ദിവ്യോപദേഷ്ടാവായ യോഹന്നാന്നു ഉണ്ടായ

വെളിപ്പാടു.

൧ാം അദ്ധ്യായം.

യേശുക്രിസ്തുവിന്റെ വെളിപ്പാടു: ആയ
തു വേഗത്തിൽ ഉണ്ടാകേണ്ടുന്നവ അവ
ന്റെ ദാസന്മാരേ കാണിക്കേണ്ടതിന്നു
ദൈവം അവന്നു കൊടുത്തു. അവൻ ത
ന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ
ദാസനായ യോഹന്നാന്നു പ്രദൎശിപ്പിക്ക
യും ചെയ്തു.
൨ ഇവൻ ദൈവത്തിന്റെ വചനവും
യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താ
ൻ കണ്ടവ ഒക്കെയും സാക്ഷീകരിച്ചു.
൩ (ഈ) പ്രവചനത്തിന്റെ വാക്കുക
ളെ വായിക്കുന്നവനും കേൾക്കുന്നവരും
അതിൽ എഴുതിയിരിക്കുന്നവ പ്രമാണിക്കു
ന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തി
രിക്കുന്നു.
൪ ¶ യോഹന്നാൻ ആസ്യയിലുള്ള
ഏഴു സഭകൾക്കും എഴുതുന്നതു: ഇരിക്കു
ന്നവനും ഇരുന്നവനും വരുന്നവനുമായ
വനിൽനിന്നും അവന്റെ സിംഹാസന
ത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളിൽനി
ന്നും
൫ വിശ്വസ്തസാക്ഷിയും മരിച്ചവരി
ൽ ആദ്യജാതനും ഭൂമിരാജാക്കന്മാൎക്കു അ
ധിപതിയും ആയ യേശുക്രിസ്തുവിൽനി
ന്നും നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.
൬ നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ
പാപങ്ങളിൽനിന്നു നമ്മെ തന്റെ രക്ത
ത്താൽ വിടുവിച്ചു തന്റെ പിതാവായ
ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹി
തന്മാരും ആക്കിത്തീൎത്തവനുമായവന്നു എ
ന്നെന്നേക്കും മഹത്വവും ബലവും ആ
മെൻ.
൭ ഇതാ, അവൻ മേഘങ്ങളോടുകൂടെ
വരുന്നു; എല്ലാകണ്ണും, അവനെ കുത്തി
ത്തുളെച്ചവരും അവനെ കാണും; ഭൂമിയി
ലേ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊ
ല്ലി വിലാപിക്കയും ചെയ്യും. ഉവ്വ ആ
മെൻ.
൮ ¶ ഞാൻ അല്ഫയും ഓമേഗയും ആ
കുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവ
നും വരുന്നവനുമായി സൎവ്വശക്തനാകു
ന്ന ദൈവമായ കൎത്താവു പറയുന്നു.
൯ ¶ നിങ്ങളുടെ സഹോദരനും യേ
ശുവിന്റെ കഷ്ടതയിലും രാജ്യത്തിലും ക്ഷ
മയിലും കൂട്ടാളിയുമായ യോഹന്നാൻ എ
ന്ന ഞാൻ ദൈവവചനവും യേശുവി
ന്റെ സാക്ഷ്യവും നിമിത്തം പത്മൊസ്
എന്നു പേരുള്ള ദ്വീപിൽ ആയിരുന്നു.
൧൦ കൎത്തൃദിവസത്തിൽ ഞാൻ ആത്മാ

വിൽ ആയി എന്റെ പിറകിൽ കാഹള
ത്തിന്നൊത്ത ഒരു മഹാശബ്ദം കേട്ടതെ
ന്തെന്നാൽ:
൰൧ നീ കാണുന്നതു ഒരു പുസ്തകത്തി
ൽ എഴുതി എഫെസൊസ്, സ്മൎന്നാ, പെ
ൎഗ്ഗമൊസ്, തുയത്തൈരാ, സൎദ്ദിസ്, ഫി
ലദെല്ഫ്യ, ലവൊദിക്യ എന്ന ഏഴു സഭക
ൾക്കും അയക്കുക.
൰൨ പിന്നെ എന്നോടു സംസാരിച്ച
ശബ്ദത്തെ കാണ്മാൻ ഞാൻ തിരിഞ്ഞു.
൰൩ തിരിഞ്ഞപ്പോൾ ഏഴു പൊൻനി
ലവിളക്കുകളെയും നിലവിളക്കുകളുടെ
നടുവിൽ നിലയങ്കി ധരിച്ചു മാറത്തു
പൊൻകച്ച കെട്ടിയവനായി മനുഷ്യപു
ത്രനോടു സദൃശനായവനെയും കണ്ടു.
൰൪ അവന്റെ തലയും തലമുടിയും
വെളുത്ത പഞ്ഞിപോലെ ഹിമത്തോളം
വെള്ളയും കണ്ണുകൾ അഗ്നിജ്വാലെക്കു
ഒത്തതും
൰൫ അവന്റെ കാലുകൾ ഉലയിൽ
ചുട്ടുപഴപ്പിച്ച വെള്ളോട്ടിന്നു സദൃശവും
അവന്റെ ശബ്ദം ബഹുജലങ്ങളുടെ ശ
ബ്ദം പോലെയും ആയിരുന്നു.
൰൬ അവന്റെ വലങ്കയ്യിൽ ഏഴു ന
ക്ഷത്രങ്ങൾ ഉണ്ടു; അവന്റെ വായിൽ
നിന്നു മൂൎച്ചയേറിയ ഇരുവായ്ത്തലയുള്ള
വാൾ പുറപ്പെടുന്നു; അവന്റെ മുഖം ആ
ദിത്യൻ തന്റെ ശക്തിയോടെ പ്രകാശി
ക്കുന്നതു പോലെ ഇരുന്നു.
൰൭ അവനെ കണ്ടപ്പോൾ ഞാൻ മരി
ച്ചവനെപോലെ അവന്റെ കാല്ക്കൽ വീ
ണു. എന്നാറെ അവൻ തന്റെ വലങ്കൈ
എന്റെമേൽ വെച്ചു പറഞ്ഞു: ഭയപ്പെടേ
ണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനു
ള്ളവനും ആകുന്നു.
൰൮ ഞാൻ മരിച്ചവനായിരുന്നു, എ
ന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരി
ക്കുന്നവനും ആകുന്നു; മരണത്തിന്റെ
യും പാതാളത്തിന്റെയും താക്കോലുകളും
എനിക്കുണ്ടു.
൰൯ ആകയാൽ നീ കണ്ടവയും ഇരി
ക്കുന്നവയും ഇനി സംഭവിപ്പാനുള്ളവയും
൨൰ എന്റെ വലങ്കൈയിൽ കണ്ട ഏ
ഴു നക്ഷത്രങ്ങളുടെ മൎമ്മവും ഏഴു പൊൻ
നിലവിളക്കുകളും എഴുതുക. ഏഴു നക്ഷ
ത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു;
ആ ഏഴു നിലവിളക്കുകൾ ഏഴു സഭക
ളുമാകുന്നു.

൨ാം അദ്ധ്യായം.

എഫെസൊസിലേ സഭയുടെ ദൂതന്നു എ
ഴുതുക: ഏഴു നക്ഷത്രങ്ങളെയും തന്റെ വ
ലങ്കയ്യിൽ പിടിച്ചുംകൊണ്ടു ഏഴു പൊൻ
നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവ
ൻ പറയുന്നതു:
൨ ഞാൻ നിന്റെ പ്രവൃത്തികളും നി
ന്റെ പ്രയത്നവും ക്ഷമയും കൊള്ളരുതാ
ത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അ
പ്പൊസ്തലന്മാരല്ലാതിരിക്കേ തങ്ങൾ അ
പ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ
പരീക്ഷിച്ചു ഭോഷ്കു പറയുന്നവർ എന്നു
കണ്ടതും
൩ നിനക്കു ക്ഷമയുള്ളതും എന്റെ നാ
മം നിമിത്തം നീ സഹിച്ചതും നീ തളൎന്നു
പോകാഞ്ഞതും ഞാൻ അറിയുന്നു.
൪ എങ്കിലും നിന്റെ ആദ്യസ്നേഹം
വിട്ടുകളഞ്ഞു എന്നുള്ളതു നിന്റെ നേരെ
എനിക്കുണ്ടു.
൫ ആകയാൽ നീ ഏതിൽനിന്നു വീ
ണിരിക്കുന്നു എന്നു ഓൎത്തു മാനസാന്തര
പ്പെട്ടു ആദ്യത്തേ പ്രവൃത്തികളേ ചെയ്ക;
അല്ലാഞ്ഞാൽ ഞാൻ നിന്റെ അടുക്കൽ വ
രും; നീ മാനസാന്തരപ്പെടാഞ്ഞാൽ നി
ന്റെ നിലവിളക്കിനെ അതിന്റെ സ്ഥ
ലത്തുനിന്നു നീക്കുകയും ചെയ്യും.
൬ എങ്കിലും നിക്കൊലാവ്യരുടെ പ്രവൃ
ത്തികളെ നീ പകെക്കുന്നതു എന്നതു നി
നക്കുണ്ടു; അവയെ ഞാനും പകെക്കുന്നു.
൭ ആത്മാവു സഭകളോടു പറയുന്നതു
എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.
ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ
പരദീസയിൽ ഉള്ള ജീവവൃക്ഷത്തിൻ ഫ
ലം ഭക്ഷിപ്പാൻ കൊടുക്കും.
൮ ¶ സ്മൎന്നയിലേ സഭയുടെ ദൂതന്നു
എഴുതുക: മരിച്ചവനായിരുന്നു തിരികേ
ജീവിക്കയും ചെയ്ത ആദ്യനും അന്ത്യനുമാ
യവൻ പറയുന്നതു:

൯ ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും—നീ ധനവാനാകുന്നു താനും—തങ്ങൾ യഹൂദർ എന്നു പറയുന്നെങ്കിലും യഹൂദരല്ല, സാത്താന്റെ പള്ളിയാകുന്നവരുടെ ദൂഷണവും അറിയുന്നു.

൧൦ നീ സഹിപ്പാനുള്ളവയെ ഭയപ്പെടരുതു; ഇതാ, നിങ്ങൾ പരീക്ഷിക്കപ്പെടേണ്ടതിന്നു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു; പത്തു ദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; മരണപൎയ്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.

൧൧ ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവൻ രണ്ടാം മരണത്താൽ ചേതപ്പെടുകയില്ല.

൧൨ ¶ പെൎഗ്ഗമൊസിലേ സഭയുടെ ദൂതന്നു എഴുതുക: മൂൎച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ ഉള്ളവൻ പറയുന്നതു:

൧൩ നീ എവിടെ പാൎക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം ആകുന്നു എന്നും ഞാൻ അറിയുന്നു; നീ എന്റെ നാമത്തെ പിടിച്ചിരിക്കുന്നു; നിങ്ങളുടെ ഇടയിൽ, സാത്താൻ പാൎക്കുന്ന ഇടത്തു തന്നേ, എന്റെ സാക്ഷിയും എന്റെ വിശ്വസ്തനുമായ അന്തിപ്പാസ് കൊല്ലപ്പെട്ട നാളുകളിൽ തന്നേയും നീ എന്റെ വിശ്വാസത്തെ തള്ളിപ്പറഞ്ഞിട്ടില്ല.

൧൪ എങ്കിലും നിന്റെ നേരേ എനിക്കു അല്പം ചിലതു ഉണ്ടു; എന്തെന്നാൽ: ഇസ്രയേൽപുത്രന്മാർ വിഗ്രഹാൎപ്പിതങ്ങളെ ഭക്ഷിക്കേണ്ടതിന്നും വേശ്യാദോഷം ചെയ്യേണ്ടതിന്നുമായി അവരുടെ മുമ്പാകേ ഇടൎച്ചവെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചുകൊടുത്ത ബിലയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ടു.

൧൫ അപ്രകാരം തന്നേ നിനക്കും നിക്കൊലാവ്യരുടെ ഉപദേശത്തെ കൈക്കൊള്ളുന്നവർ ഉണ്ടു.

൧൬ ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വന്നു എന്റെ വായിലേ വാളുകൊണ്ടു അവരോടു പോരാടും.

൧൭ ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്നയെ കൊടുക്കും; അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതായി ആ കല്ലിന്മേൽ എഴുതീട്ടുള്ളതായ പുതിയനാമവും ഞാൻ കൊടുക്കും.

൧൮ ¶ തുയഥൈരയിലേ സഭയുടെ ദൂതന്നു എഴുതുക: അഗ്നിജ്വാലെക്കു ഒത്ത കണ്ണുകളും വെള്ളോട്ടിന്നു സദൃശമായ കാലുകളും ഉള്ള ദൈവപുത്രൻ പറയുന്നതു:

൧൯ ഞാൻ നിന്റെ പ്രവൃത്തികളെയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, ക്ഷമ എന്നിവയെയും നിന്റെ ഒടുവിലത്തെ പ്രവൃത്തികൾ ആദ്യത്തവയിലും ഏറെയെന്നും അറിയുന്നു.

൨൦ എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു വേശ്യാദോഷം ചെയ്വാനും വിഗ്രഹാൎപ്പിതങ്ങളെ ഭക്ഷിപ്പാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഇസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നുള്ളതു എനിക്കു നിന്റെ നേരേ ഉണ്ടു.

൨൧ ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും അവൾക്കു തന്റെ വേശ്യാദോഷം വിട്ടു മാനസാന്തരപ്പെടുവാൻ മനസ്സില്ല.

൨൨ ഇതാ, ഞാൻ അവളെ കിടക്കമേലും അവളോടുകൂടെ വ്യഭിചരിക്കുന്നവർ അവളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെടാതിരുന്നാൽ അവരെ വലിയ കഷ്ടതയിലും ആക്കിക്കളയും.

൨൩ അവളുടെ മക്കളെയും മരണത്താൽ കൊല്ലും; ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു എല്ലാ സഭകളും അറിയും; നിങ്ങളുടെ പ്രവൃത്തികൾക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവൎക്കും തരികയും ചെയ്യും.

൨൪ എന്നാൽ ഈ ഉപദേശത്തെ കൈക്കൊള്ളാതെയും അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടി-

ള്ളാതെയും തുയത്തൈരയിൽ ശേഷമുള്ള
നിങ്ങളോട്ട ഞാൻ പറയുന്നതു: വേറൊ
രു ഭാരം ഞാൻ നിങ്ങളുടെമേൽ ചുമത്തു
ന്നില്ല.
൨൫ എങ്കിലും നിങ്ങൾക്കുള്ളതിനെ ഞാ
ൻ വരുംവരെ പിടിച്ചുകൊൾവിൻ.
൨൬ ജയിക്കയും എൻെറ പ്രവൃത്തിക
ളെ ഒടുക്കംവരെ കാത്തുകൊള്ളുകയും ചെ
യ്യുന്നവന്നു എൻെറ പിതാവിൽനിന്നു
എനിക്കു ലഭിച്ചപ്രകാരം ഞാൻ ജാതിക
ളുടെമേൽ അധികാരം കൊടുക്കും.
൨൭ അവൻ ഇരിമ്പുകോൽകൊണ്ട
അവരെ മേയിക്കും; അവർ കുശവൻെറ
പാത്രങ്ങൾപോലെ നുറുങ്ങിപ്പോകുന്നു.
൨൮ ഞാൻ ഉദയനക്ഷത്രത്തെയും അ
വന്നു കൊടുക്കും.
൨൯ ആത്മാവു സഭകളോട്ട പറയുന്ന
തു എന്തെന്നു ചെവിയുള്ളവൻ കേൾക്ക
ട്ടെ.

൩ാം അദ്ധ്യായം.

സൎദ്ദിസിലേ സഭയുടെ ദൂതന്നു എഴുതുക:
ദൈവത്തിൻെറ ഏഴാത്മാക്കളും ഏഴ ന
ക്ഷത്രങ്ങളും ഉള്ളവൻ പറയുന്നതു: ജീവനു
ള്ളവൻ എന്നു നിനക്കു പേർ ഉണ്ട്ട എങ്കി
ലും നീ മരിച്ചവനാകുന്നു എന്നു ഞാൻ
നിൻെറ പ്രവൃത്തികളെ അറിയുന്നു.
൨ ഉണൎന്നുകൊൾക ചാവാറായ ശേഷി
പ്പുകളെ സ്ഥിരപ്പെടുത്തുകയും ചെയ്ക; എ
ന്തുകൊണ്ടെന്നാൽ നിൻെറ പ്രവൃത്തിക
ൾ എൻെറ ദൈവത്തിൻെറ മുമ്പാകേ പൂ
ൎണ്ണതയുള്ളവയായി ഞാൻ കണ്ടിട്ടില്ല.
൩ ആകയാൽ നീ ഏതുപ്രകാരം പ്രാ
പിക്കയും കേൾക്കയും ചെയ്തു എന്നു ഓൎത്തു
അതിനെ കാത്തുകൊൾകയും മാനസാന്ത
രപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാ
ൽ ഞാൻ കള്ളനെപോലെ വരും; ഏതു
നാഴികെക്കു നിൻെറ മേൽ വരും എന്നു
നീ അറികയും ഇല്ല.
൪ എങ്കിലും തങ്ങളുടെ ഉടുപ്പുകളെ മ
ലിനമാക്കാത്ത കുറെ നാമങ്ങൾ സൎദ്ദിസി
ൽ നിനക്കുണ്ട.
൫ അവർ യോഗ്യന്മാരാകയാൽ വെ
ള്ള ധരിച്ചുംകൊണ്ട എന്നോട്ട കൂടെ ന
ടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പുകൾ
ധരിക്കും; അവൻെറ നാമത്തെ ഞാൻ ജീ
വപുസ്തകത്തിൽനിന്നു മാച്ചുകളയാതെ
എൻെറ പിതാവിൻെറ മുമ്പാകേയും അ
വൻെറ ദൂതന്മാരുടെ മുമ്പാകേയും അവ
ൻെറ നാമത്തെ ഏററു പറകയും ചെ
യ്യും.
൬ ആത്മാവു സഭകളോട്ട പറയുന്ന
തു എന്തെന്നു ചെവിയുള്ളവൻ കേൾക്ക
ട്ടെ.
൭ ¶ ഫിലദെൽഫ്യയിലേ സഭയുടെ
ദൂതന്നു എഴുതുക: വിശുദ്ധനും സത്യവാ
നും ദാവീദിൻെറ താക്കോലുള്ളവനും ആ
യി ആരും അടെക്കാതവണ്ണം തുറക്കുക
യും ആരും തുറക്കാതവണ്ണം അടെക്കുക
യും ചെയ്യുന്നവൻ പറയുന്നതു:
൮ ഇതാ ഞാൻ നിൻെറ മുമ്പാകേ തു
റന്ന വാതിൽ വെച്ചിരിക്കുന്നു; ആയതു
ആൎക്കും അടെച്ചുകൂടാ; അല്പമേ ശക്തി നി
നക്കുള്ളു എന്നും നീ എൻെറ വചനത്തെ
കാത്തു എന്നും എൻെറ നാമത്തെ തള്ളി
പ്പറഞ്ഞിട്ടില്ല എന്നും ഞാൻ നിൻെറ പ്ര
വൃത്തികളെ അറിയുന്നു.
൯ ഇതാ, യഹൂദരല്ലാതിരിക്കേ യഹൂ
ദരെന്നു കളവായി പറയുന്നവരായ ചി
ലരെ സാത്താൻെറ പള്ളിയിൽനിന്നു ഞാ
ൻ തരുന്നു; ഇതാ, അവരെ നിൻെറ പാ
ദത്തിങ്കൽ വരുത്തി കുമ്പിടുവിച്ചു നിന്നെ
ഞാൻ സ്നേഹിച്ചു എന്നു അവരെ അറിയു
മാറാക്കും.
൧൦ എൻെറ ക്ഷമയുടെ വചനത്തെ
നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വ
സിക്കുന്നവരെ പരീക്ഷിപ്പാനായിട്ടു ഭൂത
ലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാ
നാഴികയിൽനിന്നു ഞാനും നിന്നെ കാ
ക്കും
൧൧ ഞാൻ വേഗം വരുന്നു; നിൻെറ
കിരീടം ആരും എടുക്കാതിരിപ്പാന്തക്കവ
ണ്ണം നിനക്കുള്ളതിനെ പിടിച്ചുകൊൾക.
൧൨ ജയിക്കുന്നവനെ ഞാൻ എൻെറ
ദൈവത്തിൻെറ ആലയത്തിൽ ഒരു തൂ
ണാക്കും; അവൻ ഒരിക്കലും അവിടെനി
ന്നു പോകയില്ല; എൻെറ ദൈവത്തി
ൻെറ നാമവും എൻെറ ദൈവത്തിൻെറ

പക്കൽനിന്നു സ്വൎഗ്ഗത്തിൽനിന്നു തന്നേ ഇറങ്ങുന്ന പുതിയ യരുശലേം എന്ന എന്റെ ദൈവത്തിൻ പട്ടണത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും.

൧൩ ആത്മാവു സഭകളോട പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

൧൪ ¶ ലവോദിക്ക്യയിലേ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമാകുന്ന ആമെൻ എന്നുള്ളവൻ പറയുന്നതു:

൧൫ നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല എന്നു ഞാൻ നിന്റെ പ്രവൃത്തികളെ അറിയുന്നു; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു.

൧൬ ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളുവാനിരിക്കുന്നു.

൧൭ ഞാൻ ധനവാനാകുന്നു; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ട നീ നിൎഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ

൧൮ നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പുകളും നിനക്കു കാഴ്ചയുണ്ടാകേണ്ടതിന്നു നിന്റെ കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോട ആലോചന പറയുന്നു.

൧൯ എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ എരിവുള്ളവനായി മാനസാന്തരപ്പെടുക.

൨൰ ഇതാ, ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ അവന്റെ അടുക്കേ ഞാൻ പ്രവേശിച്ചു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.

൨൧ ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നപ്രകാരം തന്നേ.

൨൨ ആത്മാവു സഭകളോട പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

൪ാം അദ്ധ്യായം.

അനന്തരം ഞാൻ കണ്ടതു: ഇതാ, സ്വൎഗ്ഗത്തിൽ തുറന്നോരു വാതിൽ; കാഹളം പോലെ എന്നോട സംസാരിച്ചു കേട്ട ഒന്നാമത്തേ ശബ്ദം എന്നോട: ഇവിടെ കയറി വരിക; ഇതിന്റെ ശേഷം ഉണ്ടാകേണ്ടുന്നവ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

൨ ഉടനേ ഞാൻ ആത്മാവിലായി; ഇതാ, സ്വൎഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നു; സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നു;

൩ ഇരിക്കുന്നവൻ കാഴ്ചെക്കു സൂൎയ്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുററും കാഴ്ചെക്കു മരതകത്തോട സദൃശമായോരു പച്ചവില്ലു;

൪ സിംഹാസനത്തിന്റെ ചുററിലും ഇരുപത്തുനാലു സിംഹാസനങ്ങൾ; വെള്ളയുടുപ്പുകൾ ധരിച്ചുംകൊണ്ട സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാർ; അവരുടെ തലകളിൽ പൊൻ കിരീടങ്ങൾ;

൫ സിംഹാസനത്തിൽനിന്നു മിന്നലുകളും ശബ്ദങ്ങളും ഇടിമുഴക്കങ്ങളും പുറപ്പെടുന്നു; ദൈവത്തിന്റെ ഏഴു ആത്മാക്കളാകുന്ന ഏഴു അഗ്നിദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു;

൬ സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിന്നൊത്ത കണ്ണാടിക്കടൽപോലെ; സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുററിലും മുമ്പുറവും പിമ്പുറവും കണ്ണുകൾകൊണ്ട നിറഞ്ഞ നാലു ജീവികൾ.

൭ ഒന്നാംജീവി സിംഹത്തിന്ന സദൃശം, രണ്ടാം ജീവി കാളെക്ക സദൃശം, മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളത, നാലാം ജീവി പറക്കുന്ന കഴുകിന്ന സദൃശം.

൮ നാല്ല ജീവികളും ഓരോന്നിന്ന ആറാറ ചിറകുള്ളതായി ചുററിലും ഉള്ളിലും കണ്ണുകൾകൊണ്ട നിറഞ്ഞിരിക്കുന്നു; ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സവ്വശക്തനാകുന്ന കൎത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന അവർ രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു.

൯ എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവന്ന ആ ജീവികൾ മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴൊക്കെയും

൰ ഇരുപത്തുനാല്ല മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ കുമ്പിട്ട:

൰൧ കൎത്താവേ, നീ സവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ നീ യോഗ്യനാകുന്നു എന്ന പറഞ്ഞുംകൊണ്ട തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇട്ടും.

൫ാം അദ്ധ്യായം.

പിന്നെ ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴ മുദ്രകളാൽ മുദ്രയിട്ടോരു പുസ്തകം കണ്ട.

൨ ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്രകൾ പൊട്ടിപ്പാനും യോഗ്യൻ ആരുള്ളു എന്ന മഹാശബ്ദത്തോടെ ഘോഷിക്കുന്ന ശക്തനായോരു ദൂതനെയും കണ്ട.

൩ പുസ്തകം തുറപ്പാനോ അത നോക്കുവാനോ സ്വൎഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക കീഴിലും ആൎക്കും കഴിഞ്ഞതും ഇല്ല.

൪ പുസ്തകം തുറന്ന വായിപ്പാൻ എങ്കിലും അത നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണായ്കകൊണ്ട ഞാൻ ഏററവും കരഞ്ഞു.

൫ എന്നാറെ മൂപ്പന്മാരിൽ ഒരുത്തൻ എന്നോട: കരയേണ്ടാ; ഇതാ, യഹൂദാ ഗോത്രത്തിലേ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴ മുദ്രകളും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചു എന്ന പറഞ്ഞു.

൬ ഞാൻ സിംഹാസനത്തിന്റെയും നാല്ല ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട അറുക്കപ്പെട്ടതുപോലെ നില്ക്കുന്നത കണ്ട; അതിന്ന ഏഴ കൊമ്പുകളും സവ്വഭൂമിയിലേക്കും അയക്കപ്പെട്ട ഏഴ ദൈവാത്മാക്കൾ ആകുന്ന ഏഴ കണ്ണുകളും ഉണ്ട.

൭ അവൻ വന്ന സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽനിന്ന അത വാങ്ങി.

൮ പുസ്തകം വാങ്ങിയപ്പോൾ നാല്ല ജീവികളും ഇരുപത്തുനാല്ല മൂപ്പന്മാരും അവനവൻ വീണയും വിശുദ്ധന്മാരുടെ പ്രാൎത്ഥനകൾ ആകുന്ന ധൂപവൎഗ്ഗം നിറഞ്ഞിരിക്കുന്ന പൊൻകലശങ്ങളും പിടിച്ചുകൊണ്ട കുഞ്ഞാട്ടിന്റെ മുമ്പാകേ വീണു.

൯ പുസ്തകം വാങ്ങുവാനും അതിന്റെ മുദ്രകൾ തുറപ്പാനും നീ യോഗ്യനാകുന്നു; എന്തുകൊണ്ടെന്നാൽ നീ അറുക്കപ്പെട്ട നിന്റെ രക്തംകൊണ്ട സവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്ക വാങ്ങി;

൰ ഞങ്ങളുടെ ദൈവത്തിന്ന അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയുടെമേൽ വാഴുകയും ചെയ്യുന്നു എന്നൊരു പുതിയ പാട്ട അവർ പാടുന്നു.

൰൧ പിന്നെ ഞാൻ കണ്ടത: സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുററിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവരുടെ എണ്ണം പതിനായിരം പതിനായിരങ്ങളും ആയിരം ആയിരങ്ങളും ആയിരുന്നു.

൧൨ അവർ മഹാശബ്ദത്തോടെ പറ
ഞ്ഞു: അറുക്കപ്പെട്ട കുഞ്ഞാട്ട ശക്തിയും ധ
നവും ജ്ഞാനവും ബലവും ബഹുമാനവും
മഹത്വവും സ്തുതിയും ലഭിപ്പാൻ യോഗ്യ
നാകുന്നു.
൧൩ എന്നാറെ സ്വർഗ്ഗത്തിലും ഭൂമിയി
ലും ഭൂമിക്ക കീഴം സമുദ്രത്തിലും ഉള്ള സ
കലസൃഷ്ടിയും അവയിലുള്ളവ ഒക്കെയും:
സിംഹാസനത്തിൽ ഇരിക്കുന്നവന്നും കു
ഞ്ഞാടിന്നും സ്തുതിയും ബഹുമാനവും മഹ
ത്വവും ബലവും എന്നെന്നേക്കും ഉണ്ടാക
ട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു.
൧൪ നാലു ജീവികളും: ആമെൻ എ
ന്നു പറഞ്ഞു; മൂപ്പന്മാർ വീണു കുമ്പിട്ടുക
യും ചെയ്തു.

൬ാം അദ്ധ്യായം.

പിന്നെ ഞാൻ കണ്ടു: കുഞ്ഞാട്ട മുദ്രകളി
ൽ ഒന്നു തുറന്നപ്പോൾ: നീ വരിക എന്നു
നാലു ജീവികളിൽ ഒന്നു ഇടിമുഴക്കംപോ
ലെ പറയുന്നതു ഞാൻ കേട്ടു.
൨ അപ്പോൾ ഞാൻ കണ്ടതു: ഇതാ,
ഒരു വെള്ളക്കുതിര; അതിന്മേൽ ഇരിക്കു
ന്നവൻെറ പക്കൽ ഒരു വില്ലുണ്ടു; അവ
ന്നു ഒരു കിരീടവും നല്കപ്പെട്ടു; അവൻ
ജയിക്കുന്നവനായും ജയിപ്പാനായും പുറ
പ്പെട്ടു.
൩ ¶ അവൻ രണ്ടാംമുദ്ര തുറന്നപ്പോ
ൾ: വരിക എന്നു രണ്ടാം ജീവി പറയു
ന്നതു ഞാൻ കേട്ടു.
൪ അപ്പോൾ ചുവന്നതായ മറെറാരു
കുതിര പുറപ്പെട്ടു; തമ്മിൽ തമ്മിൽ കൊ
ല്ലുവാൻ തക്കവണ്ണം ഭൂമിയിൽനിന്നു സ
മാധാനം എടുത്തുകളയേണ്ടതിന്നു അതി
ൻെറ പുറത്തു ഇരിക്കുന്നവന്നു അധികാ
രം നല്കപ്പെട്ടു; ഒരു വലിയ വാളും അവ
ന്നു കൊടുക്കപ്പെട്ടു.
൫ ¶ മൂന്നാംമുദ്ര തുറന്നപ്പോൾ: വരി
ക എന്നു മൂന്നാം ജീവി പറയുന്നതു ഞാ
ൻ കേട്ടു. പിന്നെ ഞാൻ കണ്ടതു: ഇതാ,
ഒരു കറുത്ത കുതിര; അതിന്മേൽ ഇരിക്കു
ന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചി
രുന്നു.
൬ ഒരു പണത്തിന്നു ഒരിടങ്ങഴി കോ
തമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി
യവം; എണ്ണയും വീഞ്ഞും നഷ്ടപ്പെടുത്തു
കയുമരുതു എന്നു നാലു ജീവികളുടെയും
മദ്ധ്യത്തിൽനിന്നു ഒരു ശബ്ദം ഞാൻ കേട്ടു.
൭ ¶ നാലാംമുദ്ര തുറന്നപ്പോൾ: വരി
ക എന്നു നാലാം ജീവി പറയുന്ന ശ
ബ്ദം ഞാൻ കേട്ടു.
൮ അപ്പോൾ ഞാൻ കണ്ടതു: ഇതാ, മ
ഞ്ഞനിറമുള്ളോരു കുതിര; അതിന്മേൽ ഇ
രിക്കുന്നവന്നു മരണം എന്നു പേർ. പാ
താളം അവനെ പിന്തുടന്നു; അവക്കു വാ
ളുകൊണ്ടും ക്ഷാമംകൊണ്ടും മരണംകൊ
ണ്ടും ഭൂമിയിലേ കാട്ടുമൃഗങ്ങളെകൊണ്ടും
കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തി
ന്മേൽ അധികാരം നല്കപ്പെട്ടു.
൯ ¶ അവൻ അഞ്ചാംമുദ്ര തുറന്ന
പ്പോൾ ദൈവവചനം നിമിത്തവും തങ്ങ
ൾ പിടിച്ചിരുന്ന സാക്ഷ്യം ഹേതുവായും
അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ബലി
പീഠത്തിങ്കീഴിൽ ഞാൻ കണ്ടു:
൧൦ വിശുദ്ധനും സത്യവാനും ആയ
നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞ
ങ്ങളുടെ രക്തത്തെ കുറിച്ചു നീ എത്ര
ത്തോളം ന്യായംവിധിക്കാതെയും പ്രതി
കാരം നടത്താതെയും ഇരിക്കും എന്നു അ
വർ മഹാശബ്ദത്തോടെ നിലവിളിച്ചു.
൧൧ എന്നാറെ അവരിൽ ഓരോരു
ത്തന്നും വെള്ളനിലയങ്കി നല്കപ്പെട്ടു; അ
വരെപോലെ തന്നേ കൊല്ലപ്പെടുവാനി
രിക്കുന്ന കൂട്ടദാസന്മാരും സഹോദരന്മാ
രും വന്നു തികയുവോളത്തേക്കു അല്പകാ
ലംകൂടെ സ്വസ്ഥമായി പാക്കേണം എ
ന്നു അവക്കു അരുളപ്പാടുണ്ടാകയും ചെയ്തു.
൧൨ ¶ ആറാംമുദ്ര തുറന്നപ്പോൾ ഞാ
ൻ കണ്ടതു: വലിയോരു ഭൂകമ്പം ഉണ്ടാ
യി; സൂൎയ്യൻ കരിമ്പടംപോലെ കറുത്തു;
ചന്ദ്രൻ മുഴുവനും രക്തതുല്യമായി തീന്നു.
൧൩ അത്തിവൃക്ഷം പെരുങ്കാററുകളാ
ൽ കുലുങ്ങീട്ടു അകാലകായ്കളെ ഉതിക്കു
മ്പോലെ ആകാശത്തിലേ നക്ഷത്രങ്ങളും
ഭൂമിയിൽ വീണു.
൧൪ ചുരുട്ടുന്ന പുസ്തകച്ചുരുൾപോലെ
ആകാശവും മാറിപ്പോയി; എല്ലാമലയും

ദീപും സ്വസ്ഥാനങ്ങളിൽനിന്നു ഇളകിപ്പോകയും ചെയ്തു.

൰൫ ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും പറഞ്ഞു:

൰൬ ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖത്തുനിന്നും കുഞ്ഞാടിന്റെ കോപത്തിൽനിന്നും ഞങ്ങളെ മറെക്കയും ചെയ്വിൻ.

൰൭ എന്തുകൊണ്ടെന്നാൽ അവരുടെ മഹാകോപദിവസം വന്നു; ആൎക്ക നില്പാൻ കഴിയും?

൭ാം അദ്ധ്യായം.

അതിന്റെശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന്നു നാലു ദൂതന്മാർ ഭൂമിയിലേ നാലു കാറ്റുകളെയും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണുകളിലും നില്ക്കുന്നതു ഞാൻ കണ്ടു.

൨ മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി സൂൎയ്യോദയത്തിങ്കൽനിന്നു കയറുന്നതും കണ്ടു. അവൻ ഭൂമിയെയും സമുദ്രത്തെയും ചേതപ്പെടുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു:

൩ നമ്മുടെ ദൈവത്തിന്റെ ദാസന്മാരെ അവരുടെ നെറ്റികളിൽ ഞങ്ങൾ മുദ്രയിട്ടു കഴിവോളം ഭൂമിയെയും കടലിനെയും വൃക്ഷങ്ങളെയും ചേതപ്പെടുത്തരുതു എന്നു മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു.

൪ മുദ്രയേറ്റവരുടെ എണ്ണത്തെയും ഞാൻ കേട്ടു; ഇസ്രയേൽപുത്രന്മാരുടെ സകല ഗോത്രത്തിൽനിന്നും മുദ്രയേറ്റവർ നൂറ്റിനാല്പത്തുനാലായിരം.

൫ യഹൂദാഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം; രൂബേൻഗോത്രത്തിൽ പന്തീരായിരം; ഗാദ്ഗോത്രത്തിൽ പന്തീരായിരം;

൬ അശേർഗോത്രത്തിൽ പന്തീരായിരം; നപ്തലിഗോത്രത്തിൽ പന്തീരായിരം; മനശ്ശെഗോത്രത്തിൽ പന്തീരായിരം;

൭ ശിമ്യോൻഗോത്രത്തിൽ പന്തീരായിരം; ലേവിഗോത്രത്തിൽ പന്തീരായിരം; ഇസ്സക്കാർഗോത്രത്തിൽ പന്തീരായിരം;

൮ സബുലോൻഗോത്രത്തിൽ പന്തീരായിരം; യോസേഫ്ഗോത്രത്തിൽ പന്തീരായിരം; ബെന്യാമിൻഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം.

൯ ഇതിന്റെ ശേഷം ഞാൻ കണ്ടതു: ഇതാ, സകലജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആൎക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കികൾ ധരിച്ചു കൈകളിൽ കുരുത്തോലകളുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകേ നിന്നു:

൰ രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്നും കുഞ്ഞാടിന്നും എന്നു മഹാശബ്ദത്തോടെ ആൎത്തുകൊണ്ടിരുന്നു.

൰൧ എല്ലാ ദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലുജീവികളുടെയും ചുറ്റും നിന്നു സിംഹാസനത്തിന്റെ മുമ്പിൽ മുഖം കവിണ്ണുവീണു:

൰൨ ആമെൻ, നമ്മുടെ ദൈവത്തിന്നു സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും എന്നെന്നേക്കും ആമെൻ എന്നു ചൊല്ലി ദൈവത്തെ കുമ്പിടുകയും ചെയ്തു.

൰൩ മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: വെള്ളനിലയങ്കികൾ ഉടുത്തിരിക്കുന്ന ഇവർ ആർ? എവിടെനിന്നു വന്നു എന്നു ചോദിച്ചു.

൰൪ കൎത്താവേ, നീ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞപ്പോൾ അവൻ എന്നോടു പറഞ്ഞതു: ഇവർ മഹാസങ്കടത്തിൽനിന്നു വന്നവർ ആകുന്നു; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കികളെ അലക്കി വെളുപ്പിക്കയും ചെയ്തു.

൰൫ ആകയാൽ അവർ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസന

ത്തിൽ ഇരിക്കുന്നവൻ അവരുടെ മേൽ തന്റെ കൂടാരം അടിക്കും.

൧൬ ഇനി അവൎക്ക വിശക്കയുമില്ല ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂട്ടും അവരുടെമേൽ തട്ടുകയുമില്ല.

൧൭ എന്തുകൊണ്ടെന്നാൽ സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാടു അവരെ മേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്ക വഴി നടത്തുകയും ദൈവം താൻ അവരുടെ കണ്ണുകളിൽനിന്ന കണ്ണുനീർ എല്ലാം തുടച്ചുകളകയും ചെയ്യും.

൮ാം അദ്ധ്യായം.

അവൻ ഏഴാംമുദ്ര തുറന്നപ്പോൾ സ്വൎഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൌനത ഉണ്ടായി.

൨ അപ്പോൾ ദൈവത്തിന്റെ മുമ്പാകെ നില്ക്കുന്ന ഏഴുദൂതന്മാരെ ഞാൻ കണ്ടു; അവൎക്ക ഏഴുകാഹളങ്ങൾ കൊടുക്കപ്പെട്ടു.

൩ ¶ മറെറാരു ദൂതൻ ഒരു സ്വൎണ്ണധൂപകലശവുമായി വന്ന ബലിപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിന്റെ മുമ്പിലുള്ള സ്വൎണ്ണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാൎത്ഥനകളോടുംകൂടെ ചേൎക്കേണ്ടതിന്ന വളരെ ധൂപവൎഗ്ഗം അവന്ന കൊടുക്കപ്പെട്ടു.

൪ ആ ധൂപവൎഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാൎത്ഥനകളോടുകൂടെ ദൂതന്റെ കൈയിൽനിന്ന ദൈവസന്നിധിയിലേക്ക കയറി.

൫ ദൂതൻ ധൂപകലശം എടുത്തു ബലിപീഠത്തിലേ കനൽകൊണ്ടു നിറെച്ചു ഭൂമിയിലേക്ക എറിഞ്ഞു; അപ്പോൾ ഇടിമുഴക്കങ്ങളും ശബ്ദങ്ങളും മിന്നലുകളും ഭൂകമ്പവും ഉണ്ടായി.

൬ ¶ ഏഴുകാഹളങ്ങളുള്ള ദൂതന്മാർ എഴുവരും കാഹളം ഊതുവാൻ ഒരുങ്ങുകയും ചെയ്തു.

൭ ¶ ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം ഇടകലൎന്നുള്ള കല്മഴയും അഗ്നിയും ഉണ്ടായി ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്ന വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്ന വെന്തുപോയി; എല്ലാപച്ചപ്പുല്ലും വെന്തുപോകയും ചെയ്തു.

൮ ¶ രണ്ടാമത്തേ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമല പോലെയൊന്ന കടലിലേക്ക എറിയപ്പെട്ടിട്ടു കടലിൽ മൂന്നിലൊന്ന രക്തമായി തീൎന്നു.

൯ കടലിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്ന ചത്തു; കപ്പലുകളിലും മൂന്നിലൊന്ന ചേതപ്പെട്ടു.

൧൦ ¶ മൂന്നാമത്തേ ദൂതൻ ഊതി; അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു വലിയ നക്ഷത്രം ആകാശത്തിൽനിന്ന വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവകളിലും തന്നേ വീണതു.

൧൧ ആ നക്ഷത്രത്തിന്ന കാഞ്ഞിരം എന്ന പേർ പറയുന്നു; വെള്ളങ്ങളിൽ മൂന്നിലൊന്ന കാഞ്ഞിരതുല്യം ആയിതീൎന്നു; വെള്ളങ്ങൾ കൈപ്പായിപോയതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി.

൧൨ ¶ നാലാമത്തേ ദൂതൻ ഊതി; അപ്പോൾ സൂൎയ്യനിൽ മൂന്നിലൊന്നും ചന്ദ്രനിൽ മൂന്നിലൊന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നും ബാധിക്കപ്പെട്ടു; അവയിൽ മൂന്നിലൊന്ന ഇരുണ്ടുപോയിട്ടു പകലിലും രാത്രിയിലും മൂന്നിലൊന്ന വെളിച്ചമില്ലാതിരിക്കേണ്ടതിന്ന തന്നേ.

൧൩ ¶ പിന്നെ ഒരു കഴുകു: ഇനി കാഹളം ഊതുവാനുള്ള മൂന്ന ദൂതന്മാരുടെ കാഹളധ്വനികൾ ഹേതുവായി ഭൂവാസികൾക്ക ഹാ കഷ്ടം, കഷ്ടം, കഷ്ടം എന്ന മഹാശബ്ദത്തോടെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യത്തൂടെ പറക്കുന്നതു ഞാൻ കാണ്കയും കേൾക്കയും ചെയ്തു.

൯ാം അദ്ധ്യായം.

അഞ്ചാമത്തേ ദൂതൻ ഊതി; അപ്പോൾ ആകാശത്തിൽനിന്ന ഭൂമിയിൽ വീണിരിക്കുന്ന ഒരു നക്ഷത്രം ഞാൻ കണ്ടു; അവന്ന അഗാധകൂപത്തിന്റെ താക്കോൽ കൊടുക്കപ്പെട്ടു.

൨ അവൻ അഗാധകൂപം തുറന്നു; അപ്പോൾ പെരുഞ്ചൂളയിലേ പുകപോലെ കൂപത്തിൽനിന്ന പുക പൊങ്ങി; കൂപ

ത്തിൻെറ പുകയാൽ സൂൎയ്യനും ആകാശ
വും ഇരുണ്ടുപോയി.

൩ പുകയിൽനിന്നു വെട്ടുക്കിളികൾ ഭൂ
മിമേൽ പുറപ്പെട്ടുകയും ചെയ്തു. അവെക്കു
ഭൂമിയിലേ തേളുകൾക്കുള്ള അധികാരം
പോലെ അധികാരം കൊടുക്കപ്പെട്ടു.

൪ നെററികളിൽ ദൈവത്തിൻെറ മു
ദ്രയില്ലാത്ത മനുഷ്യൎക്കല്ലാതെ ഭൂമിയിലേ
പുല്ലിന്നും പച്ചയായതൊന്നിന്നും യാ
തൊരു വൃക്ഷത്തിന്നും ദോഷം വരുത്തരു
തു എന്നു അവയോട്ടു കല്പിക്കപ്പെട്ടു.

൫ ആയവരെ കൊല്ലുവാനല്ല അഞ്ചു
മാസം ദണ്ഡിപ്പിക്കേണ്ടതിന്നത്രേ അവെ
ക്കു അധികാരം കൊടുക്കപ്പെട്ടതു; അവരു
ടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോ
ൾ ഉള്ള വേദനപോലേ തന്നേ.

൬ ആ ദിവസങ്ങളിൽ മനുഷ്യർ മര
ണത്തെ അന്വേഷിക്കും, കാണുകയില്ല താ
നും; ചാവാൻ കൊതിക്കും, മരണം അവ
രെ വിട്ടു ഓട്ടുകയും ചെയ്യും.

൭ വെട്ടുക്കിളികളുടെ രൂപങ്ങൾ യുദ്ധ
ത്തിന്നു ചമയിച്ച കുതിരകൾക്കു സമം;
അവയുടെ തലകളിൽ പൊന്നിന്നു തുല്യ
മായ കിരീടങ്ങൾ ഉള്ളതുപോലെയും മുഖ
ങ്ങൾ മനുഷ്യമുഖങ്ങൾ പോലെയും ആ
യിരുന്നു.

൮ സ്ത്രീകളുടെ മുടിപോലെ അവെക്കു
മുടി ഉണ്ടു; അവയുടെ പല്ലു സിംഹങ്ങളു
ടേതു പോലെയും ആയിരുന്നു.

൯ ഇരിമ്പുകവചങ്ങൾപോലെ കവ
ചങ്ങൾ ഉണ്ടു; അവയുടെ ചിറകുകളുടെ
ശബ്ദം പടെക്കു ഓട്ടുന്ന അനേകം കുതി
രത്തേരുകളുടെ ശബ്ദംപോലെ ആയി
രുന്നു.

൧൦ അവെക്കു തേളുകളെപോലെ വാ
ലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു
മാസം ഉപദ്രവിപ്പാൻ അവെക്കുള്ള ശക്തി
അവയുടെ വാലുകളിൽ ആയിരുന്നു.

൧൧ അഗാധത്തിൻെറ ദൂതൻ അവയു
ടെമേൽ രാജാവായിട്ടു ഉണ്ടു; അവന്നു
എബ്രായഭാഷയിൽ അബദ്ദോൻ* എന്നും
യവനഭാഷയിൽ അപ്പൊല്ലിയോൻ* എ
ന്നും പേർ.

൧൨ ¶ കഷ്ടം ഒന്നു കഴിഞ്ഞു; ഇതാ,
ഇനി രണ്ടു കഷ്ടങ്ങൾ ഇവയുടെ പിന്നാ
ലേ വരുന്നു.

൧൩ ¶ ആറാമത്തേ ദൂതൻ ഊതി; അ
പ്പോൾ ദൈവസന്നിധിയിലേ സ്വൎണ്ണ
പീഠത്തിൻെറ കൊമ്പുകളിൽനിന്നു ഒരു
ശബ്ദം

൧൪ കാഹളമുള്ള ആറാംദൂതനോട്ടു: യൂ
ഫ്രാത്തേസ് എന്ന മഹാനദിതീരത്തു ബ
ന്ധിക്കപ്പെട്ടിരിക്കുന്ന നാലു ദൂതന്മാരെയും
അഴിച്ചുവിട്ടുക എന്നു പറയുന്നതു ഞാൻ
കേട്ടു.

൧൫ ഉടനേ മനുഷ്യരിൽ മൂന്നിലൊ
ന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാ
സം, ദിവസം, നാഴികെക്കു ഒരുങ്ങിയിരു
ന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു.

൧൬ കുതിരപ്പടകളുടെ സംഖ്യ പതി
നായിരം മടങ്ങു ഇരുപതിനായിരം എ
ന്നു അവയുടെ എണ്ണം ഞാൻ കേട്ടു.

൧൭ ഞാൻ കുതിരകളെയും അവയു
ടെ പുറത്തു ഇരിക്കുന്നവരെയും ദൎശന
ത്തിൽ കണ്ടതു ഇപ്രകാരം: അവൎക്കു തീ
നിറവും രക്തനീലവും ഗന്ധകനിറവുമു
ള്ള കവചങ്ങൾ ഉണ്ടായിരുന്നു; കുതിര
കളുടെ തല സിംഹങ്ങളുടെ തലപോലെ
ആയിരുന്നു; വായിൽനിന്നു തീയും പുക
യും ഗന്ധകവും പുറപ്പെട്ടു.

൧൮ അവയുടെ വായിൽനിന്നു പുറ
പ്പെട്ടുന്ന തീ, പുക, ഗന്ധകം എന്നീ മൂ
ന്നു ബാധകളാൽ മനുഷ്യരിൽ മൂന്നിലൊ
ന്നു കൊല്ലപ്പെട്ടു.

൧൯ എന്തുകൊണ്ടെന്നാൽ കുതിരകളു
ടെ ശക്തി അവയുടെ വായിലും വാലി
ലും ആകുന്നു; അവയുടെ വാലോ സൎപ്പ
ത്തെപോലെയുള്ള തലയുള്ളതു; ഇവയാ
ലത്രേ ചേതപ്പെട്ടുത്തുന്നതു.

൨൦ ഈ ബാധകളാൽ കൊല്ലപ്പെടാ
ത്ത ശേഷംമനുഷ്യരോ ദുൎഭൂതങ്ങളെയും,
കാണ്മാനും കേൾപ്പാനും നടപ്പാനും വ
ഹിയാത്ത പൊന്നു, വെള്ളി, ചെമ്പു, ക
ല്ലു, മരം ഇവകൊണ്ടുള്ള ബിംബങ്ങളെ

* വിനാശകൻ.

യും കുമ്പിടാതവണ്ണം തങ്ങളുടെ കൈക്രി
യകളെ വിട്ടു മാനസാന്തരപ്പെട്ടില്ല.
൨൧ തങ്ങളുടെ കുലകളെയും ക്ഷുദ്രങ്ങ
ളെയും വേശ്യാദോഷത്തെയും മോഷണ
ങ്ങളെയും വിട്ടു മാനസാന്തരപ്പെട്ടതുമില്ല.

൧൦ാം അദ്ധ്യായം.

ബലവാനായ മറെറാരു ദൂതൻ സ്വൎഗ്ഗ
ത്തിൽനിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു.
അവൻ മേഘം ഉടുത്തും തലമേൽ ആകാ
ശവില്ലു പൂണ്ടും മുഖം സൂൎയ്യനെ പോലെ
യും കാലുകൾ തീത്തൂണുകൾ പോലെയും
ഉള്ളവൻ.
൨ അവന്റെ കൈയിൽ തുറന്നോരു
ചെറുപുസ്തകം ഉണ്ടു; അവൻ തന്റെ വ
ലത്തേ കാൽ കടലിന്മേലും ഇടത്തേ കാ
ൽ ഭൂമിമേലും വെച്ചു,
൩ സിംഹം അലറുന്നതുപോലെ അ
വൻ മഹാശബ്ദത്തോടെ ആൎത്തു; ആൎത്ത
പ്പോൾ ഏഴ ഇടികളും തങ്ങളുടെ ശബ്ദ
ങ്ങളെ ഉച്ചരിച്ചു.
൪ ആ ഏഴ ഇടികൾ ഉച്ചരിച്ചപ്പോ
ൾ ഞാൻ എഴുതുവാൻ ഭാവിച്ചു; എന്നാ
റെ ഏഴ ഇടികൾ ഉച്ചരിച്ചവയെ എഴു
താതെ മുദ്രയിട്ടേക്ക എന്നു സ്വൎഗ്ഗത്തിൽ
നിന്നു പറയുന്ന ഒരു ശബ്ദം കേട്ടു.
൫ പിന്നെ സമുദ്രത്തിന്മേലും ഭൂമിമേ
ലും നില്ക്കുന്നവനായി ഞാൻ കണ്ട ദൂതൻ
തന്റെ വലങ്കൈ ആകാശത്തേക്കു ഉയ
ൎത്തി:
൬ ഇനി കാലം ഉണ്ടാകയില്ല; ഏഴാമ
ത്തേ ദൂതൻ കാഹളം ഊതുവാറായിരിക്കു
ന്ന ശബ്ദത്തിന്റെ ദിവസങ്ങളിൽ ദൈ
വത്തിന്റെ മൎമ്മം അവൻ തന്റെ ദാസ
ന്മാരായ പ്രവാചകന്മാൎക്കു സുവിശേഷിച്ചു
കൊടുത്തപ്രകാരം നിവൃത്തിയാകുമെന്നു
൭ ആകാശവും അതിലുള്ളവയും ഭൂമി
യും അതിലുള്ളവയും സമുദ്രവും അതിലു
ള്ളവയും സൃഷ്ടിച്ചവനായി എന്നെന്നേ
ക്കും ജീവിച്ചിരിക്കുന്നവനെക്കൊണ്ടു ആ
ണയിട്ടു.
൮ ഞാൻ സ്വൎഗ്ഗത്തിൽനിന്നു കേട്ട ശ
ബ്ദം പിന്നെയും എന്നോടു സംസാരിച്ചു:
നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും
നില്ക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കു
ന്ന ആ പുസ്തകം വാങ്ങുക എന്നു പറഞ്ഞു.
൯ ഞാൻ ദൂതന്റെ അടുക്കൽ ചെന്നു
ആ ചെറുപുസ്തകം എനിക്കു തരുവാൻ അ
വനോടു പറഞ്ഞു. എന്നാറെ അവൻ എ
ന്നോടു: നീ ഇതു വാങ്ങി ഭക്ഷിക്ക; നി
ന്റെ വയററിനെ അതു കൈപ്പിക്കും എ
ങ്കിലും വായിൽ തേൻപോലെ മധുരിക്കും
എന്നു പറഞ്ഞു.
൧൦ ഞാൻ ദൂതന്റെ കയ്യിൽനിന്നു ചെ
റുപുസ്തകം വാങ്ങി ഭക്ഷിച്ചു; അതു എ
ന്റെ വായിൽ തേൻപോലെ മധുരമായി
രുന്നു; അതിനെ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ
എന്റെ വയറു കൈക്കയും ചെയ്തു.
൧൧ പിന്നെ അവൻ എന്നോടു: നീ
ഇനിയും അനേകം വംശങ്ങളെയും ജാതി
കളെയും ഭാഷകളെയും രാജാക്കന്മാരെ
യും കുറിച്ചു പ്രവചിക്കേണം എന്നു പറ
യുന്നു.

൧൧ാം അദ്ധ്യായം.

പിന്നെ അവൻ ദണ്ഡുപോലെയുള്ള ഒരു
മുഴക്കോൽ എന്റെ പക്കൽ തന്നു പറഞ്ഞ
തു: നീ എഴുനീററു ദൈവത്തിന്റെ ആ
ലയത്തെയും ബലിപീഠത്തെയും അതിൽ
കുമ്പിടുന്നവരെയും അളക്കുക.
൨ ആലയത്തിന്നു പുറത്തുള്ള പ്രാകാ
രത്തെ അളക്കാതെ പുറമേ വിട്ടേക്ക;
എന്തുകൊണ്ടെന്നാൽ അതു ജാതികൾക്കു
കൊടുക്കപ്പെട്ടിരിക്കുന്നു; അവർ വിശുദ്ധ
നഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടും.
൩ അന്നു ഞാൻ എന്റെ രണ്ടു സാ
ക്ഷികൾക്കും വരം നല്കും; അവർ രട്ടു ഉ
ടുത്തുംകൊണ്ടു ആയിരത്തിരുനൂററുപത്തു
ദിവസം പ്രവചിക്കും.
൪ അവർ ഭൂമിയുടെ കൎത്താവിന്റെ
മുമ്പാകെ നില്ക്കുന്ന രണ്ടു ഒലീവ്വൃക്ഷ
ങ്ങളും രണ്ടു നിലവിളക്കുകളും ആകുന്നു.
൫ ആരെങ്കിലും അവൎക്കു ദോഷം ചെ
യ്വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനി
ന്നു അഗ്നി പുറപ്പെട്ടു അവരുടെ ശത്രുക്ക
ളെ ഭക്ഷിച്ചുകളയും; ആരെങ്കിലും അവ
ൎക്കു ദോഷം വരുത്തുവാൻ ഇച്ഛിച്ചാൽ അ
വൻ ഇങ്ങനെ കൊല്ലപ്പെടേണം.

൬ അവരുടെ പ്രവചനദിവസങ്ങളിൽ മഴ പെയ്യാതവണ്ണം ആകാശം അടെച്ചുകളവാൻ അവൎക്ക അധികാരം ഉണ്ടു; വെള്ളങ്ങളെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകല ബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ടു.

൭ അവർ തങ്ങളുടെ സാക്ഷ്യം തികെച്ചശേഷം അഗാധത്തിൽനിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും.

൮ അവരുടെ കൎത്താവു ക്രൂശിക്കപ്പെട്ടതും ആത്മികമായി സൊദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവങ്ങൾ കിടക്കും.

൯ വംശങ്ങളിലും ഗോത്രങ്ങളിലും ഭാഷകളിലും ജാതികളിലും ഉള്ളവർ അവരുടെ ശവം മൂന്നര ദിവസം കാണുന്നു; അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കുന്നതുമില്ല.

൰ ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചവരാകയാൽ ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ചു ആനന്ദിക്കയും അന്യോന്യം സമ്മാനങ്ങൾ കൊടുത്തയക്കയും ചെയ്യുന്നു.

൰൧ മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവന്റെ ആത്മാവു അവരിൽ പ്രവേശിച്ചു അവർ കാൽ ഊന്നിനിന്നു; അവരെ കാണുന്നവൎക്ക മഹാഭയം തട്ടുകയും ചെയ്തു.

൰൨ എന്നാറെ: ഇവിടെ കയറിവരുവിൻ എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു മഹാശബ്ദം തങ്ങളോടു പറയുന്നതിനെ കേട്ടു; അവർ മേഘത്തിൽ സ്വൎഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ കാണുകയും ചെയ്തു.

൰൩ ആ നാഴികയിൽ വലിയോരു ഭൂകമ്പം ഉണ്ടായി; പട്ടണത്തിൽ പത്തിലൊന്നു ഇടിഞ്ഞു വീണു; ഭൂകമ്പത്തിൽ മനുഷ്യർ ഏഴായിരം പേർ കൊല്ലപ്പെട്ടു; ശേഷിച്ചവർ ഭയവശരായി തീൎന്നു; സ്വൎഗ്ഗത്തിന്റെ ദൈവത്തിന്നു മഹത്വം കൊടുക്കയും ചെയ്തു.

൰൪ ¶ രണ്ടാമത്തെ കഷ്ടം കഴിഞ്ഞു. ഇതാ മൂന്നാമത്തെ കഷ്ടം വേഗം വരുന്നു.

൰൫ ¶ പിന്നെ ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജ്യം നമ്മുടെ കൎത്താവിന്നും അവന്റെ ക്രിസ്തുവിന്നും ആയി തീൎന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴകയും ചെയ്യും എന്നു സ്വൎഗ്ഗത്തിൽ മഹാശബ്ദങ്ങൾ ഉണ്ടായി.

൰൬ ദൈവത്തിന്റെ മുമ്പാകേ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരും മുഖം കവിണ്ണു വീണു ദൈവത്തെ കുമ്പിട്ടു പറഞ്ഞതു:

൰൭ സൎവ്വശക്തിയുള്ള കൎത്താവാകുന്ന ദൈവമേ, ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ, നീ നിന്റെ മഹാശക്തി ധരിച്ചു വാഴകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

൰൮ ജാതികൾ കോപിച്ചു, നിന്റെ കോപവും വന്നു; മരിച്ചവൎക്ക ന്യായം വിധിപ്പാനും, നിന്റെ ദാസന്മാരായ പ്രവാചകന്മാൎക്കും വിശുദ്ധന്മാൎക്കും ചെറിയവരും വലിയവരുമായി നിന്നെ ഭയപ്പെടുന്നവൎക്കും പ്രതിഫലം കൊടുപ്പാനും, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലവും വന്നു.

൰൯ ¶ എന്നാറെ സ്വൎഗ്ഗത്തിൽ ദൈവത്തിന്റെ ആലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ കാണപ്പെട്ടു; മിന്നലുകളും ശബ്ദങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടാകയും ചെയ്തു.

൰൨ാം അദ്ധ്യായം.

സ്വൎഗ്ഗത്തിൽ വലിയോരു ലക്ഷ്യം കണ്ടു: സൂൎയ്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങളാലുള്ള കിരീടവും.

൨ അവൾ ഗൎഭിണിയായി നോവുകിട്ടി പ്രസവിപ്പാൻ ദണ്ഡപ്പെട്ടു നിലവിളിക്കുന്നു.

൩ സ്വൎഗ്ഗത്തിൽ മറെറാരു ലക്ഷ്യം ക
ണ്ടു: ഇതാ, ഏഴു തലകളും പത്തു കൊ
മ്പുകളും തലകളിൽ ഏഴു രാജമുടികളുമാ
യി തീനിറമുള്ളോരു മഹാസൎപ്പം
൪ അതിന്റെ വാൽ ആകാശത്തിലെ
നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലി
ച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു.
പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ചാൽ ഉട
നേ അവളുടെ കുട്ടിയെ തിന്നുകളവാനാ
യി മഹാസൎപ്പം അവളുടെ മുമ്പിൽനിന്നു.
൫ അവൾ എല്ലാജാതികളെയും ഇരി
മ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആ
ണ്പൈതലിനെ പ്രസവിച്ചു; അവളുടെ കു
ട്ടി ദൈവത്തിന്റെ അടുക്കലേക്കും അവ
ന്റെ സിംഹാസനത്തിലേക്കും പെട്ടെന്നു
എടുക്കപ്പെടുകയും ചെയ്തു.
൬ സ്ത്രീ മരുഭൂമിയിലേക്കു ഓടിപ്പോയി
അവിടെ അവളെ ആയിരത്തിരുനൂറററു
പതു ദിവസം പോററേണ്ടതിന്നു ദൈ
വം ഒരുക്കീട്ടുള്ള സ്ഥലം അവൾക്കുണ്ടു.
൭ ¶ പിന്നെ സ്വൎഗ്ഗത്തിൽ യുദ്ധം ഉ
ണ്ടായി; മിഖായേല്യം അവന്റെ ദൂതന്മാ
രും മഹാസൎപ്പത്തോടു പടവെട്ടി; തന്റെ
ദൂതന്മാരോടുകൂടെ മഹാസൎപ്പവും പട
വെട്ടി
൮ പ്രബലപ്പെട്ടില്ല താനും. സ്വൎഗ്ഗ
ത്തിൽ അവരുടെ സ്ഥലം പിന്നെ കാണ
പ്പെട്ടതുമില്ല.
൯ ഭൂതലത്തെ മുഴുവൻ തെററിക്കുന്ന
പിശാചും സാത്താനും എന്നു പറയുന്ന
മഹാസൎപ്പമാകുന്ന പഴയപാമ്പു ഭൂമിയി
ലേക്കു തള്ളിക്കളയപ്പെട്ടു; അവന്റെ ദൂത
ന്മാരും അവനോടുകൂടെ തള്ളപ്പെട്ടു.
൧൦ എന്നാറെ ഞാൻ സ്വൎഗ്ഗത്തിൽ ഒരു
മഹാശബ്ദം പറയുന്നതായി കേട്ടതു: ഇ
പ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷ
യും ശക്തിയും രാജ്യവും അവന്റെ ക്രിസ്തു
വിന്റെ അധികാരവും ആയി; എന്തു
കൊണ്ടെന്നാൽ നമ്മുടെ സഹോദരന്മാ
രെ രാപ്പകൽ ദൈവസന്നിധിയിൽ കു
ററം ചുമത്തുന്നവനായ അവരുടെ അപ
വാദി താഴത്തേക്കു തള്ളിക്കളയപ്പെട്ടു;
൧൧ അവർ അവനെ കുഞ്ഞാടിന്റെ
രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യ
ത്തിന്റെ വചനം ഹേതുവായിട്ടും ജയി
ച്ചു; മരണപൎയ്യന്തം തങ്ങളുടെ പ്രാണ
നെ സ്നേഹിച്ചതുമില്ല.
൧൨ ആകയാൽ സ്വൎഗ്ഗങ്ങളും അവ
യിൽ വസിക്കുന്നവരുമായുള്ളോരേ, ആ
നന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിന്നും ഹാ
കഷ്ടം; പിശാചു തനിക്കു അല്പകാലമേ
യുള്ളു എന്നു അറിഞ്ഞിട്ടു മഹാക്രോധ
ത്തോടെ നിങ്ങളുടെ അടുക്കലേക്കു ഇറങ്ങി
യിരിക്കുന്നു.
൧൩ ¶ മഹാസൎപ്പം താൻ ഭൂമിയിലേ
ക്കു തള്ളപ്പെട്ടു എന്നു കണ്ടപ്പോൾ ആ
ണ്പൈതലിനെ പ്രസവിച്ച സ്ത്രീയെ ഉപദ്ര
വിച്ചുതുടങ്ങി.
൧൪ അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ ത
ന്റെ സ്ഥലത്തേക്കു പറന്നു പോകേണ്ട
തിന്നു വലിയ കഴുകിന്റെ രണ്ടു ചിറകു
കൾ നല്കപ്പെട്ടു; അവിടെ അവൾ പാ
മ്പിൽനിന്നു അകലേ ഒരു കാലവും ഇരു
കാലവും അരക്കാലവും പോററപ്പെടുന്നു.
൧൫ പാമ്പു സ്ത്രീയെ ഒഴുക്കിക്കളയേണ്ട
തിന്നു അവളുടെ പിന്നാലേ തന്റെ വാ
യിൽനിന്നു നദിപോലെ വെള്ളം ചാടി
ച്ചു.
൧൬ എന്നാറെ ഭൂമി സ്ത്രീക്കു തുണനി
ന്നു; മഹാസൎപ്പം തന്റെ വായിൽനിന്നു
ചാടിച്ച നദിയെ ഭൂമി വായ്തുറന്നു വിഴു
ങ്ങിക്കളഞ്ഞു.
൧൭ മഹാസൎപ്പം സ്ത്രീയുടെ നേരേ കോ
പിച്ചു, ദൈവകല്പനകളെ കാക്കുന്നവ
രും യേശുവിന്റെ സാക്ഷ്യത്തെ പിടിച്ചു
കൊള്ളുന്നവരുമായി അവളുടെ സന്തതി
യിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാ
ൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണ
ലിന്മേൽ നിന്നു.

൧൩ാം അദ്ധ്യായം.

അപ്പോൾ പത്തു കൊമ്പുകളും ഏഴുതല
കളും തന്റെ കൊമ്പുകളിൽ പത്തു രാജ
മുടികളും തന്റെ തലകളിൽ ദൂഷണനാമ
ങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽനിന്നു
കയറുന്നതു ഞാൻ കണ്ടു.
൨ ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു
സദൃശവും അതിന്റെ കാലുകൾ കരടിയു

ടേതു പോലെയും വായ് സിംഹത്തി
ന്റെ വായ് പോലെയും ആയിരുന്നു.
അതിന്നു മഹാസൎപ്പം തന്റെ ശക്തിയും
തന്റെ സിംഹാസനവും വലിയ അധി
കാരവും കൊടുത്തു.
൩ അതിന്റെ തലകളിൽ ഒന്നു മര
ണത്തിന്നായി അറുക്കപ്പെട്ടതു പോലെ
കണ്ടു; അതിന്റെ മരണമുറിവു പൊറു
ത്തുപോയി; സൎവ്വഭൂമിയും മൃഗത്തിന്റെ
പിന്നാലേ അത്ഭുതംകൂറുകയും ചെയ്തു.
൪ മൃഗത്തിന്നു അധികാരം കൊടുത്ത
തുകൊണ്ടു അവർ മഹാസൎപ്പത്തെ കുമ്പി
ട്ടു: മൃഗത്തോടു തുല്യൻ ആർ? അതിനോ
ടു പൊരുവാൻ ആൎക്കു കഴിയും എന്നു പ
റഞ്ഞു മൃഗത്തെയും കുമ്പിട്ടു.
൫ വമ്പുകളും ദൂഷണങ്ങളും സംസാരി
ക്കുന്ന വായ് അതിന്നു കൊടുക്കപ്പെട്ടു;
നാല്പത്തു രണ്ടു മാസം പ്രവൃത്തിപ്പാൻ അ
ധികാരവും അതിന്നു കൊടുക്കപ്പെട്ടു.
൬ അതു ദൈവത്തിന്റെ നാമത്തെ
യും അവന്റെ കൂടാരത്തെയും സ്വൎഗ്ഗത്തി
ൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈ
വദൂഷണങ്ങൾക്കായി തന്റെ വായ്തുറന്നു.
൭ വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അ
വരെ ജയിപ്പാനും അതിന്നു അധികാരം
നല്കപ്പെട്ടു; സകലഗോത്രത്തിന്മേലും ജന
ത്തിന്മേലും ഭാഷമേലും ജാതിമേലും അ
ധികാരവും കൊടുക്കപ്പെട്ടു.
൮ ലോകസ്ഥാപനം മുതൽ അറുക്ക
പ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ
പേർ എഴുതപ്പെടാത്ത ഭൂവാസികൾ ഒ
ക്കെയും അതിനെ കുമ്പിടും.
൯ ഒരുത്തന്നു ചെവി ഉണ്ടെങ്കിൽ അ
വൻ കേൾക്കട്ടെ.
൧൦ ആരെങ്കിലും അടിമയാക്കി കൊണ്ടു
പോയാൽ അവൻ അടിമയിലേക്കു പോ
കും; ആരെങ്കിലും വാൾകൊണ്ടു കൊന്നാ
ൽ അവൻ വാളാൽ കൊല്ലപ്പെടേണ്ടതാ
കുന്നു; വിശുദ്ധന്മാരുടെ ക്ഷമയും വിശ്വാ
സവും ഇവിടെ ഉണ്ടു.
൧൧ ¶ മറ്റൊരു മൃഗം ഭൂമിയിൽനി
ന്നു കയറുന്നതും ഞാൻ കണ്ടു; അതിന്നു
ഒരു കുഞ്ഞാടിനെപോലെ രണ്ടു കൊമ്പു
കളുണ്ടു; മഹാസൎപ്പത്തെ പോലെ സം
സാരിക്കയും ചെയ്തു.
൧൨ അതു ഒന്നാമത്തെ മൃഗത്തിന്റെ
മുമ്പാകെ അതിന്റെ അധികാരം എല്ലാം
നടത്തി ഭൂമിയെയും അതിൽ വസിക്കുന്ന
വരെയുംകൊണ്ടു മരണമുറിവു പൊറുത്തു
പോയ ഒന്നാം മൃഗത്തെ കുമ്പിടുവിക്കുന്നു.
൧൩ അതു മനുഷ്യർ കാണ്കെ ആകാ
ശത്തിൽനിന്നു ഭൂമിയിലേക്കു അഗ്നി ഇറ
ങ്ങുകകൂടെ ചെയ്യുമാറു വലിയ അടയാള
ങ്ങളെ പ്രവൃത്തിക്കയും
൧൪ മൃഗത്തിന്റെ മുമ്പിൽ പ്രവൃത്തി
പ്പാൻ തനിക്കു വരംകിട്ടിയ അടയാള
ങ്ങളെക്കൊണ്ടു ഭൂവാസികളെ തെറ്റിക്കു
കയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച
മൃഗത്തിന്നു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാ
സികളോടു പറകയും ചെയ്യുന്നു.
൧൫ മൃഗത്തിന്റെ പ്രതിമ സംസാരി
ക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ
കുമ്പിടാത്തവരെ ഒക്കെയും കൊല്ലിക്കേ
ണ്ടതിന്നും മൃഗത്തിന്റെ പ്രതിമെക്കു ആ
ത്മാവിനെ കൊടുപ്പാൻ അതിന്നു വരം ന
ല്കപ്പെട്ടു.
൧൬ അതു ചെറിയവരും വലിയവ
രും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്ര
ന്മാരും ദാസന്മാരുമായ എല്ലാവൎക്കും വല
ങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാ
റും
൧൭ മൃഗത്തിന്റെ നാമം എങ്കിലും അ
തിന്റെ നാമസംഖ്യ എങ്കിലും ആകുന്ന
മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കു
കയോ ചെയ്വാൻ വഹിയാതെയും ആക്കു
ന്നു.
൧൮ ഇവിടെ ജ്ഞാനം ഉണ്ടു. ബുദ്ധി
യുള്ളവൻ മൃഗത്തിന്റെ സംഖ്യയെ ഗണി
ക്കട്ടെ; അതു ഒരു മനുഷ്യന്റെ സംഖ്യയ
ല്ലോ. അതിന്റെ സംഖ്യ അറുനൂറ്ററിയ
റുപത്താറാകുന്നു.

൧൪ാം അദ്ധ്യായം.

പിന്നെ ഞാൻ കണ്ടതു: ഇതാ, സീയോ
ൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ
തങ്ങളുടെ നെറ്റികളിൽ അവന്റെ നാ
മവും അവന്റെ പിതാവിന്റെ നാമവും

എഴുതീട്ടുള്ള നൂററിനാല്പത്തുനാലായിരവും നില്ക്കുന്നു.

൨ വളരേ വെള്ളങ്ങളുടെ ഇരെച്ചൽ പോലെയും വലിയോരു ഇടിമുഴക്കം പോലെയും സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; ഞാൻ കേട്ട ശബ്ദം തങ്ങളുടെ വീണകളെ മീട്ടുന്ന വൈണികന്മാരുടേതു പോലെ ആയിരുന്നു.

൩ അവർ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാൎക്കും മുമ്പാകെ ഒരു പുതിയ പാട്ടു പാടുന്നു; ഭൂമിയിൽനിന്നു വിലെക്കു കൊള്ളപ്പെട്ടവരായ നൂററിനാല്പത്തിനാലായിരത്തിന്നല്ലാതെ ആൎക്കും ആ പാട്ടു പഠിപ്പാൻ കഴിഞ്ഞില്ല.

൪ ഇവർ കന്യകമാരാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ ആകുന്നു; കുഞ്ഞാടു എവിടെ പോയാലും ഇവർ അവനെ പിൻചെല്ലുന്നവർ ആകുന്നു; ഇവർ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായി മനുഷ്യരിൽനിന്നു വീണ്ടുകൊള്ളപ്പെട്ടവർ.

൫ ഭോഷ്കു അവരുടെ വായിൽ കാണപ്പെട്ടില്ല; അവർ കളങ്കമില്ലാത്തവർ ആകുന്നു.

൬ ¶ വേറൊരു ദൂതൻ ആകാശമദ്ധ്യത്തൂടെ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകലജാതിയും ഗോത്രവും ഭാഷയും ജനവും ആയുള്ളവരോടു സുവിശേഷിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു.

൭ ദൈവത്തെ ഭയപ്പെട്ടു അവന്നു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നുവല്ലോ; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ കുമ്പിടുകയും ചെയ്വിൻ എന്നു അവൻ മഹാശബ്ദത്തോടെ പറഞ്ഞുകൊണ്ടിരുന്നു.

൮ ¶ രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണു, തന്റെ വേശ്യാമോഹത്തിന്റെ ക്രോധമദ്യത്തിൽനിന്നു സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണു എന്നു പറഞ്ഞു.

൯ ¶ മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലേ വന്നു മഹാശബ്ദത്തോടെ പറഞ്ഞു: യാതൊരുത്തൻ മൃഗത്തെയും അതിന്റെ പ്രതിമയെയും കുമ്പിടുകയും തന്റെ നെററിയിലോ കൈമേലോ മുദ്ര ഏല്ക്കയും ചെയ്താൽ

൰ ദൈവകോപത്തിന്റെ പാത്രത്തിൽ കലൎപ്പില്ലാതെ പകൎന്നിരിക്കുന്ന ദൈവക്രോധമദ്യത്തിൽനിന്നു അവനും കുടിക്കും; വിശുദ്ധദൂതന്മാൎക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡിപ്പിക്കപ്പെടുകയും ചെയ്യും.

൰൧ അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങുന്നു; മൃഗത്തെയും അതിന്റെ പ്രതിമയെയും കുമ്പിടുന്നവൎക്കും അതിന്റെ നാമത്തിന്റെ മുദ്രയെ ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയുമില്ല.

൰൨ ദൈവകല്പനകളെയും യേശുവിലെ വിശ്വാസത്തെയും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ ക്ഷമ ഇവിടെ ഉണ്ടു.

൰൩ ¶ ഞാൻ സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതെന്തെന്നാൽ എഴുതുക: ഇന്നുമുതൽ കൎത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരുന്നു നിശ്ചയം എന്നു ആത്മാവു പറയുന്നു.

൰൪ ¶ പിന്നെ ഞാൻ കണ്ടതു: ഇതാ, വെളുത്തോരു മേഘം; മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കൈയ്യിൽ മൂൎച്ചയുള്ള അരിവാളുമായി ഇരിക്കുന്നു.

൰൫ മറെറാരു ദൂതൻ ദൈവാലയത്തിൽനിന്നു പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോടു: കൊയ്ത്തിന്നു സമയം വന്നതുകൊണ്ടു നിന്റെ അരിവാളിനെ അയച്ചു കൊയ്ക; ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നുവല്ലോ എന്നു മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു.

൰൬ മേഘത്തിന്മേൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു; ഭൂമി കൊയ്യപ്പെടുകയും ചെയ്തു.

൧൭ ¶ മറെറാരു ദൂതൻ സ്വൎഗ്ഗത്തിലേ ആലയത്തിൽനിന്നു പുറപ്പെട്ടു; അവനും മൂൎച്ചയുള്ള ഒരു അരിവാൾ പിടിച്ചിരുന്നു.

൧൮ അഗ്നിമേൽ അധികാരമുള്ള വേറൊരു ദൂതൻ ബലിപീഠത്തിൽനിന്നു പുറപ്പെട്ടു, മൂൎച്ചയുള്ള അരിവാൾ പിടിച്ചിരുന്നവനോടു: ഭൂമിയിലേ മുന്തിരിങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂൎച്ചയുള്ള അരിവാൾ അയച്ചു മുന്തിരിവള്ളിയുടെ കുലകളെ അറുക്കുക എന്നു മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു.

൧൯ ദൂതനും തന്റെ അരിവാൾ ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലേ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു.

൨൦ ചക്കു നഗരത്തിന്നു പുറത്തു മെതിക്കയും ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ആയിരത്തറുനൂറു സ്താദി ദൂരം ഒഴുകുകയുംചെയ്തു.

൧൫ാം അദ്ധ്യായം.

ഞാൻ വലുതും അത്ഭുതവുമായ മറെറാരു ലക്ഷ്യം സ്വൎഗ്ഗത്തിൽ കണ്ടു; ഒടുക്കത്തേ ഏഴ ബാധകളുമുള്ള ഏഴ ദൂതന്മാരെ തന്നേ; അവരോടുകൂടെ ദൈവക്രോധം തീൎന്നു.

൨ ¶ അഗ്നി കലൎന്നുള്ള പളുങ്കുകടൽ പോലെയും മൃഗത്തോടും അതിന്റെ പ്രതിമയോടും നാമസംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികേ നില്ക്കുന്നതും ഞാൻ കണ്ടു.

൩ അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സൎവ്വശക്തിയുള്ള ദൈവമായ കൎത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; യുഗങ്ങളുടെ രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ.

൪ കൎത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏകപരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്നു നിന്റെ മുമ്പിൽ കുമ്പിടും.

൫ ¶ ഇതിന്റെ ശേഷം ഞാൻ കണ്ടതു: സ്വൎഗ്ഗത്തിൽ സാക്ഷിക്കൂടാരമാകുന്ന ദൈവാലയം തുറക്കപ്പെട്ടു.

൬ ഏഴ ബാധകളുള്ള ഏഴ ദൂതന്മാരും ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും മാറുകളിൽ പൊൻകച്ചകൾ കെട്ടിയുംകൊണ്ടു ദൈവാലയത്തിൽനിന്നു പുറപ്പെട്ടു വന്നു.

൭ അപ്പോൾ നാലുജീവികളിൽ ഒന്നു എന്നെന്നേക്കും ജീവിക്കുന്ന ദൈവത്തിന്റെ ക്രോധം നിറഞ്ഞുള്ള ഏഴ പൊൻകലശങ്ങളെ ആ ഏഴ ദൂതന്മാൎക്കു കൊടുത്തു.

൮ ദൈവത്തിന്റെ തേജസ്സും അവന്റെ ശക്തിയും ഹേതുവായിട്ടു ദൈവാലയം പുകകൊണ്ടു നിറഞ്ഞു; ഏഴ ദൂതന്മാരുടെ ബാധകൾ ഏഴും തികയുവോളത്തിന്നു ദൈവാലയത്തിൽ പ്രവേശിപ്പാൻ ആൎക്കും കഴിഞ്ഞതുമില്ല.

൧൬ാം അദ്ധ്യായം.

നിങ്ങൾ പോയി ക്രോധകലശങ്ങൾ ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ എന്നു ഒരു മഹാശബ്ദം ദൈവാലയത്തിൽനിന്നു ഏഴ ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു.

൨ ¶ ഒന്നാമത്തവൻ പോയി തന്റെ കലശത്തെ ഭൂമിയിൽ ഒഴിച്ചു. എന്നാറെ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ കുമ്പിടുന്നവരുമായ മനുഷ്യൎക്കു വല്ലാത്തൊരു ദുൎവ്രണം ഉണ്ടായി.

൩ ¶ രണ്ടാമത്തവൻ തന്റെ കലശത്തെ സമുദ്രത്തിൽ ഒഴിച്ചു; അപ്പോൾ അതു മരിച്ചവന്റെ രക്തംപോലെ ആയിത്തീൎന്നു; സമുദ്രത്തിലേ ജീവജന്തു ഒക്കെയും ചാകയും ചെയ്തു.

൪ മൂന്നാമത്തേ ദൂതൻ നദികളിലും നീരുറവകളിലും തന്റെ കലശത്തെ ഒഴിച്ചു; അവ രക്തമായി തീൎന്നു.

൫ അപ്പോൾ വെള്ളങ്ങളുടെ ദൂതൻ ഇവ്വണ്ണം പറയുന്നതിനെ ഞാൻ കേട്ടു: ഇരിക്കുന്നവനും ഇരുന്നവനുമായി പരിശു

ദ്ധനായുള്ളോവേ, നീ ഇപ്രകാരം ന്യായം വിധിച്ചതുകൊണ്ടു നീതിമാൻ ആകുന്നു.

൬ വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവൎക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിന്നു അവർ പാത്രവാന്മാർ ആകുന്നു.

൭ അവ്വണ്ണം ബലിപീഠവും: അതേ, സൎവ്വശക്തനായിരിക്കുന്ന ദൈവമായ കൎത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവയാകുന്നു എന്നു പറയുന്നതു ഞാൻ കേട്ടു.

൮ ¶ നാലാമത്തവൻ തന്റെ കലശം സൂൎയ്യനിൽ ഒഴിച്ചു; എന്നാറെ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന്നു അധികാരം കൊടുക്കപ്പെട്ടു.

൯ മനുഷ്യരും അത്യുഷ്ണത്താൽ വെന്തു; ഈ ബാധകളുടെ മേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദൂഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല.

൧൦ ¶ അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; എന്നാറെ അതിന്റെ രാജ്യം ഇരുണ്ടുപോയി. അവർ കഷ്ടത നിമിത്തം തങ്ങളുടെ നാവു കടിച്ചുംകൊണ്ടു

൧൧ കഷ്ടതകളും വ്രണങ്ങളും ഹേതുവാൽ സ്വൎഗ്ഗത്തിന്റെ ദൈവത്തെ ദൂഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല.

൧൨ ¶ ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; സൂൎയ്യോദയത്തിൽനിന്നു വരുന്ന രാജാക്കന്മാൎക്കു വഴി ഒരുങ്ങത്തക്കവണ്ണം അതിലേ വെള്ളം വററിപ്പോകയും ചെയ്തു.

൧൩ മഹാസൎപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളകൾ പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു.

൧൪ ഇവ സൎവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സൎവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലേ യുദ്ധത്തിന്നായിട്ടു കൂട്ടിച്ചേൎപ്പാൻ അതിശയങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ ആകുന്നു.

൧൫ (ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു; തന്റെ ലജ്ജയെ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പുകളെ സൂക്ഷിച്ചും ജാഗരിച്ചുംകൊള്ളുന്നവൻ ഭാഗ്യവാൻ).

൧൬ ആയവരെ എബ്രായഭാഷയിൽ ഹൎമ്മഗദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേൎത്തു.

൧൭ ¶ ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; എന്നാറെ: സംഭവിച്ചു തീൎന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലേ സിംഹാസനത്തിൽനിന്നു വന്നു.

൧൮ മിന്നലുകളും ശബ്ദങ്ങളും ഇടിമുഴക്കങ്ങളും ഉണ്ടായി, വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതു മുതൽ അതുപോലെ അത്ര വലുതായോരു ഭൂകമ്പം ഉണ്ടായിട്ടില്ല.

൧൯ മഹാനഗരം മൂന്നംശമായ്പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണു; ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാബാബിലോന്നു കൊടുക്കേണ്ടതിന്നു അവൾ ദൈവത്തിന്റെ മുമ്പാകെ ഓൎക്കപ്പെടുകയും ചെയ്തു.

൨൦ സകലദ്വീപും ഓടിപ്പോയി; മലകൾ കാണപ്പെട്ടതുമില്ല.

൨൧ താലന്തോളം ഘനമുള്ള കല്ലുകളായി വലിയ കന്മഴ ആകാശത്തിൽനിന്നു മനുഷ്യരുടെമേൽ ഇറങ്ങുന്നു; കന്മഴയുടെ ബാധ ഏററവും വലുതാകകൊണ്ടു മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദൂഷിക്കയും ചെയ്തു.

൧൭ാം അദ്ധ്യായം.

പിന്നെ ഏഴു കലശങ്ങളുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്നു എന്നോടു സംസാരിച്ചു: വരിക, ഭൂമിയിലേ രാജാക്കന്മാരോടു വേശ്യാദോഷം ചെയ്തു തന്റെ വേശ്യാദോഷത്തിന്റെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി

൨ ഏറിയ വെള്ളങ്ങളുടെ മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

൩ അവൻ ആത്മാവിൽ എന്നെ മരുഭൂമിയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്ന കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു.

൪ ആ സ്ത്രീ ധൂമ്രവൎണ്ണവും കടുഞ്ചുവപ്പുനിറവും ഉള്ള വസ്ത്രം ധരിച്ചു പൊന്നും രത്നവും മുത്തുകളും അണിഞ്ഞവളായി തന്റെ വേശ്യാദോഷത്തിന്റെ മ്ലേച്ഛതകളും അശുദ്ധികളും നിറഞ്ഞിരിക്കുന്ന സ്വൎണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു.

൫ **മൎമ്മം: മഹതിയാം ബാബിലോൻ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവു** എന്നൊരു നാമം അവളുടെ നെററിയിൽ എഴുതീട്ടുമുണ്ടു.

൬ വിശുദ്ധന്മാരുടെ രക്തംകൊണ്ടും യേശുവിന്റെ സാക്ഷികളുടെ രക്തംകൊണ്ടും സ്ത്രീ മത്തയായിരിക്കുന്നതു ഞാൻ കണ്ടു; അവളെ കണ്ടിട്ടു മഹാശ്ചൎയ്യത്തോടെ ആശ്ചൎയ്യപ്പെടുകയും ചെയ്തു.

൭ പിന്നെ ദൂതൻ എന്നോടു പറഞ്ഞു: നീ ആശ്ചൎയ്യപ്പെട്ടതു എന്തു? ഈ സ്ത്രീയുടെയും ഏഴു തലയും പത്തു കൊമ്പും ഉള്ളതായി അവളെ ചുമന്നിരിക്കുന്ന മൃഗത്തിന്റെയും മൎമ്മം ഞാൻ നിനക്കു പറഞ്ഞുതരാം.

൮ നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കരേറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതപ്പെടാതെയുള്ള ഭൂവാസികൾ കണ്ടു അതിശയിക്കും.

൯ ജ്ഞാനമുള്ള ബുദ്ധി ഇവിടെ ഉണ്ടു; തലകൾ ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലകളാകുന്നു.

൧൦ അവ ഏഴു രാജാക്കന്മാരും ആകുന്നു; അഞ്ചുപേർ വീണുപോയി; ഒരുത്തൻ ഉണ്ടു; മററവൻ ഇതുവരെ വന്നിട്ടില്ല; വന്നാൽ പിന്നെ അവൻ കുറഞ്ഞോന്നു ഇരിക്കേണ്ടതാകുന്നു.

൧൧ ഉണ്ടായിരുന്നതും ഇല്ലാത്തതുമായ മൃഗം തന്നേ എട്ടാമത്തവനും എഴുവരിൽ ഉൾപ്പെട്ടവനും ആകുന്നു; നാശത്തിലേക്കു പോകയും ചെയ്യുന്നു.

൧൨ നീ കണ്ട പത്തു കൊമ്പുകളോ പത്തു രാജാക്കന്മാരാകുന്നു; അവർ ഇതുവരെ രാജ്യം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴികനേരത്തേക്കു രാജാക്കന്മാരെപോലെ അധികാരം പ്രാപിക്കുന്നതാനും.

൧൩ ഇവർ ഒരേ അഭിപ്രായമുള്ളവർ ആകുന്നു. തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിന്നു ഏല്പിച്ചുകൊടുക്കയും ചെയ്യുന്നു.

൧൪ അവർ കുഞ്ഞാടിനോടു പോരാടും; താൻ കൎത്താധികൎത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടു കൂടെയുള്ള വിളിക്കപ്പെട്ടവരും തെരിഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായവരോടുകൂടി അവരെ ജയിക്കും.

൧൫ പിന്നെ അവൻ എന്നോടു പറയുന്നു: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളങ്ങൾ വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളും ആകുന്നു.

൧൬ എന്നാൽ നീ കണ്ട പത്തു കൊമ്പുകളും മൃഗവുമോ: ഇവർ വേശ്യയെ ദ്വേഷിക്കയും അവളെ ശൂന്യവും നഗ്നവുമാക്കുകയും അവളുടെ മാംസം ഭക്ഷിച്ചുകളകയും അവളെ തീകൊണ്ടു ദഹിപ്പിക്കയും ചെയ്യും.

൧൭ എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ മൊഴികൾ നിവൃത്തിയാകുവോളത്തേക്കു തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വത്തെ മൃഗത്തിന്നു കൊടുപ്പാനും ദൈവം അവരുടെ ഹൃദയങ്ങളിൽ തോന്നിച്ചു.

൧൮ നീ കണ്ട സ്ത്രീ ഭൂമിയുടെ രാജാക്ക
ന്മാരുടെ മേൽ രാജത്വമുള്ള മഹാനഗര
മാകുന്നു.

൧൮ാം അദ്ധ്യായം.

അനന്തരം ഞാൻ വലിയ അധികാരമു
ള്ള മറെറാരു ദൂതൻ സ്വൎഗ്ഗത്തിൽനിന്നു
ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സി
നാൽ ഭൂമി പ്രകാശിക്കയും ചെയ്തു.
൨ അവൻ ഉരത്ത ശബ്ദത്തോടെ വി
ളിച്ചു പറഞ്ഞു: വീണു; മഹതിയാം ബാ
ബിലോൻ വീണു; ഭൂതങ്ങളുടെ പാ
ൎപ്പിടവും സകല അശുദ്ധാത്മാക്കളുടെ ത
ടവും അശുദ്ധിയും അറെപ്പുമുള്ള സകല
പക്ഷിയുടെ തടവുമായി തീൎന്നു.
൩ അവളുടെ വേശ്യാദോഷത്തിന്റെ
ക്രോധമദ്യത്തിൽനിന്നു സകലജാതിക
ളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അ
വളോടു വേശ്യാദോഷം ചെയ്കയും ഭൂമി
യിലെ വ്യാപാരികൾ അവളുടെ പുളെ
പ്പിന്റെ ആധിക്യത്താൽ സമ്പന്നരാക
യും ചെയ്തു.
൪ ¶ ഞാൻ വേറൊരു ശബ്ദം സ്വൎഗ്ഗ
ത്തിൽനിന്നു പറയുന്നതായി കേട്ടതു: എ
ന്റെ ജനമായുള്ളോരേ, നിങ്ങൾ അവ
ളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെ
യും അവളുടെ ബാധകളിൽ ഓഹരിക്കാ
രാകാതെയുമിരിപ്പാൻ അവളിൽനിന്നു
പുറപ്പെട്ടു പോരുവിൻ.
൫ എന്തുകൊണ്ടെന്നാൽ അവളുടെ
പാപങ്ങൾ ആകാശത്തോളം കുന്നിച്ചി
രിക്കുന്നു; അവളുടെ അകൃത്യങ്ങളെ ദൈ
വം ഓൎത്തിട്ടുമുണ്ടു.
൬ അവൾ നിങ്ങൾക്കു ചെയ്തതുപോ
ലെ നിങ്ങൾ അവൾക്കു പകരം ചെയ്വി
ൻ; അവളുടെ പ്രവൃത്തികൾക്കു തക്കവ
ണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ;
അവൾ കലക്കിത്തന്ന പാനപാത്രത്തിൽ
അവൾക്കു ഇരട്ടി കലക്കിക്കൊടുപ്പിൻ;
൭ അവൾ തന്നെത്താൻ മഹത്വപ്പെ
ടുത്തി പുളെച്ചേടത്തോളം അവൾക്കു പീ
ഡയും ദുഃഖവും കൊടുപ്പിൻ. രാജ്ഞിയാ
യിട്ടു ഞാൻ ഇരിക്കുന്നു, ഞാൻ വിധവയ
ല്ല, ദുഃഖം കാണ്കയുമില്ല എന്നു അവൾ
ഹൃദയംകൊണ്ടു പറയുന്നുവല്ലോ.
൮ അതുനിമിത്തം അവളുടെ ബാധ
കളാകുന്ന മരണവും ദുഃഖവും ക്ഷാമവും
ഒരു ദിവസത്തിൽ തന്നേ വരും; അവ
ളെ തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും;
അവളെ ന്യായംവിധിച്ച ദൈവമായ ക
ൎത്താവു ശക്തനാകുന്നുവല്ലോ.
൯ അവളോടുകൂടെ വേശ്യാദോഷം
ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ
അവളുടെ പീഡ നിമിത്തം ഭയപ്പെട്ടു ദൂ
രത്തു നിന്നുകൊണ്ടു അവളുടെ ദഹന
ത്തിന്റെ പുക കാണുമ്പോൾ അവളെ
ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ടു:
൧൦ അയ്യോ, അയ്യോ, മഹാനഗരമാ
യ ബാബിലോനേ, ബലമേറിയ പട്ട
ണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ
ന്യായവിധി വന്നല്ലോ എന്നു പറയും.
൧൧ ഭൂമിയിലെ വ്യാപാരികൾ തങ്ങളു
ടെ ചരക്കുകളാകുന്ന പൊന്നു, വെള്ളി,
രത്നം, മുത്തു, നേരിയ തുണി, ധൂമ്രവസ്ത്രം
പട്ടു, കടുഞ്ചുവപ്പു,
൧൨ സകലചന്ദനത്തരങ്ങൾ, ആന
ക്കൊമ്പുകൊണ്ടുള്ള സകലസാമാനങ്ങൾ,
വിലയേറിയ മരവും പിച്ചളയും ഇരി
മ്പും മൎമ്മരക്കല്ലും കൊണ്ടുള്ള ഓരോ സാ
മാനം.
൧൩ ലവംഗം, ഏലം, ധൂപവൎഗ്ഗം, മൂ
റു, കുന്തുരുക്കം, വീഞ്ഞു, എണ്ണ, നേരിയ
മാവു, കോതമ്പു, കന്നുകാലികൾ, ആടു
കൾ, കുതിരകൾ, രഥങ്ങൾ, അടിമദേ
ഹങ്ങൾ, മനുഷ്യജീവങ്ങൾ എന്നീ ചര
ക്കുകളെ ഇനി ആരും വാങ്ങായ്കയാൽ അ
വളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു.
൧൪ നിന്റെ ഉള്ളം മോഹിച്ച കാൎയ്യ
നികളും നിന്നെ വിട്ടുമാറി; സ്വാദും ശോ
ഭയും ഉള്ളതെല്ലാം നിന്നിൽനിന്നു നശി
ച്ചുപോയി; നീ ഇനി ഒരിക്കലും അവ
യെ കാണുകയുമില്ല.
൧൫ ഈ വകകൊണ്ടു വ്യാപാരം ചെ
യ്തു അവളാൽ സമ്പന്നരായവർ അവൾ
ക്കുള്ള പീഡയെ ഭയപ്പെട്ടു ദൂരത്തു നിന്നു
കൊണ്ടു

൧൬ അയ്യോ, അയ്യോ; മഹാനഗരമേ, നേരിയ തുണിയും ധൂമ്രവൎണ്ണവും കടുഞ്ചുവപ്പും ഉടുത്തു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ട ശൂന്യമായി പോയല്ലോ എന്നു പറഞ്ഞുകൊണ്ട കരഞ്ഞു ദുഃഖിക്കും.

൧൭ എല്ലാമാലുമിയും ഓരോ ദിക്കിലേക്ക കപ്പലേറി പോകുന്ന ഏവനും കപ്പല്ക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും ദൂരത്തുനിന്നുകൊണ്ട

൧൮ അവളുടെ ദഹനത്തിൻെറ പുക കണ്ട: മഹാനഗരത്തോട തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു.

൧൯ അവർ തങ്ങളുടെ തലകളിൽ പൂഴി വാരിയിട്ടുംകൊണ്ട: അയ്യോ, അയ്യോ, കടലിൽ കപ്പലുകൾ ഉള്ളവൎക്ക എല്ലാം തൻെറ ഐശ്വൎയ്യത്താൽ സമ്പത്തു വൎദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ട നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞും ദുഃഖിച്ചുംകൊണ്ട നിലവിളിക്കയും ചെയ്തു.

൨൦ സ്വൎഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായുള്ളോരേ, ദൈവം നിങ്ങളുടെ ന്യായവിധിയെ അവളുടെമേൽ നടത്തിയതുകൊണ്ട അവളെച്ചൊല്ലി ആനന്ദിപ്പിൻ.

൨൧ ¶ പിന്നെ ശക്തനായോരു ദൂതൻ തിരികല്ലോളം വലുതായൊരു കല്ലു എടുത്തു സമുദ്രത്തിൽ എറിഞ്ഞു പറഞ്ഞു; ഇപ്രകാരം ബാബിലോൻ മഹാനഗരത്തെ വേഗത്തോടെ എറിഞ്ഞുകളയും, ഇനി അതിനെ കാണുകയും ഇല്ല.

൨൨ വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല; യാതൊരു കൌശലപ്പണിയും ചെയ്യുന്ന ഒരു ശില്പിയെയും നിന്നിൽ ഇനി കാണുകയില്ല; തിരികല്ലിൻെറ ഒച്ച ഇനി നിന്നിൽ കേൾക്കയില്ല.

൨൩ വിളക്കിൻെറ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല; മണവാളൻെറയും മണവാട്ടിയുടെയും ശബ്ദം ഇനി നിന്നിൽ കേൾക്കയില്ല; നിൻെറ വ്യാപാരികൾ ഭൂമിയിലേ മഹത്തുക്കൾ ആയിരുന്നു; നിൻെറ ക്ഷുദ്രത്താൽ സകലജാതികളും വശീകരിക്കപ്പെടുകയും ചെയ്തു.

൨൪ പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും ഭൂമിയിൽ അറുക്കപ്പെട്ട എല്ലാവരുടെയും രക്തം അവളിൽ അല്ലോ കാണപ്പെട്ടതു.

൧൯ാം അദ്ധ്യായം.

അനന്തരം ഞാൻ സ്വൎഗ്ഗത്തിൽ വലിയോരു പുരുഷാരത്തിൻെറ മഹാശബ്ദംപോലെ കേട്ടതു: ഹല്ലെലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതാകുന്നു.

൨ തൻെറ വേശ്യാദോഷംകൊണ്ട ഭൂമിയെ വഷളാക്കിയ മഹാവേശ്യെക്ക അവൻ ശിക്ഷവിധിച്ചു തൻെറ ദാസന്മാരുടെ രക്തത്തെ അവളുടെ കൈയ്യിൽനിന്നു ചോദിച്ചു പ്രതിക്രിയ ചെയ്കകൊണ്ട അവൻെറ ന്യായവിധികൾ സത്യവും നീതിയുമുള്ളവ.

൩ പിന്നെയും അവർ പറഞ്ഞു: ഹല്ലെലൂയ്യാ! അവളുടെ പുക എന്നന്നേക്കും പൊങ്ങുന്നു.

൪ ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും ആമെൻ, ഹല്ലെലൂയ്യാ എന്നു ചൊല്ലി സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു കുമ്പിടുകയും ചെയ്തു.

൫ നമ്മുടെ ദൈവത്തെ പുകഴ്ത്തുവിൻ, അവൻെറ സകല ദാസന്മാരും അവനെ ഭയപ്പെടുന്നവരുമായി ചെറിയവരും വലിയവരും ആയുള്ളോരേ! എന്നു പറയുന്നോരു ശബ്ദം സിംഹാസനത്തിൽനിന്നു പുറപ്പെട്ടു.

൬ എന്നാറെ ഏറിയ പുരുഷാരത്തിൻെറ ശബ്ദം പോലെയും വളരേ വെള്ളങ്ങളുടെ ശബ്ദംപോലെയും തകൎത്ത ഇടികളുടെ ശബ്ദം പോലെയും ഞാൻ കേട്ടതു: ഹല്ലെലൂയ്യാ! സൎവ്വശക്തനാകുന്ന നമ്മുടെ ദൈവമായ കൎത്താവു രാജ്യഭാരം ഏററിരിക്കുന്നു.

൭ നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടി

ൻെറ കല്യാണം വന്നുവല്ലോ, അവൻെറ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

൮ അവൾക്കു ശുദ്ധവും ശുഭ്രവുമായ നേരിയ ശീല ധരിപ്പാൻ നല്കപ്പെട്ടു; ആ നേരിയ ശീല വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ ആകുന്നു.

൯ പിന്നെ അവൻ എന്നോട പറയുന്നു: കുഞ്ഞാട്ടിൻെറ കല്യാണയത്താഴത്തിന്നു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക; പിന്നെ എന്നോട പറയുന്നു: ഇവ ദൈവത്തിൻെറ സത്യവചനങ്ങൾ ആകുന്നു.

൧൦ എന്നാറെ അവനെ കുമ്പിടേണ്ടതിന്നു ഞാൻ അവൻെറ കാല്ക്കൽ വീണു; അപ്പോൾ അവൻ എന്നോട: നോക്കു, അതരുതു; ഞാൻ നിനക്കും യേശുവിൻെറ സാക്ഷ്യം ഉള്ള നിൻെറ സഹോദരന്മാൎക്കും കൂട്ടദാസനത്രേ; ദൈവത്തെ കുമ്പിടുക; യേശുവിൻെറ സാക്ഷ്യമല്ലോ പ്രവചനത്തിൻെറ ആത്മാവു എന്നുപറയുന്നു.

൧൧ ¶ പിന്നെ ഞാൻ സ്വൎഗ്ഗം തുറന്നിരിക്കുന്നതു കണ്ടു: ഇതാ, ഒരു വെള്ളക്കുതിര; അതിന്മേൽ ഇരിക്കുന്നവൻ വിശ്വസ്തനും സത്യവാനും എന്നു വിളിക്കപ്പെട്ടുന്നവൻ; അവൻ നീതിയോടെ വിധിക്കയും പോരാട്ടുകയും ചെയ്യുന്നു.

൧൨ അവൻെറ കണ്ണുകൾ അഗ്നിജ്വാല; തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; ആയതു അവനല്ലാതെ ആരും അറിയുന്നില്ല.

൧൩ അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നവൻ; അവൻെറ പേർ ദൈവവചനം എന്നു വിളിക്കപ്പെട്ടുമിരിക്കുന്നു.

൧൪ സ്വൎഗ്ഗത്തിലേ സൈന്യങ്ങൾ നിൎമ്മലമായുള്ള നേരിയ വെള്ളശ്ശീല ധരിച്ചുകൊണ്ടു വെള്ളക്കുതിരകളുടെ പുറത്തു അവനെ അനുഗമിച്ചു.

൧൫ ജാതികളെ വെട്ടുവാൻ അവൻെറ വായിൽനിന്നു മൂൎച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽകൊണ്ടു അവരെ മേയ്ക്കും; സൎവ്വശക്തിയുള്ള ദൈവത്തിൻെറ കോപവും ക്രോധവുമാകുന്ന മദ്യത്തിൻെറ ചക്കിനെ അവൻ മെതിക്കുന്നു.

൧൬ രാജാധിരാജാവും കൎത്താധികൎത്താവും എന്ന നാമം അവൻേറ ഉടുപ്പിന്മേലും തുടമേലും എഴുതീട്ടും ഉണ്ടു.

൧൭ ¶ ഒരു ദൂതൻ സൂൎയ്യനിൽ നില്ക്കുന്നതു ഞാൻ കണ്ടു; അവൻ ആകാശമദ്ധ്യത്തൂടെ പറക്കുന്ന സകലപക്ഷികളോടും:

൧൮ നിങ്ങൾ രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും അവയുടെ പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെ മാംസവും തിന്മാനായി വലിയദൈവത്തിൻെറ അത്താഴത്തിന്നു വന്നു കൂടുവിൻ എന്നു മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞു.

൧൯ ¶ കുതിരപ്പുറത്തിരിക്കുന്നവനോടും അവൻെറ സൈന്യത്തോടും യുദ്ധം ചെയ്വാൻ മൃഗവും ഭൂമിയിലേ രാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയതും ഞാൻ കണ്ടു.

൨൦ മൃഗവും അതിൻെറ മുമ്പാകേ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിൻെറ മുദ്ര ഏററവരെയും അതിൻെറ പ്രതിമയെ കുമ്പിട്ടവരെയും വഞ്ചിച്ച കള്ളപ്രവാചകനും പിടിക്കപ്പെട്ടു; ഇരുവരും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളപ്പെട്ടു.

൨൧ ശേഷിച്ചവർ കുതിരപ്പുറത്തിരിക്കുന്നവൻെറ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊല്ലപ്പെട്ടു; അവരുടെ മാംസത്താൽ സകലപക്ഷികൾക്കും തൃപ്തിവരികയും ചെയ്തു.

൨൦ാം അദ്ധ്യായം.

പിന്നെ ഒരു ദൂതൻ, അഗാധത്തിൻെറ താക്കോലും ഒരു വലിയ ചങ്ങലയും കൈയ്യിൽ പിടിച്ചുകൊണ്ടു സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു.

൨ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പാകുന്ന മഹാസപ്പത്തെ അവൻ പിടിച്ചു ആയിരം ആണ്ടേക്കു ബന്ധിച്ചു.

൩ ആയിരം ആണ്ടു തീരുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചു പൂട്ടുകയും അവന്നു മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു.

൪ ¶ ഞാൻ ന്യായാസനങ്ങളെ കണ്ടു; അവർ അവയിൽ ഇരുന്നു; അവരുടെ പക്കൽ ന്യായവിധി കൊടുക്കപ്പെട്ടു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ കുമ്പിടാതിരുന്നവരും തങ്ങളുടെ നെററിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായുള്ളവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു.

൫ മരിച്ചവരിൽ ശേഷമുള്ളവർ ആയിരംആണ്ടു തീരുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം.

൬ ഒന്നാമത്തേ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു ഇവരുടെമേൽ രണ്ടാംമരണത്തിന്നു അധികാരം ഇല്ല; എന്നു തന്നെയുമല്ല, അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരാകും; അവനോടു കൂടെ ആയിരം ആണ്ടു വാഴുകയും ചെയ്യും.

൭ ¶ ആ ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താൻ തന്റെ തടവിൽനിന്നു അഴിച്ചുവിടപ്പെടും.

൮ ഭൂമിയുടെ നാലുകോണുകളിലുമുള്ള ജാതികളായി സംഖ്യയിൽ കടലിലേ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന്നു അവരെ വശീകരിപ്പാൻ പുറപ്പെടും.

൯ അവരും ഭൂമിയുടെ പരപ്പിൽ കയറി ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയപ്പെട്ട നഗരത്തെയും വളഞ്ഞു; എന്നാൽ ആകാശത്തിൽനിന്നു അഗ്നി ഇറങ്ങി അവരെ ദഹിപ്പിച്ചുകളഞ്ഞു.

൰ അവരെ വഞ്ചിച്ചവനായ പിശാചോ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളപ്പെട്ടു; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡിപ്പിക്കപ്പെടുകയും ചെയ്യും.

൰൧ ¶ പിന്നെ ഞാൻ വലിയോരു വെള്ളസിംഹാസനത്തെയും അതിന്മേൽ ഇരിക്കുന്നവനെയുംകണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി, അവെക്കു സ്ഥലം കാണപ്പെട്ടതുമില്ല.

൰൨ മരിച്ചവരായ വലിയവരും ചെറിയവരും സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറക്കപ്പെട്ടു; ജീവന്റെ പുസ്തകമാകുന്ന മറെറാരു പുസ്തകവും തുറക്കപ്പെട്ടു; പുസ്തകങ്ങളിൽ എഴുതീട്ടുള്ളവയിൽനിന്നു മരിച്ചവൎക്കു അവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം ന്യായവിധി ഉണ്ടാകയും ചെയ്തു.

൰൩ സമുദ്രം തന്നിൽ ഉള്ള മരിച്ചവരെ കൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ കൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കൊത്ത വിധി ഉണ്ടായി.

൰൪ മരണവും പാതാളവും തീപ്പൊയ്കയിലേക്കു തള്ളപ്പെട്ടു; ഈ തീപ്പൊയ്ക തന്നേ രണ്ടാമത്തേ മരണം.

൰൫ ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനും തീപ്പൊയ്കയിലേക്കു തള്ളപ്പെട്ടു.

൨൰൧ാം അദ്ധ്യായം.

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; എന്തുകൊണ്ടെന്നാൽ ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല.

൨ പുതിയ യരുശലേംആകുന്ന വിശുദ്ധനഗരം തന്റെ ഭൎത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വൎഗ്ഗത്തിൽനിന്നു, ദൈവത്തിന്റെ

പക്കൽനിന്നു തന്നേ ഇറങ്ങുന്നതും ഞാൻ കണ്ടു.

൩ സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമാകും, ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കയും ചെയ്യും.

൪ അവൻ അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും.

൫ ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തവ കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ പറഞ്ഞതു: ഇതാ ഞാൻ സകലവും പുതുതാക്കുന്നു. പിന്നെ അവൻ പറയുന്നു: എഴുതുക, എന്തുകൊണ്ടെന്നാൽ ഈ വചനങ്ങൾ വിശ്വാസ്യവും സത്യവും ആകുന്നു.

൬ പിന്നെ അവൻ എന്നോടു പറഞ്ഞതു: സംഭവിച്ചു തീൎന്നു; ഞാൻ അല്ഫയും ഓമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവന്നു ഞാൻ ജീവനീരുറവിൽനിന്നു സൌജന്യമായി കൊടുക്കും.

൭ ജയിക്കുന്നവൻ ഇവയെ അവകാശമായി പ്രാപിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു പുത്രനുമായിരിക്കും.

൮ എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകർ, വേശ്യാദോഷക്കാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവൎക്കും ഭോഷ്കു പറയുന്ന എല്ലാവൎക്കും ഉള്ള ഓഹരി അഗ്നിയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം ആകുന്നു.

൯ ¶ അന്ത്യബാധകൾ ഏഴും നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ദൂതന്മാർ ഏഴവരിൽ ഒരുവൻ വന്നു. എന്നോടു: വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

൧൦ എന്നിട്ടു ഉയരമുള്ളോരു വന്മലയിൽ എന്നെ ആത്മാവിൽ കൊണ്ടുപോയി, യരുശലേം എന്ന വിശുദ്ധനഗരം സ്വൎഗ്ഗത്തിൽനിന്നു, ദൈവത്തിന്റെ പക്കൽനിന്നു തന്നേ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു എന്നെ കാണിച്ചു.

൧൧ അതിന്റെ ജ്യോതിസ്സു ഏററവും വിലയേറിയ രത്നത്തിന്നു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂൎയ്യകാന്തം പോലെ ആയിരുന്നു.

൧൨ അതിന്നു ഉയൎന്ന വന്മതിലും അതിന്നു പന്ത്രണ്ടു ഗോപുരങ്ങളും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ടു; ഇസ്രയേൽമക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെയും നാമങ്ങൾ കൊത്തീട്ടും ഉണ്ടു.

൧൩ കിഴക്കു മൂന്നു ഗോപുരം, വടക്കു മൂന്നു ഗോപുരം, തെക്കു മൂന്നു ഗോപുരം, പടിഞ്ഞാറു മൂന്നു ഗോപുരം.

൧൪ പട്ടണത്തിന്റെ മതിലിന്നു പന്ത്രണ്ടു അടിസ്ഥാനങ്ങളും അവയിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു നാമങ്ങളും ഉണ്ടു.

൧൫ എന്നോടു സംസാരിച്ചവന്നു പട്ടണത്തെയും അതിന്റെ ഗോപുരങ്ങളെയും മതിലിനെയും അളക്കേണ്ടതിന്നു ഒരു പൊന്മുഴക്കോൽ ഉണ്ടായിരുന്നു.

൧൬ പട്ടണം സമചതുരമായി കിടക്കുന്നു; അതിന്റെ വീതിയോളം തന്നേ നീളവും ഉണ്ടു. മുഴക്കോൽ കൊണ്ടു അവൻ പട്ടണം അളന്നു; പന്തീരായിരം സ്താദി ഉണ്ടായിരുന്നു; അതിന്റെ നീളവും വീതിയും ഉയരവും സമം തന്നേ.

൧൭ അതിന്റെ മതിൽ അളന്നു; മനുഷ്യന്റെ അളവിന്നു, എന്നു വെച്ചാൽ ദൂതന്റെ അളവിന്നു തന്നേ, നൂററിനാല്പത്തുനാലു മുളം ഉണ്ടായിരുന്നു.

൧൮ ആ മതിലിന്റെ പണി സൂൎയ്യകാന്തവും പട്ടണം സ്വച്ഛകണ്ണാടിക്കൊത്ത ശുദ്ധപൊന്നും ആയിരുന്നു.

൧൯ പട്ടണമതിലിന്റെ അടിസ്ഥാനങ്ങൾ സകലരത്നംകൊണ്ടും അലങ്കരിച്ചിരിക്കുന്നു; ഒന്നാം അടിസ്ഥാനം സൂൎയ്യകാന്തം, രണ്ടാമത്തേതു നീലക്കല്ലു, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം.

൨൦ അഞ്ചാമത്തേതു നഖവൎണ്ണി, ആറാമത്തേതു ചുവപ്പുകല്ലു, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേതു പുഷ്പരാഗം, പത്താമത്തേതു വൈഡൂൎയ്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സൗഗന്ധികക്കല്ലു.

൨൧ പന്ത്രണ്ടു ഗോപുരങ്ങളും, പന്ത്രണ്ടു മുത്തുകൾ; ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ളതും പട്ടണത്തിന്റെ തെരുവീഥി സ്വച്ഛപളുങ്കിന്നു തുല്യമായ് ശുദ്ധപൊന്നും ആയിരുന്നു.

൨൨ ദൈവാലയം അതിൽ കണ്ടില്ല; എന്തുകൊണ്ടെന്നാൽ സൎവ്വശക്തനായ ദൈവമാകുന്ന കൎത്താവും കുഞ്ഞാടും അതിന്റെ ദൈവാലയം ആകുന്നു.

൨൩ പട്ടണത്തിൽ പ്രകാശിപ്പാൻ സൂൎയ്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു.

൨൪ ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വത്തെ അതിലേക്കു കൊണ്ടുവരും.

൨൫ അതിന്റെ ഗോപുരങ്ങൾ പകല്ക്കാലത്തു അടെക്കപ്പെടുകയില്ല; രാത്രി അവിടെ ഉണ്ടാകയില്ലല്ലോ.

൨൬ ജാതികളുടെ മഹത്വവും ബഹുമാനവും അവർ അതിലേക്കു കൊണ്ടുവരും.

൨൭ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതപ്പെട്ടവരല്ലാതെ അശുദ്ധമായതു യാതൊന്നെങ്കിലും വെറുപ്പും ഭോഷ്കും പ്രവൃത്തിക്കുന്നവനെങ്കിലും അതിൽ കടക്കയില്ല.

൨൨ാം അദ്ധ്യായം.

വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു.

൨ നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു; അതു പന്ത്രണ്ടു വിധം ഫലങ്ങൾ കാച്ചു, മാസംതോറും അതാതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ രോഗശാന്തിക്കാകുന്നു.

൩ യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും

൪ അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെററികളിൽ ഇരിക്കയും ചെയ്യും.

൫ ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കൎത്താവു അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചവും സൂൎയ്യന്റെ വെളിച്ചവും അവൎക്കു ആവശ്യമില്ല. അവർ എന്നെന്നേക്കും വാഴുകയും ചെയ്യും.

൬ ¶ പിന്നെ അവൻ എന്നോടു പറഞ്ഞു: ഈ വചനങ്ങൾ വിശ്വാസ്യവും സത്യവും ആകുന്നു; പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കൎത്താവു വേഗത്തിൽ സംഭവിക്കേണ്ടുന്നവയെ തന്റെ ദാസന്മാൎക്കു കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചു.

൭ ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനവാക്കുകളെ കാക്കുന്നവൻ ഭാഗ്യവാൻ.

൮ ¶ ഇവയെ കേൾക്കയും കാണുകയും ചെയ്തതു യോഹന്നാനായ ഞാൻ തന്നേ. കേൾക്കയും കാണുകയും ചെയ്തശേഷം അവയെ എനിക്കു കാണിച്ചുതന്ന ദൂതന്റെ കാല്ക്കൽ ഞാൻ കുമ്പിടുവാൻ വീണു.

൯ എന്നാറെ അവൻ എന്നോടു പറയുന്നു: നോക്കു, അതരുതു; ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലേ വാക്കുകളെ കാത്തുകൊള്ളുന്നവരുടെയും കൂട്ടദാസനത്രേ; ദൈവത്തെ കുമ്പിടുക.

൧൦ ¶ പിന്നെ എന്നോടു പറയുന്നതു: സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലേ പ്രവചനവാക്കുകളെ മുദ്രയിടരുതു.

൧൧ അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനി

യും അഴുക്കാകട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നേ വിശുദ്ധീകരിക്കട്ടെ.

൧൨ ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ എന്റെ പ്രതിഫലം എന്റെ പക്കൽ ഉണ്ടു.

൧൩ ഞാൻ അല്ഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു.

൧൪ ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി പട്ടണത്തിലേക്കു കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രങ്ങളെ അലക്കുന്നവർ ഭാഗ്യവാന്മാർ.

൧൫ നായ്ക്കളും ക്ഷുദ്രക്കാരും വേശ്യാദോഷക്കാരും കുലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവൃത്തിക്കയും ചെയ്യുന്ന എല്ലാവനും പുറത്തു തന്നേ.

൧൬ ¶ യേശുവാകുന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോടു ഇവയെ സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു.

൧൭ ¶ വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവവെള്ളം സൌജന്യമായി വാങ്ങുകയും ചെയ്യട്ടെ.

൧൮ ¶ ഈ പുസ്തകത്തിലേ പ്രവചനവാക്കുകളെ കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിച്ചു പറയുന്നതെന്തെന്നാൽ: അവയോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്മേൽ കൂട്ടും.

൧൯ ഈ പ്രവചനപുസ്തകത്തിലേ വാക്കുകളിൽനിന്നു ആരെങ്കിലും എടുത്തുകളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശത്തെ ദൈവം എടുത്തുകളകയും.

൨൰ ¶ ഇവയെ സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ വേഗം വരുന്നു എന്നു പറയുന്നു; ആമെൻ, കർത്താവായ യേശുവേ, വരേണമേ.

൨൰൧ ¶ കർത്താവാകുന്ന യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാക. ആമെൻ.

PRINTED AT THE C. M. S. PRESS, COTTAYAM.

j

1956 K 2304 V

BOU
at
S.P.C.

BOUND
at the
S. P. C. K. Press.

THE

NEW TESTAMENT

OF

OUR LORD AND SAVIOUR

JESUS CHRIST.

നമ്മുടെ

കൎത്താവും രക്ഷിതാവും

ആയ

യേശുക്രിസ്തുവിന്റെ

പുതിയനിയമം.

MADRAS AUXILIARY

TO THE

BRITISH & FOREIGN BIBLE SOCIETY.

1899.

Crown 8vo. Small Pica.